ആരോഗ്യകല്പദ്രുമം

# ബാലചികിത്സ

പാലപ്പുറത്ത പുതിയെടത്ത ഗോവിന്ദൻനമ്പ്യാര
അവർകളുടെ ശിഷ്യനായി യോഗവിദ്യോപദേ
ഷ്ടാവായ യോഗാനന്ദസ്വാമി അവർകളിൽനി
ന്ന സിദ്ധിച്ചതായ നാമത്രയത്തോടു കൂടി
യ കയ്ക്കുളങ്ങരെ വാരിയത്തു രാമവാരിയ
ര അവർകളാൽ ഉണ്ടാക്കപ്പെട്ട
വൈദ്യശാസ്ത്രം

കുന്നംകുളം വിദ്യാരത്നപ്രഭാ അച്ചുക്കൂട്ടം പ്രൊ
പ്രൈറ്റർ പാറെമ്മൽ ഐ. അയ്യു
അവർകളുടെ ചിലവിന്മേൽ
അക്ഷരരത്നപ്രകാശിക അച്ചുക്കൂട്ടത്തിൽ
അച്ചടിപ്പിക്കപ്പെട്ടത്.

ഉടമസ്ഥന്റെ കയ്യൊപ്പും മുദ്രയും ഇല്ലാത്ത
പുസ്തകം വ്യാജമാണ്.

പകർപ്പവകാശം രജിസ്റ്റർ ചെയ്യിരിക്കുന്നു.

1101

P. I. IPE.
KUNNAMKULAM

# സാരസംഗ്രഹം


| സംഗതിവിവരം | പെയിജ | ശ്ലോകം മുതൽ | ശ്ലോകം വരെ. |
|---|---|---|---|
| ബാലശബ്ദാൎത്ഥം | ൧ | ൧ | ൨ |
| ബാലന്മാരുടെ വകഭേദം | ,, | ൩ | ൫ |
| ബാലചികിത്സയുടെ ജാതിഭേദം | ൨ | ൬ | ൮ |
| പെററുവീണാലുടനെ ചെയ്യേണ്ടത. | ,, | ൯ | ൧൧ |
| പൊക്കിൾക്കൊടി മുറിപ്പാനും മററുമുള്ള ക്രമം | ൩ | ൧൨ | ൧൫ |
| കുളിപ്പിപ്പാനുള്ള വെള്ളത്തെക്കുറിച്ചുള്ള മതാന്തരവും മററും. | ,, | | ൧൬ |
| കുളിപ്പിച്ചാലുടനെ കൊടുക്കേണ്ടത. | ൪ | | ൧൮ |
| പ്രസവിച്ചമുതൽ മുലപ്പാലുണ്ടാകുന്ന വരെകുട്ടിക്കകൊടുക്കേണ്ടതുംമററും | ,, | ൧൯ | ൨൮ |
| മുലപ്പാൽനശിപ്പാനുള്ള ഹേതുക്കൾ | ൬ | ൨൭ | ൨൯ |
| മുലപ്പാൽ ഉണ്ടാവാൻ പ്രവൃത്തിക്കേണ്ടതും മററും. | ,, | ൩൦ | ൪൨ |
| കുട്ടികളെ കുളിപ്പിക്കേണ്ടുംക്രമം. | ൯ | ൪൩ | ൪൫ |
| ആറാമത്തെരാത്രിമുതൽക്കകുട്ടിക്കുംപെററസ്ത്രീക്കും ചെയ്യേണ്ടുന്നക്രമങ്ങളുംമററും | ,, | ൪൬ | ൪൭ |
| പ്രസവിച്ചുകിടക്കുന്ന സ്ഥലത്ത പുകപ്പാൻ | ൧൦ | ൪൯ | ൫൩ |
| ബാലനെധരിപ്പിക്കേണ്ടതും മററും | ,, | ൫൪ | ൫൮ |
| കുട്ടികൾക്ക ൧൫ ദിവസത്തിലകംപനിമുതലായ രോഗങ്ങൾ ഉണ്ടായാൽചെയ്യേണ്ടത. | ൧൧ | ൫൭ | ൬൪ |
| കുട്ടികൾക്കുള്ള കഷായമ്മറ. | ൧൩ | ൬൫ | ൬൬ |

| സംഗതിവിവരം | പെയിജ | ശ്ലോകം മുതൽ | ശ്ലോകം വരെ |
|---|---|---|---|
| കഫംകൊണ്ട മൂക്കമുതലായ ദ്വാരങ്ങൾ അടഞ്ഞാൽ. | ,, | ൪൭ | ൪൮ |
| മലബന്ധത്തിന്ന | ,, | ൪൯ | ൧൦ |
| മലം അധികമായി ഇളകിയാലും മൂത്രത്തിന്നതടവുകണ്ടാലുംചെയ്യേണ്ടത | ൨൫ | | ൧൨ |
| മുലകുടിക്കാതെയിരുന്നാൽ. | ,, | | ൧൩ |
| തലവേദനാദ്യും മററും. | ,, | ൧൪ | ൧൫ |
| അപത്ഥ്യങ്ങൾ. | ,, | ൧൬ | ൧൭ |
| മരണലക്ഷണങ്ങൾ | ൨൬ | ൧൮ | ൮൬ |
| ശുദ്ധമായ മുലപ്പാലിന്റെയും അശുദ്ധമായ മുലപ്പാലിന്റെയും ലക്ഷണങ്ങൾ. | ൨൭ | ൮ | ൨൩ |

| സംഗതിവിവരം | പെയിജ |
|---|---|
| മുലപ്പാൽപരീക്ഷയുടെ കാലനിയമം | ൨൮ |
| ദുഷ്ടമായ മുലപ്പാലിനെക്കുറിച്ച | ,, |
| മുലപ്പാൽ ദുഷിച്ചാൽ ചെയ്യേണ്ടത. | ൨൯ |
| വാതംകൊണ്ട മുലപ്പാൽ ദുഷിച്ചാൽ. | ,, |
| പിത്തംകൊണ്ട മുലപ്പാൽ ദുഷിച്ചാൽ | ൩൦ |
| കഫംകൊണ്ട മുലപ്പാൽ ദുഷിച്ചാൽ | ,, |
| **ജ്വരചികിത്സ** | ൩൨ |
| വാതജ്വരത്തിന്ന. | ൩൩ |
| പിത്തജ്വരത്തിന്ന. | ,, |
| കഫജ്വരത്തിന്ന. | ൩൪ |
| വാതപിത്തജ്വരത്തിന്ന. | ,, |
| വാതകഫജ്വരത്തിന്ന. | ,, |
| പിത്തകഫജ്വരത്തിന്ന. | ,, |
| സന്നിപാതജ്വരത്തിന്ന. | ൩൫ |
| ജ്വരഭൈരവചൂർണ്ണം. | ,, |
| ജീർണ്ണജ്വരത്തിന്ന. | ,, |
| ഒന്നരാടപ്പനിക്ക. | ൩൬ |

| | |
|---|---|
| നാലെത്തുമ്പോൾ വരുന്ന പനിക്കു | ൨൩ |
| രാപ്പനിക്കു | ,, |
| ആഗന്തുകജ്വരത്തിന്നു | ൨൬ |
| ജ്വരത്തിന്നു | ,, |
| നാഗരാഷ്ടമകഷായം | ൨൭ |
| കടുകാഷ്ടമകഷായം | ,, |
| വാതജ്വരത്തിന്നു | ,, |
| പിത്തജ്വരത്തിന്നു | ,, |
| കഫജ്വരത്തിന്നു | ൨൮ |
| വാതപിത്തജ്വരത്തിന്നു | ,, |
| വാതകഫജ്വരത്തിന്നു | ൨൯ |
| പിത്തകഫജ്വരത്തിന്നു | ,, |
| ജീൎണ്ണജ്വരത്തിന്നു | ൩൦ |
| കന്നരാടപ്പനി മുതലായതിന്നു | ,, |
| തുള്ളപ്പനിക്കു | ,, |
| സന്നിപാതജ്വരത്തിന്നു | ,, |
| ഛൎദ്ദ്യാദിസഹിതമായ ജ്വരത്തിന്നു | ൩൧ |
| ജ്വരാതിസാരങ്ങൾക്കു | ,, |
| ദീൎഘകാലത്തെ അനുസരിച്ചുനില്ക്കുന്ന പനിക്കു | ,, |
| പനിക്കു മൂൎദ്ധാവിലിടുവാൻ കുഴമ്പിന്നു | ,, |
| പനിക്കാൎക്കുള്ള തലവേദനയ്ക്കു | ൩൨ |
| നെഞ്ചിൽ കഫം കെട്ടുന്നതിന്നു | ,, |
| കഞ്ഞിവെപ്പാൻ വെള്ളം | ൩൩ |
| മുസ്താദി ഗുളിക | ,, |
| ത്രിഫലാദിഗുളിക | ,, |
| മുസ്താസുവൎണ്ണാദി ഗുളിക | ,, |
| മൃഗശൃംഗാദിഗുളിക | ൩൪ |
| ത്ര്യൂഷണാദി ഗുളിക | ,, |
| വൈകുണ്ഠാദി ഗുളിക | ,, |
| അതിപക്ഷതി മുതലായവൎക്കുള്ള മാത്രാഭേദങ്ങൾ | ൩൫ |
| ത്രൈമാസികന്നു | ,, |
| ആറുമാസം തികഞ്ഞ ബാലന്നു | ൩൬ |
| മൂന്നുവയസ്സു തികഞ്ഞ ബാലന്നു | ,, |
| അഞ്ചും എട്ടും പത്തും വയസ്സു തികഞ്ഞവന്നു | ,, |
| പന്ത്രണ്ടുവയസ്സു തികഞ്ഞവന്നു | ,, |

| | |
|---|---|
| പനി മാറിയാൽ ചെയ്യേണ്ടത | ൩൭ |
| പനി വിട്ടാൽ ഉണ്ടാകുന്ന ലക്ഷണങ്ങൾ | ൩൮ |
| കുളിപ്പിപ്പാൻ എണ്ണ | ,, |
| മുസ്താദി എണ്ണ | ,, |
| ത്രിഫലാദി എണ്ണ | ൩൯ |
| സുഷവീ തൈലം | ,, |
| മേലെക്ക വെള്ളം വെപ്പാൻ | ,, |
| കുളിച്ച ഉടനെ സേവിപ്പാൻ ഗുളിക | ൪൦ |
| മുക്കുടിക്ക | ,, |
| അശ്വത്ഥവില്വാദി | ൪൧ |
| ബലാഗുളൂച്യാദി എണ്ണ | ൪൨ |
| ശതാവര്യാദി എണ്ണ | ,, |
| ബലാമൂലാദി എണ്ണ | ,, |
| മേലെക്ക (ലാക്ഷാദി തൈലം) | ൪൩ |
| സാരസ്വത ഘൃതം | ൪൪ |
| പിപ്പല്യാദി ഘൃതം | ,, |
| വിഷഭുക്തികൊണ്ടുണ്ടായ ജ്വരത്തിന്ന | ൪൫ |
| അഗ്നിമന്ഥാദി കഷായം | ,, |
| മുസ്താദി കഷായം | ൪൬ |
| വിഷ്ണുക്രാന്താദികഷായം | ,, |
| അഭിഘാതജ്വരത്തിന്ന | ,, |
| വേണുപത്രാദികഷായം | ,, |
| അഭിഷംഗജ്വരത്തിന്ന (ഭാങ്ഗ്യാദി കഷായം) | ൪൭ |
| ചേരുമരംതൊട്ടാൽ ഉണ്ടാകുന്നപനിക്ക | ,, |
| രക്തപിത്ത ചികിത്സാ | ൪൮ |
| വയറിളക്കുവാൻ (അഭയാദി കഷായം) | ൪൯ |
| മൂക്കിൽക്കൂടി ചോരവരുന്നതിന്ന | ,, |
| കണ്ണിൽക്കൂടെ ചോരവരുന്നതിന്ന | ൫൦ |
| ചോര ഛർദ്ദിക്കുന്നതിന്ന | ,, |
| വടശുംഗാദി കഷായം | ,, |
| ശതാവരി കഷായം | ,, |
| മൂത്രമാൎഗ്ഗത്തിൽക്കൂടി ചോരവരുന്നതിന്ന (പഞ്ചമൂലാദി കഷായം) | ,, |
| മലദ്വാരത്തുകൂടെ രക്തം പോകുന്നതിന്ന | ൫൧ |
| ശാരിബാദി കഷായം | ,, |

| | |
|---|---|
| രക്തപിത്തത്തിന്നുള്ള സിദ്ധൌഷധങ്ങൾ | ൧൭ |
| ചന്ദനാദിഘൃതം. | ,, |
| ശതാവൎയ്യാദിഗ്ഗുളം. | ൧൮ |
| കാസചികിത്സാ | ,, |
| വ്യൊഷാദി പൊടി. | ,, |
| ഗ്ഗുളശ്ശുണ്ഠി | ,, |
| ലാജാമലകാദി പൊടി. | ൧൯ |
| ലാജവിശ്വാദി പൊടി. | ,, |
| വ്യൊഷാദി കഷായം | ,, |
| വാശാദി കഷായം | ,, |
| കൂശ്മാണ്ഡ രസായനം | ,, |
| കൎപ്പൂരാദി പൊടി | ൨൦ |
| അമൃതാദി എണ്ണ | ൨൧ |
| വാശാ ഘൃതം | ,, |
| നയൊപായ കഷായം. | ,, |
| ബലാജീരകാദി കഷായം | ൨൨ |
| ബലാരാസ്നാദികഷായം | ,, |
| നിൎഗ്ഗുണ്ഡ്യാദി കഷായം | ,, |
| ശൌണ്ഡീരസായനം. | ,, |
| ജീരകാദി പൊടി. | ൨൩ |
| ഭൂനിംബാദി പൊടി | ,, |
| ധാന്വന്തരിഗ്ഗുളിക. | ൨൪ |
| ശ്വാസാനന്ദഗ്ഗുളിക. | ൩൦ |
| വില്വാദി ലേഹം | ,, |
| ശ്വാസാശനി തൈലം | ,, |
| ക്ഷയചികിത്സാ | ൩൧ |
| ലാക്ഷാദി പൊടി | ൩൨ |
| ഹ്രസ്വപഞ്ചമൂലാദിയും ദശമൂലാദിയും | ,, |
| ദ്രാക്ഷാദി കഷായം | ,, |
| എലൊപകുല്യാദികഷായം | ,, |
| അമൃതാദികഷായം | ,, |
| വിദാൎയ്യാദിഗണം | ൩൩ |
| ജംബീരനവനീതം, | ,, |
| ദ്രാക്ഷാദി നെയ്യ. | ൩൪ |
| പുനൎന്നവാദി ഘൃതം | ,, |

ഉരഃക്ഷതചികിത്സാ ൮൪
സ്വരസാദിചികിത്സാ ൮൫
രാസ്നാദികഷായം ,,
ദ്രാക്ഷാദികഷായം ,,
ഏലാദി കഷായം ൮൬
അരോചകചികിത്സാ ,,
ഭക്തരൊധ ചികിത്സാ ,,
വിശ്വാദി കഷായം ,,
ഛർദ്ദിചികിത്സാ ൮൭
ലാജവില്വാദി കഷായം. ,,
മരിചാദി പൊടി ,,
ഹൃദ്രോഗ ചികിത്സാ ,,
ബലാഗോധൂമാദി കഷായം ,,
തൃഷ്ണചികിത്സാ. ,,
കെസരാദി കഷായം ൮൮
സിദ്ധൌഷധം ,,
മദാത്യയ ചികിത്സാ ,,
മദ്യം സേവിച്ചാൽ. ,,
കഞ്ചാവു തിന്നാൽ ൮൯
കറപ്പുതിന്നാൽ ,,
പുകയില തിന്നാൽ ,,
തേൻ കുടിച്ചാൽ ,,
ജാതിക്ക തിന്നാൽ ,,
കൊള്ളിക്കിഴങ്ങ തിന്നാൽ ൯൦
മുളയുടെ ആണ്ടൽ തിന്നാൽ ,,
അടയ്ക്കതിന്ന ചൊരുക്കിയാൽ ,,
അശ്ശശ്ചികിത്സാ ൯൧
ശുണ്ഠ്യാദി തൈലം ൯൨
വനസൂരണകന്ദാദി ഘൃതം ൯൩
ധന്വയാഷാദികഷായം ,,
കുടചാദി കഷായം. ,,
ഡാഡിമാദി കഷായം ൯൪
പാഠാദി മുക്കുടി ,,
ആർദ്രകാദി മുക്കുടി ,,
അജമൊദാദി മുക്കുടി ൯൫

പുനൎന്നവാദി മുക്കുടി ൭൫
കുടചഫാണിതം. ൭൬
രക്താൎശസ്സിന്ന (ചന്ദനാദി കഷായം) ൭൭
ഉശീരാദി കഷായം ,,
വാതാതിസാരത്തിന്ന (സമംഗാദി കഷായം) ,,
പിത്താതിസാരത്തിന്ന (ധനായാഷാദി കഷായം) ൭൮
കഫാതിസാരത്തിന്ന (വത്സകാദി കഷായം) ,,
രക്താതിസാരത്തിന്ന (ശാരിബാദി കഷായം) ,,
അജമൊജാദി കഷായം ,,
ദീപ്യകാദി മുക്കുടി ൭൯
ചാൎങ്ങ്ഗേൎയ്യാദി ഘൃതം ,,
അരിഷ്ടഘൃതം ,,
ഡാഡിമാദി ഗുളിക ൮൦
യവാന്യാദി ഗുളിക ,,
പാഠാദി കഷായം ൮൧
ശരപുംഖാദി കഷായം. ,,
കിരാതപുംഖാദി കഷായം ,,
കൈഡൎയ്യപത്രാദി കഷായം ,,
മുസ്താതക്രം ൮൨
വിശാലാവിഷാദി കഷായം ൮൩
മധൂകപുഷ്പാദി കഷായം ,,
അക്കരാഗാദി കഷായം ,,
ചൂൎണ്ണരാജം പൊടി ,,
നാഗരാദി ചൂൎണ്ണം ൮൪
ജീരകരസായനം ,,
അഷ്ടാക്ഷരി ഗുളിക ,,
കൈഡൎയ്യാദി ഗുളിക ൮൫
ദ്രോണപുഷ്പാദി ഗുളിക ,,


ക്രിമിചികിത്സാ


വിളംഗാദികഷായം ൮൬
മൊക്കഞ്ഞിക്ക ,,
മുക്കുടിക്ക ൮൮
കെതകിശക്കരാ ,,
സാരശക്കരാ ,,
൮൯

| | |
|---|---|
| മൂത്രാഘാതചികിത്സാ | ൯൦ |
| ശ്വദംഷ്ട്റാദികഷായം | ,, |
| ഗൃഹാമൂലാദികഷായം | ,, |
| ഗോക്ഷുരാദിഗുളിക | ൯൧ |
| മൂത്രാതിസാരത്തിന്ന. | ,, |
| നിശാമലകാദികഷായം | ൯൨ |
| മൂത്രം ഉൗറുന്നതിന്ന | ,, |
| പിടകാചികിത്സാ | ,, |
| കടുക്കവെണ്ണ | ,, |
| നന്ദ്യാവൎത്താദിപുഴുക്ക | ൯൩ |
| ശാലൂകാദിപുഴുക്ക. | ,, |
| മൃണാളാദിപുഴുക്ക | ,, |
| പൊട്ടിവാൻകുരുവിന്ന | ൯൪ |
| ജാത്ര്യാദിതൈലം | ,, |
| ന്യഗ്രോധാദിതൈലം | ൯൫ |
| നിംബാദികഷായം | ൯൬ |
| തലയിലെകുരുക്കൾക്ക | ,, |
| നിംബപത്രാദിഎണ്ണ | ,, |
| അഷ്ടപത്രതൈലം | ൯൭ |
| കഴുത്തിൽകുരുവിന്ന | ,, |
| ദൂൎവ്വാദിതൈലം | ,, |
| കക്ഷത്തിൽകുരുവിന്ന | ൯൮ |
| കയ്യിന്മേൽകുരുവിന്ന | ,, |
| മാറത്തെകുരുവിന്ന | ,, |
| കടുകാദികഷായം | ൯൯ |
| വയററത്തെകുരുക്കൾക്ക | ,, |
| വൃദ്ധിചികിത്സാ | ൧൦൦ |
| ലശുനാദികഷായം | ,, |
| നിൎഗ്ഗുണ്ഡ്യാദികഷായം | ,, |
| പാശാദികഷായം | ,, |
| ആവണക്കെണ്ണ | ൧൦൧ |
| വരണാദിഘൃതം | ,, |
| ആന്ത്രവായുചികിത്സാ | ,, |
| ഗുന്മചികിത്സാ | ൧൦൨ |
| സപ്തസാരകഷായം | ,, |

| | |
|---|---|
| **ശൂല ചികിത്സാ** | ൧൦൩ |
| ക്ഷാരത്തിന്ന | ,, |
| താംബൂലഭസ്മം | ൧൦൪ |
| ഗൃഹധൂമാദിപൊടി | ,, |
| അഷ്ട ചൂൎണ്ണം | ,, |
| സൈന്ധവാദിപൊടി | ,, |
| വൈശ്വാനരഭസ്മം | ൧൦൫ |
| ഇന്ദുകാന്തഘൃതം | ,, |
| ശൂലാശനിഗുളിക | ,, |
| **മഹോദര ചികിത്സാ** | ൧൦൬ |
| പത്ഥ്യാദികഷായം | ,, |
| പുനൎന്നവാദികഷായം | ,, |
| ത്രിഫലാദികഷായം | ൧൦൭ |
| ആൎദ്രകാദിഘൃതം | ,, |
| ഗവാക്ഷ്യാദിഗുളിക | ,, |
| **പാണ്ഡു ചികിത്സാ** | ൧൦൮ |
| ശതാവൎയ്യാദികഷായം | ,, |
| കരണ്ഡപത്രാദികഷായം | ,, |
| പടൊലാദികഷായം | ,, |
| അമൃതാദികഷായം | ,, |
| അജമൊജാദിമുക്കുടി | ൧൦൯ |
| ഭൃംഗരാജാദിപൊടി | ,, |
| പുനൎന്നവാദികഷായം | ,, |
| ഇന്ദ്രാശനിപൊടി | ,, |
| പത്ഥ്യാദിഗുളിക | ൧൧൦ |
| പാണ്ഡുവിന്ന (സിദ്ധൌഷധം) | ,, |
| **കാമിലാ ചികിത്സാ** | ,, |
| കാമിലയ്ക്ക കഷായം | ൧൧൧ |
| ശ്രേഷ്ഠാദിഘൃതം | ൧൧൨ |
| ലൊഹചൂൎണ്ണാദിഗുളിക | ,, |
| **കുംഭകാമിലാ ചികിത്സാ** | ൧൧൩ |
| നിംബത്വഗാദികഷായം | ,, |
| **ശൊഫ ചികിത്സാ** | ൧൧൪ |
| മഹാപഞ്ചമൂലാദികഷായം | ,, |
| പത്ഥ്യാദികഷായം | ൧൧൫ |

| | |
|---|---|
| ശുണ്ഠ്യാദികഷായം | ൧൧൬ |
| തിന്ത്രിണിപൎണ്ണശാഖാദികഷായം | ,, |
| പുനൎന്നവാദികഷായം | ,, |
| ഗുളാൎദ്രകം | ,, |
| ഭസ്മക്കഞ്ഞിക്ക | ൧൧൭ |
| കന്ദഘൃതം | ,, |
| ധാത്ര്യാദിഎണ്ണ | ൧൧൮ |
| വില്വാദിതൈലം | ,, |
| ത്രിഫലാദിതൈലം | ,, |
| മെലെക്കതൈലം | ൧൧൯ |
| അമൃതാദിതൈലം | ,, |
| വരണാദിതൈലം | ,, |
| അമ്ലവെതസാദിതൈലം | ൧൨൦ |
| പുനൎന്നവാദിപൊടി | ,, |
| വ്യൊഷാദിമോര | ,, |
| ഏകാംഗശൊഫത്തിന്ന | ൧൨൨ |
| ചോപ്പൊട്ടക്കൂടിയനീരിന്ന | ,, |
| വിസൎപ്പനിദാനം | ൧൨൩ |
| എൎക്കരപ്പന്റെ ലക്ഷണം | ൧൨൯ |
| എൎക്കരപ്പന്റെ ചികിത്സാ | ,, |
| മുസ്താദികഷായം | ,, |
| ശാരിബാദികഷായം | ൧൩൦ |
| അവിപത്തിപൊടി | ,, |
| ധനികാദികഷായം | ,, |
| മഞ്ജിഷ്ഠാദികഷായം | ൧൩൧ |
| നെററിക്ക ലേപനത്തിന്ന | ൧൩൨ |
| ശിതികിംശുകാദിതൈലം | ,, |
| തുളസീദൂൎവ്വാദിതൈലം | ,, |
| തേപ്പാൻഖദിരാംബുദാതിതൈലം | ൧൩൩ |
| ബലാമധുകാദിതൈലം | ,, |
| കണ്ണിലെക്കകിഴി | ൧൩൪ |
| നെൽക്കരപ്പന്റെ ലക്ഷണം | ,, |
| നെൽക്കരപ്പന്റെ ചികിത്സാ | ,, |
| ദ്രാക്ഷാഷ്ടമകഷായം | ൧൩൫ |
| ധാത്ര്യാദികഷായം | ,, |

| | |
|---|---|
| ദൂർവ്വാദിതൈലം | ൧൩൫ |
| വെത്രപല്ലവാദിതൈലം | ൧൩൬ |
| നിർഗ്ഗുണ്ഡ്യാദികഷായം | ” |
| മുതിരക്കരപ്പന്റെ ലക്ഷണം | ” |
| മുതിരക്കരപ്പന്റെ ചികിത്സാ | ൧൩൭ |
| അരച്ചുതേപ്പാൻ | ” |
| പടോലാദികഷായം | ” |
| വിളംഗാദികഷായം | ” |
| പുനൎന്നവാദിതൈലം | ” |
| ഉശീരാദിതൈലം | ൧൩൮ |
| മഞ്ജിഷ്ഠാദിതൈലം | ” |
| ചെങ്കാക്കരപ്പന്റെ ലക്ഷണം | ൧൩൯ |
| ചെങ്കാക്കരപ്പന്റെചികിത്സാ | ” |
| അരച്ചുതേപ്പാൻ | ” |
| വയറിളക്കുവാൻ | ” |
| കുടചാദികഷായം | ” |
| കിരാലിക്കരപ്പന്റെ ലക്ഷണം | ൧൪൦ |
| കിരാലിക്കരപ്പന്റെ ചികിത്സാ | ” |
| അരച്ചുതേപ്പാൻ | ” |
| ഭൂനിംബാദികഷായം | ൧൪൧ |
| കദംബവൽക്കാദികഷായം | ” |
| മുസ്തായഷ്ട്യാദിതൈലം | ” |
| ബലാമൂലാദിതൈലം | ൧൪൨ |
| പൊടിക്കരപ്പന്റെ ലക്ഷണം | ” |
| പൊടിക്കരപ്പന്റെ ചികിത്സാ | ൧൪൩ |
| അരച്ചുതേപ്പാൻ | ” |
| വിശാലാദികഷായം | ” |
| വാശാദികഷായം | ൧൪൪ |
| ഖദിരാദികഷായം | ” |
| വ്യാഘ്രാതകാദികഷായം | ” |
| ന്യഗ്രോധപല്ലവാദിതൈലം | ” |
| ധാത്ര്യാദിതൈലം | ൧൪൫ |
| ലൊധ്രവൽക്കാദിതൈലം | ” |
| വെണ്ണീക്കരപ്പന്റെ ലക്ഷണം | ൧൪൬ |
| വെണ്ണീക്കരപ്പന്റെ ചികിത്സാ | ” |

പുരട്ടുവാൻ ൮൪൬
വിളംഗമുസ്താദികഷായം ൮൪൭
ദ്രോണപു ..ാദികഷായം ”
ദൂർവ്വാദികഷായം ”
ബലാരാസ്നാദിതൈലം ൮൪൮
മുസ്താകതകാദിതൈലം ”
ലാക്ഷാബലാദിതൈലം ”
അഷ്ടവൽക്കതൈലം ൮൪൯
കരിങ്കരപ്പന്റെ ലക്ഷണം ”
കരിങ്കരപ്പന്റെ ചികിത്സാ ൮൫൦
അരച്ചുതേപ്പാൻ ”
നിലീമൂലാദികഷായം ”
കിരാതതിക്താദി കഷായം ”
ഉഴുന്നിൻമണിക്കരപ്പന്റെ ലക്ഷണം ൮൫൧
ഉഴുന്നിൻമണിക്കരപ്പന്റെ ചികിത്സാ ”
അരച്ചുതേപ്പാൻ ”
പാഠാദികഷായം ൮൫൨
ത്രായന്ത്യാദികഷായം ”
തലയിൽകുഴമ്പിന്ന അഞ്ജനാഷ്ടമചൂർണ്ണം ”
ഭൃംഗരാജാദിതൈലം ൮൫൩
മുസ്താമൃതാദിതൈലം ”
മുളകുമണിക്കരപ്പന്റെ ലക്ഷണം ൮൫൪
മുളകുമണിക്കരപ്പന്റെ ചികിത്സാ ”
പിചുമന്ദാദികഷായം ”
ശമ്യാകവല്കാദികഷായം ”
കേതകീപല്ലവാദിതൈലം ൮൫൫
ലന്തക്കുരുക്കരപ്പന്റെ ലക്ഷണം ”
ലന്തക്കുരുക്കരപ്പന്റെ ചികിത്സാ ൮൫൬
അരച്ചുതേപ്പാൻ ”
പടോലാദികഷായം ”
സപ്തച്ഛദാദികഷായം ”
കരീരാദിതൈലം ”
വിഴാലരിക്കരപ്പന്റെ ലക്ഷണം ൮൫൭
വിഴാലരിക്കരപ്പന്റെ ചികിത്സാ ”
അരച്ചുതേപ്പാൻ ”

| | |
|---|---|
| മുസ്താഖദിരാദികഷായം | ൱൭ |
| ഖദിരെന്ദ്രയവാദികഷായം | ,, |
| സപ്തസാരതൈലം | ൱൮ |
| അത്തിക്കാക്കരപ്പന്റെലക്ഷണം | ,, |
| അത്തിക്കാക്കരപ്പന്റെചികിത്സാ | ൱൯ |
| അരച്ചുതേപ്പാൻ | ,, |
| പത്മകാദികഷായം | ,, |
| ത്രായമാണാദികഷായം | ,, |
| വരികന്നാദിതൈലം | ,, |
| നിശാപപ്പടകാദിതൈലം | ൱൰ |
| തലക്കവെള്ളംവെപ്പാൻ | ,, |
| പുളിങ്കുരുക്കരപ്പന്റെ ലക്ഷണം | |
| പുളിങ്കുരുക്കരപ്പന്റെ ചികിത്സാ | ൱൰൧ |
| അരച്ചുതേപ്പാൻ | ,, |
| ത്രിഫലാപിചുമന്ദാദികഷായം | ,, |
| ശാരിബാഖദിരാദികഷായം | ,, |
| അസനാദിതൈലം | ,, |
| ശാരിബാദിതൈലം | ൱൰൨ |
| വള്ളിക്കരപ്പന്റെലക്ഷണം | ,, |
| വള്ളിക്കരപ്പന്റെചികിത്സാ | ൱൰൩ |
| അരച്ചുതേപ്പാൻ | ,, |
| യഷ്ട്യാഹ്വാദികഷായം | ,, |
| നീപതഗാദികഷായം | ,, |
| അഷ്ടപല്ലവതൈലം | ൱൰൪ |
| ദ്രോണാഷ്ടമതൈലം | ,, |
| ഹയഗന്ധാദിതൈലം | ൱൰൫ |
| ചെങ്കരപ്പന്റെലക്ഷണം | ,, |
| ചെങ്കരപ്പന്റെചികിത്സാ | ൱൰൬ |
| അരച്ചുതേപ്പാൻ | ,, |
| ദാർവ്വീഖദിരാദികഷായം | ,, |
| ജപാമൂലാദികഷായം | ,, |
| കതകാദികഷായം | ,, |
| വിലങ്ങാദിതൈലം | ൱൰൭ |
| ക്ഷീരിവൽക്കാദിതൈലം | ,, |
| പവിഴക്കരപ്പന്റെലക്ഷണം | ൱൰൮ |

| | |
|---|---|
| പവിഴക്കരപ്പന്റെ ചികിത്സാ | ൨൱൮ |
| അരച്ചുതേപ്പാൻ | ,, |
| ബൃഹത്യാദികഷായം | ,, |
| മുസ്താപർപ്പടകാദികഷായം | ൨൱൯ |
| നളദാദിതൈലം | ,, |
| തളികക്കരപ്പന്റെ ലക്ഷണം | ,, |
| തളികക്കരപ്പന്റെ ചികിത്സാ | ,, |
| അരച്ചുതേപ്പാൻ | |
| പത്മകന്ദാദികഷായം | ൨൱൰ |
| വത്സകാദികഷായം | ,, |
| ഖദിരാംബുധരാദികഷായം | ,, |
| ബലാതിലകാദിതൈലം | ,, |
| കൃഷ്ണമുഞ്ജാദിതൈലം | ൨൱൰൧ |
| മാംപൂക്കരപ്പന്റെ ലക്ഷണം | ,, |
| മാംപൂക്കരപ്പന്റെ ചികിൽസാ | ൨൱൰൨ |
| അരച്ചുതേപ്പാൻ | ,, |
| നിശാവിശാലാദികഷായം | ,, |
| വൃശ്ചികാളൃാദികഷായം | ,, |
| ദ്രോണപ്പൂവാദിതൈലം | ,, |
| ചികിടക്കരപ്പന്റെ ലക്ഷണം | ൨൱൰൩ |
| ചികിടക്കരപ്പന്റെ ചികിൽസാ | ,, |
| അരച്ചുതേപ്പാൻ | ,, |
| ഉശീരമധുകാദികഷായം | ,, |
| ദാർവീവൃഷാദികഷായം | ൨൱൰൪ |
| വൽസാദന്യാദിതൈലം | ,, |
| മുൾക്കരപ്പന്റെ ലക്ഷണം | ,, |
| മുൾക്കരപ്പന്റെ ചികിൽസാ | ൨൱൰൫ |
| അരച്ചുതേപ്പാൻ | ,, |
| ചന്ദ്രരേഖാദികഷായം | ,, |
| ഐലേയകാദിതൈലം | ,, |
| അശ്വത്ഥവൽക്കാദിതൈലം | ൨൱൰൬ |
| പുള്ളിക്കരപ്പന്റെ ലക്ഷണം | ,, |
| പുള്ളിക്കരപ്പന്റെ ചികിൽസാ | ,, |
| അരച്ചുതേപ്പാൻ | ,, |
| ധന്വയാസാദികഷായം | ൨൱൰൭ |

| | |
|---|---|
| കദളീകന്ദാദികഷായം | ൧൮ |
| ദൂൎവ്വാവസുകാദിതൈലം | ,, |
| പൊരുമക്കരപ്പൻെറ ലക്ഷണം | ,, |
| പൊരുമക്കരപ്പൻെറ ചികിത്സാ | ൧൰ |
| അരച്ചുതേപ്പാൻ | ,, |
| നിംബാമൃതാദികഷായം | ,, |
| അരുഷ്കരാദികഷായം | ൧൯ |
| എരിക്കരപ്പൻെറ ലക്ഷണം | ,, |
| എരിക്കരപ്പൻെറ ചികിത്സാ | ,, |
| അരച്ചുതേപ്പാൻ | ,, |
| ഹൈമവദ്ധ്യാദികഷായം | ൧൰൦ |
| പ്ലക്ഷവൽക്കാദികഷായം | ,, |
| അക്ഷധാത്ര്യാദിതൈലം | ,, |
| പടോലാദിതൈലം | ൧൰൧ |
| ഖദിരാസനാദിതൈലം | ,, |
| മുളനെൽക്കരപ്പൻെറ ലക്ഷണം | ൧൰൨ |
| മുളനെൽക്കരപ്പൻെറ ചികിത്സാ | ,, |
| അരച്ചുതേപ്പാൻ | ,, |
| തിമിശാദികഷായം | ൧൰൩ |
| ധാത്രീഖദിരാദികഷായം | ,, |
| താലപത്രാദിതൈലം | ,, |
| തമാലപത്രാദിതൈലം | ,, |
| ശിംശപാദിതൈലം | ൧൰൪ |
| ഭൂൎജ്ജസാരാദിതൈലം | ,, |
| തുമ്പപ്പൂക്കരപ്പൻെറ ലക്ഷണം | ,, |
| തുമ്പപ്പൂക്കരപ്പൻെറ ചികിത്സാ | ൧൰൫ |
| അരച്ചുതേപ്പാൻ | ,, |
| ജോംഗകാദികഷായം | ,, |
| ഭാൎങ്ങ്യാദികഷായം | ,, |
| ഇന്ദ്രദ്രുമാദികഷായം | ൧൰൬ |
| ശാകതഗാദിതൈലം | ,, |
| കുടകപ്പാലരിക്കരപ്പൻെറ ലക്ഷണം | ൧൰൭ |
| കുടകപ്പാലരിക്കരപ്പൻെറ ചികിത്സാ | ,, |
| ആരഗ്വധാദികഷായം | ,, |
| നിംബാസനാദികഷായം | ,, |
| | ,, |

രാജക്ഷവകാദിതൈലം ൧൨൨
ശമീപത്രാദിതൈലം ,,
കൽത്താമരക്കരപ്പന്റെ ലക്ഷണം ൧൨൩
കൽത്താമരക്കരപ്പന്റെ ചികിത്സാ ,,
അരച്ചുതേപ്പാൻ ,,
അശ്വകൎണ്ണവിശാലാദികഷായം ൧൩൦
പലാശവൽക്കാദികഷായം ,,
പലാശപുഷ്പാദിതൈലം ,,
ഗുഞ്ജാമൂലാദിതൈലം ,,
വളയക്കൊടിക്കരപ്പന്റെ ലക്ഷണം ൧൩൧
വളയക്കൊടിക്കരപ്പന്റെ ചികിത്സാ ,,
അരച്ചുതേപ്പാൻ ,,
ഇക്ഷ്വാകമൂലാദികഷായം ,,
രോഹിണ്യാദികഷായം ൧൩൨
ബലാമൂലാദിതൈലം ,,
ഏണിക്കരപ്പന്റെ ലക്ഷണം ൧൩൩
ഏണിക്കരപ്പന്റെ ചികിത്സാ ,,
അരച്ചുതെപ്പാൻ ,,
ലോധ്രവൽക്കാദികഷായം ,,
മുസ്താമധുകാദികഷായം ,,
വൈരിപത്രാദിതൈലം ൧൩൪
ശിരീഷവൽക്കാദിതൈലം ,,
ആമക്കരപ്പന്റെ ലക്ഷണം ൧൩൫
ആമക്കരപ്പന്റെ ചികിത്സാ ,,
അരച്ചുതേപ്പാൻ ,,
വരാവിശാലാദികഷായം ,,
അമൃതാവൃഷമൂലാദികഷായം ,,
അക്ഷാമലകാദിതൈലം ൧൩൬
കറുകക്കരപ്പന്റെ ലക്ഷണം ,,
കറുകക്കരപ്പന്റെ ചികിത്സാ ൧൩൭
അരച്ചുതേപ്പാൻ ,,
മൂവ്വാമധുകാദി കഷായം ,,
പത്ഥ്യാദികഷായം ൧൩൮
മരിചാദിതൈലം ,,
നിശാമധുകാദിതൈലം ,,

| | |
|---|---|
| പലകക്കരപ്പന്റെ ലക്ഷണം. | ൧൯൯ |
| പലകക്കരപ്പന്റെ ചികിത്സാ | ,, |
| അരച്ചുതേപ്പാൻ | ,, |
| വാശാദുംബരവൽക്കാദികഷായം | ,, |
| നന്ദ്യാവൎത്താദികഷായം | ,, |
| അടക്കരപ്പന്റെ ലക്ഷണം | ൨൦൦ |
| അടക്കരപ്പന്റെ ചികിത്സാ | ,, |
| അരച്ചുതേപ്പാൻ | ,, |
| അമൃതാദികഷായം | ൨൦൧ |
| മുസ്താവിളംഗാദികഷായം | ,, |
| അസനാദിതൈലം | ,, |
| കൊട്ടമുടിക്കരപ്പന്റെ ലക്ഷണം | ൨൦൨ |
| കൊട്ടമുടിക്കരപ്പന്റെ ചികിത്സാ | ,, |
| അരച്ചുതേപ്പാൻ | ,, |
| വരാഹരിദ്രാദികഷായം | ,, |
| യാഷ്ടെന്ദ്രയവാദികഷായം | ,, |
| കതകാദിതൈലം | ൨൦൩ |
| മാടക്കാൽക്കരപ്പന്റെ ലക്ഷണം | ൨൦൪ |
| മാടക്കാൽക്കരപ്പന്റെ ചികിത്സാ | ,, |
| അരച്ചുതേപ്പാൻ | ,, |
| ശാരിബെന്ദ്രയവാദികഷായം | ,, |
| ഏലൊപകുഞ്ചികാദികഷായം | ,, |
| ദൂർവ്വാവസുകാദി തൈലം | ൨൦൫ |
| ചിടക്കരപ്പന്റെ ലക്ഷണം | ,, |
| ചിടക്കരപ്പന്റെ ചികിത്സാ | ,, |
| അരച്ചുതേപ്പാൻ | ,, |
| വാശാമലകാദി കഷായം | ൨൦൬ |
| മുസ്താപത്മകാദി കഷായം | ,, |
| അസനാമലകാദി തൈലം | ,, |
| പോളക്കരപ്പന്റെ ലക്ഷണം | ൨൦൭ |
| പോളക്കരപ്പന്റെ ചികിത്സാ | ,, |
| അരച്ചുതേപ്പാൻ | ,, |
| യാഷമുസ്താദികഷായം | ൨൦൮ |
| ഉപൊദകാദിതൈലം | ,, |
| മൊയിലടിക്കരപ്പന്റെ ലക്ഷണം | ,, |

| | |
|---|---|
| മൊയിലടിക്കരപ്പന്റെ ചികിത്സാ | ൨൱൯ |
| അരച്ചുതേപ്പാൻ | ,, |
| ദശമൂലാദികഷായം | ,, |
| പീലിക്കരപ്പന്റെ ലക്ഷണം | ,, |
| പീലിക്കരപ്പന്റെ ചികിത്സാ | ൨൱൰ |
| അരച്ചുതേപ്പാൻ | ,, |
| അഭയാഖദിരാദികഷായം | ,, |
| കുടചാദികഷായം | ,, |
| ഖദിരാമൃതാദിതൈലം | ,, |
| വിളാമ്പഴക്കരപ്പന്റെ ലക്ഷണം | ൨൱൰൧ |
| വിളാമ്പഴക്കരപ്പന്റെ ചികിത്സാ | ,, |
| അരച്ചുതേപ്പാൻ | ,, |
| അമൃതേന്ദ്രയവാദികഷായം | ,, |
| ത്രിഫലാമൃതാദിതൈലം | ൨൱൰൨ |
| പാടക്കരപ്പന്റെ ലക്ഷണം | ൨൱൰൩ |
| പാടക്കരപ്പന്റെ ചികിത്സാ | ,, |
| അരച്ചുതേപ്പാൻ | ,, |
| ബദരാദികഷായം | ൨൱൰൪ |
| നീക്കരപ്പന്റെ ലക്ഷണം | ,, |
| നീക്കരപ്പന്റെ ചികിത്സാ | ൨൱൰൫ |
| അരച്ചുതേപ്പാൻ | ,, |
| പഥ്യാബദരാദികഷായം | ,, |
| തൈർനീക്കരപ്പന്റെ ലക്ഷണം | ,, |
| തൈർനീക്കരപ്പന്റെ ചികിത്സാ | ,, |
| ദാർവ്വീമധുകാദികഷായം | ൨൱൰൬ |
| താലപത്രാദിതൈലം | ,, |
| ബലാമലകാദിതൈലം | ,, |
| കൽക്കരപ്പന്റെ ലക്ഷണം | ൨൱൰൭ |
| കൽക്കരപ്പന്റെ ചികിത്സാ | ൨൱൰൮ |
| അരച്ചുതേപ്പാൻ | ,, |
| സപ്തപർണ്ണാദികഷായം | ,, |
| ക്ഷാരതൈലം | ,, |
| സോമവൽക്കാദിതൈലം | ൨൱൰൯ |
| തീക്കരപ്പന്റെ ചികിത്സാ | ൨൱൨൰ |
| അരച്ചുതേപ്പാൻ | ,, |

| | |
|---|---|
| ചന്ദനാദികഷായം | ൨൨൧ |
| സൂര്യപൎണ്ണ്യാദികഷായം | ,, |
| അഭീരുമധുകാദിതൈലം | ,, |
| മുഴക്കരപ്പന്റെ ചികിത്സാ | ൨൨൨ |
| അരച്ചുതേപ്പാൻ | ,, |
| ശ്രേഷ്ഠാദികഷായം | ,, |
| അക്കരാഗാദികഷായം | ,, |
| അമൃതാഭയാദിതൈലം | ൨൨൩ |
| ചേക്കരപ്പന്റെ ചികിത്സാ | ൨൨൪ |
| അരച്ചുതേപ്പാൻ | ,, |
| നിശാവൽക്കാദികഷായം | ,, |
| മധൂകപുഷ്പാദികഷായം | ,, |
| ബലാത്രയാദിതൈലം | ൨൨൫ |
| ഇടിവാൾക്കരപ്പന്റെ ചികിത്സാ | ,, |
| അരച്ചുതേപ്പാൻ | ൨൨൬ |
| അഗ്നിമന്ഥാദികഷായം | ൨൨൭ |
| മൃണാളാദികഷായം | ,, |
| അരുഷ്കരാദികഷായം | ,, |
| ബലായഷ്ട്യാഹ്വയാദികഷായം | ,, |
| എലാദികഷായം | ൨൨൮ |
| നിംബാമലകാദികഷായം | ,, |
| ത്രിവിക്രമതൈലം | ,, |
| ബലാരാസ്നാദിതൈലം | ൨൨൯ |
| ചൊരക്കരപ്പന്റെ ചികിത്സാ | ,, |
| അരച്ചുതേപ്പാൻ | ,, |
| പാരന്തിമുകുളാദികഷായം | ൨൩൦ |
| ജപാമൂലാദികഷായം | ,, |
| ചില്ലിക്കരപ്പന്റെ ചികിത്സാ | ,, |
| അരച്ചുതേപ്പാൻ | ,, |
| മേഘനാദാദി കഷായം | ൨൩൧ |
| വിസൎപ്പസാമാന്യ ചികിത്സാ | ൨൩൨ |
| ക്ഷീരിദ്രുപല്ലവാദിലേപനം | ,, |
| മഞ്ജിഷ്ഠാദിലേപനം | ,, |
| തിലകത്വഗാദിലേപനം | ,, |
| കൈശികീമധുകാദികഷായം | ൨൩൩ |

| | |
|---|---|
| അമൃതോശീരാദികഷായം | ൨൩൩ |
| താലീസപത്രാദികഷായം | ൨൩൪ |
| സോമവല്ല്യാദിതൈലം | ൨൩൫ |
| ബലാശോകതഗാദിതൈലം | ൨൩൬ |
| ദൂൎവ്വാഖദിരപത്രാദിതൈലം | 〃 |
| ബലാനളദാദിതൈലം | 〃 |
| ബാലാമൃതരസായനം | ൨൩൭ |
| വജ്ജ്യങ്ങൾ | ൨൩൯ |
| പഞ്ചസാരരസായനം | 〃 |
| ശാരിബാദിഗുളം | ൨൪൦ |
| വിശാലാദിഗുളം | 〃 |
| ശമ്യാകവൽക്കാദിപൊടി | ൨൪൧ |
| ചന്ദ്രരേഖാദിപൊടി | 〃 |
| ഏലൊപകുഞ്ചികാദിപൊടി | ൨൪൨ |
| അഭയാദിപൊടി | 〃 |
| തിക്തഘൃതം | ൨൪൩ |
| മഹാതിക്തഘൃതം | 〃 |
| പാരന്തീമൂലവൽക്കാദിഘൃതം | ൨൪൪ |
| ദൂവാമൃതാദിഘൃതം | 〃 |
| നിംബേന്ദ്രയവാദിഘൃതം | ൨൪൫ |
| ബലാസോമലതാദിഘൃതം | ൨൪൬ |
| വിസൎപ്പാന്തകഘൃതം | ൨൪൭ |
| സിദ്ധയോഗഘൃതം | ൨൪൮ |
| അമൃതാബ്ദഹത്ത്യാദിഘൃതം | 〃 |
| പാരന്തീപുഷ്പാദിമുക്കുടി | ൨൪൯ |
| അല്ലവെതസാദിമുക്കുടി | 〃 |
| വൃശ്ചീവമൂലാദിമുക്കുടി | 〃 |
| അമൃതാദിമുക്കുടി | 〃 |
| പുടപാകകഷായങ്ങൾ | ൨൫൦ |
| ശാകദൂൎവ്വാദി | 〃 |
| വിളംഗകുടചാദി | 〃 |
| വെല്ലാമലകാദി | ൨൫൧ |
| ഖദിരാസവം | 〃 |
| ശിംശപാസവം | ൨൫൨ |
| പാൽക്കാസവം | 〃 |

| | |
|---|---|
| പുഷ്പാസവം | ൧൱൯ |
| മഞ്ജിഷ്ഠാദിഗുളിക | ,, |
| ലാക്ഷാദിഗുളിക | ൨൱൪ |
| വിസൎപ്പാശനിഗുളിക | ൨൱൫ |
| വിസൎപ്പമുള്ളവൎക്ക തലവേദനയ്ക്കു | ൨൱൬ |
| തീവ്രജ്വരത്തിന്നു | ,, |
| ചിത്തഭ്രമത്തിന്നു | ,, |
| മൂൎദ്ധാവുകുഴിഞ്ഞാൽ വേണ്ടതു | ,, |
| കഠിനമായ അരുചിക്കു | ,, |
| മസൂരികാലക്ഷണം | ൨൱൭ |
| മസൂരികാചികിത്സാ | ൨൱൮ |
| അരച്ചുതെപ്പാൻ | ,, |
| ധന്വയാസാദികഷായം | ൨൱൯ |
| കദളീകന്ദാദികഷായം | ,, |
| ബലാജലദാദികഷായം | ,, |
| മൃണാളാദികഷായം | ൨൱൰ |
| ദൂൎവ്വാഘൃതം | ,, |
| മസൂരികക്കാൎക്ക കണ്ണിൽപിഴിവാൻ | ൨൱൰൧ |
| കംഗുമസൂരികാലക്ഷണം | ,, |
| കംഗുമസൂരികാ ചികിത്സാ | ൨൱൰൨ |
| ശ്രേഷ്ഠാദികഷായം | ,, |
| ക്ഷുദ്രമസൂരികാലക്ഷണം | ,, |
| ക്ഷുദ്രമസൂരികാചികിത്സാ | ൨൱൰൩ |
| അരച്ചുതെപ്പാൻ | ,, |
| വിസ്ഫോടലക്ഷണം | ,, |
| വിസ്ഫോടചികിത്സാ | ,, |
| അരച്ചുതെപ്പാൻ | ,, |
| ത്രായമാണാദികഷായം | ,, |
| ധാത്രീഖദിരാദികഷായം | ൨൱൰൪ |
| ചന്ദനാദിപൊടി | ,, |
| ഗൊമയസ്വരസാദിതൈലം | ,, |
| ശീതപിത്തലക്ഷണം | ൨൱൰൫ |
| ശീതപിത്തചികിത്സാ | ,, |
| അരച്ചുതെപ്പാൻ | ,, |
| രജന്ന്യാദികഷായം | ,, |

| | |
|---|---|
| അഭീരുദൂർവ്വാദിതൈലം | ൨൬൬ |
| കക്ഷ്യാലക്ഷണം | ,, |
| കക്ഷ്യാചികിത്സാ | ,, |
| അരച്ചതേപ്പാൻ | ,, |
| തഴമ്പിന്ന | ൨൬൭ |
| ത്വഗ്വിശുദ്ധിചികിത്സാ | ,, |
| ലാക്ഷാദിലെപനം | ,, |
| കുഷ്ഠചികിത്സാ | ൨൬൮ |
| അരച്ചുതേപ്പാൻ | ,, |
| അമൃതാരിഷ്ടാദികഷായം | ,, |
| ശ്രേഷ്ഠാഖദിരാദികഷായം | ൨൬൯ |
| മാണിഭദ്രഗുളം | ,, |
| നീലീനിശാദിതൈലം | ,, |
| രാജവൽക്കാദിതൈലം | ൨൭൦ |
| ത്രിഫലാത്രയാദിഗുളിക | ൨൭൧ |
| കുഷ്ഠാന്തകഗുളിക | ,, |
| വാതകുഷ്ഠത്തിന്ന (ദാരുസൈരെയകാദികഷായം) | ൨൭൨ |
| ബലാഹരിദ്രാദിതൈലം | ,, |
| പിത്തകുഷ്ഠത്തിന്ന (ദ്രാക്ഷാമധുകാദികഷായം) | ,, |
| സവർണ്ണകരണംനെയ്യ | ൨൭൩ |
| ഗോപീകന്ദാദിതൈലം | ,, |
| കഫകുഷ്ഠത്തിന്ന (പടൊലഖദിരാദികഷായം) | ,, |
| വിശാലാദിതൈലം | ,, |
| ചിരങ്ങ, ചൊറി, ഇവകൾക്ക | ,, |
| ഗുഞ്ജാമൂലാദിതൈലം | ൨൭൪ |
| ദിനെശവല്ല്യാദിതൈലം | ,, |
| നിശാപപ്പടകാദികുഴമ്പ | ,, |
| ചൊറിക്ക (സിദ്ധൌഷധങ്ങൾ) | ൨൭൫ |
| തുംഗദ്രുമാദികുഴമ്പ | ,, |
| കപാലകുഷ്ഠത്തിന്ന (ഭാസ്കരക്ഷാരം) | ,, |
| ചതുസ്സ്പൎശതൈലം | ൨൭൬ |
| നാഗവല്ല്യാദിതൈലം | ,, |
| കാർപ്പാസപത്ര്യാദിതൈലം | ,, |
| ധുൎദ്ധൂരപത്ര്യാദിതൈലം | ,, |
| ഗുദകുഷ്ഠത്തിന്ന (പൂരട്ടുവാൻ) | ൨൭൭ |

വ്രണശുദ്ധിക്ക (ത്രികല്ക്കം) വൈ
കൃഷ്ണോപകുഞ്ചികാദിപൊടി ,,
പാദകുഷ്ഠത്തിന്ന (അരച്ചുതേപ്പാൻ) വവ്വൈ
പലാശവല്ക്കാദികുഴമ്പ ,,
നാഗദന്ത്യാദിലേപനം ,,
പദസരിക്ക (പുരട്ടുവാൻ) വൻ
സൈന്ധവാദിലേപനം ,,
ക്ഷീരിദ്രുവൽക്കാദിലേപനം ,,
ഗജചമ്മത്തിന്ന (അരച്ചുതേപ്പാൻ) ,,
കൃതമാലതാഗാദിതൈലം വവ്വ൦
ചുണങ്ങിന്ന വവ്വ൧
അരിമ്പാറയ്ക്കു ,,

ശ്വിത്രചികിത്സാ ,,

ശശിരേഖാരസായനം ,,
പുരട്ടുവാൻ വവ്വ൨
ഗന്ധകാദിലേപനം ,,
ചിത്രകാദിപൊടി ,,

വാതവ്യാധിചികിത്സാ വവ്വ൩
അരച്ചുതെപ്പാൻ ,,
ശുദ്ധബലാതൈലം ,,
ക്ഷീരബലാതൈലം വവ്വ൪
വാതാശനിതൈലം ,,
മാംസീബലാദിതൈലം വവ്വ൫
പഞ്ചാമ്ലതൈലം ,,
ധാന്വന്തരംതൈലം വവ്വ൬
ശ്രീരുദ്രതൈലം വവ്വ൭
വാതചികിത്സയുടെക്രമം വവ്വ൮
എരണ്ഡാദിസ്വേദം ,,
ഇലക്കിഴി ,,
പഥ്യാദ്യസ്വൾകാദികഷായം വവ്വൻ
പൂതീകപല്ലവാദികഷായം ,,
ബലാസഹചരാദികഷാം
ദശമൂലബലാദികഷായം ,,
രാസ്നാദികഷായം ,,
ആക്ഷേപവാതത്തിന്ന (ജീവന്ത്യാദികഷായം) വൻ ,,

| | |
|---|---|
| വീരമൂലാദികഷായം | ൨൯൦ |
| ഹനുസ്തംഭത്തിന്ന (അഭീരുവരാദികഷായം) | ൨൯൧ |
| ഊരുസ്തംഭത്തിന്ന (അരച്ചുതേപ്പാൻ) | ,, |
| നാഗരാദിലേപനം | ,, |
| നക്തമാലാദിലേപനം | ൨൯൨ |
| സിരാഗ്രഹത്തിന്ന (രസതൈലം) | ,, |
| ബലാഗോധൂമാദികഷായം | ൨൯൩ |
| ബാഹ്യായാമത്തിന്ന (മൂൎദ്ധാവിൽ കുഴമ്പിന്ന) | ,, |
| ആന്തരായാമത്തിന്ന | ൨൯൪ |
| പാൎശ്വശൂലത്തിന്ന (ലേപനം) | ,, |
| ലാജജീരകാദികഷായം | ,, |
| വാതാനുലോമനഗുളിക | ൨൯൫ |
| ദാരുജീരകാദിഘൃതം | ,, |
| കടീഗ്രഹത്തിന്ന | ,, |
| ദണ്ഡാപതാനകത്തിന്ന | ൨൯൬ |
| ഖല്ലിവാതത്തിന്ന (ബലാനാഗബലാദികഷായം) | ൨൯൭ |
| ഷഷ്ടികതൈലം | ,, |
| ജിഹ്വാസ്തംഭത്തിന്ന (ബലാസൈരെയകാദികഷായം) | ൨൯൮ |
| സ്ഥിരാമൂലാദിഘൃതം | ,, |
| അൎദ്ദിതത്തിന്ന | ൨൯൯ |
| പക്ഷാഘാതത്തിന്ന (കാൎപ്പാസാസ്ഥ്യാദിതൈലം) | ,, |
| ബലാകുലസ്ഥാദികഷായം | ൩൦൦ |
| ക്രോഷ്ടുകശീൎഷകത്തിന്ന (അരച്ചുതേപ്പാൻ) | ,, |
| സൈരേയകാദിലേപനം | ൩൦൧ |
| ബലാലശുനകന്ദാദികഷായം | ,, |
| സൈരേയമൂലാദിതൈലം | ,, |
| മന്യാസ്തംഭത്തിന്ന (അരച്ചുതേപ്പാൻ) | ൩൦൨ |
| ബലാമൂലതിലാദിലേപനം | ,, |
| കുബ്ജവാതത്തിന്ന | ,, |
| ഖഞ്ജവാതത്തിന്ന (ബലാകൊരണ്ഡമൂലാദികഷായം) | ൩൦൩ |
| പംഗുവാതത്തിന്ന | ,, |
| കളായഖഞ്ജവാതത്തിന്ന | ൩൦൪ |
| തൂനിപ്രതിതൂനികൾക്ക | ,, |
| പാദഹൎഷത്തിന്ന (ഉപനാഹം) | ൩൦൫ |
| ബലാകുലസ്ഥാദികഷായം | ,, |

സ്തമ്യക്കപത്രാദിതൈലം ... ... ... ൩൦൫
അപബാഹുവിന്ന (പ്രസാരണ്യാദികഷായം) ... ൩൦൬
പ്രസാരണിതൈലം ... ... ... ... ,,
ബലാഛിന്നരുഹാദിതൈലം ... ... ... ൩൦൭
സവ്വാംഗവാതത്തിന്ന ... ... ... ... ,,
ബലാരാസ്നാദികഷായം ... ... ... ൩൦൮
പ്രഭഞ്ജനവിമദ്ദനതൈലം ... ... ... ,,
രക്തസ്തംഭനിദാനം ൩൦൯
രക്തസ്തംഭചികിത്സാ ൩൧൧
ചതുവ്വഗ്ഗകഷായം ... ... ... ... ,,
ഷഡംഗകഷായം ... ... ... ... ,,
അഭീരുതിക്താദികഷായം ... ... ... ,,
വയറിളക്കുവാൻ ... ... ... ... ൩൧൨
പനിയോടുകൂടിയരക്തസ്തംഭത്തിന്ന
(അമൃതാതോയദാദികഷായം) ... ... ,,
അമൃതോത്തരകഷായം ... ... ... ... ,,
അമൃതാബലാദി കഷായം ... ... ... ൩൧൩
നീരോടുകൂടിയരക്തസ്തംഭത്തിന്ന (രാസ്നാദികഷായം) ,,
അമൃതാതൈലം ... ... ... ... ,,
ചന്ദനാമലകാദിതൈലം ... ... ... ൩൧൪
മുസ്താമൃതാദിതൈലം ... ... ... ... ,,
പിണ്ഡതൈലം ... ... ... ... ൩൧൫
കാരസ്കരഘൃതം ... ... ... ... ,,
രക്താനവസ്ഥാസാമാന്യനിദാനം ൩൧൬
നീർവാപ്പിൻെറ ലക്ഷണം ൩൧൯
നീർവാപ്പിൻെറ ചികിത്സാ ,,
അരച്ചുതേപ്പാൻ ... ... ... ... ,,
അഭയാശാരിബാദികഷായം ... ... ... ൩൨൦
തിലകതംഗാദികഷായം ... ... ... ,,
മാംസവാപ്പിൻെറ ലക്ഷണം ൩൨൧
മാംസവാപ്പിൻെറ ചികിത്സാ ,,
ശാരിബെന്ദ്രയവാദികഷായം ... ... ... ,,
അമൃതേക്ഷുരകാദികഷായം ... ... ... ,,
ഒരംരടിവാപ്പിൻെറ ലക്ഷണം ൩൨൨
ഒരംരടിവാപ്പിൻെറ ചികിത്സാ ൩൨൩

മൃതീകപല്ലവാദികഷായം ... ... ... ൧൨൩
ബലാവെതസവൽക്കാദികഷായം ... ... ,,
വരണത്വഗാദിതൈലം ... ... ... ൧൨൪
മണൽവാപ്പിന്റെ ലക്ഷണം ,,
മണൽവാപ്പിന്റെ ചികിത്സാ ൧൨൫
ബലാഗോപാത്മജാദികഷായം ... ... ... ,,
മൃണാളവസുകാദികഷായം ... ... ... ,,
തവളവാപ്പിന്റെ ലക്ഷണം ൧൨൬
തവളവാപ്പിന്റെ ചികിത്സാ ,,
ദാവ്വീദുരാലഭാദികഷായം ... ... ... ... ,,
പത്മകന്ദാദികഷായം ... ... ... ൧൨൭
കുതിരവാപ്പിന്റെ ലക്ഷണം ,,
കുതിരവാപ്പിന്റെ ചികിത്സാ ,,
ശാകവൽക്കാദികഷായം ... ... ... ,,
വെതസാമ്ലാദികഷായം ... ... ... ... ,,
മുഴവാപ്പിന്റെ ലക്ഷണം ൧൨൮
മുഴവാപ്പിന്റെ ചികിത്സാ ,,
ബലാസപ്തഛദാദികഷായം ... ... ... ,,
ഭൂനിംബവരണാദികഷായം ... ... ... ,,
ഇരുമുടിവാപ്പിന്റെ ലക്ഷണം ൧൨൯
ഇരുമുടിവാപ്പിന്റെ ചികിത്സാ ,,
ജപാനളദാദികഷായം ... ... ... ... ,,
യഷ്ടീവിശാലാദികഷായം ... ... ... ൧൩൦
ആനവാപ്പിന്റെലക്ഷണം ,,
ആനവാപ്പിന്റെചികിത്സാ ,,
ഇക്ഷുരാമലകാദികഷായം ... ... ... ,,
ദൂവ്വാദൃസ്പൃശ്കാദികഷായം ... ൧൩൧
നനവാപ്പിന്റെ ലക്ഷണം ,,
നനവാപ്പിന്റെ ചികിത്സാ ,,
അരച്ചുതേപ്പാൻ ,,
കുടന്നടബലാമൂലാദികഷായം ൧൩൨
മൃഗശൃംഗാദികഷായം ,,
നിംബാമലകാദികഷായം ൧൩൩
പൊടിവാപ്പിന്റെ ലക്ഷണം ,,
പൊടിവാപ്പിന്റെ ചികിത്സാ ,,

| | |
|---|---|
| ബ്രഹതീതൊയദാദികഷായം | ൩൩൩ |
| പാരന്തീമുകുളാദികഷായം | ൩൩൪ |
| മലർവാപ്പിന്റെ ലക്ഷണം | ,, |
| മലർവാപ്പിന്റെ ചികിത്സ | ,, |
| ബലാമഗധജാദികഷായം | ,, |
| ലവലീപല്ലവാദികഷായം | ൩൩൫ |
| മൃണാളവസുകാദിതൈലം | ,, |
| ഉശീരമധുകാദിതൈലം | ,, |
| കുരിലടിവാപ്പിന്റെ ലക്ഷണം | ൩൩൬ |
| കുരിലടിവാപ്പിന്റെ ചികിത്സ | ,, |
| കകുഭാമലകാദികഷായം | ,, |
| ദൂൎവ്വാഖദിരാദി കഷാഷം | ,, |
| സൂചിവാപ്പിന്റെ ലക്ഷണം | ൩൩൭ |
| സൂചിവാപ്പിന്റെ ചികിത്സ | ,, |
| വടപല്ലവാദികഷായം | ,, |
| ബലാവൃശ്ചീവമൂലാദികഷായം | ,, |
| എരിവാപ്പിന്റെ ലക്ഷണം | ൩൩൮ |
| എരിവാപ്പിന്റെ ചികിത്സ | ,, |
| ചന്ദനാദി കഷായം | ,, |
| ചരൽവാപ്പിന്റെ ലക്ഷണം | ,, |
| ചരൽവാപ്പിന്റെ ചികിത്സ | ൩൩൯ |
| മുസ്തഗുഡൂച്യാദികഷായം | ,, |
| യഷ്ടിസഹചരാദികഷായം | ,, |
| ബലായഷ്ട്യാദി തൈലം | ,, |
| മീനടിവാപ്പിന്റെലക്ഷണം | ൩൪൦ |
| മീനടിവാപ്പിന്റെ ചികിത്സ | ,, |
| അഭയാരിഷ്ടാദികഷായം | ,, |
| പ്രിയാളമജ്ജാദി കഷായം | ,, |
| പൊളവാപ്പിന്റെ ലക്ഷണം | ൩൪൧ |
| പൊളവാപ്പിന്റെ ചികിത്സ | ,, |
| വാശാനിദിശധികാദികഷായം | ,, |
| കുണ്ഡാലക ലക്ഷണം | ,, |
| കുണ്ഡാലക ചികിത്സ | ൩൪൨ |
| അരച്ചുതേപ്പാൻ | ,, |
| വാതകുണ്ഡാലകത്തിന്ന ബലാഗുരുവകാസ്ഥ്യാദികഷായം | ,, |

| | |
|---|---|
| പിത്തകുണ്ഡലാകത്തിന്ന (പത്മകന്ദാദികഷായം) | ൱൪൪ |
| പടോലദൂർവ്വാദികഷായം | ,, |
| കഫകുണ്ഡാലകത്തിന്ന (വാശാപടൊലവല്ല്യാദികഷായം) | ,, |
| വൃഷാമലകാദികഷായം | ,, |
| കുണ്ഡാലകസാമാന്യ ചികിത്സാ | ൱൪൫ |
| ഹൈമൂരപഞ്ചാംഗഘൃതം | ,, |
| പഞ്ചവൽക്കതൈലം | ,, |
| പത്മപത്രാദിതൈലം | ,, |
| ഭസ്മപ്രയോഗങ്ങൾ | ,, |
| ജ്വരവ്രണലക്ഷണം | ൱൪൬ |
| ജ്വരവ്രണചികിത്സാ | ,, |
| ധാത്ര്യാദികഷായം | ,, |
| മുണ്ഡാദിഗുളിക | ,, |
| കുഫളീപുഷ്പാദിഘൃതം | ൱൪൭ |
| വിരളാപത്രാദിതൈലം | ,, |
| മായൂരികാദിതൈലം | ,, |
| ഡാഡിമത്വഗാദിചൂർണ്ണം | ,, |
| യവാന്യാദിഖളം | ൱൪൮ |
| ഉൽബാരുസ്സിൻെറ ലക്ഷണം | ,, |
| ഉൽബാരുസ്സിൻെറ ചികിത്സാ | ൱൪൯ |
| ഭൂനിംബാദികഷായം | ,, |
| ശാകപല്ലവാദികഷായം | ,, |
| കുഫളീകുസുമാദികഷായം | ,, |
| വടാംകുരാദികഷായം | ൱൫൦ |
| വടാംകുരാദി തൈലം | ,, |
| ഐലെയകാദിതൈലം | ൱൫൧ |
| രക്താലസകലക്ഷണം | ,, |
| രക്താലസകചികിത്സാ | ൱൫൨ |
| അരച്ചുതേപ്പാൻ | ,, |
| തിലകാശൊകവൽക്കാദിലേപനം | ,, |
| ലാജദൂർവ്വാദി ലേപനം | ,, |
| ശാഖാരോഗ ലക്ഷണം | ൱൫൩ |
| രക്തൊൽബുദ ലക്ഷണം | ൱൫൪ |
| രക്തൊൽബുദ ചികിത്സാ | ,, |
| ബലാകുതകമൂലാദി എണ്ണ | ,, |

| | |
|---|---|
| ബലാകാരസ്കരാദി എണ്ണ | ൧൫൫ |
| അമൃതാകതകാദി എണ്ണ | ,, |
| അരച്ചുതേപ്പാൻ | ൧൫൬ |
| അസ്രശോഫത്തിൻെറ ലക്ഷണം | ,, |
| അസ്രശോഫത്തിൻെറ ചികിത്സാ | ,, |
| ഗുഞ്ജാമൂലാദി തൈലം | ,, |
| അരച്ചുതേപ്പാൻ | ൧൫൭ |
| ശാരിബാദിലേപനം | ,, |
| ആരഗ്വധാദികഷായം | ൧൫൮ |
| തുളസീപല്ലവാദിഘൃതം | ,, |
| ഗല്ലകലക്ഷണം | ,, |
| ഗല്ലകചികിത്സാ | ൧൫൯ |
| മുസ്താധാത്ര്യാദിതൈലം | ,, |
| മുസ്താമധുകാദിധാരാ | ,, |
| കൂപകലക്ഷണം | ൧൬൧ |
| കൂപകചികിത്സാ | ,, |
| പ്രിയാളമൂലാദിതൈലം | ,, |
| വില്വാമൃതാദിതൈലം | ,, |
| അജഗല്ലകലക്ഷണം | ൧൬൨ |
| അജഗല്ലകചികിത്സാ | ൧൬൩ |
| അമൃതാവെതസാതൈലം | ,, |
| വെതസാമ്ലാദികുഴമ്പ | ,, |
| ഇന്ദ്രെമ്മലക്ഷണം | ൧൬൪ |
| ഇന്ദ്രെമ്മചികിത്സാ | ,, |
| കാരസ്കരദളാദിതൈലം | ,, |
| ശിവവല്യാദിതൈലം | ,, |
| ധാരയ്ക്കു | ൧൬൫ |
| ഇദ്ധ്മകലക്ഷണം | ,, |
| ഇദ്ധ്മകചികിത്സാ | ,, |
| തലയിൽതിരുമ്പുവാൻ | ,, |
| തലയ്ക്കു എണ്ണ | ൧൬൬ |
| ഭൂതാലകന്ദാദിതൈലം | ,, |
| ദദ്ധ്മികാലക്ഷണം | ൧൬൭ |
| ദദ്ധ്മികാചികിത്സാ | ,, |
| അരച്ചുതേപ്പാൻ | ,, |

| | |
|---|---|
| നാഭിരോഗലക്ഷണം | ന-ന്നൃ |
| നാഭിപാകലക്ഷണം | ,, |
| നാഭിപാകചികിത്സാ | ന-ന്നൻ |
| മുസ്താകുഷ്ഠാദിതൈലം | ,, |
| തുണ്ഡിലക്ഷണം | ന-ഠൌ |
| തുണ്ഡിചികിത്സാ | ,, |
| ശതാഹ്വാദിഉപനാഹം | ,, |
| ബലാഹബുഷാദികഷായം | ന-ൟ |
| ഇന്ദ്രവല്ല്യാദികഷായം | ,, |
| നാഭ്യായാമലക്ഷണം | ,, |
| നാഭ്യായാമ ചികിത്സാ | ,, |
| ബലാഗോധൂമാദികഷായം | ,, |
| ബലാത്രയാദികഷായം | ന-വെ |
| പ്രലംബികാലക്ഷണം | ന-മെ |
| പ്രലംബികാ ചികിത്സാ | ,, |
| സ്ഥൌല്യചികിത്സാ | ,, |
| ലൊഹാസവം | ന-രെ |
| കാൎശ്യചികിത്സാ | ന-ൌ |
| ധാത്രീപയസ്യാദിഘൃതം | ,, |
| അശ്വഗന്ധാദിഘൃതം | ന-ന്നെ |
| ബലാനാഗബലാദിതൈലം | ,, |
| ഭൃംഗരാജാദിതൈലം | ന-ൈ |
| നഖവ്രണചികിത്സാ | ന-വ്വെ |
| ചുവന്നകുഴമ്പ | ,, |
| ജാനുവ്രണചികിത്സാ | ന-ൻ |
| വീഥിവ്രണചികിൽസാ | ന-വ്യം |
| ഗൊപാവ്രണചികിൽസാ | ,, |
| ഗന്ധകനവനീതം | ,, |
| ഉരൊവ്രണചികിത്സാ | ന-വൃഫ |
| വണ്ണവതീഘൃതം | ,, |
| കക്ഷവ്രണചികിത്സാ | ,, |
| സിരാവ്രണചികിൽസാ | ന-വൃവ |
| ശാരിബാമധുകാദിഘൃതം | ,, |
| വ്രണസാമാന്യചികിൽസാ | ന-വൃന |
| തിലകത്വഗാദികഷായം | ,, |

വ്രണഭൈരവതൈലം ൩൮൪
ജാതിലിംഗാദിധൂപവൎത്തി ൩൮൫
ത്രിഫലാദിരസായനം ൩൮൬
നവനീതമധുസ്സഹി ൩൮൮
നവസാരഭസ്മം ൩൮൯
സദ്യോവ്രണചികിത്സാ ൩൯൧
ചോരനിറുത്തുവാൻ ,,
ലോധ്രാദിചൂൎണ്ണം ൩൯൨
മഹാലൊധ്രാദിചൂൎണ്ണം ,,
അഗ്നിദാഹചികിത്സാ ൩൯൪
ജപാമൂലാദികഷായം ൩൯൫
ലോഹിതാദിതൈലം ,,
ധാത്ര്യാദിതൈലം ,,
ദൂൎവ്വാവശിന്ര്യാദിഘൃതം ൩൯൬
ഇടിത്തിയ്യ തട്ടിയാൽ വേണ്ട ചികിത്സാ ൩൯൮
ഭംഗചികിത്സാ ൩൯൯
ശൈലെയാദിഗുളിക ൪൦൦
ബലാമധുകാദി ഗുളിക ൪൦൧
ഭഗന്ദരചികിത്സാ ൪൦൩
നിൎഗ്ഗുണ്ഡ്യാദികഷായം ൪൦൪
ക്ഷീരിദ്രുവൽക്കാദി കഷായം ,,
കൌശികാദിചൂൎണ്ണം ൪൦൪
ഭഗന്ദരമദാന്തകചൂൎണ്ണം ,,
നിദഗ്ധികാദിഘൃതം ൪൦൫
അമൃതാദിപൊടി ,,
നാഡീവ്രണചികാത്സാ ൪൦൬
പിചുമന്ദാദിഘൃതം ൪൦൮
ഗ്രന്ഥിചികാത്സാ ൪൦൯
പുനൎന്നവാദിലേപനം ,,
അൎബ്ബുദചികിത്സാ ൪൧൦
ഹരീതക്യാദിലേപനം ൪൧൧
ശ്ലീപദചികിത്സാ ,,
അമൃതാകരവീരാദി അവണക്കെണ്ണ ൪൧൨
ശൃംഗിവേരാദികഷായം ൪൧൩
ബലാകാമസ്തരാദി തൈലം ,,

അപചിചികിത്സാ ൪൧൪
ഉഭയശോധനഘൃതം ൪൧൫
വചാദിചൂൎണ്ണം ,,
വരാബൃഹതികാദികഷായം ,,
അരച്ചുതേപ്പാൻ ൪൧൬
നിൎഗ്ഗുണ്ഡ്യാദിതൈലം ,,
താലമൂലാദിതൈലം ,,
ശിംശപാകതകാദിതൈലം ,,
പുകത്തിരികുന്ദുരുഷ്കാദി ൪൧൭
തമാലപത്രാദി ,,
നസ്യത്തിന്ന (വ്യോഷാദി തൈലം) ,,
അജഗല്ലികാചികിൽസാ ൪൧൮
അരച്ചുതേപ്പാൻ ,,
പുരട്ടുവാൻ (തൈലം) ,,
യവപ്രഖ്യാചികിൽസാ ൪൧൯
അലജി ചികിൽസാ ,,
കച്ഛപീ ചികിൽസാ ൪൨൦
പനസികാ ചികിൽസാ ,,
പാഷാണഗൎദ്ദഭചികിൽസാ ,,
മുഖദൂഷികാചികിൽസാ ൪൨൧
പത്മകണ്ടക ചികിൽസാ ,,
രജന്യാദിലേപനം ,,
വിവൃതാദിചികിൽസാ ൪൨൨
ജാലഗൎദ്ദഭചികിൽസാ ,,
ധാത്രീപടോലാദികഷായം ,,
അഗ്നിരോഹിണിക്ക ചെയ്യേണ്ടത ൪൨൩
ഇരിഗല്ലികാചികിൽസാ ,,
വിദാരീചികിൽസാ ൪൨൪
ശൎക്കരാൎബ്ബുദചികിൽസാ ,,
വല്മീകചികിൽസാ ൪൨൫
കദരചികിൽസാ ൪൨൬
രുധശൂദചികിത്സാ ,,
ദ്രോണപത്രാദിഅവണക്കെണ്ണ ,,
അലസചികിൽസാ ൪൨൭
തിലകാളക ചികിൽസാ ,,

| | |
|---|---|
| ജതുമണിക്ക ചെയ്യേണ്ടത | ൪൨൭ |
| വ്യംഗചികിത്സാ | ,, |
| കുംകുമാദിതൈലം | ൪൨൮ |
| പത്മകെസരാദി ഗുളിക | ൪൩൦ |
| പ്രസുപ്തിചികിത്സാ | ൪൩൧ |
| ഉൽകോഠചികിത്സാ | ,, |
| കോഠചികിത്സാ | ൪൩൨ |
| പാദാവദരണചികിത്സാ | ,, |
| വടാംകുരാദിഘൃതം | ,, |
| കാപ്പാസപത്രാദിഘൃതം | ,, |
| മുള്ളുകുത്തിയാൽ ചെയ്യേണ്ടത | ൪൩൩ |
| പാദദാഹചികിത്സാ | ൪൩൪ |
| ലാമജ്ജകാദിഘൃതം | ൪൩൫ |
| പാർഷ്ണിശൂലചികിത്സാ | ,, |
| കന്ദളികാചികിത്സാ | ,, |
| പാദശബ്ദചികിത്സാ | ൪൩൬ |
| ദേഹസ്ഫുടനചികിത്സാ | ,, |
| അഗസ്ത്യപത്രാദിഘൃതം | ,, |
| ദേഹസ്വേദചികിത്സാ | ,, |
| ദേഹദുർഗ്ഗന്ധചികിത്സാ | |
| ഉപദംശചികിത്സാ | ,, |
| ഗുഹ്യാശ്ശ്ചികിത്സാ | ൪൩൭ |
| സഷപികാചികിത്സാ | ൪൩൮ |
| അവമന്ഥചികിത്സാ | ,, |
| കുംഭീകാചികിൽസാ | ൪൪൦ |
| ലിംഗാലജിചികിൽസാ | ,, |
| ഉത്തപാചികിൽസാ | ,, |
| പുഷ്കരികാചികിൽസാ | ,, |
| വൃദ്ധചികിൽസാ | ൪൪൧ |
| മൃദിതചികിൽസാ | ,, |
| അഷ്ഠീലികാചികിൽസാ | ,, |
| നിവൃത്തചികിൽസാ | ,, |
| നിശാജാത്യാദിതൈലം | ൪൪൨ |
| അവപാടികാചികിൽസാ | ,, |
| നിരുദ്ധമണിചികിൽസാ | ൪൪൩ |

| | |
|---|---|
| കാശമൂലാദിതൈലം | ൪൪൩ |
| കരഭാണ്ഡാദിതൈലം | ,, |
| ബലാമുസല്യാദിതൈലം | ൪൪൪ |
| ഗ്രഥിതചികിത്സാ | ൪൪൫ |
| സ്വശ്ഥാനിചികിത്സാ | ,, |
| ശതപൊനകചികിത്സാ | ൪൪൬ |
| തപക്പാകചികിത്സാ | ,, |
| മാംസ്പാകത്തിന്ന ചെയ്യേണ്ടത | ,, |
| ശോണിതാൎബ്ബുദചികിത്സാ | ,, |
| മാംസാൎബ്ബുദാദികൾക്ക ചെയ്യേണ്ടത | ൪൪൭ |
| യോനിരോഗപ്രകരണം | ൪൪൮ |
| വാതകീചികിത്സാ | ൪൪൯ |
| ബലാഗോക്ഷുരകാദികഷായം | ,, |
| രാസ്നാബൃഹതികാദികഷായം | ,, |
| ബലാബൃഹതികാദിതൈലം | ,, |
| അതിചരണാചികിത്സാ | ൪൫൦ |
| പ്രാക്ചരണാചികിത്സാ | ,, |
| അമൃതാമുസല്യാദികഷായം | ,, |
| ബലാത്രയമുസല്യാദി കഷായം | ൪൫൧ |
| ഉദാവൎത്താചികിത്സാ | ,, |
| ജാതഘ്നീചികിത്സാ | ൪൫൨ |
| ലാക്ഷാദാൎവ്വ്യാദികഷായം | ,, |
| തൃണപഞ്ചകാദികഷായം | ,, |
| ദാൎവ്വീപടോലാദികഷായം | ൪൫൩ |
| അന്തൎമ്മുഖീചികിത്സാ | ,, |
| അമൃതാദശമൂലാദികഷായം | ,, |
| സൂചീമുഖീചികിത്സാ | ൪൫൪ |
| ശുഷ്കാചികിത്സാ | ൪൫൫ |
| വാമിനീചികിത്സാ | ,, |
| ഷണ്ഡരോഗത്തിന്ന ചെയ്യേണ്ടത | ൪൫൬ |
| മഹായോനിചികിത്സാ | ,, |
| ഷാഷ്ടികതൈലം | ,, |
| യവജീരകാദികഷായം | ൪൫൭ |
| പൈത്തികീചികിത്സാ | ൪൫൮ |
| ബലാഗോപാംഗനാദി തൈലം | ,, |

| | |
|---|---|
| രക്തയോനിചികിത്സാ | ൪൰൯ |
| സിദ്ധാമൃതഘൃതം | ,, |
| ദൂൎവ്വാസാരാദിഘൃതം | ൪൱൧ |
| വസുകാദിഗുളം | ,, |
| ശ്ലൈഷ്മികീചികിത്സാ | ൪൱൨ |
| ജംബ്വാമ്രസാരാദിതൈലം | ,, |
| ധാതക്യാദികഷായം | ,, |
| ലോഹിതക്ഷയയുടെ ചികിത്സാ | ൪൱൩ |
| പരിപ്ലുതാചികിത്സാ | ,, |
| ഉപപ്ലുതാചികിത്സാ | ,, |
| വിപ്ലുതാചികിത്സാ | ,, |
| പലാശവൽക്കാദികഷായം | ,, |
| കണ്ണിനീചികിത്സാ | ൪൱൪ |
| സന്നിപാതകിക്കചെയ്യെണ്ടത | ,, |
| അക്ഷിരോഗപ്രകരണം | ൪൱൫ |
| ചെങ്കണ്ണിന്ന | ,, |
| നെററിമേൽതേപ്പാൻ | ,, |
| ധാരയ്ക്കു | ,, |
| എഴുതുവാൻനെയ്യ | ൪൱൬ |
| തഴിമരുന്ന | ,, |
| മാലക്കണ്ണിന്ന | ,, |
| സീതാമുഖിഗുളിക | ,, |
| ശൃംഗിവേരാദിഗുളം | ,, |
| നഖത്തിന്മേൽതേപ്പാൻ | ൪൱൭ |
| കുമാരീമധുകാദിതൈലം | ,, |
| ഇറയിന്മേൽകുരുക്കൾക്ക | ,, |
| തഴിമരുന്ന | ,, |
| പൊളവീക്കത്തിന്ന | ൪൱൮ |
| കടുക്കവെണ്ണ | ,, |
| കണ്ണിൽ ചുവപ്പു വീക്കം ഇവകൾക്ക | ൪൱൯ |
| ദൂൎവ്വാകിസലയാദിധാരാ | ,, |
| ത്രിഫലാദി പുറമരുന്ന | ,, |
| കണ്ണിൽ പുഴുവിന്ന | ,, |
| ത്രിഫലാമധുകാദിധാരാ | ,, |
| തഴിയിടുവാൻ | ൫൱ |

| | |
|---|---|
| ഇളനീൎക്കുഴമ്പ | ൪൦ |
| മഷിത്തിരി | ,, |
| നയനാമൃതഗ്ഗുളിക | ൪൧ |
| ചന്ദനാദിഗ്ഗുളിക | ,, |
| കണ്ണിലെപ്പൂവിന | ൪൨ |
| സുനെത്രിഗ്ഗുളിക | ,, |
| ശുക്ലത്തിന്ന | ൪൩ |
| ഗൊദന്താദിഗ്ഗുളിക | ,, |
| കുകൂണകചികിത്സാ | ൪൪ |
| ഖദിരാദിഘൃതം | ,, |
| കുകൂണകത്തിങ്കൽ ശിശുവിന്ന ചെയ്യെണ്ടത | ,, |
| ദിനിശാദിഗ്ഗുളിക | ൪൫ |
| ഏലാദിഗ്ഗുളിക | ,, |
| കണ്ണിൽ മുറിഞ്ഞാൽ ചെയ്യേണ്ടത | ൪൬ |
| ചുണ്ണാമ്പ കണ്ണിലായാൽ ചെയ്യേണ്ടത | ,, |
| കൎണ്ണരോഗപ്രകരണം | ൪൭ |
| കൎണ്ണശൂലചികിത്സാ | ,, |
| ദശമൂലഘൃതം | ,, |
| പുറമെതെപ്പാൻ | ൪൮ |
| ചെവിയിൽപുകപ്പാൻ | ,, |
| കുഷ്ഠാദിതൈലം | ൪൯ |
| ശൈലൂഷമധുകാദിതൈലം | ,, |
| കൎണ്ണനാദചികിത്സാ | ,, |
| ശിഗ്രുപല്ലവാദിതൈലം | ,, |
| കൎണ്ണബാധിൎയ്യചികിത്സാ | ൫൦ |
| പ്രതീനാഹചികിത്സാ | ,, |
| ചെവിയിൽനിറയ്ക്കുവാൻതൈലം | ,, |
| കൎണ്ണകണ്ഡൂചികിത്സാ | ൫൧ |
| കൎണ്ണശോഫചികിൽസാ | ,, |
| പൂതികൎണ്ണചികിൽസാ | ,, |
| നിൎഗ്ഗുണ്ഡ്യാദിതൈലം | ,, |
| ക്രിമികൎണ്ണചികിൽസാ | ൫൨ |
| വിളംഗാദിതൈലം | ,, |
| കൎണ്ണാൎശ്ശശ്ചികിൽസാ | ,, |
| കൎണ്ണവിദ്രധിചികിൽസാ | ൫൩ |

| | |
|---|---|
| പുറമെ തേപ്പാൻ ... | ൪൮൩ |
| പയസ്യാദികഷായം ... | ,, |
| കണ്ണാമ്പ്ര ചികിത്സാ | ,, |
| പാളീശോഷ ചികിത്സാ | ൪൮൪ |
| അശ്വഗന്ധാദി തൈലം | ,, |
| തന്ത്രികാചികിത്സാ | ,, |
| കാതുമുറിച്ചുവെച്ചാൽ പുരട്ടേണ്ട മരുന്ന... | ൪൮൫ |
| കാതിന്റെ വള്ളി ചൊറിച്ചിലൊട്ടകൂടെ വീങ്ങി പ്പൊളിയുന്നതിന്ന | ,, |
| കാതുവളൎത്തുവാൻ ഒണ്ടിക്കുന്നതിന്ന | ,, |
| കണ്ണരോഗസാമാന്യ ചികിത്സാ | ൪൮൬ |
| ബദരീസോമവല്ല്യാദി തൈലം | ,, |
| അതസീമൂലാദി തൈലം | ,, |
| ഭൃതാലഭൃംഗാദി തൈലം | ,, |
| നാസാരൊഗപ്രകരണം | ൪൮൭ |
| പീനസ ചികിത്സാ | ,, |
| വാതപീനസത്തിന്ന | ൪൮൮ |
| ജീരകാദി കുഴമ്പ | ,, |
| ധൂമത്തിന്ന തിരി(ഗുൽഗുലുവാദി) | ൪൮൯ |
| പിത്തപീനസത്തിന്ന | ,, |
| മഞ്ജിഷ്ഠാദി കുഴമ്പ | ,, |
| ധൂമത്തിന്ന തിരി (ചന്ദനാദി) | ,, |
| കഫപീനസത്തിന്ന | ൪൯൦ |
| മുസ്താദി കുഴമ്പ | ,, |
| ധൂമത്തിന്ന തിരി (നിശാശതാഹ്വാദി) | ,, |
| ത്രിദോഷപീനസത്തിന്ന | ൪൯൧ |
| രക്തപീനസത്തിന്ന | ,, |
| അഞ്ജനാദി കുഴമ്പ | ,, |
| ദുഷ്ടപീനസത്തിന്ന | ൪൯൨ |
| താലീസപത്രാദി കുഴമ്പ | ,, |
| നസ്യത്തിന്ന ശിരീശപത്രാദി തൈലം | ൪൯൩ |
| ബലാശിരീഷാദിതൈലം | ,, |
| അമൃതാസനപത്രാദിതൈലം | ൪൯൪ |
| തലയ്ക്ക (ധവപല്ലവാദി തൈലം) | ,, |
| അമൃതാദിതൈലം | ൪൯൫ |

| | | |
|---|---|---|
| നാസികചൂണ്ണം | | ൯൰൩ |
| മുണ്ഡൊപകുശ്യാദികഷായം | | ൯൰൫ |
| | ഭ്രംശക്ഷാവചികിത്സാ | ,, |
| നസ്യത്തിന്ന (ബലാത്രയാദിതൈലം) | | ൯൰൬ |
| | നാസാശൊഷ ചികിത്സാ | ,, |
| | നാസാനാഹ ചികിത്സാ | ,, |
| നസ്യത്തിന്ന (തൈലം) | | ൯൰൭ |
| | നാസാപാകചികിത്സാ | ,, |
| | നാസാസ്രാവചികിത്സാ | ,, |
| ജീരകാദിവറവുകുഴമ്പു | | ,, |
| | വിദ്ഭ്രാചികിത്സാ | ൯൰൯ |
| | പൂതിനാസചികിത്സാ | ,, |
| അഷ്ടപല്ലവതൈലം | | ,, |
| | പൂയരക്തചികിത്സാ | ൧൦൦ |
| | നാസാശ്ശ്വികിത്സാ | ,, |
| ഗ്രന്ഥിമൂലാദിതൈലം | | ,, |
| രാസ്നോപകുല്യാദികഷായം | | ,, |
| മുഖരോഗപ്രകരണം | | ൧൦൧ |
| | ഖണ്ഡൊഷ്ടചികിത്സാ | ,, |
| ഓഷ്ഠവ്രണങ്ങൾക്കതൈലം (ദൂവ്വാപടൊലാദി) | | ൧൦൨ |
| അജടാദിതൈലം | | ,, |
| ജീവന്ത്യാദിഘൃതം | | ,, |
| ദൂവ്വാദിഘൃതം | | ,, |
| ഓഷ്ഠശൊഫത്തിന്ന | | ൧൦൩ |
| | ഗണ്ഡാലജിചികിത്സാ | ,, |
| | ശീതദന്തചികിത്സാ | ൧൦൪ |
| ശരപുംഖബലാദിതൈലം | | ,, |
| | ദന്തഹഷചികിത്സാ | ,, |
| | ദന്തഭേദചികിൽസാ | ,, |
| | ദന്തചാല ചികിൽസാ | ൧൦൫ |
| ഖദിരാദിതൈലം | | ,, |
| | ദന്തതൊദ ചികിൽസാ | ,, |
| ചിഞ്ചാദിവെളിച്ചെണ്ണ | | ,, |
| ചിഞ്ചാദിഘൃതം | | ൧൦൬ |
| പല്ലുതേപ്പാൻപൊടി | | ,, |

ഊൻതിന്നുന്നതിന്ന ൧൦൬
സൈരെയകാദിതൈലം ,,
ഊനിൽ പുണ്ണിന്ന ൧൦൭
ബകുളാമലകാദിതൈലം ,,
ഊൻവീങ്ങുന്നതിന്ന ,,
അരിമെദാദിഗ്ഗുളിക ൧൦൮
വായിൽപുണ്ണിന്ന ,,
താലുകണ്ടകചികിത്സാ ,,
യവക്ഷാരാദിപൊടി ൧൦൯
ശിരൊരൊഗപ്രകരണം ,,
ശിരൊഭിതാപചികിത്സാ ൧൧൦
സമസ്തന്ന്യതൈലം ,,
വില്വാദിതൈലം ,,
സ്തന്ന്യാഷ്ടമതൈലം ,,
മാഷതൈലം ൧൧൨
ബ്യഹതീസ്വരസാദിതൈലം ,,
നെററിമേൽതേപ്പാൻ ൧൧൩
അഭിരുമസ്താദിഘൃതം ,,
നെററിമേൽപുരട്ടുവാൻ ൧൧൪
മഞ്ജിഷ്ഠാദിതൈലം ,,
നെററിമേൽപുരട്ടുവാൻ ൧൧൫
പഞ്ചഗന്ധാദിതൈലം ,,
അമൃതാസനസാരാദിതൈലം ൧൧൬
വിളംഗാദിതൈലം ൧൧൭
പലാശമൂലാദിതൈലം ,,
അമൃതാജലദാദിതൈലം ൧൧൮
ബലാജലദാദിതൈലം ൧൧൯
പുകത്തിരി ,,
എല്ലാതലനോവുകൾക്കും പററുന്നതായചികിത്സാ ൧൨൦
ബലാബ്യഹതികാദികുഴമ്പ ,,
മൂർദ്ധാമൃതതൈലം ൧൨൧
ഭാഗൊത്തരഗ്ഗുളിക ൧൨൨
ത്രിഫലാദിഎണ്ണ ,,
ബലാധാത്ര്യാദിഎണ്ണ ൧൨൩
തലയൊട്ടിലെപുണ്ണി ൪൨൪

കാൎപ്പാസപത്രാദിവെളിച്ചെണ്ണ ൧൨൪
ധുൎദ്ധൂരപത്രാദിവെളിച്ചെണ്ണ ൧൨൫
ഇന്ദ്രലുപ്തചികിത്സാ ,,
ഭൃതാലകന്ദാദിതൈലം ൧൨൬
അക്ഷതദ്രാഗാദി തൈലം ,,
അക്ഷാംഗതൈലം ,,
അമൃതാസ്വരസാദിതൈലം ,,
പലിതചികിത്സ ,,
ഉന്മാദചികിത്സാ ൧൨൮
ദ്രാക്ഷാസമംഗാദി കഷായം ൧൨൯
അഭീരുമൂലാദികഷായം ,,
സോമവല്ല്യാദികഷായം ,,
ദ്രാക്ഷാമധൂകാദികഷായം ൧൩൦
ബലാകനകപത്രാദികഷായം ,,
ബ്രഹ്മീഘൃതം ,,
കല്യാണകഘൃതം ,,
മഹാകല്യാണകഘൃതം ൧൩൧
മാനസമിത്രവടകം ൧൩൩
നീലൊൽപലാദി എണ്ണ ൧൩൫
അപസ്മാര ചികിത്സാ ,,
വിലദ്വഘൃതം ൧൩൬
ചാണകനീരമുതലായത ചേൎക്കേണ്ട കണക്കുകൾ ,,
ബ്രഹ്മിഘൃതം ൧൩൭
ദശമൂലാദിഘൃതം ,,
മഹേശ്വരഘൃതം ൧൩൮
അപസ്മാരവിഭാഗം ൧൪൦
പ്രഥമാപസ്മാരലക്ഷണം ൧൪൧
പ്രഥമാപസ്മാരചികിത്സാ
നസ്യം ,,
പത്മാദിതൈലം ,,
ദ്വിതിയാപസ്മാരലക്ഷണം ൧൪൨
ദ്വിതീയാപസ്മാര ചികിത്സാ ,,
നസ്യവിധി ,,
ഹസ്തിപിഷ്ഠാദിഗുളികാ ൧൪൩
ശശലോഹിതാദിതൈലം ,,

| | |
|---|---|
| തൃതീയാപസ്മാരലക്ഷണം | ൧൪൩ |
| തൃതീയാപസ്മാരചികിത്സാ | ൧൪൪ |
| നസ്യത്തിന്നദൂൎവ്വാമരിചാദിഗുളികാ | ,, |
| ആൎയ്യാദിഅവണക്കെണ്ണ | ,, |
| ചതുൎത്ഥാപസ്മാരലക്ഷണം | ൧൪൫ |
| ചതുൎത്ഥാപസ്മാരചികിത്സാ | ,, |
| ഭൂനാഗാദിഗുളികാ | ,, |
| ദശപുഷ്പാദിഘൃതം | ,, |
| പഞ്ചമാപസ്മാരലക്ഷണം | ,, |
| പഞ്ചമാപസ്മാരചികിത്സാ | ൧൪൬ |
| ധൂപത്തിന്ന നിംബത്വഗാദിചൂൎണ്ണം | ,, |
| നസ്യത്തിന്ന ശിഗ്രുബീജാദിഗുളിക | ൧൪൭ |
| പാഠാദിഘൃതം | ,, |
| ഷഷ്ഠാപസ്മാരലക്ഷണം | ,, |
| ഷഷ്ഠാപസ്മാരചികിത്സാ | ൧൪൮ |
| സാദ്ധ്യാസാദ്ധ്യപരീക്ഷാ | ,, |
| കുടചത്വാദിഘൃതം | ,, |
| സപ്തമാപസ്മാരലക്ഷണം | ,, |
| സപ്തമാപസ്മാരചികിത്സാ | ൧൪൯ |
| മുസ്താപൎപ്പടാദിഘൃതം | ,, |
| അഷ്ടമാപസ്മാരലക്ഷണം | ൧൫൦ |
| അഷ്ടമാപസ്മാരചികിത്സാ | ,, |
| ത്രിഫലാദിഘൃതം | ൧൫൧ |
| നവമാപസ്മാരലക്ഷണം | ,, |
| നവമാപസ്മാരചികിത്സാ | ൧൫൨ |
| പാശുപതംനെയ്യ | ,, |
| ദശമാപസ്മാരലക്ഷണം | ൧൫൩ |
| ദശമാപസ്മാരചികിത്സാ | ,, |
| ഏകാദശാപസ്മാരലക്ഷണം | ,, |
| ഏകാദശാപസ്മാരചികിത്സാ | ൧൫൪ |
| നസ്യം | ,, |
| അഞ്ജനം | ,, |
| ദ്വാദശാപസ്മാരലക്ഷണം | ,, |
| ദ്വാദശാപസ്മാരചികിത്സാ | ൧൫൫ |
| സിദ്ധൌഷധങ്ങൾ | ,, |

ഹരിതാലാദിഗുളികാ ൯൰൬
ത്രയോദശാപസ്മാരലക്ഷണം ,,
ത്രയോദശപസ്മാരചികിത്സാ ൯൰൭
ചതുൎദ്ദശാപസ്മാരലക്ഷണം ,,
ചതുൎദ്ദശാപസ്മാരചികിത്സാ ൯൰൮
കന്യാശിഗ്രുരസാദിഘൃതം ൯൰൮
പഞ്ചദശാപസ്മാരലക്ഷണം ,,
പഞ്ചദശാപസ്മാരചികിത്സാ ൯൰൯
ശൃംഗതൈലം ,,
ഷോഡശാപസ്മാരലക്ഷണം ,,
ഷോഡശാപസ്മാരചികിത്സാ ൱
നിൎഗ്ഗുണ്ഡ്യാദിഗുളിക ,,
സപ്തദശാപസ്മാരലക്ഷണം ,,
സപ്തദശാപസ്മാരചികിത്സാ ൧൱൨
അഷ്ടദശാപസ്മാരലക്ഷണം ,,
അഷ്ടദശാപസ്മാരചികിത്സാ ,,
അപസ്മാരകുലാന്തകഘൃതം ,,
ബാലഗ്രഹപ്രതിഷേധഃ ൧൱൩
ബാലഗ്രഹനാമധേയങ്ങൾ ൧൱൪
ബാലഗ്രഹബാധാസാമാന്യലക്ഷണം ,,
അസാദ്ധ്യലക്ഷണം ൧൱൫
ഗ്രഹബാധാനിമിത്തങ്ങൾ ൧൱൬
ഹിംസാകാമഗൃഹീതലക്ഷണം ,,
രതികാമഗൃഹീതലക്ഷണം ൧൱൭
ബലികാമഗൃഹീതലക്ഷണം ,,
ബാലഗ്രഹസാമാന്യചികിത്സാ ൧൱൮
ധൂപത്തിന്ന നിംബനിൎയ്യാസാദിചൂൎണ്ണം ൧൱൯
ഗ്രഹഭൈരവഘൃതം ൧൱൰
രാസ്നാദിഘൃതം ,,
ബാലപീഡയ്ക്കു ലേപനം ൧൱൰൧
സിദ്ധൌഷധങ്ങൾ ,,
ബലാലാക്ഷാദിതൈലം ,,
ഹബുഷാകുസുമാദിതൈലം ൧൱൰൨
പക്ഷിപീഡാപ്രതിഷേധഃ ,,
വന്ധ്യാപീഡിതലക്ഷണം ൧൱൰൩

| | |
|---|---|
| വന്ധ്യാചികിത്സാ | ഒന്മ |
| സ്ത്രീപീഡിതലക്ഷണം | ,, |
| സ്ത്രീചികിത്സാ | ,, |
| പുരുഷപീഡിതലക്ഷണം | ഒൈര് |
| പുരുഷചികിത്സാ | ,, |
| ക്ലീബപീഡിതലക്ഷണം | ,, |
| ക്ലീബചികിത്സാ | ,, |
| പക്ഷിപീഡാസാമാന്യചികിത്സാ | ഒൈഒ |
| പാനലേപാദികൾക്ക തൈലം | ,, |
| നിംബപുഷ്പാദി തൈലം | ,, |
| കുളിപ്പിപ്പാൻവെള്ളം | ,, |
| പക്ഷിപീഡിതനെ കിടത്തേണ്ടും പ്രകാരം | ഒന്നൃ |
| മാതൃകാഭസ്മം | ,, |
| പ്രകാരയോഗപ്രകരണം | ഒ൦വ്വ |
| ജാതമാത്രസ്യ | ഒൈൻ |
| പക്ഷാതീതസ്യ | ,, |
| മാസജാതസ്യ | ഒവ്വ൦ |
| ത്രൈമാസികസ്യ | ,, |
| ഷാണ്മാസികസ്യ | ,, |
| ഏകാബ്ദസ്യ | ,, |
| ത്ര്യബ്ദസ്യ | ഒവ്വഫ |
| പഞ്ചാബ്ദസ്യ | ഒവ്വവ |
| അഷ്ടാബ്ദസ്യ | ഒവ്വന്മ |
| ദശാബ്ദസ്യ | ,, |
| അഭയാദി ഘൃതം | ,, |
| വില്വാദി ഘൃതം | ,, |
| ജീരകാദി ഘൃതം | ,, |
| ജീവനീയാദി ഘൃതം | ഒവ്വരു |
| ദ്രാക്ഷാദി ഘൃതം | ,, |
| ശാരിബാദി നെയ്യ | ,, |
| നാഗരാദി നെയ്യ | ,, |
| പിപ്പല്യാദി നെയ്യ | ,, |
| വില്വാദി നെയ്യ | ഭവ്വഒ |
| ത്രായമാണാദി നെയ്യ | ഒവ്വന്ന |
| ദാഡിമാദി ഘൃതം | ,, |

പാഠാകുടചാദിഘൃതം ൧൮൬
ഷോഡശാബ്ദസ്യ ൧൮൮
വിഷപ്രകരണം ൧൮൯
മൂക്ഷാദിവിഷത്തിന്ന സേവിപ്പാൻ ,,
അശ്വഗന്ധാദിഗുളിക ,,
മൂക്ഷാദിവിഷത്തിന്ന (കടിക്കുഴയിൽ പുരട്ടുവാൻ) ൧൯൦
കടിക്കുഴയിൽ തേപ്പാൻ (രഹസ്യൌഷധം ,,
അഞ്ജനത്തിന്ന (സിദ്ധയാമളഗുളികാ) ൧൯൧
മൂക്ഷാദിവിഷത്തിന്ന (സൎവ്വാംഗലേപനം) ൧൯൨
മൂഷികവിഷത്തിന്ന ,,
നസ്യത്തിന്ന ൧൯൪
അഞ്ജനത്തിന്ന ,,
ശുക്ലപാതലക്ഷണം ൧൯൫
ശുക്ലപാതചികിത്സാ ൧൯൬
മൂഷികവിഷങ്ങളിൽ വെച്ച അസ്സാദ്ധ്യത്തിന്റെ
ലക്ഷണം ൧൯൭
സാരമെയ ഔഷധത്തിന്ന ൧൯൯
കടുത്രയാദിഗുളികാ ൨൦൧
അമൃതാദിചൂൎണ്ണം ,,
മാൎജ്ജാരവിഷത്തിന്ന ,,
അശ്വവിഷത്തിന്ന ൨൦൨
മൎക്കടവിഷത്തിന്ന ,,
മനുഷ്യവിഷത്തിന്ന ,,
മണ്ഡൂകവിഷത്തിന്ന ,,
മത്സ്യവിഷത്തിന്ന ൨൦൩
നക്രവിഷത്തിന്ന ,,
വൃശ്ചികവിഷത്തിന്ന ,,
ലെപനം ൨൦൪
രാമഠാദിഗുളികാ ൨൦൫
കരഞ്ജബീജാദിഗുളികാ ,,
ഊറാമ്പല്ലിവിഷത്തിന്ന ൨൦൬
അരണ വിഷത്തിന്ന ,,
ഓന്തിൻ വിഷത്തിന്ന ൨൦൭
ഗൌളിവിഷത്തിന്ന ,,
കടന്നലിൻ വിഷത്തിന്ന ,,

| | |
|---|---|
| അട്ടയുടെ വിഷത്തിന്ന | ൩൦൮ |
| പട്ടതാരയുടെ വിഷത്തിന്ന | ,, |
| വിഷസാമാന്യചികിത്സാ | ,, |
| കുഴയിൽതേപ്പാൻ (പുനൎന്നവാദി) | ,, |
| സേവിപ്പാൻഗുളിക (ശ്വേതാൎക്കമൂലാദി | ൩൦൯ |
| നസ്യത്തിന്ന ഗുളിക (ദ്രോണപുഷ്പാദ) | ൩൧൦ |
| അഞ്ജനത്തിന്ന ഗുളിക (വില്വബീജാദി | ,, |
| തലയിൽ കുഴമ്പിടുവാൻ (മഞ്ജിഷ്ഠാദി പൊടി) | ൩൧൧ |
| പ്രാണരാജഘൃതം | ,, |
| കഷായം (പാഠാകരഞ്ജാദി) | ൩൧൨ |
| കൈവിഷചികിത്സാ | ൩൧൩ |
| വചാദി ഗുളികാ | ൩൧൪ |
| ചെവിയിൽ മുളകുമണ്ടി മുതാലായത പോയാൽ | ൩൧൫ |
| തേരട്ടമുതലായത മേൽതട്ടി പൊള്ളിയാൽ ചെയ്യേണ്ടത | ,, |
| കരിമ്പുടപ്പുഴവിന്ന | ൩൧൬ |
| തൊട്ടാരട്ടിക്കു | ,, |
| കുറണപ്പൊടി മേലായാൽ വേണ്ടത | ,, |
| തുമ്പകടിച്ചാൽ | ,, |
| പ്രത്യൌഷധവിധി | ൩൧൮ |
| അശുദ്ധങ്ങളായ രസാദികൾ ഭക്ഷിച്ചാൽ | ൩൨൧ |
| ദ്രവ്യശുദ്ധിവിധിഃ | ൩൨൪ |
| രസശുദ്ധി | ,, |
| ഗന്ധകശുദ്ധി | ൩൨൫ |
| ചായില്യശുദ്ധി | ,, |
| വത്സനാഭിശുദ്ധി | ,, |
| ഹരിതാലശുദ്ധി | ൩൨൬ |
| കന്മദശുദ്ധി | ,, |
| പൊങ്കാരശുദ്ധി | ,, |
| ഗൌരിപാഷാണശുദ്ധി | ,, |
| കൌടിശുദ്ധി | ,, |
| എലിപ്പാഷാണശുദ്ധി | ൩൨൭ |
| ശംഖപാഷാണശുദ്ധി | ,, |
| മനശ്ശിലാശുദ്ധി | ,, |
| താമ്രശുദ്ധി | ,, |
| നാഗശുദ്ധി | ൩൨൮ |

| | |
|---|---|
| വംഗശുദ്ധി | ന്നവപ്ല |
| കാരീയശുദ്ധി | ,, |
| അഭ്രകശുദ്ധി | ,, |
| തുത്ഥശുദ്ധി | ന്നവൻ |
| ലോഹശുദ്ധി | ,, |
| മണ്ഡൂരശുദ്ധി | ,, |
| കാന്തശുദ്ധി | ,, |
| പ്രവാളശുദ്ധി | ന്നമ൦ |
| മൌക്തികശുദ്ധി | ,, |
| ഹിംഗുശുദ്ധി | ,, |
| പിപ്പിലിശുദ്ധി | ,, |
| മരിചശുദ്ധി | ,, |
| നാഗരശുദ്ധി | ന്നമ൧ |
| അജമൊജശുദ്ധി | ,, |
| കൊട്ടവേലിശുദ്ധി | ,, |
| ചേരുങ്കുരുവിന്റെശുദ്ധി | ,, |
| ഗുൽഗുലുശുദ്ധി | ന്നമവ |
| ആവീരക്കുരുവിന്റെശുദ്ധി | ,, |
| പാവിന്റെശുദ്ധി | ന്നമ൩ |
| പശുവിൻപാലിന്റെശുദ്ധി | ,, |
| ആട്ടിൻപാലിന്റെശുദ്ധി | ന്നമന്ന |
| എരുക്കിൻപാലിന്റെശുദ്ധി | ,, |
| കള്ളിപ്പാലിന്റെശുദ്ധി | ,, |
| കമ്മട്ടിപ്പാലിന്റെശുദ്ധി | ,, |
| മങ്കട്ടപ്പയറിന്റെശുദ്ധി | ന്നമ൪ |
| ചെറുപ്പുന്നയരിയുടെശുദ്ധി | ,, |
| കാഞ്ഞിരത്തിൻവേരിന്റെശുദ്ധി | ,, |
| ഗുഞ്ജാമൂലശുദ്ധി | ന്നമ൫ |
| വനസൂരണശുദ്ധി | ,, |
| ജാതിക്കയുടെശുദ്ധി | ,, |
| സർജ്ജരസശുദ്ധി | ,, |
| യവക്ഷാരശുദ്ധി | ,, |
| ഇഞ്ചിനീരിന്റെശുദ്ധി | ,, |
| ചെറുനാരങ്ങനീരിന്റെ ശുദ്ധി | ന്നമന്ന |
| ഉമ്മത്തിൻനീരിന്റെശുദ്ധി | ,, |

| | |
|---|---|
| കറുവാഴനീരിൻെറശുദ്ധി | ൧൩൧ |
| കഞ്ചാവിൻെറശുദ്ധി | ,, |
| കറപ്പിൻെറശുദ്ധി | ൧൩൨ |
| പരിശിഷ്ടചികിത്സാപ്രകരണം | ,, |
| രജൊദൊഷചികിത്സാ | ൧൩൫ |
| രജക്ഷയത്തിന്നുകഷായം | ,, |
| രജസ്തംഭത്തിന്നു | ,, |
| രജൊവൈവൎണ്ണ്യത്തിന്നു | ൧൩൮ |
| പൂതിരജസ്സിന്നു | ,, |
| മഞ്ജിഷ്ഠാദിഘൃതം | ൧൩൯ |
| ശുക്ലദോഷചികിത്സാ | ൧൪൦ |
| ശുക്ലക്ഷയത്തിന്നു | ,, |
| ശുക്ലസ്തംഭത്തിന്ന മൃദ്വീകാദിഘൃതം | ,, |
| ഗൎഭാശയശുദ്ധിക്ക ദശമൂലാദികഷായം | ൧൪൧ |
| ഗൎഭകാരണങ്ങളായ സിദ്ധൌഷധങ്ങൾ | ൧൪൨ |
| ഗൎഭചികിത്സാ | ,, |
| ഗൎഭിണിക്കുപനിക്ക | ൧൪൩ |
| ഛൎദ്ദിക്ക | ,, |
| രക്താതിസാരത്തിന്ന | ,, |
| തലവേദനക്ക | ,, |
| നീരിന്ന | ,, |
| ഗൎഭസ്രാവത്തിന്ന | ൧൪൪ |
| സിദ്ധൌഷധങ്ങൾ | ,, |
| ഗൎഭിണിക്ക അരുതാത്തവ | ,, |
| ഉല്പാരുകഘൃതം | ൧൪൫ |
| തലകണ്ടാൽ ചെയ്യേണ്ടുന്ന പ്രവൃത്തികൾ | ൧൪൬ |
| വിലാതാഗാദിഘൃതം | ൧൪൭ |
| ചത്തപിള്ളപിറപ്പാൻ | ൧൪൮ |
| സൂതികാചികിത്സാ | ൧൫൦ |
| പ്രസവിച്ചാൽ ഉടനെവേണ്ടത | ,, |
| കോഷ്ഠശുദ്ധിക്ക | ,, |
| സൂതികാമൃതകഷായം | ൧൫൧ |
| സൂതികാജ്വരാതിസാരങ്ങൾക്ക | ,, |
| ഉന്മാദികൾക്ക | ,, |
| ജ്വരത്തിന്നു | ,, |

### ആരോഗ്യകല്പദ്രുമം

# ബാലചികിത്സാ

### പ്രഥമാദ്ധ്യായപ്രാരംഭഃ

൧. അഥബാലചികിത്സൈഷാ വൃദ്ധവൈദ്യമതാനുഗാ।
മന്ദബുദ്ധ്യുപകാരായ പൃഥഗേവവിതന്യതേ॥

വൃദ്ധവൈദ്യന്മാരുടെ മതത്തെ അനുസരിച്ചതായ ഒരം ബാലചികിത്സാ മന്ദബുദ്ധികൾക്ക ഉപകാരത്തിനായിക്കൊണ്ട വേറെതന്നെ വിസ്തരിച്ച കാണിക്കപ്പെടുന്നു.

൨. ജന്മനഷ്ഷോഡശാബ്ദസ്യയെനാളക്തമിഹായനം ।
മാസൊംവാദിനമെകംവാസബാലഇതിഗൃഹ്യതാം॥

യാവനൊരുത്തന്നൊ യാവളൊരുത്തിക്കൊ പതിനാറാമത്തെവയസ്സ അടക്കാതെയൊ തികയാതെയൊ ഇരിക്കുന്നു. അങ്ങിനെ ഉള്ളവരെക്കുറിച്ചബാലനെന്നുള്ളവാക്ക ഒരം ശാസ്ത്രത്തിൽ അവിടവിടെ ഉപയോഗിക്കപ്പെടുമെന്ന അറിഞ്ഞുകൊൾകയുംവേണം.

൩. ജാതമാത്രാദിഭെദൊസ്യ ഏകാദശവിധൊമതഃ ॥
യദസ്യഭിദ്യതെസവ്വഃപ്രതികാലമുപക്രമഃ ।

പതിനാറ വയസ്സ തികയുന്ന വരെക്കും ബാലനെന്നുള്ള വ്യവഹാരത്തിന്ന ഭേദമില്ലെങ്കിലും ആ ബാലന പതിനൊന്നു പ്രകാരേണ അതാത ശബ്ദങ്ങളെക്കൊണ്ട വെറെയും വ്യവഹാരങ്ങൾ പൂവ്വന്മാരുടെ നിശ്ചയങ്ങളിൽ ഉൾപ്പെട്ടിരിക്കയാൽ ജാതമാത്രാദിഭെദെന പതിനൊന്ന വിഭാഗങ്ങളൊടുകൂടെ ഗ്രഹിക്കുന്നത ഇഷ്ടംതന്നെ. ജാതമാത്രൻമുതലായ പതിനൊന്ന ബാലന്മാൎക്കും ചികിത്സകൾക്ക ഭേദമുണ്ടാകയാൽ ബാലനെ പതിനൊന്നാക്കി വിഭാഗം ചെയ്തിരിക്കുന്നു.

൪. തത്രഭെദൊജാതമാത്രശ്ചപക്ഷാതീതസ്തതഃപരഃ।
അഥാതിപക്ഷതിൎദ്ദ്വയസ്ത്രൈമാസികഉദാഹൃതഃ॥

൫. ഷാണ്മാസികൊഥൈകാബ്ദശ്ചത്ര്യബ്ദൊഥൊപഞ്ചഹായനഃ। അഷ്ടാബ്ദൊഥദശാബ്ദശ്ചദ്വാദശാബ്ദഇതിസ്മൃതഃ॥

ബാലന്മാരുടെ ഭേദം, ജാതമാത്രൻ, പക്ഷാതീതൻ, അതിപക്ഷതി, ത്രൈമാസികൻ, ഷാണ്മാസികൻ, എകാബ്ദൻ,ത്ര്യബ്ദൻ, പഞ്ചഹായനൻ, അഷ്ടാബ്ദൻ, ദശാബ്ദൻ, ദ്വാദശാബ്ദൻ ഇങ്ങിനെ പതിനൊന്നാകുന്നു.

൩. ഉപക്രമൊദ്വിധാതസ്യഭിദ്യമാനഃപരസ്പരം।
ഉപാധിഭെദാദെകൊപിഭിദ്യതെയദസാവപി॥

മുൻപറഞ്ഞപ്രകാരം ബാലനുള്ള ജാതമാത്രാദിഭെദത്തെഅനുസരിച്ച അനേൎന്ന്യഭെദമുള്ള ചികിത്സ സംക്ഷേപെണ രണ്ടുവിധമാകുന്നുയെന്ന അറിഞ്ഞുകൊൾകയും വേണം

൪. ആരഭ്യതെയെൊരൊഗാണാമനുല്പത്ത്യൈതതഃപുരാ।
ഉല്പന്നാനാംപ്രശാന്ത്യൎത്ഥംപശ്ചാദ്യസ്സഇതിദ്വിധാ॥

ബാലചികിത്സ രണ്ടുവിധമെന്ന മുൻപറഞ്ഞതിൻെറ വിവരം മേലിൽ രോഗങ്ങളുണ്ടാവാതെ ഇരിപ്പാൻവേണ്ടി മുമ്പെ കുട്ടി കരുതി പ്രവൃത്തിക്കേണ്ടതും രോഗങ്ങളുണ്ടായതിൻെറ ശെഷം അതുകളുടെ ശമനത്തിന്നുവെണ്ടി പിന്നെ ഉപയോഗപ്പെടുത്തെണ്ടതുമായിരിക്കയാൽ ബാലചികിത്സ രണ്ടുവിധമെന്നതാല്പൎയ്യം.

൫. അഥാസൌജാതമാത്രസ്യകഥ്യതെസ്മിൻസമാസതഃ।
അദ്ധ്യായെന്ന്യത്രചാന്ന്യെഷാംക്രമെണസൌപ്രവക്ഷ്യതെ

ഇനി ഒരം അദ്ധ്യായത്തിങ്കൽ ജാതമാത്രനായ ബാലന്ന രൊഗാനുല്പത്തിക്കവേണ്ടിയും ഉല്പന്നരോഗങ്ങളുടെ ശമനത്തിന്നുവേണ്ടിയും പ്രവൃത്തിക്കെണ്ടതിനെ പറയുന്നു. പക്ഷാതീതൻ മുതലായവൎക്ക വെണ്ടുന്ന പ്രവൃത്തികൾ അനന്തരാദ്ധ്യായങ്ങളിൽ ക്രമേണ പറകെപ്പെടുകയും ചെയ്യും.

൬. ജാതമാത്രംസമാദായബാലംലിംപെച്ഛിരൊവിനാ।
മാണിമന്ഥരജൊയുക്തനവനീതെനസൎവ്വതഃ॥

പെററുവീണാൽ ഉടനെ നോവിക്കാതെ ആ കുട്ടിയെ എടുത്ത ഇന്തുപ്പ പൊടിച്ച വെണ്ണനെയ്യിൽ കൂട്ടി ഉരസി ആയത ശിരസ്സൊഴികെ ശേഷം അംഗങ്ങളിൽ തേക്കുക.

൭. അതിത്ര്യാനാഡികാഷ്ടാംശമംഗെഭ്യോപഹരെച്ചതൽ।
മൃദുനാവഹിതൊവൈദ്യൊനാളികേരദളാദിനാ॥

ബാലൻെറ മേൽ തേച്ച വെണ്ണനെയ്യ അരയ്ക്കാൽ നാഴിക കഴിഞ്ഞാൽ മൃദുവായ തെങ്ങൊലകൊണ്ടൊ അപ്രകാരമുള്ള അന്ന്യപദാൎത്ഥങ്ങൾകൊണ്ടൊ വടിച്ചുകളകയും വേണം.

൮. ബലാതൈലെനചാഭ്യജ്യനാഡ്യൎദ്ധമതിവാഹയെൽ।

യദെവംകുപിതസ്സാമ്യെദ്വായുഃപ്രസവപീഡനാൽ॥

മെൽ തേച്ച വെണ്ണനെയ്യ വടിച്ചുകളഞ്ഞതിന്റെ ശെഷം തലയിലും മേലും ബലാതൈലം തെപ്പിച്ച അര നാഴിക കഴിഞ്ഞാൽ പ്രസവപീഡനം ഹേതുവായിട്ട കോപിച്ചിരിക്കുന്ന വായു ശമിക്കുകയും ചെയ്യും. മേൽപറഞ്ഞ പ്രവൃത്തികൾ ചെയ്യാതെ ഇരുന്നാൽ മേൽപറഞ്ഞ വായുകോപം ചിലരോഗങ്ങൾക്ക കാരണമായി വരികയും ചെയ്യും.

൧൨. സ്വസ്ഥതാമീയുഷസ്തസ്യചതുരംഗുലതഃപരം।
സൂത്രാഗ്രെണസമാബദ്ധ്യനാഭിനാളംവിവദ്ധയെൽ।

പ്രസവക്ലെശംതീൎന്ന സ്വസ്ഥതവന്നാൽ ആ ബാലന്റെ പൊക്കിൾക്കൊടിയുടെ നാലുവിരൽമുകളിൽ ഒരു ചരടിന്റെ തലകൊണ്ട കെട്ടിനാലുവിരൽ കഴിച്ച അധികംഉള്ളതമുറിച്ചുകളകയും വെണം.

൧൩. അഗ്രെണയസ്യസൂത്രസ്യനിബ്ബദ്ധാനാഭിനാളികാ।
തസ്യെതരാഗ്രമാകൃഷ്യഗ്രീവായാമവസജ്ജയെൽ॥

യാതൊരു ചരടിന്റെ തലകൊണ്ട ബാലന്റെ പൊക്കിൾക്കൊടി കെട്ടപ്പെട്ടിരിക്കുന്നുവൊ ആ ചരടിന്റെ മറ്റെ തല ബാലന്റെ കഴുത്തിൽ കെട്ടുകയും വേണം.

൧൪. യഥാസ്യാന്നചശൈഥില്യാന്നാഭിനാളമിതസ്തതഃ।
വിച്യുതംന്വ്യഥാംയായാദ്യഥാപാതെനബാലകഃ॥

ചരട കഴുത്തിൽ കെട്ടുമ്പോൾ അയവുകൊണ്ട പൊക്കിൾക്കൊടി അങ്ങൊട്ടുമിങ്ങൊട്ടും മറിഞ്ഞുവീണുപോകാതെ കണ്ടിരിപ്പാനും ചരടിന്റെ വലിവുകൊണ്ടു ബാലന വേദന ഉണ്ടാകാതെകണ്ടിരിപ്പാനും തക്കവിധത്തിൽ ചരട വലിച്ചുകെട്ടുകയും വേണം.

൧൫. കുഷ്ഠതൈലെനനാഭിഞ്ചസിഞ്ചെദേനമഥാപ്ലുതം।
വിദദ്ധ്യാൽക്ഷീരിവല്ക്കസ്യകഷായെണയഥാസുഖം॥

കുഷ്ഠതൈലം പൊക്കിളിൽ തുളിച്ച നാല്പാമരത്തിൻതൊലികൊണ്ടുണ്ടാക്കിയ കഷായവെള്ളത്തിൽ കുളിപ്പിക്കുക.

൧൬. സൎവ്വഗന്ധൊദകെനാപിസ്നപനംകൈശ്ചിദിഷ്യതെ।
കൊഷ്ണെനതപ്തഗാംഗെയരൂപ്യഗൊളകമജ്ജനൈഃ॥

ചന്ദനം മുതലായ ഗന്ധദ്രവ്യങ്ങൾകൊണ്ടു ഉണ്ടാക്കിയ കഷായത്തിൽ കുളിപ്പിക്കെണമെന്ന ചില വൈദ്യന്മാരുടെ പക്ഷം. രണ്ടായാലും സ്വൎണ്ണത്തിന്റെയൊ വെള്ളിയുടെയൊ കട്ടകൾ പഴുപ്പിച്ചു മുക്കി കഷായവെള്ളത്തിന്ന അല്പമായ ചൂ

ടണ്ടാക്കീട്ടല്ലാതെ അതിൽ കുളിപ്പിക്കുകയുംഅരുത.

൧൭. പ്രാശയെന്മധുസൎപ്പിൎഭ്യാംഹേമധാത്രീരജസ്തതഃ।
ത്രായന്ത്യുഗ്രാഭയാതാൎക്ഷ്യഹെമചൂൎണ്ണമഥാപിവാ॥

കുളിപ്പിച്ചതിനെൻറശേഷം പൊന്നിനെൻറ പൊടിയും നെല്ലിക്കാപ്പൊടിയും കൂട്ടി തേനും നെയ്യും ചേൎത്തതിൽ ചാലിച്ച സേവിപ്പിക്കുകയും വേണം. ഈ സ്ഥാനത്ത ബ്രഹ്മി, വയമ്പ കടുക്ക, മാക്കീരക്കല്ല, സ്വൎണ്ണം ഇതുകൾ പൊടിച്ച ആ പൊടിചേൎത്ത സേവിപ്പിക്കേണമെന്ന ചിലരുടെ പക്ഷം. പക്ഷാന്തരങ്ങളുണ്ടായ്വരുമ്പോൾ ഇച്ഛയെ അനുസരിച്ച നടക്കെണ്ടതിന്ന വിരോധമില്ല.

൧൮. ഹൃദയസ്ഥസിരാദ്വാരവിവാരമനുസൃത്യയൽ।
തൃതീയെഹ്നിചതുൎത്ഥെവാപ്രാങ്ന്നസ്യാൽസ്തന്യസംഭവഃ

ഹൃദയത്തിങ്കലുള്ള ഞരമ്പുകളുടെ പിടച്ച്യ്ക്ക തക്കവണ്ണം മൂന്നാം ദിവസമോ നാലാം ദിവസമൊ അല്ലാതെ മുലപ്പാല ഉണ്ടാകയുമില്ല.

൧൯. പ്രഥമെഹനിതെനത്രിഃപ്രാശയെന്മധുസൎപ്പിഷീ।
ദൂൎവ്വാഗ്രമിശ്രിതെജപ്ത്വാപാവിതെപാവനാന്മന്ത്രൻ

അത ഹേതുവായിട്ട പ്രസവിച്ച ദിവസം തേനും നെയ്യും ചേൎത്ത അതിൽ കറുകനാക്കിട്ട ശുദ്ധീകരണങ്ങളായിരിക്കുന്ന മന്ത്രങ്ങളെ ജപിച്ച കറുകനാക്ക എടുത്തുകളഞ്ഞആപാത്രത്തിലുള്ള തെനും നെയ്യും ബാലനെ സേവിപ്പിക്ക. ഇങ്ങിനെ മൂന്നനേരം കൊടുക്കയും വേണം

൨൦. ലക്ഷ്മണാരസകല്കാഭ്യാംദ്വിതീയെതുശൃതംഘൃതം।
മധുനാസഹിതംതദ്വൽഘൃതമേവതതഃപരം॥

രണ്ടാം ദിവസം തിരുതാളി ഇടിച്ചപിഴിഞ്ഞനീരിൽതിരുതാളിതന്നെ അരച്ചകലക്കി നെയ്യചെൎത്ത കാച്ചിയരിച്ച അതിൽ തേനുംകൂട്ടി മൂന്നനേരം സേവിപ്പിക്ക. ആയതിനെൻറ ശെഷം മുലപ്പാലുണ്ടാകുന്ന വരെ നെയ്യതന്നെ കൊടുക്കുക.

൨൧. സമാനപ്രകൃതെൎവ്വാസവൎണ്ണായയാസ്സ്വചെതസഃ।
സ്വസ്ഥായാഃപായയെത്സഖ്യാസ്സ്വവിത്ര്യാനന്യദിഷ്യതെ॥

വേറെ ഒരുത്തിയുടെ മുലപ്പാല്ല കൊടുക്കുന്നു എങ്കിൽ പ്രസവിച്ചകിടക്കുന്ന സ്ത്രീയോട തുല്യപ്രകൃതിയായി തുല്യജാതിയിൽ ജനിച്ചവളായി തുല്യമനസ്സായി രോഗത്തൊടുകൂടാതെ ഇരിക്കുന്നവളായി പ്രസവിച്ചവളുടെ സഖിയായിരിക്കുന്ന സ്ത്രീയുടെ മുലപ്പാലല്ലാതെ വേറെയുള്ള മുലപ്പാല കൊടുക്കരുത.

൨൨. പ്രാഗപീതസ്തനായാസ്മൈതൽപാണിതലസമ്മിതം ।
നവനീതംനവംദദ്യാത്തതഃപരം ॥

കുട്ടിക്ക ആദ്യം മുല കൊടുക്കുമ്പോൾ ആ കുട്ടിയുടെ ഉള്ളങ്കയ്യിലൊതുങ്ങിയ പുതിയവെണ്ണ നെയ്യ കൊടുത്തിട്ട പിന്നെ മുലകൊടുക്കുക.

൨൩. പ്രാതസ്സായഞ്ചകർത്തവ്യോവിധിരെഷപ്രദർശിതഃ ।
ദേഹദൌർബ്ബല്യമാലക്ഷ്യഹീനംവാകല്പയെച്ചതൽ ॥

മുൻപറഞ്ഞ വിധി രാവിലെയും വൈകുന്നേരവും ചെയ്യേണ്ടതാകുന്നു. നിയമെന്ന എത്തുമെങ്കിൽ അപ്രകാരം എന്നും അനുഷ്ഠിക്കുന്നത നല്ലതാകുന്നു. ദേഹത്തിൻെറ ദുർബ്ബലതയ്ക്ക തക്കവണ്ണം മാത്ര കുറക്കെണമെന്ന ആവശ്യമായി കണ്ടാൽ ഉള്ളങ്കയ്യിലൊതുങ്ങിയത എന്നുതന്നെ നിയമമില്ല, അല്പം കുറച്ചു കൊൾകയും വേണം.

൨൪. സംക്ഷാള്യചന്ദനൊശീരബലാനിഷ്ക്വഥിതാംഭസാ
സമ്യൿപ്രച്യൂച്യകെദദ്യാൽസദാശുദ്ധൊദകെനവാ ॥

ചന്ദനവും രാമച്ചവും കുറുന്തോട്ടിവേരും കൂട്ടി കഷായംവച്ച ആ കഷായംകൊണ്ട മുലക്കണ്ണ കഴുകി നല്ലവണ്ണം തോൎത്തിയല്ലാതെ മുല കൊടുക്കരുത. ആയത സാധിക്കാത്തപക്ഷം പച്ചവെള്ളംകൊണ്ടു കഴുകി തോൎത്തി കൊടുക്കുക.

൨൫. സ്തന്യന്തുമാതുരെവാസ്യപ്രശസ്തംതദസംപദി ।
ഉഭേനിയൊജ്യെസ്തന്യസ്യദാത്ര്യൌശിശുഷുവത്സലെ ॥

മാതാവിൻെറ മുലപ്പാലുതന്നെ കുടിക്കുന്നത കുട്ടികൾക്ക വളരെ ഗുണമുള്ളതാകുന്നു. ആയതിന്ന കുറവ സംഭവിച്ചാൽ കുട്ടികളിൽ സ്നേഹത്തോടുകൂടിയവരായ രണ്ടുസ്ത്രീകളെ മുല കൊടുപ്പാനായി വെച്ചുകൊൾകയും വേണം.

൨൬. അവ്യംഗെനീരുജെമദ്ധ്യവയസൌജീവദാത്മജെ ।
തുല്യെജാത്യാപ്രകൃത്യാചബ്രഹ്മചര്യസമന്വിതെ ॥

ആ സ്ത്രീകൾ അംഗവൈകല്യത്തോടും രോഗത്തോടും കൂടാത്തവരായും മദ്ധ്യവയസ്സുകളായിട്ടുള്ളവരായും ജീവിച്ചിരിക്കുന്ന ശിശുക്കളോടുകൂടിയവരായും ജാതികൊണ്ടും പ്രകൃതികൊണ്ടും ചേൎച്ചയുള്ളവരായും മുലകൊടുക്കുന്ന കാലങ്ങളിൽ പുരുഷസംസൎഗ്ഗംകൂടാതെയിരിപ്പാൻ കഴിയുന്നവരായും ഇരിക്കണം.

൨൭. ഹിതാഹാരവിഹാരാഭ്യാംയഥാസ്തന്യമദൂഷിതം ।
തയൊരപ്യനുവൎത്തെതതഥാതെസമുപാചരെൽ ॥

പത്ഥ്യമായിരിക്കുന്ന ആഹാരംകൊണ്ടും പ്രവൃത്തികൊണ്ടും

യാതൊരുപ്രകാരം അവരുടെ മുലപ്പാല ദൂഷിക്കാതെ എന്നും എത്തിവരുമൊ അപ്രകാരം അവരെ പരിപാലിക്കുകയും വേണം.

൨൭. അപാനപവനൊത്ഥാനാംവെഗാനാമതിധാരണാൽ ।
ശോകൊപവാസായാസൈശ്ചസ്തന്യനാശഃപ്രജായതെ ॥

അപാനവായുവിങ്കൽനിന്ന ഉണ്ടാകുന്ന മലമൂത്രാദികളുടെ വേഗങ്ങളെ വളരെക്കാലം തടുത്തിരുന്നാലും മനോദുഃഖം, പട്ടിണി, വളരെ വഴിനടപ്പ ഇവകൾ ഉണ്ടായാലും മുലപ്പാല ക്ഷയിക്കും.

൨൮. ശുക്ലക്ഷയാഗ്നിസെവാഭ്യാംരാത്രൌജാഗരണാദപി ।
രൂക്ഷൊഷ്ണാഹാരസാതത്ര്യാൽസ്നെഹസ്യവിലയാദപി ॥

മുൻപറഞ്ഞ ഹേതുക്കൾകൊണ്ടെന്നപോലെ ശുക്ലക്ഷയം, വളരെ തീക്കൊൾക, രാത്രികാലം അധികമായി ഉറക്കമിളയ്ക്കു രൂക്ഷമായും ഉഷ്ണമായും ഇരിക്കുന്ന അന്നത്തെ നിയമെന ഭക്ഷിക്ക, തേച്ചുകുളി അധികമായി അകലുക എന്നിവകളെക്കൊണ്ടും മുലപ്പാല നശിക്കും.

൨൯. ക്ഷീരാത്ഥംതത്രശാകാനിദദ്യാച്ഛിഗ്രുദലാദിഭിഃ ।
നിമ്മിതാന്യല്പയാജ്യസ്യമാത്രയാഭജ്ജിതാന്യപി

മുൻപറഞ്ഞ ഹേതുക്കളെക്കൊണ്ട മുലപ്പാലനശിച്ചുപോയാൽ മുരിങ്ങയുടെ ഇല ഞരമ്പുകൂടാതെ തിരഞ്ഞെടുത്ത ഉപ്പുകൂട്ടി വേവിച്ച വെന്താൽ വെള്ളം പിഴിഞ്ഞുകളഞ്ഞ അല്പമായ നെയ്യിൽ നീരുവലിയ പുരട്ടി ആയത ഭക്ഷിപ്പിച്ചാൽ മുലപ്പാല ഉണ്ടാകയും ചെയ്യും ഇപ്രകാരം അടപതിയൻകുമ്പ, മുത്തള തുടങ്ങിയുള്ളതുകളെക്കൊണ്ടും ചെയ്യാം.

൩൦. ജീവന്തീമൂലനിഷ്ക്വാഥംസാജ്യംതെനൈവസാധിതാം ।
യവാഗ്ഗുംനാളികേരസ്യപയസാവാവിമിശ്രിതാം ॥

പന്ത്രണ്ടുകഴഞ്ച അടപതിയൻകിഴങ്ങുകൊണ്ട ക്രമപ്രകാരം കഷായം ഉണ്ടാക്കി നെയ്യ മെമ്പൊടിചെത്ത സേവിപ്പിക്ക. അടപതിയൻകിഴങ്ങുകൊണ്ടുള്ള കഷായത്തിൽ അരിയിട്ട കഞ്ഞിവച്ച തെങ്ങാപ്പാലും കൂട്ടി സേവിപ്പിക്കുക. ഈ രണ്ടു പ്രയോഗങ്ങളും സ്ത്രീകൾക്ക മുലയിൽപാലുണ്ടാകുവാൻ എററവും നല്ലതാകുന്നു.

൩൧. രജഃകമലകഞ്ജല്കഛ്ളച്ച്യൊവ്വാഘൃതാന്വിതം ।
ജീവന്തീശാരിബാമുസ്താധാത്രീണാംരജഏവവാ ॥

താമരയല്ലി ഉണക്കിപ്പൊടിച്ചുചിററമൃതിൻ ഊറൽതുല്യമാ

യിച്ചെത്ത നെയ്യിൽ സേവിപ്പിക്ക. അടപതിയൻകിഴങ്ങ, നന്നാറിക്കിഴങ്ങ, മുത്തെങ്ങക്കിഴങ്ങ, പച്ചനെല്ലിക്ക ഇതുകളുടെ ഊറലെടുത്ത തുല്യമായിചേത്ത നെയ്യിൽ സേവിപ്പക്ക. മുലയിൽ പാല വൎദ്ധിക്കുകയുംചെയ്യും.

൩൩. ശോകാത്തായാമനശ്ചാസ്യാഃഫഷ്യെദതിയത്നതഃ ।
സസ്നേഹാംഷഷ്ടികാന്നസ്യലഘ്വിംമാത്രാഞ്ചയോജയെൽ"

മനൊവ്യസനത്തിലകപ്പെട്ടവളാകിൽ വ്യസനംതീരുവാൻ തക്കതായ ഉപായംകൊണ്ട തീൎത്ത അവളുടെ മനസ്സിനെ സന്തോഷിപ്പിക്കയും വേണം നവരച്ചോറ നെയ്യകൂട്ടി അഗ്നിബലത്തിന്നതക്കവണ്ണം ഭക്ഷിപ്പിക്കയും ചെയ്യുന്നത മുലപ്പാൽ വൎദ്ധനയ്ക്കു നല്ലതാകുന്നു.

൩൪. ക്ഷീരെണൊവസ്ക്കൃതാംനക്തംലഘ്വൊശ്ശാല്യോദനസ്യവാ। അഥവായൊജയെത്ത്രശശാങ്കകിരണാൻനിശി॥

രാത്രി നവരച്ചോറുതന്നയൊ ലഘുവായ ശാല്യന്നമൊപാൽകൂട്ടി കൊടുക്കുക (ഉമി പോയാൽ വെളുത്തഅരിയോടുകൂടിയ നെല്ലിന്ന ശാലി എന്ന പേരാകുന്നു) അല്ലായെങ്കിൽ ഇതിന്റെ സ്ഥാനത്ത ശശാംകകിരണമെന്നു പറയുന്ന ഭക്ഷ്യത്തെ ഭക്ഷിപ്പിക്കുകയുമാം (ശശാംകകിരണമെന്ന പറഞ്ഞത മിഠായിയിൽ ഒരു വകഭേദമാകുന്നു)

൩൫. എവമപ്യപ്രവൃത്തൌതുവായൊരപ്യനുലോപനം ।
സമീക്ഷ്യാനുപ്രയുഞ്ജീതവിശിഷ്യെവാന്തരാന്തരാ ॥

ഇത ഒക്കയും ചെയ്തിട്ടും മുലപ്പാല ഉണ്ടായില്ലാ എങ്കിൽ ഠരം പ്രവൃത്തിയുടെ ഇടയിൽതന്നെ നല്ലവണ്ണം ആലോചിച്ച വായുവിന്റെ അനുകൂലതയെ വിശേഷിച്ച ഉണ്ടാക്കുന്നതായും മുലപ്പാലു വൎദ്ധിപ്പാൻ നല്ലതായുമുള്ള പ്രയോഗത്തെ ചെയ്കയും വേണം. അതിന്നെ താഴെ പറയുന്നു.

൩൬. ബലാമധുകവൃശ്ചീവസൃപ്യപൎണ്ണീസ്ഥിരാദ്വയൈഃ ।
രാസ്നാശ്വഗന്ധാദേവദ്രുതിക്താനാഗരജീരകൈഃ ॥

൩൭. ദ്രാക്ഷാപ്രിയാളമജ്ജാഭ്യാംഗൊധൂമെനചസംയുതൈഃ ।
കഷായംപായയെത്സിദ്ധംസാജ്യംസക്ഷീരമെവവാ ॥

കുറുന്തോട്ടിവേര, ഇരട്ടിമധുരം, തമിഴാമവേര, കാട്ടുഴുന്നിൻവേര, കാട്ടുപയററിൻവേര, ഓരിലവേര്, മൂവിലവേര, അരത്ത, അമുക്കുരം, ദേവതാരം, പുത്തരിച്ചുണ്ടവേരിമ്മൽതൊലി, ചുക്ക, ജീരകം, മുന്തിരിങ്ങാപ്പഴം, ബദത്തിൻപരുപ്പ, കോതമ്പ, ഇവകൊണ്ട കഷായമുണ്ടാക്കി നെയ്യു മെപ്പൊടിഃചത്ത സേ

വിപ്പിക്ക. മേൽപറഞ്ഞ മരുന്നുകളെക്കൊണ്ട പാൽക്കഷായ മാക്കിച്ചമച്ച പഞ്ചസാര മേപ്പൊടിചേൎത്തും സേവിപ്പിക്കാം.

൩൭. വായൊൎവ്വിമാൎഗ്ഗഗസ്യാപിയൊഗൊയമനുലൊമനഃ।
സ്തന്യവൃദ്ധികരസ്തേനവിശേഷാച്ഛീലയെദമും ॥

മുൻപറഞ്ഞ യോഗം വായുവിന്ന അനുകൂലതയെ ഉണ്ടാക്കുന്നതും മുലപ്പാല വൎദ്ധിപ്പിക്കുന്നതുമാകയാൽ അതിനെ വിശേഷിച്ച ശീലിക്കുകയും വേണം.

൩൮. ക്ഷീരിണീരൊഷധീഃപത്ഥ്യായൊജയേൽക്ഷീരമെവവാ।
ശീഘ്രനൊന്യാനിമദ്യാനിരസാനാനൂപജാനപി ॥

പാലുള്ളമരങ്ങളിൽ പത്ഥ്യങ്ങളായവറ്റുകളുടെ വെരുമുതലായ ഔഷധങ്ങളും പശുവിൻപാലും ഇളയ മദ്യവും ആനൂപമാംസങ്ങളെക്കൊണ്ടുണ്ടാക്കിയ രസങ്ങളും മുലപ്പാല വൎദ്ധിപ്പാൻ നല്ലതാകുന്നു (ആനൂപമാംസങ്ങളുടെ വിവരം മാംസവൎഗ്ഗത്തിൽ നോക്കി അറിഞ്ഞുകൊൾകയും വേണം.)

൪൦. യാവന്ത്യഹാനിസ്തന്യെനഹീനാമാതാഭവെച്ഛിശൊഃ।
താവന്ത്യഹാനിതസ്മൈതെധാത്ര്യൌപ്രതിശതാംസ്തനം ॥

പെററവൾക്ക മുലപ്പാലില്ലാതെ കഴിയുന്ന ദിവസങ്ങളിൽ വേണ്ടപ്പൊഴൊക്കയും മുലകൊടുപ്പാനായിക്കൊണ്ട നിശ്ചയിച്ചാക്കിയ സ്ത്രീകൾ മുലകൊടുക്കയും വേണം.

൪൧. അഥവാപായയെൽക്ഷീരമാജംഗവ്യഞ്ചതത്സമം।
അക്ഷീരപന്തമെകാഹമപിവാനാതിവാഹയെൽ ॥

മുലകൊടുപ്പാനാളില്ലാതെവരികിൽആട്ടിൻപാലുകൊടുക്കുകതീനിനായി അവിടവിടെ നടന്ന ശരീരലാഘവത്തൊടുകൂടെ വൈകുന്നേരംവന്ന പശുവിൻെറ പാല കറന്ന കൊടുക്കുകയുമാം. പാലുകൊടുക്കാതെ ഒരു ദിവസമെങ്കിലുംകഴിഞ്ഞാൽകുട്ടികൾക്ക ദോഷമാകകൊണ്ട നിത്യവും പാല കൊടുക്കണം.

൪൨. അസ്തന്യംസ്ഥിരയാസിദ്ധംസ്ഥിരാഭ്യാംഭദ്രയാപിവാ।
ബൃഹത്യാവാസിതായുക്തംപയസ്സ്തംനചാന്യഥാ ॥

മുലപ്പാലല്ലാതെ ആട്ടിൻപാലൊ പശുവിൻപാലൊ കൊടുക്കുന്നപക്ഷം ഓരിലവേര തന്നെയൊ ഓരിലവേരും മൂവിലവേരും കൂട്ടിയിട്ടൊ ചെറുവൂളവേരതന്നെയൊ ചെറുവഴുതിനവേര തന്നെയൊ ചതച്ച കിഴികെട്ടിയിട്ടക്രമപ്രകാരം കുറുക്കി പഞ്ചസാരയിട്ട കൊടുക്കണം. മേൽപറഞ്ഞ ഔഷധങ്ങളൊട സമങ്ങളായ ഔഷധങ്ങളെ വേറെയും ചേൎക്കാം, കുറുക്കാതെ കൊടുക്കയും അരുത.

൪൩. സ്വസ്ഥസ്യപ്രത്യഹംസ്നാനംഹിതമഭ്യംഗപൂൎവ്വകം ।
അഭ്യംഗെനാളികെരസ്യപയഃകെവലമിഷ്യതെ ॥
കുട്ടിക്ക സ്വസ്ഥത ഉണ്ടെങ്കിൽ നിത്യമായി തേച്ചുകുളിപ്പിക്കുകയും വേണം വരട്ടുതേങ്ങയുടെ പാലല്ലാതെ തലയിലും മേലും വേറെ ഒന്നുംതന്നെ തേപ്പിക്കുകയും അരുത.
൪൪. ശീതമെവൊദകംമൂൎദ്ധ്നഃ കൂപവാപിതടാകജം ।
അധഃകായസ്യകൊഷ്ണാംബുഹിതംവടദളൈശ്ശൃതം ॥
കുളിപ്പിക്കുമ്പോൾ തലയ്ക്കു കിണററിലെയോ കുളത്തിലെയോ ചിറയിലെയോ തണുപ്പുള്ള പച്ചവെള്ളം ഒഴിക്കേണം. കഴുത്തിനുകീഴ പേരാലില ഇട്ട തിളപ്പിച്ച വെള്ളം അല്പമായ ചൂടോടുകൂടെ ഒഴിക്കെണം.
൪൫. പാരന്തീപല്ലവൈൎവ്വാപിചന്ദനാഗരുഭിശ്ചവാ ।
ദെവദാരുബലാഭിൎവ്വാകുഷ്ഠോഗ്രാരുഗ്ഭിരെവവാ ॥
പേരാലിന്റെ ഇല ഇടുന്നതിന്നു പകരം തെച്ചിയുടെ ഇല ഇട്ടാൽ അധികമായ ഗുണം ഉണ്ട. ചന്ദനം, അകില, ഇതുകളും ദേവതാരം, കുറുന്തോട്ടിവേര ഇതുകളും കറുക, വയമ്പ, കൊട്ടം, ഇതുകളുമിട്ട വെള്ളം തിളപ്പിച്ച ചെറുവെക്കയോടെ മെലൊഴിക്കാം.
൪൬. അഥഷഷ്ഠ്യാംനിശായാംതുകൃത്വാരക്ഷാബലിക്രിയാം ।
താംനിശാംജാഗൃയുസ്സൎവ്വെബാന്ധവാഃപ്രിയകാരിണഃ ॥
ആറാമത്തെ രാത്രിയിൽ രക്ഷോബലി കൎമ്മം ചെയ്തു ആ രാത്രി മുഴുവനും ബന്ധുക്കൾ കുട്ടിക്ക സന്തോഷകരമായ പ്രവൃത്തിയോടുകൂടെ ഉറങ്ങാതെ ഇരുന്ന രക്ഷിക്കുകയും വേണം.
൪൭. ദശമെഹന്യതീതെതുതാമുത്ഥാപ്യയഥാവിധി ।
സൂതികാമന്യശയ്യായാംസ്നാതാംതമപിശായയെൽ ॥
പത്തുദിവസംകഴിഞ്ഞാൽ പതിനൊന്നാം ദിവസം പെററവളെയും കുട്ടിയെയും ചട്ടപ്രകാരം കുളിപ്പിച്ച പടുപ്പ മാറിവിരിച്ച അതിൽ കിടത്തുക.
൪൮. ശുചൌരമൃദ്വൊപധാനായാംധൌതാസ്തരണവാസസി ।
രക്ഷൊഘ്നൈരൌഷധൈസ്സദ്ധൂമ്രപിതായാംസമന്തതഃ ॥
കിടത്തുന്ന കിടയ്ക്ക ശുദ്ധമായി മൃദുവായിരിക്കുന്ന തലെണയോടുകൂടിയതായി അലക്കിയ മേൽവിരിപ്പോടുകൂടിയതായി യക്ഷി, കുക്ഷി, പിശാച മുതലായ ദുൎദ്ദേവതകളുടെ ഉപദ്രവത്തെ തീൎക്കുകയും മേലിൽ ഉപദ്രവിക്കാതെ നിൎത്തുകയും ചെയ്യുന്ന ഔഷധങ്ങളെക്കൊണ്ട എല്ലാടവും നല്ലവണ്ണം പുകയ്ക്കപ്പെട്ടതാ

യിരിക്കണം.

൪൯. കൃഷ്ണസാരലുലായാവിമൃഗഗണ്ഡകസംഭവൈഃ । ശൃം
ഗൈഃഖുരൈശ്ചഗൊജിഹ്വാശ്വേതസഷ്പസംയുതൈഃ॥

൫൦. ചൂൎണ്ണിതൈൎഘൃതസമ്മിശ്രൈൎദ്ധൂപൊരക്ഷൊനിബൎഹ
ണഃ। ഗൊജിഹ്വാസഷ്പസ്ഥാനെലശുനസ്യത്വചൊപിവാ॥

൫൧. അഥവാശുഷ്കദൂർവ്വാഗ്രപിചുമന്ദതരുച്ഛദാൻ ।
യോജയെൽസജ്ജനിൎയ്യാസഗുൽഗുലുഷ്ഠ്രനഖാനിവാ॥

കൃഷ്ണമൃഗത്തിൻകൊമ്പു, കാട്ടുപോത്തിൻകൊമ്പ, ആട്ടിൻ
കൊമ്പ, കലങ്കൊമ്പ, ഖണ്ഡാമൃഗത്തിൻകൊമ്പ, ഇതുകളുടെ
അഞ്ചിൻെറയും കുളമ്പുകൾ, മരമഞ്ഞത്തൊലി, വെളുത്തകടു
ക ഇവസമം കൂട്ടിപ്പൊടിച്ച നെയ്യുകൂട്ടിപ്പുകച്ചാൽ മുൻപറഞ്ഞ
ദുഷ്ട്രദേവതകളുടെ ഉപദ്രവം ഉണ്ടാകയില്ല. ഈ പറഞ്ഞ മരുന്നു
കളിൽ മരമഞ്ഞത്തൊലിയുടെയും കടുകിൻെറയും സ്ഥാനത്ത
വെള്ളുള്ളിയുടെ തൊലി ചേൎക്കുകയുമാം. അല്ലായെങ്കിൽ കറുക
നാക്കും വേപ്പിലയും ഉണക്കി ചേൎക്കുക. ഇപ്രകാരം ചെഞ്ചല്യ
വും ഗുൽഗുലുവും ഒട്ടകത്തിൻകുളമ്പും ചേൎക്ക.

൫൨. മയൂരപിഞ്ഛമെകംവാധൂപനെതത്രയൊജയെൽ ।
യദ്വാമയൂരപിഞ്ഛാലചന്ദനാഗരുസഷ്പൈഃ ॥

൫൩. പൃഥഗെവാഭിയുഞ്ജീതധൂപംപ്രാഗ്വൽഘൃതാന്വിതൈഃ ।
അയഞ്ചവൈദ്യൈരാദിഷ്ടോബാലഗ്രഹനിബൎഹണഃ॥

മുൻപറഞ്ഞ മരുന്നുകളുടെ സ്ഥാനത്ത മയിൽപീലി ചേ
ൎക്കാം. മയിൽപീലിയും പൊന്നരിതാരവും ചന്ദനവും അകി
ലും കടുകുംകൂട്ടി പൊടിച്ച നെയ്യുകൂട്ടി പുകയ്ക്കുക. ഈ പുകയും
കുട്ടികളുടെ ദുഷ്ട്രദേവതോപദ്രവശമനമാകുന്നു.

൫൪. ധാരയെദൊഷധീശ്ശ്രേഷ്ഠാ ദൂർവ്വാബ്രഹ്മ്യാദികാസ്സദാ ।
രത്നാനിചശുഭാന്യബ്ജരാഗനീലാദികാന്യപി॥

കറുക ബ്രഹ്മിമുതലായ ഔഷധങ്ങളെയും പത്മരാഗം ഇന്ദ്ര
നീലം മുതലായ രത്നങ്ങളെയും ബാലനെക്കൊണ്ട എല്ലാസമ
യവും ധരിപ്പിക്കേണം.

൫൫. മൂൎദ്ധ്നാവാഗ്രിവയാദൊൎഭ്യാംതെഷുവാസകലെഷുച ।
രക്ഷോനിബൎഹണീമെകാംവചാംവാധാരയെത്സദാ ॥

ശിരസ്സിലും കഴുത്തിലും കൈകളിലും പ്രത്യേകമായിട്ടൊ ഈ
മൂന്നു സ്ഥാനങ്ങളിലുംകൂടിയിട്ടൊ മുൻപറഞ്ഞ ഔഷധങ്ങളെ
യും രത്നങ്ങളെയും ധരിപ്പിക്കുക. ഇതുകളുടെ സ്ഥാനത്ത വയ
മ്പിൻെറ കഷണം ധരിപ്പിച്ചാലും മതി.

൫൬. വചയാബാലകസ്യായുർവ്വദ്ധതെധാൎയ്യമാണയാ।
മെധാസ്മൃതിശ്ചസ്വാസ്ഥ്യഞ്ചസൎവ്വദാഭവതിധ്രുവം॥
വയമ്പ ധരിച്ചാൽ ബാലൻെറ ആയുസ്സും ധാരണാശക്തിയും ഓൎമ്മയും വൎദ്ധിക്കും. എല്ലായ്പോഴും ദേഹത്തിന്ന സ്വസ്ഥത ഉണ്ടാകയും ചെയ്യും.

൫൭. കുലോചിതവിധാനേനകൎയ്യാന്നാമാദിശാസ്ത്രതഃ।
വിഹിതൊല്ലംഘനെദൈവദ്ദോഷകോപൊഭവെദ്ധ്രുതം॥
അതാതു ജാതിക്കാൎക്കുള്ള മൎയ്യാദയെ അനുസരിച്ച പെരിടുക മുതലായ കൎമ്മങ്ങളെ അതാതുകാലങ്ങളിൽ ചെയ്കയും വെണം. ഇത വൈദ്യൻ വിധിക്കെണ്ടതല്ലെന്ന വിചാരിക്കവെണ്ട. വിധിച്ച കൎമ്മങ്ങളെലംഘിച്ചാൽ ദൈവകൊപം ഹെതുവായിട്ട ദോഷകോപം ഉണ്ടാകുന്നതാകയാൽ വൈദ്യന വിധിപ്പാൻ അധികാരമുണ്ട.

൫൮. വ്യാധയൊയദിതസ്യസ്യുഃപക്ഷാദൎവ്വാഗ്ജ്വരാദയഃ
കുൎവ്വീതക്ഷീരവൃത്തിത്വാത്തസ്യമാതുശ്ചികിത്സിതം॥
ഒരുപക്ഷം കഴിയുംമുമ്പെ കുട്ടികൾക്ക പനിമുതലായ രോഗങ്ങൾ ഉണ്ടായാൽ അവൎക്കു ഉപജീവനം മുലപ്പാലമാത്രമാകകൊണ്ട അമ്മൎക്കു ചികിത്സിക്കുന്നതല്ലാതെ കുട്ടികൾക്ക ചികിത്സിക്കയും വേണ്ട അമ്മൎക്കു ചികിത്സിക്കുന്നത ജ്വരാദിചികിത്സയിൽപറഞ്ഞതിനെ അനുസരിച്ച ചെയ്യേണ്ടുന്നതല്ലാതെ ഇവിടെ പറയേണ്ട ആവിശ്യം വിശേഷിച്ചില്ല.

൫൯. ഉൽക്കടെഷുതുരോഗേഷുതേഷാംയെഹെതവൊമതാ।
ദോഷാനിവാൎയ്യാവൈദ്യേനകോപോദ്രെകാദിതീതരെ॥
ആശുകാരികളായി പ്രബലങ്ങളായിരിക്കുന്ന രോഗങ്ങൾ സംഭവിച്ചാൽ ബാലൻ ക്ഷീരമാത്രോപജീവനനായാലും അമ്മൎക്കുതന്നെ ചികിത്സിച്ചാൽപോര ആവക രോഗങ്ങൾക്ക കാരണമായ വാതപിത്തകഫങ്ങൾ അധികമായി കോപിക്കാത്ത വിധത്തിൽ ബാലനും ചികിത്സവേണമെന്നു ചിലരുടെ പക്ഷം.

൬൦. ഭിന്നെഷ്വപിവികാരേഷുഹേതുമെവാവലോകയൻ।
തസ്യതസ്യശമംകുൎയ്യാന്നതുവ്യാധിവിപൎയ്യയം॥
രോഗങ്ങൾ പലതായാലും അതുകളെ ചിന്തിക്കാതെ ദോഷകോപത്തെ മാത്രം പരീക്ഷിച്ചറിഞ്ഞ അതിന്ന ശമനങ്ങളായ ഔഷധങ്ങളെ പ്രവൃത്തിക്കണം. ശോധനമായ പ്രവൃത്തിയെയും വ്യാധി വിപൎയ്യയമായ പ്രവൃത്തിയെയും പക്ഷാതീതനല്ലാ

തെ ചെയ്കയുമരുത. (പക്ഷാതീതൻ പതിനഞ്ചുദിവസം കഴിഞ്ഞവൻ)

൩൬. തസ്യവീൎയ്യമസൌസോഢംസ്യാൽപക്ഷാൽപ്രാഗലന്നയൽ। സഹെതമാത്രയാലഘ്വ്യാപ്രായൊഹേതുവിപൎയ്യയം॥

വ്യാധി വിപൎയ്യയമായ ചികിത്സക്കു വേണ്ടുന്ന ഔഷധങ്ങളുടെ വീൎയ്യത്തെ സഹിപ്പാൻ പതിനഞ്ചു ദിവസമെങ്കിലും കഴിയാത്ത കുട്ടികൾക്ക ശക്തിയുണ്ടാകയുമില്ല ഹേതുവിപൎയ്യയമായ ചികിത്സക്കു വേണ്ടുന്ന ഔഷധങ്ങളുടെ ലഘുവായ മാത്രകൊണ്ടുള്ള പ്രയോഗത്തെ ബാലനായാലും സഹിക്കയും ചെയ്യുമെന്നൎത്ഥം എന്നാൽ ജ്വരത്തിങ്കൽ മുത്തെങ്ങയും പൎപ്പടകവും വ്യാധിവിപൎയ്യയംതന്നെ. എന്നാലും അതുകളുടെ വീൎയ്യം ബാലനും സഹിക്കാവുന്നതാകുന്നു. കസ്തൂരി വായു ശമനമാകകൊണ്ടു ഹേതു വിപൎയ്യയങ്ങളിൽ ചേരുന്നതായാലും അതിന്റെ വീൎയ്യം ബാലനു സഹിപ്പാൻ ഭാരമുള്ളതുമാകുന്നു. ആയതുകൊണ്ട ൩൦ പറഞ്ഞത മിക്കതും ഇങ്ങിനെ എന്ന മാത്രം ധരിക്കേണ്ടതാകുന്നു. അതിനെ ഗ്രഹിപ്പിപ്പാനായിക്കൊണ്ട ഇവിടെ പ്രായഃഎന്നപദം പ്രയോഗിക്കപ്പെട്ടിരിക്കുന്നു.

൩൭. സിന്ദുവാരാക്കരാഗാബ്ദരാസ്നാദാരുപുനൎന്നവൈഃ।
സംഭ്രകഷ്ത്ര്യംശസൈന്ധഃകഷായഃപവനെഹിതഃ॥

വായുകോപംകാരണമായ രോഗങ്ങളിൽകരുനൊച്ചിവേര, അക്ലാരിതേങ്ങ, മുത്തങ്ങക്കിഴങ്ങ, അരത്ത, ദേവതാരം, തമിഴാമവേര ഇവകൊണ്ടു കഷായംവെച്ചു സേവിപ്പിക്ക. കഷായത്തിന്ന മരുന്നുകളൊക്കക്കൂടി ഒരു കഴഞ്ചു മതി.

൩൮. ദുരാലഭാവൃഷാംഭോദഹിമാംഭസ്സേവ്യപൎപ്പടൈഃ।
പിത്തെശ്ലേഷ്മണിവിശ്വാഗ്രാധാന്യഭ്രനിംബപൎപ്പടൈഃ॥

പിത്തകാരണമായി ഉണ്ടാകുന്ന രോഗങ്ങളിൽ കൊടിത്തൂവവേര, ആടലോകത്തിൻവേര, മുത്തങ്ങക്കിഴങ്ങ, ഇരുവേലി, രാമച്ചം, ചന്ദനം, പൎപ്പടം, ഇവകൊണ്ട കഷായംവച്ചു സെവിപ്പിക്ക (കഴഞ്ചു മുൻപറഞ്ഞപ്രകാരം) കഫകാരണമായി ഉണ്ടാകുന്ന രോഗങ്ങളിൽ ചുക്ക, വയമ്പ, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, കൊത്തമ്പാലയരി, പൎപ്പടം ഇവകൊണ്ടകഷായം വച്ചു സേവിപ്പിക്ക. (കഴഞ്ചു മുൻപറഞ്ഞപ്രകാരം)

൩൯. ജീരകസ്യപരാഗെണസിതയാമധുനാപിച।
ക്രമേണയുക്താഃപാതവ്യാസ്തെവാതാദിഹരാസ്ത്രയഃ॥

വാതാദി ദോഷഹരങ്ങളായ മുൻപറഞ്ഞ കഷായങ്ങൾക്ക

ക്രമെണ ജീരകം വറുത്തപൊടിച്ചതും പഞ്ചസാരയും തേനും മെപ്പൊടി ചെൎത്തുകൊൾക.

൩൫. പലദ്വാദശഭാഗെനകഷായപരികല്പനെ ।
കുഡുംബെനമിതംതോയമിത്യെവാസിതഇച്ഛതി ॥

ഒരു പലത്തിന്റെ പന്ത്രണ്ടിൽ ഒരു ഭാഗമായ ഒരു കഴഞ്ചമരുന്നുകൊണ്ട കഷായം വെക്കുമ്പോൾ അഴിവന നാഴി വെള്ളത്തിൽ വെക്കെണമെന്ന ധാന്വന്തരിയുടെ സഖിയായ അസിതമഹൎഷിയുടെ മതമാകുന്നു.

൩൬. കിഞ്ചാസ്യഷോഡശാംശഞ്ചകഷായംപരിശെഷയെൽ ।
പാനഞ്ചബഹുഭിൎവ്വാരൈൎദ്ദാനംശംഖമുഖെനച ॥

അത്രയുമല്ല നാഴിവെള്ളത്തിന്റെ പതിനാറിൽ ഒരു ഭാഗം കുറുക്കി ശേഷിപ്പിക്കെണം (കഴക്കാകുമ്പോൾ പിഴിഞ്ഞരിച്ച കുറുക്കി ആഴക്കിൽപകുതി ആക്കേണമെന്നൎത്ഥം) ആയത പല പ്രാവശ്യമായിട്ടല്ലാതെ കൊടുക്കുകയും അരുത. ശംഖിൽ പകൎന്ന ശംഖിന്റെ അഗ്രംകൊണ്ട കുട്ടിയുടെ വായിൽ ഒഴിച്ച കൊടുക്കുകയും വെണം ഇത ഒക്കയും അസിതമഹൎഷിയുടെ മതമാകുന്നു.

൩൭. ശ്ലെഷ്മണാസ്രൊതസാംരൊധെബലാജലദകന്ദയൊഃ ।
സതിന്ത്രിണിദളസിരാരാസ്നയൊൎശ്ലക്ഷ്ണരെണുനാ ॥

൩൮. സ്തന്യയുക്തെനസന്ദദ്ധ്യാൽപിചുംതസ്യതുമൂൎദ്ധനി ।
രസെനശിഗ്രുപത്രാണായദ്വാവിലപദലസ്യവാ ॥

കഫംകൊണ്ട മൂക്കമുതലായ ദ്വാരങ്ങൾക്ക അടവ കണ്ടാൽ കുറുന്തോട്ടിവേര, മുത്തങ്ങകിഴങ്ങ, പുളിഞ്ചരമ്പ, അരത്ത ഇവകൾ പൊടിച്ച ശീലപ്പൊടി ഇട്ട ആപൊടി മുലപ്പാലിൽ കുഴച്ച ഒരു ശീലയിൽ തേച്ച ആയത ബാലന്റെ മൂൎദ്ധാവിൽ ഇടുക. മുരിങ്ങത്തളിര പിഴിഞ്ഞ നീരിലും കൂളത്തില പിഴിഞ്ഞ നീരിലും ചേൎത്ത മേൽപ്രകാരമിടുകയുമാം.

൩൯. മലബന്ധെഭയാംപിഷ്ട്വാശൃതശീതെനവാരിണാ ।
ചൂചുകെതെനസല്ലിപ്തെപാതുംവൈദ്യഃപ്രദാപയെൽ ॥

മലംപൊവാഞ്ഞാൽ കാച്ചിത്തണുത്ത വെള്ളത്തിൽ കടുക്ക അരച്ച മുലക്കണ്ണിന്മെൽ തേച്ച മുല കുടിപ്പിക്കുക.

൪൦. അഥവൈരണ്ഡതൈലെനദദ്യാദ്വാസ്തന്യസംയുതം ।
ദ്രാക്ഷാകഷായംസിതയാധാത്രീചൂൎണ്ണമഥാപിവാ ॥

ആവണക്കെണ്ണ മുലക്കണ്ണുകളിൽ തെച്ച മുല കൊടുക്കുകയൊ മുന്തിരിങ്ങാക്കഷായം മുലപ്പാലു ചെൎത്ത പഞ്ചസാരയുമിട്ട

കൊടുക്കുകയൊ നെല്ലിക്ക പൊടിച്ച പഞ്ചസാര ചേൎത്ത കൊടുക്കുകയൊ ചെയ്ക എന്നാൽ മലം ഒഴിഞ്ഞുപോകും.

൬. മലസ്രംസെതിമാത്രെത്തുമധുനാതിവിഷാരജഃ ।
മൂത്രരൊധെശ്വദംഷ്ട്രായാശ്ചൂൎണ്ണഞ്ചമധുസംയുതം ॥

മലം അധികമായി ഇളകിപ്പോകിൽ അതിവിടയം പൊടിച്ച തെൻചേൎത്ത കൊടുക്കുക. മൂത്രത്തിന്ന തടവുകണ്ടാൽ ഞെരിഞ്ഞിൽ പൊടിച്ച തെൻ ചെൎത്ത കൊടുക്കുക.

൭. സ്തനവേഷേതുടീകൃഷ്ണാവെല്ലാതലീസപത്രജം ।
ശൎക്കരാമധുയുക്തഞ്ചരജഃകൊലരജൊപിവാ ॥

മുല കുടിക്കാതെ ഇരുന്നാൽ ഏലത്തരി, തിപ്പലി, വിഴാലരി താലീസപത്രം ഇവപൊടിച്ച പഞ്ചസാരയും തേനും ചേൎത്ത സേവിപ്പിക്ക. ഇപ്രകാരം ലന്തക്കുരുവിൻെറ പൊടിയുമാം

൮. ശിരൊരുജിമുഹുൎല്ലിംപെല്ലലാടംസ്തന്യപെഷിതൈഃ ।
ബൃഹതീവിലചകുഷ്ടാബ്ദചന്ദനെന്ദ്രമദാംബുഭിഃ ॥

തലവെദന ഉണ്ടായാൽ ചെറുവഴുതിനവേര, ക്ലളത്തിൻവേര, കൊട്ടം, മുത്തങ്ങ, ചന്ദനം, കന്നാരം, ഇരുവേലി ഇവ മുലപ്പാലിൽ അരച്ച നെററിമേൽ തേക്കുക.

൯. സ്നാനാദിപ്രതിഷെധഞ്ചയഥാരൊഗംപ്രകല്പയെൽ ।
തത്തദ്രൊഗെഷുയൽപത്ഥ്യമുദിതംതച്ചശീലയെൽ ॥

അതാത രോഗങ്ങളെ അനുസരിച്ച സ്നാനാദികളുടെ നിഷേധത്തെ ചെയ്കയും പത്ഥ്യങ്ങളായതുകളെ ശീലിപ്പിക്കുകയും വെണം.

൧൦. ഗുൎവ്വഭിഷ്യന്ദിവിഷ്ടംഭിവിദാഹീനിവിവൎജ്ജയെൽ ।
ഔഷധാനിതഥാന്നാനിയാവദബ്ദത്രയാത്യയഃ ॥

൧൧. അഥവാനിയമെനൈവപത്ഥ്യന്നാപത്ഥ്യമിഷ്യതെ ।
വയൊഭേദേനരോഗസ്യസത്ത്വോബാഹുല്യസംഭവാൽ ॥

൧൨. അബ്ദത്രയാവസാനാന്തൊനിയമഃപ്രാഗുദീരിതഃ ।
സാമാന്യെനനിഷിദ്ധസ്യവിശെഷപ്രതിഷെധതഃ ॥

ഗുരുവായും കഫവൃദ്ധിയെ ഉണ്ടാക്കുന്നതായും ഭക്ഷിച്ചാൽ ഉദരത്തിങ്കൽ സ്തംഭനത്തെ ഉണ്ടാക്കുന്നതായും ദീപനകാലത്തിങ്കൽ പിത്തൊഷ്മാവിനെ ജ്വലിപ്പിച്ച വയററിൽ കാളലുണ്ടാക്കുന്നതായുമുള്ള പദാൎത്ഥങ്ങൾ ഏവക്കും അപത്ഥ്യമെന്ന വിധിച്ചിട്ടുണ്ടല്ലൊ. അതുകൾ ബാലന്മാൎക്ക ഏററവും അപത്ഥ്യങ്ങളാകുന്നു. അവിടേയും വിശേഷിച്ച മൂന്നു വയസ്സുകഴിയൊളം ഒട്ടുംതന്നെ കൊടുക്കാതെ കഴിച്ചുകൊൾകയും വെണം.

൰൮. അക്ഷ്ണൊന്മീലനംശശ്വൽസ്തനദ്വെഷൊനുപക്രമഃ
പ്രതതംരൊദനഞ്ചസ്യാദ്ദുനപക്ഷസ്യമൃത്യവെ॥
എല്ലാസമയവും കണ്ണുമിഴിക്കാതെ കിടക്കുക, പ്രതിവിധി ചെയ്താലും മുലകുടിക്കാതെ കിടക്കുക, ഇടവിടാതെ കരയുക എന്നിവ കണ്ടാൽപേതിനഞ്ച ദിവസം കഴിയാതെ ഉള്ളകുട്ടിയാകിൽ ആ കുട്ടി മരിക്കുമെന്ന വിചാരിക്കണം.

൰൯. മലമൂത്രവിബന്ധശ്ചസന്ദൃഷ്ടൊനിഷ്പ്രതിക്രിയഃ।
സ്വരശ്ചഗൃദ്ധ്രസാദൃശഃസൎവ്വെഷാമപിമൃത്യവെ
മലമൂത്രങ്ങൾക്ക ഔഷധങ്ങൾകൊണ്ട തീൎത്താൽ തീരാതെയുള്ള ബന്ധവും കരയുന്ന സമയം കഴുകിന്റെ ഒച്ചപോലെയുള്ള ഒച്ച പുറപ്പെടുകയും കൂടികണ്ടാൽ എല്ലാ ബാലന്മാരും ഉടനെ മരിക്കുമെന്നറിക.

൨൰. ആസ്യെനുബന്ധിവൈവൎണ്ണ്യമക്ഷ്ണൊരന്തൎന്നിമജ്ജനം। ഉച്ഛ്വിഷ്ടാരുഭിരംഗാനാംപ്രചിതൈഃപരിസൎപ്പണം॥
൨൰൧. ഹനനാദിവനിൎവ്വ്യാദ്ധ്യരൊദനംസാസ്രയാദൃശാ।
വാമയെതരയാവാസ്രസിരാദന്തുരഗൎഭയാ॥
൨൰൨. രുദതസ്സ്വരസംരൊധൊധാത്രാക്ഷെപൊഭയാദിവ।
സൎവ്വാംഗെലൊഹിതച്ഛായാദൊഃപാദതലനീലിമാ।
൨൰൩. ഫാലെനീലസിരാശൊണവിന്ദുമണ്ഡലദൎശനം।
സ്വസ്ഥസ്യമൃത്യവെകസ്മാച്ഛിശൊരെതാനിഭൂരിശഃ॥
സ്ഥായിയായി കാണുന്ന മുഖത്തിന്റെ നിറമാററം, അകത്തെക്ക കണ്ണുകളുടെ വലിച്ചിൽ, സൎവ്വാംഗം എച്ചിൽപുണ്ണുനിറയുക, ഇടയ്ക്കിടയ്ക്ക അടികൊണ്ട കരയുന്നതുപോലെ കരയുക, ഒരുകണ്ണിൽ രക്തവൎണ്ണമായ ഞരമ്പുകൾപൊങ്ങികാണുകയും കണ്ണുനീർ വാലുകയും ചെയ്ക, കരയുന്നസമയം ഒച്ചപൊങ്ങായ്ക, ഭയം ഹേതുവായിട്ട എന്നപോലെ കൂടക്കൂടെ ഞെട്ടിത്തെറിക്കുക, സൎവ്വാംഗവുംചൊകപ്പുകാണുക. ഉള്ളംകയ്യിലുംഉള്ളംകാലിലും കറപ്പുകാണുക, നെററിമേൽ കറുത്തഞരമ്പുകളും വട്ടത്തിൽ രക്തവൎണ്ണമായ ചിലപുള്ളികളുംകാണുക ഈ വക ലക്ഷണങ്ങളിൽ മൂന്നിലധികം ഒന്നിച്ച ഹേതുകൂടാതെ കണ്ടാൽ സ്വസ്ഥനായാലും ആബാലൻ മരിക്കുമെന്നറിക.

൨൰൪. സൎവ്വാണിചബലിഷ്ഠസ്യശംസന്ത്യുല്പത്തിമന്തികാൽ।
എഷുസന്ദൃശ്യമാനേഷുവൈദ്യസ്സ്വവഹിതൊഭവേൽ॥
മെൽപറഞ്ഞ ലക്ഷണങ്ങളിൽ ഏതെങ്കിലും ഒന്നു കണ്ടാൽ ബലവാനായിരിക്കുന്ന ഒരുവ്യാധി ഉടനെ കാണുമെന്നറിഞ്ഞ

വൈദ്യൻ ആ വ്യാധികണ്ടാലുടനെ ചികിത്സിപ്പാനായിക്കൊണ്ട ഒരുങ്ങിയിരിക്കയും വേണം.

൮൫. സിദ്ധൈരൌഷധൈമ്മന്ത്രൈസ്തസ്യതസ്യപ്രതിക്രിയാം। യഥാകാലംയഥാദേശംകുർവ്വാണൊനാവരാദ്ധ്യതി॥

സിദ്ധങ്ങളായ ഔഷധങ്ങളെക്കൊണ്ടും സിദ്ധമന്ത്രങ്ങളെക്കൊണ്ടും അതാതുരോഗങ്ങളുടെ ചികിത്സയെ ദെശകാലവസ്ഥയെ അറിഞ്ഞപ്രവൃത്തിക്കുന്ന വൈദ്യൻ അപരാധിയാകുയും ഇല്ല.

ഇതി വാഗ്ദാസൊപനാമകരാമാനന്ദനാഥ പണ്ഡിതപാരശവെന്ദ്രകൃതാ വാരോഗ്യകല്പദ്രുമെബാലചികിത്സായാംപ്രഥമസ്തബകൊനാമ പ്രഥമാദ്ധ്യായഃ

---

## ആരോഗ്യകല്പദ്രുമെ ബാല ചികിത്സായാം
## ദ്വിതീയാദ്ധ്യായ പ്രാരംഭഃ

---

൧. പക്ഷാതീതസ്യസന്ധ്യായാംകുർവ്വീതാസ്യബലിക്രിയാം।
ഷൊഡശാഹാൽസമാരഭ്യപ്രത്യഹംശാസ്ത്രചൊദിതാം॥

പതിനഞ്ച ദിവസം കഴിഞ്ഞാൽ ആ ബാലന പതിനാറാം ദിവസംമുതൽ സന്ധ്യാകാലങ്ങളിൽ ശാസ്ത്രത്താൽ വിധിക്കപ്പെട്ടബലികമ്മത്തെ നിത്യമായി ചെയ്ക.

൨. ജാതമാത്രസ്യയച്ചോക്തംതത്തദ്രോഗപ്രശാന്തയെ।
തത്സവ്വംയൊജയെദത്രകിന്തുമാത്രാതുഭിദ്യതെ॥

ഒന്നാമദ്ധ്യായത്തിൽ ജാതമാത്രന്ന അതാതരോഗങ്ങളെക്കുറിച്ച പറഞ്ഞിരിക്കുന്ന ചികിത്സകൾ പക്ഷതീതനായ ബാലന്നും ചെയ്തുകൊൾക. മാത്രാഭേദം വരുത്തിക്കൊൾകയും വേണം.

൩. കഷായദ്രവ്യസ്യമാത്രംതുദ്വിഗുണാസ്യപ്രകീർത്തിത।
തൊയസ്യപ്രാഗപദെവെതിസംപ്രദായവിദൊവിദുഃ॥

കഷായത്തിന്നുള്ളമരുന്ന രണ്ടു കഴഞ്ച വേണമെന്നും വെള്ളം നാഴിതന്നെ മതിയെന്നും പൂർവ്വവൈദ്യന്മാരുടെ പക്ഷമാകുന്നു. കഷായം ആഴക്കിൽ പകുതിതന്നെ മതി.

൪. സ്തന്യദോഷെഷുസത്സ്വസ്യപ്രായശൊവ്യാധിസംഭവഃ।
ജാതമാത്രസ്യദോഷാണാംപ്രചയായൈവകെവലം॥

മുലപ്പാലിന ദോഷമുണ്ടായിരുന്നാൽ ആയത നിത്യമായികുടിച്ചാലും ജാതമാത്രനദോഷങ്ങളുടെ വൎദ്ധനയല്ലാതെആയത കാരണമാകയുമില്ല. ജാതമാത്രനായയവൻ ദൂഷിച്ചമുലപ്പാലുകുടിക്കിൽ അത ഹേതുവായിട്ട ദോഷങ്ങൾ വൎദ്ധിച്ച പക്ഷാതീതനാകുന്ന സമയത്തിങ്കൽ രോഗങ്ങളെ ഉത്ഭവിപ്പിക്കും.

ഒ. അതഃപ്രാഗേവവൈദ്യേനസ്തന്യദോഷഃപരീക്ഷ്യതാം ।
ക്ഷാളനാല്പഗന്ധപങ്കസ്യദൂരാദസ്പൎശനംവരം ॥

അത ഹേതുവായിട്ട ജാതമാത്രനായിരിക്കുമ്പോൾതന്നെമാതാവിന്റെ മുലപ്പാലിന്ന ദോഷമുണ്ടൊയെന്ന പരീക്ഷിച്ച ഉണ്ടായിരുന്നാൽ ആയത തീൎക്കേണ്ടതാകുന്നു. ചളിയിൽചവിട്ടി ചളി കാലിന്മെലാക്കി കഴുകുന്നതിനേക്കാൾമുമ്പെതന്നെഅതിനെ തൊടാതെ ദൂരത്തുകൂടെ പോകുന്നത നല്ലതാകുന്നു.

ന്ന. അഥൈവമപിതന്നവ്യംനചികിത്സിതുമൎഹതി ।
അസ്ഫുടത്വാന്നദോഷാണാമിതിപൂൎവ്വമുദാസിതം ॥

മുൻപറഞ്ഞപ്രകാരമായിരിക്കലും പുതുതായ മുലപ്പാലിന്ന അല്പംദോഷമുണ്ടായാലും ആയത ചികിത്സിച്ച ശമിപ്പിപ്പാൻ സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ ദോഷങ്ങളുടെ അസ്ഫുടത ഹെതുവായിട്ട അപ്പോൾ പരീക്ഷിച്ചറിവാൻപ്രയാസമാകുന്നു എന്ന വിചാരിച്ച ആ പ്രവൃത്തിയെ അപ്പോൾ പറയേണ്ടതിലേക്ക ഉദാസീനതയെ ചെയ്തു എന്ന അറിഞ്ഞുകൊൾകയുംവേണം.

ൌ. അതൊത്രതല്പരീക്ഷാതുപ്രത്യുദീക്ഷ്യവിധിയതെ ।
ലക്ഷണാനിചദോഷാണാംവക്ഷ്യന്തെചസമാസതഃ॥

അതഹേതുവായിട്ട ഇവിടെ സ്തന്യപരിക്ഷയും സ്തന്യദോഷത്തിന്ന കാരണമായ വാതാദിദോഷങ്ങളെ അറിവാൻതക്കതായ ലക്ഷണങ്ങളെയും ഇതിനുതാഴെ പറയുന്നു.

വ്യ. യാത്യൈക്യംസ്തന്യമംഭൊഭിശ്ശുദ്ധംതദ്വാതദൂഷിതം ।
അംഭസ്യുൽപ്ലുതമാതിഷ്ഠെൽകഷായംഫേനസംയുതം ॥

ശുദ്ധമായിരിക്കുന്ന മുലപ്പാലശുദ്ധജലത്തിലൊഴിച്ചാൽ അതൊട നല്ലവണ്ണം ചേരും. വാതംകൊണ്ട ദൂഷിച്ചാൽ വെള്ളത്തിലൊഴിച്ചാൽ പൊങ്ങിനിൽക്കും. ചവൎപ്പുരസത്തോടുകൂടിയിരിക്കയും നുരയൊടുകൂടിയിരിക്കയും ചെയ്യും.

ൻ. പിത്തെനപീതരെഖാഢ്യമുഷ്ണംകടുചസംയുതം ।
നിമജ്ജതികഫാൽസാന്ദ്രംപിച്ഛിലംലവണാന്വിതം ॥

പിത്തംകൊണ്ടു ദൂഷിച്ചാൽ വെള്ളത്തിലൊഴിക്കുമ്പോൾ മ

ഞ്ഞ നിറത്തിൽ ചില രേഖകൾ കാണും. എരു, പുളി ഈരണ്ടു രസത്തോടുകൂടിയിരിക്കും ചൂടുമുണ്ടാകും. കഫംകൊണ്ടു ദുഷിച്ചാൽ വെള്ളത്തിലൊഴിക്കുമ്പോൾ താഴും കൊഴുപ്പും ഇഴുക്കവും ഉണ്ടായിരിക്കും ഉപ്പുരസത്തോടും കൂടിയിരിക്കും.

൬൦. ദ്വാഭ്യാംത്രിഭിർദ്വയോർല്ലിംഗംത്രയാണാഞ്ചരദാവഹേൽ। യഥാസ്വലിംഗംകുര്യാച്ചനിവീതന്തൽഗദാഞ്ഛിശോഃ॥

രണ്ടുദോഷങ്ങൾകൊണ്ടു ദുഷിച്ചാൽ രണ്ടുദോക്ഷങ്ങളുടെയും മൂന്നു ദോഷങ്ങൾകൊണ്ടു ദുഷിച്ചാൽ മൂന്നു ദോഷങ്ങളുടെയും ലക്ഷണങ്ങൾ കാണാം ആ പാലു കുടിച്ചാൽ അതാതുദോഷങ്ങളെക്കൊണ്ടു കുട്ടികൾക്കു വ്യാധികൾ ഉണ്ടാകും.

൬൧. ഏവംപരീക്ഷ്യസ്തന്യസ്യദോഷന്നിശ്ചിത്യസൂക്ഷ്മയാ।
ഭിഷഗ്ദൃശാത്രകുർവീതമാതുസ്തസ്യചികിത്സിതം॥

ഇപ്രകാരം മുലപ്പാലിന്റെ ദോഷത്തെ സൂക്ഷ്മമായി പരീക്ഷിച്ചറിഞ്ഞ അത ശമിപ്പാൻ ഉള്ള ചികിത്സകൾ മാതാവിന്ന ചെയ്കയുംവേണം.

൬൨. അഥവാസ്ഫുടദോഷേപികുര്യാത്തദ്ദോഷശംകയാ।
അദൃഷ്ടതൈവതുനൈഷ്ഫല്യമസ്യഥാനിന്നചെയതാ॥

മുലപ്പാലിന്റെ ദോഷങ്ങൾ പരീക്ഷിച്ചറിവാൻതക്കവണ്ണം വ്യക്തമല്ലാത്ത സമയങ്ങളിലും ദോഷങ്ങളെ ശങ്കിച്ച അതുകൾ ശമിക്കത്തക്കതായ സാമാന്യ ചികിത്സയെ ചെയ്യുന്നത ഏററവും നല്ലതാകുന്നു. മുലപ്പാലിന ദോഷമില്ലാത്തപ്പോൾ ഉണ്ടായ ശങ്കയാകിൽ ആ ചികിത്സാ നിഷ്ഫലമായി എന്നല്ലാതെവേറെ ഒരു ദോഷവും ഇല്ലല്ലൊ.

### മുലപ്പാൽപരീക്ഷയുടെ കാലനിയമം

൬൩. സകൃദ്വിർവ്വാപരീക്ഷേഷാപക്ഷസ്യതുവിധീയതാം।
വീതെദുഷ്ടെപുനസ്തന്യെശിശൊരപിചികിത്സിതം॥

ഒരുപക്ഷത്തിങ്കൽ ഒരു പ്രാവശ്യമൊ രണ്ടുപ്രാവശ്യമൊ മുലപ്പാൽ പരീക്ഷിച്ചറികയും വേണം. ദുഷ്ടമായ മുലപ്പാല അകത്തുപെട്ടാൽ കുട്ടികൾക്കു ചികിത്സിക്കണം.

### ദുഷ്ടമായ മുലപ്പാല കുടിച്ചാൽ ചികിത്സിക്കേണ്ട കാലനിയമം.

൬൪. സദ്യഏവപ്രകുർവ്വീതപ്രാഗ്രൂപേഷ്വസത്സുവാ।
വ്യക്തലിംഗെഷുചാശക്താവാത്ത്ബന്ധുഭിരർത്ഥിതഃ।

ദുഷ്ടമായ മുലപ്പാല കുടിച്ചു എന്നറിഞ്ഞാൽ ഉടനെയൊ ആ

യതഅറിയാഞ്ഞിൽ അതാതുരോഗങ്ങളുടെപൂൎവ്വരൂപങ്ങൾകാണു മ്പോൾതന്നെയൊ അന്നും കഴിയാതെവരികിൽരോഗങ്ങൾവ്യ ക്തങ്ങളായതിന്റെ ശേഷമോ രോഗിയുടെ ബന്ധുക്കളുടെ അ പേക്ഷപ്രകാരം വൈദ്യൻ പ്രതിവിധിയെചെയ്കയും വേണം.

(മൂലപ്പാലുദൂഷിച്ചാൽ ചെയ്യേണ്ടത)

൫൭. വിലദ്യാന്മൂലംനിഷ്പിഷ്യശൃതശീതെനവാരിണാ!
വിധേയസ്തനയോർല്ലേപസ്തന്യദോഷപ്രശാന്തയെ॥

കൂളത്തിൻവേര, കാച്ചിത്തണുത്തവെള്ളത്തിൽ അരച്ച മുല മേൽ എല്ലാടവും തേക്കുക.

൫൮. ബലാകഷായെനിഷ്പിഷ്യരാസ്നാമധുകശാരിബാഃ।
പ്രലിംപെദ്വാസ്തനൌദാരുശതാഹ്വാധാന്യകാനിവാ॥

കുറുന്തോട്ടിക്കഷായത്തിൽ അരത്ത, ഇരട്ടിമധുരം, നന്നാറി ക്കിഴങ്ങ ഇവകൾ അരച്ച മേൽപ്രകാരം തേക്കുക. കുറുന്തോട്ടി ക്കഷായത്തിൽ തന്നെദേവതാരം, ശതകുപ്പ, കൊത്തമ്പാലയരി ഇതുകളരച്ച മേൽപ്രകാരം തേക്കുക.

൫൯. സൎവ്വദോഷഹരാലെപാസ്സ്യൂയഎതെപ്രകീൎത്തിതാഃ । ദ്വി രണൈാധുരണന്തെഷാംയാമാദ്ധന്നവിശോഷയേൽ॥

മേൽപറഞ്ഞ ലേപനങ്ങൾ സൎവ്വദോഷഹരങ്ങളാകുന്നു. ഇത ത്രെ സാമാന്യചികിത്സാ എന്നമുമ്പെപറഞ്ഞത്. രണ്ടുനേരവും ഈലേപനം ചെയ്ക മൂന്നെമുക്കാൽനാഴിക ഇരിക്കണം. മരുന്ന മുലമേൽ ഇരുന്ന ഉണങ്ങാതെ മാറിമാറിതേക്കണംമൂന്നെമുക്കാ ൽ നാഴികകഴിഞ്ഞാൽ മുലകഴുകിതോൎത്തികൊടുക്കുക.

(വാതംകൊണ്ടു മൂലപ്പാലദൂഷിച്ചാൽ)

൬൦. ബലാമധുകജീവന്തീരാസ്നാവിശ്വസുരദ്രുമൈഃ।
സഹിതൈസ്സുവ്യപൎണ്ണീഭ്യാംപടുശൌണ്ഡീരജൊനചിതം॥

൬൧. വാതെനൊപഹതസ്തന്യാപിബതുകഥിതംജലം ।
പഞ്ചമൂലവരീദാരുവിദാരീഭിരഥാപിവാ॥

കുറുന്തോട്ടിവേര, എരട്ടിമധുരം, അടപതിയൻകിഴങ്ങ, അരത്ത കൂളത്തിൻവെര, ദേവതാരം, കാട്ടുഴുന്നിൻവേര കാട്ടുപയററി ൻവേര, ഇവകൊണ്ടു കഷായംവച്ച ഇന്തുപ്പുംതിപ്പലിലുംപൊ ടിച്ച മേപ്പൊടിചേൎത്ത സേവിപ്പിക്കുക. അല്ലായെങ്കിൽ കുമി ഴിൻവേര, കൂളത്തിൻവേര, പൂപ്പാതിരിവേര, പലകപ്പയ്യാനി വേര, മുഞ്ഞവേര, ശതാവരിക്കിഴങ്ങ, ദേവതാരം മുതക്കിൻകി ഴങ്ങഇവ കൊണ്ടുകഷായം വച്ച മേൽപ്രകാരം മേപ്പൊടി ചേ ൎത്ത സേവിപ്പിക്ക.

(പിത്തംകൊണ്ടു മുലപ്പാലദൂഷിച്ചാൽ)

൨൦. മൂലൈസ്തൃണാനാംപഞ്ചാനാംധാത്രീക്ഷീരിദ്രുവല്കലൈഃ
സിന്ദുവാരസുഗന്ധാഭ്യൈഃസ്സിതാസപ്പിർവ്വിമിശ്രിതം॥
൨൧. പിത്തെനയഭാജീലന്തീവരീമധുകചന്ദനൈഃ।
ശാരിബാമലകൊശീരസാരണീദാരുസംയുതൈഃ॥

ദർഭവെര, ആറുദർഭവേര, അമവേര, കരിമ്പിൻവേര, ചെന്നെല്ലിൻവേര, നെല്ലിക്ക, നാല്പാമരത്തിൻതൊലി, കരിനൊച്ചിവേര, അരത്ത ഇവകൊണ്ടകഷായം വച്ച പഞ്ചസാരയും നെയ്യുംമേപ്പൊടിചേൎത്ത സേവിപ്പിക്ക അല്ലായെങ്കിൽ അടപതിയൻകിഴങ്ങ, ശതാവരിക്കിഴങ്ങ, ഇരട്ടിമധുരം, ചന്ദനം, നന്നാറിക്കിഴങ്ങ, നെല്ലിക്ക, രാമച്ചം, പ്രസാരിണി, ദേവതാരം ഇവകൊണ്ട കഷായംവച്ച മേൽപ്രകാരം മേപ്പൊടിചെൎത്ത സേവിപ്പിക്ക. (ചെന്നെല്ലിൻ വെരിന്ന പകരം വരിനെല്ലിൻ വേര കൂട്ടിവരുന്നു)

(കഫംകൊണ്ട മുലപ്പാലദൂഷിച്ചാൽ)

൨൨. ശ്ലേഷ്മണാപിചു മന്ദതാഗാരാമഗധജന്മഭിഃ।
പടോലാമൃതവല്ലീഭ്യാംസഹിതൈസ്സസിതാമധു॥
൨൩. യഭാവെല്ലവചാധാത്രീഭൂനിംബകടുകാനാഭിതൈഃ।
അഭീരുവീരാതാലീസപത്രൈസ്സകണൈകെശ്ശൃതം॥

വെപ്പിൻതൊലി, ത്രിഫല, തിപ്പലി, പടൊലം, ചിററമൃത ഇവകൊണ്ടകഷായംവച്ച തേനും പഞ്ചസാരയും മേപ്പൊടിചേൎത്ത സേവിപ്പിക്ക. അല്ലായെങ്കിൽ വിഴാലരി, വയമ്പ, നെല്ലിക്ക, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, കടുകരോഹണി, ശതാവരിക്കിഴങ്ങ, കോവക്കിഴങ്ങ, താലീസപത്രം, [illegible]പ്പലി ഇവകൊണ്ട കഷായംവച്ച മേൽപ്രകാരം മേപ്പൊടിചേൎത്ത സേവിപ്പിക്ക.

൨൪. സംസഗ്ഗേസന്നിപാതെചസായമെവപ്രകല്പയെൽ।
അനയാബുദ്ധിമാൻയുക്ത്യാചൂണ്ണാദ്യമിതരച്ചയൽ॥

രണ്ടുദോഷങ്ങളെക്കൊണ്ടൊ മൂന്നുദോഷങ്ങളെക്കൊണ്ടൊ മുലപ്പാലദൂഷിച്ചാൽ സേവിപ്പിക്കേണ്ട കഷായങ്ങൾ ബുദ്ധിമാനായ വൈദ്യൻ മെൽപറഞ്ഞ കഷായങ്ങളുടെ യുക്തിയെഅനുസരിച്ച നിശ്ചയിക്കുകയും വേണം ഇപ്രകാരം പൊടിമുതലായ ഔഷധങ്ങളെയുക്ത്യനുസാരെണ നിശ്ചയിച്ച പ്രവൃത്തിക്കുകയുമാം.

൨൫. അസംശുദ്ധസ്യപാനെനസ്തന്യസ്യപയസശ്ശിശൊഃ।

വച്ചൊമൂത്രവിബന്ധാന്തർദ്ദാഹച്ഛർദ്ദ്യാദയൊഗദാഃ।
൨൬. സാമാന്യേനമഹാവൈദ്യൈഃപ്രൊക്താസ്തത്രസനാഥ
താം। കാലകമ്മവിശേഷസ്യപ്രാപ്യകുയ്യാജ്ജ്വരാദികാൻ।

ദുഷ്ടമായ മുലപ്പാൽ കുടിച്ചാൽ അതുകൊണ്ട കുട്ടികൾക്കസാമാന്യേന മലബന്ധം മൂത്രരോധം ഉള്ളിൽചൂട, ഛർദ്ദി മുതലായ രോഗങ്ങൾ ഉണ്ടാകുമെന്ന ശാസ്ത്രങ്ങളിൽ പറകപ്പെട്ടിരിക്കുന്നു. അത്രയുമല്ല അതുതന്നെ കാലഭേദങ്ങളെയും അപത്ഥ്യങ്ങളായ പ്രവൃത്തികളുടെ ഭേദങ്ങളെയും സഹായമാക്കിപ്പിടിച്ച പനിമുതലായ അനേകരോഗങ്ങളെ ഉണ്ടാക്കുന്നു.

൨൭. അതസ്തംപായയെൽബാലംയെനതൽപീതമഞ്ജസാ।
പൂവ്വോക്താനെവവാതാദൌകഷായാൻസ്വസ്വമാത്രയാ

ദുഷിച്ച മുലപ്പാൽ കുട്ടികൾ കുടിച്ചാൽ മാതാവിന സെവിപ്പാൻ ഇതിന്നുമുമ്പെ പറഞ്ഞ കഷായങ്ങൾ തന്നെ ലഘുവായി അവരവൎക്ക വിധിക്കപ്പെട്ട മാത്രകൊണ്ട മരുന്ന കണക്കാക്കി എടുത്ത അതിനെ അനുസരിച്ച വിധിച്ച വെള്ളത്തിൽ വച്ച ക്രമപ്രകാരം മെപ്പൊടി ചേൎത്ത സേവിപ്പിക്ക.

൨൮. പ്രാഗ്രൂപെഷുജ്വരാദീനാംദൃശ്യമാനെഷുവാതതഃ।
വൈദ്യഃപ്രതിവിധിംകുയ്യാദ്വക്ഷ്യതെതസ്യതുക്രമഃ॥

ജ്വരാദിരോഗങ്ങളുടെ പൂവ്വരൂപങ്ങൾ കണ്ടാൽ ഉടനെയൊ അതാതുരോഗങ്ങൾ വ്യക്തങ്ങളായതിൻെറ ശേഷമൊ വൈദ്യൻ പ്രതിവിധികളെ ചെയ്യണം. അതുകളുടെ ക്രമം ഇതിന്നുതാഴെ പറയുന്നു.

## ജ്വരചികിത്സാ

൨൯. ജ്വരെഷുകടുകാചൂർണ്ണംസ്തന്യേനസഹപായയെൽ।
രജഃപപ്പടകാനാംച്ചമുസ്താപപ്പടയൊശ്ചവാ॥

കടുകരോഹണി പൊടിച്ച മുലപ്പാലിൽ സേവിപ്പിക്കുക പപ്പടകം ഉണക്കിപ്പൊടിച്ച മുലപ്പാലിൽ സെവിപ്പിക്ക. പപ്പടകവും മുത്തങ്ങയുംകൂടി ഉണക്കിപ്പൊടിച്ച മുലപ്പാലിൽ സേവിപ്പിക്ക. ൟ പ്രയോഗങ്ങൾ ബാലന്മാരുടെ എല്ലാ ജ്വരങ്ങൾക്കും നന്ന.

൩൦. സ്വശ്ശാസഹായാശ്ചൂർണ്ണന്തുപയസാലോഡ്യപായയെൽ
മൂലംവാപൌഷ്കരംപിഷ്ട്വാപാഠാംവാധാന്യകാന്വിതാം।

തൊട്ടാവാടി ഉണക്കിപ്പൊടിച്ച പാലിൽ സേവിപ്പിക്ക. പുഷ്കരമൂലം പാലിലരച്ച സേവിപ്പിക്ക. പാടക്കിഴങ്ങും കൊത്ത

ന്വാലയരിയും സമം പാലിലരച്ചു സേവിപ്പിക്ക.

൩൧. താലീസപത്രഭൂനിംബവചാവെല്ലപയോമുചാം॥
സപപ്പടാനാംചൂർണ്ണംവാമാക്ഷികെണസമന്വിതം।

താലീസപത്രം, പുത്തരിച്ചുണ്ടവേരിന്മേൽതൊലി, വയമ്പ, വിഴാലരി, മുത്തങ്ങക്കിഴങ്ങ, പപ്പടകം ഇവ പൊടിച്ചു തേനിൽ സേവിപ്പിക്ക.

൩൨. സർവ്വജ്വരഹരായോഗാസ്സർവ്വേമീവൃദ്ധസമ്മതാഃ॥
ഏഭിരെവശമഃകാര്യോജാതമാത്രസ്യതുജ്വരെ॥

൩൩. പക്ഷാദൂർദ്ധ്വംഭവെതത്രപ്രതിദൊഷൊതിതെനവാ।
അന്യേഷ്വപിചരൊഗെഷുരീതിരെഷാനുരുദ്ധ്യതാം॥

മേൽപറഞ്ഞ പൊടികൾ ഒക്കയും എല്ലാ ജ്വരങ്ങൾക്കും ശമനകരങ്ങളാകുന്നു. പതിനഞ്ചുദിവസത്തിലകം പനികണ്ടാൽ മേൽപറഞ്ഞ പൊടികൾ കൊടുക്കുന്നതല്ലാതെ കഷായാദികൾക്ക ആവശ്യമില്ല. പതിനഞ്ചു ദിവസം കഴിഞ്ഞാലും പൊടികൾഏററവും നല്ലതാകുന്നു. കഷായാദികൾക്ക വിരോധമില്ല. ഈ ന്യായം ഇതരരോഗങ്ങളിലും അനുസരിക്കേണ്ടതാകുന്നു.

(വാതജ്വരത്തിന്ന)

൩൪. വാതജ്വരെതുഭൂനിംബമുസ്താജീരകധാന്യകാൻ।
സഞ്ചൂർണ്ണ്യരാസ്നയോപെതാൻപായയേൽസ്തന്യലോളിതാൻ

പുത്തരിച്ചുണ്ടവേരുമ്മൽതൊലി മുത്തങ്ങക്കിഴങ്ങ, ജീരകം, കൊത്തമ്പാലയരി, അരത്ത ഇവ പൊടിച്ചു മുലപ്പാലിൽ സേവിപ്പിക്ക.

൩൫. അഥവാവെല്ലവിശ്വാബ്ദശതാഹ്വാഹസ്തിപിപ്പലീഃ॥
കടുരൊഹണികൊപെതാശ്ചൂർണ്ണീകൃത്യപ്രയോജയെൽ।

അല്ലായെങ്കിൽ വിഴാലരി, ചുക്ക, മുത്തങ്ങ, ശതകുപ്പ, അത്തിത്തിപ്പലി, കടുകരോഹണി ഇവ പൊടിച്ചു മുലപ്പാലിൽ സേവിപ്പിക്ക

(പിത്തജ്വരത്തിന്ന)

൩൬. പിത്തജ്വരെവരീസെവ്യചന്ദനാബ്ദമധൂകജം॥
കടുകാപപ്പടൊപെതംരജസ്തന്യേനപായയെൽ।

ശതാവരിക്കിഴങ്ങ, രാമച്ചം, ചന്ദനം, മുത്തങ്ങക്കിഴങ്ങ, ഇരിപ്പക്കാതൽ, കടുകരോഹണി, പപ്പടം, ഇവ പൊടിച്ചു മുലപ്പാലിൽ സെവിപ്പിക്ക.

൩൭. യഷ്ട്യായഷ്ട്യാഹ്വയാഭീരുമസ്താസെവ്യോൽപലാംബുഭിഃ
സപപ്പടൈഃകൃതംചൂർണ്ണംസസിതന്തെനപായയെൽ।

അല്ലായെങ്കിൽ ഇരട്ടിമധുരം, ശതാവരിക്കിഴങ്ങ, മുത്തെങ്ങ രാമച്ചം, ചെങ്ങഴിനീക്കിഴങ്ങ, ഇരുവേലി പപ്പടം ഇവ പൊടിച്ച പഞ്ചസാരകൂട്ടി മുലപ്പാലിൽ ചേൎത്ത സേവിപ്പിക്ക.

(കഫജ്വരത്തിന്ന)

൩൭. കഫജ്വരെവചാജാജീഷഡ്ഥീഫലനകണാരജഃ।
ശൃംഗിവെരരസസ്തന്യലുളിതംലെഹയെന്മുഹുഃ॥
വയമ്പ, അശാളി, കച്ചൂരിക്കിഴങ്ങ, മുത്തെങ്ങക്കിഴങ്ങ തിപ്പലി ഇവ പൊടിച്ച ഇഞ്ചിനീരും മുലപ്പാലും കൂട്ടി അതിൽ ചാലിച്ച പലവട്ടമായി സേവിപ്പിക്ക.

൩൮. അഥവാജീരകദ്വന്ദ്വവചാഭൃനിംബഫിംഗുഭിഃ।
സനാഗരൈഃകൃതംചൂൎണ്ണംവൈദ്യഃപ്രാഗ്വദ്വിലേഹയേൽ॥
അല്ലായെങ്കിൽ ജീരകം, കരിഞ്ചീരകം, വയമ്പ, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, കായം, ചുക്ക ഇവ പൊടിച്ച മെൽപ്രകാരം സേവിപ്പിക്ക.

(വാതപിത്തജ്വരത്തിന്ന)

൪൦. ജ്വരെതുവാതപിത്തൊത്ഥെമുസ്താപുഷ്കരമൂലയൊഃ।
സപപ്പടകയൊശ്ചൂൎണ്ണംനവനീതെനലെഹയെൽ॥
മുത്തെങ്ങ, പുഷ്കരമൂലം, പപ്പടം ഇവ പൊടിച്ച വെണ്ണനെയ്യിൽ ചാലിച്ച സെവിപ്പിക്ക. ജ്വരം ശമിക്കും.

(വാതകഫജ്വരത്തിന്ന)

൪൧. വാതശ്ലെഷ്മൊത്ഥവെവ്യൊഷജീരകാംഭൊദജംരജഃ।
കടുകാപപ്പടൊപെതംദദ്യാജ്ജീൎണ്ണഗുളാന്വിതം॥
ചുക്ക മുളക തിപ്പലി, ജീരകം, മുത്തെങ്ങക്കിഴങ്ങ, കടുകരോഹണി, പപ്പടം ഇവ പൊടിച്ച പഴശക്കരയിൽ സേവിപ്പിക്ക

൪൨. സ്തന്യേനസഹിതംവാതൽസ്ഥാനെജീൎണ്ണഗുളസ്യത്തു।
യദ്വാലശുനതൈലെനലെഹയെൽപരിമിശ്രിതം॥
ശക്കരയുടെ സ്ഥാനത്ത മുലപ്പാലായാലും നല്ലതാകുന്നു. അല്ലായെങ്കിൽ ഉള്ളിത്തൈലത്തിൽ ചാലിച്ച സേവിപ്പിക്ക.

(പിത്തകഫജ്വരത്തിന്ന)

൪൩. പിത്തശ്ലെഷ്മൊത്ഥവെതത്രമുസ്താമലകജംരജഃ।
സ്തന്യയുക്തംമധുകാബ്ദകണാപപ്പടകഞ്ചവാ॥
മുത്തെങ്ങ, നെല്ലിക്ക ഇവ പൊടിച്ച മുലപ്പാലിൽ സേവിപ്പിക്ക. അല്ലായെങ്കിൽ ഇരിപ്പക്കാതൽ, മുത്തെങ്ങക്കിഴങ്ങ, തിപ്പലി, പപ്പടം ഇവ പൊടിച്ച മേൽപ്രകാരം സേവിപ്പിക്ക.

(സന്നിപാതജ്വരത്തിന്നു)

൪൮. ജ്വരെതുസന്നിപാതൊത്ഥെസിന്ദുവാരാക്കരാഗജം ।
രജൊഗൊരൊചനായുക്തംസിതാസ്തന്യസമന്വിതം ॥
കരിനൊച്ചിവേര അക്കാരിത്തെങ്ങ, ഗോറോചനം ഇവ സമം പൊടിച്ച പഞ്ചസാരകൂട്ടി മുലപ്പാലിൽ സേവിപ്പിക്ക.

൪൯. അപരാജിതയാസാദ്ധംസഹദേവീംവിചൂർണ്ണ്യവാ ।
ഗോരോചനെന്ദുസംയുക്തംസ്തന്യെനപരിലെഹയേൽ ।
വിഷ്ണുക്രാന്തി പൂവ്വാംകുറുന്തല ഇവ പൊടിച്ച ഗോരോചനവും പച്ചക്കർപ്പൂരവും ചേൎത്ത മുലപ്പാലിൽ സേവിപ്പിക്ക.

(ജ്വരഭൈരവചൂർണ്ണം)

൫൰. വ്യൊഷൈലാജീരകാംഭൊദകടുകാമലകാഭയാഃ ।
വാശാട്രുസ്സശ്ബ്രുനിംബധാന്യകൊശീരശാരിബാഃ ॥
൫൧. ഗജാഹ്വാബൃഹതീദാരുദീപ്യകാജാജികാന്വിതാഃ ।
രുദ്രാക്ഷമുക്താസാരംഗരുരുഗണ്ഡകശൃംഗതഃ ॥
൫൨. പാദാംശാദ്ധ്യാസ്സമാച്ചൂർണ്ണ്യമൃതികാഷെന്ദുകുംകുമൈഃ
സ്വഷൊഡശാംശൈസ്സംയുക്തംസ്തന്യെനപരിലോളിതം ॥
൫൩. ലേഹയേൽബഹുഭിർവ്വാരൈസ്സസിതംസാർദ്രകാംബുവാ ।
സർവ്വജ്വരഹരഃപ്രോക്തശ്ചൂർണ്ണോയംജ്വരഭൈരവഃ ॥

ചുക്ക മുളക തിപ്പലി ഏലത്തരി ജീരകം മുത്തെങ്ങക്കിഴങ്ങ കടുകരോഹണി നെല്ലിക്ക കടുക്ക ആടലോടകത്തിൻവേര കൊടിത്തൂവ്വവേര പുത്തരിച്ചുണ്ടവേരിമ്മൽതൊലി കൊത്തമ്പാലയരി നന്നാറിക്കിഴങ്ങ അത്തിത്തിപ്പലി ചെറുവഴുതിനവെര ദേവതാരം അയമോതകം ആശാളി ഇവ സമം രുദ്രാക്ഷം മുത്ത കലങ്കൊമ്പ കൃഷ്ണമൃഗത്തിൻകൊമ്പ കണ്ടാമൃഗത്തിൻകൊമ്പ ഇവ അഞ്ചുംകൂടി മേല്പറഞ്ഞമരുന്നുകളുടെ നാലിൽ ഒരു ഭാഗം മൃതിയുണൎത്തി പച്ചക്കർപ്പൂരം കുങ്കുമം ഇവ മൂന്നുംകൂടി മേല്പറഞ്ഞ മരുന്നുകളുടെ പതിനാറിൽ ഒരുഭാഗം ഇങ്ങിനെ കൂട്ടിപ്പൊടിച്ച മുലപ്പാലിൽ ചാലിച്ച പലവട്ടമായി സേവിപ്പിക്ക. ഈ പൊടി പഞ്ചസാരകൂട്ടി ഇഞ്ചിനീററിൽ സേവിപ്പിക്കുകയുമാം സന്നിപാതജ്വരത്തിന്നു എന്നല്ല സർവ്വജ്വരങ്ങൾക്കും ശമനമാകുന്നു.

(ജീർണ്ണജ്വരത്തിന്നു)

൫൪. ജീർണ്ണജ്വരെഷുഭാങ്ഗീബൃഹതീകുഷ്ഠജംരജഃ ।
ലേഹയേൽസ്തന്യസംയുക്തംസിതയാമധുനാപിവാ ॥

ചെറുതേക്കിൻവേര മുത്തെങ്ങക്കിഴങ്ങ, ചിററമൃത, കൊട്ടം ഇവപൊടിച്ച മുലപ്പാലിൽ സേവിപ്പിക്ക. പഞ്ചസാരകൂട്ടി തേനിൽ ചാലിച്ചിട്ടും സേവിപ്പിക്കാം.

(ഒന്നരാടം പനിക്ക)

൧൫. ഏകാഹാന്തരിതെപിഷ്ട്വാത്രായന്തീപപ്പ്ടാബ്ദകം ।
കുഷ്ഠോപകുല്യാസംയുക്തംജ്വരെചാതുൎത്ഥികെപിബ॥

ബ്രഹ്മി, പപ്പ്ടകം, മുത്തെങ്ങ, കൊട്ടം, തിപ്പലി ഇവ പൊടിച്ച മുലപ്പാലിൽ സേവിപ്പിക്ക.

(നാലെത്തുമ്പോൾ വരുന്ന പനിക്ക)

൧൬. സ്തന്യേനസഹിതംയദ്വാലശുനസ്നേഹസംയുതം ।
ഗുളേനസഹിതംയദ്വാജീൎണ്ണേനസിതയാപിവാ ॥

മേൽപറഞ്ഞ പൊടി മുലപ്പാലിലൊ ഉള്ളിത്തൈലംചേൎത്തിട്ടൊ പഴയശക്കരയൊ പഞ്ചസാരയൊ ചേൎത്തിട്ടൊ സേവിപ്പിക്കാം.

൧൭. മക്ഷണാൻഗുളസഞ്ചരന്നാൻഭക്ഷയെദ്വായഥാഹ്നതഃ ।
ചാതുൎത്ഥികജ്വരെവൈദ്യോരഹസ്യമിദമൌഷധം ॥

മൂന്ന മൂട്ടയെ പിടിച്ച ശക്കരയുടെ ഉള്ളിൽ പൊതിഞ്ഞ സേവിപ്പിക്ക. ഇത നാലെത്തുമ്പോൾ ഉണ്ടാകുന്ന പനിക്ക എത്രയും രഹസ്യമായ ഔഷധമാകുന്നു.

(രാപ്പനിക്ക)

൧൮. ധാന്യകംസഹദെവീഞ്ചലവലീപത്രമെവവ ।
ചൂൎണ്ണീകൃത്യസിതാസ്തന്യസംയുക്തംനൈശികെജ്വരെ॥

കൊത്തമ്പാലയരിയും പൂവ്വാങ്കുറുന്തലയുംകൂട്ടിപ്പൊടിച്ചിട്ടൊ വെള്ളിയിലത്തിന്റെ വെളുത്തയിലതന്നെ പൊടിച്ചിട്ടൊ പഞ്ചസാര ചേൎത്ത മുലപ്പാലിൽ സേവിപ്പിക്ക.

൧൯. അശ്വത്ഥപല്ലവംപിഷ്ട്വാപയസാപായയെച്ഛവാ ।
നൈശികജ്വരനാശായരഹസ്യമിദമൌഷധം॥

അരയാൽകൂമ്പ അരച്ച പശുവിൻപാലിൽ സേവിപ്പിക്ക. രാപ്പനിക്ക ഇത എത്രയും രഹസ്യംതന്നെ.

൨൦. അഥക്ഷീരാന്നവൃത്തിത്വാജ്ജ്വരാദാവതിപക്ഷതഃ । വക്ഷ്യമാണാൻകഷായാൻവായഥാവസ്ഥംപ്രയോജയെൽ॥

ഒരുമാസം കഴിഞ്ഞ കുട്ടികൾ ക്ഷീരാന്നങ്ങളെക്കൊണ്ട ഉപജീവിക്കുന്നവരാകയാൽ അവൎക്കായിക്കൊണ്ട വിശേഷിച്ച താഴെ പറയുന്ന കഷായാദികളും അവസ്ഥയ്ക്കുതക്കവണ്ണം പ്രയോഗിക്കാം.

(ആഗന്തുക ജ്വരത്തിന്ന)

൭൨. ആഗന്തുകെജ്വരെപിഷ്ട്വാകാരവല്ലീരസെവചാം । മ
ന്ത്രൈഃപൈശാചരൌദ്രൈസ്താംജപ്ത്വാലിംപെച്ഛിശോസ്തനും॥

വിഷക്കാററ, കഠിനമായ വ്യസനം, ഭയം, ആഭിചാരം,ശാപം ഈ വകനിമിത്തങ്ങളെക്കൊണ്ടുണ്ടാകുന്ന പനിക്ക കയ്പനീരിൽ വയമ്പ അരച്ച പിശാച രുദ്രമന്ത്രങ്ങൾ ജപിച്ച ബാലന്റെ ശരീരത്തിൽ തെക്കുക.

൭൩. മന്ത്രസ്ഥസ്ഥാനെഭവെദ്ദ്യച്ചതശ്ചകുൎയ്യാത്തതഃപരം । പ്രാ
ങ്നിൎദ്ദിഷ്ടോവിധിൎയ്യോജ്യഃകൃത്സ്നഎവയഥോചിതം ॥

മേല്പറഞ്ഞതുകൂടാതെ മന്ത്രസ്ഥാനത്തിങ്കൽ പറയപ്പെടുന്നതൊക്കയും ചെയ്തിട്ട അതിന്റെ ശേഷം മുൻപറഞ്ഞ ചികിത്സകൾ ചെയ്താൽ ശമിക്കും.

൭൪. പത്ഥ്യമാഹാരമന്യച്ചസൎവ്വന്ദേശദശോചിതം ।
കാലാവസ്ഥോചിതംചാസ്യകല്പയെദ്ഭിഷക്ഷതെഃ॥

ഒരു മാസം കഴിഞ്ഞ ബാലന ദേഹത്തിന തക്കതായും പത്ഥ്യമായുമുള്ള മുത്താറി കോതമ്പ മുതലായ ഭക്ഷണസാധനങ്ങളെയും മററും കാലദേശാവസ്ഥകളെ അനുസരിച്ച വൈദ്യൻ നിശ്ചയിക്കേണ്ടതാകുന്നു. ആറാം മാസത്തിലല്ലാതെ ചോറു കൊടുപ്പാൻ ധൎമ്മശാസ്ത്രപ്രകാരം വിധിയില്ല.

൭൫. അന്യെഷാഞ്ചതഥാപ്യെതെയദിസ്യുൎവ്വിധിവില്പവാൽ ।
കഷായപാനപത്ഥ്യാന്നഭോജനാദീനിശീലയെൽ ॥

മേൽപറഞ്ഞ വിധി ഒരു മാസം കഴിഞ്ഞ ബാലന എന്നല്ല മററുള്ളവൎക്കും വേണ്ടതാകുന്നു. അവൎക്ക ആഹാരാദികളുടെ ദോഷം ഹേതുവായിട്ട ജ്വരാദികൾ സംഭവിച്ചാൽ കഷായം മുതലായ ഔഷധങ്ങളും കഞ്ഞി മുതലായ ആഹാരവും ശീലിക്കേണ്ടതാകുന്നു.

(ജ്വരത്തിന്ന)

൭൬. പൎപ്പടൈൎജ്ജലദൈൎവ്വെതൈൎയ്യദ്വാദൃഗ്സ്പൎശ്യാനഃിതൈഃ
സധാന്യകൈസ്സഭൃനിംബൈസ്സൎവ്വഷൈൎവ്വാമൃതായുതൈഃ।

൭൭. സനാഗരൈൎവ്വാവിഹിതഃക്വാഥോവാനാഗരാഷ്ടമാ ।
സസിതാജീരകക്ഷൌദ്രസ്സൎവ്വജ്വരവിനാശനഃ ॥

പൎപ്പടകം മുത്തെങ്ങക്കിഴങ്ങ ഇവ കൊണ്ട കഷായം വച്ച സേവിപ്പിക്ക. ഇതിൽ മുത്തെങ്ങക്കിഴങ്ങിന്റെ സ്ഥാനത്ത കൊടിത്തൂവവേരൊ കൊത്തമ്പാലയരിയൊ പുത്തരിച്ചുണ്ടവെരുമ്മൽതൊലിയൊആടലോടകത്തിൻവേരൊ ചിററമൃതൊചുക്കൊ

ചെത്ത കഷായംവച്ച കൊടുക്കുകയുമാം.

(നാഗരാഷ്ടമ കഷായം)

മെൽപറഞ്ഞ മരുന്നുകൾ എട്ടുംകൂടെ കഷായംവച്ച സേവിപ്പിക്കാം. എന്നാൽ അതിന്ന നാഗരാഷ്ടമമെന്ന പേരാകുന്നു ഇതുകൾക്ക മെപ്പൊടി ജീരകത്തിൻപൊടിയും പഞ്ചസാരയും ചെത്തുകൊൾകയും വേണം.

൩൩. കാശ്മീരമമൃതൊപെതംയവ്വാകുടചസംയുതം ।
പടൊലവല്ലീയുക്തംവായദ്വാമുസ്താസമന്വിതം ॥
൩൪. സൊശീരംവാസഭൃന്നിംബമെതാനികടുകാപിച ।
തത്തൽകഷായാസ്സൎവ്വെന്ത്യഃകപ്വാഥശ്ചകടുകാഷ്ടമഃ ॥
൩൫. സിതയാസഹിതാസ്സിദ്ധാസ്സൎവ്വജ്വരനിവാരണാഃ ।
സകണാജീരകക്ഷൊദസിതാമധുയുജൊപിവാ ॥

പുഷ്കരമൂലം, ചിററമൃത ഇവകൊണ്ടു കഷായം വച്ച സെവിപ്പിക്ക. ചിററമൃതിന്റെ സ്ഥാനത്ത കുടകപ്പാലയരിയോപടോലവള്ളിയോ മുത്തങ്ങക്കിഴങ്ങൊ രാമച്ചമൊ പുത്തരിച്ചുണ്ടവേരിമ്മെൽതൊലിയൊ ചെക്കാം.

(കടുകാഷ്ടമ കഷായം)

മേൽപറഞ്ഞ മരുന്നുകൾ ഏഴും കടുകരോഹണിയുംകൂട്ടി കഷായംവച്ച സേവിപ്പിക്കാം. എന്നാൽ അതിന്ന കടുകാഷ്ടമമെന്നപേരാകുന്നു. ഇതുകൾക്ക മെപ്പൊടി പഞ്ചസാര, തിപ്പലി ജീരകം, തേൻ ഇതുകൾനാലും വെവ്വേറെയും ഒന്നായിട്ടും ചെത്തസെവിപ്പിക്കാം.

(വാതജ്വരത്തിന്ന)

൩൬. മുസ്താമൃതാച്ഛിന്നസ്സശ്നാഗരൈഃക്വഥിതംജലം ।
സജീരകരജൊഹന്തിജ്വരംമാരുതകൊപജം ॥

മുത്തങ്ങ, ചിററമൃത, കൊടിത്തൂവവേര, ചുക്ക ഇവകൊണ്ടു കഷായംവച്ച ജീരകം മേപ്പൊടിചെത്ത സേവിപ്പിക്ക.

൩൭. ധന്വയാഷബലാവില്വച്ഛിന്നനാഗരൈഃ।
ധാന്യപപ്പടകൊപെതൈശ്ശൃതമംഭശ്ശ്വതാട്ടശം ॥
കൊടിത്തൂവവേര, കുറുന്തോട്ടിവേര, കൂവളത്തിൻവേര, ചിററമൃത, മുത്തങ്ങ, ചുക്ക, കൊത്തമ്പാലയരി, പപ്പടം ഇവകൊണ്ടകഷായംവച്ച ജീരകം മേപ്പൊടിചേത്ത സേവിപ്പിക്ക.

(പിത്തജ്വരത്തിന്ന)

൩൮. സിതയാപപ്പടകഃക്വാഥഃപിത്തജ്വരനിബൎഹണഃ ।
അഥവാസാധിതഃക്വാഥഃപത്ഥ്യാപപ്പടകാംബുദൈഃ॥

പൾപ്പടകംതന്നെ കഷായംവച്ച പഞ്ചസാരമേപ്പൊടിചേൎത്ത സേവിപ്പിക്ക. അല്ലായെങ്കിൽ കടുക്ക, പൾപ്പടകം, മുത്തെങ്ങക്കിഴങ്ങ ഇവകൊണ്ടു കഷായംവച്ച പഞ്ചസാര മേപ്പൊടിചേൎത്തിട്ടും സേവിപ്പിക്കാം.

൬൯. അമൃതോശീരകുഷ്ഠാബ്ദചന്ദനൈൎന്നാഗരാന്വിതൈഃ ॥
കഷായഃപിത്തജ്വരംഹന്തിസിതയാപരിമിശ്രിതഃ ॥

ചിററമൃത, രാമച്ചം, കൊട്ടം, മുത്തെങ്ങ, ചന്ദനം ഇവകൊണ്ട കഷായംവച്ച പഞ്ചസാര മെപ്പൊടി ചേൎത്ത സേവിപ്പിക്ക.

(കഫജ്വരത്തിന്ന)

൭൦. കഫജ്വരെതുഭാൎങ്ഗ്യബ്ദകൃഷ്ണാപുഷ്കരദാരുഭിഃ ।
അമൃതാവൃഷവിശ്വൈൎവ്വാകഷായോമധുമാൻഹിതഃ ।

ചെറുതേക്കിൻവേര, മുത്തെങ്ങക്കിഴങ്ങ, തിപ്പലി, പുഷ്കരമൂലം, ദേവതാരം ഇവകൊണ്ട കഷായംവച്ച തേൻ മേപ്പൊടി ചേൎത്ത സേവിപ്പിക്ക. ചിററമൃത, ആടലോടകത്തിൻവേര, ചുക്ക ഇവകൊണ്ടു കഷായംവച്ച മേൽപ്രകാരം സേവിപ്പിക്ക.

൭൧. പത്ഥ്യാനാഗരഭൂനിംബഗുളൂചീഭിഃക്വാഥിവാ।
യദ്വാപപ്പടകാരുഷ്കവചാധാന്യകനാഗരൈഃ ॥

കടുക്ക, ചുക്ക, പുത്തരിച്ചുണ്ടവേരിമ്മൽതൊലി, ചിററമൃത ഇവകൊണ്ട കഷായംവച്ച തേൻ മെപ്പൊടി ചേൎത്ത സേവിപ്പിക്ക. അല്ലായെങ്കിൽ പൎപ്പടം, കുമിഴിൻവേര തൊലികളഞ്ഞത, വയമ്പ, കൊത്തമ്പാലരി, ചുക്ക ഇവകൊണ്ട കഷായംവച്ച മേൽപ്രകാരം സേവിപ്പിക്ക.

൭൨. വ്യാഘ്രീദുരാലഭാച്ഛിന്നരുഹാഭാൎങ്ഗ്യബ്ദനാഗരൈഃ ।
കഫജ്വരന്നിഹന്ത്യാശുക്വാഥഃകൃഷ്ണാരജൊന്വിതഃ ॥

ചെറുവഴുതിനവേര, കൊടിത്തുവവേര, ചിററമൃത, ചെറുതേക്കിൻവേര, മുത്തെങ്ങക്കിഴങ്ങ, ചുക്ക, ഇവകൊണ്ട കഷായം വച്ച തിപ്പലിപൊടിച്ച മേപ്പൊടി ചേൎത്ത സേവിപ്പിക്ക.

(വാതപിത്ത ജ്വരത്തിന്ന)

൭൩. വാതപിത്തജ്വരെതിക്താനാഗരാംബുദപൎപ്പടൈഃ।
കഷായസ്സിതയൊപെതശ്ശിശൂനാംപരമൊഹിതഃ ।

പുത്തരിച്ചുണ്ടവേരിമ്മൽതൊലി, ചുക്ക, മുത്തെങ്ങക്കിഴങ്ങ, പൎപ്പടം ഇവകൊണ്ട കഷായംവച്ച പഞ്ചസാര മെപ്പൊടി ചേൎത്ത സേവിപ്പിക്ക.

൧൯. ബലാശ്വദംഷ്ട്രാഭൂനിംബധന്വനനാഗരപർപ്പടൈഃ।
കൃതശ്ചതാദൃശഃകാഥഃ സ്സിതാജീരകമിശ്രിതഃ।

കുറുന്തോട്ടിവേര, ഞെരിഞ്ഞില, പുത്തരിച്ചുണ്ടവേരുമ്മെൽ തൊലി, മുത്തെങ്ങക്കിഴങ്ങ, ചുക്ക, പർപ്പടം ഇവകൊണ്ട കഷായംവെച്ച പഞ്ചസാരയും ജീരകവും മെപ്പൊടി ചെൎത്തസെവിപ്പിക്ക.

(വാതകഫ ജ്വരത്തിന്ന)

൨൦. ജ്വരെവാതകഫൊത്ഥെതുകാഥംതികതാഭയാംബുദൈഃ
ഗ്രന്ഥികാരഗ്വധൊപെതൈഃപായയെന്മധുസംയുതം॥

പുത്തരിച്ചുണ്ടവേരിമ്മൽതൊലി, കടുക്ക, മുത്തെങ്ങക്കിഴങ്ങ, കാട്ടുതിപ്പലിവേര, കൊന്നത്തൊലി ഇവകൊണ്ട കഷായംവെച്ച തേൻമേപ്പൊടിചേൎത്ത സേവിപ്പിക്ക.

൨൧. വ്യാഘ്രീശുണ്ഠ്യമൃതാഭിഃ്വാപിപ്പലീചൂൎണ്ണസംയുതം।
യദ്വാഭൂനിംബദെവാഹ്വഷഡീവാശാമൃതാഘനൈഃ॥

ചെറുവഴുതിനവേര, ചുക്ക, ചിററമൃത ഇവകൊണ്ട കഷായംവെച്ച തിപ്പലി മെപ്പൊടിചേൎത്ത സേവിപ്പിക്ക. അല്ലായെങ്കിൽ പുത്തരിച്ചുണ്ടവേരുമ്മൽതൊലി,ദേവതാരം കച്ചൂരിക്കിഴങ്ങ,ആടലോടകത്തിൻവേര, ചിററമൃത, മുത്തെങ്ങക്കിഴങ്ങ ഇവകൊണ്ട കഷായംവെച്ച മേൽപ്രകാരം സേവിപ്പിക്ക.

(പിത്തകഫജ്വരത്തിന്ന)

൨൨. പിത്തശ്ലേഷ്മോത്ഭവെതത്രനിംബചന്ദനധാന്യകൈഃ।
അമൃതാപത്മകൊപെതൈഃകാഥൊജ്ജ്യസ്സിതാന്വിതഃ।

വേപ്പിൻതൊലി, ചന്ദനം, കൊത്തമ്പാലയരി,ചിററമൃത, പതിമുകം ഇവകൊണ്ടു കഷായം വച്ച പഞ്ചസാര മേപ്പൊടിചേൎത്ത സേവിപ്പിക്ക.

൨൩. ദ്രാക്ഷായവാഷഭൂനിംബരക്തചന്ദനധാന്യകൈഃ॥
അമൃതാപർപ്പടാംഭൊദശാരിബൊൽപലനാഗരൈഃ
൨൯. സഭാങ്ഗീകൈഃകൃതഃകാഥൊയദ്വാമഗധജാന്വിതൈഃ। സിതാജീരകസംയുക്തൊയൊജ്ജ്യസ്സപരമൊഹിത:

മുന്തിരിങ്ങ,കൊടിത്തൂവവെര, പുത്തരിച്ചണ്ടവേരിമ്മൽതൊലി, രക്തചന്ദനം, കൊത്തമ്പാലയരി,ചിററമൃത, പർപ്പടം,മുത്തെങ്ങക്കിഴങ്ങ, നന്നാറിക്കിഴങ്ങ, ചെങ്ങനീക്കിഴങ്ങ, ചുക്ക, ചെറുതേക്കിൻവേര ഇവ കൊണ്ട കഷായംവെച്ച ജീരകവും പഞ്ചസാരയും മേപ്പൊടിചേൎത്ത സേവിപ്പിക്ക. (ചെറുതേക്കിന്നുപകരം തിപ്പലി ചേൎക്കാം.)

(ജീൎണ്ണജ്വരത്തിന്ന)

വൃ൦. ജീൎണ്ണജ്വരെതുഭാൎങ്ഗീഗ്ര്യബ്ദകടുകാബ്ദ്യഥതീഗദൈഃ।
സനാഗരൈഃകൃതഃക്വാഥസ്സിതാജീരകമിശ്രിതഃ॥

ചെറുതേക്കിൻവേര, മുത്തങ്ങക്കിഴങ്ങ, കടുകരോഹിണി, ചെറുവഴുതിനവേര, കൊട്ടം, ചുക്ക ഇവകൊണ്ട കഷായംവെച്ച പഞ്ചസാരയും ജീരകവും മേപ്പൊടി ചേൎത്ത സേവിപ്പിക്ക.

(ഒന്നരാടപ്പനി മുതലായതിന്ന)

വൃ൧. ഏകാഹാന്തരിതാദ്യേഷ്വയൊഗൊയമപരാജിതഃ।
സിന്ദുവാരാക്കരാഗാഭ്യാംസംയുക്തസ്തുവിശേഷതഃ॥

മേൽപറഞ്ഞ കഷായംതന്നെ ഒന്നരാടപ്പനിമുതലായതിന്നും ശമനമാകുന്നു. കരുനൊച്ചിവേരും അക്കിരാരിതെങ്ങയുംകൂടെ ചേൎത്താൽ അധികം ഗുണമുണ്ട.

(തുള്ളപ്പനിക്ക)

വൃ൨. ജീരകവ്യോഷവഷാഭ്രവിഷ്ണുക്രാന്തിനിശാദ്വയൈ।
വെണപത്രബലാദാരുരാസ്നാതിക്താകുശദ്വയൈഃ।

വൃ൩. അഭയാരോഹിണീകുഷ്ഠസൃഷവീലശുനാന്വിതൈഃ।
ആരണ്യതുളസീമൂലബദരീപത്രസംയുതൈ॥

വൃ൪. കഷായസ്സാധിതസ്സാധുചീനൊഷണരജൊന്വിതഃ
ശീതജ്വരെപ്രയൊക്തവ്യസ്തഥൈവവിഷമജ്വരെ॥

ജീരകം, ത്രികടു, തമിഴാമവേര, വിഷ്ണുക്രാന്തി, വരട്ടമഞ്ഞൾ, മരമഞ്ഞത്തൊലി, മുളയില, കുറുന്തോട്ടിവേര, ദേവതാരം, അരത്ത, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, ദൎഭവേര, ആറുദൎഭവേര, കടുക്ക, കടുകരോഹിണി, കൊട്ടം, കരിഞ്ചീരകം, വെളുത്തുള്ളി, കാട്ടുതൊളസിവേര, ലന്തയില ഇവകൊണ്ട കഷായംവെച്ച വാലുമുളക മേപ്പൊടിചേൎത്ത സേവിപ്പിക്ക. തുള്ളപ്പനിയും ഒന്നരാടംപനിയും നാലെത്തുമ്പോൾ വരുന്ന പനിയും ശമിക്കും.

(സന്നിപാതജ്വരത്തിന്ന)

വൃ൫. വാശാധാന്യകതിക്താംബുപത്ഥ്യാപത്മകചന്ദനൈഃ।
അമൃതാരഗ്വധാംഭൊദപാഠാവിശ്വകലിംഗകൈഃ॥

വൃ൬. ദശമൂലഗജാഹ്വാദ്യൈഃകഷായൊജീരകാന്വിതഃ।
സന്നിപാതജ്വരംഹന്തിതിമിരംഭാസ്കരൊയഥാ॥

ആടലോടകത്തിൻവേര കൊത്തമ്പാലയരി, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, ഇരുവേലി, കടുക്ക, പതിമുകം, ചന്ദനം, ചിറ്റമൃത, കൊന്നത്തൊലി, മുത്തെങ്ങക്കിഴങ്ങ, പാടക്കിഴങ്ങ, ചുക്ക

കൊടകപ്പാലയരി, ദശമൂലം, അത്തിത്തിപ്പലി ഇവ കൊണ്ട കഷായംവെച്ച ജീരകം മേപ്പൊടിചേൎത്ത സേവിപ്പിക്ക.

(ഛൎദ്ദ്യാദിസഹിതമായജ്വരത്തിന്ന)

൮൭. ജംബ്വാമ്രപല്ലവൊശീരവടാംകുരശൃതംജലം ।
മധ്വാഢ്യംപായയെത്തത്രഛൎദ്ദിമൂൎച്ഛാതൃഡന്വിതെ ॥

ഞാവൽത്തളിര, മാവിൻതളിര, രാമച്ചം, പേരാൽമൊട്ട ഇവകൊണ്ട കഷായംവെച്ച തേൻ മേപ്പൊടിചേൎത്ത സേവിപ്പിക്ക. ഛൎദ്ദി, മോഹാലസ്യം, തണ്ണീർദാഹം ഇവകളൊടുകൂടിയ പനി ശമിക്കും.

(ജ്വരാതിസാരങ്ങൾക്ക)

൮൮. ധാതകികുസുമൊപേതസമംഗാമൂലജംരജഃ ।
സ്തന്യെനപായയെദ്വൈദ്യൊജ്വരാതീസാരശാന്തയെ ॥

താതിരിപ്പൂവ്വ, പറച്ചുണ്ടവേര ഇവ പൊടിച്ച മുലപ്പാലിൽ സേവിപ്പിക്ക.

൮൯. സമംഗാമൂലവൈദേഹ്യൊശ്ചൂൎണ്ണംവാസ്തനസംയുതം।
വചാതിവിഷയൊശ്ചൂൎണ്ണമഥവാമധുസംയുതം ॥

പറച്ചുണ്ടവേര, തിപ്പലി ഇവ പൊടിച്ച മുലപ്പാലിൽ സേവിപ്പിക്ക. വയമ്പ, അതിവിടയം ഇവപൊടിച്ച തേനിൽ സേവിപ്പിക്ക. ജ്വരാതിസാരങ്ങൾ ശമിക്കും.

(ദീൎഘകാലത്തെഅനുസരിച്ച നില്ക്കുന്നപനിക്ക)

൯൦. കടുകായാഃകഷായേണദ്വിഗുണെനശൃതംപയഃ ।
തക്രെണാസിച്യനിൎമ്മഥ്യപരശ്വഉദിതെരവൌ ॥

൯൧. നവനീതംസമുദ്ധൃത്യതസ്മാത്തൽപ്രാശയെച്ഛിശും ।
ജ്വരേഷുവൈദ്യസ്സപ്താഹംദീൎഘകാലാനുബന്ധിഷു ॥

കടുകരോഹണികൊണ്ടുള്ള കഷായം പാലിൽ ഇരട്ടികൂട്ടികുറുക്കി പാലോളമായാൽ വാങ്ങി ഉറ വീഴ്ത്തി പിറന്നാൾ അതികാലത്ത കടഞ്ഞ വെണ്ണനെയ്യ എടുത്ത അത ഏഴ ദിവസം സേവിപ്പിക്ക.

(പനിക്ക മൂദ്ധാവിലിടുവാൻ കുഴമ്പിന്ന)

൯൨. സ്രോതസ്സുകഫരുദ്ധെഷുകുൎയ്യാന്മൂൎദ്ധ്നിപിചുക്രിയാം ।
രസേനശിഗ്രുപത്രസ്യസ്നേഹേനൈരണ്ഡജെനവാ
സഹദേവീരസസ്തന്യപക്വെനവ്യോഷരേണുനാ ॥

കഫവൃദ്ധികൊണ്ട മൂക്കുമുതലായ ദ്വാരങ്ങൾ അടഞ്ഞു പോകിൽ മുരിങ്ങയിലനീററിൽ ത്രികടു പൊടിച്ചുചെൎത്ത മൂ

ഴ്ാവിൽ കുഴമ്പിടുക. പൂവാംകുറുന്തലനീരും മുലപ്പാലും ആവണക്കെണ്ണയും സമം ചേൎത്ത മൂപ്പിച്ച ആയതിലും ചേൎത്ത ഇടുക.

൯൭. യഷ്ട്യാരാസ്നാശ്വഗന്ധാബ്ദകുഷ്ഠയഷ്ട്യാഹ്വചന്ദനൈഃ ।
ദാരുശീരനിശാഫേനപൂതീകാഖ്യൈസ്സഗൈരികൈഃ ।

൯൮. തിന്ത്രിണീസിരയൊപെതൈസ്സബലൊഗ്രാംബുസജ്ജകൈഃ । സനായകാഗരുവ്യോഷൈഃകടുകാവേധികാന്വിതൈഃ॥

൯൯. ചൂൎണ്ണിതൈസ്തദ്വിധിംകുൎയ്യാൽസൎവ്വൈരെവാല്പമാത്രയാ
യൊജ്യോയംസന്നിപാതെചപിചുസ്സംജ്ഞാപ്രസാദനഃ॥

അരത്ത, അമുക്കുരം, മുത്തെങ്ങക്കിഴങ്ങ, കൊട്ടം, ഇരട്ടിമധുരം ചന്ദനം, ദേവതാരം, രാമച്ചം, വരട്ടുമഞ്ഞൾ, കടൽനാക്കു, പീനാറി, കാവിമണ്ണ, പുളിഞ്ഞരമ്പ, കുറുന്തൊട്ടിവേര, വയമ്പ, ഇരുവേലി, ചെഞ്ചല്യം, ചെന്നിനായകം, അകില, ത്രികടു, കടുകരോഹിണി, സഹസ്രവേധി ഇവസമംപൊടിച്ചമുരിങ്ങയിലനീററിലൊ ആവണക്കെണ്ണമേൽപ്രകാരംമൂപ്പിച്ചതിലൊ ചാലിച്ച കുഴമ്പിടുക. ഈ കുഴമ്പ സന്നിപാതജ്വരത്തിങ്കലെക്കു ഏററവും ആവശ്യമാകുന്നു.

(പനിക്കാക്കുള്ള തലവേദനയ്ക്കു)

൯൬. ശിരൊഭിതാപനിസ്തൊദശംഖഭെദെഷുപെഷിതൈഃ ।
സ്തന്യേനമുസ്താസാരംഗശൃംഗജീരകചന്ദനൈഃ ॥

൯൭. സകൎപ്പൂരൈസ്സലാജൈശ്ചലലാടെലേപനംഹിതം ।
യഷ്ട്യാമുസ്താജലൊശീരചന്ദനാമയയഷ്ടിഭിഃ ॥

൯൮. മഞ്ജിഷ്ഠാശാരിബാചൊരലാജകൎപ്പൂരസംയുതൈഃ ।
സ്തന്യപിഷ്ടൈൎഹിതൊലെപൊലലാടസ്യപരംശിരൊ॥

മുത്തെങ്ങക്കിഴങ്ങ, കലകൊമ്പ, ജീരകം, ചന്ദനം മലര കൎപ്പൂരം ഇവ മുലപ്പാലിൽ അരച്ച് നെററിമേൽതേക്കുക. മുത്തെങ്ങക്കിഴങ്ങ, ഇരുവേലി, രാമച്ചം, ചന്ദനം, കൊട്ടം, ഇരട്ടിമധുരം മഞ്ചെട്ടിപ്പൊടി നന്നാറിക്കിഴങ്ങ, കച്ചൂരിക്കിഴങ്ങ, മലര, കൎപ്പൂരം ഇവ മുലപ്പാലിൽ അരച്ച നെററിമേൽ തേക്കുക. തലവേദന ശമിക്കയും ചെയ്യും.

(നെഞ്ചിൽകഫംകെട്ടുന്നതിന്ന)

൯൯. ഉരഃകണ്ഠാഢ്യനൊശ്ലെഷ്മരോധൈകെരജലെശൃതൈഃ।
ജാതീദൽപത്രയഷ്ട്യാഹ്വവരാളാജാജിജീരകൈഃ ॥

൱൦൦. അഗ്രഗ്രാഹിശ്താഹ്വാബ്ദയുക്തൈഃ

പിഷ്ടൈർമ്മധുദ്രുതൈഃ। ഉരോലിംപേൽഗളംതാലുമദ്ധ്യമേമനാ
വവർത്മനാ॥

ജാതിക്ക ജാതിപത്രിക ഇരട്ടിമധുരം കരയാമ്പൂവ ആശാ
ളി ജീരകം അക്കിക്കറുക പതകപ്പ മുത്തങ്ങക്കിഴങ്ങ ഇവ
സമം ഇളന്നീർവെള്ളത്തിൽ പുഴുങ്ങിയരച്ച തേൻ ചേൎത്ത മാ
റത്തും കഴുത്തിലും മദ്ധ്യഭാഗങ്ങളിൽ തേക്കുക.

(കഞ്ഞിവെപ്പാൻ വെള്ളം)

൱൭— കാഥിതേനജലേനാസ്യജരിതസ്യതുകല്പയേൽ।
വിലാധാന്യകശൃഞ്ഞീഭിഃപേയാംദീപനപാചനീം॥

പനി തുടങ്ങിയാൽ ആദിയിൽതന്നെ തുടങ്ങി ചുക്കുംനെ
ന്മ്ണിം കൊത്തമ്പാലയരിയും പുക്കമിട്ട വെള്ളം കുറുക്കിയുണ്ടാക്കി
അതിൽ കഞ്ഞിവെച്ചു കൊടുക്കുക.

(മുസ്താദി ഗുളിക)

൱൮— മുസ്താപപ്പടകവ്യോഷാൻപിഷ്ട്വാകടുകികാരസൈ।
തൽകൃതാമാഷമാത്രാസ്തുഗുളികാസ്സന്നിപാതിതാ
൱൯— ജ്വരേശിശൂണ്യോദാതവ്യാ കഷായൈദ്ധ്വാപ്രാഗ്ദിരിതൈഃ। അഥവാജീരകാംഭോദകഷായേണവപായയേൽ॥

മുത്തങ്ങക്കിഴങ്ങ പപ്പടം ത്രികടു ഇവ കരുവേപ്പിലനീരി
ലരച്ച ഉഴുന്നിൻമണിപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി
മുലപ്പാലിലോ മുൻപറഞ്ഞ കഷായങ്ങളിലോ ജീരകവും മു
ത്തങ്ങയുംകൂട്ടി കഷായം വച്ചതിലോ സേവിപ്പിക്ക.

(ത്രിഫലാദി ഗുളിക)

൱൰— ത്രിഫലാവ്യോഷതക്കോലവരാളലസ്തുനാംബുദൈഃ।
ജീരകദ്വയകർപ്പൂരജാതീഫലസമന്വിതൈഃ॥
൱൰൧— നിർഗ്ഗുണ്ഡീസ്വരസേപിഷ്ടൈർഗ്ഗുളികാചജ്വരാപഹാ।
പീതാസ്തന്യേനബാലാനാംകഷായൈർവ്വാപ്രാഗ്ദിരിതൈഃ॥

ത്രിഫല ത്രികടു തക്കോലപ്പുട്ടിൽ കരയാമ്പൂവ വെളുത്തുള്ളി
മുത്തങ്ങക്കിഴങ്ങ ജീരകം കരിഞ്ചീരകം കർപ്പൂരം ജാതിക്ക ഇ
വ സമം കരുനൊച്ചി നീരിലരച്ചു ഉഴുന്നിൻമണിപ്രമാണംഉരു
ട്ടി നിഴലിലുണക്കി മുലപ്പാലിലോ മുൻപറഞ്ഞ കഷായങ്ങളി
ലോ ചേൎത്ത സേവിപ്പിക്ക

(മുസ്താസുവർണ്ണാദി ഗുളിക)

൱൰൨— മുസ്താസുവർണ്ണരുദ്രാക്ഷതിക്താമധുകപുഷ്കരൈഃ।
സവിഷ്ണുക്രാന്തിഭിഃപിഷ്ടൈർഗ്ഗൃതാമലകീരസൈ॥
൱൰൩— വിഹിതാഗുളികാതദ്വത്സർവ്വജ്വരവിനാശനീ।

മേധാസ്മൃതിബലാകാംക്ഷൈർപേയാരോഗഗ്രന്ഥ്യപശസ്യതേ॥

മുത്തങ്ങക്കിഴങ്ങ സ്വർണ്ണം ദ്രാക്ഷം പുത്തരിച്ചുണ്ടവേരിൻതൊലി ഇരട്ടിമധുരം പുഷ്കരമൂലം വിഷ്ണുക്രാന്തി ഇവ ചിററമൃതിൻനീരില്വാ നെല്ലിക്കനീരില്വാ അരച്ച ഉഴുന്നിൻമണിപ്രമാണം ഉരുട്ടി നിഴലിലുണക്കി മുലപ്പാലിലൊ മുൻപറഞ്ഞ കഷായങ്ങളിലൊ സേവിപ്പിക്കെ എല്ലാ ജ്വരങ്ങളും ശമിക്കും ഓൎമ്മക്കേട കൊഞ്ഞൽ ഇത്യാദികളും ശമിക്കും

(മൃഗശൃംഗാദി ഗുളിക)

൧൦൭– മൃഗശൃംഗവചാവ്യാഘ്രീഗോരോചനബലാംബുദൈഃ।
ജീരകദ്വയദ്രാക്ഷാസജ്ജനിര്യാസസംയുതൈഃ॥
൧൦൮– സകർപ്പൂരൈർവ്വരാളസ്യകഷായായപരിപേഷിതൈഃ।
കൃതാജ്വരഹരാബാലൽഗുളികാസ്സന്ന്യശീലിതാ॥

കലംകൊമ്പ വയമ്പ ത്രികടു ഗോരോചനം കുറുന്തോട്ടിവേര മുത്തങ്ങക്കിഴങ്ങ ജീരകം കരിഞ്ജീരകം ദ്രാക്ഷം ചെഞ്ചല്യം കർപ്പൂരം ഇവ കരയാമ്പൂവ കഷായം വച്ചതിൽ അരച്ച ഉഴുന്നിൻമണിപ്രമാണം ഉരുട്ടി നിഴലിലുണക്കി മുലപ്പാലിൽ സേവിപ്പിക്ക എല്ലാപ്പനിയും ശമിക്കും

(ത്ര്യൂഷണാദി ഗുളിക)

൧൦൯– ത്ര്യൂഷണത്രിഫലാനീലിദ്രാക്ഷാകടുകാവചാഃ।
കർപ്പൂരംമൃഗരോചാശിഖിപിത്തംചജീരകം॥
൧൧൦– ആദ്യാംസജ്ജരസംചൈവതുല്യാനിദ്രുലതാരസേ।
പിഷ്ട്വാഗുഞ്ജാപ്രമാണാസ്സൽഗുളികാഃപരികല്പിതാഃ॥
൧൧൧– മുസ്താജീരകഭൂനിംബകഷായേണപായയേൽപ്രഗേ।
സർവ്വജ്വരവിനാശായസ്തന്യേനസിതയാപിവാ॥

ത്രികടു ത്രിഫല അമരിവേര ദ്രാക്ഷം കടുകരോഹിണി വയമ്പ കർപ്പൂരം പച്ചപ്പുഴു തുരിശ ജീരകം കിരിയാത്ത ചെഞ്ചല്യം ഇവ സമം ഉഴിഞ്ഞ നീരിലരച്ച കുന്നിക്കുരുപ്രമാണം ഗുളിക ഉരുട്ടി നിഴലിലുണക്കി മുത്തങ്ങ ജീരകം പുത്തരിച്ചുണ്ടവേരിൻമേൽതൊലി ഇവകൊണ്ടു കഷായംവച്ച അതിൽ പെത്രാവിലെ സേവിപ്പിക്ക മുലപ്പാലിൽ പഞ്ചസാരയുമിട്ടും സേവിപ്പിക്കാം— എല്ലാപ്പനിയും ശമിക്കും

(വൈകുന്താദി ഗുളിക)

൧൧൨– വൈകുന്താകടുകാവിശാകൃഷ്ണാപുഷ്കരജീരകൈഃ।
സമാംശൈശ്ശസ്തമിതംകൃതാകാകമംതത്ര്യയാജ്ഞയേൽ॥

൧൮൧- സർവ്വഷോഡശഭാഗേന കർപ്പൂരം ജീരകാംഭസി।
പ്രവിഷ്യ ഗുഞ്ജാമാനേന ഗുളികാസ്സുനിർമ്മിതാഃ॥
൧൮൨- സ്തന്യേനസിതയായുക്താഃ പ്രാതസ്സപ്ത ഗുളീമാത്രാം।
പായയേദ്ധന്തസർവ്വേഷാംജ്വരാണാം പ്രശമോഭവേൽ॥

തുമ്പപ്പൂവ്വ കടുകരോഹിണി ചുക്ക തിപ്പലി പുഷ്കരമൂലം ജീരകം ഇവ സമം അതിൽ അത്ര കുങ്കുമപ്പൂവ്വ് ചെൎത്ത എല്ലാം കൂട്ടിയതിന്റെ പതിനാറിൽ ഒരു ഭാഗം പച്ചക്കർപ്പൂരം ചെൎത്ത ജീരകക്കഷായത്തിൽ അരച്ച കുന്നിപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി മുലപ്പാലിൽ ചെൎത്ത പഞ്ചസാരയുമിട്ട സെവിപ്പിക്കെ എല്ലാപ്പനിയും ശമിക്കും

൧൮൩- ജ്വരസ്യോപക്രമസ്സർവ്വൽ പ്രായശോത്ര പ്രദർശിതഃ।
അതിപക്ഷതിമുഖ്യേഷു തംസർവ്വേഷ്വപിയോജയേൽ।

ജ്വരത്തിന്റെ ചികിത്സകൾ ഇവിടെ പ്രായെണ പറഞ്ഞ അവസാനിച്ചു ഒരംവിധികളെ അതിപക്ഷതിമുതലായവരിലും യൊജിപ്പിക്കുക (ഒരുമാസം തികഞ്ഞ ബാലന്ന അതിപക്ഷതി എന്ന പെരാകുന്നു

(അതിപക്ഷതി മുതലായവൎക്കുള്ള മാത്രാഭെദങ്ങൾ)

൧൮൪- കഷോതപക്ഷതെൎമാത്രാ കഷായദ്രവ്യസ്യതുസ്മൃതഃ।
ജലസ്യകുഡുബംതത്രസാമാന്യേന പ്രകല്പയെൽ॥

അതിപക്ഷതിയായ ബാലന്ന കഷായദ്രവ്യത്തിന്റെ തൂക്കം മൂന്നുകഴഞ്ചാകുന്നു- വെള്ളംനാഴി എന്നുള്ളത സാമാന്യവിധികൊണ്ടു സിദ്ധമായിരിക്കുന്നു.

(ത്രൈമാസികന്ന)

൧൮൫- ത്രൈമാസികെതുസാൎദ്ധാംശംതത്രദ്രവ്യസ്യവൎദ്ധയെൽ। അംഭസഃകുഡുബൌദ്വൌചയൊജയെദിതിസ്മൃതിഃ॥

മൂന്നുമാസംതികഞ്ഞവന്നനാലരക്കഴഞ്ചുമാത്രയാകുന്നു. വെള്ളം ഇരുനാഴി

൧൮൬- കഷായെതുതദൎദ്ധാംശമധികംനവകല്പയെൽ।
പലാൎദ്ധകാഥപൎയ്യന്തൊവിധിരെഷ പ്രദൎശിതഃ॥

മെൽപ്രകാരം കഷായം വെയ്ക്കുമ്പോൾ ഉഴക്കായാൽ പിഴിഞ്ഞരിച്ചു കുറക്കി സാമാന്യേന ഉഴക്കാക്കെണമെന്നല്ലാതെ മറ്റു ഉരിനാരക്കഴഞ്ചു അധികമായതുകൊണ്ട കഷായം അധികം വെണമൊ എന്ന സംശയം വെണ്ട എന്നു താൽപൎയ്യം- ഒരംപറഞ്ഞ വിധി അരക്കഴഞ്ചു വരെക്കും ചെൎപ്പെടാത്തതാകുന്നു.

(ആറുമാസം തികഞ്ഞ ബാലന്ന)

൧൧൦- ഷാണ്മാസികെ തു ഷഷ്ഠാംശം ഹിതാൎദ്ധപലമുച്യതെ॥
ഏകാബ്ദെൎദ്ധപലം ദ്രവ്യം ക്വാഥസ്യാത്ര വിധീയതെ॥

ആറുമാസം തികഞ്ഞവന്ന കഷായത്തിന്റെ മരുന്ന കഴഞ്ച അഞ്ച — ഒരു വയസ്സു തികഞ്ഞാൽ കഴഞ്ച ആറ ഇങ്ങിനെ കൂട്ടുക

(മൂന്നവയസ്സു തികഞ്ഞ ബാലന്ന)

൧൧൧- കൎഷപാദാധികം ത്വഷ്ട്യബ്ദമാത്രാ പ്രകീൎത്തിതാ।
കുഡുബത്രയമംഭശ്ച ക്വാഥഃ പാദാധികൊമതഃ॥

മൂന്ന വയസ്സു തികഞ്ഞവന്ന ആറെമുക്കാൽ കഴഞ്ച മരുന്നുകൊണ്ട മൂന്നാഴി വെള്ളത്തിൽ കഷായം വെച്ച മുഴക്കാക്കുമ്പൊൾ പിഴിഞ്ഞരിച്ച കുറുക്കി ആഴക്കും ആഴക്കിൽ നാലിൽ ഒരു ഭാഗവുമാക്കി സെവിപ്പിക്കണം.

(അഞ്ചും എട്ടും പത്തും വയസ്സു തികഞ്ഞവൎക്ക)

൧൧൨- പഞ്ചാബ്ദെ ചാഷ്ടവൎഷെ ച ദശാബ്ദെ ച ക്രമാദിഹ।
ഏകൈകം വൎദ്ധയെദംശം യന്ത്രാബ്ദസ്യ നിദൎശിതഃ॥

അഞ്ചും എട്ടും പത്തും വയസ്സായവൎക്ക മുൻപറഞ്ഞ ആറെമുക്കാലിൽ ക്രമെണ മുക്കാലും ഒന്നരയും രണ്ടെകാലും കഴഞ്ച ചെൎത്തുകൊൾക.

൧൧൩- പാദൊനപലസംസിദ്ധൊ ക്വാഥം പാദാംശവൎജ്ജിതം।
കല്പയെൽ കുഡുബസ്യാൎദ്ധം തസ്യാൎദ്ധമിതി കെചന॥

മുക്കാൽപലം മരുന്നുകൊണ്ട കഷായം വെക്കുമ്പൊൾ മുഴക്കായാൽ പിഴിഞ്ഞരിച്ച കുറുക്കി ഉഴക്കാഴക്കാക്കുക — (ഉഴക്കാക്കെണമെന്ന ചിലരുടെ പക്ഷം)

(പന്ത്രണ്ടു വയസ്സു തികഞ്ഞവന്ന)

൧൧൪- ദ്വാദശാബ്ദസ്യ മാത്രാ തു കൎഷാൎദ്ധപരിവൎജ്ജിതം।
പലമംഭഃ കഷായശ്ച പ്രാഗ്വദെവ വിധീയതെ॥

പന്ത്രണ്ട വയസ്സായവന്ന പത്തരക്കഴഞ്ച മരുന്നുകൊണ്ട മുൻപറഞ്ഞ പ്രകാരം കഷായം വെക്കുക.

൧൧൫- പൂൎണ്ണെ തു ഷൊഡശെ വൎഷെ മാത്രാ തു പലമുച്യതെ।
നാതഃ പൂൎവ്വം തതസ്തസ്യ മാത്രാസ്യ പരമാമതാ॥

പതിനാറ വയസ്സു തികഞ്ഞല്ലാതെ ഒരു പലം മരുന്നുകൊണ്ട കഷായം വിധിച്ചിട്ടില്ലായ്കയാൽ പത്തരക്കഴഞ്ചിലധികം മരുന്ന ബാലന്ന കൂട്ടെണ്ട.

൧൧൬- ഏഷ മദ്ധ്യാവിധിഃ പ്രൊക്തഃ ക്വാഥാവസ്ഥാമിതൊല്ലുകം।

ലഘ്വീംവാകല്പയെദ്യുക്ത്യാചൂൎണ്ണാദീനാംദിശാനയാ॥

മെല്പറഞ്ഞ വിധികൾ ആധിക്യന്യൂനതകളെ പരിഹരിച്ച മദ്ധ്യമപക്ഷത്തെ ആശ്രയിച്ച പറഞ്ഞതാകുന്നു- മെല്പറഞ്ഞ മാത്രകളിൽനിന്ന അധികമാക്കുകയൊ കുറയ്ക്കുകയൊ കാലദെശാവസ്ഥകളെ വിചാരിക്കുമ്പൊൾ വെണ്ടതായിട്ട വൈദ്യനതൊന്നിയാൽ ചെയ്യാം- പൊടിമുതലായതിന്നും മെല്പറഞ്ഞന്യായെയന മാത്രയെ വൈദ്യൻ സ്വബുദ്ധികൊണ്ട നിശ്ചയിക്കെണ്ടതാകുന്നു

൧൨൭.. ഉപക്രമസ്സമാനസ്സ്യാൽസൎവ്വേഷാംദ്രവ്യതസ്ത്വത്ര।
മാത്രൈകാസാത്രനിൎദ്ദിഷ്ടാസമാസെനനവിസ്തരാൽ॥

ചികിത്സകൾ മിക്കതും എല്ലാവൎക്കും ഒന്നാകുന്നു എങ്കിലും ദ്രവ്യങ്ങളുടെ മാത്രാഭെദംകൊണ്ട ഫലഭെദം കണ്ടുവരുന്നതാകയാൽ മാത്രാഭെദങ്ങളെ സംക്ഷെപിച്ചിട്ട ഇവിടെ കാണിച്ചിരിക്കുന്നു

ഇതി വാശ്ശാസൊപനാമകരാമാനന്ദനാഥപണ്ഡിതപാരശവെന്ദ്രകൃതാ ആരൊഗ്യകല്പദ്രുമെ ബാലചികിത്സായാം ദ്വിതീയസ്സംബന്ധകാനാമദ്വിതീയാദ്ധ്യായഃ

ആരൊഗ്യകല്പദ്രുമെ ബാലചികിത്സായാം

## തൃതീയാദ്ധ്യായപ്രാരംഭഃ

(പനിമാറിയാൽചെയ്യെണ്ടത)

൧- പത്ഥ്യാഹാരവിഹാരാഭ്യാംനീതാസപ്താഹമാതുരം।
ജ്വരസ്യപ്രശമാദൂൎദ്ധ്വമഭ്യജ്യസ്നപയെൽഭിഷക്॥

എഴുദിവസം പത്ഥ്യമായഭക്ഷണത്തൊടും പ്രവൃത്തിയൊടും കൂടെ ഇരുത്തി ആ ദിവസങ്ങളിൽ പനിക്കാതെ കണ്ടാൽ പിന്നെ തെച്ചുകുളിപ്പിക്കാം.

൨- യാനിമജ്ജ്വരമുക്തസ്യലക്ഷണാനിമഹൎഷിഭിഃ।
ആഖ്യാതാനിപരീക്ഷെതതാന്യത്രാപ്യപ്രമത്തധീഃ॥

ജ്വരംകൂടാതെ ഇരുന്നാലും ജ്വരം വിട്ടാൽ ഉണ്ടാകുന്നലക്ഷണങ്ങൾ കാണ്മാനുണ്ടൊ എന്നുകൂടെ പരീക്ഷിക്കാതെ കുളിപ്പിക്കുകയും ഇഷ്ടമായ ഭക്ഷണസാധനത്തെ കൊടുക്കുക മുതലായതും അരുത.

(പനിവിട്ടാലുണ്ടാകുന്നലക്ഷണങ്ങൾ)

൯ — താപസ്യപ്രശമോനാശഃക്ലമസ്യാംഗസ്യ ലാഘവം।
സൌഷ്ഠവംചക്ഷുരാദീനാംഹൃദയസ്യവ്യഥാശമഃ॥
൰ — മനസഃപ്രകൃതിപ്രാപ്തിഃക്ഷവഃകണ്ഡുശ്ചമൂർദ്ധനി।
അന്നലിപ്സാചനിർമ്മുക്തജ്വരസ്യജ്വരിതസ്യതു॥

ശരീരത്തിന്ന ചൂടില്ലായ്കയും തളൎച്ച വിടുകയും കനം കുറവും കണ്ണമുതലായ ഇന്ദ്രിയങ്ങൾക്ക പ്രസാദവും മനസ്സിന്ന സൌഖ്യവും സ്വഭാവപ്രാപ്തിയും തുമ്മലും തലയിൽ ചൊറിച്ചിലും ഭക്ഷിപ്പാനുള്ള ആഗ്രഹവും പനി വിട്ടാലുള്ള ലക്ഷണങ്ങൾ ആകുന്നു —

(കുളിപ്പിപ്പാൻ എണ്ണ)

൧൧ — സഹദേവീസപ്രസഹമസ്തുപാഠകസമന്വിതൈഃ।
പഞ്ചഗന്ധചതുൎജ്ജാതപചാസരളദാരുഭിഃ
൧൨ — കല്കിതൈൎന്നാളികേരസ്യരസ്സാദപ്രസ്ഥോവിപാചിതഃ।
ഹിതോഭ്യംഗേതുതീയാബ്ദാദൂൎദ്ധ്വംതിലജംഘൃതവാ॥

പൂവാംകുറുന്തല ഇടിച്ചുപിഴിഞ്ഞനീര ഇടങ്ങഴി ഒന്ന തേർവെള്ളം ഇടങ്ങഴിനാല ഇതിൽ ഇരുവേലി രാമച്ചം ചന്ദനം ഇരട്ടിമധുരം കൊട്ടം ഏലത്തരി ഏലവങ്ങത്തൊലി പച്ചില നാഗപ്പൂവ്വ ചായമ്പ ചരളം ദേവതാരം ഇവ രേരണ്ടുകഴഞ്ചു അരച്ചുകലക്കി നാനാഴിവെളിച്ചെണ്ണചേൎത്ത അരക്കിലമന്ന പാകത്തിൽ കാച്ചി അരിക്കുക — ഒരു വെളിച്ചെണ്ണ തലയിലും മെയ്യിലും തേച്ചുകുളിപ്പിക്കുക — മൂന്നു വയസ്സ തികഞ്ഞാൽ വെളിച്ചെണ്ണെക്കു പകരം എണ്ണ കൂട്ടുകയുമാം.

(മുസ്താദി എണ്ണ)

൧ — മുസ്താവിലംബലാമൂലവചസ്ഥാത്രായഷ്ടിഭിഃ।
അശ്വഗന്ധാലതാഭിശ്ചതിക്താഖേവിധിവൽകൃതേ॥
൨ — കല്ക്കീകൃതൈൎദ്വാദ്രായഷ്ടീസരളചന്ദനൈഃ॥
രാസ്നാശതഗന്ധതക്കോലമഞ്ജിഷ്ഠാപത്മകേസരൈഃ॥
൩ — സമാംശനാഗകേസരേണസഹദേവീരസേനച।
സഹിതസ്സാധിതസ്സ്നേഹോനാളികേരഫലോത്ഭവഃ॥
൪ — തിലജോവാഹിതോഭ്യംഗേപൂൎവ്വസ്മാദധികൊല്ഗുണൈഃ।
ആബ്ദാത്തായംമഹാവൈദ്യൈഃകല്പയെദേനമേവവാ॥

മുത്തങ്ങക്കിഴങ്ങ കുളത്തിൻവേര തൊലികളഞ്ഞ കുറുന്താ

ട്ടിവെര ചിറ്റാമൃത ദെവതാരം ഇരട്ടിമധുരം ചെങ്ങഴിക്കാതൽ ഉഴിഞ്ഞ ഇവകൊണ്ടു കഷായംവെച്ച ത്രിഫല ദെവതാരം ഇരട്ടിമധുരം ചരളം ചന്ദനം അരത്ത അമുക്കുരം തക്കൊലപ്പുട്ടിൽ മഞ്ചട്ടിപ്പൊടി പതിമുകം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ മൊരും പൂവാംകുറുന്തല നീരും സമം കൂട്ടി ചെൎത്ത കാച്ചി മുൻപറഞ്ഞ പ്രകാരം അരിച്ചു തെപ്പിക്കുക- ഇത എണ്ണ മുൻപറഞ്ഞതിനെക്കാൾ അധികം ഗുണമുള്ളതാകുന്നു.

(ത്രിഫലാദിഎണ്ണ)

൧൧- ത്രിഫലായാഃകഷായെണ തുല്യാംശെന പചെത്സുധീഃ।
കല്കീകൃത്യമൃതാകുഷ്ഠകുന്ദുരുഷ്ക്കചന്ദനം॥

൧൨- വിപാകംവാപ്രയുഞ്ജീതതൈലംവിഷമജ്വരത്തിങ്കൽ।
പ്രതിശ്യായശിരശ്ശൂലസ്വരസാദവിനാശനം॥

ത്രിഫലാകഷായത്തിൽ മാഞ്ചി കൊട്ടം കുന്തുരുക്കം രക്തചന്ദനം ഇവ അരച്ചുകലക്കി എണ്ണയൊ വെളിച്ചെണ്ണയൊ തയിർവെള്ളം സമം കൂട്ടി കാച്ചിയരിച്ചു തെപ്പിക്കുക- ഇത തൈലം വിഷമജ്വരത്തെയും പീനസത്തെയും തലവെദന ഒച്ചയടപ്പ ഇതുകളെയും ശമിപ്പിക്കും.

(സുഷവിതൈലം)

൧൩- സുഷവീസതക്രാല്പ്യാംകുഷ്ഠകല്കെന സാധിതം।
തൈലംവാപരമഭ്യംഗെജ്വരിതസ്യഹിതഞ്ചതൽ॥

പുല്പാനിതഞ്ഞൾ ഇടിച്ചുപിഴിഞ്ഞനീരും മൊരും എണ്ണയും സമംചെൎത്ത കൊട്ടം അരച്ചുകലക്കി കാച്ചിയരിച്ചു ആയത്തും തെപ്പിക്കാം.

(മെലൊഴിക്കു വെള്ളംവെപ്പാൻ)

൧൪- പഞ്ചത്വക്സ്വപ്നഗാശാഖകരഞ്ജകരവീരജൈഃ।
സിഞ്ചെൽപ്രപത്രതൊയെനസുഖൊഷ്ണെനശല്ലാദയഃ॥

പാല അരയാൽ ഉങ്ങ അലരി ഇവകളുടെ ഇലയിട്ടു വെള്ളം തിളപ്പിച്ചു പൂട പാകമായാൽ അത കഴുത്തിൽനിന്ന കീഴ്പ്പൊട്ട ഒഴിക്കുക.

൧൫- യഥാവാഭശമീനിംബബദരീപത്രമുഷ്ടിഭിഃ।
ഏരണ്ഡാശ്വീരപാരന്തിപഞ്ചത്വപ്പാപനസൈസ്സഹ॥

അശ്വത്ഥം പൊരാലില വന്നിയില വെപ്പില ലന്തയില ഇവ ഓരൊ പിടിയിട്ടുവെള്ളം തിളപ്പിച്ചു മെൽപ്രകാരം ഒഴിക്കുക ആവണക്കിലയും രാമച്ചവും തെച്ചിയിലയും കൂട്ടി വെള്ളത്തിലിട്ടു തിളപ്പിച്ചു ആ വെള്ളവും മെൽപ്രകാരം ഒഴി

ക്കാം- പഴുത്ത പ്ലാവില തന്നെ ഇട്ടും വെള്ളം തിളപ്പിച്ചു കു
ഴിക്കാം.

ഫ്ന- ശിരൊധാത്രീകഷായെണനസ്സുതരാംശീതളെനച।
സിഞ്ചെത്തൈലസ്യനിഃഹാരംബലാസാരെണകല്പയെൽ॥

തല നെല്ലിക്കവെള്ളംകൊണ്ടു കഴകി കറുകന്തോട്ടിത്താളിതെച്ചു മെഴുക്കു കളക

൮൭- അംഗെഭ്യോമൃദ്ഗപിഷ്ടെനതത്ആസിച്യമാർജ്ജയെൽ।
രാസ്നാമലകയൊശ്ചൂർണ്ണംമൂർദ്ധ്നിതൈലായമർദ്ദയെൽ॥

ചെറുപയറ അരച്ചു മെൽതെച്ചു തല നെല്ലിക്കവെള്ളംകൊണ്ടും കഴുത്തിന്ന കീഴ മുൻപറഞ്ഞ കാച്ചുവെള്ളംകൊണ്ടും കഴകി തോൎത്തി മൂൎദ്ധാവിങ്കൽ അരത്തയും നെല്ലിക്കയും കൂട്ടിപ്പൊടിച്ചു തിരുമ്മുക.

(കുളിച്ചു ഉടനെ സെവിപ്പാൻ ഗുളിക)

ഫവ്വ- പായയെച്ചജ്വരഹരാംഗുളികാംപ്രാഗ്ഗുദീരിതാം।
കൊഷ്ണേനമുസ്താശുണ്ഠീഭ്യാംക്വഥിതെനതുവാരിണാ॥

പനിക്ക നന്നായിട്ടുള്ള ഗുളികകൾ പറഞ്ഞേടത്ത ആദ്യം പറഞ്ഞ ഗുളിക മുത്തങ്ങയും ചുക്കുംകൂടി കഷായംവെച്ചു അതിലരച്ചു ചെൎത്ത സെവിപ്പിക്ക-

(മുക്കടിക്ക)

ഫൻ- സഹദെവീരസെസിദ്ധംസമതക്രെകടുത്രയം
കല്ക്കീകൃത്യഗളംദദ്യാദഥവാസൈസന്ധവാന്വിതം॥

പൂവാംകുറുന്തലനീരും മൊരും സമം ചെൎത്ത അതിൽ ത്രികടു അരച്ചുകലക്കി നല്ലവണ്ണം തിളപ്പിച്ചു ഇന്തുപ്പു പൊടിച്ചിട്ട ആയത ഗുളികയുടെ സ്ഥാനത്തും അന്നത്തൊടുകൂട്ടിയിട്ടും ഉപയൊഗിപ്പിക്കാം.

൯൦- ലഘ്വന്നംഭൊജയെൽപശ്ചാദച്യഞ്ജനൈനെല്ലൂഷരൊചനൈഃ।
ദദ്യാൽതക്രഞ്ചനാത്യമ്ലംയൊഷനാഗരപാചിതം॥

കുളി കഴിഞ്ഞാൽ ഗുളികയൊ മുക്കടിയൊ സെവിപ്പിച്ചതിന്റെശെഷം ഗുരുത്വം കുറഞ്ഞ അരികൊണ്ടുണ്ടാക്കിയ ചൊറ ഗുരുത്വം കുറഞ്ഞതായും രുചികരമായുമുള്ള കറിയൊടും കൂടെ ഭക്ഷിപ്പിക്ക അധികം പുളിയില്ലാത്ത മൊര കൊടിത്തൂവവെരും ചുക്കുമിട്ട കാച്ചി കൂട്ടാം

൯൧- നാശയെൽഗുരുന്നൈവാതിമാത്രംനതുവിദാഹിച।
സദ്യൊന്നമ്യഗ്ഗുളാന്നുപമാംസാനിദധിസർപ്പിഷീ॥

ഗുരുത്വമുള്ള സാധനത്തെ ഭക്ഷിപ്പിക്കുകയും കിഴങ്ങ കാച്ചി

ത്ത, ചെമ്പ മുതലായതുകളെകൊണ്ടുണ്ടാക്കിയ കറികൾകൊ ടുക്കുകയുമരുതു. മൂന്നു കുളി കഴിയുന്നവരെ പുതിയ ശക്കര, ആനൂപമാംസം, തയിര, നെയ്യു ഇവകളെ വജ്ജിക്കണം.

൨൨. ജ്വരഃപ്രത്യവതിഷ്ഠേതലീനൊധാതുഷ്വയസ്ഥിതഃ ।
ആമാന്വയായിമന്ദാഗ്നിരാമാദ്രക്ഷ്യോവിശേഷതഃ ॥

൨൩. ജ്വരെണകശിതസ്സുതഃശരീരബലവജ്ജിതഃ ।
അപൂർണ്ണധാതുസ്സ്വാവസ്ഥ്യാൽപ്രകൃതിംപ്രാപ്യനിർവൃതഃ॥

ഗുരുദ്രവ്യഭക്ഷണം മുതലായതു ചെയ്താൽ രസാദിസപ്തധാതുക്കളിൽ സൂക്ഷ്മമായി ലയിച്ചിരിക്കുന്ന ജ്വരം അജീർണ്ണദോഷത്തെ അനുസരിച്ചു പിന്നെയും പ്രകാശിക്കും. മന്ദാഗ്നിയായിരിക്കുന്നവന്നു അജീർണ്ണം വരാതെ കഴിപ്പാൻ വളരെ യത്നം ചെയ്യേണ്ടതാകുന്നു. വിശേഷിച്ചും പനികൊണ്ടു കൃശനായി മനശ്ശരീരങ്ങൾക്കു ബലഹാനിയെ പ്രാപിച്ചവനായി ബാല്യം കൊണ്ടു ധാതുക്കൾക്കു തികവില്ലാത്തവനായിരിക്കുന്ന ബാലൻ എപ്പോൾ സ്വസ്ഥതയെ പ്രാപിക്കുമൊ അത്രനാളും വളരെ പത്ഥ്യമായ ആഹാരത്തോടും പ്രവൃത്തിയോടും കൂടിയവനാക്കി ഇരുത്തുകയും വേണം.

൨൪. ക്രമെണാഹാരമാത്രാഞ്ചരക്ഷന്നഗ്നിംവിവദ്ധയേൽ ।
സ്നാനഞ്ചപ്രത്യഹന്തസ്യക്രമെണൈവാനുകല്പയെൽ ।

ചോറ അല്പമായി ദിനംപ്രതി അധികം കൊടുത്തു ക്രമേണ നിത്യസ്ഥിതിയിലാക്കണം. ഇതുപോലെ കുളിയും ക്രമത്തിലടുപ്പിച്ചു നിത്യമാക്കിക്കൊൾക.

൨൫. ഷഷ്ഠാദിഷ്വാപ്ലവെഷ്വസ്യനെഷ്ടസ്സക്രസമന്വിതഃ ।
സ്നെഹസ്തസ്മാദിദംഭൂയഃകല്പയെത്തൈലമുത്തമം ॥

ആറാമത്തെ കുളിമുതൽ മോരുകൂട്ടി കാച്ചിയ എണ്ണ തേപ്പിക്കുകയും അരുതു. അത ഹേതുവായിട്ടു അന്ന തേപ്പാൻ എണ്ണ വേറെ പറയുന്നു.

(അശ്വത്ഥവില്വാദി)

൨൬. അശ്വത്ഥവില്വസിംഹാസ്യപത്രാണിഗിരിമദ്ദിനീം ।
ഭൃംഗരാജഞ്ചസംക്ഷുദ്യനിഷ്പീഡ്യസ്രാവിതെരസെ ॥

൨൭. പൂതെജടാശ്വഗന്ധൈലാസരളൊശീരചന്ദനൈഃ ।
ത്രിഫലാമധുകോപെതൈഃകല്കിതൈന്നാളികെരജം ॥

൨൮. സ്നേഹന്തിലൊത്ഭവംവാപിപാചയെത്സഹിതഃപരം ।
വർണ്ണപ്രസാദനായാലമായുഷ്യോബലപുഷ്ടികൃൽ ॥

അരയാലില, കൂവളത്തില, ആടലോടകത്തില, മലയമുക്കി കഞ്ഞുണ്ണി ഇവ ഇടിച്ചു പിഴിഞ്ഞ നീരെടുത്ത അരിച്ച മാഞ്ചി, അമുക്കുരം, ഏലത്തരി, ചരളം, രാമച്ചം, ചന്ദനം, ത്രിഫല, ഇരട്ടിമധുരം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ കാച്ചിതേക്കുക. ഇത രക്തപ്രസാദത്തെയും ബലത്തെയും പുഷ്ടിയെയും ഉണ്ടാക്കും. എന്നും ശീലിക്കാം.

(ബലാഗളൂച്യാദി എണ്ണ)

൨൯. ബലാഗുളൂചികാളാരിമെദതാഗൃഷ്ടിചന്ദനൈഃ।
സിദ്ധെകഷായെയഷ്ട്യാഹ്വാകുഷ്ഠവാളകപത്മകൈഃ ॥
൩൦. സൊശീരൈർവ്വെല്ലമുസ്തൈലാചരാകടചധാന്യകൈഃ।
ജ്യോതിഷ്മതീന്ദുരെഖാശതാഗന്ധാസരളസംയുതൈഃ ॥
൩൧. കല്ക്കിതൈഃപകതാമഭ്യംഗൈതൈലന്തുപരമംഹിതം।
വൃദ്ധവൈദ്യൈസ്സമാം മ്നാതംപൂർവ്വസ്മാൽഗുണതൊധികം॥

കുറുന്തോട്ടിവേര ചിററമൃത കരുവേലപ്പട്ട എരട്ടിമധുരം ചന്ദനം ഇവകൊണ്ട കഷായംവച്ച എരട്ടിമധുരം കൊട്ടം ഇരുവേലി പതിമുകം രാമച്ചം വിഴാലരി മുത്തെങ്ങക്കിഴങ്ങ ഏലത്തരി ത്രിഫല കുരുക്കളഞ്ഞ കുടകപ്പാലയരി കൊത്തമ്പാലയരി ചെറുപ്പുന്നയരി കാർകൊകിലരി അമുക്കുരം ചരളം ഇവ കല്ക്കമാക്കി എണ്ണകാച്ചി ആയതും തേപ്പിക്കാം ഈ പറഞ്ഞ എണ്ണ മുൻപറഞ്ഞതിനെക്കാൾ ഗുണമുള്ളതാകുന്നു.

(ശതാവര്യാദി എണ്ണ)

൩൨. ശതവര്യാരസെമാംസിരുഗ്രാസ്നാനതചന്ദനൈഃ।
കുന്ദുരുഷ്ഠാശതാഗന്ധൈലാസരളൈഃകല്ക്കിതൈഃപചേൽ।
൩൩. നാളികേരോത്ഭവംസ്നേഹംതിലജംവാതമനാഹം।
ശീലയെദാരസെധാത്ര്യാസ്സിദ്ധമെഭിരഥാപിവാ।

ശതാവരിനീരിൽ മാഞ്ചി കൊട്ടം അരത്ത തകരം ചന്ദനം കുന്തുരുക്കം അമുക്കുരം ഏലത്തരി ചരളം ഇവ അരച്ചു കലക്കി വെളിച്ചെണ്ണയൊ എണ്ണയൊ കാച്ചി ആയത നിത്യമായി ശീലിപ്പിക്കുക. നെല്ലിക്കയുടെ നീരിലും മേൽപ്രകാരം കല്ക്കംചേർത്ത എണ്ണ കാച്ചിതെക്കാം.

(ബലാമൂലാദി എണ്ണ)

൩൪. ബലാമൂലവരീവിലാവയസ്ഥാദാരുചന്ദനൈഃ।
സിദ്ധെകഷായെമഞ്ജിഷ്ഠാകുഷ്ഠാബ്ദമധുയഷ്ടിഭിഃ ॥

൩൫. ശാരിബാഞ്ജനതക്കൊലകടുകാഗരുചന്ദനൈഃ ।
ഫലത്രയജലൊശീരചതുൎജ്ജാതകചൊരകൈഃ ॥
൩൬. കല്കിതൈഃകെരജസ്നേഹസിദ്ധസ്തിലജഎവവാ ।
പ്രശസ്തൊനിത്യമഭ്യംഗെജ്വരിതസ്യവിശേഷതഃ ॥
൩൭. ചക്ഷുഷ്യഃകെശ്യആയുഷ്യൊരക്ഷൊഘ്നഃപരിബൃംഹണഃ ।
മെദ്ധ്യൊബല്യശ്ചധാതൂനാംസ്ഥാപനൊവൎണ്ണപൂരണഃ ॥

കുറുന്തോട്ടിവേര ശതാവരിക്കിഴങ്ങ കൂവളത്തിൻവേര ചിറ്റാമൃത ദേവതാരം ചന്ദനം ഇവകൊണ്ട കഷായംവച്ച മഞ്ചട്ടിപ്പൊടി കൊട്ടം മുത്തെങ്ങക്കിഴങ്ങ ഇരട്ടിമധുരം നന്നാറിക്കിഴങ്ങ അഞ്ജനക്കല്ല തക്കോലപ്പൊട്ടിൽ കടുകരോഹിണി അകില ചന്ദനം ത്രിഫല ഇരുവേലി രാമച്ചം ഏലത്തരി ഇലവങ്ങത്തൊലി പച്ചില നാഗപ്പൂവ്വ ഇവ അൎച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ കാച്ചി ശീലിച്ചാൽ നല്ലതാകുന്നു. ഇതുവരെ പറഞ്ഞ എണ്ണകളിൽ ഏതെങ്കിലുമൊന്ന ആറാമത്തെ കുളി മുതല്ക്ക നിത്യമായി തേപ്പിക്കുക. ഈ പറഞ്ഞ എണ്ണ പനി ഉണ്ടായവന്ന വിശേഷിച്ചും ഹിതമാകുന്നു. കണ്ണിന്ന രക്ഷാകരമായും തലമുടിയെ വൎദ്ധിപ്പിക്കുന്നതായും ഭൂതബാധാശമനമായും പുഷ്ടികരമായും ബുദ്ധിശക്തിയെ ഉണ്ടാക്കുന്നതായും ബലകരമായും രസാദിധാതുക്കളെ ക്ഷയിക്കാതെ നിറുത്തുന്നതായും രക്തപ്രസാദത്തെ ഉണ്ടാക്കുന്നതായുമിരിക്കുന്നതാകുന്നു.

൩൮. രക്തക്ഷയെവിശെഷെണരക്തവൃദ്ധിവിശുദ്ധിദൈഃ ।
ശീലയെൽസാധിതംതൈലംശിരൊഹിത്വാതത്രതു ॥

ചിലൎക്ക പനി മാറിയാലും പനിയുടെ ചികിത്സാവൈഷമ്യം കൊണ്ട രക്തക്ഷയം കണ്ടു എന്നുവരാം. അവൎക്ക വിശേഷിച്ച രക്തത്തെ വൎദ്ധിപ്പിക്കുന്നതായും രക്തത്തിന്ന ശുദ്ധിയുണ്ടാക്കുന്നതായുമിരിക്കുന്ന തൈലം ശിരസ്സൊഴികെ ശേഷം അംഗങ്ങളിൽ തേക്കുന്നതു ഹിതമാകുന്നു.

(മേലസ്സു ലാക്ഷാദിതൈലം)

൩൯. ലാക്ഷാവൎണ്ണവതീദന്തീവാട്യാലകനിശാദ്വയൈഃ ।
സിദ്ധെകഷായെമഞ്ജിഷ്ഠാകുഷ്ഠൊശീരപുനൎന്നവൈഃ ॥
൪൦. കല്കീകൃതൈഃപയൊമസ്തുദത്വാത്രചതുൎഗ്ഗുണം ।
വിപക്വംതൈലമഭ്യംഗെശീലയെൽപ്രതിവാസരം ॥

കോലരക്ക, നന്നാറിക്കിഴങ്ങ, വേമ്പാടത്തൊലി, കുറുന്തോട്ടിവേര, വരട്ടുമഞ്ഞൾ, മരമഞ്ഞത്തൊലി ഇവകൊണ്ട കഷായം വച്ച മഞ്ചട്ടിപ്പൊടി, കൊട്ടം, രാമച്ചം, തമിഴാമവേര ഇവ

അരച്ചുകലക്കിപാലും തയിർവെള്ളവും ഇരട്ടികൂട്ടി വെളിച്ചെണ്ണയൊ എണ്ണയൊ കാച്ചി ആയത കഴുത്തിന്ന കീഴ തേച്ചുകുളിപ്പിക്കുക. നീര ശമിച്ച രക്തപ്രസാദമുണ്ടാകും.

(സാരസ്വതഘൃതം)

൯൨. ലബ്ധാഗ്നയെഭയാവ്യൊഷപാഠൊഗ്രാശിഗ്രുസൈന്ധവൈഃ । അജാക്ഷീരെഘൃതംസിദ്ധംഫിതന്തൽപ്രതിവാസരം ॥

൯൩. ശീലിതംകുരുതെപുഷ്ടിംദാർഢ്യമംഗസ്യസവ്വതഃ ।
കാന്തിമായുൎബ്ബലഞ്ചാഗ്നെവ്വാങ്മെധാസ്മൃതികൃൽപരം ॥

൯൪. മംഗല്യംയക്ഷരക്ഷൊഘ്നമപസ്മൃതിവിനാശനം ।
സാരസ്വതമിദംസപ്പിൎബ്ബാലാനാമമൃതൊപമം ॥

ക്രമേണ അഗ്നിബലമുണ്ടായാൽ കടുക്ക, ത്രികടു, പാടക്കിഴങ്ങ, വയമ്പ, മുരിങ്ങവേര ഇന്തുപ്പ ഇവ അരച്ച ആട്ടിൻ പാലിൽ കലക്കി നെയ്യ ചേൎത്ത കാച്ചിയരിച്ച ആ നെയ്യ സേവിപ്പിക്കുകയൊ കൂട്ടി ചോറുകൊടുക്കുകയൊ ചെയ്ക. ഇതു നിത്യമായി ശീലിച്ചാൽ ശരീരത്തിന്ന പുഷ്ടിയും ദൃഢതയും കാന്തിയും അഗ്നിബലവും വാക്‌സാമൎത്ഥ്യവും ധാരണാശക്തിയുമുണ്ടാകും. ഭൂതോപദ്രവവും അപസ്മാരവും ശമിക്കും. സാരസ്വതമെന്ന ഈ നെയ്യിന്ന പേരാകുന്നു. ഇതുബാലന്മാൎക്ക അമൃതോട സമമാകുന്നു.

(പിപ്പല്യാദിഘൃതം)

൯൫. പിപ്പലീകുടചദ്രാക്ഷാഗുഹാമലകശാരിബാഃ ।
തിക്താതാമലകീവിലപനിംബചന്ദനമാലതീഃ ॥

൯൬. സസ്ഥിരാതിവിഷാസെവ്യാഃകല്ക്കീകൃത്യശൃതംഘൃതം ।
ജ്വരപ്രശമനംവഹ്നെവ്വിഷമസ്യാനുലൊമനം ॥

൯൭. ഹലീമകാംസതാപാംഗശൊഷാരുചിനിബഹ്ണം ।
പാൎശ്വശൂലംശിരശ്ശൂലംവമഥുഞ്ചനിയച്ഛതി ॥

തിപ്പലി, കുടകപ്പാലയരി, മുന്തിരിങ്ങപ്പഴം, മൂവിലവേര, നെല്ലിക്ക, നന്നാറിക്കിഴങ്ങ, പുത്തരിച്ചുണ്ടവേരുമ്മൽ തൊലി, കിഴാനെല്ലി, കൂവളത്തിൻവേര, വേപ്പിൻതൊലി, ചന്ദനം, പിച്ചകമൊട്ട, ഓരിലവേര, അതിവിടയം, രാമച്ചം ഇവ അരച്ച പച്ചവെള്ളത്തിൽ കലക്കി നെയ്യ ചേൎത്ത കാച്ചിയരിച്ച ആയതും ശീലിപ്പിക്കാം. വിഷമജ്വരം, വിഷമാഗ്നി, ഹലീമകം, അംസതാപം, അരുചി, ക്ഷയം, പാൎശ്വശൂലം, ശിരശ്ശൂലം, ഛൎദ്ദി ഇവ ശമിക്കും.

൯൮. വിരുദ്ധൊപക്രമവ്യാധിസാഹചൎയ്യെണസംഭവെ ।

ജ്വരസ്യശമനംകുൎയ്യാൽസഹചാസ്യവിരോധിയൽ॥

അന്യോന്യവിരുദ്ധമായ ചികിത്സകൊണ്ട സാധിക്കെണ്ടതു കളായ വ്യാധികൾ പലതുംകൂട്ടി വരുന്നെടത്ത അതുകളിൽ ഒന്ന ജ്വരമായിരുന്നാൽ വേറെ ഉള്ള വ്യാധിക്ക വിരോധം കൂടാതെ ജ്വരത്തിന്ന ശമനമായത ആദ്യംതന്നെ ചെയ്കയും വേണം.

൪൮. ഹീനെബലെസമാനെചഭൂയിഷ്ഠെചെഷ്ടദിഷ്യതെ।
യസ്മാദ്രോഗപതിഃസ്സോയംതസ്മാൽപ്രാധാന്യമൎഹതി॥

മേല്പറഞ്ഞതിന്ന ബലാബല ചിന്തയുടെ അപേക്ഷയില്ല. ജ്വരം രോഗങ്ങളിൽവച്ച രാജാവാകകൊണ്ട എവിടെയും തന്റെ പ്രാധാന്യം വിട്ടുപോകയുമില്ല.

(വിഷഭുക്തികൊണ്ടുണ്ടായ ജ്വരത്തിന്ന)

൪൯. ജ്വരെതുവിഷഭുക്ത്യുത്ഥെവിഷമാമാശയസ്ഥിതം।
പ്രച്ഛൎദ്ദ്യസാധയെംദ്വൈദ്യസ്തുപക്വാശയസ്ഥിതം॥

൫൦. വിരെകെണചനിൎഹൃത്യയഥാദോഷംപ്രതിക്രിയാം।
കുൎയ്യാദശക്തൌശമനംപ്രച്ഛൎദ്ദനവിരെകയോഃ॥

വിഷഭുക്തികൊണ്ടുണ്ടായ പനിക്ക വിഷം ആമാശയത്തിങ്കലാകുന്നു എങ്കിൽ ഛൎദ്ദിപ്പിച്ചിട്ടും പക്വാശയത്തിങ്കലാകുന്നു എങ്കിൽ വയറിളക്കിയിട്ടും കളഞ്ഞ ദോഷകോപത്തിന്ന തക്കവണ്ണം പ്രതിവിധിയെ ചെയ്യണം. ദുൎബ്ബലതകൊണ്ടൊ വേറെ കാരണംകൊണ്ടൊ ആയത സാദ്ധ്യമല്ലാ എങ്കിൽ ശമനമായ ഔഷധത്തെ ശീലിപ്പിക്കണം.

(അഗ്നിമന്ഥാദി കഷായം)

൫൧. അഗ്നിമന്ഥകണാവില്വലശുനൈനപ്രസാധിതഃ।
കഷായസ്സിതയൊപെതൊവിഷഭുക്ത്യുത്ഭവംജ്വരം॥

൫൨. നിഹന്തിസിന്ദുവാരാക്കരാഗമുസ്താകരഞ്ജകൈഃ।
ശംഖിനീമൂലസംയുക്തൈഃക്വാഥസ്സിദ്ധശ്ചതാദൃശഃ॥

മുഞ്ഞവേര, തിപ്പലി, കൂളത്തിൻവേര, വെളുത്തുള്ളി ഇവകൊണ്ട കഷായംവച്ച പഞ്ചസാര മേല്പൊടി ചേൎത്ത സേവിപ്പിക്ക. വിഷഭക്ഷണം നിമിത്തമായി ഉണ്ടായ പനി ശമിക്കും. ഇപ്രകാരം കരിനൊച്ചിവേര, അക്കാരിതേങ്ങ, മുത്തെങ്ങക്കിഴങ്ങ, ഉങ്ങിൻതൊലി, ശംഖപുഷ്പത്തിൻവേര ഇവകൊണ്ട കഷായംവച്ച പഞ്ചസാര മേല്പൊടി ചേൎത്തിട്ടും സേവിപ്പിക്കാം.

൫൩. ശ്വെതപാരന്തികാമൂലകടുകാഘനപൎപ്പടൈഃ।

കഷായസ്സാധിതസ്തദ്വൽപിപ്പലീരജസായുതഃ ॥

വെളുത്ത തെച്ചിവേര, കടുകരോഹിണി, മുത്തെങ്ങക്കിഴങ്ങ, പപ്പ്ടം ഇവകൊണ്ട കഷായംവെച്ച തിപ്പലി പൊടിച്ച മേപ്പൊടിചേൎത്ത സേവിപ്പിക്ക. ഇതും നല്ലതാകുന്നു.

(മുസ്താദി കഷായം)

൧൪. മുസ്താനീലീഗ്ഗുഹാപാഠാനിൎഗ്ഗുണ്ഡീസെവ്യപപ്പ്ടൈഃ ।
സനാഗരൈഃകൃതഃകാഥൊവിഷോത്ഥംഹരതിജ്വരം ॥

മുത്തെങ്ങ, അമരിവേര, മുവ്വിലവേര, പാടക്കിഴങ്ങ, കരുനൊച്ചിവേര, രാമച്ചം, പപ്പ്ടം, ചുക്ക ഇവകൊണ്ട കഷായം വച്ച തിപ്പലി മേപ്പൊടിചേൎത്ത സേവിപ്പിച്ചാൽ വിഷജ്വരം ശമിക്കും.

(വിഷ്ണുക്രാന്താദികഷായം)

൧൫. വിഷ്ണുക്രാന്താബലാവില്വസഹദേവീഫലത്രയൈഃ। മുസ്താ
പപ്പ്ടവിശ്വാദ്യൈഃകാഥൊസ്മാദധികൊഗുണൈഃ॥

വിഷ്ണുക്രാന്തി, കുറുന്തോട്ടിവേര, കൂവളത്തിൻവേര, പൂവാംകുറുന്തലവേര, ത്രിഫല, പപ്പ്ടം, ചുക്ക ഇവകൊണ്ട കഷായം വച്ച തിപ്പലി മെപ്പൊടിചേൎത്ത സേവിപ്പിക്ക. ഇത മുമ്പെ പറഞ്ഞ കഷായത്തെക്കാൾ അധികം നല്ലതാകുന്നു.

(അഭിഘാത ജ്വരത്തിന്ന)

൧൬. അഭിഘാതജ്വരെവിശ്വമുസ്താജീരകപുഷ്കരൈഃ ।
ബലാഭ്രനിംബമൂലാദ്യൈഃസക്ഷീരശ്ചശൃതൊഹിതഃ ॥

വിഷക്കാററ തട്ടിയിട്ടോ കനമുള്ള സാധനങ്ങൾ ശരീരത്തിങ്കൽ വീണ ചതവ പററിയിട്ടോ താൻതന്നെ വല്ലെടത്തും വീഴുകനിമിത്തം ചതവ പററിയിട്ടോ കനമുള്ള വസ്തു ശിരസ്സിൽ വഹിച്ചിട്ടോ ഉണ്ടാകുന്ന പനിക്ക അഭിഘാതജ്വരമെന്ന പേരാകുന്നു. അതിന്നു ചുക്ക, മുത്തെങ്ങ, ജീരകം, പുഷ്കരമൂലം, കുറുന്തോട്ടിവേര, പുത്തരിച്ചുണ്ടവേരുമ്മൽതൊലി ഇവകൊണ്ട പാൽക്കഷായംവച്ച പഞ്ചസാര മേപ്പൊടിചെൎത്ത സേവിപ്പിക്ക.

(വേണുപത്രാദി കഷായം)

൧൭. അഥവാവേണുപത്രാബ്ദസല്ലകീപല്ലവെക്ഷുഭിഃ ।
ഭ്രനിംബവില്വദെവാഹ്വബലാദ്വയപുനൎന്നവൈഃ ।
൧൮. അമൃതാപപ്പ്ടദ്രാക്ഷാസൂൎപ്യപൎണ്ണീയുതൈശ്ശൃതഃ ।
കണാജീരകസംയുക്താകാഥസ്സ്യസിതയൈവവാ ॥

മുളംകൂമ്പ മുത്തെങ്ങക്കിഴങ്ങ, ഈറമ്പനക്കൂമ്പ, കരിമ്പ, പൂ

ത്തരിച്ചുണ്ടവേരുമ്മൽത്തൊലി, കൂളത്തിൻവേര, ദേവതാരം, കുറുന്തോട്ടിവേര, ഉൗരകത്തിൻവേര, വെങ്കുറുന്തോട്ടിവേര, തമിഴാമവേര, ചിററമൃത, പപ്പടം, മുന്തിരിങ്ങപ്പഴം, കാട്ടുഴന്നിൻവേര, കാട്ടുപയററിൻവേര, ഇവകൊണ്ട കഷായംവച്ച ജീരകവും തിപ്പലിയും മേപ്പൊടി ചേത്തിട്ടൊ പഞ്ചസാര മേപ്പൊടി ചേത്തിട്ടൊ സേവിപ്പിക്ക. അഭിഘാതജ്വരം ശമിക്കും.

(അഭിഷംഗ ജ്വരത്തിന്ന)

൯൯. അഭിഷംഗജ്വരെഭാർങ്ഗീപുഷ്കരാംബുദപപ്പടൈഃ।
ശംഖിനീമൂലദേവാഹ്വകടുകാലശുനാന്വിതൈഃ ॥

(ഭാർങ്ഗ്യാദികഷായം)

൱൦. കഷായസ്സക്കരൊപെതൊമധുമാൻവാഹിതഃപരം।
ഐലെയമൂലദൂർവ്വാബ്ദഗുളൂചീസാധിതൊപിവാ ॥

ചെറുതേക്കിൻവേര, പുഷ്കരമൂലം, മുത്തെങ്ങക്കിഴങ്ങ, പപ്പടം, ശംഖപുഷ്പത്തിൻവേര, ദേവതാരം, കടുകരോഹണി, വെളുത്തുള്ളി ഇവകൊണ്ട കഷായംവച്ച പഞ്ചസാര മേപ്പൊടിചേത്ത സേവിപ്പിക്ക. കാമംകൊണ്ടൊ ക്രോധംകൊണ്ടൊ ഭയംകൊണ്ടൊ ഉണ്ടായ പനി ശമിക്കും. മേല്പറഞ്ഞ കാരണങ്ങളെകൊണ്ടുണ്ടാകുന്ന ജ്വരത്തിന്ന അഭിഷംഗജ്വരമെന്ന പേരാകുന്നു. അതിന്ന മുക്കാപ്പീരകത്തിൻവേരും കറുകനാക്കും മുത്തെങ്ങക്കിഴങ്ങും ചിററമൃതും കൂട്ടി കഷായം വച്ച പഞ്ചസാര മേപ്പൊടിചേത്തും സേവിപ്പിക്കാം. ഈ കഷായങ്ങൾക്ക രണ്ടിന്നും തേൻ മേപ്പൊടി ചേക്കാം.

(ചേരുമരം തൊട്ടാലുണ്ടാകുന്ന പനിക്ക)

൱൧. അരുഷ്കരതരുസ്പശ്സംഭവെശീഷ്ശൂലിനീ।
രക്തമണ്ഡലകച്ഛന്നശരീരെതത്രശൊഫിനി ॥

൱൨. അക്ഷകഫ്വാഥൊഫിതഃക്ഷൌദ്രസിതാജീരകമിശ്രിതഃ।
ലാക്ഷാദൂരാലഭാംഭോദൈസ്സാക്ഷൌവ്വാസംപ്രസാധിതഃ ॥

ചേരുമരം തൊട്ടാൽ സവ്വാംഗം ചുവന്ന വട്ടത്തിൽ തടിച്ച നീരോടും തലവേദനയോടുംകൂടിയ പനി ഉണ്ടാകും. അതിന്ന താന്നിക്ക കഷായംവച്ച തേനും പഞ്ചസാരയും ജീരകവും മേപ്പൊടി ചേത്ത സേവിപ്പിക്ക. അല്ലായെങ്കിൽ കോലരക്ക, കൊടിത്തൂവവേര മുത്തെങ്ങ താന്നിക്ക ഇവകൊണ്ട കഷായം വച്ച സേവിപ്പിക്ക.

൱൩. അക്ഷാണാന്തഃചതുർദായപിഷ്ടവാതക്രെമഗ്ഗമുഹുഃ।

ലിംപെദ്ജ്വപുഷിസൎവ്വത്രശോഫമണ്ഡലശാന്തയെ ॥

താന്നിക്കയുടെ തൊലി മോരിലരച്ച സൎവ്വാംഗവും പിന്നെയും പിന്നെയും തേപ്പിക്കുക. ചുവപ്പും നീരും ശമിക്കും.

൩൪. കുലസ്ഥംദധിതൈലഞ്ചസ്വെദഞ്ചപരിവജ്ജയേൽ ।
മൂദ്ധ്നിസ്തന്യേനമഞ്ജിഷ്ഠാംധാരയെച്ചശിരൊരുജി ॥

മുതിര തയിര എണ്ണ ഇതുകളെ വൎജ്ജിക്കുകയും ശരീരം വിയക്കാതെ കഴിച്ചുകൂട്ടുകയും ചെയ്ക. തലവേദന ഉണ്ടായാൽ മഞ്ചട്ടിപ്പൊടി മുലപ്പാലിൽ ചാലിച്ച മൂൎദ്ധാവിലിടുക.

൩൫. ബാധാഭിചാരജൌയൌതൌകൃതാബാധാഭിചാരയൊഃ
സദ്യഃപ്രതിവിധിംവൈദ്യശ്ചികിത്സെച്ചയഥൊദിതം ॥

ബാധാഭിചാരങ്ങളെക്കൊണ്ട ഉണ്ടായ പനിക്കു ബാധാഭിചാരങ്ങളുടെ പ്രതിവിധിയെ ചെയ്തിട്ട ദോഷകോപത്തെ അനുസരിച്ച മുൻപറഞ്ഞപ്രകാരം ചികിത്സകൾ ചെയ്തുകൊൾക.

൩൬. ഇത്യാഗന്തുസ്സമാസേനദശിതൊത്രപ്രതിക്രിയാ ।
യാചസാജ്വരിതസ്യാമീപഥ്യാപ്ഥാവിധയസ്മൃതാഃ ॥

ഇങ്ങിനെ ആഗന്തുകജ്വരവും അതിൻെറ ചികിത്സയും ഇവിടെ സംക്ഷേപെണ പറയപ്പെട്ടു. മേല്പറഞ്ഞ ചികിത്സകൾ എല്ലാ ജ്വരങ്ങളിലും മതിയായി വരുന്നതാകയാൽ ഇനി വിസ്തരിച്ച പറയുന്നില്ല.

ഇതി വാദാസൊപനാമകരാമാനന്ദ നാഥപണ്ഡിതപാരശവെന്ദ്രകൃതാ വാരൊഗ്യകല്പദ്രുമെ ബാലചികിത്സായാം തൃതീയസ്തബകൊനാമ തൃതീയാദ്ധ്യായഃ

---

## ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം.

---

### ചതുൎത്ഥാദ്ധ്യായ പ്രാരംഭഃ.

### രക്തപിത്ത ചികിത്സാ

൧. അഥാത്രരക്തപിത്തസ്യചികിത്സാതത്രതൂദ്ധ്വഗെ।
വിരേചനംപ്രയുഞ്ജീതമൃദ്വീകാമലകാദിഭിഃ॥

ഏററവും ഉഷ്ണങ്ങളായി തീക്ഷ്ണങ്ങളായി എരുവൊപുളിയൊ ഉപ്പൊ ആകുന്ന രസത്തോടുകൂടിയതുകളായി വിദാഹികളായിരിക്കുന്ന വസ്തുക്കളെയോ പിത്തവൎദ്ധനങ്ങളായിരിക്കുന്ന വരക

മുളനെല്ല മുതലായതുകളെയൊ അധികമായി ഭക്ഷിച്ചാൽ എ
കൃൽപ്ലീഹകളിലുള്ള രക്താ ളകി മേല്പോട്ട വ്യാപിച്ച വായ,
മൂക്ക മുതലായ ദ്വാരങ്ങളൂടെയും, കീഴ്പോട്ട വ്യാപിച്ച മലദ്വാര
ത്തൂടെയും മൂത്രദ്വാരത്തൂടെയും, സൎവ്വാംഗം വ്യാപിച്ചാൽ സക
ല രോമകൂപങ്ങളൂടേയും പുറത്തെയ്ക്കു പുറപ്പെട്ടുകാണാം. അതിന്ന
രക്തപിത്തമെന്ന പേരാകുന്നു. അത ഊൎദ്ധ്വഗവും അധോഗ
വും ഉഭയായനവും ഇങ്ങിനെ മൂന്നുപ്രകാരത്തിലാകുന്നു. വായ
മുതലായിട്ടുള്ള ദ്വാരങ്ങളിൽക്കൂടി വരുന്നത ഊൎദ്ധ്വഗമെന്ന അ
റിക. മലദ്വാരം മുതലായതിൽക്കൂടി വരുന്നത അധൊഗമെന്ന
അറിക. രണ്ടുപ്രകാരവുമായാൽ ഉഭയായനമെന്ന അറിക.
അതുകളിൽവെച്ച ഊൎദ്ധ്വഗമായതിന്ന മുന്തിരിങ്ങ, നെല്ലിക്ക മു
തലായ മൃദുദ്രവ്യങ്ങളെക്കൊണ്ട വയറിളക്കുക.

(വയറിളക്കുവാൻ അഭയാദി കഷായം)

൨. അഭയാമലകദ്രാക്ഷാകഷായൊമധുസിതാന്വിതാ ।
ഊൎദ്ധ്വഗെരക്തപിത്തെതുവിരെകായപ്രശസ്യതെ ॥

കടുക്ക, നെല്ലിക്ക, മുന്തിരിങ്ങപ്പഴം ഇവകൊണ്ട കഷായം
വെച്ച പഞ്ചസാരയും തേനും മേല്പൊടി ചേൎത്ത സേവിപ്പിക്ക.
എന്നാൽ വയറിളകും. രക്തപിത്തം ശമിക്കുകയും ചെയ്യും.

൩. വിഷ്ണുക്രാന്ത്യാഃപിബെൽകല്കംപയസാകുംകുമസ്യവാ ।
ശന്മലീമുകുളാനാംവാതതസ്തസ്യപ്രശാന്തയെ ॥

വയറിളക്കിയതിന്റെശേഷം വിഷ്ണുക്രാന്തി പാൽ വീഴ്ത്തിയ
രച്ച സേവിപ്പിക്കുക. അല്ലായെങ്കിൽ കുംകുമകേസരമൊ പൂള്ള
യുടെ മൊട്ടൊ പാലിലരച്ച സേവിപ്പിക്കുക. ഊൎദ്ധ്വഗമായ
രക്തപിത്തം ശമിക്കും.

൪. രസംധുൎദ്ധൂരപത്രസ്യചതുൎഗ്ഗുണംഘൃതാന്വിതം ।
സമ്മൎദ്ദ്യനീരസീകൃത്യഘൃതംമൂൎദ്ധ്നിപ്രലേപയെൽ ॥

ഉമ്മത്തില പിഴിഞ്ഞ നീര നാലിരട്ടി നെയ്യുകൂട്ടി ഉരസി
നീര വററിയാൽ നെയ്യ മൂൎദ്ധാവിൽ തലോടുക. രക്തപിത്തം
ശമിക്കും.

(മൂക്കിൽക്കൂടി ചോരവരുന്നതിന്ന)

൫. പടൊലപത്രസാരെണനവനീതംവിമൎദ്ദ്യതൽ ।
വിധായനീരസംതെനമൂൎദ്ധ്നിലെപംപ്രകല്പയെൽ ॥
൬. നാസാമാൎഗ്ഗാഗതംരക്തപിത്തമാശുനിയച്ഛതി ।
കൎണ്ണാദ്ധ്വനാതുവിലന്വ്യപത്രജെനരസെനതൽ ॥

൧ *

പടോലത്തിൻെറ ഇല പിഴിഞ്ഞ നീരും വെണ്ണനെയ്യും സമം ചേൎത്ത ഉരസി നീരുറ്റത്ത മൂൎദ്ധാവിലിടുക. മൂക്കിൽക്കൂടെ ചോര വരുന്നത മാറും കുളത്തില പിഴിഞ്ഞ നീരിൽ വെണ്ണനെയ്യ കൂട്ടി മേൽപ്രകാരം ചെയ്താൽ ചെവിയിൽകൂടി ചോര പോകുന്നത മാറും.

(കണ്ണിൽക്കൂടെ ചോരവരുന്നതിന്ന)

൬. സംക്ഷുദ്യത്രിപദീപത്രംവസ്ത്രേനിഷ്പീഡ്യതദ്രസം।
നാളികെരോദകെസിഞ്ചെൽകരുകഞ്ചാത്രയൊജയെൽ॥

൭. അക്ഷ്ണൊരാശ്ച്യോതനന്തെനരക്തപിത്തനിബർഹ
ണം। ജീവന്തീംസസൎപ്പിഭ്യാംമൂർദ്ധ്നൊലെപശ്ചശസ്യതെ॥

നിലംപരണ്ട ഇടിച്ച വസ്ത്രത്തിലിട്ട ഞെക്കി നീരെടുത്ത അത ഇളന്നീർ വെള്ളത്തിൽ ചേൎത്ത അല്പം തേററാമ്പരലും അരച്ചുചേൎത്ത അതുകൊണ്ട കണ്ണിൽ ധാരയിടുക. കണ്ണിൽക്കൂടെ ചോര പോകുന്നത മാറും അടപൊതിയൻകിഴങ്ങിൻെറ നീരും നെയ്യുംകൂട്ടി ഉരസി മൂൎദ്ധാവിലിടുകയുമാം.

(ചോര ഛൎദ്ദിക്കുന്നതിന്ന)

൮. സഹസ്രവെധ്യാശ്ചൂൎണ്ണന്തുനവനീതെനസംയുതം।
ലെഹയെദാതുരംവൈദ്യൊരക്തഛൎദ്ദിപ്രശാന്തയെ॥

സഹസ്രവേധി പൊടിച്ച വെണ്ണനെയ്യ കൂട്ടി സേവിപ്പിക്കുക. ചോരഛൎദ്ദിക്കുന്നത മാറും.

(വടശുംഗാദി കഷായം)

൯൦. വടശുംഗബലൊശീരവൃഷമൂലൈഃപ്രസാധിതഃ।
പിതഃകഷായസ്സക്ഷീരൊരക്തപിത്തനിബഹ്ണഃ॥

പേരാൽമൊട്ട, കുറുന്തോട്ടിവേര, രാമച്ചം, ആടലോടകത്തിൻവേര ഇവകൊണ്ട കഷായംവെച്ച പാൽകൂട്ടി സേവിപ്പിക്കുക. രക്തപിത്തം ശമിക്കും.

(ശതാവരി കഷായം)

൯൧. അധൊഗെതുശതാവൎയ്യാമൂലെനക്വഥിതംജലം।
മധുമച്ഛസ്യതെപീതംതത്സദ്യസ്തന്നിയച്ഛതി॥

അധോഗമായിരിക്കുന്ന രക്തപിത്തത്തിന്ന ശതാവരിക്കിഴങ്ങ കഷായംവെച്ച തേൻ മേമ്പൊടിചേൎത്ത സെവിപ്പിക്ക.

(മൂത്രമാൎഗ്ഗത്തിൽക്കൂടെ ചോരവരുന്നതിന്ന)

൯൨. പഞ്ചമൂലബലാഭീരുസിദ്ധഃകാഥഃപയൊപിവാ।
പീതംപ്രശമയെൽസദ്യഃപിത്താസൃങ്മൂത്രമാൎഗ്ഗഗം॥

(പഞ്ചമൂലാദി കഷായം)

ഓരിലവേര, മുവ്വിലവേര, ചെറുവഴുതിനവേര, ചെറുവ്വള വേര, ഞെരിഞ്ഞില, കുറുന്തോട്ടിവേര ഇവകൊണ്ടു കഷായം വച്ചിട്ടൊ പാൽ കുറുക്കിയിട്ടൊ സെവിപ്പിച്ചാൽ മൂത്രദ്വാരത്തൂടെ രക്തം പോകുന്നത ശമിക്കും.

(മലദ്വാരത്തൂടെ രക്തംപോകുന്നതിന്ന)

൫൩. പിഷ്ടാശ്മന്തലിനിൎയ്യാസമജാക്ഷീരെണപായയേൽ ।
ഗുദാദ്ധ്വനാപ്രവൃത്തന്തദ്രക്തപിത്തംനിയച്ഛതി ॥

പൂളപശയരച്ച, ആട്ടിൽപാലിൽ കലക്കി സേവിപ്പിക്കുക. മലദ്വാരത്തൂടെ പോകുന്ന രക്തപിത്തം ശമിക്കും.

(ശാരിബാദി കഷായം)

൫൪. ശാരിബാമധുകോശിരതണ്ഡുലീയകവാളകൈഃ ।
ദ്രാക്ഷാഹിമസമംഗാഭിരുല്പലെനച സാധിതഃ॥

൫൫. ഊൎദ്ധ്വാധൊഗംദ്വിമാൎഗ്ഗംവാരക്തപിത്തന്നിയച്ഛതി ।
അത്രപാദശ്ശതാവൎയ്യായൊജ്യഇത്യപരെവിദുഃ ॥

നന്നാറിക്കിഴങ്ങ, ഇരട്ടിമധുരം, രാമച്ചം, ചെറുചീരവേര, ഇരുവേലി, മുന്തിരിങ്ങാപ്പഴം, ചന്ദനം, പറച്ചുണ്ടവേര, ചെങ്ങഴിനീക്കിഴങ്ങ ഇവകൊണ്ടു കഷായംവച്ച തേനും പഞ്ചസാരയും മേല്പൊടിചേൎത്ത സേവിപ്പിച്ചാൽ എല്ലാ രക്തപിത്തവും ശമിക്കും. (ഇതിൽ നാലിൽ ഒരു ഭാഗം ശതാവരി ചേൎക്കേണമെന്ന ചിലരുടെ പക്ഷം)

(രക്തപിത്തത്തിന്നുള്ള സിദ്ധൌഷധങ്ങൾ)

൫൬ നിഷ്പിഷ്യവിഷപത്രാണിനവനീതെനഭക്ഷയെൽ ।
പലാശസ്യത്വചാബൊളപല്ലവാന്യഥവാതഥാ ॥

൫൭. ക്ഷീരെണസേവയേൽസദ്യോരക്തപിത്തപ്രശാന്തയെ ।
തിസ്രഔഷധയസ്സിദ്ധാവിഫലാനകദാചനാ ॥

ആടലോടകത്തില അരച്ച വെണ്ണനെയ്യ ചേൎത്ത സേവിപ്പിക്കുക. പ്ലാശിൻതോലരച്ച മേൽപ്രകാരം സേവിപ്പിക്കുക. ഞെഴകിൻകൂമ്പ അരച്ച പാലിൽ സേവിപ്പിക്കു. ഇവ മൂന്നും സിദ്ധൌഷധങ്ങളാകുന്നു.

(ചന്ദനാദി ഘൃതം)

൫൮. കല്ക്കൈശ്ചന്ദനസാരെണസിദ്ധമധുകകല്പിതെ ।
ശതാവരീരസൊപെതംസിദ്ധംസൎപ്പിശ്ചതദ്ധിതം ॥

ചന്ദനം കഷായംവെച്ച ഇരട്ടിമധുരം അരച്ചുകലക്കി ശതാവരിനീരും നെയ്യും സമം ചേത്ത കാച്ചി അരിക്കുക. ഈ നെയ്യ രക്തപിത്തത്തിന്ന നല്ലതാകുന്നു.

(ശതാവൎയ്യാദി ഘൃതം)

൱. ശതാവരീബലാധാത്രീവൃഷമൂലൈഃപലോന്മിതൈഃ ।
ജലാഢകംവിപച്യാസ്മിൻപാദശെഷെപരിസ്രുതെ ॥

൱൧. സിതാപലാഷ്ടകംദത്വാഘൃതപ്രസ്ഥംബന്തഥാ ।
വിപച്യമാനെസാന്ദ്രത്വംഗതെഗോക്ഷുരയഷ്ടിഭിഃ ॥

൱൨. ഭൂതാലകന്ദശൈലെയസിതാവസ്യകവാളകൈഃ । പ്രത്യെകംകഷഭാഗസ്ഥൈസ്ത്വാജയെത്ശ്ലക്ഷ്ണചൂൎണ്ണിതൈഃ ॥

൱൩. തൽപശ്ചാദവതാൎയ്യാശുശീതീഭൂതംപ്രയോജയേൽ ।
സൎവ്വേഷാംരക്തപിത്താനാംഘൃതഎഷപ്രശസ്യതെ ॥

ശതാവരിക്കിഴങ്ങ, കുറുന്തോട്ടിവേര, നെല്ലിക്ക, ആടലോടകത്തിൻവേര ഇവ ഓരോപലം നാലിടങ്ങഴി വെള്ളത്തിൽ കഷായംവെച്ച നാനാഴിയാക്കി അരിച്ച എട്ടുപലം പഞ്ചസാര കലക്കി നാഴി നെയ്യ ചേത്ത കുറുക്കി സാന്ദ്രപാകമായാൽ കുവ്വപ്പൊടി, ഞെരിഞ്ഞിൽ, ഇരട്ടിമധുരം, നിലപ്പനക്കിഴങ്ങ, കന്മതം, തിപ്പലി, താർതാവൽവേര, ഇരുവേലി ഇവ മുമ്മൂന്നു കഴഞ്ച പൊടിച്ച ശീലപ്പൊടിയിട്ട ആ പൊടിവിതറി ഇളക്കിച്ചേത്ത വാങ്ങി ആറിയാൽ അത ദീപനത്തിന്ന തക്കവണ്ണം സേവിപ്പിക്ക. എല്ലാ രക്തപിത്തവും ശമിക്കും. രക്തപിത്തങ്ങളിൽ ഊൎദ്ധ്വഗമായിട്ടുള്ളത സാദ്ധ്യമെന്നും അധോഗമായിട്ടുള്ളത പത്ഥ്യാഭ്യാസംകൊണ്ട അധികം ഉപദ്രവിക്കാതെ നില്ക്കുമെന്നും ഉഭയമാൎഗ്ഗേണ ഉള്ളതായാൽ അസാദ്ധ്യമെന്നും ശാസ്ത്രസിദ്ധാന്തമാകുന്നു. ആയത വൈദ്യൻ അറിഞ്ഞുകൊൾകയും വേണം.

## കാസ ചികിത്സാ

൱൪. അഥകാസചികിത്സാത്രകാസാഃപഞ്ചവിധാസ്മൃതാഃ । വാതപിത്തകഫൈരാദ്യാസ്ത്രയൊദ്വൌക്ഷതശോഷജൌ ॥

കാസചികിത്സയെ പറയുന്നു. കാസങ്ങൾ അഞ്ച വിധത്തിലാകുന്നു. വാതപിത്തകഫങ്ങളെക്കൊണ്ടും ഉരഃക്ഷതംകൊണ്ടും ക്ഷയംകൊണ്ടും ഉണ്ടാകും.

൱൫. തെക്രമെണബലൊദ്രിക്താസ്സൎവ്വെചാപെക്ഷയാക്ഷയാ।
കുൎവ്വന്തീതസ്മാദാശ്വെതാംശ്ചികിത്സെദാശുകാരിണഃ ॥

മേല്പറഞ്ഞവ അഞ്ചും ക്രമേണ ബലമേറുന്നവയാകുന്നു. എല്ലാ കാസങ്ങളും ചികിത്സിക്കാതെ ഇരുന്നാൽ ഉടനെ ദേഹത്തെ ക്ഷയിപ്പിക്കും. അതുഹേതുവായിട്ട ആശുകാരികളായിരിക്കുന്ന അതുകൾക്ക ചികിത്സ ഉടനെ ചെയ്യേണ്ടതാകുന്നു.

൮൫. ഭജ്ജയിത്വാടരൂഷസ്യപത്രാണിസഹചൂൎണ്ണയെൽ ।
ലാജാനാംതുല്യഭാഗേനസിതയാതദ്രജോഹിതം ॥

ആടലോടകത്തില വറുത്ത മലരസമം കൂട്ടിപ്പൊടിച്ച ആ പൊടി പഞ്ചസാരക്കൂട്ടി സെവിപ്പിക്ക. കാസങ്ങൾ ശമിക്കും.

൮൬. പിഷ്ട്വാബൃഹതികാമൂലംമധുനാപരിലേഹയെൽ ।
ഖളൊബൃഹതികാപത്രസിദ്ധശ്ചപരമൌഷധം ॥

ചെറുവഴുതിനവേര തേനിലരച്ച സേവിപ്പിക്ക. ചെറുവഴുതിനയുടെ ഇലകൊണ്ട മുക്കുടിവെച്ച കുടിപ്പിക്ക.

൮൭. ഐലെയകരസംജീൎണ്ണഗുളയുക്താപ്രഗെതരാം ।
പായയെച്ഛമനംയാതികാസാപഞ്ചവിധഃക്ഷണാൽ ॥

മുക്കാപ്പീരകത്തിന്റെ ഇല പിഴിഞ്ഞ നീരെടുത്ത പഴയ ശക്കരചേൎത്ത സേവിപ്പിക്ക. എല്ലാക്കാസങ്ങളും ഉടനെ മാറും.

(വ്യോഷാദി പൊടി)

൮൮. വ്യോഷംവൃഷസ്യതുല്യാംശംകൃത്വാസഞ്ചൂൎണ്ണ്യലെഹയേൽ । സക്ഷൌദ്രംസിതയൊപെതംപ്രാതഃകാസപ്രശാന്തയെ ॥

ചുക്കമുളകുതിപ്പലി ഇവയൊട സമം ആടലോടകത്തില വറുത്തുപൊടിച്ചത ഒക്കക്കൂട്ടി പൊടിച്ച തേനും പഞ്ചസാരയും കൂട്ടി സേവിപ്പിക്ക. എല്ലാക്കാസങ്ങളും ശമിക്കും.

(ഗുളശുണ്ഠി)

൮൯. ഗുളംദ്വിഗുണിതംശുണ്ഠ്യാസ്തതൊദ്വിഗുണിതാംസ്തിലാൻ । കൃത്വാതാശ്ചസമായൊജ്യമുസലെനവിമൎദ്ദയേൽ ॥

൯൦. അശ്മൊലൂഖലആധായസ്ഥാപയെച്ചസുഭാജനെ ।
തദ്ഭക്ഷിതംപ്രഗെയദ്വാബഹുകൃത്വൊനിയച്ഛതി ॥

൯൧. കാസാൻവഞ്ചാരുചിംദ്ദിഗുന്മോഠഃക്ഷതമാരുതാൻ ।
അഗ്നെശ്ചബലമാധത്തെബല്യാവൎണ്ണപ്രസാദനഃ ॥

ചുക്കിന്റെ പൊടിയിൽ ഇരട്ടി ശക്കരയും അതിൽ ഇരട്ടി വറുത്ത എള്ളും തമ്മിൽചേൎത്ത കല്ലൊരലിലിട്ട ഇരുമ്പൊലക്കകൊണ്ട ഇടിച്ച പാകംചെയ്ത നല്ല പാത്രത്തിലാക്കി അതിൽനിന്ന കുറേശ്ശ എടുത്തു സേവിപ്പിക്കുക.

(ലാജാമലകാദി പൊടി)

൩൨. ലാജാമലകവൈദെഹീസിതാനാഗരകാഭയാഃ ।
ചൂർണ്ണിതാസ്സമഭാഗെനമധ്വാജ്യാഭ്യാഞ്ചതദ്ധിതാഃ ॥

മലര, നെല്ലിക്കാ, തിപ്പലി, ചുക്ക, കടുക്ക ഇവ പൊടിച്ച പഞ്ചസാരയും തേനും നെയ്യും ചേൎത്ത സേവിപ്പിക്ക.

(ലാജവിശ്വാദി പൊടി)

൩൩. ലാജവിശ്വാഭയാകൃഷ്ണാധാത്രീതുല്യന്തുജീരകം ।
സൎവ്വതുല്യാഞ്ചകൃത്വാൎയ്യാംചൂൎണ്ണയിത്വാസിതാസമാം ॥

൩൪. തതൊമാത്രാംപ്രയുഞ്ജീതമധ്വാജ്യലുളിതാംപ്രഗെ ।
നിശിവാബഹുകൃത്വൊവാസൎവ്വകാസപ്രശാന്തയെ ॥

മലര, ചുക്ക, കടുക്ക, തിപ്പലി, നെല്ലിക്ക ഇവ ഓരോ കഴഞ്ച ജീരകം അഞ്ചുകഴഞ്ച, കിരിയാത്ത പത്തുകഴഞ്ച ഇങ്ങിനെ കൂട്ടിപൊടിച്ച ആ പൊടി പഞ്ചസാരയും തേനും നെയ്യും ചേൎത്ത രാവിലെയൊ രാത്രിയിലൊ പലവട്ടമായിട്ടൊ സേവിപ്പിക്കും.

(വ്യോഷാദി കഷായം)

൩൫. വ്യോഷതാമലകീയഷ്ടിഭാൎങ്ഗിഭിസ്സംപ്രസാധിതഃ ।
പീതഃകഷായഃപഞ്ചാപി കാസാനാശുനിയച്ഛതി ॥

ത്രികടു, കിഴാനെല്ലി, എരട്ടിമധുരം, ചെറുതേക്കിൻവേര ഇവകൊണ്ട കഷായംവച്ച സെവിപ്പിക്ക. എല്ലാകാസങ്ങളും ശമിക്കും.

(വാശാദി കഷായം)

൩൬. വാശാകാസഹരാംഭാൎഗ്ഗീ ച്ഛിവിശ്വാധാന്യകൈഃ ।
ഭാൎങ്ഗീഹരിദ്രാവൈദേഹീസഹിതൈഃക്വഥിതംജലം ॥

൩൭. സിതാജീരകസംയുക്തംപായയെൽകാസശാന്തയെ ।
ദശമൂലകഷായംവാവൃഷമൂലെനവാശൃതം ॥

ആടലോടകത്തിൻവേര, പൊന്നാവീരത്തിൻവേര, മുത്തെങ്ങക്കിഴങ്ങ, ചിററമൃത, ചുക്ക, കൊത്തമ്പാലയരി, ചെറുതേക്കിൻവേര, വരട്ടമഞ്ഞള, തിപ്പലി ഇവകൊണ്ട കഷായംവച്ച ജീരകവും പഞ്ചസാരയും മേപ്പൊടിചേൎത്ത സേവിപ്പിക്ക. ദശമൂലംകൊണ്ടൊ ആടലോടകത്തിൻവേരുകൊണ്ടൊ കഷായം വച്ച മേൽപ്രകാരം സെവിപ്പിക്ക.

(കൂശ്മാണ്ഡ രസായനം)

൩൮. കൂശ്മാണ്ഡസ്യപുരാണസ്യത്വഗസ്ഥിരഹിതാംതുലാം ।
സ്വെദയിത്വാവിനിഷ്പീഡ്യഘൃതപ്രസ്ഥെതുഭൎജ്ജയെൽ ॥

൩൯. ക്ഷൌദ്രവൎണ്ണാംവിനിഷ്പിഷ്യതദ്രസസ്യാഢകെപുനഃ।
തുലാപാദംസിതാംദത്വാതത്രൈതൽപരിയോജയേൽ ॥
൪൦. ഘൃതസ്യകുഡുബൌദ്വൌചദത്വാമന്ദാഗ്നിനാപുനഃ ॥
പച്യമാനെതുസാന്ദ്രെസ്മിൻകൃഷ്ണാജീരകവിശ്വതഃ ॥
൪൧. ദ്വെദ്വെപലെത്രിജാതസ്യധാന്യസ്യമരിചസ്യച ।
പലാൎദ്ധഭാഗംപ്രത്യേകംയോജയെൽശ്ലക്ഷ്ണചൂൎണ്ണിതം ॥
൪൨. മധുനഃകുഡുബൌദ്വൌചശീതെതത്രാവതാൎയ്യതു ।
ഖജെനാമത്ഥ്യസംയുജ്യസൽപ്യന്തശ്ചഭാജനെ ॥
൪൩. തന്നിഹന്ത്യുപയോഗെനകാസയിദ്ധ്മാരുചിക്ഷയാൻ।
ശ്വാസഞ്ചരക്തപിത്തഞ്ചശമയെൽക്ഷതമെവച ॥
൪൪. മെധാസ്മൃതിബലാധായസന്ധാനംബൃംഹണംപരം ।
ഹൃദ്യഞ്ചെതൽപരാനാമ്നാകൂശ്മാണ്ഡകരസായനം ॥

പഴയ കുമ്പളങ്ങ തൊലിയും കരടും നീക്കി ഒരു തുലാം തൂക്കി എടുത്ത ചിരകി വാട്ടിപിഴിഞ്ഞ നീരുകളഞ്ഞ എടങ്ങഴി നെയ്യിൽ വറുത്ത തേനിന്റെ നിറമായാൽ വാങ്ങി വറുത്തത വേറെ എടുത്ത അരച്ച പതിനാറു നാഴി പഴെ കുമ്പളങ്ങ നീരിൽ ഇരുപത്തഞ്ച പലം പഞ്ചസാര കലക്കി അതിൽ വറുത്തരച്ചതും ചേൎത്ത ഇരുനാഴി നെയ്യും ചേൎത്ത കുറുക്കി സാന്ദ്രപാകമായാൽ തിപ്പലി, ജീരകം, ചുക്ക ഇവ ഈരണ്ടുപലം ഏലത്തരി, ഇലവങ്ങത്തൊലി, പച്ചില, കൊത്തമ്പാലയരി ഇവ ആറാറു കഴഞ്ച ഒക്കക്കൂട്ടിപ്പൊടിച്ച ശീലപ്പൊടിയിട്ട ആ പൊടി വിതറി ഇളക്കിചേൎത്ത വാങ്ങി ആറിയാൽ ഇരുനാഴി തേൻ ഒഴിച്ച കയിൽകൊണ്ട ഇളക്കി യോജിപ്പിച്ച നന്നായിട്ടുള്ള പാത്രത്തിലാക്കി അതിൽനിന്ന വേണ്ടത എടുത്ത നിത്യമായി സേവിപ്പിക്ക. കൊര, എക്കിട്ടം, അരുചി, ക്ഷയം, എക്കം, രക്തപിത്തം, ഉരഃക്ഷതം ഇവ ശമിക്കും.

(കൎപ്പൂരാദി പൊടി)

൪൫. കൎപ്പൂരദലതക്കോലലൊല്ലജാതീഫലൈസ്സമൈഃ।
കൃഷ്ണാലവങ്കമരിചനാഗവിശ്വാൻവിവൎദ്ധിതാൻ॥
൪൬. കൃത്വാസഞ്ചൂൎണ്ണ്യസിതയാചൂൎണ്ണന്തൽപരിശീലയെൽ।
തദ്രോചനഞ്ചഹൃദ്യഞ്ചവൈസ്വൎയ്യക്ഷയകാസജിൽ ॥
൪൭. ഗുന്മാൎശ്ശ്വാസവമഥുകണ്ഠാമയനിബൎഹണം।
പ്രയുക്തഞ്ചാന്നപാനേഷുഭക്തദ്വേഷനിവാരണം॥

കൎപ്പൂരം, പച്ചില, തക്കോലപ്പൊട്ടിൽ, പാച്ചോററിത്തൊലി ജാതിക്ക ഇവ ഓരോ കഴഞ്ച ഇലവങ്ങത്തൊലി, തിപ്പലി, കുരു

മുളക, നാഗപ്പൂവ്വ, ചുക്ക ഇവ ഈരണ്ടു കഴഞ്ച പൊടിച്ച സമമായി പഞ്ചസാര ചേൎത്ത സേവിപ്പിച്ചാൽ രുചിയും ഹൃദയത്തിന്ന പ്രസാദവുമുണ്ടാകും. ഒച്ചയടപ്പ, ക്ഷയം, കുര, ഗുന്മം, അശ്സ്സ, എക്കം, ഛൎദ്ദി, കണ്ഠരോഗം ഇവയും ശമിക്കും. അന്നപാനങ്ങളോട ചേൎത്ത സേവിപ്പിച്ചാൽ ഭക്തദ്വേഷം ശമിക്കും.

(അമൃതാദി എണ്ണ)

൪൮. അമൃതാവൃഷനിൎഗ്ഗുണ്ഡീദ്വിരെഫഗിരിമദ്ദിനീഃ ।
ഐലെയകഞ്ചംവെത്രാഗ്രംസംക്ഷുദ്യപരിപീഡയേൽ ॥

൪൯. തദ്രസെഥജടാകുഷ്ഠശാരിബാദാരുചന്ദനൈഃ । അഭയാരോഹിണീലാക്ഷായഷ്ടിസജ്ജരസാന്വിതൈഃ ॥

൫൦. കല്ക്കിതൈൎന്നാളികേരസ്യസ്നേഹസ്തിലജഎവവാ ।
വിപകപസ്സൎവ്വകാസഘ്നശ്ശ്വാസാനാഞ്ചനിബൎഹണഃ ॥

ചിററമൃത, ആടലോടകത്തില, കരിനൊച്ചിയില, കഞ്ഞുണ്ണി, മലയമുക്കി, മുക്കാപ്പീരകത്തില, ചൂരൽതല ഇവ ഇടിച്ചപിഴിഞ്ഞ നീരിൽ മാഞ്ചി, കൊട്ടം, നന്നാറിക്കിഴങ്ങ, ദേവതാരം, ചന്ദനം, കടുക്ക, കടുകരോഹണി, കോലരക്ക, ഇരട്ടിമധുരം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ കാച്ചി തേപ്പിച്ചാൽ കാസശ്വാസങ്ങൾ ശമിക്കും.

(വാശാഘൃതം)

൫൧. വാശാംസമൂലാംസംക്ഷുദ്യസ്വരസേതസ്യകല്ക്കിതൈഃ ।
തൽപുഷ്പൈസ്സാധിതംസൎപ്പിസ്സക്ഷൌദ്രംശ്വാസകാസജിൽ ॥

ആടലോടകം സമൂലം ഇടിച്ചുപിഴിഞ്ഞ നീരിൽ ആടലോടത്തിന്റെ പുവ്വരച്ചുകലക്കി നെയ്യ ചേൎത്ത കാച്ചി അരിച്ച ആ നെയ്യ സേവിപ്പിച്ചാൽ കാസശ്വാസങ്ങൾ ശമിക്കും.

ശ്വാസഹിദ്ധ്മ ചികിത്സാ

൫൨. ശ്വാസഹിദ്ധ്മചികിത്സാഥശ്വാസൊഹിദ്ധ്മാചഹേതുഭിഃ । സമാനൈൎജ്ജായതെതസ്മാൽസമാനന്തച്ചികിത്സിതം ॥

ശ്വാസഹിദ്ധ്മചികിത്സയെ പറയുന്നു. ക്ഷുദ്രകൻ മുതലായ ശ്വാസങ്ങളും അന്നജമുതലായ എക്കിട്ടങ്ങളും സമാനഹേതുക്കളെക്കൊണ്ട ഉണ്ടാകുന്നതാകയാൽ അതുകളുടെ ചികിത്സകളും തുല്യങ്ങളായിരിക്കും.

(നയൊപായ കഷായം)

൫൩. ബലായാദശഭിൎഭാഗൈൎദ്വാഭ്യാംജീരകവിശ്വയൊഃ ।
സിദ്ധഃകഷായൊനയൊപായശ്ശ്വാസഹിദ്ധ്മഹരഃപരം॥

കരിന്തോട്ടിവേര പത്തംശം ജീരകം ചുക്ക ഇവകൾ ഓരോ അംശം ഇങ്ങിനെ ചെയ്ത കഷായം വെച്ച സേവിപ്പിച്ചാൽ ശ്വാസഹിദ്ധ്മകൾ ശമിക്കും

(ബലാജീരകാദി കഷായം)

൩൪- ബലാജീരകമെവെല്ലക്ഷുലാജ്ജവില്വാമൃതൌഷധൈഃ।
ദെവദാരുഗ്ഗുഹാവാശാസഹിതൈഃ ക്വഥിതംജലം॥
൩൫- കൃഷ്ണാമധുസിതോപേതം ശ്വാസകാസഹരംപരം।
ആജംപയോവാവാസം സിദ്ധമെഭിശ്ശൎക്കരയാന്വിതം॥

കരിന്തോട്ടിവേര ജീരകം മുത്തങ്ങക്കിഴങ്ങ കരിമ്പ മലര ളുമത്തിൻവേര ചുക്ക ദേവതാരം മുവ്വിലവേര ആടലോടകത്തിൻവേര ഇവകൊണ്ട കഷായംവെച്ച തിപ്പലിയും തേനും പഞ്ചസാരയും ചേൎത്ത സേവിപ്പിച്ചാൽ ശ്വാസകാസങ്ങൾ ശമിക്കും- മെല്പറഞ്ഞ മരുന്നിട്ട ആട്ടിൻപാല കുറുക്കി പഞ്ചസാര ചേൎത്ത സേവിപ്പിച്ചാലും ശമിക്കും-

(ബലാരാസ്നാദി കഷായം)

൩൬- ബലാരാസ്നാക്ഷുദ്രനിംബവാസല്ലകീപത്രയഷ്ടിഭിഃ।
കഷായസ്സാധിതോഹന്തി ശ്വാസാന്മാക്ഷികസംയുതഃ॥

കുറുന്തോട്ടിവേര അരത്ത കരിമ്പ പുത്തരിച്ചുണ്ടവേരുമ്മൽതൊലി രേംറബനക്കുമ്പ ഇരട്ടിമധുരം ഇവകൊണ്ട കഷായംവെച്ച തേൻ മെമ്പൊടിചേൎത്ത സേവിപ്പിച്ചാൽ ശ്വാസഹിദ്ധ്മകൾ ശമിക്കും

(നിൎഗ്ഗുണ്ഡ്യാദി കഷായം)

൩൭- നിൎഗ്ഗുണ്ഡീമൂലരാസ്നോഗ്രാഭൂനിംബാബ്ദാമരൌഷധൈഃ।
കഷായോമധുമാൻഹന്തി ശ്വാസഹിദ്ധ്മജ്വരാമയാൻ॥

കരിനൊച്ചിവേര അരത്ത വയമ്പ പുത്തരിച്ചുണ്ടവേരുമ്മൽതൊലി കിരിയാത്ത ഇവകൊണ്ട കഷായംവെച്ച തേൻ മെമ്പൊടിചേൎത്ത സേവിപ്പിക്ക- ശ്വാസഹിദ്ധ്മജ്വരങ്ങൾ ശമിക്കും-

(ശൌണ്ഡീ രസായനം)

൩൮- ശൌണ്ഡ്യാസ്തണ്ഡുലമാദായ കഡുമ്പാകുണ്ഡലീരസെ।
പ്രക്ഷിപ്യരജനീമെകാന്നീത്വാഹനി വിശൊഷയെൽ॥
൩൯- തദ്വേദേവമേകന്യായാരസെവ്യാശ്രീരസെചിവ।
സുഷവീപത്രസാരെ ച നിൎഗ്ഗുണ്ഡീപത്രജെരസെ॥
൪൦- ആൎദ്രകൊസ്വഹരാമ്ലമാവാശാപത്രോത്ഭവെപിച।

ശൈലേയകരസേവ്യാജാക്ഷീരൈശ്ചവംപുനശ്ചാതൽ॥
൩൬– സമ്പൂർണ്ണ്യ വൈവർണ്ണപാത്രേക്ഷന്നിക്ഷിപ്യയത്നതഃ।
സിതാമധുയുതംതച്ചസേവിതംശ്വാസകാസജിൽ॥

തിപ്പലിയുടെ അരിയെടുത്ത നാഴിയായാൽ ഇശങ്കിന്റെറച്ചു പിഴിഞ്ഞ നാഴി നീരെടുത്ത അതിൽ ഒരുരാത്രി മുഴുവൻ ഇട്ടുവെച്ചു പിറേറന്നാൾ ഉണക്കുക– ഇപ്രകാരം ചെലിപ്പരുത്തിയില നീരിലും ചെറുവഴുതിനയിലനീരിലും പുല്ലാനിയില നീരിലും കരുനൊച്ചിയിലനീരിലും എരിക്കിലനീരിലും പൊന്നാവിരത്തിലനീരിലും ആടലോടകത്തിലനീരിലും മുക്കാപ്പീരത്തില നീരിലും ആട്ടിൻപാലിലും ഓരോരാത്രിയിട്ടുവെച്ചു പിറേറന്നാൾ ഉണക്കി ഒടുക്കം അതുപൊടിച്ചു മുളകൊണ്ടുണ്ടാക്കിയ പാത്രത്തിലാക്കി സൂക്ഷിക്കുക– ഇതു പഞ്ചസാരയും തേനും ചേർത്തു സേവിപ്പിച്ചാൽ കുര ഏക്കം എക്കിട്ടം ഇവ ശമിക്കും.

(ജീരകാദി പൊടി)

൩൭– ജീരകവ്യോഷമുസ്താഭൂനിംബോശീരപാഠകൈഃ।
രാസ്നാജാതിഫലാജാജീവരാനളാഗ്രാലവംഗകൈഃ॥
൩൮– അഗ്ന്യഗ്രാഹ്യജമോജാക്രാംഗപുഷ്കരമൂലകൈഃ।
ബലായത്രവിളംഗാഖ്യാശതവേധീസലോത്ഭവൈഃ॥
൩൯– കർപ്പൂരമൃഗനാഭിഭ്യാംസഹിതൈസ്തുല്യചൂർണ്ണിതൈഃ।
സസിതൈർമ്മധുനാലീഢൈശ്ശാന്തിസ്സ്യാൽശ്വാസകാസയോഃ॥

ജീരകം ത്രികടു മുത്തങ്ങക്കിഴങ്ങു ഏലത്തരി പുത്തരിച്ചുണ്ടവേരുമ്മൽതൊലി രാമച്ചം ഇരുവേലി അരത്ത ജാതിക്ക ആശാളി കരയാമ്പൂവു വയമ്പ ഏലവങ്ങത്തൊലി അക്കിക്കറുക അയമോദകം അക്കാരിതെങ്ങ പുഷ്കരമൂലം കരുന്തോളിവേര ഊരകത്തിൻചോറ ചെങ്കുറുന്തോട്ടിവേര വിഴാലരി കിരിയാത്ത സഹസ്രവേധി കന്മതം പച്ചക്കർപ്പൂരം മെരുകിൻചട്ട ഇവ പൊടിച്ചു പഞ്ചസാരയും തേനും ചേർത്ത സേവിപ്പിച്ചാൽ ഏക്കവും കുരയും ശമിക്കും–

(ഭൂനിംബാദി പൊടി)

൪൦– ഭൂനിംബമൂലതാഗ്രാസ്നാവചാമധുകപിപ്പലീഃ।
ആഖ്യാജീരകസൈരേയയുതവ്യാജാജീസമന്വിതാഃ॥
൪൧– സവൽക്കലവൃഷാളർക്കസുരസൈലേയകാംബുഭിഃ।
നിർഗ്ഗുണ്ഡീട്ടംഗശാംഗേയചപല്ലചോരേതരൈസ്സരവ്വി॥
൪൨– പിഷ്ടാജാകകമഹശ്രൃംഗ്യാകൃതചാസശോഷ്യതേ

ത്രി കൎപ്പൂരംകുംകുമഞ്ചാപിയോജയിത്വാസമാംശകം॥
൩൭- സിതയാഭക്ഷയേൽപ്രാതൎയ്യദുന്മാദാമൃഗ്ഗുഹ്മജഃ।
ശ്വാസംകാസഞ്ചഛൎദ്ദിഞ്ചസദ്യഃഏതന്നിയച്ഛതി॥

പുത്തരിച്ചുണ്ടവേരുമ്മൽതൊലി അരത്ത വയമ്പ ഇരട്ടിമധുരം തിപ്പലി കിരിയാത്ത ജീരകം കരിംകുറിഞ്ഞിവേര കാട്ടുമുല്ലവേരുമ്മൽതൊലി ആശാളി ഇവ പാല ആടലൊടകം വെള്ളരിക്ക കരത്തുളസി മുക്കാപ്പീരകം കരുനൊച്ചി കഞ്ഞുണ്ണി ഉമ്മത്ത ഇവകളുടെ ഇലകൾ വെവ്വേറെ വാട്ടിപിഴിഞ്ഞ നീരുകളിൽ ഓരോദിവസം അരച്ച ഉണക്കിപ്പൊടിച്ച അതിൽ കുംകുമവും പച്ചക്കൎപ്പൂരവും കൂട്ടിപ്പൊടിച്ച പഞ്ചസാരചേൎത്തിട്ടോ തേനിൽ ചാലിച്ചിട്ടോ രാവിലെയെങ്കിലും പലാവട്ടമായിട്ടെങ്കിലും സേവിപ്പിക്ക- ഏറക്കം കര എക്കിട്ടം ഇവ ശമിക്കും.

(ധന്വന്തരി ഗുളിക)

൩൮ ഏലാവിശ്വാഭയാജാതീൎബ്ബൃഹത്യാവെച്ചജീരകം।
ചീനൊഷണഞ്ചഭൂനിംബംതക്രോക്ഷംസുരദാരുച॥
൧൦- കൎപ്പൂരകരിഗ്ഗ്രന്ഥ്യോഃസമഞ്ചമൃഗമദംതസാ।
നിഷ്പിഷ്യജീരകകഷായെണമാംഭസിചകല്പയേൽ॥
൪൦- ഗുളികാസ്സമ്മിതാമാഷൈഃകഷായെസാധിതെപുനഃ।
പനസസ്യശ്ച ഭൂനിംബജീരകൈസ്സാധുയോജിതാഃ॥
൪൧- പായയെച്ഛ്വാസനാശായകാസാനാഞ്ചനിവൃത്തയെ।
യക്ഷ്മണശ്ശാന്തയെഛിക്കാച്ഛൎദ്ദ്യാശ്ചവിനിവൃത്തയെ॥
൪൨- കഫപ്രസെകശാന്ത്യൈചനാമ്നാധാന്വന്തരീമതാ।
ഗുളികെയംവിശെഷെണമാരുതസ്യാനുലോമനീ॥

ഏലത്തരി ചുക്ക കടുക്ക ആശാളി ചെറുവഴുതിനവേര കിരിയാത്ത ജീരകം വാല്മുളക പുത്തരിച്ചുണ്ടവേരുമ്മൽതൊലി രുദ്രാക്ഷം ദേവതാരം പച്ചക്കൎപ്പൂരം കണ്ടിവെണ്ണ പച്ചപ്പുഴ ഇവ ജീരകക്കഷായത്തിലും പനിനീരിലും അരച്ച ഉഴുന്നിൻമണിപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി പഴുത്ത പുലാവിലഞെട്ടി പുത്തരിച്ചുണ്ടവേരുമ്മൽതൊലി ജീരകം ഇവകൊണ്ട കഷായംവെച്ച അതിൽ ഓരോ ഗുളികചേൎത്ത സേവിപ്പിക്ക ഏറക്കം കര രാജയക്ഷ്മാവ എക്കിട്ടം ഛൎദ്ദി വായിൽ വെള്ളം വരവ ഇവ ശമിക്കും- വായുവിൻെറ ഗതി ഒക്കയും വെണ്ടാവണ്ണമാകും- ഈ ഗുളികക്കു ധാന്വന്തരീ എന്ന പേരാകുന്നു.

(ശ്വാസാനന്ദ ഗുളിക)

൬൬- ഹിംഗുലംവത്സനാഭിഞ്ചസകൎപ്പൂരംവരാരസൈ।
നിഷ്പിഷ്യഗുളികാഃകാൎയ്യാമുൽഗാഭാശ്ശുഷ്കാശ്ചകാരയെൽ॥
൬൭- ഏതാസ്സിതായുതാസ്സദ്യഃപീതാഃകാസാനിലക്ഷയാൻ।
ഹിക്കാഞ്ചഹരതിക്ഷിപ്രംശ്വാസാനന്ദാഹ്വയാമതാഃ॥

ചായില്യം വത്സനാഭി ഇവ ശുദ്ധിചെയ്തു രണ്ടിനൊടും തുല്യമായി പച്ചക്കൎപ്പൂരംചെൎത്ത ത്രിഫല കഷായത്തിൽ അരച്ച ഉഴുന്നിൻമണിപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി മുലപ്പാലിൽ അരച്ചചെൎത്ത പഞ്ചസാരയുമിട്ടു സെവിപ്പിക്ക എക്കം കരാക്ഷയക്ഷ്മാവ എക്കിട്ടം ഇവ ശമിക്കും

(വില്വാദിലെഹം)

൬൮- വില്വമൂലതുലായാഹിന്നംമിതംഷോഡശഭിഃപലൈഃ।
സംക്ഷുദ്യനിക്ഷിപെല്പാത്രെമാഢകാനാംചതുഷ്ടയെ॥
൬൯- നിഷ്ക്വാഥ്യപാദശെഷെസ്മിൻ സംസ്രുതെസപ്തശാംശ
കം। യോജയിത്വാപുരാണസ്യഗുളസ്യാന്തുപലെദ്വ്യകാ॥
൭൦- സാന്ദ്രതാസ്യാന്ത്വാമുസ്താനാഗകെസരധാന്യകാൻ।
വ്യോഷമെലാംലവംഗഞ്ചജീരകഞ്ചവിചൂൎണ്ണിതാൻ॥
൭൧- പ്രത്യെകംകൎഷഭാഗസ്ഥാൻ പ്രക്ഷിപ്യപരിയോജയെ
ൽ। അവതാൎയ്യാഥശീതെതൽസെവിതംവിനിയച്ഛതി॥
൭൨- കാസാഗ്നിസദനശ്വാസപ്രസെകാനരുചിംതഥാ।
ഹിക്കാഞ്ചരാജയക്ഷ്മാണമചിരെണനസംശയഃ॥

കൂവളത്തിൻവെര കാതല പലം പതിനാറ പതിനാറിടങ്ങഴിവെള്ളത്തിൽ കഷായംവെച്ച നാലിടങ്ങഴിയാക്കി അരിച്ച പതിനാറ പലം പഴശൎക്കര കലക്കി കുറുക്കി കൊഴുത്ത പാകമായാൽ മുത്തങ്ങക്കിഴങ്ങ നാഗപ്പൂവ്വ കൊത്തമ്പാലരി ത്രികടു ഏലത്തരി ഇലവങ്ങത്തൊലി ജീരകം ഇവ മുമ്മൂന്നു കഴഞ്ചു പൊടിച്ചിട്ട ഇളക്കി ചെൎത്ത വാങ്ങി ആറിയാൽ അതിൽനിന്ന വെണ്ടത എടുത്ത സെവിപ്പിക്ക- എക്കം കുര എക്കിട്ടം അഗ്നിമാന്ദ്യം മുതലായ രൊഗങ്ങൾ ശമിക്കും

(ശ്വാസാശനിതൈലം)

൭൩- അമൃതാവൃഷഭൂനിംബമൂൎവ്വൈലാഃകെശവലാൻ।
പടൊലാന്നാഗവല്ലീഞ്ചയഷ്ടീമിന്ദ്രലതാമപി॥
൭൪- ബൃഹതീകാസമൎദ്ദൌചനിൎഗ്ഗുണ്ഡീസ്ത്യസഹചരെസ്ഥിതെ॥
ബലാന്നിഷ്ക്വാഥതുല്യാംശസഹിതെഷ്ഠജകല്ക്കിതൈഃ॥

വൃ൩൨— ജടാസരളമഞ്ജിഷ്ഠാപഞ്ചഗന്ധത്രിജാതകൈഃ ।
വിപക്വൈചാനാളികെരസ്യസ്നെഹസ്തൈലജഃ ഏവ വാ ॥
വൃ൩൩— ആജെനപയസായുക്തഃ പവനസ്യാനുലൊമനഃ ।
കാസശ്വാസക്ഷയഘ്നൊഽമ്ലശ്വാസാശനിരിതിസ്മൃതഃ ॥

ചിററമൃത ആടലൊടകത്തില പുത്തരിച്ചുണ്ടയില കുറുക്കുമുക്കാപ്പീരം കഴിതാളച്ചുണ്ടി പാടൊലം കൊടിഞാലി കാട്ടുമുല്ലയില ഉഴിഞ്ഞ ഇവ ഇടിച്ചുപിഴിഞ്ഞ നീരൊടുസമം കുറുന്തൊട്ടികഷായം ചെൎത്ത അതിൽ മാഞ്ചി ചരളം മഞ്ചെട്ടിപ്പൊടി ഇരുവെലി രാമച്ചം കൊട്ടം ചന്ദനം ഇരട്ടിമധുരം ഏലത്തരി ഇലവങ്ങത്തൊലി പച്ചില ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ സമം ആട്ടിൻപാലുംചെൎത്ത കാച്ചിയരിച്ചു തെപ്പിക്ക- ഇതുതന്നെ സെവിപ്പിക്കകയുമാം ഏക്കം കുര ഏക്കിട്ടം ക്ഷയം ഇവ ശമിക്കും

വൃ൩൪- ഇത്യാഖ്യാതസ്സമാസെന ശ്വാസാനാമയമുപക്രമഃ ।
നൈവാമൃതമതിവൎത്തന്തെ ശ്വാസാഃ പ്രൗഢിംഗതാ അപി ॥

ഇങ്ങിനെ ഇവിടെ ശ്വാസചികിത്സ പറഞ്ഞത ഏറ്റവും ചുരുക്കിയിട്ടാകുന്നു എങ്കിലും ശ്വാസങ്ങൾ അതിപ്രബലങ്ങളായാലും മെല്പറഞ്ഞ ചികിത്സയെ അനുസരിക്കാതെ ഇരിക്കയില്ലെന്ന അറിഞ്ഞുകൊൾകയും വെണം

ഇതി വാഗ്ദാനസൊപാനാകരരാമാനന്ദനാഥപാന്ഥിതപൊരശൈവെന്ദ്രകൃതൌ ആരൊഗ്യകല്പദ്രുമെ ബാലചികിത്സായാം ചതുൎത്ഥസ്തബകൊനാമ ചതുൎത്ഥൊദ്ധ്യായഃ

ആരൊഗ്യകല്പദ്രുമെ ബാലചികിത്സായാം

പഞ്ചമാദ്ധ്യായപ്രാരംഭഃ

ക്ഷയചികിത്സാ

൧- അഥാത്രക്ഷയരൊഗസ്യചികിത്സാതത്രപായയെൽ ॥
ക്വാഥംമധുസിതൊപെതംപ്രാതൎന്നാഗബലാശൃതം ॥
ക്ഷയരൊഗത്തിന്റെ ചികിത്സയെപറയുന്നു ഉരകത്തിൻ

ഷെരകഷായംവെച്ചു തെനും പഞ്ചസാരയും മെമ്പൊടിചെത്തു രാവിലെ സെവിപ്പിക്ക- ക്ഷയം ശമിക്കും

(ലാക്ഷാദികഷായം)

൭– ലാക്ഷാനാഗബലാഭ്യാംവാതാഭ്യാഞ്ചമധുകെനവാ।
ശുണ്ഠീജീരകസംയുക്തൈക്വാഥൈസ്സൎവ്വാതെവ്വാകണാനചിതൈഃ॥

കൊലരക്ക ഊരകത്തിൻവെര ഇവകൊണ്ടും ഇരട്ടിമധുരം അത്തുകളൊട്ടുകൂടെ ചെത്തിട്ടോ കൊലരക്ക ഊരകത്തിൻവെര ഇരട്ടിമധുരം ചുക്ക ജീരകം ഇവകൊണ്ടൊ ഇത്തുകളൊട്ടുകൂടെ തിപ്പലി ചെൎത്തിട്ടൊ കഷായംവെച്ചു തെനും പഞ്ചസാരയും മെമ്പൊടിചെത്ത സെവിപ്പിക്ക.

(ഹ്രസ്വപഞ്ചമൂലാദിയും ദശമൂലാദിയും)

൮– ഹ്രസ്വസൎവ്വാപഞ്ചഭിൎമ്മൂലൈൎബ്ബലാവൃശ്ചീവസംയുതൈഃ। ദശമൂലപയസ്യാശതാഹ്വാദിഭിൎമ്മധുൽക്കടം।

ഓരിലവെര മൂവിലവെര ചെറുവഴുതിനവെര ചെറുവഴുതിനവെര ഞെരിഞ്ഞിൽ കുറുന്തോട്ടിവെര തമിഴാമവെര ഇവ കൊണ്ട കഷായംവെച്ചു തെൻമെമ്പൊടി ചെത്ത സെവിപ്പിക്ക- ദശമൂലം അടപതിയൻകിഴങ്ങ അരുക്കരം ഇവകൊണ്ട കഷായം വച്ചുതെൻ മെമ്പൊടിചെത്ത സെവിപ്പിക്ക-

(ദ്രാക്ഷാദികഷായം)

൯– ദ്രാക്ഷാജീരകയുക്തൈൎവ്വാദശമൂലാബ്ദപുഷ്കരൈഃ॥
സൎവ്വൈൎവ്വാതൈഃപൃഥക്സിദ്ധമാജംക്ഷീരമഥാപിവാ॥

മുന്തിരിങ്ങപ്പഴം ജീരകം ദശമൂലം മുത്തങ്ങകിഴങ്ങ പുഷ്കരമൂലം ഇവകൊണ്ട കഷായംവച്ചു തെൻ മെമ്പൊടി ചെത്ത സെവിപ്പിക്ക- ഇപ്പറഞ്ഞ കഷായങ്ങളുടെ മരുന്നുകൾ ഇട്ട ആട്ടിൻപാൽകാച്ചി സെവിപ്പിക്കയുംചെയ്യാം.

(ഏലൊപകുല്യാദികഷായം)

൰– ഏലൊപകുല്യായഷ്ട്യാഹ്വദശമൂലാമൃതാശൃതം।
സകണാജീരകക്ഷൌദ്രസിതമംഭശ്ശ്വാസലിതം॥

ഏലത്തരി തിപ്പലി ഇരട്ടിമധുരം ദശമൂലം ചിററമൃത ഇവകൊണ്ട കഷായം വെച്ചു തിപ്പലി ജീരകം തെൻ പഞ്ചസാര ഇവ മെമ്പൊടിചെത്ത സെവിപ്പിക്ക.

(അമൃതാദികഷായം)

൧൧– അമൃതാദാരുമുസ്താഖ്യാഭാൎങ്ഗീവൃഷപുനൎന്നവൈഃ।
ദശമൂലബലാപഞ്ചകൊലപൂതീകമല്ലികൈഃ॥

൧൨– സിംഹ്യാമധുയുതാഃകഷായാഃ ശൃതാഃരാജയക്ഷ്മണി॥

സലക്ഷണേഷുപ്രയോക്തവ്യാവിദാര്യ്യാദിരഥാപിവാ॥

ചിററമൃത ദേവതാരം കൊടിത്തൂവ്വവേര ചെറുതേക്കിൻവേര ആടലോടകത്തിൻവേര തഴുതാമവേര ദശമൂലം കുറുന്തോട്ടിവേര കാട്ടുമുളകിൻവേര കാട്ടുതിപ്പലിവേര കൊട്ടവെലിക്കിഴങ്ങ തിപ്പലി ചുക്ക ആവിൽക്കുരു ഇവകൊണ്ട കഷായം വെച്ച തേൻ മേമ്പൊടി ചെൎത്ത ലക്ഷണങ്ങളോട തികവൊട കൂടിയ ക്ഷയരോഗത്തിന്ന സെവിപ്പിക്ക- അല്ലാ എങ്കിൽ വിദാര്യ്യാദി ഗണം കൊണ്ട കഷായം വെച്ച തേൻമെമ്പൊടി ചെൎത്ത സെവിപ്പിക്ക.

(വിദാര്യ്യാദിഗണം)

൮൮- വിദാരിഗോപീവൃശ്ചീവവൃശ്ചികാളീസുരദ്രുമാഃ।
സൂർപ്പപർണ്ണ്യൗസഹാഗ്ലപ്പാചത്രിപാദീചൊരുബൂകഃ॥
൮൯- ബൃഹത്യൌശ്രുമതീയുഗ്മംശതാഹ്വാജീവകർഷഭൌ।
വീരാഭീരുപയസ്യാശ്ചവിദാര്യ്യാദിർഗ്ഗണോമതഃ॥
൯൦- വാതപിത്തഹരോഹൃദ്യശ്ശോഷഗുന്മനിബർഹണഃ।
ഊൎദ്ധ്വശ്വാസാംഗമർദ്ദൗഘകാസഞ്ചാപിനിയച്ഛതി॥

മുതക്കിൻകിഴങ്ങ നന്നാറിക്കിഴങ്ങ തഴുതാമവേര തെക്കടവേര ദേവതാരം കാട്ടുഴുന്നിൻവേര കാട്ടുപയററിൻവേര നായ്ക്കുരണവേര നിലംപരണ്ട ആവണക്കിൻവേര ഓരിലവേര മൂവിലവേര ചെറുവഴുതിനവേര വെൾവഴുതിനവേര ഞെരിഞ്ഞില ജീവകം ഇടവകം കോവക്കിഴങ്ങ ശതാവരിക്കിഴങ്ങ അടകൊതിയൻകിഴങ്ങ ഇത വിദാര്യ്യാദിഗണം ഇതുകൊണ്ട കഷായം നെയ്യ ലേഹം പൊടി ഇങ്ങിനെ പലവിധത്തിലും പ്രവൃത്തിക്കാം-വാതപിത്തങ്ങളും ഗുന്മവും ഊൎദ്ധ്വശ്വാസവും കാസവും അംഗങ്ങളിൽ നുറുങ്ങിനോവുന്നതും ശമിക്കും- ഓജസ്സ ഉണ്ടാകയും ചെയ്യും

(ജംബീരനവനീതം)

൯൧- നവനീതേനജംബീരാത്ത്വഗ്ഗുഡേനനവിലിപ്യതൽ।
പ്രാതഃപ്രതിദിനംനൈച്യരക്ഷന്തിക്ഷിപ്യവാരിണി॥
൯൨- പക്ഷമേകംതതസ്ത്യക്ത്വാജംബീരംസൈന്ധവേചനതൽ।
പ്രാശയേത്തന്നസംയുതാന്നവനീതംസിതാന്വിതം॥
൯൩- മദ്ധ്വന്വിതംവാവ്രത്ത്യേഷലേഹ്യംകേവലമേവവാ।
രോഗനാശിപനഞ്ചാരദ്രസ്സനംധാതുപൂരണം।

ഒരു ചെറുനാരങ്ങ തുക്കി അതിൽ മൂന്നിരട്ടി വെണ്ണതേച്ച

കൊണ്ടു ആ ചെറുവാരങ്ങ പൊതിഞ്ഞ പുലച്ചുസ്സു പച്ചവെള്ളത്തിലിട്ടു വെക്കുക— പിറെറന്നാൾ വെള്ളം മാറി അതിലിടുക— ഇങ്ങിനെ പതിനഞ്ചു ദിവസം കഴിഞ്ഞാൽ വെണ്ണനെയ്യ വെറെ എടുത്ത ഇന്തുപ്പു ചെൎത്ത അന്നത്തൊടുകൂടെ ഉപയൊഗിപ്പിക്ക— അല്ലായെങ്കിൽ പഞ്ചസാരയൊ തെനൊകൂട്ടി രാവിലെ സെവിപ്പിക്ക— ഒന്നുംകൂടാതെയുമാം എന്നാൽ രുചിയും ദീപനവും ശരീരത്തിന്ന സ്നിഗ്ദ്ധതയും പുഷ്ടിയുമുണ്ടാകും

(ദ്രാക്ഷാദിനെയ്യ)

൩൭— ദ്രാക്ഷാശ്വഗന്ധാഭൂനിംബമുസലീസാധിതെജലെ।
കളീമാകചപത്ഥ്യൈലാജീരകവ്യൊഷസൈന്ധവൈഃ॥
൩൮— കല്കിതൈരാജദുഗ്ദ്ധാന്വസൎപ്പിസ്സിദ്ധംസിതാന്വിതം।
ബൃംഹണംവൃഷ്യമായുഷ്യംക്ഷയമൂൎച്ഛാനിബൎഹണം॥

മുന്തിരിങ്ങപ്പഴം അമുക്കുരം പുത്തരിച്ചുണ്ടവെരുമ്മൽതൊലി നിലപ്പനക്കിഴങ്ങ ഇവകൊണ്ടു കഷായംവെച്ച കദളിപ്പഴം കടുക്ക ഏലത്തരി ജീരകം ത്രികടു ഇന്തുപ്പ ഇവ അരച്ചുകലക്കി ആട്ടിൻപാല നെയ്യൊട സമംകൂട്ടി കാച്ചിയരിച്ച സെവിപ്പിക്ക— ശരീരത്തിന്ന പുഷ്ടിയും ഓജസ്സും ഉണ്ടാകും— ക്ഷയമൂൎച്ഛകൾശമിക്കും— നിത്യമായിസെവിപ്പിച്ചാൽ ദീൎഘായുസ്സായിരിക്കും— പാത്രപാകത്തിന്ന പഞ്ചസാരയിടുകയും വെണം

(പുനൎന്നവാദിഘൃതം)

൩൯— പുനൎന്നവനിശൊശീരശൃംഗിവെരകയഷ്ടിഭിഃ।
കുഷ്ഠചന്ദനപാഠാബ്ദപിപ്പലീമൂലപൎപ്പടൈഃ।
൪൦— കല്കിതൈസ്സാധിതംസൎപ്പിസ്സദുഗ്ദ്ധാമലകീരസെ।
സെവ്യംസിതാമധുയുതംപ്രവൃദ്ധെരാജയക്ഷ്മണി॥

തമിഴാമവെര മഞ്ഞള രാമച്ചം ഇഞ്ചി ഇരട്ടിമധുരം കൊട്ടം ചന്ദനം പാടക്കിഴങ്ങ മുത്തെങ്ങക്കിഴങ്ങ കാട്ടുതിപ്പലിവെര പപ്പടം ഇവ നെല്ലിക്കനീരിൽ അരച്ചുകലക്കി നെയ്യും നെയ്യൊളം ആട്ടിൻപാലും ചെൎത്ത കാച്ചിയരിച്ച അത പഞ്ചസാരയും തെനും ചെൎത്ത സെവിപ്പിക്ക— നന്നെ വൎദ്ധിച്ച ക്ഷയവുംശമിക്കും

ഉരഃക്ഷതചികിത്സാ

൪൧— സാഹസൈഃകൎമ്മഭിസ്സൈസ്സൈരയഥാബലസെവിതൈഃ।
ഉരസ്യന്തഃക്ഷതംജാതംവിജ്ഞാനീയാദുരഃക്ഷതം

ശരീരബലത്തിന്ന തക്കതല്ലാതെയുള്ള സാഹസകൎമ്മങ്ങൾ ഹേതുവായി നെഞ്ഞിൻെറ അകത്തുഭാഗത്ത പൊട്ടിയാൽ അതിന്ന ഉരഃക്ഷതമെന്ന പേരാകുന്നു.

൮൯. തത്രക്ഷൌദ്രേണസംപിഷ്യലാക്ഷാംസദ്യോവിലോഹയേൽ। സമാക്ഷികംവാഗോധൂമനിഷ്ഷാഥംപായയേൽപ്രഗേ॥

ഉരഃക്ഷതത്തിന്ന ഉടനെ കോലരക്ക തേനിലരച്ച സേവിപ്പിക്ക. കോതമ്പുകൊണ്ട കഷായംവച്ച തേൻ മേൽപ്പൊടിചേൎത്ത രാവിലെ സേവിപ്പിക്ക.

സ്വരസാദി ചികിത്സാ

൯൦. അത്യുച്ചഭാഷണാദ്യൈൎയ്യസ്സ്വരരോധോഭവെദിഹ। സ്വരസാദംവിജാനീയാത്തമസ്യതു ചികിത്സിതം॥

അധികമായി ഉറക്കെ സംസാരിക്ക മുതലായ ഹേതുക്കളെകൊണ്ടുണ്ടാകുന്ന ഒച്ചടപ്പിന്ന സ്വരസാദമെന്ന പേരാകുന്നു അതിൻെറ ചികിത്സയെ പറയുന്നു.

൯൧. ഭൃംഗരാജരസെസിദ്ധംദ്രാക്ഷാകല്ക്കംപയസ്സമം। സ്വരസാദഹരംസൎപ്പിൎവ്വിദാരീരസഏവവാ॥

കഞ്ഞുണ്ണി ഇടിച്ചുപിഴിഞ്ഞ നീരിൽ മുന്തിരങ്ങപ്പഴം അരച്ചകലക്കി നെയ്യോടസമം പശുവിൻപാല ചേൎത്ത കാച്ചിയരിച്ച സേവിപ്പിക്ക മുതക്കിൻകിഴങ്ങ ഇടിച്ച പിഴിഞ്ഞ നീരിലുമാം

൯൨. ത്രിഫലാദ്യാസ്സാധിതംതൊയെപഞ്ചഗന്ധാവകല്ക്കിതം। തൈലംനസ്യേനതുക്ഷിപ്രംസ്വരസാദംനിയച്ഛതി॥

നിലംപരണ്ട ഇടിച്ചുപിഴിഞ്ഞനീരിൽ ഇരുവേലി,രാമച്ചം, കൊട്ടം, ചന്ദനം, ഇരട്ടിമധുരം ഇവ അരച്ചുകലക്കി എണ്ണകാച്ചി അതുകൊണ്ട നസ്യംചെയ്ക. സ്വരസാദം ശമിക്കും.

(രാസ്നാദി കഷായം)

൯൩. രാസ്നാജൊംഗകവാശാഭിസ്സിദ്ധഃക്വാഥൊഘൃതാന്വിതഃ। വാതൊത്ഥസ്വരസാദഘ്നോദശമൂലശൃതൊപിവാ॥

അരത്ത, അകില, ആടലോടകത്തിൻവേര ഇവകൊണ്ട കഷായംവച്ച നെയ്യ മേൽപ്പൊടി ചേൎത്ത സേവിപ്പിക്ക. ദശമൂലം കൊണ്ടുമാം. വായുകോപം കൊണ്ടുണ്ടായ സ്വരസാദം ശമിക്കും.

(ദ്രാക്ഷാദി കഷായം)

൯൪. ദ്രാക്ഷോപകുല്യാവാശാഭിഃക്വാഥോഘൃതസിതാന്വിതഃ। പിത്തജസ്വരസാദസ്യപിതഃപ്രശമനോമതഃ॥

൯ *

മുന്തിരിങ്ങപ്പഴം, തിപ്പലി, ആടലോടകത്തിൻവേര, ഇവ കൊണ്ട കഷായംവച്ച നെയ്യും പഞ്ചസാരയും മേപ്പൊടി ചേൎത്ത സേവിപ്പിക്ക. പിത്തംകൊണ്ടുണ്ടായ സ്വരസാദം ശമിക്കും.

(ഏലാദി കഷായം)

൮൪. ഏലാത്വക്പത്രസംസിദ്ധഃകഷായോമധുസിതാന്വിതഃ ।
സ്വരസാദംനിഹന്ത്യാശുശ്ലേഷ്മകോപസമുത്ഭവം ॥

ഏലത്തരി, ഏലവങ്ങത്തൊലി, പച്ചില ഇവകൊണ്ട കഷായംവച്ച തേനും പഞ്ചസാരയും മേപ്പൊടി ചേൎത്ത സേവിപ്പിക്ക. കഫകോപംകൊണ്ടുണ്ടായ സ്വരസാദം ശമിക്കും.

൮൫. ദോഭ്യാംത്രിഭിശ്ചസംഭൂതെ യഥായോഗംവികല്പയെൽ ।
മേദസഃക്ഷപണംകുൎയ്യാന്മേദോവൃദ്ധിഭവെത്രതു ॥

രണ്ടു ദോഷങ്ങൾ കോപിച്ചിട്ടും മൂന്നു ദോഷങ്ങൾ കോപിച്ചിട്ടും ഉണ്ടാകുന്ന സ്വരസാദങ്ങൾക്ക ദോഷകോപങ്ങൾ ശമിപ്പാൻതക്കവണ്ണം ഉള്ള ചികിത്സകളെ വൈദ്യൻ ഊഹിക്കുകയും വേണം. മേദസ്സ വൎദ്ധിച്ചാൽ ഉണ്ടാകുന്നതിന്ന മേദസ്സിനെ ക്ഷയിപ്പിക്കുന്ന ചികിത്സകളെ ചെയ്യേണം.

അരോചക ചികിത്സാ

൮൬. അരോചകെതുവൈകണ്ണമാതുളുംഗാൎദ്രകൈശ്ശൃതം ।
സസിതംപായയേൽകാഥമാജംവാക്ഷീരമിഷ്യതെ ॥

തുമ്പപ്പൂവ്വ, മാതളനാരങ്ങയല്ലി, ഇഞ്ചി ഇവകൊണ്ട കഷായംവച്ച പഞ്ചസാര മേപ്പൊടി ചേൎത്ത സേവിപ്പിക്ക. അല്ലായെങ്കിൽ ആട്ടിൻപാൽ കറന്ന ആറുന്നതിന്നുമുമ്പെ പഞ്ചസാര ചേൎത്ത സേവിപ്പിക്ക.

ഭക്തരോധ ചികിത്സാ

(വിശ്വാദി കഷായം)

൮൭. വിശ്വമുസ്താബലാദ്വന്ദ്വലാക്ഷാകാഥസ്സമാക്ഷികഃ ।
രാസ്നാകണാപരാഗാഢ്യോഭക്തരോധനിരോധകഃ ॥

ചുക്ക, മുത്തെങ്ങക്കിഴങ്ങ, കുറുന്തോട്ടിവേര, ഊരകത്തിൻവേര, കോലരക്ക ഇവകൊണ്ട കഷായംവച്ച തേൻ, അരത്ത, തിപ്പലി ഇവ മേപ്പൊടി ചേൎത്ത സേവിപ്പിക്ക. അന്നം ഇറക്കുവാൻ വഹിയാതെ തടസ്ഥപ്പെട്ടിരിക്കുന്നത ശമിക്കും.

## ഛർദ്ദി ചികിത്സാ

### (ലാജവില്വാദി കഷായം)

൯൯. ലാജവില്വബലാമുദ്ഗകദളീകന്ദദാരുഭിഃ ।
ജംബ്വത്വഗേലാസംയുക്തൈഃ കാഥോവമഥുനാശനഃ ॥

മലര, കൂവളത്തിൻവേര, കുറുന്തോട്ടിവേര, ചെറുപയററിൻ പരിപ്പ, കദളിവാഴക്കിഴങ്ങ, ദേവതാരം, ഞാവൽത്തൊലി, ഏലത്തരി ഇവകൊണ്ട കഷായംവച്ച പഞ്ചസാര മേല്പൊടിചേത്ത സേവിപ്പിക്ക.

### (മരിചാദി പൊടി)

൱൦. മരിചാഞ്ജനവൈദേഹീഗൈരികൈർവ്വിഹിതംരജഃ ।
ബീജപൂരകസാരേണസസിതംഛർദ്ദിനാശനം ॥

മുളക, അഞ്ജനക്കല്ല, തിപ്പലി, കാവിമണ്ണ ഇവ പൊടിച്ച താളിമാതളത്തിൻെറ കായയൊ തളിരൊ പിഴിഞ്ഞ നീരിൽ ചാലിച്ച പഞ്ചസാര ചേത്ത സേവിപ്പിക്ക. എല്ലാ ഛർദ്ദിയും ശമിക്കും.

൱൧. മധുനാവില്വമൂലംവാപിഷ്ട്വാസദ്യോവിലേഹയേൽ ।
ശൃതശീതേക്ഷരാഗംവാസലിലെപായയെച്ഛ്വിശും ॥

കൂവളത്തിൻവെര തേനിലരച്ച സേവിപ്പിക്ക. കാച്ചിത്തണുത്ത വെള്ളത്തിൽ അക്കാരിതേങ്ങ അരച്ചുകലക്കി സേവിപ്പിക്ക.

## ഹൃദ്രോഗ ചികിത്സാ

### (ബലാഗോധൂമാദി കഷായം)

൱൨. ബലാഗോധൂമവില്വാഗ്നിമന്ഥൈരണ്ഡപുനൎന്നവൈഃ ।
ലഘുഭിഃപഞ്ചഭിർമ്മൂലൈര്യ്യവകോലാമരദ്രുമൈഃ ॥

൱൩. സകലസ്ഥൈഃകൃതഃകാഥഃപടുമദ്ധ്വാജ്യസംയുതഃ ।
ഹൃദ്രോഗാൻശമയേൽസദ്യഃസദ്യഏവൊപയോജിതഃ ॥

കുറുന്തോട്ടിവേര, കോതമ്പ, കൂവളത്തിൻവേര, മുഞ്ഞവേര, ആവണക്കിൻവേര, തമിഴാമവേര, ഓരിലവെര, മൂവിലവേര, ചെറുവഴുതിനവേര, ഞെരിഞ്ഞിൽ, യവം, ലന്തക്കുരു, ദേവതാരം, പഴമുതിര ഇവകൊണ്ട കഷായംവച്ച ഇന്തുപ്പ, തേൻ, നെയ്യ ഇവ മേല്പൊടി ചേത്ത സേവിപ്പിക്ക. എല്ലാ ഹൃദ്രോഗങ്ങളും ഉടനെ ശമിക്കും. ഹൃദ്രോഗമെന്നത ഹൃ

ദയം പൊട്ടുന്നുവൊ എന്ന തോന്നത്തക്കവിധത്തിലുള്ള വേദന യാകുന്നു. ആയത തുടങ്ങിയാലുടനെ ചികിത്സിപ്പിക്കണം. താമസിച്ചുപോയാൽ ശമിക്കയില്ല.

### തൃഷ്ണാ ചികിത്സാ

(കെസരാദി കഷായം)

൱൮. കെസരാമാതുളുംഗസ്യവീരാഭീരുപുനന്നവാഃ ।
ദ്രാക്ഷാപത്രൂഷകംകൃഷ്ണാഗണനസ്തൃഷ്ണാനിബഹ്ണഃ ॥
൱൯. കഷായാദിവിധാനെനസിതാമധുപ്ജ്യസംയുതഃ ।
തൃഷ്ണാസുവാതപിത്തഘ്നോബ്രയിഷ്ടംസമൃതെവിധിഃ ॥

മാതളനാരങ്ങയല്ലി, കോവക്കിഴങ്ങ, ശതാവരിക്കിഴങ്ങ, തമിഴാമവേര, മുന്തിരിങ്ങപ്പഴം, ചിററീന്തലിൻവേര, തിപ്പലി ഇവകൊണ്ട കഷായംവച്ച തേനും നെയ്യും പഞ്ചസാരയും മേപ്പൊടിചേൎത്ത സേവിപ്പിക്കാം. മേല്പറഞ്ഞ മരുന്നുകൾ പൊടിച്ച സേവിപ്പിക്കുകയൊ ലേഹമാക്കി സേവിപ്പിക്കുകയൊ ചെയ്ക. തൃഷ്ണശമിക്കും. (തൃഷ്ണ എന്നത വെള്ളം കുടിക്കെണമെന്നുള്ള ഇച്ഛയാകുന്നു. ആയതിന്ന വാതപിത്തങ്ങളെ ശമിപ്പിക്കുന്ന ചികിത്സകൾ മിക്കതും ഹിതങ്ങളാകുന്നു)

(സിദ്ധൌഷധം)

൱൱. സിതാമധുപാഢ്യമേകംവാവിരാമൂലകൃതംരജഃ ।
ലേഹയെൽബഹുഭിഷ്വാരൈസ്സൎവ്വതൃഷ്ണാപ്രശാന്തയെ ॥

കോവക്കിഴങ്ങ പൊടിച്ച തേനും പഞ്ചസാരയും നെയ്യുംചേൎത്ത സേവിപ്പിക്ക. എല്ലാ തൃഷ്ണകളും ശമിക്കും.

### മദാത്യയ ചികിത്സാ

൱൧. സുകുമാരശരീരത്വാൽബാലൊമദ്യാദിസേവിതും ।
നാഹത്യബുദ്ധ്യാസെവായാംതസ്യോപക്രമഉച്യതെ ॥

മൃദുശരീരനാകയാൽ മദ്യം മുതലായതിനെ ബാലൻ സേവിക്കരുതു. അറിയാതെ സേവിച്ചുപോയാൽ ആയതുകൊണ്ട ഉണ്ടാകുന്ന ഉപദ്രവങ്ങൾക്ക ചെയ്യേണ്ടുന്ന ചികിത്സകളെ പറയുന്നു.

(മദ്യം സേവിച്ചാൽ)

൱൨. ഐലെയകസ്യമൂലെനസിദ്ധഃകാഥഃസിതാന്വിതഃ।
മദ്യജന്യംമദംഹന്തിതഥാന്യാനപ്യുപദ്രവാൻ॥

മുക്കാപ്പീരത്തിൻ വേർകൊണ്ട കഷായംവച്ചപഞ്ചസാരമെ പ്പൊടിചേത്ത സേവിപ്പിക്ക. മദ്യപാനംകൊണ്ടുണ്ടായ മദംമു തലായ ഉപദ്രവങ്ങൾ ശമിക്കും.

(കഞ്ചാവ തിന്നാൽ)

൨൯. ബൃഹതീമൂലസംസിദ്ധഃകഷായോമധുസിതാന്വിതഃ।
മദയന്തീമദംഹന്തിവീരാമൂലശൃതൊപിവാ॥

ചെറുവഴുതിനവേർകൊണ്ട കഷായം വച്ച തേനും പഞ്ച സാരയും മേപ്പൊടി ചെത്ത സേവിപ്പിക്ക. കഞ്ചാവ തിന്നാ ലുണ്ടാകുന്ന ഉപദ്രവങ്ങൾ ശമിക്കും. കോപക്കിഴങ്ങുകൊണ്ടും മേൽപ്രകാരം കഷായംവച്ച സേവിപ്പിക്കാം.

(കറപ്പ തിന്നാൽ)

൩൦. ബിംബീഫലാനിസംപിഷ്യമഥിതെനപ്രപായയെൽ।
നാഗഫെനാശനൊൽഭൂതാൻവിനിഹന്തുമുപദ്രവാൻ॥

കൊരക്കാ അരച്ച മോരിൽ കലക്കി സേവിപ്പിക്കുക. കറ പ്പ തിന്നാലുണ്ടാകുന്ന ഉപദ്രവങ്ങൾ ശമിക്കും.

൩൧. ദ്രാക്ഷാകല്കംപ്രയുഞ്ജീതനവനീതെനവായുതം।
കഷായഃഖജ്ജൂരസംസിദ്ധഃപാതവ്യോവാഘൃതാന്വിതഃ॥

മുന്തിരിങ്ങപ്പഴം അരച്ച വെണ്ണനെയ്യ ചേത്ത സേവിപ്പിക്ക ഈത്തപ്പഴംകൊണ്ട കഷായംവെച്ച നെയ്യ മേപ്പൊടിചേത്ത സേവിപ്പിക്ക.

(പുകയില തിന്നാൽ)

൩൨. നാളികേരഫലക്ഷീരെകേതകസ്യരജഃപിബെൽ।
ശാന്തയെധൂപപത്രൊത്ഥവികാരാണാംതഥാസിതാം॥

തോറാമ്പരൽ തേങ്ങാപ്പാലിലരച്ച ചെത്ത സേവിപ്പിക്ക അല്ലായെങ്കിൽ പഞ്ചസാര തേങ്ങാപ്പാലിൽ സേവിപ്പിക്ക.

(തേൻ കുടിച്ചാൽ)

൩൩. ഐലെയകരസൊദ്ദശധയുക്തഃപാതവ്യഇഷ്യതെ।
മാക്ഷികാധ്യശനെതദ്വത്ത്രായന്തീപത്രജൊരസഃ॥

മുക്കാപ്പീരകത്തിൻനീര പാലുകൂട്ടി സേവിപ്പിക്കുക. അല്ലാ യെങ്കിൽ ബ്രഹ്മിനീര പാൽകൂട്ടി സേവിപ്പിക്കുക. തേൻ അ ധികമായി കുടിച്ചാലുണ്ടാകുന്ന ഉപദ്രവങ്ങൾ ശമിക്കും.

(ജാതിക്ക തിന്നാൽ)

൩൪. പയസെന്ദ്രമദംമദ്യാൽപാതുംജാതിഫലാശനെ।
പിഷ്ടാവാവാരിണാലൊദ്ധ്യശൈവലസ്യതുപല്ലവംഃ

കന്നാരം പൊടിച്ച പാലിൽകലക്കി സേവിപ്പിക്കുക. അല്ലായെങ്കിൽ കുഴിതാളച്ചുണ്ടിയുടെ ഇളയതളിര അരച്ച പച്ച വെള്ളത്തിൽ കലക്കി സേവിപ്പിക്കുക. ജാതിക്ക അധികമായി തിന്നാലുണ്ടാകുന്ന ഉപദ്രവങ്ങൾ ശമിക്കും.

(കൊള്ളിക്കിഴങ്ങ തിന്നാൽ)

൪൫. കുടശമ്മലികന്ദസ്യഭക്ഷെതൗമഥിതലൊളിതം।
ധാത്രീചൂൎണ്ണംവിശാലായാഃകല്ക്കംവാബാലകഃപിബെൽ॥

നെല്ലിക്കയുടെ പൊടിമോരിൽ സേവിപ്പിക്കുകയോ കാട്ടുവെള്ളരിവേരരച്ച മൊരിൽ സേവിപ്പിക്കുകയോ ചെയ്ക. എന്നാൽ കൊള്ളിക്കിഴങ്ങ അധികമായി തിന്നാലുണ്ടാകുന്ന ഉപദ്രവങ്ങൾ ശമിക്കും.

(മുളയുടെആണ്ടൽ തിന്നാൽ)

൪൬. ഗൃഹധൂമരജഃക്ഷൌദ്രഘൃതയുക്തംവിലെഹയെൽ।
കരീരഭക്ഷിതിസംഭൂതാൻവിനിഹന്തുമുപദ്രവാൻ॥

ഉള്ളടക്കരി തേനും നെയ്യും ചേൎത്ത്
സേവിപ്പിക്ക.

൪൭. അഥവാമക്കടീമൂലമമൃതായാരജൊപിവാ
ശീതൊദകെനപാതവ്യംനാളികെരജലെനവാ॥

അല്ലായെങ്കിൽ നായ്ക്കുരണവെരൊ ചിററമൃതൊ പൊടിച്ച പച്ചവെള്ളത്തിലൊ ഇളനീര വെള്ളത്തിലൊ കലക്കി സേവിപ്പിക്കാം. എന്നാൽ മുളയുടെ ആണ്ടൽ തിന്നാലുണ്ടാകുന്ന ഉപദ്രവങ്ങൾ ശമിക്കും.

(അടയ്ക്കതിന്ന ചൊരുക്കിയാൽ)

൪൮. ത്വചംപൂഗതരൊഃപിഷ്ടാശീതതൊയെനപായയെൽ। ക്രമുകാദ്ധ്യശനൊൽഭൂതസൎവ്വോപദ്രവശാന്തയെ॥

കവുങ്ങിൻ മൊരി അരച്ചു പച്ചവെള്ളത്തിൽ സേവിപ്പിക്ക. (വളുത്ത മൊരി നീക്കി ചുവന്ന മൊരി എടുക്കണം) എന്നാൽ അടയ്ക്കതിന്ന ചൊരുക്കിയാലുണ്ടാകുന്ന ഉപദ്രവങ്ങൾ ശമിക്കും.

൪൯. എഭിഃപ്രയുക്തൈരാശെവമദ്യപാനാദിഹെതവഃ।
വികാരാനൊത്ഭവിഷ്യന്തിനൊചെന്മദ്യാന്മദാത്യയഃ।
൫൦. സ്യാദൈവദാരുണൊവ്യാധിസ്സൂത്രുകൂയ്യാദ്യഥൊചിതം॥
മാത്രയാതല്പയാവൈദ്യോമദാത്യയചികിത്സിതം॥

മേല്പറഞ്ഞ ഔഷധങ്ങൾ ഉടനെപ്രവൃത്തിച്ചാൽ മദ്യപാനാദികൾ ഹേതുവായിട്ടുണ്ടാകുന്നഉപദ്രവങ്ങളൊക്കയുംശമിക്കും.

ആയതിന സംഗതിയായീലാഎങ്കിൽ മദ്യംമുതലായതുകളിൽ ചിലത അധികമായി ചെന്നുപോയാൽ മദാത്യയമെന്ന മഹാവ്യാധിഉണ്ടാകും. അവിടെ ഉചിതത്തിന്നതക്കവണ്ണം മദാത്യയത്തിന്നുള്ള ചികിത്സകളെ മരുന്നുകളുടെ മാത്രാഭെദത്തെ കല്പിച്ച ബാലന്മാൎക്കും പ്രവൃത്തിക്കുക.

ഇതി വാഗ്ദാസൊപനാമകരാമാനന്ദനാഥപണ്ഡിത പാരശവെന്ദ്രകൃതാവാരൊഗ്യകല്പദ്രുമെ ബാലചികിത്സായാം പഞ്ചമസ്തബകൊനാമപഞ്ചമൊദ്ധ്യായഃ

---

## ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം ഷഷ്ഠാദ്ധ്യായപ്രാരംഭഃ

---

### അശ്ശശ്ചികിത്സാ

൧. അഥാൎശസാംചികിത്സാത്രതത്രശുഷ്ക്കെഷുയോജയേൽ ।
ബഹിൎഭവെഷുപ്രസപിന്നഃസ്നുഹീപത്രമഹൎന്നിശം ॥
൨. ദിനത്രയെണഭിന്നാനിസ്യുരൎശാംസിനസംശയഃ ।
കൃമികണ്ഡൂതിശൊഫാനാംയൊഗൊയംശമനഃപരം ॥

ഇനി അൎശസ്സിന്റെ ചികിത്സയെ പറയുന്നു. അൎശസ്സ എന്നത മലദ്വാരത്തിങ്കലുള്ള വലികളിൽ ഉണ്ടാകുന്ന മാംസകീലമാകുന്നു. ആയത ശുഷ്ക്കമായിട്ടും ആൎദ്രമായിട്ടും രണ്ടുപ്രകാരമിരിക്കും. അതുകളിൽവെച്ച ശുഷ്കാൎശസ്സ പുറത്ത കാണ്മാൻതക്കവിധത്തിലാകുന്നു എങ്കിൽ അതിന്മേൽ കള്ളിയില വാട്ടിപതിക്കുക. മൂന്നുദിവസംകൊണ്ടു ആ കീലം പൊട്ടിപ്പോകും അത്രയുമല്ല പുഴുക്കടി, ചൊറിച്ചിൽ, നീര ഠരംവക ഉപദ്രവങ്ങളും ശമിക്കും

൩. ഇക്ഷ്വാകുരജനീനക്തമാലപൂതികപല്ലവൈഃ ।
ഗുഞ്ജാലാംഗലികാകംദതാമ്രചൂഡശകൃല്ക്കൈഃ ॥
൪. പിഷ്ടൈൎമ്മെഷസ്യമൂത്രെണലെപൊത്രപരമൌഷധം ।
അൎക്കക്ഷീരെണലിംപെദ്വാപിഷ്ട്വാപപ്ഫണപല്ലവാൻ

പെരത്തളിര, വരട്ടുമഞ്ഞള, ഉങ്ങിൻതൊല, ആവിൽതളിര, കുന്നിക്കുരു, മെത്തൊന്നിക്കിഴങ്ങ, കൊഴികാഷ്ഠം ഇവ ആ

ട്ടിൻമൂത്രത്തിലരച്ചുപുരട്ടുക. അശ്സ്സു ശമിക്കും. അല്ലായെങ്കിൽ പാവിട്ടത്തളിര എരിക്കിൻപാലിലരച്ച പുരട്ടുക.

൭. പിഷ്ട്വാലാംഗലികാകന്ദംശൈരീഷെണരസെനതു ।
സമ്യഗാലെപനംകുൎയ്യാദശ്സാമുപശാന്തയെ ॥
വാകത്തളിര തിരുംബിപ്പിഴിഞ്ഞ നീരിൽ മെത്തോന്നിക്കിഴങ്ങ അരച്ച പുരട്ടുക. അശ്സ്സ ശമിക്കും.

(ശുണ്ഠ്യാദി തൈലം)

൮. ശുണ്ഠീസിന്ധൂത്ഥകൃഷ്ണാഭിഃപത്ഥ്യാലാംഗലികാഭ്രകൈഃ ।
വിദാരികന്ദഗൊജിഹ്വാവിളംഗൈഃപിഷ്ടകല്കിതൈഃ ॥
൯. സ്നുഗക്ക്ഷീരസംയുക്തംഗൊമൂത്രെതിലജംപചെൽ ।
സ്നെഹമെതെനലിംപെദ്വാതെഷാംസമ്യക്പ്രശാന്തയെ ॥
ചുക്ക, ഇന്തുപ്പ, തിപ്പലി, കടുക്ക, മേത്തൊന്നിക്കിഴങ്ങ, അഭ്രകം, മുതക്കിൻകിഴങ്ങ, മരമഞ്ഞത്തൊലി, വിഴാലരി ഇവ അരച്ച ആട്ടിൻമൂത്രത്തിൽകലക്കി കള്ളിപ്പാലും എരിക്കിൻപാലും എണ്ണയോട സമംകൂട്ടി കാച്ചി അരിച്ച ആ എണ്ണ പുരട്ടുക. അശ്സ്സ ശമിക്കും.

൰. ആന്തരെഷ്വപിയൊജ്യൊയംലെപൊശ്സ്സുമഹത്സ്വപി ।
ക്ഷാരാദീനാംപ്രയൊഗൊപിനചൈനമതിവത്തതെ ॥

മേല്പറഞ്ഞ ലേപം അകത്തെ വലികളിലുള്ള അശ്സ്സിന്നും ചെയ്യാൻ കഴിയുന്നതാകുന്നു. ക്ഷാരം മുതലായതിന്നും ഇതിനെക്കാൾ അധികമായ ശക്തി ഇല്ല എന്ന പ്രസിദ്ധമാകുന്നു.

൰൧. തൈലഞ്ചകക്കടീപത്രരസെകുഷ്ഠാവകല്കിതം ।
സിദ്ധംസമാനംപൂൎവ്വെണസ്നുഹീക്ഷീരസമന്വിതം ॥
കാട്ടപ്പയില ഇടിച്ചുപിഴിഞ്ഞ നീരിൽ കൊട്ടം അരച്ചുകലക്കി എണ്ണയോട സമം കള്ളിപ്പാല ചേൎത്ത കാച്ചിയരിച്ച പുരട്ടുക. ഈ എണ്ണയും മേല്പറഞ്ഞ എണ്ണയ്ക്കു ശരിയാകുന്നു.

൰൨. വനസൂരണകൂശ്മാണ്ഡഗുഞ്ജാബീജനിശാഭയാഃ ।
സമ്മൎദ്ദ്യകക്കടീസാരെവൎത്തിലിപ്ത്വാപ്രകല്പയെൽ ।
൰൩. വൎത്തിംപ്രാഗുക്തതൈലെനശുഷ്കാമാസിച്യതാംപുനഃ ।
ഗുദെനിധാപയെദ്വൈദ്യസ്സദ്യസ്തദുപശാന്തയെ ॥

കാട്ടുചേന, കുമ്പളങ്ങവിത്ത, കുന്നിക്കുരു, വരട്ടുമഞ്ഞൾ, കടുക്ക ഇവ കാട്ടപ്പനീരിലരച്ച തുണിയിൽ തേച്ച തിരിയാക്കി ഉണക്കി മുൻപറഞ്ഞ എണ്ണകളിൽ നനച്ച മലദ്വാരത്തിങ്കൽ തിരുകുക. അശ്സ്സ ശമിക്കും.

(വനസൂരണകന്ദാദിഘൃതം)

൬൨- വനസൂരണകന്ദാഗ്നിചാംഗേരീകാഥിതൈജ്ജലൈഃ,
പഞ്ചകോലസ്യ കല്ക്കേന സതക്രം സാധിതം ഘൃതം॥
൬൩- പീതം തദർശസാം ശാന്ത്യൈ ചോരാണാമപി നാന്യഥാ।
പുനർന്നവകഷായേ വാ സിദ്ധം ചന്ദ്രനകല്ക്കിതം॥

കാട്ടുചേന കൊട്ടവെലിക്കിഴങ്ങ പാടക്കിഴങ്ങ ഇവ കഷായംവെച്ച കാട്ടുമുളകിൻവേര കാട്ടുതിപ്പലിവേര കൊട്ടവെലിക്കിഴങ്ങ തിപ്പലി ചുക്ക ഇവ അരച്ചുകലക്കി നെയ്യും മോരുംസമം ചേൎത്ത കാച്ചിയരിച്ച സേവിപ്പിക്ക- അൎശസ്സു ശമിക്കും തമിഴാമവേര കഷായംവെച്ച വെളുത്തുള്ളി അരച്ചുകലക്കി നെയ്യ കാച്ചി സേവിപ്പിക്കുകയുമാം.

൬൪- ആർശേഷു പാഠാസംസിദ്ധകഷായോ മധുസമന്വിതഃ।
പ്രശസ്തഃ കൌടജൈർബ്ബീജൈസ്സിദ്ധോ വാ സമുസ്തയാ॥

ആൎശസ്സിന്ന പാടക്കിഴങ്ങുകൊണ്ട കഷായംവെച്ച തേൻമേമ്പൊടിചേൎത്ത സേവിപ്പിക്ക- കടകപ്പാലയരിയും മുത്തങ്ങക്കിഴങ്ങും കൂട്ടി കഷായംവെച്ച തേൻ മേമ്പൊടിചേൎത്ത സേവിപ്പിക്കുകയുമാം

(ധന്വയാസാദികഷായം)

൬൫- ധന്വയാസകണാവില്വമസ്താജീരകജാതിഭിഃ।
വിശ്വാജമോജസംയുക്തൈഃ കഷായശ്ച മധുമാൻഹിതഃ॥

കൊടിത്തൂവവേര തിപ്പലി കൂവളത്തിൻവേര മുത്തങ്ങക്കിഴങ്ങ ജീരകം ജാതിക്ക ചുക്ക അയമോതകം ഇവകൊണ്ട കഷായംവെച്ച തേൻമേമ്പൊടി ചേൎത്ത സേവിപ്പിക്ക.

(കുടജാദികഷായം)

൬൬- കുടജത്രിഫലാവില്വശുണ്ഠീചിത്രകദാരുഭിഃ।
ദുസ്പർശാതിവിഷാംഭോദരജനീഭിശ്ച സാധിതഃ॥
൬൭- കഷായോ മധുനാ മിശ്രഃ പ്രാതഃ പീതോ നിയച്ഛതി।
സർവ്വാണ്യർശാംസി സിദ്ധോ വാ ലവണക്ഷീരാഢ്യൈഃ॥

കടകപ്പാലയരി ത്രിഫല കൂവളത്തിൻവേര ചുക്ക കൊട്ടവെലിക്കിഴങ്ങ ദേവതാരം കൊടിത്തൂവവേര അതിവിടയം മുത്തങ്ങക്കിഴങ്ങ വരട്ടുമഞ്ഞൾ ഇവകൊണ്ട കഷായംവെച്ച തേൻ മേമ്പൊടിചേൎത്ത സേവിപ്പിക്ക- രണ്ടാമതെങ്കിൽ വെള്ളി

യിലത്തിന്റെ വെള്ളത്തയില മുത്തങ്ങക്കിഴങ്ങ- താളിമാതളക്കായുടെതൊട ഇവകൊണ്ട കഷായംവച്ച തെൻമെഴുപ്പൊടി ചെൎത്ത സെവിപ്പിക്ക-

(ഡാഡിമാദികഷായം)

൮൭- ഡാഡിമത്വങ്ങിശാമാദ്യകണാമൂലപുനൎന്നവൈഃ।
പാഠാഭയാവൃഷകാരംഭോദചില ജാതിഫലാന്വിതൈഃ॥
൮൮- സാജമോദൈഃകൃതഃക്വാഥോമധുമാൻവാത്രശൈഥി
തഃ। പാഠാക്രോശസിതാഭാവാപട്ടകച്ചശ്രുസമന്വിതഃ॥

താളിമാതളക്കായുടെതൊട വരട്ടുമഞ്ഞൾ കാട്ടുതിപ്പലിവെര കാട്ടുമുളകിൻവെര തമിഴാമവെര പാടക്കിഴങ്ങ കൊടിത്തൂവവെര മുത്തങ്ങക്കിഴങ്ങ കൂവളത്തിൻവെര ജാതിക്ക അയമൊദകം ഇവകൊണ്ട കഷായംവച്ച തെൻ മെഴുപ്പൊടിചെൎത്ത രാവിലെ സെവിപ്പിക്ക- അല്ലായെങ്കിൽ പാടക്കിഴങ്ങ അക്കാരിതെങ്ങ ഇവകൊണ്ട കഷായംവച്ച ഇന്തുപ്പും തെനും മെഴുപ്പൊടിചെൎത്ത സെവിപ്പിക്ക - അൎശസ്സ ശമിക്കും.

(പാഠാദിമുക്കുടി)

൮൯- പാഠാവൃശ്ചീവദംഷ്ട്രാഗ്രന്ഥികാവ്യാഘ്രീവ്യാധാദിഭിഃ।
കൈഡൎയ്യദളസംയുക്തൈഃകൃതാഃഖലസ്സൃപഞ്ചജീരകഃ॥
൯൦- നിമ്പൎത്ത്യൎശ്ശോഗ്രജാസദൃശഃപഞ്ചകോലകൃതാപിവാ।
യമാനാഭാവിമപഞ്ചാംഗസിദ്ധോഖലസ്സൃപവസംയുതഃ॥

പാടക്കിഴങ്ങ തമിഴാമവെര കൊടിത്തൂവവെര കാട്ടുതിപ്പലിവെര കാട്ടുമുളകിൻവെര താളിമാതളക്കായുടെതൊട കറിവെപ്പില ഇവകൊണ്ട മുക്കുടിവച്ച ഇന്തുപ്പും ജീരകവും പൊടിച്ചിട്ട സെവിപ്പിക്ക- അല്ലായെങ്കിൽ കാട്ടുതിപ്പലിവെര കാട്ടുമുളകിൻവെര കൊടുവെലിക്കിഴങ്ങ തിപ്പലി ചുക്ക ഇവകൊണ്ടും മുക്കുടിവച്ച സെവിപ്പിക്ക- മാതളനാരകത്തിന്റെ വെര- തൊലി പൂവ്വ ഇല കായ ഈ പഞ്ചാംഗങ്ങളെക്കൊണ്ടും മുക്കുടിവച്ച സെവിപ്പിക്ക അൎശസ്സ ശമിക്കും.

(ആൎദ്രകാദിമുക്കുടി)

൯൧- ആൎദ്രകാംബുദമൃതാസ്ഥിവിവ്യാഘ്രീധാന്യകൈഃ।
രസാലഗന്ധാകൈഡൎയ്യജാതീഭിഃപ്ലാവിതഃഖലഃ॥

ഇഞ്ചി മുത്തങ്ങക്കിഴങ്ങ മാങ്ങയണ്ടിപ്പരുപ്പ കാട്ടുമുളകിൻവെര താളിമാതളക്കായുടെതൊട കൊത്തമ്പാലയരി മാങ്ങനാറിപ്പുല്ല കറിവെപ്പില ജാതിക്ക ഇവകൊണ്ട മുക്കുടിവച്ച സെ

പിപ്പിക്കെ അശ്ശസ്സു ശമിക്കും.

(അജമോദാദി മുക്കുടി)

൨൩.- അജമോദാകണാവ്യോഷമൂലധാന്യാദിജാതിഭിഃ।
മാതുലുംഗാംബുദവ്യാഘ്രീചാംഗേരീലാജധാന്യകൈഃ॥
൨൪.- രസാലഗന്ധാമൃതാസമ ലവലീപല്ലവാന്വിതൈഃ।
സസൈന്ധവാഗ്നിമന്ഥശ്ചാപിളഃ പടുഃ ഭക്തോഷിതഃ॥

അയമോദകം കാട്ടുതിപ്പലിവേര കാട്ടുമുളകിൻവേര താളിമാതളക്കായുടെതോട ജാതിക്ക ചെറുകടലാടി മുത്തങ്ങക്കിഴങ്ങ ത്രികട്ടു പുളിയാരില - ഒല കൊത്തമ്പാലയരി മാങ്ങനാറിപ്പുല്ല മാങ്ങയണ്ടിപ്പരിപ്പ തുമ്പപ്പൂവ്വ മുഞ്ഞയില ഇവകൊണ്ട മുക്കുടിവെച്ച ഇന്തുപ്പ പൊടിച്ചിട്ട സേവിപ്പിക്ക- അശ്ശസ്സു ശമിക്കും.

(പുനർന്നവാദി മുക്കുടി)

൨൫- പുനർന്നവരസാലാഗ്നി മന്ഥായൂതികദലൈഃ।
സ്കന്ധാമ്ലവേതസാംബോഷ്ഠലവലീപത്രകൈസ്തഥാ।
൨൬- കൈടര്യബൃഹതീശിഗ്രുചാംഗേരീദാഡിമപ്ലവൈഃ।
രസാലഗന്ധാവെനാഗ്രദ്ദൈരേഭിസ്സൈരപി॥
൨൭- ശൃംഗിവേരനിശാഭദ്രമുസ്താധാന്യകപിപ്പലീധാന്യകൈഃ॥
അജമോദവരാംഗാഗ്നിവെക്ഷ്ണാകസ്യമെസ്ഥിതാ॥
൨൮. ഏലാലവംഗകർപ്പൂരതാലീസകാംബുദകൂടജൈഃ।
മധൂകപുഷ്പയുക്തൈർവ്വാസന്തൈർവ്വാളിവാസിതൈഃ॥
൨൯- തക്രവത്യുർണ്ണപാകൈഃ പിബേദ്വിസ്ഥാവതിലോളിതൈഃ। പാമഷീനാവാമ്സ്സിഃ പട്ടമാനർശസാംഫിതഃ॥

തഴുതാമയില മാവിൻതളിര മുഞ്ഞയില ചെറുകടലാടിയില മുതല ഞെരിഞ്ഞാംപുളിയില അമ്പഴത്തിൻതളിര വെളിയലത്തിൻ്റെഇല കറിവേപ്പില ചാതയില മുരിങ്ങയില പുളിയാരില താളിമാതളത്തിൻകൂമ്പ മാങ്ങനാറിപ്പുല്ല പറങ്കിമാവിൻകൂമ്പ ഇഞ്ചി മഞ്ഞൾ മരമഞ്ഞൾത്തൊലി താതിരിപ്പൂവ്വ കായം കൊത്തമ്പാലയരി അയമോദകം കരയാമ്പൂവ്വ കൊട്ടവേലിക്കിഴങ്ങ ഇരുവേലി ഏലത്തരി ഏലവങ്ങത്തോലി മാങ്ങയണ്ടിപ്പരിപ്പ ജീരകം മുത്തങ്ങക്കിഴങ്ങ കൊടകപ്പാലയരി ഇരുപ്പപ്പൂവ്വ ഇവസമം നാലിരട്ടി മോരിൽ പുഴുങ്ങിപ്പറിച്ച നാലിരട്ടി മോരിൽ കലക്കി നാലിൽ ഒരുഭാഗം കുറുക്കി

ഇന്തുപ്പ പൊടിച്ചിട്ട സെവിപ്പിക്ക– മെല്പറഞ്ഞ മരുന്നുകളിൽ വെള്ളിയിലത്തിൻ ഇലവരെ എടുത്ത ഇഞ്ചിമുതൽ തുമ്പപ്പൂവ്വ വരെയുള്ള മരുന്നുകൾ കൂട്ടിയിട്ടും കരുവെപ്പിലമുതൽ പറങ്കിമാവിൻകൂമ്പുവരെയുള്ള മരുന്നുകളിൽ മെല്പറഞ്ഞ മരുന്നുകൾ കൂട്ടിയിട്ടും മെല്പറഞ്ഞ രണ്ടു യോഗങ്ങളിലും ഏലത്തരി മുതലായ മരുന്നുകൾ കൂട്ടിയിട്ടും ഇങ്ങിനെ പലവിധമായിട്ടും ഈ യോഗംകൊണ്ടുതന്നെ മുക്കുടിയുണ്ടാക്കി സെവിപ്പിക്കാം (മുക്കുടിയുടെ മരുന്ന ഒരുപലം പുഴുങ്ങുവാൻ നാഴിമൊര മതി ആയത അരച്ച നാഴി മൊരിൽ കലക്കി തിളപ്പിച്ച മുഴക്കാകുമ്പോൾ വാങ്ങി അതിൽ നന്ന വെണ്ണ എടുത്ത സെവിപ്പിക്ക– ഇങ്ങിനെ [illegible]മമാകുന്നു.

(കുടജഫാണിതം)

൩൦– പലാനി ദശ ബീജാനാം കുടജസ്യാഷ്ടഭിസ്ത്വചഃ।
പലൈർല്ലോധ്രൈശ്ച മൂലസ്യ ചതുർഭിഃ കുസുമസ്യ ച॥
൩൧– ഭാർങ്ഗ്യാം പലാഭ്യാം പത്രസ്യ സഹിതാനി ചതുർഗ്ഗുണേ।
ജലാഢകാനാം സംക്ഷുദ്യ നിക്ഷിപ്യാഗ്നാവധിശ്രയേൽ॥
൩൨– പാദശേഷേ കഷായേസ്മിൻ പൂതേ വസ്ത്രാവഗാളനാൽ।
പലാനി ഷോഡശ ക്ഷിപ്ത്വാ പുരാണസ്യ ഗുളസ്യ തു॥
൩൩– വിപച്യമാനേ സാന്ദ്രത്വം പ്രാപ്തേ ദ്വ്യാഷാബ്ദധാന്യകൈഃ। ജംബൂപല്ലവചൂതാസ്ഥിഡാഡിമത്വഗ്ബലാഭയാഃ॥
൩൪– പാഠാജാതീഫലാജാജീഹിംഗുളാതിവിഷാഗ്രഹാഃ।
ത്രികടുശാല്മലിനിര്യാസനാഗഹേമയജോപി ച॥
൩൫– പൃഥക്കർഷമിതാസ്സമ്യക് ചൂർണ്ണീകൃത്യാത്ര നിക്ഷിപേൽ।
അവതീര്യാവലേഹ്യാന്ത സംയോജ്യാഥാവതാരയേൽ।
൩൬– ദദ്യാച്ച ശീതേ ക്ഷൗദ്രസ്യ പ്രസ്ഥമസ്മിൻ സുഭാജനേ।
ആധായ സമ്യഗ്രക്ഷേച്ച യഥാകാലം സശീലിതഃ॥
൩൭– ഫാണിതഃ കൗടജഃ ഫേളമുനിനാ വിഹിതോ രസാം।
സർവ്വേഷാംശമനോത്യലംബാലേഷാ പച്യാനിവാരിതഃ॥
൩൮– മാത്രയാതുലഘീയസ്യാശീലയേതതമേവാ।
താന്യ്യമുന്നാതിവർത്തന്തേ തമാംസി വാരുണോദയം॥

കുടകപ്പാലയുടെ അരി പലം പത്ത തൊലിപലം എട്ട വെരപലം ആറ പൂവ്വ പലം നാല തളിര പലം രണ്ട ഒക്കെക്കൂട്ടി ഇടിച്ച പതിനാറ ഇടങ്ങഴി വെള്ളത്തിൽ കഷായം വച്ച നാലിടങ്ങഴിയാക്കി പിഴിഞ്ഞരിച്ച ആ കഷായത്തിൽ പതിനാറ പലം പഴയ ശർക്കര കലക്കികുറുക്കി സാന്ദ്രപാകമായാൽ ത്രികട

കൊത്തമ്പാലയരി ഞാവൽതളിര മാങ്ങയണ്ടിപരുപ്പ താളി
മാതളക്കായയുടെതൊട വയമ്പ കടുക്ക പാടക്കിഴങ്ങ ജാതിക്ക
ജീരകം മായിലെ്യം അതിവിടയം മുവ്വിലവെര പുത്തരിച്ചു
ണ്ടവെരിമെൽതൊലി പൂളപ്പശ കരപ്പ ഇവമുമ്മൂന്നു കഴഞ്ചു
നല്ലവണ്ണം പൊടിച്ച ആപ്പൊടി വിതറി ഇളക്കി യൊജിപ്പി
ച്ചുവാങ്ങി ആറിയാൽ നാനാഴി തെൻ ചെൎത്ത നല്ലപാത്രത്തിലാ
ക്കി വക്കുക- ഇതഹെളമുനിയാൽ വിധിക്കപ്പെട്ട കുടജഫാണി
തമാകുന്നു ഇത സെവിച്ചാൽ എല്ലാ അൎശസ്സുകളും ശമിക്കും- ബാ
ലന്മാൎക്കും വിരൊധമില്ലെന്ന പറഞ്ഞമുനിയുടെ വചനമുണ്ട-
അതുകൊണ്ട വളരെ ശക്തിയുള്ള അൎശസ്സുകൾക്ക ഈ ലെഹം ത
ന്നെ ഉണ്ടാക്കി ശീലിപ്പിക്കാം- സൂൎയ്യൊദയംകൊണ്ട ഇരുട്ട ന
ശിക്കുന്നതുപൊലെ ഇതുകൊണ്ട അൎശസ്സ നശിക്കും.

(രക്താൎശസ്സിന്ന ചന്ദനാദികഷായം)

൩൯- ചന്ദനദ്വയഭൂനിംബധന്വയാഷകവത്സകൈഃ।
രക്താൎശസാം പ്രയൊക്തവ്യഃ കഷായൊ മധുസംയുതഃ॥

ചന്ദനം രക്തചന്ദനം പുത്തരിച്ചുണ്ടവെരമ്മൽ തൊലി
കൊടിത്തൂവവെര കുടകപ്പാലരി ഇവകൊണ്ട കഷായം വ
ച്ച തെൻ മെമ്പൊടിചെൎത്ത സെവിപ്പിക്ക.

(ഉശീരാദി കഷായം)

൪൦- ഉശീരദാൎവ്വീനിംബത്വങ്മുസ്താപാഠാവൃഷൈഃ കൃതഃ।
ശതധൌതാജ്യസംയുക്തഃ കഷായൊത്ര പരമൌഷധം॥

രാമച്ചം മരമഞ്ഞൾതൊലി വെപ്പിൻതൊലി മുത്തങ്ങക്കി
ഴങ്ങ പാടക്കിഴങ്ങ ആടലൊടകത്തിൻവെര ഇവകൊണ്ട കഷാ
യംവച്ച സഹസ്രവെധി മെമ്പൊടിചെൎത്ത സെവിപ്പിക്ക. രക്താ
ൎശസ്സിന്ന ഒരു കഷായം പരമൌഷധമാകുന്നു.

൪൧- കൌടജഃ ഫാണിതസ്തദ്വച്ഛ്രൂയതെ രക്തസ്രവെഷ്വലം,
ഉപക്രമൊത്ര പ്രാഗുക്ത ഇതിശാസ്ത്രസ്യ പദ്ധതിഃ॥

മെല്പറഞ്ഞ കുടജഫാണിതവും രക്താൎശസ്സിന്ന പരമൌഷ
ധമാകുന്നു- രക്തസ്രാവം ശമിച്ചാൽ അൎശസ്സുകൾക്ക പറഞ്ഞ
ചികിത്സകൾ ഒക്കെയും രക്താൎശസ്സിന്ന പറയുന്നതാകുന്നു.

(അതിസാരചികിത്സാ

(വാതാതിസാരത്തിന്ന സമംഗാദികഷായം)

൪൨- സമംഗാമൂലബില്വാബ്ദധാതകീകുസുമൈഃ കൃതഃ। കഷാ
യൊ വാതാതിസാരഘ്നൊ മാക്ഷികെണ സമന്വിതഃ॥

പറച്ചുണ്ടവെര കൂവളത്തിൻവെര മുത്തങ്ങക്കിഴങ്ങ താതി

രിപ്പൂവ്വ് ഇവകൊണ്ടു കഷായംവെച്ചു തേൻ മേമ്പൊടി ചേൎത്തു സേവിപ്പിക്ക- വാതാതിസാരം ശമിക്കും.

(പിത്താതിസാരത്തിന്നു ധനഞ്ജയാഷാഢാദികഷായം)

൬൩- ധനഞ്ജയാഷാഢപാഠാമോചശക്രവത്സകസാധിതഃ।
കഷായഃ പിത്താതിസാരസ്യ ശമനഃ ക്ഷൌദ്രസംയുതഃ॥

കൊടിത്തൂവവേര മുത്തങ്ങക്കിഴങ്ങ പാടക്കിഴങ്ങ ഇരുവേലി ചുക്ക കുടകപ്പാലയരി ഇവകൊണ്ടു കഷായം വെച്ചു തേൻ മേമ്പൊടിചേൎത്തു സേവിപ്പിക്ക- പിത്താതിസാരം ശമിക്കും.

(കഫാതിസാരത്തിന്നു വത്സകാദികഷായം)

൬൪- വത്സകഗ്രന്ഥികാതിവിഷാപാഠാശുണ്ഠിബിംബപത്രൈഃ കൈഃ।
കഷായഃ ക്ഷൌദ്രയുക്തോ ഹന്യാദതിസാരം കഫാത്മകം॥

കുടകപ്പാലയരി കാട്ടുതിപ്പലിവേര ചുക്ക പാടക്കിഴങ്ങ പുത്തരിച്ചുണ്ടവേര മുത്തങ്ങ കൊടുവേലിക്കിഴങ്ങ ഇവകൊണ്ടു കഷായംവെച്ചു തേൻ മേമ്പൊടിചേൎത്തു സേവിപ്പിക്ക- കഫാതിസാരം ശമിക്കും.

(രക്താതിസാരത്തിന്നു ശാരിബാദികഷായം)

൬൫- ശാരിബാലോധ്രയഷ്ട്യാഹ്വപദ്മയസ്യാൽ ശൃതം ജലം।
ശൎക്കരാക്ഷൌദ്രസംയുക്തം രക്താതിസാരനാശനം

നന്നാറിക്കിഴങ്ങ പാച്ചോറ്റിത്തൊലി ഇരട്ടിമധുരം അടപതിയൻകിഴങ്ങ ഇവകൊണ്ടു കഷായംവെച്ചു തേനും പഞ്ചസാരയും മേമ്പൊടിചേൎത്തു സേവിപ്പിക്ക- രക്താതിസാരം ശമിക്കും.

൬൬- തക്രേണ വാ പായയേൽ സൂക്ഷ്മപിഷ്ടം ശാല്മലിപല്ലവം।
പൃശ്നിബദളപത്രാം വാ മാക്ഷികേണ സമന്വിതം॥

പുല്ലൂത്തളിര അരച്ചു മോരിൽ കലക്കി സേവിപ്പിക്ക അല്ലായെങ്കിൽ കൊടലരിഞ്ഞിതളിര അരച്ചു തേനിൽ ചാലിച്ചു സേവിപ്പിക്ക- രക്താതിസാരം ശമിക്കും.

(അജമോദാദി കഷായം)

൬൭- അജമോദാമോചരസാതിവിഷാനാഗരമുസ്തകൈഃ। പാഠാബാലായുതൈഃ ക്വാഥഃ കണാമൂലേന മിശ്രിതഃ॥

൬൮- ആമശൂലാനാഹതം ഹന്ത്യതിസാരം ജ്വരാന്വിതം।
സരക്തം വാതഹം നൃണാം ബാലാനാം പൈത്തികൈഃ കൃതഃ॥

അയമോദകം പറമ്പുണങ്ങവേര അതിവിടയം ചുക്ക കുട

കല്പ്പാലയരി പാടക്കിഴങ്ങ കുളത്തിൻവെര ഇവകൊണ്ടു കഷാ യംവെച്ചു തിപ്പലി മെമ്പൊടിചെൎത്തു സെവിപ്പിക്ക- ആമദൊ ഷത്തൊടും വയററിൽ വെദനയൊടും കഫത്തൊടും രക്തത്തൊ ടും കൂടിയിരിക്കുന്ന അതിസാരം ശമിക്കും.

(ദീപ്യകാദി മൊടെ)

൫൯- ദീപ്യകൌഷധമുസ്താനിവാഃ പാഠാധാതകീ। വ
ലാഃ ബാലാന്ത്ര സഹിഷ്ണുശാഖാൽകൃതം ബിലബാലാറഗ്നിതം॥
൬൦- അതിസാരെഷു സൎവ്വെഷു ഗ്രഹണീദൊഷജെഷു ച।
ശൂലാനാഹാഗ്നിമാന്ദ്യെഷ്വെതത്തസ്സ്യ പരമൌഷധം॥

അയമൊദകം ചുക്ക മുത്തങ്ങക്കിഴങ്ങ അതിവിടയം താ ളിമാതളക്കായ്ത്തൊടെ താതിരിപ്പൂവ്വ ഇവ കൊണ്ടു മൂക്കടിവച്ചു സെവിപ്പിക്ക- എല്ലാ അതിസാരവും ശമിക്കും- ഗ്രഹണീദൊഷം വയററിൽവെദന വയറുവീപ്പ് അഗ്നിമാന്ദ്യം ഇവകൾക്ക പ രമൌഷധമാകുന്നു.

(ചാൎങ്ഗെ്യാദിഘൃതം)

൬൧- ചാൎങ്ഗെരികാസമംഗാഞ്ചമായൂരീംവസുകംതഥാ। വി
ല്വാംവിദ്ദംക്കംലൊശ്രവിലധാതക്യാഃ ഫലാനിച॥
൬൨- സപ്ത്രസ്താക്ഷുദ്രനിസ്തീൎഢ്യന്തപ്രൊലവെദ്ധരസംഘൃതം।
കണാമൂലകണാപാഠാഫലത്രയവിലനാഗനിളിഃ॥
൬൩- നഗരാതിവിഷാപഥ്യധാതകിംകുസുമൈരപി।
കല്പിതെസ്സിദ്ധമെദ്യ്രാസാൎജ്ജവാപാതിസാരനാശനം।

പുളിയാറില പറച്ചുണ്ടു ചെറുകടലാടി താൎതാവൽ ക ഞ്ഞിക്കൊട്ടത്തിൻകുരു തുമ്പപ്പൂ ഇലയക്കുളക്കായ പച്ചനെ ല്ലിക്ക ഇവ കൂടി പച്ചപിഴിഞ്ഞനീരിൽ കാട്ടുതിപ്പലിവെര തിപ്പ ലി പാടക്കിഴങ്ങ ത്രിഫല മുത്തങ്ങക്കിഴങ്ങ കൊട്ടവെലിക്കി ഴങ്ങ ചുക്ക അതിവിടയം കാട്ടുമുളകിൻവെര താതിരിപ്പൂവ്വ ഇ വ അരച്ചുകലക്കി നെയ്യ ചെൎത്ത കാച്ചിയരിച്ച ആയത കൂട്ടി ഉ ണ്ണെന്നായാ സെവിക്കയായാ ചെയ്യുന്ന ബാലന്മാരുടെ അതി സാരം ശമിക്കും.

(അരിഷ്ടഘൃതം)

൬൪- ഘൃതാച്ചു ... വാൎങ്ഗരിരസസമ്മിതം।
... ॥
൬൫- കല്ക്കിതെസ്സാധിതം തൈൽ ഘൃതമെന്ന സംയുതം।
മാത്രയാശീലിതം ഹന്യാദതിസാരന്നസംശയഃ॥

നെയ്യിൽ നാഴിരട്ടി മോരിൽ ത്രികട്ടു അയമോതകം ഇന്തുപ്പ ജീരകം കരിഞ്ചീരകം കായം ഇവ അരച്ചു കലക്കി നെയ്യോളം പുളിയാരിലനീർകൂട്ടി കാച്ചിയ നെയ്യ് അന്നത്തോടുകൂടി ഉപയോഗിപ്പിച്ചാൽ ബാലാതിസാരശമനമാകുന്നു.

(ഡാഡിമാദി ഗുളിക)

൩൯- ഡാഡിമവ്യോഷചവ്യാഗ്നിചപലാമൂലഹിംഗുഭിഃ।
ചന്ദനദ്വയഭൃംനിംബവചാജാതിഫലൈസ്സമൈഃ॥
൪൦- വിശ്വാവിഷാചതുർഭാഗസഹിതൈഃ കടുകാരസെ।
സമ്യക്പിഷ്ടൈഃ സൂരെണസമ്മിതാഗ്ഗുളികാഃകൃതാഃ॥
൪൧- ഛായാശുഷ്കാഃപ്രയോക്തവ്യാസ്തക്രെണമധുനാപിവാ।
അതിസാരെഷുസർവ്വെഷുകഷായെണജലദസ്യവാ॥

താളിമാതളക്കായുടെതോട ത്രികട്ടു കാട്ടുമുളകിൻവെര കൊടുവെലിക്കിഴങ്ങ കാട്ടുതിപ്പലിവെര ചായില്യം ചന്ദനം രക്തചന്ദനം പുത്തരിച്ചുണ്ടവെരുമ്മൽതൊലി വയമ്പ ജാതിക്ക ഇവ സമം നാലിൽ ഒരുഭാഗം അതിവിടയം കൂട്ടി കരുവെപ്പിലനീരിൽ അരച്ചു വലിയ പയററിൻമണി പ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി മോരിലൊ തെനിലൊ മുത്തങ്ങക്കഷായത്തിലൊ സെവിപ്പിക്ക- അതിസാരം ശമിക്കും.

(യവാന്യാദിഗുളിക)

൪൨- യവാനീമരിചാംബഷ്ഠധാതകീപുഷ്പദാരുഭിഃ।
വചാദീപ്യകനിഗ്ഗുണ്ഡീമൂലവില്വഫലാസ്ഥിഭിഃ॥
൪൩- തക്കൊലകൊലഭാർങ്ഗീബ്ധശതാവെധീത്രിജാതകൈഃ।
അക്രൊഗകണാമൂലചവ്യശ്വ സമഭാഗകൈഃ॥
൪൪- അജഗന്ധാരസെപിഷ്ടൈഗ്ഗുളികാഃകൊലസമ്മിതാഃ
കൃതാസ്തക്രെണവാപെയാസ്സർവ്വാതീസാരശാന്തയെ॥

ജീരകം മുളക അമ്പഴത്തിൻതൊലി താതിരിപ്പുവ്വ ദെവതാരം വയമ്പ അയമോതകം കരുനൊച്ചിവെര കൂളക്കായുടെ അകത്തെകുരുവിൻെറപരിപ്പ തക്കൊലപ്പുട്ടിൽ ലന്തക്കുരു വെരുതെക്കിൻവെര മുത്തെങ്ങക്കിഴങ്ങ സഹസ്രവെധി ഏലത്തരി ഏലവങ്ങത്തൊലി പച്ചില അക്കിരാരിതെങ്ങ കാട്ടുതിപ്പലിവെര കാട്ടുമുളകിൻവെര ഇവസമം വെളുത്തവെളയുടെ നീരിൽ അരച്ചു ലന്തക്കുരുപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി മോരിൽ സെവിപ്പിക്ക- എല്ലാ അതിസാരവും ശമിക്കും.

൪൫- യാനിചാശ്ശിചികിത്സായാമുക്താനിഗ്രഹണീഗദെ। വ

കല്പന്തേയാനി വാതാനി യഥാവസ്ഥം പ്രയോജയേൽ ॥

അർശസ്സിൻെറ ചികിത്സകളിൽ പറയപ്പെട്ട പ്രയോഗങ്ങളും ഗ്രഹണി ചികിത്സയിൽ ഇനി പറവാൻ പോകുന്ന ചികിത്സകളും അവസ്ഥയ്ക്കു തക്കവണ്ണം അതിസാരത്തിന്നും പ്രവൃത്തിക്കാം.

സൂ- പാചനംഗ്രഹണീരോഗെപ്രാക്സംഗ്രാഹിതുമദ്ധ്യതഃ ।
അന്തെഗ്നിദീപനംസർവ്വമെവംകാര്യ്യഉപക്രമഃ ॥

ഗ്രഹണിക്ക ആദിയിൽ ദഹിക്കാതെ കിടക്കുന്ന വസ്തുക്കളെ പാകം ചെയ്യുന്നതായിട്ടുള്ള ഔഷധങ്ങളെയും മദ്ധ്യത്തിങ്കൽ മലത്തെ ബന്ധിക്കുന്ന ഔഷധങ്ങളെയും അവസാനത്തിങ്കൽ അഗ്നിദീപനങ്ങളായ ഔഷധങ്ങളെയും പ്രവൃത്തിക്കുക ഇങ്ങിനെ ക്രമമാകുന്നു.

(പാഠാദി കഷായം)

സൂ- പാഠാകണ്ടകൈകെഡൎയ്യപഞ്ചകോലശൃതംജലം ।
കണാചൂർണ്ണയുതംദദ്യാൽപാചനംഗ്രഹണീഗദെ ॥

പാടക്കിഴങ്ങ ഉങ്ങിൻതൊലി കരുവെപ്പിൻതൊലി കാട്ടുതിപ്പലിവെര കാട്ടുമുളകിൻവെര കൊടുവേലിക്കിഴങ്ങ തിപ്പലി ചുക്ക ഇവകൊണ്ട കഷായം വച്ച തിപ്പലിപ്പൊടി മെമ്പൊടി ചെൎത്ത സെവിപ്പിക്ക

(ശരപുംഖാദി കഷായം)

സൂ- ശരപുംഖാജമൊജാബ്ദസ്യാമനാഗരസാധിതഃ । കഷായൊവാസംപ്രയൊക്തവ്യഃപാകാൎത്ഥംകണാന്വിതഃ ॥

കൊഴിഞ്ഞിലിൻവെര അയമൊതകം മുത്തെങ്ങക്കിഴങ്ങ കൊട്ടിത്തുവവെര ചുക്ക ഇവകൊണ്ട കഷായംവച്ച തിപ്പലി മെമ്പൊടിചെൎത്ത സെവിപ്പിക്ക.

(കിരാതപുംഖാദി കഷായം)

സൂ- കിരാതമൂലകൈകെഡൎയ്യമുസ്താധാന്യകനാഗരൈഃ ।
ചപലാചവ്യമൂലാദ്യൈഃ കഷായൊവാപടുസംയുതഃ ॥

പുത്തരിച്ചുണ്ടവെരുമ്മൽതൊലി കരുവെപ്പിൻതൊലി മുത്തെങ്ങക്കിഴങ്ങ കൊത്തമ്പാലയരി ചുക്ക കാട്ടുതിപ്പലിവെര കാട്ടുമുളകിൻവെര ഇവകൊണ്ട കഷായം വച്ച ഇന്തുപ്പ മെമ്പൊടിചെൎത്ത സെവിപ്പിക്ക.

(കൈകെഡൎയ്യപത്രാദി കഷായം)

സൂ- കൈകെഡൎയ്യപത്രത്രിനിംബകാരവീശരപുംഖകൈഃ ।
ശൃംഗിവെരചതുൎഭാഗസഹിതൈൎവ്വാകണാന്വിതഃ ॥

കരുവെപ്പില പുത്തരിച്ചുണ്ടവെരുമ്മൽ തൊലി കരിഞ്ചീരകം കൊഴിഞ്ഞിലിൻവെര ഇവ നാലിൽ ഒരു ഭാഗം ഇഞ്ചി വെൎത്ത കഷായം വച്ച തിപ്പലി പൊടിചെൎത്ത സെവിപ്പിക്കാം.

൩൨- ഏതെകഷായാസ്സംപ്രൊക്താപാചനാഃസൎവ്വഏവഹി।
ഏതെഷാമന്യതമംതത്രയഥാവസ്ഥംപ്രയൊജയെൽ॥

മെല്പറഞ്ഞ കഷായങ്ങൾ ഒക്കയും പാചനങ്ങളാകുന്നു- അതഹെതുവായിട്ട അതുകളിൽവെച്ച ഏതെങ്കിലും ആദിയിൽസെവിപ്പിക്കണം.

൩൩. കണാമൂലെനസംസിദ്ധംഖളംവാപ്രാങ്ങിഷെവയെൽ।
അജമൊജകിരാതാഭ്യാംസിദ്ധംവാപടുസംയുതം॥

കഷായംസെവിപ്പിക്കുന്നതിന്റെസ്ഥാനത്ത കാട്ടുതിപ്പലിവെർകൊണ്ടൊ അയമൊതകം പുത്തരിച്ചുണ്ടവെരുമ്മൽ തൊലി ഇവകൊണ്ടൊ മുക്കുടിവച്ച ഇന്തുപ്പ പൊടിചെൎത്ത സെവിപ്പിക്കാം.

൩൪- അൎശ്ശശ്ചികിത്സാഭാഗെപ്രാഗ്ഗ്യൊഖളാസ്സമുദീരിതാഃ।
തെഷാന്തുപാചനംദദ്യാദെകംവാദീപ്യകാദികം॥

അൎശസ്സിന്റെ ചികിത്സയിൽ മുൻപറകപ്പെട്ട മുക്കുടികളിൽ വച്ച പാചനമായത ഏതെങ്കിലും സെവിപ്പിക്കാം- അതിസാര ചികിത്സയിൽ പറഞ്ഞ ദീപ്യകാദിയും സെവിപ്പിക്കാം.

൩൫- സംഗ്രാഹിണ്യൌഷധാന്യത്രപ്രവക്ഷ്യന്തെതഉത്തരം।
താന്യൎശസ്യതിസാരെചയപ്രൊക്താനിതത്സാമാചരെൽ॥

ഇനിമെൽ സംഗ്രാഹികളായിരിക്കുന്ന ഔഷധങ്ങളെ ഇവിടെ പറയും- അതുകളിൽ ചിലതൊ അൎശസ്സിന്റെയും അതിസാരത്തിന്റെയും ചികിത്സകളിൽ പറയപ്പെട്ട ഔഷധങ്ങളിൽ സംഗ്രാഹികളായിട്ടുള്ളതുകളെയൊ അനന്തരം പ്രവൃത്തിക്കെണ്ടതാകുന്നു.

(മുസ്താതക്രം)

൩൬- സംയൊജ്യമുസ്താനിൎയ്യൂഹംശൃതെനപയസാസമം।
സിദ്ധംതക്രംതുസംഗ്രാഹിഗ്രഹണീദൊഷനാശനം॥

പാലിൽ മുത്തെങ്ങ കഷായം സമമായി ചെൎത്ത കുറുക്കി പാലൊളമായാൽ വാങ്ങി ഉറ വീഴ്ത്തിവെച്ച പിറെറന്നാൾ അതിൽ നാലിലൊരുഭാഗം മുത്തെങ്ങ കഷായം ചെൎത്ത കലക്കി നെയ്യെടുത്ത ഉണ്ടാക്കിയ മൊര സെവിപ്പിച്ചാൽ ഗ്രഹണീദൊഷമുള്ളവൎക്ക മലം ഇളകി പൊകുന്നത ശമിക്കും.

(വിശ്വാവിഷാദികഷായം)

൬൨- വിശ്വാവിഷാശൃംഗ്യംബ്വോമധൂകതലനാഗരൈഃ।
ലാജധാന്യകസംയുക്തൈഃ കഷായോ മധുമാൻഹിതഃ॥

അതിവിടയം മൂവ്വിലവേര മുത്തങ്ങക്കിഴങ്ങ ഇരുപ്പപ്പൂവ്വ പച്ചില ചുക്ക മലര കൊത്തമ്പാലയരി ഇവകൊണ്ടു കഷായം വച്ചു തേൻ മേപ്പൊടി ചേൎത്ത സേവിപ്പിച്ചാലും മേല്പറഞ്ഞ ഫലം സിദ്ധിക്കുന്നതാകുന്നു.

(മധൂകപുഷ്പാദികഷായം)

൬൩- മധൂകപുഷ്പഭൂനിംബമധുകാതിവിഷാംബുദൈഃ। ലാജാഗ്നിമന്ഥമൂലാദ്യൈസ്സിതോപാമാക്ഷികാന്വിതഃ॥

ഇരുപ്പപ്പൂവ്വ പുത്തരിച്ചുണ്ടവേരുമ്മൽതൊലി ഇരട്ടിമധുരം അതിവിടയം മുത്തങ്ങക്കിഴങ്ങ മലര മുഞ്ഞവേര ഇവകൊണ്ടു കഷായം വച്ചു തേൻ മേപ്പൊടി ചേൎത്തിട്ടും സേവിപ്പിക്കാം.

(അക്കരാഗാദി കഷായം)

൬൪- അക്കരാഗകണാമൂലവവ്യവിശ്വാവിഷാഘനൈഃ।
ഭൂനിംബകലശീബില്വധാന്യദാഡിമജീരകൈഃ॥

൬൫- ലാജാജമോദാജസംയുക്തൈസ്സതക്രസ്സംപ്രസാധിതഃ।
പടുജീരകസംയുക്തഃ കഷായസ്സൎവ്വഭ്രാധികോല്ബണൈഃ॥

അക്കാരത്തെങ്ങ കാട്ടുതിപ്പലിവേര കാട്ടുമുളകിൻവേര അതിവിടയം മുത്തങ്ങക്കിഴങ്ങ പുത്തരിച്ചുണ്ടവേരുമ്മൽ തൊലി മൂവ്വിലവേര കൂളത്തിൻവേര കൊത്തമ്പാലയരി താളിമാതളക്കായുടെ ഓട ജീരകം മലര അയമോതകം ഇവകൊണ്ടു കഷായം വച്ചു ഇന്തുപ്പും ജീരകവും മേപ്പൊടി ചേൎത്ത സേവിപ്പിക്ക- കഷായം വയ്ക്കുമ്പോൾ നാനാഴി വെള്ളത്തിൽ ഉഴക്കുഴക്ക മോര ചേൎക്കയും വേണം- ഈ കഷായം മുൻപറഞ്ഞ കഷായങ്ങളെക്കാൾ അധികം ഗുണമുള്ളതാകുന്നു.

(ചൂൎണ്ണരാജം പൊടി)

൬൬- വ്യോഷാജമോദഹിംഗ്വഗ്നിഗ്രന്ഥീമദ്ധ്യസ്സസൈന്ധവം। വിളംഗയാവശൂകഞ്ചചൂൎണ്ണീകൃത്യാൎദ്ധവിഷഗാമിനഃ॥

൬൭- ചൂൎണ്ണരാജ ഇതിഖ്യാതശ്ചൂൎണ്ണോയംതക്രസേവിതഃ।
കഫവാതഹരശ്ശൂലനാശനോവഹ്നിദീപനഃ॥

ത്രികടു അയമോദകം കായം കൊടുവേലിക്കിഴങ്ങ ചെറുതേക്കിൻവേര കാട്ടുമുളകിൻവേര ഇന്തുപ്പ വിളയുപ്പ വച

ക്ഷാരം ഇവ പൊടിച്ച മോരിൽ സേവിപ്പിക്ക- കഫകോപവും വായുകോപവും വയററിൽ വേദനയും ശമിക്കും- അഗ്നിബല മുണ്ടാകയും ചെയ്യും.

(നാഗരാദി ചൂൎണ്ണം)

൯൯- നാഗരാതിവിഷാംഭോദവില്വപാഠാരസാഞ്ജനൈഃ।
കൌടജൈശ്ചൈവ ത്വക്ഫലൈർധാതകീഭിശ്ചസമ്മിതൈഃ॥
൱- ചൂൎണ്ണിതൈഃക്ഷൌദ്രസംയുക്തൈർഗ്രഹണീഗദേ।
പിത്തജേ ദീപനാൎത്ഥഞ്ച പ്രയോജ്യസ്സപ്തിഷാപിവാ॥

ചുക്ക അതിവിടയം മുത്തങ്ങക്കിഴങ്ങ കൂവളത്തിൻവേര പാടക്കിഴങ്ങ രസാഞ്ജനം കൊടകപ്പാലവേരുമ്മേൽതൊലി കൊടകപ്പാലയരി പുത്തരിച്ചുണ്ടവേരുമ്മേൽതൊലി താതിരി പ്പൂവ്വ ഇവ പൊടിച്ച തേനിലോ നെയ്യിലോ ചേൎത്ത സേവി പ്പിക്ക പിത്തഗ്രഹണി ശമിക്കും.

(ജീരക രസായനം)

൱൧- അമ്ലവേതസജംബീരമായൂരീശൃംഗിവേരജൈ।
കൈഡൎയ്യപത്രചാങ്ഗേരീസുനിഷണ്ണദലോദിതൈ॥
൱൨- വക്രൂവല്ലീസമുത്ഥൈശ്ചരസൈർവ്യകധാന്യയോഃ।
ഐരാവണ്യാശ്ചമൂലസ്യകഷായൈശ്ചക്രമാദ്വിഭേതഃ॥
൱൩- നിശായാംക്ഷപണാദഹ്നിശോഷണാച്ചകൃതംരജഃ।
മധുനാസേവിതംസദ്യോഗ്രഹണീദോഷനാശനം॥

ഒററരഞ്ഞാംപുളിയില പെരുനാരങ്ങ ചെറുകടലാടി ഇഞ്ചി കറിവേപ്പില പുളിയാരില നീരാലില ചങ്ങലംപര ണ്ട ഇത എട്ടുമരുന്നുകൾ ഇടിച്ചുപിഴിഞ്ഞ നീരിലും അയമൊ തകം കൊത്തമ്പാലയരി ഐരാണിവേര ഇവകൊണ്ട വെവ്വേ റെ വെച്ച കഷായങ്ങളിലും ക്രമേണ ഓരോരൊ ദിവസം രാത്രി നേരം ഇട്ടുവെക്കുകയും പിറേറന്നാൾ പകൽ മുഴുവൻ ഉണക്കു കയും ചെയ്യപ്പെട്ട ജീരകം പൊടിച്ച തേനിൽ സേവിപ്പിച്ചാൽ ഗ്രഹണീദോഷങ്ങൾ ഉടനെ ശമിക്കും- നീരുകളും കഷായങ്ങ ളും ജീരകം അതിൽ മുങ്ങിക്കിടക്കുവാൻ തക്കവണ്ണം വേണം ഉണക്കുമ്പോൾ നീരുകളും കഷായങ്ങളും ഉപേരിക്കളഞ്ഞ പ ലകപ്പുറത്ത പരത്തി ഉണക്കുകയും വേണം.

(അഷ്ടാക്ഷരി ഗുളിക)

൱൪- നാഗഫേനഹിമദന്ദജാതിഫിംഗുളമാഗധ്യഃ।
രാമഠാതിവിഷായുക്താസ്സമഭാഗാവിചൂൎണ്ണിതാഃ॥

൮൫- വിശ്വാജീരകകുസ്തുംബുരുശമൂസ്സുദീപ്യകധാന്യകൈഃ।
സിദ്ധേകഷായെജംബീരസാരെസചയിമർദ്ദയേൽ॥
൮൬- കൎഷ്വാംശ്ചഗുളികാഃപശ്ചാൽഗുഞ്ജായാഃസ്സമ്മിതാഃഛായെ॥
അഷ്ടാക്ഷരീയംഗുളികാഗ്രഹണീരോഗിണാംഹിതാഃ॥
൮൭- തഥാർശസ്യതിസാരെചമദ്ധ്യന്നാവാമാക്ഷികെണവാ।
പഞ്ചകൃതാഃപ്രയുഞ്ജീതബലെസത്യനലസ്യതു॥
൮൮- താപത്തെവപ്രശാമ്യെയുഃപ്രോക്താരോഗാനസംശയഃ।
പാചനെപഞ്ചകോലസ്യകഷായെണൈവപായയെൽ॥
൮൯- ത്രിശകവ്യാഘ്രീപ്ലുത്ഥംവവഹ്നസ്തക്രാവലൊളിതാം।
പൂൎവ്വാദിഷ്ടാവിധിജ്ഞത്വയാമലസംഗ്രഹണൊചിതഃ॥
൯൦- സാരെസ്രനളമുദ്ദനിംബദാർവ്വീസിദ്ധാംബസാഥവാ।
ശാരിബാദിപ്യകാജാജീകഷായെണരസെനവാ॥
൯൧- മായൂരീപല്ലവൊദ്ഭനശൂലവത്സുഗന്ധ്യുതു।
കലസ്ഥബദരാംഭോദസെരയശ്രുതവാരിണാ॥
൯൨- സാനാഫെഷ്വവചാവിലഫലനാഗരദീപ്യകൈഃ।
സാധിതെനകഷായെണവിഷൂച്യാംവ്യാഷലാജകൈഃ।
൯൩. ശരപുംഖവചാംഭോദഷഡ്ഗ്രന്ഥികടുശ്വദാളകൈഃ।
നാളികെരശലാകാദ്ഭ്യസ്സാധിതെനജലെനച॥
൯൪-പാതവ്യാഗുളികാസെയമഥവാതണ്ഡുലാംഭസാ।
നൈനാംപ്രാപ്യാതിവൎത്തന്തൊകശ്ചിൽകുക്ഷ്യാമയഃകാചിൽ॥

കറപ്പ ചന്ദനം രക്തചന്ദനം ജാതിക്ക ചായില്യം തിപ്പലി കായം അതിവിടയം ഇവ പൊടിച്ച ചുക്ക ജീരകം കൊടുത്തൂവ്വവെര മുത്തങ്ങകിഴങ്ങ അയമൊതകം കൊത്തമ്പാലയരി ഇവകൊണ്ട വെവ്വെറവെച്ച കഷായങ്ങളിലും ചെറുനാരങ്ങനീരിലും അരച്ച കുന്നിക്കുരുപ്രമാണം ഉരുട്ടി നിഴലിൽ ഉണക്കി സൂക്ഷിക്കെ- ഈ ഗുളികക്ക അഷ്ടാക്ഷരീ എന്ന പെരാകുന്നു- തൈരിലൊ തെനിലൊ അഞ്ചുനെരം സെവിപ്പിച്ചാൽ ഗ്രഹണി അർശസ്സ അതിസാരം ഇവ ശമിക്കും- അതുകൊണ്ട ശമിച്ചില്ലാ എങ്കിൽ അജീൎണ്ണാദിദൊഷം ശമിച്ചിട്ടില്ലന്ന അറിഞ്ഞ കാട്ടുതിപ്പലിവെര കാട്ടുമുളകിൻവെര കൊടുവെലികിഴങ്ങ തിപ്പലി ചുക്ക ഇവകൊണ്ട കഷായംവച്ച അതിൽ ചെൎത്ത മൂന്നാനാലൊ നെരംസെവിപ്പിക്ക- അഗ്നിബലംപൊരാത്തവൎക്ക മൊരിൽ സെവിപ്പിക്ക- തൈരിലൊ തെനിലൊ സെവിപ്പിപ്പാൻ മുൻ പറയപ്പെട്ട വിധി മലം ഇളകിപൊകുന്നവൎക്ക വെണ്ടതാകുന്നു- രക്തസംബന്ധം ഉണ്ട എങ്കിൽ രാമച്ചം ചുത്തരിച്ചുണ്ട

വെരിമ്പെൽതൊലി മരമഞ്ഞൾതൊലി ഇവകൊണ്ടു കഷായംവച്ചു അതിലൊ അല്ലാഎങ്കിൽ നന്നാറിക്കിഴങ്ങ അയമൊതകം ആശാളി ഇവകൊണ്ടു കഷായംവച്ചു അതിലൊ വെറകടലാടിയുടെ ഇലയുടെ നീരിലൊ സെവിപ്പിക്ക— വയററിൽ വെദനയും മുൻപറഞ്ഞ രൊഗങ്ങളൊടുകൂടെ അധികമായിട്ടു ഉണ്ടു എങ്കിൽ പഴമുതിര ലന്തക്കുരു മുത്തങ്ങക്കിഴങ്ങ കരിങ്കുറിഞ്ഞിവെര ഇവകൊണ്ടു കഷായം വച്ചു അതിൽ സെവിപ്പിക്ക— വയററിന്ന അധികമായ വീർപ്പും കൂടെ ഉണ്ടു എങ്കിൽ വയമ്പ കുളത്തിൻവെര മുത്തങ്ങക്കിഴങ്ങ ചുക്ക അയമൊതകം ഇവകൊണ്ടു കഷായം വച്ചു അതിൽ സെവിപ്പിക്ക വിഷൂചിക്ക ത്രികടു മലര കൊഴിഞ്ഞിൽവെര വയമ്പ മുത്തങ്ങക്കിഴങ്ങ കച്ചൂരിക്കിഴങ്ങ കരുവെട്ടിത്തൊലി ഇരുവെലി പച്ചയീക്കിൽ ഇവകൊണ്ടു കഷായം വച്ചു അതിലൊ കാടിയിലൊ മൊർത്ത സെവിപ്പിക്കെക— ഉദരരൊഗങ്ങൾ ഒക്കെയും ഈ ഗുളിക ശീലിച്ചാൽ ശമിക്കകയും ചെയ്യും—

(കൈഡര്യാദിഗുളിക)

൯൫— കൈഡര്യാദിപ്യകാംഭൊദസമംശാതിവിഷാസ്സമാഃ।
പിഷ്ടാദിവ്യകനിഷ്കാംശഗ്രഹണീദൊഷനാശനാഃ॥

കരുവെപ്പില അയമൊതകം മുത്തങ്ങക്കിഴങ്ങ പറച്ചുണ്ടവെര ഇവ സമം അയമൊതക കഷായത്തിൽ അരച്ചു പുത്തരിച്ചുണ്ടങ്ങ പ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി മൊരിലൊ തൈരിലൊ തെന്നിലൊ സെവിപ്പിക്കെക.

(ദ്രൊണപുഷ്പാദിഗുളിക)

൯൬— ദ്രൊണപുഷ്പീസമംശാബ്ദവരാളലെധാന്യകൈഃ।
ഹിമദാന്ദാകണാമൂലചവ്യധാഡിമദാവ്യകൈഃ॥
൯൭— മധൂകപുഷ്പകൊലജീരകദാരുവെധിഭിഃ।
ചൂതാസ്ഥിധാതകീപുഷ്പഷഡ്ഗ്രന്ഥിബില്വഫലാസ്ഥിഭിഃ॥
൯൮— വിശ്വാവിഷാപ്രൊശാംബൊലാമജ്ജകള്ഗഹാഗ്നിഭിഃ।
നാഗകെസരയുക്തൈഃ പിഷ്ടൈഷ്ടകടുകാപത്രജൈരസൈ॥
൯൯— ചാംഗെര്യാശ്ച പൃശ്നിപർണ്ണ്യാശ്ച ബാലായാശ്ചാവസുകസ്യ ച।
ധാഡിമപല്ലവാനാഞ്ചെട്ടതിംബാഫലസമ്ഭൃതാഃ॥
൱— വിഹിതാ ഗുളികാ ഭഗ്നാ ഹ്യുക്താഗ്രഹണീഗദം।
അർശാംസി ചാതിസാരാംശ്ച ഹന്യുരഗ്നിബലപ്രദാഃ॥

തുമ്പപ്പൂവു പറച്ചുണ്ടവെര മുത്തങ്ങക്കിഴങ്ങ കരയാമ്പൂവു പച്ചില കൊത്തമ്പാലയരി ചന്ദനം രക്തചന്ദനം കാട്ടുതിപ്പ

ലിവേര കാട്ടുമുളകിൻവേര താളിമാതളക്കായുടെ ഓട അയമൊതകം ഇരിപ്പപ്പൂവ്വ തക്കോലപ്പൊട്ടിൽ ജീരകം കരിഞ്ജീരകം സഹസ്രവേധി മാങ്ങയണ്ടിപ്പരുപ്പ താതിരിപ്പൂവ്വ കച്ചൂർക്കിഴങ്ങ കൂളക്കായുടെപരിപ്പ അതിവിടയം അങ്ക്ലാരത്തെങ്ങ ഇരുവേലി രാമച്ചം മുവ്വിലവേര കൊടുവേലിക്കിഴങ്ങ കറപ്പ ഇവ സമം കുറുവെപ്പില പുളിയാരില മുവ്വിലത്തളിര വെറകളോടി താർതാവൽ താളിമാതളത്തിൻകൂമ്പ ഇവററിൻ നീരിൽ അരച്ച പുത്തരിച്ചുണ്ടങ്ങ പ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി തയിരിൽ സേവിപ്പിക്ക- ഗ്രഹണി അതിസാരം അർശസ്സ അഗ്നിമാന്ദ്യം ഇവ ശമിക്കും.

## ക്രിമിചികിത്സാ

### (വിഡംഗാദികഷായം)

൬൧- വിഡംഗരജനീദാരുപലാശത്വചല്ക്കലൈഃ।
കൃതഃകഷായോഹിംഗ്വാഢ്യോജഠരക്രിമിനാശനഃ॥

വിഴാലരി മഞ്ഞൾ മരമഞ്ഞൾത്തൊലി പ്ലാശിൻതൊലി ഇവകൊണ്ട കഷായം വച്ച കായം മേപ്പൊടി ചേർത്ത സേവിപ്പിക്ക.

൬൨- ബാലകേതകിമൂലേനകേവലേനാസ്ത്രവാഥവാ।
പാതവ്യഃക്രിമിനാശായപടുഹിംഗുസമന്വിത ॥

വെറകൈത വേരുകൊണ്ട കഷായംവെച്ച ഇന്തുപ്പും കായവും മേപ്പൊടിചേർത്ത സേവിപ്പിക്ക-

൬൩- കാരവല്ലീരസേചൂർണ്ണംപലാശകുസുമസ്യവാ।
വിഡംഗമരിചാലംബുഷബീജചൂർണ്ണമഥാപിവാ॥

കയ്പയുടെ നീരിൽ പ്ലാശിൻപൂവ്വ ഉണക്കിപ്പൊടിച്ച പൊടി സേവിപ്പിക്ക- വിഴാലരി മുളക കയ്പവള്ളരിയുടെ വിത്ത ഇവ പൊടിച്ച മേൽപ്രകാരം സേവിപ്പിക്ക-

൬൪- ഗുളേനമർക്കടീചൂർണ്ണമഥവാകിംശുകത്വചഃ।
ക്രിമിശത്രോരജന്യാവായദ്വാഹിംഗുരജഃപരം॥

നായ്ക്കുരണക്കായയുടെ പുറമെയുള്ള തൊങ്ങ ശർക്കരയുടെ അകത്താക്കി പൊതിഞ്ഞ സേവിപ്പിക്ക- മുരിക്കിൻ തൊലി ഉണക്കിപ്പൊടിച്ചതും ക്രിമിശത്രു പൊടിച്ചതും മഞ്ഞൾ പൊടിച്ച പൊടിയും ഇവ വെവ്വേറെ ശർക്കരയിൽ സേവിപ്പിച്ചാലും ക്രിമി ശമിക്കും- മേൽപ്രകാരം കായവുമാം.

(മൊക്കണ്ണിക്ക)

൧൦൫– കണാമൂലകണാശിഗ്രുവിളംഗമരിചൈഃകൃതാ।
യവക്ഷാരയുതാപേയായായവാഗ്രസ്യക്രസാധിതാ॥

കാട്ടുതിപ്പലിവേര തിപ്പലി മുരിങ്ങവേര വിഴാലരി മുളക ഇവകൊണ്ട കഷായംവെച്ച അതിൽ മൊരും വീഴ്ത്തി കഞ്ഞിവെച്ച ചവക്കാരം പൊടിച്ചിട്ട സെവിപ്പിക്ക–

(മുക്കുടിക്ക)

൧൦൬– വന്യസൂരണകന്ദോത്ഥനിശയാസഹസാധിതഃ।
ഖളഃക്രിമികുലം ഹന്തിതധാഗ്ന്യുപവനിശാകൃതഃ॥

കാട്ടുചേന മഞ്ഞൾ ഇവകൊണ്ട മുക്കുടിവെച്ച സെവിപ്പിക്ക– മഞ്ഞളിന്റെ സ്ഥാനത്ത കസ്തൂരിമഞ്ഞൾ കൂട്ടിയാൻ ഏററവും നന്നു.

൧൦൭– ഗൊമൂത്രേണവചാചൂർണ്ണംപായയേദ്വാപ്രഗെതരാം।
കാരവല്ലീദലോത്ഭൂതംരസംവാതൈലസംയുതം॥

വയമ്പ പൊടിച്ച ഗോമൂത്രത്തിൽ കലക്കി ഏററവും കാലത്ത സെവിപ്പിക്ക– കയ്പന്റെ നീര എണ്ണകൂട്ടി സെവിപ്പിക്ക.

൧൦൮– ധാന്യാമ്ലേനകവൊഷ്ണേനഗൃഹധൂമരജോപിവാ।
കെവലേനവിളംഗേനസിദ്ധംവാപായയെൽഖളം॥

ഉള്ളടക്കരി പൊടിച്ച അല്പം ചൂടൊടുകൂടിയ കാടിയിൽ സെവിപ്പിക്ക– വിഴാലരി മൊരിൽ പുഴുങ്ങി അരച്ച മൊരിൽ കലക്കി തിളപ്പിച്ച ചെറുവെക്കയോടെ സെവിപ്പിക്ക.

(കെതകിശർക്കരാ)

൧൦൯– ബാലകെതകിമൂലസ്യപലാന്യഷ്ടൌസിഷോഡശ।
പക്ത്വാദ്രോണെത്രപാദസ്ഥംപൂതെവസ്ത്രാവഗാളനാൽ।

൧൧൦– സിതാപലാഷ്ടകംദത്വാവിപചെൽസാന്ദ്രതാംഗതെ।
വിളംഗവ്യോഷഭൂനിംബപലാശകുസുമാഭയാഃ।

൧൧൧– കഷാംശാശ്ചൂർണ്ണിതാക്ഷിപ്ത്വാസംയോജ്യാഥാവതാരയെൽ। പ്രാഗപിരെചനമാധായപശ്ചാദേതാംപ്രയോജയെൽ॥

൧൧൨– മസ്തുനാസഹസംയുക്താംമധുനാവാരസേനവാ।
ധാത്രീഫലാനാംമുസ്തായായദ്വാകെതകിശർക്കരാം।

ചെറുകയിതവെര പലം പതിനാറ പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവെച്ച നാലിടങ്ങഴ യാക്കി പിഴിഞ്ഞരിച്ച എട്ടുപലം പഞ്ചസാര കലക്കി കുറുക്കി സാന്ദ്രപാകമായാൽ വിഴാലരി ത്രികട്ട പുത്തരിച്ചുണ്ടവെമ്മൽതൊലി പ്ലാശിൻപൂവ്വ് കടുക്ക ഇവ മുമ്മൂന്നുകഴഞ്ച പൊടിച്ചിട്ട ഇളക്കി വാങ്ങി ആറി

യാൽഅത വയറിളക്കിയതിന്റെ ശെഷം തയിററിൻ വെള്ളത്തിലൊ തെനിലൊ പച്ചനെല്ലിക്ക നീററിലൊ മുത്തങ്ങക്കഷായത്തിലൊ സെവിപ്പിക്ക- സകലവിധ കൃമികളും ശമിക്കും.

(സാരശക്കര)

൧൩൨- അംഭസ്സ്വഷ്ഠവികാകാന്ധശിഗ്രുദംബെരവാരിണി।
ദ്രാണെപലാഷ്ടകംദത്വാസിതായാഃസ്തുലധിശ്രയെൽ॥

൧൩൩- ഫലന്തീഭ്രതെവതാശ്വാഥതസ്മിൻസ്രുശ്ക്ഷമെസതി।
കൊലപ്രമാണമുദ്ധൃത്യഭാജനെസ്ഥാപയെൽ ശുഭെ॥

൧൩൪- ഏകൈകംമെഹനാരാത്രൌശ്ചമുഖയൊഃഖാദയെച്ചതൽ।
ഏകപക്ഷപ്രയൊഗെണനശ്യെയുഃക്രിമയൊഖിലാഃ

വെള്ള പുല്ലാനിയുടെ തണ്ട വെട്ടി അതിന്മെൽ നിന്ന ഒററു വീഴുന്ന നീരും മുരിങ്ങയുടെ വെരും അത്തിവെരും മുറിച്ച പാത്രം വച്ച വാററി എടുത്ത നീരും സമമായി ചെത്ത ഇടങ്ങഴി നീരിന്ന രണ്ടുപലം വീതം പഞ്ചസാര കലക്കി കുറുക്കി നീരുവററിയാൻവാങ്ങി സഹിക്കത്തക്ക ചൂടുള്ളപ്പൊൾതന്നെ ലന്തക്കുരുപ്രമാണം ഉരുട്ടി നല്ലപാത്രത്തിൽ സൂക്ഷിച്ച ഓരൊന്ന കാലത്തും വൈകുന്നെരവും തിന്നാൽ പതിനഞ്ചുദിവസം കൊണ്ട എല്ലാ കൃമികളും ശമിക്കും.

൧൩൫- കടുസ്തിക്തശ്ചശസ്തൊത്രമധുരൊനൊഷ്ഠ്യതെരസഃ।
ഉദിക്തകടുതിക്തൊണ്ണമല്പസ്നെഹഞ്ചഭൊജനം॥

കൃമിയുള്ളവൎക്ക എരുവും കൈപ്പും രണ്ട രസങ്ങൾ ഹിതങ്ങളാകുന്നു- മധുര രസംകൊണ്ട കൃമികൾ വൎദ്ധിക്കും മെഴുക്കുള്ള പദാൎത്ഥംകൊണ്ടും വൎദ്ധിക്കും എന്നാലും എരുവും കൈപ്പും അധികമായി ശീലിക്കപ്പെടുന്ന പക്ഷത്തിങ്കൽ നെയ്യമുതലായത അല്പമായി ഉപയൊഗിച്ചാൽ വിരൊധം കാണുകയുമില്ല.

൧൩൬- മധുരാന്നഗുളക്ഷീരദധിശുക്തനവൊദനാൻ।
ശാകശാല്യകന്ദാംശ്ചക്രിമിമാനതിവൎജ്ജയെൽ॥

പായസം ശൎക്കര പാല തയിര കാടി പുത്തരിച്ചൊറ ഇവ എല്ലാററവും അഹിതങ്ങളാകുന്നു- കാടിയിൽ മരുന്നസെവിപ്പാൻ വിധിക്കപ്പെട്ടിട്ടുള്ളതിനെ തടസ്ഥപ്പെട്ടിട്ടുമില്ല-

ഇതി വാശാസെരിച നാമകരാമാനന്ദനാഥപണ്ഡിതപാരശവെന്ദ്രകൃതൌ വാരൊഗ്യകല്പദ്രുമെബാലചികിത്സായാം ഷഷ്ഠസ്തബകൊനാമഷഷ്ഠൊദ്ധ്യായഃ

ആരൊഗ്യകല്പദ്രുമെ ബാലചികിത്സായാം

സപ്തമാദ്ധ്യായപ്രാരംഭഃ

## മൂത്രാഘാതചികിത്സാ

൧- മൂത്രാഘാതെഷുകൊഷ്ണെന സെചയെത്സമസൎപ്പിഷാ।
വസ്തിപ്രദെശന്തൈലെനമാണിമന്ഥാമ്ലയുക്ജാ॥

മൂത്രാഘാതമുണ്ടായാൽ എണ്ണയും നെയ്യും സമംചെൎത്തു ഇന്തുപ്പുപൊടിച്ചിട്ടു അല്പം ചൂടപിടിപ്പിച്ചു അതുകൊണ്ടു വസ്തിപ്രദെശമായ പൊക്കിളിന്നുതാഴെ പിഴിഞ്ഞു വീഴ്ത്തുക.

൨- കൂശ്മാണ്ഡവല്ലീസംസിദ്ധഃ കഷായസ്സിതയാന്വിതഃ।
മൂത്രാഘാതെഷുപാതവ്യസ്സദ്യോമൂത്രപ്രവൃത്തയെ॥

കുമ്പളവള്ളികൊണ്ടു കഷായം വച്ചു പഞ്ചസാര മെമ്പൊടിചെൎത്തു സെവിപ്പിച്ചാൽ ഉടനെ മൂത്രത്തിനുള്ള തടവു തീരും

(ശ്വദംഷ്ട്രാദി കഷായം)

൩- ശ്വദംഷ്ട്രാബൃഹതീദ്രാക്ഷാചീനൊഷണശൃതംജലം।
സസിതംപായയെദ്ദ്വ്യജാജീരകൊത്ഥരജൊന്വിതം॥

ഞെരിഞ്ഞില ചെറുവഴുതിനവെര മുന്തിരിങ്ങാപ്പഴം വാലുമുളക ഇവകൊണ്ടു കഷായംവച്ചു പഞ്ചസാരയും ജീരകത്തിൻപൊടിയും മെമ്പൊടിചെൎത്തു സെവിപ്പിക്ക

(ഗുഹാമൂലാദി കഷായം)

൪- ഗുഹാമൂലൈകഭാഗെന സ്ഥിരാഭാഗദ്വയെന ച।
ത്രിഭിൎബ്ബൃഹത്യാഭാഗൈശ്ച സൎവ്വതുല്യൈശ്ച ഗൊക്ഷുരൈഃ॥
൫- തുല്യൈസ്സൎദ്വിഗുണൈസ്സൎവ്വൈഃ കഷായൊവാസസി
തൊഹിതഃ। മൂത്രാഘാതെഷുസൎവ്വെഷുഹിതസ്സിദ്ധൊക്ഷീ
രമെവവാ॥

മൂവിലവെര ഭാഗം ഒന്നു ഓരിലവെര ഭാഗം രണ്ടു ചെറുവഴുതിനവെര ഭാഗം ആറ ഇവകൊണ്ടു കഷായം വച്ചു പഞ്ചസാര മെമ്പൊടിചെൎത്തു സെവിപ്പിക്ക മെല്പറഞ്ഞമരുന്നുകളിൽ ഓരില മൂവില ചെറുവഴുതന ഇവസമം ഇവമൂന്നും കൂട്ടീട്ടുള്ളതിൽ ഇരട്ടി ഞെരിഞ്ഞില ഇങ്ങിനെയും കഷായം വച്ചു സെവിപ്പിക്കാം ഇതുകൾ തന്നെ പാൽക്കഷായമായിട്ടും സെവിപ്പിക്കാം.

൬- പിഷ്ട്വാകതകമൂലംവാശീതതൊയെനപായയെൽ।
ഫലംവാതസ്യനിഷ്പിഷ്യമൂത്രരൊധനിവൃത്തയെ॥

൭- മൂലംപിഷ്ട്വാപ്രസാരണ്യാനാളികേരാംഭസാപിബെൽ।
ഗൊക്ഷുരംപത്മമൂലംവാതെനൈവസിതയായുതം॥
തലനീളിയുടെവെരഅരച്ച ഇളന്നീർവെള്ളത്തിൽ കലക്കി സെവിപ്പിക്ക ഞെരിഞ്ഞിലൊ താമരക്കഴങ്ങൊ അരച്ച ഇളനീർവെള്ളത്തിൽ കലക്കി പഞ്ചസാരയെത്ത സെവിപ്പിക്ക.
൮- ഉൎവ്വാരുബീജയഷ്ട്യാഫ്വകതകാശ്മമന്ദലജ്ജലൈ।
പിഷ്ടൈഃപ്രലെപൊവസ്തൌച്ചമൂത്രഘാതവിനാശനഃ॥
വെള്ളരിക്കുരു ഇരട്ടിമധുരം തെററാമ്പരല ഏലിക്കായും ഇവ പച്ചവെള്ളത്തിലരച്ച പൊക്കിളിന്നകീഴ എല്ലാടവും ലെപനം ചെയ്ക മൂത്രംസുഖമായി ഒഴിഞ്ഞുപൊകും

(ഗൊക്ഷുരാദിഗുളികാ)

൯- ഗൊക്ഷുരെന്ദ്രമദൊൎവ്വാരുബീജപത്മാപത്രഷകൈഃ।
ദാക്ഷാകതകനിൎഗ്ഗുണ്ഡീമൂലെന്ദുതുടികുംകുമൈഃ॥
൯൦- വാംശീവസുകംഗാളിഫാപത്തൂരകഫൈരണ്ടകൈഃ।
എലൊചകല്യാണെശലെയശതാവെധിഫലത്രയൈ।
൯൧- സുനിഷണ്ണശതാവൎയ്യാസാരസെചത്മകന്ദജൈ।
മത്സ്യാക്ഷിപല്ലവൊപെതൈലപിഷ്ടൈഃകൊലഫലൊപമാഃ॥
൯൨- വൎത്തിതാഗുളികാശ്ശുഷ്കാഛായായാംതാംപയസാപ്രഗെ।
ധാരൊഷ്ണെനാഥവാധാത്രീരസെനമധുനാപിവാ।
൯൩- ഐക്ഷവെണരസെനാപിനാളികെരജലെനവാ।
പീതാഹരന്ത്യചിരാദെവമൂത്രാഘാതമശെഷതഃ॥
ഞെരിഞ്ഞില കൎപ്പൂരം വെള്ളരിക്കുരു ഓരിലത്താമര പിററിന്തൽവെര മുന്തിരിങ്ങാപ്പഴം തെററാമ്പരല കുരുന്നൊച്ചിവെര പച്ചക്കർപ്പൂരം ഏലത്തരി കുംകുമം കൂവപ്പൊടി താർതാവൽവെര മരഞ്ഞതൊലി വട്ടകത്തിൻവെര അരെണുകം ചിറെലം തിപ്പലി കുതം സമന്ത്രവെദിക്കല്ല ത്രിഫല ഇവ നീററാൽ ശതാവരിക്കിഴങ്ങ താമരക്കിഴങ്ങ മീനങ്ങാണി ഇവററിൻനീരിൽ വെവ്വെറെ അരച്ച ലന്തക്കുരു പ്രമാണം ഉരുട്ടി നിഴലിലുണക്കി രാവിലെ കറന്ന ചൂടുമാറാത്ത പാലിലൊ പച്ചനെല്ലിക്കനീരിലൊ തെനിലൊ കരിമ്പിൻനീരിലൊ ഇളന്നീർവെള്ളത്തിലൊ സെവിപ്പിക്ക എല്ലാമൂത്രാഘാതവും ഉടനെശമിക്കും-

(മൂത്രാതിസാരത്തിന്നു)

൯൪- കപാലൈാൎഗ്ഗുജപാമൂലസാധിതൊമധുസംയുതഃ।
പെയൊമൂത്രാതിസാരസ്യ സദ്യഃഎവനിവൃത്തയെ॥

ചെറുപയറ ചെമ്പരത്തിവെര ഇവകൊണ്ട കഷായംവെച്ച തെൻ മെമ്പ്പൊടിചെൎത്ത സെവിപ്പിക്ക മൂത്രം അധികമായി പൊകുന്നത ശമിക്കും

(നിശാമലകാദികഷായം)

൮൫- നിശാമലകപാഠാഭിസ്തുമംഗൊശീരചന്ദനൈഃ।
വൈരിമൂലെനവശ്യതംജലംവാപായയെൽപ്രഗെ॥

വരട്ടുമഞ്ഞൾ നെല്ലിക്ക പാടക്കിഴങ്ങ പറച്ചുണ്ടവെര രാമച്ചം ചന്ദനം ഏകനായകത്തിൻവെര ഇവ കൊണ്ട കഷായംവെച്ച തെൻ മെമ്പ്പൊടി ചെൎത്ത സെവിപ്പിക്ക മൂത്രം അധികമായി പൊകുന്നത ശമിക്കും.

(മൂത്രാളൂരുന്നതിന്നു)

൮൬- പിഷ്ട്വാശൊതജപാമൂലംപാരന്തീപുഷ്പമെവവാ।
കിംശുകസ്യത്വചഃകല്കംവാഫലംവാബകുളസ്യവാ॥
൮൭- ഉദുംബരസ്യപത്രംവാപിഷ്ട്വാതക്രെണപായയെൽ।
ജസാസഹമൂത്രസ്യപ്രവൃത്തിംനിരുണദ്ധിതൽ॥

വെളുത്ത ചെമ്പരത്തിയുടെവെരൊ തെച്ചിയുടെപൂവ്വൊ മുരുക്കിൻതൊലിയൊ ഏരിഞ്ഞിക്കുരുവൊ അത്തിയിലയൊ അരച്ച മൊരിൽ സെവിപ്പിക്ക ഉറക്കത്തിലൊട്ടുകൂടിയമൂത്രംപൊക്ക ശമിക്കും.

പിടകാചികിത്സാ

൮൮- പിടകാഃക്ഷീരിവൃക്ഷസ്യനിഷ്കാഥെനാഭിഷിച്യതു।
ക്ഷീരപിഷ്ടൈസ്തിലൈൎല്ലിംപെദമൃതാവിജയാനിതൈഃ॥

കുരുക്കൾഉണ്ടായാൽ നാല്പാമരത്തൊലി കഷായംവെച്ച അതുകൊണ്ടധാരയിട്ട എള്ളു ചിറ്റമൃത കടുക്ക ഇവ പാലിൽ അരച്ച പുരട്ടുക.

(കടുക്കവെണ്ണ)

൮൯- ഹരീതകിസ്സമപ്പിന്നാഃകൃതാംബിളുപാസ്യതു,
താസാംപുടാനിപൂൎണ്ണാനിതിലചന്ദനരെണുഭിഃ॥
൯൦- കൃതാമൃതായാഃപത്രാണാംപഞ്ചകെനാവകുണ്ഠ്യതു।
സൎവ്വാണിപരിബദ്ധ്വാഥത്രിഭിൎമ്മൂൎവ്വാഗ്രതന്തുഭിഃ॥
൯൧- പയസ്യഷ്ടഗുണെപക്ത്വാകിഞ്ചിച്ഛിഷ്ടെവതാസ്തതഃ,
ശിഷ്ടെനതെനസംപിഷ്യനവനീതെനയൊജയെൽ॥
൯൨- മദ്ദനാന്ദിജ്ജലീകൃത്യലിപ്തംപെൽപിടകാമുഖെ।

നിൎവ്വാപണാൎത്ഥംശോഫസ്യപാകാൎത്ഥഞ്ചോപനാഹജഃ॥

കടുക്ക കുരുവൊടുകൂടി സമമായി മുറിച്ച തൊടിന്ന കെടുവരാതെ കുരുവെടുത്ത കളഞ്ഞ ആ തൊടുകളിൽ ഒന്നിൽ എള്ളും മറെറതിൽ ചന്ദനത്തിൻപൊടിയും നിറച്ച തമ്മിൽ ചെൎത്ത ചിററമൃതിന്റെ അഞ്ചു ഇലകൊണ്ട പൊതിഞ്ഞ മൂന്ന കരുകവള്ളികൊണ്ട കെട്ടി ആയത തൂക്കിനൊക്കി പലത്തിന്ന ഇരുനാഴിപാലു വീതം വെണ്ടുന്ന പാലിൽ പുഴുങ്ങി അരച്ച ചെപ്പാൻ കണ്ടുള്ള പാകത്തിൽ വററിച്ച അരച്ച വെണ്ണനെയ്യുകൂട്ടി ഉരസി നീരവന്ന കരുവിന്മെൽ പുരട്ടുക- നീരു ശമിച്ച വററുകയും പൊട്ടെണ്ടുന്നത പൊട്ടുകയും ചെയ്യും.

(നന്ദ്യാവൎത്താദി പുഴുക്ക)

൩൩- നന്ദ്യാവൎത്തശിഫാവല്കഗോപീശാരദികോത്പലൈഃ।
സ്ഥൌണെയഞ്ചോല്ല്യതെഭൃഷ്ടാക്ഷീരെപക്വാപാത്രെപ്രലെപയെൽ॥
൩൪- തൽപിഷ്ടംനവനീതാഢ്യംനിൎജ്ജലീകൃത്യലെപനാൽ।
ശൊഫരാഗരുജാമുഖ്യപിടകാൎത്തിനിവൎത്തനം॥

അന്ത്യാൎവട്ടത്തിൻ വെരിന്മെൽതൊലി നന്നാറിക്കിഴങ്ങ കൊട്ടിപ്പാലവെരിന്മെൽതൊലി ത്രുണിയാങ്കം ഇവ നെയ്യിൽ വറുത്ത പാലിൽ പുഴുങ്ങി അരച്ച വെണ്ണനെയ്യ കൂട്ടി ഉരസി നീരവന്നത പുരട്ടുക- കുരുക്കൾ ശമിക്കും.

(ശാലൂകാദി പുഴുക്ക)

൩൫- ശാലൂകഗോപികാകന്ദചന്ദനൊശീരവാലകൈഃ।
ക്ഷീരിദ്രുവല്കസംയുക്തൈഃപക്വൈഃപിഷ്ടൈഃപയോദ്രവൈ॥
൩൬- ക്ഷൈരെയനവനീതാഢ്യൈൎദ്ദാഹാധിക്യവിലെപനം।
പിടകാനാംപ്രയുഞ്ജീതതുല്യംശൊഫപാകയൊഃ॥

ആമ്പൽ താമര നെയ്തൽ ചെങ്ങഴിനീർ കരിങ്കുവളം നന്നാറി ഇവററിൻ കിഴങ്ങുകൾ ചന്ദനം രാമച്ചം ഇരുവെലി ഇവ പാലിൽ പുഴുങ്ങി അരച്ച പാൽ കടഞ്ഞെടുത്ത വെണ്ണ കൂട്ടി ഉരസി നീരവന്ന ചുട്ടുനീറൽ അധികമായിട്ടുള്ള കുരുക്കൾക്ക പുരട്ടുക- എന്നാൽ സുഖമാകയും ചെയ്യും.

(മൃണാളാദി പുഴുക്ക)

൩൭- മൃണാളമുസ്താത്രിഫലാരജനീമൃദ്വികഞ്ചികാഃ
പൂലികടഫലിനിംബെതാകിസെവ്യസൎഷപകാമൃതാഃ॥
൩൮- ക്ഷീരിദ്രുദലദൂൎവ്വാഗ്രവടാങ്കുരകശാരിബാഃ।
ചന്ദനഭദ്രാഗാരതിലസൈന്ധവലക്ഷ്മണാഃ॥
൩൯- കദളീപല്ലവൈരണ്ഡബീജൈഃപക്വാഃപയൊദ്രവെ

പിഷ്ട്വാഥനവനീതാഢ്യാഃ। പ്രലിംപേൽപിടകാമുഖേ
സ്നേഹാനന്യാനഥാവസ്ഥാംവീക്ഷ്യകഞ്ചാത്രയോജയേൽ ॥

താമരവളയം മുത്തങ്ങക്കിഴങ്ങ ത്രിഫല വരട്ടുമഞ്ഞൾ ഞെട്ടാഞെട്ടങ്ങ നീരൊലിയില കടുകപ്പാലവെരിന്മേൽതൊലി വെപ്പിൻതൊലി രാമച്ചം കടുക ചിററമൃത നാല്പാമരത്തിൻകുമ്പ കരകനാക പെരാൽമൊട്ട നന്നാറിക്കിഴങ്ങ ചന്ദനം വെട്ടാളൻകൂട എള്ള ഇന്തുപ്പ തിരുതാളി തെങ്ങിൻപൂക്കലയരി പപ്പടം അവണക്കിൻകുരു ഇവ പാലിൽ പുഴുങ്ങിയരച്ച വെണ്ണനെയ്യ ചെർത്ത ഉരസി നീരവത്ത പുരട്ടുക- എണ്ണ അവണക്കെണ്ണ തേൻ ഇവയും ദോഷകോപത്ത അനുസരിച്ച ചെർത്ത പുരട്ടുകയുമാം എല്ലാകുരുവും ശമിക്കും.

(പൊട്ടിവാൻറകുരുചിന്ന)

൩൦. ഭിന്നാഃക്ഷീരിദ്രുവൽക്കസ്യകഷായേണവിശോധ്യതാഃ।
സിഞ്ചേൽജാത്യാദിതൈലേനരോപണാർത്ഥംമുഹുർമ്മുഹുഃ॥

പൊട്ടിവാന്ന കുരുക്കളെ നാല്പാമരത്തിൻ കഷായം കൊണ്ട ശുദ്ധിവരുത്തി ജാത്യാദിതൈലം കൂടക്കൂടെ പുരട്ടുക- എന്നാൽ ഉണങ്ങും.

(ജാത്യാദിതൈലം)

൩൧- ജാതീകിംശുകനിർഗ്ഗുണ്ഡീസുഷവീമുദ്ഗകഞ്ചികാഃ।
മായൂരീഭൃംഗികാദൂർവ്വാരജനീപപ്പടാന്വിതാഃ॥
൩൨- യുക്താഃകടുകികാപത്രൈസ്സംക്ഷുദ്യപരിപീഡനാൽ।
തൈല്യോലബ്ധരസൈസ്തൈലംയസ്മിൻകല്ക്കേനസാധയേൽ॥
൩൩- ഇദംജാത്യാദികംനാമതൈലംപൂർവ്വൈർവ്വിനിശ്ചിതം।
സ്നേഹവോനാളികേരസ്യദുഗ്ദ്ധംവാനേനസാധയേൽ॥
൩൪- താഭ്യാംസമേതംതൈലംവായഥാദോഷംയഥാവയഃ।
യഥാപ്രദേശംദൂർവ്വായാഃകേവലായാരസേപിവാ॥

പിച്ചകത്തില കരുമരിക്കില കരുനൊച്ചിയില പുല്ലാനിത്തളിര ഞൊട്ടാഞൊടിയൻ മെരുകടലാടി ചെരുപൂള കരകപച്ചമഞ്ഞൾ പപ്പടം കരുവെപ്പില ഇവ ഇടിച്ചുപിഴിഞ്ഞ നീരിൽ ഏരട്ടമധുരം അരച്ചുകലക്കി എണ്ണചെർത്ത കാച്ചിയരിക്കുക- ഇതിന്ന ജാത്യാദി തൈലമെന്ന പെരാകുന്നു. ഇപ്രകാരം ചെളിച്ചെണ്ണയൊ നെയ്യൊ കാച്ചിയിട്ടും എണ്ണയിൽതന്നെ നെയ്യും ചെളിച്ചെണ്ണയും ദോഷകോപത്തെയും വയസ്സിനെയും പ്രദേശത്തെയും അനുസരിച്ച കൂട്ടി ആയത പുരട്ടുകയുമാം ക

റുകയുടെ നീരിൽതന്നെ എരട്ടിമധുരം അരച്ചുകലക്കി എണ്ണമുതലായത കാച്ചി പുരട്ടാം- എന്നതുകൊണ്ട ജാത്യാദി മരുന്നുകൾ കൂടി ഇടിച്ചുപിഴിയുമ്പോൾ കറുകയുടെ ഭാഗം അധികമായി ചെയ്യുന്നത ഉത്തമമാകുന്നു എന്നറിക.

(ന്യഗ്രോധാദിതൈലം)

൩൫. ന്യഗ്രോധോദുംബരാശ്വത്ഥപ്ലക്ഷചൂതകപീതനൈഃ।
ലോദ്ധ്രദ്വയപ്രിയാളദ്വിജംബൂപിന്ദ്രദ്രുമവഞ്ജുളൈഃ॥
൩൬- സോമവല്കപലാശദ്രുനന്ദീവിരളകോളിഭിഃ।
മധൂകമധുകാഭ്യാഞ്ചകദംബേനചസാധിതൈഃ।
൩൭- കഷായൈസ്സംക്ഷുദ്യജാത്യാദീനൗഷധീഃപീഡിതംരസം।
യോജയിത്വാപരിസ്രാവ്യപൂതേസ്മിന്നവകല്കിതൈഃ॥
൩൮- ഏലാദ്വയജലസ്പൃക്കാതുരുഷ്കഫലിനീദളൈഃ।
മാംസീകുഷ്ഠഷഡീചാപധ്യാമകാഗരുത്വഗ്ഭിഃ॥
൩൯- സുരാഹ്വയനഖവ്യാഘ്രനഖസ്ഥൗണേയജാതിഭിഃ।
ശ്രീവാസചന്ദനാഗരദേവധൂപകകൗശികൈഃ॥
൪൦- പുന്നാഗപുരനാഗാഹ്വകുംകുമൈശ്ചപ്രസാധയേൽ।
തൈലംചാനാളികേരസ്യസ്നേഹംചാപ്യതമേവവാ॥
൪൧- അഥവ്രണേഷ്വലേപാദിഷ്വനാവബദ്ധിതഃ।
സദ്യശ്ശുദ്ധാഃപ്രരോഹേയുർമ്മാംസന്ധാദാരുണാ അപി॥

പേരാലിൻതോലി അത്തിത്തോലി അരയാലിൻതോലി ഇത്തിത്തോലി മാവിൻതോലി കമ്പ്രാലിൻതോലി വെട്ടിത്തോലി പാച്ചോററിത്തോലി മൂരമരത്തിൻതോലി ഞാവൽതോലി ഞാറവെരുഞ്ഞാർതോലി നീർമരുതിൻതോലി വഞ്ഞിത്തോലി തൊരായത്തിൻതോലി പ്ലാശിൻതോലി നന്ത്യാർവട്ടത്തിൻതോലി കഞ്ഞിക്കൊട്ടത്തിൻതോലി വെള്ളത്തചെലത്തോലി ഇരുപ്പക്കാതൽ എരട്ടിമധുരം കടമ്പിൻതൊടി ഇവ കൊണ്ട കഷായംവെച്ച അതിൽ മുൻപറഞ്ഞ ജാത്യാദിയുടെ മരുന്നുകൾ ഇടിച്ചുപിഴിഞ്ഞനീർകൂട്ടി പിഴിഞ്ഞരിച്ച ഏലത്തരി ചിററേലം ഇരുവേലി ജൊനകപ്പുല്ല കുന്തുരുക്കം ഞാഴൽപുവ്വ പച്ചില മാഞ്ചി കൊട്ടം കച്ചൂരക്കിഴങ്ങ ഇലവങ്ങത്തോലി നാന്മുകപ്പുല്ല അകില മുത്തശിപ്പി ദെവതാരം നാഗ്ഗണം പുലിച്ചുവടിൻവേര നഖംപാശ തുണ്ണിയാങ്കം ജാതിക്ക തിരുവട്ടപ്പശ പണ്ണൊക്കിഴങ്ങ തക്കരം ചെഞ്ചെല്യം ഗുല്ഗുലു പുന്നപ്പുവ്വ കരിഞ്ഞാലിക്കാതല നാകപ്പൂവ്വ കുങ്കുമം ഇവ അരച്ചകലക്കി മെൽപ്രകാരം എണ്ണമുതലായത കാച്ചിയരിച്ച അതു പു

രട്ടുകയൊ ധാരയിടുകയൊ ചെയ്ക- എല്ലാ വ്രണങ്ങളും ശുദ്ധി വന്ന ഉണങ്ങുകയും ചെയ്യും.

(നിംബാദികഷായം

൨൮- നിംബതാഗമൃതാവിശാനിശാവാശാഫലത്രയൈഃ।
പടൊലബൃഹതീമൂലസഹിതൈഃ കാഥിതം ജലം॥
൨൯- ക്ഷൌദ്രഗുഗ്ഗുലുസംയുക്തം പിടകാസു പ്രശസ്യതെ।
ആരംഭമാത്രെ ഭിന്നാസു തൈഃ ക്ഷീരിദ്രുതാഗനാചിതൈഃ॥

വെപ്പിൻതൊലി ചിററമൃത ചുക്ക വരട്ടുമഞ്ഞൾ ആടലൊടകത്തിൻവെര ത്രിഫല പടൊലം ചെറുവഴുതിനവെര ഇവ കൊണ്ടു കഷായംവച്ചു തെനും ഗുല്ഗുലുവും മെമ്പൊടി ചെൎത്ത സെവിപ്പിക്ക- ൟ പ്രവൃത്തി വലുതായിട്ടുള്ള കുരുക്കളുടെ ആരംഭത്തിങ്കൽ ചെയ്യെണ്ടതാകുന്നു- ആ കുരുക്കൾതന്നെ പൊട്ടിയാൽ മെല്പറഞ്ഞ മരുന്നുകളിൽ നാല്പാമരത്തിൻ തൊലികൂടെ ചെൎത്താൽ അധികം ഗുണമുണ്ടു- ഇങ്ങിനെ കുരുക്കളുടെ സാമാന്യചികിത്സ.

(തലയിലെകുരുക്കൾക്ക)

൩൦- പിടകാസു തു ബാലാനാം ജായമാനാസു മൂൎദ്ധനി।
നിമ്നപാസുഫിതൊലെഖഃ പകപിഷ്ടൈഃ പയൊദവെ॥
൩൧- ഉദുംബരഫലതൊണകസുമൈസ്തിലസംയുതൈഃ।
സംശ്ലിഷ്ടനവനീതാദ്യൈഃ ക്രിയമാണൊ മുഹുൎമ്മുഹുഃ॥

കുട്ടികളുടെ തലയിൽ മുഴച്ചു കണ്ണു കൂടാതെ ഉണ്ടാകുന്ന കുരുക്കൾക്ക അത്തിക്കായ തുമ്പപ്പുവു എള്ളു ഇവ പാലിൽ പുഴുങ്ങിയരച്ചു നീരററ വെണ്ണകൂട്ടി ഉരസിച്ചെൎത്ത കൂടക്കൂടെ പുരട്ടുക- എന്നാൽ ശമിക്കും.

൩൨- അഥവാവിസിനീകന്ദദാൎവ്വീതിലഫലത്രയൈഃ।
ക്ഷീരപിഷ്ടൈസ്സഘൃതൈലെപശ്ശാല്മകാദിഭിരെവ വാ॥

അല്ലായെങ്കിൽ താമരക്കിഴങ്ങു മരമഞ്ഞൾത്തൊലി എള്ളു ത്രിഫല ഇവ പാലിൽ പുഴുങ്ങിയരച്ചു നീരററവെണ്ണകൂട്ടി ഉരസി പുരട്ടുകയൊ മുൻപറഞ്ഞ ശാല്മകാദി പുരട്ടുകയൊ ചെയ്ക- എന്നാൽ ശമിക്കും.

(നിംബപത്രാദിഎണ്ണ।

൩൩- നിംബപത്രവരീകന്ദഭൃംഗരാജാമൃതാരസൈ।
മഞ്ജിഷ്ഠാകുഷ്ഠയഷ്ട്യാഹ്വചന്ദനൊശീരവാരിഭിഃ॥

൮൮- മുസ്താഗോപവധൂകന്ദകന്ദുരുഷ്ട്രിജാതകൈഃ।
കല്ക്കിതൈസ്സാധിതാതൈലംമൂർദ്ധ്ന്യപിടകാപഹം॥
൮൯- ഭൂയോഭൂയസ്സമുത്ഥാനെതൈലമെതൽപ്രയോജയെൽ।
ശിരസോഭ്യഞ്ജനെതെനശാന്താനാംനാന്യതൊത്ഭവഃ॥

വെപ്പില ശതാവരിക്കിഴങ്ങ കഞ്ഞുണ്ണിസമൂലം ചിററമൃത ഇവ ഇടിച്ചുപിഴിഞ്ഞ നീരിൽ മഞ്ചട്ടിപ്പൊടി കൊട്ടം ഏരട്ടിമധുരം ചന്ദനം രാമച്ചം ഇരുവെലി മുത്തങ്ങക്കിഴങ്ങ നന്നാറിക്കിഴങ്ങ കന്തുരുക്കം ഏലത്തരി ഏലവങ്ങത്തൊലി പച്ചില ഇവ അരച്ചുകലക്കി എണ്ണചേർത്ത കാച്ചിയരിക്കുക- മെല്പറഞ്ഞ കുരുക്കൾ തലയിൽ കൂടക്കൂടെ പുറപ്പെട്ടുകണ്ടാൽ ഈ എണ്ണ തലയിൽ തെപ്പിക്ക- എന്നാൽ അപ്പൊളുള്ള കുരുക്കൾ ശമിക്കുകയും ചെയ്യും പിന്നെ പുറപ്പെടുകയുമില്ല.

(അഷ്ടപത്ര തൈലം)

൯൦- ലൊദ്ധ്രകിംശുകനിർഗ്ഗുണ്ഡീഭൃംഗരാജപയസ്വിനാം।
പത്രാണ്യാമർദ്ദ്യനിഷ്പീഡ്യതെഭ്യസ്സംപാദിതെരസെ॥
൯൧- കുഷ്ഠൈലായഷ്ടിമഞ്ജിഷ്ഠാകുചന്ദനസുരാഹ്വയൈഃ।
മുസ്താനളദതക്കൊലഗൊപികാകന്ദചന്ദനൈഃ॥
൯൨- കല്ക്കിതൈസ്സാധിതംതദ്വത്തൈലം യദ്വാഫലൈസ്ത്രിഭിഃ। കല്ക്കിതൈഃക്ഷീരിവൃക്ഷത്വക്കഷായെപരമിഷ്യതെ॥

പാച്ചോററി കരുമുരുക്ക കരുനൊച്ചി കഞ്ഞുണ്ണി നാല്പാമരം ഇവററിന്റെ ഇലകൾ ഇടിച്ചുപിഴിഞ്ഞ നീരിൽ കൊട്ടം ഏലത്തരി എരട്ടിമധുരം രക്തചന്ദനം ദെവതാരം മുത്തങ്ങക്കിഴങ്ങ രാമച്ചം തക്കൊലപ്പൊട്ടിൽ നന്നാറിക്കിഴങ്ങ ചന്ദനം ഇവ അരച്ചുകലക്കി എണ്ണചേർത്ത കാച്ചി തെപ്പിക്കുക- എന്നാലും തലയിലെ കുരുക്കൾ ശമിക്കും- നാല്പാമരക്കഷായത്തിൽ ത്രിഫല അരച്ചുകലക്കി എണ്ണകാച്ചി തെപ്പിക്കുകയുമാം.

(കഴുത്തിൽ കുരുവിന്ന)

൯൩- ധാന്യാമ്ലശരപുംഖസ്യമൂലംപിഷ്ട്വാപ്രലെപനം।
കണ്ഠാൽഗളോത്ഭവാസദ്യാസ്സുസാമുഖംപകാതൈവവാ॥

കാടിയിൽ കൊഴിഞ്ഞിലിൻവെരൊ സമൂലപ്പൂഴമൊ അരച്ചു പുരട്ടുക- കഴുത്തിലെ കുരുക്കൾ ശമിക്കും.

(ദൂർവ്വാദി തൈലം)

൯൪- ദൂർവ്വാകിംശുകനിർഗ്ഗുണ്ഡീപുനർന്നവികാദിമർദ്ദനീഃ।
സുഷവീനിംബശാണ്ഡില്യനാഗവല്ലീന്ദ്രവല്ലികാഃ॥
൯൫- അമൃതാഹരിവല്ലീഞ്ച്യാപീഡയിത്വാഹരെദ്രസം।

ഉഗ്രഗന്ധാഭയാകുഷ്ഠകട്കാനതചോരകൈഃ॥
൫൬- രാസ്നാപകുഞ്ചികാദാരുസരളൈസ്ത്രിജാതകൈഃ।
കല്കിതൈസ്സാധിതംതൈലമഭ്യംഗാൽകത്രശസ്യതെ॥

കരക കരുമുരുക്കില കരുനൊച്ചിയില പുണ്ഡരീകത്തില മലയമക്കി പുല്ലാനിക്കുമ്പ വെറ്റില കൂവളത്തില കൊടിത്തൊലി ഉഴിഞ്ഞ ചിററമൃത പൂവരശിൻകുമ്പ ഇവ സമം ഇടിച്ചു പിഴിഞ്ഞനീരിൽ വയമ്പ കടുക്ക കൊട്ടം കട്ടകരോഹണി തകരം കച്ചൂരിക്കിഴങ്ങ അരത്ത കരിഞ്ചീരകം ദെവതാരം ചരളം ഏലത്തരി ഏലവങ്ങത്തൊലി പച്ചില ഇവ അരച്ചുകലക്കി എണ്ണചെൎത്ത കാച്ചിയരിച്ചു തെച്ചിക്ക- കഴുത്തിലെ കുരുക്കൾ ശമിക്കും.

(കക്ഷത്തിൽ കുരുവിന്ന)

൫൭- കൂൎമ്മാസ്ഥികരിദന്തൈണശൃംഗൈൎമ്മഥിതപെഷിതൈഃ।
പ്രലെപൊബാഹുമൂലൊത്ഥപിടകാസുപ്രശസ്യതെ ॥

ആമയൊട ആനപ്പല്ല കലങ്കൊമ്പ ഇവ മൊരിൽ അരച്ചുതെക്കുക- കക്ഷത്തിൽ കുരു ശമിക്കും.

൫൮- കരഞ്ജത്വരവപ്ലക്ഷചന്ദനദ്വിതയെസ്തിലാൻ।
ക്ഷീരെപക്ത്വാനുസംപിഷ്യലിംപെദാജ്യസമന്വിതാൻ॥

ഉങ്ങിൻതൊലി നീരട്ടിത്തൊലി ഇത്തിത്തൊലി ചന്ദനം രക്തചന്ദനം എള്ള ഇവ പാലിൽ പുഴുങ്ങിയരച്ചു നെയ്യ ചെൎത്ത പുരട്ടുക- എന്നാലും കക്ഷത്തിൽ ഉള്ള കുരു ശമിക്കും.

(കയ്യിന്മെൽ കുരുവിന്ന)

൫൯- ബാഹൌജാഃകാശ്ചനജായെരസ്യയാസ്സന്ധൌവിശെഷതഃ। പിടകാഗന്ധതുല്യാശ്ചദാഖൊരിവവിഷൊത്ഭവാഃ॥
൬൦- ക്ഷീരിദ്രുദലയഷ്ട്യാഹ്വഫലതിലദൂൎവ്വാമൃതാവരാഃ।
ക്ഷീരെണപക്ത്വാസംപിഷ്യസൎപ്പിഷാലെപഇഷ്യതെ॥

കുട്ടികളുടെ കൈകളിൽ അവിടവിടെ വീങ്ങി എലിവിഷം കൊണ്ട ഉണ്ടാകുന്ന മുഴപൊലെ പുറപ്പെടുന്ന കുരുക്കൾക്ക നാല്പാമരത്തിൻകുമ്പ ഇരട്ടിമധുരം എള്ള കരക ചിററമൃത ത്രിഫല ഇവ സമം പാലിൽ പുഴുങ്ങിയരച്ചു നെയ്യചെൎത്ത പുരട്ടിയാൽ ശമനം വരും-

(മാറത്തെ കുരുവിന്ന)

൬൧- ഉരൊജൈചാത്രബാലാനാംപിടകാഗന്ധസന്നിഭാഃ।
നിൎമ്മുഖാഃകാശ്ചിദെതാസുകൎയ്യാദപചിവൽക്രിയാഃ॥

കുട്ടികളുടെ മാറത്ത മുഴപൊലെ കണ്ണ കൂടാതെ വീങ്ങി ചി

ലകുരുക്കൾ പുറപ്പെട്ടും- എന്നാൽ അപചിയുടെ ചികിത്സ കൾ ചെയ്താൽ ശമിക്കും.

൩൨- നന്ദ്യാവൎത്താദിനാലേപോ മൃണാളാദിഭിരേവ വാ।
രോപണാൎത്ഥം ച ജാത്യാദി തൈലമത്ര പ്രശസ്യതേ॥

നന്ദ്യാവൎത്താദിയോ മൃണാളാദിയോ ഉണ്ടാക്കി തേക്കുക- പൊട്ടിയാന്നാൽ ജാത്യാദി തൈലം പുരട്ടുക-

(കടുകാദി കഷായം)

൩൩- കടുകാമധുകോശീരവിളംഗവ്യാധിഘാതകൈഃ।
യുക്തൈസ്ത്രിവൃന്മധുസ്നുഹ്യാകഷായോത്രമധുമാൻഹിതഃ॥

കടുകരോഹിണി ഇരട്ടിമധുരം രാമച്ചം വിഴാലരി കൊന്നവേരിന്മേൽ തൊലി മുലപ്പാവ ഇവ കൊണ്ടു കഷായം വെച്ചു തേൻ മേപ്പൊടി ചേൎത്തു സേവിപ്പിക്ക- മാറാത്ത കുരുക്കൾ ശമിക്കും.

(വയററാത്ത കുരുക്കൾക്ക)

൩൪- പിടകാസ്സൂദരോത്ഥാ സുഗോപികാകന്ദസംയുതൈഃ।
ക്ഷീരപിഷ്ടൈസ്തിലൈലേപസ്സൎപ്പിഷാസഹിതൈൎഹിതഃ॥

നന്നാറിക്കിഴങ്ങു എള്ളു ഇവ സമം പാലിൽ പുഴുങ്ങിയരച്ചു നെയ്യുചേൎത്തു പുരട്ടിയാൽ വയററാത്ത കുരുക്കൾ ശമിക്കും.

൩൫- സജാരാസൂത്രജീവന്തിശാരിബായഷ്ടിചന്ദനൈഃ।
വാശാമൃതാപടോലാബ്ദനാഗരാംബുഫലത്രയൈഃ॥

൩൬- നിംബോശീരകലിംഗൈശ്ച നിഷ്ക്വാഥോ മധുമാൻ
ഹിതഃ। യഥാജീൎണ്ണഗുളോപേതോ ദ്രാക്ഷ്യാമാക്ഷ്യാം
യുതോഥവാ॥

പനിയോടുകൂടിയ കുരുക്കൾക്കു അടപതിയൻകിഴങ്ങു നന്നാറിക്കിഴങ്ങു ഇരട്ടിമധുരം ചന്ദനം ആടലോടകത്തിൻവേര ചിററമൃത പടോലം മുത്തെങ്ങക്കിഴങ്ങു ചുക്കു ഇരുവേലി ത്രിഫല വെപ്പിൻതൊലി രാമച്ചം കൊടകപ്പാലയരി ഇവ കൊണ്ടു കഷായം വച്ചു തേനോ പഴയ ശക്കരയോ രണ്ടുംകൂട്ടിയോ മേപ്പൊടിചേൎത്തു സേവിപ്പിച്ചാൽ ശമനം വരും.

൩൭- അന്യത്രാപി യഥാവസ്ഥം സാമാന്യാൽ ചികിത്സയാ।
ഭിഷക്പ്രതിവിധിം കുൎയ്യാൽ പിടകാസ്വഖിലാസ്വപി॥

മേൽപറഞ്ഞ സ്ഥലങ്ങൾ ഒഴികെ മററുള്ള സ്ഥലങ്ങളിൽ കുരുക്കളുണ്ടായാൽ സാമാന്യ ചികിത്സതന്നെ ചെയ്യാൽ ശമിക്കും- തലമുതലായ സ്ഥലങ്ങളിലായാലും സാമാന്യ ചികിത്സ പറെന്നതാകുന്നു- എങ്കിലും പ്രത്യേകം പറഞ്ഞ ചികിത്സകൾ ശ്ര

ണാധിക്യമുള്ളതുകളാകുന്നു- എന്നത്രെ ശാസ്ത്രസിദ്ധാന്തം.

ഇതി വാശാസൊപനാമകരാമാനന്ദനാഥപണ്ഡിതപാരശവെന്ദ്രകൃതാ ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം സപ്തമസ്തബകൊനാമ സപ്തമൊദ്ധ്യായഃ

---

## ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം

## അഷ്ടമാദ്ധ്യായപ്രാരംഭഃ

---

### വൃദ്ധി ചികിത്സാ

൧- വൃദ്ധൌ വാതഘ്നൈസ്സ്വെദഃ പ്രലെപശ്ച തഥാവിധഃ । ശ
സ്ത്രാത്ഭിന്നെ പാചകദ്രായാം പ്രയൊജ്യാ വ്രണവൽക്രിയഃ॥

വൃദ്ധിക്ക വാതശമനങ്ങളായിരിക്കുന്ന ഔഷധങ്ങളിട്ട വെള്ളം തിളപ്പിച്ച അതുകൊണ്ട വിയൎപ്പിക്കയും വാതശമനങ്ങളായിരിക്കുന്ന ഔഷധങ്ങൾ അരച്ച പുരട്ടുകയും നല്ലതാകുന്നു- പഴുത്ത പൊട്ടിയാൽ വ്രണത്തിന്റെ ചികിത്സ ചെയ്കയും വെണം-

(ലശുനാദി കഷായം)

൨- ലശുനൌഷധവൃശ്ചീവഫണ്യുഷാധനദാക്ഷിഭിഃ।
ഉരുബൂകയുതൈഃ ക്വാഥൊഹിംഗുമാൻവൃദ്ധിനാശനഃ॥

വെളുത്തുള്ളി ചുക്ക തഴുതാമവെര അടെക്കാമണിയൻവെര കഴഞ്ചിവെര അവണക്കിൻവെര ഇവകൊണ്ട കഷായം വച്ച കായം മെമ്പൊടി ചെൎത്ത സെവിപ്പിക്ക-

(നിൎഗ്ഗുണ്ഡ്യാദി കഷായം)

൩- നിൎഗ്ഗുണ്ഡ്യരണ്ഡകൊരണ്ഡമൂലൈഃ ക്വഥിതമംബു ചി
എരണ്ഡതൈല സംയുക്താ പായയെദ്വൃദ്ധിശാന്തയെ॥

കരുനൊച്ചിവെര അവണക്കിൻവെര കരിങ്കുറിഞ്ഞിവെര ഇവകൊണ്ട കഷായം വച്ച അവണക്കെണ്ണ മെമ്പൊടി ചെൎത്ത സെവിപ്പിക്ക— വൃദ്ധിശമിക്കും.

(വാശാദി കഷായം)

൪- വാശെന്ദ്രവല്ലീദെവാഹ്വാനിൎഗ്ഗുണ്ഡീവരണൌഷധൈഃ।
ക്വാഥമെരണ്ഡതൈലാഢ്യം മെദൊമാരുതവൃദ്ധിജിൽ॥

ആടലോടകത്തിൻവേര ഉഴിഞ്ഞവേര ദേവതാരം കരു നൊച്ചിവേര നീർമാതളത്തിൻതൊലി ചുക്ക ഇവകൊണ്ടു കഷായംവെച്ച ആവണക്കെണ്ണ മെമ്പൊടി ചെൎത്ത സെവിപ്പിക്ക മെദസ്സിന്റെ വൎദ്ധനകൊണ്ടും വായുകൊപംകൊണ്ടും ഉണ്ടാകുന്ന വൃദ്ധി ശമിക്കും.

(ആവണക്കെണ്ണ)

൫- പഞ്ചണെന്ദ്രലതാമൂന്ധായകഷളഗ്ഗുണൊത്ഭവെ।
രസവിപക്വമെരണ്ഡതൈലംവൃദ്ധിഹരംപരം॥

പാവിട്ടയില ഉഴിഞ്ഞ മുത്തിള കഴഞ്ചിയില വെളുത്തുള്ളി ഇവററിൻനീരിൽ ആവണക്കെണ്ണ ചെൎത്ത കാച്ചി പുരട്ടുകയൊ സെവിപ്പിക്കുകയൊ ചെയ്താൽ വൃദ്ധി ശമിക്കും.

(വരണാദിഘൃതം)

൬- വരണെരണ്ഡദേവാഹ്വകുലസ്ഥലച്ചൂൎണെവഷൈഃ।
അമൃതായകഷളകൎക്രലതാമാഗധികാന്വിതൈഃ॥
൭- ഹബുഷാഗ്നിബലാമൂലസഹിതൈഃക്വഥിതെജലെ।
കല്കിതൈഃപട്ടദെവാഹ്വകണാത്രിതയഹിംഗുഭിഃ॥
൮- ജടാജീരകചവ്യശ്വചമരിചദീപ്യകൈഃ।
വിപക്വംഘൃതമെരണ്ഡതൈലതുല്യാംശസംയുതം॥
൯- പാനെനവൃദ്ധിജിൽഗുന്മമഹൊദരഹരഞ്ചതൽ।
സൎവ്വാസാമപിവൃദ്ധിനാംശമായതദലംപരം॥

നീർമാതളത്തിൻതൊലി ആവണക്കിൻവേര ദേവതാരം മുതിര വെളുത്തുള്ളി ചുക്ക ചിററമൃത കഴഞ്ചിവേര ഉഴിഞ്ഞ വേര തിപ്പലി അടയ്ക്കാമണിയൻവേര കൊടുവെലിക്കിഴങ്ങു കരുനൊച്ചിവേര ഇവകൊണ്ടു കഷായംവെച്ച ഇന്തുപ്പ ദേവതാരം തിപ്പലി അത്തിത്തിപ്പലി കാട്ടുതിപ്പലിവേര കാഞ്ഞിരം മാഞ്ചി ജീരകം കാട്ടുമുളകിൻവേര വയമ്പ മുളക അയമൊതകം ഇവ അരച്ചുകലക്കി ആവണക്കെണ്ണയും നെയ്യും സമംചെൎത്ത കാച്ചിയരിച്ച സെവിപ്പിച്ചാൽ വൃദ്ധി ഗുന്മം മഹൊദരം ഇവ ശമിക്കും.

ആന്ത്രവായുചികിത്സാ.

൧൦- ആദായസ്വരസംമ്മദ്യാന്നിൎഗ്ഗുണ്ഡ്യാമൂലകഞ്ചികാം।
പാനാൎത്ഥതൈലസംയുക്താമാന്ത്രവായവിനാശനം॥

കൊട്ടാഞ്ഞൊടിയൻ ഇല പിഴിഞ്ഞ നീരിൽ എണ്ണചെൎത്ത സെവിപ്പിക്ക- ആന്ത്രവായു ശമിക്കും.

൧൧- ശ്രോണീശിരീഷബീജാനാം പ്രീഥീണാഞ്ചാപിസപ്തകം।
ചൂൎണ്ണയിത്വാഥതൈലേനലിഹ്യാദാന്ത്രാനിലാൎത്തിമാൻ॥
ചിറിക്കുരു നെൽമണി ഇവ ഏഴേഴ എണ്ണം എടുത്ത പൊടിച്ച എണ്ണയിൽ ചേൎത്ത സേവിപ്പിക്ക- ആന്ത്രവായു ശമിക്കും.

൧൨- ഏരണ്ഡതൈലലിപ്തന്തുഭൃഷ്ടംയക്ഷദേശഃഫലം।
ത്വചംവിഹായസഞ്ചൂൎണ്ണ്യപിബേൽകോഷ്ണാംബുനാപിവാ॥
കഴഞ്ചിക്കുരു ആവണക്കെണ്ണ പുരട്ടി വറുത്ത ഓടുകളഞ്ഞ പൊടിച്ച കാച്ചുവെള്ളത്തിൽ സേവിപ്പിക്ക- ആന്ത്രവായു ശമിക്കും.

൧൩- യക്ഷദേക്ഷുല്ലവൈസ്സൂക്രൈവിപച്യവിധിതഃഖലഃ।
പട്ടരാമാസംയുക്തആന്ത്രവായുനിബൎഹണഃ॥
കഴഞ്ചിയുടെ തളിരുകൊണ്ട മോരിൽ മുക്കുട വെച്ച ഇന്തുപ്പും കായവും പൊടിച്ചിട്ട സേവിപ്പിക്ക- ആന്ത്രവായു ശമിക്കും.

(ഗുന്മചികിത്സാ

൧൪- ഗുന്മേഷുവെയസ്സൎവ്വേഷുരുചകഗ്രന്ഥികാഗ്നിഭിഃ।
സിദ്ധഃകഷായസ്സമ്മിശ്രോവിളസൈന്ധവഹിംഗുഭിഃ॥
ആവണക്കിൻവേര കാട്ടുതിപ്പലിവേര കൊടുവേലിക്കിഴങ്ങ ഇവകൊണ്ട കഷായംവെച്ച വിളയുപ്പ ഇന്തുപ്പ കായം ഇവ മെല്പൊടിചേൎത്ത സേവിപ്പിക്ക എല്ലാഗുന്മങ്ങളും ശമിക്കും.

(സപ്തസാരകഷായം)

൧൫- വൎഷാഭൂവില്വഫലാഗ്നിമന്ഥൈരണ്ഡസ്സനാഗരൈഃ।
കൊരണ്ഡമൂലസംയുക്തസ്സപ്തസാരഇതിസ്മൃതഃ॥
൧൬- കഷായഃപടുഹിംഗാഢ്യകണാചൂൎണ്ണവമിശ്രിതഃ।
യഥാവസ്ഥംസപാതവ്യോഗുന്മേഗ്നൗമന്ദതാംഗതെ॥
൧൭- വസ്തിവംക്ഷണകക്ഷിപൃഷ്ഠാൎത്തിശ്രോണിശൂലഷുചോദരെ।
അഷ്ഠീലായാഞ്ചവിഡ്ബന്ധപ്രത്യഷ്ഠീലാമയെതഥാ॥
൧൮- ജലഗൎഭെചതുൎത്ഥ്യാംചപ്രതിതൂണ്യാംതഥാമയെ।
പ്ലീഹഹൃദ്രോഗശസ്തോയംസപ്തസാരാപ്യപരാജിതഃ॥
തഴുതാമവേര കൂവളത്തിൻവേര മുഞ്ഞവേര ആവണക്കിൻവേര ചുക്ക കരിങ്കുറിഞ്ഞിവേര ഇവകൊണ്ട കഷായംവെച്ച ദോഷകോപത്തിന്ന തക്കവണ്ണം ഇന്തുപ്പ കായം നെയ്യ തിപ്പ

ലി ഇവകൾ മെല്പൊടിച്ചെൎത്ത സെവിപ്പിക്ക- ഗുന്മം ശമിക്കും അഗ്നിമാന്ദ്യവും വസ്തി ഹൃദയം വയറ പുറം അരക്കെട്ട ഉരം പ്രദെശങ്ങളിലുള്ള വെദയും മഹൊദരവും അഷ്ഠീല മലബന്ധം പ്രത്യഷ്ഠീല ജലകൂൎമ്മം തൂനി പ്രതിതൂനി പ്ലീഹജ്വരവും ശമിക്കും.

ശൂലചികിത്സാ

൧൯- ശൂലെഘ്നമഗ്നിമന്ഥസ്യരജഃകൊഷ്ണാംഭസാഹിതം।
രാജവൃക്ഷാന്തരാധായപ്രതപ്തസ്യമൃദന്തരെ॥

വയററിൽ വെദനക്ക കള്ളിയുടെ തണ്ട തുരന്ന അതിൽ ഇന്തുപ്പ നിറച്ച മണ്ണിൽ പൊതിഞ്ഞ ചുട്ട മണ്ണ വിണ്ടാൽ വാങ്ങി ഉള്ളിൽ വെച്ച ഇന്തുപ്പ എടുത്ത പൊടിച്ച കാച്ചവെള്ളത്തിൽ സെവിപ്പിക്ക വയർവെദന ശമിക്കും.

൨൦- കൈഡൎയ്യപല്ലവംപിഷ്ടാജീൎണ്ണന്തക്രെണപായയെൽ।
ഉഷ്ണൊദകെനവാതദാദ്യവക്ഷാരാജമൊജകെ॥

കരുവെപ്പില അരച്ച പഴകിയ മൊരിലൊ ചൂടവെള്ളത്തിലൊ സെവിപ്പിക്ക- ചവക്കാരവും അയമൊദകവും സമം കൂട്ടിപ്പൊടിച്ച ചൂടവെള്ളത്തിൽ സെവിപ്പിക്ക- വയർ വെദന ശമിക്കും.

(ക്ഷാരത്തിന്ന)

൨൧- വനമായൂരികാഭസ്മജലമച്ഛംസസൈന്ധവം।
സൌവൎച്ചലയവക്ഷാരസഹിതംമന്ദവഹ്നിനാ॥
൨൨- പക്വംപാതൽഘനതാംനീതമാദായാൎദ്ധപണൊന്മിതം।
പായയെൽകൊഷ്ണതൊയെനബാലംശൂലസ്യശാന്തയെ॥

വലിയകടലാടിയുടെ ഭസ്മം കലക്കി ഉപ്പൃവല്ലികൊണ്ട തെളിയിച്ച തെളിഞ്ഞ വെള്ളം ഊററിയെടുത്ത അതിൽ ഇന്തുപ്പ തുവൎച്ചിലക്കാരം ചവക്കാരം ഇവപൊടിച്ച ചെൎത്ത കുറുക്കി നീരുവററിയാൽ വാങ്ങി ആപാത്രത്തിലുള്ള ക്ഷാരം എടുത്ത അരപ്പണത്തൂക്കം ക്ഷാരം ചൂടവെള്ളത്തിൽ കലക്കി സെവിപ്പിക്ക. വയററിൽ ഉള്ള വെദന ശമിക്കും.

൨൩- ദശമൂലശൃതംക്ഷീരംപിബെതശൎക്കരായുതം।
ശാമ്യന്തിശൂലാസ്സൎവ്വെപി ക്ഷീരമാജമഥാപിവാ।

ദശമൂലമിട്ടപാലൊ ആട്ടിൻപാലൊ കുറുക്കി പഞ്ചസാരയിട്ട സെവിപ്പിക്ക- എല്ലാ വയററിൽ വെദനകളും ശമിക്കും.

൨൪- കൂശ്മാണ്ഡവല്ലീപത്രസ്യപ്രസന്നസ്യരസൊഹിതഃ।

സപ്തഷ്ഠശ്ലേഷ്മസ്യാപി ശാരിബായാശ്ചസ്യച॥

കുമ്പളത്തില ചാലയില നന്നാറിയില ഇവകൾ വാട്ടിപ്പിഴിഞ്ഞനീര വെവ്വെറെ സെവിപ്പിച്ചാലും വയർവെദന ശമിക്കും—

(താംബൂലഭസ്മം

൨൫— താംബൂലവല്ലീപത്രാണി പയസാലിപ്യ ഭാസതഃ।
സപ്തകൃത്വൊ വിശുഷ്കാണി മൃൽപാത്രെ ദഗ്ധധൂമകം॥

൨൬— ദഗ്ദ്ധ്വാ താതദ്ഭസ്മ സിന്ധൂത്ഥദീപ്യചൂൎണ്ണസമന്വിതം।
അശ്നീയാൻഗുളസംയുക്തം സൎവ്വശൂലനിവൃത്തയെ॥

വെററില ഏഴപ്രാവശ്യം എരിക്കിൻപാലതെച്ചു ഉണക്കി മൺപാത്രത്തിലിട്ടു പുക പൊകാതെ ഭസ്മമാക്കി ആ ഭസ്മം ഇന്തുപ്പിന്റെ പൊടിയും അയമൊതകത്തിന്റെ പൊടിയും അല്പം ചെൎത്ത ശൎക്കരയിൽ കുഴച്ചു സെവിപ്പിക്ക- വയററിൽ വെദന ശമിക്കും.

(ഗൃഹധൂമാദിപൊടി)

൨൭— ഗൃഹധൂമകണാവിശ്വാമരിചൈസ്സഹസിന്ധുജം।
രാമഠഞ്ചാപിസഞ്ചൂൎണ്ണ്യ കൊഷ്ണതൊയെന വാപിബെൽ।

ഉള്ളടക്കരി തിപ്പലി ചുക്ക മുളക ഇന്തുപ്പ കായം ഇവ പൊടിച്ചു ചൂടുള്ള വെള്ളത്തിൽ സെവിപ്പിക്ക.

(അഷ്ടചൂൎണ്ണം)

൨൮- വ്യൊഷാജമൊജസിന്ധൂത്ഥജീരകെ ദ്വെ സരാമഠെ।
ചൂൎണ്ണീകൃത്യ പിബെൽ കൊഷ്ണവാരിണാ ഗുന്മശൂലവാൻ॥

ത്രികടു അയമൊതകം ഇന്തുപ്പ ജീരകം കരിഞ്ചീരകം കായം ഇവ പൊടിച്ചു കാച്ചവെള്ളത്തിൽ സെവിപ്പിക്ക- ഗുന്മവും വയററിൽ വെദനയും ശമിക്കും.

(സൈന്ധവാദിപൊടി)

൨൯— സൈന്ധവവ്യൊഷവൃശ്ചീവ ചതുൎഗന്ധാ ഭയാവചാഃ।
ഹബുഷാഗ്രന്ഥികാചവ്യജീരകദ്വയ ഡാഡിമൈഃ॥

൩൦— സഹിതാശ്ചൂൎണ്ണയിത്വാതുതദ്ഭൊജ്യാ ഗുളസംയുതം।
അശ്നീയാൽ കൊഷ്ണതൊയെന പിബെദ്വാ ശൂലശാന്തയെ॥

ഇന്തുപ്പ ത്രികടു തമിഴാമവെര വെളുത്തവെളവെര കടുക്ക വയമ്പ അടക്കാമണിയൻവെര കാട്ടുതിപ്പലിവെര കാട്ടുമുളകിൻവെര ജീരകം കരിഞ്ചീരകം താളിമാതളക്കായുടെതൊട ഇവ പൊടിച്ചു ആ പൊടി ശൎക്കര ചെൎത്ത സെവിപ്പിക്ക— അല്ലായെങ്കിൽ കാച്ചവെള്ളത്തിൽ സെവിപ്പിക്കാം.

(വൈശ്വാനര ഭസ്മം)

൩൫– വൈശ്വാനരസ്യമൂലാനി ശുഷ്കാണി ബദരീരസേ।
പിഷ്ട്വാ ദിനത്രയം ഭ്രയതൈലേ നാഥ തു സപ്പിഷാ॥
൩൬– തതശ്ചമധുനാ ഭൃയോ ജംബീരസ്വരസേന ച।
പുനസ്തൈലേന മൃൽപാത്രേ രുദ്ധധൂമം മുഹുർദ്ദഹേൽ॥
൩൭– ഏതദ്വൈശ്വാനരോ നാമ ഭസ്മ ഭൈരവസമ്മതം।
സഗുല്മം സർവ്വശൂലേഷു സേവ്യം പരമമൌഷധം॥

കൊട്ടവെലിക്കിഴങ്ങു ഉണക്കി ലന്തയുടെ ഇലപിഴിഞ്ഞനീരിൽ മൂന്നു ദിവസം അരച്ചു മൺപാത്രത്തിലാക്കി പുക പോകാതെ ഭസ്മമാക്കി ആ ഭസ്മം എണ്ണയിൽ മൂന്നു ദിവസം അരച്ചു മൺപാത്രത്തിലാക്കി പുകപോകാതെ വെവിച്ചു പിന്നെ നെയ്യിലും തേനിലും ചെറുനാരങ്ങനീരിലും മുമ്മൂന്നു ദിവസം അരച്ചു മേൽപ്രകാരം വെവിച്ചു ഒടുക്കം എണ്ണയിൽ തന്നെ മൂന്നു ദിവസം അരച്ചു മൺപാത്രത്തിലാക്കി പുകപോകാതെ വെവിച്ചെടുക്കുക– ഇത വൈശ്വാനരഭസ്മമെന്ന പേരോടുകൂടി ഭൈരവാചാര്യനാൽ വിധിക്കപ്പെട്ടതാകുന്നു– ഈ ഭസ്മം ശർക്കരയിൽ സേവിപ്പിച്ചാൽ എല്ലാ വയററിൽവേദനയും ശമിക്കും ശൂലവ്യാധിക്ക പരമൌഷധമാകുന്നു.

(ഇന്ദുകാന്തഘൃതം)

൩൮– ദശമൂലകഷായേ ചാപൂതീകക്വാഥകല്ക്കിതൈഃ।
പഞ്ചകോലകസിന്ധൂത്ഥൈസ്സക്ഷീരം സാധിതം ഘൃതം॥
൩൯– വാതജ്വരരാജയക്ഷ്മാണമുദരഞ്ച നിയച്ഛതി।
ഗുന്മശൂലൌ ജ്വരഞ്ചാശു നിഹന്ന്യാന്നതമപാസ്യതി

ദശമൂലം ദേവതാരം ആചിൽതോല ഇവകൊണ്ടു കഷായം വെച്ചു കാട്ടുതിപ്പലിവേര കാട്ടുമുളകിൻവേര കൊട്ടവെലിക്കിഴങ്ങ തിപ്പലി ചുക്കു ഇന്തുപ്പ ഇവ അരച്ചുകലക്കി പാലും നെയ്യും സമംചേൎത്ത കാച്ചിയരിച്ച നെയ്യതന്നെ സേവിപ്പിക്കുകയൊ അന്നത്തോടുകൂടെ ഉപയോഗിപ്പിക്കുകയൊ ചെയ്യിച്ചാൽ വാതവ്യാധി രാജയക്ഷ്മാവ മഹോദരം ഗുന്മം വയററിൽവേദന വിഷമജ്വരം ഇവ ശമിക്കും.

(ശൂലാശനിഗുളിക)

൪൦– ത്രുടടങ്കണബാണാഗ്നിമൂലചവ്യകടുത്രയൈഃ।
നാഗായസ്കാന്തഭ്രനിംബജീരകദ്വയയഷ്ടിഭിഃ॥
൪൧– സഹിംഗുളൈസ്സകർപ്പൂരൈഃ പിഷ്ടൈസ്സൂതദലതാര
സേവ്യാസപ്താഹം ഗുളികാഃ കൃത്വാൽ നിംബഫലസമ്മിതാഃ॥

൩൮- ശ്രൂലാശനായ ആഖ്യാതാ ഏതാജ്ജീരകവാരിണാ।
പീതാനാതിചിരാദെവ ശ്രൂലവ്യാധിഹരാഃപരം॥

ഇത്ത പൊൻകാരം കൊഴിഞ്ഞിലിൻവെര കൊട്ടവെലിക്കിഴങ്ങ കാട്ടുമുളകിൻവെര ത്രികട്ഠ ത്രത്തനാഗം അയസ്കാന്തം പുത്തരിച്ചുണ്ടവെരമ്മൻതൊലി ജീരകം കരിഞ്ചീരകം എരിട്ടിമധുരം ചായില്യം പച്ചക്കർപ്പൂരം ഇവ എലിത്തടിയൻനീരിൽ ഏഴദിവസം അരച്ച പുത്തരിച്ചുണ്ടങ്ങപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി ജീരകക്കഷായത്തിൽ സെവിപ്പിക്ക- എല്ലാ വയററിൽ വെദനയും ഉടനെ ശമിക്കും.

(മഹൊദര ചികിത്സാ

൩൯ - അധഃപ്രതിഹതോ വായുന്നിഹത്യമലനിൎഗ്ഗമം।
നാനൊപദ്രവസംയുക്താശിശൊരുദരമാവഹെൽ॥

൪൦- യൂനാംമഹൊദരൊനാമയതെഷകഥിതൊഗദഃ।
തസ്മാൻമഹൊദരസ്യാത്രചികിത്സാപ്രായശൊഹിതാ॥

കീഴ്പോട്ട ഗതിമുടങ്ങുകഹെതുവായിട്ട വായു മലത്തെ തടുത്ത വയററിന്ന വീപ്പ ഉണ്ടാകും- ഇത വലുതായവൎക്കായാൽ മഹൊദരമെന്ന പറയപ്പെടുന്നു- ബാലന്മാൎക്കായാൽ അപ്രകാരം വ്യവഹാരമില്ലാ എങ്കിലും ചികിത്സകൾ മിക്കതും മഹൊദരത്തിന്ന പറഞ്ഞതുതന്നെ.

(പത്ഥ്യാദി കഷായം)

൪൧. പത്ഥ്യാവൃഷീവപൂതികപല്ലവൈഃ കഥിതംജലം।
സസൈന്ധവഗുളംദദ്യാജ്ജഠരസ്യപ്രശാന്തയെ॥

കടുക്ക തമിഴാമവെര ആവൽത്തൂമ്പ ഇവകൊണ്ട കഷായം വച്ച ഇന്തുപ്പും ശൎക്കരയും മെമ്പൊടിചെൎത്ത സെവിപ്പിക്ക- ഉദരം ശമിക്കും.

(പുനൎന്നവാദി കഷായം)

൪൨- പുനൎന്നവാഭയാകുംഭൈഃപഞ്ചകൊലസമന്വിതഃ।
കഷായശ്ശൎക്കരാമിശ്രഃപീതൊജഠരനാശനഃ

തമിഴാമവെര കടുക്ക ത്രികൊല്പക്കൊന്ന ഇവമൂന്നുംകൂടി പകുതിഭാഗം കാട്ടുതിപ്പലിവെര കാട്ടുമുളകിൻവെര കൊട്ടവെലിക്കിഴങ്ങ തിപ്പലി ചുക്ക ഇവ അഞ്ചുംകൂടി പകുതി ഭാഗം ഇങ്ങിനെകൂട്ടി കഷായംവച്ച പഞ്ചസാരമെമ്പൊടിചെൎത്ത സെവിപ്പിക്ക ഉദരം ശമിക്കും.

(ത്രിഫലാദി കഷായം)

൨൩- ത്രിഫലാരജനീക്വാഥം ഭഗവാക്ഷീവിശാലഷൾഗ്രന്ഥൈഃ।
സാജമോദൈഃ കൃതഃ ക്വാഥസ്സിതാഢ്യശ്ചതഥാവിധഃ॥

ത്രിഫല വരട്ടുമഞ്ഞൾ ത്രികൊല്പക്കൊന്ന ശംഖപുഷ്പത്തിൻവേര ചുക്ക അയമോദകം ഇവകൊണ്ടു കഷായംവെച്ചു പഞ്ചസാര മേമ്പൊടി ചേൎത്ത സേവിപ്പിക്ക.

(ആർദ്രകാദി ഘൃതം)

൨൪- ആർദ്രകവ്യാധിഘാതാക്ഷസ്നുഹീത്രായന്തികാരസെ।
വ്യോഷത്രിജാതകാംഭോദധാത്രീക്വാംഭവിഡംഗകൈഃ॥
൨൫- കല്കിതൈസ്സാധിതം സൎപ്പിരുദരാമയനാശനം।
പീതമെന്നേനയുക്തം വാ പ്രാതസ്സമുപയോജിതം॥

ഇഞ്ചി കൊന്നത്താലി എരിക്കില കള്ളിയില ബ്രഹ്മി ഇവ ഇടിച്ചുപിഴിഞ്ഞനീരിൽ ത്രികടു ഏലത്തരി ഏലവങ്ഗത്താലി പച്ചില മുത്തങ്ങക്കിഴങ്ങ നെല്ലിക്ക ത്രികൊല്പക്കൊന്ന വിഴാലരി ഇവ അരച്ചുകലക്കി നെയ്യ ചേൎത്ത കാച്ചിയരിച്ചു രാവിലെ സേവിപ്പിക്കുകയൊ അന്നത്തോടുകൂടെ ഉപയോഗിപ്പിക്കയൊ ചെയ്താൽ ഉദരം ശമിക്കും.

(ഗവാക്ഷ്യാദി ഗുളിക)

൨൬- ഗവാക്ഷീകടുകാപത്ഥ്യാനികുംഭാളക്നീലിനീഃ।
നാഗദന്തീതചോധാത്രീഫലാനിമ്പദരാണിച॥
൨൭- പിഷ്ട്വാസഞ്ചകൊലാനി ഗോമൂത്രത്രിഫലാരസെ।
അമൃതായാഃ കഷായെ ച ത്രായമാണാരസെപി ച॥
൨൮- കടുത്രയകഷായെ ച കുംഭേനവശ്യതെജലെ।
തിലകസാരസെ ചാപി ഗുളികാമാഷസമ്മിതാഃ॥
൨൯- കൃതാവിശോഷ്യച്ഛായായാം കൊഷ്ണതോയെനപായയെൽ।
സിതാഢ്യാസ്താഃ പ്രശാമ്യന്ത്യുദരാണി ന സംശയഃ॥

ശംഖപുഷ്പത്തിൻവേര കടുകരോഹിണി കടുക്ക നാഗദന്തിക്കുരു വെള്ളരിക്കിൻവേര താളിയരി നാഗദന്തിവേരുന്മത്തൊലി നെല്ലിക്ക ലന്തക്കുരു കാട്ടുതിപ്പലിവേര കാട്ടുമുളകിൻവേര കൊടുവേലിക്കിഴങ്ങ തിപ്പലി ചുക്ക ഇവസമം ഗോമൂത്രം ത്രിഫലക്കഷായം ചിററമൃതിൻകഷായം ബ്രഹ്മിനീര ത്രികടുകഷായം ത്രികൊല്പക്കൊന്ന കഷായം കുമ്മട്ടിനീര ഇവററിൽ വെവ്വേറെ അരച്ചു ഉഴുന്നിൻമണിപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി കാച്ചുവെള്ളത്തിൽ ചേൎത്ത പഞ്ചസാരയുമിട്ടു സേവിപ്പിക്ക ഉദരം ശമിക്കും.

൨൦- പ്രായേണോദരതുല്യൈവ സമ്മതഃ കുംഭകാമിലാ। തസ്മാ
ത്തത്രാപി യോജ്യോയം വിധിഃ പ്രായേണ സാധകൈഃ॥

കുംഭകാമില എന്ന രോഗം പ്രായെണ മഹോദരത്തോടു സദൃശമാകയാൽ മഹോദരത്തിന്ന പറകപ്പെട്ട ചികിത്സകൾ മിക്കതും കുംഭകാമിലെക്ക പറയുന്നതാകുന്നു.

## പാണ്ഡു ചികിത്സാ

### (ശതാവൎയ്യാദി കഷായം)

൨൧- ശതാവരീവിദാരീദ്രുവല്ലീഭൂനിംബനിംബജഃ।
കഷായസ്സർപ്പിഷായുക്തഃ പാണ്ഡുരോഗനിബർഹണഃ॥

ശതാവരിക്കിഴങ്ങ മുതക്കിൻകിഴങ്ങ ഉഴിഞ്ഞവെര പുത്തരിച്ചുണ്ടവെരുമ്മൽതൊലി വെപ്പിൻതൊലി ഇവകൊണ്ടു കഷായംവെച്ചു നെയ്യു മെമ്പൊടി ചെൎത്ത സെവിപ്പിക്ക പാണ്ഡുരൊഗം ശമിക്കും.

### (കരഞ്ജപത്രാദി കഷായം)

൨൨- കരഞ്ജപത്രനക്താഹ്വാമുണ്ഡാപുണ്ഡ്രകമൂലകൈഃ।
കൂശ്മാണ്ഡവല്ലീസംയുക്തൈഃ കഷായശ്ചാജ്യസംയുതഃ॥

കരന്താളിയില ഉങ്ങിൻതൊലി മുത്തങ്ങ പുണ്ഡരീകകരിമ്പിൻവെര കുമ്പളവള്ളി ഇവകൊണ്ടു കഷായംവെച്ചു നെയ്യു മെമ്പൊടി ചെൎത്ത സെവിപ്പിക്ക.

### (പടോലാദി കഷായം)

൨൩- പടോലദാൎവ്വീഭൂനിംബവചാമലകൈശ്ച സാധിതഃ। സ
ർപ്പിഷാമിശ്രിതഃ ക്വാഥഃ പാതവ്യഃ പാണ്ഡുരോഗിഭിഃ॥

പടോലം മരമഞ്ഞൾതൊലി പുത്തരിച്ചുണ്ടവെരുമ്മൽതൊലി വെപ്പിൻതൊലി ഇവകൊണ്ടു കഷായം വെച്ചു നെയ്യുമെമ്പൊടി ചെൎത്ത സെവിപ്പിക്ക- പാണ്ഡുരൊഗം ശമിക്കും.

### (അമൃതാദി കഷായം)

൨൪- അമൃതാവൃഷയഷ്ട്യാഹ്വതിക്തൈലാപിചുമന്ദജഃ।
കഷായോ മധുമാൻ ഹന്തി പാണ്ഡുപിത്താസ്രകാമിലാഃ॥

ചിററമൃത ആടലോടകത്തിൻവെര എരട്ടിമധുരം പുത്തരിച്ചുണ്ടവെരുമ്മൽതൊലി ഏലത്തരി വെപ്പിൻതൊലി ഇവകൊണ്ടു കഷായംവെച്ചു തെൻ മെമ്പൊടിചെൎത്ത സെവിപ്പിക്ക- പാണ്ഡുരൊഗം രക്തപിത്തം കാമില ഇവ ശമിക്കും.

(അജമൊജാദിമുക്കുടി)

൫൦- അജമൊജകമണ്ഡൂരമുണ്ഡാതിലമധുപ്ലുതൈഃ।
ഖളശ്വാതക്രെസംസിദ്ധഃപാണ്ഡുരൊഗംനിയച്ശതി॥

അയമൊതകം പുരാണകിട്ടം മുത്തിള എള്ള കഞ്ഞുണ്ണി ഇവകൊണ്ട മൊരിൽ മുക്കുടിവച്ച സെവിപ്പിക്ക- പാണ്ഡുരൊഗം ശമിക്കും.

(ഭൃംഗരാജാദിപൊടി)

൫൧- ഭൃംഗരാജസ്യപത്രാണാംമരിചസ്യചചൂൎണ്ണഃ।
കിട്ടസ്യചക്രമാൽപാദഷ്ഠിനെട്ടാംശഃകൃതംരജഃ॥
൫൨- ദീപ്യകൌഷധസംസിദ്ധെതക്രെസംയൊജ്യപായയെ
ൽ। പ്രാതഃപാണ്ഡുവിനാശായരഹസ്യമിദമൌഷധം॥

കഞ്ഞുണ്ണിയില കഴഞ്ച നാല കുരുമുളക കഴഞ്ച മൂന്ന കൊട്ടവെലിക്കിഴങ്ങ കഴഞ്ച രണ്ട പുരാണകിട്ടം കഴഞ്ച ഒന്ന ഇങ്ങിനെ കൂട്ടിപ്പൊടിച്ച അയമൊതകവും ചുക്കും ഇട്ട മൊരു കാച്ചി അതിൽ സെവിപ്പിക്ക- പാണ്ഡുരൊഗം ശമിക്കും- ഒരു ഔഷധം രഹസ്യമാകുന്നു.

(പുനൎന്നവാദി കഷായം)

൫൩- പുനൎന്നവാമൃതാനിംബൊട്ടനിംബൈരഭയാന്വിതൈഃ॥
ദാൎവ്വീവിശാലപടൊലാദ്യൈഃകഷായസ്സിദ്ധസ്സിതാ
ന്വിതഃ॥
൫൪- സൎവ്വാംഗശൊഫസംയുക്തെസജ്വരശ്വാസകാസിനി।
സശൂലെപാണ്ഡുരൊഗെതുവിശെഷെണപ്രശസ്യതെ॥

തമിഴാമവെര ചിററമൃത വെപ്പിൻതൊലി പുത്തരിച്ചുണ്ട വെരുമ്മൽതൊലി കടുക്ക മരമഞ്ഞൾതൊലി ചുക്ക പടൊലം ഇവകൊണ്ട കഷായംവച്ച പഞ്ചസാര മെമ്പൊടിചെൎത്ത സെവിപ്പിക്ക- സൎവ്വാംഗം നീരൊട്ടം പനി കാസം ശ്വാസം വയററിൽവെദന ഇവയൊടുംകൂടിയ പാണ്ഡുരൊഗത്തിന്ന ഒരു കഷായം ഏററവും നല്ലതാകുന്നു.

(ഇന്ദ്രാശനപൊടി)

൫൫- ഏകത്രിംശാന്നാംകൃഷ്ണായാബദരസ്യാപിചാംശകം।
ദെവഭൊഗൌതാൎക്ഷ്യശൈലസ്യത്രിന്നയൊരജസൊംശകാൻ॥
൫൬- ചതുരൊനാഗരസ്യാപിസംചൂൎണ്ണ്യസിതയാസമം।
മധുനാലീകൃതംലിഹ്യാൽപ്രാതഃപാണ്ഡ്വാഃപ്രശാന്തയെ॥

൩൪- ഹന്തി ശ്വാസാംസിധ്മന്നോയമുദരഞ്ച ഭഗന്ദരം।
പ്ലീഹാഷ്ഠീലെ ച നാമ്നാസാവിന്ദ്രാശനമിതി സ്മൃതഃ॥

എള്ളു തിപ്പലി ലന്തക്കുരു ഇവ ഓരോ കഴഞ്ചു മാക്കീരക്കു കഴഞ്ചു രണ്ടു ഇരിമ്പിൻപൊടി കഴഞ്ചു മൂന്നു ചുക്കു കഴഞ്ചു നാലു ഇങ്ങിനെ ചെൎത്തു പൊടിച്ചു ആ പൊടി പഞ്ചസാര സമം ചെൎത്തു തേനിൽ ചാലിച്ചു സേവിപ്പിക്ക- പാണ്ഡുരോഗം അൎശസ്സു മഹോദരം ഭഗന്ദരം പ്ലീഹ അഷ്ഠീല ഇവ ശമിക്കും.

(പത്ഥ്യാദിഗ്ഗുളിക)

൩൫- പത്ഥ്യാവൃശ്ചീവകക്ഷ്വുപത്രാണി തിലാദിപ്യകാൻ।
നാഗരം ഭൃംഗരാജഞ്ച ബലാമഗ്നിഞ്ച തൈസ്സമൈഃ।
൩൬- സമഭാഗഞ്ച മണ്ഡൂരം പിഷ്ട്വാ ജംബീരവാരിണാ।
സപ്താഹം ഗുളികാഃ കുൎയ്യാന്മല്ലമാത്രാഃ പ്രയത്നതഃ॥
൩൭- ഛായായാം ശോഷിതാസ്താശ്ച തക്രേണാലോഡ്യ പായയേൽ। സൎവ്വേഷാമപി പാണ്ഡൂനാം ശമനായേദമൌഷധം॥

കടുക്കത്തോടു തമിഴാമവേര ലന്തയില എള്ളു അയമോതകം ചുക്കു കഞ്ഞുണ്ണി കരിന്തോട്ടിവേര കൊട്ടവെലിക്കിഴങ്ങു ഇവ സമം ഒക്കക്കൂടിയെടത്തോളം പുരാണകിട്ടം ഇങ്ങിനെ ചെൎത്തു ചെറുനാരങ്ങനീരിൽ ഏഴു ദിവസം അരച്ചു ചെറുപയററിൻമണി പ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി മോരിൽ സേവിപ്പിക്ക- എല്ലാ പാണ്ഡുരോഗങ്ങളും ശമിക്കും.

(പാണ്ഡുവിന്നു സിദ്ധൌഷധം)

൩൮- കൃമിഘ്നം നിംബപുഷ്പം വാ പാഠാം മൂൎവ്വാമഥാപി വാ।
ചൂൎണ്ണീകൃത്യാജ്യസംയുക്തം ലിഹ്യാൽ പാണ്ഡ്വാമയേ പ്രഗേ॥

വിഴാലരിയൊ വെപ്പിൻപൂവൊ പാടക്കിഴങ്ങൊ പെരുംകുരുമ്പവേരൊ പൊടിച്ചു നെയ്യു ചെൎത്തു രാവിലെ സേവിപ്പിക്ക. പാണ്ഡുരോഗം ശമിക്കും.

കാമിലാ ചികിത്സാ

൩൯- കാമിലായാഞ്ച ശസ്താസ്സ്യുശ്ചൂൎണ്ണാഃ പല്ലവമേവ വാ।
ആമ്രസ്യ പിഷ്ട്വാ പ്രത്യൂഷേ പായയേൽ കേരജാംഭസാ॥

കാമിലക്കു വിഴാലരിമുതലായ മേല്പറഞ്ഞ പൊടികൾ സേവിപ്പിക്ക നല്ലതാകുന്നു- മാവിൻതളിരരച്ചു ഇളനീർ വെള്ളത്തിൽ സേവിപ്പിക്കുകയുമാം.

൪൦- വൃശ്ചീവസ്യ ത്രിമൂലം വാ തൈനൈവ സിതയാന്വിതം।

കൃഷ്ണലോഹോത്ഭവം ചൂർണ്ണം തദ്വദിക്ഷുരസേന വാ॥

തഴുതാമവേര അരച്ച ഇളനീർവെള്ളത്തിൽ കലക്കി പഞ്ചസാര ചേർത്ത സേവിപ്പിക്ക — ഇരിമ്പിൻപൊടി കരിമ്പിൻനീരിൽ ഇട്ടു പഞ്ചസാര ചേർത്ത സേവിപ്പിക്ക — കാമില ശമിക്കും.

(കാമിലസ്സു കഷായം)

൯ — ദ്രാക്ഷാമൃതേക്ഷുഭിസ്സിദ്ധഃ കഷായോ മധുസിതാന്വിതഃ।
കാമിലാനാശനസ്തദ്വദ്വാശാപുനർന്നവയഷ്ടിഭിഃ॥

മുന്തിരിങ്ങ ചിററമൃത കരിമ്പ ഇവകൊണ്ടു കഷായം വെച്ചു തേനും പഞ്ചസാരയും മേമ്പൊടി ചേർത്ത സേവിപ്പിക്ക — ആടലോടകത്തിൻവേര പുണ്ഡരീകക്കരിമ്പ ഇരട്ടിമധുരം ഇവ കൊണ്ടു കഷായംവെച്ചു മേൽപ്രകാരം സേവിപ്പിക്ക — കാമില ശമിക്കും.

൧൦ — യഥാദോഷം പ്രകുർവ്വീത ഭൂയോ ഭൂയോ വിരേചനം।
ദ്രാക്ഷാവൃശ്ചീവപത്ഥ്യാഭിസ്സക്ഷൌദ്രാഭിര്യഥാബലം॥

ദോഷബലങ്ങളെ അനുസരിച്ച മുന്തിരിങ്ങാപ്പഴം തഴുതാമവേര കടുക്ക ൩ം ഔഷധങ്ങളെക്കൊണ്ടു കഷായം വെച്ചു തേൻ മേമ്പൊടിചേർത്ത അതുകൊണ്ടു കൂടക്കൂടെ വയറ ഇളക്കുകയും നല്ലതാകുന്നു.

൧൧ — ആദ്രാതമജടാകല്കമസകൃൽകാമിലാപഹം।
നിഷിക്തോ ഭൃംഗരാജസ്യ രസോ വാ ബഹുമൂർദ്ധനി॥

കീഴാനെല്ലി സമൂലം അരച്ച കൂടെക്കൂടെ നാററിയാൽ കാമില ശമിക്കും — കയ്യുണ്ണിനീരുകൊണ്ടു മൂർദ്ധാവിൽ ധാരയിടുക — എന്നാലും ശമിക്കും.

൧൨ — ധാരോഷ്ണേന പ്രഗേ പിഷ്ടാ ദ്രോണപുഷ്പാണി പായയേൽ।
പയസാ നീലമുണ്ഡായാ രസം വാ പല്ലവോത്ഭവം॥

തുമ്പപ്പൂവ അരച്ച കറന്ന ചൂടാറാത്ത പാലിൽ സേവിപ്പിക്ക — കരുമുത്തളിന്റെ ഇലപിഴിഞ്ഞ നീരും പാലും കൂട്ടി സേവിപ്പിക്ക — കാമില ശമിക്കും.

൧൩ — വീരാമൂലസ്യ കല്കം വാ തക്രേണ ബദരസ്യ വാ।
ഗോക്ഷീരം ഗുളയുക്തം വാ കാമിലായാഃ പ്രശാന്തയേ॥

കൊവക്കിഴങ്ങ അരച്ച മോരിൽ സേവിപ്പിക്ക — ലന്തക്കുരു മേൽപ്രകാരം സേവിപ്പിക്ക — പശുവിൻപാലിൽ ശർക്കര ചേർത്ത സേവിപ്പിക്ക — ഇവയൊക്കയും കാമിലാശമനമാകുന്നു.

൧൪ — ദ്രോണപുഷ്പരസോപേതമഞ്ജനം വാഥവാ നിശാം॥
ഗൈരികസ്യ രജോ ധാത്രീചൂർണ്ണം വാ തത്ത്രയാൽടവം॥

അഞ്ജനക്കല്ലാ വരട്ടുമഞ്ഞളൊ കാവിമണ്ണൊ നെല്ലിക്കയൊ മഞ്ഞൾ കാവിമണ്ണ നെല്ലിക്ക ഇവ മൂന്നും കൂടീട്ടൊ പൊടിച്ചു തുമ്പപ്പൂ പിഴിഞ്ഞനീരിൽ സെവിപ്പിക്ക- കാമില ശമിക്കും.

൬൫- പീതൊമാഹിഷതക്രെണ ബദരീപത്രസംഭവഃ।
കല്കൊനാതിചിരാദെവ കാമിലാശ്രൂലനാശനഃ॥

ലന്തയില അരച്ച എരുമ മൊരിൽ സെവിപ്പിക്ക- കാമില ഉടനെ ശമിക്കും.

൬൬- മധുകാമലകെ പിഷ്ടാ മധുനാ വാ വലെഹയെൽ।
ഹരീതകീ ത്രിവൃച്ചൂൎണ്ണം സസിതം വാ സമാക്ഷികം॥

ഇരട്ടിമധുരം നെല്ലിക്ക ഇവ തെനിൽ അരച്ച ചെൎത്ത സെവിപ്പിക്ക- കടുക്ക ത്രികൊല്പക്കൊന്ന ഇവ സമം കൂട്ടി പൊടിച്ച പഞ്ചസാരയും തെനും ചെൎത്ത സെവിപ്പിക്ക കാമില ശമിക്കും-

(ശ്രെഷ്ഠാദിഘൃതം)

൬൭- ശ്രെഷ്ഠാമൃതാ ഭൂധടാനിംബെലാവ്ലീവകൈല്കഃ പ്രകല്പിതൈഃ।
പഥ്യാകഷായെ സക്ഷീരം സിദ്ധം വാസിതം ഘൃതം॥

൬൮- പ്രാതഃപാതവ്യമന്നെന സഹിതം വാ യഥാബലം।
മാത്രയൈവ പലംഘീയസ്യാൾ ഭക്തം തൽകാമിലാന്തകൃൽ॥

ത്രിഫല ചിററമൃത കീഴാർനെല്ലി സമൂലം വെപ്പിൻതൊലി മരഞ്ഞൾതൊലി ഇവ കടുക്കക്കഷായത്തിൽ അരച്ച കലക്കി നെയ്യും പാലും സമം ചെൎത്ത കാച്ചി പഞ്ചസാര പാത്രപാകമിട്ട അരിച്ച സെവിപ്പിക്കുകയൊ അന്നത്തൊടുകൂടി ഉപയൊഗിപ്പിക്കുകയൊ ചെയ്ക- രണ്ടുവിധമായാലും നെയ്യിൻെറ മാത്ര കുറഞ്ഞിരിക്ക ആവശ്യം- അധികമായാൽ ആ ഔഷധത്തിന്ന ദഹനം ഭവിക്കയില്ല- അഗ്നിമാന്ദ്യം നിമിത്തമായി വെറെ പല വ്യാധികളും സംഭവിക്കും മെൽപറഞ്ഞ നെയ്യ കാമിലക്ക ഏററവും ശമനൌഷധമാകുന്നു.

(ലൊഹചൂൎണ്ണാദി ഗുളിക)

൬൯- ലൊഹചൂൎണ്ണനിശായുഗ്മകതകാനി ഫലത്രയം।
ഗൈരികഞ്ചഹിമഞ്ചൈവ്യാഷെലാഢാഢിമാംബുഭിഃ॥

൭൰- സാൎദ്ധം സമാംശം സ്ലക്ഷ്ണാനി പിഷ്ട്വാ പ്രാഗുൽധടാരസൈ॥
ഹരിദ്രായാ രസൈ പശ്ചാൽ ബദരീപത്രജൈസ്തതഃ॥

൭൧- ഭൃംഗരാജസ്യ ബിംബ്യപത്രാത്ഥൈ നാളികെരൊദകെപി ച।
പത്രഷ്യകകഷായെ ച ഗുളികാ സൂക്ഷ്മാ വിനിൎമ്മിതാഃ॥

വൃ൨൯– ഗുഞ്ജാഫലപ്രമാണേന ച്ഛായാശുഷ്കാഃ പ്രയോജയേൽ।
നാളികേരാംഭസാ പ്രാതഃ കാമിലായാഃ പ്രശാന്തയേ॥

ഇരുമ്പിൻപൊടി മഞ്ഞൾ മരമഞ്ഞൾതൊലി തെററാമ്പരല ത്രിഫല കാവിമണ്ണ ചന്ദനം രക്തചന്ദനം ത്രികടു ഏലത്തരി താളിമാതളക്കായുടെതൊട മുത്തങ്ങക്കിഴങ്ങ ഇവ സമം കിഴാർനെല്ലി പച്ചമഞ്ഞൾ ലന്തയില അമ്പഴത്തില ഇവററിൻനീരുകളിലും ഇളനീർവെള്ളത്തിലും ചിററീന്തലിൻവേർകഷായത്തലും ക്രമേണ അരച്ച കുന്നിക്കുരുപ്രമാണം ഉരുട്ടി നിഴലിൽ ഉണക്കി ഇളനീർവെള്ളത്തിൽ സേവിപ്പിക്ക– കാമില ശമിക്കും.

## കുംഭകാമിലാ ചികിത്സാ

വൃ൩൦– ഗോമൂത്രേണ പിബേൽ കുംഭകാമിലായാം ശിലോൽഭവം। പടോലവല്ലീമൂലം വാ നിംബീമൂലമഥാപി വാ॥

ഗോമൂത്രത്തിൽ കന്മദം സേവിപ്പിക്ക കുംഭകാമില ശമിക്കും അല്ലായെങ്കിൽ പടോലത്തിൻവേരൊ അമരിവേരൊ മേൽപ്രകാരം സേവിപ്പിക്ക എന്നാലും ശമിക്കും.

## (നിംബതാഗാദി കഷായം)

വൃ൩൧– നിംബതാർക്ഷ്യത്രിഫലായഷ്ടിരജനീശാരിബാവൃഷൈഃ।
ശ്യാമാതാമലകീനീലീപലംകഷബലായുതൈഃ॥
വൃ൩൨– സ്ഥിരാമൃതാപടോലാദ്യൈഃ കഷായഃ പരികല്പിതഃ।
ഹന്തി മാക്ഷികകൃഷ്ണാഭിജതുഭിഃ കുംഭകാമിലാം॥

വേപ്പിൻതൊലി ത്രിഫല ഇരട്ടിമധുരം മരമഞ്ഞൾ നന്നാറിക്കിഴങ്ങ ആടലോടകത്തിൻവേര നാല്പാമരപ്പട്ട കൊന്ന കിഴാനെല്ലി അമരിവേര ഞെരിഞ്ഞില കരന്തോട്ടിവേര ഓരിലവേര ചിററമൃത പടോലം ഇവകൊണ്ട കഷായം വെച്ചതേനും തിപ്പലിയും കന്മദവും മേല്പൊടിചേൎത്ത സേവിപ്പിക്കും. കുംഭകാമില ശമിക്കും.

വൃ൩൩– പായയേൽ ക്ഷാരപേയാം വാ തക്രേണ പയസാപി വാ।
യഥാദോഷം ശോഫസ്യ വക്ഷ്യമാണാമുപക്രമൈഃ॥

ശോഫചികിത്സയിൽ പറവാൻപോകുന്ന ഭസ്മക്ഷാരം ദോഷകോപത്തെ അനുസരിച്ച മോർകൊണ്ടൊ പാൽകൊണ്ടൊ ഉണ്ടാക്കി സേവിപ്പിക്ക– കുംഭകാമില ശമിക്കും.

(ശോഫ ചികിത്സാ

൭൭– സൎവ്വാംഗവ്യാപകെ ശോഫെ ക്ഷീരെ ഗോമൂത്രമെവ വാ।
വിരെചനാൎത്ഥമെരണ്ഡതൈലം പ്രാക്പായയെച്ഛിശും॥

സൎവ്വാംഗങ്ങളിലും വ്യാപിച്ചനീരിന്നു ആദ്യത്തിങ്കൽ പാലിലൊ ഗൊമൂത്രത്തിലൊ ആവണക്കെണ്ണ ചെൎത്ത സെവിപ്പിച്ചവിരെചനമുണ്ടാക്കുക.

(മഹാപഞ്ചമൂലാദി കഷായം)

൭൮- മഹൽഭിഃപഞ്ചഭിൎമ്മൂലൈസ്സമയുക്തപുനൎന്നവൈഃ।
സനാഗരകഷസ്സാശൈഃകാഥഃപെയൊത്ര വാതജെ॥

കുമിഴിൻവെര കൂവളത്തിൻവെര പൂപ്പാതിരിവെര പലകപ്പയ്യാനിവെര മുഞ്ഞവെര ഇവ ഓരൊഭാഗം തമിഴാമവെര അഞ്ചുഭാഗം ചുക്ക രണ്ടുഭാഗം ഇങ്ങിനെ ചെൎത്ത കഷായം വെച്ചതിപ്പലിയും പഞ്ചസാരയും മെമ്പൊടിചെൎത്ത സെവിപ്പിക്ക-വാതംകൊണ്ടുണ്ടാകുന്ന നീര ശമിക്കും.

൭൯– എരണ്ഡമൂലവൃശ്ചീവരാസ്നാവിലാഭയക്ഷുരൈഃ।
സിദ്ധോയാമാഗധീചൂൎണ്ണസിതാഭ്യാംപരിമിശ്രിതഃ॥

ആവണക്കിൻവെര തമിഴാമവെര അരത്ത കൂവളത്തിൻവെര കടുക്ക വയൽച്ചുള്ളിവെര ഇവകൊണ്ടു കഷായംവെച്ചതിപ്പലിയും പഞ്ചസാരയും മെമ്പൊടിചെൎത്ത സെവിപ്പിക്ക- വാതജമായ ശൊഫം ശമിക്കും.

൮൦– പിത്തജെദീപ്യകാംഭൊമസ്ഥിരാമലകധാന്യകൈഃ।
സവൃശ്ചീവൈഃകൃതഃകാഥഃപാതവ്യശ്ശൎക്കരാന്വിതഃ॥

അയമൊദകം മുത്തങ്ങക്കിഴങ്ങ ഓരിലവെര നെല്ലിക്ക കൊത്തമ്പാലയരി തമിഴാമവെര ഇവകൊണ്ടു കഷായംവെച്ചപഞ്ചസാര മെമ്പൊടിചെൎത്ത സെവിപ്പിക്ക- പിത്തജമായശൊഫം ശമിക്കും.

൮൧– അഥവാനിംബഭൂനിംബപടൊലഘനഗൊക്ഷുരൈഃ।
സവൃശ്ചീവൈഃകൃതഃപെയൊലൊഹചൂൎണ്ണവിമിശ്രിതഃ॥

വെപ്പിൻതൊല പുത്തരിച്ചുണ്ടവെരുമെർതൊലി പടൊലം മുത്തങ്ങക്കിഴങ്ങ ഞെരിഞ്ഞില തമിഴാമവെര ഇവകൊണ്ടു കഷായംവെച്ച ഇരിമ്പുപൊടി മെമ്പൊടിചെൎത്ത സെവിപ്പിക്കപിത്തശോഫം ശമിക്കും.

൮൨– സുരപാദപവഷാഭ്രൂഗൊക്ഷുരാൎദ്രകധാന്യകൈഃ।
കാഥംമധുയുതംശ്ലെഷ്മസംഭവെതത്രപായയെൽ॥

ദേവതാരം തമിഴാമവെര ഞെരിഞ്ഞിൽ ഇഞ്ചി കൊത്ത
മ്പാലയരി ഇവകൊണ്ടുകഷായംവെച്ചു തെൻചെൎത്തു സെവിപ്പി
ക്ക- കഫശോഫം ശമിക്കും.

൫൨- കൊലാൎദ്ധകൊപകുല്യാഗ്നിമന്ഥധരണ്ഡപുനൎന്നവൈഃ।
ച്ചുലാനാഗരയുക്തൈൎവ്വാസിദ്ധംമധുകണായുതം॥

ലന്തക്കുരു ഇഞ്ചി തിപ്പലി മുഞ്ഞവെര ആവണക്കിൻവെ
ര തമിഴാമവെര ഏലത്തരി ചുക്ക ഇവകൊണ്ടുകഷായംവെച്ചു
തെനും തിപ്പലിയും മെമ്പൊടിചെൎത്തു സെവിപ്പിക്ക കഫശൊ
ഫം ശമിക്കും.

൫൩- ഷഡ്ഭിശ്ഛിന്നൊത്ഭവാഭാഗൈശ്ചതുൎഭിരഭയാംശകൈഃ।
ദ്വാഭ്യാംശുണ്ഠ്യാശ്ചഭാഗാഭ്യാംസമവൃശ്ചീവസാധിതഃ॥

൫൪- കാഥഃപുരണ്ഡതൈലാഢ്യഃപാതവ്യസ്സൎവ്വജെത്രു।
ഏഷശൊഫെഷുസൎവ്വഷുയൊജ്യസ്ത്രിദൊഷജാമതഃ॥

ചിററമൃതഭാഗംആറ കടുക്കഭാഗംനാല ചുക്കഭാഗംരണ്ടു
തമിഴാമവെര എല്ലാററിന്നും സമം ഇങ്ങിനെ ചെൎത്ത കഷാ
യംവെച്ചു ആവണക്കെണ്ണ മെമ്പൊടിചെൎത്തു സെവിപ്പിക്ക- ത്രി
ദൊഷജമായ ശൊഫം ശമിക്കും- ഈ കഷായം എല്ലാശൊഫ
ങ്ങൾക്കും ഹിതമാകുന്നു- ഈകഷായമായി വെക്കുമ്പൊൾതാഴെ
പറയുംപ്രകാരം ചെൎത്തുകൊൾക- ചിററമൃത കഴഞ്ചുമൂന്ന കടു
ക്ക കഴഞ്ചു രണ്ടു ചുക്കകഴഞ്ചു ഒന്ന തമിഴാമവെര കഴഞ്ചു ആറ
ഇങ്ങിനെ ചെൎത്തുകൊൾക ത്രിഭിശ്ഛിന്നൊത്ഭവാഭാഗൈരു
ഭാഭ്യാമഭയാംശകൈഃ । ഏകെനശുണ്ഠ്യാഭാഗെനസമവൃശ്ചീവ
സാധിതഃ എന്ന പറയാതെ അരക്കഴഞ്ചിന്ന ഭാഗശബ്ദംകൊ
ണ്ടു ഗ്രഹിക്കാമെന്ന വിചാരിച്ചു മെൽപ്രകാരം പ്രയൊഗിച്ചു
ത ആറുകഴഞ്ചു ചിററമൃതും നാലുകഴഞ്ചു കടുക്കയും രണ്ടുകഴഞ്ചു
ചുക്കും ഇവകൊണ്ടു തന്നെയും കഷായംവെച്ചു സെവിപ്പിക്കാമെ
ന്നതിനെ ധ്വനിപ്പിപ്പാനായിക്കൊണ്ടാകുന്നു-

(പത്ഥ്യാദി കഷായം)

൫൫- പത്ഥ്യാവൃശ്ചീവദെവാഹ്വാകൃഷ്ണാതന്മൂലവഹ്നിഭിഃ।
രജനീജീരകാംഭൊഭിസ്സഹിതൈൎന്നാഗരാന്വിതൈഃ॥

൫൬- ഏലാംശഗൊക്ഷുരപൂൎന്നാഭ്യാംസഹിതംസാധിതംജലം।
പായയെൽസൎവ്വശൊഫഷ്ഷുയവദ്വാമധുസിതായുതം॥

കടുക്ക തമിഴാമവെര ദെവതാരം തിപ്പലി കാട്ടുതിപ്പലിവെ
ര കൊടുവെലിക്കിഴങ്ങ മഞ്ഞൾ ജീരകം ഇരുവെലി ചു

ക്ക ഇവകൊണ്ടു കഷായംവെച്ചു ഏലത്തരിയും തേരിഞ്ഞിലും മെമ്പൊടിചേർത്ത സേവിപ്പിക്ക. എല്ലാ നീരുകളും ശമിക്കും- തേനുംപഞ്ചസാരയും മെമ്പൊടിചേർത്ത സേവിപ്പിക്കുകയുമാം-

(ശുണ്ഠ്യാദി കഷായം)

൯൮- ശുണ്ഠീഭൂനിംബദന്ത്യശ്വഖരമഞ്ജരികാസനൈഃ॥
വൃശ്ചീവമൂലൈസ്സിദ്ധംവാശർക്കരാഢ്യംഹിതംജലം॥

ചുക്ക പുത്തരിച്ചുണ്ടവേരുമ്മൽതൊലി കൊടിത്തൂവവേര വലിയകടലാടിവേര ഇവ സമം തമിഴാമവേര എല്ലാംകൂടിയെടത്തോളം ഇങ്ങിനെ ചേർത്ത കഷായംവെച്ചു പഞ്ചസാരമെമ്പൊടിചേർത്ത സേവിപ്പിക്ക- എല്ലാനീരുകളും ശമിക്കും.

(തിന്ത്രിണീപർണ്ണശാഖാദി കഷായം)

൯൯- തിന്ത്രിണീപർണ്ണശാഖാഭില്ലോഫപത്രാഭയേക്ഷുഭിഃ।
വിലേപവൃശ്ചീവകാഭ്യാഞ്ച സിദ്ധഃക്വാഥശ്ചശോഫജിൽ॥

പുളിഞരമ്പ ഇരിമ്പിൻതകിട കടുക്ക കരിമ്പ കൂവളത്തിൻവേര തമിഴാമവേര ഇവകൊണ്ടു കഷായം വെച്ചു പഞ്ചസാര മെമ്പൊടിചേർത്ത സേവിപ്പിക്ക എല്ലാ നീരുകളും ശമിക്കും.

(പുനർന്നവാദി കഷായം)

൧൦൦- പുനർന്നവാഭയാവിശ്വകാളശാകൈശ്ചസാധിതഃ।
പ്രാതസ്സായംചപാതവ്യഃകഷായശ്ശോഫശാന്തയേ॥

തമിഴാമവേര കടുക്ക ചുക്ക കരുവേപ്പില ഇവകൊണ്ടു കഷായംവെച്ചു പഞ്ചസാര മെമ്പൊടിചേർത്ത രണ്ടുനേരവും സേവിപ്പിക്ക- എല്ലാനീരുകളും ശമിക്കും.

൧൦൧- ആർദ്രകംഗുളസംയുക്തംമധുനാലോഡ്യലേഹയേൽ।
പ്രാതസ്സർവ്വേഷുശോഫേഷുപ്രയോഗോയംപ്രശസ്യതേ॥

ഇഞ്ചിയും ശർക്കരയുംകൂട്ടി അരച്ചു തേൻചേർത്ത രാവിലെസേവിപ്പിക്ക ഈപ്രയോഗം സകലശോഫങ്ങൾക്കും ഏറ്റവും പ്രധാനമാകുന്നു.

(ഗുളാർദ്രകം)

൧൦൨- ആർദ്രകസ്യരസേതുല്യംഗുളംദത്വാചിരോഷിതം।
വിപചേൽഭോജനസ്യാഗ്രേത്രിജാതവ്യോഷവാരിദാൻ॥

൧൦൩- ജീരകഞ്ചവരാഗുഞ്ചേത്പകംധനികാമപി।
സാംശയാഷ്ടമഭാഗേനചൂർണ്ണയിത്വാത്രയോജയേൽ॥

൧൦൪- ഭാവിതാദ്ഗുളാദ്ധാംശമധുനാപിപയോജിതം।

ഏതൽഗുഡാർദ്രകംനാമശോഫനാശനമൌഷധം।
൧൦൨- അഗ്നിമാന്ദ്യാരുചിശ്വാസകാസപീനസശൂലിനാം।
ഗുന്മപ്ലീഹാതിസാരേഷുസന്ന്യാസേചപ്രശസ്യതേ॥

ഇഞ്ചിനീരിൽ നാഴിക്ക നാലുപലം വീതം പഴയ ശൎക്കരകലക്കി കുറുക്കിസാന്ദ്രപാകമായാൽ ഏലത്തരി ഏലവങ്ഗത്തൊലി പച്ചില ത്രികടു മുത്തങ്ങക്കിഴങ്ങ ജീരകം കരയാമ്പൂവ്വ അയമൊതകം കൊത്തമ്പാലയരി ഇവ ഒക്കെക്കൂടി നാലുപലം ശൎക്കരെക്ക അരപ്പലം വീതം ഇക്കിപ്പൊടിച്ച ആ പൊടി വിതറി ഇളക്കി വാങ്ങി ആറിയാൽ നാലു പലം ശൎക്കരെക്ക ഉരി വീതം തേൻ ചേൎത്ത സേവിപ്പിക്ക- എല്ലാ നീരുകളും ശമിക്കും- അഗ്നിമാന്ദ്യം അരുചി ശ്വാസം കാസം പീനസം വയർവേദന ഗുന്മം പ്ലീഹ അതിസാരം സന്ന്യാസം ഇവയും ശമിക്കും.

(ഭസ്മകഞ്ഞിക്ക)

൧൦൩- പുനൎന്നവേക്ഷുരക്ഷാരവാരിണാസംപ്രകല്പിതാ।
സക്ഷീരേണയവാഗൂൎവാപാനായശ്വയഥുശാന്തയേ॥

തഴുതാമവേര വയൽച്ചുള്ളിവേര ഇവ നറുക്കിയിട്ടില്ല കലത്തിലിട്ട വേറെ ഒരു കലംകൊണ്ടടച്ച തീക്കത്തിച്ച ഭസ്മമാക്കി അതിൽനിന്ന ഒരു കഴഞ്ചെടുത്ത ആറ നാഴി വെള്ളത്തിൽകലക്കി തെളിയിച്ച തെളി ഊറ്റിയെടുത്ത അതിൽ ഉഴക്ക പാൽ ചേൎത്ത കുറുക്കി പാകത്തിൽ പൊടിയരി ഇട്ട വെവിച്ച ഉരിയായാൽ വാങ്ങി സേവിപ്പിക്ക- നീര ശമിക്കും.

൧൦൪- താലാംഗ്ലലിവരാരക്താഖരമഞ്ജരികേക്ഷുരൈഃ।
ക്ഷാരീകൃതൈസ്സ്രുതൈഃപേയാംപ്രാശയേച്ഛ്വയഥൌ॥

കരിമ്പനവാഴക്ക ത്രിഫല കളിയടക്കാടം വലിയകടലാടിവേര വയൽച്ചുള്ളിവേര തഴുതാമവേര ഇവ മേൽപ്രകാരം ഭസ്മമാക്കി അതുകൊണ്ട മേൽപ്രകാരം കഞ്ഞിവെച്ച സേവിപ്പിക്ക- നീര ശമിക്കും.

൧൦൫- ഇക്ഷുരക്ഷാരതോയേനപകാമന്നമഥാപിവാ।
ആശയേദാശുശോഫസ്യനാശായലവണസൎപ്പിഷാ॥

വയൽച്ചുള്ളിവേര ഭസ്മമാക്കി വെള്ളത്തിൽ കലക്കി തെളിയിച്ച തെളി ഊറ്റിയെടുത്ത അതിൽ അരിയിട്ട വെവിച്ചചോറുണ്ടാക്കി അല്പം നെയ്യുംചേൎത്ത ഭക്ഷിപ്പിക്ക- നീരുടനെശമിക്കും-

(കന്ദഘൃതം)

൧൦൬- കന്ദാനികദളീവല്ലീനാംകല്ക്കീകൃത്യപ്രസാധിതാ।
ഗവാംമൂത്രഘൃതംസിദ്ധംസൎവ്വശോഫവിനാശനം॥

കരിക്കൊടിക്കിഴങ്ങ ഗോമൂത്രത്തിൽ അരച്ചുകലക്കി നെയ്യു ചെൎത്ത കാച്ചിയരിക്കുക— ഈ നെയ്യ എല്ലാ നീരുകൾക്കും ശമനമാകുന്നു.

(ധാത്ര്യാദിഎണ്ണ)

൧൫൦— ധാത്രീകഷായദ്രവ്യാഗ്രവിലാലേഃ ദ്രാമൃതാൽ ഭജേഃ।
രതൈസ്സഹ ത്രിജാതബ്ദകമ്പയഷ്ട്യാഹ്വചന്ദനൈഃ॥
൧൫൧. സൌവീരസലിലൈഃ കല്ക്കൈസ്തൈലം പാനാളികേര
ജം। സ്നേഹംവാസാധിതംതത്രമൂൎദ്ധ്നാല്യംഗായകല്പയേൽ॥
നെല്ലിക്കക്കഷായത്തിൽ കരക്ക കൂവളത്തില പാച്ചോററിയില ചിററമൃത കഞ്ഞുണ്ണി ഇവ ഇടിച്ചുപിഴിഞ്ഞ നീർചെൎത്ത എലത്തരി ഏലവങ്ങത്തൊലി പച്ചില മുത്തങ്ങക്കിഴങ്ങ കൊട്ടം ഏരട്ടിമധുരം ചന്ദനം രാമച്ചം ഇരുവേലി ഇവ അരച്ചുകലക്കി എണ്ണയൊ വെളിച്ചെണ്ണയൊ ചെൎത്ത കാച്ചിയരിച്ചു ആയതതലയിൽ തേപ്പിക്ക—
൧൫൨— അഥവാത്തമകന്യായാരസേനചക്രവത്രയഷ്ടിഭിഃ।
എലാതുരുഷ്കസേവ്യൈനയസരൈസ്സ്നേഹം പ്രസാധിതഃ॥
വെലിപ്പരുത്തിനീരിൽ ഏലവങ്ങത്തൊലി പച്ചില ഏരട്ടിമധുരം ഏലത്തരി കസ്തൂരിക്കം ത്രുണിയാങ്കം ചരളം ഇവ അരച്ചുകലക്കി എണ്ണയൊ വെളിച്ചെണ്ണയൊ കാച്ചി തേപ്പിക്കുകയുമാം.

(വിലാദി തൈലം)

൧൫൩— വിലാമഹസ്തിലതാകന്ദപുനൎന്നവവാരിഭിഃ।
ഫലത്രയസ്യകല്കേനസിദ്ധംതൈലഞ്ചതദ്ധിതം॥
കൂവളത്തില കരിക്കൊടിക്കിഴങ്ങ തഴുതാമ സമൂലം ശതാവരിക്കിഴങ്ങ ഇവററിൻനീരിൽ ത്രിഫല അരച്ചുകലക്കി എണ്ണയൊ വെളിച്ചെണ്ണയൊ ചെൎത്ത കാച്ചിയരിച്ചു തേപ്പിക്കുകയുമാം

(ത്രിഫലാദിതൈലം)

൧൫൪- ത്രിഫലാസനാദവദ്ദയഷ്ട്യാഹ്വചന്ദനബലാംബുദൈഃ।
സിദ്ധേകഷായേവൃദ്ധിവപെത്രാഗ്രവ്യഘതീവരൈഃ॥
൧൫൫.. തുല്യമെലാസ്തുകാളാരിമെദാവ്യ്ദ്രുരുഷ്കകൈഃ।
കസ്തൂവാളകലാമജ്ജയഷ്ടിചന്ദനസംയുതൈഃ॥
൧൫൬— കല്കൈസ്തൈലജ സിദ്ധംസ്നേഹംവാനാളികേരജം॥
മൂൎദ്ധ്നാല്യാംഗേപ്രയുഞ്ജീതസെകധാത്രീശൃതംജലം॥
ത്രിഫല വെങ്ങാക്കാതൽ ദേവതാരം ഏരട്ടിമധുരം കരന്താ

ട്ടിവേര മുത്തങ്ങക്കിഴങ്ങ ഇവകൊണ്ടു കഷായംവെച്ച തമിഴാമനീര ചൂൎൽതല ഇടിച്ചുപിഴിഞ്ഞനീര ചെറുവഴുതിനയില നീര ഇവ എണ്ണയൊടസമം ചെത്ത ഏലത്തരി മുത്തങ്ങക്കിഴങ്ങ കുരുവെലപ്പട്ട മരമഞ്ഞത്തൊലി കന്നുരുക്കം കൊട്ടം ഇരുവെലി രാമച്ചം എരട്ടിമധുരം ചന്ദനം ഇവ അരച്ചു കലക്കി എണ്ണയൊ വെളിച്ചെണ്ണയൊ ചെത്ത കാച്ചിയരിച്ച തലക്കു തെപ്പിക്കുക-തല കഴുകുവാൻ നെല്ലിക്കവെള്ളം അല്ലാതെ പച്ചവെള്ളം അരുത.

(ഉലസ്കതൈലം)

൧൧൭- തിന്ത്രിണീദളസംഭൂതരസേരാസ്നാപുനൎന്നവൈഃ।
ഗജകൎണ്ണ്യാ ച സംസിദ്ധമധഃകായസ്യ തദ്ധിതം॥

പുളിയിലനീരിൽ അരത്ത തമിഴാമവെര ഠരംഴെച്ചുമ്പിൻകട ഇവ അരച്ചുകലക്കി എണ്ണചെത്ത കാച്ചിയരിച്ച അരയതമെൽ തെപ്പിക്ക- നീര ശമിക്കും.

(അമൃതാദി തൈലം)

൧൧൮- അമൃതാതിന്ത്രിണീപത്രബൃഹതീദളസംഭവൈഃ।
വഷാഭൃംഗരസൈസ്തുല്യാംശൈരേഭിസ്സകുഷ്ഠാബ്ദയഷ്ടിഭിഃ॥
൧൧൯- ശതാഹ്വാനളദാംഭോളിചന്ദനൈന്നസാധിതം।
തൈലം സതക്രമഭ്യംഗമധഃകായസ്യ കല്പയെൽ॥

ചിററമൃത പുളിയില ചെറുവഴുതിനയില ഇവററിൻനീര സമം കയ്യുണ്ണിയെടത്താളും തമിഴാമനീര അതിൽ ചെത്ത കൊട്ടം മുത്തങ്ങക്കിഴങ്ങ എരട്ടിമധുരം ചതകുപ്പ രാമച്ചം ഇരുവെലി ചന്ദനം ഇവ അരച്ചുകലക്കി എണ്ണയൊളം മൊരചെത്ത കാച്ചിയരിച്ച മെൽ തെപ്പിക്ക- നീര ശമിക്കും.

(വരണാദി തൈലം)

൧൨൦- വരണേസ്പരസൈപത്ര്യാശതാഹ്വാഘനചന്ദനൈഃ।
മഞ്ജിഷ്ഠാപത്മകോശീരലാക്ഷാഗോപവധൂയുതൈഃ॥
൧൨൧- കല്കിതൈസ്സാധിതം തൈലം ധാന്യാമ്ലവാപ്രശസ്യതെ
തത്രധാന്യാമ്ലതുല്യാംശം പകം വാ തക്രസംയുതം॥

നീർമാതളത്തില നീരിൽ കട്ടക്ക ചതകുപ്പ മുത്തങ്ങക്കിഴങ്ങ ചന്ദനം മഞ്ചെട്ടിപ്പൊടി പത്മകം രാമച്ചം കൊലരക്ക നന്നാറിക്കിഴങ്ങ ഇവ അരച്ചുകലക്കി എണ്ണചെത്ത കാച്ചിയരിച്ച മെൽതെപ്പിക്ക- നീരശമിക്കും മെൽപറഞ്ഞ മരുന്നുകൾ കാടിയിൽ അരച്ചുകലക്കി എണ്ണചെത്ത കാച്ചി തെപ്പിക്കയുമാം- മെൽപ്രകാരം തന്നെ കാച്ചുമ്പൊൾ അതിൽ കാടി

യൊമൊരൊ ചെത്തിട്ടൊ കാച്ചുകയുമാം.

(അമ്ലവെതസാദി തൈലം)

൧൨൨- അമ്ലവെതസജംബീരതുംബീവൃശ്ചീവജെരസൈ।
ശതാഹാദാവരണസ്സൃക്കാത്തുരുഷ്കത്തുടിചന്ദനൈഃ॥

൧൨൩- ലാക്ഷാവർണ്ണവതീദാരുദാമഞ്ജിഷ്ഠാനാഗകെസരൈഃ।
സസർജ്ജരസയഷ്ട്യാഹ്വകൈശ്ചൈപിഷ്ട്വൈശ്ചസാധിതം॥

൧൨൪- തൈലംദ്വിഗുണമസ്ത്വാഢ്യമധഃകായസ്യയൊജിതം।
ശോഫന്നിഹന്തിതത്ര്യംഗജെന്ദ്രമിവകെസരീ॥

ഞെരിഞ്ഞാംപുളിയില ചെറുനാരകത്തില കയ്പുചുരവള്ളി തമിഴാമസമൂലം ഇവ ഇടിച്ചുപിഴിഞ്ഞനീരിൽ ചതകുപ്പനിർമാതളത്തിൻതൊലി ജൊനകപ്പുല്ല കുന്തുരുക്കം ഏലത്തരി ചന്ദനം കൊലരക്ക വെമ്പാടതൊലി നന്നാറിക്കിഴങ്ങ മഞ്ചട്ടിപ്പൊടി നാകപ്പൂവ്വ ചെഞ്ചല്യം എരട്ടിമധുരം കൊട്ടം ഇവ അരച്ചുകലക്കി എണ്ണയും എണ്ണയിൽ ഇരട്ടി തയിർവെള്ളവും ചെർത്ത കാച്ചിയരിച്ച മെൽതെപ്പിച്ചാൽ സിംഹം ആനയെ നശിപ്പിക്കുന്നതുപൊലെ നീരിനെ ശമിപ്പിക്കും.

(പുനർന്നവാദി പൊടി)

൧൨൫- പുനർന്നവജടാകൃഷ്ണാപഥ്യാജലദജീരകൈഃ।
അധഃടാഗ്രന്ഥികാമൂലവിലദാഗ്നിസുരദാരുഭിഃ॥

൧൨൬- കൃതശ്ചൂർണ്ണഃകവൊഷ്ണതൊയെനശമയത്യം(?)ഹരെൽ।
അതിവൃദ്ധമപിക്ഷിപ്രംനീഹാരമിവഭാസ്കരഃ॥

തമിഴാമവെര മാഞ്ചി തിപ്പലി കടുക്ക മുത്തങ്ങക്കിഴങ്ങ ജീരകം കിഴാനെല്ലി കാട്ടുതിപ്പലിവെര കുളത്തിൻവെര കൊടുവെലിക്കിഴങ്ങ ദെവതാരം ഇവ പൊടിച്ച കാച്ചവെള്ളത്തിൽ സെവിപ്പിക്ക- ആദിത്യന്റെ രശ്മി തട്ടുമ്പൊൾ മഞ്ഞ ശമിക്കുന്നതുപൊലെ ഒരം പൊടിയുടെ വീഴ്ചം ശരീരത്തിങ്കൽ വ്യാപിക്കുമ്പൊൾ നീര ശമിക്കുകയും ചെയ്യും-

(വ്യൊഷാദിമൊര)

൧൨൭- വ്യൊഷത്രിജാതകാംഭൊദപഞ്ചകൊലനിശാദ്വയൈഃ।
ജംബൂദ്വയതദ്ഭൃംഗനിംബാകലശീവാജ്യവല്ലിഭിഃ॥

൧൨൮- ബൃഹതീമൂലവില്വൈക്ഷുതിന്ത്രിണീകാമ്ലവെതസൈഃ
ഡാഡിമതാലശാരാകൊലപാഠാരളുസുരദ്രുമൈഃ॥

൧൨൯- ത്രിഫലാദീജീരകദ്വന്ദ്വയവഫലീപ്യകധാന്യകൈഃ॥

കൈഡൎയ്യശരപുംഖാഗ്നിമന്ഥമുസ്താപുനൎന്നവൈഃ॥
൧൩൦- ദ്രോണപുഷ്പീജടാംബൃഹതീഭാൎങ്ഗീഗോക്ഷുരവാരിഭിഃ।
കഷായംശ്ശോധപാഠാസ്യപത്രംപലമിതാനവം॥
൧൩൧- മസ്തുരസ്യവിശുദ്ധസ്യപലാനിത്രീണിപക്ഷിപെൽ।
അന്നവൈമൂത്രയപാത്രെജംബീരാണിപഷൊഡശാ॥
൧൩൨- മഥിതസ്യാഢകംതത്രതദ്വൽശൃംഗികാരസം।
തൽപാദാംശംചഗോമൂത്രംനിഷിച്യതുഷവഹ്നിനാ॥
൧൩൩- സന്താപ്യഭ്രയശ്ശീതെതുകൃതാംബുധമുഖംചതൽ। ധൂമാ
പ്ലാതെംപിതെശസ്ഥാപയെത്രിദിനെഗതെ॥
൧൩൪- ആദായമഥിതംതസ്മാദാതുരായപ്രയൊജയെൽ । യ
ഥാഗ്നിബലമാലൊച്യമാത്രാംലഘ്വീംപ്രകല്പയെൽ॥
൧൩൫- അതിവൃദ്ധംധ്രുവംശോഫമെനെനശമയെൽഭിഷക്।
പാണ്ഡുതാമയഞ്ചൊഗ്രസ്ഥാധമുദരംകാമിലാമപി॥
൧൩൬- അൎശാംസിഗ്രഹണീദോഷംഗുല്മഞ്ചവിഷമാഗ്നിതാം।
കുഷ്ഠാഷ്ഠീലെതൂനീംചാപിതഥാപ്രതിതൂനീമപി॥

ത്രികടു ഏലത്തരി ഏലവങ്ങത്തൊലി പച്ചില മുത്തങ്ങ കിഴങ്ങ കാട്ടുതിപ്പലിവെര കാട്ടുമുളകിൻവെര കൊടുവെലി കിഴങ്ങ തിപ്പലി വരട്ടുമഞ്ഞൾ മരമഞ്ഞത്തൊലി ഞാവൽതൊലി ഞാറവെരുമ്മൽതൊലി പുത്തരിച്ചുണ്ടവെരുമ്മൽതൊലി മുവ്വിലവെര ചങ്ങലംപരണ്ട ചെറുവഴുതിനവെര കുളത്തിൻവെര കരിമ്പ പുളിവെരുമ്മൽതൊലി ഞെരിഞ്ഞാംപുളി കിഴങ്ങ താളിമാതളക്കായുടെ തൊട ത്രിഫല ലന്തക്കുരു പാടക്കിഴങ്ങ പെരുമരത്തിൻതൊലി ദെവതാരം നിലംപരണ്ട ജീരകം കരിഞ്ചീരകം വയമ്പ അയമൊതകം കൊത്തമ്പാലയരി കരുവെപ്പില കൊഴിഞ്ഞലിൻവെര മുഞ്ഞവെര മുത്തിള്ള തമിഴാമവെര തുമ്പപ്പൂവ്വ മാഞ്ചി അമ്പഴത്തിൻതൊലി ചെറുതെക്കിൻവെര ഞെരിഞ്ഞിൽ ഇരുവെലി ഇവ മുമ്മൂന്നുകഴഞ്ച ശുദ്ധിചെയ്ത ഇരുമ്പിൻകിട്ട പലം ഒന്ന ശുദ്ധിചെയ്യ പുരാണകിട്ടം പലം മൂന്നൊരം മരുന്നുകളിൽ ചതക്കെണ്ടത ചതച്ച മയങ്ങിയ മണ്പാത്രത്തിലിട്ടു പതിനാറ ചെറുനാരങ്ങ ചെറുതാക്കിനുറുക്കിഅതിലിട്ടു വെള്ളം അധികമായി ചെൎക്കാതെ ഉണ്ടാക്കിയ മൊര പതിനാറനാഴിഅതിൽ ഒഴിച്ച എട്ടുനാഴികഞ്ഞുണ്ണിനീരും ഇരുനാഴി ഗൊമൂത്രവും അതിൽ ചെൎത്ത ഉമിത്തിയ്യിൽ വച്ച തിളപ്പിച്ച വാങ്ങി ആറിയാൽ പാത്രത്തിന്റെ വായ കെട്ടി പുകയത്താ തൂക്കി നാലാംദിവസം രാവിലെ അതിൽനിന്ന

മൊര അരിക്കച്ചുട്ടത്ത കാലം വയസ്സ ദെഹപ്രകൃതി ഇവകളെ ആലൊചിച്ച അഗ്നിബലത്തിന്ന തക്കവണ്ണംമാത്രയെ നിശ്ചയിച്ച സെവിപ്പിക്ക— ഏററവും വൎദ്ധിച്ച നീര പാണ്ഡുരൊഗം മഹൊദരം കാമില അൎശ്ശസ്സ ഗ്രഹണി ഗുന്മം വിഷമാഗ്നി ജലക്ലമ്മം അഷ്ഠീല തൂനി പ്രതിതൂനി ഇവ ശമിക്കും.

(ഏകാംഗ ശൊഫത്തിന്ന)

൫൩൭— ഏകാംഗശൊഫെവഷാഭൃശതാഫലത്രയൈഃ।
തക്രപിഷ്ടൈഃ പ്രലെപൊനവനീതസമന്വിതൈഃ॥

ഏകാംഗത്തിങ്കൽ നീരുണ്ടായാൽ തമിഴാമവെര ചതകുപ്പ ത്രിഫല ഇവ മൊരിലരച്ച വെണ്ണചെൎത്ത തെക്കുക നീര ശമിക്കും.

൫൩൮— ഏകനായകമൂലംവാപിഷ്ടാവിജയയാന്വിതം।
തക്രെണലിംപെൽസിഞ്ചെദ്വാധാന്യാമ്ലെനമുഹുൎമ്മുഹുഃ॥

ഏകനായകത്തിൻവെരും കടുക്കയും മൊരിൽ അരച്ച തെക്കുക— കാടികൊണ്ട ധാരയിടുക ഇവ ചെയ്താൽ ഏകാംഗശൊഫം ശമിക്കും.

(ചൊറപ്പൊട്ടകൂടിയ നീരിന്ന)

൫൩൯— ശൊഫെസരക്തെക്ഷീരെണജപാമൂലംസചന്ദനം।
പിഷ്ട്വാലിംപെൽസപാരന്തീമൂലാവാക്ഷീരിണാംത്വചഃ॥

വെളുത്ത ചെമ്പരുത്തിവെര ചന്ദനം ഇവ പാലിൽ അരച്ച തെക്ക— അല്ലായെങ്കിൽ തെച്ചിവെര നാല്പാമരത്തിൻ തൊലി ഇവ പാലിൽ അരച്ച തെക്ക— ചൊറപ്പൊട്ടകൂടിയ ശൊഫം ശമിക്കും.

൫൪൦— ഇത്യാഖ്യാതസ്സമാസെനശ്ശൊഫവ്യാധെശ്ചികിത്സിതം കിമന്യൈരത്രബാലംതച്ഛ്വാസയതിമെമതിഃ॥

ഇങ്ങിനെ നീരിന്റെ ചികിത്സ ചുരുക്കി പറയപ്പെട്ടു അതു തന്നെ നീരുകൾക്ക മതിയായിരിക്കുമെന്ന വിചാരിച്ച അധികമായി വിസ്തരിക്കുന്നില്ല.

ഇതി വാരാണസീസനാമകരാമാനന്ദ നാഥപണ്ഡിതപാരശവെന്ദ്രകൃതാ വാരൊഗ്യകല്പദ്രുമെ ബാലചികിത്സായാ മഷ്ടമസ്തബകൊ നാമാഷ്ടമൊദ്ധ്യായഃ.

## ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം

## നവമാദ്ധ്യായപ്രാരംഭഃ

### വിസൎപ്പനിദാനം

൧– പൃഥഗ്ദോഷൈസ്ത്രയോദ്വന്ദ്വൈസ്ത്രയശ്ചൈകസ്ത്രിഭിശ്ച
തൈഃ। രക്തേനൈകോവിഷേണൈകോവിസൎപ്പോന
വധാസ്മൃതഃ॥

വാതംകൊണ്ടും പിത്തംകൊണ്ടും കഫംകൊണ്ടും വാതപിത്തങ്ങൾകൊണ്ടും വാതകഫങ്ങൾകൊണ്ടും കഫപിത്തങ്ങൾകൊണ്ടും വാതപിത്തകഫങ്ങൾകൊണ്ടും രക്തദോഷംകൊണ്ടും വിഷംകൊണ്ടും ഉണ്ടാകയാൽ വിസൎപ്പം ഒമ്പതുപ്രകാരമാകുന്നു– ഇതുതന്നെ ബാലന്മാൎക്കാകിൽ കരപ്പനെന്ന പേർ പറയും.

൨– സൎവ്വേഷ്വമൂൎദ്ധ്നിദാഹഃപ്രാഗ്ജ്വരോമലിനനേത്രതാ।
ശോഫസ്ത്വാത്രംഷിപാമീഷുത്രൂപംസാധാരണംഭവേൽ॥

എല്ലാവിസൎപ്പങ്ങൾക്കും തലചൂടപനി കണ്ണിൽപഴുപ്പുനീര പുളുകങ്ങൾ ഇവ ഒക്കെയും തുല്യമാകുന്നു.

൩– വാതജോത്രവിസൎപ്പസ്സ്യാദ്വാതജ്വരസമവ്യഥഃ।
സ്യാച്ഛ്വയുസ്ഫുരണനിസ്തോദഭേദായാമസമന്വിതഃ॥

വാതംകൊണ്ടുണ്ടാകുന്ന വിസൎപ്പത്തിന്ന വാതജ്വരത്തിന്റെ ഉപദ്രവങ്ങൾപോലെയുള്ള ഉപദ്രവങ്ങളും വിശേഷിച്ച നീരുള്ളേടത്ത ഉറുമ്പ അരിക്കുന്നതുപോലെ തോന്നുകയും ഉള്ളിൽ കുത്തിനോകയും നീരിന്ന ചിലേടത്ത വിള്ളലും വലിച്ചിലും ഉണ്ടാകയും ചെയ്യും–

൪– പിത്തജഃപിത്തകോപോത്ഥജ്വരലിംഗൈരതിവേഗവാ
ൻ। കഫജസ്സ്നിഗ്ദ്ധകണ്ഡൂമാൻകഫജ്വരസമവ്യഥഃ॥

പിത്തംകൊണ്ടുണ്ടാകുന്ന വിസൎപ്പത്തിന്ന പിത്തജ്വരത്തിന്റെ ഉപദ്രവങ്ങൾപോലെയുള്ള ഉപദ്രവങ്ങൾ ഉണ്ടാകും നീര വേഗത്തിൽ വ്യാപിക്കയും പുളുകങ്ങൾ വേഗത്തിൽ നിറകയും ഉടനെ പഴുക്കുകയും പൊട്ടുകയും ചെയ്യും– കഫംകൊണ്ടുണ്ടാകുന്ന വിസൎപ്പത്തിന്ന കഫജ്വരത്തിന്റെ ഉപദ്രവങ്ങൾപോലെയുള്ള ഉപദ്രവങ്ങളും നീരിന്ന സ്നിഗ്ദ്ധതയും ചൊറിച്ചലും ഉണ്ടാകും.

൫– നിൎവൃത്തോവാതപിത്താഭ്യാംജ്വരച്ഛൎദ്ദ്യതിസാരവാൻ।

തൃഷ്ണാമൂൎച്ഛാഗ്നിസാദാസ്ഥിഭെദാരുചിസമന്വിതഃ|
൬- തമകഭ്രമയുക്തശ്ചദീപ്താംഗാരൈരിവാചിതം|
അവകീൎണ്ണംവപുഃകുൎയ്യാദ്യദ്യദംഗംവിസൎപ്പതി||
൭- കരൊതിനിലരക്താംവാതത്താദാശ്രുചപൂൎയ്യതെ|
സ്ഫൊടൈൎമ്മൎമ്മാനുധാവീചശീഘ്രംമൎമ്മാണിസംശ്രയൻ||
൮- നിദ്രാംസുഖഞ്ചാപഹൃത്യാഥവിതനൊജ്വരയനാദിഷു|
അരതിംസകലെഷാംതന്നിസ്സംജ്ഞാംവിദധാതിച||

വാതപിത്തങ്ങൾകൊണ്ടുണ്ടാകുന്ന വിസൎപ്പത്തിന്നു പനി ഛൎദ്ദി അതിസാരം തണ്ണീർദാഹം മൂൎച്ഛ അഗ്നിമാന്ദ്യം എല്ലു പൊളിച്ചൽ രുചിയില്ലായ്മ ഏക്കം തലതിരിച്ചൽ ജ്വലിച്ചതീക്കനൽകൊണ്ട ശരീരത്തിങ്കൽ എറിഞ്ഞാലുണ്ടാകുന്നതുപൊലെയുള്ള നീറൽ വിസൎപ്പമുള്ള പ്രദെശത്തിന്നു കറുപ്പൊ ചുവപ്പൊ പുളകങ്ങൾ വെഗത്തിൽ നിറയുക വെഗെനമൎമ്മസ്ഥലങ്ങളിലെത്തുക മൎമ്മസ്ഥലങ്ങളിൽ എത്തിയാൽ ഉറക്കം സുഖം ഇവ ഒട്ടുമില്ലായ്മ കിടപ്പുമുതലായ പ്രവൃത്തികളിൽ ഒന്നുകൊണ്ടും മനസ്സിന്നു കൃതാൎത്ഥതയില്ലായ്മ ഒടുക്കം ബൊധക്കെട കാണുക ഇവ ലക്ഷണമാകുന്നു.

൯- പവനശ്ലെഷ്മണാരുദ്ധൊഭിത്വാതംബഹുധാകഫം|
ദുഷ്ട്വാശ്ലെഷ്മണസന്ദൂഷ്യസ്നായുമാംസസിരാഃക്രമാൽ||
൰- സ്ഥൂലാണുദീൎഘവൃത്താതിഖരാൻഗ്രന്ഥീൻവിതനുതഃ|
രക്താംസ്തീവ്രരുജഃകാസശ്വാസാതിസാരഹിധ്മഭിഃ
൰൧- ശ്ലീപ്രജ്വരെണചൊപെതാൻവൈസൎപ്യഭ്രമെണ-
ച| അഗ്നിസാദാംഗഭംഗാഭ്യാംമൂൎച്ഛായാചസമന്വിതാൻ||

വായുകൊപിച്ചു ദുഷ്ടമായ കഫത്താൽ തടുക്കപ്പെട്ടകനിമിത്തം തന്റെ ഗതി മുടക്കമായാൽ ആ കഫത്തെ പല ഖണ്ഡങ്ങളാക്കി സ്നായു മാംസം ഞരമ്പുകൾ ഇവകളെ ക്രമെണ ദുഷിച്ചു വലുതായിട്ടൊ ചെറുതായിട്ടൊ നീളത്തിലൊ വട്ടത്തിലൊ കാണപ്പെടുന്ന ആകൃതിയൊടുകൂടി കഠിനങ്ങളായിരിക്കുന്ന മുഴകളെ അതാതുദിക്കിൽ ഉണ്ടാക്കും- ആ മുഴകൾക്ക അധികമായ വെദനയും ഉണ്ടാകും- കുര ഏക്കം അതിസാരം എക്കിട്ടം കഠിനമായ പനി ചെപ്പ തലതിരിച്ചൽ അഗ്നിമാന്ദ്യം ശരീരത്തിങ്കൽ അതാതുദിക്കിൽ നുറുങ്ങിപ്പൊക ബൊധക്കെട ഇവയൊടുകൂടിയിരിക്കയും ചെയ്യും- ഇങ്ങിനെ വാതകഫങ്ങൾകൊണ്ടുണ്ടാകുന്ന വിസൎപ്പത്തിന്റെ ലക്ഷണമെന്നറിക-

൰൨- കൎമ്മാൽപിത്തയുതശ്ലെഷ്മജാസ്സംഭാതിനിദ്രതാഃ|

തന്ദ്രാശിരോഗൗരവസാദാഗ്നിസദനഭ്രമാൻ।
൪൮- പ്രലാപാരുചിവിക്ഷേപമൂർച്ഛാംഗഗ്ലാനതാസൃഗാ।
സ്രോതോലേപഞ്ചനിവൃത്ത്യപീതലോഹിതപാണ്ഡുരാൻ
൪൯- സ്ഫോടാംശ്ചശോഫസംയുക്താൻവിതനോതിമലിനാംഗ്ലു
ത്രൻ। ഗംഭീരപാകാൻപ്രാജ്യോഷ്മക്ലേദാഢ്യാംശ്ചിരപാകിണഃ॥
൫൦- ആമഫഞ്ജരവഗന്ധാംശ്ചവിസർപ്പതിശനൈസ്തനൗ।
സർവ്വജോലക്ഷണൈസ്സർവ്വൈസ്സമ്മിശ്രൈരഥദൃശ്യതേ।

കഫപിത്തങ്ങൾ കൊണ്ടുണ്ടാകുന്ന വിസർപ്പത്തിന്ന പനി സ്തംഭനം അധികമായ ഉറക്കം എല്ലാപ്രവൃത്തികളിലും മടി തലവേദന തളച്ച അഗ്നിമാന്ദ്യം തലതിരിച്ചൽ പെവാക്ക അരുചി ഞെട്ടിത്തെറിപ്പ ബൊധക്കെട ശരീരത്തിന്ന ഘനം ഭാഗങ്ങളിൽകഫസംബന്ധാ മഞ്ഞ ചുമപ്പ വെളുപ്പ ഇവ മൂന്നുംകൂടിയനിറത്തിലുള്ള പൂളകങ്ങൾ അധികമായനീര പൂളകങ്ങൾക്ക മാർദ്ദവമില്ലായ്ക ഉള്ളിലുള്ള ധാതുക്കളിൽനിന്ന പഴുപ്പിന്റെ ആരംഭം മാംസനെരചയുക അധികമായ ചൂട പഴുപ്പിന്ന താമസം ശവത്തിന്റെ ഗന്ധംപൊലെയുള്ള ഗന്ധം ഇവയൊക്കെ ഉണ്ടാകയും ചെയ്യും— വാതപിത്തകഫങ്ങൾകൊണ്ട ഉണ്ടാകുന്ന വിസർപ്പത്തിന്ന മെല്പറഞ്ഞ ലക്ഷണങ്ങൾ സമ്മിശ്രങ്ങളായിരിക്കും.

൫൧- പ്രായേണാനുയാതിപിത്തോത്ഥാംരക്തദോഷസമുത്ഭവഃ।
ലിംഗൈഃപ്രാഗ്ഗുദിതൈരെവജ്ഞാതവ്യോവിഷസംഭവഃ॥
൫൨- ഉപക്രമവിശേഷേണശമനംയതയോരിഹ।
സ്യാദതോഭേദനിർദ്ദേശോദോഷഭേദാന്നചേഷ്യതേ॥

രക്തദോഷംകൊണ്ടുണ്ടാകുന്ന വിസർപ്പത്തിന്ന പിത്തവിസർപ്പത്തിന്റെ ലക്ഷണങ്ങൾ മിക്കതും ഉണ്ടാകും— വിഷംകൊണ്ടുണ്ടാകുന്ന വിസർപ്പത്തിന്ന വിഷം നിമിത്തമായിട്ട യാതൊരു ദൊഷം കൊപിച്ചുവൊ അതിന്റെ ലക്ഷണങ്ങൾ കാണുകയും ചെയ്യും- രക്തവിസർപ്പത്തിന്നും വിഷംകൊണ്ടുണ്ടാകുന്ന വിസർപ്പത്തിന്നും ചികിത്സക്ക ഭെദമുണ്ടാകയാൽ അതുകളെ വെറെ ആക്കി പറഞ്ഞിരിക്കുന്നു.

൫൩- ഇത്യസൌനവധാതത്രവാതജസ്സ്യാച്ഛിശൊശ്ചലി।
വയസ്സ്വഭാവവൈചിത്ര്യാദിഭിന്നോദൃശ്യതേഷ്ടധാ॥

ഇങ്ങിനെ വിസർപ്പം വലിയവൎക്കാകിൽ ഒമ്പതുപ്രകാരംതന്നെ എങ്കിലും അതുകളിൽവെച്ച വാതവിസർപ്പം കുട്ടികൾക്ക ഉണ്ടാകുമ്പോൾ വയസ്സിന്റെയും സ്വഭാവത്തിന്റെയും ഭെദം

കൊണ്ട എട്ടുപ്രകാരത്തിൽ കാണപ്പെടുന്നു.

൮൯- തിലകോധാന്യകഃഖലഃകപിശഃകപിലസ്തഥാ।
രഞ്ജകഃക്ഷാരകോനീലഇതിതസ്യാഷ്ടധാസ്മൃതാഃ॥

തിലകവിസർപ്പം ധാന്യകവിസർപ്പം ഖലവിസർപ്പം കപിശവിസർപ്പം കപിലവിസർപ്പം രഞ്ജകവിസർപ്പം ക്ഷാരകവിസർപ്പം നീലവിസർപ്പം എന്നിവ അതിന്റെ പെരുകളാകുന്നു- മലയാളത്തിൽ ചിലെടത്ത ഇതിന്ന എൾക്കരപ്പൻ നെൽക്കരപ്പൻ മുതിരക്കരപ്പൻ ചെങ്കാക്കരപ്പൻ കിരാലിക്കരപ്പൻ പൊടിക്കരപ്പൻ വെണ്ണീക്കരപ്പൻ കരിങ്കരപ്പൻ ഇങ്ങിനെ പെർ പറയുന്നു.

൯൦- ജ്ഞേയഷ്ഷോഡശധാഭിന്നഃപിത്തജോമിതലാഘവ
യാഃ। മാഷകോമരിചഃകോലഃകൃമിവല്ലകഉദുംബരഃ॥

൯൧- ചിഞ്ചാപാകശ്ചവല്ലീച,ലോഹിതശ്ചപ്രവാളകഃ।
ശരാവകോരസാളശ്ചജടിലഃകണ്ടകീതഥാ॥

൯൨- വിന്ദുമാലാചവന്മീകഉഷരശ്ചേതികഥ്യതെ।
ശബ്ദൈഷ്ഷോഡശചഷ്ഠികൈഷ്ഷസ്ത്രിംശൈർവൈദ്യപുരസ്സരൈഃ॥

പിത്തജമായ വിസർപ്പം ബാലന്മാൎക്കാകിൽ പതിനാറ പ്രകാരമാകുന്നു- മാഷകവിസർപ്പം മരിചവിസർപ്പം കോലവിസർപ്പം കൃമിവല്ലകവിസർപ്പം ഉദുംബരവിസർപ്പം ചിഞ്ചാപാകവിസർപ്പം പല്ലിവിസർപ്പം ലോഹിതവിസർപ്പം പ്രവാളകവിസർപ്പം ശരാവകവിസർപ്പം രസാളവിസർപ്പം ജടിലവിസർപ്പം കണ്ടകിവിസർപ്പം വിന്ദുമാലാവിസർപ്പം വന്മീകവിസർപ്പം ഉഷരവിസർപ്പം ഇവ ഒക്കയും അതിന്റെ പെരാകുന്നു. മലയാളികൾ ഉഴുന്നിൻമണിക്കരപ്പൻ മുളകുമണിക്കരപ്പൻ ലന്തക്കുരുക്കരപ്പൻ വിഴാലരിക്കരപ്പൻ അത്തിക്കാക്കരപ്പൻ പുളിങ്കുരുക്കരപ്പൻ വള്ളിക്കരപ്പൻ ചെങ്കരപ്പൻ പവിഴക്കരപ്പൻ തളികക്കരപ്പൻ മാമ്പൂക്കരപ്പൻ ച ടക്കരപ്പൻ മുൾക്കരപ്പൻ പുള്ളിക്കരപ്പൻ പൊരുമക്കരപ്പൻ എലിക്കരപ്പൻ എന്ന പെർപറയുന്നു.

൯൩- ഏകവിംശതിധാരത്രകഫജസ്സ്യാച്ചാപ്യമീ।
സംജ്ഞാശബ്ദായവൊദ്രോണോവത്സകൊമചിചപത്മകഃ॥

൯൪- വിസാംകുരശ്ചസൊപാനഃശ്ലേഷ്മാഹരിതകസ്തഥാ।
ഫലകഃപടലശ്ശൃംഗീഗോപുരോമോദകസ്തഥാ॥

൯൫- ഉൽബുദശ്ശശപാദശ്ചചന്ദ്രകഃകപിത്ഥകഃ।
കിരാടൊചാരിശൾക്ഷ്ണമസ്ഥൂലാശ്ശകഞ്ജത്യപി॥

കഫവിസർപ്പം ബാലന്മാൎക്കാകിൽ ഇരുപത്തൊന്നു പ്രകാ

മാകുന്നു- യവവിസർപ്പം ഓംനവിസർപ്പം വത്സകവിസർപ്പം പത്മകവിസർപ്പം വിസാംകുരവിസർപ്പം സൊപാനവിസർപ്പം ക്ഷുമ്മവിസർപ്പം ഹരിതകവിസർപ്പം ഹലകവിസർപ്പം പടലവിസർപ്പം ശൃംഗിവിസർപ്പം ഗൊഖുരവിസർപ്പം മൊദകവിസർപ്പം ഉൽബുദവിസർപ്പം ശശപാദവിസർപ്പം ചന്ദ്രകവിസർപ്പം കപിത്ഥകവിസർപ്പം കിരാടവിസർപ്പം വാരിഗർഭവിസർപ്പം മസൂലവിസർപ്പം അശ്മകവിസർപ്പം ഇവ ഒക്കെയും അതിന്റെ പെരാകുന്നു- മലയാളികൾ മുളനെൽക്കരപ്പൻ ഇമ്പപ്പൂക്കരപ്പൻ കുടകപ്പാലരിക്കരപ്പൻ കൽത്താമരക്കരപ്പൻ വളയക്കൊടിക്കരപ്പൻ ഏണിക്കരപ്പൻ ആമക്കരപ്പൻ കറുകക്കരപ്പൻ ചലകക്കരപ്പൻ അടക്കരപ്പൻ കൊട്ടുവടിക്കരപ്പൻ മാടക്കാൽക്കരപ്പൻ ചികിടക്കരപ്പൻ പൊളക്കരപ്പൻ മൊയിലമിക്കരപ്പൻ പീലിക്കരപ്പൻ പ്ലാംപഴക്കരപ്പൻ പാടക്കരപ്പൻ നീക്കരപ്പൻ തൈർനീക്കരപ്പൻ കൽക്കരപ്പൻ ഇങ്ങിനെ പെർ പറയുന്നു.

൨൩- ജായതെഗ്നിവിസർപ്പാഖ്യംശ്ലെഷ്മകഫവഹിമാരുതാൻ ।
പിത്തയുക്താൻ പുരാണപ്രാകന്ഥംകഫമാരുതജസ്സുധാ ॥
൨൪- ഭവെൽഗ്രന്ഥിവിസർപ്പാഖ്യഃ പിത്തശ്ലെഷ്മാൽഭവൊ
പിചാസകർദ്ദമവിസർപ്പാഖ്യസ്സന്നിപാതാത്തഥാശനിഃ ॥
൨൫- രക്തദുഷ്ടവിചർക്കൊന്നശല്യകണ്വവിഷൊൽഭവാഃ ।
ഇത്യെവമെകപഞ്ചാശദ്വിസർപ്പാസ്സമുദീരിതാഃ ।

വാതപിത്തങ്ങൾകൊണ്ടു ഉണ്ടാകുന്ന വിസർപ്പം ബാലന്മാർക്കായാലും ഏകപ്രകാരംതന്നെ ആകുന്നു- ആയതിന്നു പെര അഗ്നിവിസർപ്പമെന്നാകുന്നു- മലയാളികൾ തീക്കരപ്പൻ എന്നു പെർ പറയുന്നു- ആയത ലക്ഷണത്തൊടുകൂടെ ഇവിടെ ആദിയിൽ പറയപ്പെട്ടിരിക്കുന്നു- വാതകഫങ്ങളെക്കൊണ്ടുണ്ടാകുന്ന വിസർപ്പവും മെല്പറഞ്ഞ ലക്ഷണപ്രകാരം ഏകവിധം തന്നെ- ആയതിന്നു ഗ്രന്ഥിവിസർപ്പമെന്നു പെരാകുന്നു- മലയാളികൾ മുഴക്കരപ്പനെന്നു പെർ പറയുന്നു- പിത്തകഫങ്ങളെക്കൊണ്ടുണ്ടാകുന്ന വിസർപ്പവും മെൽപറഞ്ഞ ലക്ഷണപ്രകാരം ഏകവിധംതന്നെ- ആയതിന്നു കർദ്ദമവിസർപ്പമെന്നു പെരാകുന്നു- മലയാളികൾ ചെക്കരപ്പൻ എന്നു പെർ പറയുന്നു- വാതപിത്തകഫങ്ങൾ കൊണ്ടുണ്ടാകുന്ന വിസർപ്പവും സമ്മിശ്രലക്ഷണമായി ഏകവിധമായിരിക്കും- ആയതിന്നു അശനിവിസർപ്പമെന്നു പെരാകുന്നു- മലയാളികൾ ഇടിവാൾക്കരപ്പനെന്നും പെർ പറയുന്നു- രക്തദൊഷംകൊണ്ടുണ്ടാകുന്ന വിസർപ്പവും മിക്കതും

പിത്തവിസർപ്പലക്ഷണങ്ങളോടുകൂടെ ഏകവിധമായിരിക്കും, ആയതിന്ന രക്തജവിസർപ്പമെന്ന പെരാകുന്നു- മലയാളികൾ പൊരക്കരപ്പനെന്ന പെർപറയുന്നു- വിഷംകൊണ്ടുണ്ടാകുന്ന വിസർപ്പവും ഏകവിധംതന്നെ- ആയതിന്ന ശല്യകവിസർപ്പമെന്ന പെരാകുന്നു- മലയാളികൾ ചില്ലിക്കരപ്പനെന്ന പെർപറയുന്നു- ഇങ്ങിനെ വിസർപ്പം ബാലന്മാൎക്ക അമ്പത്തൊന്ന പ്രകാരത്തിൽ ഉണ്ടാകും- ആയതിനെ ഒക്കെയും കരപ്പനെന്ന വാക്കുകൊണ്ട മലയാളികൾ വ്യവഹരിക്കുന്നു.

൨൯— അത്രൈകദോഷജാസ്സാദ്ധ്യാദ്വന്ദ്വജാശ്ചാനുപദ്രവാഃ।
യാപ്യാ രക്തോത്ഭവാ വാ സാദ്ധ്യാസ്സന്നിപാതസമുത്ഭവാഃ॥

൩൦— സൎവ്വേഭിഘാതസംഭൂതാ യഥാദോഷം വിഷോത്ഭവാഃ॥
സാദ്ധ്യോഭവേദസാദ്ധ്യാ വാ യാപ്യാ വാ പഥ്യസേവനാൽ॥

ഈ വിസർപ്പങ്ങളിൽ ചിലതൊരൊ ദോഷങ്ങൾകൊണ്ട ഉണ്ടാകുന്നവ സാദ്ധ്യങ്ങളാകുന്നു- ഈ രണ്ടു ദോഷങ്ങൾ കൊണ്ടുണ്ടാകുന്നവ ഒക്കെയും അതാതിന്ന പറഞ്ഞ ചികിത്സകൾക്ക വിരൊധികളായ ഉപദ്രവങ്ങളോടുകൂടാതെ ഇരുന്നാൽ സാദ്ധ്യങ്ങൾതന്നെ- മെൽപറഞ്ഞപ്രകാരം ഉപദ്രവങ്ങളുണ്ടായാൽ അസാദ്ധ്യങ്ങളാകുന്നു- രക്തദോഷംകൊണ്ടുണ്ടാകുന്ന വിസർപ്പം ഔഷധത്തെ ശീലിച്ചിരുന്നാൽ അധികമായി ഉപദ്രവിക്കാതെയും വിട്ടുപൊകാതെയും ഇരിക്കും- ത്രിദൊഷജമായ വിസർപ്പം അസാദ്ധ്യമാകുന്നു- അടി വീഴ്ച മുതലായതുകൊണ്ട മാംസം തട്ടിയ പ്രദെശത്തിങ്കൽ ഉണ്ടായാൽ എല്ലാവിസർപ്പവും അസാദ്ധ്യമാകുന്നു- വിഷംകൊണ്ടുണ്ടാകുന്ന വിസർപ്പം ദൊഷാനുസാരെണ സാദ്ധ്യമായിട്ടും അസാദ്ധ്യമായിട്ടും യാപ്യമായിട്ടുമിരിക്കും.

൩൧— ശീൎണ്ണസ്നായുസിരാമാംസാസ്സൎവ്വാമൎമ്മാനുസാരിണഃ।
പ്രക്ലിന്നാശ്ശവഗന്ധാശ്ചനൈവസാദ്ധ്യാസ്യുരൌഷധൈഃ॥

സ്നായുമാംസം ഞരമ്പ ഇവകൾ നുറുങ്ങിപ്പോകിലും മൎമ്മത്തിന്നടുത്ത പ്രദെശത്ത ഉണ്ടാകിലും ആന്തരധാതുക്കളിൽ പഴുത്തു കടക്കിലും ശവത്തിന്റെ ഗന്ധം പുറപ്പെടുകിലും വിസർപ്പങ്ങളൊക്കയും അസാദ്ധ്യങ്ങളാകുന്നു.

൩൨— അഥക്രമെണവക്ഷ്യന്തെലിംഗാനിചചികിത്സിതം।
തെഷാമനുക്തലിംഗാനാംപൃഥഗെവയഥാഗമം॥

മെൽപറഞ്ഞ വിസർപ്പങ്ങളിൽ ലക്ഷണം പറയാതെ ഉള്ളതുകളുടെ ലക്ഷണങ്ങളും അതാതിന്റെ ചികിത്സയും അനന്തരാദ്ധ്യായങ്ങളിൽ പറയപ്പെടുകയും ചെയ്യും.

ഇതി വാശാസോപനാമകരാമാനന്ദനാഥപണ്ഡിത പാരശവേന്ദ്രകൃതാവാരോഗ്യകല്പദ്രുമേ ബാലചികിത്സായാം നവമസൂരികാനാമനവമോദ്ധ്യായഃ

## ആരോഗ്യകല്പദ്രുമേ ബാലചികിത്സായാം ദശമാദ്ധ്യായപ്രാരംഭഃ

### എൾക്കരപ്പന്റെ ലക്ഷണം

൧- തിലപ്രമാണൈർവ്വിസ്ഫോടൈ രാചിതോ നീലലോഹിതൈഃ। വർച്ചോബന്ധാക്ഷിലൌഹിത്യശിരഃപർവ്വാസ്ഥിശൂലകൃൽ॥
൨- ശോഫോനാത്യുന്നതസ്തത്രതീവ്രരുക്തിലകോമതഃ। അംഗേഷുതത്രതത്രാസൌസ്യാദ്ദേഹകൃത്സ്നഏവവാ॥

എള്ളിൻമണിപ്രമാണങ്ങളായി കറപ്പോ ചുവപ്പോ നിറമായി നിറഞ്ഞിരിക്കുന്ന പുളകങ്ങളോടും മലബന്ധം കൺചുവപ്പ തലയിലും സന്ധികളിലും വേദന ഇവയൊടുംകൂടി അതാത അംഗങ്ങളിലൊ ശരീരത്തിങ്കൽ എല്ലാടവുമൊ വളരെ പൊക്കത്തൊടുകൂടാതെ ഉണ്ടാകുന്നത എൾക്കരപ്പനെന്നറിക.

### എൾക്കരപ്പന്റെ ചികിത്സാ

൩- പിഷ്ട്വാഗോപാത്മജാമൂലംപർണ്ണവത്യാസ്ത്വചോപിവാ। ക്ഷീരേണനാളികേരസ്യലിംപേദത്രമുഹുർമ്മുഹുഃ॥

നന്നാറിക്കിഴങ്ങൊ വെമ്പാടത്തൊലിയൊ തേങ്ങാപ്പാലിൽ അരച്ച കൂടക്കൂടെ തേക്കുക- എൾക്കരപ്പൻ ശമിക്കും.
൪- മഞ്ജിഷ്ഠാഗോപികാമുസ്താഃപിഷ്ട്വാവാദധിമസ്തുനാ। ലേപഃകാര്യോത്രതൈർന്നവതിലകസ്യത്വചോപിവാ॥

മഞ്ചട്ടിപ്പൊടി നന്നാറിക്കിഴങ്ങ മുത്തങ്ങക്കിഴങ്ങ ഇവ തയിർവെള്ളത്തിൽ അരച്ച തേക്കുക- മയിലെള്ളിന്റെ തൊലി തയിർവെള്ളത്തിൽ അരച്ച തേക്കുക- എൾക്കരപ്പൻ ശമിക്കും-

(മുസ്താദികഷായം)

൫- മുസ്താനിംബപടോലാതിബലാദാരുനിശാദ്വയൈഃ। കാഥഞ്ചപായയേത്സിദ്ധംകടുകാചൂർണ്ണമിശ്രിതം॥

മുത്തങ്ങക്കിഴങ്ങ വേപ്പിൻതൊലി പടോലം ഊരകത്തി

ൻവെര ദെവതാരം വരട്ടുമഞ്ഞൾ മരമഞ്ഞത്തൊലി ഇവ കൊണ്ടു കഷായം വെച്ചു കടുകരൊഹിണി മെല്പൊടി ചെൎത്തു സെവിപ്പിക്ക- എൾക്കരപ്പൻ ശമിക്കും.

(ശാരിബാദി കഷായം)

൯– അഥവാശാരിബൊശീരപുനൎന്നവയവാഷകൈഃ।
ദ്രാക്ഷാഭയാമൃതൈസ്സിദ്ധംബലിനാംവാവിരെചയെൽ॥

നന്നാറിക്കിഴങ്ങു രാമച്ചം തഴുതാമവെര കൊടിത്തൂവവെര മുന്തിരിങ്ങാപ്പഴം കടുക്ക ഇവകൊണ്ടു കഷായംവെച്ചു കടുകരൊഹിണി മെല്പൊടി ചെൎത്തു സെവിപ്പിക്ക- രൊഗിക്കു ബലമുണ്ടെങ്കിൽ വയറിളക്കുകയുമാം.

൰– ക്ഷീരെണവൈതൈലമെരണ്ഡംധാരൊഷ്ണെനപ്രശസ്യതെ।
പയസാനാളികെരസ്യചൂൎണ്ണഃകംഭൊദ്ഭവൊപിവാ॥

അപ്പൊൾ കറന്ന പാലിൽ ആവണക്കെണ്ണ ചെൎത്തു കൊടുക്കുക- അല്ലായെങ്കിൽ ത്രികൊല്പക്കൊന്ന പൊടിച്ചു തെങ്ങാപ്പാലിൽ കൊടുക്കുക- വയറിളകും.

(അവിപത്തി പൊടി)

൰൧– കൃമിഘ്നാമലകാംഭൊദത്രിജാതകകടുത്രയൈഃ।
കുംഭംസമാംശംസഞ്ചൂൎണ്ണ്യമധുനാസമശൎക്കരം॥

൰൨– ദദ്യാദ്ദ്വാമാത്രയാലഘ്വ്യാബാലംയത്നെനപാലയൻ।
അവിപത്തിരയംയൊഗൊബാലെഷ്വപ്യനവാരിതഃ॥

വിഴാലരി നെല്ലിക്ക മുത്തങ്ങക്കിഴങ്ങു ഏലത്തരി ഏലവങ്ങത്തൊലി പച്ചില ത്രികടു ഇവ സമം ഒക്കൊടിയെടത്തൊളം ത്രികൊല്പക്കൊന്ന ഇങ്ങിനെ കുട്ടിപ്പൊടിച്ചു ആ പൊടി പഞ്ചസാര സമംചെൎത്തു തെനിൽ ചാലിച്ചു സെവിപ്പിക്ക- മാത്ര അധികമായി പൊകരുതു.

(ധനികാദി കഷായം)

൰൩– സമൃഗചിരകൈസ്സഞ്ജാതെധനികപൎപ്പടാംബുദൈഃ।
ദാൎവ്വീവിളംഗമഞ്ജിഷ്ഠാദാരുഭിഃസ്വാശൃതഞ്ജലം॥

൰൪– പായയെന്മധുസമ്മിശ്രംഗുഗ്ഗുലുവെതരെണവാ।
വിരെകാൎത്ഥംതദൊഷസ്യശാന്ത്യൈപാദവംക്ഷണംദനെഃ॥

വയറു നല്ലവണ്ണം ഇളകിയാൽ കൊത്തമ്പാലയരി പൎപ്പടം മുത്തങ്ങക്കിഴങ്ങു മരമഞ്ഞത്തൊലി വിഴാലരി മഞ്ചട്ടിപ്പൊളി ദെവതാരം ഇവകൊണ്ടു കഷായംവെച്ചു തെനൊ ഗുഗ്ഗുലുവൊ മെല്പൊടിചെൎത്തു സെവിപ്പിക്ക- എന്നാൽ എൾക്കരപ്പൻ ഉടനെ ശമിക്കും.

(മഞ്ജിഷ്ഠാദി കഷായം)

൩൨– മഞ്ജിഷ്ഠാതിലകാശ്മീരരവിവല്ലീസുരദ്രുമൈഃ।
മുസ്താപർപ്പടദാർവ്വീത്വക്ക്വാഥോയമാമദോഷഭേഷജഃ॥
൩൩– നക്തമാലപടോലാഭ്യാംവൈദ്യസ്സിദ്ധംവാമധുമിശ്രിതം।
പായയേദ്ഭോരിയുഞ്ജീതതൈൎവ്വാലേപ്പമധുസ്സഹം॥

മഞ്ചെട്ടിപ്പൊടി മയിലെള്ളിൻതൊലി രാമച്ചം വെമ്പാടത്തൊലി ദേവതാരം മുത്തങ്ങക്കിഴങ്ങ പർപ്പടം മരമഞ്ഞത്തൊലി ബ്രഹ്മി ചുക്ക ഉങ്ങിൻതൊലി പടൊലം ഇവകൊണ്ട കഷായംവെച്ച തേൻമെമ്പൊടിചെൎത്ത സെവിപ്പിക്ക– ൩൩ കഷായത്തിന്റെ മരുന്നുകളിൽ മുലപ്പാവുകൂടെ ചെൎക്കകയുമാം·

൩൪– അനന്തബന്ധുശാഖസ്യത്വചസ്ഥിലകമൈരിണാഃ।
സംക്ഷുദ്യാംഭസിനിഷ്പാദ്യസമാനൈശ്ശിവതന്തുഭിഃ॥
൩൫– പാദശെഷസ്രുതെതത്രതൊത്തുല്യംഗവാംപയഃ।
അധിശ്രിത്യപയശ്ശേഷമവതാൎയ്യചശീതളെ॥
൩൬– ആസിച്യമഥിതംകിഞ്ചിദന്യദ്ദൃഃപരിമഥ്യതൽ।
തസ്മാജ്ജാതമുപാദായനവനീതംവിലെപയെൽ॥

നീര ശമിക്കാതെ നിന്നാൽ മയിലെള്ളിൻതൊലി ഏകനായകത്തിൻവെരുമ്മർതൊലി ഇവ സമം രണ്ടാംകൂടിയെടത്തൊളം ശിവനാര ഇങ്ങിനെ ചെൎത്ത കഷായംവെച്ച നാലിൽ ഒരു ഭാഗം ശെഷിപ്പിച്ച പിഴിഞ്ഞരിച്ച ആ കഷായത്തൊടുതുല്യമായി പശുവിൻപാലചെൎത്ത കുറുക്കി പകുതിവററിയാൽ വാങ്ങി ആറിയാൽ വെള്ളംകൂടാതെ കലക്കിയതൈര ഉറപകൎന്ന പിററന്നാൾ കലക്കി എടുത്ത നെയ്യ പുരട്ടുക– ഇത സെവിപ്പിക്കകയുമാം എല്ലാംകരപ്പൻ ശമിക്കും·

൩൭– തൈലെനവധാത്രീമധുകമഞ്ജിഷ്ഠാചന്ദനോൽപലം।
രാജാമൂൎദ്ധ്നിപസന്ദ്യ്രൊൽകിരൊദാരെഫതിദാരുണെ॥
൩൮– അഥവാത്രതദേവഷ്ഠംനാരീസ്തന്യേനയൊജിതം।
ധാത്രീചന്ദനയൊരെവചൂൎണ്ണംവാസ്തന്യസംയുതം॥

നെല്ലിക്ക ഇരട്ടിമധുരം മഞ്ചെട്ടിപ്പൊടി ചന്ദനം ഇവ പൊടിച്ച മെൽപറഞ്ഞ നെയ്യിൽ ചാലിച്ച തലയിൽ കുഴമ്പിടുക തലപൂട ശമിക്കും– തലപ്പൂപ്പുട അധികമായി ഉണ്ടെങ്കിൽ അല്ലാതെ വെണ്ണനെയ്യ ചെൎക്കേണ്ട– മുലപ്പാലിൽ ചാലിച്ച മൂൎദ്ധാവിങ്കലിട്ടാൽ മതി– നെല്ലിക്കയും ചന്ദനവും തന്നെ പൊടിച്ച മുലപ്പാലിൽ ചാലിച്ച മൂൎദ്ധാവിൽ ഇടുകയുമാം·

(നെററിക്ക ലേപനത്തിന്ന)

൩൯- ഫാലേലേപശ്ചശസ്താത്രനായകേന്ദ്രമദാംബുഭിഃ।
സോശീരചന്ദനാംഭോദൈശ്ചൂർണ്ണിതൈസ്സന്യയോജി
തൈഃ॥

ചെന്നിനായകം കന്നാരം ഇരുവേലി രാമച്ചം ചന്ദനം മുത്തങ്ങക്കിഴങ്ങ ഇവ പൊടിച്ച മുലപ്പാലിലരെത്ത നെററിമേലിടുക- തലവേദന കണ്ണിൽചുവപ്പ ഇവ ശമിക്കും.

൪൦- നവനീതപ്രലേപാദ്യാസ്സമീചിധയംരംരിതാഃ। സ
ർവ്വസാധാരണാസ്സർവ്വാത്താനന്യത്രാപിയോജയേൽ॥

വെണ്ണനെയ്യകൊണ്ടുള്ള ലേപനംമുതൽ മേൽപറയപ്പെട്ടപ്രയോഗങ്ങൾ എല്ലാ കരപ്പനും പററുന്നതാകുന്നു.

(ശിതികിംശുകാദി തൈലം)

൪൧- ശിതികിംശുകനിർഗ്ഗുണ്ഡീവിരള്ളാസൃഷ്ടിരസേ।
തൈജ്ജോപതീവിള്ളംഗൈലാകാരവീകല്ക്കസംയുതേ॥

൪൨- പാരന്തീപുഷ്പസാരേണതുല്യംകേരഫലോത്ഭവം।
സ്നേഹംവിപച്യപാനാർത്ഥംദ്ര്യാദപാതസ്യശാന്തയേ॥

കരുമുരുക്കില കരുനൊച്ചിയില കഞ്ഞിക്കൊട്ടകത്തിൻതളിര പല്ലാനിത്തളിര ഇവററിൻനീരിൽ ചെറുപുന്നയരി വിഴാലരി ഏലത്തരി കുംഞ്ചീരകം ഇവ അരച്ച കലക്കി വെളിച്ചെണ്ണയും തെച്ചിപ്പൂവ വാട്ടിപ്പിഴിഞ്ഞെടുത്ത നീരും സമംചേർത്ത കാച്ചിയരിച്ച ആ വെളിച്ചെണ്ണ സേവിപ്പിക്ക- എല്ലാകരപ്പൻ ശമിക്കും.

(തുളസീദൂർവ്വാദി തൈലം)

൪൩- അഥവാതുളസീദൂർവ്വാഹരിപുഷ്പീനിശാരസേ।
വരാമധുകമഞ്ജിഷ്ഠാകുഷ്ഠയഷ്ടികചന്ദനൈഃ॥

൪൪- കില്ക്കൈതൈർദ്വിഗുണംതോപാരന്തീപുഷ്പജംരസം। സി
ദ്ധംവാദാപിമൌസ്നേഹൌതിലകപ്രാണഹാരിണൌ॥

തുളസി കറുക പൂവ്വരശിൻകുമ്പ പച്ചമഞ്ഞൾ ഇവററിൻ നീരിൽ ത്രിഫല ഇരുപ്പക്കാതൽ മഞ്ചെട്ടിപ്പൊടി കൊട്ടം ഇരട്ടിമധുരം രക്തചന്ദനം ഇവഅരച്ചുകലക്കി വെളിച്ചെണ്ണയിൽ ഇരട്ടി തെച്ചിപ്പൂവിന്റെ നീരുചേർത്ത കാച്ചിയരിച്ച സേവിപ്പിക്ക- എല്ലാകരപ്പൻ ശമിക്കും.

(തെപ്പാൻ ഖദിരാംബുദാദിതൈലം)

൨൪- ഖദിരാംബുദയഷ്ട്യാഹ്വാവിലാദാരുബലാശ്ശതി
പാഠസ്ഥാംഭസിസംയോജ്യപാരന്തീപുണ്ഡ്രജംരസം॥
൨൫- സപാസമാംശംപാരിഭദ്രോത്ഥംദ്വിഗുണംകിംശുകോത്ഭ
വം। ത്രിഗുണംഗിരിമല്ലിന്യാസ്തഥാസംസ്രാവ്യശോധി
തെ॥
൨൬- കല്കിതൈസ്ത്രിഫലാചോരമഞ്ജിഷ്ഠാഗരുചന്ദനൈഃ।
സൌശീരവാളകവ്യാധിമധുകാമരദാരുഭിഃ॥
൨൭- സൈലാസരളനാഗാഹ്വാമാംസീതഗരശുക്തിഭിഃ।
തൈലംവാനാളികേരസ്യസ്നേഹംപാതൽപയോയുതം॥
൨൮- സിദ്ധമഭ്യഞ്ജനായാസ്യവിദ്ധ്യാച്ചവിസർപ്പിണഃ।
ശിരസസ്സേചനെധാത്രീകഷായൊസ്യപ്രശസ്യതെ॥

കരിങ്ങാലിക്കാതൽ മുത്തങ്ങക്കിഴങ്ങ എരട്ടിമധുരം കുമ്മത്തിൻവേര ദേവതാരം കുറുന്തോട്ടിവേര ഇവകൊണ്ടു കഷായംവച്ച എണ്ണയോട സമംതെച്ചിപ്പൂവ്വിൻനീരും അതിലിരട്ടി കഞ്ഞുണ്ണിനീരും മൂന്നിരട്ടി കരുമുരിക്കില നീരും അത്രമലയമുക്കിനീരും ചെത്തി അരിച്ച ത്രിഫല കച്ചൂരിക്കിഴങ്ങ മഞ്ചട്ടിപ്പൊടി അകില ചന്ദനം രാമച്ചം ഇരുവേലി കൊട്ടം എരട്ടിമധുരം ദേവതാരം ഏലത്തരി ചരളം നാകപ്പൂവ്വ മാഞ്ചി തകരം മുത്തശിപ്പി ഇവ അരച്ചുകലക്കി എണ്ണയോ വെളിച്ചെണ്ണയോ ചെത്തി അത്രതേങ്ങാപ്പാലും കൂട്ടി കാച്ചിഅരിച്ചു തേപ്പിക്കനെല്ലിക്കവെള്ളം വച്ചു തലയ്ക്കൊഴിക്കുക പച്ചവെള്ളത്തിൽ കുളിപ്പിക്കരുതു.

(ബലാമധുകാദിതൈലം)

൩൦- ബലാമധുകലാക്ഷാർക്കവല്ലീതക്വാഥകല്കിതൈഃ।
ചതുജ്ജാതകചോരാശപാഗന്ധാസരളചന്ദനൈഃ॥
൩൧- ശൈലേയനളദസ്പൃക്കാജലദ്ധ്യാമയയഷ്ടിഭിഃ।
കുന്ദുരുഷ്കനിശാകൃഷ്ണശാരിബാഭിശ്ചസാധിതം॥
൩൨- സ്നേഹംസമാനമസ്ഥാപാദ്ധ്യംനാളികേരഫലോത്ഭവം।
യുഞ്ജീതചാധഃകായസ്യഖദിരാംഭശ്ചസേചനെ॥

കുറുന്തോട്ടിവേര എരട്ടിമധുരം കൊലരക്ക വെമ്പാടത്തൊലി ഇവകൊണ്ടു കഷായംവച്ച ഏലത്തരി ഏലവങ്ങത്തൊലി പച്ചില നാഗപ്പൂവ്വ കച്ചൂരിക്കിഴങ്ങ അമുക്കുരം ചരളം ചന്ദനം കന്നതം രാമച്ചം ചൊനകപ്പുല്ല ഇരുവേലി നാന്മുകപ്പുല്ല എരട്ടിമധുരം കന്തുരുക്കം വരട്ടുമഞ്ഞൾ കൊട്ടം നന്നാറി

കിഴങ്ങ ഇവ അരച്ചുകലക്കി വെളിച്ചെണ്ണയോട സമം തയിർവെള്ളവും ചെൎത്ത കാച്ചിയരിച്ച കഴുത്തിന്നുകീഴ തെപ്പിക്കുക മെലെക്കെകര ഞാലിക്കാതലിട്ട വെള്ളംവെച്ച അതുകൊണ്ട തെച്ചുകഴുകുകയും കുളിക്കുമ്പോൾ മെൽ പകരുകയും ചെയ്ക.

(കണ്ണിലെക്കിഴി)

൩൩— ദാൎവ്വീധാന്യകസംയുക്തൈൎന്ന്യാവൎത്തസ്യകുഡ്മളൈഃ।
സസൂതൈസ്സ്യരക്ഷോലെപഹിതൈശ്ചൂൎണ്ണമിശ്രിതംഗ്രഹഃ॥

മരമഞ്ഞൾതൊലി കൊത്തമ്പാലയരി നന്ത്യാർവട്ടത്തിൻമൊട്ട ഇവ ചതച്ച കിഴികെട്ടി മുലപ്പാലിലിട്ട ക്കൂടക്കൂടെ എടുത്ത കണ്ണിൽ പിഴിയുക കണ്ണിലെചുവപ്പമാറും

നെൽക്കരപ്പന്റെ ലക്ഷണം

൩൪— ഷഷ്ടികാകൃതിഭിസ്ഫോടൈരാചിതശ്ശോഫളന്നതഃ।
തീവ്രജ്വരയുതൊനെത്രാൽസ്രാവയന്നശ്രുസന്തതം॥
൩൫— ഭ്രമപ്രലാപമൂൎഛാൎത്തിച്ഛൎദ്യരൊചകസംയുതഃ।
അംഗെഷുതത്രതത്രൊദ്ഭൂതഃപശ്ചാദ്വിസ്തൃതഃ॥
൩൬— മലമൂത്രനിരൊധാഗ്നിസാദവൈവശ്യകാസകൃൽ।
താലുശൊഷയുതശ്ചാപിധാന്യകസ്സംഗദൊമതഃ॥

നെൽക്കരപ്പന നവരനെൽമണി പ്രമാണങ്ങളായ പുളകങ്ങൾ നിറഞ്ഞ നീര ഉയൎന്നിരിക്കയും കഠിനമായിരിക്കുന്ന പനിയുണ്ടാകയും കണ്ണിൽനിന്ന എല്ലായ്പ്പൊഴും നീരൊഴുകുകയും തലതിരിച്ചൽ പെചാക്ക തലവെദന ഛൎദ്ദി അരൊചകം ഇവ ഉണ്ടാകയും ശരീരത്തിങ്കൽ അവിടവിടെ പുറപ്പെട്ട പിന്നെ ക്രമെണ പരന്ന ഒന്നായി ചെരുകയും മലമൂത്രങ്ങൾക്ക തടവുണ്ടാകയും അഗ്നിമാന്ദ്യവും ച്ചെയടപ്പും വായവരൾച്ചയും ഇവ ലക്ഷണമാകുന്നു.

(നെൽക്കരപ്പന്റെ ചികിത്സ)

൩൭— ശതാഹ്വാംനാളികെരസ്യപിഷ്ട്വാക്ഷീരെണലെപയെൽ। ധാന്യകഃപ്രശമംയാതിതന്മാത്രെണനചാത്ഭുതഃ॥

ചതകുപ്പ തെങ്ങാപ്പാലിൽ അരച്ചുപുരട്ടുക ഉണ്ടായിട്ട ഉടനെ ഒരു പ്രവൃത്തി ചെയ്താൽ അതുകൊണ്ടുതന്നെ നെൽക്കരപ്പൻ ശമിക്കയുംചെയ്യും.

൩൮- സുരാഹ്വംകൃഷ്ണഗന്ധാംവാമുസ്താംധാന്യകമേവവാ।
കുഷ്ഠാംവാമുസലീകന്ദംപ്രാഗ്വൽപിഷ്ടാവിലേപയേൽ॥

ദേവതാരം കരിംത്തൂവ മുത്തങ്ങക്കിഴങ്ങ കൊത്തമ്പാലയരി കൊട്ടം നിലപ്പനക്കിഴങ്ങ ഇവററുകളിൽ ഏതെങ്കിലുമൊന്ന തേങ്ങാപ്പാലിൽ അരച്ച പുരട്ടുകയുമാം

൩൯- മലബന്ധവിരേകഞ്ചകുര്യാത്തദ്വിതമൌഷധം।
തിലകസ്യചികിത്സായാമുക്താന്തച്ചാത്രയുജ്യതാം॥

മലബന്ധമുണ്ടെങ്കിൽ വയറിളക്കേണം അതിന്ന വേണ്ട ഔഷധം ഏറ്റക്കരപ്പന്റെ ചികിത്സയിൽ പറഞ്ഞിട്ടുണ്ട- അത ചെയ്താൽ മതി- കരപ്പന്റെ ചികിത്സകളിൽ എല്ലാററിലും വയറിളക്കുവാൻ ഏറ്റക്കരപ്പന്റെ ചികിത്സയിൽ പറഞ്ഞ മരുന്നുതന്നെ മതി.

(ദ്രാക്ഷാഷ്ടകകഷായം)

൪൰- മുസ്താദാരുബലാരിഷ്ടപടോലരജനീദ്വയൈഃ।
ദ്രാക്ഷാഷ്ടകൈഃകഷായഞ്ചപായയേൽകാരവീയുതം॥

മുത്തങ്ങക്കിഴങ്ങ ദേവതാരം കുറുന്തോട്ടിവേര വേപ്പിന്തൊലി പടോലം വരട്ടുമഞ്ഞൾ മരമഞ്ഞൾത്തൊലി മുന്തിരിങ്ങാപ്പഴം ഇവകൊണ്ട കഷായംവെച്ച കരിഞ്ചീരകം മേമ്പൊടി ചേൎത്ത സേവിപ്പിക്ക നെൽക്കരപ്പൻ ശമിക്കും

(ധാത്ര്യാദികഷായം)

൪൧- ധാത്രീപടോലമുസ്താഭിഃപാരന്തീകുസുമൈസ്സമൈഃ।
കൈശികീഫലമൂൎന്നാഢ്യഃകാഥസ്തസ്യൌഷധംപരം॥

നെല്ലിക്ക പടോലം മുത്തങ്ങക്കിഴങ്ങ ഇവസമം മൂന്നും കുളിയെടത്താളും തെച്ചിപ്പൂവ്വ ഇങ്ങിനെ ചേൎത്ത കഷായം വെച്ച മാശിക്കമേമ്പൊടിചേൎത്ത സേവിപ്പിക്ക നെൽക്കരപ്പൻ ശമിക്കും

(ദൂൎവ്വാദിതൈലം)

൪൨- ദൂൎവ്വാപൎണ്ണനിൎഗ്ഗുണ്ഡീനീലകിംശുകപല്ലവാൻ।
സംക്ഷുദ്യരസമാദായകാരവീമധുകാഞ്ജനൈഃ॥
൪൩- കല്കിതൈസ്നാളികേരസ്യപ്രസ്ഥംതൽക്ഷീരസംയുതം।
സിദ്ധംപാമനശമയേദ്ധാന്യകാംസപ്തഭിൎദ്ദിനൈഃ॥

കറുക പാച്ചിട്ടത്തളിര കരുനൊച്ചിയില കരുമുരുക്കില ഇവ ഇടിച്ചുപിഴിഞ്ഞെടുത്തനീരിൽ കരിഞ്ചീരകം ഏരട്ടിമധുരം അഞ്ജനക്കല്ല ഇവ അരച്ചുകലക്കി വെളിച്ചെണ്ണയും വെളിച്ചെണ്ണ

യോളം തേങ്ങാപ്പാലും ചേൎത്ത കാച്ചിയരിച്ച സേവിപ്പിക്ക- ഏഴുദിവസംകൊണ്ട നേൎക്കരപ്പൻ ശമിക്കും·

(വേത്രപല്ലവാദിതൈലം)

൭൧- വെത്രപല്ലവകൈവൎത്തീബൃഹതീപത്രമജ്ജരസൈഃ|
പിഷ്ടാശോണലതാകന്ദംകല്കീകൃത്യപ്രസാധിതം||
൭൨- നാളികെരൊത്ഭവംസ്നെഹംപായയെദ്വാപ്രശാന്തയെ|
അതിവൃദ്ധസ്യതസ്യാശുസംപ്രാപ്തെഹ്നഉപക്രമെ||

പച്ചച്ചൂരലിന്റെ തല കരിന്തുമ്പ ചെറുവഴുതിനയില ഇവ ഇടിച്ചുപിഴിഞ്ഞെടുത്തനീരിൽ ചെന്ത്രവള്ളിക്കിഴങ്ങ അരച്ച കലക്കി വെളിച്ചെണ്ണയും തേങ്ങാപ്പാലും ചേൎത്ത കാച്ചിയരിച്ച രാവിലെ സേവിപ്പിക്ക ഏറ്റവും വൎദ്ധിച്ചനേൎക്കരപ്പൻശമിക്കും

൭൩- തിലകൈകാൎക്കംപ്രയുഞ്ജീതസൎവ്വമന്യദ്യഥൊചിതം|
സിദ്ധെച്ചമസ്തുപിഷ്ടാഢ്യപയസാശൊഫമുൽബണം||

മേൽപറഞ്ഞ ചികിത്സകൾ ഒഴിച്ച ശേഷമുള്ളത ഒക്കെയും ഏൾക്കരപ്പന്റെ ചികിത്സയിൽ പറഞ്ഞപ്രകാരം ചെയ്തുകൊണ്ടാൽമതി നീര അധികമായി ഉണ്ടാകിൽ പാലിൽ മുത്തങ്ങ അരച്ചുകലക്കി അതുകൊണ്ട ധാരയിടുക·

(നിൎഗ്ഗുണ്ഡ്യാദി കഷായം)

൭൪- മൂത്രബന്ധേതുനിൎഗ്ഗുണ്ഡീപലംകഷപുനൎന്നവെഃ|
കൂശ്മാണ്ഡവല്ലീസംയുക്തൈഃക്വാസ്സിദ്ധമംഭശ്ചപായയെൽ||

വയറിളക്കിയതുകൊണ്ട മൂത്രത്തിന്റെ തടവ തീൎന്നില എന്നിരിക്കിൽ കരുനൊച്ചിവേര ഞെരിഞ്ഞില തമിഴാമവേര കുമ്പളവള്ളി ഇവകൊണ്ട കഷായംവച്ച ഏലത്തരിയൊ ഞെരിഞ്ഞിലൊ മെപ്പടിചേൎത്തസേവിപ്പിക്കുകയും വെണം· മൂത്രത്തിന്റെ ഗതി വെണ്ടുംവണ്ണമായാൽ മുൻപറഞ്ഞ കഷായംതന്നെ സേവിപ്പിക്കുകയും വെണം·

(മുതിരക്കരപ്പന്റെ ലക്ഷണം

൭൫- കുലസ്ഥസദൃശൈഃസ്ഫൊടൈരാചിതൊലൊഹിതാസിതഃ|
ശൊഫഃഖലൂഇതിജ്ഞെയൊരൌക്ഷ്യാവദരണാന്വിതഃ||

മുതിരമണിയോളം വലിപ്പത്തോടും മുതിരമണിയുടെ നിറംപോലെയുള്ള നിറത്തോടും കൂടിയ പുളകങ്ങൾ നിറഞ്ഞ കറുപ്പുംചുവപ്പുംകൂടിയനിറത്തോടുകൂടിമെഴുകിന്റെഛായ നിശ്ശേഷ

മായി നശിച്ചുവില ദിക്കിൽ വിള്ളലൊട്ടുകൂടിയനീര മൂതിരക്കരപ്പനെന്ന അറിഞ്ഞുകൊൾക.

## മൂതിരക്കരപ്പന്റെ ചികിത്സാ

### (അരച്ചുതെപ്പാൻ)

൬൯– തംവിലിംപെൽബലാരാസ്നാസുരാഹ്വനതചന്ദനൈഃ।
പഥ്യാകാളാരിമെദതാഗജഝടാഭിരഥാപിവാ॥
൭൦– നാളികെരപയഃപിഷ്ടൈസ്ത്രിഫലാലാക്ഷാബ്ദചന്ദനൈഃ।
അഥവാകദളീപുഷ്പശതാഹ്വാജീവകർഷഭൈഃ॥

കുറുന്തോട്ടിവെര അരത്ത ദെവതാരം തകരം ചന്ദനം ഇവയൊ കടുക്ക കരുവെലപ്പട്ട കിഴാനെല്ലി ഇവയൊ കൊലരക്ക മുത്തെങ്ങക്കിഴങ്ങ ചന്ദനം ഇവയൊ തെങ്ങിൻപൂക്കുലയരി വതകപ്പ ജീവകം ഋഷഭകം ഇവയൊ തെങ്ങാപ്പാലിൽ അരച്ചുതെക്കുക- മൂതിരക്കരപ്പൻ ശമിക്കും.

### (പടൊലാദികഷായം)

൭൧– പടൊലപിചുമന്ദതാഗ്വാർവ്വീഭൂനിംബയഷ്ടികൈഃ।
ത്രായമാണാഭയാവാസാമൃതൈലശ്വാകഥിതംജലം॥
൭൨– പായയെൽപിപ്പലീചൂർണ്ണസഹിതഞ്ചവിരെചയെൽ।
ബലിനംവാത്രയുഞ്ജീതതില്വകൊക്തന്തദൗഷധം॥

പടൊലം വെപ്പിൻതൊലി മരമഞ്ഞൾതൊലി പുത്തരിച്ചുണ്ട വെരുമാൽതൊലി ഇരട്ടിമധുരം ബ്രഹ്മി കടുക്ക ആടലൊടകത്തിൻവെര ഇവകൊണ്ട കഷായംവെച്ച തിപ്പലി മെപ്പൊടി ചെർത്ത സെവിപ്പിക്ക- ബലമുള്ളവനാകിൽ വയറിളക്കുകയുമാം അതിന്ന ഏൾക്കരപ്പന്റെ ചികിത്സയിൽ പറഞ്ഞ ഔഷധം തന്നെ മതി.

### (വിളംഗാദി കഷായം)

൭൩– വിളംഗേഭകണപാരന്തീകസുമൈഃകാരവീയുതൈഃ।
കൃതഃകഷായശ്ശസ്തൊത്രരജനീചൂർണ്ണമിശ്രിതഃ॥

വിഴാലരി മുത്തെങ്ങക്കിഴങ്ങ തെച്ചിപ്പൂവ്വ കരിഞ്ചീരകം ഇവകൊണ്ട കഷായംവെച്ച വരട്ടുമഞ്ഞൾ മെപ്പൊടിചെർത്ത സെവിപ്പിക്ക- മൂതിരക്കരപ്പൻ ശമിക്കും.

### (പുനർന്നവാദി തൈലം)

൭൪– പുനർന്നവവരായഷ്ടികഷായെപിഷ്ടകല്കിതൈഃ।
മധുകാഞ്ജനകുഷ്ഠാബ്ദചന്ദനൈഃഖദിരാന്വിതൈഃ॥

൬൩– അശ്മന്തസജ്ജംബീരകിംശുകസാരസൈസ്സമം।
വിപാകപാംനാളികേരസ്യസ്നേഹംവാപായയേദമും॥

തമിഴാമവേര ത്രിഫല എരട്ടിമധുരം ഇവ കഷായംവെച്ച എരട്ടിമധുരം അഞ്ജനക്കല്ല കൊട്ടം മുത്തെങ്ങക്കിഴങ്ങ ചന്ദനം കരിങ്ങാലിക്കാതൽ ഇവ അരച്ചുകലക്കി ഞെരിഞ്ഞാമ്പുളിക്കിഴങ്ങിൻനീരും ചെറുനാരങ്ങനീരും കരുമുരുക്കിലനീരും വെളിച്ചെണ്ണയും സമംചെൎത്ത കാച്ചിയരിച്ച സെവിപ്പിക്കുകയുമാം മുതിരക്കരപ്പൻ ശമിക്കും.

൬൪– യച്ചാന്യത്തിലകംകപ്രാക്തംധാന്യകെയച്ചകീൎത്തിതം।
തത്സൎവ്വമിഷ്ടമത്രാപിയൊവിശെഷസ്സകഥ്യതെ॥

എള്ളുക്കരപ്പന്റെയും നെൽക്കരപ്പന്റെയും ചികിത്സകളിൽ പറഞ്ഞ ലെപനാദികളെ ഒഴിച്ച വെറെ പറഞ്ഞിട്ടുള്ളത മിക്കതും മുതിരക്കരപ്പന പറയുന്നതാകുന്നു– ഇനി വിശെഷിച്ചുവെണ്ടത താഴെ പറയുന്നു.

(ഉശീരാദി തൈലം)

൬൫– ഉശീരമുസ്താനിംബാപാമലധാത്രീഫലരസാന്വിതെ,
കല്കിതൈസ്സരളസ്ത്യക്കാഷഡീചന്ദനയഷ്ടിഭിഃ॥

൬൬– ജ്യോതിഷ്മതീനിശാന്തഃരെഖാകുടചവാരിഭിഃ।
വിപാകപാംനാളികേരസ്യസ്നേഹംമൂൎദ്ധ്നിയോജയെൽ।

രാമച്ചം മുത്തെങ്ങക്കിഴങ്ങ ഇവകൊണ്ട കഷായംവെച്ച അതിൽ വെളിച്ചെണ്ണയോളം നെല്ലിക്കനീര ചെൎത്ത പരുത്തിക്കുരു ചൊനകപ്പുല്ല കച്ചൂരിക്കിഴങ്ങ ചന്ദനം എരട്ടിമധുരം ചെറുപ്പുന്നയരി കാൎകൊകിലരി കുടകപ്പാലയരി ഇരുവെലി ഇവ അരച്ചുകലക്കി വെളിച്ചെണ്ണചെൎത്ത കാച്ചിയരിച്ച തലയിൽതെപ്പിക്കുക–

(മഞ്ജിഷ്ഠാദി തൈലം)

൬൭– മഞ്ജിഷ്ഠാശാരിബാകുഷ്ഠസലിലൊശീരചന്ദനൈഃ।
തല്കിതൈസ്സഹയഷ്ട്യാഹ്വൈഃ ധാന്യാമ്ലെതഞ്ച സാധിതം॥

൬൮– നിംബാമൃതാവാശാപലാലാക്ഷാമധുകാനാമധസ്ഥിതെ।
കഥിതംവാരിപാരന്തീപത്രരഭയസമ്മതാ॥

മഞ്ചട്ടിപ്പൊടി നന്നാറിക്കിഴങ്ങ കൊട്ടം ഇരുവെലി രാമച്ചം ചന്ദനം എരട്ടിമധുരം ഇവ കാടിയിൽ അരച്ചു കലക്കി വെളിച്ചെണ്ണ ചെൎത്ത കാച്ചി അരിച്ചുകഴുത്തിന്ന താഴെ എല്ലാടവും തെപ്പിക്കുക– അല്ലാഎങ്കിൽ കുറുന്തോട്ടിവെര കൊലരക്ക

എരട്ടിമധുരം ഇവകൊണ്ട കഷായംവെച്ച അതിൽ തെല്പറഞ്ഞ മരുന്നുകൾ അരച്ചുകലക്കി വെളിച്ചെണ്ണ ചെൎത്ത കാച്ചി അരിച്ച തെപ്പിക്കുക- തലക്കും മെലെക്കും തെച്ചിയില ഇട്ട വെള്ളംതിളപ്പിച്ച ഒഴിക്കുക മുതിരക്കരപ്പൻ ശമിക്കും.

### ചെങ്കാക്കരപ്പന്റെ ലക്ഷണം

൩൮- കൃഷ്ണലൊഹിതചിപ്പ്സ്താവടെരസിതശ്ശ്ലൊഹത്രചിതഃ।
നാത്യന്നതൊജ്വരമൂൎദ്ദിമൂൎച്ഛാകൃൽകപചിശൊഷതഃ॥

കറുപ്പും ചുവപ്പും കൂടിയ നിറത്തിൽ ഉള്ള പുളകങ്ങൾ നിറഞ്ഞ കരുത്തനിറമായി വളരെ ഉയൎച്ചയൊടു കൂടാതെ കഠിനമായ പനി ഛൎദ്ദി ഇന്ദ്രിയങ്ങൾക്ക തളൎച്ച ഇതുകളൊടു കൂടെ ഉണ്ടാകുന്ന നീര ചെങ്കാക്കരപ്പനെന്നറിക.

### ചെങ്കാക്കരപ്പന്റെ ചികിത്സ

#### (അരച്ചുതെപ്പാൻ)

൩൯- ലെപൊത്രാവിരളുഃ മൂലവല്ലിസ്സകൃഷ്ണപഷിതഃ।
പയസാനാളികെരസ്യമൊരൌഷധിതമൌഷധം॥

ചെങ്കാക്കരപ്പനുണ്ടായാൽ ഉടനെ കണ്ണൻകൊട്ടത്തിൻവെരിന്മെൽതൊലി മൊരിലൊ തെങ്ങാപ്പാലിലൊ അരച്ചുതെക്കുക— എന്നാൽ ചെങ്കാക്കരപ്പൻ ശമിക്കും.

#### (വയറിളക്കുവാൻ)

൪൦- ത്രിവൃച്ചൂൎണ്ണംചിരെകായമൊക്ഷാകഷായെനയൊജയെൽ।
ബലിനൊവ്യസ്യശസ്താത്രമുസ്താമലകയൊജ്ജലം॥

ത്രികൊല്പക്കൊന്ന പൊടിച്ച മുന്തിരിങ്ങ കഷായത്തിൽ ചെൎത്ത സെവിപ്പിക്ക- വയറിളകും- രൊഗി അശക്തനാകുന്നു എങ്കിൽ ചെറുപയററിൻപരുപ്പ നെല്ലിക്ക ഇവ കൊണ്ട കഷായം വച്ച ത്രികൊല്പക്കൊന്ന മെല്പൊടിചെൎത്ത സെവിപ്പിക്ക ചെങ്കാക്കരപ്പൻ ശമിക്കും.

#### (കടുചാദി കഷായം)

൪൧- കടുപത്രിഫലാംബൊദപൎപ്പടൊശീരനാഗരൈഃ।
സത്രായമാണാഭൂനിംബൈഃ ചായയെത്സാധിതംജലം॥

൪൨- കാരവിചൂൎണ്ണസംയുക്തമഥവാകിംശുകത്വചാ।
പാരന്തീകുസുമംഭൊദയുതയാമധുമിശ്രിതം॥

കടുകപ്പാലയരി ത്രിഫല മുത്തെങ്ങക്കിഴങ്ങ പാടാലം രാമച്ചം ചുക്ക ബ്രഹ്മി പുത്തരിച്ചുണ്ടവെര മ്മൽതൊലി ഇവകൊണ്ട കഷായംവെച്ച കരിഞ്ചീരകം മെല്പൊടി ചെൎത്ത സെവിപ്പിക്ക— അല്ലായെങ്കിൽ കരുമുക്കിൻതൊലി തെച്ചിപ്പൂവ്വ മുത്തെങ്ങക്കിഴങ്ങ ഇവകൊണ്ട കഷായംവെച്ച തെൻ മെല്പൊടി ചെൎത്ത സെവിപ്പിക്ക— ചെങ്കാക്കരപ്പൻ ശമിക്കും.

൬൬— പ്രാഗ്ദുക്തം ശിരസൈസ്തൈലമധഃകായസ്യ ചെഷ്യതെ।
ധാന്യകൊകൊത്രസെകശ്ചസൎവ്വമന്യത്തിലൊദിതം॥

തലക്കും മെലക്കും തെപ്പാൻ എണ്ണ മുതിരക്കരപ്പന പറഞ്ഞതുതന്നെ മതി നെൽക്കരപ്പന പറഞ്ഞ ധാരയും ഇതിന്ന പററുന്നതാകുന്നു— ശെഷം ഒക്കയും എലിക്കരപ്പന പറഞ്ഞതുപൊലെ ചെയ്ക—

## കിരാലിക്കരപ്പന്റെ ലക്ഷണം

൬൭— സ്ഫോടൈഃ കരഭരൊമാഭൈൎവ്വ്യാപ്തസ്സുതശിരായതൈഃ।
നീലൊന്നിസ്രാഗ്ദ്രഗാശ്ചാരത്യുഷ്ണാസമന്വിതഃ॥

൬൮— ഉന്നതൊവൃദ്ധിഹാനിഭ്യാമകസ്മാദുപലക്ഷിതഃ।
രൊഗൊഹൊത്രിഭിഷഗ്ജാൎജ്ഞെയൊവിസൎപ്പഃകപിലാഫായഃ॥

ഒട്ടകത്തിന്റെ രൊമങ്ങളുടെ നിറംപൊലെയുള്ള നിറത്തൊടുകൂടി വണ്ണംകുറഞ്ഞ നീളത്തിലുള്ള പുളകങ്ങളൊടുകൂടി നീലനിറമായി കുത്തിനൊക്ക— കണ്ണിന്ന ചുവപ്പ പനി തണ്ണീർദാഹം ഇവയൊടുകൂടി ഉയൎന്ന ഹെതുകൂടാതെ വൎദ്ധിക്കുകയും ഹെതുകൂടാതെ ക്ഷയിക്കുകയും ചെയ്യുന്നതായി കാണുന്ന നീര കിരാലിക്കരപ്പനെന്ന അറിക.

## (കിരാലിക്കരപ്പന്റെ ചികിത്സാ

### (അരച്ചുതെപ്പാൻ)

൬൯— തത്രചന്ദനപാരന്തീതാക്ൎത്താഫാപുനൎന്നവൈഃ।
നാളികെരപയഃപിഷ്ടൈരാലെപനമിഷ്യതെ॥

കിരാലിക്കരപ്പൻ ഉണ്ടായാൽ ഉടനെ ചന്ദനം തെച്ചിവെരുമ്മൽതൊലി ചതകുപ്പ തമിഴാമവെര ഇവ തെങ്ങാപ്പാലിൽ അരച്ചുതെക്കുക— കിരാലിക്കരപ്പൻ ശമിക്കും.

൭൦— അഥവാശതാബസ്യകമൂലദാൎവ്വീഫലത്രയൈഃ।
പയസാനാളികെരസ്യപിഷ്ടൈൎവ്വാദധിമസ്തുനാ॥

അല്ലായെങ്കിൽ വെളുത്ത ചെമ്പരുത്തിവെര മരമഞ്ഞത്തൊ

ലി ത്രിഫല ഇവ തെങ്ങാപ്പാലിലൊ തയിററിൻ വെള്ളത്തിലൊ അരച്ചുതെക്കുക- കിരാലിക്കരപ്പൻ ശമിക്കും.

(ഭൂനിംബാദി കഷായം

൫- ഭൂനിംബദാൎവ്വീയഷ്ട്യാഹ്വഗൊപികാനിംബവല്കലൈഃ।
സവിശാലാമൃതാപിചൈശപസ്സിദ്ധംകപാഥഞ്ചപായയെൽ॥
൬- കടുരൊഹിണികാചൂൎണ്ണശക്കരാഭ്യാംസമന്വിതം।
തിലകൊക്കൌഷധെനാസ്യവിരെകംവാപ്രയൊജയെൽ॥
പുത്തരിച്ചുണ്ടവെരുമ്മൽതൊലി മരമഞ്ഞത്തൊലി എരട്ടിമധുരം നന്നാറിക്കിഴങ്ങ വെപ്പിൻതൊലി കാട്ടുവെള്ളരിവെര ചിററമൃത ചുക്ക ഇവകൊണ്ട കഷായംവെച്ച കടുകരൊഹിണിയും പഞ്ചസാരയും മെമ്പൊടി ചെൎത്ത സെവിപ്പിക്ക— രൊഗി ബലവാനാകുന്നു എങ്കിൽ എൾക്കരപ്പന്റെ ചികിത്സയിൽ പറഞ്ഞ മരുന്നുകൊണ്ട വയറിളക്കുക- എന്നാൽ കിരാലിക്കരപ്പൻ ശമിക്കും.

(കദംബവൽക്കാദി കഷായം)

൭- കദംബവല്കന്യഗ്രൊധകഭൂനിംബസുരദാരുഭിഃ।
കൈശിഹിഫലയഷ്ട്യാഹ്വപവികംകതപലംകനൈഃ॥
൮- എലാകടചധാന്യാകചന്ദ്രരെഖാവിളംഗകൈഃ।
ജ്യൊതിഷ്മത്യാപവിരള്ളാമൂലവല്കേനധാന്വിതൈഃ॥
൯- കഷായസ്സാധിതഃപീതഃകാരവീചൂൎണ്ണമിശ്രിതഃ।
മാക്ഷിക്ഷണമസംയുക്തൊനിഹന്യാൽകപിലാമയം॥
കടമ്പിൻതൊലി പൊനകപ്പുല്ല പുത്തരിച്ചുണ്ടവെരുമ്മൽതൊലി ദെവതാരം മാശിക്ക എരട്ടിമധുരം വയ്യംകതകിൻവെര ഞെരിഞ്ഞില എലത്തരി കുടകപ്പാലയരി കൊത്തമ്പാലയരി കാൎക്കൊകിലരി വിഴാലരി ചെറുപ്പുന്നയരി കഞ്ഞിക്കൊട്ടത്തിൻവെരുമ്മൽതൊലി ഇവകൊണ്ട കഷായംവെച്ച കരിഞ്ചീരകവും തെനും മെമ്പൊടിചെൎത്ത സെവിപ്പിക്ക- കിരാലിക്കരപ്പൻ ശമിക്കും.

(മുസ്തായഷ്ട്യാദി തൈലം)

൧൦- മുസ്തായഷ്ടിപടൊലാഗ്നിമന്ഥമൂലാമൃതാകൃതെ।
കഷായെകാരവീപഥ്യാകൈശികീകുഷ്ഠപന്നഗൈഃ॥
൧൧- സൈരെയനളദസ്പൃക്കാസഹിതൈഃപിഷ്ടകല്കിതൈഃ।
സകിംശുകരസംസിദ്ധംസ്നെഹംവാകെരജംപിബെൽ॥

മുത്തങ്ങാക്കിഴങ്ങ എരട്ടിമധുരം പടൊലം മുത്തവെര ചിററമൃത ഇവകൊണ്ട കഷായംവച്ച കരിഞ്ചീരകം കടുക്കാമാശിക്ക കൊട്ടം ചന്ദനം ത്തൂണനിയാങ്കം രാമച്ചം പൊനകപ്പല്ല ഇവ അരച്ചുകലക്കി വെളിച്ചെണ്ണ ചെത്ത കാച്ചിയരിച്ച സെവിപ്പിക്ക- കിരാലിക്കരപ്പൻ ശമിക്കും.

(ബലാമൂലാദി തൈലം)

വ്വ- ബലാമൂലവരീകന്ദസുരാഹ്വായഫലത്രയൈഃ।
സിദ്ധെകഷായെമൂർവ്വാഗ്രന്ഥിഗ്രന്ഥീകിംശുകൊതകൈവ॥
ൻ്- മാലതീനിംബവിശാലാകഥളീപുഷ്പജൈരപി।
കാരവല്ലീപടൊലാഖ്യലതാജാതൈശ്ചസംയുതെ॥
വ്ഠ- സ്വരസൈഃകെതകീപത്രഹരിവല്യാശ്ചശൊധിതെ।
കല്കിതൈഃകുഷ്ഠയഷ്ട്യാഹ്വകന്ദുരഷ്കചന്ദനൈഃ॥
വ്ഫ- നാഗാഹ്വബീജമഞ്ജിഷ്ഠാശാരിബാബ്ദത്രിജാതകൈഃ।
നാളികെരൊത്ഭവംസ്നെഹംവിപചെൽപായസെതവാ॥

കുറുന്തൊട്ടിവെര ശതാവരിക്കിഴങ്ങ ദെവതാരം ത്രിഫല ഇവകൊണ്ട കഷായംവച്ച അതിൽ കരക കരുനാച്ചിയില കരുമുക്കില പിച്ചകത്തില വെറ്റില കഞ്ഞിക്കൊട്ടകത്തിൻ തളിര തെങ്ങിൻപൂക്കുലയരി മുണ്ടൻകച്ചി പടൊലം കൊടിത്തൊലി കൈതക്കുമ്പ ഉഴിഞ്ഞ ഇവററിൻനീര ചെൎത്ത അരിച്ച കൊട്ടം എരട്ടിമധുരം കച്ചൂരക്കം രക്തചന്ദനം ഉങ്ങിൻകുരു മഞ്ചെട്ടിപ്പൊടി നന്നാറിക്കിഴങ്ങ മുത്തങ്ങക്കിഴങ്ങ എലത്തരി എലവങ്ങത്തൊലി പച്ചില ഇവ അരച്ചുകലക്കി വെളിച്ചെണ്ണചെത്ത കാച്ചിയരിച്ച സെവിപ്പിക്ക- കിരാലിക്കരപ്പൻ ശമിക്കും.

വ്ഥ- ലെപസെകാദയസ്സൎവ്വെതിലകാദിഷുദൎശിതാഃ।
മൂൎദ്ധതൈലാംഗതൈലവസ്നാനാംശ്ചഹിതാനി ച॥

എൾക്കരപ്പൻ മുതലായ പററിന്റെ ചികിത്സയിൽ പറഞ്ഞ ലെപനം ധാര മുതലായതും തലക്കും മെയ്ക്കുമുള്ള തൈലങ്ങളും കുളിപ്പാനുള്ളവെള്ളവും കിരാലക്കരപ്പനും പററുന്നതാകുന്നു.

(പൊട്ടക്കരപ്പിന്റെ ലക്ഷണം

വ്ന- ജാതകസ്യജനന്യാസ്ത്രീവ്രഃസ്യാദ്ദെഹവദിവസത്രയം।
ശരീരംജായതെപശ്ചാദ്വ്യാകീൎണ്ണമിവരെണുഭിഃ॥
വ്ര- ശൊഫനാത്യന്നതഃപശ്ചാത്ഭുട്ടിഭിൎവ്വ്യാപ്തിതഃ।

താമ്രൈരവദരണം പശ്ചാൽ സ്യാൽസ്ഫോടസ്തു ത്രസ്ത്രവ॥
വൃ൯- ദൃശ്യന്നിമ്നോന്നമസ്ഥൂരാഭഃ കഠിനോന്നീലലോഹിതഃ।
ത്വക്ഷോല്പപൂയഃ പാകേ ച പിടകജയാസ്പൃശ്യാക്ഷമഃ॥

പൊടിക്കരപ്പന്ന ആദിയിൽ മൂന്നുദിവസം മുഴുവൻ പനി ഉണ്ടാകും- പിന്നെ മെലൊക്കെ പൊടി വിതറിയതുപൊലെ കാണാം- പിന്നെ വളരെ ഉയൎച്ച കൂടാതെ പൊടി നല്ലവണ്ണം വ്യാപിച്ചതായി തൊന്നത്തക്ക വിധത്തിൽ അവിടവിടെ നീരുണ്ടാകും നീരുള്ളടത്തതൊലി വിള്ളുകയും അവടവിടെ ചണമ്പയർ പ്രമാണം ചില പൃഷ്ഠകങ്ങൾ നടുക്കുഴിഞ്ഞ കഠിനങ്ങളുമായി കറുപ്പും ചുവപ്പും കൂടി ചെൎന്നാൽ ഉണ്ടാകുന്ന നിറംപൊലെ ഉള്ള നിറത്തൊടു കൂടിയതുകളായി ഉടനെ കാണാം- അതുകൾ പഴുത്താലും ചലം കുറഞ്ഞിരിക്കും വെദനകൊണ്ടു തൊട്ടുകൂടാതെയും വരും- ഈ വക ലക്ഷണംകണ്ടാൽ പൊടിക്കരപ്പനെന്നറിക.

## പൊടിക്കരപ്പന്റെ ചികിത്സാ

### (അരച്ചുതെപ്പാൻ)

വൃ൧൦- വെല്ക്കമൗദുംബരംശ്ലക്ഷ്ണം സഹ പിഷ്ട്വാ ശതാഹ്വയാ।
നാളികെരസ്യ ദുഗ്ധേന ലിംപെൽ ഗണ്ഡകശാന്തയെ॥

അത്തിത്തൊലി ചെത്തി ഉണക്കി ചതകുപ്പ സമം ചെൎത്ത തെങ്ങാപ്പാലിൽ അരച്ചു പുരട്ടുക- പൊടിക്കരപ്പൻ ശമിക്കും.

വൃ൧൧- ശാരിബാമധുകാശ്വത്ഥജൎജ്ജരത്വചമെവവാ।
യദ്വാപാരന്തികാമൂലത്വഗ്വ്രീഹിശമൃതാരജഃ॥

നന്നാറിക്കിഴങ്ങ എരട്ടിമധുരം അരയാലിന്മെൽ താനെ അടൎന്നുനില്ക്കുന്നതൊലി ഇവ തെങ്ങാപ്പാലിൽ അരച്ചു തെക്കുക.

അല്ലാ എങ്കിൽ തെച്ചിവെരിന്മെൽതൊലി മരമഞ്ഞത്തൊലി ചിററമൃതിന്റെ ഊറൽ ഇവ തെങ്ങാപ്പാലിൽ അരച്ചുതെക്കുക- പൊടിക്കരപ്പൻ ശമിക്കും.

### (വിശാലാദി കഷായം)

വൃ൧൨- വിശാലാമൂലയഷ്ട്യാഹ്വശാരിബാഖദിരാംബുദൈഃ।
പടൊലാസ്സ്നാസംയുക്തൈഃ കഷായഃ കടുകാന്വിതഃ॥
വൃ൧൩- പ്രാതഃ പീതൊ നിഹന്ത്യാശു വിസൎപ്പം രൊമകാഹ്വയം।
അവിപത്തിപ്രയൊഗെണ വിരെകശ്ചാത്രശസ്യതെ॥

കാട്ടുവെള്ളരിവെര എരട്ടിമധുരം നന്നാറിക്കിഴങ്ങ കരി

ഞാലിക്കാതല മുത്തങ്ങക്കിഴങ്ങ പടൊലം അരത്ത ഇവകൊണ്ട കഷായംവച്ച കടുകരൊഹിണി മെമ്പൊടിചെൎത്ത രാവിലെ സെവിപ്പിക്ക പൊടിക്കരപ്പൻ ഉടനെ ശമിക്കും അവിപത്തിചൂൎണ്ണംകൊണ്ട വയറിളക്കുകയുമാം.

(വാശാദി കഷായം)

൮൯- വാശാഫലത്രയാരിഷ്ടസ്സവ്യാസമഭാഗയാ।
സിദ്ധഃകഷായൊമധ്വാഢ്യൊരൊണകംപ്രശമംനയെൽ।

ആടലൊടകത്തിൻവെര ത്രിഫലത്തൊട വെപ്പിൻതൊലി ഇവ സമം ഇവ എല്ലാം കൂടിയെടത്തൊളം ചിററമൃത ഇങ്ങിനെ ചെൎത്ത കഷായംവച്ച തെൻ മെമ്പൊടിചെൎത്ത സെവിപ്പിക്ക- പൊടിക്കരപ്പൽ ശമിക്കും.

(ഖദിരാദി കഷായം)

൯൦- ഖദിരാംബുദഭൂനിംബപടൊലസുരദാരുഭിഃ।
വിശാലാമൂലസംയുക്തൈഃകഷായശ്ശമധുമാൻഹിതഃ॥

കരിങ്ങാലിക്കാതല മുത്തങ്ങക്കിഴങ്ങ പുത്തരിച്ചുണ്ടവെരുമ്മൽതൊലി പടൊലം ദെവതാരം കാട്ടുവെള്ളരിവെര ഇവകൊണ്ട കഷായംവച്ച തെൻ മെമ്പൊടി ചെൎത്ത സെവിപ്പിക്ക- പൊടിക്കരപ്പൻ ശമിക്കും.

(വ്യാഘാതകാദി കഷായം)

൯൧- വ്യാഘാതകവരാദാൎവ്വീപടൊലമധുകാംബുദൈഃ।
പാരന്തീമൂലവല്ലൂരാഢ്യഃകഷായശ്ചസുതരാംഹിതഃ॥

കൊന്നവെരുമ്മൽതൊലി ത്രിഫലത്തൊണ്ട മരമഞ്ഞൾതൊലി പടൊലം എരട്ടിമധുരം മുത്തങ്ങക്കിഴങ്ങ തെച്ചിവെരുമ്മൽതൊലി ഇവകൊണ്ട കഷായം വച്ച തെൻ മെമ്പൊടി ചെൎത്ത സെവിപ്പിക്ക- പൊടിക്കരപ്പൻ ശമിക്കും.

(ന്യഗ്രൊധപല്ലവാദി തൈലം)

൯൨- ന്യഗ്രൊധപല്ലവാനന്താപൎപ്പടാസനപത്രജൈഃ।
സാരസെശാരിബാകുഷ്ഠരൊഹിണീനതചന്ദനൈഃ॥
൯൩- യഷ്ട്യാഹ്വയവരാചൊരസരളൈസ്ത്രിജാതകൈഃ।
കല്കൈഃകെരൊൽഭവംതൈലംപക്വമഭ്യഞ്ജനെഹിതം॥

പെരാലിൻതളിര കരക പൎപ്പടകം വെങ്ങയില ഇവ ഇടിച്ചു പിഴിഞ്ഞനീരിൽ നന്നാറിക്കിഴങ്ങ കൊട്ടം കടുകരൊഹിണി തകരം ചന്ദനം എരട്ടിമധുരം ത്രിഫലത്തൊണ്ട കച്ചൂരിക്കിഴങ്ങ ചരളം ഏലത്തരി എലവങ്ങത്തൊലി പച്ചില ഇവ അരച്ച

കലക്കി വെളിച്ചെണ്ണ കാച്ചി തേച്ചാൽ- പൊടിക്കരപ്പൻ ശമി
ക്കും

(ധാത്ര്യാദിതൈലം)

൩൨- ധാത്രീകഷായെനിർഗ്ഗുണ്ഡീവില്വാദീരസാന്വിതെ।
മഞ്ജിഷ്ഠാകുഷ്ഠപത്രൈലാത്വക്ചോരനതചന്ദനൈഃ॥

൩൩- കല്കിതൈന്നാളികെരസ്യസ്നേഹസ്തിലജഏവവാ।
പാരന്തിപുഷ്പസംഭൃതരസത്ര്യംശൊവിപാചിതഃ॥

൩൪- യൊജയെച്ഛിരസാഭ്യംഗെ ദ്രൊണകസ്യാപശാന്ത
യെൽ।സെവനംഭ്രംശജിദ്ധാത്രീഭിഃകഥിതംഹിതം॥

നെല്ലിക്കക്കഷായത്തിൽ വെളിച്ചെണ്ണയൊടുസമം കരുനൊ
ച്ചിയിലനീരും കൂവളത്തിലനീരും ശതാവരിക്കിഴങ്ങിൻനീരും
സമം ചെൎത്ത മഞ്ചട്ടിപ്പൊടി കൊട്ടം പച്ചില ഏലത്തരി ഇ
ലവംഗത്തൊലി കച്ചൂരിക്കിഴങ്ങ തകരം ചന്ദനം ഇവ അര
ച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്ത അതിൽ മൂന്നി
രട്ടി തെച്ചിപ്പൂവ്വിന്റെനീരുംചെൎത്ത കാച്ചി തലയിൽ തെപ്പിക്ക
പൊടിക്കരപ്പൻ ശമിക്കും മുത്തങ്ങക്കിഴങ്ങും നെല്ലിക്കയുമിട്ട
വെള്ളം തിളപ്പിച്ച അതുകൊണ്ട തല കഴുകുക.

(ലൊധ്രവൽക്കാദി തൈലം)

൩൫- ലൊധ്രവല്കബലൊശീരലാക്ഷാക്ഷീരദ്രുവല്കജെ।
നിഷ്ക്വാഥെശാരിബൊശീരതഗരാമരദാരുഭിഃ॥

൩൬- ശതാഹ്വാസരളസ്പൃക്കാകുഷ്ഠാഗരുകചന്ദനൈഃ।
സസർജ്ജരസമഞ്ജിഷ്ഠായഷ്ട്യാഹ്വാഫലിനീദളൈഃ॥

൩൭- കല്കിതൈന്നാളികെരസ്യസ്നേഹസ്തിലജഏവവാ। യൊ
ജ്യൊദ്രൊണകനാശാൎത്ഥമധഃകായെവിപാചിതഃ॥

പാച്ചൊറ്റിത്തൊലി കരിന്തൊട്ടിവെര നാല്പാമരത്തിൻതൊ
ലി ഇവ കഷായംവെച്ച കൊലരക്ക പച്ചൊറ്റി നന്നാറിക്കിഴങ്ങ
രാമച്ചം തകരം ദെവതാരം ശതകുപ്പ പാരളം നാന്മുകപ്പുല്ല
കൊട്ടം അകില രക്തചന്ദനം ചെഞ്ചല്യം മഞ്ചട്ടിപ്പൊടി
ഏരട്ടിമധുരം ഞാഴൽപൂവ്വ പച്ചില ഇവ അരച്ചുകലക്കി വെ
ളിച്ചെണ്ണയൊ എണ്ണയൊ ചെൎത്തകാച്ചി കഴുത്തിന്നു കീഴെ
ല്ലാടവും തെപ്പിക്ക പൊടിക്കരപ്പൻ ശമിക്കും.

൩൮- സെകാൎത്ഥംഭഃപാരന്തിപത്രലാമജ്ജദാരുഭിഃ।
കല്പയെച്ചസുഖൊഷ്ണന്തൽപ്രശസ്തമപരാജിതം॥

മൈലക്ക തെച്ചിയില രാമച്ചം ദെവതാരം ഇവയിട്ട വെ
ള്ളം തിളപ്പിച്ച മന്ദൊഷ്ണമാക്കി മെലൊഴിക്കുക-

൨൦൦- ഏവമെഭിഃ പ്രയൊഗൈസ്തു സ്ഫൊടകസ്യശമം ന ചെൽ
വാ। കഷായെഷ്വപടിഷ്ഠെഷ്വയുഞ്ജ്യാൽസ്തന്യമധുസ്സഹം॥
മെല്പറഞ്ഞ ചികിത്സകൾകൊണ്ടു പൊടിക്കരപ്പൻ ശമിക്കും ചിലത ശമിക്കാതെകണ്ടാൽ കഷായങ്ങളിൽ മുലപ്പാവും കൂടെ ചെൎക്കയും വെണം- പൊടിക്കരപ്പൻ ശമിക്കും.

## വെണ്ണീക്കരപ്പന്റെ ലക്ഷണം

൨൦൧- ശിരഃപൎവ്വാസ്ഥിപാൎശ്വാൎത്തിവമല്ബന്ധജ്വരൈൎയ്യു
തഃ।സൎവ്വദൊത്സെധവാഞ്ഞാഥൊമാഷാഭൈസ്സ്ഫൊട
കൈൎയ്യുതഃ॥
൨൦൨- ക്ഷാരൈരിവാന്തരാവ്യാപ്തൊ വ്യാപ്നൊതിസഹസാവ
പുഃ।അക്ഷ്ണൊൎല്ലൌഹിത്യമാധത്തെവിസൎപ്പഃക്ഷാരകൊഹ്വയം॥
തലവെദന സന്ധികളിൽ കടച്ചില എല്ലപൊളിച്ചില വാരിപ്പുറങ്ങളിൽവെദന മലബന്ധം പനി ഇവ എല്ലാസമയവും ഉണ്ടാകും നീര പൊങ്ങിയിരിക്കും- ഉഴുന്നിൻമണിപൊലെ പുളകങ്ങൾ ഉണ്ടാകും- പുളകങ്ങളുടെ ഇടയിൽ വെണ്ണീറവിതറിയാലുള്ള ഛായ തൊന്നും വെഗത്തിൽ വ്യാപിക്കും- കണ്ണുകൾ അധികമായി ചുവക്കും- ഇവ കണ്ടാൽ അതയത വെണ്ണീക്കരപ്പനെന്ന അറിക.

## വെണ്ണീക്കരപ്പന്റെ ചികിത്സാ

(പുരട്ടുവാൻ)

൨൦൩- പയസാനാളികെരസ്യപിഷ്ട്വാമഞ്ജിഷ്ഠയാസഹ।
അസ്ഥീനിലിംപെദാനെദൗത്തുഹരീതക്യാമുഹുൎമ്മുഹുഃ॥
തെങ്ങാപ്പാലിൽ മഞ്ചെട്ടിപ്പൊടിയും കടുക്കക്കുരുവും കൂട്ടി അരച്ച കൂടക്കൂടെ തെക്കുക- തുടങ്ങിയ ഉടനെ ഇത ചെയ്താൽ വെണ്ണീക്കരപ്പൻ ശമിക്കും.
൨൦൪- അഥവാവിരളാമൂലത്വചൊമഞ്ജിഷ്ഠയാസഹ।
യഭാപാരന്തികാമൂലദാൎവ്വീചെശ്യഷ്ടിചന്ദനം॥
കഞ്ഞിക്കൊട്ടകത്തിൻവെരുമെൽതൊലിയും മഞ്ചെട്ടിപ്പൊടിയും കൂട്ടി തെങ്ങാപ്പാലിൽ അരച്ചതെക്കുകയുമാം- അല്ലായെങ്കിൽ തെച്ചിവെരുമാർതൊലി മരമഞ്ഞാതൊലി എരട്ടിമധുരം ചന്ദനം ഇവ തെങ്ങാപ്പാലിൽ അരച്ചതെക്കുക- വെണ്ണീക്കരപ്പൻ ശമിക്കും.

(വിഡംഗമുസ്താദി കഷായം)

൭൫- വിഡംഗമുസ്താബ്ദനിംബനിംബതാഗളയോജ്ഞകനൈഃ।
ശാരിബാമലകവ്യാഘ്രീപടോലരജനീദ്വയൈഃ॥
൭൬- ക്വാഥമാദൌ പ്രയുഞ്ജീത കടുകാമാക്ഷികാന്വിതം।
ധാരോഷ്ണനവനീതേന പിബേച്ചൂർണ്ണം ക്ഷീരേണ ത്രിവൃതോപി വാ।

വിഴാലരി മുത്തങ്ങക്കിഴങ്ങ പുത്തരിച്ചുണ്ടവേരുമ്മൻതൊലി വെപ്പിൻതൊലി കടുക നീർമരുതിൻതൊലി നന്നാറിക്കിഴങ്ങ നെല്ലിക്ക ചെറുവഴുതിനവേര പടോലം വരട്ടുമഞ്ഞൾ മരമഞ്ഞൾതൊലി ഇവകൊണ്ട കഷായംവെച്ച കടുകരോഹിണിയും തേനും മേമ്പൊടിചേർത്ത സേവിപ്പിക്ക. അപ്പോൾ കറന്ന പാലിൽ ത്രികോല്പക്കൊന്ന പൊടിച്ചുചേർത്ത സേവിപ്പിക്ക. മലശോധനസ്സുഖമില്ല എങ്കിൽ ത്രികോല്പക്കൊന്ന പാലിൽ സേവിപ്പിക്കേണ്ട. കഷായത്തിന്ന മേമ്പൊടിക്ക കടുകരോഹിണി ചേർക്കയും വേണ്ട.

(ദ്രോണപുഷ്പാദി കഷായം)

൭൭- ദ്രോണപുഷ്പവിഡംഗാബ്ദപാരന്തീമൂലവല്കലൈഃ।
ത്രായന്തീഖദിരാരിഷ്ടപടോലവ്യാഘ്രീയുതൈഃ॥
൭൮- സിദ്ധഃ കഷായസ്സമൂത്രമാക്ഷികേണ സമന്വിതഃ।
മധുകാഞ്ജനചൂർണ്ണാഢ്യോ യുക്തോ വാ ജീരകേണ വാ॥

തുമ്പപ്പൂവ് വിഴാലരി മുത്തങ്ങക്കിഴങ്ങ തെച്ചിവേരുമ്മൻതൊലി ബ്രഹ്മി കരിങ്ങാലിക്കാതല വെപ്പിൻതൊലി പടോലം ചെറുവഴുതിനവേര ഇവകൊണ്ട കഷായംവെച്ച തേൻമേമ്പൊടിചേർത്ത സേവിപ്പിക്ക. അഞ്ജനക്കല്ലും എരട്ടിമധുരവും സമം കൂട്ടിപ്പൊടിച്ച മേമ്പൊടി ചേർത്തിട്ടും സേവിപ്പിക്കാം. മേമ്പൊടി ജീരകവുമാം. ചെന്നിക്കരപ്പൻ ശമിക്കും.

(മൂർവ്വാദി കഷായം)

൭൯- മൂർവ്വാപടോലാബ്ദനിംബപാരന്തീപുഷ്പസാരകൈഃ।
ത്രായമാണാബലാദന്തമധുകാമരദാരുഭിഃ॥
൮൦- ശാരിബാചന്ദനോശീരവരാതോളീശ്ച സാധിതഃ।
ക്വാഥോ മധുയുതോ മന്ദക്ഷുദ്രകഷാരകം പ്രാപണയച്ഛുരം॥

കാക്ക പടോലം പുത്തരിച്ചുണ്ടവേരുമ്മൻതൊലി തെച്ചിപ്പൂവ് കച്ചൂരിക്കിഴങ്ങ ബ്രഹ്മി കരുന്തൊട്ടിവേര ഉമരകത്തിൻവേര എരട്ടിമധുരം ദേവതാരം നന്നാറിക്കിഴങ്ങ ചന്ദനം രാമച്ചം ത്രിഫലത്തൊലി ഇവകൊണ്ട കഷായംവെച്ച തേൻമേമ്പൊ

ടിച്ചെൎത്ത സെവിപ്പിക്ക- ചെണ്ണീക്കരപ്പൻ ഉടനെ ശമിക്കും.

(ബലാരാസ്നാദി തൈലം)

൧൧൧- ബലാരാസ്നാമൃതാകാണ്ഡഫണിവല്ലീനിശാമൃതാഃ।
സംക്ഷുദ്യപീഡിതംസദ്യോയോജയിത്വാരസംസമം॥
൧൧൨- സ്നേഹേനാമരകാഷ്ഠോഗ്രാതുരുഷ്കഫലിനീനതൈഃ।
സോശീരചന്ദനവ്യാധിമധുകാംബുദവാരിഭിഃ॥
൧൧൩- കല്കിതൈസ്സാധിതസ്സ്നേഹോ നാളികെരഫലോത്ഭ
വഃ।തിലജോവാശിരോഭ്യംഗെക്ഷാരകാൎത്തസ്യശസ്യതെ॥

കരന്തൊട്ടിവെര അരത്ത ചിററമൃത ഇവ കഷായംവെച്ച്അതിൽ വെളിച്ചെണ്ണയൊട സമം കൊടിഞ്ഞാലി നീരും പച്ച മഞ്ഞളിൻനീരും ചിററമൃതിൻനീരുംചെൎത്ത ദെവതാരം വയമ്പ കന്നുരുക്കം തൊഴൽപ്പൂവ്വ തകരം രാമച്ചം ചന്ദനം കൊട്ടം ഏരട്ടിമധുരം മുത്തെങ്ങക്കിഴങ്ങ ഇരുവെലി ഇവ അരച്ച കലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്ത കാച്ചിയരിച്ച തലയിൽ തെപ്പിക്ക- ചെണ്ണീക്കരപ്പൻ ശമിക്കും.

(മുസ്താകതകാദി തൈലം)

൧൧൪- മുസ്താകതകനിഷ്പാവഫലദൂൎവ്വാഭിരുദസാന്വിതൈ
ശാരിബോശീരയഷ്ട്യാഹ്വപ്രസൂരക്തവലത്രയൈഃ॥
൧൧൫- കാരവീചോരതക്കോലഫലിനീനതചന്ദനൈഃ। സ
സജ്ജുരസതൈലലൈയഃകല്കിതൈൎന്നാളികെരജം॥
൧൧൬- സ്നേഹംതിലസ്യവാപക്വംമൂൎദ്ധ്ന്യായുഞ്ജീതസേവനെ।
ബദരീചിരളാപത്രൈഃപക്വമേഭിഃപ്രശസ്യതെ॥

മുത്തങ്ങക്കിഴങ്ങ തെററാമ്പരല ഇവ കഷായം വച്ച അതിൽ കരക ശതാവരിക്കിഴങ്ങ ഇവററിൻ നീര ചെൎത്ത നന്നാറിക്കിഴങ്ങ രാമച്ചം ഏരട്ടിമധുരം ദെവതാരം ത്രിഫല കരിഞ്ചീരകം കച്ചൂരിക്കിഴങ്ങ തക്കോലപ്പുട്ടൽ തൊഴൽപ്പൂവ്വ തകരം ചന്ദനം ചെഞ്ചല്യം കന്മതം ഇവ അരച്ച കലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്തകാച്ചിയരിച്ച തലയിൽ തെപ്പിക്ക- ലന്തയില കഞ്ഞിക്കൊട്ടകത്തില ഇവയിട്ട വെള്ളംവെച്ച അത തലയിൽ ഒഴിച്ച മെഴക്കിളക്കുക- പച്ചവെള്ളത്തിൽ കുളിപ്പിക്കരുത-

(ലാക്ഷാബലാദി തൈലം)

൧൧൭- ലാക്ഷാബലാശതാഹ്വാബ്ദവിരളാമൂലവല്കലൈഃ॥
സിംഹീകഷായെമഞ്ജിഷ്ഠാകുഷ്ഠയഷ്ടീകചന്ദനൈഃ॥

൧൯— കല്ക്കിതൈൎന്നാളികേരസ്യ സിദ്ധഃ സ്നേഹസ്സിലസ്യ വാ ।
പ്രശസ്തഃ ക്ഷാരകാൎത്തസ്യ കായസ്യാഭ്യംഗകൎമ്മണി ॥

കൊഴുക്ക കുറുന്തോട്ടിവേര അമുക്കുരം മുത്തെങ്ങക്കിഴങ്ങ കഞ്ഞിക്കൊട്ടകത്തിൻവെരുമ്മൽതൊലി ഇവകൊണ്ട കഷായം വച്ച ചെഞ്ചട്ടിപ്പൊടി കൊട്ടം എരട്ടിമധുരം രക്തചന്ദനം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്ത കാച്ചിയരിച്ചു കഴഞ്ഞിന്ന കീഴ എല്ലാടവും തെപ്പിക്ക. വെണ്ണീക്കരപ്പൻ ശമിക്കും.

(അഷ്ടവൎഗ്ഗതൈലം)

൨൦— രവിവല്ലീകദംബാൎക്കമൂലാരിക്ഷീരിവല്കജൈഃ ।
കഷായഖദിരശൈലേയമഞ്ജിഷ്ഠാശാരിബാംബുജൈഃ ॥
൨൧— കാരവീനളദാംഭോദത്രിഫലാചൊരചന്ദനൈഃ ।
ഏലാലവംഗപത്രൈശ്ച കല്ക്കിതൈൎന്നാളികേരജഃ ॥
൨൨— സ്നേഹസ്സിലാനാമഥവാ ദധിമസ്തുസമന്വിതഃ ।
പക്വോപഹിതോ ധാവ്യസ്യ വാരിപാതാബലാൎത്തം ॥

വെള്ളോടത്തൊലി കടമ്പിൻതൊലി എരിക്കിൻവെരുമ്മൽ തൊലി ഏകനായകത്തിൻവെരുമ്മൽതൊലി നാല്പാമരത്തിൻ തൊലി ഇവകൊണ്ട കഷായംവച്ച കരിങ്ങാലിക്കാതൽ കന്മതം ചെഞ്ചട്ടിപ്പൊടി നന്നാറിക്കിഴങ്ങ മുത്തെങ്ങക്കിഴങ്ങ കരിഞ്ചീരകം രാമച്ചം ഇരുവെലി ത്രിഫല കച്ചൂരിക്കിഴങ്ങ ചന്ദനം ഏലത്തരി ഏലവങ്ങത്തൊലി പച്ചില ഇവ അരച്ചു കലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്ത എണ്ണയൊടു സമം തയിർവെള്ളം കൂട്ടികാച്ചിയരിച്ചു കഴഞ്ഞിന്നു കീഴ എല്ലാടവും തെപ്പിക്ക. മെലക്ക ഉഴുന്നകത്താവൽവെരിട്ട വെള്ളംവെച്ചു കുളിക്ക. എന്നാൽ വെണ്ണീക്കരപ്പൻ ശമിക്കും.

കരിങ്കരപ്പന്റെ ലക്ഷണം

൨൩— നീലശ്ശോഫോമഹോത്ഥദൊഷ്വുഗ്രാഭൈഃ പിടകൈശ്ചിതഃ ബാഹ്വസ്രാവാംഗളഭംഗാദ്വ്യാന്നീലോന്തഃ കണ്ടകാചിതഃ ॥

കറുത്തനിറത്തിൽ വളരെ ഉയച്ചയോടുകൂടി നീരു കാണുകയും ഉടനെ അതിന്മേൽ കറുപ്പും ചുവപ്പും കൂടി കലൎന്നനിറത്തിലുള്ള പുളകങ്ങൾ നിറകയും അവററിന്റെ ഇടയിൽ മുള്ള പാകിയതുപൊലെ കൂൎത്ത മുഖത്തൊടുകൂടി വെറുതായി ചില ഉണ്ണിലപ്പുറപ്പെടുകയും കണ്ണീര ഒലിക്കുകയും എല്ലുനുറുങ്ങി നൊകയും കണ്ടാൽ ആയതു കരിങ്കരപ്പനെന്നറിക.

## കരിങ്കരപ്പന്റെ ചികിത്സാ

### (അരച്ചുതേപ്പാൻ)

൧൨൩- ദാർവ്വീകരഞ്ജയോർവ്വൃക്ഷം യദാ ചാപ്യാരിമേദജം|
നാളികേരസ്യ തൈലേന പിഷ്ട്വാ ലിംപേന്മുഹുർമ്മുഹുഃ॥

മരമഞ്ഞൾത്തൊലി ഉങ്ങിൻതൊലി ഇവ തേങ്ങാപ്പാലിലരച്ചു കൂടക്കൂടെ തേക്കുക- അല്ലായെങ്കിൽ കരുവേലപ്പട്ട തേങ്ങാപ്പാലിൽ അരച്ചുതേക്കുക- കരിങ്കരപ്പൻ ശമിക്കും.

൧൨൪- അഥവാ മധുകം ലോധ്രം ദാരിമേദജപാഠികാഃ|
പിഷ്ട്വാ താഭിർന്നവലിമ്പേദ്വാ ത്രിഫലാന്നിരദൈരപി॥

എരട്ടിമധുരം മുത്തങ്ങ വരട്ടുമഞ്ഞൾ ആനടിയൻ ഇവയും തേങ്ങാപ്പാലിൽ അരച്ചുതേക്കാം- അല്ലായെങ്കിൽ ത്രിഫല മുത്തങ്ങ ഇവ തേങ്ങാപ്പാലിൽ അരച്ചുതേക്കുക- എന്നാൽ കരിങ്കരപ്പൻ ശമിക്കും.

### (നീലീമൂലാദികഷായം)

൧൨൫- നീലീമൂലാഭിമാംലോദേഭല്ലനാദവരോദ്ഭവം|
ക്വാഥഃ പായയേത്പ്രാതർമ്മാക്ഷികേണ സമന്വിതം॥

അമരിവേര ചന്ദനം മുത്തങ്ങക്കിഴങ്ങ ചെറുചീരവേര ത്രിഫല ഇവകൊണ്ട കഷായംവെച്ചു തേൻ മേല്പൊടിചേർത്ത രാവിലെ സേവിപ്പിക്ക- കരിങ്കരപ്പൻ ശമിക്കും-

### (കിരാതതിക്താദികഷായം)

൧൨൬- കിരാതതിക്താവാശാബ്ദകാരവീനിംബവല്കലൈഃ|
സിദ്ധഃ കഷായോ മധ്വാഢ്യോ നീലസ്യ ശമനഃ പരം॥

പുത്തരിച്ചുണ്ടവേരുമ്മൽതൊലി ആടലോടകത്തിൻവേര കിരിയാത്ത കരിഞ്ചീരകം വേപ്പിൻതൊലി ഇവ കഷായംവെച്ചു തേൻ മേല്പൊടിചേർത്ത സേവിപ്പിക്ക- കരിങ്കരപ്പൻ ശമിക്കും.

൧൨൭- മൂർദ്ധതൈലാംഗതൈലേ ലേപപ്രാശാദൈവാത്രകല്പയേൽ|
ത്വാംഗോമൂർദ്ധാംഗയോശ്ചാപി തിലകൊന്തനഥാപി വാ॥

തലെക്കും മെലെക്കും എണ്ണകളും വെള്ളവും വെണ്ണീക്കരപ്പുന്ന പറഞ്ഞതുതന്നെ മതി. തലെക്കും മെലെക്കും വെള്ളം വെപ്പാൻ എല്ലാക്കരപ്പന്ന പറഞ്ഞതുമാം.

൧൨൮- ഇത്യത്ര പവനാദ്യാനാമഷ്ടാനാം ലക്ഷണൈസ്സഹ|
സംക്ഷിപ്യോക്താ ചികിത്സൈഷാ ശേഷോഽന്യത്ര ച വിസ്തരഃ॥

ഇങ്ങിനെ ഇവിടെ വാതംകൊണ്ടുണ്ടാകുന്ന വിസൎപ്പങ്ങൾ എട്ടിന്റെയും ലക്ഷണങ്ങളും സംക്ഷെപിച്ച ചികിത്സയും പറയപ്പെട്ടു ഇതിൽ അന്തൎഭവിക്കാത്തത അന്യഗ്രന്ഥത്തിങ്കൽ നൊക്കി അറിഞ്ഞുകൊൾകയും വെണം.

ഇതി വാഗ്ഭടൊപാസകരാമാനന്ദനാഥപ്രസാദിത പാരശവചന്ദ്രകൃതൌ ആരൊഗ്യകല്പദ്രുമെ ബാലചികിത്സായാം ദശമസ്തബകൊനാമദശമാദ്ധ്യായഃ

ആരൊഗ്യകല്പദ്രുമെ ബാലചികിത്സായാം

ഏകാദശാദ്ധ്യായപ്രാരംഭഃ

## ഉഴുന്നിൻമണിക്കരപ്പന്റെ ലക്ഷണം

൧ – മൂൎദ്ധന്യാളിസ്താംശപാദൊദാഹശ്ചാത്രത്ര്യഹംതഥാ।
ജ്വതിജ്വരൊഭൂരാപൊനാത്യൎദ്ദ്രസ്പൎശഃപീതലൊഹിതഃ॥
൨ – മാഷാപമൈശ്ചവിസ്ഫൊടൈരാചിതൊഥസ്ഥൂലാംഗതാ।
വക്ഷൊഭെദൊരുചിസ്തൃഷ്ണാരുക്കണ്ഠമുഖതാഭ്രമഃ॥
൩ – തൃഷ്ണാചധൂമകൊന്നെത്രദാഹൊബധിരതാപിച।
ദൃഷ്യന്തെമാഷകാൎത്തസ്യവികാരാസ്സൎവസാശിശൊഃ॥

മാഷകവിസൎപ്പം ഉണ്ടാകുന്നതിന്റെ ആദിയിൽ തലചൂടും ശരീരത്തിൽ അവിടവിടെ ചുട്ടുനീറലും പനിയും മൂന്നു ദിവസം ഉണ്ടാകയും ചെയ്യും- പിന്നെ വളരെ കനമില്ലാത്തതായി വെദന ഹെതുവായിട്ട തൊടുവാൻ പ്രയാസമായി മഞ്ഞയും ചുവപ്പുംകൂടിയ നിറത്തൊടുകൂടിയതായ നീരകാണുകയും അവിടെ ഉഴുന്നിൻമണിയുടെ വലുപ്പത്തൊടും തൊണ്ടുകളഞ്ഞ നിറത്തൊടുംകൂടിയ പൊളുകങ്ങൾ നിറകയും അംഗങ്ങൾക്ക തളൎച്ചയും മലം ഇളകിപ്പൊകയും രുചിയില്ലായ്മയും കഠിനമായ വെദനയും വായ കച്ചിരിക്കയും തലതിരിച്ചലും തണ്ണീർദാഹവും പുകഞ്ഞതട്ടുകയും കണ്ണിൽ പുകച്ചിലും ചെവി അടവും ഉണ്ടാകും ഈ ലക്ഷണം കാണ്കിൽ ഉഴുന്നിൻമണിക്കരപ്പനെന്നറിക.

(ഉഴുന്നിൻമണിക്കരപ്പന്റെ ചികിത്സാ

(അരച്ചുതെപ്പാൻ)

൪ – പയസാനാളികെരസ്യപാരന്തീമൂലവല്കലം।
പിഷ്ട്വാമാഷകമാലിംപെൽ പദ്യൈദ്രാമൂലകംവാപുനഃ॥

തെങ്ങാപ്പാലിൽ തെച്ചിവെരിന്മെൽ തൊലിയൊ എരട്ടിമധുരം ചന്ദനം ഇവയൊ അരച്ചുതെക്കാം- ഉഴന്നിൻമണിക്കരപ്പൻ ശമിക്കും.

൫- അഥവാമധുകൊശീരശാരിബാകന്ദജീരകൈഃ।
അക്ഷസ്യാസ്ഥീനിതൈവൈവവൎണ്ണവത്യാസ്തുചൊചിവാ ॥

എരട്ടിമധുരം രാമച്ചം നന്നാറിക്കിഴങ്ങ ജീരകം താന്നിക്കക്കുരു ഇവ തെങ്ങാപ്പാലിൽ അരച്ചുതെക്കുകയുമാം- വെള്ളാടതൊലിയും മെൽപ്രകാരം തെക്കാം.

(പാഠാദികഷായം)

൬- പാഠാപടൊലദാൎവ്വിബ്ദപിചമന്ദശൃതംജലം।
സമാക്ഷികംപിബെൽപ്രാതസ്സമ്യാകസ്യതാചൊപിവാ॥

പാടക്കിഴങ്ങ പടൊലം മരമഞ്ഞത്തൊലി മുത്തങ്ങക്കിഴങ്ങ വെപ്പിൻതൊലി ഇവകൊണ്ട കഷായംവച്ച തെൻ മെമ്പൊടിചെൎത്ത രാവിലെ സെവിപ്പിക്ക- കൊന്നവെരുമ്മൽതൊലികൊണ്ട കഷായംവച്ച തെൻ മെമ്പൊടിചെൎത്തിട്ടും സെവിപ്പിക്കാം.

(ത്രായന്ത്യാദികഷായം

൭- ത്രായന്തീകടുകൊശീരശാരിബാംബുദവത്സകൈഃ।
ഭൂനിംബനിംബസ്പൎശവാശാഭിൎവ്വാശൃതംജലം॥

ബ്രഹ്മി കടുകരൊഹിണി രാമച്ചം നന്നാറിക്കിഴങ്ങ മുത്തങ്ങക്കിഴങ്ങ കടകപ്പാലയരി പുത്തരിച്ചുണ്ട വെരുമ്മൽതൊലി വെപ്പിൻതൊലി കൊടിത്തൂവവെര ആടലൊടകത്തിൻവെര ഇവകൊണ്ട കഷായംവച്ച തെൻ മെമ്പൊടി ചെൎത്തിട്ടും സെവിപ്പിക്കാം ഉഴന്നിൻമണിക്കരപ്പൻ ശമിക്കും.

(തലയിൽ കുഴമ്പിന്ന അഞ്ജനാഷ്ടമചൂൎണ്ണം

൮- മഞ്ജിഷ്ഠാശാരിബാമുസ്താരാസ്നാമധുകചന്ദനൈഃ।
സൌശീരൈരഞ്ജനംതുല്യംചൂൎണ്ണയിത്വാപ്രലെപയെൽ॥

൯- സ്നാനെന്യനമൂൎദ്ധ്നിബാലസ്യശിരസസ്താപശാന്തയെ।
അഥവാനവനീതെനകിംശുകസ്വരസെനവാ॥

൧൦ അഞ്ജനാഷ്ടമചൂൎണ്ണൊയംമൂൎദ്ധ്നിബാലസ്യയൊജിതഃ।
അംഗദാഹംശിരൊദാഹംനെത്രദാഹഞ്ചനാശയെൽ॥

മഞ്ചട്ടിപ്പൊടി നന്നാറിക്കിഴങ്ങ മുത്തങ്ങക്കിഴങ്ങ അരത്ത എരട്ടിമധുരം ചന്ദനം രാമച്ചം ഇവ സമം ഓരൊപ്പടിയെ

ത്തൊളം, അഞ്ജനക്കല്ല ഇങ്ങിനെ കൂട്ടിപ്പൊടിച്ച മുലപ്പാലി ലൊ വെണ്ണനെയ്യിലൊ കരുമുരുക്കിലനീരിലൊ ചെൎത്ത മൂദ്ധാവിൽ കുഴമ്പിടുക ശരീരത്തിൽ ചുട്ടുനീറവന്നതും തലചുട്ടും കൺപുകച്ചിലും ശമിക്കും അഞ്ജനാഷ്ടകമെന്ന ഈ പൊടിക്ക ഉപരാകന്നു.

(ഭൃംഗരാജാദി തൈലം)

൮൮– ഭൃംഗരാജാമൃതാദൂൎവ്വാപാരന്തീകുസുമൊത്ഭവൈ।
രസൈമധുകകുഷ്ഠാബ്ദചന്ദനൊശീരവാരിഭിഃ॥
൮൯– കല്കിതൈൎന്നാളികെരസ്യസ്നേഹസ്തിലജഎവവാ।
വിപകൊപാഭ്യഞ്ജനെമൂൎദ്ധ്നശ്ശസ്യതെത്രവിശെഷതഃ॥

കഞ്ഞുണ്ണി, ചിററമൃത, കറുക, തെച്ചിപ്പൂവ്വ, ഇവററിൻ നീരിൽ എരട്ടിമധുരം, കൊട്ടം, മുത്തെങ്ങക്കിഴങ്ങ, ചന്ദനം, രാമച്ചം, ഇരുവെലി; ഇവ അരച്ച കലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്ത കാച്ചിയരിച്ച തലയിൽതെപ്പിക്കുക. ഈ എണ്ണ ഉഴന്നിന്മണിക്കരപ്പന്ന എററവും ശമനമാകുന്നു.

(മുസ്താമൃതാദി തൈലം)

൯൦– മുസ്താമൃതാബലാധാത്രീ നിഷ്കുപാഥസ്നേഹസമ്മിതം।
പാരന്തിപുഷ്പസംഭൃതംസംയൊജ്യസ്വരസംപുനഃ॥
൯൧– മഞ്ജിഷ്ഠാകുഷ്ഠയഷ്ട്യാഹ്വചന്ദനാദ്വയദാരുഭിഃ।
ശൈലെയസരളൊശീരനതപൊരകവാരിഭിഃ॥
൯൨– കല്കിതൈൎന്നാളികെരസ്യസ്നേഹസ്തിലജഎവവാ। വി
പക്വൊപാഭ്യഞ്ജനാൽസദ്യൊമാഷകംവിനയച്ഛ്രുതി॥

മുത്തെങ്ങക്കിഴങ്ങ, ചിററമൃത, കുറുന്തൊട്ടിവെര, നെല്ലിക്ക; ഇവ കഷായം വച്ച അതിൽ എണ്ണയൊട്ട സമം തെച്ചിപ്പൂവ്വിന്റെ നീരുചെൎത്ത മഞ്ചെട്ടിപ്പൊടി, കൊട്ടം, എരട്ടിമധുരം, ചന്ദനം, രക്തചന്ദനം, ദെവതാരം, കന്മതം, ചരളം, രാമച്ചം, തകരം, കച്ചൂരിക്കിഴങ്ങ, ഇരുവെലി, ഇവ അരച്ച കലക്കി വെളിച്ചെണ്ണയൊ എണ്ണയൊചെൎത്ത കാച്ചിയരിച്ച തെപ്പിക്കുക. ഉഴന്നിന്മണിക്കരപ്പൻ ശമിക്കും.

൯൩– പ്രാഗുക്തമഷ്ടവല്കന്തമധഃകായസ്യയൊജയെൽ।
പാരന്തീദലധാത്ര്യംഭശ്ശിരസൊംഗസ്യചെഷ്യതെ॥

മുൻപറഞ്ഞ അഷ്ടവല്ക്ക തൈലം കഴുത്തിന്നുകിഴ എല്ലാടവും തെപ്പിക്ക– തെച്ചിയിലയും നെല്ലിക്കയുമിട്ട വെള്ളംവച്ച അതുകൊണ്ട കുളിപ്പിക്കുക.

൫൭- ലെപാസ്സൎവ്വത്രയൊജ്യാസ്തെപ്രൊക്താജ്ജഠതഥാപിലെ ।
തൈലഞ്ചാപ്യഷ്ടവല്ക്കാഖ്യംവിശെഷസ്തുപദെക്ഷ്യതെ ॥
മുൻപറഞ്ഞ ലെപങ്ങളും തലയിൽതെപ്പാൻ പറഞ്ഞ കുഴമ്പും അഷ്ടവല്ക്കതൈലവും പിത്തവിസൎപ്പങ്ങൾക്ക എല്ലാററിന്നും പറയുന്നതാകുന്നു- വിശെഷിച്ച ചെയ്യെണ്ടത ഇനി അതാതിന്റെ ചികിത്സയിൽ പറകയും ചെയ്യും.

## മുളകുമണിക്കരപ്പന്റെ ലക്ഷണം.

൫൮. ഏകാഹാംജ്വരിതസ്യാംഗെശൊഫാനീലാരുണത്ഭുവിഃ ।
സ്ഫൊടകൈകണ്മരിമാഭൈസ്തുസഹാസൈവാചിതായദി ॥
൫൯- ദൃശ്യന്തെസന്ധിഷുസ്വെദസ്തൊഭ്യാംമരിചാഹ്വയം।
വിസൎപ്പമാഹുശ്ശൈവെദ്യാസ്തച്ചികിത്സാഥകഥ്യതെ॥
ഒരുദിവസം പനിച്ചതിന്റെശെഷം കറുത്ത ചൊപ്പൊട്ടുകൂടിയ നീരിന്മെൽ മുളകുമണിപൊലെയുള്ള പുളുകങ്ങൾ പൊട്ടുന്നവെ നിറഞ്ഞ സന്ധികളിൽ വിയൎപ്പ വെദന ഇവയൊടുംകൂടെ കണ്ടാൽ അത മുളകുമണിക്കരപ്പനെന്ന വൈദ്യൻ അറികയും വെണം- അതിന്റെ ചികിത്സയെ പറയുന്നു.

## മുളകുമണിക്കരപ്പന്റെ ചികിത്സാ.

### (പിചുമന്ദാദി കഷായം)

൬൦- പിചുമന്ദാമൃതാവിശാവാശാരജനിതൊയദൈഃ।
സിദ്ധഃകഷായൊമധുനാഢ്യാമരിചംവിനിയച്ഛതി॥
വെപ്പിൻതൊലി ചിററമൃത ചുക്ക ആടലൊടകത്തിൻവെര വരട്ടുമഞ്ഞൾ മുത്തങ്ങക്കിഴങ്ങ ഇവകൊണ്ട കഷായംവെച്ച തെൻമെമ്പൊടിചെൎത്ത സെവിപ്പിക്ക- മുളകുമണിക്കരപ്പൻ ശമിക്കും.

### (ശ്യാകവൽക്കാദി കഷായം)

൬൧- ശ്യാകവല്ക്കൈവെകങ്കൊവിളംഗരജനീവൃഷൈഃ।
കൈശീരീമധുകാംഭൊദശാരിബാചൊരപാദപൈഃ॥
൬൨- കാരവീകഫളീപുഷ്പഖദിരൊശീരവാരിഭിഃ।
പാഠാകമലകിഞ്ജല്ക്കചന്ദ്രരെഖാജമൊജകൈഃ॥
൬൩-കടുകാപപ്പടൊഗ്രാഭിസ്ത്രായന്ത്യാചപ്രസാധിതഃ।
കഷായൊമാക്ഷികസംയുക്തൊമരിചസ്യനിസൂദനഃ॥

കൊന്നവേരുമ്മേൽതൊലി തുമ്പപ്പൂവ്വ വിഴാലരി വരട്ടുമഞ്ഞൾ ആടലോടകത്തിൻവേര മാശിക്ക ഏരട്ടിമധുരം മുത്തങ്ങക്കിഴങ്ങ നന്നാറിക്കിഴങ്ങ കച്ചൂരിക്കിഴങ്ങ ചന്ദനം കരിഞ്ചീരകം തെങ്ങിൻപൂക്കുലയരി കരിങ്ങാലിക്കാതല രാമച്ചം ഇരുവേലി പാടക്കിഴങ്ങ താമരയല്ലി കാർകൊകിലരി അയമൊതകം കടുകരോഹിണി പപ്പടം വയമ്പ ബ്രഹ്മി ഇവകൊണ്ട കഷായംവെച്ച തേൻ മെമ്പൊടിചേർത്ത സേവിപ്പിക്ക മൂലകമണിക്കരപ്പൻ ശമിക്കും.

(കേതകീപല്ലവാദി തൈലം)

൧൪- കേതകീപല്ലവാനന്താഗുളൂചീകുംഭീരസൈഃ।
വെല്ലലാധാന്യകാംഭോദകലിംഗനതചൊരകൈഃ॥
൧൫- തേജോവതീവരായഷ്ടിചന്ദ്രരേഖാത്രുരുഷ്കകൈഃ।
കല്ക്കിതൈർന്നാളികേരസ്യസ്നേഹസ്തുല്യജ്യവ്യവാ॥
൧൬- സിദ്ധോഭ്യംഗേഹിതസ്തത്രശിരഃസ്ന്സ്ഥാനസ്യൂതം।
ധാത്രീകിംശുകവല്ക്കാഭ്യാമംഭശ്ചാസ്യപ്രയോജയേൽ॥

കൈതക്കൂമ്പ കറുക ചിററമൃത തെങ്ങിൻപൂക്കുല ഇവററിൻനീരിൽ വിഴാലരി ഏലത്തരി കൊത്തമ്പാലയരി മുത്തങ്ങക്കിഴങ്ങ കടകപ്പാലയരി തകരം കച്ചൂരിക്കിഴങ്ങ ചെറുപ്പുന്നയരി ത്രിഫല ഏരട്ടിമധുരം കാർകൊകിലരി കുന്തുരുക്കം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേർത്ത കാച്ചിയരിച്ച തലയിൽ തേപ്പിക്ക- നെല്ലിക്കയും കുമുരുക്കിൻതൊലിയുമിട്ട വെള്ളംവെച്ച അതുകൊണ്ട കുളിപ്പിക്ക- മേലസ്സ അച്ചുവല്ലൂരതൈലം തന്നെ മതി.

൧൭- അധഃകായസ്യവിരളാപല്ലവൈഃ ക്വാഥിതംജലം।
സക്ഷീരിവല്കൈരെദ്ധ്വാരധൂകധനികാശ്രുതം॥

കഴുതിന്നകീഴ കഞ്ഞിക്കൊട്ടകത്തിലയും നാല്പാമരത്തിൻതൊലിയുമിട്ട വെച്ചവെള്ളം പകരുക- അല്ലായെങ്കിൻ ഇരിപ്പക്കാതലും കൊത്തമ്പാലയരിയും ഇട്ട വെള്ളം വെച്ച പകരുക എന്നാൽ മൂലകമണിക്കരപ്പൻ ശമിക്കും.

ലന്തക്കരുക്കരപ്പന്റെ ലക്ഷണം.

൧൮ ശിരോഭവമിശ്രാസമാഹാരോചകധൂമകൈഃ । ജ്വരിതസ്യത്ര്യഹംശോഫഃകോലാഭൈസ്സ്ഫോടകൈശ്ചിതഃ ॥
൧൯- മൂർദ്ധാവന്തിരുഗ്രാഗവച്ഛോഭേസമന്വിതഃ।

യൊജായതെസകൊലാഖ്യഃകഠിനഃപീതലൊഹിതഃ ॥

തലതിരിച്ചൽ ഛർദ്ദി ഏക്കം ചുട്ടുനീറൽ അരുചി പുകഞ്ഞ തെട്ടൽ ഇവയൊടുകൂടി മഞ്ഞനിറത്തൊടുകൂടെയൊ ചുവപ്പുനിറത്തൊടുകൂടിയതായിരിക്കുന്ന നീര മൂന്നു ദിവസത്തെ പനി കഴിഞ്ഞതിന്റെശെഷം കാണുകയും ആ നീരുള്ളെടത്ത ലന്തക്കുരു പ്രമാണങ്ങളായ പുളകങ്ങൾ നിറകയും മൂൎദ്ധാവ കുഴികയും കണ്ണിന്ന ചുവപ്പ വയറിളക്കം ഇവയൊടുകൂടി കഠിനമായിരിക്കയും ചെയ്താൽ ആ വ്യാധി ലന്തക്കുരുക്കരപ്പനെന്നറിക.

ലന്തക്കുരുക്കരപ്പന്റെ ചികിത്സാ.

(അരച്ചു തെപ്പാൻ)

൩൦– നാളികെരസ്യദുഗ്ദ്ധെനപിഷ്ട്വാബദരവല്കലം।
കൊലംവിലിംപെത്തൈനെവ പുഷ്പംവാകരവീരജം॥

ലന്തത്തൊലി തെങ്ങാപ്പാലിൽ അരച്ചുതെക്കുക. ലന്തക്കുരുക്കരപ്പൻ ശമിക്കും– അല്ലായെങ്കിൽ അലരിപ്പൂവ്വ തെങ്ങാപ്പാലിൽ അരച്ചുതെക്കുക– എന്നാലും ശമിക്കും.

(പടൊലാദി കഷായം)

൩൧– പടൊലത്രിഫലാരിഷ്ടപയസ്യാതരുവല്കലൈഃ।
സകാരവീരകെസ്സംസിദ്ധഃകാഥശ്ചമധുമാൻഹിതഃ॥

പടൊലം ത്രിഫല വെപ്പിൻതൊലി നാല്പാമരത്തിൻതൊലി കരിഞ്ജീരകം ഇവകൊണ്ടു കഷായം വെച്ചു തെൻ മെല്പൊടിയെത്ത സെവിപ്പിക്ക– ലന്തക്കുരുക്കരപ്പൻ ശമിക്കും.

(സപ്തച്ഛദാദി കഷായം)

൩൨– സപ്തച്ഛദനിശായഷ്ടിസുഷവീപല്ലവൈഃകൃതഃ।
കാഥശ്ചമധുസംയുക്തഃകൊലകസ്യഹിതഃപരം॥

ഏഴിലമ്പാലത്തൊലി വരട്ടുമഞ്ഞൾ എരട്ടിമധുരം പുല്ലാനിത്തളിര ഇവകൊണ്ടുകഷായംവെച്ചു തെൻ മെല്പൊടിയെത്ത സെവിപ്പിക്ക– ലന്തക്കുരുക്കരപ്പൻ ശമിക്കും.

(കരീരാദി തൈലം)

൩൩– കരീരകരവീരാമ്രപല്ലവാമലതാരസൈഃ
ത്രിഫലാകാരവീകല്കസിദ്ധംതൈലംചശസ്യതെ॥

മുളയാണ്ടല ഞാലരിത്തളിര തെന്മാവിൻതളിര കൊടിഞ്ഞൊലി ഇവററിൻ നീരിൽ ത്രിഫല കരിഞ്ജീരകം

ഇവ അരച്ചുകലക്കി വെളിച്ചെണ്ണയോ എണ്ണയോ ചേൎത്തു കാച്ചിയരിച്ചു തേപ്പിക്ക- ലന്തക്കുരുക്കരപ്പൻ ശമിക്കും.

൩൫- അഷ്ടവൎഗ്ഗമധഃകായെ മരിചാംഭശ്ചസേചനം।
അന്യൽപിത്തവിസൎപ്പസ്യ യൽക്രമം തച്ചവക്ഷ്യതേ॥

കഴുത്തിന്നുകീഴ എല്ലാടവും അഷ്ടവൎഗ്ഗത്തൈലം തേപ്പിക്ക- മുളകുകണിക്കരപ്പന്നു പറഞ്ഞ വെള്ളംകൊണ്ടു കുളിപ്പിക്ക- ശേഷമൊക്കെയും പിത്തവിസൎപ്പങ്ങൾക്കു മുൻപറകപ്പെട്ടവയും താഴെ പറകപ്പെടുന്നവയും ചെയ്യുന്നതാകുന്നു.

## വിഴാലരിക്കരപ്പന്റെ ലക്ഷണം.

൩൬- ക്രിമിവല്ലുമാൎത്രൈൎവ്വിസ്ഫോടൈസ്താമ്രൈശ്ചൊരമുഖൈശ്ചിതഃ । ശോഫഃ ക്രിമിവല്ലുകൊനാമമാംസളസ്ഥലസംഭവഃ॥

വിഴാലരിയോളം വലിപ്പവും മുഖത്തിന്ന വെളുപ്പും ചുററുമുള്ളടത്തു ചുവപ്പുനിറമായ പുളകങ്ങളോടുകൂടിയ നീര വിഴാലരിക്കരപ്പനെന്നറിക- ആയതു പ്രായെണ മാംസമുള്ള പ്രദേശത്തു ഉണ്ടാകുന്നതുമാകുന്നു.

## വിഴാലരിക്കരപ്പന്റെ ചികിത്സാ.

### (അരച്ചു തേപ്പാൻ)

൩൭- നാളികെരസ്യശുഷ്കസ്യ പിഷ്ടാത്വച്ചാരഗ്വധസ്സമം।
സാരംഖാദിരമാലിംപെൽക്രിമിവല്ലുകമൎദ്ദനിശം॥

കരുകയുടെ ഊറല കരിങ്ങാലിക്കാതല ഇവ സമം തേങ്ങാപ്പാലിലരച്ചു തേക്കുക- വിഴാലരിക്കരപ്പൻ ശമിക്കും.

### (മുസ്താഖദിരാദി കഷായം)

൩൮- മുസ്താഖദിരയഷ്ട്യാഹ്വപടോൽവ്വീധാന്യകചന്ദനൈഃ।
സിദ്ധഃകഷായോമധ്വാഢ്യഃക്രിമിവല്ലുകവിനാശനഃ॥

മുത്തങ്ങക്കിഴങ്ങ കരിങ്ങാലിക്കാതല ഏരട്ടിമധുരം മരഞ്ഞതൊലി കൊത്തമ്പാലയരി രക്തചന്ദനം ഇവകൊണ്ടു കഷായംവെച്ചു തേൻ മെമ്പൊടി ചേൎത്തു സേവിപ്പിക്ക- വിഴാലരിക്കരപ്പൻ ശമിക്കും.

### (ഖദിരേന്ദ്രയവാദി കഷായം)

൩൯- ഖദിരേന്ദ്രയവാഭീരുപടോലാമ്പലകീടജൈഃ।
ഭൂനിംബനിംബവാശാബ്ദവിശാലാരജനീദ്വയൈഃ।

൩൯- പാഠാകരഞ്ജവല്മീകാരവീകഷ്ടയഷ്ടിഭിഃ।
നീലീവസുകവെല്ലെശ്വകപായഥാസ്യശമനഃപരം॥

കരിങ്ങാലിക്കാതല കടകപ്പാലയരി ശതാവരിക്കിഴങ്ങ പടൊലം ലന്തയില പുത്തരിച്ചുണ്ടവെര ഞമ്മൽതൊലി വെപ്പിൻതൊലി ആടലോടകത്തിൻവെര മുത്തങ്ങക്കിഴങ്ങ കാട്ടുവെള്ളരിവെര വരട്ടുമഞ്ഞൾ മരമഞ്ഞൾതൊലി പാടക്കിഴങ്ങ ഉങ്ങിൻതൊലി ഏലത്തരി കരിഞ്ചീരകം കൊട്ടം ഇരട്ടിമധുരം അമരിവെര താർതാവൽവെര വിഴാലരി ഇവകൊണ്ട കഷായംവെച്ചതെൻ മെമ്പൊടിചെൎത്ത സെവിപ്പിക്ക- വിഴാലരിക്കരപ്പൻ ശമിക്കും.

(സപ്തസാര തൈലം)

൪൦- ധാത്രീമൂൎവ്വാമൃതാട്ടംഗജാത്യംബുശതപൎവ്വണാം।
സാരഖസകഷ്ടയഷ്ട്യാഹ്വമൂൎവ്വാതപാരകവന്ദനൈഃ॥
൪൧- കാരവിസുഷവീവല്ലുവാജിഗന്ധാഫലത്രയൈഃ।
കല്ക്കിതൈന്നാളികെരസ്യസ്നെഹസ്തിലജഏവവാ॥
൪൨- പാനെഭ്യംഗെചശസ്തോസ്യമൂൎദ്ധ്നിധാത്ര്യംബുശസ്യതെ।
പ്രാഗപമന്യൽപ്രയൊക്തവ്യംസൎവ്വമാത്രാപ്രിഷ്യതെ॥

നെല്ലിക്ക കരക ചിററമൃത കഞ്ഞുണ്ണി പിച്ചകത്തല ഇരുവെലി മുള്ളയാണ്ടല ഇവററിൻനീരൽ കൊട്ടം ഇരട്ടിമധുരം പെരുംകുരുമ്പവെര കച്ചൂരിക്കിഴങ്ങ ചന്ദനം കരിഞ്ചീരകം പുല്ലാനിതൊലി അമുക്കുരം ത്രിഫല ഇവ അരച്ചുകലക്കിവെളിച്ചെണ്ണയൊ എണ്ണയൊകാച്ചി തെച്ചിക്ക- മെൽപ്രകാരം വെളിച്ചെണ്ണകാച്ചി സെവിപ്പിക്കയുമാം- തലക്കു നെല്ലിക്കവെള്ളം പകരുക- ഇനിവെണ്ടതൊക്കയും ലന്തക്കുരുക്കരപ്പന്ന പറഞ്ഞ പ്രകാരം ചെയ്തുകൊൾക- വിഴാലരിക്കരപ്പൻ ശമിക്കും.

അത്തിക്കാക്കരപ്പന്റെ ലക്ഷണം.

൪൩- അംഗെസാദശിരസ്ഥ്രാവഭ്രമതൃഷ്ണാജ്വരാന്വിതഃ।
ശൊഷസ്സാപ്രാന്തിതസ്സാന്മൂത്രമുണ്ഡംബരഫലൊപമൈഃ॥
൪൪- സ്ഫോടൈസ്സൂക്ഷ്മൈഃപ്രാപ്തസ്തീവ്രരുജാദാഹസംയുതഃ।
ഗമ്യംതെവല്ലെപിജാനീയാദുദുംബരവിസൎപ്പകം॥

ശരീരത്തിന്ന തളച്ച തലവെദന തലതിരിച്ചല തണ്ണീർദാഹം പനി ഇവകൾ ഉണ്ടായതിന്റെശെഷം ചുവപ്പും കറുപ്പും കൂടിയ നിറമായി നീര കാണുകയും അതിന്മെൽ അത്തിക്കായ

യോളം വലിപ്പത്തോടും ചുവന്ന നിറത്തോടും മുഖത്തിന്ന വെളുപ്പോടും കഠിനമായ വേദന ചുട്ടുനീറലെന്നിവയോടുംകൂടിയവപുളുകങ്ങൾ നിറഞ്ഞു കാണാം— അത അത്തിക്കാക്കരപ്പനെന്ന അറിക.

അത്തിക്കാക്കരപ്പന്റെ ചികിത്സാ.

(അരച്ചുതേപ്പാൻ)

൬൭— അക്ഷാസ്ഥീനിസമഞ്ജിഷ്ഠാമധുകാന്നിതദാഡിമഃ।
നാളികേരസ്യദുഗ്ദ്ധേനപിഷ്ടാലിംപേന്മുഹുർമ്മുഹുഃ॥
താന്നിക്കക്കുരു മഞ്ചെട്ടിപ്പൊടി ഇരട്ടിമധുരം ഇവ തേങ്ങാപ്പാലിലരച്ചു കൂടക്കൂടെ തേക്കുക— അത്തിക്കാക്കരപ്പൻ ശമിക്കും—

(പത്മകാദികഷായം)

൬൮— പത്മകാംബുദയഷ്ട്യാഹ്വശാരിബാഭിശ്ശൃതംജലം।
പായയെന്മധുസംയുക്തംപ്രാതസ്സുസ്യപശാന്തയെ॥
പതിമുകം മുത്തങ്ങക്കിഴങ്ങ ഇരട്ടിമധുരം നന്നാറിക്കിഴങ്ങ ഇവകൊണ്ടു കഷായം വച്ചു തേൻ മേമ്പൊടി ചേൎത്തസേവിപ്പിക്ക— അത്തിക്കാക്കരപ്പൻ ശമിക്കും.

(ത്രായമാണാദി കഷായം)

൬൯— ത്രായമാണാമൃതാമൂൎവ്വാവിഡംഗകടുകാഘനൈഃ।
ഭൂനിംബധാന്യദൎഭശ്ചകലശീഭിശ്ചസാധിതം॥
൭൦— കാരവീചൂൎണ്ണസംയുക്തംഛവാമാക്ഷികാന്വിതം।
കഷായംവാപായയെദ്വാപിഖദിരേന്ദ്രയവൈൎവ്വാ॥
ബ്രഹ്മി ചിറ്റമൃത പെരുംകുരുമ്പവേര വിഴാലരി കടുകരോഹിണി മുത്തങ്ങക്കിഴങ്ങ പുത്തരിച്ചുണ്ടവേരുമ്മൽതൊലി കൊത്തമ്പാലയരി കൊടിത്തൂവവേര മുച്ചിലവേര ഇവകൊണ്ടു കഷായംവെച്ചു കരിഞ്ചീരകമോ തേനോ മേമ്പൊടിചേൎത്തസേവിപ്പിക്ക മേൽപ്രകാരം മരമഞ്ഞത്തൊലി കരിങ്ങാലിക്കാതല കുടകപ്പാലയരി ഇവകൊണ്ടും കഷായംവച്ചു സേവിപ്പിക്കാം— എന്നാൽ അത്തിക്കാക്കരപ്പൻ ശമിക്കും.

(വരീകന്ദാദി തൈലം)

൭൧— വരീകന്ദബലാകഛാദശാരിബാകുഷ്ഠചന്ദനൈഃ।
സരളാമരദാവ്വേലാമധൂകമധുകാന്വിതൈഃ॥
൭൨— കല്ക്കിതൈന്നാളികേരസ്യസ്നേഹസ്തിലജഏവവാ।
സമ്യക്സിദ്ധോഹിതാല്പേഗതിഫലാസിദ്ധഏവവാ॥

ശതാവരിക്കിഴങ്ങ കരിഞ്ചോട്ടിവെര ഇവകൊണ്ട കഷായം വെച്ച നന്നാറിക്കിഴങ്ങ കൊട്ടം ചന്ദനം ചരളം ദെവതാരം ഏലത്തരി ഇരിപ്പക്കാതൽ എരട്ടിമധുരം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ കാച്ചിതെപ്പിക്ക- അല്ലായെങ്കിൽ ത്രിഫല കഷായംവെച്ച അതുതന്നെ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെത്ത കാച്ചിയരിച്ച തെപ്പിക്കം

(നിശാപപ്പടകാദി തൈലം)

൭൫- നിശാപപ്പടകാളീരഫണിവല്ല്യമൃതാരസൈ।
ക്ഷീരിവല്കവരാശീതൊരുചൊരതയഷ്ടിഭിഃ॥

൭൬- ലാക്ഷാവൎണ്ണവതീചന്ദചമഞ്ജിഷ്ഠാനതജൊംഗകൈഃ॥
സംസിദ്ധൊനാളികെരസ്യസ്നെഹശ്ചാംഗായശസ്യതെ ॥

പച്ചമഞ്ഞൾ പപ്പടം ശതാവരിക്കിഴങ്ങ കൊടിഞ്ഞാലി ചിററമൃത ഇവററിൻനീരിൽ നാല്പാമരത്തിൻതൊലി ത്രിഫല ചന്ദനം ദെവതാരം കച്ചൂരിക്കിഴങ്ങ എരട്ടിമധുരം കൊലരക്ക വെണ്പാടതൊലി നന്നാറിക്കിഴങ്ങ മഞ്ചൊട്ടിപ്പൊടി തകരം അതിൽഇവഅരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെത്ത കാച്ചി കഴുത്തിന്നുകീഴ എല്ലാടവും തെപ്പിക്ക- അത്തിക്കാക്കരപ്പൻ ശമിക്കം.

(തലയ്ക്കു വെള്ളം വെപ്പാൻ)

൭൭- കല്പയെദാരിസകാത്ഥംമൂൎദ്ധ്നഃപിപ്പലപല്ലവൈഃ।
കതകൈകസമൈഃക്ഷീരിവല്കൈരംഗസ്യചാത്രതു॥

അരയാലിൻതളിരും തെററാമ്പരല്പമിട്ട തലയ്ക്കു വെള്ളം വെയ്ക്കുക- മെലയ്ക്കു നാല്പാമരത്തിൻതൊലിയിട്ട വെള്ളം വെയ്ക്കുക- മെൽപറഞ്ഞ വെള്ളംകൊണ്ടല്ലാതെ കുളിപ്പിക്കരുതു.

പുളിങ്കുരുക്കരപ്പന്റെ ലക്ഷണം.

൭൮- ചിഞ്ചാപാകസമൊമൂൎദ്ധ്നിസ്ഫൊടശ്ശൊഫസമന്വിതഃ।
ചിഞ്ചാപാകഇതിപ്രൊക്തശ്ശിരൊരുഗ്ദാഹശൂലകൃൽ॥

൭൯- തത്രാദൌഷ്ഠസ്യകെഷാഞ്ചിജ്ജായതെമന്യയൊൎദ്വയൊഃ।
അഥവാപക്ഷയൊരെഷവൃഷ്ഠൌവാവംക്ഷണെപിവാ॥

൮൦- തത്രാവ്യക്തൊഷ്ഠജംഘായാഃപൃഷ്ഠഭാഗെസജായതെ।
പാൎഷ്ണ്യൊഃപ്രാപ്യശീഘ്രപാകശ്ചചൎമ്മാവദരണാന്വിതഃ॥

പുളിങ്കുരുവിന്റെവലിപ്പത്തൊടുംനിറത്തൊടുംകൂടിയ പുളുക

ങ്ങളും അതിനചുവറും നീരും തലക്കം കണ്ണിന്നും പുകച്ചിലും വേദനയും കണ്ടാൽ പുളിങ്കുരുക്കരപ്പനെന്നറിക. ചിലക്ക ഈ വ്യാധി ആദിയിൽ മൂദ്ധാവിങ്കലൊ പിൻകഴുത്തിൽ ഞരമ്പുകളിന്മേലൊ കക്ഷങ്ങളിലോ പുറത്തൊ ഒടിയിലൊ കാലിന്റെ മുട്ടുകൾക്കതാഴെ പൃഷ്ഠഭാഗങ്ങളിലോകാലിന്റെമടമ്പുകളിന്മേലൊകാണാം ഉടനെ പഴുക്കുകയും തൊലി വിള്ളുകയും ചെയ്യും.

### പുളിങ്കുരുക്കരപ്പന്റെ ചികിത്സാ

(അരച്ചുതേപ്പാൻ)

൭൧. മഞ്ജിഷ്ഠാവിരളാമൂലപാഠാന്തിമൂലവല്കലൈഃ।
നാളികേരസ്യദുഗ്ദ്ധേനപിഷ്ട്വൈല്പെപൊത്രശസ്യതെ॥

മഞ്ചട്ടിപ്പൊടി,കഞ്ഞികൊട്ടകത്തിൻവേര, തെച്ചിവേരിന്മേൽതൊലി, ഇവ തേങ്ങാപ്പാലിൽഅരച്ചുതേക്കുക. പുളിങ്കുരുക്കരപ്പൻ ശമിക്കും.

(ത്രിഫലാപിചുമന്ദാദി കഷായം)

൭൨. ത്രിഫലാപിചുമന്ദതാഗ്യഷ്ടിക്ഷീരിദ്രുവല്കലൈഃ॥
സിദ്ധഃകഷായൊമദ്ധ്വാഢ്യശ്ചിഞ്ചാപാകവിനാശനഃ।

ത്രിഫല, വേപ്പിൻതൊലി, എരട്ടിമധുരം, നാല്പാമരത്തിൻതൊലി, ഇവകൊണ്ടു കഷായം വെച്ചു തേൻ മേപ്പൊടി ചേത്ത സേവിപ്പിക്ക. പുളിങ്കുരുക്കരപ്പൻ ശമിക്കും.

(ശാരിബാഖദിരാദി കഷായം)

൭൩. ശാരിബാഖദിരൊശീരമധുകാംഭോദചന്ദനൈഃ। വാശാപടൊലസംയുക്തൈഃകഷായശ്ചമധുമാൻഹിതഃ॥

നന്നാറിക്കിഴങ്ങ, കരിങ്ങാലിക്കാതല, രാമച്ചം, എരട്ടിമധുരം, മുത്തങ്ങക്കിഴങ്ങ, ചന്ദനം, ആടലോടകത്തിൻവേര, പടോലം, ഇവകൊണ്ടു കഷായംവെച്ചു തേൻ മേപ്പൊടി ചേത്ത സേവിപ്പിക്ക. പുളിംകുരുക്കരപ്പൻ ശമിക്കും.

(അസനാദി തൈലം)

൭൪. അസനാഭീരുയഷ്ട്യാഹ്വാഗ്ലൂചീവിലാസാധിതെ।
കഷായെബലാദാഭയാംഭോദരാസ്നാസരളചന്ദനൈഃ॥

൭൫. കടുകാദാരുമഞ്ജിഷ്ഠാതക്കോലമൃഗനാഭിഭിഃ।
ത്വക്കുന്ദുരുഷ്കസ്പൃക്കൈലാകാരവീപത്രചൊരകൈഃ॥

൭൬. കല്കിതൈന്നാളികേരസ്യസ്നേഹസ്തിലജഏവവാ।
സിദ്ധൊഭ്യംഗെഹിതശ്ചാത്രത്രിഫലാമധുകൈശ്ചവാ।

വേങ്ങക്കാതല, ശതാവരിക്കിഴങ്ങ, എരട്ടിമധുരം, ചിററമൃത ക്കുവളത്തിൻവേര, ഇവ കഷായംവെച്ച കുറുന്തോട്ടിവേര, ഊര കത്തിൻവേര, മുത്തങ്ങക്കിഴങ്ങ, അരത്ത, ചരളം, ചന്ദനം, കടുകരോഹണി, ദേവതാരം, മഞ്ചട്ടിപ്പൊടി, തക്കൊലപ്പൊട്ടി ൽ, മെരുകിൻചട്ട, എലവംഗത്തൊലി, കന്നുരുക്കം, നാന്മുക പ്പുല്ല, ഏലത്തരി, കരിഞ്ചീരകം, പച്ചില, കച്ചൂരിക്കിഴങ്ങ ഇ വ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെത്ത കാ ച്ചിയരിച്ച തേപ്പിക്ക. പുളിംകുരുക്കരപ്പൻ ശമിക്കും.

(ശാരിബാദി തൈലം)

൩൩. ശാരിബാമധുകാംഭോദബലാദെവദ്രുസാധിതെ।
കഷായെകിംശുകാനന്താഹരിപുഷ്പീരസാന്വിതെ
൩൪. കല്ക്കൈസ്ത്രിജാതകോശീരകുഷ്ഠയഷ്ട്യാഹ്വചന്ദനൈഃ॥
കുചന്ദനനതസ്പൃക്കാരാസ്നാശൈലെയവാരിഭിഃ॥
൩൫. സംസിദ്ധൊനാളികേരസ്യസ്നേഹസ്തിലജഎവവാ।
പാനെഭ്യംഗെചശസ്തോസ്യസുതരാമന്ന്യദ്രുക്തവൽ॥

നന്നാറിക്കിഴങ്ങ, എരട്ടിമധുരം, മുത്തങ്ങക്കിഴങ്ങ, കുറുന്തോ ട്ടിവേര, ദേവതാരം, ഇവ കഷായംവെച്ച അതിൽ കരുമുരുക്കി ല, കറുക, പുവ്വരശിൻതളിര ഇവററിൻനീർ ചേൎത്ത ഏലത്ത രി, എലവംഗത്തൊലി, പച്ചില, രാമച്ചം, കൊട്ടം, എരട്ടിമധു രം, ചന്ദനം, രക്തചന്ദനം, തകരം, നാന്മുകപ്പുല്ല, അരത്ത, ക ന്മതം, ഇരുവേലി ഇവ അരച്ചുകലക്കി വെളിച്ചെണ്ണയോഎണ്ണ യോചേൎത്ത കാച്ചിയരിച്ചതേപ്പിക്കയും സേവിപ്പിക്കയും ചെയ്ക. എന്നാൽ പുളിംകുരുക്കരപ്പൻ ശമിക്കും. ഇനി വേണ്ടുന്നതൊക്ക യും അത്തിക്കാക്കരപ്പന്ന പറഞ്ഞതുപോലെ ചെയ്ക.

൩൬. വ്രണവൽപാകബാഹുല്യെസൎവ്വംതസ്യചികിത്സിതം।
പ്രയുഞ്ജ്യാൽസൎവ്വദാപാകാദ്രക്ഷെത്തദുചിതൌഷധൈഃ॥

അധികമായി പഴപ്പുണ്ടായാൽ വ്രണചികിത്സയിൽ പറക പ്പെടുന്നതൊക്കയും ചെയ്ക. അതാത ഔഷധങ്ങളെക്കൊണ്ട പ ഴപ്പ അധികമാകാതെ നിൎവ്വഹിക്കുന്നത നല്ലതാകുന്നു.

വല്ലിക്കരപ്പന്റെ ലക്ഷണം

൩൭. ശാലിതണ്ഡുലസംസ്ഥാനൈൎവ്വിസ്ഫോടൈരാചിതസ്തനുഃ
ദ്രാഘിഷ്ഠഃകുടിലൊവല്ലിവിസൎപ്പൊവല്ലിവത്സ്മൃത।

അരിപ്രമാണത്തിലുള്ള പുളകങ്ങളോടുകൂടി കനംകുറഞ്ഞ നീ

ണ്ട ചിലവളവോടുകൂടി കാണപ്പെടുന്ന നീര വള്ളിക്കരപ്പനെന്നറിക.

വള്ളിക്കരപ്പന്റെ ചികിത്സാ

(അരച്ചുതേപ്പാൻ)

൯൮. നാളികേരസ്യദുഗ്ദ്ധേനപിഷ്ടാനാബകുളവല്ക്കലം।
യദ്വാവണ്ണവതിദ്വന്ദ്വംലിംപെദത്രമുഹുർമ്മുഹുഃ॥

തേങ്ങാപ്പാലിൽ എരിഞ്ഞിത്തൊലിയോ വെണ്ണാടത്തൊലി നന്നാറിക്കിഴങ്ങ ഇവയൊ അരച്ചുതേക്കക. വള്ളിക്കരപ്പൻശമിക്കും.

൯൯. അഥവാവിരളാമൂലമധുകാക്ഷാസ്ഥിശാരിബാഃ। നാളികേരസ്യദുഗ്ദ്ധേനപിഷ്ടാലിംപെത്സതോയദാഃ॥

അല്ലായെങ്കിൽ കഞ്ഞിക്കൊട്ടകത്തിൻവേര, എരട്ടിമധുരം, താന്നിക്കക്കുരു, നന്നാറിക്കിഴങ്ങ, മുത്തെങ്ങക്കിഴങ്ങ, ഇവ തെങ്ങാപ്പാലിൽ അരച്ചുതെക്കുക.

(യഷ്ട്യാഹ്വാദികഷായം)

൧൦. യഷ്ട്യാഹ്വാപൂലീശമ്യാകഭൂനിംബവൃഷപത്മകൈഃ।
കൈശികീകുഹളീപുഷ്പവിരളാമൂലവല്ക്കലൈഃ॥

൧൧. നിംബചന്ദനമൂർവ്വാബ്ദവൈരിമൂലൈശ്ചസാധിതഃ।
കഷായൊമാക്ഷികൊപെതഃപെയസ്തസ്യാശുശാന്തയെ॥

എരട്ടിമധുരം, നീരുരിവേര, കൊന്നവേരിമ്മേൽതൊലി, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, ആടലോടത്തിൻവേര, പതിമുകം, മാശിക്ക തെങ്ങിൻപൂക്കലയരി, കഞ്ഞികൊട്ടകത്തിൻ വേരുമ്മൽതൊലി വേപ്പിൻതൊലി, ചന്ദനം പെരുംകുരുമ്പവേര, മുത്തെങ്ങക്കിഴങ്ങ, ഏകനായകത്തിൻവേര ഇവകൊണ്ട കഷായംവെച്ച തേൻമേപ്പൊടിചേത്ത സേവിപ്പിക്ക. വള്ളിക്കരപ്പൻ ഉടനെ ശമിക്കും.

(നീപത്വഗാദി കഷായം)

൧൨. നീപത്വക്ത്രിഫലാവാശാപടൊലഖദിരാംബദൈഃ।
പാരന്തീപുഷ്പതുല്യാംശൈഃകഷായശ്ചമധുമാൻഹിതഃ॥

കടമ്പിൻതൊലി, ത്രിഫല ആടലോടത്തിൻവേര, പടൊലം, കരിങ്ങാലിക്കാതല, മുത്തെങ്ങക്കിഴങ്ങ ഇവസമം ഒക്കക്കൂടിയെടത്തോളം തെച്ചിപ്പൂവ്വ ഇങ്ങിനെകൂട്ടി കഷായംവച്ചതെൻ മേപ്പൊടിചേത്ത സേവിപ്പിക്ക. വള്ളിക്കരപ്പൻ ശമിക്കും.

(അഷ്ടപല്ലവ തൈലം)

൩൭. പിപ്പലെന്ദ്രലതാദൂർവ്വാസുഷവീവിരളാഗ്നിനാം।
ജംബൂശാബരയൊന്ന്വൃക്ഷദെഭ്യസ്സംഭൃതെരസെ॥

൩൮. ദാരുവർണ്ണവതീയുഗ്മവിളംഗഹിമയഷ്ടിഭിഃ।
ത്രിഫലാചോരതക്കൊലമാംസീഭിശ്ചപ്രസാധിതഃ॥

൩൯. സ്നേഹൊത്രനാളികേരസ്യപ്രശസ്തസ്തീലജൊപിവാ
പാനെചാഭ്യഞ്ജനെചാപിധാത്ര്യംഭൊമൂർദ്ധ്നഉക്ഷണെ॥

അരയാൽ, ഉഴിഞ്ഞ, കറുക, പുല്ലാനി, കഞ്ഞിക്കൊട്ടകം കഞ്ഞുണ്ണി, ഞാറ, പാച്ചോററി ഇവററിൻ കുമ്പിൻനീരിൽ ദേവതാരം, വെണ്പാടത്തൊലി, നന്നാറിക്കിഴങ്ങ, വിഴാലരി ചന്ദനം, എരട്ടിമധുരം, ത്രിഫല, കച്ചൂരിക്കിഴങ്ങ, തക്കൊല പുട്ടിൽ, മാഞ്ചി ഇവ അരച്ച കലക്കി വെളിച്ചണ്ണയൊ എണ്ണയൊചേൎത്ത കാച്ചിയരിച്ച സേവിപ്പിക്കയും തെപ്പിക്കയും ചെയ്ക എന്നാൽ വള്ളിക്കരപ്പൻ ശമിക്കും. തലയ്ക്കു നെല്ലിക്കവെള്ളം പകരുകയും ചെയ്ക.

൪൦. അഷ്ടപല്ലവസംജ്ഞന്തുതൈലമെതദനുത്തമം। പ്രായഃ
പൈത്തെഷുസൎവ്വെഷു പ്രയോജ്യംഭിഷജോവിദുഃ॥

അഷ്ടപല്ലവമെന്ന പേരോടുകൂടിയ ഈ തൈലം ഏററവും ഉത്തമമാകുന്നു. പിത്തവിസൎപ്പങ്ങൾക്ക എല്ലാററിന്നും പ്രായെണ ഇതുതന്നെ മതിയെന്ന വലരെവൈദ്യന്മാൎക്ക സമ്മതവുമുണ്ട.

(ദ്രോണാഷ്ടമതൈലം)

൪൧. അമൃതാകദളീകന്ദവെത്രാംകുരവരീനിശാ । ശിതികിം
ശുകനിൎഗ്ഗുണ്ഡ്യൗദ്രൊണഞ്ചാപ്യസിതംശനൈഃ

൪൨. സമ്മൎദ്ദ്യൊലൂഖലെതെഭ്യസ്സ്വരസെപടപീഡനാൽ।
സംഭൃതെചൊരയഷ്ട്യാഹ്വഖദിരൊശീരചന്ദനൈ॥
ശാരിബാസരളസ്പൃക്കാലവംഗനതദാരുഭിഃ

൪൩. ശൈലെയകുഷ്ടമാസീഭിസ്സിദ്ധഃകെരഫലൊത്ഭവഃ। സ്നേഹസ്തദ്വത്തിലാനാംവായൊജ്യഃപൂൎവ്വാധികൊഗുണൈഃ॥

൪൪. എഷദ്രൊണാഷ്ടമൊനാമകപാലാൎശസിചെഷ്യതെ।
ശിരശ്ശൂലെചഖാലിത്യെപാലിത്യെചഹിതഃപരം॥

ചിററമൃത, കദളിവാഴക്കിഴങ്ങ, ചൂരൽതളിര, ശതാവരിക്കിഴങ്ങ, പച്ചമഞ്ഞൾ, കരുമുരുക്കില കരുനൊച്ചിയില, കരുന്തുമ്പയില ഇവററിൻനീരിൽകച്ചൂരിക്കിഴങ്ങ എരട്ടിമധുരം, കരിങ്ങാലിക്കാതല, രാമച്ചം, ചന്ദനം, നന്നാറിക്കിഴങ്ങ, ചരളം, നാന്മു

കല്പല്ല, എലവംഗത്തൊലി, തകരം, ദേവതാരം, കന്മതം, കൊട്ടം, മാഞ്ചി ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചിയരിച്ച തേപ്പിക്കകയും സേവിപ്പിക്കകയും ചെയ്ക. വള്ളിക്കരപ്പൻ, കപാലാൎശസ്സ, തലവേദന, തലയിലെ രോമം കൊഴിക. നര ഇവ ശമിക്കും. പിത്തവിസൎപ്പങ്ങൾക്ക ഒക്കയും പററുന്നതാകുന്നു.

(ഹയഗന്ധാദിതൈലം)

വൃ൧. ഹയഗന്ധാശിരീഷത്വഗ്ബലാദ്ദ്വശ്ചദ്രുവല്കജൈ ।
നിംബ്ബത്വാഗ്ഘാദാരുമഞ്ജിഷ്ഠാചൊരചന്ദനയഷ്ടിഭിഃ ॥

വൃ൨. രാസ്നാഫലത്രയൈലാത്വക്പത്രാഗരുശിലൊത്മവൈഃ ।
സിദ്ധസ്നേഹമധഃകായസ്യാഭ്യംഗാൎത്ഥംചകല്പയെൽ ॥

അമുക്കരം, നെന്മെനിവാകത്തൊലി, കുറുന്തോട്ടിവേര, നാല്പാമരത്തിൻതൊലി, ഇവകൊണ്ട കഷായംവെച്ച ദേവതാരം, മഞ്ചട്ടിപ്പൊടി, കച്ചൂരിക്കിഴങ്ങ, ചന്ദനം, ഇരട്ടിമധുരം, അരത്ത, ത്രിഫല, ഏലത്തരി, ഇലവംഗത്തൊലി, പച്ചില, കന്മതം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചിയരിച്ച കഴുത്തിന്ന താഴെ എല്ലാടവും തേപ്പിക്ക. വള്ളിക്കരപ്പൻ ശമിക്കും.

വൃ൩. ബലൊശീരനിശാസിദ്ധംയദ്വാക്ഷീരിത്വചാശൃതം।
അധഃകായസ്യതത്രെഷ്ടമംഭശ്ചസ്നാനകൎമ്മണി ॥

കുറുന്തോട്ടിവേര, രാമച്ചം, വരട്ടുമഞ്ഞൾ, ഇവയിട്ട വെള്ളം തിളപ്പിച്ച മെലൊഴിക്കുക. അല്ലാ എങ്കിൽ നാല്പാമരത്തിൻ തൊലി ഇട്ടിട്ടുമാവാം വള്ളിക്കരപ്പൻ ശമിക്കയും ചെയ്യും.

ചെങ്കരപ്പന്റെ ലക്ഷണം

വൃ൪. ലോഹിതസ്സ്ഫോടസംയുക്തൊലൊഹിതോധികവേദനഃ ।
സദ്യോവിസ്തൃതാരസ്ലോഫൊവിസൎപ്പൊലോഹിതാഹ്വയഃ॥

വൃ൫. വൎച്ചോഭേദൊവമിശ്ശ്വാസശ്ശിരശ്ശൂലൊഗളഗ്രഹഃ ।
മൂത്രെരജസ്ത്വലതാംചതദാൎത്തസ്യൊപജായതെ ॥

ചുവന്ന പുളകങ്ങളോടുകൂടിയതായി ചുവന്ന നിറത്തോടും അധികമായ വേദനയോടുംകൂടി ക്ഷണംകൊണ്ട ദേഹത്തിൽ വ്യാപിക്കുന്നതായി കാണപ്പെടുന്ന നീരിന്ന ചെങ്കരപ്പനെന്ന പേരാകുന്നു ആയത ഉണ്ടായാൽ അവന്ന വയറിളക്കുക. ഛ

ട്ടി, ഏക്കം തലവേദന, ഇറക്കിക്കുടായ്ക, മൂത്രത്തിൽ ഊറല ഇവയൊക്കയും ഉണ്ടായിരിക്കും.

ചെങ്കരപ്പൻെറ ചികിത്സാ
(അരച്ചുതേപ്പാൻ)

വൃ൬. പാരന്തീമൂലവല്ക്കാനിപിഷ്ടാലെപൊത്രശസ്യതെ।
നാളികേരസ്യദുഗ്ദ്ധേനയദാവണ്ണവതീദായം॥
തെച്ചിവേരുമ്മൽതൊലി തേങ്ങാപ്പാലിൽ അരച്ചുതേക്കുക. അല്ലായെങ്കിൽ വെണ്പാടത്തൊലി നന്നാറിക്കിഴങ്ങ ഇവ തെങ്ങാപ്പാലിൽ അരച്ചു തേക്കുക. ചെങ്കരപ്പൻ ശമിക്കും.

(ദാർവ്വീഖദിരാദി കഷായം)

വൃ൭. ദാർവ്വീഖദിരയഷ്ട്യാഹ്വാജീവന്തീപത്മകെസരൈഃ।
കാരവീസഹിതൈസ്സിദ്ധഃകഷായൊത്രമധുമാൻഹിതഃ॥
മരമഞ്ഞത്തൊലി, കരിങ്ങാലിക്കാതല, എരട്ടിമധുരം, അടപതിയൻകിഴങ്ങ, താമരയല്ലി, കരിഞ്ചീരകം ഇവകൊണ്ടു കഷായംവച്ചു തേൻ മെപ്പൊടിചേൎത്തു സേവിപ്പിക്ക. ചെങ്കരപ്പൻ ശമിക്കും.

(ജപാമൂലാദികഷായം)

വൃ൮. ജപാമൂലജയാദാന്ദാമുസ്താക്ഷീരിദ്രുവല്ക്കലൈഃ।
സിദ്ധഃകഷായോമധ്വാഢ്യോലോഹിതസ്യനിസൂദനഃ॥
വെള്ളത്തെചെമ്പരുത്തിവേര, മുഞ്ഞവേര, കടുക്ക, മുത്തെങ്ങക്കിഴങ്ങ, നാല്പാമരത്തിൻ തൊലി ഇവകൊണ്ടു കഷായം വച്ചു തേൻ മേപ്പൊടി ചേൎത്തു സേവിപ്പിക്ക. ചെങ്കരപ്പൻ ശമിക്കും.

(ക്തകാദി കഷായം) .

വൃ൯. കതകാളക്ജീവന്തീവിരള്ളാമൂലവല്ക്കലൈഃ।
പാരന്തീപുഷ്പദാർവ്വ്യബ്ദമഞ്ജിഷ്ഠാഗൊപികായുതൈഃ॥
൧൦. സംസിദ്ധൊമാക്ഷികൊപെതഃപീതഃപ്രാതൎന്നിയച്ഛതി।
സൎവ്വലക്ഷണസംപന്നംലൊഹിതംദിവസൈസ്ത്രിഭിഃ॥
തേററാമ്പരല, തെക്കടവേര, അടപതിയൻകിഴങ്ങ, കഞ്ഞിക്കൊട്ടത്തിൻവേരുമ്മൽതൊലി, തെച്ചിപ്പൂവ്വ, മരമഞ്ഞത്തൊലി മുത്തെങ്ങക്കിഴങ്ങ, മഞ്ചെട്ടിപ്പൊടി, നന്നാറിക്കിഴങ്ങ ഇവകൊണ്ടു കഷായംവച്ചു തെൻ മേപ്പൊടിചേൎത്തു രാവിലെ സേവി

പ്പിക്ക. ലക്ഷണങ്ങളൂടെ തികവോട്ടകൂടിയ ചെങ്കരപ്പൻ മൂന്നു ദിവസംകൊണ്ട ശമിക്കും.

(വിലപാദി തൈലം)

൯൧. വിലപധാത്രീബലായഷ്ടിഖദിരാമരദാരുഭിഃ ।
സൎവ്വതുല്യാമൃതാഖണ്ഡൈഃകപാഥെ സിദ്ധെസുകല്ക്കിതൈഃ!
൯൨. ചന്ദനദ്വയയഷ്ട്യാഹ്വശാരിബൊശീരവാരിഭിഃ ।
കുമുദൊൽപലകന്ദാബ്ജവിസകെസരസംയുതൈഃ ।
൯൩. സമദ്ഭിൎവ്വാരസസ്സിദ്ധസ്സ്നേഹഃകെരഫലൊത്ഭവഃ ।
തിലജൊവാപ്രശസ്തൊത്രപാനാഭ്യഞ്ജനകൎമ്മണൊഃ।

കൂവളത്തിൻവേര, നെല്ലിക്ക, കുറുന്തോട്ടിവേര, എരട്ടിമധുരം, കരിങ്ങാലിക്കാതല, ദേവതാരം ഇവ സമം ഒക്കെക്കൂടിയെട ത്തോളം ചിററമൃത ഇങ്ങിനെകൂട്ടി കഷായംവെച്ച ചന്ദനം, രക്തചന്ദനം, എരട്ടിമധുരം, നന്നാറിക്കിഴങ്ങ, രാമച്ചം, ഇരുവേലി, ആമ്പൽക്കിഴങ്ങ, ചെങ്ങഴിനീക്കിഴങ്ങ, താമരവളയം, താമരയല്ലി ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത അതിനൊട്ടസമമായി കറുകനീരും ചേൎത്ത കാച്ചിയരിച്ച സേവിപ്പിക്കയും തേപ്പിക്കയും ചെയ്ക. ചെങ്കരപ്പൻ ശമിക്കും.

(ക്ഷീരിവൽക്കാദിതൈലം)

൯൪. ക്ഷീരിവല്കനിശൊശീരലാക്ഷാവൎണ്ണവതീദ്വയൈഃ।
സിദ്ധെകഷായെമഞ്ജിഷ്ഠാമധൂകമധുകാഞ്ജനൈഃ।
൯൫. എലാസരളനാഗാഹ്വമാംസീചന്ദനഗൈരികൈഃ।
ഫലത്രയനിശായുഗ്മഹയഗന്ധാനഖാംബുദൈഃ സ്ഥൗ
ണെയകിണിഹീബീജനതചൊരകദാരുഭിഃ।
൯൬. നീലീനീലൊൽപലാംഭോജകെസരൈശ്ചാവകല്കിതൈഃ। സംസിദ്ധൊനാളികേരസ്യസ്നേഹസ്തിലജഏവവാ॥
൯൭. ഹ്രസ്വനൌദനനിസ്രാവസമാംശപരിവാചിതഃ।
അഭ്യഞ്ജനാദധഃകായെലൊഹിതംഹരതിദ്രുതം ॥

നാല്പാമരത്തിൻതൊലി, വരട്ടമഞ്ഞൾ, രാമച്ചം, കൊലരക്ക, വെണ്പാടത്തൊലി, നന്നാറിക്കിഴങ്ങ, ഇവകൊണ്ട കഷായംവെച്ച മഞ്ചട്ടിപ്പൊടി, ഇരിപ്പക്കാതല, എരട്ടിമധുരം, അഞ്ജനക്കല്ല, ഏലത്തരി, ചരളം, നാകപ്പൂവ്വ, മാഞ്ചി, ചന്ദനം, കാവിമണ്ണ, ത്രിഫല, വരട്ടമഞ്ഞൾ, മരമഞ്ഞത്തൊലി, അമുക്കുരം, നാഖ്ഖണം, മുത്തങ്ങക്കിഴങ്ങ, തൂണിയാങ്കം, കടലാടിയരി, തകരം, കച്ചൂരക്കിഴങ്ങ, ദേവതാരം, അമരിവേര, ചെങ്ങഴിനീക്കിഴങ്ങ താമരയല്ലി ഇവ അരച്ചുകലക്കി വെളിച്ചെണ്ണയോ എണ്ണയോ

ചേൎത്തഅതിനോടുസമം തലെനാളത്തെകഞ്ഞി വററുകൂടാതെ ഊററിക്കൂട്ടി കാച്ചിയരിച്ച കഴുത്തിന്നുകീഴ എല്ലാടവും തേപ്പിക്ക. ചെങ്കരപ്പൻ ശമിക്കും.

൯൮. പാരന്തീപത്രസംസിദ്ധമംഭസ്സൎവ്വാംഗസെചനെ।
പ്രശസ്തംതത്രദുശ്ധദ്രുവല്ക്കലെനാഥവാശ്രുതം॥

തെച്ചിയിലയിട്ട വെള്ളംവെച്ച തലയിലും മേലും പകൎന്ന കുളിപ്പിക്കുക. അല്ലായെങ്കിൽ നാല്പാമരത്തിൻതൊലിയിട്ടിട്ടുമാം. ഇവ ചെയ്താൽ ചെങ്കരപ്പൻ ശമിക്കും.

## പവിഴക്കരപ്പന്റെ ലക്ഷണം

൯൯. തുംഗാതാമ്രതനുസ്ഫോടപരീതൊംഗഇതസ്തതഃ।
ശൊഫൊനാത്യുന്നതസ്താമ്രഃപ്രവാളൊനാധികവ്യഥഃ।

ഉയൎന്ന ചുവന്ന നിറത്തോടുകൂടിവൃത്താകാരങ്ങളായ പുളകങ്ങളുടെ നാലുപുറവും വ്യാപിച്ച ശരീരത്തിൽ അവിടവിടെ ചുവന്ന കാണപ്പെടുന്ന നീര പവിഴക്കരപ്പനെന്നറിക. ആ നീരിന്ന വളരെ വേദന ഉണ്ടാകയുമില്ല.

## പവിഴക്കരപ്പന്റെ ചികിത്സാ

(അരച്ചുതേപ്പാൻ)

൧൦൦. രക്താശ്മാരപുഷ്പാണിപിഷ്ടാത്തുദധിമസ്തുനാ।
ആദൌതത്രെഷ്യതെലെപൊനാളികെരൊദകെനവാ।

ചുവന്ന അലരിപ്പൂവ്വ തയിർവെള്ളത്തിലൊ ഇളനീർവെള്ളത്തിലൊ അരച്ചുതേക്ക. പവിഴക്കരപ്പൻ ശമിക്കും.

൧൦൧. ത്വചൊവാഹെമദുശ്ധസ്യവൎണ്ണവത്യാസ്ത്വചൊപിവാ।
നാളികേരസ്യദുശ്ധെനപിഷ്ട്വാവാലെപഇഷ്യതെ।

അത്തിത്തൊലിയൊ വെണ്പാടത്തൊലിയൊ തേങ്ങാപ്പാലിൽ അരച്ചുതേക്കയുമാം.

(ബൃഹത്യാദികഷായം)

൧൦൨. ബൃഹതീശാരിബാനിംബപടൊലൊശീരചന്ദനൈഃ।
സത്രായമാണാദാൎവ്വീകൈൎമ്മധ്വാഢ്യഃകാഥഇഷ്യതെ

ചെറുവഴുതിനവേര, നന്നാറിക്കിഴങ്ങ, വേപ്പിൻതൊലി, പടോലം, രാമച്ചം, ബ്രഹ്മി, മരമഞ്ഞത്തൊലി ഇവകൊണ്ട കഷായം വച്ച തേൻ മെമ്പൊടിചേൎത്ത സേവിപ്പിക്ക. പവിഴക്കരപ്പൻ ശമിക്കും.

(മുസ്താപപ്പ്ടകാദി കഷായം)

൨൦൩- മുസ്താപപ്പ്ടകാരിഷ്ടപടോലകടുകാവൃഷൈഃ।
ദാൎവ്വീയവാഷഭ്രൂനിംബകൃഷ്ണാകടചന്ദനൈഃ॥
൨൦൪- ത്രായന്തീശാരിബാപാഠാവിശാലാമൂലസംയുതൈഃ।
സിദ്ധഃകഷായശ്ചമധുനാഢ്യഃ പ്രവാളകവിനാശനഃ॥
മുത്തങ്ങക്കിഴങ്ങ പപ്പ്ടകം വെപ്പിൻതൊലി പടൊലം കടുകരോഹിണി ആടലൊടകത്തിൻവെര മരമഞ്ഞൾതൊലി കൊടുത്തൂവ്വവെര പുത്തരിച്ചുണ്ടവെരിമ്മെൽതൊലി തിപ്പലി കട്ടക്കപ്പാലയരി ചന്ദനം ബ്രഹ്മി നന്നാറിക്കിഴങ്ങ പാടക്കിഴങ്ങ കാട്ടുവെള്ളരിവെര ഇവകൊണ്ട കഷായം വച്ചു തെൻമെപ്പൊടിചെൎത്ത സെവിപ്പിക്ക- പവിഴക്കരപ്പൻ ശമിക്കും

(നളദാദി തൈലം)

൨൦൫- നളദാസനദെവദ്രുബലായഷ്ടിവരീശൃതെ।
തൊയെവിളംഗമഞ്ജിഷ്ഠാകന്ദുരഃ ഫലത്രയൈഃ॥
൨൦൬- കല്ക്കൈൎന്നാളികെരസ്യസ്നെഹസ്സിദ്ധഏവവാ।
സിദ്ധൊഭ്യംഗെഹിതസ്സൂസ്യസ്സാനെധാത്രീഗദാംബു വാ॥
രാമച്ചം വെങ്ങക്കാതല ദെവതാരം കുറുന്തോട്ടിവെര എരട്ടിമധുരം ശതാവരിക്കിഴങ്ങ ഇവകൊണ്ട കഷായംവെച്ച വിഴാലരി മഞ്ചൊട്ടിപ്പൊടി കന്തുരുക്കം ത്രിഫല ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്ത കാച്ചിഅരിച്ചു തലയിൽതെപ്പിക്ക- അഷ്ടവല്ക്കതൈലം മെൽതെപ്പിക്ക- നെല്ലിക്കയും കൊട്ടവുമിട്ട വെള്ളംവെച്ച അതുകൊണ്ട കുളിപ്പിക്കുക- ഇവചെയ്താൽ പവിഴക്കരപ്പൻ ശമിക്കും.

തളികക്കരപ്പന്റെ ലക്ഷണം

൨൦൭- മദ്ധ്യനിമ്നൊന്നതാമൃദ്വീലസ്സംഗപ്രാന്തെതു ശാരുണൈഃ। വിസ്ഫോടൈരന്വിതശ്ശ്യാമശ്ശരാവകളദാകൃതഃ॥
നടുകുഴിഞ്ഞ അടിയിൽ കനത്തൊട്ടും വക്കിന്ന ഉയൎച്ചയൊട്ടകൂടിയ പുളുകങ്ങളാൽ അധികമായ ചുവപ്പൊട്ടകൂടിയും അതുകളുടെ പുറവും നീരും ഇങ്ങിനെ കണ്ടാൽ ആയത തളികക്കരപ്പനെന്ന അറിക.

തളികക്കരപ്പന്റെ ചികിത്സാ

(അരച്ചുതെപ്പാൻ)

൨൦൮- അൎക്കരാഗസ്സയഷ്ട്യാഹ്വംപിഷ്ടാലിംപെന്മുഹുൎമ്മു

ഹ്നഃ। നാളികെരസ്യദുഗ്ദ്ധെന ശരാവസ്യ പ്രശാന്തയെ॥
അക്കാരത്തെങ്ങ എരട്ടിമധുരം ഇവ തെങ്ങാപ്പാലിൽ അരച്ചുതെക്കുക- തളികക്കരപ്പൻ ശമിക്കും.

(പത്മകന്ദാദി കഷായം)

൩൦൯- പത്മകന്ദനിശായഷ്ടിപടൊലകടുകാഹ്വയൈഃ।
സിദ്ധഃകഷായൊമധുനാഢ്യശ്ശരാവകവിനാശനഃ॥
താമരക്കിഴങ്ങ വരട്ടുമഞ്ഞൾ എരട്ടിമധുരം പടൊലം കടുകരൊഹിണി ആടലൊടകത്തിൻവെര ഇവകൊണ്ട കഷായംവെച്ച തെൻ മെമ്പൊടിചെൎത്ത സെവിപ്പിക്ക- തളികക്കരപ്പൻ ശമിക്കും.

(വത്സകാദികഷായം)

൩൧൦- വത്സകൈലാവിളംഗാബ്ദധാന്യകാരിഷ്ടപൎപ്പടൈഃ।
സവിശാലൈഃകൃതഃകാഥൊമധുമാൻചരമിഷ്യതെ॥
കടകപ്പാലയരി ഏലത്തരി വിഴാലരി മുത്തങ്ങക്കിഴങ്ങ കൊത്തമ്പാലയരി വെപ്പിൻതൊലി പൎപ്പടം കാട്ടുവെള്ളരിവെര ഇവകൊണ്ട കഷായം വെച്ച തെൻ മെമ്പൊടി ചെൎത്ത സെവിപ്പിക്ക- തളികക്കരപ്പൻ ശമിക്കും.

(ഖദിരാംബുധരാദികഷായം)

൩൧൧- ഖദിരാംബുധരെന്ദ്രദ്രുപാരന്തീകുസുമൈഃകൃതഃ।
യുക്തഃക്ഷൌദ്രപ്ലുതസ്തൂൎണ്ണംശരാവകനിബൎഹണഃ॥
കരിങ്ങാലിക്കാതല മുത്തങ്ങക്കിഴങ്ങ നീൎമരുതിൻതൊലി തെച്ചിപ്പൂവ ഇവകൊണ്ട കഷായം വെച്ച ക്ഷൌദ്രം മെമ്പൊടിചെൎത്ത സെവിപ്പിക്ക- തളികക്കരപ്പൻ ശമിക്കും.

(ബലാതിലകാദിതൈലം)

൩൧൨- ബലാതിലകദെവാഹ്വകെതക്യസനസാധിതെ।
കഷായെകുഹളിപുഷ്പധാത്രീദൂൎവ്വാമൃതാരസൈഃ॥
൩൧൩- സംഘൃതെകല്ക്കിതൈരെലാപായയഷ്ട്യാഹ്വചന്ദനൈഃ।
മൂൎവ്വാവന്നവതീദന്ത്യാചികങ്കതകൈരകൈഃ॥
൩൧൪- മഞ്ജിഷ്ഠാപത്മകൊശീരസരളൈശ്ച പ്രസാധിതഃ।
നാളികെരൊത്ഥപയസ്സാഹസ്തിലജാവാസ്യശസ്യതെ॥
കരന്തൊട്ടിവെര മയിലെള്ളിൻതൊലി ദെവതാരം പൂക്കൈതവെട മുഞ്ഞക്കാതല ഇവകൊണ്ട കഷായം വെച്ച അതിൽ

തെങ്ങിൻപൂക്കുലയരി പച്ചനെല്ലിക്ക കരക ചിററമൃത ഇവററിൻനീർ ചേർത്ത ഏലത്തരി ചിററെലം ഏരട്ടിമധുരം ചന്ദനം പെരുംകുരുമ്പവേര വെണ്ണ്ടത്തൊലി നന്നാറിക്കിഴങ്ങ വെയ്യങ്കതവേരിന്മേൽതൊലി കച്ചൂരിക്കിഴങ്ങ മഞ്ചട്ടിപ്പൊടി പതിമുകം രാമച്ചം ചരളം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേർത്ത കാച്ചിയരിച്ച തെപ്പിക്ക. തളികക്കരപ്പൻ ശമിക്കും.

(കൃഷ്ണമുഞ്ജാദിതൈലം)

൮൩- കൃഷ്ണമുഞ്ജാസനന്യഗ്രോധബദരീപല്ലവാദ്ധൃതെ।
സ്വരസെസമധുകാംഭോദവികങ്കതഫലത്രയൈഃ॥
൮൪- ചതുജ്ജാതകചൊരാശ്വഗന്ധാസരളചന്ദനൈഃ।
ശ്രീവെഷ്ടകജടാദാരുനതരൊഫണികാഞ്ജനൈഃ॥
൮൫- ശാരിബാഗരുകുഷ്ഠൈശ്ചകല്ക്കൈസ്തൈലംപ്രസാധിതഃ।
നാളികെരൊത്ഭവസ്നെഹസ്ഥലജൊപാപഹിതഃപരം॥

കാരിങ്ങാത്തളിര ചെങ്ങത്തളിര നീർമരുതിൻതളിര ചന്തത്തളിര ഇവററിൻനീരിൽ എരട്ടിമധുരം മുത്തങ്ങക്കിഴങ്ങ വെയ്യങ്കതവേരിന്മേൽതൊലി ത്രിഫല ഏലത്തരി ഏലവംഗത്തൊലി പച്ചില നാഗപ്പൂവ കച്ചൂരിക്കിഴങ്ങ അമുക്കരം ചരളം ചന്ദനം തിരുവട്ടപ്പശ മാഞ്ചി ദേവതാരം തകരം കടുകരൊഹണി അഞ്ജനക്കല്ല നന്നാറിക്കിഴങ്ങ അകില കൊട്ടം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേർത്ത കാച്ചിയരിച്ച തെപ്പിക്ക. തളികക്കരപ്പൻ ശമിക്കും മുൻപറഞ്ഞ തൈലത്തെക്കാൾ ഇത ഗുണാധിക്യമുള്ളതാകുന്നു.

൮൬- വിളംഗകൊകാനമംഗസ്യസപ്തസാരംപ്രയൊജയെൽ।
സ്നാനംബൊബദരീപത്രജരൽപനസവല്ക്കവൽ॥

മെലൊക്ക വിഴാലരിക്കരപ്പന്റെ ചികിത്സയിൽ പറഞ്ഞ സപ്തസാരതൈലം തെപ്പിക്ക. ലന്തയിലയും പുലാവിന്റെ താന്നെ അടന്നാ തൊലിയുമിട്ട വെള്ളംവെച്ച അതുകൊണ്ട കുളിപ്പിക്ക. ഇവയൊക്കയും ചെയ്താൽ തളികക്കരപ്പൻ ശമിക്കും.

മാംപൂക്കരപ്പന്റെ ലക്ഷണം

൮൭- ചൂതപല്ലവസങ്കാശാ ചൂതപുഷ്പസമപ്രഭാഃ।
സ്ഫൊടൈസ്സ്രാവൈഫാരസാലാഢ്യാ വിസപ്പ ഇഹസമ്മതാഃ॥

മാവിൻതളിരിന്റെ നിറംപൊലെയുള്ള നിറത്തൊടും മാവിൻപൂവിന്റെ നിറംപൊലെയുള്ള നിറത്തൊടുംകൂടിയ പുളുകങ്ങളൊടുംകൂടിയ നീര മാംപൂക്കരപ്പനെന്നറിക.

മാംപൂക്കരപ്പന്റെ ചികിത്സാ

(അരച്ചുതെപ്പാൻ)

൧൮൦- ശ്ലക്ഷ്ണാഃക്ഷീരിത്വചഃപിഷ്ടാഃസ്തന്യാദൌചിലെപനം।
പ്രശസ്തന്നാളികെരസ്യപയസാവാരസാളകെ॥

മാംപൂക്കരപ്പന്ന ആദിയിൽ നാല്പാമരത്തിൻ തൊലി ഉണക്കി തയിർവെള്ളത്തിലൊ തെങ്ങാപ്പാലിലൊ അരച്ചു തെക്കുക. എന്നാൽ ശമിക്കും.

(നിശാവിശാലാദികഷായം)

൧൮൧. നിശാവിശാലാത്രായന്തീശമ്യാകത്വചഷ്ലനാൽപടൊലൈഃ।
സിദ്ധഃകഷായഃപെയൊത്രമാക്ഷികെണസമന്വിതഃ॥

വരട്ടുമഞ്ഞൾ കാട്ടുവെള്ളരിവെര ബ്രഹ്മി കൊന്നവെരുങ്ങൽതൊലി മുത്തങ്ങക്കിഴങ്ങു ചെങ്ങഴിനീർക്കിഴങ്ങു ഇവകൊണ്ടു കഷായംവെച്ചു തെൻ മെമ്പൊടിചെർത്തു സെവിപ്പിക്ക- മാംപൂക്കരപ്പൻ ശമിക്കും.

(വൃശ്ചികാള്യാദികഷായം)

൧൮൨- വൃശ്ചികാളീബലാദാന്തശാരിബാരജനീദ്വയൈഃ।
സപടൊലൈഃകൃതഃകാഥൊയദാമധുസിതാന്വിതഃ॥

തെക്കടവെര കുറുന്തോട്ടിവെര ഊരകത്തിൻവെര നന്നാറിക്കിഴങ്ങു വരട്ടുമഞ്ഞൾ മരമഞ്ഞത്തൊലി പടൊലം ഇവകൊണ്ടു കഷായംവച്ചു തെനും പഞ്ചസാരയും മെമ്പൊടി ചെർത്തു സെവിപ്പിക്ക- മാംപൂക്കരപ്പൻ ശമിക്കും.

(ദൊണദൂർവ്വാദിതൈലം)

൧൮൩- ദൊണദൂർവ്വാവചീകണ്ടകംഗധാത്ര്യമൃതാരസൈ।
മുസ്താസാരളയഷ്ട്യാഹ്വാഫലത്രയസുരാഹ്വയൈഃ॥
൧൮൪- സചന്ദനത്രുടീകുഷ്ഠസലിലൊശീരചാരകൈഃ।
നാളികെരൊത്ഥതൈലസ്യസിദ്ധസ്യതിലജാഥവാ॥
൧൮൫- ജയാജ്യാംഭ്രാംഗശിരസ്യാംഗമഞ്ജിഷ്ഠാശാരിബാംബുദൈഃ। സിദ്ധഞ്ചക്ഷീരിനിഷ്കാഥൈസ്സകംകെളാലവലിന്ദ്രതം॥

കരുന്നൊച്ചി കറുക ശതാവരിക്കിഴങ്ങ കഞ്ഞുണ്ണി പച്ചനെല്ലിക്ക ചിററമൃത ഇവററിൻനീരിൽ മുത്തങ്ങക്കിഴങ്ങ ചരളം എരട്ടിമധുരം ത്രിഫല ദെവതാരം ചന്ദനം ഏലത്തരി കൊട്ടം ഇരുവെലി രാമച്ചം കച്ചൂരിക്കിഴങ്ങ ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ പെത്ത കാച്ചിയരിച്ച തെപ്പിക്ക. മെലെക്ക നാല്പാമരത്തിൻതൊലി കഷായംവച്ച അതിൽ മഞ്ചട്ടിപ്പൊടി നന്നാറിക്കിഴങ്ങ മുത്തങ്ങക്കിഴങ്ങ ഇവ അരച്ച കലക്കി വെളിച്ചെണ്ണയൊ എണ്ണയൊ പെത്ത കാച്ചി ആയതതെപ്പിക്കുക. വെള്ളിയിലത്തിന്റെ വെളുത്ത ഇലയിട്ട വെള്ളംവച്ച അതിൽ കുളിപ്പിക്കുക. എന്നാൽ മാംസക്കരുപ്പൻ ശമിക്കും.

## ചിടക്കരപ്പന്റെ ലക്ഷണം

൨൩൩- സിരാനുഗാമീശോഫസ്സൂതനീയാനായതൊച്ഛ്രയഃ।
ഖരമഞ്ജരികാബീജസദൃശൈസ്സ്ഫോടകൈശ്ചിതഃ॥
൨൩൪- ശിരൊവിനാമവൽപാദകരദാഹവ്യഥാവഹഃ।
ശൊഫൊനീലാരുണൊത്രസ്യാജ്ജടിലസ്സ്വരസാദകൃൽ॥

ഞരമ്പുവഴിക്ക നീര കാണുകയും ആ നീര കനംകുറഞ്ഞ നീണ്ട ദ്രവമായി തീരുകയും അതിന്മെൽ കടലാടിയുടെ അരിപൊലെ പുളകങ്ങൾ ഉണ്ടായി കാണുകയും ചെയ്താൽ ആയത ചിടക്കരപ്പനെന്നറിക. ഇതിന്ന ഇനിയും ലക്ഷണങ്ങൾ ഉണ്ട. മൂർദ്ധാവ കുഴിയുക ഹൃദയം ഉള്ളംകൈ ഉള്ളംകാൽ ഇവ ചുട്ടുനീറുക നീരിന്ന കറുപ്പും ചുവപ്പുംകൂടിയ നിറം ഒച്ചയുടെ അടവ ഇവയുമുണ്ടാകും.

## ചിടക്കരപ്പന്റെ ചികിത്സാ

(അരച്ചു തെപ്പാൻ)

൨൩൫- ജടിലംസപ്പിഷാഭ്യജ്യക്ഷുരകസ്യതഥാസഹ।
ജപാമൂലംസമാപിഷ്യമസ്മിന്നാലെപയെന്മുഹുഃ॥

ചിടക്കരപ്പനുണ്ടായാൽ നീരുള്ളേടത്തൊക്കെ നെയ്യ പുരട്ടി മയിലെള്ളിൻതൊലിയും വെളുത്ത ചെമ്പരുത്തിവെരും കൂട്ടി തയിർവെള്ളത്തിലരച്ച കൂടക്കൂടെ പുരട്ടുക. എന്നാൽ ശമിക്കും.

(ഉശീരമധുകാദികഷായം)

൨൩൬- ഉശീരമധുകാബ്ദാർവ്വീഖദിരതോയദൈഃ।
സപടൊലൈഃശൃതഃപെയഃകഷായൊമധുസിതാന്വിതഃ॥

രാമച്ചം എരട്ടിമധുരം തെക്കടവെര മരമഞ്ഞത്തൊലി കരിങ്ങാലിക്കാതല മുത്തങ്ങക്കിഴങ്ങ പടോലം ഇവകൊണ്ട കഷായംവെച്ച തേനും പഞ്ചസാരയും മെമ്പൊടിചെൎത്ത സെവിപ്പിക്ക— എന്നാൽ ചിടക്കരപ്പൻ ശമിക്കും.

(ദാൎവ്വീവൃഷാദികഷായം)

൧൨൬— ദാൎവ്വീവൃഷാബ്ദഭൂനിംബത്രാഗസൻജ്ഞിതൈഃ।
ശാരിബോശീരസംയുക്തൈഃക്വഥവാമധുസംയുതഃ॥
മരമഞ്ഞത്തൊലി ആടലൊടകത്തിൻവെര മുത്തങ്ങക്കിഴങ്ങ പുത്തരിച്ചുണ്ടവെരുമ്മൽതൊലി വെപ്പിൻതൊലി വെങ്ങക്കാതല നീൎമരുതിൻതൊലി നന്നാറിക്കിഴങ്ങ രാമച്ചം ഇവകൊണ്ട കഷായംവെച്ച തേൻ മെമ്പൊടി ചെൎത്ത സെവിപ്പിക്ക— ചിടക്കരപ്പൻ ശമിക്കും.

(വത്സാദന്യാദിതൈലം)

൧൨൭— വത്സാദനീബലാമൂലമധുകാഭീരുകന്ദജൈ।
ന്നിഷ്ക്വാഥെഃഫലനമഞ്ജിഷ്ഠാപത്രജാതകചൊരകൈഃ॥
൧൨൮— കല്ക്കിതൈൎന്നാളികെരസ്യസ്നെഹസ്തിലജഏവവാ।
അഭ്യംഗെശസ്യതെതസ്യവപുഷസ്സ്വപ്ലവപ്ലഞം॥
ചിററമൃത കുറുന്തൊട്ടിവെര എരട്ടിമധുരം ശതാവരിക്കിഴങ്ങ ഇവ കഷായംവെച്ച അതിൽ മുത്തങ്ങക്കിഴങ്ങ മഞ്ചട്ടി ഇലപ്പൊടി ഏലത്തരി ഏലവങ്ങത്തൊലി പച്ചില നാകപ്പൂവ്വ കച്ചൂരിക്കിഴങ്ങ ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്ത കാച്ചിയരിച്ച തെപ്പിക്കുക— കഴുത്തിന്നുകീഴ ദെഹത്തിൽ എല്ലാടവും തെപ്പിക്കുക.
൧൨൯— സെകെപാരന്തികാപത്രസ്ഥൗണെയാമ്രാംബുതംജലം। യദ്വാക്ഷീരിദ്രുമക്വാഥൈസ്സുഗന്ധാമലകത്വചാ॥
ചെച്ചിയില തുണിയാങ്കം ഇവയിട്ട വെള്ളംവെച്ച അതിൽ കുളിപ്പിക്ക— അല്ലായെങ്കിൽ നാല്പാമരത്തിൻതൊലി നെല്ലിക്ക ഇവയിട്ട വെള്ളംവെച്ച അതിൽ കുളിപ്പിക്ക എന്നാൽ ചിടക്കരപ്പൻ ശമിക്കും,

മുൾക്കരപ്പന്റെ ലക്ഷണം

൧൩൦— ജ്വരിതസ്യത്വചഃപൂൎവ്വംശോഫസ്സൎവ്വാംഗസന്ധിഷു।
വിസ്ഫോടരാചിതൈഃകൃഷ്ണൈഃകണ്ടകൈരിവകണ്ടകി॥

ആദിയിൽ മൂന്നുദിവസത്തെ പനിയും പിന്നെ അംഗസന്ധികളിൽനിന്നും നീരുള്ളെടങ്ങളിൽ പെരുതായി കുത്തുമുഖത്തോടുകൂടിയ പുളുകങ്ങളുമുണ്ടായാൽ ആയത മൂൎഖൻകരപ്പനെന്നറിക.

## മൂൎഖൻകരപ്പന്റെ ചികിത്സാ

### (അരച്ചുതെപ്പാൻ)

൬൩- ന്യഗ്രോധസ്യത്വചഃശ്ലക്ഷ്ണാഃപിഷ്ടാസ്തൌജലപനാന്മഹഃ। നാളികേരസ്യമൂലേശ്വേതനകഞ്ചാൽകണ്ടകിനോഥവാ॥

൬൪- വന്ന്യത്വാസ്തപമാസാകംമെസ്തനാകരവീരജം।
കുസുമംവാജയാസ്ഥീനിപാരന്തിമൂലപമ്മനാ॥

പേരാലിന്റെതൊലി ഉണക്കി തെങ്ങാപ്പാലിൽ അരച്ചുതേക്കുക- അല്ലായെങ്കിൽ വെള്ളാടത്തൊലി അലരിപ്പൂവ്വ ഇവ തയിർവെള്ളത്തിൽ അരച്ചുതേക്കുക-- കടുക്കയുടെ കുരുവും തേച്ചിവേരുമ്മൽതൊലിയും കൂടി മേൽപ്രകാരം അരച്ചുതേക്കുക- എന്നാൽ മൂൎഖൻകരപ്പൻ ശമിക്കും.

### (ചന്ദ്രവരപാദികഷായം)

൬൫- ചന്ദ്രനെപാവ്വഷാംശോദകാരവീയഷ്ടിപന്ദനൈഃ।
സവിശാലാമൃതായാഷ വിഷമപ്പുവല്ലകൈഃ॥

൬൬- സിധ്ഃകഷായയാമധാദ്ധ്യഃപായമ്പ്യാത്രസിതാന്വിതഃ। അഥവാശാരിബാംശോദക്ഷീരിവല്ലുത്രിജാതകൈഃ॥

കാർകോകിലരി ആടലോടകത്തിന്റെവേര മുത്തങ്ങക്കിഴങ്ങ കരിഞ്ചീരകം ഇരട്ടിമധുരം ചന്ദനം കാട്ടുവെള്ളരിവേര ചിറ്റമൃത കൊടുത്തൂവ്വവേര പാലത്തൊലി ഇവകൊണ്ട കഷായംവെച്ച തേനും പഞ്ചസാരയും മെമ്പൊടി ചേൎത്ത സേവിപ്പിക്ക- അല്ലായെങ്കിൽ നന്നാറിക്കിഴങ്ങ മുത്തങ്ങക്കിഴങ്ങ നാല്പാമരത്തിൻ തൊലി ഏലത്തരി ഏലവംഗത്തൊലി പച്ചില ഇവകൊണ്ട കഷായം വെച്ച തേനും പഞ്ചസാരയും മെമ്പൊടിചേൎത്ത സേവിപ്പിക്ക എന്നാൽ മൂൎഖൻകരപ്പൻ ശമിക്കും.

### (ഐലേയകാദിതൈലം)

൬൭- ഐലേയകമധുകാംബുകരവീരദളൈസ്തഥൈവ।
രസമധുകമൂൎവ്വാബ്ദനൃപതിചോരചന്ദനൈഃ॥

൬൮- സചതുൎജ്ജാതകൈസ്സിദ്ധസ്സ്നേഹഃകരഹലോമവഃ।
തിലജോവാഥതാഭ്രംഗമൂൎദ്ധ്രാസ്യവരയാപിവഃ॥

മുക്കാപ്പീരകത്തില ഇരിപ്പയില ഇരുവെലിയില അലരിയില ഇചററിൻനീരിൽ എരട്ടിമധുരം പെരുംകുരുമ്പവെര മുത്തെങ്ങക്കിഴങ്ങ വെരുവഴുതിനവെര കച്ചൂരിക്കിഴങ്ങ ചന്ദനം ഏലത്തരി ഏലവംഗത്തൊലി പച്ചില നാകപ്പൂവ്വ ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ വെന്ത കാച്ചിയരിച്ച തലെക്കതെപ്പിക്ക– മുൾക്കരപ്പൻ ശമിക്കും– ത്രിഫല കഷായംവച്ച അതുതന്നെ അരച്ചുകലക്കി കാച്ചി തെപ്പിക്കയുമാം.

(അശ്വത്ഥവല്കാദിതൈലം)

൧൭൧– അശ്വത്ഥവല്കശമ്യാകത്വഗ്യഷ്ടിശിവതന്തുഭിഃ।
സിദ്ധെകഷായെമഞ്ജിഷ്ഠാജലസവ്യാബ്ദയഷ്ടിഭിഃ॥
൧൭൨– സകുഷ്ഠചന്ദനൈസ്സിദ്ധസ്നെഹഃകെരഫലൊത്ഭവഃ।
തിലജൊവാതനൊസ്സസ്യഹിതൊഭ്യംഗെവിശെഷതഃ॥

അരയാലിൻതൊലി കൊന്നത്തൊലി എരട്ടിമധുരം ശിവനാര ഇവകൊണ്ട കഷായംവെച്ച മഞ്ചെട്ടിപ്പൊടി ഇരുവെലി രാമച്ചം മുത്തെങ്ങക്കിഴങ്ങ എരട്ടിമധുരം കൊട്ടം ചന്ദനം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ വെന്ത കാച്ചിയരിച്ച അത മെൽ തെപ്പിക്ക അഷ്ടവല്കവുമാം.

൧൭൩– സ്നാനെകിംശുകദാർവ്വീത്വഗ്ധാത്രീഭിഃക്വഥിതംജലം।
ക്ഷീരിവല്കബലാസിദ്ധമഥവാതസ്യശസ്യതെ॥

കരുമരുക്കിൻതൊലി മരമഞ്ഞത്തൊലി നെല്ലിക്ക ഇവ യിട്ട വെള്ളംവെച്ച അതിൽ കളിപ്പിക്ക– ഇവ ചെയ്താൽ മുൾക്കരപ്പൻ ശമിക്കും.

പുള്ളിക്കരപ്പന്റെ ലക്ഷണം

൧൭൪– ജ്വരിതസ്യാന്തരശ്ലൊഫസ്തനീയാനരുണശ്ചിതഃ।
അവഗാഢൈർദ്ദശംരക്തൈച്ഛിന്നഭിന്നമാലികാ॥

ആദിയിൽ പനിയും അതിന്റെശെഷം അകത്തനല്ലവണ്ണം വ്യാപിച്ച പുറത്തെക്ക വളരെ സ്പഷ്ടമാവാതെ അല്പംചുവപ്പൊടുകൂടിയ നീരും അതിന്മെൽ നല്ല ചുവപ്പനിറത്തൊടുകൂടി പുതിയ പണപ്രമാണങ്ങളായി പരന്ന പുള്ളികളും കണ്ടാൽ ആയത പുള്ളിക്കരപ്പനെന്നറിക.

പുള്ളിക്കരപ്പന്റെചികിത്സാ

(അരച്ചുതെപ്പാൻ)

൧൭൫– ത്രിഫലാഫലനവപാരന്തീമൂലവല്കാമൃതാരജഃ।
നാളികെരസ്യദുഗ്ദ്ധെനപിഷ്ടാലെപൊത്രശസ്യതെ॥

ത്രിഫല, മുത്തെങ്ങക്കിഴങ്ങ, തെച്ചിവേരിമ്മെൽതൊലി, ചിററമൃതിൻെറ ഊറൽ ഇവ തേങ്ങൊപ്പാലിൽ അരച്ച കൂടക്കൂടെ പുരട്ടുക. പുള്ളിക്കരപ്പൻ ശമിക്കും.

(ധനഞ്ജയാഷാദി കഷായം)

൧൪൭. ധനഞ്ജയാഷകസെവ്യാബ്ദചന്ദനദ്വയപപ്പടൈഃ।
ശാരിബാസഹിതൈസ്സിദ്ധഃ കഷായോത്ര മധുയുഗലിതഃ॥

കൊടിത്തൂവവേര, രാമച്ചം, മുത്തെങ്ങക്കിഴങ്ങ, ചന്ദനം, രക്തചന്ദനം, പപ്പടം; നന്നാറിക്കിഴങ്ങ ഇവകൊണ്ടു കഷായം വച്ച തേൻ മേപ്പൊടിചേൎത്ത സേവിപ്പിക്ക. പുള്ളിക്കരപ്പൻ ശമിക്കും.

കദളീകന്ദാദി കഷായം)

൧൪൮. കദളീകന്ദകൈകൎയ്യദാൎവ്വീവല്ക്കാബ്ദയഷ്ടിഭിഃ।
സൊശീരലവലീമൂലരാശിബാഭിശ്ചവാശൃതഃ॥

കദളിവാഴക്കിഴങ്ങ, കരുവേപ്പിൻതൊലി, മരമഞ്ഞത്തൊലി, മുത്തെങ്ങക്കിഴങ്ങ, ചന്ദനം, രക്തചന്ദനം, പപ്പടം, നന്നാറിക്കിഴങ്ങ ഇവകൊണ്ടു കഷായം വച്ച തേൻ മേപ്പൊടി ചേൎത്ത സേവിപ്പിക്കുകയുമാം.

(ദൂൎവ്വാവസുകാദി തൈലം)

൧൪൯. ദൂൎവ്വാവസുകനിൎഗ്ഗുണ്ഡീവരീകന്ദാമൃതാരസൈ।
ത്രിഫലാകല്ക്കസംസിദ്ധംതൈലംചപരമംഹിതം॥

കറുക, താൎതാവൽ, കരുനൊച്ചിയില, ശതാവരിക്കിഴങ്ങ, ചിററമൃത ഇവററിൻനീരിൽ ത്രിഫല അരച്ചകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചി തെപ്പിക്ക. പുള്ളിക്കരപ്പൻ ശമിക്കും.

൧൫൦. അന്യൽകണ്ടകിനഃപ്രോക്തം സൎവ്വമത്രാപിയൊജയേൽ। സ്നാനെതുവംശപത്രെണധാത്രീഭിശ്ചശൃതംജലം

വേറെ വേണ്ടത ഒക്കയും മുൾക്കരപ്പന്ന പറഞ്ഞതുതന്നെ മതി എങ്കിലും അല്പം ഭേദമുണ്ട കുളിപ്പിപ്പാൻ വെള്ളം മുളയിലയും നെല്ലിക്കയുമിട്ടു വെക്കുക. ഇതത്രെ ഭേദമുള്ളത. ഇവചെയ്താൽ പുള്ളിക്കരപ്പൻ ശമിക്കും

പൊരുമക്കരപ്പൻെറ ലക്ഷണം

൧൫൧. തുംഗസ്ഥാമ്രൊസിതൈസ്ഥാമ്രൈസ്സ്ഫൊടൈൎയ്യുക്തഇതസ്തതഃ। വൃത്താൎദ്ധേന്ദുത്രികോണാഭതനുഭിസ്തീവ്രവേദനഃ॥

൧൬൫. ദാരെഷപത്രുംപിജനയന്ദാരുണാനിതന്തനിചാ വന്മീ
കാഖ്യൊവിസപ്പൊത്രജ്ഞെയൊദാഹജപരാനപിതഃ॥

ഉയൎന്ന ചുവന്ന നിറത്തൊടുകൂടി നീര ഉണ്ടാകയും ആനിരി ന്മെൽ കറപ്പും ചുവപ്പും കൂടിയ നിറത്തോടും വൃത്തം അൎദ്ധച ന്ദ്രൻ ത്രികൊണം ഇതുകളുടെ ആകൃതിപോലെയുള്ള ആകൃതി യോടുകൂടിയ പുളകങ്ങളും കഠിനമായ വേദനയും നവദ്വാര ങ്ങളിൽ അസഹ്യമായ വേദനയെ ഉണ്ടാക്കുന്നവയായി സൂക്ഷ്മ ങ്ങളായ പുണ്ണുകളും ചുട്ടുനീറലും പനിയുംകൂടി കണ്ടാൽ ആ യതപൊരുമക്കരപ്പനെന്നറിക.

## പൊരുമക്കരപ്പന്റെ ചികിത്സാ

## (അരച്ചുതേപ്പാൻ)

൧൬൬. അക്ഷാസ്ഥീനിമധൂകസ്യകുസുമാനിചമസൂനാ। പി
ഷ്ടാമുദ്ഗമ്മുദ്ഗല്ലിംപെടപന്മീകംമചിരൊത്ഥിതം॥

പൊരുമക്കരപ്പനുണ്ടായാൽ ഉടനെ താന്നിക്കക്കുരുവും ഇരു പ്പപ്പൂവും കൂടി തയിർവെള്ളത്തിലരച്ചു കൂടക്കൂടെ തേക്കുക. എ ന്നാൽ പൊരുമക്കരപ്പൻ ശമിക്കും.

൧൬൭. തപചൊവാവൈരിമൂലസ്യചന്ദനെനസമന്വിതാഃ।
നാളികേരസ്യദ്ദശ്ധേനപിഷ്ടാലെപനമാചരെൽ॥

ഏകനായകത്തിൻവേരുമ്മൽതൊലി, ചന്ദനം ഇവതെങ്ങാ പ്പാലിൽ അരച്ചുതേക്കുക. പൊരുമക്കരപ്പൻ ശമിക്കും.

## (നിംബാമൃതാദി കഷായം)

൧൬൮. നിംബാമൃതംവൃഷാംഭൊദപടൊലബൃഹതീദ്വയൈഃ
ഖദിരത്രായമാണാക്കരാഗയഷ്ടിസമന്വിതൈഃ॥
൧൬൯. സിദ്ധഃകപാഥശ്ചപാതവ്യശ്ശൎക്കരാമധുസംയുതഃ॥
അഥവാമധുമാന്ര്യദപാമധുഗ്ഗൽഗ്ഗലുസംയുതഃ॥

വേപ്പിൻതൊലി, ചിററമൃത, ആടലോടത്തിൻവേര, മുത്തെ ങ്ങക്കിഴങ്ങ, പടോലം, ചെറുവഴുതിനവേര, വെളുത്തവഴുതിന വേര, കരിങ്ങാലിക്കാതല, ബ്രഹ്മി, അക്ലാരിതേങ്ങ, എരട്ടിമധു രം ഇവകൊണ്ടു കഷായംവച്ചു തേനും പഞ്ചസാരയും മേപ്പൊ ടിചേൎത്തു സേവിപ്പിക്ക. തേൻതന്നെയൊ തേനും ഗുൽഗ്ഗലുവും കൂട്ടിയിട്ടൊ മേപ്പൊടിചേൎത്തിട്ടുമാം. എന്നാൽ പൊരുമക്കര പ്പൻ ശമിക്കും.

(അരുഷ്കരാദി കഷായം)

൧൩. അരുഷ്കരവചാരാസ്നാവിളംഗസുരദാരുഭിഃ॥
ബൃഹതീദ്വയപാഠാബ്ദനിംബവല്ലൂസമന്വിതൈഃ॥

൧൪. സിദ്ധോവാഗ്ഗുൽഗ്ഗുലുപെതോമധുമാൻവായുതോഥവാ॥
താഭ്യാംയദ്വാപൃഥക്സാദ്ധ്യംകൈശികീരജസായുതഃ॥

ശുദ്ധിചെയ്ത ചേരിൻകുരു, വയമ്പ, അരത്ത, വിഴാലരി, ദേവതാരം, ചെറുവഴുതിനവേര, വെൾവഴുതിനവേര, പാടക്കിഴങ്ങ, മുത്തങ്ങക്കിഴങ്ങ, വേപ്പിൻതൊലി, ഇവകൊണ്ട കഷായംവച്ച ഗുൽഗ്ഗുലുവോ തേനോ തേൻ, ഗുൽഗ്ഗുലു ഇവയൊ ഗുൽഗ്ഗുലു, മാശിക്ക ഇവയൊ തേൻ, മാശിക്ക ഇവയൊ ഗുൽഗ്ഗുലു തേൻ മാശിക്ക ഇവയൊ മേപ്പൊടിചേൎത്ത സേവിപ്പിക്ക. പൊരുമക്കരപ്പൻ ശമിക്കും.

൧൫. യച്ചൊക്തംവിന്ദുമാലായാമൃഷരെയച്ചവക്ഷ്യതെ।
തൈലംതഥാഷ്ടവല്ലൂഞ്ചതൽസൎവ്വംയൊജയെദിഹ॥

പുള്ളിക്കരപ്പന്റെ ചികിത്സയിൽ പറയപ്പെട്ടതും എരിക്കരപ്പനപറവാൻപോകുന്നതും മുൻപറഞ്ഞ അഷ്ടവല്ലൂതൈലവും പൊരുമക്കരപ്പന്ന അവസ്ഥയെ അനുസരിച്ച പ്രവൃത്തിക്കുകയും ചെയ്ക. എന്നാൽ പൊരുമക്കരപ്പൻ ശമിക്കും.

എരിക്കരപ്പന്റെ ലക്ഷണം

൧൬. തീവ്രദാഹയുതശ്ശോഫസ്സൎവ്വാംഗെസന്ധിസവ്യഥഃ।
സ്ഫോടൈഃകതിപയൈര്യുക്തസ്താമ്രൈൎന്നീലമുഖൈൎഗ്ലനഃ

൧൭. മൃദ്ധാവനതിദ്രുഗ്രാഗകണ്ണകുജനസാദകൃൽ।
സഉഷ്ണഷഇതിഖ്യാതൊവിസൎപ്പൊവാങ്നിരൊധനഃ।

കഠിനമായ ചുട്ടുനീറലോടുകൂടി സൎവ്വാംഗവും വ്യാപിച്ച പുഷ്ടിയോടുകൂടി അങ്ങുമിങ്ങും ചുവന്ന നീലമുഖങ്ങളായി ചിലപ്പുളങ്ങളോടും നിറയിൽ കുഴിയുക, കണ്ണിൽ ചുവപ്പ ചെവിമൂളുക, തളൎച്ച ഒച്ചയടവ ഇവയോടുംകൂടിയ നീരുകണ്ടാൽ ആയത എരിക്കരപ്പനെന്ന അറിക.

എരിക്കരപ്പന്റെ ചികിത്സാ

(അരച്ച തേപ്പാൻ)

൧൮. കതകംശാരിബാംയഷ്ടിമക്ഷാസ്ഥീന്യമൃതാരജഃ।
മഞ്ജിഷ്ഠാമപിപിഷ്ട്വാത്രമസ്തുനാലെപഇഷ്യതെ॥

തേററാമ്പരല, നന്നാറിക്കിഴങ്ങ, എരട്ടിമധുരം, താന്നിക്കക്കരു, ചിററമൃതിന്റെ ഊറൽ, മഞ്ചട്ടിപ്പൊടി ഇവ തയിർവെള്ളത്തിൽ അരച്ചുതേക്കുക. എരിക്കരപ്പൻ ശമിക്കും.

(ഹേമദുഗ്ധാദി കഷായം)

൧൩൨. ഹേമദുഗ്ധവരീദാർവ്വീമധൂകഖദിരാംബുഭിഃ।
സൊശീരവാരിദാരിഷ്ടഭൃനിംബനതപപ്പടൈഃ॥

൧൩൩. വികംകതബലാചന്ദനവിശാലാദ്ധാംശസംയുതൈഃ॥
സിദ്ധഃകഷായൊത്രപാതവ്യസ്സക്ഷൌദ്രാമാംക്ഷികാനചിതഃ॥

അത്തിത്തൊലി, ശതാവരിക്കിഴങ്ങ, മരമഞ്ഞത്തൊലി, ഇരിപ്പക്കാതല, കരിങ്ങാലിക്കാതല, ഇരുവേലി, രാമച്ചം, മുത്തങ്ങക്കിഴങ്ങ, വേപ്പിൻതൊലി പുരുരിച്ചുണ്ടവേരുമ്മൽതൊലി, തകരം, പപ്പടം ഇവസമം തൂക്കി ചേൎത്ത ഒരു കഷായത്തിന്ന വേണ്ടുന്ന മരുന്നിൽ പകുതിയാക്കി വയ്യംകതവേരുമ്മൽതൊലി, കുറുന്തോട്ടിവേര, ഊരകത്തിൻവേര, കാട്ടുവെള്ളരിവേര, ഇവ സമം തൂക്കിക്കൂട്ടി പകുതിഭാഗവുമാക്കി രണ്ടുംകൂടെ ചേൎത്ത കഷായംവച്ച പഞ്ചസാരയും തേനും മേപ്പൊടി ചേൎത്തു സേവിപ്പിക്ക എന്നാൽ എരിക്കരപ്പൻ ശമിക്കും.

(പ്ലക്ഷവൽക്കാദി കഷായം)

൧൩൪. പ്ലക്ഷവല്കബലായഷ്ടിപടൊലൊശീരചന്ദനൈഃ।
വാരിചൊരവരീദാരുഖദിരാംഭോദപപ്പടൈഃ॥

൧൩൫. ത്രിയമാണാമൃതാമൂർവ്വാബദരീവല്കവൈരിഭിഃ
നിംബതചക്രത്രിഫലാവെല്ലബൃഹതീഭിശ്ചസാധിതഃ।
കഷായൊവാമാക്ഷികോപേതഃപാതവ്യോസ്യപ്രശാന്തയെ।

ഇത്തിത്തൊലി കുറുന്തോട്ടിവേര, എരട്ടിമധുരം, പടോലം, രാമച്ചം, ചന്ദനം, ഇരുവേലി, കച്ചൂരിക്കിഴങ്ങ, ശതാവരിക്കിഴങ്ങ, ദേവതാരം, കരിങ്ങാലിക്കാതല, മുത്തങ്ങക്കിഴങ്ങ, പപ്പടം, ബ്രഹ്മി, ചിററമൃത, പെരുംകുരുമ്പവേര, ലന്തത്തൊലി, ഏകനായകത്തിൻവേര, വേപ്പിൻതൊലി, ത്രിഫല, വിഴാലരി, ചെറുവഴുതിനവേര ഇവകൊണ്ട കഷായംവച്ച തേൻ മേപ്പൊടിചേൎത്ത സേവിപ്പിക്ക. എരിക്കരപ്പൻ ശമിക്കും.

(അക്ഷധാത്ര്യാദി തൈലം)

൧൩൬. അക്ഷധാത്രീബലാസിദ്ധേനിഷ്ഫലാഫൈംബുഗദാഭയൈ
സൊശീരമധുകൈസ്സിദ്ധംതൈലംമൂർദ്ധ്നിപയൊജയെൽ।

താന്നിക്ക, നെല്ലിക്ക, കുറുന്തോട്ടിവേര ഇ

വ കഷായംവച്ച ഇരുവേലി, കൊട്ടം,രാമച്ചം, ചന്ദനം, ഏര ട്ടിമധുരം ഇവ അരച്ചുകലക്കി, വെളിച്ചെണ്ണയൊ എണ്ണയോ ചേൎത്ത കാച്ചിയരിച്ച തലയിൽ തേപ്പിക്ക. ഏരിക്കരപ്പൻശ മിക്കും.

(പടോലാദിതൈലം)

൯൨. പടോലകുഛളിപുഷ്പകെതകീദളജെരസെ।
സ്നേഹസമ്മിതപാരന്തീപുഷ്പൊത്ഥവരസാന്വിതെ॥
൯൩. മഞ്ജിഷ്ഠാകുഷ്ഠയഷ്ട്യാഹ്വശാരിബാചൊരചന്ദനൈഃ।
സൊശീരൈരെഥവാസിദ്ധംതൈലമത്രപ്രയോജയേൽ।

പടോലം, തെങ്ങിൻപൂക്കുലയരി, കൈതക്കുമ്പ ഇവ നാഴി ക്ക നാല പലവും അത ഇടിച്ചുപിഴിവാൻ നാനാഴി വെള്ളവും കണക്കാക്കി ഇടിച്ചുപിഴിഞ്ഞ എണ്ണയോളം തെച്ചിപ്പൂവ്വിൻെറ നീര അതിൽചേൎത്ത മഞ്ചട്ടിപ്പൊടി, കൊട്ടം, ഏരട്ടിമധുരം,ന ന്നാറിക്കിഴങ്ങ, കച്ചൂരിക്കിഴങ്ങ, ചന്ദനം, രാമച്ചംഇവ അരച്ചു കലക്കി വെളിച്ചെണ്ണയോ എണ്ണയോ ചേൎത്ത കാച്ചിയരിച്ച ത ലയിൽ തേപ്പിക്ക എന്നാലും ഏരിക്കരപ്പൻ ശമിക്കും.

(ഖദിരാസനാദി തൈലം)

൯൪. ഖദിരാസനലാക്ഷാഭിസ്ത്വഗ്ഭിശ്ചക്ഷീരിണാംശൃതെ।
കഷായെദാരുമഞ്ജിഷ്ഠാചന്ദനദ്വയയഷ്ടിഭിഃ।
൯൫. സിദ്ധഃകെരഫലൊത്ഥൊവാസ്നേഹസ്തിലജഏവവാ।
അധഃകായസ്യശസ്തോത്രസ്നാനെദാർവീശൃതംജലം॥

കരിങ്ങാലിക്കാതല, വേങ്ങക്കാതല, കോലരക്ക, നാല്പാമര ത്തിൻതൊലി ഇവ കഷായംവെച്ച ദേവതാരം, മഞ്ചെട്ടിപ്പൊടി ചന്ദനം, രക്തചന്ദനം ഏരട്ടിമധുരം ഇവ അരച്ചുകലക്കി വെ ളിച്ചെണ്ണയോ എണ്ണയോചേൎത്ത കാച്ചിയരിച്ച അത മേൽതേ പ്പിക്ക. മരമഞ്ഞത്തൊലിയിട്ട വെള്ളംവെച്ച അതിൽ കുളിപ്പി ക്ക. ഇവ ചെയ്താൽ ഏരിക്കരപ്പൻ ശമിക്കും.

൯൬. പിത്തജാനാംവിസൎപ്പാണാംചികിത്സിതമുദാഹൃതം।
വക്ഷ്യതെകഫജാനാന്തദധ്യായെസ്മിന്നനന്തരെ॥

പിത്തകോപംകൊണ്ട ഉണ്ടാകുന്ന വിസൎപ്പങ്ങൾക്ക ചികി ത്സാ ഇവിടെപറകപ്പെട്ടു. കഫകോപംകൊണ്ടുണ്ടാകുന്ന വിസ ൎപ്പങ്ങളുടെ ചികിത്സാ അനന്തരാദ്ധ്യായത്തിൽ പറകപ്പെടുക യും ചെയ്യും.

ഇതി വാശ്ദാസൊപനാമകരാമാനന്ദനാഥപണ്ഡിതപാ
രശവെന്ദ്രകൃതാ വാരോഗ്യകല്പദ്രുമെ ബാലചികി
ത്സായാംമെകാദശസ്തബകൊനാമ ഏകാദശാ
ദ്ധ്യായഃ

---

ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം
ദ്വാദശാദ്ധ്യായപ്രാരംഭഃ

---

## മുളനെൽക്കരപ്പന്റെ ലക്ഷണം

൧. സൂക്ഷ്മാഭയോഗ്രൈമദ്ധ്യെത്തുസ്ഥൂലൈവ്വംശയവൊവമൈഃ
വിസ്സ്ഫോടൈരനചിതശ്ശ്ലേഷ്മൈഃകഠിനൊഗൌരപാണ്ഡുരഃ।
൨. നാതിവെദനയായുക്തോഗാത്രഗൌരവസൃഷ്ടിമാൻ।
ഛർദ്യരോചകസംയുക്തോയവൊത്രകഥിതഃപുരാ॥

ഇരുഭാഗങ്ങളിൽ കൂൎപ്പോടും നടുവിൽ പുഷ്ടിയോടും കൂടി മുളനെല്ലിന്റെ ഛായതോന്നുമാറ വെളുത്ത പുളകങ്ങൾ നിറഞ്ഞ കഠിനമായി വെളുപ്പും ചുവപ്പുമാകുന്ന നിറത്തോടുകൂടി കഠിനമായ വേദനയില്ലാതെ ശരീരത്തിന്ന കനം, തരിപ്പ്, ഛർദ്ദി, അരുചി ഇവയോടുംകൂടി നീര ഉണ്ടായാൽ ആയത മുളനെൽക്കരപ്പനെന്നറിക.

## മുളനെൽക്കരപ്പന്റെ ചികിത്സാ
### (അരച്ചുതേപ്പാൻ)

൩. തക്രേണവൈരിണൊമൂലംശതാഹ്വാമഥവാവചാം॥
പിഷ്ട്വാദൌലേപനംകുൎയ്യാദ്യവസ്യമുഹൂരനാശനം॥

മുളനെൽക്കരപ്പൻ ഉണ്ടായാൽ ഉടനെ ഏകനായകത്തിൻ വേരൊ ശതകുപ്പയൊ വയമ്പൊ പുളിച്ച മോരിൽ അരച്ചുതേക്കുക. എന്നാൽ മുളനെൽക്കരപ്പൻ ശമിക്കും.

൪. അഥവാഖാദിരംസാരംസ്ഥൌണെയംവാസകുംകുമം॥
നാളികേരസ്യദുഗ്ദ്ധേനപിഷ്ട്വാലെപനമാചരേൽ॥

അല്ലായെങ്കിൽ കരിങ്ങാലിയുടെ കാതലോ തുണിയാങ്കം, കുങ്കുമം, ഇവയെ തേങ്ങാപ്പാലിൽ അരച്ചുതേക്കുക. എന്നാൽ മുളനെൽക്കരപ്പൻ ശമിക്കും.

(തിമിശാദികഷായം)

൫. തിമിശേന്ദ്രയവാംഭോദപപ്പ്ടൈലാഫലത്രയൈഃ।
സിദ്ധഃകഷായശ്ചമധ്വാഢ്യഃപാതവ്യൊത്രയവാഹ്വയെ॥

തൊട്ടുകാര, കുടകപ്പാലയരി, മുത്തെങ്ങക്കിഴങ്ങ, പപ്പ്ടം, ഏലത്തരി, ത്രിഫല, ഇവകൊണ്ട കഷായംവച്ച തെൻ മേപ്പൊടിചേൎത്ത സേവിപ്പിക്ക എന്നാൽ മുളനെൽക്കരപ്പൻ ശമിക്കും.

(ധാത്രീഖദിരസാരാദികഷായം)

൬. ധാത്രീഖദിരസാരാഗ്നിമന്ഥമൂൎവ്വാകണാദ്യൈഃ।
സവിശാലാമൃതാനിംബഭൂനിംബൈരഥവാശൃതഃ॥

നെല്ലിക്ക കരിങ്ങാലിക്കാതല, മുഞ്ഞെവേര, പെരുംകുരുമ്പവേര, തിപ്പലി, അത്തിത്തിപ്പലി, കാട്ടുവെള്ളരിവേര, ചിററമൃത, വേപ്പിൻതൊലി, പുത്തരിച്ചുണ്ടവേരുമ്മൽതൊലി ഇവകൊണ്ട കഷായംവെച്ച തേൻ മേപ്പൊടി ചേൎത്തുസേവിപ്പിക്ക. എന്നാലും മുളനെല്ലൂരപ്പൻ ശമിക്കും.

(താലപത്രാദി തൈലം)

൭. താലപത്രവിശാലൈലെയകവെത്രാഗ്രജൈരസൈ।
ഏലാവിളംഗകുടചചന്ദ്രരെഖാത്രുരുഷ്കകൈഃ॥

൮. ജ്യോതിഷ്മതിവരാധാന്യമധൂകസരളാനിതൈഃ।
കല്കിതൈസ്സിലജസ്സിദ്ധസ്സ്നെഹൊവാനാളികേരജഃ॥

൯. പാനെചാഭ്യഞ്ജനെശസ്തൊയദ്വാകിംശുകപത്രജെ।
രസെശതാഹ്വാദെവാഹ്വവരാസരളചന്ദനൈഃ॥

കരിമ്പനക്കുമ്പ, കാട്ടുവെള്ളരി, മുക്കാപ്പീരകം, ചൂരലില ഇവ ഇടിച്ചുപിഴിഞ്ഞ എലത്തരി, വിഴാലരി, കുടകപ്പാലയരി, കാർകൊകിലരി, കുന്തുരുക്കം, ചെറുപ്പുന്നയരി, ത്രിന്നല, കൊത്തംപാലയരി ഇരുപ്പക്കാതല, ചരളം, ഇവഅരച്ചുകലക്കി, എണ്ണയൊവെളിച്ചെണ്ണയൊകാച്ചിതേപ്പിക്ക. മുളനെല്ലൂരപ്പൻശമിക്കും. സേവിപ്പിക്കയുമാം. കരുമുരുക്കിലനീരിൽ ശതകുപ്പ, ദേവതാരം, ത്രിഫല, ചരളം, ചന്ദനം, ഇവ കല്കം ചേൎത്തിട്ടുമാം

(തമാലപത്രാദി തൈലം)

൧൦. തമാലപത്രനിൎഗ്ഗുണ്ഡീതന്ത്രികാസനപത്രജെ।
സ്വരസെകുഷ്ഠചൊരൈലാവിളംഗഘനചന്ദനൈഃ॥

൧൧. താലീസപത്രനാഗാദ്യൈഃകല്കിതൈപകഏവവാ॥
അഭ്യഞ്ജനെപ്രയൊക്തവ്യസ്സിദ്ധസൈവെണവാംബുച॥

പച്ചില കരുനൊച്ചിയില, ചിററമൃത, വേങ്ങലിയ, ഇവററിൻനീരിൽ കൊട്ടം, കച്ചൂരിക്കിഴങ്ങ, ഏലത്തരിവിഴാലരി, മുത്തങ്ങക്കിഴങ്ങ, ചന്ദനം, താലീസപത്രം, നാകപ്പൂവ്വ, ഇവ അരച്ചുകലക്കി എണ്ണയൊ വെള്ളിച്ചെണ്ണയൊ ചേൎത്തകാച്ചിതലയിൽതെപ്പിക്കുക. തലയ്ക്കു വെള്ളം മുളയിലയിട്ട തിളപ്പിച്ച ഉണ്ടാക്കുകയും വേണം. ആയത ചൂടാറിയല്ലാതെ തലയിൽ പകരുകയുമരുത.

(ശിംശപാദി തൈലം)

൰൨. ശിംശപാസാരനിഷ്ക്വാഥെമഞ്ജിഷ്ടാകുഷ്ടയഷ്ടിഭിഃ ।
സിദ്ധംതൈലംപ്രയോക്തവ്യമംഗസ്യാംഭ്യംഗകൎമ്മണി ॥

ഇരുമുള്ളിൻ്കാതല കഷായംവെച്ച മഞ്ചെട്ടിപ്പൊടി, കൊട്ടം, എരട്ടിമധുരം ഇവ കല്കംചേൎത്ത കാച്ചിയ തൈലംമെൽതേപ്പിക്ക. ഇവ ചെയ്താൽ മുളനെല്ക്കരപ്പൻ ശമിക്കും.

(ഭൂൎജ്ജസാരാദി തൈലം)

൰൩. ഭൂൎജ്ജസാരസ്യനിൎയ്യാസെതൈനെപരികല്കിതെ ।
പകചസ്നേഹോഹിതൊംഗസ്യപ്രോക്തംവാഷ്ടവല്കജം ॥

൰൪. സെകെപാരന്തികാപത്രവചാതചക്സാരവല്ലവൈഃ ।
സക്ഷീരിവല്കസെരെയെസ്സിദ്ധംകൊഷ്ണാംബുചെഷ്യതെ ॥

ഭൂൎജ്ജ വൃക്ഷത്തിൻെറ കാതല കഷായംവെച്ച അതുതന്നെ കല്കവുമായി എണ്ണയൊ വെളിച്ചെണ്ണയൊകാച്ചി മേൽ തേപ്പിക്ക. അഷ്ടവല്കതൈലവും നല്ലതാകുന്നു. തെച്ചിയില. വയമ്പ, മുളയില, നാല്പാമരത്തിൻ്തൊലി, കരിങ്കുറുഞ്ഞിവേര, ഇവയിട്ടവെച്ച വെള്ളം അല്പം ചൂടോടുകൂടെ മേൽപകൎന്ന കുളിപ്പിക്കുക. ഇവകളെക്കയും ചെയ്താൽ മുളനെല്ക്കരപ്പൻ നല്ലവണ്ണം ശമിക്കും.

തുംപപൂക്കരപ്പൻെറ ലക്ഷണം

൰൫. ദ്രോണപുഷ്പസമാകാരൈൎഗ്ഗൂചതൈരന്തശ്ചലോഹിതൈഃ ।
വിസ്ഫോടൈരനചിതശ്ശ്ലോഫൊദ്രൊണൊത്രപ്രോക്തദീരിതഃ ॥

തുംപപ്പൂവ്വിൻെറ ആകൃതിപോലെ ഉള്ള ആകൃതിയൊടുകൂടി വെളുത്ത മദ്ധ്യത്തിൽ അല്പം ചുവപ്പൊടു കൂടിയ പുളങ്ങൾ പറപ്പെട്ട പുറവും നീരോടു കൂടി കണ്ടാലായത തുംപപൂക്കരപ്പനെന്നറിക.

## തുമ്പവൃക്കരപ്പന്റെ ചികിത്സാ

(അരച്ചുതേപ്പാൻ)

൧൩. ദ്രോണെത്രദ്രോണപുഷ്പാണിവത്സകംധനികാമപി।
നാളികേരസ്യദുഗ്ദ്ധേനപിഷ്ടാലേപനമാചരേൽ॥

യാതൊരുസമയം തുമ്പവൃക്കരപ്പന്റെ ലക്ഷണം തികഞ്ഞ കാണുന്നുവൊ അപ്പോൾ തുമ്പപൂവും കുടകപ്പാലയരിയും കൊത്തമ്പാലയരിയും സമംചേൎത്ത തേങ്ങാപ്പാലിൽ അരച്ചുതേക്കുക. എന്നാൽ ശമിക്കും ലക്ഷണം തികയാത്തതിന മേൽപറഞ്ഞ മരുന്ന ഏതെങ്കിലും തേങ്ങാപ്പാലിൽ അരച്ചുതേച്ചാലും മതി.

൧൪. അഥവാശ്വേതപാരന്തീമൂലംതൈനൈവപെഷിതം।
ലിംപെദപണ്ണവതീവല്കമഥവാക്ഷീരിചൎമ്മഭിഃ॥

വെളുത്ത തെച്ചിയുടെവേര, തേങ്ങാപ്പാലിൽ അരച്ചുതെക്കുകയുമാം. അല്ലാ എങ്കിൽ വേണ്ണാടതൊലി, നാല്പാമരത്തിൻ തൊലി ഇവ തേങ്ങാപ്പാലിൽ അരച്ചുതേക്കുക. എന്നാൽ തുമ്പവൃക്കരപ്പൻ ശമിക്കും.

(ജൊംഗകാദി കഷായം)

൧൫. ജോംഗകാസനസാരാബ്ദഹിമത്രയമധൂകജഃ। കാഷായൊമാക്ഷികൊപേതഃപീതൊസ്യപരമൌഷധം॥

അകില, വെങ്ങക്കാതല, മുത്തെങ്ങക്കിഴങ്ങ, ചന്ദനം, രക്തചന്ദനം, പീതചന്ദനം, ഇരിപ്പക്കാതല, ഇവകൊണ്ട കഷായം വച്ചു തേൻ മേപ്പൊടിചേൎത്ത സേവിപ്പിക്ക. തുമ്പവൃക്കരപ്പൻ ശമിക്കും.

(ഭാണ്ഡ്യാദി കഷായം)

൧൬. ഭാണ്ഡീപടൊലബദരീവല്കമൂൎവ്വാസുരദ്രുമൈഃ।
ത്രായമാണാവിശാലാബ്ദസപ്തച്ഛദസമന്വിതൈഃ॥
സവ്യാധിഘാതുകത്വഗ്ഭിഃസിദ്ധൊവാകൈശികീയുതഃ।
മാക്ഷികാഢ്യശ്ചവെല്ലാഗ്നിമന്ഥപാഠാഭിരെവവാ॥

നിലവാക, പടോലം, ലന്തത്തൊലി, പെരുംകുരുമ്പവേര, ദേവതാരം, ബ്രഹ്മി, കാട്ടുവെള്ളരിവേര, മുത്തങ്ങക്കിഴങ്ങ, പാലത്തൊലി, കൊന്നവേരിന്മേൽതൊലി, ഇവകൊണ്ട കഷായം വച്ചു മാശിക്കയും തേനും മേപ്പൊടി ചേൎത്ത സേവിപ്പിക്ക. വിഴാലരി, മുഞ്ഞവേര, പാടക്കിഴങ്ങ ഇവകൊണ്ട കഷായംവെ

ച്ച മാശിക്കയും തേനും മേപ്പൊടി ചേൎത്ത സേവിപ്പിക്കയുമാം. എന്നാൽ തുമ്പപൂക്കരപ്പൻ ശമിക്കും.

ഇന്ദ്രദ്രുമാദി കഷായം

൨൦. ഇന്ദ്രദ്രുമവിശാലതാശാഖീശമ്യാകതിന്ദുകൈഃ ।
വിരള്ളാനിംബഭൃനിംബകരഞ്ജയുഗവൈരിഭിഃ ॥
൨൧. സക്ഷീരിവല്ലൂശേതാക്കൈക്കന്നിയ്യാസൊധിശ്രുതൊത്രുതു।
പാനെംഗസെകെതൈരെവകല്ലൈസ്സ്നേഹൈപി ചെ
ഷ്യതെ ॥

നീൎമരുതിൻതൊലി, പാലത്തൊലി, മരമഞ്ഞത്തൊലി, കൊന്നത്തൊലി,പനച്ചിത്തൊലി, കഞ്ഞിക്കൊട്ടകത്തിൻതൊലി, വേപ്പിൻതൊലി, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, ഉങ്ങിൻതൊലി,ആവൽതൊലി,ഏകനായകത്തിൻവേരിന്മേൽതൊലി, നാല്പാമരത്തിൻതൊലി, വെളുത്തഎരുക്കിൻവേരുമ്മൽതൊലി ഇവകൊണ്ടു കഷായംവെച്ച തേൻ മേപ്പൊടി ചേൎത്ത സേവിപ്പിക്ക. ഈ കഷായവെള്ളത്തിൽ കുളിപ്പിക്ക. ഈ കഷായത്തിൽതന്നെ മേല്പറഞ്ഞ തൊലികൾ പതിനാറും അരച്ച കല്ക്കമായി ചേൎത്ത എണ്ണകാച്ചി തേപ്പിക്ക. ഇവയൊക്കെയും തുമ്പപൂക്കരപ്പന്ന ശമനകരമാകുന്നു.

(ശാകതാശാദി തൈലം)

൨൨. ശാകതാക്‌ത്രിഫലാസാലശാഖീക്ഷീരിദ്രുവല്ലൂജെ।നിഷ്ഠാ
ഫ്രൈത്രിഹിമാംബഷ്ഠവല്ലൂയഷ്ട്യാഹ്വാചൊരകൈഃ ॥
൨൩. എലാവിളംഗകംപില്യകണാദാരുസുരാഹ്വയൈഃ ।
ശൈലെയഗൈരികാംഭൊദമധൂകഫലിനീനതൈഃ ॥
൨൪. മനശ്ശിലാതുരുഷ്കാരുഷ്കരമൂൎവ്വാധവൈരപി ।
സംസിദ്ധൊനാള്ളികെരസ്യസ്നേഹസ്തിലജഏവവാ
പാനേചാഭ്യഞ്ജനെശസ്തോമൃദ്ധ്നൊന്യത്രാപിചെഷ്യതെ॥

തേക്കിൻതൊലി,ത്രിഫല,പയൻതൊലി,മരമഞ്ഞത്തൊലി നാല്പാമരത്തിൻതൊലി ഇവ കഷായം വെച്ച ചന്ദനം, രക്തചന്ദനം, പീതചന്ദനം, അമ്പഴത്തിൻതൊലി, എരട്ടിമധുരം, കച്ചൂരിക്കിഴങ്ങ, ഏലത്തരി, വിഴാലരി, കമ്പിപ്പാലവേരിന്മേൽതൊലി, തിപ്പലി, അത്തിത്തിപ്പലി, ദേവതാരം,കന്മതം,കാവിമണ്ണ,മുത്തങ്ങക്കിഴങ്ങ, ഇരിപ്പക്കാതല,ഞാഴൽപൂവ, തകരം, മനയോല,കുന്തുരുക്കം, ചേരിൻകുരു, പെരുംകുരമ്പവേര, ഞമവേരിന്മേൽതൊലി, ഇവ അരച്ച കലക്കി വെളിച്ചെണ്ണയൊ

എണ്ണയോ ചേൎത്ത കാച്ചി സേവിപ്പിക്കയും തലയിലും മേലും തേപ്പിക്കുകയും ചെയ്ക. തുമ്പപ്പൂക്കരപ്പൻ ശമിക്കും.

൨൫. യവൊക്തമന്ത്യൽകുൎയ്യീതലേപനന്തുയവൊദിതം।
അംഭശ്ചശിഷ്ടേസൎവ്വത്രകഫജെയംവിധിഃസ്മൃതഃ॥

തലയ്ക്കും മേലയ്ക്കുംവെള്ളം മുളനെല്ലരപ്പന്നപറഞ്ഞപ്രകാരം വെക്കുക. മുളനെല്ലരപ്പന്ന പറഞ്ഞ ലേപനവും വെള്ളവും കഫകോപം കൊണ്ടുണ്ടാകുന്ന വിസൎപ്പങ്ങളിൽ ഇനി പറവാൻ പോകുന്നതുകൾക്കും പറയുന്നതാകുന്നു.

## കുടകപ്പാലരിക്കരപ്പന്റെ ലക്ഷണം

൨൬. കഠിനൈൎവ്വത്സകാകാരൈൎമ്മദ്ധ്യനിമ്നൈസ്സിതാസിതൈ
സ്സ്രാവൈശ്ചിതോഘനസ്ത്വോഘഃപാടലൊവത്സകാ
ഖ്യയഃ॥

കഠിനങ്ങളായി കുടകപ്പാലയുടെ അരിയുടെ ആകൃതിപോലെ തോന്നുന്ന ആകൃതിയോടു കൂടിയവയായി നടുക്കു താഴ്ചയോടും വെളുപ്പുംകറുപ്പുമായ നിറത്തോടുംകൂടിയ പുളുകങ്ങളോടുകൂടെ അല്പം ചുവപ്പോടുകൂടി ഘനമായ നീരുകണ്ടാൽ ആയത കുടകപ്പാലരിക്കരപ്പനെന്നറിക.

## കുടകപ്പാലരിക്കരപ്പന്റെ ചികിത്സ

### (ആരഗ്വധാദികഷായം)

൨൭. ആരഗ്വധാക്കാരാഗ്നിമന്ഥൈസ്ത്രിഫലായായുതൈഃ।
സിദ്ധഃകഷായഃപെയൊത്രകൈശികീമാക്ഷികാന്വിതഃ॥

കൊന്നത്തൊലി, അക്കിരാരിതേങ്ങ, മുഞ്ഞവേര, ത്രിഫല, ഇവകൊണ്ടു കഷായംവെച്ച മാശിക്ക തേൻ ഇവമേപ്പൊടി ചേൎത്തസേവിപ്പിക്ക. കുടകപ്പാലരിക്കരപ്പൻ ശമിക്കും

### (നിംബാസനാദി കഷായം)

൨൮. നിംബാസനവിശാലത്വക്ത്രായന്തീകടുകാംബുദൈഃ।
സപടൊലനിശാദ്വന്ദൈരഥവാകഷായഹ്നിഷ്യതെ॥

വേപ്പിൻതൊലി, വേങ്ങാക്കാതല, പാലത്തൊലി, ബ്രഹ്മി, കടുകരോഹണി, മുത്തങ്ങ, പടോലം, വരട്ടുമഞ്ഞൾ, മരമഞ്ഞത്തൊലി, ഇവകൊണ്ടു കഷായം വച്ച മാശിക്കയും തേനും മേപ്പൊടിചേൎത്ത സേവിപ്പിക്ക. കുടകപ്പാലരിക്കരപ്പൻ ശമിക്കും.

(രാജക്ഷവകാദി തൈലം)

൨൯. രാജക്ഷവകനിർഗ്ഗുണ്ഡീശിതികിംശുകവൈരിണാം।
ദൂർവ്വാമൃതാശിരീഷദ്രുവിരളാസുമനൊലിഹാം॥
൩൦. മുഞ്ജാസനശമീവെത്രതാലംഗസ്ത്യവയസ്വിനാം।
കെതകീബകുളാരിഷ്ടനാഗവല്ലീസരൊരുഹവാം॥
൩൧. വിലെപന്ദ്രുവല്ലീഹെമാഹ്വഹരിപുഷ്പീഭവാമപി॥
പല്ലവാനാംരസെചൊരമധുകാംബുദചന്ദനൈഃ।
൩൨. സുരാഹ്വസരളൊശീരമാഗധീകുഷ്ഠസർഷപൈഃ।
സ്ഥൗണെയനഖമഞ്ജിഷ്ഠാകടുകാജീരകത്രയൈഃ।
൩൩. ജാതിഹിംഗുളശൈലെയമനൊഹ്വാ ഗൈരികൈരപി।
സംസിദ്ധൊനാളികെരസ്യസ്നേഹസ്തിലജഏവവാ ॥
൩൪. പാനെചാഭ്യഞ്ജനെശസ്തൊവത്സകാൽസ്യദെഹിനഃ।
കഫജെഷുചസർവ്വെഷുതൈലംയൊജ്യമിദംമതം ॥

കരിന്തുമ്പയില, കരുനൊച്ചിയിൽ, കരുമുരുക്കില, ഏകനായകത്തില, കറുകയില, ചിററമൃതില, നെന്മെനിവാകയില, കഞ്ഞിക്കൊട്ടകത്തില, കയ്യന്നിയില, കാരീങ്ങയിലാ വെങ്ങയില, വന്നിയില, ചൂരലില, കരിമ്പനക്കുമ്പ, അകത്തിയില, നാല്പാമരത്തിൻകുമ്പ, കൈതക്കുമ്പ, എരിഞ്ഞിക്കുമ്പ, വേപ്പില, വെററില, താമരയില, കുവളത്തില, ഉഴിഞ്ഞയില, ഉമ്മത്തില, പൂവ്വരശിൻകുമ്പ ഇവ ഇടിച്ചുപിഴിഞ്ഞെടുത്ത നീരിൽ കച്ചൂരിക്കിഴങ്ങ, എരട്ടിമധുരം, മുത്തങ്ങക്കിഴങ്ങ, ചന്ദനം, ദേവതാരം, ചരളം, രാമച്ചം, തിപ്പലി, കൊട്ടം കടുക, തുണിയാക്കം, നാഗ്ഗണം, മഞ്ചട്ടിപ്പൊടി, കടുകരോഹണി, ജീരകം, കരിഞ്ചീരകം, പെരുഞ്ചീരകം, ജാതിക്ക, ചായില്യം, കന്മതം, മനയോല കാവിമണ്ണ ഇവ അരച്ചുകലക്കി എണ്ണയൊ വെളിച്ചെണ്ണയോ ചേൎത്ത കാച്ചിയരിച്ച സേവിപ്പിക്കുകയും തേപ്പിക്കുകയും ചെയ്ക എന്നാൽ കുടകപ്പാലരിക്കരപ്പൻ ശമിക്കുംമെൽപറഞ്ഞ തൈലം കഫവിസൎപ്പങ്ങൾക്ക ഒക്കെയും പററുന്നതാകുന്നു.

(ശമീപത്രാദി തൈലം)

൩൫. ശമീപത്രമൃതാദൂർവ്വാധാത്രീകിംശുകപത്രജെ।
സ്വരസെകുഷ്ഠയഷ്ട്യാഹ്വശാരിബാചൊരചന്ദനൈഃ।
കുചന്ദനബലൊശീരചതുർജ്ജാതസുരാഹ്വയൈഃ॥
൩൬. ശ്രീവെഷ്ടസലിലസ്പൃക്കാനതസജ്ജെജമ്ബകല്ക്കിതൈഃ।
സംസിദ്ധൊനാളികെരസ്യസ്നേഹസ്തിലജഏവവാ।
൩൭. വത്സകംശമയെൽസദ്യഃപാനെനാഭ്യഞ്ജനെനവാ॥

സൎവ്വാംഗെഷു ചയൊജ്ജ്യായംപ്രാഗ്ദുക്തശ്ചതദൊത്തരെ॥

വന്നിയില, ചിററമൃത, കറുക, നെല്ലിക്ക, കരുമരുക്കില ഇവററിൻനീരിൽ കൊട്ടം, എരട്ടിമധുരം, നന്നാറിക്കിഴങ്ങ, കച്ചൂരിക്കിഴങ്ങ, ചന്ദനം, രക്തചന്ദനം, കറുന്തോട്ടിവേര, രമച്ചം, ഏലത്തരി, ഏലവംഗത്തൊലി, പച്ചില, നാകപ്പൂവ്വ, ദേവതാരം, തിരുവട്ടപ്പശ, ഇരുവേലി, നാന്മുകപ്പുല്ല, തകരം ചെഞ്ചല്യം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചിയരിച്ച സേവിപ്പിക്കയും തെപ്പിക്കയും ചെയ്ക. എന്നാൽ കുടകപ്പാലയരിക്കരപ്പൻ ശമിക്കും. ഈ തൈലവും ഇതിനുമുമ്പെ പറഞ്ഞ തൈലവും സൎവ്വാംഗവുംതെപ്പിക്കാം.

൩൮. സ്നാനാൎത്ഥംസുഷവീവല്ലൂധാത്രീഖദിരസാധിതം।
അംഭഃപ്രശസ്യതെതസ്യബദരീത്വക്കൃതഞ്ചവാ॥

പുല്ലാനിത്തൊലി, നെല്ലിക്ക, കരിങ്ങാലിക്കാതല, ഇവയിട്ട കാച്ചിയവെള്ളത്തിൽ കുളിപ്പിക്കുക. അല്ലായെങ്കിൽ ലന്തത്തൊലിയിട്ട വെള്ളം വെച്ച കുളിപ്പിക്കുക. ഇവചെയ്താൽ കുടകപ്പാലയരിക്കരപ്പൻ ശമിക്കും.

### കൽത്താമരക്കരപ്പന്റെ ലക്ഷണം

൩൯. പാണ്ഡുരൊവൎത്തുളാകാരസ്ത്വൊഷൊനാത്യുന്നതൊദ്ദഢഃ।
പത്മബീജസമൊത്ഥാനൈഃപിടകൈരസിതാനനൈഃ॥

൪൦. കൎണ്ണികാകാരതാംനീതസ്ത്രീതൊതിസ്വപ്നജാഡ്യകൃൽ।
ഛൎദ്ദ്യരൊചകജൂൎത്ത്യാഢ്യഃപത്മകൊത്രബുധൈസ്മൃതഃ॥

വെളുത്ത വൃത്താകാരമായി അല്പമായ ഉയൎച്ചയോടുകൂടിയതായി വിരൽകൊണ്ട അമൎത്താൽനല്ലവണ്ണം അമരാത്തതായിതാമരക്കുരുവിന്റെ സ്ഥിതിപോലെ അകത്ത അധികമായ ഭാഗത്തൊടും പുറത്തകാണപ്പെടുന്ന ഭാഗം അല്പമായും തൊന്നത്തക്കവിധത്തിൽ കറുത്തമുഖത്തോടുകൂടിയ പുളുകങ്ങളോടും തണുപ്പ, അതിനിദ്ര ഛൎദ്ദി, അരുചി, പനി ഇവയൊടുംകൂടിയ നീര കൽത്താമരക്കരപ്പനെന്ന വിദ്വാന്മാരുടെ മതമാകുന്നു.

### കൽത്താമരക്കരപ്പന്റെ ചികിത്സാ
(അരച്ചുതേപ്പാൻ)

൪൧. ശുഷ്കാണിപത്മബീജാനിയുക്താനിവിജയാസ്ഥിഭിഃ।
സംപിഷ്യാജ്യേനതക്രെണതസ്യാദൌലെപനംഹിതം॥

ഉണങ്ങിയ താമരക്കുരു കടുക്കക്കുരു ഇവ പുളിച്ചമോരിൽ അരച്ചു തേക്കുക. കൽത്താമരക്കരപ്പന്ന ആദിയിൽ ഇതുചെയ്താൽ ആയത ശമിക്കുകയും ചെയ്യും.

(അശ്വകർണ്ണവിശാലാദി കഷായം)

൪൨. അശ്വകർണ്ണവിശാലാക്ഷ്മാരാഗരോഗാരിവല്ക്കലൈഃ।
സപടോലൈശ്ശൃതഃകാഥഃപയോസ്യാഥപ്രശാന്തയെ॥

വെണ്മരുതിൻതൊലി, കാട്ടുവെള്ളരിവേര, അക്ലാരിതെങ്ങ, കൊന്നവേരിന്മേൽതൊലി പടോലം ഇവക്കൊണ്ടു കഷായംവച്ചു തേൻ മേമ്പൊടിചേൎത്തസേവിപ്പിക്ക. കൽത്താമരക്കരപ്പൻ ശമിക്കും. മേമ്പൊടി തേൻ തന്നെയെന്ന നിയമമില്ല കരിഞ്ജീരകം, കടുകരോഹണി ഇത്യാദിയുമാം.

(പലാശവൽക്കാദി കഷായം)

൪൩. പലാശവല്ക്കഭൃനിംബകാരവീവിഷമച്ഛദൈഃ।
ത്രായമാണാപടൊലാദ്യൈഃകാഥശ്ചമധുമാൻഹിതഃ

പ്ലാശിൻതൊലി, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, കരിഞ്ജീരകം, പാലത്തൊലി, ബ്രഹ്മി, പടൊലം ഇവകൊണ്ടു കഷായംവച്ചു തെൻ മേമ്പൊടിചേൎത്ത സേവിപ്പിക്കയുമാം. എന്നാൽ കൽത്താമരക്കരപ്പൻ ശമിക്കും.

(പലാശപുഷ്പാദി തൈലം)

൪൪. പലാശപുഷ്പമഞ്ജിഷ്ഠാഫലത്രയസുരാഹ്വയൈഃ।
ശതമൂലീരസെസിദ്ധസ്നേഹൊഭ്യംഗായശസ്യതെ॥

പ്ലാശിൻപൂവ, മഞ്ചെട്ടിപ്പൊടി, ത്രിഫല, ദേവതാരം, ഇവ ശതാവരിക്കിഴങ്ങിന്റെനീരിൽ അരച്ചുകലക്കി എണ്ണയൊ വെളിച്ചെണ്ണയൊ ചേൎത്ത കാച്ചിയരിച്ചു തേപ്പിക്ക. കൽത്താമരക്കരപ്പൻ ശമിക്കും.

ഗുഞ്ജാമൂലാദി തൈലം)

൪൫. ഗുഞ്ജാമൂലജപാവല്ക്കധാത്രീഫലസുസാധിതെ।
നിഷ്കാഥെസ്നേഹതുല്യാംശമമൃതാഭൃംഗപത്രജം॥

൪൬. പാരന്തീകുസുമൊത്ഥഞ്ചയൊജതിതാരസംസ്രുതെ।
കല്ക്കീകൃത്യവിളംഗൈലാദാരുകുഷ്ഠാബ്ദശാരിബാഃ॥

൪൭. മഞ്ജിഷ്ഠാവർണ്ണീനീവല്ക്കഹരിദ്രാഫലിനീനിശാഃ।
കാരവീകടുകാശ്ചാപിനാളികെരഫലൊത്ഭവഃ॥

൪൮. സ്നേഹസ്തിലൊത്ഭവൊയദ്വാദത്വാമസ്തുചതുർഗ്ഗുണം।
സിദ്ധൊഭ്യംഗെപാനെചപത്മകാന്തസ്യശസ്യതെ॥

വെള്ളത്തകുന്നിയുടെവേര, വെള്ളത്തചെമ്പരത്തിയുടെതോല,

നെല്ലിക്ക. ഇവകൊണ്ടു കഷായംവെച്ച അതിൽ ചിററമൃത, കഞ്ഞുണ്ണി, തെച്ചിപ്പൂവ്വ, ഇവററിൻനീര തൈലത്തോടസമം ചേൎത്ത അരിച്ച വിഴാലരി,ഏലത്തരി, ദേവതാരം, കൊട്ടം,മുത്തെങ്ങക്കിഴങ്ങ, നന്നാറിക്കിഴങ്ങ, മഞ്ചെട്ടിപ്പൊടി. വെണ്പാടത്തൊലി, മരമഞ്ഞത്തൊലി, ഞാഴൽപൂവ്വ വരട്ടമഞ്ഞൾ,കരിഞ്ചീരകം,കടുകരോഹണി, ഇവ അരച്ചുകലക്കിവെളിച്ചെണ്ണയൊ എണ്ണയൊചേൎത്ത അതിൽ നാലിരട്ടിതയിർവെള്ളവും ചേൎത്ത കാച്ചിയരിച്ച സേവിപ്പിക്കയും തേപ്പിക്കയും ചെയ്ക. കൽത്താമരക്കരപ്പൻ ശമിക്കും.

൭൯. സ്നാനാൎത്ഥമംഭഃപാരന്തീദലധാത്രീഫലാനപിതൈഃ ।
ദാൎവ്വീഖദിരസാരാഗ്നിമഞ്ജിഷ്ഠകപഥിതംഹിതം ॥

തെച്ചിയില, നെല്ലിക്ക, മരമഞ്ഞത്തൊലി, കരിങ്ങാലിക്കാതല,മുഞ്ഞവേര,ഇവയിട്ട വെള്ളംകുറുക്കി അതുകൊണ്ട കുളിപ്പിക്കുക. ഇവ ചെയ്താൽ കൽത്താമരക്കരപ്പൻ ശമിക്കും.

## വളയക്കൊടിക്കരപ്പന്റെ ലക്ഷണം

൭൦. ശൊഫസ്സന്ധിഷുദീൎഘൊത്രവിസാംകുരജവാചിതഃ ।
കണ്ടകൈരതിസൂക്ഷ്മാഗ്രൈസ്സ്യൊദൈവ്വൈാവിസാംകുരഃ।

അംഗസന്ധികളിൽ ദീൎഘാകാരമായിപ്രകാശിച്ച താമരവളയം അതിസൂക്ഷ്മങ്ങളായ മുഖങ്ങളോടുകൂടിയ മുള്ളുകളാൽവ്യാപിക്കപ്പെടുന്നതുപോലെമേൽപറഞ്ഞപ്രകാരമുള്ളപുളകങ്ങളാൽ വ്യാപിക്കപ്പെട്ടതായി കാണപ്പെടുന്ന നീര വളയക്കൊടിക്കരപ്പനെന്നറിക.

## വളയക്കൊടിക്കരപ്പന്റെ ചികിത്സാ

### (അരച്ചുതേപ്പാൻ)

൭൧. പത്മകന്ദജയാക്ഷാസ്ഥിവണ്ണിനീഖദിരത്വചഃ ।
നാളികേരസ്യദുഗ്ധേനപിഷ്ടാലെപോത്രശസ്യതെ ॥

താമരക്കിഴങ്ങ, കടുക്കക്കുരു, താന്നിക്കക്കുരു, വെണ്പാടത്തൊലി, കരിങ്ങാലിത്തൊലി, ഇവ തേങ്ങാപ്പാലിൽ അരച്ചുതേക്കുക. വളയക്കൊടിക്കരപ്പൻ ശമിക്കും.

### (ഇക്ഷ്വാകുമൂലാദികഷായം)

൭൨. ഇക്ഷ്വാകുമൂലവൈകുണ്ഠദാൎവ്വീധാന്യകദാരുഭിഃ ।
സവിളംഗപടോലാബ്ദൈഃകൃതംകഥഞ്ചപായയെൽ ॥

കയ്യുൻചുരവേര, തുമ്പപ്പൂവ്വ, മരമഞ്ഞത്തൊലി, കൊത്തമ്പാലരി, ദേവതാരം, വിഴാലരി, പടോലം, മുത്തെങ്ങക്കിഴങ്ങ ഇവകൊണ്ട കഷായംവെച്ച തേനൊ കരിഞ്ചീരകമൊ കടുകരോഹണിയൊ കഫഹരമായ വെറെ വല്ല ഔഷധമൊയഥോചിതമായി മേമ്പൊടി ചേൎത്ത സേവിപ്പിക്ക. വളയക്കൊടിക്കരപ്പൻ ശമിക്കും.

(രോഹിണ്യാദി കഷായം)

൬൯. രോഹിണീവൃഷരുസ്പൃശ്മൂൎവ്വാബ്രൃഹതികാഘനൈഃ ।
ത്രായമാണാവിശാലതാക്ൾപടോലധനികായുതൈഃ ॥
൭൦. സിദ്ധഃകാഥൊഥവാപെയഃകൈശികീരജസംയുതഃ ॥
കാരവീചൂൎണ്ണയുക്തൊവാമധ്വാഢ്യൊവാകണാന്വിതഃ॥

കടുകരോഹണി, ആടലോടകത്തിൻവേര, കൊടിത്തൂവവേര പെരുംകുരുമ്പവേര, ചെറുവഴുതിനവേര, മുത്തെങ്ങക്കിഴങ്ങ, ബ്രഹ്മി, പാലത്തൊലി, പടൊലം കൊത്തമ്പാലയരി ഇവകൊണ്ടകഷായംവെച്ച മാശിക്കയൊ കരിഞ്ജീരകമൊ തേനൊ തിപ്പലിയൊ മേമ്പൊടിചേൎത്ത സേവിപ്പിക്ക. വളയക്കൊടിക്കരപ്പൻ ശമിക്കും.

(ബലാമൂലാദിതൈലം)

൭൧. ബലാമൂലാമൃതാദാരുവില്വമൂലാക്ഷസാധിതെ ।
കഷായെനിംബശമ്യാകസുഷവീഭൃംഗപത്രജം ॥
൭൨. സംയോജ്യസ്വരസംതത്രകല്കീകൃത്യഫലത്രയം ।
വിപക്വനാളികേരസ്യസ്നേഹസ്തിലജഏവവാ ॥
൭൩. അഭ്യംഗാൽസപ്തരാത്രെണവിസാംകുരവിനാശനഃ।
സ്നേഹൈൎദ്വൈപത്മകൊക്തൈൎവ്വാചസ്നാനാംഭഃപത്മകൊദിതം॥

കുന്തൊട്ടിവേര, ചിററമൃത, ദേവതാരം, കൂവളത്തിൻവേര, താന്നിക്ക ഇവ കഷായംവെച്ച അതിൽ വേപ്പില കൊന്നയില, പുന്നാനിയില, കയ്യുന്നിയില, ഇവററിൻനീര ചേൎത്ത ത്രിഫല അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്തകാച്ചിയരിച്ച തേപ്പിക്കുക. വളയക്കൊടിക്കരപ്പൻ ശമിക്കും. കൽത്താമരക്കരപ്പന്ന പഞ്ഞ തൈലങ്ങൾരണ്ടും വളയക്കൊടിക്കരപ്പന്ന പററുന്നതാകുന്നു. കുളിപ്പിപ്പാൻ വെള്ളം കൽത്താമരക്കരപ്പന്ന പറഞ്ഞപ്രകാരം ഉണ്ടാക്കുകയും വേണം.

## എണിക്കരപ്പന്റെ ലക്ഷണം

൭൮. കചചിദഭ്യുന്നതൊനിമ്നഃകചചിൽപാണ്ഡരലൊഹിതഃ।
അന്തസ്സ്പൊടൊത്രസൊപാനഃച്ഛർദ്യരൊചകശൂലകൃൽ॥

ചിലഭാഗങ്ങളിൽ ഉയൎച്ചയോടും ചിലഭാഗങ്ങളിൽതാഴ്ചയൊടുംവെളുപ്പും ചുവപ്പുംകൂടി സമ്മിശ്രമായ നിറത്തൊടുംഅകത്തപൂളകങ്ങളൊടുംകൂടി ഛർദ്ദി, അരുചി, വയററിൽവേദന ഇവയെ ഉണ്ടാക്കുന്നതായ നീര എണിക്കരപ്പനെന്നറിക.

### എണിക്കരപ്പന്റെ ചികിത്സാ

(അരച്ചുതേപ്പാൻ)

൭൯. വൈരിമൂലാഭയാക്ഷാസ്ഥിമഞ്ജിഷ്ഠാവൎണ്ണിനീതചഃ।
തക്രേണപിഷ്ടപാലെപൊത്രശസ്യതെകാഞ്ചികെനവാ॥

ഏകനായകത്തിൻവേര, കടുക്കക്കുരു, താന്നിക്കക്കുരു, മഞ്ചെട്ടിപ്പൊടി, വെണ്പാടത്തൊലി, ഇവ മൊരിലൊ കാടിയിലൊ അരച്ചുതേക്കുക. എണിക്കരപ്പൻ ശമിക്കും.

(ലോദ്ധ്രവൽക്കാദി കഷായം)

൮൦. ലോദ്ധ്രവല്കകണാവിശബൃഹതീസുരദാരുഭി।
പാഠാവിളംഗസൈരെയചന്ദ്രരെഖാഫലത്രയൈഃ॥
൮൧. വിഷമച്ഛദശമ്യാകദാവീഖദിരവത്സകൈഃ। ത്രായമാണാനിശൊശീരധാന്യകൈലാവൃഷാംബുദൈഃ॥
൮൨. വിശാലാകടുകാമൂൎവ്വാപടൊലൈലെശ്വസുസാധിതഃ।
കഷാഥൊഹിതൊത്രചൂൎണ്ണനമധുസ്ഥഹ്യാസ്സമന്വിതഃ

പാച്ചോററിത്തൊലി, തിപ്പലി ചുക്ക, ചെറുവഴുതിനവേര, ദേവതാരം, പാടക്കിഴങ്ങ, വിഴാലരി, കരിങ്കുറുഞ്ഞിവേര, കാർകൊകിലരി, ത്രിഫല, പാലത്തൊലി കൊന്നവേരിന്മേൽതൊലി, മരമഞ്ഞൾത്തൊലി, കരിങ്ങാലിക്കാതല, കുടകപ്പാലയരി, ബ്രഹ്മി, വരട്ടുമഞ്ഞൾ, രാമച്ചം, കൊത്തംപാലയരി, ഏലത്തരി ആടലോടത്തിൻവേര, മുത്തങ്ങക്കിഴങ്ങ, കാട്ടുവെള്ളരിവേര, കടുകരോഹിണി പെരുംകുരുമ്പവേര, പടോലം ഇവ കൊണ്ടകഷായംവെച്ചു പാവ മേപ്പൊടിചേൎത്ത സേവിപ്പിക്ക. എണിക്കരപ്പൻ ശമിക്കും.

(മസ്തുമധുകാദി കഷായം)

൮൩. മസ്തുമധുകമൂൎവ്വാംബുയവാഷകടുകാവൃഷൈഃ।
തെജൊവതീവിളംഗൈലാവരാകുടചധാന്യകൈഃ॥

൩൪. ചന്ദ്രരെഖാകണാരിഷ്ടമഞ്ജിഷ്ഠാചന്ദനത്വചയെഃ।
വിസൎപ്പവല്ലീപയസചിതച്ഛായമാണാസുരദ്രുമൈഃ॥
൩൫. പടൊലബൃഹതികുഷ്ഠകൈശികീഭിശ്ചസാധിതഃ।
കഷായൊവാപൂൎവ്വവൽപെയസ്സൊപാനസ്യാശ്ശുശാന്തയെ॥

മുത്തങ്ങക്കിഴങ്ങ, എരട്ടിമധുരം, പെരുംകുരുമ്പവേര, ഇരുലി, കൊടുത്തൂവ്വവേര, കടുകരോഹണി, ആടലോടത്തിൻവേര ചെറുപ്പുന്നയരി, വിഴാലരി ഏലത്തരി, ത്രിഫല, കുടകപ്പാലയരി, കൊത്തമ്പാലയരികാർകോകിലരി, തിപ്പലി, വേപ്പിൻതൊലി, മഞ്ചട്ടിപ്പൊടി, ചന്ദനം, രക്തചന്ദനം, കരപ്പാമ്പട്ട, നാല്പാമരത്തിൻതൊലി, ബ്രഹ്മി, ദേവതാരം, പടോലം ചെറുവഴുതിനവേര, കൊട്ടം, മാശിക്ക ഇവകൊണ്ടകഷായംവെച്ച പാവമേപ്പൊടിചേൎത്ത സേവിപ്പിക്ക. എണിക്കരപ്പൻ ശമിക്കും.

(വൈരിപത്രാദി തൈലം)

൩൬. വൈരിപത്രഹരിദ്രാമ്ലവെതസെന്ദ്രലതാരസെ। കല്ക്കിതൈൎമ്മധുകാംഭോദമഞ്ജിഷ്ഠാകുഷ്ഠചൊരകൈഃ।
൩൭. വിപക്വൊനാളികെരസ്യസ്നെഹസ്തിലജഎവവാ।
പാനെനാഭ്യഞ്ജനെനാപിസൊപാനം വിനിയച്ഛതി॥
ഏകനായകത്തില, പച്ചമഞ്ഞൾ, ഞെരിഞ്ഞാംപുളിയില, ഉഴിഞ്ഞ, ഇവററിൻനീരിൽ ഇരട്ടിമധുരം, മുത്തങ്ങക്കിഴങ്ങ, മഞ്ചട്ടിപ്പൊടി കൊട്ടം, കച്ചൂരിക്കിഴങ്ങ ഇവ അരച്ചുകലക്കിവെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചിയരിച്ച സേവിപ്പിക്കയും തേപ്പിക്കയും ചെയ്ക. എണിക്കരപ്പൻ ശമിക്കും.

ശിരീഷവൽക്കാദി തൈലം.)

൩൮. ശിരീഷവല്കസ്യൊനാകമഞ്ജിഷ്ഠാശിവതന്തുഭിഃ॥
ലാക്ഷാവൎണ്ണവതീഭ്യാഞ്ചസിദ്ധെകഷായൈവകല്കിതൈഃ॥
൩൯. ചതുൎജ്ജാതകചൊരാശതഗന്ധാസരളചന്ദനൈഃ।
സ്ഥൌണെയനഖമാംസീഭിൎമ്മധുസ്നൂഹ്യാചസാധിതഃ
൪൦. നാളികെരൊത്ഭവസ്നേഹസ്തിലജൊവാഹിതഃപരം।
പാനെചാഭ്യഞ്ജനെചാസ്യസ്നാനാംഭഃപത്മകൊദിതം॥

നെന്മെനിവാകത്തൊലി, ചൊനകപ്പുല്ല, മഞ്ചട്ടിപ്പൊടി, ശിവനാര, കൊലരക്ക, വെണ്പാടത്തൊടി, ഇവകൊണ്ട കഷായം വെച്ച ഏലത്തരി, ഏലവംഗത്തൊലി, പച്ചിലനാകപ്പൂവ്വ, കച്ചൂരിക്കിഴങ്ങ, അമുക്കുരം ചരളം, ചന്ദനം, തുണിയാംകം, നാ

ഘ്രണം, മാഞ്ചി, പാവ ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചി അരിച്ച സേവിപ്പിക്കയും തേപ്പിക്കയും ചെയ്ക കൽത്താമരക്കരപ്പന്ന പറഞ്ഞ വെള്ളം വച്ച അതിൽ കുളിപ്പിക്ക ഇവ ചെയ്താൽ എണിക്കരപ്പൻ ശമിക്കും.

### ആമക്കരപ്പന്റെ ലക്ഷണം

൭. കൂൎമ്മാകൃതിഘനശ്ശോഫസ്സ്വൊടൈസ്തനുഭിരാചിതഃ ।
തീവ്രരുഗ്ജ്വരമൂൎദ്ധാൎത്തിഃകൂൎമ്മ ഇത്യുദിതൊബുധൈഃ ॥

ആമയുടെ ആകൃതിപോലെയിരിക്കുന്ന ആകൃതിയോടുകൂടിയതായി ചെറുതായ പുളകങ്ങളോടുകൂടി അമൎത്താൽ അമരാതെ കഠിനമായി അസഹ്യമായ തലവേദനയോടും പനിയോടുംകൂടി കാണപ്പെടുന്നതിനെ ആമക്കരപ്പനെന്ന അറിവുള്ളവരാൽ പറകപ്പെട്ടിരിക്കുന്നു.

### ആമക്കരപ്പന്റെ ചികിത്സാ
(അരച്ചുതേപ്പാൻ)

൮. കൂൎമ്മകൎപ്പൂരമമ്ലേനപിഷ്ടംപാതക്രെണലെപനം ।
കുൎയ്യാദക്രജയാസ്ഥീനിയദ്വാവൈരിത്വചാപിവാ ॥

ആമയുടെ ഓട പുളിച്ചമോരിൽ അരച്ചുതേക്കുക. കടുക്കക്കുരു മേൽപ്രകാരം അരച്ചുതേക്കുകയുമാം. അല്ലായെങ്കിൽ ഏകനായകത്തിൻവേരിന്മേൽതൊലി മേൽപ്രകാരം അരച്ചുതേക്ക ആമക്കരപ്പൻ ശമിക്കും.

(വരാവിശാലാദി കഷായം)

൯. വരാവിശാലാനിംബത്വക്ത്രായന്തീന്ദ്രയവാംബുദൈഃ ।
സിദ്ധഃകഷായഃപാതവ്യോമധുസ്സൎവ്വാസമന്വിതഃ ॥

ത്രിഫല, കാട്ടുവെള്ളരിവേര, വേപ്പിൻതൊലി, ബ്രഹ്മി, കുടകപ്പാലയരി, മുത്തങ്ങക്കിഴങ്ങ, ഇവകൊണ്ട കഷായംവെച്ച പാവ മേപ്പൊടി ചേൎത്ത സേവിപ്പിക്ക ആമക്കരപ്പൻ ശമിക്കും

(അമൃതാവൃഷമൂലാദി കഷായം)

൧൦. അമൃതാവൃഷമൂലാക്കരാഗാരിഷ്ടായുഗച്ഛദൈഃ ।
ഭൂനിംബകുഷ്ഠലീപുഷ്പധനികാദെവാദാരുഭിഃ ॥
പാഠെന്ദ്രയവദുസ്സ്പൎശശാരിബാഭിശ്ചസാധിതഃ । കഷാ
യൊമാക്ഷികസംയുക്തഃകൂൎമ്മസ്യപരമൌഷധം ॥

ചിററമൃത, ആടലോടകത്തിൻവേര, അക്കാരിത്തേങ്ങ, വേപ്പിൻതൊലി, പാലത്തൊലി, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, തെങ്ങിൻവൃക്കിലയരി കൊത്തമ്പാലയരി, ദേവതാരം, പാടക്കിഴങ്ങ, കുടകപ്പാലയരി, കൊടുത്തുവവേര, നന്നാറിക്കിഴങ്ങ ഇവകൊണ്ട കഷായംവച്ച തേൻമേപ്പൊടിചേത്ത സേവിപ്പിക്ക. ഈ കഷായം ആമക്കരപ്പന്ന പരമൌഷധമാകുന്നു.

(അക്ഷാമലകാദി തൈലം)

൧൭. അക്ഷാമലകശാകത്വഗമൃതാദേവദാരുഭിഃ । സിദ്ധെ
കഷായെവൈകുണ്ഠയവാനീകൈശികീനതൈഃ ॥
൧൮. കാരവീകരവീരത്വഗേലായുഗഹിമദ്വയൈഃ ।
ശതാഹ്വാസലിലൊശീരകുഷ്ഠജൊംഗകയഷ്ടിഭിഃ ॥
൧൯. വിളംഗഘനമഞ്ജിഷ്ഠാനഖചൊരൈശ്ചകല്കിതൈഃ ।
സംസിദ്ധൊനാളികെരസ്യസ്നേഹസ്തിലജഏവവാ॥
൨൦. കുമ്മംനിഹന്തിപാനെനസർവ്വാംഗാഭ്യഞ്ജനെനച।
സ്നാനാത്ഥംബദരീവല്കസ്ഥൈരണെയകശൃതംജലം ॥
൨൧. യദ്വാതിലകനീപത്വഗ്ധാത്രീവരണപല്ലവൈഃ ।
സിദ്ധംപ്രശസ്യതെയദ്വാവാകംകതജയാഘ്നൈഃ ॥

താന്നിക്ക, നെല്ലിക്ക, തേക്കിൻതൊലി, ചിററമൃത, ദേവതാരം ഇവകൊണ്ട കഷായംവച്ച തുമ്പപ്പൂവ്വ, ജീരകം, മാശിക്ക, തകരം, കരിഞ്ചീരകം, അലരിത്തൊലി, ഏലത്തരി, ചിററാലം, ചന്ദനം, രക്തചന്ദനം, ശതകുപ്പ, ഇരുവേലി, രാമച്ചം, കൊട്ടം, അകില, എരട്ടിമധുരം, വിഴാലരി, മുത്തങ്ങക്കിഴങ്ങ, മഞ്ചട്ടിപ്പൊടി, നാഗ്ഗണം, കച്ചൂരിക്കിഴങ്ങ ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊചേത്ത കാച്ചിയരിച്ച സേവിപ്പിക്കയും തലയിലും മേലും തേപ്പിക്കയുംചെയ്ക. ലന്തത്തൊലി, തുണിയാങ്കം ഇവയിട്ട വെള്ളംവച്ച അതുകൊണ്ട കുളിപ്പിക്കുക. മയിലെള്ളിൻതൊലി, കടമ്പിൻതൊലി, നെല്ലിക്ക, നീർമാതളത്തിൻതളിര ഇവയിട്ട വെള്ളംവച്ച അതുകൊണ്ടും കുളിപ്പിക്കാം അല്ലായെങ്കിൽ വൈയ്യംകതവേര, മുഞ്ഞവേര, മുത്തങ്ങക്കിഴങ്ങ ഇവയിട്ടിട്ടുമാം. മുഞ്ഞവേരിൻെറ സ്ഥാനത്തിങ്കൽ കുടക്കചേക്കുകയുമാം. ഇവ ചെയ്താൽ ആമക്കരപ്പൻ ശമിക്കും.

കറുകക്കരപ്പൻെറ ലക്ഷണം

൨൨. ഹരിദ്വണ്ണസിരാജാലവ്യാപ്തൊതെസധൊഗ്ഗുരുഗ്ഗ്ലനഃ

ധവളൈസ്സൂഷ്പാകാരൈരന്നാതിപ്രാജ്യൈർമ്മഹാവ്യഥഃ॥
വൃ൫. വിസ്സ്പോടൈരനാചിതശ്ചാനുസിരൊൽഗമമിതസ്തതഃ।
നിദ്രാലസ്യാംഗസാദാക്ഷിശൊഫാരൊചകസംയുതഃ॥
വൃ൬. ഗണ്ഡശ്വയഥുഹൃല്ലാസച്ഛർദ്ദികാസസ്വരക്ഷയൈഃ॥
സംയുക്തൊഹരിതാഖ്യൊത്രവിസപ്പൊഹൊ ഉച്യതെ॥

പച്ചനിറത്തോടുകൂടിയ ഞരമ്പുകളാൽ വ്യാപിക്കപ്പെട്ടഉപരിഭാഗത്തോടുകൂടി കനത്തോടും ഉറപ്പോടുംകൂടിയതായി വെളുത്ത നിറത്തോടുകൂടി കടുകുമണിപ്രമാണങ്ങളായ പുളകങ്ങളാൽ ഞരമ്പുകളുടെ സമീപങ്ങളിൽ വ്യാപിക്കപ്പെട്ടതായി കഠിനമായ വേദനയെ ഉണ്ടാക്കുന്നതായി അതിനിദ്ര, ആലസ്യം തളച്ച, കണ്ണോളകളിൽ നീര, അരുചി, കവിൾത്തടങ്ങളിൽ നീര, നെഞ്ഞുകലിപ്പ, ഛർദ്ദി, കുര, ഒച്ചയടവ ഇവയോടുംകൂടി കാണപ്പെടുന്ന നീര കറുകക്കരപ്പനെന്നറിക.

കറുകക്കരപ്പൻെറ ചികിത്സാ

(അരച്ചുതേപ്പാൻ)

വൃ൭. മുസ്തൊള്ളവ്വാരജസ്തുല്യാന്യക്ഷാസ്ഥിനിജയാമപി।
തക്രേണപിഷ്ടാചാലെപൊത്രപ്രശസ്തഃകാഞ്ചികെനവാ॥

മുത്തങ്ങയുടെ ഊറൽ, കറുകയുടെ ഊറൽ ഇവ രണ്ടുംകൂടിയെടത്തോളം താന്നിക്കുരു ഇവയെ കടുക്കതന്നെയൊ പുളിച്ചമോരിൽ അരച്ചുതേക്കുക. അല്ലായെങ്കിൽ മേൽപറഞ്ഞ മരുന്നുകൾതന്നെ കാടിയിൽ അരച്ചുതേക്കുക. കറുകക്കരപ്പൻശമിക്കും.

(മൂർവ്വാമധുകാദി കഷായം)

വൃ൮. മൂർവ്വാമധുകഭൃംനിംബനിംബധാന്യകപർപ്പടൈഃ।
വിളംഗകരവീരത്വഗമൃതാഭിശ്ചസാധിതഃ॥
വൃ൯. പെയഃകഷായൊമധ്വാഢ്യൊമധുസീതായുതൊപിവാ।
മധുസീതാസിതൊപെതഃകൈശികീസഹിതൊപിവാ॥

പെരുംകുരുമ്പവേര, എരട്ടിമധുരം, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, വേപ്പിൻതൊലി, കൊത്തമ്പാലയരി, പർപ്പടം, വിഴാലരി അലരിത്തൊലി, ചിററമൃത ഇവകൊണ്ടു കഷായംവെച്ചു തേനൊ തേൻ, തിപ്പലി ഇവയൊ തേൻ, തിപ്പലി, പഞ്ചസാര ഇവയൊ മാശിക്കതന്നെയൊ മെമ്പൊടിചേൎത്ത സേവിപ്പിക്ക. കറുകക്കരപ്പൻ ശമിക്കും.

(പഥ്യാദി കഷായം)

വൃ൬. പഥ്യാഖദിരകാശ്മര്യ്യകൂശ്മാണ്ഡീധാന്യകാംബുദൈഃ ॥
സവിശാലാകണാദത്തൈഃ സ്സാധിതോവാതഥാവിധഃ ॥
കടുക്ക, കരിങ്ങാലിക്കാതല, കുമിഴിൻവേര, കുമ്പളവള്ളി, കൊത്തംപാലയരി, മുത്തങ്ങക്കിഴങ്ങ, കാട്ടുവെള്ളരിവേര, തിപ്പലി, അത്തത്തിപ്പലി ഇവകൊണ്ട കഷായംവച്ചമുൻപറഞ്ഞപ്രകാരം മെപ്പൊടിചേൎത്ത സേവിപ്പിക്ക. കറുകക്കരപ്പൻ ശമിക്കും.

(മരിചാദി തൈലം)

വൃ൭. മരിചത്രിഫലാകുഷ്ഠകുള്ളചീവിലസാധിതെ।
കഷായെഭൃംഗവെത്രാഗ്രവരീഫഠരസാന്വിതൈഃ ॥
വൃ൮. കല്ക്കീകൃത്യജടാകുഷ്ഠകുന്ദുരുഷ്കകുചന്ദനം।
സിദ്ധഃകെരൊൽഭവസ്നേഹസ്തിലജൊവാസ്യശസ്യതെ ॥
മുളക, ത്രിഫല, കൊട്ടം, ചിററമൃത, കൂവളത്തിൻവേരഇവകൊണ്ട കഷായംവച്ച അതിൽ കഞ്ഞുണ്ണി, ചൂരൽത്തല, ശതാവരിക്കിഴങ്ങ, പച്ചനെല്ലിക്ക ഇവററിൻ നീർ ചേൎത്ത മാഞ്ചി, കൊട്ടം, കുന്തുരുക്കം, രക്തചന്ദനം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചിയരിച്ച തേപ്പിക്ക. കറുകക്കരപ്പൻ ശമിക്കും.

(നിശാമധുകാദി തൈലം)

വൃ൯. നിശാമധുകധാത്രീഭിർബില്വലയാചപ്രസാധിതെ।
കഷായെദധിഗ്ഗുണംദത്വാപാരന്തിപുഷ്പജംരസം ॥
൯൦. തൈലസ്യതുല്യംലാക്ഷായാഃകഷായംചാത്രകല്ക്കിതൈഃ ॥
ക്ഷീരിവണ്ണവതീതഗരീമ്മഞ്ജിഷ്ഠാശാരിബാംബുദൈഃ ॥
൯൧. താലീസപത്രസ്യൊനാകമധൂകഖദിരാമയൈഃ।
ദാരുചന്ദനമാംസീഭിരെലാചൊരനതൈരപി ॥
൯൨. വിപകൈ്വാനാളികേരസ്യസ്നേഹസ്തിലജഏവവാ।
അധഃകായെപ്രയോജ്യോസ്യസ്നാനാംഭഃപത്മകൊദിതം ॥
വരട്ടുമഞ്ഞൾ, എരട്ടിമധുരം, നെല്ലിക്ക, കറുന്തോട്ടിവേര, ഇവകൊണ്ട കഷായംവച്ച അതിൽ തൈലത്തിലിരട്ടി തെച്ചിപ്പൂവ്വിൻെറ നീരും തൈലത്തിന്ന സമം അരക്കിൻ കഷായവും ചേൎത്ത നാല്പാമരത്തിൻതൊലി, വെണ്ണൊടതൊലി, മഞ്ചട്ടിപ്പൊടി, നന്നാറിക്കിഴങ്ങ, മുത്തങ്ങക്കിഴങ്ങ, താലീസപത്രം ചൊനകപ്പുല്ല, ഇരിപ്പക്കാതല, കരിങ്ങാലിക്കാതല, കൊട്ടം, ദേവതാ

രം, ചന്ദനം, മാഞ്ചി, ഏലത്തരി, കച്ചൂരിക്കിഴങ്ങ, തകരം ഇവ അരച്ചുകലക്കി, വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചി അരിച്ച മേൽതേപ്പിക്ക. കൽത്താമരക്കരപ്പന്ന പറഞ്ഞപ്രകാരം വെള്ളംവച്ച അതുകൊണ്ട കുളിപ്പിക്കുക. ഇവ ചെയ്താൽകരുകക്കരപ്പൻ ശമിക്കും.

### പലകക്കരപ്പൻെറ ലക്ഷണം

൩൩. വിശാലാഫലകാകാരഃപൃഷ്ഠെഫലകഉച്യതെ । ശൊഫ
സ്സൂക്ഷ്മൈസ്സ്വതസ്സ്ഫോടൈരന്വിസ്സൈൎവൃമദ്ധ്യജൂൎത്തികൃൽ ॥

പരന്നപലകയുടെ ആകൃതിയൊടും സൂക്ഷ്മങ്ങളായി പുറത്തക്ക അധികമായി പ്രകാശിക്കാതെ ഉള്ളപൊള്ളകങ്ങളൊടുംകൂടി ശരീരത്തിൻെറ പൃഷ്ഠഭാഗത്തിങ്കൽ വ്യക്തമായതിൻെറശേഷം ഛൎദ്ദി, പനി ഇവയോടുംകൂടിയ നീര പലകക്കരപ്പനെന്നറിക.

### പലകക്കരപ്പൻെറ ചികിത്സാ
### (അരച്ചുതേപ്പാൻ)

൩൪. ശരിബാവിജയാക്ഷാസ്ഥിപയസ്യാതിലകത്വചഃ ।
നാളികേരസ്യദുഗ്ദ്ധേനപിഷ്ടാഃലെപൊത്രശസ്യതെ ॥

നന്നാറിക്കിഴങ്ങ, കടുക്കക്കുരു താന്നിക്കക്കുരു, നാല്പാമരത്തിൻതൊലി, മയിലെള്ളിൻതൊലി ഇവ തേങ്ങാപ്പാലിൽ അരച്ചുതേക്കുക. പലകക്കരപ്പൻ ശമിക്കും.

### (വാശൊദുംബരവൽക്കാദി കഷായം)

൩൫. വാശൊദുംബരവല്കാബ്ദശിംശപാസാരസാധിതഃ ।
കഷായൊമധുസ്സംഫിചൂൎണ്ണയുക്തശ്ചാസ്യഹിതഃപരം ॥

ആടലോടകത്തിൻവേര, അത്തിത്തൊലി, മുത്തങ്ങക്കിഴങ്ങ, ഇരുമുള്ളിൻകാതല ഇവകൊണ്ട കഷായംവച്ച പാവ മെപ്പൊടി ചേൎത്ത സേവിപ്പിക്ക. പലകക്കരപ്പൻശമിക്കും.

### (നന്ദ്യാവൎത്താദി കഷായം)

൩൬. നന്ദ്യാവൎത്തവരീദാരുജീവന്തീശാരിബാദ്വയൈഃ ॥
നീലീജീമൂതനിൎഗ്ഗുണ്ഡീജീരകദ്വയവത്സകൈഃ ॥

൩൭. പാഠാവിളംഗനീപത്വഗഭയായഷ്ടിചന്ദനൈഃ ।
തെജൊവതീന്ദ്രരെഖാക്രാഗാളക്ഷനിശാദ്വയൈഃ ॥

ൻവ്വ. കാരവീകൈശികിലൊധ്രഖദിരൈശ്ചസുസാധിതഃ।
കഷായൊമാക്ഷികസംയുക്തഃഫലകംശമയെദ്ധ്രുവം ॥

നന്ത്യാർവട്ടത്തിൻ വേരിന്മേൽതൊലി, ശതാവരിക്കിഴങ്ങ, ദേവതാരം. അടപതിയൻകിഴങ്ങ, നന്നാറിക്കിഴങ്ങ, പാവ്ളളിക്കിഴങ്ങ, അമരിവേര, മുത്തങ്ങക്കിഴങ്ങ, കരുനൊച്ചിവേര, ജീരകം,പെരിഞ്ജീരകം,കുടകപ്പാലയരി,പാടക്കിഴങ്ങ,വിഴാലരി, കടമ്പിൻതൊലി,കടുക്ക,എരട്ടിമധുരം, ചന്ദനം,ചെറുപ്പുന്നയരി, കാർകൊകിലരി,അക്കാരിതേങ്ങ, വെളുത്ത എരിക്കിൻവേരുമ്മൽതൊലി,വരട്ടമഞ്ഞൾ,മരമഞ്ഞത്തൊലി,കരിഞ്ജീരകം മാശിക്ക, പാച്ചൊററിത്തൊലി, കരിങ്ങാലിക്കാതല ഇവകൊണ്ടകഷായം തേൻ മേപ്പൊടിചേൎത്ത സേവിപ്പിക്ക. പലകക്കരപ്പൻ ശമിക്കും.

ൻൻ. തൈലംക്ലൈബ്ബോക്തമത്രാപിശസ്തംസ്നാനാംബുധാന്യകൈഃ।സിദ്ധംസവൎണ്ണീനീതാശ്ശിവ്വിപകാഞ്ചപ്രയൊജയെൽ ॥

ആമക്കരപ്പന്ന പറഞ്ഞ തൈലം ഉണ്ടാക്കി പ്രയോഗിക്കുക. കൊത്തമ്പാലയരി, വെണ്പാടത്തൊലി ഇവയിട്ടവെള്ളംവെച്ച അതുകൊണ്ട കുളിപ്പിക്ക. ഇവ ചെയ്താൽ പലകക്കരപ്പൻ ശമിക്കും.

### അടക്കരപ്പന്റെ ലക്ഷണം

൨൦൦. മാംസളെഷുപ്രദെശെഷുമജ്ജാമാംസരസാശ്രയഃ।
ശൊഫൊവിസ്പൊടകൈൎയ്യുക്തൊദാരുണൈസ്തീവ്രപാകിഭിഃ ॥
൨൦൧. ത്വഗ്വിശ്ലെഷശ്ലഥാംഗതാച്ഛൎദ്ദ്യരൊചകസംയുതഃ।
യൊജായതെത്രവിജ്ഞെയസ്സവൈദ്യൈഃപടലാഢയഃ ॥

മാംസപുഷ്ടിയോടുകൂടിയ പ്രദേശങ്ങളിൽ മജ്ജാ, മാംസം, രസം ഈ മൂന്ന ധാതുക്കളെ ആശ്രയിച്ച പുറപ്പെട്ട കഠിനമായ വേദനയൊടും കഠിനമായ പഴുപ്പോടുംകൂടിയ പുളകങ്ങളോടുകൂടി തോല അടൎത്തുക, ശരീരത്തിന്ന തളൎച്ചയെ ഉണ്ടാക്കുക ഛൎദ്ദി, അരുചി ഇവയെയുമുണ്ടാക്കുക ഈ വക ഉപദ്രവങ്ങളൊടുകൂടിയ നീര അടക്കരപ്പനെന്നറിക.

### അടക്കരപ്പന്റെ ചികിത്സാ
(അരച്ചു തേപ്പാൻ)

൨൦൨. പാരന്തീമൂലവല്ലൂനാമധുകംവിജയാസ്ഥിച।
നാളികെരസ്യദഗ്ദ്ധെനാപിഷ്ടാപാലെപൊത്രശസ്യതെ ॥

തെച്ചിവേരുമ്മൽതൊലി, എരട്ടിമധുരം, കടുക്കക്കുരു ഇവതേങ്ങാപ്പാലിൽ അരച്ചുതേക്കുക. അടക്കുരപ്പൻ ശമിക്കും.*

(അമൃതാദി കഷായം)

൧൦൩. അമൃതാപപ്പടാംഭോദപടോലവൃഷനാഗരൈഃ ।
ഭൂനിംബബൃഹതീമൂലവിശാലാഭിശ്ചസാധിതഃ ॥

൧൦൪. നിഷ്ക്വാഥഃകൈശികീചൂൎണ്ണമാക്ഷികാഭ്യാംസമന്വിതഃ । നിപീതഃപടലംഹന്തിനീഹാരമിവഭാസ്കരഃ ।

ചിററമൃത, പപ്പടം, മുത്തെങ്ങക്കിഴങ്ങ, പടോലം, ആടലോടകത്തിൻവേര, ചുക്ക, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, ചെറുവഴുതിനവേര,കാട്ടുവെള്ളരിവേര ഇവകൊണ്ട കഷായംവെച്ചു മാശിക്കയും തേനും മേപ്പൊടിചേൎത്ത സേവിപ്പിക്ക. അടക്കുരപ്പൻ ശമിക്കും.

(മുസ്തവിളംഗാദി കഷായം)

൧൦൫. മുസ്താവിളംഗനിംബത്വഗ്ധാന്യകാളക്കവത്സകൈഃ ।
വിശാലൈലാക്കരാഗേന്ദ്രരേഖാകിംശുകചൎമ്മഭിഃ ॥

൧൦൬. ജ്യോതിഷ്മതിവിസൎപ്പഘ്നിദീപ്യകൈസ്സംപ്രസാധിതഃ ।
കാരവീകൈശികീചൂൎണ്ണമധുയുക്തഃപരംഹിതഃ ॥

മുത്തെങ്ങക്കിഴങ്ങ, വിഴാലരി, വേപ്പിൻതൊലി, കൊത്തമ്പാലയരി, വെളുത്ത എരിക്കിൻവേരുമ്മൽതൊലി, കുടകപ്പാലയരി, കാട്ടുവെള്ളരിവേര, ഏലത്തരി, അക്കരാരിത്തേങ്ങ,കാൎകൊകിലരി,കരുമുരുക്കിൻതൊലി,ചെറുപ്പുന്നയരി,കരപ്പാമ്പട്ട, അയമോതകം ഇവകൊണ്ട കഷായംവെച്ചു കരിഞ്ചീരകം, മാശിക്ക, തേൻ ഇവ മേപ്പൊടിചേൎത്ത സേവിപ്പിക്ക ഒരം കഷായം അടക്കുരപ്പന്ന ഏററവും ശമനകരമാകുന്നു.

(അസനാദി തൈലം.)

൧൦൭. അസനാമൃതയൊഃകഷായെകുന്ദുരുഷ്ഠാബ്ദശാരിബാഃ ।
കല്ക്കീകൃത്യസമംതത്വാപാരന്തിപുഷ്പജംരസം ॥

൧൦൮. പക്വഃകൈരൊത്ഥവസ്സേഹസ്തിലജൊവാസ്യശാന്തികൃൽ ।
തൈലംകൂൎമ്മൊക്തമവ്യഭസ്ഥാനാൎത്ഥംശിംശപാശ്രുതം ॥

വെങ്ങക്കാതല, ചിററമൃത ഇവകൊണ്ട കഷായംവെച്ചു കുന്ത്രുക്കം, മുത്തെങ്ങക്കിഴങ്ങ, നന്നാറിക്കിഴങ്ങ ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയോചേൎത്ത കാച്ചുമ്പോൾ അതുകളോടസമം തെച്ചിപ്പൂവ്വിൻെറ നീരും ചേൎത്ത കാച്ചിയരിച്ചു തേപ്പിക്ക. ആമക്കുരപ്പന്ന പറഞ്ഞ തൈലവും പററുന്നതാകു

ന്നു. ഇരുമുള്ളിൻകാതലിട്ട വെള്ളംവച്ച കുളിപ്പിക്കുക. ഇവചെ
യ്താൽ അൎടക്കരപ്പൻ ശമിക്കും.

കൊട്ടമുടിക്കരപ്പന്റെ ലക്ഷണം

൧൫൯. അത്ത്യുന്നതൊമഹാമൂലൊ വിസ്സ്വാദൈരുപരിസ്ഥി
തൈഃ।ദ്വിത്രൈസ്സൂചീമുഖൈൎയ്യുക്തഃശ്ലോഫശ്ശീൎഷ്ണിഗദ്യതെ॥

ഉയൎന്ന അടിക്കു പരപ്പോടുകൂടി ഉപരിഭാഗത്തിങ്കൽ കൂൎത്തമു
ഖത്തോടുകൂടിയതുകളായ രണ്ടോ മൂന്നോ പുളകങ്ങളോടുകൂടി
യതായി കാണപ്പെടുന്ന നീര കൊട്ടമുടിക്കരപ്പനെന്നറിക.

കൊട്ടമുടിക്കരപ്പന്റെ ചികിത്സാ

(അരച്ചുതേപ്പാൻ)

൧൬൦. നക്തമാലസ്യബീജാനിമഞ്ജിഷ്ഠാംചസവൎണ്ണികാം।
നാളികേരസ്യദുഗ്ദ്ധെനപിഷ്ട്വാലെപൊത്രശസ്യതെ॥

ഉങ്ങിൻകുരു, മഞ്ചെട്ടിപ്പൊടി, വെണ്പാടത്തൊലി ഇവ തെ
ങ്ങാപ്പാലിൽ അരച്ചുതേക്കുക. കൊട്ടമുടിക്കരപ്പൻ ശമിക്കും.

(വരാഹരിദ്രാദി കഷായം)

൧൬൧. വരാഹരിദ്രാജീമൂതവിസൎപ്പഘ്നീമഹൌഷധൈഃ।
ഭൂനിംബഖദിരാമ്ലക്ഷ്വിശാലാനിംബയഷ്ടിഭിഃ।

൧൬൨. വിഷമല്ലൂദരുസ്വൎശ്കാരവീഭിശ്ചസാധിതഃ।
നിഷ്കാഥഃകൈശികീചൂൎണ്ണമധുയുക്തഃപരംഹിതഃ॥

ത്രിഫല, വരട്ടുമഞ്ഞൾ, മുത്തെങ്ങക്കിഴങ്ങ, കരപ്പാമ്പട്ട, ചുക്കു,
പുത്തരിച്ചുണ്ടവേരുമ്മൽതൊലി, കരിങ്ങാലിക്കാതല, വെളുത്ത
എരുക്കിൻവേരുമ്മൽതൊലി, കാട്ടുവെള്ളരിവേര, വേപ്പിൻതൊ
ലി, എരട്ടിമധുരം, പാലത്തൊലി, കൊട്ടത്തൂവ്വവേര, കരിഞ്ചീ
രകം ഇവകൊണ്ട കഷായംവച്ച മാശിക്കു, തേൻ ഇവമേ
പ്പൊടിചേൎത്ത സേവിപ്പിക്കു. കൊട്ടമുടിക്കരപ്പൻ ശമിക്കും.

(യാഷെന്ദ്രയവാദി കഷായം)

൧൬൩. യാഷെന്ദ്രയവദെവാഹ്വാലവലീമൂലപപ്പടൈഃ।
ശ്വേതവാഹകദംബത്വാഗഭയാനിംബധാന്യകൈഃ॥

൧൬൪. കുഹളീപുഷ്പഭൂനിംബവിരളാവല്ലൂലൈരപി।
സിദ്ധഃകാഥൊധികംശസ്തോമധുസ്സൂഹ്യാസമന്വിതഃ।

കൊട്ടത്തൂവ്വവേര, കുടകപ്പാലയരി, ദേവതാരം, വെള്ളിലവെ

ര, പപ്പടം, നീർമരുതിൻതൊലി, കടമ്പിൻതൊലി, കടുക്ക, വേപ്പിൻതൊലി കൊത്തമ്പാലയരി, തെങ്ങിൻപൂക്കിലയരി പുത്തരിച്ചുണ്ടവേരുമ്മൽതൊലി, കഞ്ഞിക്കൊട്ടകത്തിൻ വെരുമ്മൽതൊലി, ഇവകൊണ്ടു കഷായംവച്ചു പാവ മേപ്പൊടിചേൎത്തു സേവിപ്പിക്ക. ഈ കഷായം കൊട്ടമുടിക്കരപ്പന്ന ഏററവും ശമനകരമാകുന്നു.

കതകാദി തൈലം.)

൧൧൫. കതകത്രിഫലാദാരുബലാമൃലാമൃതാശൃതെ ।
കഷായെകുഫളീപുഷ്പഫംസ്വാരസസംയുതെ।
൧൧൬. ദത്വാചതുൎഗ്ഗുണംമസ്തുത്രിഗ്ഗുണംകിംശുകൊത്ഭവം ।
ദ്വിഗ്ഗുണംഗിരിമൎദ്ദിന്ന്യാസ്സ്വാരസഞ്ചാത്രകല്ക്കിതൈഃ
൧൧൭. കാസീസതുത്ഥയഷ്ട്യാഹ്വമഞ്ജിഷ്ഠാകുഷ്ഠചോരകൈഃ ।
ദാൎവ്വീമനശ്ശിലാദാരുഫരിതാലവിളംഗകൈഃ॥
൧൧൮. അയശ്ചൂൎണ്ണവിസൎപ്പഘ്നീസലിലൊശീരചന്ദനൈഃ।
കൃതമാലത്വഗംഭൊദശാരിബാദീപ്യകൈരപി ॥
൧൧൯. പക്വഃകെരൊത്ഭവസ്നെഹസ്തിലജൊവാതമഞ്ജസാ ।
ശമയെൽസൎവ്വതൊഭ്യംഗാൽപാനാദ്വാനാത്രസംശയഃ॥
൧൨൦. സൎവ്വെഷ്വചകഫൊത്ഥെഷുപ്രയൊഗൊയംപ്രശസ്യതെ।
സ്നാനാംഭൊവൎണ്ണ്യവത്യാസ്തത്വചാകല്പിതമിഷ്യതെ॥

തേററാമ്പരല, ത്രിഫല, ദേവതാരം, കുറുന്തോട്ടിവേര, ചിററമൃത ഇവകൊണ്ടു കഷായംവച്ചു അതിൽ തെങ്ങിൻപൂക്കുല, പച്ചനെല്ലിക്ക ഇവ ഇടിച്ചുപിഴിഞ്ഞ തൈലത്തൊടുസമമായ നീര പ്രത്യേകം ചെൎത്ത നാലിരട്ടി തയിർവെള്ളവും മൂന്നിരട്ടി കരുമുരുക്കിലനീരും തൈലത്തിലിരട്ടി മലയമക്കിനീരുംചേൎത്ത കാരീയം, തുത്ത, എരട്ടിമധുരം, മഞ്ചെട്ടിപ്പൊടി, കൊട്ടം, കച്ചൂരിക്കിഴങ്ങ മരമഞ്ഞത്തൊലി, മനയൊല, ദേവതാരം, പൊന്നരിതാരം, വിഴാലരി, ഇരുമ്പിൻപൊടി, കരപ്പാമ്പട്ട, ഇരുവേലി, രാമച്ചം, ചന്ദനം, കൊന്നവേരുമ്മൽതൊലി, മുത്തങ്ങക്കിഴങ്ങ, നന്നാറിക്കിഴങ്ങ, അയമോതകം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ, എണ്ണയൊ ചേൎത്ത കാച്ചിയരിച്ചു തലയിലും മേലും തേപ്പിക്കുകയൊ സേവിപ്പിക്കുകയൊ ചെയ്ക. എന്നാൽ ഉടനെ കൊട്ടമുടിക്കരപ്പൻ ശമിക്കും നിശ്ചയം ഈ പ്രയോഗം കഫവിസൎപ്പങ്ങൾക്ക ഒക്കയ്ക്കും നന്ന. വെണ്പാടത്തൊലിയിട്ട വെള്ളംവച്ചു കുളിപ്പിക്ക ഇവ ചെയ്താൽ കൊട്ടമുടിക്കരപ്പൻ നല്ലവണ്ണം ശമിക്കും.

## മാടക്കാൽകരപ്പന്റെ ലക്ഷണം

൧൨൧. ഗൊഖുരൊഗൊഖുരാകാരസ്ഥ്ലൊഫൊമെചകപാണ്ഡു
രഃതരംഗാകൃതിഭിസ്സ്ഫോടൈരുഭയൊട്ടഌയൊഷ്മതഃ ।

പശുവിൻ കുളമ്പുപൊലെ നടുവിട്ട രണ്ടു ഇതളുകളൊടുകൂടിയതായി കറുപ്പും ചുവപ്പുംകൂടിയ നിറത്തോടുകൂടിയതായി ഇതളുകളിൽ വെള്ളത്തിലെ തിരപോലെ വണ്ണംകുറഞ്ഞ നീളത്തിൽ അല്പംവളവോടുകൂടിയ പുളകങ്ങളോടുംകൂടിയ നീര മാടക്കാൽക്കരപ്പനെന്നറിക.

## മാടക്കാൽകരപ്പന്റെ ചികിത്സാ

### (അരച്ചു തേപ്പാൻ)

൧൨൨. ലെപൊത്രപിഷ്ടപാതത്രെണ സമൂലാംഗജപാദികാം ।
യഭൊപാരന്തികാമൂലംകെരദ്ദശ്ഛേനശസ്യതെ ॥

ആനടിയൻ സമൂലം മോരിൽ അരച്ചുതേക്കുക തെച്ചിവേര തേങ്ങാപ്പാലിൽ അരച്ചുതേക്കുകയുമാം. എന്നാൽ മാടക്കാൽക്കരപ്പൻ ശമിക്കും.

### (ശാരിബെന്ദ്രയവാദി കഷായം)

൧൨൩. ശാരിബെന്ദ്രയവവ്യൊഷഹരിദ്രായുഗയഷ്ടിഭിഃ ।
ശമ്യാകനക്തമാലതാഗമൃതാനിംബപപ്പടൈഃ ॥
൧൨൪. ഭൂനിംബദാരുനീവതാഗഭയാഭിശ്ചസാധിതഃ। കാഥഃ
പേയൊത്രമധാഢ്യോമധുസ്നഹ്യായുതൊപിവാ ॥

നന്നാറിക്കിഴങ്ങ, കുടകപ്പാലയരി, ചുക്ക, മുളക, തിപ്പലി, വരട്ടുമഞ്ഞൾ, മരമഞ്ഞത്തൊലി, എരട്ടിമധുരം, കൊന്നവേരിന്മേൽതൊലി, ഉങ്ങിൻതൊലി, ചിററമൃത, വേപ്പിൻതൊലി, പപ്പടം, പുത്തരിച്ചുണ്ടവേരിന്മേൽതൊലി, ദേവതാരം, കടിമ്പിൻതൊലി, കടുക്ക ഇവകൊണ്ടു കഷായംവച്ചു തേനൊ പാവൊ തേൻപാവ ഇവയൊ മേപ്പൊടിചേൎത്തു സേവിപ്പിക്ക. മാടക്കാൽക്കരപ്പൻ ശമിക്കും.

### (എലൊപകുഞ്ചികാദി കഷായം)

൧൨൫. എലൊപകുഞ്ചികാവൈരിമൂലതാഗഭയാഗ്നിഭിഃ ।
വാശാധാന്യകമഞ്ജിഷ്ഠാകുടചാംബുദദീപ്യകൈഃ ॥
൧൨൬. ജ്യോതിഷ്മതീലവംഗതാഗിന്ദുരെഖാവിളംഗകൈഃ । ശ
താഹ്വാരോഹിണിഭ്യാഞ്ചസിദ്ധഃകാഥസ്സ്മൃഹിതഃ ॥

ഏലത്തരി, കരിഞ്ചീരകം, ഏകനായകത്തിൻവെരിന്മെൽ തൊലി, കടുക്ക, കൊടുവേലിക്കിഴങ്ങ, ആടലോടത്തിൻവെര, കൊത്തമ്പാലയരി, മഞ്ചട്ടിപ്പൊടി, കുടകപ്പാലയരി, മുത്തങ്ങക്കിഴങ്ങ, അയമോതകം, ചെറുപ്പുന്നയരി, ഇലവംഗത്തൊലി, കാർകോകിലരി, വിഴാലരി, ശതകുപ്പ, കടുകരോഹണി, ഇവ കൊണ്ട കഷായംവെച്ച മുൻപറഞ്ഞപ്രകാരം മെപ്പൊടി ചെയ്തസേവിപ്പിക്ക. മാടക്കാൽ കരപ്പൻ ശമിക്കും.

(ദ്രൂവ്വാവസുകാദിതൈലം)

൯൨. ദൂവ്വാവസുകനിർഗ്ഗുണ്ഡീനിലീഭൃംഗവരീരസെ ।
മഞ്ജിഷ്ഠാചൊരയഷ്ട്യാഹ്വാഫലിനീനതചന്ദനൈഃ ॥
൯൩. സലിലൊശീരകുഷ്ഠാബ്ദമാംസീദാരുവിളംഗകൈഃ ।
ത്രിജാതകൈശ്ചസംസിദ്ധസ്നെഹഃകെരഫലൊത്ഭവഃ
തിലജൊവാഹിതൊഭ്യംഗെസ്നാനാംബുഫലിനീശൃതം॥

കറുക, താർതാവൽ, കരുനൊച്ചിയില, അമരിയില, കഞ്ഞുണ്ണി, ശതാവരിക്കിഴങ്ങ ഇവററിൻനീരിൽ മഞ്ചട്ടിപ്പൊടി, കച്ചൂരിക്കിഴങ്ങ, ഇരട്ടിമധുരം, ഞാഴൽപൂവ്വ, തകരം, ചന്ദനം, ഇരുവേലി, രാമച്ചം, കൊട്ടം, മുത്തങ്ങക്കിഴങ്ങ, മാഞ്ചി, ദെവതാരം, വിഴാലരി, ഏലത്തരി, എലവംഗത്തൊലി, പച്ചില ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊചേൎത്ത കാച്ചിയരിച്ച തേപ്പിക്ക. ഞാഴൽപൂവ്വിട്ട വെള്ളംവെച്ച അതിൽ കുളിപ്പിക്ക. ഇവ ചെയ്താൽ മാടക്കാൽക്കരപ്പൻ ശമിക്കും.

ചികിടക്കരപ്പന്റെ ലക്ഷണം

൯൪. കഠിനൈർമ്മോദകാകാരൈർവ്വിസ്പോടൈരരുണാനനൈ
ശൊഫതൈഃകണ്ഡൂയുതൈർയ്യുക്തഃശ്ലാഘൊമൊദകഉച്യതെ॥

കഠിനങ്ങളായി ചികിടയുടെ ആകൃതിപൊലെയിരിക്കുന്ന ആകൃതിയോടുകൂടി വെളുത്ത മുഖത്തിന്ന അല്പം ചുവപ്പൊടും ചൊറിച്ചലോടുംകൂടിയ പുളുകങ്ങളോടുകൂടിയ നീര ചികിടക്കരപ്പനെന്നറിക.

ചികിടക്കരപ്പന്റെ ചികിത്സാ

(അരച്ചുതെപ്പാൻ)

൯൫. വണ്ണവത്യാസ്ഥചശ്ശൂഷ്ഠാശ്ശൃതാഹ്വാംവിജയാമപി ।
അഗ്ലൈനപിഷ്ടപാതക്രൈണലെപൊമൊദകഇഷ്യതെ

ഉണങ്ങിയ വെണ്പാടത്തൊലി, ശതകുപ്പ, കടുക്ക ഇവപുളി ച്ചമോരിൽ അരച്ചുതേക്കുക. ചികിടക്കരപ്പൻ ശമിക്കും.

വാശാമലകാദികഷായം

൧൩൨൭. വാശാമലകദെവാഹ്വഗുളൂചിധന്വയാഷകൈഃ॥
ത്രായമാണാനിശാദ്വന്ദ്വപടൊലൈശ്ചസുസാധിതഃ॥
൧൩൨൮. കഷായൊമധുസ്നുഹീചൂൎണ്ണമാക്ഷികാഭ്യാംസമന്വിതഃ।
പ്രാതഃപെയോത്രയുക്തൊവാകൈശികീകൌശികാശ്മജെ।

ആടലോടത്തിൻവെര, നെല്ലിക്ക, ദേവതാരം, ചിററമൃത, കൊടുത്തൂവ്വവേര, ബ്രഹ്മി, വരട്ടമഞ്ഞൾ, മരമഞ്ഞത്തൊലി, പടോലം ഇവകൊണ്ടു കഷായംവച്ചു പാവ, തേൻ ഇവയൊ മാശിക്ക. ഗുൽഗുലു, കന്മതം ഇവയൊ മേപ്പൊടി ചേൎത്തു രാവിലെ സേവിപ്പിക്ക, ചികിടക്കരപ്പൻ ശമിക്കും.

(മുസ്താപത്മകാദികഷായം)

൧൩൨൯. മുസ്താപത്മകവൈകുണ്ഡവിജയാചൊരവത്സകൈ।
ധാത്രീഖദിരംഭൃനിംബക്ഷീരിദ്രുധവവല്ക്കലൈ।
൧൩൩൦. പടോലകടുകാഭ്യാഞ്ചസിദ്ധഃകഷായൊമധൂക്ഷിതഃ।
കാരവീമാക്ഷികൊപെതൊയദ്വാതത്രാപരംഹിതഃ॥

മുത്തങ്ങക്കിഴങ്ങ, പതിമുകം, തുമ്പപ്പൂവ്വ, കടുക്ക, കച്ചൂരിക്കിഴങ്ങ, കുടകപ്പാലയരി, നെല്ലിത്തൊലി, കരിങ്ങാലിത്തൊലി, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, നാല്പാമരത്തിൻതൊലി, ഞമവേരുമ്മൽതൊലി, പടോലം കടുകരോഹണി ഇവകൊണ്ടു കഷായംവച്ചു തേനൊ കരിഞ്ചീരകം, തെൻ ഇവയൊ മേപ്പൊടിചേൎത്തു സേവിപ്പിക്ക. ഠരം കഷായം ചികിടക്കരപ്പന്ന ഏററവും ഹിതമാകുന്നു.

(അസനാമലകാദിതൈലം)

൧൩൩൧. അസനാമലകാക്ഷാസ്ഥിദെവദാരുബലാശൃതെ।
കഷായെവില്വംഗമഞ്ജിഷ്ടാമധൂകമധുകാഞ്ജനൈഃ
൧൩൩൨. സസജ്ജരസശൈലെയകാസീസനതചൊരകൈഃ।
ഉൗഷണാരൊഹിണീഭ്യാഞ്ചപകഃകെരഫലൊത്ഭവഃ
൧൩൩൩. തിലജൊവാഹിതസ്നേഹഃപാനാഭ്യഞ്ജനയൊരിഹ।
സ്നാനാംഭൊവിലവമൂലെനശൃതസ്സാമലകീതവചാ।

വെൺകൊട്ടതല, നെല്ലിക്ക, താന്നിക്കക്കുരു, ദെവതാരം, കുറു

ന്തോട്ടിവേര ഇവകൊണ്ട കഷായംവച്ച വിഴാലരി, മഞ്ചെട്ടി പ്പൊടി, ഉരിപ്പക്കാതല, എരട്ടിമധുരം, അഞ്ജനക്കല്ല, ചെഞ്ചല്യം, കന്മതം, കാരീയം, തകരം, കച്ചൂരിക്കിഴങ്ങ, തിപ്പലി, കടുകരോഹണി, ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊചേൎത്ത കാച്ചിയരിച്ച സെവിപ്പിക്കയും തേപ്പിക്കയും ചെയ്ക. കുവളത്തിൻവേര, നെല്ലിത്തൊലി ഇവയിട്ട വെള്ളംവച്ച അതുകൊണ്ട കുളിപ്പിക്കുക. ഇവചെയ്താൽ ചികിടക്കരപ്പൻ ശമിക്കും.

### പൊളക്കരപ്പൻെറ ലക്ഷണം

൧൩൮. അഗ്നിദാഹാദിവാംഗെഷുതത്രതത്രസിതാസിതൈഃ।
ഉൽകാരികാഫലച്ഛായൈൎവ്വിസ്ഫോടൈരനാചിതസ്തനുഃ।
൧൩൯. അരുണൊവലിതാഃകുൎവ്വംസ്ത്വചൊഭിന്ദംശ്ചദൃശ്യതെ।
യസ്സ്ഫോടൊബാലകാംഗെഷുസത്രുട്ബൃദ ഇതിസ്മൃതഃ॥

തീത്തട്ടിയാൽ ഉണ്ടാകുന്നതുപോലെ ബാലന്മാരുടെ ശരീരത്തിങ്കൽ അതാത അംഗങ്ങളിൽ വെളുത്തനിറത്തോടും കറുത്തമുഖത്തോടുംകൂടി പഴുത്ത പാണപ്പഴത്തിൻെറ ആകൃതിപോലെ ഇരിക്കുന്ന ആകൃതിയോടുകൂടിയ പുളകങ്ങളോടും അല്പമായ ചുവപ്പുനിറത്തോടുംകൂടി തൊലിക്കു മുളിച്ചിലും പൊട്ടലുമുണ്ടാകുന്നതായി കാണപ്പെടുന്ന നീര പൊളക്കരപ്പനെന്നറിക.

### പോളക്കരപ്പൻെറ ചികിത്സാ
(അരച്ചുതേപ്പാൻ)

൧൪൦. പാരന്തീമൂലവല്കാനിവൈരിമൂലസ്യചത്വചഃ।
നാളികെരസ്യദുഗ്ദ്ധെനപിഷ്ട്വാലെപൊത്രശസ്യതെ।

തെച്ചിവെരുമ്മൽതൊലി, ഏകനായകത്തിൻവെരുമ്മൽതൊലി ഇവ തേങ്ങാപ്പാലിൽ അരച്ചുതേക്കുക. പോളക്കരപ്പൻ ശമിക്കും.

൧൪൧. സ്ഫോടാനാംഭൃശകാഠിന്യെധാന്യനക്താഹ്വയാന്വി
തൈഃ। മിസിസ്ഥൌണെയകാസീസൈസ്സൎമ്മസ്തുപി
ഷ്ടൈസ്സഇഷ്യതെ।

പുളകങ്ങൾക്കു അധികമായ കാഠിന്യംകൂടെ ഉണ്ടാകിൽകൊത്തമ്പാലയരി, ഉങ്ങിൻകുരു, ശതകുപ്പ, തുണിയാങ്കം കാരീയം ഇവ തയിർവെള്ളത്തിൽ അരച്ചുതേക്കുക.

(യഷ്ടിമുസ്താദികഷായം)

൧൪൨. യഷ്ടിമുസ്താഭയാലോദ്ധ്രകമ്പുകാഞ്ജനവല്കലൈഃ।
പാഠാസപ്തച്ഛദാരിഷ്ടപടോലധവധാന്യകൈഃ।
൧൪൩. വിസർപ്പവല്ലീമധൂകതഗരജയാമൂലൈശ്ച സാധിതഃ ।
കൌശികീമധുസംയുക്തഃ കഷായശ്ചാസ്യ ശാന്തയെ।

കൊട്ടത്തൂവ്വവേര, മുത്തങ്ങക്കിഴങ്ങ, കടുക്ക, പാച്ചോററിത്തൊലി, കവുങ്ങിൻവേര, നീർമരുതിൻതൊലി, പാടക്കിഴങ്ങ, പാലത്തൊലി, വെപ്പിൻതൊലി, പടൊലം, ഞമവേരുമ്മൽതൊലി, കൊത്തമ്പാലയരി, കരപ്പാമ്പട്ട, ഇരിപ്പത്തൊലി, മുഞ്ഞവെര ഇവകൊണ്ട കഷായംവെച്ച മാശിക്ക, തേൻ ഇവ മേപ്പൊടിചേൎത്ത സേവിപ്പിക്ക. പോളക്കരപ്പൻ ശമിക്കും.

(ഉപൊദകാദിതൈലം)

൧൪൪. ഉപൊദകാമൃതാഭൂവ്വാരാജക്ഷവകജെരസെ।
കലിംഗകണയഷ്ട്യാഹ്വഫലിനീനതചന്ദനൈഃ।
൧൪൫. സൈലാധാന്യകതക്കൊലവിളംഗസുരദാരുഭിഃ ।
സലിലൊശീരകുഷ്ഠൈശ്ച കല്കിതൈസ്സാധുസാധിതഃ।
൧൪൬. നാളികെരൊത്ഭവസ്നെഹസ്തിലജൊവാഹിതഃപരം।
പാനെചാഭ്യഞ്ജനെസ്നാനെദാരുധാത്രീശൃതംജലം॥

വശളം, ചിററമൃത, കരിന്തുമ്പ, ഇവററിൻനീരിൽ കുടകപ്പാലയരി, തിപ്പലി, എരട്ടിമധുരം, ഞാഴൽപ്പൂവ്വ, തകരം, ചന്ദനം, ഏലത്തരി, കൊത്തമ്പാലയരി, തക്കൊലപ്പുട്ടൽ, വിഴാലരി, ദേവതാരം, ഇരുവേലി, രാമച്ചം, കൊട്ടം, ഇവ അരച്ച കലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്ത കാച്ചി അരിച്ച സെവിപ്പിക്കയും തെപ്പിക്കയും ചെയ്ക. ദേവതാരം, നെല്ലിക്ക, ഇവയിട്ട വെള്ളംവച്ച അതുകൊണ്ട കുളിപ്പിക്കുക. ഇവ ചെയ്താൽ പോളക്കരപ്പൻ ശമിക്കും.

മൊയിലടിക്കരപ്പൻെറ ലക്ഷണം

൧൪൭. അരുണശ്ശശപാദാഭശ്ശ്വേതസ്ഫോടൈസ്സിതാരുണൈഃ।
യൊംഗെഷുജായതെസൊത്രശശപാദഇതിസ്മൃതഃ।

അല്പമായ ചുവപ്പൊട്ടും മൊയലിൻെറ അടിയുടെ ആകൃതി പോലെ ഇരിക്കുന്ന ആകൃതിയോട്ടും വെളുത്ത ചുവന്ന മുഖത്തോടുകൂടിയ പുളകങ്ങളോട്ടും അതാത അംഗങ്ങളിൽ കാണപ്പെടുന്ന നീര മൊയിലടിക്കരപ്പനെന്നറിക.

## മൊയിലടിക്കരപ്പന്റെ ചികിത്സാ

(അരച്ചുതേപ്പാൻ)

൧൮൯- ആജ്ജനസ്തന്യപിഷ്ടൈഃ പുഷ്കരമൂലം പിഷ്ട്വാദ്യ ശോധനതത്സ്ഥം।
പ്രലേപശ്ശസ്യതേയമപാമകരണജനശതാപഹാരം॥

പുഷ്കരമൂലം ആട്ടിൻപാലിൽ അരച്ചുതേക്കുക- തേങ്ങാപ്പാലിൽ ശതകുപ്പ അരച്ചുതേക്കുകയുമാം എന്നാൽ മൊയിലടിക്കരപ്പൻ ശമിക്കും-

(ദശമൂലാദി കഷായം)

൧൯൦- ദശമൂലപടോലാബ്ദവിശാലാധാന്യകൈഃ ശൃതഃ। നി
ഷ്ക്വാഥശ്ചമധുസ്നഹ്യായുക്തഃ പേയോത്രദാരുണേ॥

ദശമൂലം പടോലം മുത്തങ്ങക്കിഴങ്ങ കാട്ടുവെള്ളരിവേര കൊത്തമ്പാലയരി ഇവകൊണ്ട കഷായംവെച്ച പാവമെമ്പ്പോടിചേൎത്ത സേവിപ്പിക്ക- മൊയിലടിക്കരപ്പൻ ശമിക്കും.

൧൯൧- അന്യത്തുഗോക്ഷുരപ്രോക്തം സൎവ്വമത്രാപിയോജയേൽ। സ്നാനാംഭോധിരളാവല്കശൃതംവാപരികല്പയേൽ॥

മാടക്കാതൽ കരപ്പന്ന പറഞ്ഞ ദൂൎവ്വാവസുകാദിതൈലവും അതിന്ന പറഞ്ഞ വെള്ളവും മൊയിലടിക്കരപ്പനും പാരമന്നതാകുന്നു- കഞ്ഞിക്കൊട്ടകത്തിൻവേരിന്മേൽതോലിയിട്ട വെള്ളംവെച്ച അതുകൊണ്ടും കുളിപ്പിക്കാം- ഇവ ചെയ്താൽ മൊയിലടിക്കരപ്പൻ ശമിക്കും-

## പീലിക്കരപ്പന്റെ ലക്ഷണം

൧൯൨- ചന്ദ്രകശ്ചന്ദ്രകാഭാസൈർനാനാവൎണ്ണാന്തരസന്ധനഃ।
ആകൃത്യാചതനീയോബിന്ദുഭിസ്സൂക്ഷ്മപസമ്മിതൈഃ॥
൧൯൩- പാന്ഥഃബിന്ദുഭിപ്രകണ്ഡാവൈദൃശ്യംക്ഷതാമൂത്രനിരോധ
കൃൽ। ജാതശ്ചേപസ്ഥിതൈരേതുന്നാഭേരുപരിചേദയം॥
൧൯൪- കാസശ്വാസജ്വരച്ഛൎദ്ദിശൂലാരോചകകൃദ്ഭവേൽ।
സാരക്ഷയാസ്യവൈവൎണ്ണ്യബാഷ്പസ്രാവകരോപിച॥

പലതായ നിറത്തിന്റെ സംബന്ധംകൊണ്ടും ആകൃതികൊണ്ടും പീലിക്കണ്ണോടുസദൃശമായി ചെഴകടുകിൻമണിപ്രമാണങ്ങളായി വെളുത്ത നല്ലവൎണ്ണം വ്യക്തിയെ പ്രാപിക്കാതെ നിഴലടിച്ച കാണുന്നവയായി കഠിനമായ ചൊറിച്ചിലൊടും കൂടിയപുളുകങ്ങളൊട്ടുകൂടിയതായി കാണപ്പെടുന്നനീര പീലിക്കരപ്പ

ടന്നെറിക- ആയത പൊക്കിളിന്ന താഴെയാകിൽ മൂത്രത്തെ തടുക്കും- പൊക്കിളിന്നമെലെയാകിൽ കരപ്പുക്കും പനി ഛൎദ്ദി വയററിൽവെദന അരുചി മെല്ലിപ്പ അടവ മുഖത്തിന്ന നിറമാററം കണ്ണുനീർ ഒഴുകുക ഇവയെ ഉണ്ടാക്കും.

### പീലിക്കരപ്പന്റെ ചികിത്സാ

(അരച്ചുതെപ്പാൻ)

൧൩൯- മഞ്ജിഷ്ഠാഖദിരൊശീരമധുകവരണത്വചഃ।
പിഷ്ട്വാന്ധലെപഃകാൎയ്യൊത്രമസ്തുനാകാഞ്ചികെനവാ॥

മഞ്ചെട്ടിപ്പാടി കരിങ്ങാലിക്കാതല രാമച്ചം ഇരിപ്പക്കാതല നീർമാതളത്തിൽതൊലി ഇവ തയിർവെള്ളത്തിലൊ കാടിയിലൊ അരച്ചുതെക്കുക- പീലിക്കരപ്പൻ ശമിക്കും.

(അഭയാഖദിരാദി കഷായം)

൧൪൦- അഭയാഖദിരാംകൊലകപീതനസുവൎണ്ണകൈഃ।
കൈഡൎയ്യകരവീരാക്കമൂലത്വഗ്ഗജനീദ്വയൈഃ॥
൧൪൧- പ്ലക്ഷമൊലയകമൂലാബ്ദവിശാലായാഷകൈരപി।
വിഫിതൊമധുനായുക്തഃ കഷായസ്സ്യാത്തുശാന്തികൃൽ॥

കടുക്ക കരിങ്ങാലിക്കാതല അംകൊലത്തിൻവെര കല്പാലിൻതൊലി കൊന്നവെരുമ്മൽതൊലി കരുവെപ്പിൻതൊലി അരളിത്തൊലി എരിക്കിൻവെരുമ്മൽതൊലി വരട്ടുമഞ്ഞൾ മരമഞ്ഞൾതൊലി എവത്തരി മുക്കാപ്പീരകത്തിൻവെര മുത്തങ്ങക്കിഴങ്ങ കാട്ടുവെള്ളരിവെര കൊട്ടത്തുമ്പവെര ഇവകൊണ്ട കഷായംവെച്ച തെൻമെപ്പൊടിചെൎത്ത സെവിപ്പിക്ക- പീലിക്കരപ്പൻ വളരെതാമസംകൂടാതെ ശമിക്കും-

(കടമ്പാദി കഷായം)

൧൪൨- കടമ്പാരിഷ്ടവ്യൊഷ്ഠവിശാലാധാന്യകാംബുദൈഃ।
കാരവീകൈശികഭ്യാംവാമധുനാകഷായഉച്യതെ॥

കടകപ്പാലയരി വെപ്പിൻതൊലി കൊട്ടത്തുമ്പവെര കാട്ടുവെള്ളരിവെര കൊത്തമ്പാലയരി മുത്തങ്ങാക്കിഴങ്ങ കരിഞ്ചീരകം മാശിക്ക ഇവകൊണ്ട കഷായംവെച്ച തെൻമെപ്പൊടിചെൎത്ത സെവിപ്പിക്ക-പീലിക്കരപ്പൻ ശമിക്കും-

(ഖദിരാമൃതാദി തൈലം)

൧൪൩- ഖദിരാമൃതയൊഃകാഥെകല്ക്കീകൃത്യഫലത്രയം।
വിഡംഗവല്ഗുനമഞ്ജിഷ്ഠാകുഷ്ഠയഷ്ടികണാന്വിതം॥

൫൭- വിപക്വേ പാനാളികേരസ്യ സ്നേഹസ്തിലജ ഏവ വാ।
പാനേ പക്ഷ്യഞ്ജനേ ശസ്തസ്സ്നാനം ഘോരാസ്ത്രയാശ്രിതം॥
കരിങ്ങാലിക്കാതല ചിററമൃത ഇവകൊണ്ടു കഷായം വച്ചു ത്രിഫല വിഴാലരി മുത്തങ്ങക്കിഴങ്ങു മഞ്ചട്ടിപ്പൊടി കൊട്ടം എരട്ടിമധുരം തിപ്പലി ഇവ അരച്ചു കലക്കി എണ്ണയൊ വെളിച്ചെണ്ണയൊ ചെത്ത കാച്ചിയരിച്ചു സെവിപ്പിക്കയും തേപ്പിക്കയും ചെയ്ക. അരത്ത ഇട്ടു വെള്ളം വച്ചു അതുകൊണ്ടു കുളിപ്പിക്കുക. ഇവ ചെയ്താൽ പീലിക്കരപ്പൻ ശമിക്കും.

## വിളാമ്പഴക്കരപ്പന്റെ ലക്ഷണം

൫൮- കപിത്ഥഫലസംകാശസ്സ്യാദ്ദോഷജന്തയഃ കപിത്ഥകഃ।
പരിതശ്ശോഫവാൻ പൃഷ്ഠേ കർണ്ണയോർമ്മൂല ഏവ വാ॥
വിളാമ്പഴത്തിന്റെ ആകൃതിപോലെയിരിക്കുന്ന ആകൃതിയോടും നാലുപുറം നീരോടുംകൂടി പുറത്തോ കർണ്ണമൂലങ്ങളിലൊ ഉണ്ടാകുന്ന പുളകം വിളാമ്പഴക്കരപ്പനെന്നറിക.

## വിളാമ്പഴക്കരപ്പന്റെ ചികിത്സാ

### (അരച്ചുതേപ്പാൻ)

൫൯- തക്രേണ വെരിമൂലത്വഗശ്ലേഷ്മസുരദാരുജം।
പിഷ്ട്വാ പ്രലേപശ്ശസ്തോത്ര ഖദിരം കാഞ്ചികേന വാ॥
ഏകനായകത്തിൻവേരുമ്മൽതോലി കടുക്ക ദേവതാരം ഇവ മോരിൽ അരച്ചുതേക്കുക. കരിങ്ങാലിക്കാതല കാടിയിൽ അരച്ചുതേക്കയുമാം. വിളാമ്പഴക്കരപ്പൻ ശമിക്കും.

### (അമൃതേന്ദ്രയവാദി കഷായം)

൬൦- അമൃതേന്ദ്രയവാങ്കോലകദംബവിരളാധവൈഃ।
വികംകതകരഞ്ജൈശ്ച ശാലാവൃഷധാന്യകൈഃ॥
൬൧- പടോലബൃഹതീനിംബവിസർപ്പഘ്നിമഹൌഷധൈഃ।
ത്രായന്തികടുകാഭ്യാഞ്ച വിഹിതഃ കഷായകാന്വിതഃ॥
൬൨- മധുസീതാഘൃതോയദാ മധുസ്സമൂഹ്യാഘൃതോപി വാ। മ
ധുസ്സമീമധുപതോയ ലോകപാഠൊസ്യനാശനഃ॥
ചിററമൃത കുടകപ്പാലയരി അംകൊലത്തിൻവേര കടമ്പിൻതോലി കുന്തിക്കൊട്ടത്തിൻവേരുമ്മൽതോലി [illegible]

ൽതൊലി വെയംകതവരുമ്മൽതൊലി കരുവെപ്പിൻതൊലി കാട്ടുവെള്ളരിവെര ആടലൊടകത്തിൻവെര കൊത്തമ്പാലയരി പടൊലം ചെറുവഴുതിനവെര വെപ്പിൻതൊലി കർപ്പാമ്പട്ട ചുക്ക ബ്രാഹ്മി കടുകരൊഹിണി ഇവകൊണ്ടു കഷായം വച്ചു തെൻ മെമ്പൊടിചെൎത്ത സെവിപ്പിക്ക- വിളാമ്പഴക്കരപ്പൻ ശമിക്കും.

## (ത്രിഫലാമൃതാദി തൈലം)

൫൬൭- ത്രിഫലാമൃതയൊർദ്ദാരുബലയൊൎയ്യഷ്ടിമുസ്തയൊഃ॥
വില്വാമൂലസ്യ പാഠായാ ധരാജക്ഷവകദ്രുംഗയൊഃ॥
൫൬൮- ഉപൊദകാപപ്പടയൊർജ്ജാതികിംശുകയൊരപി।
ദൂൎവ്വാപടൊലവല്ല്യൊശ്ചവെത്രാഗ്രഫലയൊരപി॥
൫൬൯- സംയൊജ്യസാരസംതത്രകല്കീകൃത്യസധാന്യകം।
സവിളംഗംസമഞ്ജിഷ്ഠംസെന്ദ്ധവംസകൌടജം॥
൫൭൦- ജ്യൊതിഷ്മതീയുതംസൈലംസകണംപസകുംകുമം।
ദാൎവ്വീമധുകദെവാഹ്വപന്നതചൊരകകൌശികം॥
൫൭൧- വിപാകെപാനാളിംകരസ്യസ്നെഹസ്യലഘ്വെവവാ।
പാനാഭ്യഞ്ജനയൊരസ്യശസ്യതെപൃഥഗെവവാ॥

ത്രിഫല ചിററമൃത ദെവതാരം കുറുന്തൊട്ടിവെര ഇരട്ടിമധുരം മുത്തെങ്ങക്കിഴങ്ങ കൂവളത്തിൻവെര ഇവകൊണ്ടു കഷായംവെച്ചു അതിൽ കരിന്തുമ്പ കഞ്ഞുണ്ണി വശള പപ്പടം പിച്ചകത്തില കരുമുരുക്കില കുരുക്ക പടൊലം ചൂരൽതല നെല്ലിക്ക ഇവററിൻനീർചെൎത്ത അതിൽ കൊത്തമ്പാലയരി വിഴാലരി മഞ്ചെട്ടിപ്പൊടി കാർകൊകിലരി കടുപ്പാലയരി ചെറുപുന്നയരി ഏലത്തരി തിപ്പലി കുങ്കുമം മരമഞ്ഞൾത്തൊലി ഇരട്ടിമധുരം ദെവതാരം തകരം കച്ചൂരിക്കിഴങ്ങ ഗുല്ഗുലു ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊചെൎത്ത കാച്ചിയരിച്ചു സെവിപ്പിക്കയും തെപ്പിക്കയും ചെയ്ക- വിളാമ്പഴക്കരപ്പൻ ശമിക്കും- "പൃഥഗെവവാ" എന്നതിന്റെ അൎത്ഥം വെറെ തന്നെയുമാം എന്നാകുന്നു- അതുകൊണ്ടു ത്രിഫല ചിററമൃത ഇവയൊ ദെവതാരം കുറുന്തൊട്ടിവെര ഇവയൊ ഇരട്ടിമധുരം മുത്തെങ്ങ ഇവയൊ കൂവളത്തിൻവെര തന്നെയൊ കഷായംവച്ചു അതിൽ കരിന്തുമ്പ കഞ്ഞുണ്ണി ഇവയൊ വശള പപ്പടം ഇവയൊ പിച്ചകത്തില കരുമുരുക്കില ഇവയൊ കുരുക്ക പടൊലം ഇവയൊ ചൂരൽതല നെല്ലിക്ക ഇവയൊ ഇടിച്ചുപിഴിഞ്ഞെടുത്ത നീരുചെൎത്ത മുൻപറഞ്ഞ കൽക്കത്തിന്റെ മരുന്നുക

ളിൽ മരമഞ്ഞൾത്തൊലി മുതലായ ആറു മരുന്നുകളോട കൊത്തമ്പാലയരി മുതലായ ഒമ്പതിൽ ഏതെങ്കിലും ഒന്ന ചെൎത്ത അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്ത കാച്ചിയരിച്ച സെവിപ്പിക്കയും തെപ്പിക്കയുമാം— എന്ന സിദ്ധിച്ചിരിക്കുന്നു— അങ്ങിനെ ആകയാൽ ത്രിഫലയും ചിറ്റമൃതുംകൂട്ടി കഷായം വെയ്ക്കുമ്പോൾ ഇടിച്ചുപിഴിഞ്ഞ ചെൎക്കുന്ന നീരിന്റെ ഭേദം കൊണ്ട അതിൽ ചെൎത്ത കാച്ചിയരിക്കുന്ന വെളിച്ചെണ്ണ അഞ്ചു പ്രകാരമായിരിക്കും— അതിൽ ഓരൊന്ന കൽക്കത്തിന്ന പറഞ്ഞ മരമഞ്ഞൾത്തൊലിമുതലായ ആറുകൂട്ടം മരുന്നിൽ ചെൎക്കുന്ന മരുന്നിന്റെ ഭേദംകൊണ്ട ഒമ്പതുപ്രകാരമായിരിക്കും എന്നാൽ നാല്പത്തഞ്ചുവിധമായി ഇപ്രകാരം ദെവതാരം കുറുന്തോട്ടി മുതലായതുകൊണ്ട വെക്കുന്ന മൂന്നുവക കഷായങ്ങളിൽ ചെൎത്ത കാച്ചുന്നവയുമാകയാൽ പ്രത്യെകയൊഗത്തിങ്കൽ കൂടി നൂറ്റെമ്പതുപ്രകാരമായി— ഇതുകൂടെ വൈദ്യൻ അറിഞ്ഞ രോഗത്തിന്റെ ബലത്തെയും ദൊഷകൊപത്തിന്റെ സാമ്പ്രാപ്തിയെയും സൂക്ഷിച്ചറിഞ്ഞ യഥൊചിതമായി പ്രവൃത്തിച്ചുകൊൾകയും വെണം.. ഇതൊക്കയും "പൃഥഗെവവാ" എന്നതിന്റെ താല്പൎയ്യമാകുന്നു—

൮൦— ശതാഹ്വാചിരബില്വത്വക്സ്ഥൗണെയംഫലിനീശൃതം।
സ്നാനാൎത്ഥംവാരിതൽത്രൃഷ്ണമഥവാത്രിഫലാശൃതം॥

ശതകുപ്പ കഞ്ഞിക്കൊട്ടത്തിൻവെരുമ്മരൽതൊലി ഞെണിയാങ്കം ഞാഴൽപ്പൂവ്വ ഇവയിട്ട വെള്ളംവെച്ച അതുകൊണ്ട കുളിപ്പിക്കുക— ഇവ ചെയ്താൽ ചിളാമ്പഴക്കരപ്പൻ ശമിക്കും.

## പാടക്കരപ്പന്റെ ലക്ഷണം

൮൧— പകചക്ഷീരകിരാടാഭസ്സ്രാവൊന്തൎജ്ജലസംയുതഃ।
പരിതശ്ശ്രാവവാനത്രകിരാടഖ്യാതികഥ്യതെ॥

കാച്ചിയ പാലിന്റെ പാടപൊലെ കാണുന്നവക്ക തൊന്നുന്നതായി അകത്തെ ചലത്തൊടും നാലുപുറവും നീരൊടുംകൂടിയ പുളകത്തെ പാടക്കരപ്പനെന്നറിക.

## പാടക്കരപ്പന്റെ ചികിത്സാ

(അരച്ചുതെപ്പാൻ)

൮൨— മധുകംവിജയകഷാസ്ഥിപാരന്തിവല്ക്കസംയുതം।
നാളികെരസ്യദുഗ്ദ്ധെനപിഷ്ട്വാലെപൊത്രശസ്യതെ॥

ഏരട്ടിമധുരം ചിട്ടക്കിഴങ്ങ താന്നിക്കക്കുരു തെച്ചിവേരിന്മേൽതൊലി ഇവ തേങ്ങാപ്പാലിൽ അരച്ചുതേക്കുക- പാടക്കരപ്പൻ ശമിക്കും-

(ബദരാദികഷായം)

൫൬൩- ബദരാമലകാംഭോദമധുകേന്ദ്രയവാംബുഭിഃ।
സോശീരധവഭൂസ്തൃണപാഠാധാന്യകപർപ്പടൈഃ॥
൫൬൪- ക്ഷീരികിംശുകഭൂനിംബനിംബാളർക്കപീതനൈഃ।
കൈഡര്യസപ്തപർണ്ണത്വഗാദിശ്ശാലാദിഭിസ്സാധിതഃ॥
൫൬൫- നിഷ്ക്വാഥഃ കേശികീസിതാമധുയുക്തോസ്യശാന്തയേ।
മധുസ്നുഹീമധൂപേതോ വാ പേയഃ പ്രശസ്യതേ॥

ലന്തക്കുരു നെല്ലിക്ക മുത്തങ്ങക്കിഴങ്ങ ഏരട്ടിമധുരം കുടകപ്പാലയരി ഇരുവേലി രാമച്ചം തേമ്പാവേരിന്മേൽതൊലി കൊട്ടുത്തൂവ്വവേര പാടക്കിഴങ്ങ കൊത്തംപാലയരി പപ്പടം നാല്പാമരത്തിൻതൊലി കരുമരുക്കിൻതൊലി പൂത്തിരിച്ചുണ്ടവേരിന്മേൽതൊലി വെപ്പിൻതൊലി വെള്ളഏരിക്കിൻവേരിന്മേൽതൊലി കല്ലാലിൻതൊലി കരുവേപ്പിൻതൊലി പാലത്തൊലി കാട്ടുവെള്ളരിവേര ഇവകൊണ്ടുകഷായംവെച്ച മാശക്ക തിപ്പലി തേൻ ഇവയൊ തേൻ പാവ ഇവയൊ മേമ്പൊടി ചേൎത്ത ഏററവും പുലച്ചെ സെവിപ്പിക്ക- പാടക്കരപ്പൻ ശമിക്കും-

൫൬൬- തൈലന്തു ഗോമൂത്രപക്വമഭ്യംഗേ ശസ്യതേത്ര ച।
സ്നാനാൎത്ഥമംബു നൈമ്പെയ ശിംശപാസാരസാധിതം॥

മാടക്കാൽ കരപ്പന്ന പറഞ്ഞ മൂൎച്ഛാവസുകാദി തൈലം പാടക്കരപ്പന്ന പറഞ്ഞതാകകൊണ്ട ആയതതേപ്പിക്ക- കരിങ്കുറിഞ്ഞിവേരും ഇരുമുള്ളിൻ കാതലുമിട്ട വെള്ളം വെച്ച അതിൽകുളിപ്പിക്കുക- ഇവ ചെയ്താൽ പാടക്കരപ്പൻ ശമിക്കും.

## നീൎക്കരപ്പന്റെ ലക്ഷണം

൫൬൭- ബൃഹദ്ബൃഹാകൃതിഭിഃ സ്ഫോടൈരന്തസ്സ്വായയുതാമഹാൻ।
പാണ്ഡുഃ കണ്ഡൂയുതശ്ശ്ലോമഹാവാരിഗൎഭ്ഭോതിപാകയുക്॥

നീർപോളപോലെ ഉള്ള പുളകങ്ങളോടും ഉള്ളിൽ വെള്ളത്തോടും കൂടിയതായി വലുതായി വെളുത്ത നിറത്തോടും അധികമായ ചൊറിച്ചിലോടുംകൂടിയ നീര നീൎക്കരപ്പനെന്നറിക- ഇതിന്ന അധികമായ പഴുപ്പ കാണുകയും ചെയ്യും.

## നീക്കരപ്പന്റെ ചികിത്സാ

(അരച്ചുതേപ്പാൻ)

൧൮൪- പാരന്തീബദരീവല്ക്കവലിസാക്ഷഹരീതകീഃ।
നാളികേരസ്യ ദഗ്ദ്ധനാപിഷ്ട്വാലേപോത്രശസ്യതേ॥

തെച്ചിവേരിന്മേൽതൊലി ലന്തത്തൊലി കരിങ്ങാലിക്കാതല താന്നിക്ക കടുക്ക ഇവ തേങ്ങാപ്പാലിൽ അരച്ചുതേക്കുക- നീക്കരപ്പൻ ശമിക്കും.

(പഥ്യാബദരാദികഷായം)

൧൮൫- പഥ്യാബദരനിർഗ്ഗുണ്ഡീമൂലകിംശുകവല്ക്കലൈഃ।
ത്രായമാണാവിശാലാബ്ദബൃഹതീഭിശ്ചസാധിതഃ॥
൧൮൬- കാരവീമാക്ഷികോപേതോനിസ്തുഷഹാത്രപ്രശസ്യതേ।
പ്രാഗുക്തൊബദരാദിർവ്വാതൈലമംബു ച പൂർവ്വവൽ॥

കടുക്ക ലന്തക്കുരു കരുനൊച്ചിവേര കരുമുരുക്കിൻതൊലി ബ്രഹ്മി കാട്ടുവെള്ളരിവേര മുത്തങ്ങക്കിഴങ്ങ ചെറുവഴുതിനവേര ഇവകൊണ്ടു കഷായം വെച്ച കരിഞ്ചീരകം തേൻ ഇവ മേമ്പൊടി ചേർത്ത സേവിപ്പിക്ക- ബദരാദിയുമാം- പാടക്കരപ്പന്ന അനുവദിച്ച തൈലവും കുളിപ്പാൻ വിധിക്കപ്പെട്ട വെള്ളവും ഇതിന്നും കൊൾക- ഇവ ചെയ്താൽ നീക്കരപ്പൻ ശമിക്കും.

## തൈർനീക്കരപ്പന്റെ ലക്ഷണം

൧൮൭- മസ്തുലോവാരിഗർഭ്ഭസ്സപ്രായശസ്സദൃശോമതഃ।
ഗർഭ്ഭസ്തസ്യതുല്യാംബുവിശേഷോസൌവിലോക്യതാം॥

തൈർനീക്കരപ്പൻ ആകൃതികൊണ്ടു നീക്കരപ്പന്ന സദൃശമാകുന്നു- എന്നാലും ഒരു വിശേഷമുണ്ടു- നീരിന്റെ ഉള്ളിൽ വെള്ളമുണ്ടാകുന്നത തൈർവെള്ളത്തോട സദൃശമായിരിക്കും— അതയത പരീക്ഷിച്ച അറിഞ്ഞുകൊൾക- നിറംകൊണ്ടും ഗന്ധംകൊണ്ടും രസംകൊണ്ടും തൈർവെള്ളത്തോട സദൃശമായിരിക്കയും ചെയ്യും.

## തൈർനീക്കരപ്പന്റെ ചികിത്സാ

൧൮൮- ജലസ്രാവാൽപുരാസർവ്വാമചികിത്സാവാരിഗർഭ്ഭവൽ।
പരന്തുലിമ്പേതസാരുകപാഠാക്ഷീരിവരാസ്ത്രുതഃ॥

നീരൊലിക്കുന്നതിന്റെമുമ്പെ വെണ്ടുന്ന ലെപനാദികൾനീക്കരപ്പിന്ന പറഞ്ഞതുപൊലെ ചെയ്ത- പൊട്ടി നീര ഒലിച്ചാൽ നാല്പാമരത്തിൻതൊലി ത്രിഫല ഇവകൊണ്ടു കഷായം വച്ച കരിഞ്ചീരകം തെൻ ഇവ മെമ്പൊടിചെൎത്ത സെവിപ്പിക്ക തയിർനിക്കരപ്പൻ ശമിക്കും.

(ദാൎവ്വീമധുകാദി കഷായം)

ഫ്വൃ൩ - ദാൎവ്വീമധുകകട്ഫലനിംബനിംബതക്രിഫലാംബുദൈഃ।
പാടൊലബൃഹതീകൃഷ്ണവിശാലാധന്വയാസകൈഃ॥
ഫ്വൃ൬ - ആരഗ്വധമധൂകാക്കവല്ലീഭിശ്ശ്രൃതംജലം।
മാക്ഷികെണമധുസ്സഹ്യാശ്ചൂൎണ്ണനചഹിതഃപരം॥

മരമഞ്ഞത്തൊലി എരട്ടിമധുരം പുത്തരിച്ചുണ്ടവെരുങ്ങൽ തൊലി വെപ്പിൻതൊലി ത്രിഫല മുത്തങ്ങക്കിഴങ്ങ പടൊലം പൊരുവഴതിന്റെവെര കൊട്ടം കാട്ടുവെള്ളരിവെര കൊടുത്തൂവ്വ വെര കൊന്നവെരുമ്മൽതൊലി ഇരുപ്പക്കാതല വെണ്ണാടത്തൊലി ഇവകൊണ്ടു കഷായംവച്ച തെനും പാവും മെമ്പൊടിചെൎത്ത സെവിപ്പിക്ക ഈ കഷായം തൈർനിക്കരപ്പിന്ന ഏററവും ശമനകരമാകുന്നു-

(താലപത്രാദിതൈലം)

ഫ്വൃ൮ - താലപത്രനിശാദൂൎവ്വാഗുളൂചീകദളീരസൈഃ।
മാംസീമധുകമഞ്ജിഷ്ഠാസിദ്ധഃ കെരഫലൊത്ഭവഃ॥
ഫ്വൃ൯ - സ്നെഹസ്തിലൊത്ഭവൊവാഽസ്യശസ്യതെഭ്യംഗകൎമ്മണി।
അസനാമലകാദിൎവ്വാമൊദകസ്യപുരൊദിതഃ॥

കരിമ്പനക്കുരുമ്പ പച്ചമഞ്ഞൾ കറുക ചിററമൃത തെങ്ങിൻ പൂക്കുല ഇവററിൻനീരിൽ മാഞ്ചി എരട്ടിമധുരം മഞ്ചെട്ടിപ്പൊടി ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്ത കാച്ചിയരിച്ചു തെപ്പിക്ക തയിർനിക്കരപ്പൻ ശമിക്കും- ചികിത്സ കരപ്പിന്ന പറഞ്ഞ അസനാമലകാദിയും പററുന്നതാകുന്നു.

(ബലാമലകാദിതൈലം)

ഫ്വൃ൦ - ബലാമലകയൊഃക്വാഥെ രാജക്ഷവകഭൃംഗജഃ।
ദൂൎവ്വാമെചകകെതക്യാരസനാജ്ഞനയൊരപി॥
ഫ്വൃവ്യ - കാരവല്ലീകഹാല്യാശ്ചസ്വരസൈസ്സമന്വിതെ।
കുഷ്ഠയഷ്ട്യാഹ്വമഞ്ജിഷ്ഠാരൊചനാചൊരകംകണമൈഃ॥
ഫ്വൃൻ - ശൈലെയനളദാലക്കദാരുധാന്യവിളംഗകൈഃ। ച

ത്വഗ്ജാതകതക്കൊലത്രിഫലാംബുകണാദപരൈയഃ॥
൧൬൦- കല്കീകൃതൈസ്സാധിതസ്നേഹഃ കേരജൊവാതിലൊദ്ഭ
വഃ।പാനാഭ്യഞ്ജനയൊരസ്യയൊജിതഃ പരമൌഷധം॥

കരന്തൊട്ടിവെര നെല്ലിക്ക ഇവ കഷായംവച്ച അതിൽ കരിന്തുമ്പ കഞ്ഞുണ്ണി കരക നീലക്കൈതയുടെക്കുമ്പ വെങ്ങത്തളിര നീർമരുതിൻതളിര മുണ്ടൻകല്ല തെങ്ങിൻപൂക്കുല ഇവററിൻനീർചെത്ത കൊട്ടം എരട്ടിമധുരം മഞ്ചെട്ടിപ്പൊടി ഗൊരൊചനം കച്ചൂരിക്കിഴങ്ങ കുങ്കുമം കന്മതാ രാമച്ചം വെളുത്ത എരുക്കിൻവെരമ്മാർതൊലി ദെവതാരം കൊത്തമ്പാലയരി വിഴാലരി ഏലത്തരി ഏലവംഗത്തൊലി പച്ചില നാകപ്പൂവ്വ തക്കൊലപ്പുട്ടിൽ ചന്ദനം രക്തചന്ദനം പീതചന്ദനം ഇരുവെലി തിപ്പലി അത്തിത്തിപ്പലി ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെത്ത കാച്ചിയരിച്ച സെവിപ്പിക്കയും തെപ്പിക്കയുംചെയ്ക- രൊം തൈലം തയിർനീക്കരപ്പന്ന നല്ലതാകുന്നു-

൧൬൧- സ്നാനായക്ഷീരിവല്ക്കാംബുസൈരെയകബലാശൃതം।
പാരന്തിദലകുശ്ശുദ്ധവല്കചാംബെരശൃതംചവാ॥

നാല്പാമരത്തിൻതൊലി മുത്തങ്ങക്കിഴങ്ങ കരിംകുറിഞ്ഞിവെര കരന്തൊട്ടിവെര ഇവയിട്ട വെള്ളംവച്ച അതുകൊണ്ട കുളിപ്പിക്കുക- തെച്ചിയില നാല്പാമരത്തിൻതൊലി കച്ചൂരിക്കിഴങ്ങ ഇവയിട്ട വെള്ളംവച്ച അതുകൊണ്ടും കുളിപ്പിക്കാം- ഇവ ചെയ്താൽ തയിർനീക്കരപ്പൻശമിക്കും-

## കൽക്കരപ്പന്റെ ലക്ഷണം

൧൬൨- കഠിനൊശ്മവവിസ്ഫൊടൈഃ കഠിനൈരശ്മസന്നി
ഭൈഃ।തീവ്രരുഗ്ജ്വരമൂൎച്ഛാൎത്തിതൃൾ്ദ്രൊചകസംയുതഃ।
൧൬൩- മന്ദപാകൊമഹാകണ്ഡൂപിച്ഛിലൊദകസംസ്രുതിഃ।
പിഷ്ടമദ്യസമൊഗന്ധെനാശ്മകൊട്ടശമുന്നതഃ॥

കല്ലപൊലെ കഠിനമായി കല്ലപൊലെ കഠിനമായ പുളകങ്ങളൊടുകൂടിയതായി കഠിനമായ പനി തലവെദന ഛൎദ്ദി അരുചി ഇവയൊടുംകൂടിയതായി പതുക്കെ പതുക്കെ ഉണ്ടാകുന്ന പഴുപ്പൊടും കഠിനമായും ചൊറിച്ചലൊടും ചൊറിഞ്ഞ തൊലി പൊയാൽ അവിടെനിന്ന വഴുത പഴപ്പൊടുകൂടിയവെള്ളത്തിന്റെ വാൎച്ചയൊടും അരിപ്പിട്ടുകൊണ്ടുണ്ടാകുന്ന മദ്യത്തിന്റെ ഗന്ധംപൊലെയുള്ള ഗന്ധത്തൊടുംകൂടി ഏററവുംഉയൎന്ന കാണപ്പെടുന്ന നിര കല്ക്കരപ്പനെന്നറിക-

## കൽക്കരപ്പന്റെ ചികിത്സാ

### (അരച്ചുതേപ്പാൻ)

൯൪– കർക്കടാസ്ഥിക പാഷാണനിർഗ്ഗുണ്ഡീധൂമസുരസാഹ്വയം। ശ
താഹ്വാപാമാപിത ഗുണാപിഷ്ടൈസ്തൈലെ പൊത്രശസ്യതെ॥

കൊഴിമുട്ടയുടെ ഓട ഉള്ളുടക്കരി ദേവതാരം ശതകുപ്പ ഇവ
മോരിൽ അരച്ചുതേക്ക– കൽക്കരപ്പൻ ശമിക്കും.

### (സപ്തപർണ്ണാദി കഷായം)

൯൫– സപ്തപർണ്ണവരാപാഠാകൃതമാലത്വഗംബുദൈഃ।
ശാരിബാമധുകോശീരവികംകതസുരാഹ്വയൈഃ॥

൯൬– ഏലാവിശാലാഖദിരയവപടോലപിചുമന്ദകൈഃ।
ത്രായമാണാനിശാദ്വന്ദ്വാമൃതാവ്യാളക്കകപീതനൈഃ॥
പാരന്തീപൃഷ്ടികാപുഷ്കരമൂലവചാസകചന്ദനൈഃ॥

൯൭– നീപത്വക്ഖദിരംശപാസാരകുടകാഭിശ്ച സാധിതഃ।
കഷായോയമാകഷീകൃതാപാതഃപാതവ്യാത്രുത്തൂദാരുണെ॥

പാലത്തൊലി ത്രിഫല പാടക്കിഴങ്ങ കൊന്നവെരുമ്മൽതൊ
ലി മുത്തങ്ങക്കിഴങ്ങ നന്നാറിക്കിഴങ്ങ എരട്ടിമധുരം രാമച്ചം
വെയ്യൻകതവെരുമ്മൽതൊലി ദേവതാരം ഏലത്തരി കാട്ടുവെ
ള്ളരിവെര കരിങ്കുറിഞ്ഞിവെര പടൊലം വെപ്പിൻതൊലി
ബ്രഹ്മി വരട്ടുമഞ്ഞൾ മരമഞ്ഞൾതൊലി പെരുംകുരുമ്പവെര
വെളുത്ത എരുക്കിൻവെരുമ്മൽതൊലി കല്ലാലിൻതൊലി തെ
ച്ചിപ്പൂവ് കുമിഴിൻവെര കടുകപ്പാലയരി ചന്ദനം കടമ്പിൻ
തൊലി ഇരുമുള്ളിൻകാതൽ കടുകരോഹിണി ഇവകൊണ്ടു ക
ഷായം വച്ചു തേൻ മേമ്പൊടിചെയ്ത സേവിപ്പിക്ക കൊടുതാ
യ കൽക്കരപ്പൻ ശമിക്കും.

### (ക്ഷാര തൈലം)

൯൮– രാജരാജാഞ്ചനാഗാരധൂമദേവദാരുധാന്യലാക്ഷിതാം।
ശ്യാമാമശ്മരംഭാം ചദശധാമൃഗമായഭാജനെ॥

൯൯– അന്തർധൂമമരിഷ്ടസ്യകാണ്ഡൈഃ പുന്നൽക്ഷാരമുദ്ധൃതം।ക്ഷീ
രദ്രുവല്കലകഷായെ സംലോഡ്യാഥ പ്രസാദയെൽ॥

൧൦൦– പ്രസന്നം തം പരിസ്രാവ്യ തത്രാകല്കീകൃതൈഃ പചെ
ൽ।തൈലം മനശ്ശിലാഗേഹ ഹരിതാലകടുത്രയൈഃ॥

൧൦൧– കാസീസലോഹതാലീസചത്രയഷ്ടീഗ്രാഹസൈന്ധവൈഃ।
നക്തമാലമധുകോരൂപൂഗബീജകജാതിഭിഃ॥

൧൦൨– ചിത്രംഗകുടജപലാശഗരാളശശിരാജിഭിഃ। ജ്യോ

തിഷ്ഠതി സമം ശൈഗ്രാസഖാദിംശ്ച ഗുളവാലുകൈഃ॥
൨൦൨- ദ്രോണീം ശിരീഷമേഷാരിവിഭീതകജയാസ്ഥിഭിഃ।
ഫലിനീകുഷ്ഠപത്രൈശ്ച സ്രുതിനേത്രാൽ പ്രയോജയേൽ॥
൨൦൩- തീവ്രകാരിന്യസംയുക്തമന്ദപാകെ ഭ്രൂണവത്മ്മു।
തേന ശോഫോ ഭവേൽക്ഷീണോ നാഡീനാസ്യപ്പിടകാ
സ്ഥിരാഃ॥
൨൦൪- ക്ഷാരതൈലമിദം ശ്രേഷ്ഠം ശ്ലേഷ്മകസ്യ മദം ഹരേൽ।
ഭ്രിളിരവധിനെന്നുനമിതിഭളസ്യഭാഷിതം।

നേന്ത്രവാഴ പടർവാഴ കദളിവാഴ ചെങ്കദളിവാഴ കരിങ്കദളിവാഴ പൂവൻവാഴ ഇവ കൊത്തിനുറുക്കി ഉണക്കി മണ്പാത്രത്തിലിട്ട പാത്രത്തിന്റെ വായ അടച്ച പുറമെ മണ്ണുകൊണ്ട നല്ലവണ്ണം ഇറുക്കി അടപ്പുള്ളവച്ച ചെമ്പിന്റെ വിറകുകൊണ്ട തീ കത്തിച്ച പാത്രത്തിന്റെ അകത്തുള്ള മരുന്ന ഭസ്മമായാൽ എടുത്ത ആറിയാൽ അതിലുള്ള ഭസ്മം കരട കൂടാതെ എടുത്ത നാല്പാമരത്തിന്റെ തൊലി കഷായംവച്ച അതിൽ കലക്കി ഉപ്പുവള്ളികൊണ്ട തെളിയിച്ച തെളിഞ്ഞാൽ ആ കഷായം വേറെ ഒരുപാത്രത്തിലൊക്കെ ഊറ്റിയെടുത്ത അതിൽ മനയോല കടൽനാക്ക പൊന്നരിതാരം ത്രികടു കാരിയം ഉരുക്ക താലീസപത്രം എരട്ടിമധുരം കടുക ഉങ്ങിൻകുരു ഇരുപ്പക്കുരു അവണക്കിൻകുരു ജാതിക്ക വിഴാലരി കാടകപ്പാലയരി ഏലത്തരി ഏലവംഗത്തൊലി കരയാമ്പൂവ കാർകോകിലരി വെരുപ്പുന്നയരി ചെറുചുണ്ടവേര വയമ്പ നാഗണം ചായില്യം ഏലാവാലുകം ചീനിക്കക്കുരു ആവീരത്തിൻകുരു താന്നിക്കാക്കുരു കടുക്കാക്കുരു ഞാഴൽ പൂവ കൊട്ടം പച്ചില ഇവ അരച്ചുകലക്കി എണ്ണ വെന്ത കാച്ചിയരിച്ചുകൊൾക- ഈ തൈലം മേൽപറഞ്ഞ ചികിത്സകൾ കൊണ്ട ശമിക്കാത്ത ഉറച്ചുനില്ക്കുന്ന കരപ്പന ശ്ലേഷ്മമായ ഗുഹ്യത്തിങ്കൽ പ്രയോഗിക്ക- ഇതനിരുപ്പെടുത്ത തേച്ചാൽ മൂന്നുദിവസംകൊണ്ട നീര ഒഴികയും പുളകങ്ങൾ പൊട്ടി ശുദ്ധിവരികയും ചെയ്യും എന്ന ഭേളാചാര്യന്മാർ പറഞ്ഞിട്ടിരിക്കുന്നു- ശുദ്ധിവന്നാൽപിന്നെ രോപണതൈലം തേക്കുകയും വേണ്ടു- തേച്ചാൽ അധികമായി പഴുക്കും-

(സോമവൽക്കാദി തൈലം)

൨൦൫- സോമവൽക്കവരാലോധ്രമധുകൈഃ ക്വഥിതൈർജ്ജലെ।
ജാതികിംശുകമായൂരീസുമനഃപല്ലവോദ്ഭവം॥
൨൦൬- സ്വരസം സംയോജയിത്വാത്ര കല്കൈസ്തൈസ്സാധുസാധിതം
തിലതൈലം ഫലാമഞ്ജിഷ്ഠാകുഷ്ഠനിശാദ്വയൈഃ।

൨൦൮. ഫലിനീനതദേവദാരുമാംസീസരളചന്ദനൈഃ।
ശ്രീവേഷ്ടകനഖസ്പൃക്കാലവംഗപദ്മകൈരപി॥

൨൦൯- നാളികേരോത്ഭവസ്നേഹസ്തിലജോവാഥതൈഃപചേൽ।
പാനേചാഭ്യഞ്ജനേചാപിസ്നാനാംഭസ്തുകിരാടവൽ॥

തൊരായത്തിൻതൊലി ത്രിഫല പാച്ചോററിത്തൊലി എരട്ടിമധുരം ഇവ കഷായംവെച്ച അതിൽ പിച്ചകത്തില കരുമുരുക്കില ചെറുകടലാടി പുല്ലാനിത്തളിര ചെറുപ്പുടം ഇവ ഇടിച്ചപിഴിഞ്ഞെടുത്ത നീർ ചേൎത്ത പഴഞ്ചോറരി മുത്തങ്ങക്കിഴങ്ങ മഞ്ചട്ടിച്ചെപ്പോടി കുന്തുരുക്കം പെരുമരത്തൊലി മരമഞ്ഞൾത്തൊലി ഞാഴൽപ്പൂവ്വ തകരം ദേവതാരം മാഞ്ചി ചരളം ചന്ദനം തിരുവട്ടപ്പശ നാഗണം ചോനകപ്പുല്ല ഇലവംഗത്തൊലി കരിങ്ങാലിക്കാതല ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എള്ളെണ്ണയൊ ചേൎത്ത കാച്ചിഅരിച്ച സെവിപ്പിക്കയും തേപ്പിക്കയും ചെയ്ക- പാടക്കരപ്പന്ന പറഞ്ഞപ്രകാരം വെള്ളമുണ്ടാക്കി അതുകൊണ്ട കുളിപ്പിക്ക- ഇവ ചെയ്താൽ കക്കരപ്പൻ ശമിക്കും.

൨൧൦- യവാദീനാംവിസൎപ്പാണാംപ്രോക്താസ്സന്ത്യേകവിംശതേഃ
ഷണ്ണാമഥാവശിഷ്ടാനാംചികിത്സാവക്ഷ്യതേചിവ॥

യവവിസൎപ്പം മുതലായ ഇരുപത്തൊന്ന വിസൎപ്പങ്ങളുടെ ചികിത്സാ മുമ്പിലദ്ധ്യായത്തിൽ സംഗ്രഹിക്കപ്പെട്ടു ശിഷ്ടങ്ങളായ ആറ വിസൎപ്പങ്ങളുടെ ചികിത്സാ അനന്തരാദ്ധ്യായത്തിങ്കൽ പറയപ്പെടുകയും ചെയ്യും

ഇതി പാശാസ്യൊപനാമകരാമനന്ദനാഥപണ്ഡിത പാരശവെന്ദ്രകൃതൌ ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം ദ്വാദശസ്തബകോനാമദ്വാദശാദ്ധ്യായഃ

ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം
ത്രയോദശാദ്ധ്യായപ്രാരംഭഃ

തീക്കരപ്പന്റെ ചികിത്സാ

(അരച്ചുതേപ്പാൻ)

൧- നാളികേരസ്യദുഗ്ദ്ധേനപിഷ്ടാപാഠാഗ്രന്ഥികാതഥാ।
ലേപെനാഗ്നിവിസൎപ്പഘ്നീശമനെപ്രശസ്യതെ॥

തെങ്ങാപ്പാലിൽ തെച്ചിവേരിന്മേൽതൊലി അരച്ചു തേക്ക
൧- തീക്കരപ്പന ഇത ഏററവും നല്ലതാകുന്നു.

(ചന്ദനാദി കഷായം)

൨- ചന്ദനാഭീരുജീവന്തീവൃഷദ്രസ്പൃശ്യയഷ്ടിഭിഃ।
പടോലശാരിബാഭ്യാഞ്ചസിദ്ധഃകാഥസ്സിതാന്വിതഃ॥

ചന്ദനം ശതാവരിക്കിഴങ്ങ അടപതിയൻ കിഴങ്ങ ആടലോടത്തിൻവേര കൊടുത്തൂവവേര ഏരട്ടിമധുരം പടോലം നന്നാറിക്കിഴങ്ങ ഇവകൊണ്ട കഷായം വെച്ച പഞ്ചസാര മേമ്പൊടിചേൎത്ത സേവിപ്പിക്ക- തീക്കരപ്പൻ ശമിക്കും.

(സൂൎയ്യപൎണ്ണ്യാദി കഷായം)

൩- സൂൎയ്യപൎണ്ണീബലാദ്രാക്ഷാവൃഷവൃശ്ചീവതോയജൈഃ।
വൃശ്ചികാളീവിസപ്പാൎഷ്ണീമധുകൈശ്ചസുസാധിതഃ॥

കാട്ടുഴുന്നിൻവേര കാട്ടുപയററിൻവേര കുമ്പിൾ തൊട്ടിവേര ഉഴരകത്തിൻവേര ആടലോടത്തിൻവേര താമിഴാമവേര മുത്തങ്ങക്കിഴങ്ങ തേക്കടവേർ കരപ്പാമ്പട്ട ഏരട്ടിമധുരം ഇവകൊണ്ട കഷായം വെച്ച പഞ്ചസാര മേമ്പൊടിചേൎത്ത സേവി ിക്ക- തീക്കരപ്പൻ ശമിക്കും.

൪- അന്യദ്ദൎബ്ബുദമേവൊക്തംശസ്യതേത്രപരന്ത്വിദം।
സ്നാനാംലേപാദ്യുപാരന്തിദ്രള സിദ്ധംപ്രകല്പയേൽ॥

മേപ്പാളക്കരപ്പന്ന പറഞ്ഞതെല്ലാം തീക്കരപ്പന്നും നല്ലതാകും
൫- കുളിപ്പിപ്പാൻവെള്ളം ദേവതാരവും തെച്ചിയിലയുമിട്ട വെക്കുകയും വേണം.

(അഭീരുമധുകാദി തൈലം)

൬- അഭീരുമധുകാംഭോദബലാദേവാഹ്വചന്ദനൈഃ।
അമൃതാശാരിബാഭ്യാഞ്ച കഥിതെംഭസികല്പിതെ॥
൭- ത്രിഫലാവൈരിമൂലത്വക്സലിലോശീരചന്ദനൈഃ।
കുഷ്ഠനിശായുഗ്മകുഷ്ഠമഞ്ജിഷ്ഠാപത്മകൈഃ॥
൮- ക്ഷീരിദ്രുമപൎണ്ണീനീപശാകതൃണാദ്യൈഃ।
കതകാമയശൈലേയപ്രിയാളുസ്ഥിലവംഗകൈഃ॥
൯- മഞ്ജിഷ്ഠാസൂൎയ്യപൎണ്ണ്യലാഫലനീലീശ്ചസാധിതഃ।
നാളികേരാത്ഭവഃസ്നേഹഃപാനേചാഭ്യഞ്ജനേപിച।
൰- പ്രയുക്തോനാശയേദാശുനംഗംഭീരമതിദാരുണം।
ക്ഷിപ്രമേവശിലാമജ്ജാംസസിതാംവാനുശീലയേൽ॥

ശതാവരിക്കിഴങ്ങ ഏരട്ടിമധുരം മുത്തങ്ങക്കിഴങ്ങ കു

ന്തൊട്ടിവേര ദേവതാരം ചന്ദനം ചിററമൃത നന്നാറിക്കിഴങ്ങ ഇവ കഷായംവെച്ചു ത്രിഫല ഏകനായകത്തിൻവേര നാൽതൊലി ഇരുവേലി രാമച്ചം ചന്ദനം കസ്തൂരിമഞ്ഞൾ മരമഞ്ഞൾതൊലി തെങ്ങിൻപൂക്കുലയരി കച്ചൂരിക്കിഴങ്ങ നാല്പാമരത്തിൻതൊലി വെള്ളോടത്തൊലി കടമ്പിൻതൊലി തേക്കിൻതൊലി നാഗണം താള് മാതളത്തിൻകായയുടെയോട തേററാമ്പരല കൊട്ടം കന്മതം മുരളരത്തിൻകായയുടെ പരിപ്പ ഏലവംഗത്തൊലി മഞ്ചെട്ടിപ്പൊടി കാട്ടുഴുന്നിൻവേര കാട്ടുപയററിൻവേര ഏലത്തരി ഞാഴൽപ്പൂ ഇവ അരച്ചുകലക്കി വെളിച്ചെണ്ണചേർത്ത കാച്ചിയരിച്ചു സേവിപ്പിക്കയും തേപ്പിക്കയും ചെയ്ക ഗംഭീരമായിഅതിവർദ്ധനയോടുകൂടിയതിസാരത്തിൻ വേഗന ശമിക്കം — കന്മതം പഞ്ചസാര ചേർത്ത സേവിപ്പിക്കയുമാം.

മുഴക്കരപ്പന്റെ ചികിത്സാ

(അരച്ചുതേപ്പാൻ)

൮൦— ത്രികൂണാപിപ്പലീദേവദാരുശതാഹ്വാവചാദ്രുമാഃ|
ലിംപേദ്ഗൃഹാദിവിസപ്പഘ്നുസവിശംപാശിലാജതു॥

ദേവതാരമൊ ശതകുപ്പയൊ കട്ടക്കയൊ ചുക്കൊ കന്മതംഇവയൊ മോരിൽ അരച്ചുതേക്കുക — മുഴക്കരപ്പൻ ശമിക്കും —

(ത്രിഫലാദി കഷായം

൮൧— ത്രിഫലാപടോലദേവദാരുമുസ്താരിഷ്ടാമൃതാഗ്നിഭിഃ|
ഭാർങ്ഗീനാഗരഭൂനിംബകടുകാഭിശ്ച സാധിതഃ॥
൮൨— കഷായഃകാരവീചൂർണ്ണസഹിതോത്ര പ്രശസ്യതേ|
കൈശികീചൂർണ്ണയുക്തോ വാ പാഠാചൂർണ്ണയുതോഽപി വാ॥

ത്രിഫല പടോലം ദേവതാരം മുത്തങ്ങാക്കിഴങ്ങ വെപ്പിൻതൊലി രാമച്ചം കൊടുവേലിക്കിഴങ്ങ ചന്തിരങ്ങപ്പുഴം ചുക്ക പുത്തരിച്ചുണ്ടവേരിൻ നാൽതൊലി കടുകരോഹിണി ഇവ കൊണ്ടുകഷായംവെച്ചു കരിഞ്ചീരകമൊ മാശിക്കയൊ പാവയൊ മെളപ്പൊടി ചേർത്ത സേവിപ്പിക്ക — മുഴക്കരപ്പൻ ശമിക്കും.

(ആക്കരാഗാദി കഷായം)

൮൩— അക്കരാഗകണാദാരുജീരകത്രയയഷ്ടിഭിഃ|
വിളംഗധാന്യകൈലേന്ദ്രപാകുടജലഭാസപാകൈഃ॥
൮൪— പുഷ്കലായകമ്പാമൂലവിംകാകൃതകവേരിഭിഃ|

ദാരുനീരദനിർഗ്ഗുണ്ഡീമൂലനിംബനാഗാംബുഭിഃ॥
൧൫- ഉശീരശീതമഞ്ജിഷ്ഠാബൃഹതീസ്ഫോടകാസ്ഥിഭിഃ।
ഭൃംഗരാജവരീമൂർവ്വാവിശാലാളർക്കവല്ലരൈഃ॥
൧൬- കൈഡര്യ്യകരവീരാഘോണ്ടീശാരദായവൃഷാഗ്നിഭിഃ।
ത്രായമാണാപടോലാഗ്നിമന്ഥതാലദലൈരപി॥
൧൭- മധുസ്നുഹ്യാച സംസിദ്ധഃ കഷായഃ കൈശികീയുതഃ।
പാതവ്യോ മാരുതാനന്തസ്കന്ദാസ്രശാന്തിമിച്ഛുഭിഃ॥

അക്കാരിതെങ്ങ തിപ്പലി അത്തിതിപ്പലി ജീരകം കരിഞ്ചീരകം പെരിഞ്ചീരകം ഏരട്ടിമധുരം വിഴാലരി കൊത്തമ്പാലയരി ഏലത്തരി കാർകൊകിലരി കുടകപ്പാലയരി ചെറുപ്പുന്നയരി മുഞ്ഞപ്പീരകത്തിൻവേര വെളുത്തചെമ്പരത്തിവേര വശ്യം കതൈവെരുമ്മൽതൊലി ഏകനായകത്തിൻ വേരുമ്മൽ തൊലി ദേവതാരം മുത്തങ്ങക്കിഴങ്ങ കരിനൊച്ചിവേര വെപ്പിൻതൊലി ഇരുവേലി രാമച്ചം ചന്ദനം മഞ്ചട്ടിപ്പൊടി ചെറുവഴുതിനവേര പെരിൻകുരുമ്പരിപ്പ കഞ്ഞുണ്ണിവേര ശതാവരിക്കിഴങ്ങ പെരുംകുരുമ്പവേര കാട്ടുവെള്ളരിവേര വെളുത്തഎരുക്കിൻവേരുമ്മൽതൊലി കരുവേപ്പിൻതൊലി അലരിത്തൊലി വരട്ടുമഞ്ഞൾ മരമഞ്ഞൾതൊലി ആടലോടകത്തിൻവേര കൊടുവേലിക്കിഴങ്ങ ബ്രഹ്മി പടോലം മുഞ്ഞവേര കരിമ്പനക്കുമ്പ പാല ഇവകൊണ്ട കഷായംവെച്ച മാശിക്ക തേപ്പൊടി ചെർത്ത സേവിപ്പിക്ക. പ്രവൃദ്ധമായ മുഴക്കെപ്പുർ വെളഗണ ശമിക്കും.

(അമൃതാഭയാദി തൈലം)

൧൮- അമൃതാഭയയോഃ ക്വാഥസാന്ദ്രാവൃപരികല്പിതൈഃ॥
ഏലായഷ്ടിമിഷികുഷ്ഠതുരുഷ്കഫലിനീനഖൈഃ॥
൧൯- മാംസീമുസ്താനതസ്പൃക്കാജലധ്യാമകപത്രകൈഃ॥
ചോചസ്ഥൗണേയചോരാഖ്യവ്യാഘ്രീവന്ധ്യാപുനർന്നവൈഃ॥
൨൦- ജാതീശ്രീവേഷ്ടനിശ്വാസശുക്തിപുന്നാഗനാഗകൈഃ।
കുങ്കുമാഗരുതാലീസപത്രമല്ലസർജ്ജകൈഃ॥
൨൧- മധുസ്നുഹ്യാചസംസിദ്ധസ്സ്നേഹഃ കരഫലോത്ഭവഃ।
തിലജോ വാപി തദ്ഭ്രംശസ്നാനാംഭസ്ത്രിഫലാശ്രിതം॥

ചിറ്റമൃത കടുക്ക ഇവകൊണ്ട കഷായംവെച്ച അരിച്ച ഏലത്തരി ചിറ്റാവം കച്ചൂരിക്കിഴങ്ങ കൊട്ടം കുന്തുരുക്കം താഴൽ പച്ച നാഗണം മാഞ്ചി മുത്തങ്ങക്കിഴങ്ങ തകരം ചൊനക

പ്പുല്ല ഇരുവേലി നാന്മുകപ്പുല്ല പച്ചില ഏലവംഗത്തൊലി തുണിയാങ്കം ദേവതാരം പുലിച്ചുവടിയൻവേര ചിന്നക്കിഴങ്ങ തമിഴാമവേര ജാതിക്ക തിരുവട്ടപ്പശ നറുമ്പശ മുത്തുശിപ്പി പുന്നപ്പൂവ്വ നാകപ്പൂവ്വ കുങ്കുമം അകില താലീസപത്രം ഗുല്ഗുല്ല ചെഞ്ചല്യം പാവ ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചിയരിച്ച തേപ്പിക്ക- ത്രിഫലയിട്ട വെള്ളംവെച്ച അതുകൊണ്ട കുളിപ്പിക്ക- ഇവ ചെയ്താൽ മുഴക്കരപ്പൻ ശമിക്കും.

### ചെക്കരപ്പന്റെ ചികിത്സാ

### (അരച്ചുതേപ്പാൻ)

൨൧- അമൃതാരജസാസാദ്ധ്യംഭസ്മാമലകജംരജഃ॥
നാളികെരസ്യതൈലെനലിംപെൽകൎദ്ദമശാന്തയെ॥

ചിററമൃതിന്റെ ഊറലും നെല്ലിക്ക വറുത്തുപൊടിച്ച പൊടിയും സമമായി ചേൎത്ത തെങ്ങാപ്പാലിൽ അരച്ചുതേക്കുക- ചെക്കരപ്പൻ ശമിക്കും-

### (നിശാവല്ക്കാദി കഷായം)

൨൩. നിശാവല്കവൃഷാഭീരുനിശാഭ്രൂനിംബതോയദൈഃ।
വിശാലാമലകൊപെതൈഃ കഥശ്ച മധുമാൻഛിതഃ॥

മരമഞ്ഞത്തൊലി ആടലൊടത്തിൻവേര ശതാവരിക്കിഴങ്ങ വരട്ടുമഞ്ഞൾ പുത്തരിച്ചുണ്ടവേരു മ്മൽതൊലി കാട്ടുവെള്ളരിവേര നെല്ലിക്ക ഇവകൊണ്ട കഷായംവെച്ച തേൻ മെമ്പൊടിചേൎത്ത സെവിപ്പിക്ക- ചെക്കരപ്പൻ ശമിക്കും.

### (മധൂകപുഷ്പാദി കഷായം)

൨൩- മധൂകപുഷ്പമഞ്ജിഷ്ഠാമധുകാരിഷ്ടപപ്പടൈഃ॥
കദംബവിരളാവല്കദ്രുവ്യാമലകചന്ദനൈഃ॥
൨൪- ദാൎവ്വീകണാദലൈർലെയമൂലമുസ്തായശപ്പുനൈഃ।
ദ്രോണപുഷ്പിവൃഷോശീരപാഠാധാന്യയവാഷകൈഃ॥
൨൫- കൈശികീശാരിബാമന്ദപടൊലകടചാംബുഭിഃ॥
വരണാഞ്ജനഭൂനിംബകദളീപുഷ്പജൊംഗകൈഃ॥
൨൬- പാരന്തീകുസുമാളക്വിശാലാഭിശ്ചസാധിതഃ।
കഷായൊദാരുണെതസ്മിൻപാതവ്യാമാക്ഷികാന്വിതഃ॥

ഇരിപ്പപ്പൂവ്വ മഞ്ചട്ടിപ്പൊടി എരട്ടിമധുരം ചെപ്പിൻതൊലി പൎപ്പടം കടംപിൻതൊലി കഞ്ഞിക്കൊട്ടകത്തിൻവേരിന്മേൽ

തൊലി കടുക നെല്ലിക്ക ചന്ദനം മരമഞ്ഞൾത്തൊലി തിപ്പലി അത്തിത്തിപ്പലി മുക്കാപ്പീരകത്തിൻവേര മുത്തങ്ങക്കിഴങ്ങ പാലത്തൊലി ഇരിപ്പപ്പൂവ്വ ആടലോടകത്തിൻവേര രാമച്ചം പാടക്കിഴങ്ങ കൊത്തമ്പാലയരി കൊടുത്തൂവ്വവേര മാശിക്ക നന്നാറിക്കിഴങ്ങ പാവ്വള്ളിക്കിഴങ്ങ പടോലം കുടകപ്പാലയരി ഇരുവേലി നീർമാതളത്തിൻതൊലി നീർമരുതിൻതൊലി പുത്തരിച്ചുണ്ടവേര ഞാവൽതൊലി തെങ്ങിൻപൂക്കുലയരി അകില തെച്ചിപ്പൂവ്വ വെളുത്താവണക്കിൻവേര ഞാവൽതൊലി കാട്ടുവെള്ളരിവേര ഇവകൊണ്ടകഷായംവച്ച തേൻമേമ്പൊടി ചേർത്തുസേവിപ്പിക്ക- പ്രബലമായചെക്കരപ്പൻ ശമിക്കും.

(ബലാത്രയാദി തൈലം)

൨൮- ബലാത്രയാമൃതാദാരുവരീധാത്രീശൃതേജലേ।
ദ്രാക്ഷാകലിംഗവരണവരകന്യാദലോത്ഭവം।
൨൯- പാരന്തീകുസുമോത്ഥഞ്ച സംയോജ്യസ്വരസം പുനഃ।
കല്കിതൈസ്ത്വക്കുഷ്ഠൈലാഫലത്രയനിശാദ്വയൈഃ॥
൩൦- മധുകോശീരതക്കോലസലിലാംബുദചന്ദനൈഃ।
ശിംശപാസാരശൈലേയഖദിരൈശ്ച സുസാധിതഃ॥
൩൧- നാളികേരോത്ഭവസ്നേഹസ്ഥിലജോവാതദാഹനുൽ।
പാനാദഭ്യഞ്ജനാദ്ഗാത്രസ്നാനാദചിരമാശ്രുതം॥

കുറുന്തോട്ടിവേര വെൺകുറുന്തോട്ടിവേര ഊരകത്തിൻവേര ചിററമൃത ദേവതാരം ശതാവരിക്കിഴങ്ങ നെല്ലിക്ക ഇവകൊണ്ടകഷായംവെച്ചഅതിൽ കടുക കുടകപ്പാലത്തളിര നീർമാതളത്തില വെലിപ്പരുത്തിയില തെച്ചിപ്പൂവ്വ ഇവററിൻനീര ചേർത്ത കൊട്ടം ഏലത്തരി ത്രിഫല ചാട്ടുമഞ്ഞൾ മരമഞ്ഞത്തൊലി ഇരട്ടിമധുരം രാമച്ചം തക്കോലപ്പുട്ടിൽ ഇരുവേലി മുത്തങ്ങക്കിഴങ്ങ ചന്ദനം ഇരുമുള്ളിൻകാതല കന്മതം കരിങ്ങാലിക്കാതല ഇവഅരച്ചുകലക്കി എണ്ണയൊ വെളിച്ചെണ്ണയൊ ചേർത്ത കാച്ചിയരിച്ച സേവിപ്പിക്കയും തേപ്പിക്കയും ചെയ്യുക ഞെരിഞ്ഞിൽക്കൊട്ടകത്തിലഇട്ട വെള്ളംവച്ച അതുകൊണ്ടകുളിപ്പിക്കുക ഇവചെയ്താൽചെക്കരപ്പൻശമിക്കും.

ഇടിവാൾക്കരപ്പന്റെ ചികിത്സാ

൩൨- ഇല്ല്യകന്ദൈക്ഷവൈലജ്ജാതമാശനിംബരതസ്യജൽ।
ഇരമ്മദമിവാംഭോദൈർദ്ദീപ്യതെയദുപക്രമൈഃ॥

വാതപിത്തകഫങ്ങൾ തുല്യമായി കോപിക്കനിമിത്തമായിട്ടു ഉണ്ടായ ഇടിവാൾക്കരപ്പന ചികിത്സിക്കാതെ ഇരിക്കയത്രെ വേണ്ടത — എന്തുകൊണ്ടെന്നാൽ ആയതു ഇടിത്തീയ്യു ജലവഷം കൊണ്ടു ജ്വലിക്കുന്നതുപോലെ ചികിത്സകൾകൊണ്ടു ജ്വലിക്കയെന്നല്ലാതെ ശമിക്കയില്ല ഇതത്രെ ഇവിടെ നിമിത്തമാകുന്നത —

൩൩— അന്യസ്ത്യയുക്ത്യാ സംസിദ്ധാ ഘോരാഷാ ധൌമ്യാജിതാശ്ചി
കാൽ। കശ്ചിൽപ്രശാമ്യേൽസർവ്വാപിയാപ്യാഭവതി വത്സരഃ॥

പ്രകാരാന്തരെണ സംഭവിച്ചതായാൽ നല്ല പന്നാസിദ്ധങ്ങളായ ഔഷധങ്ങളെ യുക്തിയെ അനുസരിച്ചു പ്രയോഗിച്ചാൽ വളരെക്കാലംകൊണ്ടു ഒന്നു ശമിച്ചു എന്നു വരാം— വളരെ യത്നം ചെയ്യാൽ അധികമായ ഉപദ്രവംകൂടാതെ കഴിഞ്ഞുകൂട അതകചിധത്തിലാകയും ചെയ്യും.

(അരച്ചുതേപ്പാൻ)

൩൪— അജയാകരവീരാസ്ഥിശാരിബാചന്ദനൈസ്തഥാ।
തക്രപിഷ്ടൈസ്സമാലിംപേൽഗ്രന്ഥിം വാതോത്ഥിതാം।

വാതാധികമായ ഇടിവാൾക്കരപ്പന കട്ടാമ്പ അലരിക്കുരു നന്നാറിക്കിഴങ്ങു നിർമാതളത്തിൻതൊലി ഇവ മോരിൽ അരച്ചുതേക്കുക—

൩൫— അമൃതാമലകാംഭോരുജഃ ചാരന്തികാതഥാ।
നാളികേരസ്യവൃദ്ധസ്യ നലിംപേൽപിത്താധികെത്വതു॥

പിത്താധികമായ ഇടിവാൾക്കരപ്പന ചിറ്റാമൃത നെല്ലിക്ക മുത്തങ്ങക്കിഴങ്ങു ഇവററിന്റെ ഊരൽ തെങ്ങിൻചെമ്മൻതോലി ഇവ തെങ്ങാപ്പാലിൽ അരച്ചുതേക്കുക—

൩൬— കൈശികീവിരളാവസ്ത്രകാരവീരൈദ്യാങ്ങളിഃ।
കിംശുകസാരസെസപിഷ്ടൈഃ പ്രലെപ ചാത്ര കഫാധികെ॥

മാശിക്കകഞ്ഞിക്കൊട്ടത്തിൽ വെളമ്മൻതൊലി കരിഞ്ചീരകം ദേവതാരം ഇവ കരുമുക്കിലനീരിൽ അരച്ചുതേക്കുക— ഇത കഫാധികമായ ഇടിവാൾക്കരപ്പന ചെയ്യേണ്ടതാകുന്നു.

൩൭— വാതപിത്താധികെതത്രതിപാലീതന്ത്രികാരജഃ।
ശതാഹ്വാസഹിതം പിഷ്ട്വാലേപ്യാന്നാലെപഃ ഇഷ്യതെ॥

വാതപിത്താധികമായ ഇടിവാൾക്കരപ്പന നിലമ്പരണ്ട ചിററമൃതിന്റെ ഊരൽ ശതകുപ്പ ഇവ തൈർ വെള്ളത്തിൽ അരച്ചുതേക്കുക.

൩൮— സ്ഥൗണേയ ജയാസ്ഥീനിപിഷ്ടാധാന്യാമ്ലവാരി

ണാ। പ്രലേപശ്ശസ്യതേ തത്ര സമീരണകഫാധികേ॥

വാതകഫാധികമായ ഇടിവാൾക്കരപ്പന്ന ഉണ്ണിയാകം കട്ടക്കൊരു ഇവ കാടിയിൽ അരച്ചു തേക്കുക.

൩൯- കടുകാമലകാകഷ്ഠാസരിഖദിരൈർമ്മധുപേഷിതൈഃ।
കഫപിത്താധികേ ത്രേപ്രലേപസ്സുമനഃപരം॥

കഫപിത്താധികമായ ഇടിവാൾക്കരപ്പന്ന കടുകരോഹിണി നെല്ലിക്ക താന്നിക്കത്തോടു കരിങ്ങാലിക്കാതല ഇവ തേനിൽ അരച്ചു തേക്കുക.

(അഗ്നിമന്ഥാദി കഷായം)

൪൦- അഗ്നിമന്ഥാശ്മഭിത്പാഠാപടോലകടുകാംബുദൈഃ।
ദേവദാരുസമൈസ്സിദ്ധഃ ക്വാഥോ വാതാധികേ ഹിതഃ॥

മുഞ്ഞവേര കട്ടക്ക പാടക്കിഴങ്ങ പടോലം കടുകരോഹിണി മുത്തങ്ങാക്കിഴങ്ങ ഇവ സമം ഒക്കക്കൂടിയെടത്തോളം ദേവതാരം ഇങ്ങിനെ ചേർത്ത കഷായം വെച്ചു ജീരകം മുതലായ വാതശമനൌഷധങ്ങൾ മേമ്പൊടിചേർത്ത സേവിപ്പിക്ക വാതാധികമായ ഇടിവാൾക്കരപ്പൻ ശമിക്കും.

(മൃണാളാദി കഷായം)

൪൧- മൃണാളമധുകോശീരവരീക്ഷീരിദ്രുവല്കലൈഃ।
ധാത്രീഗുളൂചീതുല്യാംശൈഃ ക്വാഥഃ പിത്താധികേ ഹിതഃ॥

താമരവളയം ഇരട്ടിമധുരം രാമച്ചം ശതാവരിക്കിഴങ്ങ നാല്പാമരത്തിൻതൊലി ഇവ സമം നെല്ലിക്ക ചിറ്റമൃത ഇവ അതിൽ പകുതിയും ഇങ്ങിനെ കഷായം വെച്ചു പഞ്ചസാര മുതലായവ മേമ്പൊടിചേർത്ത സേവിപ്പിക്ക- പിത്താധികമായ ഇടിവാൾക്കരപ്പൻ ശമിക്കും.

(അരുഷ്കരാദി കഷായം)

൪൨- അരുഷ്കരവിശാലത്വഗ്ഗവാക്ഷീശാലധാന്യമുസ്തകൈഃ।
ആരഗ്വധത്വക്തുല്യാംശൈഃ ക്വാഥഃ ശസ്തഃ കഫാധികേ॥

ചേർക്കുരു പാലത്തൊലി കാട്ടുവെള്ളരിവേര കൊത്തമ്പാലയരി മുത്തങ്ങക്കിഴങ്ങ ഇവ സമം ഒക്കക്കൂടിയെടത്തോളം കൊന്നവേരുമേൽതൊലി ഇങ്ങിനെകൂട്ടി കഷായം വെച്ചു തേൻമുതലായവ മേമ്പൊടിചേർത്ത സേവിപ്പിക്ക- കഫാധികമായ ഇടിവാൾക്കരപ്പൻ ശമിക്കും.

(ബലായഷ്ട്യാഹ്വയാദി കഷായം)

൪൩- ബലായഷ്ട്യാഹ്വയാനന്താദ്രാക്ഷാബിംബീവൃഷപല്ലവൈഃ।
പടോലാമൃതയോസ്സൂക്ഷ്മൈർവ്വാതപിത്താധികേ ശ്രുതഃ॥

കരിന്തൊട്ടിവെര ഇരട്ടിമധുരം മുത്തങ്ങക്കിഴങ്ങ പൂത്തരിച്ചുണ്ടവെരു അമ്മൻതൊലി അടലൊടകത്തിൻവെര പർപ്പടം ഇവ സമം പടൊലം ചിററമൃത ഇവ അതിൽ പകുതിയ്ക്കു ഇങ്ങിനെ വെച്ച കഷായം വച്ച നെയ്യുമുതലായവ മെമ്പൊടി വെച്ചു സെവിപ്പിക്ക- വാതപിത്താധികളായ ഇടിവാൾക്കരപ്പൻ ശമിക്കും.

(ഏലാദി കഷായം)

൬൪- ഏലാവിളംഗകുടജചന്ദ്രനഖാബ്ദധാന്യകൈഃ।
ജ്യൊതിഷ്മതീസമാനാംശൈഃ കഷായൊ വാതകഫാധികെ॥

ഏലത്തരി വിഴാലരി കുടകപ്പാലയരി കാർകൊകിലരി മുത്തങ്ങക്കിഴങ്ങ കൊത്തമ്പാലയരി ഇവ സമം ഒക്കെക്കൂടിയെടത്തൊളം ചെറുപ്പുന്നയരി ഇങ്ങിനെ വെച്ച കഷായം വച്ച ഉള്ളിമുതലായവ മെമ്പൊടിചെർത്ത സെവിപ്പിക്ക- വാതകഫാധികമായ ഇടിവാൾക്കരപ്പൻ ശമിക്കും.

(നിംബാമലകാദി കഷായം)

൬൫- നിംബാമലകപാഠാംബുസലിലൊശീരചന്ദനൈഃ।
ശിംശപാസാരതുല്യാംശൈഃ കഷായഃ പിത്തകഫാന്തരെ॥

വെപ്പിൻതൊലി നെല്ലിക്ക പാടക്കിഴങ്ങ മുത്തങ്ങക്കിഴങ്ങ ഇരുവെലി രാമച്ചം ചന്ദനം ഇവ സമം ഒക്കെക്കൂടിയെടത്തൊളം ഇരുമുള്ളിൻകാതൽ ഇങ്ങിനെ വെച്ച കഷായം വച്ച തെൻമുതലായവ മെമ്പൊടിചെർത്ത സെവിപ്പിക്ക- പിത്തകഫാധികമായ ഇടിവാൾക്കരപ്പൻ ശമിക്കും.

(ത്രിവിക്രമതൈലം)

൬൬- ബലാമൃതാസ്ഥിരാദ്രാക്ഷാപടൊലസ്യാമ്ബീജകന്ദകൈഃ।
സിദ്ധെകഷായെ പ്രസ്ഥാക്ഷെ പചെതസാർദ്ധദൊനചിതാൻ॥

൬൭- കദളീപുഷ്പസപ്തച്ഛ്ലീളജംഗലതികാദ്യതാൻ।
സ്വരസം ചെചകിപത്രാദാദായാനെനനയൊജിതെ॥

൬൮- കല്ലിതൈല്ലൊത്ഭെസെരെയരാസ്നാമിസിനതാമയൈഃ।
ഹിമത്രയജലൊശീരയഷ്ടിഭിഃ കുഷ്ഠിഭിസ്ത്രിഭിഃ॥

൬൯- ഏലാവിളംഗപത്രൈത്വൿചകചൈഃ കെശരഹൈലൊദ്ധ്രവൈഃ।
സ്നെഹസൈസ്സലാജ്യമധുയംഗൈസ്സമ്മിതഃ പാനകർമ്മണാ॥

൭൦- അംശന്നിംനാശയെൽക്ഷിപ്രമരുനിഃ പവൃത്താനിവ।
ത്രിവിക്രമാഹ്വയം തൈലമിദം ശൈഖളെന ഭാഷിതം॥

കരിന്തൊട്ടിവെര ചിററമൃത ഓരിലവെര മൂവിലവെര അടപതിയൻകിഴങ്ങ ശതാവരിക്കിഴങ്ങ ഇവകൊണ്ടു കഷായം വ-

ച്ച അതിൽ പുണ്ഡരീകക്കാമ്പ ഞെരിഞ്ഞാമ്പുളിയില തെങ്ങിൻപൂക്കുലയരി കരളകത്തില കൊടിഞ്ഞാലി കടുക്കമരത്തിൻ്റെഇല ഇവററിൻനീർചെൎത്ത ദെവതാരം കരിങ്കുറിഞ്ഞിവെര അരത്ത ശതകുപ്പ തകരം കൊട്ടം ചന്ദനം രക്തചന്ദനം പീതചന്ദനം ഇരുവെലി രാമച്ചം എരട്ടിമധുരം ത്രികടു ഏലത്തരി വിഴാലരി പച്ചില ഇവ അരച്ചുകലക്കി വെളിച്ചെണ്ണ ചെൎത്ത വെളിച്ചെണ്ണയുടെ മൂന്നിൽ ഒരുഭാഗം എണ്ണയും അത്ര നെയ്യും അത്ര തൈരും ചെൎത്ത കാച്ചിയരിച്ച സെവിപ്പിക്ക ഇടിവാൾക്കരപ്പൻ കാലതാമസംകൂടാതെ ശമിക്കും- ഇതിന്ന ത്രിവിക്രമതൈലമെന്ന പെരാകുന്നു- ഇത ചരകാചാൎയ്യനാൽ പറകപ്പെട്ടതാകുന്നു- അതുകൊണ്ട ഇതിന്ന പറഞ്ഞ ഫലത്തിന്ന നീക്കംവരുമൊ എന്ന സംശയംകൂടെ ആൎക്കും യുക്തമല്ല.

(ബലാരാസ്നാദി തൈലം)

൩൧- ബലാരാസ്നാമൃതൈരണ്ഡയഷ്ടിനിൎയ്യാസസാധിതഃ।
ഫലത്രയേണൈകരസ്യസ്നേഹസ്ഥലജമേവ വാ॥
൩൨- അഭ്യംഗായപ്രശസ്തസ്ത്രിഫലത്രയശൃതംജലം।
സ്നാനായ മാധവധാത്രീഫലസ്ഥഘനായസാധിതം॥

കുറുന്തോട്ടിവെര അരത്ത ചിററമൃത എരട്ടിമധുരം ഇവകഷായംവെച്ച ത്രിഫല അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്ത കാച്ചിയരിച്ച തെപ്പിക്ക- ത്രിഫലയിട്ടിട്ടൊ നെല്ലിക്ക ഉണിയാങ്കാ ഇവയിട്ടിട്ടൊ വെള്ളംവെച്ച അതുകൊണ്ട കുളിപ്പിക്ക- ഇവ ചെയ്താൽ ഇടിവാൾക്കരപ്പൻ ശമിക്കും.

ചൊരക്കരപ്പൻ്റെ ചികിത്സാ

(അരച്ചുതെപ്പാൻ)

൩൩- തക്രബന്ധൂകചോരന്തീപൃഷ്ണിപൎണ്ണീമുദ്ഗവാഹിനീനാംപ
ക്ത്വാചാവിഷ്ടാനമാലെപൊരക്തെസ്സ്പവിനാശസ്യതെ॥

ചെമ്പരത്തിപ്പൂവ തെച്ചിപ്പൂവ ഇവ മന്ദാഗ്നികൊണ്ട മൊരിൽ പുഴുങ്ങി അരച്ച തെക്കുക- ചൊരക്കരപ്പൻ ശമിക്കും.

൩൪- ക്ഷീരിദ്രുകിംശുകാളക്ദ്രൈവ്യാപാരന്തീകൊരണ്ടവാൻ। പല്ല
വാൻവാസമ ഏതാസ്രപ്രാഗചാൽപിഷ്ടാപ്രലെപയെൽ॥

നാല്പാമരത്തിൻതളിര കരുവകത്തിൻതളിര നാഴൂത്തിനിതളിര കാകത്തളിര തെച്ചിത്തളിര ഇവ മൊരിൽ പുഴുങ്ങി അരച്ച തെക്കുകയുമാം

(പാരന്തീമുകുളാദി കഷായം)

൩൭- പാരന്തീമുകുളാംബുദോശീരഭൂനിംബവത്സകൈഃ। വിശാ
ലാജൈർ വരീസംയുതൈഃ കാഥോ ലോകഷായതോ ഹന്തി॥

തെച്ചിമൊട്ട് മുത്തങ്ങക്കിഴങ്ങ് രാമച്ചത്തൊലി പുത്തരിച്ചുണ്ടവേരിന്മേൽത്തൊലി കുടകപ്പാലയരി കാട്ടുവെള്ളരിവേര് ...കനായകത്തിന്മേൽ വേരിന്മേൽത്തൊലി ഇവകൊണ്ടു കഷായം വെച്ചു കൊലരക്ക മലർപ്പൊടി മേമ്പൊടി ചേർത്ത് സേവിപ്പിക്ക- ഛോരക്കാരപ്പുൻ ശമിക്കും.

(ജപാമൂലാദി കഷായം)

൩൮- ജപാമൂലബലാശീരസ്ഥിരാമന്ദപുനർന്നവാഃ।
അംബുജംവൃശ്ചനിംബോശ്വത്ഥക്ഷീരിദ്രുചച്ഛദൈഃ॥
൩൯- ശാരിബാവിംബസ്രുൾപാരന്തീമുകുളൈരപി।
സിദ്ധോലാകഷായോരക്തസ്രാവശമനഃപരഃ॥

വെള്ളത്താമരവേര് കുറുന്തോട്ടിവേര് രാമച്ചം ഓരിലവേര് മുത്തിൾവേര് തഴുതാമവേര് അംബുജത്തിൻതൊലി ഞാവൽത്തൊലി പുത്തരിച്ചുണ്ടവേരിന്മേൽത്തൊലി മരുതത്തൊലി നാല്പാമരത്തിന്മേൽതൊലി നന്നാറിക്കിഴങ്ങ് വേപ്പിൻതൊലി കൊടുവേലിവേര് തെച്ചിമൊട്ട് ഇവകൊണ്ടു കഷായം വെച്ചു കൊലരക്ക പഞ്ചസാര ഇവ മേമ്പൊടി ചേർത്ത് സേവിപ്പിക്ക- പ്രബലമായ ഛോരക്കാരപ്പുനും വല്ലവണ്ണവും ശമിക്കും.

൪൦- അന്യാശ്ച പിത്തവിസർപ്പോക്തസർവ്വമന്ത്രാപി യോജയേൽ। യാവൃത്താന്തരസന്താപചികിത്സാ യമനാരതം॥

ചെറിയ മുതലായ പിത്തവിസർപ്പങ്ങളുടെ ചികിത്സയിൽ പറഞ്ഞത് എല്ലാമെങ്കിലും ഛോരക്കാരപ്പുൻ വിട്ടുപോകാത്തതാകയാൽ മേൽപറഞ്ഞ ചികിത്സകൾ നിരന്തരമായി ചെയ്തുകൊണ്ടിരിക്കണം.

മിള്ളിക്കരപ്പിന്റെ ചികിത്സ

(അരച്ചുതേപ്പാൻ)

൪൧- പട്ടുഗന്ധാംബരാവിഷ്യധാന്യമെല്ലാമുല്ലേഖനം। ഉലെപഷ്ടിസ്സാകശസ്ഥകരഞ്ജ താപാമവചാ॥

വെള്ളത്തുവള്ളിസമൂലം അരിക്കാടിയിൽ അരച്ചു കുളിപ്പിക്ക— മിള്ളിക്കരപ്പിന്ന കാരണമായ വിഷം ശമിക്കും.

(മേഘനാദാദി കഷായം)

൩൦- മെഘനാദകരഞ്ജത്വഗ്ഗ്രീവിപ്പ്ലനിശാദ്വയൈഃ।
അരിഷ്ടവല്ക്കസപ്തഷ്ണീമൂലാഖ്യാസ്ഥശൃതംജലം॥
൩൧- പായയെൽസപ്പിഷായുക്തം തൈതൈയോഗാവൃദാഗ്ഗ
തൈ! ശല്യകൊത്ഭവംബീജന്യവിഷസ്യവിനിവൎത്തകെ॥
ചെറുചീരവെര ഉങ്ങിൻതൊലി അമരിവെര വരട്ടുമഞ്ഞ
ൾ മരമഞ്ഞൾതൊലി വെപ്പിൻതൊലി കരളകത്തിൻവെര ഇ
വകൊണ്ടു കഷായംവെച്ചു നെയ്യ മേമ്പൊടിചെൎത്ത സെവിപ്പി
ക്ക- മുൻപറഞ്ഞ ലെപനവും ഠാ കഷായവും ശല്യകവിസൎപ്പ
ത്തിന്ന കാരണമായ വിഷത്തെ ശമിപ്പിക്കും-
൩൨- വിഷനിവൃത്തെത്രപൂൎവ്വാനെതായഥാദോഷമുപക്രമഃ।
സൎവ്വാപ്യത്രാന സന്ധെയഃകിമിന്ന്യദവശിഷ്യതെ॥
വിഷത്തിന്ന നല്ലവണ്ണം നിവൃത്തിവന്നാൽ ദോഷകോപ
ത്തെ പരീക്ഷിച്ചു അറിഞ്ഞു അതാതുദോഷംകൊണ്ടു ഉണ്ടാകുന്ന
വിസൎപ്പങ്ങൾക്ക മുൻപറഞ്ഞ പ്രകാരമുള്ള ചികിത്സകളെ ദോ
ഷാനുസാരെണ ഇതിന്നും ചെയ്യു എന്നല്ലാതെ ഇവിടെ ഒരുവി
ശെഷവും അവശ്യമായി പറയെണ്ടതായി കാണപ്പെടുന്നില്ല-
൩൩- ഏകപഞ്ചാശതാപ്യെതാവിസൎപ്പാണാമുപക്രമഃ।
തത്തദ്ദോഷാനുരോധെനനിബന്ധനെയതാമയാ॥
ഇത്രമാത്രമുള്ള പ്രകരണംകൊണ്ടു അമ്പത്തൊന്ന വിസൎപ്പങ്ങ
ൾക്കും ദോഷാനുരോധെന ചികിത്സകൾ എന്നാൽ പറകപ്പെ
ട്ടു ഇതിനെക്കാൾ അധികമായി ഗ്രഹിക്കെണ്ടവർ പൂൎവ്വശാസ്ത്ര
ങ്ങളിൽനിന്ന ഗ്രഹിച്ചുകൊൾകയും ചെയ്യുമല്ലൊ-

ഇതി വാഗ്ഭടോപനാമക രാമനാഥപണ്ഡിത

പാരശവചന്ദ്രകൃതാ ആരോഗ്യകല്പദ്രുമെ ബാല

ചികിത്സായാം ത്രയോദശസ്തബകൊ

നാമത്രയോദശാദ്ധ്യായഃ

## ആരൊഗ്യകല്പദ്രുമെ ബാലചികിത്സായാം.

### ചതുൎദ്ദശാദ്ധ്യായപ്രാരംഭഃ

### വിസൎപ്പസാമാന്യചികിത്സാം

### (ക്ഷീരിദ്രുപല്ലവാദി ലെപനം)

൧- ക്ഷീരിദ്രുപല്ലവാംഭോദപാരന്തീമൂലവല്ക്കലം।
കുഷ്ഠയഷ്ട്യാഹ്വയൊപെതംവിപദ്യാദധിമസ്തുനാ॥
൨- പിഷ്ടാലെപനകൎമ്മാദൌവിസൎപ്പെഷുപ്രശസ്യതെ।
സൎവ്വെഷ്വപപ്രഭാവൊത്രഹെതുഃഫലനിദൎശിതഃ॥

നാല്പാമരത്തിൻതളിര മുത്തങ്ങക്കിഴങ്ങ തെച്ചിവെരുമ്മൽതൊലി കൊട്ടം എരട്ടിമധുരം ഇവ തയിർവെള്ളത്തിൽ പുഴുങ്ങിയരച്ച തെക്കുക- എല്ലാ വിസൎപ്പങ്ങളും ശമിക്കും. ഈ ലെപനം എല്ലാവിസൎപ്പങ്ങൾക്കും ശമനമായത എങ്ങിനെയെന്നാൽ ഔഷധപ്രഭാവംനിമിത്തമായിട്ടുതന്നെ എന്നുള്ള സമാധാനം ഫലാധാൎത്ഥനാൽ കാണിക്കപ്പെട്ടിരിക്കുന്നു എന്ന അറിഞ്ഞുകൊൾകയും വെണം.

### (മഞ്ജിഷ്ഠാദി ലെപനം)

൩- മഞ്ജിഷ്ഠാകുഷ്ഠയഷ്ട്യാഹ്വലാക്ഷാവൎണ്ണാവതീതഗം।
വികങ്കതകവെരിതഗശയോശാരിബാന്വിതാഃ॥
൪- നാളികെരസ്യമൂലശ്ചഗന്ധപിഷ്ടാകിംശുകപത്രജ।
രസഞ്ചതത്രസംയൊജ്യലിംപെൽദാഹപരിമൎദ്ദിതാഃ॥

മഞ്ചട്ടിപ്പൊടി കൊട്ടം എരട്ടിമധുരം കൊലരക്ക വെള്ളാരത്തൊലി വെഷ്ണംകതവെരുമ്മൽതൊലി ഏകനായകത്തിൻവെരുമ്മൽതൊലി കടുക്ക നറുനീണ്ടിക്കിഴങ്ങ ഇവ തെങ്ങാപ്പാലിൽ അരച്ച കരുമുരുക്കിലനീര വീഴ്ത്തിഉരസിച്ചെൎത്ത പുരട്ടുകയുമാം.

### (തിലകതഗാദിലെപനം)

൫- തിലകതഗരാലൊദ്ധ്രശിരീഷാക്ഷാസ്ഥിശാരിബാഃ।
ശാകപത്രരസെപകൎാപിഷ്ടാസംയൊജ്യസൎപ്പിഷാ॥
൬- കൎക്കടാസ്ഥ്യമവെണാപിമൎദ്ദനാന്നിഷ്ജ്വലീകൃതാഃ।
പ്രലിംപെത്തീവ്രദാഹെഷുസൎവ്വെഷുപ്രബലെഷുച॥

മയിലെള്ളിൻതൊലി ത്രിഫല പാച്ചോറ്റിക്കുരു വാകകുരു താന്നിക്കക്കുരു നന്നാറിക്കിഴങ്ങ ഇവ തെക്കിൻകുമ്പിൻതൊ

നീരിൽ പുഴുങ്ങിയരച്ച നെയ്യുംകോഴിമുട്ടയുടെ വെള്ളയും ചെ
ൎത്ത ഉരസി നീരറുത്തഅധികമായ നീരോടുകൂടിയവിസൎപ്പങ്ങ
ൾക്കുംപ്രബലങ്ങളായഎല്ലാവിസൎപ്പങ്ങൾക്കും തെക്കുക.എന്നാ
ൽഅവകൾ ശമിക്കും.

(കൈശികീമധുകാദി കഷായം)

൭. കൈശികീമധുകദ്രാക്ഷാമധൂകമഗധോത്ഭവൈഃ।
കോശാതകീയുഗാംഭോദപാഠാദുസ്പൎശപൎപ്പടൈഃ॥
൮. പാരന്തികുഫളീപുഷ്പദാൎവ്വീഭിശ്ചശൃതംജലം।
കാരവ।മധുസംയുക്താവിസൎപ്പകുലനാശനം॥

മാശിക്ക,എരട്ടിമധുരം,മുന്തിരിങ്ങപ്പഴം, ഇരിപ്പക്കാതൽ, തി
പ്പലി,പുട്ടൽപീരകത്തിൻവേര,ചെറുചിരകത്തിൻവേര,മുത്തെ
ങ്ങക്കിഴങ്ങ പാടക്കിഴങ്ങ,കൊടിത്തുവവേര,പൎപ്പടം, തെച്ചിപ്പൂ
വ്വ,തെങ്ങിൻപൂക്കുലയരി, മരമഞ്ഞത്തൊലി ഇവകൊണ്ടു ക
ഷായംവെച്ച കരിഞ്ചീരകം, തെൻ ഇവ മെപ്പൊടിചേൎത്തസെ
വിപ്പിക്ക. എല്ലാവിസൎപ്പങ്ങളും ശമിക്കും

(അമൃതോശീരാദി കഷായം)

൯. അമൃതൊശീരപാഠാബ്ദഭൂനിംബവൃഷപൎപ്പടൈഃ॥
മൂൎവ്വാശമ്യാകമൂലതാ ഗഭയാരജനീദ്വയൈഃ।
൧൦. സപ്തച്ഛദകദംബാൎക്കനക്തമാലവികംകതൈഃ।
വിരളാമലകീവൈരിജംബൂദ്വയകപീതനൈഃ॥
൧൧. ദ്രൊണപുഷ്പവിസൎപ്പഘ്നീപാരന്തീമുകുളാഞ്ജനൈഃ।
ജ്യൊതിഷ്മതീന്ദുരെഖൈലാവിളംഗകുടചാംബുഭിഃ॥
൧൨. ധനികാശിശിരദ്വന്ദ്വജീരകത്രയനാഗരൈഃ।
ത്രായമാണാവിശാലാൎക്കാരഗകൊശാതകീദ്വയൈഃ॥
൧൩. ശാരിബാകുഫളീപുഷ്പശിംശപാകതകാസ്ഥിഭിഃ।
കൈശികീകടുകാകൌന്തീപത്മകൊഗ്രാസനൈരപി॥
൧൪. സിദ്ധഃകഷായൊമധ്വാഢ്യോ മധുസ്സൂഹ്വായുതൊപിവാ।
മധുസ്നുഹിമധുഭ്യാംവായുതസ്സ്വെഷുഹിതഃപരം॥

ചിററമൃത്,രാമച്ചം, പാടക്കിഴങ്ങ,മുത്തങ്ങക്കിഴങ്ങ, പുത്തരി
ച്ചുണ്ടവേരുമ്മൽതൊലി,ആടലോടത്തിൻവേര പൎപ്പടം, പെരു
ങ്കുരുമ്പവേര,കൊന്നവേരിന്മേൽതൊലി,കടുക്ക, വരട്ടുമഞ്ഞൾ,
മരമഞ്ഞത്തൊലി,പാലത്തൊലി, കടമ്പിൻതൊലി, വെളുത്ത
എരുക്കിൻവേരിന്മെൽതൊലി,ഉങ്ങിൻതൊലി, വയ്യങ്കതവേരു
മ്മൽതൊലി. കഞ്ഞിക്കൊട്ടത്തിൻവേരുമ്മൽതൊലി നെല്ലി
ത്തൊലി, ഏകനായകത്തിൻവേരുമ്മൽതൊലി, ഞാവൽതൊ

ലി, ഞാറവേരുമ്മൽതൊലി, കല്ലാലിൻതൊലി, തുമ്പപ്പൂവ്വ, കരപ്പാമ്പട്ട തെച്ചിമൊട്ട, നീർമരുതിൻതൊലി, ചെറുപ്പുന്നയരി കാർകൊകിലരി, ഏലത്തരി വിഴാലരി, കുടകപ്പാലയരി, ഇരുവേലി, കൊത്തമ്പാലയരി, ചന്ദനം, രക്തചന്ദനം, ജീരകം, കരിഞ്ചീരകം, പെരുഞ്ചീരകം, ചുക്ക, ബ്രഹ്മി, കാട്ടുവെള്ളരിവേര, അക്കുരാരിത്തെങ്ങ, പുട്ടൽപീരകത്തിൻവേര, ചെറുപാരകത്തിൻവേര, നന്നാറിക്കിഴങ്ങ, തെങ്ങിൻപൂക്കുലയരി, ഇരുമുള്ളിൻകാതല, തൊറാമ്പരല, മാശിക്ക, കടുകരോഹണി, അരെണകം പതിമുകം, വയമ്പ, വേങ്ങക്കാതല, ഇവകൊണ്ടു കഷായംവെച്ച തേനൊ പാവൊ പാവ, തേൻഇവയൊ മേപ്പൊടിചേൎത്ത സേവിപ്പിക്ക. എല്ലാവിസൎപ്പങ്ങളും ശമിക്കും.

(താലീസപത്രാദി കഷായം.)

൧൫. താലീസപത്രപത്രാക്ഷധാത്രീഹൈമവതീഫലൈഃ।
ദീപ്യകയവിസൎപ്പഘ്നീജീരകത്രയവാലുകൈഃ॥

൧൬. സഹദേവീഹരിക്രാന്താത്രിപാദീശക്രവല്ലിഭിഃ।
മത്സ്യാക്ഷീഭൃംഗരാജാഭ്യാംഗൊവൎദ്ധന്യാചശുന്ദ്രയാ॥

൧൭. അമൃതാസൊമകുശ്മാണ്ഡിപടൊലീകാണ്ഡകൈരപി।
ശാരിബാത്രയജീവന്തീജലദാഭിരുകന്ദകൈഃ॥

൧൮. വിശാലേക്ഷുകാകുദൂസ്സശ്മൂൎവ്വാകൊശാതകീദ്വയൈഃ।
ശമ്യാകവരണാരിഷ്ടശാരടീവണ്ണിനീദ്വയൈഃ॥

൧൯. സുഷവീകിംശുകദന്ദദൂൎവ്വാമ്രബകുളച്ഛദൈഃ।
നന്ദ്യാവൎത്തവടാശ്വത്ഥജലജത്രയകുഡ്മളൈഃ॥

൨൦. ഫലിനീചംപകദ്രൊണപാരന്തീദ്വീജവൃക്ഷജൈഃ।
കുസുമൈശ്ചപലാശസ്യവരാളകുസുമൈനച॥

൨൧. വിളംഗധാന്യകൈലെന്ദുരെഖാകുടചഭാസദ്വൈഃ।
ശിംശപാഖദിരദ്വന്ദ്വചന്ദനത്രിതയൈരപി॥

൨൨. സിദ്ധഃകഷായശ്ശൃതശ്ശീതഃഫാണ്ടൊവാമാക്ഷികാന്വിതഃ।
കൈശികീമധുയുക്തൊവാവിസൎപ്പകുലദൎപ്പനൽ॥

താലീസപത്രം, പച്ചില, താനിക്ക, നെല്ലിക്ക, കടുക്ക, അയമോതകം. കുറാശാണി, കരപ്പാമ്പട്ട, ജീരകം, കരിഞ്ചീരകം, പെരിഞ്ചീരകം, ഏലാവാലുകം, പുവ്വാംകുറുന്തല, വിഷ്ണുക്രാന്തി, നിലംപരണ്ട, ഉഴിഞ്ഞ, മീനങ്ങാണി, കഞ്ഞുണ്ണി, വയറതിരുതാളി, ചിററമൃത, സൊമവള്ളി, കുമ്പളവള്ളി, പടോലവള്ളി, നന്നാറിക്കിഴങ്ങ, പാവ്വള്ളിക്കിഴങ്ങ, ചെമ്പറവള്ളിക്കിഴങ്ങ, അടപതിയൻകിഴങ്ങ, മുത്തെങ്ങക്കിഴങ്ങ, ശതാവരിക്കിഴങ്ങകാട്ടു

വെള്ളരിവേര, കയ്യുഞ്ചുരവേര, കൊട്ടത്തൂവ്വവേര, പെരുംകുരു മ്പവേര, പുട്ടൽപീരകത്തിൻവേര, ചെറുപീരകത്തിൻവേര, കൊന്നത്തൊലി, നീർമാതളത്തിൻതൊലി, വേപ്പിൻതൊലി, പാലത്തൊലി, വേങ്ങാടത്തൊലി, തെച്ചിവേരുമ്മൽതൊലി പൂ ല്ലാനിത്തളിര, വെൺമുരുക്കിൻതളിര, കരുമുരുക്കിൻതളിര, ക റുകത്തളിര, എരിഞ്ഞിത്തളിര, നന്ത്യാൎവ്വട്ടത്തിൻമൊട്ട, പെ രാൽമൊട്ട, അരയാൽമൊട്ട, താമരമൊട്ട, ആമ്പൽമൊട്ട, നൈ തൽമൊട്ട, ഞാഴൽപൂവ്വ, ചമ്പകപ്പൂവ്വ, തുമ്പപ്പൂവ്വ, തെച്ചിപ്പൂവ്വ, പ്ലാശിൻപൂവ്വ, കരയാംപൂവ്വ, വിഴാലരി, കൊത്തമ്പാലയരി ഏ ലത്തരി, കാർകോകിലരി, കുടകപ്പാലയരി, ചെറുപുന്നയരി, ഇ രുമുള്ളിൻകാതല, കരിങ്കരിങ്ങാലിക്കാതല, വെൺകരിങ്ങാലി ക്കാതല, ചന്ദനം, രക്തചന്ദനം, പീതചന്ദനം ഇവകൊണ്ട ക ഷായംവെച്ച തേനൊ മാശിക്ക, തേൻ ഇവയൊ മെമ്പൊടിചേ ൎത്ത സേവിപ്പിക്ക. മേല്പറഞ്ഞ മരുന്നുകൾ ചതച്ച വെള്ളത്തി ൽ ഇട്ട ഒരു രാത്രി കഴിഞ്ഞാൽ പുലൎച്ചെ ആയത തിരുമ്പിപ്പി ഴിഞ്ഞരിച്ച സേവിപ്പിക്കയുമാം. ഇതിന്ന ശീതകഷായമെന്ന പേരാകുന്നു. മേൽപറഞ്ഞ മരുന്നുകൾ ചതച്ച വെള്ളത്തിലിട്ട അപ്പോൾത്തന്നെ തിരുമ്പിപ്പിഴിഞ്ഞരിച്ചും സേവിപ്പിക്കാം. അ പ്രകാരമായാൽ അതിന്ന ഫാണ്ടകഷായമെന്ന പേരാകുന്നു.

(സോമവല്ല്യാദി തൈലം.)

൨൩. സോമവല്ല്യമൃതാകാണ്ഡബലാമൂലശൃതെജലെ ।
ശാകപല്ലവസാരാഢ്യ്യ സംപിഷ്യ്യപരികല്ക്കിതൈഃ ॥
൨൪. രാസ്നാഖദിരതക്കൊലഫലിനീമിസിചന്ദനൈഃ
സൊശീരജലൈസ്സിദ്ധസ്സ്നേഹഃകെരഫലൊത്ഭവഃ ॥
൨൫. തിലജൊവാനിഹന്ത്യാശുപാനാദഭ്യഞ്ജനാദപി। സൎവ്വാ
നപിസൎപ്പാൻസൊമാച്ചിസ്തമാംസീപൊദയംഗതാ ॥

സോമവള്ളി, ചിററമൃത, കുറുന്തോട്ടിവേര ഇവകൊണ്ട ക ഷായംവെച്ച അതിൽ തേക്കിൻകൂമ്പിന്റെ നീരുചേൎത്ത അര ത്ത, കരിങ്ങാലിക്കാതല, തക്കോലപ്പുട്ടൽ, ഞാഴൽപൂവ്വ, ശത കുപ്പ, ചന്ദനം, രാമച്ചം, മുത്തങ്ങക്കിഴങ്ങ ഇവ അരച്ചുകല ക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചിയരിച്ച സേ വിപ്പിക്കയും തേപ്പിക്കയും ചെയ്ക. ഈ തൈലം മറവുകൂടാതെ ഉദയപൎവ്വതത്തിങ്കൽ പ്രകാശത്തെ പ്രാപിച്ച ചന്ദ്രപ്രഭ ഇരു ട്ടിനെ നശിപ്പിക്കുന്നതുപോലെ വേഗേന എല്ലാ വിസൎപ്പങ്ങളെ യും നശിപ്പിക്കും.

(ബലാശാകത്വഗാദി തൈലം)

൨൬. ബലാശാകത്വഗാംഭോദശാരിബാസനവില്വജെ ।
നിഷ്ക്വാഥെവസുകാനന്താവസതീവരവല്ലിജം ॥

൨൭. യോജയിത്വാരസംതത്രസംപിഷ്യപരികല്കിതൈഃ ।
ഭാണ്ഡീഹിമത്രയോശീരബംഭരാരിജകുങ്കമൈഃ ॥

൨൮ മൂൎവ്വാമധുകമഞ്ജിഷ്ഠാമധൂകതഗരൈരപി ।
സിദ്ധഃകരോത്യഭവസ്നേഹസ്തിലജൊവാതഥാവിധഃ ।

കുറുന്തോട്ടിവേര, തേക്കിൻതൊലി, മുത്തെങ്ങക്കിഴങ്ങ, നന്നാറിക്കിഴങ്ങ, വേങ്ങാക്കാതല, കൂവളത്തിൻവേര, ഇവകൊണ്ടു കഷായംവെച്ച അതിൽ താൎതാവൽ, കറുക, സൊമവള്ളി ഇവററിൻനീർചേൎത്ത നിലവാകവേര, ചന്ദനം, രക്തചന്ദനം, പീതചന്ദനം, രാമച്ചം, ചമ്പകമൊട്ട, പെരുംകുരുമ്പവേര, എരട്ടിമധുരം, മഞ്ചെട്ടിപ്പൊടി, ഇരുപ്പക്കാതല, തകരം ഇവ അരച്ച കലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചിയരിച്ച സേവിപ്പിക്കയും തെപ്പിക്കയും ചെയ്ക. ഫലം മേൽപറഞ്ഞപ്രകാരമാകുന്നു.

(ദൂൎവ്വാഖദിരപത്രാദി തൈലം)

൨൯. ദൂൎവ്വാഖദിരപത്രാളിവരീകന്ദഭവൈരസൈ ।
ശാകത്വഗ്യഷ്ടികുഷ്ഠാബ്ദസലിലൊശീരചന്ദനൈഃ॥

൩൦. എലാവിളംഗമഞ്ജിഷ്ഠാഫലത്രയസുരാഹ്വയൈഃ ।
സ്ഥൌണെയഫലിനീചൊരനതൈശ്ചപരികല്കിതൈഃ ।

൩൧. വിപക്വൊനാളികേരസ്യസ്നേഹസ്തിലജഎവചാ ।
പാനാഭ്യഞ്ജനയൊഗെനവിസൎപ്പകുലനാശനഃ ॥

കറുക, കരിങ്ങാലിത്തളിര, കഞ്ഞുണ്ണി, ശതാവരിക്കിഴങ്ങ ഇവററിൻനീരിൽ തേക്കിൻതൊലി, എരട്ടിമധുരം, കൊട്ടം, മുത്തെങ്ങക്കിഴങ്ങ, ഇരുവേലി, രാമച്ചം, ചന്ദനം, ഏലത്തരി, വിഴാലരി, മഞ്ചെട്ടിപ്പൊടി, ത്രിഫല, ദേവതാരം, തുണിയാങ്കം, ഞാഴൽപൂവ, കച്ചൂരിക്കിഴങ്ങ, തകരം, ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചിയരിച്ച സെവിപ്പിക്കയും തേപ്പിക്കയും ചെയ്ക. എല്ലാ വിസൎപ്പങ്ങളും ശമിക്കും

(ബലാനളദാദി തൈലം)

൩൨. ബലാനളദനിൎഗ്ഗുണ്ഡീഗുളൂചീമധുകാംബുദൈഃ ।
കഷായെവിഹിതെഭൃംഗശാകദൂൎവ്വാംബുപല്ലവാൻ ॥

൩൩. നിഷ്പീഡ്യ്യതദ്രസംതുല്യംയൊജയിത്വാത്രകല്ക്കിതൈഃ।
സ്ഥൌണെയജലദവ്യാഘ്രീവചാവരണവല്ക്കലൈഃ॥
൩൪. കുഷ്ഠൊശീരാശ്വഗന്ധൈലാനഖശൈലെയചൊരകൈഃ
ശാരിബാവെല്ലമഞ്ജിഷ്ഠാഫലത്രയനിശാദ്വയൈഃ॥
൩൫. നീലീമൂലവിസൎപ്പഘ്നീമൂൎവ്വാസരളദാരുഭിഃ।
മധൂകകുഹളീപുഷ്പകൌന്തീതഗരപത്മകൈഃ॥
൩൬. ശ്രീവെഷ്ടനചസംസിദ്ധസ്നെഹഃകെരഫലൊത്ഭവഃ।
തിലജൊവാഥവായൊജ്യഃപാനാഭ്യഞ്ജനയൊരിഹ॥

കുറുന്തോട്ടിവേര, രാമച്ചം, കരുനൊച്ചിവേര, ചിററമൃത, എരട്ടിമധുരം, മുത്തങ്ങക്കിഴങ്ങ ഇവകൊണ്ട കഷായംവെച്ച കണ്ണുണ്ണി, തേക്കിൻകൂമ്പ, കറുക, ഇരുവേലിയില ഇവററിൻനീർ ചേൎത്ത തുണ്ണിയാങ്കം, മുത്തങ്ങക്കിഴങ്ങ, ചെറുവഴുതിനവേര, വയമ്പ, നീൎമാതളത്തിൻതൊലി, കൊട്ടം, രാമച്ചം, അമുക്കുരം, ഏലത്തരി, നാഗ്ഗണം, കന്മതം, കച്ചൂരിക്കിഴങ്ങ, നന്നാറിക്കിഴങ്ങ, വിഴാലരി, മഞ്ചട്ടിപ്പൊടി, ത്രിഫല, വരട്ടുമഞ്ഞൾ, മരമഞ്ഞൾതൊലി, അമരിവേര, കരപ്പാമ്പട്ട, പെരുംകുരുമ്പവേര, ദേവതാരം, തിരുവട്ടപ്പശ ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചിയരിച്ച സെവിപ്പിക്കയും തേപ്പിക്കയും ചെയ്ക. എല്ലാവിസൎപ്പങ്ങളും ശമിക്കും.

(ബലാമൃത രസായനം)

൩൭. അരുഷ്കരഫലാന്യഷ്ടശതാന്യഷ്ടഗുണെംഭസി।
വിപച്യാഷ്ടാംശശെഷെസ്മിൻപൃഥഗഷ്ടാംശസമ്മിതം॥
൩൮. കിംശുകസ്വരസംകൃഷ്ണധാത്രീഫലരസംതഥാ।
രസംപടൊലവല്ല്യാശ്ചവിശാലാംഭ്ര്ംഗയൊരപി।
൩൯. ത്ര്യംശെനസമ്മിതംസൊമവല്യാഃഖദിരപത്രജം।
പഞ്ചാംശെനഷഡംശെനത്രായന്ത്യാശ്ചൊദിതംരസം॥
൪൦. സംയോജ്യാൎദ്ധതുലാമാനംക്ഷിപ്ത്വാചപ്രാക്തനംഗുളം।
പച്യമാനെഥസാന്ദ്രെസ്മിന്നെലാകുടചധാന്യകാൻ।
൪൧. ജ്യൊതിഷ്മതീവിളംഗെന്ദ്രരെഖാകൌശികകൈശികീഃ।
ജീരകത്രയപാഠന്തീദ്രൊണപുഷ്പമധുസ്നുഹീഃ
൪൨. രാസ്നാഞ്ചഖദിരകാഥെകല്ക്കീകൃത്യശൃതംഘൃതം।
ഗുളംതുല്യംസമായൊജ്യഘൃതകല്ക്കൌഷധൈഃകൃതം
൪൩. രജഃകൃത്വാഘൃതത്ര്യംശമിതംതദവകീൎയ്യച।
ദാൎവ്വ്യാവിലൊഡ്യതൽപാത്രമവതാൎയ്യചശീതളെ।
൪൪. തത്രദത്വാഘൃതാൎദ്ധാംശസമ്മിതംമാക്ഷികംനവം।

പുരാണംഘൃതപാത്രെഗന്ധസ്ഥാപയെച്ശുഭെഗൃഹെ॥
൬൭. എതദ് ബാലാമൃതംനാമരസായനമനുത്തമം।
ഫെളൈനഭാഷിതംസൎവ്വവിസൎപ്പകുലനാശനം॥
൬൮. കാസശ്വാസക്ഷയച്ഛൎദ്ദിമദാത്യയനിബൎഹണം।
അശ്ശൊതിസാരഗ്രഹണീദോഷവിദ്രധിഗുന്മനൽ॥
൬൯. നിഹന്ത്യാനാഹമഷ്ഠീലാംപ്രത്യഷ്ഠീലാംചദാരുണാം॥
തൂനീംപ്രതിതൂനീഞ്ചാപിജലകൂൎമ്മന്തഥൊദരം॥
൭൦. പാണ്ഡ്വാമയഞ്ചശൊഫഞ്ചകുഷ്ഠശ്വിത്രാനിലാമയാൻ।
വാതാസ്രമതിഗംഭീരംവായൊരാവരണാനിച॥
൭൧. നാളീവ്രണാംശ്ച ഉഗ്രമ്പിഗണ്ഡമാലാമദാരുജീഃ।
ഗൂഢകുഷ്ഠകപാലാശ്ശൊഭഗന്ദരഗരാണിച॥
൭൨. മെധാഗ്നിബലലാവണ്യജനനംശുക്ലവൎദ്ധനം
ഭൂതപ്രെതപിശാചാദിസൎവ്വൊപദ്രവനാശനം।

എണ്ണൂറ ചെരിൻകുരു ശുദ്ധിചെയ്ത തൂക്കിക്കണ്ട തൂക്കത്തിൽ എട്ടിരട്ടിവെള്ളത്തിൽ അത ചതച്ചിട്ട കഷായംവെച്ച എട്ടിൽഒരുഭാഗം ശെഷിച്ചാൽ അതിൽ എട്ടിലൊരു ഭാഗത്തൊട തുല്യമാക്കി കരുമുരുക്കിലനീരും മെൽപ്രകാരംതന്നെ കരുനെല്ലിക്ക, പടോലം, കാട്ടുവെള്ളരി, കഞ്ഞുണ്ണി ഇവററിൻനീരും മൂന്നിൽ ഒരു ഭാഗത്തൊട തുല്യമാക്കിസൊമവള്ളിയുടെ നീരും അഞ്ചിൽ ഒരു ഭാഗത്തൊടസമമാക്കികരിഞ്ഞാലിയിലനീരും ആറിൽ ഒരു ഭാഗത്തൊടസമമാക്കി ബ്രഹ്മിനീരും ചെൎത്ത അരിച്ച അതിൽ അരത്തുലാം പഴയ ശക്കര കലക്കി കുറുക്കി സാന്ദ്രമായാൽ ഏലത്തരി,കുടകപ്പാലയരി, കൊത്തമ്പാലയരി, ചെറുപ്പുന്നയരി, വിഴാലരി,കാർകോകിലരി, ഗുൽഗുലു, മാശിക്ക, ജീരകം,കരിഞ്ചീരകം, പെരിഞ്ചീരകം,തെച്ചിപ്പൂവ്വ, തുമ്പപ്പൂവ്വ,പാവ, അരത്തഇവ കരിഞ്ഞാലിക്കഷായത്തിൽ അരച്ചുകലക്കി അതിൽചെൎത്ത കാച്ചിയരിച്ചെടുത്ത നെയ്യ അരത്തുലാം ചെൎത്ത ൧൦ നെയ്യിന്റെ കല്ക്കങ്ങൾതന്നെ പൊടിച്ചുണ്ടാക്കിയപൊടി നെയ്യിന്റെ മൂന്നിൽഒരു ഭാഗത്തൊട സമമാക്കി എടുത്ത വിതറിഇളക്കിച്ചെൎത്ത വാങ്ങി ആറിയാൽ നെയ്യിൽപകുതി പുതിയതെൻ ചേൎത്തുമയങ്ങിയ നെയ്പാത്രത്തിലാക്കി നന്നായിട്ടുള്ള ഗൃഹത്തിന്റെ അകത്ത സൂക്ഷിച്ച വയ്ക്കുക. ൧൦൦ രസായനത്തിന്നു ബാലാമൃതമെന്നു പേരാകുന്നു. ഫെളാചാൎയ്യനാൽ പറകപ്പെട്ടതുമാകുന്നു. ഇത സേവിപ്പിച്ചാൽ എല്ലാ വിസൎപ്പങ്ങളും ശമിക്കും. കാസം, ശ്വാസം, ക്ഷയം, ഛൎദ്ദി, മദാത്യയം, അശ്ശസ്സ അതി

സാരം, ഗ്രഹണീദോഷം, വിദ്രധി, ഗുന്മം, ആനാഹം അഷ്ഠീലാ, പ്രത്യഷ്ഠീലാ, തുനി, പ്രതിതുനി, ജലകുമ്മം, പാണ്ഡുരോഗം, നീര, കുഷ്ഠം, ശ്വിത്രം, വാതവ്യാധി, വാതശോണിതം, വായുവിൻെറ ആവരണങ്ങൾ, നാളീവ്രണം അർബ്ബുദം, മുഴ ഗണ്ഡമാലാ, മദം, അരുചി, ഗുദകുഷ്ഠം, കപാലാശ്മസ്സ, ഭഗന്ദരം, വിഷം ഇവയും ശമിക്കും. ബുദ്ധിബലത്തെയും അഗ്നിബലത്തെയും ശരീരത്തിന്ന കാന്തിയേയും ശുക്ലവൃദ്ധിയേയും ഉണ്ടാക്കും. ഭൂതപ്രേതപിശാചാദികളുടെ ഉപദ്രവങ്ങളെ ശമിപ്പിക്കും. ചെരിൻ കുരുശുദ്ധി ചെയ്യേണ്ടുന്നതിൻെറ വിധി ദ്രവ്യശുദ്ധി വിധിയിങ്കൽ പറകപ്പെട്ടകയും ചെയ്യും.

(വർജ്ജ്യങ്ങൾ)

൭൮. ദധിശുക്താകുലസ്ഥാംശ്ചതൈലാഭ്യംഗംഗവാംപയഃ।
അഗ്നിസേവാമഹസ്സ്വപ്നംവിശേഷണാത്രവർജ്ജയെൽ॥

മെൽപറഞ്ഞ രസായനം സെവിപ്പിക്കുമ്പൊൾ തൈര, ചുത്തപ്പുളി, മുതിര, എള്ളെണ്ണ, പശുവിൻപാലാതീക്കൊൾക, പകലുറക്കം ഇവ വിശേഷിച്ചും വർജ്ജ്യങ്ങളാകുന്നു. ഇതിൽ മുതിര ഭക്ഷിച്ചാൽ വിരോധമെന്ന തന്നെയല്ലാ അരച്ച മേൽതേച്ചാലും വിരോധമാകുന്നു. പനിയും തലവേദനയും ഛർദ്ദിയുമുണ്ടാക, സർവ്വാംഗം വീക്കക, ശരീരത്തിങ്കൽ എല്ലാടവും കല്ലൻപൈസപോലെ അവിടവിടെ ചൊറിച്ചൽ, ചുട്ടുനീറൽ ഇവയൊട്ടകൂടി ചുവന്ന തടിച്ച ചിലമണ്ഡലങ്ങൾ കാണ്കെ ഈ വക ഉപദ്രവങ്ങളെ ഉണ്ടാക്കുന്നതാകയാൽ മെൽപറഞ്ഞവ ഒക്കെയും വിശേഷിച്ച വർജ്ജ്യങ്ങളാകുന്നു. എന്ന താൽപര്യം.

(പഞ്ചസാര രസായനം)

൭൯. മധൂകശിശിരചന്ദനശിംശപാഖദിരൈഃകൃതെ।
നിഷ്ക്വാഥെ സിതയായുക്തെതൽപാദാംശെനതുല്യയ
൮൦. വിപച്യസാന്ദ്രതാംനീതെവരായഷ്ടിമധുസ്നുഹീ।
സിതാർദ്ധാംശമിതാഃകൃത്വാചൂർണ്ണീകൃത്യാവകീര്യ്യച।
൮൧. യോജയെദവതാര്യ്യാഥസിതാതുല്യംചമാക്ഷികം।
ദത്വാനിധായമൃൽപാത്രെപുരാണെസ്ഥാപയെച്ചതൽ॥
൮൨. തദിദംപഞ്ചസാരാഖ്യംരസായനമനുത്തമം।
വിസർപ്പകുഷ്ഠശമനംദുഷ്ടവ്രണനിബർഹണം॥

ഇരുപ്പക്കാതല, ഇരുമുള്ളിൻകാതല, ചന്ദനം, രക്തചന്ദനം കരിങ്ങാലിക്കാതല ഇവകൊണ്ട കഷായംവെച്ച അതിൻെറനാലിലൊരുഭാഗം പഞ്ചസാരചെത്ത കുറുക്കി സാന്ദ്രമായാൽത്രി

ഫല, എരട്ടിമധുരം, പാവഞവപൊടിച്ചുണ്ടാക്കിയ പൊടി പഞ്ചസാരയുടെ നാലിൽ ഒരു ഭാഗമാക്കി വിതറി ഇളക്കിച്ചെൎത്ത വാങ്ങി ആറിയാൽ പഞ്ചസാരയോട സമം തെൻ ചേൎത്തപഴകിയ മണ്പാത്രത്തിലാക്കി വെക്കുക. ഈരസായനത്തിന്നപഞ്ചസാരമെന്ന പേരാകുന്നു. ഇത സേവിപ്പിച്ചാൽ വിസൎപ്പവും കുഷ്ഠവും ശമിക്കും.

(ശാരിബാദിഗുളം)

൪൬. ശാരിബാനിംബനിൎഗ്ഗുണ്ഡീനീലീനീരദനിൎമ്മിതെ।
നിൎയ്യാസസ്യാഢകെ ക്ഷിപ്ത്വാപുരാണസ്യതുഷോഡശ॥

൪൭. പലാനിപൌണ്ഡരീകസ്യഗുളസ്യാഗ്നാവധിശ്രിതെ।
സാന്ദ്രീഭൂതെവരായഷ്ടിജീരകത്രയകൈശികീഃ॥

൪൮. വിശാലാമൂലശമ്യാകതൌ...ായന്തിശ്ചചൂൎണ്ണിതാഃ।
കൎഷാംശാസ്സംവികീൎയ്യാഥതൽപാത്രമവതാരയെൽ॥

൪൯. തമാദായഗുളംതസ്മാന്മധുനാലൊഡ്യലെഹയെൽ।
പ്രാതസ്സൎവ്വവിസൎപ്പാണാംസൎപ്പംശമയെദ്ധ്രുവം।

നന്നാറിക്കിഴങ്ങ, വേപ്പിൻതൊലി,കരുനൊച്ചിവേര, അമരിവെർ, മുത്തെങ്ങക്കിഴങ്ങ ഇവ അഞ്ചും കൂടി പലം ൧൬പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവച്ച പതിനാറനാഴിയാക്കി അതിൽ പതിനാറ പലം പഴയ ശൎക്കര കലക്കി കുറുക്കി സാന്ദ്രമായാൽ ത്രിഫല,എരട്ടിമധുരം, ജീരകം,കരിഞ്ജീരകംപെരിഞ്ജീരകം മാശിക്ക, കാട്ടുവെള്ളരിവേര, കൊന്നത്തൊലി, ബ്രഹ്മി ഇവ പൊടിച്ച മുമ്മൂന്നുകഴഞ്ച എടുത്ത വിതറി ഇളക്കിവാങ്ങി പാത്രത്തിലാക്കി വെക്കുക. ഈ ഗുളം എല്ലാവിസൎപ്പങ്ങളെയും ശമിപ്പിക്കുന്നതാകുന്നു. ഇത തേൻചെൎത്ത സേവിപ്പിക്കയും സേവിപ്പിക്കുന്നത രാവിലെ ആയിരിക്കയും വെണം. പഴെ ശൎക്കര പുണ്ഡരീകക്കരിമ്പിൻെറ നീരുകൊണ്ട ഉണ്ടാക്കിയതാകിൽ ഉത്തമമാകുന്നു.

(വിശാലാദിഗുളം)

൫൦. വിശാലാവൈരിമൂലതാ...ഗഭയാമൃതവല്ലിഭിഃ॥
നിഷ്ക്വാഥൈസാധിതെജീൎണ്ണഗുളംതൽപാദസമ്മിതം।।

൫൧. സംയൊജ്യാധിശ്രിതെസാന്ദ്രെവിളംഗഘനകൈശികീഃ
കീരകെ...ചസഞ്ചൂൎണ്ണ്യതൽപാദാംശെനസമ്മിതം!।

൫൨. രജൊവികീൎയ്യസംയൊജ്യദ്രവ്യ്യാതൽപാത്രമുദ്ധരെൽ
ശീതീഭൂതംപ്രഗെചാമുംമധുനാലൊഡ്യലെഹയെൽ।।

൫൩. ഗുളൊയമഖിലാൻഹന്യാദ്വിസൎപ്പാനചിരൊത്ഥിതാൻ।

കുഷ്ഠംദുഷ്ടവ്രണാനൎശഃകപാലാശ്ച്വനാശയെൽ ॥

കാട്ടുവെള്ളരിവേര, ഏകനായകത്തിൻവേരുമ്മൽതൊലി, കടുക്ക, ചിററമൃത, ഇവകൊണ്ടകഷായംവച്ച ആ കഷായത്തിൽ അതിൻെറ നാലിലൊരുഭാഗത്തോടു സമം പഴയ ശക്കര കലക്കികുറുക്കി സാന്ദ്രമായാൽ വിഴാലരി, മുത്തെങ്ങക്കിഴങ്ങ, മാശിക്ക, ജീരകം, കരിഞ്ചീരകം ഇവ പൊടിച്ചുണ്ടാക്കിയ പൊടി ശക്കരയുടെ നാലിൽ ഒരു ഭാഗത്തോടുസമം ചേൎത്തവാങ്ങി ആറിയാൽ അതിൽനിന്ന വേണ്ടതെടുത്ത അല്പം തേൻചേൎത്തരാവിലെ സേവിപ്പിക്ക. ഉണ്ടായിട്ട വളരെക്കാലം കഴിയാത്ത വിസൎപ്പങ്ങൾ ഒക്കയും കുഷ്ഠംമുതലായ രോഗങ്ങളും ശമിക്കും.

(ശമ്യാകവല്ക്കാദി പൊടി)

൩൪. ശമ്യാകവല്കവൈകുണ്ഡപടൊലശശിരാജയഃ ।
പാരന്തീകുസുമൈസ്തുല്യാഃപിഷ്ടാഃകിംശുകപത്രജെ ॥

൩൫. രസെപിശുഷ്കാശ്ചരായായാം സപ്തകൃത്വൊവിചൂൎണ്ണിതാഃ । മധുനാമിശ്രിതാലീഢാവിസൎപ്പാൻഘ്നന്തിദാരുണാൻ ॥

കൊന്നത്തൊലി, തുമ്പപ്പൂവ്വ, പടോലം കാർകൊകിലരിഇവ സമം ഒക്കക്കൂടിയെടത്തോളം തെച്ചിപ്പൂവ്വ ഇങ്ങിനെക്കൂട്ടി കരുമുരുക്കിലനീരിൽ ഏഴ പ്രാവശ്യംഅരച്ച നിഴലിലുണക്കിപ്പൊടിച്ച അതിൽനിന്ന വേണ്ടത എടുത്ത തേൻചേൎത്ത സേവിപ്പിക്ക. എല്ലാവിസൎപ്പങ്ങളും ശമിക്കും.

(ചന്ദ്രരെഖാദി പൊടി)

൩൬. ചന്ദ്രരെഖാവിളംഗൈലാധാന്യേന്ദ്രയവഭാസുരൈഃ ।
സമാനാംത്രിഫലാംകൃത്വാസവ്വൈരപിമധുസ്നുഹീം ॥

൩൭. സവ്വേഷാമൎദ്ധഭാഗെനപാരന്തികുസമാനിച ।
കൃത്വാസഞ്ചൂൎണ്ണ്യസവ്വാണിശാകപല്ലവജെരസെ ॥

൩൮. ത്രിഃപിഷ്ട്വാപരിശൊഷ്യാഥചൂൎണ്ണയിത്വാസശക്കരാം ।
തന്മാത്രാംമധുനാദദ്യാദ്വിസൎപ്പവിനിവൃത്തയെ ॥

കാർകോകിലരി, വിഴാലരി ഏലത്തരി, കൊത്തമ്പാലയരി, കുടകപ്പാലയരി, ചെറുപ്പുന്നയരി ഇവസമംഇവആറുംകൂടിയെടത്തോളം ത്രിഫല കാർകോകിലരി മുതൽ ആറും ത്രിഫലയും കൂടിയെടത്തോളം പാവ മേൽപറഞ്ഞ മരുന്നുകൾ ഒക്കക്കൂടിയതിൻെറ പകുതിക്ക സമം തെച്ചിപ്പൂവ്വ ഇങ്ങിനെ കൂട്ടിപൊടിച്ച തേക്കിൻകൂമ്പിൻെറ നീരിൽ മൂന്നുപ്രാവശ്യം അരച്ച ഉണക്കി പൊടിച്ച അതിൽനിന്ന വേണ്ടതഎടുത്ത സമമായി പഞ്ചസാ

രചേൎത്ത തേനിൽ ചാലിച്ച സേവിപ്പിക്ക. എല്ലാവിസൎപ്പങ്ങളും ശമിക്കും.

(എലൊപകുഞ്ചികാദി പൊടി.)

൬൯. എലൊപകുഞ്ചികാംഭൊദവിളംഗകമധുസ്രഹീഃ ।
സമാംശാസ്സൎവ്വതുല്യഞ്ചരജശ്ചിന്നരുഹൊൽഭവം ॥
൭൦. ശാകപല്ലവപാരന്തിപുഷ്പവെത്രാഗ്രജെരസെ । ക്രമെ
ണവിഷ്ടാസംശൊഷ്യചൂൎണ്ണയിതാസശൎക്കരാം ॥
൭൧. തന്മാത്രാംമധുനാദദ്യാൽസാവിസൎപ്പാൻനിയച്ഛതി ।
പക്ഷെണശീലിതാതീവ്രാനപിതാൎക്ഷ്യഇവൊരഗാൻ ।

എലത്തരി, കരിഞ്ചീരകം, മുത്തെങ്ങക്കിഴങ്ങ, വിഴാലരിപാവ ഇവ സമം ഒക്കക്കൂടിയെടത്തോളം ചിററമൃതിൻെറ ഉൗറൽഇഞ്ചിനെക്കൂട്ടി തേക്കിൻകൂമ്പ, തെച്ചിപ്പൂവ്വ, ചൂരൽതല, ഇവററിൻ നീരിൽ ക്രമേണ അരച്ചുണക്കി പൊടിച്ച അതിൽനിന്ന വെണ്ടത എടുത്ത സമമായി പഞ്ചസാരചേൎത്ത തേനിൽചാലിച്ച സേവിപ്പിക്ക ഈപൊടി ഗരുഡൻ സൎപ്പങ്ങളെ നശിപ്പിക്കുന്നതുപോലെ വിസൎപ്പങ്ങളെ ശമിപ്പിക്കും പതിനഞ്ചദിവസംസേവിപ്പിച്ചാൽമതി ശക്തി കുറഞ്ഞതുകൾക്ക അത്രതന്നെ വേണ്ടിവരികയുമില്ല.

(അഭയാദി പൊടി)

൭൨. അഭയാകൈശികീധാന്യവിളംഗാമലകാംബുദൈഃ ।
ജ്യൊതിഷ്മതീംസമാനാംശാംകൃതാസവ്വൈശ്ചതൈസ്സമാം ॥
൭൩. മധുസ്രഹീഞ്ചസഞ്ചൂൎണ്ണ്യസൊമവല്ലീനിശാരസെ ।
ഖാദീരെപിചനിഷ്ഷാഥെ വിഷ്ടാസംശൊഷ്യചൂൎണ്ണയെൽ ॥
൭൪. ദദ്യാച്ചസസിതാക്ഷൌദ്രാംതന്മാത്രാമനപായയെൽ ।
ഖാദിരഞ്ചൊദകംകിഞ്ചിൽകവൊഷ്ണംസാവിസൎപ്പനൽ।

കടുക്ക, മാശിക്ക, കൊത്തമ്പാലയരി, വിഴാലരി, നെല്ലിക്ക, മുത്തെങ്ങക്കിഴങ്ങ ഇവ സമം ഒക്കക്കൂടിയെടത്തോളം ചെറുപ്പുന്നയരി ചെറുപ്പുന്നയരിയോടുകൂടിയ മേൽപറഞ്ഞ മരുന്നുകളൊടുസമം പാവ ഇഞ്ചിനെചേൎത്ത സോമവള്ളി പച്ചമഞ്ഞൾ ഇവററിൻെറ നീരുകളിലും കരിങ്ങാലിക്കാതലിൻകഷായത്തിലും ക്രമേണ അരച്ചുണക്കി പൊടിച്ച അതിൽനിന്ന വേണ്ടതെടുത്ത സമമായി പഞ്ചസാരചേൎത്ത തേനിൽ ചാലിച്ചസേവിപ്പിച്ച അതിൻെറമേലെ കരിങ്ങാലിക്കാതലിൻ കഷായം

അല്പമായ ചൂടോടുകൂടിയത അല്പമായി സേവിപ്പിക്ക. എല്ലാ വിസപ്പങ്ങളും ശമിക്കും.

(തിക്തഘൃതം)

൬൫. ത്രായന്തീപപ്പടാരിഷ്ടപടൊലകടുകാവൃഷൈഃ ।
പാഠാമൂലെനദാവ്വ്യാചപലമാറെത്രശ്ശൃതെജലെ ॥
൬൬. പ്രസ്ഥാഷ്ടകമിതെഷ്ടാംശശിഷ്ടെസംപിഷ്യകല്ക്കിതൈഃ।
ത്രായമാണാബ്ദഭൂനിംബകൃഷ്ണാകുടചചന്ദനൈഃ ॥
൬൭. കഷാംശൈസ്സപ്പിഷഃപ്കപംപലദ്വാദശകംജയെൽ ।
തിക്തംവിസപ്പാൻകുഷ്ടാംശ്ചപിടകാദാഹതൃൾഭ്രമാൻ ॥
൬൮. കണ്ഡൂപാണ്ഡ്വാമയൌഗണ്ഡമാലാനാളീവ്രണാപചീഃ
വിസ്ഫോടംവിദ്രധിംഗുന്മംശോഫഞ്ചശ്വിത്രകാമിലെ ॥
൬൯. മദൊന്മാദൌചഹൃദ്രോഗംവ്യംഗഞ്ചഗ്രഹണീഗദം ।
അശ്ശ്വരക്തപിത്തഞ്ചപ്രദരഞ്ചമഹോദരം ॥
൭൦. ഭഗന്ദരമപസ്മാരംതിമിരഞ്ചവിനാശയെൽ। അതികൃച്ഛ്രാനിതൊന്ന്യാംശ്ചതാംസ്ഥാൻപിത്താശ്രയാൻഗദാൻ ॥

ബ്രഹ്മി, പപ്പടം, വേപ്പിൻതൊലി, പടോലം, കടുകരൊഹണി, ആടലോടത്തിൻവെര, പാടക്കിഴങ്ങ, മരമഞ്ഞത്തൊലി ഇവഓരൊപലം എട്ടിടങ്ങഴി വെള്ളത്തിൽ കഷായംവച്ച എട്ടിൽഒരു ഭാഗം ശേഷിപ്പിച്ച പിഴിഞ്ഞരിച്ച ബ്രഹ്മി, മുത്തങ്ങക്കിഴങ്ങ, പുത്തരിച്ചുണ്ടവെരുമ്മൽതൊലി, തിപ്പലി, കുടകപ്പാലയരി, ചന്ദനം, ഇവ മുമ്മൂന്നുകഴഞ്ച അരച്ചുകലക്കി പന്ത്രണ്ട പലം നെയ്യ ചേത്ത കാച്ചിയരിക്കുക. ഠരം നെയ്യിന്ന പെര തിക്തമെന്നാകുന്നു. ഇത സേവിപ്പിച്ചാൽ എല്ലാ വിസപ്പങ്ങളും കുഷ്ടങ്ങളും കുരുക്കളും ചുട്ടനീറൽ, തണ്ണീർദാഹം, തലതിരിച്ചൽ, ചൊറി, പാണ്ഡുരോഗം, ഗണ്ഡമാലാ, നാളീവ്രണം, അപചി, ചിരങ്ങ, വിദ്രധി, ഗുന്മം, ശോഫം, ശ്വിത്രം, കാമിലാ, മദം, ഉന്മാദം, ഹൃദ്രോഗം, വ്യംഗം, ഗ്രഹണിരോഗം, അശ്സ്സ, രക്തപിത്തം, അസൃഗ്ദരം, മഹോദരം, ഭഗന്ദരം, അപസ്മാരം, തിമിരം ഇവയും ഏററവും, കൃച്ഛ്രസാദ്ധ്യങ്ങളായി പിത്താശ്രയങ്ങളായിരിക്കുന്ന മററും പല രോഗങ്ങളും ശമിക്കും.

(മഹാതിക്തഘൃതം)

൭൧. വിശാലാവൃഷദുസ്സശ്മൂവ്വാഗൊപാംഗനാദ്വയൈഃ ।
പാഠാമുസ്താവരീഭിശ്ചനിംബശമ്യാകയൊസ്ഥചാ ॥
൭൨. സപ്തപണ്ണകഭൂനിംബദാവ്വീണാഞ്ചഹരിദ്രയാ।
ത്രായമാണാകണാദന്ദ്വപടൊലൊശീരപപ്പടൈഃ।

വ്യ൩. ത്രിഫലാപത്മകൊശ്രാഭിയ്യഷ്ടീന്ദ്രയവചന്ദനൈഃ ।
കടുകാതിവിഷാഷ്ഠിന്നരുഹാഭിശ്ചഘ്റുതംപചെൽ ॥
വ്യ൪. സലിലെഷ്ടഗുണെപിഷ്ടൈർദ്വിഗുണാമലകീരസം ।
തദെതന്മഹാതിക്തംപൂവ്വസ്മാദ്വീയ്യവത്തരം ॥

കാട്ടുവെള്ളരിവേര, ആടലോടത്തിൻവെര, കൊടുത്തൂവ്വവെര, പെരുംകുരുമ്പവേര, നന്നാറിക്കിഴങ്ങ, പാവ്വള്ളിക്കിഴങ്ങ, പാടക്കിഴങ്ങ, മുത്തങ്ങക്കിഴങ്ങ, ശതാവരിക്കിഴങ്ങ, വെപ്പിൻതൊലി, കൊന്നവേരുമ്മൽതൊലി, പാലത്തൊലി, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, മരമഞ്ഞത്തൊലി, വരട്ടുമഞ്ഞൾ, ബ്രഹ്മി, തിപ്പലി, അത്തിത്തിപ്പലി, പടൊലം, രാമച്ചം, പപ്പടം, ത്രിഫല, പതിമുകം, വയമ്പ, എരട്ടിമധുരം, കുടകപ്പാലയരി, ചന്ദനം, കടുകരോഹണി, അതിവിടയം, ചിററമൃതഇവ അരച്ച നെയ്യിൽ എട്ടിരട്ടി പച്ചവെള്ളത്തിൽ കലക്കി നെയ്യും നെയ്യിലിരട്ടി നെല്ലിക്കനീരുംചേത്ത്കാച്ചിയരിക്കുക. ഈ നെയ്യിന്ന മഹാതിക്തമെന്ന പേരാകുന്നു. തിക്തത്തെക്കാൾ അധികമായ വീയ്യവുമുണ്ട തിക്തംകൊണ്ട ശമിക്കുന്നതായി പറകപ്പെട്ട രോഗങ്ങൾ തന്നെ ഇതുകൊണ്ട അത്ര്യയുംകാലതാമസം കൂടാതെ ശമിക്കും.

(പാരന്തീമൂലവല്ക്കാദി ഘൃതം)

വ്യ൫. പാരന്തീമൂലവല്കസ്യകഷായൈതിക്തഘൃതൌഷധൈഃ।
മഹാതിക്തൌഷധൈയ്യദ്വാസിദ്ധംസപ്പിരനുത്തമം ।
വ്യ൬. വിസപ്പെഷുചസവ്വെഷുവിശെഷെണപ്രശസ്യതെ ।
കുഷ്ഠെഷുചാഥവായൊജ്യഃപാരന്തീപുഷ്പജൊരസ ॥

തെച്ചിവേരുമ്മൽതൊലികൊണ്ട കഷായംവെച്ച അതിൽ തിക്തത്തിന്ന പറഞ്ഞ മരുന്നുകളൊ മഹാതിക്തത്തിന്ന പറഞ്ഞ മരുന്നുകളൊ അരച്ചുകലക്കി നെയ്യുചേത്ത കാച്ചിയരിക്കുക. അപ്രകാരമായാൽ വിസപ്പകുഷ്ഠങ്ങൾക്കു വിശെഷിച്ച ആ നെയ്യ ശമനമായിരിക്കയും ചെയ്യും. തെച്ചിപ്പൂവ്വ വാട്ടിപ്പിഴിഞ്ഞ നീര ചേത്തിട്ടും കാച്ചാം.

(ദൂവ്വാമൃതാദി ഘൃതം)

വ്യ൭. ദൂവ്വാമൃതാവരീധാത്രീസ്വരസെപിഷ്ടകല്കിതൈഃ ।
മധുകത്രിഫലാവെല്ലമധുസ്രഹികണാദ്വയൈഃ॥
വ്യ൮. കാരവീകൈശികീഭ്യാഞ്ചപക്വംസപ്പിഡ്വിസപ്പനൽ ।
ശൊഫകണ്ഡൂതികുഷ്ഠഘ്നംദുഷ്ടവ്രണനിബഹ്ണം ॥

കറുക, ചിററമൃത, ശതാവരിക്കിഴങ്ങ, നെല്ലിക്ക ഇവററിൻ നീരിൽ എരട്ടിമധുരം, ത്രിഫല, വിഴാലരി, പാവ, തിപ്പലി, അത്തിത്തിപ്പലി, കരിഞ്ചീരകം, മാശിക്ക ഇവ അരച്ചുകലക്കി നെയ്യ ചേൎത്ത കാച്ചിയരിച്ച സേവിപ്പിക്ക. എല്ലാ വിസൎപ്പങ്ങളും നീര, ചൊറി മുതലായ രോഗങ്ങളും ശമിക്കും.

(നിംബെന്ദ്രയവാദി ഘൃതം)

൯൯. നിംബെന്ദ്രയവഭൂനിംബവിശാലാവൃഷയാഷകൈഃ ।
പാഠാവിളംഗബീജാബ്ദഫലത്രിതയപത്മകൈഃ ॥
൧൦൦. ദാൎവ്വീഖദിരയഷ്ട്യാഹ്വാഫാവികംകതകവൈരിഭിഃ ।
ശാകസപ്തച്ഛദാളൎക്കധവതാഢിശ്ച സാധിതേ ॥
൧൦൧. കഷായെകുഫളീപുഷ്പവിശാലാഭൃംഗജംരസം ।
നീലകിംശുകനിൎഗ്ഗുണ്ഡീഗ്ഗുളൂചീസൊമവല്ലിജം ॥
൧൦൨. ശാകപല്ലവമത്സ്യാക്ഷീപടൊലൊത്ഥഞ്ച സമ്മിതം ।
സംയോജ്യകല്കൈഃ ക്ഷീരിദ്രുമവല്കാബ്ദചന്ദനൈഃ ॥
൧൦൩. കുഷ്ഠയഷ്ടിവിസൎപ്പഘ്നീവിളംഗകുടചൊൽപലൈഃ ।
കദളീകന്ദമഞ്ജിഷ്ഠാകൈശികീഗോപികാഭയൈഃ ॥
൧൦൪. മൂൎവ്വേന്ദുരേഖാശൈലേയധനികാഭിശ്ച സാധിതം ।
സൎപ്പിഃപാനാച്ചലെപാച്ച വിസൎപ്പകുലനാശനം ॥

വേപ്പിൻതൊലി, കുടകപ്പാലയരി, പുത്തരിച്ചുണ്ടവേരിന്മേൽതൊലി, കാട്ടുവെള്ളരിവെര, ആടലോടത്തിൻവേര, കൊട്ടത്തുവ്വവേര, പാടക്കിഴങ്ങ, വിഴാലരി, മുത്തങ്ങക്കിഴങ്ങ, ത്രിഫല, പതിമുകം, മരമഞ്ഞത്തൊലി, കരിങ്ങാലിക്കാതല, എരട്ടിമധുരം, വൈയംകതവെരിന്മെൽതൊലി, ഏകനായകത്തിൻവേര, തേക്കിൻതൊലി, പാലത്തൊലി, വെളുത്ത എരുക്കിൻവെരിന്മെൽതൊലി, ഞമവെരിന്മെൽതൊലി, ഇവകൊണ്ട കഷായം വെച്ച അതിൽ തെങ്ങിൻ പൂക്കുലയരി, കാട്ടുവെള്ളരി, കയ്യന്നി, കരുമുരുക്കില, കരുനൊച്ചിയില, ചിററമൃത, സൊമവള്ളി, തേക്കിൻകുമ്പ, മീനങ്ങാണി പടോലം ഇവററിൻനീര നെയ്യോടുസമമായി ചേൎത്ത നാല്പാമരത്തിൻതൊലി, മുത്തെങ്ങക്കിഴങ്ങ, ചന്ദനം, കൊട്ടം, എരട്ടിമധുരം, കരപ്പാമ്പട്ട, വിഴാലരി, കുടകപ്പാലയരി, ചെങ്ങഴിനീക്കിഴങ്ങ, കദളിവാഴക്കിഴങ്ങ, മഞ്ചട്ടിപ്പൊടി, മാശിക്ക, നന്നാറിക്കിഴങ്ങ, പാൎവ്വള്ളിക്കിഴങ്ങ, പെരുംകുരുമ്പവേര, കാൎകൊകിലരി, കന്മതം, കുടകപ്പാലയരി ഇവ അരച്ചുകലക്കി നെയ്യ ചേൎത്ത കാച്ചിയരിച്ച സെവിപ്പിക്കയും പുരട്ടുകയും ചെയ്ക. എല്ലാ വിസൎപ്പങ്ങളും ശമിക്കും.

(ബലാസോമലതാദി ഘൃതം)

൯൪. ബലാസൊമലതാവിലപടൊലക്ഷീരിവല്ക്കലൈഃ।
നിംബശമ്യാകഭൂനിംബദാർവ്വീസൈരെയകൈരപി॥
൯൫. ശാകതഗദാരുമഞ്ജിഷ്ഠാബൃഹതീഭിശ്ചസാധിതെ।
നിദ്ധാസെംഭ്രമതിദന്ദജീരകത്രയയഷ്ടിഭിഃ॥
൯൬. രാസ്നാഖദിരകാലെയകരഞ്ജകരവീരകൈഃ।
ഫലത്രയമധൂകത്വഗ്ഗോപികാത്രയനീരദൈഃ॥
൯൭. കദളീകന്ദകടുകാകലിംഗൈൽപലപത്മകൈഃ।
പാരന്തീമുകുളൊശീരശശിരെഖാപുനൎന്നവൈഃ॥
൯൮. രൊചനാചൊരസാരംഗശൃംഗകൂൎമ്മാസ്ഥിശുക്തിഭിഃ।
ഹരിതാലപ്രവാളാക്കരാഗകൊശാതകീദലൈഃ॥
൧൦൦. ദ്രോണപുഷ്പാജമൊജാഭ്യാംജീരകെണചകല്കിതൈഃ।
ധാത്രീക്ഷുരസതുല്യാംശയുക്തംപകംചലെപനാൽ
പാനാച്ചസർപ്പിരഖിലാൻവിസൎപ്പാൻവിനിയച്ഛതി
ബല്യംമംഗല്യമായുഷ്യംരക്ഷൊഘ്നംചവിശേഷതഃ॥

കുറുന്തോട്ടിവേര, സോമവള്ളി, കൂവളത്തിൻവേര, പടോലം, നാല്പാമരത്തിൻതൊലി, വേപ്പിൻതൊലി, കൊന്നവെരുമ്മൽ തൊലി, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, മരമഞ്ഞത്തൊലി, കരിംകുറിഞ്ഞിവേര, തേക്കിൻതൊലി, ദേവതാരം, മഞ്ചെട്ടി പ്പൊടി, ചെറുവഴുതിനവേര ഇവകൊണ്ടു കഷായംവെച്ചു ഓരില വേര, മൂവ്വിലവേര, ജീരകം, കരിഞ്ജീരകം, പെരുഞ്ജീരകം, എരട്ടിമധുരം, അരത്ത, കരിങ്ങാലിക്കാതല, അകില, ഉങ്ങിൻ തൊലി, അലരിത്തൊലി, ത്രിഫല, ഇരിപ്പത്തൊലി, നന്നാറി ക്കിഴങ്ങ,പാൎവ്വള്ളിക്കിഴങ്ങ,ചെന്നിവള്ളിക്കിഴങ്ങ, മുത്തെങ്ങക്കിഴ ങ്ങ, കദളിവാഴക്കിഴങ്ങ, കടുകരോഹിണി,കുടകപ്പാലയരി,ചെ ങ്ങഴിനിക്കിഴങ്ങ, പതിമുകം, തെച്ചിമൊട്ട, രാമച്ചം, കാർകോ കിലരി, തമിഴാമവേര, ഗോരോചനം, കച്ചൂരിക്കിഴങ്ങ, കല ങ്കൊമ്പ, ആമയോട, മുത്തുശിപ്പി, പൊന്നരിതാരം, പവിഴം, അക്ലാരിത്തേങ്ങ, പുട്ടൽപീരകത്തിൻവെര, ചെറുപീരകത്തിൻ വേര, തുമ്പപ്പൂവ്വ, അയമോതകം, ജീരകം ഇവ അരച്ചുകലക്കി നെയ്യും നെയ്യോടു സമം നെല്ലിക്കനീര, കരിമ്പിൻനീര ഇവ യും ചേൎത്ത കാച്ചിയരിച്ചു പുരട്ടുകയും സേവിപ്പിക്കയും ചെയ്ക. എല്ലാ വിസൎപ്പങ്ങളും ശമിക്കും, ബലത്തെയും ആയുസ്സിനെ യും ഉണ്ടാക്കും. ഭൂതൊപദ്രവാദികളെയും ശമിപ്പിക്കും.

### (വിസപ്പാന്തകഘൃതം)

൧൦൧. ആരണ്യതുളസീവില്വവാശാദുസ്പശ്കട്ഫലൈഃ।
യൂഥികാവൈരിനിഗ്ഗുണ്ഡീശ്ശുകശിംബീസ്ഥിരാദ്വയൈഃ॥
൧൦൨. മൂവ്വാസൂചിമതീപാഠാവിശാലൈലെയകൈരപി।
സിദ്ധെകഷായെക്ഷീരിദ്രുവിരളാത്രയവല്ക്കജം॥
൧൦൩. വികംകതദ്വയീഹെമതരുവല്ക്കെശ്ചസാധിതം।
ക്വാഥംഘൃതസമംദത്വാതുളസീപത്രജംരസം॥
൧൦൪. രാജക്ഷവദ്വളോത്ഥഞ്ചശിതികിംശുകജന്തഘ്നാ। കുഠ
ളീപുഷ്പജഞ്ചാപിഘൃതെസ്മിൻപിഷ്ടയോജിതൈഃ॥
൧൦൫. ഏലാകുടചഭാങ്ഗ്യബ്ദവെല്ലധാന്യകയഷ്ടിഭിഃ। ജ്യോ
തിഷ്മതീന്ദുരെഖാഭ്യാംസൊശീരൈജ്ജീരകൈരപി॥
൧൦൬. സപ്പിഃകെരഫലസ്നെഹതുല്യാംശെനവിമിശ്രിതം।
സിദ്ധമഭ്യംഗപാനാഭ്യാംവിസപ്പാന്തകമുച്യതെ॥

കാട്ടുതുളസിവേര, കൂവളത്തിൻവേര, ആടലോടകത്തിൻവേര, കൊടുത്തൂവ്വവേര, കുമിഴിൻവേര, കാട്ടുമുല്ലവേര, ഏകനായകത്തിൻവേര, കരുനൊച്ചിവേര, നായ്ക്കുരണവേര, ഓരിലവേര, മൂവ്വിലവേര, പെരുംകുരുമ്പവേര, അഘോരിവേര, പാടക്കിഴങ്ങ, കാട്ടുവെള്ളരിവേര, മുക്കാപ്പീരകത്തിൻവേര ഇവകൊണ്ട കഷായംവച്ച നാല്പാമരത്തിൻതൊലികഞ്ഞിക്കൊട്ടത്തിൻതൊലി, കരിങ്കൊട്ടകത്തിൻതൊലിനരച്ചിക്കൊട്ടകത്തിൻതൊലി ഇവകൊണ്ടുവേറെ കഷായംവച്ച നെയ്യോടുസമംമേൽപറഞ്ഞ കഷായത്തിൽചേത്ത തുരടിവേരുമ്മൽതൊലി, വൈയ്യംകതവെരുമ്മൽതൊലി, പൊന്മരത്തിൻതൊലി ഇവകൊണ്ടും വെറെകഷായംവച്ച നെയ്യോടുസമം ചേത്ത തുളസിയില, കരുന്തുമ്പയിലകരുമുരുക്കില, തെങ്ങിൻ പൂക്കുലയരി ഇവററിൻ നീരുകളും നെയ്യോടുസമംചേത്തപിഴിഞ്ഞരിച്ച ഏലത്തരി, കുടകപ്പാലയരി, ചെറുതേക്കിൻവേര മുത്തെങ്ങക്കിഴങ്ങ, വിഴാലരി, കൊത്തമ്പാലയരി, ഏരട്ടിമധുരം, ചെറുപ്പുന്നയരി, കാർകൊകിലരി രാമച്ചം, ജീരകം, കരിഞ്ജീരകം, പെരുഞ്ജീരകം ഇവ അരച്ച കലക്കി നെയ്യും വെളിച്ചെണ്ണയും സമമായി ചേത്ത കാച്ചിയരിച്ച പുരട്ടുകയും സേവിപ്പിക്കയും ചെയ്ക. എല്ലാവിസപ്പങ്ങളും ശമിക്കും. ഇതിന്ന വിസപ്പാന്തകമെന്നപേരാകുന്നു. വെളിച്ചെണ്ണസമമായി ചേപ്പാൻ വിധിച്ച എങ്കിലും വിസപ്പാന്തക ഘൃതമെന്നുതന്നെ വ്യവഹാരത്തെ സമ്മതിക്ക നിമിത്തമായിട്ടുവെളിച്ചെണ്ണപറഞ്ഞതിൽ കുറച്ച ചേത്തിട്ടും ഒട്ടുംതന്നെ ചേക്കാ

തെയും അവസ്ഥയെ അനുസരിച്ച കാച്ചാമെന്നും അഭിപ്രായ മുണ്ടെന്ന വിചാരിച്ചുകൊൾകയും വേണം.

(സിദ്ധയോഗ ഘൃതം)

൧൦൭. ഖദിരസ്യതുലാംക്ഷുണ്ണാംപക്വപാദകശതെംഭസ ।
ശതഭാഗാവശിഷ്ടെസ്മിൻസപാതുല്യംസോമവല്ലിജം॥
൧൦൮. രസംസംയോജ്യഘൃതെത്തുകല്കിതൈഃകടുഭിസ്ത്രിഭിഃ।
ത്രിഫലാമധുകാംഭോദവിളംഗമിസിധാന്യകൈഃ॥
൧൦൯. എലാകുടചനാഗൈശ്ചഘൃതപ്രസ്ഥംവിപാചയെൽ।
ഇത്യേതൽസിദ്ധയോഗാഖ്യംസൎപ്പിസ്സൎവ്വവിസൎപ്പനൽ॥

കരിങ്ങാലിക്കാതല തുലാം ൧ ഇടിച്ച നാനൂറ ഇടങ്ങഴിവെള്ളത്തിൽ കഷായംവച്ച നാലിടങ്ങഴിയാക്കി അതിൽ നാലിടങ്ങഴിസോമവല്ലിയുടെ നീരചേൎത്ത അരിച്ച ചുക്കമുളകതിപ്പലി കടുക്ക,നെല്ലിക്ക,താന്നിക്ക,എരട്ടിമധുരം,മുത്തങ്ങക്കിഴങ്ങവിഴാലരി, ശതകുപ്പ, കൊത്തംപാലയരി,ഏലത്തരി, കുടകപ്പാലയരി,നാഗപ്പൂവ്വ, ഇവ അരച്ചുകലക്കി, നാനാഴി നെയ്യചേൎത്ത കാച്ചി അരിച്ച സേവിപ്പിക്ക. കല്കം നാഴിക്ക ആറുകഴഞ്ചു വീതം ചേൎക്കുക. ഈ നെയ്യിന്ന സിദ്ധയോഗമെന്ന പേരാകുന്നു. എല്ലാവിസൎപ്പങ്ങളും ശമിപ്പിക്കുകയും ചെയ്യും.

(അമൃതാബ്ദഫത്യാദി ഘൃതം)

൧൧൦. അമൃതാബ്ദഫതീകപാഥെജാത്യാഗസ്ത്യരികാദപയാൽ,
ശ്രീജടാകാരവല്ലീഭ്യാംജാംബവാൽപല്ലവാദപി॥
൧൧൧. ഊൎവ്വാനുജംബൂപത്രാഭ്യാംവിരളായാശ്ചപല്ലവാൽ।
നീലീശിഖഢിമട്ടിന്യോഃപത്രെഭ്യഃകിംശുകസ്യച॥
൧൧൨. രസമുദ്ധൃത്യസംയോജ്യചന്ദനാബ്ദഫലത്രയൈഃ
ചതുൎജ്ജാതകയഷ്ട്യാഫപകൈശ്ചരപിചകല്കിതൈഃ
൧൧൩. പക്വംസൎപ്പിശ്ചപാനെനവിസൎപ്പാനഖിലാനപി।
ദുഷ്ടാന്യത്രുംഷികുഷ്ഠാനിപാമാനംചനിയച്ഛതി॥

ചിററമൃത, ചെറുവഴുതിനവേര, ഇവകൊണ്ടു കഷായംവെച്ച അതിൽപിച്ചകത്തില, കൂക്കില, കഞ്ഞിക്കുരുക്കില, തൃച്ചിട, ചെറുകയ്യ, ഞാവൽക്കുമ്പ കറുക, ഞാറക്കുമ്പ, കഞ്ഞിക്കൊട്ടത്തിൻ കൂമ്പ,അമരിയില,മലയമുക്കി,കരുമുരുക്കില ഇവററിൻ നീരചേൎത്ത ചന്ദനം,മുത്തെങ്ങക്കിഴങ്ങ,ത്രിഫല,ഏലത്തരി,എലവംഗത്തൊലി,പച്ചില,നാകപ്പൂവ്വ,എരട്ടിമധുരം,കൊട്ടം ഇവ അരച്ചുകലക്കി നെയ്യ ചേൎത്ത കാച്ചിയരിച്ച സേവിപ്പിക്ക. എല്ലാവിസൎപ്പങ്ങളും പുണ്ണുകളും കുഷ്ഠവും ചിരങ്ങും ശമിക്കും.

(പാരന്തിപുഷ്പാദി മുക്കുടി)

൧൪. പാരന്തീപുഷ്പചാങ്ങേരീകൈശികീഘനധാന്യകൈഃ ।
പക്വപിഷ്ടൈഃഖളസ്സിദ്ധസ്തക്രേസർവ്വവിസർപ്പനുൽ ॥

തെച്ചിപ്പൂവ്വ, പുളിയാരില, മാശിക്ക, മുത്തങ്ങക്കിഴങ്ങ, കൊത്തമ്പാലയരി ഇവ മോരിൽപുഴങ്ങിയരച്ച മോരിൽകലക്കി തിളപ്പിച്ച സേവിപ്പിക്ക. എല്ലാ വിസർപ്പങ്ങളും ശമിക്കും.

(അമ്ലവെതസാദി മുക്കുടി)

൧൫. അമ്ലവേതസചാങ്ങേരീപാരന്തീപുഷ്പധാന്യകൈഃ ।
ഡാഡിമൈന്ദ്രയവാബ്ദൈശ്ചഖളസ്സർവ്വവിസർപ്പനുൽ ॥

ഞെരിഞ്ഞാംപുളിക്കിഴങ്ങ, പുളിയാരില, തെച്ചിപ്പൂവ്വ, കൊത്തമ്പാലയരി, താളിമാതളക്കായുടെ ഓട, കുടകപ്പാലയരി, മുത്തെങ്ങക്കിഴങ്ങ ഇവകൊണ്ട മുക്കുടിവച്ച സേവിപ്പിക്ക. എല്ലാ വിസർപ്പങ്ങളും ശമിക്കും.

(വൃശ്ചീവമൂലാദി മുക്കുടി)

൧൬. വൃശ്ചീവമൂലവിരളാപല്ലവാഭ്യാംകൃതഃഖളഃ ।
കൈശികീരജസാപേതഃപീതസ്സർവ്വവിസർപ്പനുൽ ॥

തമിഴാമവേര, കഞ്ഞിക്കൊട്ടകത്തിൻതളിര ഇവകൊണ്ട മുക്കുടിവച്ച മാശിക്ക പൊടിച്ചിട്ട സേവിപ്പിക്ക. എല്ലാ വിസർപ്പങ്ങളും ശമിക്കും.

(അമൃതാദി മുക്കുടി)

൧൭. അമൃതാഘനഭദ്രനിംബകുഷ്ഠളീപുഷ്പപഷാണൈഃ ।
ശാരിബാചൊരപാരന്തീപുഷ്പചാങ്ങേരികാദളൈഃ ॥

൧൮. ജീരകത്രയമായൂരീകൈശികീശശിരാജിഭിഃ । ജ്യോതിഷ്മതീവിളംഗൈലാവെതസാമ്ലകഡാഡിമൈഃ ॥

൧൯. സീതാജാതിഫലെന്ദ്രദ്രുപല്ലവൈശ്ചകൃതഃഖളഃ ।
മാണിമന്ഥരജൊയുക്തഃപീതസ്സർവ്വവിസർപ്പനുൽ॥

ചിററമൃത, മുത്തെങ്ങക്കിഴങ്ങ, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, തെങ്ങിൻപൂക്കുലയരി, പാവിട്ടത്തളിര, നന്നാറിക്കിഴങ്ങ, കച്ചൂരിക്കിഴങ്ങ, തെച്ചിപ്പൂവ്വ, പുളിയാരില, ജീരകം, കരിഞ്ചീരകം, പെരുഞ്ചീരകം, ചെറുകടലാടി, മാശിക്ക, കാർകൊകിലരി, ചെറുപ്പുന്നയരി, വിഴാലരി, ഏലത്തരി, ഞെരിഞ്ഞാംപുളിക്കിഴങ്ങ, താളിമാതളങ്ങയുടെഓട, തിപ്പലി, ജാതിക്ക, മരുതിൻതളിര ഇവകൊണ്ട മുക്കുടിവച്ച ഇന്തുപ്പ പൊടിച്ചിട്ട സേവിപ്പിക്ക. എല്ലാ വിസർപ്പങ്ങളും ശമിക്കും.

## പുടപാക കഷായങ്ങൾ.

### (ശാകദ്രുവ്വാദി)

൱൨൦. ശാകദ്രുവ്വാനിശാദ്വന്ദ്വപാരന്തീമുകുളാഭയാഃ ।
വിളംഗകൈശികീജാതിഫലാനിചകണാദ്വയം ॥
൱൨൧. കിംശുകസ്യചപത്രാണിരുദ്ധ്വാകേരഫലോദരെ ।
ആലിപ്യഗോമയൊപെതസ്നിഗ്ദ്ധമൃത്തികയാചതൽ ॥
൱൨൨. ഫലമംഗാരപുഞ്ജസ്യഗർഭെനിക്ഷിപ്യപാചയെൽ ।
അതീത്യാർദ്ധമുഹൂർത്തംതദാദായൊദരതൊജലം ॥
൱൨൩. ഗൃഹീത്വാതസ്യപൂതംതന്മാക്ഷികെണസമന്വിതം ।
പായയെൽപുടപാകൊയംക്വാഥസ്സർവ്വവിസർപ്പനുൽ ॥

തേക്കിൻകുമ്പ, കറുക, വരട്ടുമഞ്ഞൾ, മരമഞ്ഞത്തൊലി, തെച്ചിമൊട്ട, കടുക്ക, വിഴാലരി, മാശിക്ക, ജാതിക്ക, തിപ്പലി, അത്തിത്തിപ്പലി, കരുമുരുക്കിൻകുമ്പ ഇവ ഇളനീരിൻെറ അകത്താക്കി വെള്ളംപോകാത്തവിധത്തിൽ പഴുതടച്ച ചാണകവും പുററുമണ്ണുംകൂട്ടി പൊതിഞ്ഞ തീക്കനലിൽ ചുട്ട ഒരു നാഴിക വെവിച്ച എടുത്ത ഇളനീരിൻെറ വെള്ളമെടുത്ത ആറിയാൽ തേൻ ചേർത്ത സേവിപ്പിക്ക ഈ വിധം ഉണ്ടാക്കുന്നതിന്ന പുടപാക കഷായമെന്ന പേരാകുന്നു. ഇപ്രകാരം ചെയ്താൽ എല്ലാ വിസർപ്പങ്ങളും ശമിക്കും.

### (വിളംഗകുടചാദി)

൱൨൪. വിളംഗകുടചൈലെന്ദുരെഖാധാന്യകപർപ്പടൈഃ ।
ജ്യോതിഷ്മതീഞ്ചദ്രുവ്വാഞ്ചശാകകിംശുകയൊർദ്ദളം ॥
൱൨൫. ജീരകത്രയപാരന്തീകുസുമാംബുധരാഭയാഃ ।
വിശാലാശാരിബാദ്വന്ദ്വകൈശികീശ്ചസഹക്ഷിപേൽ ॥
൱൨൬. നാളികെരൊദരെതസ്മാൽപൂർവ്വവച്ഛ്രുതംജലം ।
ആദായകൈശികീചൂർണ്ണമധുമിശ്രംചപായയെൽ ॥

വിഴാലരി, കുടകപ്പാലയരി, ഏലത്തരി, കാർകോകിലരി, കൊത്തമ്പാലയരി, പർപ്പടം, ചെറുപ്പുന്നയരി, കറുക, തേക്കിൻകുമ്പ കരുമുരുക്കിൻകുമ്പ, ജീരകം, കരിഞ്ചീരകം, പെരുഞ്ചീരകം, തെച്ചിപ്പൂവ്വ, മുത്തെങ്ങക്കിഴങ്ങ കടുക്ക, കാട്ടുവെള്ളരിവെര, നന്നാറിക്കിഴങ്ങ, പാവുള്ളിക്കിഴങ്ങ, മാശിക്ക ഇവ ഇളന്നീരിൻെറ അകത്താക്കി മേൽപ്രകാരം ചുട്ടെടുത്ത അതിൻെറ അകത്തെവെള്ളം അരിച്ചെടുത്ത മാശിക്കയുടെ പൊടിയും തേനും ചേർത്ത സേവിപ്പിക്ക, എല്ലാവിസർപ്പങ്ങളും ശമിക്കും.

(വെല്ലാമലകാദി)

൧൨൭. വെല്ലാമലകവൃശ്ചീവവികംകതനിശാദ്വയൈഃ।
ക്ഷീരിദ്രുവിരളാശാകകദംബധവവല്ക്കലൈഃ॥
൧൨൮. അജമൊജാഭയാജാതിഫലമാഗധികാദ്വയൈഃ।
ജീരകത്രയദേവാഹ്വവരാളഹിമയഷ്ടിഭിഃ॥
൧൨൯. ദ്രാക്ഷാഖദിരശൈലെയമധൂകനളദൈരപി।
നാളികെരൊദരസ്ഥാംഭഃപക്വംപ്രാഗ്വദ്വിസൎപ്പനുൽ।

വിഴാലരി, നെല്ലിക്ക, തമിഴാമവേര, വൈയ്യംകതവേര, വരട്ടുമഞ്ഞൾ, മരമഞ്ഞൾത്തൊലി, നാല്പാമരത്തിൻതൊലി കഞ്ഞിക്കൊട്ടകത്തിൻവേരുമ്മൽതൊലി, തേക്കിൻതൊലി, കടമ്പിൻതൊലി, ഞമവേരുമ്മൽതൊലി, ജീരകം, കരിഞ്ചീരകം, പെരുഞ്ചീരകം, ദേവതാരം കരയാമ്പൂവ, ചന്ദനം, എരട്ടിമധുരം, മുന്തിരിങ്ങപ്പഴം, കരിങ്ങാലിക്കാതല, കന്മതം, ഇരുപ്പക്കാതല, രാമച്ചംഇവകൊണ്ടു മേൽപ്രകാരം ഇളനീര വേവിച്ച അതിലെ വെള്ളമെടുത്ത മേൽപ്രകാരം സേവിപ്പിക്ക. എല്ലാ വിസൎപ്പങ്ങളും ശമിക്കും.

(ഖദിരാസവം)

൧൩൦. ക്വാഥെഖദിരസാരെണസിദ്ധെഷ്ടാംശാവശെഷിതെ।
ദ്രൊണമാത്രെമൃതാസൊമലതെദ്ധശതരുത്വചഃ॥
൧൩൧. ദൂൎവ്വാഞ്ചഭൃംഗരാജഞ്ചപാരന്തീകുസുമാനിച।
ജീരകെദ്വെവിശാലാഞ്ചപലമാത്രാണിനിക്ഷിപെൽ॥
൧൩൨. ക്ഷുണ്ണാനിബദ്ധ്വാതൽപാത്രവദനംസമ്യഗാതപെ।
സന്താപ്യൈകമഹസ്തീവ്രെകഥാഥംതംഭാജനെശുഭെ॥
൧൩൩. പുരാണെമൃന്മയെലൊദ്ധ്രമൃണാളാഗരുചന്ദനൈഃ।
സുഗന്ധിദ്രവസംപിഷ്ടൈല്ലിപ്തെശുഷ്കെചധൂപിതെ॥
൧൩൪. ശ്രീവെഷ്ടസജ്ജയഷ്ട്യാഹ്വകുന്ദുരുഷ്കഹിമദ്വയൈഃ।
സൊശീരൈസ്സംഭൃതൈഃപൂതംസത്തുല്യമധുമിശ്രിതം॥
൧൩൫. ആധായകെതകീപുഷ്പൈൎവ്വാസയൻഗമയെത്ര്യഹം।
പായയെച്ചചതുൎത്ഥെഗ്നിപ്രഭാതെനന്തരെഷുച।
൧൩൬. പ്രൊക്തൊയംഖരനാദെനഖദിരാസവഉത്തമഃ।
ശീലിതഃകുഷ്ഠദുഷ്ടാരുൎവ്വിസൎപ്പകുലനാശനഃ॥

നൂററിരുപത്തെട്ട പലം കരിങ്ങാലിക്കാതല നൂററിരുപത്തെട്ട ഇടങ്ങഴി വെള്ളത്തിൽ ഇടിച്ചിട്ട കഷായംവച്ച പതിനാറിടങ്ങഴിയാക്കി അരിച്ച ഒരു പാത്രത്തിലാക്കി അതിൽചിററമൃത, സൊമവല്ലി, നാല്പാമരത്തിൻതൊലി, കറുക, കഞ്ഞുണ്ണി, തെ

ച്ചിപ്പുവ്വ,ജീരകം,കരിഞ്ചീരകം, കാട്ടവെള്ളരിവേര ഇവ ഓരൊ പലം ചതച്ചിട്ട ഒരു ദിവസം മുഴവൻ പാത്രത്തിൻെറ വായ നല്ലവണ്ണംകെട്ടി കഠിനമായ വെയിലത്തവെച്ച തിരുമ്പിപ്പിഴിഞ്ഞരിച്ച ആ കഷായത്തിൽ തേൻ സമംചേത്ത മയങ്ങിയ മണ്പാത്രത്തിൻെറ അകത്ത പാച്ചോററിത്തൊലി, താമരവളയം, അകില, ചന്ദനം ഇവ പനിനീരിലരച്ച തേച്ചുണക്കി തിരുവട്ടപ്പശ, ചെഞ്ചില്യം, എരട്ടിമധുരം, കുന്തുരുക്കം, ചന്ദനം, രക്തചന്ദനം, രാമച്ചം ഇവപൊടിച്ച നെയ്യുകൂട്ടി പുകച്ച ആ പാത്രത്തിലാക്കി കൈതപ്പൂവ്വുകൊണ്ട വാസനകൊടുത്ത അടച്ച സൂക്ഷിച്ച നാലാംദിവസംമുതൽ രാവിലെനേരം അതിൽനിന്ന വേണ്ടതെടുത്ത സേവിപ്പിക്ക. എല്ലാവിസപ്പവും കുഷ്ഠവും പുണ്ണുകളും ശമിക്കും. ഇതിന്ന ഖദിരാസവമെന്ന പേരാകുന്നു. ഇത ഖരനാദനെന്ന ആചാൎയ്യനാൽ വിധിക്കപ്പെട്ടതുമാകുന്നു.

(ശിംശപാസവം)

൩൩൭. ശിംശപാതരുസാരെണപ്രാഗ്വദ്ദൈവപ്രകല്പിതഃ।
വിസൎപ്പാനഖിലാൻഹന്തിവിഖ്യാതശ്ശിംശപാസവഃ ॥

കരിങ്ങാലിക്കാതലിന്ന പകരം ഇരുമുള്ളിൻകാതല ചേൎത്ത മുൻപറഞ്ഞപ്രകാരം ഉണ്ടാക്കിയാൽ ആയത ശിംശപാസവമെന്നറിക. ആയതിൻെറ ഫലവും മേൽപ്രകാരമാകുന്നു.

(വാൽക്കാസവം)

൩൩൮. ക്ഷീരിദ്രുവിരളാമൂലകദംബഖദിരത്വചാം।
നിഷ്ക്വാഥെമധുനായുക്തസ്സ്വാദ്ധ്രുല്യേനമൃന്മയെ ॥

൩൩൯. പൂൎവ്വവൽസംസ്കൃതെപാത്രെനിഷിക്തഃകടുഭിസ്ത്രിഭിഃ
ജീരകൈശ്ചാപികൈശിക്യാവിളംഗൈൎദ്ധാന്യകൈരപി ॥

൩൪൦. ഏലാകുടചശീതാംശുരേഖാജ്യോതിഷ്മതിയുതൈഃ।
വിശാലാമൂലവൈകുണ്ഠപാരന്തീപുഷ്പദാരുഭിഃ ॥

൩൪൧. ശാരിബോശീരസൈരേയമധുകൈശ്ചകൃതംരജഃ।
മധുത്ര്യംശസമംകൃത്വാബദ്ധാവസ്ത്രേണമജ്ജനാൽ ॥

൩൪൨. തസ്യപഞ്ചാഹതഃപ്രാപ്തവീൎയ്യഃപ്രാതഃപ്രയോജിതഃ।
ഏഷവാല്ക്കാസവൊനാമവിസൎപ്പാൻവിനിയച്ഛതി ॥

നാല്പാമരത്തിൻതൊലി, കഞ്ഞിക്കൊട്ടകത്തിൻവേരിന്മേൽതൊലി,കടമ്പിൻതൊലി കരിങ്ങാലിത്തൊലി ഇവകൊണ്ട കഷംവെച്ച പിഴിഞ്ഞരിച്ച അതിൽ പകുതി തേൻ ചേൎത്ത മുൻപറഞ്ഞപ്രകാരം തേച്ചുണക്കി പുകച്ച മയങ്ങിയ മണ്പാത്രത്തിലാക്കിചുക്കമുളകുതിപ്പലി,ജീരകം,കരിഞ്ചീരകം,പെരുഞ്ചീ

രകം,മാശിക്ക,വിഴാലരി, കൊത്തംപാലയരി, ഏലത്തരി, കുടകപ്പാലയരി,കാർകോകിലരി, ചെറുപ്പുന്നയരി, കാട്ടുവെള്ളരിവേര,തുമ്പപ്പൂവ്വ, തെച്ചിപ്പൂവ്വ, ദേവതാരം, നന്നാറിക്കിഴങ്ങ, രാമച്ചം, കരിങ്കുറുഞ്ഞിവെര, എരട്ടിമധുരം, ഇവ കൂട്ടിപ്പൊടിച്ചുണ്ടാക്കിയ പൊടി തേനിൻെറ മൂന്നിൽ ഒരു ഭാഗത്തോടുസമമാക്കി എടുത്ത ഒരു വസ്ത്രത്തിലാക്കി കിഴികെട്ടി ആക്കിഴി മെല്പറഞ്ഞ കഷായത്തിൽ താഴ്ത്തി പാത്രത്തിൻെറ വായകെട്ടി അഞ്ചദിവസം കഴിഞ്ഞാൽ ആറാം ദിവസം മുതൽ പുലൎച്ചെ അതിൽനിന്ന വെണ്ടതെടുത്ത സെവിപ്പിക്ക എല്ലാ വിസൎപ്പങ്ങളും ശമിക്കും. ഇതിന്ന വാല്കാസവമെന്ന പേരാകുന്നു.

(പുഷ്പാസവം)

൧൪൩. കുസുമൈൎദ്രോണമാകന്ദപലാശകരവീരജൈഃ।
കിംശുകാശൊകപാരന്തീചംപകപ്രഭവൈരപി॥

൧൪൪. സിദ്ധഃപ്രാഗ്വൽകൃതെപാത്രെനിഷിക്തൊമാക്ഷികാന്വിതഃ। ത്ര്യംശെനാഹിതവീൎയ്യശ്ചപൂൎവ്വോക്തവിധിനാന്വഹം॥

൧൪൫. പ്രഭാതെശീലിതസ്സൎവ്വാൻവിസൎപ്പാൻവനിയച്ഛതി।
പക്ഷേണൈകേനപൌഷ്പ്രോയമാസവഃപരികീൎത്തിതഃ

തുമ്പപ്പൂവ്വ, തേന്മാവിൻപൂവ, പ്ലാശിൻപൂവ, അലരിപ്പൂവ്വ, മുരുക്കിൻപൂവ, അശോകത്തിൻപൂവ, തെച്ചിപ്പൂവ്വ, ചമ്പകത്തിൻപൂവ, ഇവകൊണ്ട കഷായംവെച്ച പിഴിഞ്ഞരിച്ച അതിൽ പകുതി തേൻ ചെൎത്ത മുൻപറഞ്ഞപ്രകാരം പാത്രത്തിലാക്കി അതിൽ മുൻപറഞ്ഞ പൊടിക്കിഴിതാഴ്ത്തി വായകെട്ടി വെച്ചുനാലാം ദിവസംമുതൽ രാവിലെ അതിൽനിന്ന വേണ്ടതെടുത്ത സേവിപ്പിക്ക, പതിനഞ്ച ദിവസംകൊണ്ട എല്ലാ വിസൎപ്പങ്ങളും ശമിക്കും. ഇതിന്ന പുഷ്പാസവമെന്ന പേരാകുന്നു.

(മഞ്ജിഷ്ഠാദി ഗുളിക)

൧൪൬. മഞ്ജിഷ്ഠാമധുകൊശീരശിംശപാവിജയാസ്ഥിഭിഃ।
കൈശികീന്ദ്രത്വഗാംഭോദവിശാലാമൂലവൈഢിഭിഃ॥

൧൪൭. ശാകത്വക്ചന്ദനാഭീരുഗുളൂചീഗൊപികാദ്വയൈഃ।
ധാത്രീവിദാരവാരാഹിജീവന്തീഭിശ്ശതാഹ്വയാ॥

൧൪൮. വിളംഗകുടജൈലെന്ദുരെഖാധാന്യകഭാസ്വരൈഃ।
ജീരകത്രയനിൎഗ്ഗുണ്ഡീമൂലജാതിഫലൈരപി॥

൧൪൯. പാരന്തീപുഷ്പസാരെണക്ഷീരിവല്ക്കരസെനച।
കഷായെനത്രിഫലായാശ്ചപിഷ്ടൈരുദ്വൎത്തനാൽകൃതാഃ॥

൧൫൦. കൊലപ്രമാണാസ്സംശുഷ്കാഗുളികാമാക്ഷികാന്വിതാഃ।

ലീഢാഃപ്രാതവ്വിനിഘ്നന്തിവിസപ്പാനഖിലാന്ധ്രുവം॥

മഞ്ചെട്ടിപ്പൊടി, എരട്ടിമധുരം, രാമച്ചം, ഇരുമ്പള്ളിൻകാതല, കടുക്കത്തൊണ്ട, മാശിക്ക, നീർമരുതിൻതൊലി, മുത്തങ്ങക്കിഴങ്ങ, കാട്ടുവെള്ളരിവേര, എകനായകത്തിൻവെര, തേക്കിൻതൊലി, ചന്ദനം, ശതാവരിക്കിഴങ്ങ, ചിററമൃത, നന്നാറിക്കിഴങ്ങ, പാവ്വള്ളിക്കിഴങ്ങ, നെല്ലിക്ക, മുതക്കിൻകിഴങ്ങ, നിലപ്പനക്കിഴങ്ങ, അടപതിയൻകിഴങ്ങ, ശതകുപ്പ, വിഴാലരി, കുടകപ്പാലയരി, ഏലത്തരി, കാർകോകിലരി, കൊത്തമ്പാലയരി, ചെറുപ്പുന്നയരി, ജീരകം, കരിഞ്ചീരകം, പെരിഞ്ചീരകം, കരുനൊച്ചിവേര, ജാതിക്ക ഇവ തെച്ചിപ്പൂവ്വിൻനീരിലും നാല്പാമരത്തിൻ തൊലികളുടെ നീരിലും ത്രിഫലക്കഷായത്തിലും അരച്ച ലന്തക്കുരു പ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി തേനിൽ സെവിപ്പിക്ക. എല്ലാ വിസപ്പങ്ങളും ശമിക്കും.

(ലാക്ഷാദി ഗുളിക)

൧൭൧. ലാക്ഷാവണ്ണവതീചന്ദ്രധനികാദെവദാരുഭിഃ।
ഭൃനിംബകുഹളീപുഷ്പകൈശികീചന്ദനദ്വയൈഃ॥
൧൭൨. വിശാലാമൂലവൈകുണ്ഡവൃശ്ചീവവിജയാസ്ഥിഭിഃ।
ശംഖവിദ്രുമസാരംഗശൃംഗശല്യകഭസ്മഭിഃ॥
൧൭൩. സ്ഥൌണെയകവിസപ്പഘ്നീശതാഹ്വാജീരകത്രയൈഃ।
പാരന്തീമുകുളാനന്താശാകകിംശുകവല്കലൈഃ॥
൧൭൪. കാളാനുസാരീശൈലെയവചാതുരുഷ്കാസ്ഥിഭിഃ।
ദാവ്വീപടോലയഷ്ട്യാഹ്വപത്മകെന്ദ്രയവൈരപി॥
൧൭൫. ജ്യോതിഷ്മതീംസമാനാംശാംകൃതചാദ്ഭിഃപരിപെഷിതൈഃ। പാരന്തീമൂലസിദ്ധെനകഷായെനത്രിദിനംപുനഃ॥
൧൭൬. ശാകകിംശുകനിർഗ്ഗുണ്ഡീവിരളാപല്ലവാംബുഭിഃ
എകൈകഞ്ചാപ്യഹഃകുര്യാൽഗുളികാഃകൊലസമ്മിതാഃ
൧൭൭. ഛായാശുഷ്കാഃകദംബസ്യകിംശുകസ്യാഥവാതചാ।
പാരന്ത്യാവാപിപകെനതാഃകഷായെണപായയെൽ॥
൧൭൮. കാരവീകൈശികീലോദ്ധ്രധനികാഭിസ്സൃതെനവാ।
എഷപ്രയൊഗസ്സവ്വെഷാംവിസപ്പാണാംശമവഹഃ॥

കോലരക്ക, വെണ്ണാടന്തൊലി, നന്നാറിക്കിഴങ്ങ, കൊത്തമ്പാലയരി, ദേവതാരം, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, തെങ്ങിൻപൂക്കുലയരി, മാശിക്ക, ചന്ദനം, രക്തചന്ദനം, കാട്ടുവെള്ളരിവേര, തുമ്പപ്പൂവ്വ, തമിഴാമവേര, കടുക്കത്തൊണ്ട, ശംഖ, പവിഴം, കലംകൊമ്പ, മുള്ളൻകോലിൻെറഭസ്മം, തുണിയാങ്കം, കരപ്പാ

മ്പട്ട, ശതകുപ്പ,ജീരകം,കരിഞ്ചീരകം, പെരുഞ്ചീരകം, തെച്ചിമൊട്ട,കറുക,തെക്കിൻതൊലി,കരുമുരുക്കിൻതൊലി,ഉലുവ, കന്മതം, വയമ്പ, നീരട്ടിക്കുരുചിൻപരിപ്പ,മരമഞ്ഞത്തൊലി,പടോലം എരട്ടിമധുരം, പതിമുകം, കുടകപ്പാലയരി ഇവ സമം ഒക്കക്കൂട്ടിയെടത്തൊളം ചെറുപ്പുന്നയരി ഇങ്ങിനെകൂട്ടി തെച്ചിവെർ കഷായത്തിൽ മൂന്നു ദിവസം അരച്ച പിന്നെ തെക്കിൻകൂമ്പ, കരുമുരുക്കിൻകൂമ്പ, കരുനൊച്ചിയുടെ കൂമ്പ, കഞ്ഞിക്കൊട്ടകത്തിൻകൂമ്പ ഇവററിൻനീരിൽ ഓരോ ദിവസം അരച്ച ലന്തക്കുരുപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി കടമ്പിൻതൊലികൊണ്ടൊ കരുമുരുക്കിൻതൊലികൊണ്ടൊ തെച്ചിവെരുമ്മൽതൊലികൊണ്ടൊ കരിഞ്ചീരകം,മാശിക്ക,പാച്ചൊററിത്തൊലി, കൊത്തമ്പാലരി ഇവകൊണ്ട കഷായംവെച്ച അതിൽചേൎത്ത സേവിപ്പിക്ക. എല്ലാവിസപ്പ്ങ്ങളും ശമിക്കും.

(വിസപ്പ്ാശനി ഗുളിക)

൧൭൫. ഭാഗാനഷ്ടൌമധുസ്സഹ്യാവിസപ്പാഃഹ്ല്യാദശാംശകാൻ।
ദ്രാവംശകൌചകൈശിക്യാഃപഞ്ചാംശാൻഖദിസ്യച॥

൧൭൬.ഖാദിരെണ കഷായെണകിംശുകസ്വരസെനച।
ആജെനപയസൈലെയപല്ലവാനാംരസെനച॥

൧൭൭.വിശാലെക്ഷ്വാകുമൂലാബ്ദകഷായെണചസന്തതം।
പിഷ്ട്വൈകൈകമഹഃകുയ്യാൽഗുളികാഃകൊലസമ്മിതാഃ।

൧൭൮.ഛായാശുഷ്കാശ്ചതാഃകൃത്വാചൂൎണ്ണീകൃത്യാശയെൽപ്രഗെ। യൊജിതാമധുസപ്പിൎഭ്യാംവിസപ്പവിനിവൃത്തയെ
പ്രശമായചകുഷ്ഠാനാംരക്തസ്യസ്ഥാപനായച
വിസപ്പാശനയൊനാമഗുളികാഃകഥിതാഇമാഃ

പാവ കഴഞ്ച എട്ട, കരപ്പാമ്പട്ട കഴഞ്ച പത്ത,മാശിക്കകഴഞ്ച രണ്ട,കരിങ്ങാലിക്കാതല,കഴഞ്ചഅഞ്ചഇങ്ങിനെകൂട്ടികരിങ്ങാലിക്കാതലിൻ കഷായത്തിലും കരമുരുക്കിലനീരിലും ആട്ടിൻപാലിലും മുക്കാപ്പീരകത്തിലനീരിലും കാട്ടുവെള്ളരിവെര,കയ്യൻചുരവേര, മുത്തെങ്ങക്കിഴങ്ങ ഇവ മൂന്നും ഒന്നിച്ചവെച്ച കഷായത്തിലും ഓരെ ദിവസം മുറിയാതെ അരച്ച ലന്തക്കുരുപ്രമാന്നം ഗുളികയുരുട്ടി നിഴലിലുണക്കി ഓരെ ഗുളികപൊടിച്ച തേനും നെയ്യുംകൂട്ടി ചാലിച്ച രാവിലെ സേവിപ്പിക്ക. വിസപ്പം,കുഷ്ഠം,രക്തക്ഷോഭം ഇവ ശമിക്കും. മേൽപറഞ്ഞഗുളികക്കു വിസപ്പാശനി എന്ന പേരാകുന്നു അശാവി എന്നത

വജ്രമാകുന്ന അത വലുതായ പൎവ്വതം മുതലായതുകളെ നശിപ്പിക്കും എന്നതുപോലെ വിസൎപ്പങ്ങളെ നശിപ്പിക്കുമെന്ന മെൽപറഞ്ഞ പെരുകൊണ്ട സിദ്ധിച്ചിരിക്കുന്നു എന്ന അറിഞ്ഞുകൊൾകയും വേണം.

(വിസൎപ്പമുള്ളവക്ക തലവേദനക്ക)

൨൩൬. വിസൎപ്പോത്ഥെശിരൊരൊഗെദാരുണെസ്തന്യപെഷിതം। ശ്രീഖണ്ഡഗൈരികാംഭൊദയുതംലിംപെജ്ജയാദ്വയം॥

വിസൎപ്പം നിമിത്തമായി തലവേദന കഠിനമായി ഉണ്ടായാൽ ചന്ദനം, കാവിമണ്ണ, മുത്തെങ്ങക്കിഴങ്ങ, കടുക്ക ഇവമുലപ്പാലിൽ അരച്ച നെററിമെൽ തേക്കുക.

തീവ്രജ്വരത്തിന്ന

൨൩൭. തീവ്രെജ്വരെതുഭൂനിംബധനികായാഷപൎപ്പടൈഃ।

സാമാന്യൈഃപൌഷ്കരൈൎമ്മൂലൈഃക്വാഥശ്ശസ്തസ്സിതായുത

വിസൎപ്പമുള്ളവക്ക കഠിനമായ പനിയുണ്ടായാൽ പുത്തരിച്ചുണ്ടവേര, കൊത്തമ്പാലയരി, കൊടുത്തൂവ്വവേര, പൎപ്പടം ഇവ സമം ഒക്കക്കൂടിയെടുത്തോളം പുഷ്കരമൂലം ഇങ്ങിനെചേൎത്ത കഷായംവെച്ച പഞ്ചസാര മെപ്പൊടിചെൎത്ത സേവിപ്പിക്ക.

(ചിത്തഭ്രമത്തിന്ന)

൨൩൮. ജാതായാംചിത്തവിഭ്രാന്തൌവിസൎപ്പാൎത്തസ്യശസ്യതെ മൂൎദ്ധ്നിസൎഷപകാൎപ്പാസപത്രനായകരെണുഭിഃ॥

൨൩൯. താമ്രചൂഡസ്യരക്തെനമിളിതൈർല്ലേപനംശിശൊഃ। ശിരൊവനമനെധാത്രീബലാപത്രാംബുയഷ്ടിഭിഃ॥

൨൪൦. കുഷ്ഠചന്ദനലാമജ്ജസലിലൈശ്ചവിചൂൎണ്ണിതൈഃ। സസ്തന്യനവനീതാദ്യൈർല്ലേപനംതത്രശസ്യതെ।

വിസൎപ്പമുള്ള ശിശുവിന്ന ചിത്തഭ്രമമുണ്ടായാൽ കടുക, പരുത്തിയില, ചെന്നിനായകം ഇവ പൊടിച്ച കൊഴിച്ചോരയിൽ ചാലിച്ച മൂൎദ്ധാവിലിടുക.

(മൂൎദ്ധാവുകുഴിഞ്ഞാൽ വേണ്ടത)

വിസൎപ്പമുള്ള ശിശുവിന്റെ മൂൎദ്ധാവുകുഴിഞ്ഞാൽനെല്ലിക്ക കുറുന്തോട്ടിയില, മുത്തെങ്ങക്കിഴങ്ങ, എരട്ടിമധുരം, കൊട്ടം, ചന്ദനം, രാമച്ചം, ഇരുവേലി ഇവ പൊടിച്ച മുലപ്പാലും വെണ്ണനെയ്യും ചേൎത്ത ഉരസി നീരറുത്ത മൂൎദ്ധാവിലിടുക.

(കഠിനമായ അരുചിക്ക)

൨൪൧. തീവ്രായാമരുചൌതസ്യപാരന്തീമൂലചൎമ്മണാ। ആൎദ്രകദ്രോണപുഷ്പാഭ്യാംമാകന്ദസ്യചപല്ലവൈഃ॥

൧൬. സിദ്ധഃകഷായഃപാതവ്യശ്ശക്കരാസഹിതൊഥവാ।
താലീസപത്രചൂൎണ്ണാദ്ധ്യസ്സിതാക്ഷൌദ്രയുതൊപിവാ॥

വിസപ്പമുള്ളശിശുവിന്ന കഠിനമായ അരുചി ഉണ്ടായാൽ തെച്ചിവേരിന്മെൽതൊലി, ഇഞ്ചി, തുമ്പപ്പൂവ്വ, തെന്മാവിൻതളിര, ഇവകൊണ്ട കഷായംവെച്ച പഞ്ചസാരയൊ താലീസപത്രത്തിൻ പൊടിയൊ പഞ്ചസാര, തേൻ ഇവയൊ മേപ്പൊടി ചേൎത്ത സേവിപ്പിക്ക.

൧൭. സവ്വെഷാമിതിദിങ്മാത്രംവിസപ്പാണാംചികിത്സിതം।
അലമെതാവതാജെതുംതാൻവൈദ്യഃക്ഷിപ്രമാത്മവാൻ॥

എല്ലാവിസപ്പങ്ങൾക്കും കൂടി ഉള്ള ചികിത്സ സംക്ഷേപിച്ച ഇപ്രകാരം പറകപ്പെട്ടു ഇത്രമാത്രംകൊണ്ടു എല്ലാവിസപ്പങ്ങളെയും കാലതാമസംകൂടാതെ ബുദ്ധിമാനായ വൈദ്യൻശമിപ്പിപ്പാൻ ശക്തനായി വരികയും ചെയ്യും.

ഇതി വാദ്ധ്യസൊപനാമകരാ മാനന്ദനാഥപണ്ഡിത പാരശവെന്ദ്രകൃതാ വാരൊഗ്യകല്പദ്രുമെ ബാലചികിത്സായാംചതുൎദ്ദശസ്തബകൊനാമ ചതുൎദ്ദശൊദ്ധ്യായഃ

---

ആരോഗ്യ കല്പദ്രുമെ ബാലചികിത്സായാം.

---

പഞ്ചദശാദ്ധ്യായപ്രാരംഭഃ

മസൂരികാ ലക്ഷണം

൧. ജായന്തെംഗെഷുസവ്വെഷുപിടകാശ്ചണകപ്രഭാഃ।
മസൂരതുല്യവൎഷ്മാണൊവൈദ്യാസ്താസ്തുമസൂരികാഃ॥

എല്ലാഅംഗങ്ങളിലും നിറഞ്ഞ ചണംപയറിൻ മണിപ്രമാണങ്ങളായി ഉണ്ടാകുന്ന കുരുക്കളെ മസൂരിക എന്ന വൈദ്യൻ അറിഞ്ഞുകൊൾക. ഇതിന്റെ ലക്ഷണംസ്പഷ്ടമായി താഴെപറയും.

൨. ജ്വരൊവദനശൊഷശ്ചഗാത്രമദ്ദസ്സുഥാംഗതാ।
അരുചിഭ്രമഹഷശ്ചശിരൊരുങ്നയനാമയഃ॥
൩. പീനസശ്ചാഗ്രുപാണിതസ്യാവാതാദിലക്ഷണൈഃ।
അന്ന്യത്രജ്വരനിദ്രിഷ്ട്രൈദ്ദോഷാനുഗതിമാദിശെൽ॥

പനി, വായവറൾച്ച, അവിടവിടെനുറുങ്ങിനൊക, സന്ധികൾക്കഅയവ,അരുചി രോമാഞ്ചം, തലവേദന,നേത്രരോഗം ഇവ പൂൎവ്വരൂപങ്ങളാകുന്നു. ജ്വരത്തിന്റെ സംപ്രദായഭേദത്തെ അറിഞ്ഞവാതജ്വരാദികളുടെ ലക്ഷണങ്ങൾ ഇതരഗ്രന്ഥങ്ങളിൽപറകപ്പെട്ടതയാതൊരുപ്രകാരമൊഅപ്രകാരംഅതാതിനെ ഗ്രഹിച്ച ജ്വരത്തിന്ന എതുദോഷം കാരണമാകുന്നുവോഅതുതന്നെ മസൂരികയ്ക്കുംകാരണമായി വരുന്നത നിശ്ചയമാകയാൽ ജ്വരലക്ഷണങ്ങൾ പരീക്ഷിച്ചറിഞ്ഞ ദോഷകോപാദികളെ ഇവിടെ അറിഞ്ഞുകൊൾകയും വെണം.

൪. അഷ്ടധാസാനിജാഗന്തുരെകാസ്യാദ്വിഷഗന്ധതഃ।
സൌകൎയ്യായചികിത്സാതുതൽസാമാന്യസ്യകഥ്യതെ॥

മസൂരിക തങ്കൽനിന്നുണ്ടാകുന്നത വാതാദികളെക്കൊണ്ടമൂന്നുപ്രകാരവുംവാതപിത്തംമുതലായ ഈ രണ്ടദോഷങ്ങളെക്കൊണ്ട മൂന്നുപ്രകാരവുമാകയാൽ ആവക ആറും സന്നിപാതം,രക്തഃകോപം ഇവകൊണ്ട ഒരൊന്നും ആഗന്തുകിയായത വിഷഗന്ധംകൊണ്ട ഒന്നും ഇങ്ങനെഎമ്പതുപ്രകാരമുണ്ട പ്രവൃത്തിക്കുള്ള എളുപ്പത്തിന്നവേണ്ടി അതുകളുടെ സാമാന്യചികിത്സയെ ഇതിന താഴെ വിവരിക്കുന്നു.

## മസൂരികാ ചികിത്സാ

൫. പിത്തകോപംവിനാദുഷ്ടമസൃഗ്വാനൊത്ഭവന്തിയൽ।
മസൂരികാഃപ്രലെപാദ്യാശ്ശീതാസ്തെനാത്രസമ്മതാഃ।

൬. വാതശ്ലേഷ്മാവിരുദ്ധാശ്ചപിത്തൊത്ഥാസ്വഭൃശംഹിമാഃ।
രക്തദോഷഹരാസ്തേചയഥാന്യൂഃകല്പിതാസ്തഥാ॥

പിത്തകോപത്തൊടും ദുഷ്ടരക്തത്തൊടും കൂടാതെ മസൂരിക സംഭവിക്കായ്കയാൽ ലേപനം മുതലായവ ശീതങ്ങളായുംരക്തപ്രസാദകരങ്ങളായുമിരിക്കുന്നത ആവശ്യമാകുന്നു. പിത്തപ്രധാനമാകിൽ അതിശീതങ്ങളായിരിക്കുകയും വേണം.

## (അരച്ച തേപ്പാൻ)

൧. പീതപൎഫണവല്കാനിപിഷ്ട്വാഭപദികാരസെ।
ഉൽപന്നാസുഹിതൊലെപൊനവനീതെനതൈസ്സഹ॥

മഞ്ഞപ്പാവിട്ടയുടെതൊലി ആനടിയൻനീരിൽ അരച്ചവെണ്ണനെയ്യചേൎത്ത പുരട്ടുക. മസൂരിക ശമിക്കും.

൨. ഉൽപത്സ്യമാനാസ്താബുദ്ധ്വാപൂൎവ്വരൂപൈൎജ്ജ്വരാദിഭിഃ।
അവിപത്തിംവിരെകാൎത്ഥംദദ്യാനിംബതൃഗാംബുനാ॥

പനിമുതലായ പൂർവ്വരൂപംകൊണ്ടു അറിഞ്ഞമസൂരികവ്യക്തമാകുന്നതിൻെറ മുമ്പെ വേപ്പിൻതൊലി കഷായംവച്ചു അതിൽ അവിപത്തിപ്പൊടി സേവിപ്പിച്ചു വയറിളക്കുകയുമാം.

൯. ഉദുംബരഫലംയഷ്ട്യാസഹപിഷ്ട്വാപായയേൽ ।
ക്ഷീരേണത്രായമാണായാരസംവാസിതയാനവിതം ।
൧൦. ധാത്രീഗുഞ്ജാഫലൊവ്വാരുബീജചന്ദനജംരജഃ ।
തണ്ഡുലോദകയുക്തംവാനോൽപലന്ത്യന്തെമസൂരികാഃ॥

അത്തിക്കായ, എരട്ടിമധുരം ഇവ അരച്ചു പാലിൽ സേവിപ്പിക്ക. ബ്രഹ്മിനിര പഞ്ചസാരയിട്ടു സേവിപ്പിക്ക നെല്ലിക്ക, കുന്നിക്കുരുപ്പരിപ്പു, വെള്ളരിവിത്തു, ചന്ദനം ഇവ പൊടിച്ചു അരിക്കാടിയിൽ സേവിപ്പിക്ക. ഇതിൽ ഏതെങ്കിലും വ്യക്തമാകുന്നതിന്നു മുമ്പെ ചെയ്താൽ മസൂരിക വ്യക്തമാവാതെ ശമിക്കുകയും ചെയ്യും.

(ധനായാഷാദി കഷായം)

൧൧. ധനായാഷഫിമൊശീരശാരിബയേഷ്ട്വാപപ്പടൈഃ।
വിഹിതസ്സസിതാക്ഷൌദ്രഃകഷായൊഹന്തിമസൂരികാം ।

കൊടുത്തൂവ്വവെര, ചന്ദനം, രാമച്ചം, നന്നാറിക്കിഴങ്ങ, എരട്ടിമധുരം, പപ്പടം ഇവകൊണ്ടു കഷായം വച്ചു പഞ്ചസാരയും തേനും മേപ്പൊടി ചേർത്തു സേവിപ്പിക്ക മസൂരിക ശമിക്കും.

(കദളീകന്ദാദി കഷായം)

൧൨. കദളീകന്ദജിവന്തിമധുകാംബുദചന്ദനൈഃ । സൊ
ശീരവാളകൈസ്സിദ്ധഃപ്രാഗവൽപീതശ്ചഹന്തിതാം ॥

കദളിവാഴക്കിഴങ്ങ, അടപതിയൻകിഴങ്ങ, എരട്ടിമധുരം, മുത്തെങ്ങക്കിഴങ്ങ, ചന്ദനം, രാമച്ചം, ഇരുവെലി ഇവകൊണ്ടു കഷായംവച്ചു തേനും പഞ്ചസാരയും മേപ്പൊടിചേർത്തു സേവിപ്പിക്ക മസൂരിക ശമിക്കും.

(ബലാജലദാദി കഷായം)

൧൩. ബലാജലദധാത്രീഭിഃപടൊലാരിഷ്ടനാഗരൈഃ।
കുഷ്ഠേനധനികാഭിശ്ചകഷായൊത്രമധുയുഗ്മിതഃ ॥

കുറുന്തോട്ടിവേര, മുത്തെങ്ങക്കിഴങ്ങ, നെല്ലിക്ക, പടൊലം, വേപ്പിൻതൊലി, ചുക്കു, കൊട്ടം, കൊത്തമ്പാലയരി ഇവകൊണ്ടു കഷായംവച്ചു തേൻ മേപ്പൊടി ചെർത്തു സേവിപ്പിക്ക. മസൂരിക ശമിക്കും.

(മൃണാളാദി കഷായം)

൧൪. മൃണാളഫലനജീവന്തീവരീകന്ദനിശാദ്വയൈഃ ।
മധൂകമധുകോശീരകുമാരീപുഷ്പവാളകൈഃ ॥
൧൫. ചന്ദനദ്വയരുദ്രാക്ഷജംബീരഫലപപ്പടൈഃ ।
ശാരിബാലൊധ്രകദളികന്ദാനന്താപത്രുഷകൈഃ ॥
൧൬. ധന്വികാമലകാഭ്യാഞ്ചവിഹിതൊമാക്ഷികാന്വിതഃ ।
മസൂരികാഹരഃക്ഷിപ്രംനിഷ്കപാഥസ്സുശൃതശീതളഃ ॥

താമരവളയം, മുത്തങ്ങക്കിഴങ്ങ, അടപതിയൻകിഴങ്ങ, ശതാവരിക്കിഴങ്ങ, വാട്ടുമഞ്ഞൾ, മരമഞ്ഞത്തൊലി, ഇരിപ്പക്കാതല, എരട്ടിമധുരം, രാമച്ചം, തെങ്ങിൻപൂക്കുലയരി, ഇരുവേലി, ചന്ദനം, രക്തചന്ദനം, രുദ്രാക്ഷം, ചെറുനാരങ്ങ, പപ്പടം, നന്നാറിക്കിഴങ്ങ, പാച്ചോറ്റിത്തൊലി, കദളിവാഴക്കിഴങ്ങ, കറുക, ചിറ്റീന്തലിവേര, കൊത്തമ്പാലയരി, നെല്ലിക്ക ഇവകൊണ്ട കഷായംവെച്ച നല്ലവണ്ണം ആറിത്തണുത്താൽ തേൻ മേപ്പൊടിചേൎത്ത സേവിപ്പിക്ക മസൂരിക ശമിക്കും.

(ദൂൎവ്വാഘൃതം)

൧൭. ദൂൎവ്വാതുലായാഃപാദാംശംസംക്ഷുദ്യപരിപീഡയേൽ ।
ആഢകെപയസസ്തത്രാപൂതെഥപരികല്കിതൈഃ ॥
൧൮. ക്ഷീരിദ്രുമത്വങ്മഞ്ജിഷ്ഠാവാളകൊശീരചന്ദനൈഃ ।
യഷ്ട്യാഹ്വകദളീകന്ദശാരിബാസരളൈരപി ॥
൧൯. സാധിതംസൎപ്പിഷഃപ്രസ്ഥംമധുനാസഹപായയേൽ ।
കെവലേനപ്രലെപഞ്ചതെനകുൎയ്യാദഹൎന്നിശം ॥

ഇരുപത്തഞ്ചപലം കറുക നാലിടങ്ങഴിപാലിൽ ഇടിച്ചുപിഴിഞ്ഞ നീർചേൎത്ത അരിച്ച നാല്പാമരത്തിൻതൊലി, മഞ്ചെട്ടിപ്പൊടി ഇരുവേലി, രാമച്ചം, ചന്ദനം, എരട്ടിമധുരം, കദളിവാഴക്കിഴങ്ങ, നന്നാറിക്കിഴങ്ങ, ചരളം ഇവ അരച്ചുകലക്കി നാനാഴി നെയ്യുചേൎത്ത കാച്ചിയരിച്ച അതിൽനിന്ന വേണ്ടതെടുത്ത അല്പം തേൻചേൎത്ത പുരട്ടുക. തേൻചേക്കാതെ സേവിപ്പിക്കയും ചെയ്ക. മസൂരിക ശമിക്കും.

൨൦. സ്നപയെദെകവിംശെതുദിവസെക്ഷീരിവല്കലൈഃ ।
സിദ്ധെനസൎപ്പിഷാഭ്യജ്യകെരസ്നെഹെനവാഭിഷക് ॥

ഇരുപത്തൊന്നാംദിവസം നാല്പാമരത്തോല കഷായംവെച്ച അതുതന്നെ അരച്ച കല്കമായിചേൎത്ത കാച്ചിയനെയ്യോ വെളിച്ചെണ്ണയൊ തേപ്പിച്ച കുളിപ്പിക്കുക. ഇരുപത ദിവസം കഴിയുന്നതിൻെറ മുമ്പെ കുളിപ്പിക്കരുതു.

(മസൂരികകൾക്കു കണ്ണിൽ പിഴിവാൻ)

൨൧. നന്ദ്യാവൎത്തവടാശ്വത്ഥപാരന്തീമുകുളോൽപലൈഃ!
ത്രിഫലാലോദ്ധ്രയഷ്ട്യാഹ്വജീവന്തീകതകൈരപി ॥

൨൨. സിദ്ധേകഷായേതുല്യേനസ്തന്യേനപയസായുതേ ।
ദൂൎവ്വാദാൎവ്വീവരാശോണരസാനധനികാകൃതാം ॥

൨൩. കാൎപ്പാസപിണ്ഡികാംക്ഷിപ്ത്വാവ്യതിതേപ്രഹരേതുതാം!
ഉദ്ധൃത്യതൽസ്രുതംകാഥമക്ഷ്ണോരാശ്ച്യോതയേത്തയാ॥

നന്ത്യാർവട്ടത്തിൻമൊട്ട, പേരാൽമൊട്ട, അരയാൽമൊട്ട, തെച്ചിമൊട്ട,ചെങ്ങഴിനീക്കിഴങ്ങ, ത്രിഫല, പാച്ചോററിത്തൊലി, എരട്ടിമധുരം, അടപതിയൻകിഴങ്ങ, തെററാമ്പരല ഇവ കൊണ്ട കഷായംവച്ച ആറിയാൽ പിഴിഞ്ഞരിച്ച അതിൽ മുലപ്പാല സമംചേൎത്ത കറുക, മരമഞ്ഞത്തൊലി, ത്രിഫല, ചുവന്നഉള്ളി, കൊത്തമ്പാലയരി ഇവ നേൎത്ത ശീലയിലിട്ട കിഴികെട്ടി ആക്കിഴി മേൽപറഞ്ഞ കഷായത്തിലിട്ട ഒരു യാമം കഴിഞ്ഞാൽ എടുത്ത അതിന്മേൽനിന്ന വീഴുന്ന കഷായം കണ്ണിലൊററിക്കുക. മസൂരിക ശമിക്കും.

൨൪. ദാഹഃപാകശ്ചലൌഹിത്യംകണ്ഡൂതിൎമ്മഹതീരുജാ
അനേനൈവശമംയായാൽബലാധാനഞ്ചനേത്രയോഃ ।
നെത്രോൽപന്നാശ്ചശാമ്യെയുന്നെത്രെഅനുപഹത്യതാഃ
ക്ഷിപ്രമെവപ്രയൊഗൊയംവക്ഷ്യമാണെഗദെപിച ॥

മെൽപറഞ്ഞ കിഴി ഒററിച്ചാൽ ചുട്ടനീറൽ,പഴുപ്പ,ചുവപ്പ, ചൊറിച്ചൽ, കഠിനമായ വേദന ഇവ ശമിക്കും. ദൃഷ്ടിക്കു ബലവുമുണ്ടാകും. കണ്ണിൽ പുറപ്പെട്ട മസൂരികകൾ കണ്ണിനു ദോഷംവരുത്താതെ വേഗേന ശമിക്കുകയും ചെയ്യും. ഈ പ്രയോഗംകംഗുമസൂരികകൾക്കും ക്ഷുദ്രമസൂരികകൾക്കും ചെയ്യാം.

൨൫. ഇത്യാഖ്യാതാസമാസേനപൂൎവ്വശാസ്ത്രാനുരോധതഃ ।
മസൂരികാചികിത്സാത്രതത്തദാഗമദൎശിതാ ॥

ഇപ്രകാരം അതാത ആഗമങ്ങളിൽ കാണിക്കപ്പെട്ട മസൂരികാ ചികിത്സകൾ പൂൎവ്വശാസ്ത്രത്തെ അനുസരിച്ച ഇവിടെ കാണിക്കപ്പെട്ടു ആയത സംക്ഷേപിച്ചിട്ടായാലും അത്രമാത്രംകൊണ്ട ഈ വ്യാധി ശമിക്കുമെന്നറിക.

### കംഗുമസൂരികാ ലക്ഷണം

൨൬. കംഗുതണ്ഡുലസംസ്ഥാനാനിരന്തരവിസൎപ്പിണഃ ।

വിസ്ഫോടാഃകഫകോപോത്ഥാജ്ജ്വരാന്തെ സമുപസ്ഥിതാഃ ॥
൨൭. ഗാത്രഗൌരവകണ്ഡൂതിവമഥൂൽക്ലെശകാരിണഃ ।
അരോചകാതിസാരാഢ്യാവെദ്യാഃകംഗുമസൂരികാഃ ॥

തിനയരിപ്രമാണങ്ങളായി നിരന്തരമായി വ്യാപിച്ച ശരീരത്തിന്ന ഗൌരവം, ചൊറിച്ചൽ, ഛർദ്ദി നെഞ്ഞുനോവുക ഇവയേയും അരോചകാതിസാരങ്ങളെയുമുണ്ടാക്കുന്നവയായി കഫപ്രധാനമായ ദോഷകോപം ഹേതുവായിട്ടു പനിയുടെ അവസാനത്തിങ്കൽ ശരീരത്തിൽ എല്ലാടവും പുറപ്പെടുന്ന ഉണിലുകൾക്കു കംഗുമസൂരികയെന്ന പേരാകുന്നു.

## കംഗുമസൂരികാ ചികിത്സാ

### (ശ്രേഷ്ഠാദി കഷായം)

൨൮. ശ്രേഷ്ഠാനിംബപടൊലാബ്ദപപ്പടൈഃകഥിതംജലം ।
മധ്വാഢ്യംശമയെൽപീതമാശുകംഗുമസൂരികാം ॥

ത്രിഫല, വേപ്പിൻതൊലി, പടൊലം, മുത്തെങ്ങക്കിഴങ്ങ, പപ്പടം ഇവകൊണ്ടു കഷായംവെച്ച തേൻമേപ്പൊടി ചേൎത്ത സേവിപ്പിക്ക. കംഗുമസൂരിക ശമിക്കും.

൨൯. യല്പ്രൽകഫവിസപ്പോക്തംതത്സൎവ്വമിഹശസ്യതെ ।
ലേപനന്ത്വത്രകത്തൃംജയയെഭവദീരസെ ॥

കഫവിസപ്പങ്ങൾക്കു പറകപ്പെട്ട ചികിത്സകൾ മിക്കതും കംഗുമസൂരികയ്ക്കു പററുന്നതാകുന്നു. ലേപനത്തിന്ന വിശേഷമുണ്ടു. ആനടിയൻനീരിൽ കടുക്ക അരച്ചുതേക്കുക. ഇതുതന്നെ ചെയ്യുയും വേണം.

൩൦. വിശാലാമൂലകല്ക്കേനമൂവ്വാരസവിപാചിതഃ ।
സ്നെഹൊത്രനാളികെരസ്യസ്നാനംസംശമനാൽപരം ॥

കറുകനീരിൽ കാട്ടുവെള്ളരിവേര അരച്ചു കല്ക്കമായി കാച്ചിയ വെളിച്ചെണ്ണ പുരട്ടുകയുമാം. നല്ലവണ്ണം ശമിച്ചാൽമേൽപറഞ്ഞ വെളിച്ചെണ്ണ തേപ്പിച്ചു കുളിപ്പിക്കാം. നല്ലവണ്ണം ശമിച്ചല്ലാതെ കുളിപ്പിക്കരുത. ഇങ്ങിനെ കംഗുമസൂരികാ ചികിത്സാ.

## ക്ഷുദ്രമസൂരികാ ലക്ഷണം

൩൧. കഫപിത്തപ്രകോപേനതാദൃശസ്സംഭവന്തിയെ ।
യുക്താജ്വരാതിസാരാഭ്യാംതെതുക്ഷുദ്രമസൂരികാഃ ॥

കംഗുമസൂരികപോലെതന്നെ ക്ഷുദ്രമസൂരികയുമിരിക്കും ആയത കഫപിത്തപ്രധാനമായ ദോഷകോപത്താൽ ഉൽഭവിപ്പിക്കപ്പെടുന്നതാകുന്നു. ആയതിന്ന പനിയും അതിസാരവും നിരന്തരമായി ഉണ്ടാകയും ചെയ്യും. ഇത്തു മാത്രം വിശേഷമെന്നറിഞ്ഞ ചികിത്സിക്കുക.

ക്ഷുദ്രമസൂരികാ ചികിത്സാ

അരച്ചുതേപ്പാൻ)

൩൨. വിശാലാരസപിഷ്ടാഭിവ്വചാഭില്ലേപ ഇഷ്യതെ ।
ജ്വരാതിസാരയൊയ്യച്ചകഥിതംതച്ചശസ്യതെ ॥

കാട്ടുവെള്ളരിനീരിൽ വയമ്പ അരച്ചുതേക്കുക. പനിക്കും അതിസാരത്തിന്നും പറഞ്ഞ പ്രവൃത്തികൾ ഒക്കെയും ഇടകലൎന്ന ചെയ്ക. എന്നാൽ ശമിക്കും.

൩൩. സ്നേഹസ്നാനെതുകംഗുക്തസ്നാനംസംശമനാൽപരം ।
നിംബപത്രെണസംസിദ്ധമംഭസ്നാനാൎത്ഥമിഷ്യതെ ॥

കംഗുമസൂരികക്കു പറഞ്ഞ വെളിച്ചെണ്ണ തേപ്പിച്ച കുളിപ്പിക്കുക. നല്ലവണ്ണം ശമിച്ചല്ലാതെ കുളിപ്പിക്കരുത. വെപ്പിലയിട്ട വെള്ളംവച്ച അതുകൊണ്ട കുളിപ്പിക്കുകയും വേണം. ഇവചെയ്താൽ ക്ഷുദ്രമസൂരിക ശമിക്കും.

വിസ്ഫോട ലക്ഷണം

൩൪. വിസ്ഫോടഃപിത്തകോപേനദാഹാംഗസദനജ്വരൈഃ ।
ആശുപാകൊല്പപൂയാസൃക്സ്രാവീവിസ്ഫോടഉച്യതെ ॥

പിത്തകോപം ഹേതുവായിട്ട ചുട്ടുനീറൽ, തളച്ച, പനി ഇവയൊടുകൂടെ ഉൽഭവിച്ച ഉടനെ പഴുത്ത പൊട്ടി അല്പമായ ചലത്തോടുകൂടിയ ചോരയുടെ വരവോടുകൂടിയ പുളകങ്ങൾക്ക വിസ്ഫോടമെന്ന പേരാകുന്നു.

വിസ്ഫോട ചികിത്സാ

(അരച്ചുതേപ്പാൻ)

൩൫. പാരന്തീമൂലവല്ലേനവിസ്ഫോടെലേപനംഹിതം ।
പിഷ്ടേനനാളികെരസ്യദുഗ്ദ്ധെനഖദിരെണവാ ॥

തെച്ചിഃവേരുമ്മൽതൊലി തേങ്ങാപ്പാലിൽ അരച്ചുതേക്കുക. കരിങ്ങാലിക്കാതലുമാം വിസ്ഫോടം ശമിക്കും.

(ത്രായമാണാദി കഷായം)

൩൬. ത്രായമാണാമൃതാദ്രാക്ഷാകതകൈഃശൃതമംബുച ।
സമാക്ഷികംഹിതംതത്രകടുകാമലകെനവാ ॥

ബ്രഹ്മി, ചിററമൃത, മുന്തിരിങ്ങപ്പഴം, തേററാമ്പരൽ ഇവകൊണ്ട കഷായംവെച്ച തേൻ മേപ്പൊടിചേൎത്തസേവിപ്പിക്ക. അല്ലായെങ്കിൽ കടുകരോഹിണി, നെല്ലിക്ക ഇവകൊണ്ട കഷായംവെച്ച തേൻ മേപ്പൊടിചേൎത്ത സേവിപ്പിക്ക. വിസ്പോടം ശമിക്കും.

(ധാത്രീഖദിരാദി കഷായം)

൩൬. ധാത്രീഖദിരമുസ്താഭിശ്ചന്ദനെന ചസാധിതം ।
നിഷ്കൃഥംവാസിതാക്ഷൌദ്രസഹിതംപായയെൽപ്രഗേ॥

നെല്ലിക്ക, കരിങ്ങാലിക്കാതല, മുത്തങ്ങക്കിഴങ്ങ, ചന്ദനം, ഇവകൊണ്ട കഷായം വെച്ച തേനും പഞ്ചസാരയും മെപ്പൊടിചേൎത്തരാവിലെ സേവിപ്പിക്ക. വിസ്പോടം ശമിക്കും.

(ചന്ദനാദി പൊടി)

൩൭. ചന്ദനാംബുദശാല്യൂകപത്മകിഞ്ജല്കയഷ്ടിഭിഃ ॥
ശാരിബാലൊധ്രലാമജ്ജവടപിപ്പലകുഡ്മളൈഃ ॥

൩൮. അമൃതാമലകാഭ്യാഞ്ചക്ഷീരപിഷ്ടൈഃക്രതംരജഃ ।
സൎപ്പിഷാലേഹയെദ്ദൈദ്യോവിസ്പോടഗണശാന്തയെ॥

ചന്ദനം, മുത്തെങ്ങക്കിഴങ്ങ, നെൈതൽക്കിഴങ്ങ, ആമ്പൽക്കിഴങ്ങ, ചെങ്ങഴിനീൎക്കിഴങ്ങ, താമരയല്ലി, എരട്ടിമധുരം, നന്നാറിക്കിഴങ്ങ, പാച്ചൊററിത്തൊലി, രാമച്ചം, പേരാൽമൊട്ട, അരയാൽമൊട്ട, ചിററമൃത, നെല്ലിക്ക, ഇവപാലിലരച്ചുണക്കിപൊടിച്ച നെയ്യ ചേൎത്ത സേവിപ്പിക്ക. വിസ്പോടം ശമിക്കും.

(ഗോമയസ്വരസാദി തൈലം)

൪൦. ഗോമയസ്വരസസ്യൈകംഭാഗംദ്വൌകെരജാംഭസഃ ।
കന്യകാസ്വരസസ്യത്രീനമ്ലവെതസജസ്യതു॥

൪൧. ചത്വാരഃപഞ്ചദുഗ്ദ്ധസ്യതക്രപ്രസ്ഥസ്യചയൊജയെൽ !
ഏകത്രഷോഡശംഭാഗംതൈലസ്യാത്രവകല്കിതൈഃ ॥

൪൨. വിപചെദ്ദാരുമഞ്ജിഷ്ഠാകുഷ്ഠചൊരകചന്ദനൈഃ ।
സൊശീരവാളകാംഭൊദകന്ദയഷ്ട്യാഹ്വകെസരൈഃ ॥

൪൩.സ്നേഹംകെരൊൽഭവംവാതപ്ലേപാദപിസ്പോടജിൽപരം।
പാമാനംദെഹദൌൎഗ്ഗന്ധ്യംസെൈ്വരഞ്ചവിനിയച്ഛതി ॥

ചാണകത്തിൻനീരനാഴി൧. ഇളനീർ വള്ളംനാഴി൨. കററുവാഴനീരനാഴി൩. ഞെരിഞ്ഞാംപുളിയിലനീരനാഴി൪. നാല്പാമര

ത്തിൻതൊലി കൊണ്ടുവെച്ച കഷായം നാഴി ൪. ഇവ ഒക്കെക്കൂടി ഒരു പാത്രത്തിലാക്കി അതിൽ ദേവതാരം, മഞ്ചട്ടിപ്പൊടി, കൊട്ടം, കച്ചൂരിക്കിഴങ്ങ, ചന്ദനം, രാമച്ചം, ഇരുവേലി, മുന്തങ്ങക്കിഴങ്ങ, എരട്ടിമധുരം, താമരയല്ലി ഇവ അരച്ചുകലക്കി നാഴി എണ്ണയൊ വെളിച്ചെണ്ണയൊ ചേൎത്ത കാച്ചുക. അധികം കാച്ചുമ്പോൾ മേല്പറഞ്ഞ കണക്കപ്രകാരം നീരുകൾ അധികമായി ചേൎക്കുക. കല്കത്തിന്ന നാഴിക്ക ആറ കഴഞ്ചുവീതം ചേൎക്കുക. ഈ തൈലം പുരട്ടിയാൽ വിസ്സൊടം നല്ലവണ്ണം ശമിക്കും. ചിരങ്ങ, ദേഹത്തിന്റെ ദുൎഗ്ഗന്ധം, വിയൎപ്പ ഇവയും ശമിപ്പിക്കും.

## ശീതപിത്തലക്ഷണം

൪൮. കുരുതഃകുപിതൌപിത്തകഫൌവൃത്താകൃതീൻബഹൂൻ।
കൊഠാൻരക്താംശ്ചകണ്ഡൂലാഞ്ഛരീതപിത്തംവദന്തിതാൻ।

പിത്തകഫങ്ങൾരണ്ടുംകൂടെ കോപിച്ച വൃത്താകാരങ്ങളായി രക്തവൎണ്ണങ്ങളായി ചൊറിച്ചലോടുകൂടിയ പുണ്ണുകളെ ഉണ്ടാക്കുന്നു. ആയതുകൾക്ക ശീതപിത്തമെന്നപേരാകുന്നു. പുണ്ണുകൾ വളരെപരപ്പോടുകൂടിയിരിക്കുമെന്നും അറിഞ്ഞുകൊൾക.

## ശീതപിത്ത ചികിത്സാ

### (അരച്ചുതേപ്പാൻ)

൪൯. ക്ഷീരെണപിഷ്ടൈല്ലേപൊത്രശാരിബാകുഷ്ഠചന്ദനൈഃ।
അഥവാപത്മകിഞ്ജല്കദൂൎവ്വാകതകചന്ദനൈഃ॥

നന്നാറിക്കിഴങ്ങ, കൊട്ടം, ചന്ദനം ഇവ പാലിൽ അരച്ചുതേക്കുക. അല്ലായെങ്കിൽ താമരയല്ലി, കറുക, തേറാമ്പരല, ചന്ദനം ഇവ പാലിൽ അരച്ചുതേക്കുക. ശീതപിത്തം ശമിക്കും.

൫൦. അവിപത്തിപ്രയോഗേണ ബലിനശ്ചവിരേചനം।
പ്രശസ്യതെവിസൎപ്പോക്തം നിഖിലഞ്ചചികിത്സിതം।।

അവിപത്തി ചൂൎണ്ണം സേവിപ്പിച്ച വയറിളക്കുകയും കഫപിത്തകോപംമൂലമായി ഉണ്ടാകുന്നവിസൎപ്പത്തിന്നപറഞ്ഞചികിത്സകൾ ഒക്കെയും നല്ലതാകുന്നു.

### (രജന്യാദി കഷായം)

൫൧. രജനീനിംബഭൂനിംബധനാ‌‌‌യാഷാമൃതാഫിമൈ।
ഫരീതക്യാശൃതഃകാഥസ്സസിതശ്ശീതപിത്തനൽ॥

വരട്ടമഞ്ഞൾ, വെപ്പിൻതൊലി, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, കൊട്ടത്തൂവ്വവേര, ചിററമൃത, ചന്ദനം ഇവയോടുകൂടയൊ മേൽപറഞ്ഞ മരുന്നുകളിൽ ചിലതഇഷ്ടംപോലെചേത്തിട്ടൊ കട്ടക്കകൊണ്ട കഷായംവച്ചപഞ്ചസാരമേപ്പൊടിചേത്തിട്ടൊ സേവിപ്പിക്ക. ശീതപിത്തം ശമിക്കും.

(അഭീരുദ്ദൂവ്വാദി തൈലം)

൪൮. അഭീരുദ്ദൂവ്വാപാരന്തീകുസുമെ ഭ്യോഹ്യതെരസെ।
കുഷ്ഠചന്ദനയഷ്ട്യാഹ്വകദളീപകകല്ക്കിതെ॥
൪൯. സക്ഷീരംവിപചെത്തൈലംസ്നേഹംവാനാളികേരജം।
തദഭ്യംഗാച്ഛമംയാതിശീതപിത്തമതിദ്രുതം॥

ശതാവരിക്കിഴങ്ങ, കറുക, തെച്ചിപ്പൂവ്വ ഇവററിൻ നീരിൽ കൊട്ടം,ചന്ദനം,എരട്ടിമധുരം,കദളിപ്പഴം ഇവഅരച്ചകലക്കി എണ്ണയൊവെളിച്ചെണ്ണയൊചേത്ത സമമായിപാലും ചേത്ത കാച്ചിയരിച്ചതേപ്പിക്ക ശീതപിത്തംഅതിശീഘ്രമായിശമിക്കും.

കക്ഷ്യാ ലക്ഷണം

൫൦. പാശ്വലാജൊപമാസ്സ്വാട ഃപൃഷ്ഠെവക്ഷസിവാതനൊഃ।
സംഭ്രയയെവിസപ്പന്തികക്ഷ്യാഖ്യാഃപിത്തജാശ്ചതെ॥

ശരീരത്തിൻെറപാശ്വങ്ങളിലൊപുറത്തൊമാറിടത്തിങ്കലൊ മലരുപോലെ പുറപ്പെട്ട വ്യാപിക്കുന്ന പുളകങ്ങൾക്ക കക്ഷ്യ എന്ന പേരാകുന്നു. അതുകൾക്ക പിത്തകോപംനിമിത്തമാകുന്നു

കക്ഷ്യാ ചികിത്സാ

(അരച്ചുതേപ്പാൻ)

൫൧. നാളികേരസ്യദുശ്ധെനപിഷ്ടാചന്ദനഗൈരികെ।
അമൃതാചന്ദനൊശിരാണ്യഥവാത്രതുലെപനം॥

തേങ്ങാപ്പാലിൽ ചന്ദനം, കാവിമണ്ണ ഇവ അരച്ചുതേക്കുക. അല്ലായെങ്കിൽ ചിററമൃത, ചന്ദനം, രാമച്ചം ഇവ തേങ്ങാപ്പാലിൽ അരച്ചു തേക്കുക. കക്ഷ്യശമിക്കും.

൫൨. യച്ചപിത്തവിസപ്പൊക്തംതച്ചസവ്വംപ്രശസ്യതെ।
ലേപാദിസ്നേഹപര്യന്തംസ്നാനാഭഃക്ഷീരിഭിസ്തഥാ॥

പിത്തവിസപ്പങ്ങൾക്ക പറഞ്ഞ ചികിത്സകൾ ലേപംമുതൽ തൈലപര്യന്തം കക്ഷ്യാരോഗത്തിന്ന പറയുന്നതാകുന്നു. കുളി

പ്പാനും വ്രണങ്ങൾ തേച്ചുകഴുകുവാനും നാല്പാമരത്തിൻതൊലി യിട്ട വെള്ളം വെക്കുകയും വേണം. മേൽപറഞ്ഞ ചികിത്സ കൾകൊണ്ടു കക്ഷ്യാരോഗം നല്ലവണ്ണം ശമിക്കും.

(തഴമ്പിന്നു)

൧൬. രജനീഗൈരികെഭാസ്ഥിചൂൎണ്ണംമാക്ഷികസംയുതം।
ലെപനെനകിണംഹന്ന്യാദ്ഗജാസ്ഥിരജഏവവാ ॥

വരട്ടുമഞ്ഞൾ, കാവിമണ്ണ, ആനയുടെ അസ്ഥി ഇവപൊടി ച്ചു തേനിൽ ചാലിച്ചു തേക്കുക. തഴമ്പു നശിക്കും ആനയുടെ അസ്ഥിതന്നെ പൊടിച്ചു തേനിൽ ചാലിച്ചു പുരട്ടുകയുമാം.

തൾഗ്വിശുദ്ധി ചികിത്സാ

(ലാക്ഷാരിലേപനം)

൧൭. ലാക്ഷാമനശ്ശിലാകുഷ്ഠഹരിതാലനിശാദ്വയൈഃ। സമ ഞ്ജിഷ്ഠൈഃകൃതൊലെപൊമധ്വാജ്യപരിമിശ്രിതൈഃ॥

൧൮. ത്വഗ്വിശുദ്ധിംകരൊത്യാശുയദ്വാലാക്ഷാബ്ദയഷ്ടിഭിഃ।
മഞ്ജിഷ്ഠാസഹിതാഭിൎവ്വായദ്വാമഞ്ജിഷ്ഠയൈകയാ॥

അരക്ക, മനയോല, കൊട്ടം, പൊന്നരിതാരം, വരട്ടുമഞ്ഞൾ മരമഞ്ഞൾത്തൊലി, മഞ്ചട്ടിപ്പൊടി, ഇവ പൊടിച്ചു തേനും നെ യ്യും ചേൎത്ത മേൽ തേക്കുക. ത്വക്കിങ്കലുള്ള ദോഷത്തെശമിപ്പി ച്ചു ശുദ്ധിയെ ഉണ്ടാക്കും. ഇതുപോലെതന്നെ അരക്ക, മുത്തെ ങ്ങക്കിഴങ്ങ, എരട്ടിമധുരം ഇവകൊണ്ടൊ മേൽപറഞ്ഞ മരുന്നു കളിൽ മഞ്ചട്ടിപ്പൊടി ചേൎത്തിട്ടൊ മഞ്ചട്ടിപ്പൊടികൊണ്ടു തന്നെയൊ ഒരംപ്രയോഗംചെയ്യയുമാം. ദോഷത്തിൻെറ ബ ലാബലങ്ങളെ നോക്കി പ്രവൃത്തിക്ക. എന്നാൽ ത്വക്കിന്നു നല്ല വണ്ണം ശുദ്ധിവരികയും ചെയ്യും.

ഇതി വാഗ്ഭടാസെവനാമകരാ മാനന്ദനാഥപണ്ഡിതചാര ശവെന്ദ്രകൃതാ വാരൊഗ്യകല്പദ്രുമെ ബാലചികിത്സയാം പഞ്ച ദശസ്തബകൊനാമ പഞ്ചദശൊദ്ധ്യായഃ ॥

# ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം.

---

## ഷോഡശാദ്ധ്യായപ്രാരംഭഃ

### കുഷ്ഠചികിത്സാ

൧. അഥകുഷ്ഠചികിത്സാത്രദോഷാൻവിദ്യാദ്യഥാക്രമം ।
രുൿസുപ്തിഭ്യാംതപചൊദാഹരാഗാഭ്യാംഘ്ലഷ്ണെച്ഛയാ ॥

കുഷ്ഠചികിത്സയെ പറവാനായി ആരംഭിക്കുന്നു. കുഷ്ഠങ്ങൾക്ക ചികിത്സിക്കുവാൻ തുടങ്ങുമ്പോൾ വേദനയുടെ ആധിക്യം കൊണ്ടും കുഷ്ഠമുള്ളേടത്തും ആയതിന്റെ ചുററുമുള്ളതരിപ്പുകൊണ്ടും വാതകോപത്താലുൽഭവിപ്പിക്കപ്പെട്ടതാകുന്നു എന്നും ചുട്ടുനീറൽ, ചുവപ്പ ഇവകൊണ്ട പിത്തകോപത്താലുൽഭവിപ്പിക്കപ്പെട്ടതാകുന്നു. എന്നും ചൊറിച്ചിൽ കൊണ്ട കഫകോപത്താലുത്ഭവിപ്പിക്കപ്പെട്ടതാകുന്നുഎന്നും വൈദ്യൻഅറിഞ്ഞുകൊൾക. കഫകോപം കൊണ്ടാകിൽ ചൊറിച്ചിൽ തന്നെഅല്ല വീക്കമുണ്ടാകയും ചെയ്യും. ദോഷങ്ങൾ സമ്മിശ്രമായി കോപിക്ക നിമിത്തമായിട്ടുണ്ടായതാകുന്നു എങ്കിൽ മേല്പറഞ്ഞ ലക്ഷണങ്ങൾ സമ്മിശ്രങ്ങളായിരിക്കയും ചെയ്യും.

(അരച്ചുതേപ്പാൻ)

൨. തുളസീസ്വരസെപിഷ്ട്വാനിശയാലെപനംഹിതം ।
സൎവ്വെഷാമപികുഷ്ഠാനാമാദിതഃഖദിരെണവാ ॥

എല്ലാകുഷ്ഠങ്ങൾക്കും ആദിയിൽ വരട്ടുമഞ്ഞൾ തുളസിനീരിലരച്ചുതേക്കുക, കരിങ്ങാലിക്കാതലും മേൽപ്രകാരം അരച്ചുതേക്കുക. ശക്തികുറഞ്ഞവയാകിൽ അതുകൊണ്ടുതന്നെ ശമിക്കും

൩. തിക്തകംപായയെൽസൎപ്പിൎമ്മഹാതിക്തകമെവവാ ।
അവിപത്തിപ്രയോഗേണബലിനംചവിരെചയെൽ ॥

തിക്തഘൃതമൊ മഹാതിക്തഘൃതമൊ സേവിപ്പിക്ക. അവിപത്തി ചൂൎണ്ണംകൊണ്ടവയറിളക്കുക. രോഗിക്ക ബലമില്ലായെങ്കിൽ വയറിളക്കരുത.

(അമൃതാരിഷ്ടാദി കഷായം)

൪. അമൃതാരിഷ്ടദസ്സൎദാൎവ്വീഭിഃഖദിരേണച ।
സപടൊലെനസംസിദ്ധഃകഃപാഥൊത്രമധുയുഗ്ഘിതഃ ॥

ചിററമൃതവേപ്പിൻതൊലി,കൊടുത്തൂവ്വവേരമരമഞ്ഞത്തൊലി, ഇവകൊണ്ടൊ കരിങ്ങാലിക്കാതല, പടോലം ഇവകൊണ്ടൊ മേൽപറഞ്ഞ മരുന്നുകൾ എല്ലാംകൊണ്ടൊ കഷായം വച്ചു തേൻ മേപ്പൊടിചേൎത്ത സേവിപ്പിക്ക കുഷ്ഠം ശമിക്കും.

(ശ്രേഷ്ഠാഖദിരാദി കഷായം)

൫. ശ്രേഷ്ഠാഖദിരശീതാംശുരെഖാനിംബപടോലകൈഃ।
ത്രായന്തീകടുകോപെതൈഃകഷായഃപ്രാഗപച്ചകുഷ്ഠനൽ ॥

ത്രിഫല, കരിങ്ങാലിക്കാതല, കാർകോകിലരി, വേപ്പിൻതൊലി, പടോലം, ബ്രഹ്മി, കടുകരോഹിണി ഇവകൊണ്ടു കഷായംവെച്ചു തേൻ മേപ്പൊടിചേൎത്തു സേവിപ്പിക്ക കുഷ്ഠം ശമിക്കും.

(മാണിഭദ്രഗുളം)

൬. വെല്ലാമലകപഥ്യാഭിസ്സമഭാഗൈന്നകുംഭകം।
ചൂൎണ്ണിതംദ്വിഗുണന്ദത്വാഗുളംതെനവിമിശ്രയെൽ॥

൭. ഗുളൊയംമാണിഭദ്രാഖ്യൊമാസമെകംമഹമ്മുഖെ।
ഉപയുക്തൊഖിലാൻകുഷ്ഠാൻഹന്തിശ്വിത്രഞ്ചദാരുണം॥

൮. ശ്വാസകാസൊദരാൎശാംസിമെഹപ്ലീഹാമയക്രിമീൻ ।
ഗുന്മാൻഗ്രന്ഥീംശ്ചവിഡ്ബന്ധമുദാവൎത്തഞ്ചനാശയെൽ॥

വിഴാലരി, നെല്ലിക്ക, കടുക്ക, ഇവ കാരെപലം, ത്രികോല്പക്കൊന്ന പലം മൂന്നു, ഇങ്ങിനെ കൂട്ടിപ്പൊടിച്ച പന്ത്രണ്ടു പലം ശൎക്കരകൂട്ടി തിരുമ്പി നല്ലവണ്ണം ചേൎത്തുരുട്ടി വെക്കുക. ഇതിന്നു മാണിഭദ്രഗുളമെന്നു പേരാകുന്നു. ഇതു ഒരു മാസം രാവിലെ സേവിപ്പിച്ചാൽ എല്ലാ കുഷ്ഠങ്ങളും ശ്വിത്രവും ശ്വാസം, കാസം, മഹോദരം, അൎശസ്സ, മേഹം, പ്ലീഹരോഗം, കൃമി, ഗുന്മം ഗ്രന്ഥി, മലബന്ധം, ഉദാവൎത്തം ഇവയും ശമിക്കും.

(നീലീനിശാദി തൈലം)

൯. നീലീനിശാക്കവല്ലീഭെദികാപപ്പടാളിനാം।
ത്രിപാദീവ്യാഘ്രമായൂരീദൂൎവ്വാണാഞ്ചരസാദ്ധകെ॥

൧൦. കല്ക്കിതൈഃകുഷ്ഠമഞ്ജിഷ്ഠാസരളൊശീരചന്ദനൈഃ॥
എലാവിളംഗപുന്നാഗനാഗാഹ്വയഫലത്രയൈഃ॥

൧൧. കുന്ദുരുഷ്കനിശായുഗ്മഫലിനീഭിശ്ചപാചയെൽ।
സംപിഷ്ടൈരഷ്ടകഷാംശൈഃപ്രസ്ഥംകെരജസപ്പിഷഃ॥

൧൨. തൈലസ്യവാതെച്ചാഭ്യംഗാൽകുഷ്ഠാനിനിയതംഘ്നതഃ ॥
വിചൎച്ചികാംചവിസ്ഫോടംവിസൎപ്പാനഖിലാനപി ॥

അമരിയില,പച്ചമഞ്ഞൾ,വെണ്പാട,ആനടിയൻ,പപ്പടം, കഞ്ഞുണ്ണി,നിലമ്പരണ്ട,പുലിച്ചുവട, ചെറുകടലാടി, കറുക ഇവററിൻനീര സമംചേൎത്തു പതിനാറുനാഴി ശരിയാക്കി അതിൽ കൊട്ടം, മഞ്ചട്ടിപ്പൊടി,ചരളം,രാമച്ചം,ചന്ദനം, ഏലത്തരി, വിഴാലരി, പുന്നപ്പൂവ്വ, നാഗപ്പൂവ്വ, ത്രിഫല, കുന്തുരുക്കം,

വരട്ടമഞ്ഞൾ, മരമഞ്ഞത്തൊലി, ഞാഴൽപൂവ്വ ഇവ ഒന്നരക്കഴഞ്ചെ അരച്ചുകലക്കി നാനാഴി വെളിച്ചെണ്ണയൊ എണ്ണയോ ചേൎത്ത കാച്ചിയരിച്ചു തേപ്പിക്ക. കുഷ്ഠം ശമിക്കും.

(രാജവൽക്കാദി തൈലം)

൮൩. രാജവൃക്ഷതുലാമഷ്ടഭാഗെനഖദിരംസമം।
ഷോഡശാംശെനപാരന്തീമൂലഞ്ചത്ര്യംശസമ്മിതാം।
൮൪. യൂഥീഞ്ചപഞ്ചഭാഗെനസമ്മിതാംത്രിഫലാമപി।
പചെദ്ദ്രൊണെവാംതത്തുൎയ്യഭാഗമവ്യവശെഷയെൽ।
൮൫. തത്രകല്ക്കീകൃതൈഃകുഷ്ഠഹരിതാലസുരാഹ്വയൈഃ।
വെതസാംബഷ്ഠനിപതൽക്കുപ്പസ്പകഞ്ചുകകൌശികൈഃ॥
൮൬. ശാരിബായഷ്ടിമഞ്ജിഷ്ഠാചന്ദനൈലാശിലൊൽഭവൈഃ।
വിശാലാമൂലനാഗാഹ്വാഹരിദ്രാചൊരഹിംഗുളൈഃ॥
൮൭. ഫലിനീജലകുൎമ്മാസ്ഥിഗുഞ്ജാവിദ്രുമകംബുഭിഃ।
ജ്യൊതിഷ്മതീവരാടെന്ദുരെഖാദലവികംകതൈഃ।
൮൮. അഹിഫെനവീസൎപ്പഘ്നീമുരഗാംകൊലബീജകൈഃ।
ഉന്മത്തകുസുമാശൊകവൃക്ഷകുംകുമകെസരൈഃ।
൮൯. രസകൎപ്പൂരപുന്നാഗസ്ഥൌണെയകഗജാസ്ഥിഭിഃ।
ലൊഹകാസീസതാമ്രാണാരജസാഗന്ധകെനച॥
൯൦. പാദാംശസമ്മിതംദത്വാസ്നെഹംത്വരുവകൊൽഭവം॥
ലാക്ഷാരസംചത്രിഗുണംനാളികെരഫലൊൽഭവഃ॥
൯൧. സ്നെഹസ്തിലസ്യവാപകൽത്വാഢകെനഭൂതൊംഗശഃ।
കുഷ്ഠാനിഹന്തിസൎവ്വാണിതമാംസിഘൃണിമാനിവ।

കൊന്നവേരുമ്മൽതൊലി തുലാം ഒന്ന കരിങ്ങാലിക്കാതല പലം പന്ത്രണ്ടര തെച്ചിവേര പലം ആറെകാല കാട്ടമുല്ലവെര പലം മൂപ്പത്തമൂന്നെകാല, കടുക്ക, നെല്ലിക്ക, താന്നിക്കഇവ സമംകൂടി പലം അമ്പത ഇതിനെചേൎത്ത അറുപത്തനാലിടങ്ങഴി വെള്ളത്തിൽ കഷായംവെച്ച പതിനാറിടങ്ങഴിയാക്കി അതിൽ കൊട്ടം, പൊന്നരിതാരം, ദെവതാരം, വഞ്ഞിത്തൊലി, അമ്പഴത്തിൻതൊലി, കടമ്പിൻതൊലി, പാമ്പിൻവള്ള, ഗുൽഗ്ഗുലുനന്നാറിക്കിഴങ്ങ, എരട്ടിമധുരം, മഞ്ചട്ടിപ്പൊടി, ചന്ദനം, ഏലത്തരി, കന്മതം, കാട്ടവെള്ളരിവേര, നാകപ്പൂവ്വ, വരട്ടമഞ്ഞൾ, കച്ചൂരിക്കിഴങ്ങ, ചായില്യം, ഞാഴൽപൂവ്വ, ഉരുവേലി, ആമയുടെ ഓട, കുന്ദിക്കുരു, പവിഴം, ശംഖ, ചെറുപ്പുന്നയരി, കവിടി, കാർകോകിലരി, തിമ്പൂവ, വൈയ്യംകൊതവേരുമ്മൽതൊലി, കറപ്പൂര കരപ്പാമ്പട്ട, മുരുക, അംകൊലത്തിൻകുരു, ഉമ്മത്തിൻപൂവ്വ, അ

ശോകത്തിൻതൊലി, കുംങ്കുമം, രസകപ്പൂരം പുന്നപ്പൂവ്വ, തുണി യാംകം, ആനയുടെഅസ്ഥി, ഇരുമ്പിൻപൊടി, കാരീയത്തിൻ പൊടി, ചെമ്പിൻപൊടി, ഗന്ധകം ഇവ സമംകൂട്ടി നാഴിക്ക എട്ടുകഴഞ്ച വീതംചേൎത്ത അരച്ചുകലക്കി നാലിടങ്ങഴി വെളി ച്ചെണ്ണയൊ എണ്ണയൊ ചേൎത്ത നാനാഴി നീരട്ടി എണ്ണയും പ ന്ത്രണ്ട എടങ്ങഴി അരക്കിൻ കഷായവും അതോടുകൂടെ ചേൎത്ത കാച്ചിയരിച്ച തേപ്പിക്കയും സേവിപ്പിക്കയും ചെയ്ക. എല്ലാകു ഷ്ഠങ്ങളും ശമിക്കും.

(ത്രിഫലാത്രയാദി ഗുളിക)

൩൩. ത്രിഫലാത്രയപാരന്തീമൂലവഹ്നിനിശാസ്സമാഃ।
സുപിഷ്ടാഭൃംഗരാജസ്യരസെനഗുളികീകൃതാഃ।
൩൪. സമ്മിതായക്ഷുദ്രഗ്ബീജൈൎല്ലീഢാമാക്ഷികസംയുതാഃ॥
അഖിലംനാശയന്ത്യാശു കുഷ്ഠാനാംദപ്പമൂൎജ്ജിതം॥

ത്രിഫലാത്രയമാകുന്നത കടുക്ക നെല്ലിക്ക, താന്നിക്ക, ൩. നീ രട്ടിക്കുരു, ചെരിൻകുരു കുടകപ്പാലയരി, ൬. വിഴാലരി, ചെറു പ്പുന്നയരി, കാർകോകിലരി, ൯. തെച്ചിവേര, കൊടുവേലി ക്കിഴങ്ങ, വരട്ടുമഞ്ഞൾ, ഇവസമം കയ്യുന്നിനീരിലരച്ച, കഴ ഞ്ചിക്കുരു പ്രമാണം ഗുളിക ഉരുട്ടി നിഴലിലുണക്കി പൊടിച്ച തേനിൽ സേവിപ്പിക്ക. എല്ലാകുഷ്ഠങ്ങളും ശമിക്കും.

കുഷ്ഠാന്തകഗുളികാ)

൩൫. ശതവാൎഷികനിംബസ്യപഞ്ചാംഗാനിശിലൊൽഭവം।
ഹരിതാലംചസാരംചഖാദിരംവംഗഭസ്മച॥
൩൬. മരിചാംശ്ചന്ദ്രരെഖാശ്ചസമഭാഗാനിപെഷയെൽ॥
ത്രിദിനംഭൃംഗരാജസ്യരസെശമ്യാകവല്കജെ॥
൩൭. നിഷ്ഫാഥെഹാനിചതുാരിപാരന്തീമൂലവല്കജെ।
പഞ്ചാഹാനികഷായെതുസപ്താഹംഖദിരസ്യച।
൩൮. ജ്യോതിഷ്മത്യാദിനാന്യഷ്ടൌതാപന്തികകുഭസ്യചി
പിഷ്ടാകൊലഫലൈസ്തുല്യാവടകാഃപരിവൎത്തിതാഃ॥
൩൯. ഛായാപിശുഷ്കാഃക്ഷൌദ്രെണലീഢാഃകുഷ്ഠവിനാശനാഃ।
കുഷ്ഠാന്തകാഇതിപ്രൊക്താനാമ്നാഹൈളസ്യസമ്മതാഃ।

നൂറുവത്സരം തികഞ്ഞവെപ്പിന്റെ കായപൂവ, തൊലി, ഇല വേര, കന്മതം, പൊന്നരിതാരം, കരിങ്ങാലിക്കാതല, വെള്ളീയ ത്തിൻഭസ്മം, കുരുമുളക, കാർകോകിലരി ഇവസമം മൂന്നുദിവ സം കയ്യുന്നിനീരിലുംനാലുദിവസംകൊന്നവേരിന്മെലതൊലി ൻകഷായത്തിലുംഅഞ്ചുദിവസംതെച്ചിവേരിൻ കഷായത്തിലും

ഏഴുദിവസം കരിഞ്ഞാലിക്കാതലിൻ കഷായത്തിലും എട്ടുദിവസം ചെറുപ്പുന്നയരികഷായത്തിലും എട്ടുദിവസം നീർമരുതിൻകഷായത്തിലും അരച്ച ലന്തക്കുരുപ്രമാണം ഗുളിക ഉരുട്ടി നിഴലിലുണക്കി പൊടിച്ച തേനിൽ സേവിപ്പിക്ക. എല്ലാ കുഷ്ഠങ്ങളും ശമിക്കും. മേല്പറഞ്ഞ ഗുളികയ്ക്കു കുഷ്ഠാന്തകമെന്ന പേരാകുന്നു. ഹെളാചാൎയ്യനാൽ പറകപ്പെട്ടതുമാകുന്നു.

(വാതകുഷ്ഠത്തിന്ന ദാരുസൈരേയകാദി കഷായം)

൨൯. ദാരുസൈരേയകാതംകരിപുചൊരപുനൎന്നവൈഃ॥
പടോലഖദിരാഭ്യാഞ്ചകഷായഃപെയൊത്രവാതജെ॥

ദേവതാരം, കരിങ്കുറുഞ്ഞിവേര, കൊന്നവേരിന്മേൽ തൊലി, കച്ചൂരിക്കിഴങ്ങ, തമിഴാമവേര, പടൊലം, കരിഞ്ഞാലിക്കാതല, ഇവകൊണ്ട കഷായം വെച്ച കുഷ്ഠഹരമായതൈലംമുതലായവ മെഴുപ്പൊടിചേൎത്ത സേവിപ്പിക്ക വാതകുഷ്ഠം ശമിക്കും.

(ബലാഹരിദ്രാദി തൈലം)

൩൦. ബലാഹരിദ്രാദെവാഹ്വശാരിബാസനപാചിതെ।
തൊയെവിളംഗമഞ്ജിഷ്ഠാഫലത്രയകടുത്രയൈഃ॥
൩൧. ശാരിബാനക്തമാലത്വഗ്വിശാലാമൂലകൌശികൈഃ।
മധുകാമലകാഭ്യാഞ്ചസ്നേഹഃകെരഫലൊത്ഭവഃ॥
൩൨. തിലജൊവാനിഹന്ത്യാശുവാതകുഷ്ഠമഹമ്മുഖെ।
പീതൊംഗെഷ്വവലിപ്തൊവാനിൎയ്യൂഹാദിയുതൊപിവാ॥

കുറുന്തോട്ടിവേര വരട്ടുമഞ്ഞൾ, ദേവതാരം, നന്നാറിക്കിഴങ്ങ, വെങ്കക്കാതല, ഇവകൊണ്ടു കഷായംവെച്ച വിഴാലരി, മഞ്ചെട്ടിപ്പൊടി, ത്രിഫല, ത്രികടു, നന്നാറിക്കിഴങ്ങ, ഉങ്ങിൻതൊലി, കാട്ടുവെള്ളരിവേര, ഗുൽഗുലു എരട്ടിമധുരം, നെല്ലിക്ക, ഇവഅരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചിഅരിച്ച രാവിലെ സേവിപ്പിക്കയോ തേപ്പിക്കയോ കഷായം മുതലായതിൽ ചേൎത്ത സേവിപ്പിക്കയോ ചെയ്ക. വാതകുഷ്ഠം ശമിക്കും.

(പിത്തകുഷ്ഠത്തിന്ന ദ്രാക്ഷാമധുകാദികഷായം)

൩൩. ദ്രാക്ഷാമധുകമഞ്ജിഷ്ഠാശാരിബാഖദിരാംബുദൈഃ।
ശമ്പ്യാകവത്സകാഭ്യാംചകഷായഃപിത്തജകുഷ്ഠനുൽ॥

മുന്തിരിങ്ങപ്പഴം, എരട്ടിമധുരം, മഞ്ചട്ടിപ്പൊടിനന്നാറിക്കിഴങ്ങ, കരിഞ്ഞാലിക്കാതല, മുത്തങ്ങക്കിഴങ്ങ, കൊന്നവേരിന്മേൽതൊലി, കുടകപ്പാലയരി, ഇവകൊണ്ടു കഷായംവെച്ച കുഷ്ഠഹരമായ നെയ്യ മുതലായവ

മേപ്പൊടിചേൎത്ത സേവിപ്പിക്ക. പിത്തകുഷ്ഠം ശമിക്കും.

(സവൎണ്ണകരണം നെയ്യ)

൰൮. പാരന്തീകുസുമൈഃകല്ക്കൈസ്തദ്രസെസാധിതംഘൃതം ।
സവൎണ്ണകരണംനാമ്നാപിത്തകുഷ്ഠഹരംപരം ॥

തെച്ചിപ്പൂവ്വിൻെറ നീരിൽ തെച്ചിപ്പൂവ്വതന്നെ അരച്ചുകലക്കി നെയ്യചേൎത്ത കാച്ചിയരിച്ച അതുതന്നെ സേവിപ്പിക്കയൊ മററുവല്ല ഔഷധങ്ങളോട ചേൎത്ത സേവിപ്പിക്കയൊ ചെയ്ക. പിത്തകുഷ്ഠം ശമിക്കും.

(ഗോപീകന്ദാദി തൈലം)

൰൯. ഗോപീകന്ദജനിഷ്ഷ്വാഥൈഖദിരൊശീരചൊരകൈഃ ।
മുസ്താമയഷ്ട്ര്യാഹ്വയാഭ്യാഞ്ചസ്നെഹഃകൈരഫലസ്യച॥

നന്നാറിക്കിഴങ്ങുകൊണ്ട കഷായംവെച്ച അതിൽ കരിങ്ങാലിക്കാതല, രാമച്ചം, കച്ചൂരിക്കിഴങ്ങ, മുത്തങ്ങക്കിഴങ്ങ, എരട്ടിമധുരം ഇവ അരച്ചുകലക്കി വെളിച്ചെണ്ണ ചേൎത്ത കാച്ചിഅരിച്ച തേപ്പിക്കയൊ സേവിപ്പിക്കയൊ ചെയ്ക പിത്തകുഷ്ഠം ശമിക്കും.

(കഫകുഷ്ഠത്തിന്ന പടൊലഖദിരാദി കഷായം)

൰൰. പടോലഖദിരാരിഷ്ടവിശാലാകടുകൌഷധൈഃ । നിഷ്ഷ്വാഥൊവിഹിതഃക്ഷൌദ്രസഹിതഃകഫകുഷ്ഠനൽ॥

പടോലം, കരിങ്ങാലിക്കാതല, വെപ്പിൻതൊലി, കാട്ടുവെള്ളരിവെര, കടുകരോഹണി, ചുക്ക ഇവകൊണ്ട കഷായംവെച്ച തേൻ മെപ്പൊടിചേൎത്ത സേവിപ്പിക്ക കഫകുഷ്ഠം ശമിക്കും.

(വിശാലാദി തൈലം)

൰൧. വിശാലാസ്വരസെകല്ക്കൈഃഖദിരാമയയഷ്ടിഭിഃ ।
ഹരിതാലനിശാഭ്യാംചസിദ്ധംതൈലംചലെപനാൽ॥

കാട്ടുവെള്ളരി നീരിൽ കരിങ്ങാലിക്കാതല, കൊട്ടം, എരട്ടിമധുരം, പൊന്നരിതാരം, വരട്ടുമഞ്ഞൾ ഇവ അരച്ചുകലക്കി എണ്ണയൊ വെളിച്ചണ്ണയൊ ചെൎത്ത കാച്ചിഅരിച്ച തെപ്പിക്ക കഫകുഷ്ഠം ശമിക്കും.

൰൨. ദ്വന്ദ്വജെകഥിതംയത്തുവിസൎപ്പെദ്വന്ദ്വജെത്രതൽ ।
സൎവ്വംപ്രയൊജ്യംതത്രൈവസൎവ്വജെസൎവ്വജെത്രച॥

വാതപിത്താദി ഈ രണ്ട ദോഷങ്ങളാൽ ഉത്ഭവിപ്പിക്കപ്പെട്ട കുഷ്ഠത്തിന്ന മേൽപ്രകാരമുള്ള വിസൎപ്പചികിത്സകളും സന്നിപാതജമായ കുഷ്ഠത്തിന്ന സന്നിപാതജമായ വിസൎപ്പത്തിന്ന

പറഞ്ഞ ചികിത്സകളും ചെയ്ക എന്നാൽ ശമിക്കും.

(ചിരങ്ങ ചൊറി ഇവകൾക്ക ഗുഞ്ജാമൂലാദി തൈലം)

൩൯. ഗുഞ്ജാമൂലഫലയൊൎദ്രതഃഞ്ങ് നിക്ഷ്വാഥെയഷ്ടികല്ക്കിതെ ।
സാധിതഃകേരജസ്സ്നേഹഃപാമകണ്ഡൂവിനാശനഃ ॥

കുന്ദിവേര നാല്പാമരത്തിൻതൊലി ഇവകൊണ്ടു കഷായം വെച്ച എരട്ടിമധുരം അരച്ചുകലക്കി വെളിച്ചെണ്ണചെൎത്ത കാച്ചിയരിച്ച തേപ്പിക്ക ചൊറി ചിരങ്ങ ഇവ ശമിക്കും.

(ദിനെശവല്ല്യാദി തൈലം)

൪൦. ദിനെശവല്ലീക്ഷീരിദ്രുരജനികൃതമാലകൈഃ । ദിനെശസ്യ ചസംസിദ്ധെവല്ക്കലൈസ്സ്നേശ്ചകല്ക്കിതൈഃ॥

൪൧. നാളികെരൊൽഭവസ്സ്നേഹസ്തിലജൊവാവിപാചിതഃ ।
വൎണ്ണപ്രസാദനഃപാമകണ്ഡൂകുഷ്ഠവിസൎപ്പജിൽ ।

വെണ്പാടത്തൊലി നാല്പാമരത്തിൻതൊലി, വരട്ടുമഞ്ഞൾ, കൊന്നവേരിന്മേൽതൊലി, വെളുത്ത എരുക്കിൻ വെരിന്മേൽ തൊലി, ഇവകൊണ്ട കഷായംവെച്ച മേൽപറഞ്ഞ മരുന്നുകൾതന്നെ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊചെൎത്ത കാച്ചിയരിച്ച തെപ്പിക്ക രക്തദോഷം, ചൊറി, ചിരങ്ങ, കുഷ്ഠം വിസൎപ്പം ഇവ ശമിക്കും.

(നിശാപൎപ്പടകാദി കുഴമ്പ)

൪൨. നിശാപൎപ്പടകാനന്താസഃരസെയഷ്ടികല്ക്കിതെ ।
ഘൃതംചകെരസൎപ്പിശ്ചതൈലംതുരുവകാസ്ഥിജം ।

൪൩. സ്നേഹഞ്ചതുല്യംസംയോജ്യപാചയെന്മന്ദവഹ്നിനാ ।
സമ്യൿപക്വെചപൂതെത്രമാഷാന്മൃദാംശ്ചസഷ്പാൻ ॥

൪൪. അശ്വഗന്ധാഞ്ചവാംശീഞ്ചലാക്ഷാഞ്ചരജനീദ്വയം ।
വിളംഗകുഷ്ഠകാസീസഹരിതാലമനശ്ശിലാഃ ॥

൪൫. മരിചംഗന്ധകംചാപിബീജഞ്ചാസിതശ്ശൂൎപ്പജം ।
ശ്രീവെഷ്ടഞ്ചസമീകൃത്യചൂൎണ്ണയിത്വാവിമിശ്രയേൽ ॥

൪൬. സമ്യഗ്ഗുന്മഥനാത്തസ്യലെപഃപാമാദിനാശനഃ । നൈനംപ്രാപ്യവിജൃംഭന്തെത്വഗ്ദോഷാഃപ്രബലാഅപി॥

പച്ചമഞ്ഞൾ, പൎപ്പടം കറുക ഇവററിൻനീരിൽ എരട്ടിമധുരം അരച്ചുകലക്കി നെയ്യ, വെളിച്ചെണ്ണ, എണ്ണ, നീരട്ടിയെണ്ണ ഇവ സമംചേൎത്ത കാച്ചിയരിച്ച അതിൽ ഉഴുന്ന, ചെറുപയറ, കടുക, അമുക്കുരം, കുവ്വ, കോലരക്ക, വരട്ടുമഞ്ഞൾമരമഞ്ഞൾത്തൊ

ലി, വിഴാലരി, കൊട്ടം, കാരീയം, പൊന്നരിതാരം, മനയോല, കരിന്തകരവിത്ത, തിരുവട്ടപ്പശ ഇവ സമം കൂട്ടിപ്പൊടിച്ചിട്ട നല്ലവണ്ണം കടഞ്ഞുചേൎത്ത അതിൽനിന്ന വേണ്ടതെടുത്ത പുരട്ടുക. ചൊറി, ചിരങ്ങ, വിസൎപ്പം ഇവ ശമിക്കും.

(ചൊറിക്ക സിദ്ധൌഷധങ്ങൾ.)

൪൭. പത്രാന്ന്യസിതശ്ശുൎപ്പസ്യതക്രെപിഷ്ടാഖിലംവപുഃ ।
പ്രലിംപെദപയാത്യെവതെനകണ്ഡൂൎമ്മഹത്യപി ॥

കരിന്തകരയില മോരിൽഅരച്ച സൎവ്വാംഗംതേക്കുക കൊടുതായ ചൊറിശമിക്കും. സൎവ്വാംഗങ്ങളിലും ചൊറിയില്ല എങ്കിൽ ഉള്ളേടത്ത തേച്ചാൽമതി.

(തുംഗദ്രുമാദി കുഴമ്പ)

൪൮. തുംഗദ്രുമഫലാന്തസ്ഥതൈലഗാഹൃതരസാനലിതെ । തൊയെഗൊപാംഗനായുഗ്മനിശാപുന്നാഗഗന്ധകൈഃ ॥

൪൯. കുന്ദുരുഷ്ക്കസുവൎണ്ണതൈലദാൎവ്വീഭിശ്ചവിപാചിതഃ ।
സ്നേഹഃകെരൊൽഭവസ്സൎജ്ജരസഗ്ഗുൽഗ്ഗുലുസഷ്പൈഃ ॥

൫൦. ശ്രീവെഷ്ടഹരിതാലാഭ്യാംലാക്ഷയാചാവചൂൎണ്ണിതൈഃ ।
പ്രക്ഷിപ്യൈഷ്ട്വൊജിതസ്സമ്യങ്ങ്മഥനാന്മാക്ഷികെണച ॥

൫൧. ലെപാന്നിഹന്തികണ്ഡൂതിമതിവൃദ്ധാമഭിദ്രുതം ।
ചൎമ്മാവദരണഞ്ചാപിദുൎഗ്ഗന്ധഞ്ചാതിദാരുണം ॥

ഇളനീരിൻചകിരി തോലുകളഞ്ഞ പച്ചവെള്ളത്തിൽ ഇടിച്ചുപിഴിഞ്ഞരിച്ച നന്നാറിക്കിഴങ്ങ, പാൎവ്വള്ളിക്കിഴങ്ങ, വരട്ടുമഞ്ഞൾ, പുന്നപ്പൂവ, ഗന്ധകം, കുന്തുരുക്കം, കൊന്നത്തൊലി, മരമഞ്ഞത്തൊലി ഇവ അരച്ചുകലക്കി വെളിച്ചെണ്ണചേൎത്തകാച്ചിയരിച്ച ചെഞ്ചല്യം, ഗ്ഗുൽഗ്ഗുലു, കടുക, തിരുവട്ടപ്പശ, പൊന്നരിതാരം കോലരക്ക ഇവസമം പൊടിച്ച മേൽപറഞ്ഞ എണ്ണയിൽ ഇട്ട കടഞ്ഞുചേൎത്ത കുറെതേനുംവീഴ്ത്തി ഇളക്കിചേൎത്ത പുരട്ടുക. ചൊറി, തോലടരുന്നത, ശരീരദുൎഗ്ഗന്ധം ഇവശമിക്കും.

(കപാലകുഷ്ടത്തിന്ന ഭാസ്കരക്ഷാരം)

൫൨. വല്കംഭാസ്കരമൂലസ്യശാകപല്ലവജെരസെ ।
സപ്തകൃത്വൊഭിഷക്പിഷ്ടംശോഷിതഞ്ചാഥമൃന്മയെ ॥

൫൩. അന്തൎദ്ധൂമംദഹെൽപാത്രെക്ഷാരൊയംഭാസ്കരാഹ്വയഃ ।
ഇക്ഷ്വാകുരസസമ്മിശ്രൊലെപാൽകപാലകുഷ്ഠജിൽ ॥

എരുക്കിൻവേരുമ്മൽതൊലി തേക്കിൻകൂമ്പിൻെറനീരിൽഏ

ഴപ്രാവശ്യം അരച്ചുണക്കി മണ്പാത്രത്തിലാക്കി പുകപോകാത്ത വിധത്തിൽ വായ അടച്ചിഴക്കി അടുപ്പത്തുവച്ചു തീക്കത്തിച്ചു ഭസ്മമാക്കുക. ഇതിന്നു ഭാസ്കരക്ഷാരമെന്നു പേരാകുന്നു. കയ്പൻ ചുരനീരിൽ മേൽപറഞ്ഞ ക്ഷാരംചേൎത്തുതേക്കുക. കപാലകുഷ്ഠം ശമിക്കും.

(ചതുസ്സാരസ തൈലം)

൭൪. ഭൂനിംബഫലദൂൎവ്വാഗ്രവിശാലാമാലതീരസെ।
ദൂൎവ്വാകല്കേനസംസിദ്ധസ്നേഹഃകൊരഫലൊൽഭവഃ ॥
൭൫. ചതുസ്സാരസനാമായമഭ്യംഗാദചിനിയച്ഛതി।
അതിവൃദ്ധമപിക്ഷിപ്രംകുഷ്ഠംബാലകപാലജം ॥

പുത്തരിച്ചുണ്ടെങ്ങ കറുകനാക്ക, കാട്ടുവെള്ളരി പിച്ചകത്തില ഇവററിൻനീരിൽ കറുക അരച്ചുകലക്കി വെളിച്ചെണ്ണചെൎത്ത കാച്ചിയരിച്ചു തേപ്പിക്ക കപാലകുഷ്ഠം ശമിക്കും.

(നാഗവല്യാദി തൈലം)

൭൬. നാഗവല്ലിനിശാജാതിഫരിപുച്ഛപ്രമൃതാരസെ।
ശാകതചക്കല്കസിദ്ധശ്ചകുഷ്ഠംഫന്തികപാലജം ॥

കൊടിഞ്ഞാലി, മഞ്ഞൾ, പിച്ചകത്തില, പുവ്വരശിൻകുമ്പ, ചിററമൃത ഇവററിൻനീരിൽ തേക്കിൻതൊലി അരച്ചുകലക്കി വെളിച്ചെണ്ണചേൎത്ത കാച്ചിയരിച്ചു തേപ്പിക്ക കപാലകുഷ്ഠം ശമിക്കും.

(കാൎപ്പാസപത്രാദി തൈലം)

൭൭. കാൎപ്പാസപത്രദൂൎവ്വാളിധുൎദ്ധൂരച്ഛദജെരസെ ।
ജയാജാതിഫലൊശീരമധുകാമരദാരുഭിഃ ॥
൭൮. കല്കിതൈൎന്നാളികേരസ്യസ്നേഹസ്തിലജഏവവാ ।
അഭ്യഞ്ജനെനബാലാനാംകുഷ്ഠാംഫന്തികപാലജം ॥

പരുത്തിയില, കറുക, കഞ്ഞുണ്ണി, ഉമ്മത്തില ഇവററിൻനീരിൽ കടുക്ക, ജാതിക്ക, രാമച്ചം, എരട്ടിമധുരം, ദേവതാരം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചിയരിച്ചു തേപ്പിക്ക. കപാലകുഷ്ഠം ശമിക്കും.

(ധുൎദ്ധൂരപത്രാദി തൈലം)

൭൯. ധുൎദ്ധൂരപത്രശൈവാലകുഫളീകുസുമാളിനാം।
ദൂൎവ്വാകാൎപ്പാസപത്രെന്ദ്രലതാച്ഛിന്നരുഹാമപി ॥
൮൦. സചരസെവാരിലാമജ്ജകുഷ്ഠചന്ദനയഷ്ടിഭിഃ ।
ഫലത്രിതയമൂൎവ്വാബ്ദഃരാഹിണീഭിശ്ചപാചിതഃ ।
൮൧. സ്നേഹഃകെരൊൽഭവൊഭ്യംഗാൽകുഷ്ഠംഫന്തികപാലജം

അനെനൈവവിധാനെനപകപസ്ഥിലജഎവവാ ।

ഉമ്മത്തില, കുഴിതാളച്ചുണ്ടി, തെങ്ങിൻപൂക്കുലയരി, കഞ്ഞുണ്ണി, കറുക, പരുത്തിയില, ഉഴിഞ്ഞ, ചിററമൃത ഇവററിൻനീരിൽ ഇരുവേലി, രാമച്ചം, കൊട്ടം, ചന്ദനം, എരട്ടിമധുരം, ത്രിഫല, പെരുംകുരുമ്പവെര, മുത്തങ്ങക്കിഴങ്ങ, കടുകരൊഹിണി ഇവ അരച്ചുകലക്കി വെളിച്ചെണ്ണചേൎത്ത കാച്ചിയരിച്ച തെപ്പിക്ക. കപാലകുഷ്ടം ശമിക്കും.

(ഗുദകുഷ്ഠത്തിന്ന പുരട്ടുവാൻ)

൬൨. കന്ദാനികൃതപാഖണ്ഡാനിശൊണവല്ല്യാഇതസ്തതഃ ।
അഹിഫെനംസമാലിപ്യശൊഷയിതപാഥഭജ്ജയെൽ ॥

൬൩. കെരസ്നെഹെത്രസംശിഷ്ടെതാനിസംപിഷ്യയോജയേൽ ।
ഗുദകുഷ്ഠമനെനാശ്രൂദിഹ്യമാനംമുഹുർമുഹുഃ ॥

൬൪. നശ്യന്ത്യെവാതിദുഷ്ടാനിവ്രണാന്യന്യാനിചധ്രുവം ।

ചെമ്പ്രവള്ളിക്കിഴങ്ങ നുറുക്കി കറുപ്പുതേച്ചുണക്കി വെളിച്ചെണ്ണയിൽ വറുത്തഅരച്ച വറവുകഴിഞ്ഞ ശേഷിച്ച വെളിച്ചെണ്ണയിൽതന്നെ കലക്കി ആയത പുരട്ടുക. ഗുദകുഷ്ഠവും മററുമുള്ള ദുഷ്ടവ്രണങ്ങളും ശമിക്കും.

൬൫. ജംബീരസപരസെപിഷ്ടപാലൊഹകിട്ടംപ്രലെപയെൽ ।
ഗുദകുഷ്ഠവിനാശായരഹസ്യമിദമൌഷധം ॥

ചെറുനാരങ്ങനീരിൽ പുരാണകിട്ടം അരച്ചുപുരട്ടുക. ഗുദകുഷ്ഠം ശമിക്കും. ഠരം ഔഷധം രഹസ്യമാകുന്നു.

(വ്രണശുദ്ധിക്ക ത്രികൽക്കം)

൬൬. ദൂൎവ്വാനിശാഭ്യാംനിംബസ്യപത്രാണിസനിശൈസ്തിലൈഃ ।
യഥാസംപിഷ്യദുഷ്ടാനിവ്രണാനിമധുസൎപ്പിഷാ ॥

൬൭. സഹിതൈസ്തൈഃപ്രലിംപെത്സ്യാത്തെഷാംശുദ്ധിശ്ചരോപണം । ദ്വെധാപിദശിതൊയൊഗസ്ത്രികല്കമിതിവിശ്രുതഃ

കറുക, പച്ചമഞ്ഞൾ, വേപ്പില ഇവയൊ പച്ചമഞ്ഞൾ, എള്ള, വേപ്പില ഇവയൊ അരച്ച അല്പം തേനും നെയ്യും ചേൎത്ത പുരട്ടുക. വ്രണങ്ങൾ ശുദ്ധങ്ങളായി ഉണങ്ങും. മേൽപറഞ്ഞ രണ്ടു യോഗങ്ങൾക്കും ത്രികല്കമെന്ന പേരാകുന്നു.

(കൃഷ്ണോപകുഞ്ചികാദി പൊടി)

൬൮. കൃഷ്ണോപകുഞ്ചികാജാതിഫലൈലാദപയയഷ്ടിഭിഃ ।
ത്രിഫലാംശശിരെഖാഞ്ച സൎവ്വാഭിശ്ചമധുസ്നുഹം ॥

ന്നൻ.സമാംശെചസമാംശാംചതാഭിഃപാരന്തികാമപി।
സഞ്ചൂർണ്ണ്യമിശ്രിതാംവൈദ്യോലെഹയെന്മധുസപ്പിഷാ॥
൭൦. ഗുദകുഷ്ഠവിനാശായമാത്രാന്തദ്രജസഃപ്രയോഗ।
സവർണ്ണകരണെനൈവസപ്പിഷാവാവിമിശ്രിതാം॥

തിപ്പലി, കരിഞ്ചീരകം, ജാതിക്ക, ഏലത്തരി, ചിററെലം, എരട്ടിമധുരം ഇവസമം ഇവആറുംകൂടിയെടത്തോളം ത്രിഫല, ത്രിഫലയോളം കാർകോകിലരി കൂട്ടിയെടത്തോളം പാവ, പാവോട്ടകൂടിയ മേൽപറഞ്ഞ മരുന്നുകളോളം തെച്ചിപ്പൂവ്വ ഇങ്ങിനെചേൎത്ത പൊടിച്ച അതിൽനിന്ന വേണ്ടതെടുത്ത തേനം നെയ്യും ചേൎത്തിട്ടൊ സവർണ്ണകരണം നെയ്യ ചേൎത്തിട്ടൊ സേവിപ്പിക്ക. ഗുദകുഷ്ഠം ശമിക്കും.

(പാദകുഷ്ഠത്തിന്ന അരച്ചുതേപ്പാൻ)

൭൧. രജനീചൂതനിര്യാസമധൂച്ഛിഷ്ടാനിപാദജെ।
അശ്വത്ഥപയസാപിഷ്ടാകുഷ്ഠെകുൎയ്യാദ്വിലെപനം॥

വരട്ടുമഞ്ഞൾ, മാവിൻപശ, വെളുത്തമെഴു ഇവ അരയാലിൻെറ പാലിൽ അരച്ചുതേക്കുക. പാദകുഷ്ഠം ശമിക്കും.

(പലാശവൽക്കാദി കുഴമ്പ)

൭൨. പലാശവൽക്കത്രിഫലാനിഷ്ക്വാഥൈക്ദളൊൽഭവം।
പാരന്തീകുസുമൊത്ഥഞ്ചകിംശുകപ്ലുദജംതഥാ॥
൭൩. മാതംഗപദികാജാതംരസഞ്ചപരിമിശ്രയെൽ।
തത്ത്രാപൂതെതുഗോമൂത്രംഗോമയഞ്ചസുചൂർണ്ണിതം॥
൭൪. ദേവധൂപംസമായോജ്യമദ്ദനെനഘനീഘൃതം।
ലിംപെത്തദൌഷധംശാമ്യെൽപാദകുഷ്ഠന്നസംശയഃ॥

പ്ലാശിൻതൊലി, ത്രിഫല ഇവകൊണ്ട കഷായംവെച്ച അതിൽ എരുക്കില, തെച്ചിപ്പൂവ്വ, കരുമുരുക്കില ആനടിയൻ ഇവററിൻനീരു ചേൎത്ത അരിച്ച ചാണകവും ഗോമൂത്രവും ചെഞ്ചില്യത്തിൻപൊടിയും കൂട്ടി ഉരസിച്ചേൎത്ത കുഴമ്പാക്കി പുരട്ടുക. പാദകുഷ്ഠം ശമിക്കും.

(നാഗദന്ത്യാദി ലേപനം)

൭൫. നാഗദന്തീഫലാക്ഷാസ്ഥിനിശാരുഷ്കരസർപ്പൈഃ।
സസിന്ധുത്ഥൈസ്ഥ്ഗ്വാംമൂത്രെപിഷ്ടൈരാലെപനംഹിതം॥

നാകാന്തിവിത്ത, താന്നിക്കക്കുരു വരട്ടുമഞ്ഞൾ, ചെരിൻകുരു, കടുക ഇന്തുപ്പ ഇവ ഗോമൂത്രത്തിൽ അരച്ചുതേക്കുക. പാദകുഷ്ഠം ശമിക്കും.

(പദസരിക്ക പുരട്ടുവാൻ)

ന്നു. ദാൎവ്വീപയസ്യാമഞ്ജിഷ്ഠാത്രൈഫലസ്സൎപ്പിൎവ്വിപാചിതം।
കംപില്യദ്ഗശുധസംയുക്തംഹന്തിലെപാദപാദികാം॥

മരമഞ്ഞത്തൊലി, അടപതിയൻകിഴങ്ങ, മഞ്ചെട്ടിപ്പൊടി, തുത്ത ഇവ പച്ചവെള്ളത്തിൽ അരച്ചുകലക്കി നെയ്യ ചേൎത്ത നെയ്യോടുസമം കമ്പിപ്പാലയുടെ പാലുംചേൎത്ത കാച്ചിയരിച്ചു പുരട്ടുക. പദസരി ശമിക്കും.

ൈ. നവനീതെനസംയുക്തംഭസ്മകൃഷ്ണാജിനസ്യച।
തുംബീഫലംവാക്ഷീരെണപക്വാപിഷ്ടാചലെപയെൽ॥

കൃഷ്ണാജിനത്തിന്റെ ഭസ്മം വെണ്ണ നെയ്യ ചേൎത്ത പുരട്ടുക. കയ്പൻചുരയുടെ കായ പാലിൽ പുഴുങ്ങിയരച്ചു വെണ്ണകൂട്ടി പുരട്ടുക. പദസരി ശമിക്കും.

(സൈന്ധവാദി ലെപനം)

വ്യ. സൈന്ധവത്രിഫലാവീരാകദളീപക്വവെതസൈഃ।
നാളികെരപയഃപിഷ്ടൈൎന്നവനീതെനമിശ്രിതൈഃ॥

ൻ. മാഹിഷെണകൃതൊലെപഃപ്രലുംപതിവിപാദികാം।
പാദാവദരണംപാദദാഹഞ്ചവിനിയച്ഛതി॥

ഇന്തുപ്പ, ത്രിഫല, കോവക്കിഴങ്ങ, കദളിപ്പഴം, വഞ്ഞിത്തൊലി ഇവ തേങ്ങാപ്പാലിലരച്ചു എരുമയുടെ വെണ്ണകൂട്ടി ഉരസിച്ചേൎത്ത പുരട്ടുക. പദസരി, കാലവിള്ളൽ, ചുട്ടുനീറൽ ഇവ ശമിക്കും.

(ക്ഷീരിദ്രുവൽക്കാദി ലെപനം)

വ്യാ. ക്ഷീരിദ്രുവല്കസിന്ധൂത്ഥരജഃപക്വഞ്ചകാദളം।
നവനീതനലിംപെദ്വാപ്രാഗുക്തവ്യാധിശാന്തയെ॥

നാല്പാമരത്തിൻതൊലി, ഇന്തുപ്പ ഇവപൊടിച്ചു കദളിപ്പഴവും വെണ്ണയും ചേൎത്ത പുരട്ടുക. പദസരിമുതൽ മേൽപറഞ്ഞ വ്യാധികൾ ഒക്കയും ശമിക്കും.

(ഗജചൎമ്മത്തിന്ന അരച്ചുതെപ്പാൻ)

വ്യ. ഉന്മത്തസാരസെവിഷ്ടാപപ്പലദ്രുജരത്വാചഃ।
ഗജചൎമ്മവിനാശായലിംപെൽപിപ്പലചൎമ്മവാ॥

ഉമ്മത്തിലനീരിൽ താനെ അടൎന്ന പുലാവിന്റെ തൊലിയൊ അരയാലിൻതൊലിയൊ അരച്ചുതേക്കുക. ഗജചൎമ്മം ശമിക്കും.

(കൃതമാലത്വഗാദി തൈലം)

വ്യ. കൃതമാലത്വഗിക്ഷ്വാകുമൂലക്ഷീരിദ്രുവല്കജെ।
നിഷ്ക്വാഥെയഷ്ടിഗൊപസ്ത്രീദ്വയപാരന്തികാന്വിതെ।

വൃ൩. പാരന്തീപുഷ്പമാതംഗപദികാരസസമ്മിതം।
സക്ഷീരഞ്ചഘൃതംപകപമഭ്യംഗാൽഗജചർമ്മജിത്॥
കൊന്നത്തൊലി, കയ്പഞ്ചുരവെര, നാല്പാമരത്തിൻതൊലി ഇവകൊണ്ട കഷായംവെച്ച എരട്ടിമധുരം, നന്നാറിക്കിഴങ്ങ, പാവ്വള്ളിക്കിഴങ്ങ, തെച്ചിവേര ഇവ അരച്ചുകലക്കി തെച്ചിപ്പൂവ്വ, ആനടിയൻ ഇവററിൻനീരും പാലും നെയ്യും സമംചേൎത്തകാച്ചിയരിച്ച പുരട്ടുക. ഗജചൎമ്മം ശമിക്കും.
വൃ൪. തിക്തകെനമധുസ്നഹ്യാശ്ചൂൎണ്ണംവാലെഹയെൽപ്ര
ഗെ। കൃഷ്ണോപകുഞ്ചികാദ്യംവാഗ്ഗുദകുഷ്ഠനിദൎശിതം॥
പാവ പൊടി തിക്തഘൃതം ചേൎത്ത സേവിപ്പിക്ക. ഗ്ഗുദകുഷ്ഠചികിത്സയിൽ പറകപ്പെട്ട കൃഷ്ണോപകുഞ്ചികാദിയുമാം. എന്നാൽ ഗജചൎമ്മം, ശമിക്കുകയും ചെയ്യും.

(ചുണങ്ങിന്ന)

വൃ൫. ടംകണംവഹ്നിസന്തപ്തംജംബീരഫലജെരസെ।
ക്ഷിപ്ത്വാചന്ദനഖണ്ഡേനപിഷ്ട്വാദായസചന്ദനം॥
വൃ൬. പ്രലിപ്യവിന്ദുകുഷ്ഠേഷുസമ്യക്ച്ശുഷ്കംതദൌഷധം।
ഉദ്വൎത്ത്യക്ഷാളനംകുൎയ്യാദാസിച്യമഥിതംബഹു॥
പൊങ്കാരംതീക്കൽ കാച്ചി ചെറുനാരങ്ങനീരിലിട്ട ചന്ദനമുട്ടികൊണ്ടു അരച്ച ചേൎത്ത ചന്ദനത്തോടുകൂടിയ ആ മരുന്ന എടുത്ത ചുണങ്ങുള്ളെടത്ത പുരട്ടി നല്ലവണ്ണം ഉണങ്ങിയാൽ പിരിച്ചു കളഞ്ഞ വളരെ മൊരുകൊണ്ടു അവിടെ ധാരചെയ്ത കഴുകുക ചുണങ്ങ ശമിക്കും.
വൃ൭. കൂശ്മാണ്ഡവല്ലീംസന്ദഹ്യഗോമൂത്രെണപ്രലെപനം।
വിന്ദുകുഷ്ഠഹരംപ്രാഹുസ്തക്രതൊമാഹിഷസ്യച॥
കുംപളവള്ളി ചുട്ടുഭസ്മം ഗോമൂത്രത്തിൽ ചാലിച്ച തെക്കുക എരുമച്ചാണകംതെക്കുക. ചുണങ്ങ ശമിക്കും
വൃ൮. ഫലിനീലവലീപത്രനാഗപുഷ്പാണിശൈഗ്രവം।
ബീജഞ്ചശുപ്പബീജംചകാസമൎദ്ദകപല്ലവം।
വൃ൯. തക്രെപിഷ്ട്വാസമാലിപ്യശുഷ്കേദ്വൎത്ത്യവിമൎദ്ദനാൽ।
അംഗെഭ്യോപഹരെദ്ദേഷവിന്ദൂൻഹന്യാദപിധിധ്രുവം।
ഞാഴൽപ്പൂവ്വ, വെള്ളിലയുടെ വെളുത്തഇല, നാകപ്പൂവ്വ മുരിങ്ങക്കുരു, കരുന്തകരക്കുരു, പൊന്നാരൻതകരയുടെകൂമ്പ ഇവമോരിലരച്ച തേച്ചുണങ്ങിയാൽ തിരുമ്പികളുക ചുണങ്ങ ശമിക്കും.
൱൦. ചന്ദനംവചയാസാൎദ്ധം പിഷ്ട്വാതക്രെണലേപനം।
കുൎയ്യാദ്വാന്ദുവിനാശായതഥാഗന്ധകമെവവാ॥

ചന്ദനം, വയമ്പ ഇവ മോരിലരച്ചുതേക്കുക. അല്ല എങ്കിൽ ഗന്ധകം വയമ്പ ഇവ മോരിലരച്ചുതേക്കുക. ചുണ്ണങ്ങശമിക്കും.

൯൧. ജംബീരസ്വരസെപിഷ്ടാശംഖപാഷാണചന്ദനെ ।
താഭ്യാംവാലെപനംകുര്യ്യാദപിന്ദുകുഷ്ഠംവിനശ്യതി ॥

ചെറുനാരങ്ങനീരിൽ ശംഖപാഷാണം, ചന്ദനം ഇവ അരച്ചുതേക്കുക. ചുണ്ണങ്ങ ശമിക്കും.

(അരിംപാറെക്കു)

൯൨. കാസമർദ്ദകബീജാനിസ്നുഹീപല്ലവജെരസെ ।
ലിംപെദഗാരധൂമംവാശിലാകുഷ്ഠംവിനശ്യതി ॥

പൊന്നാരന്തകരക്കുരു കള്ളിയിലനീരിൽ അരച്ചുതേക്കുക. അരിമ്പാറ ശമിക്കും. ഉള്ളടക്കരി മേൽപ്രകാരം അരച്ചുതേക്കുകയുമാം.

൯൩. സ്നുഹ്യാക്ഷീരെണലിംപെദപാചിത്രകംഗ്ഗള സംയുതം ।
കാസീസമഭയാംയദ്വാതദശ്മവിനിയച്ഛതി ।

കള്ളിപ്പാലിൽ കൊടുവേലിക്കിഴങ്ങൊ കാരീയമൊ കടുക്കയൊ അരച്ച ശൎക്കരചേൎത്ത പുരട്ടുക. അരിംപാറ ശമിക്കും.

൯൪. സമുദ്രൈരണ്ഡജെദുഗ്ദ്ധെപിഷ്ടാലിംപെൽഗജാസ്ഥിവാ । കാസീസമക്കരാഗംവാതാള്ളകംതുത്ഥമേവവാ ॥

കടലാവണക്കിന്റെ പാലിൽ ആനയുടെ അസ്ഥിയൊ കാരീയമൊ അക്കാരിതേങ്ങയൊ പൊന്നരിതാരമൊ തുത്തൊ അരച്ചുതേക്കുക. അരിംപാറ ശമിക്കും.

൯൫. പാകെനഭിന്നെസർവ്വത്രകുഷ്ഠെപിവ്രണവൽക്രിയാഃ।
ശോധനീരോപണീശ്ചാപികുര്യ്യാദ്രക്തപ്രസാദനീഃ ॥

പഴുത്തുപൊട്ടിയ കുഷ്ഠങ്ങൾക്കു ശുദ്ധിക്കായിട്ടും ഉണക്കത്തിന്നായിക്കൊണ്ടും രക്തപ്രസാദത്തിന്നായിക്കൊണ്ടും വിശേഷിച്ച ചെയ്യേണ്ട ക്രിയകൾ വ്രണചികിത്സയിൽ പറകപ്പെടുന്നതുപ്രകാരം ചെയ്തുകൊൾക.

## ശ്വിത്ര ചികിത്സാ

### (ശശിരെഖാ രസായനം)

൯൬. അസനാഗരുശാകാക്ഷകകുഭാരഗ്വധത്വചാം ॥
വിശാലാശാരിബാമൂർവ്വാപത്മകാനാഞ്ചപാഥസി ॥

൯൭. സ്വരസെഭൃംഗനിർഗ്ഗുണ്ഡീഹരിദ്രാമലകോത്ഭവെ।
ത്രായന്ത്യമൃതയൊശ്ചാപിനിക്ഷിപ്യനിശിശോഷിതാഃ ॥

൩൬ *

൯൮. അഹ്നിസഞ്ചൂൎണ്ണ്യശീതാംശുരെഖാസ്തദ്രജസഃപ്രഗെ।
മാത്രാമക്ഷതചാസിദ്ധംസപ്പിസ്സംയൊജ്യലെഹയെൽ॥
൯൯. തദിദംഹന്തിമാസെനശശിരേഖാരസായനം।
ശ്വിത്രാണ്യപിചകുഷ്ഠാനിവിസപ്പാംശ്ചക്രിമീനപി॥

വേങ്ങക്കാതല, അകില, തേക്കിൻതൊലി, താന്നിത്തൊലി, നീർമരുതിൻതൊലി, കൊന്നവേരുമ്മൽതൊലി, കാട്ടുവെള്ളരിവേര, നന്നാറിക്കിഴങ്ങ, പെരുംകുരുമ്പവേര, പതിമുകം ഇവ കൊണ്ട വെവ്വേറെ വെച്ച കഷായങ്ങളിലും കഞ്ഞുണ്ണി, കരുനൊച്ചിയില, പച്ചമഞ്ഞൾ, പച്ചനെല്ലിക്ക, ബ്രഹ്മി, ചിററമൃത ഇവററിൻനീരുകളിലും ഓരൊ ദിവസം രാത്രി ഇട്ടുവെക്കയും പിറെറന്നാൾ ഉണക്കുകയും ചെയ്ത ബലപ്പെടുത്തിയ കാർകോകിലരിപൊടിച്ച അതിൽനിന്ന വേണ്ടതെടുത്ത താന്നിയുടെ തൊലികൊണ്ട കഷായംവച്ച താന്നിയുടെ തൊലിതന്നെ കല്ക്കമായി ചേൎത്ത കാച്ചിയ നെയ്യ ചേൎത്ത രാവിലെ സേവിപ്പിക്ക. ശ്വിത്രം ശമിക്കും.

(പുരട്ടുവാൻ)

൧൦൦. നവനീതെനസമ്മിശ്രംപ്രലിംപെദ്വീപിചൎമ്മജം।
ഗജചൎമ്മഭവംയദ്വാഭസ്മശ്വിത്രസ്യശാന്തയെ॥

വ്യാഘ്രത്തിന്റെ തോലൊ ആനയുടെ തോലൊ ഭസ്മമാക്കി വെണ്ണനെയ്യ ചേൎത്ത പുരട്ടുക ശ്വിത്രം ശമിക്കും.

(ഗന്ധകാദി ലേപനം)

൧൦൧. ഗന്ധകംഗൃഹധൂമഞ്ചഗുഞ്ജാകോശാതകീനിശാഃ।
ചന്ദ്രരെഖാശ്ചസംചൂൎണ്ണ്യനവനീതെനമിശ്രിതം॥

൧൦൨. തേഷാംരജോവാശ്വിത്രസ്യലെപനെസംപ്രശസ്യതെ।
എതെനപ്രത്യഹംലിപ്തംസപ്താഹെനവിനശ്യതി॥

ഗന്ധകം, ഉള്ളടക്കരി, കുന്നിക്കുരുപ്പരിപ്പ പുട്ടൽപീരകത്തിൻവിത്ത, വരട്ടുമഞ്ഞൾ, കാർകോകിലരി ഇവ പൊടിച്ച വെണ്ണനെയ്യ ചേൎത്ത പുരട്ടുക. ഏഴദിവസംകൊണ്ട ശ്വിത്രംശമിക്കും.

(ചിത്രകാദി പൊടി)

൧൦൩. ചിത്രകംചന്ദ്രരേഖാഞ്ചചൂൎണ്ണയിത്വാവിലെഹയെൽ।
ധാത്രിരസേനപ്രത്യൂഷെകഷായെനഖദിരസ്യവാ॥

കൊടുവേലിക്കിഴങ്ങ, കാർകോകിലരി ഇവപൊടിച്ച നെല്ലിക്ക നീരിലൊ കരിങ്ങാലിക്കഷായത്തിലൊ ചേൎത്ത രാവിലെ

സേവിപ്പിക്ക ശ്വിത്രം ശമിക്കും.

൧൨൧. തിക്തം സർപ്പിർമ്മഹാതിക്തം കുഷ്ഠോക്തഞ്ചാന്യദിഷ്യതെ।
ശ്വിത്രെവിപ്രായശസ്സൎവ്വംയഥാദൊഷംപ്രയൊജയെൽ॥

തിക്തഘൃതം മഹാതിക്തഘൃതം ഇവയും കുഷ്ഠത്തിന്ന പറക പ്പെട്ട ചികിത്സകൾ മിക്കതും ശ്വിത്രത്തിന്ന പറവുന്നതാകുന്നു. ദോഷകൊപത്തെ അനുസരിച്ച ആ പ്രവൃത്തികളെയും ചെയ്ക. എന്നാൽ ശ്വിത്രം ശമിക്കും.

ഇതി വാടാനെസാപനാമകരാ മാനന്ദനാഥപണ്ഡിത പാര ശവെന്ദ്രകൃതാ വാരൊഗ്യകല്പദ്രുമെ ബാലചികിത്സായാം ഷോ ഡശസ്തബകൊനാമ ഷൊഡശൊദ്ധ്യായഃ ॥

---

## ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം

## സപ്തദശാദ്ധ്യായപ്രാരംഭഃ

---

### വാതവ്യാധി ചികിത്സാ

### (അരച്ചുതേപ്പാൻ)

൧. ബലാനിഷ്ക്വഥദുഗ്ദ്ധാഭ്യാംപക്വംഷാഷ്ടികമോദനം।
സംപിഷ്യലിംപേദംഗെഷുവികൃതെഷുനഭസ്വതാ॥

കുറുന്തോട്ടിക്കഷായവും പാലുംതമ്മിൽചേൎത്ത അതിൽനവ രയുടെ അരി വേവിച്ചരച്ച വാതവ്യാധി ഉള്ളെടത്തമാത്രമൊ ശരീരത്തിങ്കൽ എല്ലാടവുമൊ തേക്കുക.

൨. കൊഷ്ണാംബുനാത്ര്യജെദ്ഭ്യാതെയാമാൎദ്ധെതച്ചദേഹതഃ।
ബലാകല്ക്കനസക്ഷീരംസിദ്ധംതൈലഞ്ചശസ്യതെ॥

മൂന്നേമുക്കാൽനാഴികകഴിഞ്ഞാൽ സഹിക്കത്തക്ക ചൂടോടുകൂ ടിയ കാച്ചവെള്ളംപകൎന്ന കഴുകിക്കളക. വാതവ്യാധി ശമിക്കും കുറുന്തോട്ടിവേര പച്ചവെള്ളത്തിൽ അരച്ചുകലക്കി എണ്ണയും എണ്ണയോളം പാലുംചേൎത്ത കാച്ചി അരിച്ച തേപ്പിക്ക വാത വ്യാധി ശമിക്കും.

### (ശുദ്ധബലാ തൈലം)

൩. ബലാകഷായകല്ക്കാഭ്യാംസിദ്ധംതൈലംപയൊയുതം।
പാനാഭ്യാഞ്ജനയൊഗെനവാതവ്യാധിവിനാശനം॥

കുറുന്തോട്ടിവേരുകൊണ്ടു കഷായംവച്ച അതുതന്നെകല്ക്കമായിച്ചേൎത്ത എണ്ണയും എണ്ണയോളം പാലുംകൂട്ടി കാച്ചിയരിച്ചു തേപ്പിക്ക. വാതവ്യാധി ശമിക്കും.

(ക്ഷീരബലാ തൈലം)

൪. ക്ഷീരാഢകെബലാമൂലപലാന്യാമൎദ്ദ്യവിംശതിം ।
തദ്രസംയൊജയിത്വാഥബലാമൂലപലദ്വയം ॥
൫. കല്ക്കീകൃത്യവിപചേഞ്ചതൈലപ്രസ്ഥംസമീരനൽ ।
എതൽക്ഷീരബലാതൈലമസിതസ്യമുനെൎമ്മതം ॥

പതിനാറു നാഴി പാലിൽ ഇരുപത പലം കുറുന്തോട്ടിവെര ഇടിച്ചുപിഴിഞ്ഞനീരുചേൎത്ത ഇരുപത്തുനാലുകഴഞ്ച കുറുന്തോട്ടിവേര അരച്ചുകലക്കി നാനാഴി എണ്ണ ചേൎത്ത കാച്ചിയരിച്ചു തേപ്പിക്ക। വാതവ്യാധി ശമിക്കും. ഇത അസിതാചാൎയ്യനാൽവിധിക്കപ്പെട്ടതും ക്ഷീരബലാതൈലമെന്നപേരോടുകൂടിയതും ആകുന്നു.

(വാതാശനി തൈലം)

൬. ശതാവൎയ്യാസ്തുലാമെകാംജലദ്രോണെവിശൊധിതാം ।
ആമൎദ്ദ്യനിഷ്ഠിതാംകൃത്വാപക്ത്വാപാദാവശെഷിതെ ॥
൭. തത്രകല്ക്കീകൃതൈഃകുഷ്ഠശതാഹ്വാദാരുചന്ദനൈഃ ।
മാംസീശൈലെയകദ്രാക്ഷാജീവകൎഷഭകൈരപി ॥
൮. വരണൊഗ്രാബലാമൂലതഗരൈരെലാവിളംഗകൈഃ ।
പൂതീകനക്തമാലാംശുമതീമൂലൈശ്ചകാഷ്ഠികൈഃ
൯. പ്രസ്ഥംതൈലസ്യസംപക്വംദത്വാക്ഷീരംചതുൎഗ്ഗുണം ।
ശ്വാസെകാസെചബാധിൎയ്യെപംഗുഖഞ്ജകയൊരപി ॥
൧൦. ജിഹ്വാസ്തംഭെജരായാഞ്ചഷണ്ഡതെച്ചവപുഷഃക്ഷയെ
അസ്ഥിഭംഗെചപൎവ്വാസ്ഥിരുജിവിസ്ഫോടകെഷു ച ॥
൧൧. വിസൎപ്പെപിചവൃദ്ധൌചശൎക്കരായാഞ്ചകൃച്ഛ്രകെ ।
വാതകുണ്ഡലികായാഞ്ചപ്രമെഹെമാരുതാൎത്തിഷു ॥
൧൨. സൎവ്വാസുചപ്രയുഞ്ജീതതാംസ്താൻവ്യാധീന്നിയച്ഛതി ।
എതദ്വാതാശനിൎന്നാമവാതെനനപിഹന്യതെ ॥

ശതാവരിക്കിഴങ്ങ ആരുംമൊരിയുംകളഞ്ഞ തുലാംഒന്ന, ചതച്ച പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവച്ചനാലിടങ്ങഴിയാക്കി അതിൽ കൊട്ടം, ശതകുപ്പ, ദേവതാരം, ചന്ദനം, മാഞ്ചികന്മതം, മുന്തിരിങ്ങപ്പഴം, ജീവകം, ഇടവകം, നീൎമാതളത്തിൻവേര, വയമ്പ, കുറുന്തോട്ടിവേര, തകരം, എലത്തരി, വിഴാലരി, ആവൽതൊലി, ഉങ്ങിൻതൊലി, ഓരിലവേര ഇവമൂന്നുമൂന്നു

കഴഞ്ച അരച്ചുകലക്കി നാനാഴി എണ്ണയും നാലിടങ്ങഴി പാലും ചേൎത്ത കാച്ചിയരിച്ച തേപ്പിക്കയൊ സെവിപ്പിക്കയൊ ചെയ്ക. ശ്വാസം, കാസം, ചെവിയടപ്പ, പംഗു, ഖഞ്ജം, ജിഹ്വാസ്തംഭം, ജരാ, ഷണ്ഡത്വം, ശരീരകാൎശ്യം അസ്ഥിഭംഗം, സന്ധികളിലെ വേദന, എല്ലിൻെറ ഇടയിലുള്ള വേദന, വിസ്ഫോടം വിസൎപ്പം, ആന്ത്രവൃദ്ധി, കല്ലടപ്പ, മൂത്രകൃച്ഛ്രം, വാതകണ്ഡലികാ,പ്രമേഹം ഇവ ശമിക്കും, വാതവ്യാധികൾ ഒക്കയും ശമിക്കും. പംഗു എന്നത ഒരു കാലിനെ മുടക്കുന്ന വാതമാകുന്നു. ഖഞ്ജമെന്നത രണ്ടു കാലുകളെയും മുടക്കുന്ന വാതമാകുന്നു. ജിഹ്വാസ്തംഭം നാവിനെ സ്തംഭിപ്പിക്കുന്ന വാതമാകുന്നു. അസ്ഥിഭംഗം എല്ലുമുറികയൊ വളകയോ ചെയ്താൽ ഉണ്ടാകുന്ന ഉപദ്രവമാകുന്നു. വാതകുണ്ഡലികാ എന്നത മൂത്രാഘാതങ്ങളിൽ ചേൎന്നതാകുന്നു.

### (മാംസീബലാദി തൈലം)

൧൬. മാംസീബലാദ്വയൈലാത്വഗ്ദാരുസൎഷപനാഗരൈഃ।
രാസ്നാമാഷാശ്വഗന്ധാബ്ദതുരുഷ്കതഗരൈരപി॥
൧൭. സംപിഷ്യകല്കിതൈഃപക്വംസക്ഷീരംചബലാകൃതെ।
നിഷ്കൃഥെതൈലമഭ്യംഗാൽപാനാദ്വാമാരുതാമയാൻ॥
൧൮. സൎവ്വാൻപ്രശമയെത്തദ്വൽസൂൎയ്യാവൎത്തംചനാസയാ।
ധാൎയ്യമാണംഹനുസ്രംസമൎദ്ദിതഞ്ചനിയച്ഛതി॥

മാഞ്ചി, കുറുന്തോട്ടിവേര, ഊരകത്തിൻവേര,ഏലത്തരി, ഇലവംഗത്തൊലി, ദേവതാരം, കടുക, ചുക്ക, അരത്ത, ഉഴുന്ന, അമുക്കുരം, മുത്തങ്ങക്കിഴങ്ങ, കുന്തുരുക്കം, തകരം ഇവ കുറുന്തോട്ടിക്കഷായത്തിൽ അരച്ചുകലക്കി എണ്ണയും പാലും സമം ചേൎത്ത കാച്ചിയരിച്ച തേപ്പിക്കയൊ സേവിപ്പിക്കയൊ ചെയ്ക. വാതവ്യാധി ശമിക്കും. മേൽപറഞ്ഞ തൈലംകൊണ്ട നസ്യം ചെയ്താൽ കൊട്ടഞ്ഞിക്കുത്ത, ഹനുസ്രംസം അൎദ്ദിതം ഇവ ശമിക്കും.

### (പഞ്ചാമ്ലതൈലം)

൧൯. പഞ്ചാമ്ലസ്വരസെദാരുശതാഹ്വാപടുശിഗ്രുഭിഃ।
രാസ്നാസൎജ്ജരസാഭ്യാഞ്ചമഞ്ജിഷ്ടാശാരിബായതൈഃ।
൨൦. കല്കിതൈസ്സാധിതംതൈലംദധികാഞ്ചിതസംയുതം।
വാതംസൎവ്വാംഗഗംഹന്തിനീഹാരമിവഭാസ്കരഃ॥

പുളിഅഞ്ചിൻെറയും ഇലകൾ ഇടിച്ചുപിഴിഞ്ഞ നീരെടുത്ത

അതിൽ ദേവതാരം, ശതകുപ്പ, ഇന്തുപ്പ, മുരിങ്ങവെര, അരത്ത, ചെഞ്ചല്യം, മഞ്ചട്ടിപ്പൊടി, നന്നാറിക്കിഴങ്ങ, ഇവ അരച്ചുകലക്കി എണ്ണയും തൈരും, കാടിയും സമംചേൎത്ത കാച്ചിയരിച്ചു തേപ്പിക്ക. സൎവ്വാംഗവാതം ശമിക്കും.

(ധാന്വന്തര തൈലം)

൮൭. ബലാമൂലസ്യനിൎയ്യൂഹെഷൾഗുണെഷൾഗുണംപയഃ।
തൈലസ്യതുല്യംദത്വാചയവകൊലയുതെശ്രൃതം॥
൮൮. ഖലൈശ്ചദശഭിൎമ്മൂലൈഃപാദശെഷിതമംബുച।
കല്ക്കീകൃതൈൎദ്വിമെദാശ്വഗന്ധാതഗരചന്ദനൈഃ॥
൮൯. മഞ്ജിഷ്ഠാദാരുകാകൊളീദ്വയാഭീരുപുനൎന്നവൈഃ।
ശാരിബാകുഷ്ഠയഷ്ട്യാഹ്വജീവകൎഷഭജൊംഗകൈഃ।
൯൦. കാളാനുസാരീസിന്ധൂത്ഥശൈലെയകഫലത്രയൈഃ।
സൂൎയ്യപൎണ്ണീവചൈലാത്വക്പത്രൈശ്ചക്ഷീരശുക്ലയാ।
൯൧. ശതാഹ്വാരസസംയുക്തൈസ്തൈലംമൃദ്വഗ്നിനാപചെ।
ൽ॥ ധാന്വന്തരമിദംനാമ്നാസൎവ്വവാതവികാരജിൽ।
൯൨. സൂതികാസുചബാലെഷുക്ഷീണെഷുക്ഷതവത്സുച।
പൂജിതംജ്വരഗുന്മാസ്ഥിഭെദൊന്മാദാന്ത്രവൃദ്ധിനൽ॥
സൎവ്വഗ്രഹവികാരെഷുയോനിരൊഗെചശസ്യതെ।
മൂത്രാഘാതെംഗമൎദ്ദെചവികാരെപിചമൎമ്മജെ।

കുറുന്തോട്ടിവേരുകൊണ്ട വെച്ച കഷായവും പാലും എണ്ണയിൽ ആറിരട്ടി, യവം, ലന്തക്കുരു, പഴയമുതിര, ദശമൂലം ഇവ കൊണ്ട വെച്ച കഷായം എണ്ണയോട സമം ഇങ്ങിനെ ചേൎത്ത മേദ, മഹാമേദ, അമുക്കുരം, തകരം, ചന്ദനം, മഞ്ചട്ടിപ്പൊടി ദേവതാരം, കാകൊളി, ക്ഷീരകാകൊളി, ശതാവരിക്കിഴങ്ങ, തമിഴാമവേര, നന്നാറിക്കിഴങ്ങ, കൊട്ടം, എരട്ടിമധുരം, ജീവകം, ഇടവകം, അകില, ഉലുവ, ഇന്തുപ്പ, കന്മതം, ത്രിഫല, കാട്ടുഴുന്നിൻവേര, കാട്ടുപയററിൻവേര, വയമ്പ, ഏലത്തരി, ഏലവംഗത്തൊലി, പച്ചില, പാൽമുതുക്കിൻകിഴങ്ങ, ശതകുപ്പ, നറുമ്പശ ഇവ അരച്ചുകലക്കി എണ്ണചേൎത്ത കാച്ചിയരിക്കുക. ഈ തൈലത്തിന്ന ധാന്വന്തരമെന്ന പേരാകുന്നു. ഇത തേപ്പിക്കയൊ സേവിപ്പിക്കയൊ ചെയ്താൽ വാതവ്യാധികൾ ശമിക്കും. പ്രസവിച്ചു കിടക്കുന്നവൎക്കും ബാലന്മാൎക്കും ക്ഷയമുള്ളവൎക്കും ഉരഃക്ഷതമുള്ളവൎക്കും സുഖകരമാകുന്നു. ജ്വരം, ഗുന്മം, എല്ലുപൊളിച്ചിൽ, ഉന്മാദം, ആന്ത്രവൃദ്ധി ഇവയും സൎവ്വഗ്രഹപീഡകളും യോനിരോഗവും മൂത്രാഘാതവുംവീഴ്ചകൊണ്ടൊ അടികൊണ്ടൊ

ശരീരത്തിന്ന ചതവുതട്ടിയാൽ ഉണ്ടാക്കുന്ന വേദനയും മമ്മപ്രദേശങ്ങൾക്ക ചതവുമുതലായത പററിയാലുണ്ടാകുന്ന വ്യാധികളും ശമിക്കും.

(ശ്രീരുദ്ര തൈലം)

൨൩. ദശമൂലബലാരാസ്നാമാഷകാപ്പ്സബീജകൈഃ।
യഷ്ട്യാഹ്വയകുലത്ഥൈസ്ഥണകപാലാഭീരുദാരുഭിഃ॥
൨൪. അമൃതാസാരണീവാജിഗന്ധാതഗരവാളകൈഃ।
കുഷ്ഠേനചശൃതെതൊയെപാദസ്ഥെപിഷ്ടകല്ക്കിതൈഃ॥
൨൫. ശാരിബാതിലദേവാഹ്വബലാദ്വിതയചന്ദനൈഃ।
ബാൽഹികക്ഷീരശുക്ലാശ്വഗന്ധാതഗരകംഗുഭിഃ॥
൨൬. വീരാപുനൎന്നവാഭീരുവരാസൈന്ധവചോരകൈഃ॥
നാഗാഹ്വയത്രുടീസവ്യമഞ്ജിഷ്ഠാകുഷ്ഠാകുംകുമൈഃ॥
൨൭. മൃണാളാംകൊലമൂലൊഗ്രാനിയ്യാസഹരിചന്ദനൈഃ।
ശതാഹ്വാസാരണീമൂലസരളാഗരുകൌശികൈഃ॥
൨൮. സംഭൃതികയുഗത്വഗ്ഭിസ്സകൊരണ്ടൈശ്ചസാധിതം॥
തൈലംചതുൎഗ്ഗുണംദത്വാക്ഷീരംദധിസമംതഥാ॥
൨൯. കാഞ്ചികഞ്ചാനിലവ്യാധീൻപാനാഭ്യംഗാവഗാഹനൈ। സെകെനപിചുനാവസ്തിയൊജനെനചനാശയെൽ॥
൩൦. ഗുന്മശൂലാന്ത്രവൃദ്ധീശ്ചപാണ്ഡുപ്ലീഹാമയാവപി।
ശ്രീരുദ്രേണപുരാപ്രോക്തമേതത്തൈലമനുത്തമം॥
൩൧. നാമ്നാശ്രീരുദ്രതൈലന്തൽഭിഷഗ്ഭിഃപരികീൎത്ത്യതെ॥

ദശമൂലം, കുറുന്തോട്ടിവേര, അരത്ത, ഉഴുന്ന, പരുത്തിക്കുരു, ഇരട്ടിമധുരം, പഴയമുതിര മാന്തലയോട, ശതാവരിക്കിഴങ്ങ, ദേവതാരം, ചിററമൃത, തലനീളി, അമുക്കുരം, തകരം, ഇരുവേലി, കൊട്ടം ഇവകൊണ്ട കഷായംവെച്ച നന്നാറിക്കിഴങ്ങ, എള്ള, ദേവതാരം, കുറുന്തോട്ടിവേര, ഉരാകത്തിൻവേര, ചന്ദനം, കായം, പാൽമുതക്കിൻകിഴങ്ങ, അമുക്കുരം, തകരം, തിനയരി, കൊവക്കിഴങ്ങ തമിഴാമവേര, ശതാവരിക്കിഴങ്ങ, ത്രിഫല, ഇന്തുപ്പ കച്ചൂരിക്കിഴങ്ങ, നാകപ്പൂവ്വ, ഏലത്തരി, രാമച്ചം, മഞ്ചെട്ടിപ്പൊടി, കൊട്ടം, കുംകുമം, താമരവളയം, അംകോലത്തിൻവേര, വയമ്പ, നറുമ്പശ, രക്തചന്ദനം, ശതകുപ്പ, തലനീളിഃവര, ചരളം, അകില, ഗുൽഗ്ഗുലു, ഉങ്ങിൻതൊലി, ദ്രുവൽതൊലി, കരിങ്കുറിഞ്ഞിവേര ഇവ അരച്ചുകലക്കി എണ്ണയുംഎണ്ണയിൽനാലിരട്ടിപാലും എണ്ണയോടുസമംതയിരും കാടിയുംചേത്ത കാച്ചിയരിച്ച സേവിപ്പിക്കമുതലായതചെയ്താൽ വാതവ്യാധികളും

ഗ്രന്മശൂലാന്ത്രവൃദ്ധികളും പാണ്ഡുരോഗം, പ്ലീയ ഇവയും ശമിക്കും.

(വാതചികിത്സയുടെ ക്രമം)

൩൨. സ്നിഗ്ദ്ധസ്യസ്വിന്നദേഹസ്യമൃദുനാശൊധനെനതു।
ക്ഷപയിത്വാനിലംകിഞ്ചിന്തൃച്ഛന്തമനുലോമയെൽ ॥

ആദിയിൽ മൂന്നൊ അഞ്ചൊ ഏഴൊ ദിവസം എണ്ണപുരട്ടി കിടത്തി മേല്പറഞ്ഞ ദിവസങ്ങൾ കഴിഞ്ഞാൽ വിയൎപ്പിച്ചു മൃദുവായ വിരേചനത്തെ ചെയ്തു പാരിച്ചുള്ള വൎദ്ധനയെ ക്ഷയിപ്പിച്ചു കഷായപാനപഥ്യാന്നാദികളെകൊണ്ടു ക്രമേണ ശമിപ്പിക്കുക. ഇങ്ങിനെ വാതചികിത്സയുടെ ക്രമമെന്നറിക.

(എരണ്ഡ ദിസ്വേദം)

൩൩. എരണ്ഡവരണാൎക്കാനാംപല്ലവൈരംഭസസ്സൃതാൽ ।
ഊഷ്മണൊാദ്ഗച്ഛതാസ്വേദൊവാതാമയവിനാശനഃ ॥

അവണാക്കില, നീർമാതളത്തില, എരുക്കില ഇവയിട്ടു തിളപ്പിച്ച വെള്ളത്തിൽനിന്ന പൊങ്ങുന്ന ഊഷ്മാവുകൊണ്ടു വിയൎപ്പിക്ക. വാതവ്യാധി ശമിക്കും.

൩൪. കൊല്ലൈനകാഞ്ചികെനാംഗംസിഞ്ചൻവാസ്വിന്നതാം നയെൽ। ഷാഷ്ടികൌദനപിണ്ഡൈൎവ്വാകൊല്ലൈരംഗാനിസംസ്പൃശന്॥

കാടിതിളപ്പിച്ചു ചൂട പാകമാക്കി ധാരചെയ്തിട്ടു വിയൎപ്പിക്കയുമാം. നവരയരി, കുറുന്തോട്ടിക്കഷായവും പാലുംചേൎത്തതിൽ വേവിച്ചു കിഴികെട്ടി കുറുന്തോട്ടിക്കഷായവും പാലും ചേൎത്തിളപ്പിച്ചു അതിൽവച്ചു ചൂടുപിടിപ്പിച്ചു അതുകൊണ്ടു തലോടി വിയൎപ്പിക്കയുമാം.

(ഇലക്കിഴി)

൩൫. ശിഗ്രു ചിഞ്ചാൎക്കനിൎഗ്ഗുണ്ഡീവരണൈരണ്ഡപല്ലവൈഃ॥
അന്യൈൎവ്വാതസമൈശ്ചരിന്നൈസ്തൈലസ്വിന്നൈസ്സകെരകൈഃ ॥

൩൬. കാൎപ്പാസപിണ്ഡികാഃകൃതാഃതാഭിസ്തപ്താഭിരെവവാ ।
സസ്നെഹപാത്രെസന്തപ്തൈനിക്ഷിപ്താഭിൎമ്മുഹുൎമ്മുഹുഃ॥

മുരിങ്ങയില, പുളിയില, എരുക്കില, കരുനൊച്ചിയില, നീർമാതളത്തില, അവണക്കില ഇവ ചെറുതാക്കി അരിഞ്ഞഎണ്ണ പുരട്ടി വരട്ടുനാളികേരം ചിരകിക്കൂട്ടി ഒരുപാത്രത്തിലിട്ടു നല്ലവണ്ണം വാടുന്നവരെ വറുത്ത നല്ലശീലയിൽ കിഴികെട്ടി ഒരു പാത്രത്തിൽ എണ്ണപകൎന്ന അടുപ്പത്തുവച്ചു അതിൽ കിഴിയുംവച്ചു

തീക്കത്തിച്ച ചൂടപിടിച്ചാൽ ആ കിഴികൊണ്ട തലോടിവിയ
പ്പിക്കയുമാം. ഒരു കിഴി ചൂടാറിയാൽ ചൂട പാകമാക്കി വേറെ
ഒരു കിഴികൊണ്ട തലോടുക. ഇലക്കിഴിക്ക് മേൽപറഞ്ഞ മരു
ന്നുകളൊട സമങ്ങളായ ഇലകൾ ഒക്കെ കൊള്ളാം.

(പഥ്യാദ്യസ്വശ്കാദി കഷായം)

൩൧. പഥ്യാദ്യസ്വശ്കൈരണ്ഡമൂലൈരമൃതയായുതൈഃ।
കഷായോവിരേചനെശസ്തോഗുളസൈന്ധവമിശ്രിത॥

കടുക്ക, കൊട്ടത്തുവവേര, അവണക്കിൻവേര, ചിററമൃ
ത ഇവകൊണ്ടു കഷായം വെച്ച ശക്കര, ഇന്തുപ്പ ഇവ മേല്പൊ
ടി ചേത്ത സേവിപ്പിച്ച വയറിളക്കുക.

(പൂതികപല്ലവാദികഷായം)

൩൨. പൂതീകപല്ലവദ്രാക്ഷാഫലപത്ഥ്യാജമൊജകൈ।
കഷായോവാവിഹിതസ്സ്യാഭ്യാംതൈലൈനൈരണ്ഡജെനവാ॥

ആവൽക്കുമ്പ, മുന്തിരിങ്ങപ്പഴം, കടുക്ക, അയമോതകം,
ഇവ കൊണ്ട കഷായം വെച്ച ശക്കര ഇന്തുപ്പു, ഇവയൊ
അവണക്കെണ്ണയൊ മെല്പൊടി ചെത്ത സേവിപ്പിച്ച വയറിള
ക്കുകയുമാം.

(ബലാസഹചരാദി കഷായം)

൩൩. ബലാസഹചരച്ഛന്ദശതാഹ്വാദേവദാരുഭിഃ
ജയാജീരകസംയുക്തൈഃകഷായഃപെയസ്സിതാന്വിതഃ॥

കുറുന്തോടിവേര, കരിംകുറുഞ്ഞിവേര, വെങ്കുറുഞ്ഞിവേ
ര, ശതകുപ്പ, ദെവതാരം, മുഞ്ഞവെർ, ജീരകം, ഇവ കൊ
ണ്ടു കഷായം വെച്ച പഞ്ചസാര മെല്പൊടി ചെത്ത സേവിപ്പി
ക്ക വാതരോഗം ശമിക്കും.

(ദശമൂലബലാദി കഷായം)

൩൪. ദശമൂലബലാദാരുശിഗ്രുബബ്ബ്വരസാധിതം
നിര്യൂഹംവാസിതാശൌണ്ഡീസഹിതംപായയെൽപ്രഗെ॥

ദശമൂലം, കുറുന്തോട്ടിവേര്, ദേവതാരം, മുരിങ്ങവേര, ചെ
റുതേക്കിൻവേര ഇവകൊണ്ട കഷായം വെച്ച പഞ്ചസാര, തി
പ്പലി ഇവ മേല്പൊടിചേത്ത രാവിലെ സേവിപ്പിക്ക. വാതം
ശമിക്കും.

(രാസ്നാദി കഷായം)

൩൫. രാസ്നാതാമലകീചവ്യവാശാഗരുഷഡ്ഗ്രന്ഥൈഃ।
എരണ്ഡധാത്രീസൈരെയശിലാഭിൽക്ഷുണ്ണദാനലൈഃ॥
൩൬. വിശ്വഭെഷജഭാർങ്ഗീഭ്യാം പുഷ്കരെണചസാധിതഃ।

പടൊലദശമൂലാദ്യൈര്യദ്ദാരുണാപ സമന്വിതൈഃ॥
൪൩. സിന്ധൂത്ഥകൃഷ്ണാരെണുഭ്യാംസഹിതൊവിനിയച്ഛതി।
കഷായസ്സർവ്വാനിലവ്യാധീൻപാപാനീവഹരിസ്മൃതിഃ॥
അരത്ത കിഴാനെല്ലി, കാട്ടുമുളകിൻവേര, ആടലോടകത്തിൻ വേര, അകില, കച്ചൂരിക്കിഴങ്ങ, മുത്തെങ്ങക്കിഴങ്ങ, അവണക്കിൻവേര, നെല്ലിക്ക, കരിംകുറിഞ്ഞിവേര കല്ലൂർവഞ്ഞിവേര, വരട്ടുമഞ്ഞൾ, കൊടുവേലിക്കിഴങ്ങ, ചുക്ക, ചെറുതേക്കിൻവേര, പുഷ്കരമൂലം, പടോലം, ദശമൂലം, ദേവതാരം. ഇവകൊണ്ടു കഷായംവെച്ച ഇന്തുപ്പ, തിപ്പലി, ഇവമേപ്പൊടിചേൎത്ത സേവിപ്പിക്ക എല്ലാ വാതരോഗങ്ങളും ശമിക്കും.
൪൪. വിദാര്യാദിഗണേനാപിവിഹിതശ്ശർക്കരാന്വിതഃ।
നിഷ്ക്വാഥൊമാരുതൊത്ഥെഷുവികാരെഷ്വപരാജിതഃ॥
വിദാര്യാദിഗണംകൊണ്ടുകഷായംവെച്ച പഞ്ചസാരമേപ്പൊടിചേൎത്ത സേവിപ്പിക്ക. എല്ലാവാതരോഗങ്ങളും ശമിക്കും.

(ആക്ഷേപ വാതത്തിന്ന ജീവന്ത്യാദി കഷായം)

൪൫. ജീവന്തീകന്ദകാകോളീദ്വയയഷ്ട്യാഹ്വസംയുതൈഃ।
മെദാവർണ്ണവതീദ്വന്ദ്വജീവകൎഷഭകൈഃകൃതഃ
കഷായഃപെയആക്ഷേപെധാന്വന്തരവിമിശ്രിതഃ
യദ്വാക്ഷീരബലാതൈലസഹിതൊഭിനവൊൽഭവെ॥
അടപതിയൻകിഴങ്ങ, കാകൊളി, ക്ഷീരകാകൊളി, എരട്ടിമധുരം, മെദ, മഹാമെദ, കാട്ടുഴുന്നിൻവേര, കാട്ടുപയററിൽവേര, ജീവകം ഇടവകം ഇവകൊണ്ട കഷായംവെച്ച ധാന്വന്തരതൈലമോ ക്ഷീരബലാതൈലമോ മേപ്പടിചേൎത്ത സേവിപ്പിക്ക. ആക്ഷെപവാതം ശമിക്കും. "അഭിനവോൽഭവെ" എന്ന വിശേഷണംകൊണ്ടു കാലതാമസംകൂടാതെ ചികിത്സിച്ചല്ലാതെ ശമിക്കില്ല എന്ന സൂചിപ്പിച്ചിരിക്കുന്നു.

(വീരാമൂലാദി കഷായം)

൪൬. വീരാമൂലവരീകന്ദജീവന്തീജീവകൎഷഭൈഃ।
സുബലാമൂലകൈസ്സിദ്ധഃകഷായൊവാതദ്വിഷ്യതെ॥
കൊവക്കിഴങ്ങ, ശതാവരിക്കിഴങ്ങ, അടപതിയൻകിഴങ്ങ, ജീവകം, ഇടവകം, കുറുന്തോടിവേര, ഇവകൊണ്ട കഷായംവച്ച മേൽപറഞ്ഞ തൈലങ്ങൾ മേപ്പൊടിചേൎത്ത സേവിപ്പിക്ക. ആക്ഷേപവാതം ശമിക്കും. ആക്ഷേപവാതമെന്നത് കൈകാൽമുതലായ അംഗങ്ങളെ ഒരുത്തൻ ശക്തിയോടുകൂടും വണ്ണം ഒരു തട്ടുകൊടുത്താൽ നീങ്ങുന്നതുപോലെ അതുകൾക്ക നീക്കത്തെ ഉണ്ടാക്കുന്നതായ വായുവികാരമാകുന്നു.

(ഹനുസ്തംഭത്തിന്ന അഭീരുവീരാദി കഷായം)

൪൭. അഭീരുവീരാജീവന്തീരാസ്നാദേവാഹ്വയഷ്ടിഭിഃ।
ബലാത്രയഷഡ്ധീമുസ്താശാരിബാഭിശ്ചസാധിതഃ॥

൪൮. കഷായഃക്ഷീരബലാതൈലവിമിശ്രോ നിശിഭോജനാ
ൽ। പെയഃപരംപ്രലെപശ്ചവാതാശനികൃതൊഹിതഃ।

൪൯. ധാന്വന്തരെണവാഽലെപൊഹനുസ്തംഭെപ്രശസ്യതെ
രജസാപൌഷ്കരെണൈവനവനീതയുതെനവാ॥

ശതാവരിക്കിഴങ്ങ, കൊവക്കിഴങ്ങ, അടപതിയൻകിഴങ്ങ, അരത്ത, ദേവതാരം, എരട്ടിമധുരം, കുറുന്തോട്ടിവേര, വെങ്കുറുന്തോട്ടിവേര, ഉൗരകത്തിൻവേര, കച്ചൂരിക്കിഴങ്ങ, മുത്തെങ്ങക്കിഴങ്ങ, നന്നാറിക്കിഴങ്ങ ഇവകൊണ്ട കഷായംവച്ച ക്ഷീരബലാതൈലം മെഴ്പൊടിചേൎത്ത അത്താഴം ഉൗണ കഴിഞ്ഞതിന്റെശേഷം സേവിപ്പിക്ക. വാതാശനി തൈലമൊ ധാന്വന്തരമൊ കൂടക്കൂടെ പുരട്ടുക. പുഷ്കരമൂലം പൊടിച്ച വെണ്ണചേൎത്തപുരട്ടുക. ഹനുസ്തംഭം ശമിക്കും. ഹനുസ്തംഭമെന്നതവായ വിടരാഴ്കയും വിടൎന്നവായ കൂടാഴ്കയുമാകുന്നു.

(ഉൗരുസ്തംഭത്തിന്ന അരച്ചതേപ്പാൻ)

൫൦. സൎഷപാംസ്തക്രസംപിഷ്ടാൻസ്നുഹ്യാഃകാണ്ഡസ്യഗൎഗാ
കൃതാബഹിൎമ്മൃദാലിപ്യപക്വാകാരഷീവഹ്നിനാ॥

൫൧. ഭിന്നായാംമൃദിതൃദ്ധൃത്യപൃഥഗാദായസൎഷപാൻ।
സ്നുഹീപത്രരസെപിഷ്ടാലിംപെദ്ബൃഹ്വൊൎമ്മുഹുഃ
ഉൗരുസ്തംഭശ്ശമംയാതിസ്നേഹസെകശ്ചനെഷ്യതെ।
ശ്ലേഷ്മാമദോഷബാഹുല്യാച്ശൊധനഞ്ചനിരൎത്ഥകം॥

കടുക മോരിലരച്ച കള്ളിയുടെ തണ്ടതുരന്ന അതിന്റെ ഉള്ളിൽ നിറച്ച പഴുതടച്ച മണ്ണിൽപൊതിഞ്ഞ ചാണകവരടികൊണ്ട തീക്കത്തിച്ച അതിലിട്ട ചുട്ട മണ്ണ വിണ്ടാൽ എടുത്ത അതിന്റെ ഉള്ളിൽ നിറച്ച കടുക വേറെ എടുത്ത കള്ളിയില വാട്ടിപ്പിഴിഞ്ഞനീരിൽ അരച്ച കൂടക്കൂടെ പുരട്ടുക. ഉൗരുസ്തംഭം ശമിക്കും. ഉൗരുസ്തംഭത്തിന്നു എണ്ണ പുരട്ടുകയും വിയൎപ്പിക്കയും ചെയ്യരുത. കഫവും ആമദോഷവും അതിന്ന കാരണമാകയാൽ സ്നേഹസെകവിരെകങ്ങൾ ഫലിക്കില്ല എന്നറിക.

(നാഗരാദി ലേപനം)

൫൨. നാഗരംസൎഷപംവില്വമൂലഞ്ചവരണത്വചഃ।
കാഞ്ചികെനസമാപിഷ്യപ്രലിംപെദാമഹൎമ്മുഹുഃ।

ചുക്ക, കടുക, കൂവളത്തിൻവേര, നീർമാതളത്തിൻതൊലി ഇവ കാടിയിൽഅരച്ച കൂടക്കൂടെതേക്കുക. ഊരുസ്തംഭംശമിക്കും.

(നക്തമാലാദി ലേപനം)

൫൭. നക്തമാലാക്ഷസിദ്ധാർത്ഥശിഗ്രുദേവാഹ്വനാഗരം।
കംസമാരസ്യമൂലഞ്ചപിഷ്ട്വാകാഞ്ചികവാരിണാ॥

൫൮. ലെപനംവാത്രകുർവ്വീതസുഖൊഷ്ണേനമുഹുർമ്മുഹുഃ।
ഗോമൂത്രേണാഥവാപിഷ്ട്വൈസ്ത്രിഫലാചൊരസർഷപൈഃ।

ഉങ്ങിൻതൊലി എരുക്കിൻതൊലി, കടുക, മുരിങ്ങവേരുമ്മെൽതൊലി, ദേവതാരം, ചുക്ക, കാഞ്ഞൊട്ടിവേര ഇവ കാടിയിൽ അരച്ച അല്പം ചൂടുപിടിപ്പിച്ച തേക്കുക, അല്ലായെങ്കിൽ ത്രിഫല, കച്ചൂരിക്കിഴങ്ങ, കടുക ഇവ ഗോമൂത്രത്തിൽ അരച്ച തെക്കുക. ഊരുസ്തംഭം ശമിക്കും.

൫൯. ബലാസഹചരാദ്യൈശ്ചകഷായംപായയേൽപ്രഗെ,
കൃഷ്ണാജീരകചൂർണ്ണാഭ്യാംസഹിതംമാക്ഷികെണവാ॥

ബലാസഹചരാദി കഷായം തിപ്പലിയും ജീരകവും മേപ്പൊടിചേർത്തിട്ടൊ തേൻ മേപ്പൊടിചേർത്തിട്ടൊ സേവിപ്പിക്ക. ഊരുസ്തംഭം ശമിക്കും. ഊരുസ്തംഭമെന്നത വാതകോപംനിമിത്തമായിട്ട കഫകോപത്തോടും ആമദോഷത്തോടുംകൂടി ഉണ്ടാകുന്ന തുടവീക്കമാകുന്നു.

(സിരാഗ്രഹത്തിന്ന രസതൈലം)

൬൦. ഛാഗപാദതുലാംലോമത്വഗ്വിഹീനാമുലൂഖലെ।
ക്ഷിപ്ത്വാസംക്ഷുദ്യതാംക്ഷിപ്ത്വാജലപ്രസ്ഥശതെപചെൽ॥

൬൧. പാദാവശിഷ്ടെപാകെനതത്രൌപാദതുലാമിതം।
കല്ക്കീകൃത്യബലാമൂലംദത്വാക്ഷീരഞ്ചഷൾഗുണം॥

൬൨. തൈലാഢകംപചെൽസിദ്ധംരസതൈലമിതിസ്മൃതം॥
തദാലെപനമാത്രെണവിനശ്യതിസിരാഗ്രഹഃ॥

ആട്ടിൻെറകാല, രോമവും തൊലിയും കൂടാതെ ഒരു തുലാം തൂക്കി എടുത്ത ഉരലിലിട്ട ഇടിച്ച ഒരു നൂറിടങ്ങഴി വെള്ളത്തിൽ കഷായംവച്ച കുറുക്കി ഇരുപത്തഞ്ചിടങ്ങഴിയാക്കി അരിച്ച ഇരുപത്തഞ്ചപലം കുറുന്തോട്ടിവേര് അരച്ച കലക്കി നാലിടങ്ങഴിഎണ്ണയും ഇരുപത്തുനാലിടങ്ങഴി പാലും ചേർത്ത കാച്ചിയരിക്കുക. ഇതിന്ന രസതൈലമെന്ന പേരാകുന്നു. ഇത തേച്ചാൽ സിരാഗ്രഹം ശമിക്കും.

(ബലാഗൊധൂമാദി കഷായം)

൯൯. ബലാഗൊധൂമവൃശ്ചീവമുസലീദേവദാരുഭിഃ।
സജീരകൈഃകൃതഃകഷായഃസ്സിരാഗ്രഹനിവാരണഃ।

കുറുന്തൊട്ടിവേര കൊത്തമ്പ, തമിഴാമവേര, നിലപ്പന ക്കിഴങ്ങ, ദേവതാരം, ജീരകം ഇവകൊണ്ട കഷായംവെച്ച ക്ഷീരബലാതൈലംമുതലായവ മെപ്പൊടിചേൎത്ത സേവിപ്പിക്ക. സിരാഗ്രഹം ശമിക്കും. സിരാഗ്രഹമെന്നതു ഞരമ്പുകൾക്കുണ്ടാകുന്ന വലിവാകുന്നു.

(ബാഹ്യായാമത്തിന്നു മൂൎദ്ധാവിൽ കുഴമ്പിന്നു)

൱൦. ബാഹ്യായാമെതുതൈലെനമിശ്രമെരണ്ഡയൊനിനാ।
നവനീതംസദാമൂൎദ്ധ്നാധാരയെന്നിജ്ജലീകൃതം॥

അവണക്കെണ്ണയും വെണ്ണയും കൂട്ടിഉരസി നീരറുത്ത മൂൎദ്ധാവിലിടുക ബാഹ്യായാമം ശമിക്കും.

൱൧. ക്ഷീരപിഷ്ടംബലാമൂലമഥവാനിൎഗ്ഗതാംബുനാ।
നവനീതെനസംയൊജ്യമൂൎദ്ധ്നിതെനവിലെപയെൽ॥

കുറുന്തൊട്ടിവേര പാലിലരച്ച നീരററ വെണ്ണകൂട്ടി ഉരസി മൂൎദ്ധാവിലിടുക. ബാഹ്യയാമം ശമിക്കും.

൱൨. രജൊനായകജംകൃതപാരുചകസ്നെഹസംയുതം।
നവനീതവിമിശ്രഞ്ചമൂൎദ്ധ്നാസന്ധാരയെതവാ॥

ചെന്നിനായകം പൊടിച്ച ആവണക്കെണ്ണയും വെണ്ണയും കൂട്ടി ഉരസിച്ചെൎത്തു മൂൎദ്ധാവിലിടുക. ബാഹ്യായാമം ശമിക്കും.

൱൩. സൎവ്വാണ്യംഗാനിസംലിപ്യരസതൈലെനകംവിനാ।
തൈലദ്രൊണ്യാംതദാൎത്തഞ്ചശായയെച്ചദിവാനിശം॥

ശിരസ്സൊഴികെ മററുള്ളേടത്ത രസതൈലം തെച്ച രാവും പകലും എണ്ണപ്പാത്തിയിൽ കിടത്തുക.

൱൪. പായയെൽപ്രത്യഹംപ്രാതസ്സായഞ്ചകഥിതംജലം।
രാസ്നാദിഭിസ്സകൎപ്പൂരലശുനസ്വരസഞ്ചതം॥

രാസ്നാദികഷായംവെച്ച കൎപ്പൂരം ഉള്ളിനീര ഇവ മെപ്പൊടിചേൎത്ത സേവിപ്പിക്ക. ബാഹ്യായാമം ശമിക്കും.

൱൫. ത്യജെദ്ധിവൎണ്ണദന്താസ്യംവിസ്രസ്താംഗമചേതനം।
പ്രസ്വിന്നഞ്ചസന്ധ്യശ്യബാഹ്യായാമിനമാതുരം॥

ബാഹ്യായാമമാകുന്ന വാതരൊഗമുള്ളവന്ന പല്ലിന്നും മുഖത്തിന്നും വൎണ്ണഭേദം, അംഗസന്ധികൾക്ക അധികമായഅയവ, ബോധകെടു, അധികമായ വിയൎപ്പ ഇവ ഒക്കെയും തികഞ്ഞുകണ്ടാൽ പിന്നെ ചികിത്സിക്കരുതു. ബാഹ്യായാമമെന്നത

ദേഹത്തിന്ന പിമ്പുറത്തെയ്ക്കു വളവ ഉണ്ടാക്കി വില്ലിന്റെ ആകൃതിപോലെ ആക്കിച്ചമയ്ക്കുന്ന വാതരോഗമാകുന്നു

(ആന്തരായാമത്തിന്ന)

൩൩. അയമെവാന്തരായാമെവിധഃകാര്യ്യോയദീച്ഛതി।
ശാമ്യേദ്ബാമഹതാകശ്ചിൽപ്രയത്നെനചിരസ്ഥിതഃ॥

ആന്തരായാമത്തിന്നും ബാഹ്യായാമത്തിന്ന പറഞ്ഞ ചികിത്സകൾതന്നെ ചെയ്യാം. ആയത ചെയ്യണമെന്നു രോഗിയുടെ ബന്ധുക്കൾ ഇച്ഛിക്കുന്നു എങ്കിൽ ചെയ്യേണ്ടതാകുന്നു. വലുതായ യത്നംകൊണ്ടു വളരെക്കാലം കഴിയുമ്പൊൾ ഒരുത്തന്റെ വ്യാധി ശമിച്ചു എന്നും വരാം ആന്തരായാമത്തിന്നു വളവു അകത്തേക്കാകുന്നു. ഇത്രമാത്രം വ്യാത്യാസമുണ്ട്.

(പാശ്വശൂലത്തിന്ന ലേപനം)

൩൪. 'സഞ്ചൂർണ്ണ്യപൌഷ്കരംമൂലംനവനീതസമന്വിതം।
പാശ്വയൊരുഭയൊർല്ലിംപെൽപാശ്വശൂലെനിലാമയെ॥

ശരീരത്തിന്റെ അരയ്ക്കൽനിന്നു മേൽപ്പട്ടു കക്ഷങ്ങളിലൊളമുള്ള ഇരുഭാഗങ്ങൾ പാശ്വങ്ങളാകുന്നു. അവിടെയുള്ള വേദനയ്ക്കു പുഷ്കരമൂലം പൊടിച്ചു വെണ്ണനെയ്യചേർത്തു പുരട്ടുക. എന്നാൽ ശമിക്കും.

൩൫. യദ്വാക്ഷീരബലാതൈലംധാന്വന്തരമഥാപിവാ।
വാതാശനിംവാസല്ലിപ്യസെദയെക്കപല്ലവൈഃ॥

ക്ഷീരബലാതൈലമൊ ധാന്വന്തരതൈലമൊ വാതാശനിതൈലമൊ നല്ലവണ്ണംപുരട്ടി എരുക്കിന്റെ ഇലകൊണ്ടു വിയപ്പിക്ക. പാശ്വശൂലം ശമിക്കും.

(ലാജജീരകാദി കഷായം)

൩൬. ലാജജീരകഭ്രനിംബവംശപല്ലവപുഷ്കരൈഃ
ബലാശതാഹ്വാനിർഗ്ഗുണ്ഡീദാരുസൈരെയകൈശ്ശൃതം॥

൩൭. തൊയംവാതാനുലൊമന്യാമിശ്രംഗുളികയാപ്രഗെ।
പായയെൽസസിതംക്ഷൌദ്രയുക്തഞ്ചാശുശമംവ്രജെൽ॥

മലര, ജീരകം, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, മുളംകൂമ്പ പുഷ്കരമൂലം, കുറുന്തൊട്ടിവേര, ശതകുപ്പ, കരുനൊച്ചിവെര, ദേവതാരം, കരിംകുറിഞ്ഞിവേര, ഇവകൊണ്ടു കഷായംവച്ചു വാതാനുലോമന ഗുളികയും പഞ്ചസാരയും തേനും മേപ്പൊടി ചേർത്തു സേവിപ്പിക്ക പാശ്വശൂലം ശമിക്കും.

(വാതാനുലൊമന ഗുളിക)

൫. ആയ്യാംസജീരകാജാജിസകപ്പൂരാംസകുംകുമാം।
സനാഭിംസപ്ലതുല്യംചമൂലംപൌഷ്കരമംഭസാ॥

൬. രാസ്നാസിദ്ധെനസംപിഷ്യഭൂനിംബഫലസംമിതാൻ।
നിമ്മിതാൻവടകാനത്രവിദ്യാദ്വാതാനുലൊമനാൻ॥

കിരിയാത്ത, ജീരകം, ആശാളി പച്ചകപ്പൂരം, കുംകുമം, വത്സനാഭി ഇവ സമം ഒക്കക്കൂടിയെടത്തൊളം പുഷ്കരമൂലം ഇങ്ങിനെചേത്ത അരത്തകൊണ്ട വെച്ച കഷായത്തിലരച്ച പുത്തരിച്ചുണ്ടങ്ങ പ്രമാണം ഗുളികഉരുട്ടി നിഴലിലുണക്കിസംഗ്രഹിക്കുക. ഠരം ഗുളികയ്ക്കു വാതാനുലൊമനമെന്ന പെരാകുന്നു.

(ദാരു ജീരകാദിഘൃതം)

൭. ദാരുജീരകവാശാബ്ദകലശീവില്വപുഷ്കരൈഃ।
കഥിതെംഭസിഭൂനിംബരാസ്നാമധുകജീരകൈഃ॥

൮. സാജാക്ഷീരംഘൃതംപകപാശ്വശൂലനിബർഹണം।
ക്ഷതക്ഷയഹരംമെധ്യംവിഷമജ്വരനാശനം॥

ദേവതാരം, ജീരകം, ആടലോടകത്തിൻവേര, മുത്തെങ്ങക്കിഴങ്ങ, മൂവ്വിലവേര, കൂവളത്തിൻവേര, പുഷ്കരമൂലം ഇവകൊണ്ടകഷായംവച്ച പുത്തരിച്ചുണ്ടവേരുമ്മൽതൊലി. അരത്ത, എരട്ടിമധുരം, ജീരകം, ഇവ അരച്ചുകലക്കി നെയ്യും നെയ്യോളം ആട്ടിൻപാലുംചേത്ത കാച്ചിയരിച്ചുസേവിപ്പിക്ക. പാശ്വശൂലം ശമിക്കും. ക്ഷതം, ക്ഷയം, വിഷമജ്വരം ഇവയും ശമിക്കും,

(കടിഗ്രഹത്തിന്ന)

൯. തൈലമെരണ്ഡജംതുല്യംനിർഗ്ഗുണ്ഡീസ്വരസംചയഃ।
പിബെൽസംയൊജ്യജിതാസഭവെൽസ്വസ്ഥഃകടീഗ്രഹം॥

അവണക്കെണ്ണയും കരുനൊച്ചിനീരും സമംചേത്ത സെവിപ്പിക്ക. കടീഗ്രഹം ശമിക്കും.

൧൦. എരണ്ഡപല്ലവൈവസ്സ്വെദസ്തിലൈമ്മിസിസമന്വിതൈഃ। ലെപൊധാന്യാമ്ലപിഷ്ടൈശ്ചകടീഗ്രഹവിനാശനഃ॥

അവണക്കിലകൊണ്ടു വിയപ്പിക്ക. എള്ളും ശതകുപ്പയും സമംചേത്ത കാടിയിൽ അരച്ച പുരട്ടുക. കടീഗ്രഹം ശമിക്കും.

൧൧. പഞ്ചാമ്ലശൃതതൊയസ്യബാഷ്പംവാംഗെത്രലംഭയെൽ।
വ്രീഹിബാഷ്പംപയൊബാഷ്പമഥവാതൽപ്രശാന്തയെ॥

പുളിയഞ്ചിൻെറയും ഇലകളിട്ട വെച്ച വെള്ളത്തിൻെറ പുകയൊ നെൽപുകയൊ പാൽപുകയൊ ഏല്പിക്ക കടീഗ്രഹം ശമിക്കും.

൭൭. പഞ്ചാമ്ലതൈലെനാഭ്യംഗംസെകംവാതഘ്നകാരയെൽ।
രാസ്നാദിസിദ്ധമംഭശ്ചപായയെൽഗുളസംയുതം ॥

പഞ്ചാമ്ലതൈലം പുരട്ടുകയൊ അതുകൊണ്ടു ധാരയിടുകയൊ ചെയ്ക. രാസ്നാദികഷായം ശൎക്കര മേല്പൊടിചേൎത്തു സേവിപ്പിക്ക. കടീഗ്രഹം ശമിക്കും. കടീഗ്രഹമെന്നത അരക്കെട്ടിലുണ്ടാകുന്ന വാതമാകുന്നു.

(ദണ്ഡാപതാനകത്തിന്ന)

൭൮. ദണ്ഡാപതാനകംതൈസ്തൈൎവ്വാതഘ്നൈസ്സമുപാചരെൽ। യാപയെൽസൂക്ഷ്മദൃഗ്വൈദ്യോനതസ്യാത്യന്തികശ്ശമഃ ॥

ദണ്ഡാപതാനകമെന്ന വാതത്തിന്ന വാതഹരങ്ങളായ അതാത പ്രവൃത്തികളെ ചെയ്ത വളരെ പീഡകൂടാതെ കഴിച്ചുകൂട്ടുക. ആയത നല്ലവണ്ണം ശമിക്കയുമില്ല-

൭൯. കൊഷ്ണേനകാഞ്ചികെനാംഗെനിഷെഗൊംഗുലിപൎവ്വസു। ദാഹശ്ശലാകയാപാൎഷ്ണ്യാസ്സന്ധൌചാംഘ്ര്യാശ്ചഹസ്തയൊഃ ॥

സഹിക്കത്തക്ക ചൂടൊടുകൂടിയ കാടികൊണ്ടു ധാരയിടുക. കയ്യിന്റെയും കാലിന്റെയും വിരലുകളുടെ നടുവിലെ ഏപ്പുകളിൽ ശലാകകൊണ്ടു ചൂടിടുക. മടമ്പുകളിലും കാലിന്റെയും കയ്യിന്റെയും സന്ധിസ്ഥാനങ്ങളിലും മേൽപ്രകാരം ചൂടിടുക. ഇവ ഒക്കെയും അവസ്ഥയെ അനുസരിച്ച ദണ്ഡാപതാനകത്തിന്ന ചെയ്യേണ്ടതാകുന്നു.

൮൦. ആഭിഃക്രിയാഭിൎവ്വെഗെഷുനഷ്ടേഷു സ്വയമെവവാ।
ധാരയെൽസതതംമൂൎദ്ധ്നാവാതാശനിയുജഃപിചൂൻ ॥

മുൻപറഞ്ഞ പ്രവൃത്തികളെകൊണ്ടു ദണ്ഡാപതാനകത്തിന്റെ വേഗങ്ങൾ ശമിക്കയൊ താനെതന്നെ ശമിക്കയൊ ചെയ്താൽ വാതാശനിതൈലത്തിൽ നനച്ച ശീലകൊണ്ടു മൂൎദ്ധാവിൽപിചുവിനെ ധരിപ്പിക്ക.

൮൧. സുപ്തിഃപ്രസാരണംകംപആക്ഷെപസ്തബ്ധതാപിച।
അംഗാനാംബുദ്ധിനാശശ്ചതദ്വെഗാഷ്ഷഡുദീരിതാഃ ॥

കൈകാൽമുതലായ അംഗങ്ങൾക്ക തരിപ്പ, മടക്കിക്കൂടാത്ത വിധത്തിൽ നീൎന്നപോക, വിറയ്ക്കുക, തെറിക്കുക, സ്തംഭിക്കുക, ബോധക്കേട ഇവ ആറും ദണ്ഡാപതാനകത്തിന്റെ വേഗങ്ങളാകുന്നു. മേല്പറഞ്ഞ വേഗങ്ങൾ മേല്പറഞ്ഞ പ്രവൃത്തികളെക്കൊണ്ടൊ താനെതന്നെയൊ ശമിക്കുകയും ചെയ്യും വേഗങ്ങൾ ശമിച്ചല്ലാതെ പിചുവിനെ ധരിപ്പിക്കരുത എന്നില്ല. വെഗങ്ങളെ ശമിപ്പിപ്പാൻ പിചു പോരാ എന്ന ആകെ താല്പൎയ്യം

വൃ൩. അനന്താരസരാസ്നാഭ്യാംനസ്യംവാതൽക്രിയോചിതെ।
കുസ്ഥാൽകഫെഘ്നെതെനപ്രാഗുക്തഃപിചുരിഷ്യതെ॥
കറുകനീരിൽ അരത്ത അരച്ചുകലക്കി നസ്യം ചെയ്കയുമാം ആയത നസ്യത്തിന്ന യോഗ്യനായിരിക്കുന്നവനല്ലാതെ ചെയ്യരുത. നസ്യംകൊണ്ട കഫം പോയാൽ മുൻപറഞ്ഞ പിചുവിനെ ധരിപ്പിക്ക.

വൃ൪. പക്വഗോധൂമപിണ്ഡെനസ്വേദസ്തത്രപ്രശസ്യതെ।
രാസ്നാദിസിദ്ധഃക്വാഥശ്ചരസതൈലമധസ്തനൊഃ॥
കോതമ്പുകൊണ്ട കിഴി തലോടി വിയപ്പിക്ക രാസ്നാദികഷായം മേലെക്ക രസതൈലം ഇവ ശീലിച്ചുകൊൾക. ദണ്ഡാപതാനകം ശമിക്കും.

(ഖല്വിവാതത്തിന്ന ബലാനാഗബലാദി കഷായം)

വൃ൫. ബലാനാഗബലാദാരുസൈരെയകപുനന്നവൈഃ।
ദശമൂലാമൃതോപെതൈഃക്വാഥഃഖല്വിനിബർഹണഃ॥
കുറുന്തോട്ടിവേര. ഊരകത്തിൻവേര. ദേവതാരം. കരിംകുറിഞ്ഞിവേര, തമിഴാമവേര, ദശമൂലം, ചിററമൃത ഇവകൊണ്ട കഷായംവെച്ച ക്ഷീരബലാതൈലം മുതലായത മെപ്പൊടിചെത്ത സേവിപ്പിക്ക. ശമിക്കും.

(ഷാഷ്ടിക തൈലം)

വൃ൬. ഷഷ്ടികൈർവ്രീഹിഭിഃപക്വെസലിലെപാദശെഷിതെ।
സമാനക്ഷീരസംയുക്തെകല്ക്കിതൈഃപട്ടഭിസ്സ്രിഭിഃ॥
വൃ൭. മെദാദ്വയഷഡ്ഡീദാരുജീവകർഷഭയഷ്ടിഭിഃ।
രാസ്നാപയസ്യാസൈരെയക്ഷീരശുക്ലാപുനന്നവൈഃ॥
വൃ൮. ശതാഹ്വാമുസലീകന്ദയവാനീകുഷ്ഠസർഷപൈഃ।
കാളാനുസാരീമഞ്ജിഷ്ഠാകാകൊളീദ്വയജൊംഗകൈഃ॥
വൃ൯. മുസ്താഹരീതകീയുഗ്മബലാദ്വയനതൈരപി।
തുല്യമിക്ഷുരസംദത്വാതദ്ധാംശസമാംവസാം॥
൩൦. വാരാഹീംസ്നെഹമൈരണ്ഡംതദ്ധാംശെനസമ്മിതം।
തത്സമഞ്ചഘൃതംതസ്യപാദാംശെനപ്രിയാളജം॥
൩൧. സ്നെഹഞ്ചസർവ്വസ്നെഹാംശസമ്മിതെദധികാഞ്ചികെ।
സംയോജ്യപക്വമഭ്യംഗാത്തൈലംഖല്വിനിബർഹണം॥
൩൨. നാമ്നാഷാഷ്ടികതൈലന്തദാഹുരന്യാനിലാർത്തിഷു।
അനിഷിദ്ധഞ്ചവിജ്ഞെയംപ്രശസ്തതരമത്രച॥
നവരനെല്ല ചേറി പതിരുംകരടും നീക്കി എടുത്ത അതുകൊണ്ട കഷായംവെച്ച നാലിലൊന്ന ശേഷിച്ചാൽ അരിച്ചെടുത്ത

നവ *

ആ കഷായത്തോളം പാലചേൎത്ത ഇന്തുപ്പ, കല്ലുപ്പ, വെടിയു പ്പ, മേദ, മഹാമേദ, കച്ചൂരിക്കിഴങ്ങ ദേവതാരം, ജീവകം, ഇ ടവകം, ഇരട്ടിമധുരം, അരത്ത, അടപതിയൻകിഴങ്ങ, കരിം കുറുഞ്ഞിവേര, പാൽമുതക്കിൻകിഴങ്ങ, തമിഴാമവേര, ശതകു പ്പ, നിലപ്പനക്കിഴങ്ങ, ജീരകം, കൊട്ടം, കടുക, ഉലുവ, മഞ്ചെ ട്ടിപ്പൊടി കാകൊളി, ക്ഷീരകാകൊളി, അകില, മുത്തങ്ങ, കടു ക്ക, കുരുവില്ലാക്കടുക്ക, കുറുന്തോട്ടിവേര, ഉൗരകത്തിൻവേര, ത കരം ഇവ അരച്ചുകലക്കി എണ്ണയും എണ്ണയോളം കരിമ്പിൻനീ രുംഅതിൽപകുതി പന്നിനെയ്യും പന്നിനെയ്യിൽ പകുതി അവ ണക്കെണ്ണയും അവണക്കെണ്ണയോളംനെയ്യും അതിന്റെ നാലി ലൊരുഭാഗത്തോടു സമംമുറഎണ്ണയും എണ്ണ പന്നിനെയ്യ, അ വണക്കെണ്ണ, നെയ്യമുറഎണ്ണ ഇവയൊടു സമം തയിരും കാടി യുംചേൎത്ത കാച്ചിയരിച്ച തേപ്പിക്ക ഖഞ്ജവാതം ശമിക്കും. എ ല്ലാവാതങ്ങൾക്കും പററും. ഖഞ്ജവാതത്തിന്നു വിശേഷിച്ചും ശ മനമാകുന്നു. ഖഞ്ജവാതമെന്നത ഞരമ്പുകളിൽ തന്റെ സ ഞ്ചാരം കുറകയാൽ രക്തത്തെ സ്തംഭിപ്പിച്ച തലോടിനോക്കുന്ന വക്ക തോലിന്റെ അകത്ത മുതിരനിറച്ചതുപോലെ വായുവിനാ ൽ ഉത്ഭവിപ്പിക്കപ്പെടുന്നതായി ക്രമത്താലെ കൈകാൽ മുത ലായ അംഗങ്ങളെ ശോഷിപ്പിച്ച വൎണ്ണഭേദത്തെയും കാലം കൊണ്ടു തളൎച്ചദോഷത്തെയുമുണ്ടാക്കുന്ന വ്യാധിയാകുന്നു.

(ജിഹ്വാസ്തംഭത്തിന്നു ബലാസൈരെയകാദികഷായം)

൩൬. ബലാസൈരെയകാഭീരുപയസ്യാദാരുചന്ദനൈഃ।
യഷ്ട്യാഹ്വായവിളംഗൈലാമുസലീകന്ദഗൊക്ഷുരൈഃ॥
൩൭. ശാരിബൊഗ്രാകണാഭിശ്ചനിൎയ്യൂഹഃസാധിതഃപ്രഗെ।
ഘൃതസൈന്ധവസംയുക്തഃപീതൊവാക്സ്തംഭനാശനഃ॥

കുറുന്തോട്ടിവേര, കരിങ്കുറിഞ്ഞിവേര, ശതാവരിക്കിഴങ്ങ, അ ടപതിയൻകിഴങ്ങ, ദേവതാരം, ചന്ദനം, എരട്ടിമധുരം, വിഴാ ലരി, ഏലത്തരി, നിലപ്പനക്കിഴങ്ങ, ഞെരിഞ്ഞില, നന്നാറി ക്കിഴങ്ങ, വയമ്പ, തിപ്പലി ഇവകൊണ്ടു കഷായംവെച്ച നെയ്യ, ഇന്തുപ്പ ഇവ മെപ്പൊടിചേൎത്ത രാവിലെ സേവിപ്പിക്ക. ജി ഹ്വാസ്തംഭം ശമിക്കും.

(സ്ഥിരാമൂലാദി ഘൃതം)

൩൮. സ്ഥിരാമൂലനിശാനന്താവിശാലാദെവദാരുഭിഃ।
ശാരിബാഫലിനീപെല്ലമാലതീമുകുളൊൽപലൈഃ॥

൯൬. ഏലാതാലീസപത്രൈലാവാലുകാംബുജകേസരൈഃ ।
സൈരെയകബലാവിലാബൃഹതീഭിശ്ചസാധിതെ ॥
൯൭. നിഷ്കാഥെംശുമതീദാന്ദാസാരണീശംഖവിദ്രുമൈഃ ।
കൃഷ്ണസാരഗജൈണാജഖഡ്ഗാമൃഗവിഷാണകൈഃ ॥
൯൮. ദാരുഗ്രാദീപ്യകാംഭോദപടഭിശ്ചവിപാചിതം ।
സൎപ്പിസ്സശൎക്കരംലിഹ്യാജ്ജിഹ്വാസ്തംഭാൎദ്ദിതഃപ്രഗെ ॥

ഓരിലവേര, വരട്ടുമഞ്ഞൾ, കറുക, കാട്ടുവെള്ളരിഃവേര, ദേവതാരം,നന്നാറിക്കിഴങ്ങ, ഞാഴൽപൂവ്വ,വിഴാലരി, പിച്ചകമൊട്ടു, ചെങ്ങഴിനീക്കിഴങ്ങ് ഏലത്തരി, താലീസപത്രം, ഏലാവാലുകം, താമരയല്ലി, കരിങ്കുറിഞ്ഞിവേര, കുറുന്തോട്ടിവേര, ചുവളുത്തിൻവേര, ചെറുവഴുതിനവേര ഇവകൊണ്ട കഷായംവച്ച ഓരിലവേര, മൂവ്വിലവേര, തലനീളി, ശംഖ, പവിഴം, കൃഷ്ണമൃഗത്തിൻകൊമ്പ, ആനക്കൊമ്പ, കലങ്കൊമ്പ, ആട്ടിൻകൊമ്പ, ഖഡ്ഗാമൃഗത്തിൻകൊമ്പ, ദേവതാരം,വയമ്പ,അയമോതകം, മുത്തങ്ങക്കിഴങ്ങ, ഇന്തുപ്പ ഇവ അരച്ചുകലക്കി നെയ്യ ചേൎത്ത കാച്ചിയരിച്ച പഞ്ചസാരചേൎത്ത രാവിലെ സേവിപ്പിക്ക. ജിഹ്വാസ്തംഭം ശമിക്കും.

(അൎദ്ദിതത്തിന്ന)

൯൯. ആയാമൊക്താഹിതാമൂൎദ്ധ്നൊലെപാസ്സൎവ്വെപിചാൎദ്ദിതെ । ബലാതൈലെനനസ്യഞ്ചകാഥൊരാസ്നാദിനാശൃതഃ ॥

ബാഹ്യായാമത്തിന്ന മൂൎദ്ധാവിൽചെയ്യാൻ പറഞ്ഞ ലേപനങ്ങളും ബലാതൈലംകൊണ്ട നസ്യവും രാസ്നാദി കഷായവും അൎദ്ദിതവാതത്തിന്ന ശമനകരങ്ങളാകുന്നു.

൧൦൦. നിശിഭുക്താരജൊലീഢാസൈരെയകശതാഹ്വയൊഃ ।
നവനീതെനസപ്താഹമൎദ്ദിതാൽസംപ്രമുച്യതെ ॥

അത്താഴം കഴിഞ്ഞതിന്റെശേഷംകരിംകുറിഞ്ഞിവേര, ശതകുപ്പ ഇവ പൊടിച്ച വെണ്ണനെയ്യ ചേൎത്ത സേവിപ്പിക്ക. ഏഴ ദിവസംകൊണ്ട അൎദ്ദിതം ശമിക്കും. അൎദ്ദിതമെന്നത മുഖത്തെ കൊട്ടുന്ന വാതമാകുന്നു.

(പക്ഷാഘാതത്തിന്ന കാൎപ്പാസാസ്ഥ്യാദി തൈലം)

൧൦൧. കാൎപ്പാസാസ്ഥിബലാമൂലമാഷഖലൈശൃതെജലെ ।
രാസ്നാദാരുബലാകുഷ്ഠമിസിനാഗരസൎഷപൈഃ ॥
൧൦൨. വൎഷാഭൂപിപ്പലീമൂലചവ്യശിഗ്രുസമന്വിതൈഃ ।
കല്ക്കിതൈരാജദുഗ്ദ്ധെനപകാംതൈലംനിയച്ഛതി ॥

൧൦൩. പാനാഭ്യംഗാദിയോഗേന പക്ഷാഘാതം തഥാർദ്ദിതം।
അപബാഹുകമന്യാംശ്ച സർവ്വാന്മാരുതജാൻഗദാൻ॥

പരുത്തിക്കുരു, കുറുന്തോട്ടിവേര, ഉഴുന്ന, മുതിര ഇവകൊണ്ട കഷായംവെച്ച അരത്ത, ദേവതാരം, കുറുന്തോട്ടിവേര, കൊട്ടം, ശതകുപ്പ, ചുക്ക, കടുക, തമിഴാമവേര, കാട്ടുതിപ്പലിവേര, കാട്ടുമുളകിൻവേര, മുരിങ്ങവേര ഇവ അരച്ചുകലക്കി എണ്ണയും എണ്ണയോളം ആട്ടിൻപാലും ചേൎത്ത കാച്ചിയരിച്ച സേവിപ്പിക്ക മുതലായതു ചെയ്ക. പക്ഷാഘാതം, അർദ്ദിതം അപബാഹു ഇവ ശമിക്കും. എല്ലാവാതങ്ങൾക്കും ഈ തൈലം പററുന്നതാകുന്നു.

൧൦൪. ജലകുക്കുടമാംസാംബുബലാംബുക്ഷീരസാധിതഃ।
ഗോധൂമപിണ്ഡസ്വേദശ്ച പക്ഷാഘാതെ പരാജിതഃ॥

കുളക്കോഴിയുടെ മാംസംകൊണ്ടുവെച്ച കഷായവും കുറുന്തോട്ടിക്കഷായവും പാലുംകൂട്ടി അതിൽ കോതമ്പ വേവിച്ച കെട്ടിയ കിഴി കാച്ചി ഉഴിഞ്ഞ വിയൎപ്പിക്ക. പക്ഷാഘാതത്തിന്ന ഏററവും നല്ലതാകുന്നു.

(ബലാകുലസ്ഥാദി കഷായം)

൧൦൫. ബലാകുലസ്ഥകോരണ്ഡകണാമൂലപുനൎന്നവൈഃ।
മാഷഗോധൂമജീവന്തീസുരദാരുജയായുതൈഃ॥

൧൦൬. സിദ്ധഃകഷായസ്തൈലാഢ്യഃപക്ഷാഘാതനിബൎഹണഃ।
പ്രാതൎമ്മുഖെ രജന്യാശ്ചപായയെത്തം തദാതുരം॥

കുറുന്തോട്ടിവേര, മുതിര, കരിംകുറിഞ്ഞിവേര, കാട്ടുതിപ്പലിവേര, തമിഴാമവേര, ഉഴുന്ന, കോതമ്പ, അടപതിയൻകിഴങ്ങ, ദേവതാരം, കടുക്ക ഇവകൊണ്ട കഷായംവെച്ച കാൎപ്പാസാസ്ഥ്യാദി തൈലം മേമ്പൊടിചേൎത്ത രാവിലെയും വയ്യുന്നേരവും സേവിപ്പിക്ക. പക്ഷാഘാതം ശമിക്കും പക്ഷാഘാതമെന്നത ഒരു ഭാഗം വശമല്ലാതയാക്കുന്ന വാതമാകുന്നു എന്നും ആയത ഏററവും കൃച്ഛ്രസാദ്ധ്യമാകുന്നു എന്നും അറിഞ്ഞുകൊൾകയും വേണം.

(ക്രൊഷ്ടുകശീഷകത്തിന്ന അരച്ചുതേപ്പാൻ)

൧൦൭. ഉന്മത്തഫലഗൎഭസ്ഥാംസ്തിലാൻപക്വതാമ്ലകാഞ്ചികെ।
പിഷ്ട്വാസഫഫലൈഃപക്വൈഃനവനീതേന സംയുതൈഃ॥

൧൦൮. ഏരണ്ഡതൈലസിദ്ധൈസ്തഥമിശ്രൈഃക്രൊഷ്ടുകശീഷകം।
ലിംപെൽസപിന്നംബലാമൂലകഷായക്ഷീരജൊഷ്ണഭിഃ॥

ഉമ്മത്തിൻെറ കായ തുരന്ന അകത്ത എള്ള നിറച്ച പൊതിഞ്ഞ കാടിയിൽ പുഴങ്ങി രണ്ടും കൂട്ടി അരച്ച വെണ്ണയും അവണക്കെണ്ണയും ഇന്തുപ്പും അതോടു കൂടെ ഉരസിച്ചേൎത്ത കുറുന്തോട്ടിക്കഷായവും പാലും കൂടി തിളപ്പിച്ച അതിൻെറ പുക ഏല്പിച്ചതിൻെറശേഷം പുരട്ടുക. ക്രോഷ്ടുകശീൎഷം ശമിക്കും.

(സൈരെയകാദി ലേപനം)

൧൧൯. സൈരെയകംശതാഹ്വാഞ്ചബലാമൂലംപുനൎന്നവാം।
തിലസൎഷപയഷ്ട്യാഹ്വാരാസ്നാദാരുഫലത്രയൈഃ॥

൧൨൦. തൈൎല്ലിംപെന്നകതമാലതപങ്മിസിദാരുഭിരെവവാ।
പക്വപാല്ലകാഞ്ചികെപിഷ്ടാനവനീതാദിഭിൎയ്യുതൈഃ॥

കരിംകുറിഞ്ഞിവേര, ശതകുപ്പ, കുറുന്തോട്ടിവേര, തമിഴാമവേര, എള്ള, കടുക, എരട്ടിമധുരം, അരത്ത, ദേവതാരം, ത്രിഫല ഇവ കാടിയിൽ പുഴങ്ങിയരച്ച വെണ്ണ, അവണക്കെണ്ണ, ഇന്തുപ്പ, ഇവ അതിൽചേൎത്ത പുരട്ടുക. ക്രോഷ്ടുകശീൎഷകംശതിലസൎഷപാദിസ്ഥാനത്തിങ്കൽ ഉങ്ങിൻതൊലി ശതകുപ്പ ദേവതാരം ഇവയും ചേൎക്കാം.

(ബലാലശുനകന്ദാദി കഷായം)

൧൨൧. ബലാലശുനകന്ദാബ്ദഗുളൂചീദേവദാരുഭിഃ।
കൊരണ്ഡമൂലരാസ്നാദ്യൈഃകഷായസ്തൈലസംയുതഃ॥

൧൨൨. സൈരേയകബലാമൂലനാഗരൈൎവ്വാവിപാചിതഃ।
ഗുളസൈന്ധവസംയുക്തൊഹന്യാൽക്രൊഷ്ടുകശീൎഷകം॥

കുറുന്തോട്ടിവേര വെളുത്തുള്ളി മുത്തെങ്ങക്കിഴങ്ങ, ചിററമൃത, ദേവതാരം, കരിങ്കുറിഞ്ഞിവേര അരത്ത ഇവകൊണ്ടു കഷായംവെച്ച എണ്ണ മേപ്പൊടിചേൎത്ത സേവിപ്പിക്ക. ക്രോഷ്ടുകശീൎഷകം ശമിക്കും. കരിംകുറിഞ്ഞിവേര, കുറുന്തോട്ടിവേര, ചുക്ക ഇവകൊണ്ടു കഷായംവച്ച ശൎക്കരഇന്തുപ്പ ഇവ മേപ്പൊടിചേൎത്ത സേവിപ്പിക്കയുമാം ക്രോഷ്ടുകശീൎഷകം ശമിക്കും.

(സൈരെയ മൂലാദി തൈലം)

൧൨൩. സൈരെയമൂലദേവാഹ്വഗുളൂചീഭിഃപ്രസാധിതെ।
കഷായെദാരുമഞ്ജിഷ്ഠാശതാഹ്വാഭിൎവ്വിപാചിതം॥

൧൨൪. തൈലംസകാഞ്ചികംഹന്യാൽപാനലെപാദികൎമ്മഭിഃ।
വാതംക്രോഷ്ടുകശീൎഷാഖ്യമിതരാംശ്ചാനിലാമയാൻ॥

കരിംകുറിഞ്ഞിവേര, ദേവതാരം, ചിററമൃത ഇവകൊണ്ടുക

ഷായംവെച്ച അതിൽ ദേവതാരം, മഞ്ചെട്ടിപ്പൊടി, ശതകു പ്പ ഇവ അരച്ചുകലക്കി എണ്ണയും കാടിയും സമംചേൎത്ത കാച്ചിയരിച്ച സേവിപ്പിക്കമുതലായത ചെയ്ക. ക്രോഷ്ടുകശീൎഷകം ശമിക്കും. ക്രോഷ്ടുകശീൎഷകമെന്നത കാലിൻെറ മുട്ടുകളിൽ നീരൊടുകൂടിയ വാതമാകുന്നു.

(മാന്യാസ്തംഭത്തിന്ന അരച്ചുതേപ്പാൻ)

൫൭. ക്ഷീരേണപിഷ്ടാസൈരെയംബലാമൂലസമന്വിതം।
നവനീതയുതംലിംപെന്മന്യാസ്തംഭഃപ്രശാമ്യതി॥

കരിംകുറുഞ്ഞിവേര, കുറുന്തോട്ടിവേര ഇവ പാലിലരച്ച വെണ്ണക്കൂട്ടിഉരസിതേക്കുക. മന്യാസ്തംഭംശമിക്കും.

(ബലാമൂലതിലാദി ലേപനം)

൫൮. ബലാമൂലതിലസ്യൂക്കാശതാഹ്വാദേവദാരുഭിഃ।
അമ്ലകാഞ്ചികസംപിഷ്ടൈരഥവാനാഗരേണവാ॥

കുറുന്തോട്ടിവേര, എള്ള, ചൊനകപ്പുല്ല, ശതകുപ്പ, ദേവതാരം ഇവ കാടിയിലരച്ച തേക്കുകയുമാം. മന്യാസ്തംഭം ശമിക്കും.

൫൯. ദശമൂലബലാമൈശ്ചകഷായസ്തസ്യഹിതഃപരം।
പായയെത്തഞ്ചസംഘൃതംനൈശികാൽഭോജനാൽപരം॥

ദശമൂലബലാദി കഷായംവച്ച നെയ്യ മേപ്പൊടിചേൎത്ത അത്താഴം കഴിഞ്ഞതിൻെറശേഷം സേവിപ്പിക്ക. മന്യാസ്തംഭം ശമിക്കും.

൫൯. തൈലംവാതാശനിസ്തത്രവിശേഷണപ്രശസ്യതെ।
ധാന്വന്തരഞ്ചതാഭ്യാംതദാലേപഃപാനമേവവാ

൬൦. സെകോവാമൂദ്ധ്നൊധേയഃശിരസഃപിചുരെവവാ।
അശാന്തൗവെവമപ്യസ്രം മന്യായാഃഗ്രഥിതംഹരേൽ॥

വാതാശനി തൈലവും ധാന്വന്തരവും പ്രധാനമാകയാൽ അതുകൾ കൂടക്കൂടെ പുരട്ടുകയോ സേവിപ്പിക്കയോ അതുകൾ കൊണ്ട ധാരയിടുകയോ മൂദ്ധാവിൽ പിചുവിനെ ധരിപ്പിക്കയോ ചെയ്ക. എന്നാലും ശമിക്കാതെകണ്ടാൽ പിങ്കഴുത്തിൽനിന്ന ചോരകളക. എന്നാൽ മന്യാസ്തംഭം ശമിക്കും. മന്യാസ്തംഭമെന്നത കഴുത്തിൻെറ പിമ്പുറത്തുള്ള ഞരമ്പുകളെ ആശ്രയിച്ചുണ്ടായി ആ ഞരമ്പുകളെ സ്തംഭിപ്പിക്കുന്ന വാതമാകുന്നു.

(കുബ്ജവാതത്തിന്ന)

൬൧. ആനവസ്ഥിതകൌടില്യെകുബ്ജത്വയാമവൽക്രിയാഃ।
ഇതരൊരുജ്ജയസ്തസ്മാത്തംഭിഷക്പരിവജ്ജയേൽ॥

കുബ്ജവാതത്തിങ്കൽ ബാഹ്യായാമത്തിങ്കൽ പറഞ്ഞ ക്രിയകളെചെയ്ക. കൂടക്കൂടെ വായുകോപിച്ച ശരീരത്തിന്ന വളവ ഉണ്ടാക്കുകയും കോപം ശമിച്ചാലായത തീരുകയും പിന്നെയും കാലാന്തരത്തിങ്കൽ കാൎയ്യമെന്നിപ്രകാരംവ്യവസ്ഥപ്പെടാത്ത വളവോടുകൂടിയ കുബ്ജവാതമല്ലാതെ ശമിക്കയില്ല എന്ന അറിഞ്ഞ ശമിക്കാത്തവിധത്തിലാകുന്നതിന്റെ മുമ്പെ മുറപോലെ ചികിത്സിക്കയും ആവിധത്തിലാകയാൽ ഉപേക്ഷിക്കയും ചെയ്ക.

(ഖഞ്ജവാതത്തിന്ന ബലാകൊരണ്ഡമൂലാദി കഷായം)

൧൨൨. ബലാകൊരണ്ഡമൂലാഭ്യാംവൃശ്ചീവെനചദാരുണാ ।
ശുണ്ഠീശതാഹ്വയാഭ്യാഞ്ചപ്രസാരണ്യാചസാധിതഃ ॥
൧൨൩. സക്ഷീരസ്സസിതഃകാഥഃഖഞ്ജംജയതിശീലിതഃ ।
പിണ്ഡസ്വേദശ്ചദുഗ്ദ്ധേനഷഷ്ടികൈസ്സബലാംബനാ ॥

കുറുന്തോട്ടിവേര, കരിംകുറുഞ്ഞിവേര, തമിഴാമവേര, ദേവതാരം, ചുക്ക, ശതകുപ്പ, തലനീളിവേര ഇവകൊണ്ടു കഷായം വച്ച പഞ്ചസാരമെപ്പൊടി ചേൎത്തസേവിപ്പിക്ക. ഖഞ്ജവാതം ശമിക്കും. കഷായം വെക്കുമ്പോൾ ഉഴക്കാഴക്ക പശുവിൻപാൽ കൂടെ ചേൎത്തുകൊൾക. കുറുന്തോട്ടികഷായവും പാലുംചെൎത്തഅതിൽ നവരക്കിഴി കാച്ചി തലോടുക. തൈലങ്ങൾ വാതാശനി, ധാന്വന്തരം, ക്ഷീരബലം ഇവ ഒക്കെയും പുരട്ടുവാനും സേവിക്കുവാനും പ്രധാനമാകുന്നു. ആയത താഴെ പറയും. ഖഞ്ജമെന്നത അരക്കെട്ടിനെ ആശ്രയിച്ച വായുകോപ്പിച്ച തുടയുടെ ഞരമ്പിനെ വലിമ്പോൾ കാൽക്ക ഉണ്ടാകുന്ന അസ്വാധീനതയാകുന്നു.

(പംഗുവാതത്തിന്ന)

൧൨൪. ഖഞ്ജവൽസകലംകുൎയ്യാൽപംഗൊരപിചികിത്സിതം।
തയൊഃക്ഷീരബലാതൈലംവാതാശനിതഥാപിവാ ॥
൧൨൫. ധാന്വന്തരഞ്ചലെപാദൌവിശേഷേണപ്രശസ്യതേ ।
രസതൈലേനലേപശ്ചകവൊഷ്ണേനചസെചനം॥

ഖഞ്ജവാതത്തിന്ന പറഞ്ഞ ക്രിയകൾതന്നെ പംഗുവാതത്തിന്നും ചെയ്ക. രണ്ടു കാൽക്കും അസ്വാധീനതയെ ഉണ്ടാക്കുമെന്നല്ലാതെ വേറെ ഒരു വിശേഷവുമില്ലായ്കയാൽ അതുകളുടെ ചികിത്സകൾക്ക ഭേദമില്ല. മേൽപറഞ്ഞ രണ്ടു വാതങ്ങൾക്കും ക്ഷീരബലാതൈലം, വാതാശനി, ധാന്വന്തരം ഇവ തെപ്പിക്കയും സേവിപ്പിക്കയും ചെയ്ക. മേല്പറഞ്ഞ തൈലങ്ങൾകൊ

ണ്ട ധാരയിടുക. രസതൈലം തേപ്പിക്കയും രസതൈലംതന്നെ അല്പം ചൂടുപിടിപ്പിച്ച ധാരയിടുകയുമാം. ഇവയൊക്കയുംനല്ല താകുന്നു.

(കളായഖഞ്ജ വാതത്തിന്ന)

൫൨൫. കളായഖഞ്ജഖഞ്ജോക്താഃപ്രായശസ്സ്യുരുപക്രമാഃ।
സ്വെദൊഗോധൂമപിണ്ഡെനക്ഷീരസൈരെയകാംബുനാ॥

കളായഖഞ്ജവാതത്തിന്ന ഖഞ്ജവാതത്തിന്ന പറഞ്ഞ ചികിത്സകൾ മിക്കതും ചെയ്ക. കിഴിക്ക കോതമ്പചേൎത്തുകൊൾക. കുറുന്തോട്ടിക്കഷായത്തിന്ന പകരം കരിങ്കുറിഞ്ഞിക്കഷായം ചേൎക്കുകയും വേണം. ഇതത്രെ ഭേദമുള്ളത. കളായഖഞ്ജമെന്നത നടക്കുമ്പോൾ സന്ധിബന്ധങ്ങളുടെ അയവനിമിത്തമായി വിറയ്ക്കുകയാൽ നടപ്പാനുള്ള അസ്വാധീനതയാകുന്നു ആയത നല്ലവണ്ണം വിട്ടുപോകയുമില്ല.

(തൂനിപ്രതി തൂനികൾക്ക)

൫൨൬. തൂന്യാശ്ചപ്രതിതൂന്യാഞ്ചപഞ്ചകൊലബലാംബുഭിഃ
സസൈരെയകവൃശ്ചീവകുലസ്ഥലശൃംഗൈഃകൃതഃ॥

൫൨൭. ക്വാഥൊഘൃതഗുളൊപെതഃപാതവ്യ്യാമാണിമന്ഥജം।
രജഃകൊഷ്ണേനതോയേനപിബെദ്വാദീപ്യകാന്വിതം॥

കാട്ടുതിപ്പലിവേര, കാട്ടുമുളകിൻവേര, കൊടുവേലിക്കിഴങ്ങ, തിപ്പലി, ചുക്ക, കുറുന്തോട്ടിവേര, മുത്തങ്ങക്കിഴങ്ങ, കരിങ്കുറിഞ്ഞിവേര, തമിഴാമവേര, മുതിര വെളുത്ത ഉള്ളി ഉവകൊണ്ട കഷായംവെച്ച നെയ്യ, ശൎക്കര, ഇവ മെമ്പൊടി ചേൎത്ത സേവിപ്പിക്ക. ഇന്തുപ്പ അയമോതകം ഇവ പൊടിച്ച സഹിക്കത്തക്ക ചൂടോടുകൂടിയ കാച്ചവെള്ളത്തിൽ സേവിപ്പിക്ക. തൂനിയുംപ്രതിതൂനിയും ശമിക്കും.

൫൨൮. യെയെകഷായായൊഗുന്മൊക്തസ്സപ്തസാരഇവാത്രച।
ശസ്യന്തെശൂലനിൎദ്ദിഷ്ടാസ്സൎവ്വെതെതഉപക്രമാഃ॥

ശൂലരോഗത്തിന്ന പറകപ്പെട്ട അതാതുചികിത്സകൾ ഗുന്മരോഗചികിത്സയിൽ പറകപ്പെട്ട സപ്തസാരകഷായമെന്നപോലെ തൂനിപ്രതിതൂനികൾക്കുകൂടെ പറരുന്നതാകുന്നു. തൂനിയെന്നത പക്വാശയത്തിങ്കൽനിന്നു മലദ്വാരത്തിങ്കലെക്കൊ ഉപസ്ഥത്തിങ്കലെക്കൊ വായുവിൻെറ സഞ്ചാരത്തിൻെറ ക്രമത്തെറുകൊണ്ട സഞ്ചരിക്കുന്ന സമയം ഉണ്ടാകുന്ന വേദനയാകുന്നു. ഇതുതന്നെ വിപരീതസഞ്ചാരം നിമിത്തമായിട്ട ഉൽ

ക്ഷേപിച്ചാൽ ആ വേദനയെ പ്രതിതൂനി എന്ന പറയുന്നു·

(പാദഹർഷത്തിന്ന ഉപനാഹം)

൬൰൯- പാദഹർഷേവചാബലാശതാഹ്വാകുഷ്ഠസർഷപൈഃ।
സ്നുഹീസാരസ്സമാപിഷ്ടൈരുപനാഹഃ പ്രശസ്യതേ॥

വയമ്പ മുതിര ശതകുപ്പ തിനയരി കടുക ഇവ കഞ്ഞിയില വാട്ടിപ്പിഴിഞ്ഞനീരിൽ അരച്ച കാലിന്മെൽ തരിപ്പുള്ളെടത്ത തെച്ച കരിമ്പടം മുതലായ സാധനങ്ങൾ കൊണ്ടമെലെ പൊതിഞ്ഞ കെട്ടുക-

൭൰- ഉപനാഹംഗതേയാമെമുഞ്ചേൽഭൂയഃപരേഹനി। കു
ഷ്ഠാത്തമേവംത്രിഃപഞ്ചകൃത്വോവാസംഹിതസ്ത്രിശഃ॥

മെൽപറഞ്ഞ മരുന്നുതെച്ച കെട്ടി ഒരു യാമം കഴിഞ്ഞാൽ അഴിച്ച മരുന്നുതുടച്ചുകളഞ്ഞ കാച്ചവെള്ളംകൊണ്ട ശുദ്ധിവരുത്തുകയും വെണം— പിന്നെ പിറെറന്നാൾ മെൽപ്രകാരംതന്നെ ചെയ്ക- ഇങ്ങിനെ മൂന്നൊ അഞ്ചൊ ദിവസം ചെയ്ക ഇങ്ങിനെ ചെയ്യുന്നത കുട്ടികൾക്കും ഹിതമാകുന്നു·

(ബലാകുലത്ഥാദി കഷായം)

൭൰൧- ബലാകുലത്ഥകോരണ്ഡശതാഹ്വാദേവദാരുഭിഃ।
ഭാർങ്ഗീവൃശ്ചീവപഥ്യാഭില്ലൂരനേനചസാധിതഃ॥

൭൰൨- പടുജീരകചൂർണ്ണാഭ്യാംസഹിതോത്രപുനർഹിതഃ।
കാഥൊമഹൽഭിർമ്മൂലൈർവ്വാപഞ്ചഭിർദ്ദാരുസംയു
തൈഃ॥

കരന്തൊട്ടിവെര മുതിര കരിങ്കുറിഞ്ഞിവെര ശതകുപ്പ ദെവതാരം ചെറുതെക്കിൻവെര തഴുതാമവെര കടുക വെളുത്തുള്ളി ഇവകൊണ്ട കഷായം വച്ച ഇന്തുപ്പ ജീരകം ഇവ മെല്പ്പൊടിചെർത്ത സെവിപ്പിക്ക- അല്ലായെങ്കിൽ കുമിഴിൻവെര കൂവളത്തിൻവെര പൂപ്പാതിരിവെര പലകപ്പയ്യാനിവെര മുഞ്ഞവെര ദെവതാരം ഇവകൊണ്ട കഷായംവച്ച മെൽപ്രകാരംമെല്പ്പൊടിചെർത്ത സെവിപ്പിക്ക- പാദഹർഷം ശമിക്കും

(സ്നുഹ്യർക്കപത്രാദി തൈലം)

൭൰൩- സ്നുഹ്യർക്കപത്രസാരേണസമ്യഗ്ലേസ്നുഹ്യർക്കയോർമ്പ
യോഃ। കല്കീകൃത്യവിപക്കാഞ്ജിതൈലമഭ്യഞ്ജനേഹിതം॥

കള്ളിയില എരുക്കില ഇവററിൻ നീരിൽ കള്ളിവെര എരുക്കിൻവെര ഇവ അരച്ചുകലക്കി എണ്ണചെർത്ത കാച്ചിയരിച്ച പുരട്ടുക- പാദഹർഷം ശമിക്കും

(അപബാഹുവിന്ന പ്രസാരണ്യാദി കഷായം)

ഫ്ന.രു- പ്രസാരണീബലാമൂലരാസ്നാലശുനനാഗരൈഃ।
കൃതഃകഷായഃപാതവ്യൊഗ്ഗുളയുക്തൊപബാഹുകെ॥

തലനീലിവെര കുറുന്തോട്ടിവെര അരത്ത വെളുത്തുള്ളി ചുക്ക ഇവകൊണ്ടു കഷായംവെച്ച ശൎക്കര മെമ്പൊടിചെൎത്ത സെവിപ്പിക്ക- അപബാഹുവെന്ന വാതം ശമിക്കും.

ഫ്ന.ഞ- ക്ഷീരേണസംയുതഞ്ചാന്നംഭോജയെച്ചതതഃപരം।
നാതിഭൂരിന്നചാത്യല്പംമന്ദാഗ്നെൎനൈവതദിഷ്യതെ॥

മെൽപറഞ്ഞ കഷായം സെവിപ്പിച്ചാൽ പിന്നെ ഉണ്ണുന്ന സമയം പാൽകൂട്ടി ചൊറുകൊടുക്കണം- അതിമാത്രമായിട്ടും അത്യല്പമായിട്ടും കൊടുക്കരുത- അഗ്നിമാന്ദ്യമുള്ളവൎക്ക അത്യല്പമായിട്ടും കൊടുക്കരുത- കഷായംതന്നെ മതി.

(പ്രസാരണീ തൈലം)

ഫ്ന.ന- പ്രസാരണീരസദ്രോണെസരളൊശീരദാരുഭിഃ।
സ്ഥൌണെയകബലാകൌന്തീദീപ്യകദ്രായചൊരകൈഃ।
ഫ്ന.ൻ- യഷ്ട്യാഹ്വാനതമഞ്ജിഷ്ഠാസൂക്ഷ്മപൎണ്ണീസ്ഥിരാദ്വയൈഃ।
ലവംഗകുന്ദുരുഞ്ചൈലാശതാഹ്വാജീവകൎഷഭൈഃ॥
പിഷ്ടൈഃകല്ക്കീകൃതൈസ്സിദ്ധംതൈലപ്രസ്ഥഞ്ചതുൎഗ്ഗുണം
ലെപെസെകെചപാനെചപ്രസാരണീസുഖപ്രദം
ഫ്ന.വ്യ- ഏതൽപ്രസാരണീതൈലമന്യത്രാപ്യപബാഹുകാൽ।
പ്രയോജ്യമനിലവ്യാധൌയഥാവസ്ഥംഭിഷഗ്വരൈഃ॥

തലനീലി സമൂലം ഇടിച്ചുപിഴിഞ്ഞ പതിനാറിടങ്ങഴി നീരുണ്ടാക്കി അതിൽ ചരളം രാമച്ചം ദെവതാരം തുണിയാങ്കം കുറുന്തോട്ടിവെര അരെണുകം അയമൊതകം കുറാശാണി കച്ചൂരിക്കിഴങ്ങ എരട്ടിമധുരം തകരം മഞ്ചെട്ടിപ്പൊടി കാട്ടുഴുന്നിൻവെര കാട്ടുപയററിൻവെര ഓരിലവെര മൂവിലവെര ഇലവംഗത്തൊലി കുന്തുരുക്കം ഏലത്തരി ശതകുപ്പ ജീവകം ഇടവകം ഇവ ക്രമപ്രകാരം ചെൎത്ത അരച്ച കലക്കി നാനാഴി എണ്ണചെൎത്ത കാച്ചിയരിച്ച തെപ്പിക്ക മുതലായ കൎമ്മങ്ങളെ അതുകൊണ്ടു നിത്യമായി ചെയ്ക- അപബാഹു ശമിക്കും മറവുള്ള വാതവ്യാധികൾക്കും ഈ തൈലം പററുന്നതാകകൊണ്ടു അവസ്ഥക്കു തക്കവണ്ണം പ്രയൊഗിക്കയുമാം.

൧൬൯. സശോഫേത്രഫരെങ്കൊന്താദശമൂലേനസാധിതം।
സക്ഷീരംപ്രായയെല്പ്പാഥനിഗ്ഗ്രഹംസിതയായുതം॥

വീക്കത്തോടുകൂടിയ അപബാഹുവിന ചോരകളഞ്ഞാദശമൂലകഷായം പാൽചെൎത്ത വെച്ച പഞ്ചസാര മെമ്പ്പൊടി ചെൎത്ത സെവിപ്പിച്ചാൽ ശമനം ഭവിക്കും

൧൭൦. സ്വാദ്ധ്വതുല്യാമൃതോപേതബലയാവാപ്രസാധിതം।
ക്ഷീരെണസഹനിഗ്ഗ്രഹംസിതാജീരകമിശ്രിതം॥

കരുന്തോട്ടിവേരു അതിൽ പകുതി ചിററമൃതും കൂട്ടി പാൽ ചെൎത്ത കഷായംവച്ച പഞ്ചസാര ജീരകം ഇവ മെമ്പ്പൊടിചെൎത്തസെവിപ്പിക്കയുമാം.

(ബലാഛിന്നരുഹാദി തൈലം)

൧൭൧. ബലാച്ഛിന്നരുഹാകാഥെസക്ഷീരെപിഷ്ടകല്ക്കിതൈഃ।
കച്ചൂരചന്ദനയഷ്ട്യാഹ്വമാംസീദേവാഹ്വയൈശ്ശൃതം॥
൧൭൨. തൈലമഭ്യഞ്ജനെനാശുശമയെദപബാഹുകം।
നാളികെരഫലക്ഷീരജംബീരരസഏവവാ॥

കരുന്തോട്ടിവെര ചിററമൃത ഇവകൊണ്ടു കഷായംവച്ച കൊട്ടം ചന്ദനം എരട്ടിമധുരം മാഞ്ചി ദേവതാരം ഇവ അരച്ച കലക്കി എണ്ണയും എണ്ണയോളം പാലുംചെൎത്ത കാച്ചിയരിച്ച പുരട്ടുക- അപബാഹുശമിക്കും- തെങ്ങാപ്പാലും ചെറുനാരങ്ങനീരും സമംചെൎത്ത അതിൽ മെൽപറഞ്ഞ മരുന്നുകൾ അരച്ചുകലക്കി എണ്ണയും പാലും സമംചെൎത്ത കാച്ചിയരിച്ച ആയത പുരട്ടുകയുമാം-

൧൭൩. ക്ഷണാദാസുരധൂപാഭ്യാംസിദ്ധംവാതത്രിലെപനാൽ।
തൈലംപ്രശമയെദാശുനിൎവ്വിഘ്നമപബാഹുകം॥

ചെറുനാരങ്ങനീരും തെങ്ങാപ്പാലും സമമായിചെൎത്ത അതിൽ വകട്ടുമത്തെള്ളും ചെഞ്ചെല്യവും അരച്ചുകലക്കി എണ്ണചെൎത്ത കാച്ചിയരിച്ച പുരട്ടുക- അപബാഹുശമിക്കും- അപബാഹു എന്നത കയ്യിനെസ്തംഭിപ്പിച്ച മെൽപ്പട്ടും കിഴപ്പട്ടും മററുമുള്ളഗതിയെ മുടക്കുന്ന വാതമാകുന്നു,

(സൎവ്വാംഗ വാതത്തിന്ന)

൧൭൪. സൎവ്വാംഗെവാതെവാതഘ്നതൈലെനാഭ്യജ്യസൎവ്വതഃ।
സുഖൊഷ്ണകാലമല്പന്തുധാന്യാമ്ലഉപവെശയെൽ॥

സൎവ്വാംഗ വാതമുള്ളവനെ വാതഹരമായതൈലം തെപ്പിച്ച അല്പകാലം സഹിക്കത്തക്ക ചൂടോടുകൂടിയ കാടിയിൽ ഇരുത്തുക-

(ബലാരാസ്നാദി കഷായം)

൫൬൭. ബലാരാസ്നാമൃതാദാരുദശമൂലപുനൎന്നവൈഃ ശാരി
ബേക്ഷുരകൈരണ്ഡകോരണ്ഡകൈനബോരമൈകഃ॥

൫൬൮- കലസഥയവഗോധൂമചപലാമൂലചവ്യകൈഃ।
കാളാനുസാരീയഷ്ട്യാഹ്വാതൈലയമിസിശിഗ്രുഭിഃ॥

൫൬൯- ഭാൎങ്ഗീപുഷ്കരനിൎഗ്ഗുണ്ഡീനാഗരൈശ്ചശൃതംജലം।
പട്ടജീരകസംയുക്തംപായയെച്ചതതഃപരം॥

കാടിയിലിരുത്തിയതിന്റെശേഷം കറുന്തോട്ടിവേര അര
ത്ത ചിററമൃത ദേവതാരം ദശമൂലം തഴുതാമവേര നന്നാറി
ക്കിഴങ്ങ വയൽച്ചുള്ളിവേര ആവണക്കിൻവേര കരിംകുറിഞ്ഞി
വേര മുത്തങ്ങക്കിഴങ്ങ കച്ചൂരിക്കിഴങ്ങ മുതിര യവം കോ
തമ്പ കാട്ടുതിപ്പലിവേര കാട്ടുമുളകിൻവേര ഉഴുവ എരട്ടിമധു
രം കന്മതം ശതകപ്പ മുരിങ്ങവേര ചെറുതേക്കിൻവേര പു
ഷ്കരമൂലം കരുനൊച്ചിവേര ചുക്ക ഇവകൊണ്ട കഷായം വച്ച
ഇന്തുപ്പും ജീരകവും മേമ്പൊടിചെൎത്തസേവിപ്പിക്ക- സൎവ്വാംഗ
വാതം ശമിക്കും.

(പ്രഭഞ്ജനവിമൎദ്ദന തൈലം)

൫൭൦- ബലാകരഞ്ജകാളീരുചരൈരണ്ഡശിഗ്രുഭിഃ।
അശ്വഗന്ധാകോരണ്ഡസാരണീഭിശ്ചപഞ്ചഭിഃ॥

൫൭൧- മൂലൈൎബ്ബൃഹൽഭിസ്സൂക്ഷ്മൈശ്ചകഥിതൈപാദശേഷി
തൈ സലിലൈസുരകാഷ്ഠലാലാചാരസഷപനാഗ
രൈഃ॥

൫൭൨- കാളാനുസാരീസിന്ധൂത്ഥരാസ്നാശുണ്ഠിസിചിത്രകൈഃ।
മാംസീസരളകോഗ്രാഭിരോഹിണ്യാചനതൈശ്ച॥

൫൭൩- കല്കിതൈൎദ്വിഗുണക്ഷീരംസതുല്യധികാഞ്ചികം।
തൈലംവിപകമഭ്യംഗാൽ പാനാദപാനസ്യകൎമ്മ
ണാ॥

൫൭൪- അശീതിംവാതരോഗാംശ്ച ഹന്യാദന്യാംസ്തഥാമയാ
ൻ। ഗ്രന്ഥവിദ്ധിവൃദ്ധ്യാദീൻപ്രഭഞ്ജനവിമൎദ്ദനം॥

കറുന്തോട്ടിവേര ഉങ്ങിൻതോലി ശതാവരിക്കിഴങ്ങ നീർ
മാതളത്തിൻതൊലി ആവണക്കിൻവേര മുരിങ്ങവേര ഏരു
ക്കിൻവേരമ്മൽതൊലി അമുക്കുരം കരിങ്കുറിഞ്ഞിവേര പ്ര
സാരണി കുമിഴിൻവേര കൂവളത്തിൻവേര പുല്പാതിരിവേ
ര പലകപ്പയ്യാനിവേര മുഞ്ഞവേര ഇവകൊണ്ട കഷായം വ
ച്ച കഷായം നാലിലൊന്ന ശേഷിച്ചാൽ പിഴിഞ്ഞരിച്ച ദേവതാ

ദം ഏലത്തരി കച്ചൂരിക്കിഴങ്ങ കടുക ചക്ക ഉലുവ ഇന്തുപ്പ അരത്ത കൊട്ടം ശതകുപ്പ കൊട്ടവെലിക്കിഴങ്ങ മാഞ്ചി ചാരളം വയമ്പ കടുകരോഹിണി തകരം ഇവ അരച്ചുകലക്കി എണ്ണയും എണ്ണയിലിരട്ടി പാലും എണ്ണയോടുസമം തൈരും കാടിയുംചേൎത്ത കാച്ചിയരിക്കുക- ഠരം തൈലത്തിന്ന പ്രഭഞ്ജനവിമൎദ്ദനമെന്ന പെരാകുന്നു- ഇത സകല വാതങ്ങളെയും വാതഗുന്മം വാതവിദ്ധിമുതലായ രോഗങ്ങളെയും ശമിപ്പിക്കും തേപ്പിക്കയൊ സെവിപ്പിക്കയൊ നസ്യം ചെയ്കയൊ യൊഗ്യതയ്ക്കുതക്കവണ്ണം ചെയ്ക.

ശ്ലൊ- ഉക്തൈരുക്താനിവാന്യാംശ്ചയുക്തിമന്തൊഭിഷഗ്വരഃ। അലംസ്യുൎഹിലാന്മജ്ജന്തുംവിസ്തരാത്തദ്വിവൎജ്ജിതം॥

മെൽപറഞ്ഞ ചികിത്സകളെക്കൊണ്ട അവിടവിടെ പറകപ്പെട്ട വാതരോഗങ്ങളെ ശമിപ്പിക്കുന്നതുപൊലെ യുക്തിമാന്മാരായ വൈദ്യന്മാർ മറവം പലപല വാതരോഗങ്ങളെ ശമിപ്പിപ്പാൻ മതിയായി വരുന്നവരാകയാൽ ഇനി വാതചികിത്സയെപറവാൻവെണ്ടി ഗ്രന്ഥവിസ്താരത്ത ചെയ്യുന്നില്ല.

ഇതി വാഗ്ദാസൊപനാമകരാമാനന്ദനാഥപണ്ഡിത പാരശവെന്ദ്രകൃതായാമാരോഗ്യകല്പദ്രുമെ ബാലചികിത്സായാം സപ്തദശസ്തബകൊനാമ സപ്തദശൊദ്ധ്യായഃ

ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം

അഷ്ടാദശാദ്ധ്യായപ്രാരംഭഃ

രക്തസ്തംഭനിദാനം

൧- വാതാദികൊപനൈരന്യൈസ്തംഭസ്തരസാവമപ്യദൊഷകൈഃ।
ആഹാരൈശ്ചവിഹാരൈശ്ചസെവിതൈസ്തല്പാശയെപരം॥
൨- വാതാദിഷുപ്രദുഷ്ടെഷുവ്യുദസംഭ്രഷ്ടെഷ്വതശൊണിതം।
സ്വസ്ഥമാവരണംഭ്രഷ്ടചാവാതയൊസ്സ്വഭാവവൎത്തനി॥
൩- നിരുദ്ധഗതിനാതെനകുപിതെനാബലീയസാ।
നശ്യമാനമതശ്ചാതസ്യലാൽപ്രാപ്യാതഃസ്ഥിതാം
൪- പ്രായശഃകഷ്ടസംരാശംവികാരംവിദധാതിയം।
രക്തസ്തംഭന്തംവിദ്യാദ്രക്തസ്തംഭസമുദ്ഭവം॥

൮- വാതശോണിതമിത്യാഹുരാഢ്യവാതഞ്ചകെചന।
അന്യെവാതബലാസഞ്ചഖുഡമിത്യപരെവിദുഃ॥

വാതാദിദൊഷങ്ങളെ കൊപിപ്പിക്കുന്നവയായും രക്തത്തിന്ന വൎദ്ധനയെയും ദുഷ്ടതയെയുമുണ്ടാക്കുന്നവയായുമിരിക്കുന്ന ആഹാരവിഹാരങ്ങളെ പിന്നയും പിന്നയും സെവിക്കനിമിത്തമായി രക്താശയമാൎഗ്ഗത്തിങ്കലെ വാതാദികൾ വികൃതിയെ പ്രാപിച്ചിരിക്കുന്നസമയം വൎദ്ധിച്ച ദുഷ്ടമായിരിക്കുന്നരക്തം അതാതിക്കിൽ സ്തംഭിച്ചുനിന്ന ധാതുസഞ്ചാരിയായ വായുവിന്റെമാൎഗ്ഗത്തിന്ന തടവായിതീൎന്ന ഗതിഭംഗംനിമിത്തമായി കൊപിച്ചിരിക്കുന്ന ആ വായുവിനാൽ ബലാധിക്യം ഹെതുവായിട്ട ഉന്തപ്പെടുന്നതായി അങ്ങൊട്ടുമിങ്ങൊട്ടുമലച്ച ഏററവും ദുഷ്ടമായിമിക്കതും കഷ്ടതൊടുസദൃശമായ യാതൊരു രൊഗത്തെ ഉണ്ടാക്കുന്നുവൊ അത രക്തസംബന്ധമൂലകമാകയാൽ രക്തത്തിന്റെപെരൊടുകൂടിയതാകുന്നു എന്നറിക- അതിനെ ചിലര വാതശൊണിതമെന്നും വെറെ ചിലര ആഢ്യവാതമെന്നും അന്യന്മാർ വാതബലാസമെന്നും അപരന്മാർ ഖുഡമെന്നും വ്യവഹരിക്കുന്നു.

൯- തസ്യത്രൽപൽസ്യമാനസ്യശശചൽസാദല്ലഗാംഗതാ।
അംഗസന്ധിഷുനിസ്തൊദഭെദഗൌരവസുപ്തയഃ॥
൧- കണ്ഡൂതിശ്ചതികാൽസ്രാവ്യനംപൂൎവ്വമുദീരിതം।
അന്ത്യജൊചായുനന്നസ്യത്രപംലംബാശ്ചലംബനാൽ॥

എല്ലാസമയവും ശരീരത്തിന്ന തളൎച്ച സന്ധികൾക്കുഅയവ സന്ധികളിൽ കുത്തുന്നതുപൊലെതൊന്നുക പൊളിയുന്നു എന്ന തൊന്നുക സന്ധികൾക്ക കനംതൊന്നുക തരിപ്പ ചൊറിച്ചിൽ ഇവയൊക്കെ അതിന്റെ പൂൎവ്വരൂപമാകുന്നു- വായുവിനാൽ ഉന്തിവിക്കപ്പെട്ട രക്തം അവിടവിടെതങ്ങി തൂങ്ങിവരുന്നതാകയാൽ ചൊര തൂങ്ങി നില്ക്ക എന്നത ലക്ഷണവുമാകുന്നു.

൪- ത്വങ്മാംസമാത്രമാശ്രിത്യപൂൎവ്വംസഉപജായതെ।
കാലെനയാതിഗാംഭീൎയ്യമാഖൊൎവ്വിഷമിവാഖിലാൻ॥
൫- ധാതൂനഭിഭവൻസാധ്യഏകദൊഷഃനഗൊനവഃ।
യാപ്യൊദ്വിദൊഷജസ്ത്യാജ്യഃകൃമത്രാഹസ്സന്നിപാതജഃ॥

മെല്പറഞ്ഞ രൊഗം ത്വങ്മാംസമാത്രത്തെ ആശ്രയിച്ച ആദിയിലുണ്ടാകുന്നു- പിന്നെ എലിവിഷംപൊലെ സകല ധാതുക്കളിലും വ്യാപിച്ച ഗാംഭീൎയ്യമായി പരിണമിക്കുന്നു- ആയത ഒരു ദൊഷത്തിന്റെകൊപംനിമിത്തമായിട്ടുതന്നെ ഉണ്ടായതായാൽ സാധ്യംതന്നെ- നൂതനമായിരിക്കയുംവെണം- രണ്ടുദൊഷ

ങ്ങളാലുണ്ടാക്കപ്പെട്ടത യാപ്യമാകുന്നു- സന്നിപാതത്താൽഭേദമാ യാൽ അസാദ്ധ്യമാകുന്നു.

൧൦- പൂതിപൂയവിമിശ്രാസൃക്സ്രാവീസർവ്വശ്ചതദ്വിധഃ।
അത്യന്തസ്രുതരക്തശ്ചവിജ്ഞേയോമന്ദവൃദ്ധകൃച്ഛ്രസഃ।

ദുൎഗ്ഗന്ധത്തോടുകൂടിയ ചലത്തോടു സമ്മിശ്രമായ ചോര പിന്നെയും പിന്നെയും ഒഴുകി കണ്ടാലായതും അധികമായി ഉറച്ച രക്തത്തോടുകൂടിയതും മാംസത്തെ നുറുക്കികളഞ്ഞ അൎവ്വുദാകൃതിയെ തോന്നിപ്പിക്കുന്നതും സന്നിപാതത്താൽഭേദമെന്ന പൊലെ അസാദ്ധ്യംതന്നെ എന്ന താൽപൎയ്യം.

## രക്തസ്രംഭേചികിത്സാ

### (ചതുൎവ്വൎഗ്ഗ കഷായം)

൧൧- അമൃതാഭീരുയഷ്ട്യാഹ്വധാത്രീതാപശൈഃ പ്രസാധിതഃ।
സംസ്കൃതോയം ചതുൎവ്വൎഗ്ഗഃ കഷായോഽസൃക്സ്രംഭനാശനഃ॥

ചിററമൃത ശതാവരിക്കിഴങ്ങ ഇരട്ടിമധുരം നെല്ലിത്തൊലി ഇവകൊണ്ടു കഷായംവെച്ചു നെയ്മെമ്പ്പൊടിചെൎത്ത സെവിപ്പിക്ക- രക്തസ്രംഭംശമിക്കും.

### (ഷഡംഗ കഷായം)

൧൨- ബലെക്ഷുരകധാത്രീതാഗമൃതെക്ഷുവരീശ്രുതഃ।
സയഷ്ട്യാഹ്വയമൃന്നോചായഷഡംഗോസൃഗ്ഘിതഃപരം॥

കുറുന്തോട്ടിവെര വയൽച്ചുള്ളിവെര നെല്ലിത്തൊലി ചിററമൃത കരിമ്പ ശതാവരിക്കിഴങ്ങ ഇവകൊണ്ടു കഷായംവച്ചു എരട്ടിമധുരം മെമ്പ്പൊടിചെൎത്ത സെവിപ്പിക്ക- രക്തസ്രംഭംശമിക്കും.

### (അഭീരുതിക്താദി കഷായം)

൧൩- അഭീരുതിക്താധാത്രീതാഗമൃതാബ്ദഫലത്രയൈഃ।
സപടോലൈശ്ശൃതഃകാഥസ്സൎപ്പിതശ്ചാസ്യനാശനഃ॥

ശതാവരിക്കിഴങ്ങപുത്തരിച്ചുണ്ടവെരുമ്മൽതൊലി നെല്ലിത്തൊലി ചിററമൃത മുത്തങ്ങക്കിഴങ്ങ ത്രിഫല പടൊലം ഇവകൊണ്ടു കഷായംവച്ചു നെയ്യു മെമ്പ്പൊടിചെൎത്ത സെവിപ്പിക്ക- രക്തസ്രംഭംശമിക്കും.

(വയറിളക്കുവാൻ)

൧൩- ക്ഷീരേണൈരണ്ഡജം തൈലം ദോഷോൽക്ലേശകരം പായയേൽ। വിരേകാർത്ഥം ഘൃതാഢ്യം വാ കഷായമഭയാശ്രിതം॥

ദോഷകോപം അധികമായിട്ടുണ്ടെന്ന കാണുകിൽ ആവണക്കെണ്ണ പശുവിൻപാലിൽ ചേൎത്ത കൊടുത്ത വിരേചിപ്പിക്ക- കടുക്ക കഷായംവെച്ച നെയ്യ മേമ്പൊടിചേൎത്തിട്ടും സേവിപ്പിക്കാം

൧൪- അമൃതാഭീരുകന്ദാഭ്യാംശൃതേപയസിയോജിതം।
തൈലമൈരണ്ഡജംപീതംരക്താസ്സംഭാൽപ്രമുച്യതേ॥

ചിററമൃത ശതാവരിക്കിഴങ്ങ ഇവയിട്ട കുറുക്കിയ പാലിൽ ആവണക്കെണ്ണ ചേൎത്ത സേവിപ്പിക്ക രക്താസ്സംഭം ശമിക്കും.

(പനിയോടുകൂടിയ രക്താസ്സംഭത്തിന്ന)

൧൫- അമൃതാതോയദോശീരപപ്പടോദകചന്ദനൈഃ।
വാട്യാലകവരീകന്ദശാരിബാഭിശ്ചസാധിതഃ॥

(അമൃതാതോയദാദി കഷായം)

൧൬- കഷായസ്സിതാജ്യാസ്യസജ്വരസ്യാസ്രനാശനഃ।
ഘൃതമാക്ഷികയുക്തോവാഘൃതസിന്ധൂത്ഥസംയുതഃ॥

ചിററമൃത മുത്തങ്ങക്കിഴങ്ങ രാമച്ചം പപ്പടം ഇരുവേലി ചന്ദനം കുറുന്തോട്ടിവേര ശതാവരിക്കിഴങ്ങ നന്നാറിക്കിഴങ്ങ ഇവകൊണ്ട കഷായംവെച്ച പഞ്ചസാര നെയ്യ ഇവയോ നെയ്യ തേൻ ഇവയോ നെയ്യ ഇന്തുപ്പ ഇവയോ മേമ്പൊടി ചേൎത്ത സേവിപ്പിക്ക പനിയോടുകൂടിയ രക്താസ്സംഭം താമസം കൂടാതെ ശമിക്കും.

(അമൃതോത്തര കഷായം)

൧൭- അമൃതായാദലൈഷ്ഷഡ്ഭിശ്ചതുൎഭിശ്ചാബലാദലൈഃ।
ദ്വാഭ്യാംലോഭ്യാംസംസിദ്ധോദേവാഹ്വസ്യചമിശ്രിതഃ।

൧൮- സിതാജീരകചൂൎണ്ണാഭ്യാംസക്ഷീരസ്സിതയാപിവാ।
ഘൃതജീരകയുക്തോവാസാംഗമൎദ്ദേത്രശസ്യതേ॥

ചിററമൃതിന്റെ ഭാഗം ആറ കുറുന്തോട്ടിവേരിന്റെ ഭാഗം നാല ദേവതാരത്തിന്റെ ഭാഗം രണ്ട ഇഞ്ചി ഇന ചേൎത്ത കഷായംവെച്ച പഞ്ചസാര ജീരകം ഇവ മേമ്പൊടിചേൎത്ത സേവിപ്പിക്ക- പശുവിൻപാലുകൂടെചേൎത്ത വെച്ച കുറുക്കി പഞ്ചസാരമാത്രം മേമ്പൊടിചേൎത്തിട്ടും പശുവിൻപാലുകൂടാതെ തന്നെ വെച്ച കുറുക്കി നെയ്യ ജീരകവും മേമ്പൊടി ചേൎത്തിട്ടും സേവിപ്പിക്കാം നരങ്ങിനോവലോടുകൂടിയ രക്തസ്സംഭം ശമിക്കും.

(അമൃതാബലാദി കഷായം)

൨൦. അമൃതാബലയൊരംശൗ ത്ര്യയാഭ്യാംദാരുരാസ്നയൊഃ । കൊ
രണ്ടൈരണ്ഡയോശ്ചാപിതത്തുല്യ്യേനാംശകെനച ॥
൨൧. സക്ഷീരസ്സാധിതഃകഷായസ്സസീതൊവാത്രശസ്യതെ ।
ക്ഷീരംവിനാചാസംസിദ്ധോജീരകാജ്യയുതൊവിവാ ॥

ചിററമൃത, കുറുന്തോട്ടിവേര ഇവ മുമ്മൂന്ന ഭാഗം ദേവതാരം, അരത്ത, കരിങ്കുറിഞ്ഞിവേര, അവണക്കിൻവേര ഇവ ഒന്നരശ്ശഭാഗം ഇങ്ങിനെചേൎത്ത പാലും ചേൎത്ത കഷായംവെച്ച കുറുക്കി പഞ്ചസാര മേല്പൊടിചേൎത്ത സേവിപ്പിക്ക പാലുചേക്കാതെവെച്ച കുറുക്കി ജീരകവും നെയ്യും മേല്പൊടിചേൎത്തിട്ടുംസെവിപ്പിക്കാം ഫലം മേൽപ്രകാരംതന്നെ.

(നീരോട്ടകൂടിയ രക്തസ്തംഭത്തിന്ന രാസ്നാദികഷായം)

൨൨. രാസ്നൈരണ്ഡബലായാശകോരണ്ഡസുരദാരുഭിഃ ।
ചോരകാഭീരുമുസ്താഭിർവ്വാശെക്ഷുരകനാഗരൈഃ ।
൨൩. അമൃതാതിവിഷാഭ്യാഞ്ചനിൎയ്യൂഹസ്സംപ്രസാധിതഃ। മിശ്രിതൊഘൃതതൈലാഭ്യാംപീതഃപ്രശമയെൽപ്രഗെ ॥
൨൪. വായുംസശൂലംജംഘൊരുപൃഷ്ഠപാൎശ്വഹനൂൽഗതം ।
ശോഫഞ്ചരക്തസംഭൂതംക്ഷിപ്രമേവനസംശയഃ ॥

അരത്ത, അവണക്കിൻവേര, കുറുന്തോട്ടിവേര, കൊടിത്തൂവ്വവേര. കരിങ്കുറിഞ്ഞിവേര, ദേവതാരം, കച്ചൂരിക്കിഴങ്ങ, ശതാവരിക്കിഴങ്ങ, മുത്തെങ്ങക്കിഴങ്ങ, ആടലോടകത്തിൻവേര, വയൽച്ചുള്ളിവേര, ചുക്ക, ചിററമൃത, അതിവിടയം ഇവകൊണ്ട കഷായംവെച്ച നെയ്യ, എണ്ണ ഇവ മേല്പൊടിചേൎത്ത രാവിലെ സേവിപ്പിക്ക. വാതം, വിലക്കം. രക്തസ്തംഭം നിമിത്തമായി മുട്ടിന്നുതാഴെ തുടകൾ പുറം, ഇരുഭാഗങ്ങൾ, ഹനു, ഒരം പ്രദേശങ്ങളിലുണ്ടാകുന്ന നീര ഇവ താമസംകൂടാതെ ശമിക്കും നിശ്ചയം.

(അമൃതാ തൈലം.)

൨൫. അമൃതാരസമാദായദ്രോണമത്രാൎദ്ധകാൎഷികൈഃ ।
കദളീപകചയഷ്ട്യാഹ്വകുഷ്ഠാബ്ദനതചന്ദനൈഃ ॥
ശാരിബാപത്മകിഞ്ജല്ക്കവാജിഗന്ധാഫലത്രയൈഃ ।
൨൬. ഏലാമൃണാളമഞ്ജിഷ്ഠാമുസലീകന്ദചോരകൈഃ ।
മാംസീശൈലെയദാൎവ്വീത്വങ്നാഗകെസരവാരിഭിഃ ॥

൪൦ *

൨൭. ക്ഷീരിദ്രുമകുളൊശീരമധൂകൊൽപലഗൈരികൈഃ ,
കടുകാഞ്ജനയുക്തൈശ്ചകല്കിതൈഃകേരസംഭവഃ॥

൨൮. സ്നേഹഃപ്രസ്ഥസ്തിലോത്ഥൊവാചാചിതഃ പരമൌഷധം । തസ്യാഭ്യംഗെചസെകെചപാനാദൌചയഥൊചിതം ॥

൨൯. പ്രയുക്തമമൃതാതൈലംനാമ്നെദംനാതിവൎത്തതെ ।
രക്തസ്തംഭോൽഭവഃകശ്ചിദ്വികാരൊപ്യതിദാരുണഃ ॥

ചിററമൃതിൻനീരപതിനാറിടങ്ങഴി ഉണ്ടാക്കിഅതിൽ കദളിപ്പഴം, എരട്ടിമധുരം, കൊട്ടം, മുത്തെങ്ങക്കിഴങ്ങ, തകരം, ചന്ദനം, നന്നാറിക്കിഴങ്ങ, താമരയല്ലി, അമുക്കുരം, ത്രിഫല, ഏലത്തരി, താമരവളയം, മഞ്ചട്ടിപ്പൊടി, നെലപ്പനക്കിഴങ്ങ, കച്ചൂരിക്കിഴങ്ങ, മാഞ്ചി, കന്മതം, മരമഞ്ഞത്തൊലി, നാകപ്പൂവ്വ, ഇരുവേലി നാല്പാമരത്തിൻമൊട്ട, രാമച്ചം, ഇരുപ്പക്കാതല, ചെങ്ങഴിനീൎക്കിഴങ്ങ, കാവിമണ്ണ, കടുകരോഹിണി, അഞ്ജനക്കല്ല ഇവ ഒന്നരഗ്ഗെകഴഞ്ച അരച്ചുകലക്കി നാനാഴി വെളിച്ചെണ്ണയൊ എണ്ണയൊചേൎത്ത കാച്ചിയരിച്ചുതേപ്പിക്കയൊധാരയിടുകയൊ സേവിപ്പിക്കമുതലായതൊ ചെയ്താൽ കൊടുതായ രക്തസ്തംഭവും ശമിക്കും.

(ചന്ദനാമലകാദി തൈലം.)

൩൦. ചന്ദനാമലകോശീരമധുകൈരമൃതാസമൈ । സിദ്ധെകഷായെമഞ്ജിഷ്ഠാകുഷ്ഠയഷ്ട്യാഹ്വചന്ദനൈഃ ॥

൩൧. സൊശീരസലിലൈഃപക്വഃസ്നേഹഃകെരഫലോൽഭവഃ ॥
തിലജൊവാനിഹന്ത്യാശുരക്തസ്തംഭാൻസുദാരുണാൻ ।

ചന്ദനം, നെല്ലിക്ക, രാമച്ചം, ഇരട്ടിമധുരം ഇവസമം ഒക്കക്കൂടിയെടത്തോളം, ചിററമൃത ഇങ്ങിനെ തൂക്കിച്ചേൎത്ത കഷായംവെച്ച മഞ്ചെട്ടിപ്പൊടി, കൊട്ടം. ഇരട്ടിമധുരം, ചന്ദനം, രാമച്ചം, ഇരുവേലി ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊചേൎത്ത അതിനോടുസമം പാലും ചേൎത്തകാച്ചിയരിച്ചു തേപ്പിക്ക. കൊടുതായ രക്തസ്തംഭം ശമിക്കും.

(മുസ്താമൃതാദി തൈലം)

൩൨. മുസ്താമൃതാബലാഭീരുരചിതെപാദശേഷിതെ ।
നിഷ്ക്വാഥെചന്ദനോശീരശാരിബാഹ്വനയഷ്ടിഭിഃ ॥

൩൩. കുഷ്ഠലോധ്രബലാഭിശ്ചകല്കിതാഭിഃപയസ്സമഃ ।
വിപക്വെപാനാളികേരസ്യസ്നേഹസ്തിലജഏവവാ ॥

൩൮. അഭ്യംഗസേകപാനാദികർമ്മണാവിനിയച്ഛതി ।
രക്തദോഷഭവാൻസർവ്വാൻവികാരാന്രോഗസംശയാ॥

മുത്തങ്ങക്കിഴങ്ങ, ചിററമൃത കുറുന്തോട്ടിവേര, ശതാവരിക്കിഴങ്ങ, ഇവകൊണ്ടു കഷായംവെച്ച നാലിലൊന്ന ശേഷിച്ചാൽ പിഴിഞ്ഞരിച്ച ചന്ദനം,രാമച്ചം, നന്നാറിക്കിഴങ്ങ, മുത്തങ്ങക്കിഴങ്ങ, ഇരട്ടിമധുരം,കൊട്ടം, പാച്ചൊററിത്തൊലി, കുറുന്തോട്ടിവേര, ഇവഅരച്ചുകലക്കി വെളിച്ചെണ്ണയൊഎണ്ണയൊ ചെൎത്ത അതിനൊടുസമം പാലും ചേൎത്തകാച്ചി അരിച്ച തേപ്പിക്കമുതലായത ചെയ്യിക്ക രക്തദോഷംനിമിത്തമായി ഉണ്ടാകുന്ന വ്യാധികൾ ഒക്ക ശമിക്കും.

(പിണ്ഡതൈലം)

൩൯. ശാരിബാസർജ്ജമഞ്ജിഷ്ഠാമധൂച്ഛിഷ്ടൈർവ്വിപാചിതഃ ।
ശുദ്ധൊദകെബലാകഷായെകാഞ്ജികെവാശൃതെജലെ॥

൪൦. ശാരിബാമൃതവല്ലീഭ്യാംസ്നേഹഃകേരഫലോൽഭവഃ ।
തിലജൊവാഹിതൊഭ്യംഗെമൂൎദ്ധ്നോന്ന്യത്രയച്ഛതി ॥

൪൧. തദെതൽപിണ്ഡതൈലന്തുരക്തസ്തംഭാവതാരിതാൻ ।
വികാരാൻപർവ്വശോഫാൎത്തിദാഹാദീനഖിലാനപി ॥

നന്നാറിക്കിഴങ്ങ, ചെഞ്ചല്യം മഞ്ചെട്ടിപ്പൊടി,വെളുത്തമെഴു ഇവ കല്ക്കമാക്കി ചേൎത്ത പച്ചവെള്ളത്തിലൊ കുറുന്തൊട്ടിക്കഷായത്തിലൊ കാടിയിലൊ നന്നാറിക്കിഴങ്ങ, ചിററമൃത ഇവററിൻ കഷായത്തിലൊ ചേൎത്ത കാച്ചിയരിച്ച വെളിച്ചെണ്ണയൊ എണ്ണയൊ തലഒഴിയെ ശേഷം ഉള്ളേടത്ത തെപ്പിക്കുക രക്തസ്തംഭംനിമിത്തമായിട്ടുണ്ടായ സന്ധിശോഫം മുതലായ സകലവ്യാധികളും ശമിക്കും.

(കാരസ്കരഘൃതം.)

൪൨. കാരസ്കരഫലാസ്ഥീനികല്ക്കീകൃത്യവിപാചിതം ।
ക്ഷീരെണസൎപ്പിസ്തംഹന്തിലേപനാദശനാദപി ।।

കാഞ്ഞിരത്തിൻകുരു മൊരിയുംമുളയും കളഞ്ഞ പാലിൽഅരച്ചുകലക്കി നെയ്യുചേൎത്ത കാച്ചിയരിച്ച പുരട്ടുകയൊസേവിപ്പിക്കയൊ ചെയ്ക. രക്തസ്തംഭം ശമിക്കും.

൪൩. ശതാവരീരസെതൈസ്തുകല്ക്കിതൈഃപയസാസമം ।
വിപകഫംസൎപ്പിരഭ്യംഗപാനാഭ്യാംതദ്വികാരജിൽ ।।

ശതാവരിക്കിഴങ്ങിൻെറ നീരിൽ കാഞ്ഞിരത്തിൻകുരു മേൽപ്രകാരം അരച്ചുകലക്കിനെയ്യുചേൎത്ത അതിനൊടുസമംപാലും

ചെത്ത കാച്ചിയരിച്ച പുരട്ടുകയും സേവിപ്പിക്കയും ചെയ്ക. രക്തസ്തംഭം ശമിക്കും.

൪൦. സാമാന്യെനചികിത്സെഷാരക്തസ്തംഭസ്യദശിതാ।
സംക്ഷിപ്യൈവംപ്രപഞ്ചസ്തുബോദ്ധ്യഃപ്രാചീനതന്ത്രതഃ॥

രക്തസ്തംഭസാമാന്യചികിത്സ സംക്ഷെപിച്ച ഇങ്ങിനെ കാണിക്കപ്പെട്ടു. പൂൎവ്വന്മാരുണ്ടാക്കിയ നിബന്ധനങ്ങളിൽനിന്ന തന്നെ വിസ്തരത്തെ ഗ്രഹിച്ചുകൊൾകയും വെണം.

## രക്താനവസ്ഥാ സാമാന്യ നിദാനം.

൪൧. രക്താശയഗതൊവായുഃകുപിതൊരക്തമാക്ഷിപൻ।
ഇതസ്തതൊനയന്നംഗെതാംസ്താൻവ്യാധീൻസമാവഹെൽ॥
൪൨. രക്താനവസ്ഥാജന്യാംസ്താനാഹുഃകാരണകാൎയ്യയൊഃ।
ഐക്യാദ്രക്താനവസ്ഥിതിതെചാഷ്ടാദശധാസ്മൃതാഃ॥

രക്താശയത്തിങ്കലെ വായുകോപിച്ചരക്തത്തെ അങ്ങുമിങ്ങും തള്ളി ഒരെടത്തും സ്ഥിതിനിയമംകൂടാതെ സഞ്ചരിപ്പിച്ചഅതിനെയും നിമിത്തമാക്കിതീൎത്ത അനെകാകാരങ്ങളായ രൊഗങ്ങളെ ഉണ്ടാക്കും. അതുകൾക്ക രക്താനവസ്ഥഎന്ന പേരാകുന്നു. പതിനെട്ടുവിധത്തിൽ അതുകളെ ഇതിന്നുതാഴെ വിവരിച്ചുകാണിപ്പാൻ പോകുന്നു. മലയാളികൾ അതുകളെത്തന്നെ രക്താനവസ്ഥാഎന്ന പദത്തിന്റെ അവയവാൎത്ഥത്തെ പിടിച്ച കുറയക്കാലം ചോരവാൎപ്പ എന്ന വ്യവഹരിച്ചു. പിന്നെ ആ വാക്കിൽനിന്ന ചോര എന്നതിനെ തള്ളി വാൎപ്പെന്നുതന്നെ വ്യവഹരിച്ചുവരുന്നു.

൪൩. വാതാസ്രഭെദാസ്തെസൎവ്വെഹാരീതെനനിരൂപിതാഃ।
ബാലാനാമെവദൃശ്യന്തഇതീന്ദുഃപൃഥഗഭ്യധാൽ॥

ഹാരീതാചാൎയ്യൻ അതുകളെ വാതശോണിതത്തിൽ തന്നെ ചെരുന്നവയാകുന്നു എന്നവിചാരിച്ച വേറെ പറയാതെ ഇരുന്നു. ഇന്ദു എന്ന ആചാൎയ്യൻ അതുകൾ ബാലന്മാൎക്കുതന്നെ ഉണ്ടായികാണുകനിമിത്തമായിട്ട അതുകളെ വേറെ പറഞ്ഞിരിക്കുന്നു.

൪൪. ബാഹ്യാന്തരുഭയസ്ഥിത്യാതിസ്രഃകെവലവാതജാഃ।
പിത്താനിലഭവാസ്തിസ്രഃകഫാനിലഭവാസ്തഥാ।
൪൫. നിജാശ്ചാഗന്തവസ്താസ്സ്യുരിത്യഷ്ടാദശധാഹിതാഃ।
താസാമഷ്ടംദശാനാംതുവക്ഷ്യെനാമാന്യനന്തരം।

പതിനെട്ടു വിധത്തിൽ രക്താനവസ്ഥ സംഭവിക്കുന്നതിന്റെ വിവരം, കേവലവാതംനിമിത്തമായി രക്തക്ഷോഭത്തെ ആശ്രയിച്ചുണ്ടാകുന്നത ബാഹ്യമായിട്ടും ആന്തരമായിട്ടും ഉഭയാശ്രയമായിട്ടും വരുന്നതാകയാൽ മൂന്നുപ്രകാരമാകുന്നു. മെൽപ്രകാരം വായുവിന്ന കഫപിത്തങ്ങളിൽ വെച്ച ഒന്നിന്റെ സംസൎഗ്ഗമുണ്ടായാലും സംഭവിക്കുന്നതാകയാൽ പിത്തസംസൎഗ്ഗത്തിങ്കലും കഫസംസൎഗ്ഗത്തിങ്കലും മുമ്മൂന്നായി സംഭവിക്കും. എന്നാലാകെ ഒമ്പത. അതുകൾ നിജങ്ങളായും ആഗന്തുക്കളായും വരാമെന്നിരിക്കയാൽ ആകെ പതിനെട്ടുപ്രകാരേണ കാണപ്പെടുകകൊണ്ട പതിനെട്ടുണ്ട എന്ന പ്രസിദ്ധമായിരിക്കുന്നു. പതിനെട്ടിന്റെയും പേര ഇതിന്നുതാഴെ കാണിക്കുന്നു.

൧൭. രസൊൽക്ലിഷ്ടഃപലൊൽക്ലിഷ്ടോദപന്ദൊപാൽക്ലിഷ്ടശ്ചവാ
യുനാ। കെവലെനസമൽഭൃതാസ്തിസ്രസ്താഃകഥിതാഃക്രമാൽ॥

കേവലവാതംകൊണ്ടുണ്ടാകുന്ന രക്താനവസ്ഥകൾ രസൊൽക്ലിഷ്ടം, പലോൽക്ലിഷ്ടം, ദപന്ദൊപാൽക്ലിഷ്ടം ഇങ്ങിനെ മൂന്നാകുന്നു. അതിൽവെച്ച രസൊൽക്ലിഷ്ടം ബാഹ്യമാകുന്നു. പലോൽക്ലിഷ്ടം ആന്തരമാകുന്ന. ദപന്ദൊപാൽക്ലിഷ്ടം ഉഭയാശ്രയമാകുന്നു. ഇതുകൾക്ക ക്രമേണ മലയാളികൾ നീർവാപ്പനെന്നും മാംസവാപ്പനെന്നും ഈരടിവാപ്പനെന്നും പേർ നിശ്ചയിച്ചിരിക്കുന്നു.

൧൮. സൈകതൊദട്ട്രരശ്ചാപിഘോടകശ്ചസപിത്തകാൽ।
സംഭൃതാമരുതസ്തിസ്രഃക്രമെണകഥിതാസ്തഥാ॥

പിത്തത്തോടുകൂടിയ വായുനിമിത്തമായിട്ടുണ്ടാകുന്ന രക്താനവസ്ഥകൾ സൈകതം ദട്ട്രരം ഘോടകം ഇങ്ങിനെ മൂന്നാകുന്നു. അതുകളിൽ വെച്ച സൈകതം ബാഹ്യവും ദട്ട്രരം ആന്തരവും ഘോടകം ഉഭയാശ്രയവുമാകുന്നു. സൈകതത്തെ മണൽവാപ്പനെന്നും ദട്ട്രരത്തെ തവളവാപ്പനെന്നും ഘോടകത്തെ കുതിരവാപ്പനെന്നും മലയാളികൾ പറയുന്നു.

൧൯. ഗണ്ഡകശ്ശൃംഗകശ്ചാപിമല്ലകശ്ചകഫാനപിതാൽ।
സംഭൃതാമരുതസ്തിസ്രഃകഥിതാസ്തായഥാക്രമം॥

കഫത്തോടുകൂടിയ വായു നിമിത്തമായിട്ട ഉണ്ടാകുന്ന രക്താനവസ്ഥകൾ ഗണ്ഡകം, ശൃംഗകം, മല്ലകം ഇങ്ങിനെ മൂന്നാകുന്നു. അതുകളിൽവെച്ച ഗണ്ഡകം ബാഹ്യവും ശൃംഗകം ആന്തരവും മല്ലകം ഉഭയാശ്രയവുമാകുന്നു. ഗണ്ഡകത്തെ മുഴവാപ്പനെന്നും ശൃംഗകത്തെ ഇരുമുടി വാപ്പനെന്നും മല്ലകത്തെ ആ

നവാപ്പനെന്നും മലയാളികൾ പറയുന്നു. ഇവതന്നെ ആഗന്തുക്കളായി വരുമ്പോൾ വേറെ ചില നാമധേയങ്ങളെക്കൊണ്ട പറകപ്പെട്ടുന്നു. അതിനെ ഇതിന്നുതാഴെ വിവരിക്കുന്നു.

൪൮. പുരൊവാതതുഷാരാബ്ധിസമീരണവിഘട്ടനാൽ ।
ഗൃധ്രുച്ഛായാവഗാഹാച്ചകൃകലാസസ്യദൎശനാൽ ॥

൪൯. ശ്രവണാൽഖരനാദസ്യസ്പൎശാൽസാലപലാശയൊഃ ।
ജാതാസ്താഏവകഥ്യന്തെനാമഭെദൈഃപൃഥഗ്വിധാഃ ॥

വൎഷാരംഭത്തിങ്കലെ കിഴക്കൻകാററ, മഞ്ഞിന്മേൽ തട്ടിവരുന്ന കാററ, കടൽകാററ ഇവ ബാലന്മാരുടെ ദേഹത്തിൽ തട്ടിയാലും കഴുവെന്ന പക്ഷിയുടെ നിഴലിൽ പ്രവേശിച്ചാലും ഓന്ത വളരെക്കാലം കുട്ടികളെ നോക്കിയാലും കഴുതയുടെ ശബ്ദത്തെ കുട്ടികൾ കേട്ടാലും പയൻ, പ്ലാശ ഈ രണ്ട വൃക്ഷങ്ങളെ കുട്ടികൾ തൊട്ടാലും അവരിൽ ചിലക്ക ചേരിൻ പകപോലെ മേൽപറഞ്ഞ വ്യാധികൾ ഉണ്ടായിക്കാണപ്പെട്ടുന്നു. അതുകൾക്ക ലക്ഷണഭേദവും ചികിത്സാഭേദവുമുണ്ടാകയാൽ വെറെ തന്നെ ചില പേരുകൾകൊണ്ട അതുകളെ പറയുന്നു.

൫൦. ആൎദ്രകഃക്ഷോദകശ്ചാപിലാജകശ്ചയഥാക്രമം ।
ആഗന്തുഷ്വനിലൊൽഭൂതാസ്തിസ്രസ്താസ്സംപ്രകീൎത്തിതാഃ ॥

ആഗന്തുക്കളായ രക്താനവസ്ഥകളിൽ വെച്ച കേവലവാതം കൊണ്ടുണ്ടാവുന്നതുകളെ ആൎദ്രകമെന്നുംക്ഷോദകമെന്നും ലാജകമെന്നും പറയുന്നു. അതുകളിൽവെച്ച ആൎദ്രകം ബാഹ്യവും ക്ഷോദകം ആന്തരവും ലാജകം ഉഭയാശ്രയവുമാകുന്നു. ആൎദ്രകത്തെ നനവാപ്പനെന്നും ക്ഷോദകത്തെ പൊടിവാപ്പനെന്നും ലാജകത്തെ മലർവാൎപ്പനെന്നും മലയാളികൾ പറയുന്നു.

൫൧. മരുതാപിത്തയുക്തെനജനിതാസ്താഅപിക്രമാൽ ।
ജ്ഞെയാശ്ചടകസൂചീമുഖാംഗാരകസമാഹ്വയാഃ ॥

പിത്തത്തോടുകൂടിയ വായുവിനാൽ ഉണ്ടാക്കപ്പെട്ടുന്ന മെൽപ്രകാരമുള്ള രക്താനവസ്ഥകൾ ചടകം, സൂചീമുഖം, അംഗാരകം ഇങ്ങിനെ മൂന്നാകുന്നു. അതുകളിൽവച്ച ചടകം ബാഹ്യവും സൂചീമുഖം ആന്തരവും അംഗാരകം ഉഭയാശ്രയവുമാകുന്നു. ചടകത്തെ കരിലടിവാൎപ്പനെന്നും സൂചീമുഖത്തെ സൂചിവാൎപ്പനെന്നും അംഗാരകത്തെ എരിവാൎപ്പനെന്നും മലയാളികൾ പറയുന്നു.

൫൭. മരുതാകഫയുക്തേനജനിതാസ്ഥാഅപിക്രമാൽ।
ഗ്രാവകൊമത്സ്യകൊഗൊള ഇതിജ്ഞെയാസ്സ്വനാമഭിഃ

കഫത്തോടുകൂടിയ വായുവിനാൽ ഉണ്ടാക്കപ്പെടുന്ന മേൽപ്രകാരമുള്ളരക്താനവസ്ഥകൾ ഗ്രാവകം, മത്സ്യകം, ഗൊളം ഇങ്ങനെമൂന്നാകുന്നു. അതിൽവെച്ച ഗ്രാവകം ബാഹ്യവും മത്സ്യകം ആന്തരവും ഗൊളം ഉഭയാശ്രയവുമാകുന്നു. ഗ്രാവകത്തെ ചരൽവാപ്പനെന്നുംമത്സ്യകത്തെ മീനടിവാപ്പാനെന്നുംഗൊളത്തെ പൊളവാപ്പനെന്നും മലയാളികൾ പറയുന്നു.

## നീർവാപ്പന്റെ ലക്ഷണം

൫൮. രക്താശയഗതൊവായുഃകുപിതൊരക്തമാക്ഷിപൻ।
നീത്വാരസാശയംതത്ര ഭിന്ദൻസഞ്ചാര്യ്യതൽബലാൽ॥
൫൯. മണ്ഡലൈമ്മരിചാകാരൈസ്സംയുക്തംശൊഫമാവഹെൽ। രസൊൽക്ലിഷ്ടംതുതംവിദ്യാദ്ദ്യസ്മാദ്ദൽക്ലിശ്യതെരസഃ॥
൬൦. അസൃജാസ്വാശയാമശ്ശ്ചോഫൊസ്മിന്നവ്യവസ്ഥിതഃ॥
ക്ഷയവൃദ്ധ്യോന്മുഹുയ്യോഗാദവനാമക്ഷമൊപിച॥

രക്താശയത്തിങ്കലെ വായു കോപിച്ചരക്തത്തെ പുറത്തേക്കതള്ളിനീക്കി രസാശയത്തെ പ്രാപിപ്പിച്ച രക്തത്തെ ചെറുതായ ശകലങ്ങളാക്കി അവിടെ വ്യാപിപ്പിച്ച മുളകുമണിപ്രമാണങ്ങളായി ചുവന്ന നിറത്തിലുള്ള മണ്ഡലങ്ങളോടുകൂടിയ നീരിനെ ഉണ്ടാക്കുന്നു. അതിനെ രസൊൽ ക്ലിഷ്ടമെന്നറിക. ചോരവന്ന തന്റെസ്ഥാനത്തെആക്രമിക്കനിമിത്തമായിട്ടരസധാതുവിന വലുതായക്ലേശത്തെ മേൽപറഞ്ഞ വ്യാധിജനിപ്പിക്കുന്നതാകയാൽ അതിനെ രസൊൽക്ലിഷ്ടമെന്ന പറയുന്നു. അതിങ്കലെ നീരിന്ന കൂടക്കൂടെക്ഷയവും വദ്ധനയും വിരൽകൊണ്ടമത്താൽ താഴ്ചയുമുണ്ടായിരിക്കും. ഇതിനെ മലയാളികൾ നീർവാർപ്പനെന്ന പറയുമെന്ന മുമ്പെതന്നെപറഞ്ഞിരിക്കുന്നു.

## നീർവാപ്പന്റെ ചികിത്സാ

### (അരച്ചുതെപ്പാൻ)

൬൧. വൈരിമൂലത്വചഃപിഷ്ടാഃതക്രെണപരിലെപനം।
രസൊൽക്ലിഷ്ടംനിഹന്ത്യാശുഘമ്മജാലമിവാനിലഃ॥

എകനായകത്തിൻവേരുമ്മൽതൊലിമൊരിൽ അരച്ചുതെക്കുക നീർവാർപ്പൻ ശമിക്കും.

൫. തുളസീപല്ലവൊത്ഥതെരസെപാരന്തികാത്വചഃ।
മൃഗശൃംഗഞ്ചസംപിഷ്യലിംപെദ്വാതൽപ്രശാന്തയെ।

തുളസിനീരിൽ തെച്ചിവേരുമ്മൽതൊലി, കലംകൊമ്പ ഇവ അരച്ച തേക്ക. നീർവാർപ്പൻ ശമിക്കും.

൬. രക്താനവസ്ഥാസെ്വതൌദ്വൌലെപൌ സർവ്വാസുസമ്മതൌ।ആഗന്തുഭ്യോവിഭിന്നാസുതീലകസ്യത്വചൊപിവാ॥

എല്ലാവാപ്പുകൾക്കും മുൻപറഞ്ഞ ലെപനങ്ങൾ ഹിതങ്ങളാകുന്നു. ആഗന്തുക്കൾക്ക അതുകൾ പററുകയുമില്ല. മൈലെള്ളിൻതൊലി മൊരിലരച്ച പുരട്ടുകയുമാം. ആയത ആഗന്തുക്കൾക്കും പററുന്നതാകുന്നു.

(അഭയാശാരിബാദി കഷായം)

൭ൻ. അഭയാശാരിബാദ്വന്ദ്വവഷാഭ്രുവൈരിമൂലകൈഃ।
ഭൂനിംബനിംബപാരന്തീമൂലൈശ്ചകത്ഥിതംജലം

൩൦. ഗുളസൈന്ധവസംയുക്തംമാക്ഷികാന്വിതമെവവാ।
പ്രാതഃപീതംനിഹന്ത്യാശ്രുരസൊൽക്ലിഷ്ടംനസംശയഃ

കടുക്ക, നന്നാറിക്കിഴങ്ങ, പാവ്വള്ളിക്കിഴങ്ങ, തമിഴാമവെര, ഏകനായകത്തിൻവെര, പുത്തരിച്ചുണ്ടവേരിന്മേൽ തൊലി, വെപ്പിൻതൊലി,തെച്ചിവെരിന്മേൽതൊലി, ഇവകൊണ്ട കഷായംവെച്ച ഇന്തുപ്പ ശക്കര, ഇവയൊ തേൻ തന്നയൊ മെപ്പൊടിചേൎത്ത സേവിപ്പിക്ക നീർവാർപ്പൻ ശമിക്കും.

(തിലകത്വഗാദികഷായം)

൩൧. തിലകത്വഗ്ബലാദാരുശതാവര്യ്യമൃതാജ്ജുനൈഃ।
ശതാഹ്വാവില്വാമൂലാബ്ദവിജയാശാരിബെക്ഷുരൈഃ॥

൩൨. പുനൎന്നവാഹരിദ്രാത്വഗ്വാശാസഹചരൈരപി॥
സിദ്ധഃകഷായസ്സിസ്തൃത്ഥമധുയുക്ചനിഹന്തിതം॥

മയിലെള്ളിൻതൊലി, കുറുന്തോട്ടിവേര, ദേവതാരം, ശതാവരിക്കിഴങ്ങ, ചിററമൃത നീർമരുതിൻതൊലി, ശതകുപ്പ, കൂവളത്തിൻവേര, മുത്തങ്ങക്കിഴങ്ങ, കടുക്ക, നന്നാറിക്കിഴങ്ങ, വയൽചുള്ളിവേര,തമിഴാമവെര,മരമഞ്ഞത്തൊലി,ആടലോടത്തിൻവേര,കരിംകുറുഞ്ഞിവേര, ഇവകൊണ്ട കഷായംവെച്ച ഇന്തുപ്പ, തെൻ, ഇവ മേപ്പൊടി ചേൎത്ത സേവിപ്പിക്ക. നീർവാർപ്പൻ ശമിക്കും.

൩൩. മൂദ്ധ്നതൈലാംഗതൈലെചസ്നാനാംഭശ്ചാത്രയോജയെൽ।ത്രിണിവാതവിസർപ്പസ്യകത്ഥിതാനിചികിത്സിതെ।।

തലെക്കാമ്പലെക്കും വാതവിസപ്പത്തിന്ന പറഞ്ഞ തൈലങ്ങൾ തെച്ചുകെ വാതവിസപ്പത്തിന്നുപറഞ്ഞ വെള്ളമുണ്ടാക്കി അതുകൊണ്ടു കുളിപ്പിക്ക- ഇവ ചെയ്താൽ നീർവാപ്പൻ ശമിക്കും

### മാംസവാപ്പന്റെ ലക്ഷണം

൩൮- പലൊൽക്ലിഷ്ടമെഷ്ടഉരക്താസ്യനൊദരൊദന്തരെവചയ്യ |
അസൃഗ്ദാവിന്ദചന്ദ്രാഗ്രാജ്ജജ്വരപവ്വശിരൊരുജഃ ||
൩൯- അംശഛ്ഛാൎമ്മാച്ഛ്രസ്യ പശ്ചാത്രക്തമണ്ഡലദൎശനം |
മാംസശൊഷശ്ലാകണ്ഡൂതിരഖിലാംഗെഷുസവ്വദാ ||

മാംസവാപ്പുകൾ രക്തത്തിന്ന അകത്തുള്ള തള്ളൽവരുന്നതാകയാൽ രക്തമണ്ഡലങ്ങൾ സ്പഷ്ടങ്ങളാകയില്ല എങ്കിലും നിഴൽപൊലെ കാണാം പനി സന്ധികളിൽ വെദന തലയിൽകുത്ത മാംസക്ഷയം സവ്വാംഗങ്ങളിലും ചൊറി ഇവ ഒക്കെയുമുണ്ടാകും- ഇതിനെ ചിലർ ചൊറിവാപ്പനെന്നും പറയുമെന്നല്ലാതെ ചൊറിവാപ്പൻ വെറെയായിരിക്കമൊ എന്ന സംശയിക്കെണ്ട,

### മാംസവാപ്പന്റെ ചികിത്സാ

### ശാരിബെന്ദ്രയവാദി കഷായം

൪൦- ശാരിബെന്ദ്രയവാനന്താപുനൎന്നവഫലിമെലമെയഃ | മൊ
ൎവ്വീഗൊക്ഷുരകൈരണ്ഡവൈരിമൂലൈശ്ചസാധിതം ||
പായയെൽസസിതാമക്ഷൌദ്രംനിഷ്കഫംസന്നിയമ്യതി |
സപ്താരാത്രപ്രയൊഗെണപലൊൽക്ലിഷ്ടന്നസംശയഃ ||

നന്നാറിക്കിഴങ്ങ കുടകപ്പാലയരി കൊട്ടത്തൂവ്വവെര തമിഴാമവെര ചന്ദനം രക്തചന്ദനം മരമഞ്ഞൾതൊലി ഞെരിഞ്ഞില ആവണക്കിൻവെര ഏകനായകത്തിൻവെര ഇവകൊണ്ടു കഷായംവെച്ചു പഞ്ചസാര തേൻ ഇവ മെമ്പൊടിചെൎത്ത സെവിപ്പിക്ക- ഏഴുദിവസം സെവിപ്പിച്ചാൽ മാംസവാപ്പൻ ശമിക്കും

### (അമൃതക്ഷുരകാദി കഷായം)

൪൧- അമൃതാക്ഷുരകാശതാവല്ലവാരിഷ്ടവൽക്കലൈഃ |
രാസ്നാപുനൎന്നവാദാൎവ്വീഭൂനിംബകടുകായുതൈഃ ||
൪൨- ശ്യാമാഫലത്രയാനന്താപരമഞ്ജരികാന്വിതൈഃ | കഷാ
യഃ പ്രസാധിതസ്സൂതൽപെയസ്സ്യാൽഗുണാധികഃ |

ചിററമൃത വയൽചുള്ളിവേര അരയാലിൻകൂമ്പ വെപ്പിൻതൊലി അരത്ത തമിഴാമവേര മരമഞ്ഞൾതൊലി പുത്തരിച്ചുണ്ടവേരിന്മേൽതൊലി കടുകരോഹിണി നാല്പൊല്പകൊന്ന ത്രിഫല കൊടുത്തൂവ്വവേര വലിയകടലാടിവേര ഇവകൊണ്ട കഷായംവെച്ച പഞ്ചസാര തേൻ ഇവമേമ്പൊടിചേൎത്ത സെവിപ്പിക്ക- മാംസവാൎപ്പന്ന മുൻപറഞ്ഞകഷായത്തെക്കാൾ ഈകഷായം അധികമായ ഗുണത്തൊടുകൂടിയതാകുന്നു.

൩൯- മൂൎദ്ധാംഗതൈലംസ്നാനാൎത്ഥംഭേഷജംപ്രാഗുപദിഷ്യതെ।
ദൂൎവ്വാതിലകവല്ക്കാഭ്യാംവിദധീതാഥവാന്നിവാ॥

തലെക്കും മെലെക്കും എണ്ണകളും വെള്ളവുംമുൻപറഞ്ഞപ്രകാരമുണ്ടാക്കുക- അല്ലെങ്കിൽ കറുകനീരിൽ മൈലെള്ളിൻതൊലി അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊകാച്ചിതലയിലും മെലും തെപ്പിക്ക- കറുകയും മൈലെള്ളിൻ തൊലിയുമിട്ട വെള്ളംവെച്ച അതുകൊണ്ട കുളിപ്പിക്ക- ഇവചെയ്താൽ മാംസവാൎപ്പൻ ശമിക്കും.

൪൦- അസാദ്ധ്യാവത്സരാൽപൂൎവ്വംയാപ്യാസ്യാദ്വത്സരത്രയാൽ।
സാദ്ധ്യഃപരംസവിജ്ഞെയശ്ശൊഫഘ്നാൽ।സപക്ഷതഃ॥

ഒരു സംവത്സരം തികയാത്ത ബാലന്ന മെല്പറഞ്ഞരോഗമുണ്ടായാൽ ശമിക്കയില്ല- ഒരു സംവത്സരത്തിന്റെ ശെഷം മൂന്ന സംവത്സരം തികയുന്നതിന്റെ മുമ്പിലുണ്ടായാൽ ശമിച്ചും വൎദ്ധിച്ചുമിരിക്കും- മൂന്നുസംവത്സരംതികഞ്ഞതിന്റെശെഷമായാൽ സാദ്ധ്യംതന്നെ- പതിനഞ്ചുദിവസത്തിന്നകംകണ്ടാൽ ഉടനെ രൊഗി മരിച്ചുപൊകയുംചെയ്യും.

## ഈരടിവാൎപ്പന്റെ ലക്ഷണം

൪൧- ഉഭയൊൎല്ലിംഗസംസൎഗ്ഗാദ്ദ്വാഭ്യാംക്ലിഷ്ടാന്നിരൂപയെൽ। ഉദരെസുതരാംശൊഫൊമലബന്ധശ്ചദാരുണഃ।
൪൨- തത്രസ്യാൽസ്ഥാലികാപൃഷ്ഠാഭകുക്ഷിസ്തുശമനംനയെൽ।
കുംഭൊപമകുക്ഷിസ്തുപരിത്യാജ്യൊഭിഷജാ॥

നിരവാൎപ്പന്റെയും മാംസവാൎപ്പന്റെയും ലക്ഷണങ്ങൾ സമ്മിശ്രങ്ങളായികണ്ടാൽ ആ രൊഗത്തെ ഈരടിവാൎപ്പനെന്നറിക വിശെഷിച്ച വയററിൽ അധികമായ നീരും മലബന്ധവുമുണ്ടാകും വയററിന്റെആകൃതി തളികപ്പുറംപൊലെ പരന്നിരി

ക്കിൽ സാദ്ധ്യമായിവരികയും ചെയ്യും പരിചയ്യതെ നട്ടചൊ
ലെ പൊക്കിളുന്തി കൂത്തു കണ്ടാൽ അസാധ്യമെന്നറിക-

൩൨- സർവ്വേപിതദപിധാസ്സദാദപിജ്ഞെയാസ്സോദരയാശ്രയാഃ।
ആന്ത്രാത്മാപിസർവ്വസ്യഃപ്രാഗുക്തവദുപാധിഭിഃ॥

എല്ലാ വാൎപ്പുകൾക്കും വയററിൽനീര അധികമായി താഴക
കൊണ്ട വയററിന്റെ ആകൃതി മെൽപറഞ്ഞ പ്രകാരമായാൽ
വിവൃത്തി ഇല്ലഎന്നത സാധാരണമാകുന്നു- മുൻപറഞ്ഞ മാംസ
വാൎപ്പിന്റെ കാലവ്യത്യാസംകൊണ്ട പറകപ്പെട്ട വിശെഷംആ
ന്തരങ്ങളായ വാൎപ്പുകൾക്ക ഒക്കെയും സംബന്ധിക്കുന്നതാകുന്നു.

## ഒരാരടിവാൎപ്പിന്റെ ചികിത്സാ

(പൂതീകപല്ലവാദി കഷായം)

൩൩- പൂതീകപല്ലവാനന്താവൃശ്ചീവവിജയാഭയെയഃ।
തിക്താപടൊലദെവാഹ്വാഗുളൂചീധാന്യകൈരപി॥
൩൪- സിദ്ധഃകഷായഃപ്രശെപീതൊഗുളസിസ്മൃതസംയുതഃ।
പാണ്ഡ്വാൽക്ലിഷ്ടംനചൊദരന്തു രൊഗെവചിന്നിയച്ഛ
തി॥

ആവൽത്തുമ്പ കൊട്ടത്തൂവ്വവെര തഴുതാമവെര കടുക്ക ക
രുവില്ലാക്കട്ടക്ക പുത്തരിച്ചുണ്ടവെരുന്നൽതൊലി പടൊലം ദെ
വതാരം ചിററമൃത കൊത്തമ്പാലയരി ഇവകൊണ്ട കഷായം
വച്ച ശൎക്കര ഇന്തുപ്പ ഇവ മെമ്പൊടിചെൎത്ത രാവിലെ സെവി
പ്പിക്ക- ഉത്തമമായ ഒരാരടിവാൎപ്പിൻ ശമിക്കും.

(ബലാവെതസവൎക്കാദി കഷായം)

൩൫- ബലാവെതസവല്ക്കാബ്ദബൃഹതീദെവദാരുഭിഃ।
പാഠാജാജീവരാശിഗ്രുവൃശ്ചീവവൃഷഗൊക്ഷുരൈഃ॥
൩൬- ചരീകരിലതാകന്ദചെരിമൂലനിശാദ്വയൈഃ।
അഗ്നിമന്ഥകണാഭ്യാംച ചിഫിതൊജീരകാന്വിതഃ॥
൩൭- സസിതശ്ചജയത്യാശുകഷായസ്സംചിരോത്ഥിതം।
സർവ്വലിംഗമപിക്ഷിപ്രംവിഫായകകളൊദരം॥

കരുനൊച്ചിവെര ആററുവഞ്ഞിത്തൊലി മുത്തങ്ങക്കിഴങ്ങ
ചെറുവഴുതിനവെര ദെവതാരം പാടക്കിഴങ്ങ ആശാളി ത്രി
ഫല മുരിങ്ങവെര തഴുതാമവെര ആടലൊടകത്തിൻവെര ഞെ
രിഞ്ഞില ശതാവരിക്കിഴങ്ങ കരിംക്കാടിക്കിഴങ്ങ ചുക്കനായക
ത്തിൻവെര വരട്ടുമഞ്ഞൾ മരമഞ്ഞൾത്തൊലി മുഞ്ഞവെര തി

പ്പലി ഇവകൊണ്ട കഷായംവെച്ച ജീരകം പഞ്ചസാര ഇവ മെമ്പൊടിചെത്ത സെവിപ്പിക്ക വയറിന്റെനട്ട പരിപ്പയുടെ മൂട്ടപൊലെ ആയിട്ടില്ലെങ്കിൽ നൂതനമല്ലാത്ത ഠരംരടിവാർപ്പനും ശമിപ്പിക്കും ലക്ഷണങ്ങളാൽ തികഞ്ഞ കാണുകിലും സംശയിക്കെ ണ്ട-

(വരണത്വഗാദി തൈലം)

ൻ- വരണത്വഗ്ബലാസെവ്യദെവദാരുവരീസ്ഥിതൈഃ।
നികുംഭൈരണ്ഡവെരിപത്രൊത്ഥരസൈനാപരിമിശ്രിതെ॥
വ്യാ- രാസ്നാവൃശ്ചീവമൂലൈസ്ഥലാഫലത്രയബലാദശൈവ്യഃ।
ശാരിബാകുഷ്ഠയഷ്ട്യാഹ്വമഞ്ജിഷ്ഠാമുസ്തനാഗരൈഃ॥
തിലകത്വന്നിശാദ്വന്ദ്വമിസിചൊരകത്രുകാഭിഃ।
വ്യ- കാളാനുസാരീഭൂനിംബസ്ഥൗണെയപട്ടകൊശികൈഃ।
കല്കിതൈഃകരജസ്നെഹൊവിപക്വസ്തിലജൊപിവാ॥
അധഃകായസ്യതന്ത്രൈഷുശ്ലീരസസ്തുപൂരാദിതാഃ।
സ്നെഹാവാതവിസർപ്പസ്യസംവൃഷ്ടെയാജ്യാസ്തഥാംബുവാ॥

നീർമാതളത്തിൻതൊലി കരുനൊച്ചിവെര രാമച്ചം ദെവതാരം ശതാവരിക്കിഴങ്ങ ഇവകൊണ്ട കഷായംവെച്ച അതിൽ ഏകനായകത്തിന്റെ ഇലയുടെ നീരുമെത്ത അരത്ത തഴുതാമവെര മുത്തങ്ങക്കിഴങ്ങ ഏലത്തരി ത്രിഫല കുറുന്തോട്ടിവെര ഉരുക്കുത്തിൻവെര നന്നാറിക്കിഴങ്ങ കൊട്ടം ഇരട്ടിമധുരം ചഞ്ചെട്ടുപ്പൊങ്ങി ചന്ദനം രക്തചന്ദനം മെലെല്ലിൻതൊലി വരട്ടുമഞ്ഞൾ മരമഞ്ഞൾത്തൊലി ശതകുപ്പ കച്ചൂരിക്കിഴങ്ങ മുത്തുശെപ്പി ഉലുവ പുത്തരിച്ചുണ്ടവെരിമേൽതൊലി ത്രണിയാംകം ഇന്തുപ്പ ഗുല്ഗുലു ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെത്ത കാച്ചിഅരിച്ച തലകഴിയെശെഷം ശരീരത്തിൽ തെപ്പിക്ക- തലസ്സുവാതവിസർപ്പത്തിന്നുപറഞ്ഞ തൈലങ്ങളിൽ ഏതെങ്കിലും തെപ്പിക്ക- കുളിപ്പാൻ വെള്ളവുമപ്രകാരമുണ്ടാക്കി അതുകൊണ്ട കുളിപ്പിക്ക. ഠരംരടിവാർപ്പൻ ശമിക്കും.

മണൽവാർപ്പന്റെ ലക്ഷണം

വ്യ- മണ്ഡലൈസ്സികതാകാരൈ സ്ഫൊടൈശ്ചൂർവ്വിസ്പഷ്ടതാംഗ
തൈഃ। പരീതഃപീതരുങ്ണെത്രനഖമൂത്രശകൃദ്ധരഃ॥
വ്യ- പീതതാമ്രാധരൊദ്വാപജാനുഷ്ണാഭയാന്വിതഃ।
യഹ്ലൊഷൊദൃശ്യതെജാതയസ്സൈകതസ്സപൂരൊദിതഃ॥

നല്ലവണ്ണം വ്യക്തങ്ങളായി മണൽതരിപ്രമാണങ്ങളായി ര ക്തവൎണ്ണങ്ങളായ വിന്ദുക്കളോടുകൂടിയതായി മഞ്ഞളിന്റെനി റംപോലെ ഉള്ളനിറത്തോടുകൂടിയതായി കണ്ണുകൾ നഖങ്ങൾ മൂത്രം മലം ഇതുകൾക്കു മഞ്ഞനിറത്തെ ഉണ്ടാക്കുന്നതായി ചു ട്ടുനീറൽ പനി തണ്ണീർദാഹം തലതിരിച്ചൽ ഇവയോടുകൂ ടിയതായി യാതൊരുനീര കാണപ്പെടുന്നുവൊ അതിനെ മണ ൽവാർപ്പനെന്നറിക.

## മണൽവാർപ്പന്റെ ചികിത്സ

### (ബലാഗോപാത്മജാദി കഷായം)

വൃ— ബലാഗോപാത്മജാഭീരുകന്ദതോയദഗോക്ഷുരൈഃ।
വൃശ്ചീവപത്മകിഞ്ജൽക്കഗുളൂചീധന്വയാസകൈഃ॥
വൃ— കടുകാമലകാഭ്യാഞ്ച വിഹിതസ്സൎപ്പിഷാന്വിതഃ।
സിതയാ വാ സിതാജ്യാഭ്യാം യദ്വാ കഃ പാദശൎക്കരസ്യ തൈ॥

കുറുന്തോട്ടിവേര നന്നാറിക്കിഴങ്ങ ശതാവരിക്കിഴങ്ങ മുത്തങ്ങക്കിഴങ്ങ ഞെരിഞ്ഞിൽ തഴുതാമവേര താമരയല്ലി ചിററമൃത കൊടുത്തൂവ്വവേര കടുകരോഹിണി നെല്ലിക്ക ഇവകൊണ്ട കഷായംവെച്ച നെയ്യോ പഞ്ചസാരയോ പഞ്ചസാര നെയ്യ ഇവയോ മേപ്പൊടിചേൎത്ത സേവിപ്പിക്ക മണൽവാർപ്പൻ ശമിക്കും.

### (മൃണാളവസുകാദി കഷായം)

വൃ— മൃണാളവസുകാനന്താദാൎവ്വീവൃശ്ചീവതാലിഭിഃ।
സ്ഥിരൊദുംബരനിംബേന്ദ്രശല്ലു‌താവൃഷധാന്യകൈഃ॥
വൃ— താൎക്ഷ്യകഷ്ഠൈലാതാലക്ഷകൊശീരചന്ദനൈഃ।
ദൂൎവ്വാഹരീതകീഭ്യാഞ്ച വിഹിതസ്സൎപ്പിഷാന്വിതഃ॥
കഷായസ്സംജയത്യാശുഗാഢംതഅള്ളവാസ്രുതാ

താമരവളയം താൎത്താവൽവേര കൊടുത്തൂവ്വവേര മരമഞ്ഞത്തൊലി തഴുതാമവേര ദേവതാരം കടമ്പിൻതൊലി അത്തിത്തൊലി വെപ്പിൻതൊലി ചിററമൃത ആടലോടത്തിൻവേര കൊത്തമ്പാലയരി അരത്ത ചായർച്ചള്ളിവേര വരട്ടുമഞ്ഞൾ ഇരുവേലി രാമച്ചം ചന്ദനം കറുക കടുക്ക ഇവകൊണ്ട കഷായംവെച്ച നെയ്യ മേപ്പൊടിചേൎത്ത സേവിപ്പിക്ക മണൽവാർപ്പൻ ശമിക്കും.

വൃ— വാതപിത്തവിസൎപ്പോക്തസ്നേഹാസ്സൎവ്വോത്രശസ്യതേ।
സ്നാനാംശുശോതദ്രാചക്ഷ്യമാണയോഗയോരപി॥

വാതപിത്തങ്ങൾ കൊണ്ടുണ്ടാകുന്ന വിസർപ്പങ്ങൾക്ക പറഞ്ഞ തൈലങ്ങൾ തെപ്പിക്ക- അതുകൾക്ക പറഞ്ഞ വെള്ളമുണ്ടാക്കി അതുകൊണ്ടു കുളുപ്പിക്ക- എന്നാൽ മണൽവാർപ്പൻ ശമിക്കും ഇതിന്നു താഴെ പറവാൻ പൊകുന്ന തവളവാർപ്പനും കുതിരവാർപ്പനും മെൽപറഞ്ഞ എണ്ണയും വെള്ളവും തുല്യമാകുന്നു.

## തവളവാർപ്പന്റെ ലക്ഷണം

൨൯൯- അവ്യക്തമണ്ഡലൊ പൈതഃ പ്രായഃ പൂർവ്വോക്തലക്ഷണഃ।
തിക്താസ്യതാ പരിസ്രസ്തനെത്രതാരൊചകാന്വിതഃ॥
൩൦൦- മുഹുസ്സ്വെദൊദകം മുഞ്ചന്മന്ദസ്യൂകജ്വലദുജ്ജ്വലം।
ശൊഫൊഘഗാഢസ്സർവ്വത്ര ദർദ്ദുരഃ പ്രാഗുദാഹൃതഃ॥

മുൻപറഞ്ഞ മണൽവാർപ്പന്റെ ലക്ഷണങ്ങളിൽ വെച്ച രക്തവിന്ദുക്കൾക്ക സ്ഫുടത എന്നത ഒന്നൊഴികെ ശെഷങ്ങളായ ലക്ഷണങ്ങളുടെ തികവൊട്ടും വിശെഷിച്ച വായക്ക കൈപ്പ നെത്രങ്ങൾക്ക ബലഹാനി അരുചി ഇവയൊട്ടും കൂടിയതായ തവളയുടെ ശരീരത്തിങ്കൽനിന്ന ദുർന്നീര കൂടക്കൂടെ ഒഴുകുന്നതുപൊലെ വിയർപ്പുവെള്ളത്തിന്റെ പിന്നെയും പിന്നെയുമുള്ള കനിവൊട്ടുകൂടിയതായി ശരീരത്തിങ്കലെല്ലാടവും ആഴത്തൊടെ വ്യാപിച്ചു കാണപ്പെടുന്ന നീര തവളവാർപ്പനെന്നറിക.

## തവളവാർപ്പന്റെ ചികിത്സാ

(ദാർവ്വീദുരാലഭാദി കഷായം)

൩൦൧- ദാർവ്വീദുരാലഭാസെവ്യഗുളൂചീധന്വികാംബുദൈഃ।
ദ്രാക്ഷാവൃശ്ചീവദെവാഹ്വാവിജയാഭിശ്ച സാധിതഃ॥
൩൦൨- കഷായൊ ദർദ്ദുരം ഹന്തി സിതാഘൃതസമന്വിതഃ।
അഥവാ സസിതാക്ഷൌദ്രജീരകാമലകീരസഃ॥

മരമഞ്ഞൾത്തൊലി കൊടുത്തൂവ്വവെര രാമച്ചം ചിററമൃത കൊത്തമ്പാലയരി മുത്തങ്ങക്കിഴങ്ങ മുന്തിരിങ്ങപ്പഴം തമിഴാമവെര ദെവതാരം കടുക്ക ഇവകൊണ്ട കഷായം വെച്ച പഞ്ചസാര നെയ്യ ഇവയൊ പഞ്ചസാര തെൻ ജീരകം നെല്ലിക്കനീര ഇവയൊ മെമ്പൊടി ചെർത്ത സെവിപ്പിക്ക- തവളവാർപ്പൻ ശമിക്കും.

(പത്മകന്ദാദി കഷായം)

൯൩- പത്മകന്ദവരീലോധ്രദ്രാച്ഛീവൃശ്ചീവതോയദൈഃ।
സമംഗാവൈരിപാഠാഭിശ്ശൃതന്നനവസാധിതം॥
൯൪- നികുംഭാഗ്രമഥവാക്ഷൌദ്രസിതാസർപ്പിർവ്വിമിശ്രിതം।
പായയെദ്രക്താത്തസ്യതദെതൽപരമൌഷധം॥

താമരക്കിഴങ്ങ ശതാവരിക്കിഴങ്ങ പാച്ചോററിത്തൊലി മരമഞ്ഞത്തൊലി തമിഴാമവെര മുത്തങ്ങക്കിഴങ്ങ പറമ്പണ്ടവെര ഏകനായകത്തിൻവെര പാടക്കിഴങ്ങ ചന്ദനം ഇവകൊണ്ടു കഷായംവെച്ചു തെൻ പഞ്ചസാര നെയ്യ ഇവ മെമ്പൊടി വെച്ചു സെവിപ്പിക്ക- തവളവാർപ്പന ഒരംകഷായം പരമൌഷധമാകുന്നു

കുതിരവാർപ്പന്റെ ലക്ഷണം

൯൫- വിദ്യാദ്ദുഷ്ടരവല്ലിംഗൈർഘൊടകഞ്ചാപ്യരാദിഭിഃ।
ഇയാൻവിശെഷൊയസ്തത്രഹരിദപന്നസിരൊദ്ഗമഃ॥

തവളവാർപ്പന്ന പറഞ്ഞ ലക്ഷണങ്ങൾ ഒക്കയും കുതിരവാർപ്പനുമുണ്ടാകും- അത്രയുമല്ല പച്ചനിറത്തിൽ ചില ഞരമ്പുകൾ പൊങ്ങിക്കാണുകയും ചെയ്യും- ഇതല്ലാതെ ഒരു വിശെഷവുമില്ല.

കുതിരവാർപ്പന്റെ ചികിത്സാ

(ശാകവൽക്കാദി കഷായം)

൯൬- ശാകവൽക്കാമൃതാധാത്രീതപശ്ശിക്ഷുരപുനർന്നവൈഃ।
പാശാംശൊപാംഗനാസെവ്യവിശാലാഭിശ്ശൃസാധിതഃ॥
൯൭- ശക്കരാമാക്ഷികൊപെതാനിപീതൊവിനിയച്ഛതി।
സൈകതംദുഷ്ടരംതദ്വൽഘൊടകഞ്ചനസംശയഃ॥

തെക്കിൻതൊലി ചിററമൃത നെല്ലിത്തൊലി വയൽച്ചുള്ളിവെര തമിഴാമവെര ആടലൊടകത്തിൻവെര നന്നാറിക്കിഴങ്ങ രാമച്ചം കാട്ടുവെള്ളരിവെര ഇവകൊണ്ടു കഷായംവെച്ചു പഞ്ചസാര തെൻ ഇവ മെമ്പൊടി വെച്ചു സെവിപ്പിക്ക- മണൽവാർപ്പൻ തവളവാർപ്പൻ കുതിരവാർപ്പൻ ഇവ ശമിക്കും.

(വെതസാമ്ലാദി കഷായം)

൯൮- വെതസാമ്ലനിശാദാരുപുനർന്നവവൃഷെക്ഷുരൈഃ।
രാസ്നാപടൊലക്ഷീരിദ്രുപാഠാന്തീമൂലവല്ലകൈഃ॥
൯൯- ലാജെക്ഷുദാഡിമതപശ്ശിരമൃതാബ്ദഹിമൈരപി।
നിര്യൂഹസ്സാധിതഃക്ഷിപ്രംഘൊടകംവിനിയച്ഛതി॥

ഞെരിഞ്ഞാംപുളിക്കിഴങ്ങ വരട്ടുമഞ്ഞൾ ദേവതാരം തമിഴാമവെര ആടലോടകത്തിൻവെര വയൽച്ചുള്ളിവെര അരത്ത പടൊലം നാല്പാമരത്തിൻതൊലി തെച്ചിവെരുമൽതൊലി ഇവ കൊണ്ടു കഷായം വെച്ച പഞ്ചസാര തെൻ ഇവ മെമ്പൊടി ചെൎത്ത സെവിപ്പിക്ക- കുതിരചാർപ്പൻ ശമിക്കും-

## മുഴചാർപ്പന്റെ ലക്ഷണം

൧൩- കണ്ഠശൈലഃ കഠിനൈന്ദ്യുക്തൊഗന്ധുഭിഃ കഠിനൊദ്ധ
ഢഃ । ഛൎദ്ദ്യരൊചകഹൃല്ലാസശിരശ്ശൂലപ്രസുപ്തികൃൽ ॥
൧൪- ജ്വരനിദ്രാമദാലസ്യഗാത്രഗൌരവസംയുതഃ ।
യസ്സൊഽയം ഘോരശ്യൈത്തെസൗമ്യഗന്ധകഃ പ്രൊക്തദാരുതഃ ॥

ചൊറിച്ചിലൊടുകൂടി കഠിനങ്ങളായ മുഴകളൊടുകൂടി കഠിനമായി ഉറച്ച നില്ക്കുന്നതായി ഛൎദ്ദി അരുചി നെഞ്ചുകലിപ്പ തലയിൽകുത്ത ശരീരത്തിന്ന തരിപ്പ ഇവയെ ഉണ്ടാക്കുന്നതായി പനി അധികമായ ഉറക്കം മദം ആലസ്യം ശരീരത്തിന്ന ഗൌരവമുണ്ടെ ന്നുള്ള തൊന്നുക ഇവയൊടുകൂടി യാതൊരു വീരകാൎണനാഖ്യാ അത മുഴചാർപ്പനാകുന്നു.

## മുഴചാർപ്പന്റെ ചികിത്സ

### (ബലാസപ്തച്ഛദാദി കഷായം)

൧൫- ബലാസപ്തച്ഛദാഭീരുരാസ്നാശല്യാകപല്ലവൈഃ ।
ഏലാശതാഹ്വാവൃശ്ചീവചാരമഞ്ജിരികായുതൈഃ ॥
൧൬- സപടൊലകണാദാരുദ്വൈതച്ഛിഫിതൊമാക്ഷികാന്വി
തഃ । പ്രാതന്നിപീതൊനിഘ്നൊഗന്ധകം വിനിയച്ഛതി ॥

കരിന്തൊട്ടിവെര പാലത്തൊലി ശതാവരിക്കിഴങ്ങ അരത്ത കൊന്നത്തളിര ഏലത്തരി ശതകുപ്പ തമിഴാമവെര വലിയകടലാടിവെര പടൊലം തിപ്പലി അത്തിത്തിപ്പലി ഇവകൊണ്ടു കഷായംവെച്ച തെൻ മെമ്പൊടിചെൎത്ത സെവിപ്പിക്ക- മുഴചാർപ്പൻ ശമിക്കും.

### (ഭൂനിംബവരണാദി കഷായം)

൧൭- ഭൂനിംബവരണാനന്താരാസ്നാമഗധജന്മഭിഃ ।
ശിംശപാസാരവൃശ്ചീവശാരദ്യുരദാരുഭിഃ ॥

൧൩- ശാരിബാവൃഷനിർഗ്ഗുണ്ഡീമൂലമേരണ്ഡവല്ലകൈഃ।
കടുകാരജനീദാൎവ്വീപടോലൈശ്ച ശൃതം ജലം॥
൧൪- പാതവ്യം പ്രബലേ തസ്മിൻ മധുസ്നുഹ്യാ സമന്വിതം।
മധുസ്നുഹീമധൂപേതമഥ വാതന്നിവൃത്തയേ॥

പുത്തരിച്ചുണ്ടവെരിന്മെൽതൊലി നീർമാതളത്തിൻതൊലി കൊട്ടത്തൂവ്വവെര അരത്ത തിപ്പലി ഇരുമുള്ളിൻകാതല തമിഴാമവെര പാലത്തൊലി വയൽചുള്ളിവെര ദെവതാരം നന്നാറിക്കിഴങ്ങ ആടലൊടകത്തിൻവെര കരുതെച്ചിവെര എങ്കനായകത്തിൻ വെരുമ്മൽതൊലി കടുകരൊഹിനി വരട്ടുമഞ്ഞൾ മരമഞ്ഞൾതൊലി പടൊലം ഇവ കൊണ്ടു കഷായം വെച്ചു പാവൊ പാവ തെൻ ഇവയൊ മെമ്പൊടി ചെൎത്തു സെവിപ്പിക്ക കൊടുതായ മുഴവാപ്പൻ ശമിക്കും

൧൫- വാതശ്ലേഷ്മവിസർപ്പോക്താന്യേതാന്യന്നോദകാനി ച।
ശസ്യന്തേത്ര സമസ്താനി തഥാനന്തരയോർദ്വയോഃ॥

വാതശ്ലെഷ്മവിസൎപ്പത്തിന്ന പറകപ്പെട്ട തൈലങ്ങളും വെള്ളവും മുഴവാപ്പന്നും ഇതിന്നുതാഴെ പറവാൻപൊകുന്ന രണ്ടുവിധം വ്യാധികൾക്കും പറ്റുന്നതാകുന്നു.

## ഇരുമുടിവാപ്പന്റെ ലക്ഷണം

൧൬- കംപില്യഫലസംസ്ഥാനൈഃ പാടലൈഃ കഠിനൈൎന്നൃതഃ।
വിസ്ഫോടൈശ്ശൃംഗകംപില്യാൽ ഗന്ധകസ്യാസലക്ഷണഃ॥

കംപിപ്പാലയുടെ കായപൊലെ ഉള്ള ആകൃതിയൊടും കാഠിന്യത്തൊടും കൂടിയ മുഴകളൊടും മുഴകൾ ഒഴിച്ചു ശെഷങ്ങളായ ലക്ഷണങ്ങളെക്കൊണ്ടു മുഴവാപ്പന്റെ സാദൃശ്യത്തൊടും കൂടിയ നീര ഇരുമുടിവാപ്പനെന്നറിക.

## ഇരുമുടിവാപ്പന്റെ ചികിത്സാ

(ജപാനളദാദി കഷായം)

൧൭- ജപാനളദനിൎഗ്ഗുണ്ഡീപടോലചിരബില്വകൈഃ।
ബലാത്രിതയവൃശ്ചീവവിശാലാശാരിബാദ്വയൈഃ॥
൧൮- അമൃതാദാരുകൈരണ്ഡശമ്യാകാരിഷ്ടവല്ലകൈഃ।
ഭൂനിംബചിഞ്ചയാഭ്യാഞ്ച കാഥസ്സ്യാന്മധുയുഗ്ജയേൽ॥

ചെമ്പരത്തിവെര രാമച്ചം കരുനൊച്ചിവെര പതടാലം കഞ്ഞികൊട്ടകത്തിൻവെര മുത്തങ്ങക്കിഴങ്ങ കുറുന്തോട്ടിവെര വെൺകുറുന്തോട്ടിവെര ഊരകത്തിൻവെര തമിഴാമവെര കാട്ടുവെള്ളരിവെര നന്നാറിക്കിഴങ്ങ പാൎവ്വള്ളിക്കിഴങ്ങ ചിററമൃത ദെവതാരം കരിങ്കുറുഞ്ഞിവെര കൊന്നവെരിന്മെൽ തൊലി വെപ്പിൻതൊലി പുത്തരിച്ചുണ്ടവെരിന്മെൽതൊലി കടുക്ക ഇവകൊണ്ടു കഷായം വെച്ച തെൻ മെമ്പൊടി ചെൎത്തു സെവിപ്പിക്ക ഇരുമുടിവാൎപ്പൻ ശമിക്കും.

(വ്യാഘ്രീവിശാലാദി കഷായം)

൬൬൬- വ്യാഘ്രീവിശാലാഭൂനിംബനിംബതാൎഗൃതാഞ്ജനൈഃ॥
ശിംശപാസാരവൃശ്ചീവവിജയാമലകാംബുദൈഃ॥
൬൬൭- ദാൎവ്വീപടോലയഷ്ട്യാഹ്വാവീലാമൂലസുരാഹ്വയൈഃ।
മൂൎവ്വാശതാഹ്വയാഭ്യാഞ്ചസിദ്ധഃകാഥശ്ചതാദൃശഃ॥

കാട്ടുമല്ലിവെര കാട്ടുവെള്ളരിവെര പുത്തരിച്ചുണ്ടവെരിന്മെൽതൊലി വെപ്പിൻതൊലി ചിററമൃത നീൎമരുതിൻതൊലി ഇരുമുള്ളിൻകാതല തമിഴാമവെര കടുക്ക നെല്ലിക്ക മുത്തങ്ങക്കിഴങ്ങ മരമഞ്ഞൾതൊലി പടൊലം ഇരട്ടിമധുരം കുവളത്തിൻവെര ദെവതാരം ചെറുംകുറുംപാവെര ശതകുപ്പ ഇവകൊണ്ടു കഷായംവെച്ച തെൻമെമ്പൊടി ചെൎത്ത സെവിപ്പിച്ച ഇരുമുടിവാൎപ്പൻ ശമിക്കും

ആനവാൎപ്പന്റെ ലക്ഷണം

൬൬൮- അവതാമവിധിനൈനസൎവ്വാംഗീണനാഭ്രയസാ।
ശൊഫനാമല്പകംവിദ്യാദസൌൎക്ലിഷ്ടാനുവൎത്തിനം॥

നീൎവാൎപ്പനും ആനവാൎപ്പനും കാഴ്ചയിൽ തുല്യമായി തൊന്നും എങ്കിലും ആനവാൎപ്പന്റെ നീര അമൎത്താൽ അമരാതെ സൎവ്വാംഗത്തിങ്കലും വ്യാപിച്ച വളരെ വൎദ്ധിച്ചിരിക്കും അതുകൊണ്ട അറിഞ്ഞുകൊൾക

ആനവാൎപ്പന്റെ ചികിത്സാ

(ഇക്ഷുരാമലകാദി കഷായം)

൬൬൯- ഇക്ഷുരാമലകാരിഷ്ടവിരളാവല്ക്കദാരുഭിഃ॥
പഥ്യാവൃശ്ചീവശമ്യാകകടുകാഭിശ്ചസാധിതഃ॥

൬൫- കഷായയോമാക്ഷികോപേതഃപ്രാതഃപീതോനിയച്ഛ
തി। ഉന്നദ്ധശോഫദുഷ്ടപ്രക്ഷാ സർവ്വാംഗീണഞ്ചമല്ലകം॥

വയൽച്ചുള്ളിവേര നെല്ലിക്ക വെപ്പിൻതൊലി കണ്ടകിക്കൊട്ടകത്തിൻവേരുമ്മൽതൊലി ദേവതാരം കടുക്ക തമിഴാമവേര കൊന്നവേരുമ്മൽതൊലി കടുകരോഹിണി ഇവകൊണ്ടു കഷായംവെച്ചു തേൻ മേമ്പൊടിചേർത്തു സേവിപ്പിക്ക ആനവാപ്പുൻശമിക്കും

(ദൂർവ്വാദ്യസ്പൃക്കാദി കഷായം)

൬൬- ദൂർവ്വാദ്യസ്പൃക്കാംഭോദബൃഹതീദ്വയഗോക്ഷുരൈഃ।
പാഠാകരഞ്ജഭൂനിംബനിംബയഷ്ടീപുനർന്നവൈഃ॥
൬൭- അൎക്കാൎക്കരാഗ്നിനിർഗ്ഗുണ്ഡീമധുകൈശ്ശൃതംജലം।
കണാമാക്ഷികസംയുക്തംമല്ലകസ്യമദാപഹം॥

കറുക കൊട്ടത്തൂവ്വവേര മുത്തെങ്ങക്കിഴങ്ങ ചെറുവഴുതിനവേര വെൾവഴുതിനവേര നെരിഞ്ഞിൽ പാടക്കിഴങ്ങ ഉങ്ങിൻതൊലി പുത്തരിച്ചുണ്ടവേരുമ്മൽതൊലി വെപ്പിൻതൊലി കാട്ടുമുല്ലവേര തമിഴാമവേര എരുക്കിൻവേരുമ്മൽതൊലി അക്കാരിതെങ്ങ കരുനൊച്ചിവേര എരട്ടിമധുരം ഇവകൊണ്ടു കഷായംവെച്ചു തേൻ മേമ്പൊടിചേർത്തു സേവിപ്പിക്ക ആനവാപ്പുൻ ശമിക്കും.

ആനവാപ്പുന്റെ ലക്ഷണം

൬൮- ശാലിതണ്ഡുലസംകാശൈശ്ശരരുക്ഷൈരരുണംജലം।
സദ്യോഭിന്നൈരണുദ്വാരൈർവ്വിസൃജന്തമനാരതം॥
൬൯- ത്വഗ്ഭേദദാഹവൈവർണ്ണ്യജ്വരാതിസരതാന്വിതം।
ശോഫംസർവ്വാംഗസംഭൂതംമല്ലകംപരിചക്ഷതേ॥

അരിമണിപ്രമാണങ്ങളായി ചുവന്ന നിറത്തിലുള്ള ഉണ്ണിലകൾ പുറപ്പെട്ടു ഉടനെ പൊട്ടുകയും അതുകളുടെ അതിസൂക്ഷ്മങ്ങളായ ദ്വാരങ്ങളൂടെ ചുവന്ന നീര അകത്തുനിന്ന എല്ലായ്പ്പോഴും ഒഴുകയും താക്കിന്ന ചിലെടത്ത വള്ളൽ ചുട്ടുനീറൽ നിറമാററം പനി അതിസാരം ഇവയും അതുകളൊട്ടുകൂടി സർവ്വാംഗങ്ങളിലും നീരുമായിക്കണ്ടാൽ ആയത ആനവാപ്പെന്നറിക.

ആനവാർപ്പുന്റെ ചികിത്സാ

(അരച്ചു തേപ്പാൻ)

൭൦- തണ്ഡുലീയകമൂലേനസംഹിതാസ്ഥിലകത്വചഃ।
പിഷ്ടാഃപാതങ്കണകത്ഥ്യസ്ഥാഭിരാലേപആർദ്രകേ॥

ചെറുചീരവെര മൈലെള്ളിൻതൊലി ഇവ മൊരിൽ അരച്ചു തെക്കുക- നനവാർപ്പൻ ശമിക്കും.

൧൭൧- അഥവാവെരിമൂലതാഗന്നന്താപല്ലവാംബുഭെഃ।
നീലീമൂലവചായുക്തൈസ്സക്രുപിഷ്ട്വൈർവ്വിലെപനം॥
൧൭൨- ലാക്ഷാവർണ്ണവതീദാന്ദാരുഞ്ജിഷ്ഠാനീപവല്കലൈഃ।
പ്രിയാളുതാഗ്യൈതെയ്യദാമസ്സൂപിഷ്ട്വൈസ്സമാചരെൽ॥

എകനായകത്തിൻവെരുമ്മൽതൊലി കറുകത്തളിര മുത്തെങ്ങക്കിഴങ്ങ അമരിവെര വയമ്പ ഇവ മൊരിലരച്ചു തെക്കയുമാം- അല്ലായെങ്കിൽ കൊലരക്ക നന്നാറിക്കിഴങ്ങ വെള്ളോടതൊലി മഞ്ചട്ടിപ്പൊടി കടമ്പിൻതൊലി മുറമരത്തിൻതൊലി ഇവ തയിർവെള്ളത്തിൽ അരച്ചുതെക്കുക- നനവാർപ്പൻശമിക്കും

൧൭൩.. എതെത്രയൊപിസർവ്വത്രകഥിതാഃക്ഷെഡകാലിഷു।
ശസ്താലെപാഃപ്രയൊക്തവ്യാഏകൊവാതത്രഗൊക്ഷുരഃ।

പറഞ്ഞപ്പെട്ട ലെപനങ്ങൾ മൂന്നും പൊടിവാർപ്പൻ മുതലായതുകൾക്കും പറഞ്ഞവയാകുന്നു- ഞെരിഞ്ഞില ഒന്നുതന്നെ തയിർവെള്ളത്തിൽ അരച്ചുതെച്ചാലും നനവാർപ്പൻ മുതൽ എല്ലാവാർപ്പുരൊഗങ്ങളും ശമിക്കും.

(കുടന്നടമ്പലാമൂലാദി കഷായം)

൧൭൪- കുടന്നടബലാമൂലവൃശ്ചീവസുരദാരുഭിഃ।
തണ്ഡുലീയകസ്സെൽധനികാസൊമവല്ലിഭിഃ॥
൧൭൫- പടൊലഖദിരാരിഷ്ടശാരിബൊഭിസ്സാധിതഃ।
കഷായസ്സർപ്പിഷായുക്തഅർഭകെംവിനിയച്ഛതി॥

പലകപ്പയ്യാനിവെര കുറുന്തൊട്ടിവെര തഴുതാമവെര ദെവതാരം ചെറുചീരവെര കൊട്ടത്തൂവ്വവെര കൊത്തംപാലയരി സൊമവള്ളി പടൊലം കരിങ്ങാലിക്കാതല വെപ്പിൻതൊലി നന്നാറിക്കിഴങ്ങ ഇവകൊണ്ടു കഷായംവച്ചു നെയ്യ മെപ്പൊടിചെർത്തു സെവിപ്പിക്ക- നനവാർപ്പൻ ശമിക്കും

(മൃഗശൃംഗാദി കഷായം)

൧൭൬- മൃഗശൃംഗമധുകതാഗിക്ഷുവിലാപുനർന്നവൈഃ।
പടൊലമുസ്തമുഥതീമൂലകണാഭ്രനിംബതായവൈഃ॥
൧൭൭- പാഠന്തീമുകുളാശാതഥപല്ലവാദ്യൈഞ്ചസാധിതഃ।
നിർയ്യൂഹൊഘൃതസംയുക്തസ്സൊദ്രാഞ്ഞപ്രശമംനയെൽ॥

കലംപൊട്ടി ഇരിപ്പത്തൊലി കരിമ്പ കൂവളത്തിൻവെര തഴുതാമവെര പടൊലം ചെറുവഴുതിനവെര തിപ്പലി പുത്ത

രിച്ചുണ്ടവെരുമ്മൽതൊലി മുത്തങ്ങക്കിഴങ്ങ തെച്ചിമൊട്ട അരയാലിൻതളിര ഇവകൊണ്ടു കഷായംവെച്ചു നെയ്യു മെമ്പൊടി ചെൎത്തു സെവിപ്പിക്ക- നനവാൎപ്പൻ താമസംകൂടാതെ ശമിക്കും

(നിംബാമലകാദികഷായം)

൧൮൭- നിംബാമലകവഷാബ്ദകരഞ്ജകരവീരകൈഃ।
നീലീഗൊപത്മജാവില്വമധുകൈക്ഷുരകൈവരിഭിഃ॥
൧൮൮-സമംഗാരൊഹിണിഭ്യാഞ്ച ഹിതസ്സൎപ്പിഷാന്വിതഃ।
ക്വാഥഗ്രസ്ഥാത്തംഗ്രാഹത്തംഗജംഹരിരിവാവതി॥

വെപ്പിൻതൊലി നെല്ലിക്ക തമിഴാമവെര ഉങ്ങിൻതൊലി അലരിത്തൊലി അമരിവെര നന്നാറിക്കിഴങ്ങ കൂവളത്തിൻവെര എരട്ടിമധുരം വയൽച്ചുള്ളിവെര ഏകനായകത്തിൻവെരുമ്മൽതൊലി പറച്ചുണ്ടവെര കടുകരൊഹിണി ഇവകൊണ്ടു കഷായംവെച്ചു നെയ്യു മെമ്പൊടി ചെൎത്തു സെവിപ്പിക്ക- ഈ കഷായം നനവാൎപ്പന്ന ഏററവും മുഖ്യമാകുന്നു,

പൊടിവാൎപ്പന്റെലക്ഷണം

൧൮൯- കണ്ഡൂലെന്നഖസംശ്ലെഷെകിരൽക്ലിരസ്സരസഃ।
ധൂമ്രാഭൈൎമ്മണ്ഡലൈൎയ്യുക്തശ്ശൊഫഃക്ഷൊദകഉച്യതെ॥

ചൊറിച്ചിലൊടുകൂടിയവയായും ചൊറിയുമ്പൊൾ വെളുത്ത പൊടിയെ ഉതിൎക്കുന്നവയായും കറുപ്പും ചുവപ്പുംകൂടിയ നിറത്തൊടുകൂടിയവയായുമിരിക്കുന്ന മണ്ഡലങ്ങളൊടുകൂടിയ നീരിനെ പൊടിവാൎപ്പന്നെന്നു പറയുന്നു.

പൊടിവാൎപ്പന്റെചികിത്സ

(ബൃഹതീതൊയദാദികഷായം)

൧൯൦- ബൃഹതീതൊയദാരുക്കരിവല്ലീപുനൎന്നവൈഃ।
ദാരുനെവ്യയതീലൊദ്ധ്രശാംബാചൊരചന്ദനൈഃ॥
൧൯൧- അമൃതാവൃഷളസ്പൃക്ചപടൊലൈൎശ്രീയവൈരപി।
കഷായൊവിഹിതസ്സൎപ്പിഷാക്ഷൊദകാൎത്തിഷു॥

ചെറുവഴുതിനവെര മുത്തങ്ങക്കിഴങ്ങ വെളുത്ത എരുക്കിൻവെരുമ്മൽതൊലി കരിക്കൊടിക്കിഴങ്ങ തമിഴാമവെര ഒരവ

താരം രാമച്ചം ശതാവരിക്കിഴങ്ങ പാച്ചോററിത്തൊലി നന്നാറിക്കിഴങ്ങ കച്ചൂരിക്കിഴങ്ങ ചന്ദനം ചിററമൃത ആടലൊടകത്തിൻവെര കൊടുത്തൂവ്വവെര പടൊലം കടകപ്പാലയരി ഇവകൊണ്ടു കഷായംവെച്ച നെയ്യു മെമ്പൊടി ചെൎത്ത സെവിപ്പിക്ക- പൊടിവാൎപ്പൻ ശമിക്കും.

(പാരന്തിമുകുളാദികഷായം)

൧൩൩- പാരന്തിമുകുളാമലാരനിൎഗ്ഗുണ്ഡീവസുകാകക്ഷുരൈഃ।
ദുൎവ്വാവൃശ്ചീവശമ്യാകകടുരോഹിണിദെവദാരുഭിഃ॥
൧൩൪- ഖൈരമൂലതഗരംതോദിവിശാലാഭിശ്ശൃതംജലം।
സിതാമധുഘൃതൊപെതംതസ്യാഹുഃപരമൌഷധം॥

തെച്ചിമൊട്ട അമുക്കുരിവെര കരുനൊച്ചിവെര താൎതാവൽവെര വയൽച്ചുള്ളിവെര പെരുംകുരുമ്പവെര തമിഴാമവെര കൊന്നവെരുമരൽത്തൊലി കടുകരോഹിണി ദെവതാരം ഏലകനായകത്തിൻവെരുമ്മൽതൊലി മുത്തങ്ങക്കിഴങ്ങ കാട്ടുവെള്ളരിവെര ഇവകൊണ്ടു കഷായംവെച്ച പഞ്ചസാര തെൻ നെയ്യു ഇവ മെമ്പൊടിചെൎത്ത സെവിപ്പിക്ക- പൊടിവാൎപ്പൻ ശമിക്കും.

മലൎവാൎപ്പന്റെലക്ഷണം

൧൩൫- വിസ്ഫോടൈരരുണൈശ്ശ്വെതൈസ്തുല്യാജാകൃതിഭിൎവൃതഃ।
ഗണ്ഡാദൌരൊരുവൃക്ഷാംസജംഘാപാദാനസന്ധിഷു॥
൧൩൬- ജ്വരമൂൎച്ഛാതിഹൃല്ലാസസൎവ്വാംഗൈരൊമകസംയുതഃ।
യസ്സ്യാത്സൊഹാദൃശൃതൊവൈദ്യൈർലാജകസ്സചികിത്സകൈഃ॥

ചുവന്നനിറംത്തോടുക്കൂടിയവയായും പഴുപ്പോടുക്കൂടാത്തവയായും മലൎമണിയുടെ ആകൃതിപൊലെഉള്ള ആകൃതിയൊടുക്കൂടിയവയായും ഇരിക്കുന്ന പുളകങ്ങളെകവിൾത്തടങ്ങളിലും വയിററത്തും തുടകളിലും പുറത്തും തൊളുകളിലും മുട്ടിനുതാഴെയും അടികളുടെ സന്ധിസ്ഥാനങ്ങളിലുമുണ്ടാകുന്നതായി പനി തലചെടന നെഞ്ഞുകലിപ്പ ഛൎദ്ദി അരുചി ഇവയൊടുക്കൂടിയതായിരിക്കുന്ന ദീനത്തെ മലൎവാൎപ്പനെന്നറിക.

മലൎവാൎപ്പന്റെചികിത്സാ

(ബലാമഗധജാദികഷായം)

൧൩൭- ബലാമഗധജാമലാരപാരന്തീകുസുമാംബുദൈഃ।
ദാൎവ്വീപടൊലനിൎഗ്ഗുണ്ഡീപാഠെന്ദ്രയവഗൊക്ഷുരൈഃ॥

൬൩൭- വൃശ്ചീവവിജയാഭ്യാഞ്ചവിഷിതാഖ്യതസംയുതഃ।
നിഷ്ക്വാഥോലാജകംഹന്തിതീവ്രംതമജവാസ്മമാ॥
കരിന്തോട്ടിവേര തിപ്പലി അകൊരിവേര തെച്ചിപ്പൂവ്വ മുത്തങ്ങക്കിഴങ്ങ മരമഞ്ഞൾത്തൊലി പടൊലം കരുനൊച്ചിവേര പാടക്കിഴങ്ങ കടകപ്പാലയരി ഞെരിഞ്ഞിൽ തമിഴാമവേര കടുക്ക ഇവകൊണ്ടു കഷായംവെച്ചു നെയ്യുമെമ്പൊടിചെൎത്തു സെവിപ്പിക്ക മലർവാർപ്പുൻ ശമിക്കും.

(ലവലീപല്ലവാദികഷായം)

൬൩൮- ലവലീപല്ലവാശ്വത്ഥവല്ക്കപാഠാമൃതാശൃതഃ।
നിയ്യൂഹാഖ്യതസന്നിശ്രസ്സമാശുവിനിയച്ഛതി॥
വെള്ളിലയുടെ വെള്ളത്തളല അരയാലിൻതൊലി പാടക്കിഴങ്ങ ചിററമൃത ഇവകൊണ്ടു കഷായംവെച്ചു നെയ്യുമെമ്പൊടിചെൎത്തു സെവിപ്പിക്ക മലർവാർപ്പുൻ ശമിക്കും

(മൃണാളവസുകാദിതൈലം)

൬൩൯- മൃണാളവസുകാനന്താഭൃംഗരാജനിശാരസൈ।
കഷ്ഠചാരകയഷ്ട്യാഹ്വവൃശ്ചീപസൂരദാരുഭിഃ॥
൬൪൦- സൊശീരസലിലാംഭോദൈസ്സിദ്ധഃകേരഫലോൽഭവഃ।
തിലജോവാഹിതസ്സൊറത്തർദ്രകാദിഷുത്രിഷു॥
താമരവളയം താർതാവൽ കരക കാഞ്ഞൊണ്ണി പച്ചമഞ്ഞൾ ഇവററിൻനീരിൽ കൊട്ടം കച്ചൊരിക്കിഴങ്ങ ഇരട്ടിമധുരം തമിഴാമവേര ദെവതാരം രാമച്ചം ഇരുവെലി മുത്തങ്ങക്കിഴങ്ങ ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്ത കാച്ചിഅരിച്ചു തെപ്പിക്ക- നനവാർപ്പുനും പൊടിവാർപ്പുനും മലർവാർപ്പുനും ശമിക്കും

(ഉശീരമധുകാദിതൈലം)

൬൪൧- ഉശീരമധുകാംഭോദബലാവിലസുരദ്രുമൈഃ।
സിദ്ധെകഷായെവൃശ്ചീവവാജിഗന്ധാഫലത്രയൈഃ॥
൬൪൨- സൊശീരസലിലാംകൊലമൂലവാരകവന്ദനൈഃ।
വിപക്വൊനാളികെരസ്യസ്സെഹസ്തിലജഏവവാ॥
൬൪൩- ആർദ്രകംക്ഷാരകംസദ്യോലാജകഞ്ചനിയച്ഛതി।
ശിരശ്ശൂലപ്രതിശ്യായകൎണ്ണരൊഗാംശ്ചനാശയെൽ॥

രാമച്ചം ഇരട്ടിമധുരം മുത്തങ്ങക്കിഴങ്ങ കറന്തോട്ടിവെര കൂവളത്തിൻവെര ദെവതാരം ഇവകൊണ്ട കഷായംവെച്ച തഴുതാമവെര അമുക്കുരം ത്രിഫല രാമച്ചം ഇരുവെലി അംകൊലത്തിൻവെര കച്ചൂരിക്കിഴങ്ങ ചന്ദനം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്ത കാച്ചിഅരിച്ച തെപ്പിക്കുക മുൻപറഞ്ഞ വാൎപ്പുകൾ മൂന്നും തലവെദന മൂക്കടപ്പ കണ്ണുരൊഗം ഇവയും ശമിക്കും

## കരിലടിവാൎപ്പന്റെലക്ഷണം

൩൭൪- ചടകാംഘ്രിസമാകാരൈരരുണൈൎല്പകൈൎവൃതഃ।
പൎവ്വശൂലജ്വരശ്വാസസഹിതശ്ചടകൊമതഃ॥

കരിലഎന്നപക്ഷിയുടെ കാലിന്റെ അടിയുടെ ആകൃതിപൊലെ ഇരിക്കുന്ന ആകൃതിയൊടുകൂടി ചുവന്നനിറത്തിൽ ചില അടയാളങ്ങളൊടും സന്ധികളിൽ വെദന പനി എക്കം ഇവയൊടുംകൂടി കാണപ്പെടുന്നതിനെ കരിലടിവാൎപ്പനെന്നറിക.

## കരിലടിവാൎപ്പന്റെചികിത്സാ

### (കകുഭാമലകാദികഷായം)

൩൭൫- കകുഭാമലകാഭല്ലാതകാരിപുനൎന്നവാബലാഭാൎങ്ഗീഭിഃ।
വൃശ്ചീവവിജയാദാരുദ്വസ്പൃശ്വസുകൈക്ഷുരൈഃ॥
൩൭൬- പടൊലകടുകാഭ്യാഞ്ചവിഹിതസ്സിതയായുതഃ।
കഷായശ്ചടകംഹന്തിവികംകതഭൃതൊപിവാ॥

നീൎമരുതിൻതൊലി നെല്ലിക്ക അകൊരിവെര പൂവരശിൻതൊലി കറന്തൊട്ടിവെര ഊരകത്തിൻവെര തഴുതാമവെര കടുക്ക ദെവതാരം കൊടുത്തൂവവെര താൎതാവൽവെര വയൽചുള്ളിവെര പടൊലം കടുകരൊഹിണി ഇവകൊണ്ട കഷായംവെച്ച പഞ്ചസാര മെമ്പൊടിചെൎത്ത സെവിപ്പിക്ക-കരിലടിവാൎപ്പൻ ശമിക്കും വൈയംകതവെര കൊണ്ടുതന്നെ കഷായംവെച്ച പഞ്ചസാര മെമ്പൊടിചെൎത്ത സെവിപ്പിക്ക-കരിലടിവാൎപ്പൻ ശമിക്കും

### (ദൂൎവ്വാഖദിരാദികഷായം)

൩൭൭- ദൂൎവ്വാഖദിരഭൂനിംബവിശാലാവസുകൈക്ഷുരൈഃ।
മുസ്താശല്ലകീവൃശ്ചീവവൃശ്ചികാളീനിശാദ്വയൈഃ॥

൧൪൯. പാഠാവിളുംഗദ്രസ്സശ്ശാരിബാഭിശ്ചസാധിതഃ॥
കഷായസ്സിതാമദ്ധ്വപെതൊനിയമെനനിഹന്തിതം।

കരുക, കരിങ്ങാലിക്കാതല, പുത്തരിച്ചുണ്ടവേരിന്മെൽതൊലി, കാട്ടുവെള്ളരിവേര, താർതാവൽവേര, വയൽചുള്ളിവേര, മുത്തങ്ങക്കിഴങ്ങ, ചിററമൃത, തമിഴാമവേര, തെക്കെടവേര, വരട്ടുമഞ്ഞൾ, മരമഞ്ഞത്തൊലി, പാടക്കിഴങ്ങ, വിഴാലരി, കൊടുത്തൂവ്വവേര, നന്നാറിക്കിഴങ്ങ ഇവകൊണ്ടു കഷായംവെച്ച പഞ്ചസാര തേൻ ഇവ മേപ്പൊടിചേൎത്ത സേവിപ്പിക്ക. കുരിലടിവാപ്പൻ ശമിക്കും നിശ്ചയം.

## സൂചിവാപ്പന്റെ ലക്ഷണം

൧൫൦. സൂച്യഗ്രവദനൈസ്സാന്ദ്രൈഃപ്പിടൈരരുണൈശ്ചിത
തീവ്രജ്വരശിരശ്ശൂലശ്ശോഫസ്സൂചിമുഖൊമതഃ॥

സൂചിയുടെ അഗ്രംപോലെ കൂൎത്ത മുഖത്തോടുകൂടിയ ചുവന്ന ഉണ്ണിലുകളോടും കഠിനമായ പനിയോടും തലവേദനയോടും കൂടിയ നീര സൂചിവാപ്പനെന്നറിക.

## സൂചിവാപ്പന്റെ ചികിത്സാ

### (വടപല്ലവാദി കഷായം)

൧൫൧. വടപല്ലവദെവാഹ്വവൃശ്ചീവബദരെക്ഷുഭിഃ।
വിജയാനക്തമാലത്വഗമൃതാമിസിധാന്യകൈഃ।
൧൫൨. വിലാമൂലകണാഭ്യാഞ്ചവിഹിതസ്സിതയാന്വിതഃ।
* മാക്ഷികെണചസംയുക്തസ്സൂചിമുഖശമാവഹഃ।

പെരാലിൻതളിര, ദേവതാരം, തമിഴാമവേര, ലന്തക്കുരു, കരിമ്പ, കടുക്ക, ഉങ്ങിൻതൊലി, ചിററമൃത, ശതകുപ്പ, കൊത്തമ്പാലയരി, കൂവളത്തിൻവെര, തിപ്പലി, ഇവകൊണ്ടു കഷായംവെച്ച പഞ്ചസാര, തേൻ ഇവ മേപ്പൊടി ചേൎത്ത സേവിപ്പിക്ക. സൂചിവാപ്പൻ ശമിക്കും.

### (ബലാവൃശ്ചീവമൂലാദി കഷായം)

൧൫൩. ബലാവൃശ്ചീവമൂലാബ്ദവികംകതസുരദ്രുമൈഃ।
ഗോക്ഷുരെക്ഷുരവിദൈശ്ചസിദ്ധഃകഷായശ്ചതൽഹ്രണഃ।

കുറുന്തോട്ടിവേര, തമിഴാമവേര, മുത്തങ്ങക്കിഴങ്ങ, വൈയംകതവെര, ദെവതാരം, ഞെരിഞ്ഞില, വയൽചുള്ളിവെര, ച

ക്ക ഇവകൊണ്ടു കഷായംവെച്ച പഞ്ചസാര തെൻ ഇവ മേല്പ്പൊടിചെത്ത സേവിപ്പിക്ക. സൂചിവാപ്പൻ ശമിക്കും.

### എരിവാപ്പൻെറ ലക്ഷണം

൧൭൪. സൂചീമുഖസമൈാലിംഗൈസ്തീവ്രദാഹസമന്വിതഃ॥
ശൊഫസ്ത്വംഗാരകൊജ്ഞെയസ്സദ്ഭസ്സഫതരൊമതഃ॥

സൂചീമുഖത്തിന്ന പറഞ്ഞ ലക്ഷണങ്ങൾ ഒക്കെയും എരിവാപ്പനുമുണ്ടാകും. വിശെഷിച്ച കഠിനമായ ചുട്ടുനീറലുമുണ്ടാകും എരിവാപ്പനെ ചിലർ അഗ്നിവാപ്പനെന്ന പറയുന്നു.

### എരിവാപ്പൻെറ ചികിത്സാ

### (ചന്ദനാദി കഷായം)

൧൭൫. ചന്ദനൊദുംബരാഭീരുഗുളൂചീസൊമവല്ലിഭിഃ॥
വൃശ്ചീവദാരുദ്ദസ്പശ്പഥ്യാഭിശ്ചശൃതംജലം।
൧൭൬. സിതാമധുഘൃതൊപെതമംഗാരകശമാവഹം।
ശാരിബാചന്ദനൊശീരവരീകണൈരഥാപിവാ॥

ചന്ദനം, അത്തിത്തൊലി, ശതാവരിക്കിഴങ്ങ, ചിററമൃത, സോമവള്ളി, തമിഴാമവെര, ദേവതാരം, കൊട്ടത്തൂവ്വവേര, കടുക്ക, ഇവകൊണ്ടു കഷായംവെച്ച പഞ്ചസാര, തെൻ, നെയ്യ ഇവ മേല്പ്പൊടിചേത്ത സേവിപ്പിക്ക. എരിവാപ്പൻ ശമിക്കും. അല്ലാഎങ്കിൽ നന്നാറിക്കിഴങ്ങ, ചന്ദനം, രാമച്ചം, ശതാവരിക്കിഴങ്ങ, ഇവകൊണ്ടു കഷായം വെച്ച പഞ്ചസാര, തെൻ, നെയ്യ ഇവ മേല്പ്പൊടിചേത്ത സേവിപ്പിക്ക. എന്നാലും ശമിക്കും.

൧൭൭. അമൃതാതൈലമത്രെഷ്ടംസവ്വത്രചടകാദിഷു॥
ക്ഷീരിവല്ല്യാദിതൈലഞ്ചമൂദ്ധ്നൊംഗസ്യചലെപനെ॥

കുരിലടിവാപ്പനും സൂചിവാപ്പനും എരിവാപ്പനും അമൃതാതൈലം പററുന്നതാകുന്നു. മെലെക്കക്ഷീരിവല്ല്യാദിതൈലം പററുന്നതാകുന്നു.

### ചരൽവാപ്പൻെറ ലക്ഷണം

൧൭൮. കൊലപ്രമാണൈർവ്വിസ്ഫൊടൈഃ കഠിനൈരന്വിതൊഗുരുഃ। ജംഘായാംജായതെയസ്തംഗ്രാവകാഖ്യംപ്രചക്ഷതെ।

ലന്തക്കുരുപ്രമാണങ്ങളായി കഠിനങ്ങളായിരിക്കുന്ന പുളകങ്ങളോടുകൂടെ കനത്ത കാലിന്റെ മുട്ടിങ്കൽനിന്ന താഴെ ഉണ്ടാകുന്നതിനെ ചരൽവാപ്പനെന്നറിക.

ചരൽവാപ്പന്റെ ചികിത്സാ
(മുസ്താഗുളൂച്യാദി കഷായം)

൧൫൯. മുസ്താഗുളൂചീദുസ്പർശധനികാനിംബചന്ദനൈഃ। സപടോലൈഃകൃതഃകഃാഥൊഗ്രാവകംസകണൊജയെൽ॥

മുത്തെങ്ങക്കിഴങ്ങ ചിററമൃത, കൊടുത്തൂവ്വവേര,കൊത്തമ്പാലയരി, വേപ്പിൻതൊലി, ചന്ദനം, പടോലം ഇവകൊണ്ടു കഷായംവച്ച തിപ്പലി മേപ്പൊടിചേൎത്ത സേവിപ്പിക്ക. ചരൽവാപ്പൻ ശമിക്കും.

(യൂഥീസഹചരാദി കഷായം)

൧൬൦. യൂഥീസഹചരാരിഷ്ടഗുളൂചീഗൊക്ഷുരെക്ഷുരൈഃ
സവൃശ്ചീവജയാദാരുവൃഷമൂലൈഃകൃതൊപിവാ॥

കാട്ടുമല്ലവേര, കരിംകുറിഞ്ഞിവേര, വേപ്പിൻതൊലി, ചിററമൃത, ഞെരിഞ്ഞില, വയൽച്ചുള്ളിവേര, തമിഴാമവേര, കടുക്ക, ദേവതാരം, ആടലോടകത്തിൻവേര ഇവകൊണ്ടകഷായം വച്ച തിപ്പലി മേപ്പൊടിചേൎത്ത സേവിപ്പിക്ക. ചരൽവാപ്പൻ ശമിക്കും.

(ബലായൂഥ്യാദി തൈലം)

൧൬൧. ബലായൂഥ്യമൃതാവിലപനിഷ്ക്വാഥൈഃപിഷ്ടകല്കിതൈഃ।
ത്രിഫലാകുഷ്ഠയഷ്ട്യാഹ്വസലിലൊശീരചന്ദനൈഃ॥

൧൬൨. സമഞ്ജിഷ്ഠാനതൈസ്സിദ്ധസ്നേഹഃകെരഫലൊത്ഭവഃ।
തിലജൊവാഹിതൊഭ്യംഗെതസ്യസ്യാൽ സാഷ്ടവല്കജഃ॥

കുറുന്തോട്ടിവേര, കാട്ടുമല്ലവേര, ചിററമൃത, കുവളത്തിൻവേര ഇവകൊണ്ടു കഷായംവച്ച ത്രിഫല, കൊട്ടം, ഇരട്ടിമധുരം ഇരുവേലി, രാമച്ചം, ചന്ദനം, മഞ്ചട്ടിപ്പൊടി, തകരം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയോ എണ്ണയൊ ചേൎത്ത കാച്ചിയരിച്ച തേപ്പിക്ക. മേൽ അഷ്ടവല്കതൈലം തേപ്പിക്ക. ചരൽവാപ്പൻ ശമിക്കും.

## മീനടിവാപ്പന്റെ ലക്ഷണം

൧൩൩. മത്സ്യാംഘ്രിസന്നിഭൈസ്താമ്രൈഃപ്ലക്ഷ്മഭിസ്താധികസ്പൃതൈഃ। ജ്വരാതിസാരതൃഷ്ണാഭിസ്സഹിതോമത്സ്യകോമതഃ॥

മത്സ്യത്തിന്റെ കാലുപോലെ ഇരിക്കുന്ന ആകൃതിയോടുകൂടിയ ചുവപ്പുനിറങ്ങൾ നല്ലവണ്ണം വ്യക്തങ്ങളായാവാതെ കാങ്കെയും അതോടുകൂടെ പനി, അതിസാരം, തണ്ണീർദാഹം ഇവ ഉണ്ടാകയും ചെയ്താൽ ആയത മീനടിവാപ്പനെന്നറിക. ചിലർ അതിനെ പോക്കവാപ്പനെന്ന പറയുന്നു.

## മീനടിവാപ്പന്റെ ചികിത്സാ

### (അഭയാരിഷ്ടാദികഷായം)

൧൩൪. അഭയാരിഷ്ടവൃശ്ചീവപികംകതസുരദ്രുമൈഃ। വൈരിമൂലകദംബത്വഗക്കരാഫലനെക്ഷുരൈഃ॥

൧൩൫. ജംബൂദ്വയവിശാലാംബുനളദാഭീരുഗൊക്ഷുരൈഃ। രാസ്നാപടൊലപത്രൈശ്ചവിഹിതൊമാക്ഷികാന്വിതഃ॥

൧൩൬. കഷായൊവിനിഹന്ത്യാശുപീതസ്ശർക്കരയാപിവാ। ശക്കരാമാക്ഷികാഭ്യാംവാസഹിതൊമത്സ്യകാമയം॥

കടുക്ക വേപ്പിൻതൊലി, തമിഴാമവേര, വൈയംകതവേര ദേവതാരം, ഏകനായകത്തിൻവേരുമ്മൽതൊലി, കടമ്പിൻതൊലി, അക്കാരിത്തെങ്ങ, മുത്തെങ്ങക്കിഴങ്ങ, വയൽച്ചുള്ളിവേര ഞാവൽതൊലി, ഞാറവേരുമ്മൽതൊലി, കാട്ടുവെള്ളരിവേര, ഇരുവേലി, രാമച്ചം, ശതാവരിക്കിഴങ്ങ, ഞെരിഞ്ഞില, അരത്ത പടോലം, പച്ചില ഇവകൊണ്ടു കഷായംവച്ച തേനൊ പഞ്ചസാരയൊ പഞ്ചസാര, തേൻ ഇവയൊ മേമ്പൊടിചേൎത്തസേവിപ്പിക്ക. മീനടിവാപ്പൻ ശമിക്കും.

### (പ്രിയാളമജ്ജാദി കഷായം)

൧൩൭. പ്രിയാളമജ്ജാനിംബത്വഗമൃതെക്ഷുരഗൊക്ഷുരൈഃ। വജ്രവല്ലീനിശാദ്വന്ദ്വകരഞ്ജകരവീരകൈഃ।

൧൩൮. കൊശാതകീബലാദ്വന്ദ്വധാന്യകൈശ്ചകൃതൊപിവാ। തഥാപീതഃകഷായസ്തംസപ്താഹെനവിനാശയേൽ॥

മൂറമരത്തിൻകായയുടെ പരിപ്പ വേപ്പിൻതൊലി, ചിററമൃത, വയൽച്ചുള്ളിവേര, ഞെരിഞ്ഞിൽ, ചങ്ങലംപരണ്ട, വരട്ടുമഞ്ഞ ൾ, മരമഞ്ഞതൊലി, ഉങ്ങിൻതൊലി, അലരിത്തൊലി, പുട്ടൽ പീരകത്തിൻവേര, ചെറുപീരകത്തിൻവേര, കുരുന്തോട്ടിവേര, ഉഴരകത്തിൻവേര, കൊത്തമ്പാലയരി ഇവകൊണ്ടു കഷായം വച്ചു പഞ്ചസാരയൊ തേനൊ പഞ്ചസാര, തേൻ ഇവയൊമേ പ്പൊടിചേൎത്തു സേവിപ്പിക്ക. മീനടിവാപ്പുൻ ശമിക്കും.

൬൩൯. ബലായുഗ്ധ്യാദിസംസിദ്ധസ്നേഹൊത്രാപിചശസ്യ തെ। അഷ്ടവല്ലൂാഥായശ്ചാപിവരണാദികൃതൊപിവാ॥

ബലായുഗ്ധ്യാദിതൈലവും അഷ്ടവല്ലൂതൈലവും വരണാദി തൈലവും തേപ്പിക്ക. മീനടിവാപ്പുൻ ശമിക്കും.

## പൊളുവാപ്പുൻെറ ലക്ഷണം

൬൪൦. തീവ്രപാകൈൎമ്മുഖൈനിമ്നൈൎവ്വിസ്പോടൈൎമ്മൃദുഭിൎവ്വൃതഃ സൎവ്വാംഗീണൊമഹാഞ്ഞെരാഫൊവെദ്ധ്യാഗൊളുസമാഹ്വയഃ॥

കഠിനമായപഴുപ്പൊടും മുഖത്തിങ്കൽതാഴ്ചയോടുംകൂടിമൃദുക്ക ളായിരിക്കുന്ന പുളുകങ്ങളോടുകൂടെ ഏററവും വദ്ധിച്ചു കാണു ന്നനീര പൊളുവാപ്പുനെന്നറിക.

## പൊളുവാപ്പുൻെറ ചികിത്സാ

### (വാശാനിദിശ്ധികാദി കഷായം)

൬൪൧. വാശാനിദിശ്ധികാനിംബസുരദ്രുമഫലത്രയൈഃ। കൃതഃകഷായൊമധ്വാഢ്യൊഗൊളുമാശ്രുനിയച്ഛതി॥

ആടലോടത്തിൻവേര, ചെറുവഴുതിനവേര, വെപ്പിൻ തൊലി, ദേവതാരം, ത്രിഫല ഇവകൊണ്ടു കഷായം വച്ചു തേൻ മേപ്പൊടി ചേൎത്തു സേവിപ്പിക്ക. പൊളുവാപ്പുൻ ശ മിക്കും.

൬൪൨. സിദ്ധഃപ്രിയാളുമജ്ജാദ്യൈൎന്നിഷ്ക്വാഥൊത്രാപിശസ്യ തെ। ബലായുഗ്ധ്യാദിഭിസ്സിദ്ധസ്നേഹശ്ചാപ്യഷ്ടവല്ലൂജഃ॥

പ്രിയാളുമജ്ജാദി കഷായവും ബലായുഗ്ധ്യാദി തൈലവുംഅ ഷ്ടവല്ലൂതൈലവും പൊളുവാപ്പുന പററുന്നതാകുന്നു.

൬൪൩. തിലകത്വഗ് ബലാനീലീമധുകാമലകൈശ്ശൃതം॥ സ്നാനായശസ്യതെചാംഭസ്സകലെഷ്വാൎദ്രകാദിഷു॥

മൈലെള്ളിൻതൊലി, കുറുന്തോട്ടിവേര, അമരിവേര, എരട്ടിമധുരം നെല്ലിക്ക ഇവയിട്ട വെള്ളംവച്ച അതിൽ കുളിപ്പിക്ക. നനവാപ്പുമുതലായ ഒമ്പതുകൾക്കും നല്ലതാകുന്നു.

൧൮. രക്താനവസ്ഥാഭെദാനാംലക്ഷണഞ്ചചികിത്സിതം।
സംക്ഷിപ്യാത്രൊക്തമേവംഹിജ്ഞെയൊന്യെഭ്യസ്തുവിസ്തരഃ॥

രക്താനവസ്ഥകൊണ്ടുണ്ടാകുന്ന വ്യാധികളുടെ ലക്ഷണവും ചികിത്സയും ഇപ്രകാരം സംക്ഷേപിച്ച ഇതിൽ പറകപ്പെട്ടു വിസ്തരത്തെ ഗ്രഹിക്കെണമെന്ന താൽപര്യമുള്ളവര ഇതരഗ്രന്ഥങ്ങളിൽനിന്ന അറിഞ്ഞുകൊൾകയും വേണം.

ഇതി വാഗ്ദാസൊപനാമ കരാമാനന്ദനാഥപണ്ഡിത
പാരശവെന്ദ്രകൃതാ വാരൊഗ്യകല്പദ്രുമെ ബാലചി
കിത്സായാം മഷ്ടാദശസ്തബകൊ നാമാഷ്ടാ
ദശൊദ്ധ്യായഃ

---

ആരോഗ്യകല്പദ്രുമെ ബാല ചികിത്സായാം
എകൊനവിംശദ്ധ്യായപ്രാരംഭഃ

---

കുണ്ഡാലക ലക്ഷണം

൧. രക്തമാംസാശ്രയഃപൂർവ്വമൽപദൃഗ്രന്ഥിസന്നിഭഃ।
തുംഗഃകാലെനപകചശ്ചകുണ്ഡവദ്യാതിനിമ്നതാം।

൨. കുണ്ഡാലകാഖ്യൊവിജ്ഞെയസ്സവികാരഃകചചിൽഭവെൽ।
എകാകീസ്യാൽസജാതീയൈരഥവാപരിതൊപിച॥

രക്തത്തെയും മാംസത്തെയുമാശ്രയിച്ച മുമ്പെ പുപ്പെട്ട മുഴപൊലെ പൊങ്ങി കാലംകൊണ്ട പഴുത്ത പൊട്ടി കുണ്ഡമെന്നപോലെ നടുകൊണ്ട താഴ്ചയെ പ്രാപിച്ചകാണപ്പെടുന്നരൊഗത്തിന്ന കുണ്ഡാലകമെന്ന പെരാകുന്നു. ആയത ശരീരത്തിങ്കൽ ഒരെടത്തുഒന്നുതന്നെ ആയിട്ടും ചുററും ചിലസാഹായങ്ങളൊടുകൂടിയതായിട്ടും ശരീരത്തിങ്കൽ എല്ലാടവുമായിട്ടും ഉണ്ടാകയും ചെയ്യും.

൩. വാതപിത്തകഫൈസ്സൃധാസഭവെദ്വാതഹെതുകഃ।
കൃഷ്ണസ്സൊദജ്വരാദ്ധ്യശ്ചസദാഹഃപിത്തഹെതുകഃ॥

൮. രക്തസ്രാവാശുപാകീചസസ്നേഹഃകഫഹേതുകഃ।
യുക്താസ്സ്തിമിത്യകണ്ഡൂതിഗൌരവൈവെശ്വസദൃശ്യതെ॥

വാതംനിമിത്തമായിട്ടും പിത്തംനിമിത്തമായിട്ടുംകഫംനിമിത്തമായിട്ടും ഉണ്ടാകുന്നതാകയാൽ കുണ്ഡാലകം മൂന്നുവിധത്തിലാകുന്നു വാതംനിമിത്തമായി ഉണ്ടാകുന്നത കറുത്തിരിക്കും. കുത്തലും പനിയുമുണ്ടാകും. പിത്തംനിമിത്തമായി ഉണ്ടായതചുട്ടുനീറലോടുകൂടിയിരിക്കും. ചോര ഒഴുകുകയും വേഗത്തിൽ പഴുക്കുകയും ചെയ്യും. കഫം നിമിത്തമായി ഉണ്ടായത സ്നിഗ്ദ്ധതയോടും ഉറപ്പോടും ചൊറിച്ചിലോടും കനത്തോടും കൂടിയിരിക്കും. ഇങ്ങിനെ കണ്ടുവരുന്നു.

കുണ്ഡാലക ചികിത്സാ

൯. ആദാവെവപ്രതീകാരംകുൎവ്വീതാതിപ്രയത്നതഃ।
കുണ്ഡാലകെഷുസൎവ്വേഷുപ്രവൃദ്ധാസ്തെഹിദുസ്തരാഃ॥

കുണ്ഡാലകങ്ങൾ ഉണ്ടായാൽ ഉടനെതന്നെ ചികിത്സകളെ ചെയ്യണം. അതുകൾ വൎദ്ധിച്ചാൽ ശമിപ്പാൻപ്രയാസമാകുന്നു.

(അരച്ചുതേപ്പാൻ)

൧൦. പുഷ്പാശചത്ഥതചഃപിഷ്ടചാതക്രെണപരിലെപനം।
കുൎയ്യാദുൽപന്നമാത്രെഷുതെഷുകിംശുകചൎമ്മവാ॥

പൂവരശിൻതൊലിയൊ കരുമുരുക്കിൻതൊലിയൊ മോരിലരച്ചു കുണ്ഡാലകങ്ങൾ ഉണ്ടായ ഉടനെ പുരട്ടുക.

(വാതകുണ്ഡാലകത്തിന്ന ബലാതുരുവകാസ്ഥ്യാദി കഷായം)

൧൧. ബലാതുരുവകാസ്ഥ്യശചമാരഹെപൂരവല്ക്കലൈഃ।
കഷായഃകൈശികാചൂൎണ്ണസഹിതസ്തംനിയച്ഛതി॥

കുറുന്തോട്ടിവേര, നീരട്ടിക്കുരു, അലരിത്തൊലി, പൂവ്വരശിൻതൊലി, ഇവകൊണ്ടു കഷായംവെച്ച മാശിക്ക മെഴുപ്പൊടി ചേൎത്ത സേവിപ്പിക്ക. വാതകുണ്ഡാലകം ശമിക്കും.

൧൨. വാതജംനിംബഭ്രനിംബബലാമധുകദാരുഭിഃ।
ധൂളീപിപ്പലവല്ക്കൈൎവ്വാശൃതഃപീതസ്തഥാപ്രഗെ॥

അല്ലാഎങ്കിൽ വേപ്പിൻതൊലി, പുത്തരിച്ചുണ്ടവേരിന്മെൽതൊലി, കുറുന്തോട്ടിവേര, ഇരട്ടിമധുരം, ദേവതാരം, പൂവ്വരശിൻതൊലി, ഇവകൊണ്ടു കഷായം വെച്ച മാശിക്ക മേപ്പൊ

ടി ചേൎത്ത രാവിലെ സേവിപ്പിക്ക. വാതകുണ്ഡാലകം ശമിക്കും.

(പിത്തകുണ്ഡാലകത്തിന്ന പത്മകന്ദാദി കഷായം)

൯. പത്മകന്ദാമൃതാസേവ്യമുസ്താത്രുരുവകാസ്ഥിഭിഃ।
സപൎപ്പടൈഃകൃതഃകഷായഃപിത്തജഞ്ചമധൂക്ഷിതഃ॥

താമരക്കിഴങ്ങ, ചിററമൃത, രാമച്ചം, മുത്തങ്ങക്കിഴങ്ങ, നീരട്ടിക്കരു, പൎപ്പടകം ഇവകൊണ്ടു കഷായംവച്ച തേൻ മേപ്പൊടി ചേൎത്ത സേവിപ്പിക്ക. പിത്തകുണ്ഡാലകം ശമിക്കും.

(പടൊലദ്രുവ്വാദി കഷായം)

൧൦. പടൊലദ്രുവ്വാശാലൂകവിസകിഞ്ജല്കയഷ്ടിഭിഃ।
പുഷ്പാശപാത്ഥസ്യപഞ്ചാംഗൈരപിസിദ്ധശ്ചതാദൃശഃ

പടോലം, കറുക, താമരക്കിഴങ്ങ, നൈതൽക്കിഴങ്ങ, ആമ്പൽക്കിഴങ്ങ, ചെങ്ങഴിനീർക്കിഴങ്ങ, താമരവളയം, താമരയല്ലി, ഇരട്ടിമധുരം, പൂവ്വരശിൻവെര, പൂവ്വരശിൻതൊലി, പൂവരശിൻക്കുമ്പ, പൂവരശിൻപൂവ, പൂവരശിൻകായ, ഇവകൊണ്ടു കഷായംവെച്ച തെൻ മേപ്പൊടി ചേൎത്ത സേവിപ്പിക്ക. പിത്തകുണ്ഡാലകം ശമിക്കും.

(കഫകുണ്ഡാലകത്തിന്ന വാശാപടൊലവല്ല്യാദി കഷായം)

൧൧. വാശാപടൊലവല്ല്യബ്ദധൂളീപിപ്പലവല്കലൈഃ।
സാധിതൊമധുസംയുക്തഃകഫകുണ്ഡാലകംജയെൽ॥

ആടലോടത്തിൻവേര, പടോലവള്ളി, മുത്തങ്ങക്കിഴങ്ങ, പൂവ്വരശിൻതൊലി ഇവകൊണ്ടു കഷായംവച്ച തേൻ മേപ്പൊടിചെൎത്ത സേവിപ്പിക്ക. കഫകുണ്ഡാലകം ശമിക്കും.

(വൃഷാമലകാദി കഷായം)

൧൨. വൃഷാമലകനിൎഗ്ഗുണ്ഡീപത്മകെസരസംയുതൈഃ॥
പുഷ്പാശപാത്ഥസ്യപഞ്ചാംഗൈസ്സിദ്ധഃകഷായശ്ചതാദൃശഃ॥

ആടലോടത്തിൻവേര, നെല്ലിക്ക, കരുനൊച്ചിവേര, താമരയല്ലി, പൂവരശിൻപഞ്ചാംഗം, ഇവകൊണ്ടു കഷായംവെച്ച തേൻ മേപ്പൊടി ചേൎത്ത സേവിപ്പിക്ക. കഫകുണ്ഡാലകം ശമിക്കും.

## കുണ്ഡാലകസാമാന്യ ചികിത്സാ

### (ഫൈപ്പൂരപഞ്ചാംഗഘൃതം)

൰൩. കഷായൈഃ ഫൈപ്പൂരപഞ്ചാംഗനിർമ്മിതൈഃ പരികല്പിതൈഃ ।
ഫൈപ്പൂരപുഷ്പൈസ്സർപ്പിസ്തമശേഷംവിനിയച്ഛതി॥
൰൪. തൈലംവാകേരസർപ്പിർവ്വാതദ്വൽസിദ്ധംചതൽഗ്ഗുണം ।
പാനലേപനയോസ്സർപ്പിസ്തൈലംതേഷുചലേപനേ ॥

പൂവരശിൻപഞ്ചാംഗംകൊണ്ടു കഷായം വെച്ച പൂവരശിൻ പൂവ അരച്ചുകലക്കി നെയ്യോഎണ്ണയൊ വെളിച്ചെണ്ണയൊ കാച്ചി അതുകളെ ഉപയോഗിപ്പിക്ക. കുണ്ഡാലകങ്ങളൊക്ക ശമിക്കും നെയ്യ സേവിപ്പിക്കയും പുരട്ടുകയുമാം. വെളിച്ചെണ്ണയുമപ്രകാരംതന്നെ എണ്ണ പുരട്ടുക. സേവിപ്പിക്കരുതു.

### (പഞ്ചവല്ക്കതൈലം)

൰൫. ഖദിരാരിഷ്ടഫൈപ്പൂരദാർവ്വീതുരുവകാജിനൈഃ ।
കിംശുകസ്വരസേസിദ്ധസ്നേഹഃകേരഫലോൽഭവഃ॥
൰൬. തിലജോവാപ്രിയാളദ്രുഫലജോവാനിഹന്തിതാൻ ।
അത്രാപിതിലജോഭ്യംഗേഹാനേന്ത്യ്ഇതരൊദ്വയോഃ॥

കരിങ്ങാലിത്തൊലി, വേപ്പിൻതൊലി, പൂവരശിൻതൊലി, മരമഞ്ഞത്തൊലി, നീരട്ടിത്തൊലി, ഇവ കരുമുരുക്കില നീരിൽ അരച്ചു കലക്കി വെളിച്ചെണ്ണയൊ എണ്ണയൊ മുറ എണ്ണയൊ ചേൎത്ത കാച്ചി അരിച്ചു ഉപയോഗിപ്പിക്ക. കുണ്ഡാലകങ്ങൾ ശമിക്കും. എണ്ണതേപ്പിക്ക. മുറഎണ്ണ സേവിപ്പിക്ക. വെളിച്ചെണ്ണ സേവിപ്പിക്കയും തേപ്പിക്കയുംചെയ്ക. ഇങ്ങിനെ അതിൻെറ ക്രമമാകുന്നു.

### (പത്മപത്രാദി തൈലം)

൰൭. പത്മപത്രരസേസിദ്ധോയഷ്ട്യാഹ്വേനതിലോൽഭവഃ ॥
സ്നേഹഃകേരോൽഭവോയദ്വാകുണ്ഡാലകവിനാശനഃ॥

താമരയിലനീരിൽ ഇരട്ടിമധുരം അരച്ചുകലക്കി എണ്ണയൊ വെളിച്ചെണ്ണയൊ ചേൎത്ത കാച്ചിപുരട്ടുക. കുണ്ഡാലകങ്ങൾ ശമിക്കും.

### (ഭസ്മപ്രയോഗങ്ങൾ.

൰൮. കദളീപത്രജംഭസ്മതൈലേനസഹലേപയേൽ ।
ഉന്മത്തസ്യഹരിദ്രായസ്തദ്വാതേഷാംപ്രശാന്തയേ॥

കദളിവാഴയുടെ ഇലയൊ ഉമ്മത്തൊ വരട്ടുമഞ്ഞളൊ ഭസ്മമാക്കി അതുകളിൽ ഏതെങ്കിലും ഒന്ന എണ്ണചെൎത്ത പുരട്ടുക. കുണ്ഡാലകങ്ങൾ ശമിക്കും.

ജഠരവ്രണ ലക്ഷണം

൯൯. ജിഹ്വാവൈവൎണ്ണ്യമാലക്ഷ്യരൊദനഞ്ചനിരന്തരം।
സുതരാമുദരസ്സ്വശ്ശ്വരിതാഭസിരാന്വിതം॥

൱. ഉദരഞ്ചസദാസ്തബ്ധമതിസാരഞ്ചസജ്വരം॥
ജഠരാന്തർവ്രണാൻവിദ്യാൽബാലകസ്യചികിത്സകഃ

നാവിന്ന വൈപ്പ, എല്ലാസമയവും കരച്ചിൽ, വയറ തൊട്ടാൽ അധികമായ കരച്ചിൽ, വയററത്തു പച്ച ഞരമ്പുകൾ വ്യക്തമായി കാണ്ക, വയററിന്ന സ്തംഭനം, അതിസാരം, പനി ഇവ കണ്ടാൽ വൈദ്യർ വയററിന്റെ അകത്ത വൃണങ്ങളുണ്ടെന്നു ഊഹിച്ച ചികിത്സിക്കുക.

ജഠരവ്രണ ചികിത്സാ

(ധാത്ര്യാദി കഷായം)

൱൧. ധാത്രീപാരന്തികാമൂലവല്ക്കൂദസ്സ്വശ്ദിപ്യകൈഃ।
സജീരകദ്വയൈഃകഥാഥസ്സുതക്രൊജഠരവ്രണം॥

൱൨. സാധിതഃകൈശികീചൂൎണ്ണസംഹിതൊവിനിയച്ഛതി।
നിംബമുണ്ഡാജമൊജൈർവ്വാതഥാസിദ്ധഥാവിധഃ

നെല്ലിക്ക, തെച്ചിവെരുമ്മൽതൊലി, കൊടുത്തൂവ്വവേര, അയമോതകം, ജീരകം, കരിഞ്ചീരകം ഇവകൊണ്ട മോർക്കട്ടി കഷായംവച്ച മാശിക്ക മേപ്പൊടി ചേൎത്ത സേവിപ്പിക്ക. ജഠരവ്വണം ശമിക്കും. അല്ലായെങ്കിൽ വേപ്പിൻതൊലി, മുത്തിള, അയമോതകം ഇവകൊണ്ട മേൽപ്രകാരം കഷായംവച്ച മാശിക്ക മേപ്പൊടി ചേൎത്ത സേവിപ്പിക്ക ജഠരവ്രണം ശമിക്കും.

(മുണ്ഡാദി ഗുളിക.)

൱൩. മുണ്ഡാപാരന്തികാമൂലവിരളാമൂലവല്ക്കലൈഃ।
നിശാജീരകചാരങ്ങ്ഗരീപത്രൈശ്ചതുളസീരസെ॥

൱൪. പിഷ്ട്വൈഷ്ക്ഷുദ്രശൊബീജൈസ്സമ്മിതാഗുളികാഃകൃതാഃ।
ഛായാവിശുഷ്കാസ്തക്രെണപീതാഃകുക്ഷിവൃണാപഹാഃ॥

മുത്തിള, തെച്ചിവേരുമ്മൽതൊലി, കഞ്ഞികൊട്ടകത്തിൻവേരുമ്മൽതൊലി, വരട്ടുമഞ്ഞൾ, ജീരകം, പൂവ്വിയാരില ഇവ തുളസിനീരിൽഅരച്ച കഴഞ്ചിക്കുരുപ്രമാണം ഗുളിക ഉരുട്ടിനിഴലിലുണക്കി മോരിൽ സേവിപ്പിക്ക. ജ്വരവ്രണം ശമിക്കും.

(കുഠളീ പുഷ്പാദിഘൃതം)

൨൪. കുഠളീപുഷ്പസംഭൃതെരസെയഷ്ട്യാഹ്വസംയുതം ।
ജീരകംകല്ക്കമാധായപകപംസപ്പിശ്ചതദ്ധിതം॥

തെങ്ങിൻപൂക്കുലനീരിൽ ഇരട്ടിമധുരം, ജീരകം ഇവ അരച്ചുകലക്കി നെയ്യുചേൎത്ത കാച്ചിയരിച്ച സെവിപ്പിക്ക. ജ്വരവ്രണം ശമിക്കും.

(വിരളാപത്രാദി തൈലം)

൨൫. വിരളാപത്രമാതംഗപടികാകെരചൎമ്മണാം॥
സ്വരസെചാദ്രിമട്ടിന്യാഃകൈശികീകുഷ്ഠജീരകൈഃ॥

൨൬. കല്ക്കിതൈന്നാളികെരാംബുസമംഭതൈലാവിപാചിതഃ ।
നാളികേരൊൽഭവസ്നേഹഃപീതസ്സംവിനിയച്ഛതി ॥

കഞ്ഞിക്കൊട്ടകത്തില, ആനടിയൻ, ഇളനീരിൻചകിരി, മലയമക്കി ഇവററിൻനീരിൽ മാശിക്ക, കൊട്ടം, ജീരകം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയും വെളിച്ചെണ്ണയോട്ട സമം ഇളനീർവെള്ളവും ചെൎത്ത കാച്ചിയരിച്ച സേവിപ്പിക്ക. ജ്വരവ്രണം ശമിക്കും.

(മായൂരികാദിതൈലം)

൨൭. മായൂരികാൎസെയാഷനിശാപാഠാബ്ദധാന്യകൈഃ ।
പാരന്തീമൂലവല്കാദ്യൈശ്യസ്സിദ്ധൊവാസഹിതഃപരം ।

ചെറുകടലാടിനീരിൽ കൊട്ടത്തൂവ്വവേര, വരട്ടുമഞ്ഞൾ, പാടക്കിഴങ്ങ, മുത്തങ്ങക്കിഴങ്ങ, കൊത്തമ്പാലയരി, തെച്ചിവെരുമ്മൽതൊലി ഇവ അരച്ചുകലക്കി വെളിച്ചെണ്ണചേൎത്ത കാച്ചിയരിച്ചസേവിപ്പിക്ക. ജ്വരവ്രണം ശമിക്കും.

ഡാഡിമത്വഗാദി ചൂൎണ്ണം.

൨൮. ഡാഡിമത്വങ്നിശാധാത്രിപാരന്തികുസുമാംബുദൈഃ।
ഭൂനിംബകുഠളീപുഷ്പകൈശികീലൊദ്ധ്രയഷ്ടിഭിഃ ॥

൩൦. ഏലാവിളംഗവാളാമൂലവല്ക്കെസ്സജീരകൈഃ।
മധുസ്സഹ്വാ। ചസംയുക്തൈസ്തംഹന്തിവിഹിതംരജഃ ॥

൩൧. തക്രെണാഹമ്മുഖെപീതമഥവാമാക്ഷികാന്വിതം ।
ലീഢമഹ്നിനിശായാംവാസപ്പിഷാവാതദാശയെൽ॥

താളിമാതളങ്ങളുടെഓട, വരട്ടുമഞ്ഞൾ,നെല്ലിക്ക തെച്ചിപ്പൂവ്വ മുത്തങ്ങക്കിഴങ്ങ പുത്തരിച്ചുണ്ടവേരുമ്മൽതൊലി മാശിക്ക പാച്ചൊററിത്തൊലി എരട്ടിമധുരം ഏലത്തരി വിഴാലരി കഞ്ഞിക്കൊട്ടകത്തിൻവേരുമ്മൽതൊലി ജീരകം പാവ ഇവപൊടിച്ച രാവിലെ മോരിൽ സേവിപ്പിക്ക. അല്ലായെങ്കിൽ രാവിലെയൊ അത്താഴത്തിന്റെ മുമ്പെയൊ തേനിൽ സേവിപ്പിക്ക നെയ്യിലുമാം. ജ്വരവ്രണം ശമിക്കും.

(യവാന്യാദിഖള്ളം)

൩൨. യവാനീവിരള്ളാപത്രധാത്രീഭിർവ്വിഹിതഃഖള്ളഃ। കൈ
ശികീസൈന്ധവൊപെതസ്തമാശ്രുവിനിയച്ഛതി॥

ജീരകം, കഞ്ഞിക്കൊട്ടകത്തിന്റെതളിര നെല്ലിക്ക ഇവകൊണ്ട മുക്കുടിവച്ച മാശിക്കയും ഇന്തുപ്പും പൊടിച്ച ചേൎത്ത സേവിപ്പിക്ക. ജ്വരവ്രണം ശമിക്കും.

ഉൽബാരുസ്സിന്റെ ലക്ഷണം

൩൩. ഗൎഭാശയഗതൈൎദ്ദോഷൈൎവ്രണൈൎവ്വാസൃൿപ്രദൂഷണാ
ജാതസ്യസഹജാന്യംഗെപശ്ചാദ്വായാനിസൎവ്വതഃ। (ൽ॥

൩൪. നാതിദീൎഘെണകാലെനദൃശ്യന്തെത്രുംഷിതാനിതു॥
ഉൽബ: ത്രുംഷിഗമ്ഭീരാണിശ്രുനൊഷ്ണാനിചകാലതഃ॥

൩൫. താനിസ്ഫൃസ്സ്യാത്തദാത്തസ്യതചേദഃകരയൊസ്തലെ ॥
ക്രമെണാംഘ്ര്യോശ്ചകെശാനാംഭ്രയസ്യാപിചവിച്യുതിഃ।

ഗൎഭാശയത്തിങ്കൽ വാതാദിദോഷകോപം നിമിത്തമായിട്ടൊ ഗൎഭാശയത്തിങ്കലെ വ്രണങ്ങൾ നിമിത്തമായിട്ടൊ ദേഹാരംഭകമായ രക്തത്തിന്നൊ ആരബ്ധമായ ദേഹത്തിങ്കൽ ചേൎന്നിരിക്കുന്ന രക്തത്തിന്നൊ അശുദ്ധി സംഭവിച്ചാൽ അതുനിമിത്തമായിട്ട ജനിച്ച ബാലന്മാൎക്ക സഹജങ്ങളായിട്ടൊ ജനിച്ചതിന്റെശേഷം ഉടനെതന്നെയൊ ശരീരത്തിങ്കൽ എല്ലാടവും ചില പുണ്ണുകൾ ഉണ്ടായി കാണപ്പെടുന്നു. അതുകളെ ഉൽബാരുസ്സഎന്ന പറയുന്നു. മലയാളികൾ പറങ്കിപ്പുണ്ണെന്നപറയുന്നു. കാലംകൊണ്ട വക്കതടിച്ചും നടുകുഴിഞ്ഞും ചമയുകയുംചെയ്യും മേൽപറഞ്ഞ വ്യാധി ഉള്ളവരുടെ കയ്യിന്റെയും കാലിന്റെയും അടികളിലെ തോലുകൾ അടൎന്നുപോകയും ചെയ്യും തലയിലെ രോമങ്ങൾ അധികമായി കൊഴികയും ചെയ്യും ൟരണ്ടു ലക്ഷണങ്ങൾ തൽക്കാലം കാണുകയുമില്ല.

സപ്തധാസ്സ്യുഃപൃഥഗ്ദൊഷൈസ്സംസൃഷ്ടൈസ്സന്നിചിതൈരപി
സാമാന്യേന ചികിത്സാത്രതേഷാംസമഭിധീയതെ

മേൽപറഞ്ഞ വ്യാധിവാതംകൊണ്ടും പിത്തംകൊണ്ടും കഫംകൊണ്ടും വാതപിത്തങ്ങൾകൊണ്ടും വാതകഫങ്ങൾകൊണ്ടും പിത്തകഫങ്ങൾകൊണ്ടും സന്നിപാതംകൊണ്ടും സംഭവിക്കുന്നതാകയാൽ ഏഴുവിധമാകുന്നു. ഏഴിൻെറയും സാമാന്യ ചികിത്സാ ഇതിന്നുതാഴെ കാണിക്കപ്പെടുന്നു.

## ഉൽബാരുസ്സിൻെറ ചികിത്സാ.

### (ഭൂനിംബാദി കഷായം)

൩൩. ഭൂനിംബക്ഷീരിവൃക്ഷത്വഗരിഷ്ടതരുപല്ലവൈഃ ।
മധുസ്സഹ്യാ ച സംസിദ്ധഃകാഥസ്സംമധുയുഗ് ജയേൽ ॥

പുത്തരിച്ചുണ്ടവെരുമ്മൽതൊലി, നാല്പാമരത്തിൻതൊലി, വെപ്പിൻതളിര ഇവകൊണ്ടും പാവുകൊണ്ടും കഷായംവെച്ച തേൻ മെപ്പൊടിചേൎത്ത സേവിപ്പിക്ക. പുത്തരിച്ചുണ്ടവേരുമ്മൽതൊലി മുതലായ ആറു മരുന്നുകളും പാവുംകൂട്ടി കഷായംവച്ച മേൽപ്രകാരം സേവിപ്പിക്കയുമാം. എന്നാൽ പറങ്കിപ്പുണ്ണ ശമിക്കും.

### (ശാകപല്ലവാദി കഷായം)

൩൭. ശാകപല്ലവനിൎഗ്ഗുണ്ഡീമൂലയഷ്ട്യാഹ്വതൊയദൈഃ ।
പാരിന്തീകുസുമാരിഷ്ടബൃഹതീമൂലചന്ദനൈഃ॥

൩൮. മധുസ്നുഹീവിശാലാക്കരാഗരൊഗാരിവല്ക്കലൈഃ ।
പടൊലാമലകാഭ്യാഞ്ചസിദ്ധൊമാക്ഷികസംയുതഃ ॥

൩൯. കഷായഃകൈശികീചൂൎണ്ണസഹിതൊവാനിയച്ഛതി ।
ഉൽബാരുംഷിഗഭീരാണിസ്രുനൊഷ്ടാന്യപിചധ്രുവം ॥

തേക്കിൻതളിര, കരുനൊച്ചിവേര, ഇരട്ടിമധുരം, മുത്തെങ്ങക്കിഴങ്ങ, തെച്ചിപ്പൂവ്വ, വേപ്പിൻതൊലി, ചെറുവഴുതിനവെര, ചന്ദനം, പാവ, കാട്ടുവെള്ളരിവെര, അക്കാരിത്തെങ്ങ, കൊന്നവേരുമ്മൽതൊലി, പടൊലം, നെല്ലിക്ക ഇവകൊണ്ട കഷായം വച്ച തേനൊ മാശിക്കയൊ മേപ്പൊടി ചേൎത്ത സേവിപ്പിക്ക വക്കതടിച്ചും നടുകുഴിഞ്ഞുമിരുന്നാലും പറങ്കിപ്പുണ്ണ ശമിക്കും.

### (കുഹളീ കുസുമാദികഷായം)

൪൦. കുഹളീകുസുമാനന്താപല്ലവാരിഷ്ടവല്ക്കലൈഃ ।
സുഷവീശാകപത്രാഭ്യാംമധുസ്നുഹ്യാഹ്വസാധിതഃ ॥

൪൫. കഷായഃകൈശികീചൂർണ്ണമാക്ഷികാഭ്യാംസമന്വിതഃ ।
പ്രാതഃപീതഃപ്രദോഷെചതാനിക്ഷിപ്രംനിയച്ഛതി ॥

തെങ്ങിൻപൂക്കുലയരി, കറുകത്തളിര, വെപ്പിൻതൊലി, പൂല്ലാനിത്തളിര, തേക്കിൻതളിര, പാവ ഇവകൊണ്ടു കഷായംവച്ച മാശിക്കയും തേനും മേപ്പൊടിചേൎത്ത രാവിലെയും അത്താഴത്തിൻെറ മുമ്പെയും സേവിപ്പിക്ക. മേൽപറഞ്ഞപ്രകാരമുള്ള പറങ്കിപ്പുണ്ണ കാലതാമസംകൂടാതെ ശമിക്കും.

(വടാംകുരാദി കഷായം)

൪൬. വടാംകുരവൃഷാംഭൊദരജനീശാരിബാദ്വയൈഃ ।
പടൊലബൃഹതീനിംബവിശാലാപത്മകേസരൈഃ ॥

൪൭. ദൂൎവ്വാഗ്രകുഹളീപുഷ്പധനികാധന്വയാഷകൈഃ ।
സൊമവല്ലീഹിമൊശീരപാരന്തീമൂലവാരിഭിഃ ।

൪൮. മധുസ്നുഹീപടൊലെന്ദ്രയവൈലാവെല്ലയഷ്ടിഭിഃ ।
ഖദിരാമലകാഭീരുകണ്ടൈശ്വസകണാദ്വയൈഃ ॥

൪൯. ഫെപൂരകൃതമാലത്വഗമൃതാപത്മകൈരപി ।
സിദ്ധഃകഷായൊമധ്വാഢ്യഉൽബാരുഃപരമൌഷധം ॥

പേരാൽമൊട്ട,ആടലോടകത്തിൻവേര, മുത്തങ്ങക്കിഴങ്ങ, വരട്ടുമഞ്ഞൾ, മരമഞ്ഞത്തൊലി, നന്നാറിക്കിഴങ്ങ, പാൎവ്വള്ളിക്കിഴങ്ങ, പടോലം, ചെറുവഴുതിനവെര, വെപ്പിൻതൊലി, കാട്ടുവെള്ളരിവെര, താമരയല്ലി, കറുകത്തളിര, തെങ്ങിൻ പൂക്കുലയരി, കൊത്തംപാലയരി, കൊട്ടത്തൂവ്വവേര, സൊമവള്ളി, ചന്ദനം, രാമച്ചം, തെച്ചിവെര, ഇരുവേലി, പാവ, പടോലം, കുടകപ്പാലയരി, ഏലത്തരി, വിഷാലരി, ഇരട്ടിമധുരം, കരിങ്ങാലിക്കാതല, നെല്ലിക്ക, ശതാവരിക്കിഴങ്ങ, തിപ്പലി, അത്തിത്തിപ്പലി, പൂവ്വരശിൻതൊലി, കൊന്നവെരിന്മെൽതൊലി, ചിററമൃത, പതിമുകം, ഇവകൊണ്ട കഷായംവെച്ച തേൻ മേപ്പൊടിചേൎത്ത സേവിപ്പിക്ക. ഇത പറങ്കിപ്പുണ്ണിന്ന പരമൌഷധമാകുന്നു.

(വടാംകുരാദി തൈലം)

൫൦. ഏഭിരെവൌഷധൈസ്സിദ്ധെകഷായെശാകപല്ലവാൻ ।
നിഷ്പീഡ്യതദ്രസംദത്വാസ്നേഹതുല്യംപൂരൊദിതൈഃ ॥

൫൧. ഏലാദിഭിഃപചേൽകല്ക്കൈസ്സ്നേഹംകൈരഫലോത്ഭവം ।
സൊഭ്യംഗപാനയൊഗെനഹന്ത്യാദ്ദഉൽബാരുഉൽബണം

പേരാൽമൊട്ടുമുതൽ മുൻപറഞ്ഞ മരുന്നുകൾ മുപ്പത്തുരണ്ടും സമമായി ചെൎത്ത കഷായംവെച്ച തെക്കിൻതളിരിൻെറ നീര വെളിച്ചെണ്ണയൊടു സമം അതിൽചെൎത്ത മുൻപറഞ്ഞ ഏലാദി അരച്ചുകലക്കി വെളിച്ചെണ്ണ ചെൎത്ത കാച്ചി അരിച്ച തേപ്പിക്കയും സെവിപ്പിക്കയും ചെയ്ക. കൊട്ടുതായ പറങ്കിപ്പുണ്ണ ശമിക്കും.

(ഐലെയകാദിതൈലം)

൩൮. ഐലെയകനിശാമൂൎവ്വാസുഷവീസുമനൊലിഹാം।
കുഹളീകുസുമാംഭൊജവിസഹരിന്നരുഹാമപി॥

൩൯. സ്വരസംക്ഷീരിവല്ക്കൂനതൊയകഷായൈവിനിൎമ്മിതെ।
പകഏലാദികല്ക്കൂനകെരസ്നെഹശ്ചതാദൃശഃ।

മുക്കാപ്പീരകം, പച്ചമഞ്ഞൾ, കറുക, പുല്ലാനിത്തളിര, കഞ്ഞുണ്ണി, തെങ്ങിൻപൂക്കുലയരി, താമരവളയം, ചിററമൃത, ഇവററിൻനീര നാല്പാമരക്കഷായത്തിൽ ചെൎത്ത ഏലാദി അരച്ചുകലക്കി വെളിച്ചെണ്ണ ചേൎത്ത കാച്ചിഅരിച്ച തേപ്പിക്കയും സേവിപ്പിക്കയും ചെയ്ക. ഫലം മേൽപ്രകാരം തന്നെ.

൪൦. പാരന്തിപല്ലവാഘൊരമൂലധാത്രീശൃതംജലം।
സ്നാനാദൌതുതദാൎത്തസ്യശസ്യതെകെവലംശിശൊഃ॥

തെച്ചിയില, അകൊരിവെര, നെല്ലിക്ക,ഇവയിട്ട കുറുക്കിയ വെള്ളംകൊണ്ട കുളിപ്പിക്കയും തെച്ചുകഴുകിക്കയും ചെയ്ക. ഇവ ചെയ്താൽ പറങ്കിപ്പുണ്ണ ശമിക്കും.

൪൧. ദ്വന്ദ്വജാനിബഹൂന്മാസാൻപ്രതികൃത്യശമംനയെൽ।
സന്നിപാതൊദിതാന്യത്രസഹജാനിചവൎജ്ജയെൽ॥

൨രം രണ്ടുദൊഷങ്ങൾ കൊണ്ടുണ്ടായ മേൽപറഞ്ഞ വ്യാധി തൊണ്ണൂറുദിവസംകൊണ്ടല്ലാതെ ചികിത്സിച്ചാലും ശമിക്കാത്തതാകകൊണ്ട അതിന മൂന്നുമാസം തികച്ചും ചികിത്സിച്ച ശമനംവരുത്തിക്കൊൾക. ത്രിദോഷകോപംകൊണ്ടുണ്ടായതും ജനിക്കുമ്പോൾതന്നെ ഉള്ളതുമായാൽ അതുകളെ ഉപേക്ഷിക്കുകയും വെണം. അസാദ്ധ്യങ്ങളാകുന്നു എന്നു താൽപൎയ്യം.

രക്താലസക ലക്ഷണം.

൪൨. സ്രൊതസ്സുകഫരുദ്ധെഷുരക്തവാഹിഷുകുത്രചിൽ।
ഗ്രഥിതംകാലതൊരക്തംകഫെനസഹമൂൎച്ഛിതം॥

൭൩. പിണ്ഡീഭൂയയദംഗെഷുതത്രതത്രപ്രദൃശ്യതെ।
സ്ഥൂലൊഗ്രന്ഥിരിവാനദ്ധംസ്നിഗ്ദ്ധഞ്ചസ്പശ്നാസഹം॥
൭൪. കണ്ഡൂപാണ്ഡുതാലൌഹിത്യശൈത്യഗൌരവസംയുതം।
സരക്താലസകൊനാമവികാരഃപരികീൎത്ത്യതെ॥

രക്തസഞ്ചാരത്തിന്നുള്ള വഴികൾ കഫത്താൽതടുക്കപ്പെടുക നിമിത്തമായികെട്ടിനില്ക്കുന്നരക്തം കാലംകൊണ്ട കഫത്തോടുകൂടെ ചേൎന്നിട്ട പിണ്ഡാകാരമായി ഭവിച്ച അതാത അംഗങ്ങളിൽ വലുതായ മുഴപോലെ വീൎത്ത സ്നിഗ്ദ്ധതയോടും തൊട്ടാൽ വേദനയോടും വെളുപ്പും ചുവപ്പും തമ്മിൽ സമ്മിശ്രങ്ങളായാൽ ഉണ്ടാകുന്ന നിറത്തോടും തണുപ്പോടും കനത്തോടും കൂടിയതായി കാണപ്പെടുന്നു. അതിനെ രക്താലസകമെന്നു പറയുന്നു.

### രക്താലസക ചികിത്സാ.

### (അരച്ചു തേപ്പാൻ)

൭൫. ക്ഷീരിദ്രുപല്ലവാനന്താഗുളൂചീതിലദാരുഭിഃ।
നാളികെരസ്യദുഗ്ദ്ധേനപിഷ്ടൈല്ലെപൊത്രശസ്യതെ।

നാല്പാമരത്തിൻതളിര കറുക ചിററമൃത എള്ള ദേവതാരം ഇവ തേങ്ങാപ്പാലിൽ അരച്ചുതേക്കുക. രക്താലസകം ശമിക്കും

### (തിലകാശോകവൽക്കാദി ലെപനം)

൭൬. തിലകാശൊകവല്കാഭ്യാംഹരീതക്യാചദാരുണാ।
സഹിതാഭിശ്ശതാഹ്വാഭിരഥവാലെപഇഷ്യതെ॥

മൈലെള്ളിൻതൊലി അശൊകത്തിൻതൊലി കടുക്ക ദേവതാരം ശതകുപ്പ ഇവ തേങ്ങാപ്പാലിൽ അരച്ചു തേക്കുക. രക്താലസകം ശമിക്കും.

### (ലാജദൂൎവ്വാദി ലെപനം)

൭൭. ലാജദൂൎവ്വാമൃതാപത്രശതാഹ്വാദേവദാരുഭിഃ।
സ്ഥൌണെയകത്തൃണാശമാരവല്കഫലത്രയൈഃ।
൭൮. നാളികെരസ്യദുഗ്ദ്ധേനപിഷ്ടൈസ്സമ്മിളിതൈഃപുനഃ।
നവനീതെനചാരണായുധാണ്ഡസ്യദ്രവെണച।
൭൯. നിൎജ്ജലൈൎമ്മൎദ്ദനാജ്ജാതൈരാലൊപൊവിഹിതൊമുഹുഃ। രക്താലസകമാശെവമഹാന്തമപിനാശയെൽ।

മലര കറുക ചിററമൃതില ശതകുപ്പ ദെവതാരം തുണിയാകം കന്നുരുക്കം അലരിത്തൊലി ത്രിഫല ഇവ തെങ്ങാപ്പാലിൽ

അരച്ച വെണ്ണയെയും കോഴിമുട്ടയുടെ വെള്ളയുംകൂട്ടി ഉരസി നീരവത്ത കൂടങ്ങളുടെ പുരട്ടുക വല്യതായ രക്താലസകവും ശമിക്കും

൬൦- പക്വാന്തുസൂച്യാനിഭിദ്യസ്രാവയിത്വാതതഃപരം।
വ്രണവസ്യാപക്രമംകുര്യാൽപാകാദ്രക്ഷൻപ്രയത്നതഃ॥

പഴുത്താൽ സൂചികൊണ്ട കുത്തി ചലംവാർത്ത അധികമായ പഴുപ്പിന്ന അവകാശം കൊടുക്കാതെ നല്ലവണ്ണം സൂക്ഷിച്ച വ്രണചികിത്സയെ ചെയ്ക

ഇതി വാശ്രാമസാമ്പന്നാഗകരാമാനന്ദ നാഥപണ്ഡിതപാരശവെന്ദ്രകൃതാ വാരോഗ്യകല്പദ്രുമെ ബാലചികിത്സായാം ഏകോനവിംശസ്തബകോ നാമൈകോനവിംശാധ്യായഃ

ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം

വിംശാധ്യായപ്രാരംഭഃ

ശാഖാരോഗലക്ഷണം

൧- ശാഖാരോഗാഅഥാച്യന്തെശാഖാബാഹൂഉഭെതഥാ।
പാദൌചെതിചതസ്രാസ്തത്രാസുജായന്തഇത്യതഃ॥
൨- ശാഖാരോഗാഇതിപ്രോക്താവിദ്യന്തെകെചിദാമയാഃ।

അനന്തരം ശാഖാരോഗങ്ങളുടെ ലക്ഷണത്തെയും ചികിത്സയെയും പറയുന്നു കൈകൾ രണ്ടും കാലുകൾ രണ്ടും ഇങ്ങിനെ ശരീരത്തിന്ന നാലു ശാഖകളുണ്ട അതുകളിലുത്ഭവിക്കുന്നതാകയാൽ ശാഖാരോഗങ്ങൾ എന്നപെരൊടുകൂടി ചിലവ്യാധികളുമുണ്ട

൩- സര്വ്വതെബാഹുസന്ധായാം ബാഹ്വോഃപാദപരിമധ്യമാൽ।
പച്യന്നസ്യുഃപ്രകോപെഷുവാതലെഷ്വാപ്യാഥവാക്ഷണെ॥
൪- ഊര്ദ്ധ്വാഖ്യാജംഘയൊശ്ചാസ്യുഃ പാദ്യൊഃപ്രാരഭ്യംഗുല്ഫയീഷു
ച। കഥരക്താനിലാധാരാദൃശ്യന്തെഷ്ടവിധാസ്ത്വമീ॥

മെൽപറഞ്ഞ വ്യാധികൾ ഒക്കെയും കൈകളുടെ മൂലസന്ധിസ്ഥാനങ്ങളിലൊ നടുവിലെ സന്ധികളിൽനിന്ന മെൽപ്രദെശങ്ങളിലൊ അതുകളിൽനിന്ന താഴെയൊ ഉള്ളംകൈകളിലൊ

കാലുകളുടെ മൂലസന്ധിസ്ഥാനങ്ങളിലൊ തുടകളിന്മെലൊ മുട്ടുകളിൽനിന്ന താഴെ ഞെരിയാണികളിൽനിന്ന മെലെ ഉള്ള ഭാഗങ്ങളിലൊ മടമ്പുകളിന്മെലൊ വിരലുകളിന്മെലൊ ഉണ്ടാകുമെന്നല്ലാതെ വെറെ ഒരംഗങ്ങളിലുമുണ്ടാകയുമില്ല- എട്ടുവിധങ്ങളായിരിക്കയും ചെയ്യും- ദുഷിച്ച കഫവും രക്തവും വാതവുംകൂടി കോപിക്കകതന്നെ ആകയാൽ ഏകവിധം തന്നെ എന്നറിഞ്ഞുകൊൾക.

൬- രക്താൎബ്ബുദൊസ്രശോഫശ്ച ഗല്ലകഃ കൂപകസ്തഥാ।
അജഗല്ലകശ്ചെന്ദ്രമിദ്ധ്മകൊദദ്ധ്മികെതിച॥

രക്താൎബ്ബുദം അസ്രശോഫം ഗല്ലകം കൂപകം അജഗല്ലകം ഇന്ദ്രമ്മം ഇദ്ധ്മകം ദദ്ധ്മികാ ഇങ്ങിനെ എട്ടാകുന്നു.

## രക്താൎബ്ബുദ ലക്ഷണം

൧- കുപിതെന കഫെനെത്യ മൂൎച്ഛനാം രക്തമുൽബണം।
വായുനൊന്മാൎഗ്ഗചാരെണ പ്രെരണാന്നം ശിരസശ്ച്യുതം॥

൨- ബാഹ്വസന്ധിം സമാസാദ്യ തത്ര സ്തബ്ധം സമുന്നമൽ
ജലബുൽബുദസംകാശം ജനയെദാമയം തു ച॥

൩- അന്തസ്സംബാധനിസ്സ്രാദജരാരുചിസമന്വിതം।
സതു രക്താൎബ്ബുദൊ ബാധ്യസ്സച്ചികിത്സാ കഥ്യതെ॥

കുപിതമായ കഫത്തൊട വൎദ്ധിച്ച രക്തം ചെന്ന ദുഷ്ടതയെ പ്രാപിച്ച വായുവിന്റെ പ്രെരണകൊണ്ട ശിരസ്സിൽനിന്നിറങ്ങി ബാഹ്വസന്ധിയെ പ്രാപിച്ച അവിടെ തങ്ങിനിന്ന ഉയൎന്ന നീൎപ്പൊളപൊലെ തൊന്നുന്ന ഒരു വ്യാധിയെ തൊക്കിങ്കൽ ഉണ്ടാകുന്നു അതിനെ രക്താൎബ്ബുദമെന്നറിക അതിന്റെ ചികിത്സയെ താഴെ പറയുന്നു

## രക്താൎബ്ബുദ ചികിത്സാ

### (ബലാകതകമൂലാദി എണ്ണ)

൯- ബലാകതകമൂലാബ്ദകഷായെ പിഷ്ടകല്കിതൈഃ।
മാംസീനഖസുരാഹ്വൈലാഫലത്രയതുരുഷ്കകൈഃ॥

൧൦- സിദ്ധഃ കെരൊൽഭവസ്നെഹസ്തിലജൊ വാനിഹന്തിതം।
മൂലച്ഛിന്നൊ ദ്രുമാവൃക്ഷമിവ മൂൎദ്ധ്നി പ്രയൊജിതഃ॥

കുറുന്തോട്ടിവേര തെററാമരത്തിൻവേര മുത്തങ്ങക്കിഴങ്ങ ഇവകൊണ്ടു കഷായംവെച്ചു മാഞ്ചി നാഗ്ഗുണം ദേവതാരം ഏലത്തരി ത്രിഫല കുന്ത്രുക്കം ഇവ അരച്ചുകലക്കി വെളിച്ചെണ്ണയോ എണ്ണയോ ചേത്തു കാച്ചിയരിച്ചു തലയിൽ തേപ്പിക്ക എന്നാൽ മൂലച്ഛേദം നിമിത്തമായിട്ടു വച്ചുതായ മരം ഉണങ്ങി നശിക്കുന്നതുപോലെ രക്തോൽബുദം ശമിക്കും

(ബലാകാരസ്കരാദി എണ്ണ)

൧൮– ബലാകാരസ്കരാഗസ്സ്യ്ശല്ലകീമൂലസാധിതേ।
കഷായെസലിലെംശീരകുഷ്ഠയഷ്ട്യാഹ്വചന്ദനൈഃ॥
൧൯– മുസ്താകതകമൂലാക്ഷരാഗരാസ്നാഫലത്രയൈഃ।
സുരാഹ്വയമിസിഭ്യാഞ്ചസാധിതസ്സ്യാപിതാദൃശഃ॥

കുറുന്തോട്ടിവേര കാഞ്ഞിരത്തിൻവേര അഗസ്തിമരത്തിൻവേര ചിററമൃതിൻവേര ഇവകൊണ്ടു കഷായംവെച്ചു ഇരുവേലി രാമച്ചം കൊട്ടം ഇരട്ടിമധുരം ചന്ദനം മുത്തങ്ങക്കിഴങ്ങ തെററാമരത്തിൻവേര അക്കിരാരിതെങ്ങ അരത്ത ത്രിഫല ദേവതാരം ശതകുപ്പ ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേത്തു കാച്ചിയരിച്ചു മൂദ്ധാവിൽ തേപ്പിക്ക രക്തോൽബുദം ശമിക്കും.

(അമൃതാകതകാദി എണ്ണ)

൨൦– അമൃതാകതകാംഭോജഖദിരാസനചന്ദനൈഃ।
കേതകീമൂലയഷ്ട്യാഹ്വകാരസ്കരഫലത്രയൈഃ॥
൨൧– തുല്യയാബലയാസിദ്ധനിഷ്കാഥൈഃപിഷ്ടകല്കിതൈഃ।
ഏലാദിഭിവ്വരീകന്ദരസതുല്യാംശസംയുതഃ।
൨൨– ദ്വാകസ്നേഹമഷ്ടാംശംസ്തന്യംതദ്വിഗ്ഗുണംപയഃ।
മസ്തുചത്രിഗ്ഗുണംദത്വാപകഃകേരഫലോൽഭവഃ॥
൨൩– സ്നേഹസ്തിലോൽഭവോയദ്വാ പൂവ്വാഭ്യാമധികോഗ്ഗുണഃ।ആയുഷ്യോബലംഹണോമേദ്ധ്യാവണ്ണ്യഇന്ദ്രിയതപ്പണഃ॥

ചിററമൃത തെററാമരത്തിൻവേര മുത്തങ്ങക്കിഴങ്ങ കരിങ്ങാലിക്കാതല വെങ്ങക്കാതല ചന്ദനം പൂക്കൈതവേര ഇരട്ടിമധുരം കാഞ്ഞിരത്തിൻവേര ത്രിഫല ഇവ സമം കുറുന്തോട്ടിയെടുത്തോളം കുറുന്തോട്ടിവേര ഇങ്ങിനെ ചേത്ത കഷായംവെച്ചു ഏലാദി അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേത്ത അതിനോടു തുല്യമായി ശതാവരിക്കിഴങ്ങിന്റെ നീരും അതിന്റെ അഷ്ടാംശത്തോടു സമമായി അവണക്കെണ്ണയും അവണക്കെണ്ണയിലിരട്ടി മുലപ്പാലും അവണക്കെണ്ണയുടെ അംശം

മൂന്നുകൂടിയെടത്തോളം തയിർവെള്ളവും ചെത്ത കാച്ചിയരിച്ച
തലയിൽ തെപ്പിക്ക രക്താൽബുദം ശമിക്കും അത്രയുമല്ല മു
ൻപറഞ്ഞ തൈലങ്ങളെക്കാൾ ഇതിന്ന വിശെഷമുണ്ട- ആയു
സ്സിനെയും ശരീരപുഷ്ടിയെയും ധാരണാശക്തിയെയും ശരീര
ത്തിന്നകാന്തിയെയും ഇന്ദ്രിയങ്ങൾക്കബെലത്തെയുമുണ്ടാക്കും

(അരച്ചതെപ്പാൻ)

൮൭- ക്ഷീണെരക്താഗമെസ്നെഹൈരെഭിസ്സബ്ധസ്യലെപനം।
കുഷ്ഠാദ്രാരുകരഞ്ജതാഗഭയാഭിസ്സമസ്തഭ॥

മുൻപറഞ്ഞ തൈലങ്ങൾ തെക്കുകയാൽ രക്തത്തിന്റെ താ
ഴ്ച ശമിച്ചതിന്റെശെഷം സ്തബ്ധമായിക്കണ്ടാൽ ദെവതാരം ഉ
ങ്ങിൻതൊലി കടുക്ക ഇവ തയിർവെള്ളത്തിൽ അരച്ചതെക്കുക
എന്നാൽ ശമിക്കും

൮൮- അതിസ്തബ്ധജല്ലകാഭിർഹതചാസ്രംതാഭിരെവതൽ।
കുഷ്ഠാൽപകാചെചരിസ്രാവ്യവ്രണൊപക്രമമാചരെൽ॥

അധികമായി സ്തംഭിച്ചുപോയാൽ അട്ടയിട്ട ചൊര കളഞ്ഞ
തിന്റെശെഷം മുൻപറഞ്ഞ മരുന്നുകൾതന്നെ മെൽപ്രകാരം
അരച്ചതെക്കുക പഴുത്തുപൊയാൻ കുത്തിവാർത്തതിന്റെ ശെഷം
വ്രണചികിത്സയെ ചെയ്ക |

അസ്രശൊഫത്തിന്റെ ലക്ഷണം

൮൯- ലൊഹിതഃകഠിനൊവൃത്തൊനാത്യുന്നതിസമന്വിതഃ।
അന്തർനീലശ്ചനിമ്നശ്ചമൂലമധ്യമപർവ്വണൊഃ॥

൯൦- ബാഹൊപാർശ്വയൊഃതഥൊവൊർവ്വൊശ്ശൊഫൊജായ
തൊശിശൊഃ।തമസ്രശൊഫംജാനീയാച്ചികിത്സാതസ്യകഥ്യതെ॥

ചുവന്ന നിറത്തൊടും കാഠിന്യത്തൊടുംകൂടി വൃത്താകാരമായി
വളരെ പൊക്കത്തൊടുകൂടാതെ കയ്യിന്റെ മൂലസന്ധിയുടെയും
മധ്യസന്ധിയുടെയും ഇടയിലൊ തുടകളിലൊ പ്രകാശിച്ച നട
വിന്ന താഴ്ചയൊടും കറുപ്പൊടുംകൂടി കാണുന്ന നീര അസ്രശൊ
ഫമെന്നറിക- അതിന്റെ ചികിത്സയെ ഇതിന്നുതാഴെ പറയു
ന്നു.

അസ്രശൊഫത്തിന്റെ ചികിത്സാ

(ഗുഞ്ജാമൂലാദി തൈലം)

൯൧- ഗുഞ്ജാമൂലബലാമൂലഗുളൂചീഭിസ്സാധിതെ।
നിംബപാദെകഷ്ടുടെവാഫെചന്തഗൊരൊചനാന്വിതം॥

൨൨.. ശൈസരേയകബലാംഭോദഛായമാരഫലത്രയം।
കല്ക്കീകൃത്യതിലോത്ഥോവാസ്നേഹഃകേശരാദിതോഥവാ।
൨൩- പക്വോസ്രശോഫമഭ്യംഗാന്മൂർദ്ധ്നിക്ഷിപ്രംനിയച്ഛ
തി। കതകഃമൂഢയോഃകാഥസിദ്ധോമിഭിശ്ചകല്പിതൈഃ॥

കന്നിവേര കുറുന്തോട്ടിവേര ചിററമൃത ദേവതാരം ഇവ കൊണ്ട കഷായംവെച്ച കൊട്ടം ദേവതാരം തകരം ഗോരോചനം കരിംകുറിഞ്ഞിവേര കുറുന്തോട്ടിവേര മുത്തങ്ങക്കിഴങ്ങ അലരിത്തൊലി ത്രിഫല ഇവ അരച്ചുകലക്കി എണ്ണയൊ വെളിച്ചെണ്ണയൊ വെന്ത കാച്ചിയരിച്ച തലയിൽ തെപ്പിക്ക. അല്ലായെങ്കിൽ തെററാമരത്തിൻവേരും ചിററമൃതും കഷായം വെച്ച മെൽപറഞ്ഞ മരുന്നുകൾതന്നെ അരച്ചുകലക്കി എണ്ണയൊ വെളിച്ചെണ്ണയൊ വെന്ത കാച്ചിയരിച്ച തലയിൽ തെപ്പിക്ക- അസ്രശോഫം ശമിക്കും.

പൂർവ്വാഃക്രമാന്നിഷിദ്ധ്യേലഃപൃഥഗ്ദിതോവിധിരത്രാസൃജി। ത
മേവശാന്തയകുസ്ല്വാദിതിഹാരീതഭാഷിതം॥

രക്തൊൽബ്ബുദത്തിന്ന പറഞ്ഞതൊക്കെയും അസ്രശോഫത്തിന്നും പററുന്നതാകയാൽ അതുതന്നെ ചെയ്താൽ മതിയെന്നാഹാരീതാചാര്യന്റെ മതമാകുന്നു.

൨൪- വികാരഭേദസന്ദൃഷ്ടദോഷതോഭേദനസംശയഃ।
ഇതിഭേളഃപൃഥക്കർത്തൂംദസ്യോപക്രമമഭ്യധാൽ॥

വ്യാധിക്ക ഭെദമുണ്ടെന്ന ആകൃതികൊണ്ട സ്ഥിരപ്പെട്ടിരിക്കുമ്പോൾ ദോഷഭേദംകൂടെ ഉണ്ടാകാതെ ഇരുന്നുകൂടാ എന്ന വിചാരിച്ച അല്പമായ ദോഷവിശെഷത്തെ കാണിച്ച വെറെ തന്നെ ഭേളാചാര്യൻ ഇതിന്ന ചികിത്സയെ പറഞ്ഞിരിക്കുന്നു.

(അരച്ചുതേപ്പാൻ)

൨൫- കൃതമാലത്വചാസാദ്ധ്യംപാരന്തീമൂലവല്കലാ।
നാളികേരസ്യദുഗ്ദ്ധേനപിഷ്ടാകുഷ്ഠാദിലേപനം॥

കൊന്നത്തൊലി തെച്ചിവേരുമേൽത്തൊലി ഇവ തെങ്ങാപ്പാലിൽ അരച്ചുതേക്കുക- അസ്രശോഫം ശമിക്കും.

(ശാരിബാദിലേപനം)

൨൬- ശാരിബാവെട്ടിമൂലത്വങ്മഞ്ജിഷ്ഠാമരദാരുഭിഃ।
മസ്തുപിഷ്ടൈർവ്വിലേപോയംകർത്തവ്യസ്സർപ്പശാന്തയേ॥

നന്നാറിക്കിഴങ്ങ ഏകനായകത്തിൻ വേരുമ്മേൽ തൊലി മഞ്ചെട്ടി പ്പാടി ദേവതാരം ഇവ തയിർ വെള്ളത്തിൽ അരച്ചുതേക്കുക- അസ്രശോഫം ശമിക്കും.

(ആരഗ്വധാദികഷായം)

൮൭- ആരഗ്വധകദംബത്വഗ്ഭയാശാരിബാംബുദൈഃ।
സപടോലൈഃകൃതഃക്വാഥോമധുയുക്തനിഹന്തിതം॥

കൊന്നത്തൊലി കടമ്പിൻതൊലി കടുക്ക നന്നാറിക്കിഴങ്ങ മുത്തങ്ങക്കിഴങ്ങ പടൊലം ഇവകൊണ്ടു കഷായംവച്ചു തെൻ മെമ്പൊടിചെൎത്ത സെവിപ്പിക്ക- അസ്രശൊഫം ശമിക്കും.

(തുളസീപല്ലവാദിഘൃതം)

൮൮- തുളസീപല്ലവാളീകന്ദാനന്താനിശാരസൈഃ।
കല്കീകൃതൈഃകണാദ്വന്ദ്വകട്വീരോഹിണികാന്വിതൈഃ॥
൮൯- പാഠാവിളംഗദെവാഹ്വാമഞ്ജിഷ്ഠാമധുകാഹ്വയൈഃ।
പക്വംഘൃതഞ്ച പാനെനലെപനാദ്വാനിഹന്തിതം॥

തുളസിയില ശതാവരിക്കിഴങ്ങ കറുക പച്ചമഞ്ഞൾ ഇവററിൻനീരിൽ തിപ്പലി അത്തിത്തിപ്പലി കടുകരൊഹണി തകരം പാടക്കിഴങ്ങ വിഴാലരി ദെവതാരം മഞ്ചട്ടിപ്പൊടി ഇരട്ടിമധുരം ഇവ സമമായി ചെൎത്ത അരച്ചുകലക്കി നെയ്യ ചെൎത്ത കാച്ചിയരിച്ചു സെവിക്കയും പുരട്ടുകയും ചെയ്യിക്ക- അസ്രശൊഫം ശമിക്കാം.

ശല്യകലക്ഷണം

൯൦- സ്ഥാനെസ്രശൊഫസ്യവസ്യാച്ഛൊഫൊരുണതരഃപുവിഃ॥ കൎക്കോടകസമാകാരശ്ശ്ലക്ഷ്ണാകാകൃതിഭിസ്സിതൈഃ॥
൯൧- സ്ഫോടകൈരന്വിതസ്തീവ്രരുഗ്ദാഹജ്വരകൃച്ഛ്രയഃ।
താമാഹുശ്ശല്യകംനാമ്നാചികിത്സാതസ്യകഥ്യതെ॥

അസ്രശൊഫത്തിന്ന പറഞ്ഞ സ്ഥാനങ്ങളിൽ തന്നെ ഏററവും ചുവന്ന നിറത്തൊടുകൂടിയതായി കക്കിരിക്കായയുടെ ആകൃതിപൊലെ ഇരിക്കുന്ന ആകൃതിയൊടും ചാമയുടെ മണികൾപൊലെ ഇരിക്കുന്ന വെളുത്ത ഉണ്ണിലുകളൊടും കൂടിയതായി കഠിനമായ വെദന ചുട്ടുനീററൽ പനി ഇവകളെ ഉണ്ടാക്കുന്നതായി യാതൊരു നീര കാണപ്പെടുന്നുവൊ അതിനെ ശല്യകമെന്ന പറയുന്നു- അതിന്റെ ചികിത്സയെ ഇതിന്നുതാഴെ പറയുന്നു.

## ഗല്ലക ചികിത്സാ

### (മുസ്താധാത്ര്യാദിതൈലം)

൩൨- മുസ്താധാത്രീബലാവില്വഫലത്രയസുരാഹ്വയൈഃ।
രാസ്നാകതകമൂലാഢ്യൈർന്നിഷ്ക്വാഥേസംപ്രകല്പിതേ॥
൩൩- മാംസീചോരഹരിദ്രാത്വങ്നാഗകേസരയഷ്ടിഭിഃ।
സ്ഥൗണേയകമിസിവ്യാഘ്രീശാരിബാകുഷ്ഠചന്ദനൈഃ॥
൩൪- സലിലോശീരമഞ്ജിഷ്ഠാജീരകദ്വയജോംഗകൈഃ।
ഗോരോചനാഞ്ജനനാഭ്യാഞ്ചപക്വഃകേരഫലാൽഭവഃ॥
൩൫- സ്നേഹസ്തൈലാൽഭവോവാപിമൂർദ്ധ്നി ദത്തോനിഹന്തിതം।
തേനൈവതത്രകുര്യാച്ചചപാനംഹരേണുഭിഃ॥

മുത്തങ്ങക്കിഴങ്ങ നെല്ലിക്ക കുറുന്തോട്ടിവെര കൂവളത്തിൻവെര ത്രിഫല ദേവതാരം അരത്ത തെററാമരത്തിൻവെര ഇവകൊണ്ടു കഷായം വെച്ച ദേവതാരം കച്ചൂരിക്കിഴങ്ങ മരമഞ്ഞൾത്തൊലി നാകപ്പൂവ്വ ഇരട്ടിമധുരം തുണിയാംകം ശതകുപ്പ പുലിച്ചുവടിൻവെര നന്നാറിക്കിഴങ്ങ കൊട്ടം ചന്ദനം ഇരുവെലി രാമച്ചം മഞ്ചെട്ടിപ്പൊടി ജീരകം കരിഞ്ജീരകം അകില ഗോരോചനം അഞ്ജനക്കല്ല ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെർത്ത കാച്ചി അരിച്ചുതലയിൽ തേപ്പിക്ക- നെല്ലിക്ക വറുത്തുപൊടിച്ച മെൽപറഞ്ഞ തൈലത്തിൽ ചാലിച്ച പുരട്ടുകയും ചെയ്ക- ഗല്ലകം ശമിക്കും

### (മുസ്താമധുകാദിധാരാ)

൩൬- മുസ്താമധുകശാലൂകതന്ത്രികാതിലചന്ദനം।
പിഷ്ടാക്ഷീരേണസംയോജ്യതേനസേകോനിരന്തരഃ॥
൩൭- പ്രവൃദ്ധദാഹകത്തവ്യസ്തത്രതൈരെവയോജിതം।
വരീകന്ദരസാദ്ഗ്രാഹ്യസ്സേകകർമ്മണികേചന॥

അധികമായ ചുട്ടുനീറൽ ഉണ്ടാകിൽ മുത്തങ്ങ ഇരട്ടിമധുരം ആമ്പൽക്കിഴങ്ങ ചെന്തൽക്കിഴങ്ങ ചെങ്ങഴിനീർക്കിഴങ്ങ കരിംകൂവളക്കിഴങ്ങ താമരക്കിഴങ്ങ ചിററമൃത എള്ളു ചന്ദനം ഇവ പാലിൽ അരച്ചുകലക്കി അതുകൊണ്ടു ധാരചെയ്ക- മെൽപറഞ്ഞ മരുന്നുകൾ ശതാവരിക്കിഴങ്ങിൻെറ നീരിൽ അരച്ചു കലക്കി അതുകൊണ്ടു ധാര ചെയ്യണമെന്നു ചിലരുടെ പക്ഷം

൩൮- സേകാവസാനെ പ്രാഗുക്താംലേപനഞ്ചസമാചരേൽ।
ആരഗ്വധാദിനിര്യൂഹംപായയേച്ചമധൂൽകടം॥

ധാരകഴിഞ്ഞാൽ നല്ലവണ്ണം തോൎത്തി മെൽപറഞ്ഞ തെല ത്തിൽ നെല്ലിക്കാപ്പൊടിചെൎത്ത പുരട്ടുക- ആരഗ്വധാദി കഷാ യം നാലിൽ ഒരു ഭാഗം തെൻ ചെൎത്ത സെവിപ്പിക്ക.

൩൯- സമ്യഗ്വ്രണെസ്മിൻസഞ്ജാതെരോപണാൎത്ഥമുപക്രമം।
വക്ഷ്യമാണംവിദധ്യാച്ചനാന്തഃപാകോയഥാവ്രജെൽ॥

നല്ലവ്രണമായി ചമഞ്ഞാൽ ഉണക്കത്തിന്ന വെണ്ടി ഇതി ന്നുതാഴെ പറയുന്ന ചികിത്സയെ ചെയ്ക- എന്നാൽ പഴുപ്പ അക ത്തൊക്ക കടക്കാതെ ഉണങ്ങുകയും ചെയ്യും.

൪൦- ഹിംഗൂളംഹരിതാലഞ്ചതുത്ഥഞ്ചശിഖിതുത്ഥതം।
ദന്തമാലസ്യബീജഞ്ചമഞ്ജിഷ്ഠാമെരരണംശകൃൽ॥

൪൧- സജ്ജനിര്യാസമെതാനിക്രമവൃദ്ധാനിചൂൎണ്ണയെൽ।
മധൂച്ഛിഷ്ടെനതച്ചൂൎണ്ണംവിലൂണെനദ്ധ്രുതെനതു॥

൪൨- സംയോജ്യരക്ഷെൽഗോശൃംഗെനിധായവിഭിഷക്തതഃ।
ആദായകിഞ്ചിൽസന്താപ്യചെലഖണ്ഡെനസജ്ജയെൽ॥

൪൩- നിധേതവ്രണെതച്ചപ്രാതസ്സംശൊധിതെപുനഃ।
സായംത്യക്താപാതയെഥവാന്യന്നിദധീതാത്രശൊധിതെ॥

൪൪- എതദപ്യന്നാനാംസംശുദ്ധിംരൂഢതാംചാശുയച്ഛതി।
ശൊധനെക്ഷീരിവല്കസ്യനിര്യൂഹഃപരമിഷ്യതെ॥

ചായില്യം ൧ പൊന്നരിതാലം ൨ തുത്ത ൩ തുരിശ ൪ ഉ ങ്ങിൻകുരു ൫ മഞ്ചെട്ടിപ്പൊടി ൬ ആട്ടിൻമലം ൭ ചെഞ്ചല്യം ൮ ഇങ്ങിനെ ഓരൊ ഭാഗം അധികമായി മെൽപറഞ്ഞ മരുന്നു കൾ തൂക്കി എടുത്ത കല്ക്കുട്ടിപ്പൊടിച്ച ശീലപ്പൊടിയിട്ട ആ പ്പൊടിയിലിരട്ടി വെളുത്ത മെഴു ഉരുക്കി അതിനൊടുകൂടെ ചെ ൎത്ത പശുവിൻ കൊമ്പിലാക്കി സൂക്ഷിച്ച വെണ്ടപ്പോൾ അതി ൽനിന്ന വെണ്ടതെടുത്ത തീയ്യിന്റെ ജ്വാലയിൽ കാച്ചി അയ വുവരുത്തി തുണിയുടെ ഖണ്ഡത്തിന്മെൽ തെച്ച ആ ഖണ്ഡം രാ വിലെ വ്രണത്തിന്ന ശുദ്ധിവരുത്തിയതിന്റെശെഷം വ്രണത്തി ന്മെൽ പററിക്കുക- പിന്നെ വയ്യുന്നെരം ആ ഖണ്ഡം എടുത്തു കളഞ്ഞ ശുദ്ധിവരുത്തി വെറെ ഉണ്ടാക്കി ആയത പററിക്കുക ഇപ്രകാരം ചെയ്താൽ വ്രണത്തിന്ന ശുദ്ധിയും ഉണക്കവും താ മസംകൂടാതെ സിദ്ധിക്കും- വ്രണശുദ്ധിവരുത്തെണ്ടതിന്നു നാ ല്പാമരക്കഷായം ഉത്തമമാകുന്നു.

## ക്രൂപക ലക്ഷണം

൫൫- ജംഘയോഃപൃഷ്ഠഭാഗേയോജായതേമാംസശാലിനീ।
ശ്രോണ്യോരേഷാമദ്ധ്യനിമ്നാത്വസംശോഫഃകൂപകാഹ്വയഃ॥
൫൬- സപകാഃപൂയസംസ്രാവോഗംഭീരഃകൂപസന്നിഭഃ।
ദൃശ്യതേകൂപകോനാമ്നാതേനവൈദ്യൈരുദീര്യതേ॥

ജംഘകളുടെ പൃഷ്ഠഭാഗത്തിങ്കൽ മാംസപുഷ്ടിയോടുകൂടിയ സ്ഥലത്തെ ആശ്രയിച്ചു പക്കിന്ന ഉയൎച്ചയോടും നടുവിന്ന താഴ്ചയോടുംകൂടിയതായി യാതൊരുനീര ഉണ്ടാകുന്നുവോ അതിനെ കൂപകമെന്നറിക- മെൽപറഞ്ഞ നീര പൊട്ടിയാൽ അധികമായ ആഴത്തോടുകൂടിയതായി വരുന്നതാകയാൽ കൂപമെന്നപോലെ തോന്നും- അതുഹേതുവായിട്ടു വൈദ്യന്മാർ അതിനെ കൂപകമെന്ന പറയുന്നു- ജംഘാ എന്നത കാലിന്റെ മുട്ടിന്റെയും ഞെരിയാണിയുടെയും മദ്ധ്യഭാഗമാകുന്നു- കൂപമെന്നത കിണറാകുന്നു

## കൂപക ചികിത്സാ

### (പ്രിയാളമൂലാദി തൈലം)

൫൭- പ്രിയാളമൂലയഷ്ട്യാഹ്വഗുളൂചീകതകൈഃകൃതേ।
കഷായേത്രിഫലാപകഃകേരസ്നേഹോത്രശസ്യതേ॥

മുറമരത്തിന്റെവേര ഇരട്ടിമധുരം ചിററമൃത തേററാമരത്തിന്റെവേര ഇവകൊണ്ടു കഷായംവെച്ചു ത്രിഫല അരച്ചുകലക്കി വെളിച്ചെണ്ണയെത്ത കാച്ചിയരിച്ചു തലയിൽ തേപ്പിക്കം

### (വിലാമൃതാദി തൈലം)

൫൮- വിലാമൃതാബ്ദദേവാഹ്വവാട്യാലകവിളീതകൈഃ।
ഭാർങ്ഗീകതകമൂലാഭ്യാമപിനിഷ്ക്വഥിതേംഭസി॥
൫൯- പാദശേഷേപരിസ്രാവ്യപൂതേചാപിവിചൂൎണ്ണകല്ക്കിതൈഃ।
താലീസപത്രമുസ്ത്രൈലാലവംഗനതചന്ദനൈഃ॥
൬൦- രാസ്നാമൊരടയഷ്ട്യാഹ്വരാവനാഗരകേസരൈഃ।
മാംസീഫലത്രയാഭ്യാഞ്ചപകഃകേരഫലോൽഭവഃ॥
൬൧- സ്നേഹസ്സിലസമൂതോവാപൂൎവ്വസ്മാദധികോഗുണൈഃ।
പ്രഭ്രഷ്ടദോഷതോനാസ്യസ്മൃതരാംതത്രശസ്യതേ।

൫൩ *

ഉലുവത്തിൻവേര ചിററമൃത മുത്തങ്ങക്കിഴങ്ങ ദേവതാരം കുറുന്തോട്ടിവേര താന്നിക്ക ചെറുതേക്കിൻവേര തേററാമരത്തിൻവേര ഇവകൊണ്ട കഷായംവെച്ച താലീസപത്രം മുത്തങ്ങക്കിഴങ്ങ ഏലത്തരി ഇലവംഗത്തൊലി തകരം ചന്ദനം അരത്ത കച്ചൂരിക്കിഴങ്ങ ഇരട്ടിമധുരം ഗോരോചനം അകില കുങ്കുമം മാഞ്ചി ത്രിഫല ഇവ അരച്ചുകലക്കി വെളിച്ചെണ്ണയോ എണ്ണയോ ചേൎത്ത കാച്ചിയരിക്കുക ഈ എണ്ണ മുൻപറഞ്ഞതിനെക്കാൾ ഗുണാധിക്യമുള്ളതാകയാൽ ദോഷകോപത്തിന്റെ ആധിക്യത്തിനെ അനുസരിച്ച നിശ്ചിച്ച തലയിൽ തേപ്പിക്കുക

൨൨– മധുസ്സൎവ്വായുഷൈതസ്സിദ്ധംകപാഥമാരഗ്വധാദിഭിഃ।
പായയെയേന്നലെ പഞ്ചശാരിബാദ്യൈഃ പ്രകല്പയേൽ॥

പാവുചേൎത്ത ആരഗ്വധാദി കഷായം സേവിപ്പിക്കേ ശാരിബാദി അരച്ചുപുരട്ടുക

൨൩– സമ്യക്ക്ഷരിതപൂയന്തുസംശോധ്യമ്ബുകളാംഭസാ। കിം
ശുകസാരസേചകപൊല്ഗ്ഗോപൃഷൈസ്സമുദീരയേൽ॥

പൊട്ടിനല്ലവണ്ണം ചലംവാൎന്നുപോയാൽ ഏരിഞ്ഞിത്തൊലികൊണ്ട കഷായംവെച്ച ആ കഷായം ആറിയാൽ അതുകൊണ്ട കഴുകി ശുദ്ധിവരുത്തി നല്ലവണ്ണം തോൎത്തി കൊന്നപ്പൊടിച്ച കരുമുരുക്കിലനീരിൽ ചേവിച്ച ആറിയാൽ അത നിറക്കുക ഒരു ശീലയിൽ പുരട്ടി മീതെ കെട്ടുകയുമാം എന്നാൽ ക്രമേണ മാംസം വൎദ്ധിച്ച കഴിത്തുരുകയും ചെയ്യും

൨൪– സമുദ്ധിന്നേതുപൂൎവ്വാണാംരോപണാൎത്ഥമുപക്രമഃ।
കഷ്ഠാൽബകുളവല്ക്കാംഭസ്സത്രാപിഷ്ഠഞ്ചശോധനേ॥

മാംസം വൎദ്ധിച്ച വേണ്ടുംവണ്ണമായാൽ ഉണക്കത്തിന്നുവേണ്ടി മുൻപറഞ്ഞ ചികിത്സയെ ചെയ്യു അവിടെ വ്രണശുദ്ധിക്ക നാല്പാമരക്കഷായംതന്നെ വേണമെന്നില്ല ഏരിഞ്ഞിത്തൊലികൊണ്ട വെച്ചതുംകൊള്ളാം ഇപ്രകാരം ചികിത്സകൾ ചെയ്താൽ ക്ഷുപകം ശമിക്കും

## അജഗല്ലിക ലക്ഷണം

൨൫– കണ്ഡൂലൈഃ കഠിനൈസ്സൂക്ഷ്മൈഃകാകിണീഫലസന്നി
ഭൈഃ। ആചിതൊവിപുലഃകിഞ്ചിദുന്നതായഃ വ്രജായതെ॥

൬൩- നീലാശ്മഫലകച്ഛായശ്ലാക്ഷ്ണഃ കൊഷ്ഠരയൊസ്തഥാ।
ജംഘയൊശ്ചാസവിജ്ഞെയൊഭിഷഗ്ഭിരജഗല്ലികഃ॥

കഠിനമായ പൊറിച്ചിലൊടുകൂടിയവയും മാൎദ്ദവമില്ലാത്തവയുമായി ചിലന്നികളുടെ ആകൃതിപൊലെ ഇരിക്കുന്ന ആകൃതിയൊടുകൂടിയിരിക്കുന്ന പുളകങ്ങളെക്കൊണ്ട ഇടതൂൎന്ന പരപ്പൊടുകൂടി അല്പമുയൎന്ന കരിങ്കല്ലലകയുടെ നിറംപൊലെ ഇരിക്കുന്ന നിറത്തൊടുകൂടിയതായി യാതൊരുനീര കൊഷ്ഠരങ്ങളിലൊ ജംഘകളിലൊ ഉണ്ടാകുന്നുവൊ അതിനെ അജഗല്ലികമെന്നറിക- മലയാളികൾ ചിലന്നി എന്നും കെച്ചച്ചിലന്നി എന്നും ഇതിനെ പറയുന്നു.

## അജഗല്ലക ചികിത്സാ

### (അമൃതാവെതസാ തൈലം)

൬൪- അമൃതാവെതസാനന്താനക്തമാലശല്ലാൽഭവൈ।
രസെജീരകസൈരെയനിശാദാരുഫലത്രയൈഃ॥

൬൫- സലിലൊശീരകഷ്ഠാബ്ദചന്ദനൈനശ്ചാവകല്കിതൈഃ।
സിദ്ധഃകെരൊൽഭവസ്നെഹരപാനെനാഭ്യഞ്ജനെനച॥
൬൬- തൈരെവസിദ്ധെസിഷ്ഷ്യാദഥകല്കൈസ്തൈരെവസാധി
തം। ഘൃതംപാവിനിഹന്ത്യാശുനിഷിതമജഗല്ലികം॥

ചിററമൃത ആററുവഞ്ഞി കറുക ഉങ്ങിൻതളിര ഇവററിൻനീരിൽ ജീരകം കരിംകുറിഞ്ഞിവെര വട്ടമഞ്ഞൾ ദെവതാരം ത്രിഫല ഇരുവെലി രാമച്ചം കൊട്ടം മുത്തങ്ങക്കിഴങ്ങ ചന്ദനം ഇവ അരച്ചുകലക്കി വെളിച്ചെന്നയെണ്ണ കാച്ചിയരിച്ച തലയിൽ തെപ്പിക്കയും വ്യാധിയുള്ളെടത്ത പുരട്ടുകയും സെവിപ്പിക്കയും പിന്നെ മെൽപ്രകാരം നെയ്യ കാച്ചി സെവിപ്പിക്കയുമാം എന്നാല്പൊ മെൽപറഞ്ഞ പ്രകാരം വെളിച്ചെന്ന കാച്ചി തലയിൽ തെപ്പിക്കയും വെണം

### (വെതസാമ്ലാദി കുഴമ്പ)

൬൭- വെതസാമ്ലലതാകന്ദഗിരിണീരുചൎമ്മണീ।
ദലാനിനക്തമാലസ്യത്വരൊസ്ഥ്രുവകാസ്യച॥
൬൮- ഭസ്മാനികെരതസ്നൈത്രപിഷ്ടാനസമ്മെളയെൽപുനഃ।
തന്നിഹന്ത്യനലെപെനലഘലിഷ്ഠമജഗല്ലകം॥

ഞെരിഞ്ഞാംപുളിക്കിഴങ്ങ കൊൽപ്പുളിവെരുങ്ങൽതൊലി ഉ

ങ്ങിൻതളിര നീരട്ടിത്തളിര ഇവ വെളിച്ചെണ്ണയിൽ വറുത്ത നല്ലവണ്ണം മൂചനാൽ ആ വെളിച്ചെണ്ണയിൽതന്നെ അരച്ചു ചെത്ത പുരട്ടുക ചൎമ്മത്തിലുള്ള അജഗല്ലികാ ശമിക്കും പ്രബലമായാൽ മുൻപറഞ്ഞ ചികിത്സയെ ചെയ്യു

## ഇന്ദ്രേമ്മ ലക്ഷണം

൩൨– ഗുല്ഫാദധസ്താൽസൎവ്വത്രവ്യാപ്തശ്ശ്ലേഷ്മഫാൻഗുരുഃ।
സ്ഫോടൈഃ പ്രപദയോസ്സൂക്ഷ്മൈഃ ക്ഷ്വൂരാചിതോബഹുളിഃപരം॥

൩൩– തലയോരന്തരേംഗുല്യോരംഗുലീനാഞ്ചപാൎശ്വയോഃ।
ജായതേയസ്സവിജ്ഞേയഇന്ദ്രേമ്മഇതിസംജ്ഞയാ॥

കാലിൻെറ ഉള്ളടി വിരലുകളുടെ മദ്ധ്യം വിരലുകളുടെ ഇരുഭാഗം ഈ പ്രദേശങ്ങളിൽ സൂക്ഷ്മങ്ങളായി വളരെ സംഖ്യയോടുകൂടിയ പുണ്ണുകളോടുകൂടെ ഞെരിയാണിക്കൽ നിന്ന താഴെ എല്ലാടവും യാതൊരു നീര ഉണ്ടാകുന്നുവൊ അതിനെ ഇന്ദ്രേമ്മമെന്നറിക

## ഇന്ദ്രേമ്മ ചികിത്സാ

### (കാരസ്കരദള്ളാദി തൈലം)

൩൪– കാരസ്കരദളാനന്താവിജയാപത്രജൈരസൈ।
കല്ക്കേനപഞ്ചഗന്ധേനസിദ്ധഃകേരഫലോൽഭവഃ॥

൩൫– സ്നേഹസ്സിലോൽഭവോയദ്വാമൂൎദ്ധിദത്തസ്തദുൽഭവേ।
നിമിത്തമസൃജോഹന്ത്യാദ്യനാമന്നസംശയഃ॥

കാഞ്ഞിരത്തിൻതളിര കറുക കടമ്മെത്തില ഇവററിൻ നീരിൽ ഇരുവെലി രാമച്ചം കൊട്ടം ചന്ദനം ഇരട്ടിമധുരം ഇവ അരച്ചുകലക്കി എണ്ണയൊ വെളിച്ചെണ്ണയൊ ചെത്ത കാച്ചിയരിച്ച തലയിൽ തെപ്പിച്ചാൽ ഇന്ദ്രേമ്മത്തിന്ന നിമിത്തമായ രക്തത്തിൻെറ ദോഷ്ട ശമിക്കും

### (ശിവവല്ല്യാദി തൈലം)

ശിവവല്ലീനിശാകൃഷ്ണാതുളസീപത്രജൈരസൈ।
ക്ഷീരിദ്രുവല്കയഷ്ട്യാഹ്വാമഞ്ജിഷ്ഠാപത്മകേസരൈഃ॥
അംബോസ്തുതിലകാശോകവല്കലൈഃപിഷ്ടകല്കിതൈഃ।
സിദ്ധഃകേരോൽഭവസ്നേഹഇന്ദ്രേമ്മാദിനിയച്ഛതി॥

കരളകത്തില പച്ചമഞ്ഞൾ കരത്തുളസി ഇവററിൻ നീരിൽ നാല്പാമരത്തിൻതൊലി ഇരട്ടിമധുരം മഞ്ചട്ടിപ്പൊടി താമരയല്ലി അമ്പഴത്തിൻതൊലി മയിലെള്ളിൻതൊലി അശോകത്തിൻതൊലി ഇവ അരച്ചുകലക്കി വെളിച്ചെണ്ണവെന്ത കാച്ചി അരിച്ചു പുരട്ടുക ഇന്ദ്രമ്മം ശമിക്കും

(ധാരക്ക)

൫൰൬– ക്രൂവൃദ്ധശ്ചയഃഫൌത്രത്ത്വാമയഷ്ടിലതാരസഃ।
പിഷ്ടാളയാംസമാലൊഡ്യതെനപ്രാക്ഷൽകമിഷ്യതെ॥

കാലിന്റെ അടിയിന്മേൽ നീര അധികമായി ഉണ്ടാകിൽ കരക വള്ളിക്കാഞ്ഞിരം ഇവററിൻനീരിൽ കടുക അരച്ചു കലക്കി അതുകൊണ്ട ധാരചെയ്തതിന്റെ ശെഷം മുൻപറഞ്ഞ തൈലം പുരട്ടുക ഇവ ചെയ്താൽ ഇന്ദ്രമ്മം നല്ലവണ്ണം ശമിക്കും

ഇദ്ധ്മകലക്ഷണം

൫൰൭– ശിരസ്സ്രാവമാണെന്നപൂരണാസൃജസ്സിരാഃ।
പാർഷ്ണിപ്രധാവിനിസ്സൂഡ്ഡാപ്രസാരാകുഞ്ചനാസഹാ॥

൫൰൮– പാർഷ്ണിസ്സ്രുലശ്ലൊഫാദ്യസ്തീവ്രദാഹശ്ചജായതെ।
യെനെദ്ധ്മകസ്സവിജ്ഞെയസ്സച്ചികിത്സാധികല്പ്യതെ॥

ശിരസ്സികൾനിന്ന ഇറങ്ങുന്നരക്തം അകത്ത അധികമായി തിങ്ങുക നിമിത്തമായി അരക്കെട്ടിൽനിന്ന കാലിന്റെ മടമ്പിന്ന നെരെ ഉള്ള ഞരമ്പ സ്തംഭിച്ചു കാല നീട്ടുക മടക്കുക ഈ രണ്ട കമ്മങ്ങളെ മുടക്കുന്നതായും മടമ്പിന്നു വെദനയൊടും നീരൊടും കഠിനമായ ചുട്ടുനീററലൊടും കൂടിയതായും യാതൊരു രോഗം സംഭവിക്കുന്നുവൊ അതിനെ ഇദ്ധ്മകമെന്നറിക അതിന്റെ ചികിത്സയെ ഇതിന്നുതാഴെ പറയുന്നു

ഇദ്ധ്മകചികിത്സാ

(തലയിൽതിരുമ്പുവാൻ)

൫൰൯– തിന്ത്രിണീപനസൊദ്ഭവഗതത്തുകെരമഹീരുഹാം।
കാരസ്കരസ്യചൈവീകെസ്സമരാസ്സാളയാനിശാഃ॥

൬൰– മാംസീമധുകമഞ്ജിഷ്ഠാബലാജലദചെധികാഃ।
പൈശാകാരകലായാക്ഷലിക്ഷാനിഡഹാനിച॥

൬൯- സന്താപ്യകർപ്പൂരരസസ്യക്ചൂർണ്ണീകൃത്യാവമർദ്ദയേൽ।
തച്ചൂർണ്ണംമൂർദ്ധ്നി നിഷ്ഠീപ്യദോസ്ഥലനശൈനശ്ശനൈഃ॥

കൊൽപുളി പുലാവ കവുങ്ങ തെങ്ങ കാഞ്ഞിരം ഇവററിൻ മൊരി അരത്ത കടുക്ക വരട്ടുമഞ്ഞാൾ മാഞ്ചി ഇരട്ടിമധുരം മഞ്ചെട്ടിപ്പൊടി കുറുന്തൊട്ടിവെര മുത്തങ്ങക്കിഴങ്ങ സഹസ്രവെധി വെട്ടാളൻകൂട തനിക്ക ചിതലിൻകൂട നെല്ലിക്ക ഇവകലത്തിലിട്ട ചൂടുപിടിപ്പിച്ച പൊടിച്ച ശീലപ്പൊടി ഇട്ട ആപ്പൊടി മൂൎദ്ധാവിൽ വിതറി ഉള്ളംകൈകൊണ്ട പതുക്കെ ഉരക്കെ തിരുമ്പുക

(തലക്കെണ്ണ)

൭൦- ബലാകതകമൂലാദിതൈലമ്മൂർദ്ധ്നാപ്ലാവയേൽ॥
തത്രൈവംചൂർണ്ണമായോജ്യമൂർദ്ധ്നാസന്ധാരയേത്തഥാ॥

ബലാകതകമൂലാദിതൈലം തലയിൽ തെപ്പിക്കയും വെണം ആ തൈലത്തിൽ തന്നെ മുൻപറഞ്ഞ പൊടി ചെൎത്ത കുഴമ്പിടുകയുമാം എന്നാൽ പൊടിയിട്ട തിരുമ്പെണമെന്നില്ല

(ഭൂതാലകന്ദാദിതൈലം)

൭൧- ഭൂതാലകന്ദക്ഷീരീതാഗ്ബലാസൈരെയയഷ്ടിഭിഃ।
നിഷ്ക്വാഥൈർവ്വിപചേത്തൈലീ ഗോപികാദാരുചന്ദനൈഃ॥
൭൨- ജീവകർഷഭജീവന്തീക്ഷീരശുക്ലാപുനർന്നവൈഃ।
സൂർപ്പപർണ്ണീബലാദ്വന്ദ്വശ്രാവണീമേദയൈസ്സധാവൈഃ॥
൭൩- ശതാഹ്വാസരളാംഭഃകാലമൂലൈരപിചകല്ക്കിതൈഃ।
സക്ഷീരഃകേരജസ്സ്നേഹസ്തിലജോവാവിപാചിതഃ॥
൭൪- ഹന്തിസെകാൽസിരാസ്തംഭമൂഷ്മകെശഃപ്രജായതെ।
ദാഹബാഷ്പാർണ്ണശൂലംചശോഫഞ്ചവിനിയച്ഛതി॥

നെല്പനക്കിഴങ്ങ നാല്പാമരത്തിൻതൊലി കുറുന്തൊട്ടിവെര കരിങ്കുറിഞ്ഞിവെര ഇരട്ടിമധുരം ഇവകൊണ്ട കഷായം വെച്ച ശതാവരിക്കിഴങ്ങ നന്നാറിക്കിഴങ്ങ ദെവതാരം ചന്ദനം ജീവകം ഇടവകം അടപതിയൻകിഴങ്ങ പാൽമുതക്കിൻകിഴങ്ങ തഴുതാമവെര കാട്ടുഴുന്നിൻവെര കാട്ടുപയററിൻവെര കുറുന്തൊട്ടിവെര ഊരകത്തിൻവെര ശ്രാവണി മഹാശ്രാവണി ഇന്തുപ്പ ശതകുപ്പ ചരളം അങ്കൊലത്തിൻവെര ഇവ അരച്ചു കലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്ത അതിനൊടുസമം പാലും ചെൎത്ത കാച്ചി അരിച്ച അതുകൊണ്ട കാലിന്മെൽ ധാരയിടുക ഇദ്ധ്മത്തിങ്കൽ ഉണ്ടാകുന്ന സിരാസ്തംഭവും ചുട്ടുനീററലും വെദനയും നീരും ശമിക്കും

൭- ആഭിഃക്രിയാഭിഃക്ഷീണേഷു സിരാസ്തംഭാദിഷു ക്രമാൽ।
സർവ്വ എവ പിടകാ ഘോരാഃ പാണ്ഡുരാന്തർഭവേച്ച വാ॥

മേൽപറഞ്ഞ ചികിത്സകൾ ചെയ്താൽ ഇളുക്കം ശമിക്കും ചിലക്ക് സിരാസ്തംഭം മുതലായ ഉപദ്രവങ്ങൾ ശമിച്ചാലും കാലിന്മേൽ മടമ്പിന്റെ അകത്ത കുരുവായി പരിണമിച്ച എന്നും വരാം

൮- പാകന്ദ്വാ പരിസ്രാവ്യ തൈലേനാക്തം സുതപ്തഭൈഷജൈഃ। വ്രണസ്യോപക്രമം കൃത്വാ സമ്യക്പക്വം ശമനം നയേൽ॥

കുരുവായിച്ചമഞ്ഞാൽ പുഴുക്കമരുന്ന മുതലായതുകളെക്കൊണ്ട പഴുപ്പിച്ച ചലം വാൎത്ത വ്രണചികിത്സയെ ചെയ്താൽ നല്ലവണ്ണം ശമിക്കയും ചെയ്യും

ഖുഡ്ഡികാ ലക്ഷണം

൯- ശോഫഃ പാണിതലസ്യാത്ര മധ്യഭാഗേതിലോഹിതഃ।
പാദസ്യ വാ തലേ യസ്സ്യാത്താപശോഷകൃദതിവ്യഥഃ॥
൧൰- തീവ്രദാഹജ്വരാലസ്യപർവ്വശൂലകരോപി ച।
സന്ദൃശ്യതേ ഭിഷഗ്ഭിസ്സ ഖുഡ്ഡികേതി നിഗദ്യതേ॥

ഉള്ളംകയ്യിന്റെ നടുവിലൊ ഉള്ളംകാലിന്റെ നടുവിലൊ ഏറ്റവും ചുവപ്പോടു കൂടിയതായൊരു നീര തൊലിക്ക വിള്ളലിനെയും കഠിനമായ വേദനയെയും അസഹ്യമായ ചുട്ടുനീറലിനെയും അപ്രകാരമിരിക്കുന്ന പനിയെയും ആലസ്യത്തെയും സന്ധികളിൽ കുത്തുകൊണ്ടാലെന്നപോലെ ഉള്ള വേദനയെയു മുണ്ടാക്കുന്നതായി കാണപ്പെടുന്നുവൊ അതിനെ വൈദ്യന്മാർ ഖുഡ്ഡികയെന്ന പറയുന്നു

ഖുഡ്ഡികാചികിത്സാ

(അരച്ചുതേപ്പാൻ)

൧൧- ക്ഷീരിവൃക്ഷത്വചഃ പിഷ്ട്വാ ബലാമൂലശൃതാംഭസാ।
നവനീതേന സമ്മർദ്ദ്യ ഖുഡ്ഡികായാ വിലേപനം॥
൧൨- ബലാകതകമൂലാദിതൈലം മൂർദ്ധ്നി ശസ്യതേ।
ആരഗ്വധാദിനിര്യൂഹോ മധുസ്നേഹാവസംയുതഃ॥

നാല്പാമരത്തിൻതൊലി കഷായത്തിൽ അരച്ച വെണ്ണനെയ്യ കൂട്ടി ഉരസി നീരവന്നു പുരട്ടുകയും തലയിൽ ബലാകതക മൂലാദി തൈലം തേപ്പിക്കയും ആരഗ്വധാദി കഷായം പാവ ചേൎത്ത സേവിപ്പിക്കയും ചെയ്ക എന്നാൽ ഖുഡ്ഡിക ശമിക്കും

൨൩– ശാഖാരോഗചികിത്സേതി ഫെല്ലേന സമുദീരിതാ।
സംക്ഷിപ്യ ബാലബോധാൎത്ഥമസ്മാഭിരിഹ ദൎശിതാ॥

ഫെല്ലാചാൎയ്യനാൽ വിസ്തരിച്ചു പറകപ്പെട്ട ശാഖാരോഗചികിത്സയെ വിദ്യയിങ്കൽ ബാലന്മാരായിരിക്കുന്നവരുടെ അറിവിന്നായിക്കൊണ്ടു ഇവിടെ ചുരുക്കി പറയപ്പെട്ടു

൨൪– രത്നാനി വാരിധെൎയ്യാവദൎത്ഥം ബഹുപരീക്ഷയാ।
സമാഹൃതാനി ശിഷ്യൈരന്യദ്രിക്തെ ചിൽകിമൽഭുതം॥

സമുദ്രത്തിങ്കൽ വളരെ രത്നങ്ങൾ ഉണ്ടായിരിക്കും അതുകളിൽ വെച്ചു അതാതുപ്രയോജനത്തിന്നു വെണ്ടിവരുന്ന രത്നങ്ങളെ വളരെ പരീക്ഷിച്ചു എടുത്തു ഇനി ചില രത്നങ്ങൾ ശെഷിച്ചുകിടപ്പു ഉണ്ടെങ്കിൽ ഇരിക്കട്ടെ ആയതു അത്ഭുതമല്ല

ഇതി പാൎശ്വസൊപനാമക രാമാനന്ദനാഥപണ്ഡിത പാരശവെന്ദ്രകൃതാവാരോഗ്യകല്പദ്രുമെ ബാലചികിത്സായാം വിംശസ്സംഖ്യകൊ നാമ വിംശൊദ്ധ്യായഃ

ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം

## ഏകവിംശാദ്ധ്യായപ്രാരംഭഃ

### നാഭിരോഗലക്ഷണം

൧– അയഥാവിഹിതച്ഛെദാന്നാഭിനാളസ്യ മാരുതഃ।
കുപിതഃ കുരുതെ രോഗാൻ നാഭ്യാം തെ ച ചതുൎവ്വിധാഃ॥

പൊക്കിൾക്കൊടി മുറിപ്പാൻ വിധിച്ചപ്രകാരമല്ലാതെ മുറിച്ചാൽ അതുനിമിത്തമായി വായു കൊപിച്ചു പൊക്കിളിനെ ആശ്രയിച്ചു ഉൽഭവിക്കുന്നതായ ചില രോഗങ്ങളെ ഉണ്ടാക്കുന്നു– അതുകൾ നാലു പ്രകാരെണ കാണപ്പെടുകയും ചെയ്യുന്നു

൨– നാഭിപാകശ്ച തുണ്ഡിശ്ച നാഭ്യായാമഃ പ്രലംബികാ।
ലക്ഷണാൎഗതാ തെഷാം ചികിത്സാഥ പ്രദൎശ്യതെ॥

നാഭിപാകം തുണ്ഡി നാഭ്യായാമം പ്രലംബിക ഇങ്ങിനെ നാലാകുന്നു ഇനി ക്രമെണ അതാതിന്റെ ലക്ഷണത്തെയും ലക്ഷണത്തിന്റെ താഴെ ചികിത്സയെയും കാണിക്കുന്നു

### നാഭിപാകലക്ഷണം

൩– നാഭെഃ പിച്ഛിലദുൎഗ്ഗന്ധജലസ്രാവൊത്ര കഥ്യതെ।
നാഭിപാകൊരുജാ ദാഹയുതായാ അപി കസ്യചിൽ॥

പൊക്കിളിങ്കൽ നിന്ന നീരോട്ടം വേദനയോട്ടം കൂടാതെ പഴുപ്പോട്ടം ദുൎഗ്ഗന്ധത്തോട്ടം കൂടിയ നീര കഴകുന്നതിന്നെ നാഭിപാകമെന്ന പറയുന്നു വേദനയും നീരുമുണ്ടാവില്ല എന്ന നിയമമില്ല. ചിലൎക്ക് വേദന ഉണ്ടായി എന്നും ചിലൎക്ക് വേദനയും നീരുമുണ്ടായി എന്നും വരാം.

## നാഭിപാക ചികിത്സാ

൪. തത്രശോഭരുജാശ്രൂന്യേകുഷ്ഠമാമലകാനിച ।
സന്ധാവ്യകല്പരെസമ്യക്ചൂൎണ്ണയിത്വാനുപൂരയെൽ ॥

നീരോട്ടം വേദനയോട്ടംകൂടാതെ ഉള്ള നാഭിപാകത്തിന്ന— കൊട്ടം, നെല്ലിക്ക, ഇവകലത്തിലിട്ട ചൂടപിടിപ്പിച്ച പൊടിച്ച ആ പൊടി പൊക്കിളിലിട്ടമൎക്കുക.

## (മുസ്താകുഷ്ഠാദി തൈലം)

൫. മുസ്താകുഷ്ഠനിശായഷ്ടിധാത്രീഫലശൃതെജലെ ।
ബലാമധുകദെവാഹ്വകല്ക്കേനമൃദുനാഗ്നിനാ ॥
൬. നാളികെരഫലസ്നേഹംവിപാച്യവിദധീതവാ ।
തെനസെകംപിചുന്ദദ്യാദഥവാപായയെതവാ ॥

മുത്തങ്ങക്കിഴങ്ങ, കൊട്ടം, വരട്ടുമഞ്ഞൾ, ഇരട്ടിമധുരം, നെല്ലിക്ക, ഇവകൊണ്ട കഷായംവെച്ച കുറുന്തോട്ടിവേര, ഇരട്ടിമധുരം ദേവതാരം, ഇവ അരച്ചുകലക്കി വെളിച്ചെണ്ണ ചേൎത്ത മന്ദാഗ്നികൊണ്ട പാകംചെയ്ത അരിച്ച അത തുളിക്കയൊ അതിൽ ശീലമുക്കി ഇടുകയൊ സേവിപ്പിക്കയൊ ചെയ്ക. എന്നാൽ വേദനയോട്ടം നീരോട്ടം കൂടാതെ ഉള്ള നാഭിപാകം ശമിക്കും.

൭. രുജാശൊഫയുതെപീഷ്ടോവിധിരെഷപ്രദശിതഃ ।
കിഞ്ചാത്രദ്രവ്യയഷ്ടിഭ്യാംപിഷ്ടാഭ്യാംബലയാശൃതെ ॥
൮. തൊയെപയസിവാകുൎയ്യാന്നാളികെരസ്യലേപനം ।
നിവൃത്തശൊഫെതൈനൈവനിരുജെസൌപ്രശസ്യതെ ॥

വേദനയൊട്ടം നീരോട്ടംകൂടിയ നാഭിപാകത്തിന്നും മേൽപറഞ്ഞ ചികിത്സ നല്ലതുതന്നെ എങ്കിലും ഒരു ഭേദമുണ്ട കറുക ഇരട്ടിമധുരം ഇവ കുറുന്തോട്ടിക്കഷായത്തിലൊ തേങ്ങാപ്പാലിലൊ അരച്ചുതേച്ച നീരിനേയും വേദനയേയും ശമിപ്പിച്ചതിൻശേഷം മേല്പറഞ്ഞ ചികിത്സയെ ചെയ്ക ഇതത്രെഭേദം.

൯. ദൂര്വ്വാരസെമധുസ്നഹ്യാകെരസപ്പിര്വ്വിപാച്യതൽപായ।
യെച്ചാനപഥംകിഞ്ചിൽപാകെമാംസാനുധാവിനി॥

പഴുപ്പ മാംസത്തിങ്കൽ കടക്കുമെന്ന സംശയരൂപമായിതോന്നിയാൽ അപ്പോൾതന്നെ കറുകനീരിൽ പാവ അരച്ചുകലക്കി വെളിച്ചെണ്ണചേൎത്ത കാച്ചിയരിച്ച പഴുപ്പ നിവൃത്തിക്കുന്നതുവരെ ദിവസന്തോറും അല്പാല്പമായി സേവിപ്പിക്കുകയും വേണം.

൧൦. പാകെമാംസഗതെനാഭിരക്ഷതാസ്യാൽപ്രയത്നതഃ।
ക്ഷതാവാകന്ദഗെപാകെപരിത്യാഗൊഹിഭെഷജം॥

പഴുപ്പ മാംസത്തിങ്കലെത്തിയാൽ പ്രയത്നേന പൊക്കിളിന്ന ദോഷം വരാതെ വ്രണമുണങ്ങി എന്നും പൊക്കിളിന്റെ ആകൃതി നശിച്ചുപോതിന്റെ ശേഷം ഉണങ്ങി എന്നും വരാം. നാഭികന്ദത്തിങ്കൽ പഴുപ്പ എത്തിയാൽ ഉപേക്ഷതന്നെ ചികിത്സയാകുന്നു വേറെ ഒന്ന ചെയ്തു നിവൃത്തിവരുത്തേണ്ടതിന്ന വഴിയില്ല.

### തുണ്ഡിലക്ഷണം

൧൧. ആദ്ധ്മാപിതാസമീരെണനാഭിഃപിത്താനുസാരിണാ।
ഉച്ശൂനാസരുജാചസ്യാത്താമാഹുസ്തുണ്ഡിസംജ്ഞിതാം॥

പിത്താനുസാരിയായ വാതത്താൽ വീൎപ്പിക്കപ്പെട്ടുക നിമിത്തമായിട്ട പൊക്കിള വീൎപ്പോടും വേദനയോടും കൂടിയതായിച്ചമയും അതിനെ വൈദ്യന്മാർ തുണ്ഡി എന്നുപറയുന്നു.

### തുണ്ഡിചികിത്സാ

(ശതാഹ്വാദി ഉപനാഹം)

൧൨. ശതാഹ്വാസജ്ജനിര്യ്യാസസൈരെയകബലാരജഃ।
തൈലാർദ്രംരല്പകെലിപ്ത്വാതെനകൊഷ്ണേനകാരയേൽ॥

൧൩. ഉപനാഹംശതാഹ്വാംവാപിഷ്ട്വാഭൃനിംബവാരിണാ।
കൊഷ്ണീകൃത്യാതപെന്യസ്യകുൎയ്യാദ്വാലെപനംതയാ॥

ശതകുപ്പ, ചെഞ്ചല്യം കരിങ്കുറുഞ്ഞിവേര കുറുന്തോട്ടി വേര ഇവ പൊടിച്ച എണ്ണയിൽ കുഴച്ച കരിമ്പടത്തിൽ തേച്ച അല്പം ചൂടുപിടിപ്പിച്ച അതുകൊണ്ട കെട്ടുക ശതകുപ്പ പുത്തരിച്ചുണ്ടയിലനീരിൽ അരച്ച വെയിലത്തുവെച്ച അല്പം ചൂടുപിടിപ്പിച്ച പുരട്ടുകയുമാം.

(ബലാഹരബൃഷാദികഷായം)

൫൪. ബലാഹബൃഷദെവാഹ്വവൃശ്ചീവലശുനൈഃകൃതഃ।
കഷായസ്സപ്പിഷായുക്തസ്തുന്ദിമാശുനിയച്ഛതി॥

കുറുന്തോട്ടിവേര, അടസ്ത്മാമണിയൻവെര, ദേവതാരം, തമിഴാമവേര, വെളുത്തുള്ളി ഇവകൊണ്ടകഷായംവച്ച നെയ്യ മേപ്പൊടിചേത്ത സെവിപ്പിക്ക തുന്ദിശമിക്കും.

(ഇന്ദ്രവല്ല്യാദി കഷായം)

൫൫. ഇന്ദ്രവല്ല്യഭയാദാരുഹബൃഷാമിസിഭിഃകൃതഃ।
കഷായൊവാതഘ്നാപീതസ്തുന്ദിമാശുനിയച്ഛതി॥

ഉഴിഞ്ഞവെര, കടുക്ക, ദെവതാരം, അടസ്ത്മാമണിയൻവേര, ശതകുപ്പ ഇവകൊണ്ട കഷായംവച്ച നെയ്യ മേപ്പൊടി ചേത്ത സെവിപ്പിക്ക തുന്ദിശമിക്കും.

നാഭ്യായാമ ലക്ഷണം

൫൬. അസമ്യഗ്നാഭിനാളസ്യവിച്ഛേദാദഥികൃതൊനിലഃ।
കാലാദ്യനനുകൂലതാദ്ദൈവാദ്വാനാതിദുസ്സഹഃ॥
൫൭. ലബ്ധാവകാശആതിഷ്ഠൻകാലാദെരനുകൂലതാം।
൫൮ ലബ്ധാകദാചിദത്യന്തകുപിതൊനാഭിമെകതഃ॥
നയെദ്വിനമയെദ്വാതംനാഭ്യായാമംപ്രചക്ഷതെ।

പൊക്കിൾക്കൊടി വേണ്ടുംവണ്ണം മുറിക്കായ്ക നിമിത്തമായി വികൃതിയെ പ്രാപിച്ചിരിക്കുന്നവായു കാലാത്ഥകമ്മങ്ങളുടെ അനുകൂലതതികയാഞ്ഞിട്ടൊ ദൈവം പ്രതികൂലമായി തടുക്കകനിമിത്തമായിട്ടൊ വളരെ കോപിക്കാതെ നാഭിസ്ഥാനത്തിങ്കൽ നിന്ന വരുമ്പോൾ ഒരിക്കൽകാലാദിയുടെഅത്യന്താനുകൂല്യത്തെ ലഭിച്ചകഠിനമായി കോപിച്ച പൊക്കിളിനെ ഇടത്തുഭാഗത്തെക്കൊ വലത്തുഭാഗത്തെക്കോ മെൽപട്ടൊ കിഴപ്പട്ടൊ അകത്തെക്കൊ ആകഷിക്കും. അതിനെ നാഭ്യായാമമെന്ന പറയുന്നു.

നാഭ്യായാമചികിത്സാ

(ബലാഗൊധൂമാദികഷായം)

൫൯. ബലാഗൊധൂമദെവാഹ്വജീവന്തീമിസിഭിഃകൃതഃ।
കഷായൊഗുളസിന്ധൂത്ഥയുങ്നാഭ്യായാമമാക്ഷിപെൽ॥

കുറുന്തോട്ടിവേര, കോതമ്പ, ദേവതാരം, അടപതിയൻകിഴങ്ങ, ശതകുപ്പ ഇവകൊണ്ട കഷായംവച്ച ശക്കര, ഇന്തുപ്പ ഇവമെപ്പൊടി ചെൎത്ത സേവിപ്പിക്ക. നാഭ്യായാമം ശമിക്കും.

(ബലാത്ര്യയാദികഷായം)

൨൦. ബലാത്ര്യയസ്ഥിരാദേവദാരുരാസ്നാത്രുനിംബയഷ്ടിഭിഃ।
ഗൊധൂമമിസിയുക്താഭിസ്സിദ്ധസ്സാജ്യശ്ചതദ്ധിതഃ॥

കുറുന്തോട്ടിവേര, വെൺകുറുന്തോട്ടിവേര, ഊരകത്തിൻവേര, ഓരിലവേര, മൂവ്വിലവേര, അരത്ത പുത്തരിച്ചുണ്ടവെരുമ്മൽതൊലി, ഇരട്ടിമധുരം, കോതമ്പ, ശതകുപ്പ, ഇവകൊണ്ട കഷായംവച്ച നെയ്യ മെപ്പൊടി ചേൎത്ത സേവിപ്പിക്ക. നാഭ്യായാമം ശമിക്കും.

൨൧. ആഭ്യാമശാന്താവാദ്യാനാന്ത്രയാണാമനുപക്രമഃ।
സതിഷ്ടതുപ്രകുൎവ്വീതഭ്രയസ്ത്രൈമാസികാദിഷു॥

൨൨. അദ്ധാദ്ധാംഗുലയുക്ത്യൈവനാഭിംമുക്താവിദൂരതഃ।
സമവൃത്താഗ്രയാകുൎയ്യാൽസ്പകനിഷ്ഠാഗ്രമാനയാ॥

൨൩.അയശ്ശലാകയാദാഹംജ്വലൽപാവകതപ്തയാ।
നാഭെരൂദ്ധ്വമധസ്താച്ചപാൎശ്വയൊസ്സവ്യവാമയൊഃ॥

൨൪. ക്രമാദ്ദാഹവ്യഥാഞ്ചാസ്യശമയെത്തദുപക്രമൈഃ।
തക്രസെകാദിഭിവ്വൃക്ഷ്യമാണൈരത്രൈവതുകച്ചിൽ॥

മേൽപറഞ്ഞ കഷായങ്ങളെക്കൊണ്ട ശമിച്ചില്ലയെങ്കിൽ ജാതമാത്രൻ, പക്ഷാതീതൻ, അതിപക്ഷതി ഇവർ മൂവൎക്കും തക്കതായ ചികിത്സചെയ്യാൻ വിധിയില്ലാത്തതിനാൽ ഉപേക്ഷിക്കതന്നെ ഉചിതമായിട്ടുള്ളത. പിന്നെ ത്രൈമാസികൻ മുതൽ എട്ടുപേൎക്ക മേൽപറഞ്ഞ കഷായംകൊണ്ട നിവൃത്തിയില്ലാതെ കണ്ടാൽ അവരവരുടെ ചെറുവിരലിൻെറ തലയൊളം വണ്ണത്തിൽ ഇരുമ്പുകൊല ഉരുട്ടി അതിൻെറ തല ചരിയാതെ മുറിച്ച മിനുപ്പിച്ച തിയ്യിൻെറ ജ്വാലയിൽ കാച്ചി അരെരെശ്ശ വിരൽ അധികമായി ദൂരത്തിങ്കലായി വരുമാറ പൊക്കിളിൻെറ ഊൎദ്ധ്വഭാഗത്തിങ്കലും അധൊഭാഗത്തിങ്കലും വലത്തുമിടത്തും ക്രമത്താലെ അതുകൊണ്ടു ചൂടിട്ട അതുകൊണ്ടുണ്ടാകുന്ന നീറൽ മുതലായ ഉപദ്രവങ്ങളെ ഇതിന്നുതാഴെ ഒരെടത്ത പറെവാൻ പോകുന്ന ചികിത്സകളെക്കൊണ്ട ശമിപ്പിക്കുക. നാഭ്യായാമം ചൂടുകൊണ്ട ശമിക്കുകയും ചെയ്യും.

## പ്രലംബികാ ലക്ഷണം

൨൫. വായുനാദ്ധ്മാപിനാഭിർമ്മൂഷാകാരേണലംബതേ।
യദൈഷാവികൃതിർവ്വൈദ്യൈരുക്താവൃദ്ധൈഃപ്രലംബികാ॥

വായുവിനാൽ നാഭി വീർപ്പിക്കപ്പെട്ടകനിമിത്തമായിട്ട മൂശയുടെ ആകൃതിപോലെയുള്ള ആകൃതിയോടുകൂടിയതായി തൂങ്ങുന്നു. അതിനെ പ്രലംബിക എന്ന പണ്ടെയുള്ള വൈദ്യന്മാർ പറഞ്ഞിരിക്കുന്നു.

൨൬. സരുജാനീരുജാചസ്യാൽസരുജാശാന്തിമൃച്ഛതി।
നീരുജാചനവാതൊന്യാവിജ്ഞെയാനിരുപക്രമാ॥

വേദനയോടുകൂടിയതായിട്ടും വേദനയോടുകൂടാതെയും ഇങ്ങിനെ പ്രലംബിക രണ്ടുപ്രകാരത്തിലുണ്ട. വേദനയുള്ളത ശമിക്കും. വേദനയില്ലാത്തത ഉണ്ടായാൽ ഉടനെ ചികിത്സിച്ചാൽ ശമിക്കും. പഴകിയാൽ ശമിക്കയില്ല.

## പ്രലംബികാ ചികിത്സാ

൨൭. തുന്ദെരുപക്രമായെയെപ്രൊക്താസ്തെചപ്രലംബികാം।
സാദ്ധ്യാംസാധയിതുംന്യൂനംപ്രഭവെയുഃപ്രയൊജിതാ॥

തുന്ദി എന്ന രോഗത്തിന്ന പറഞ്ഞ ചികിത്സകൾതന്നെഅധികകാലം ശീലിച്ചാൽ പ്രലംബികകളിൽ ശമിക്കുന്നതിനെ ശമിപ്പിപ്പാൻ മതിയായി വരുന്നതാകയാൽ അതിന്ന വേറെ ചികിത്സയെ പറയുന്നില്ല.

## സ്ഥൌല്യ ചികിത്സാ

൨൮. മേദസഃക്ഷപണൈഃകുൎയ്യാദതിസ്ഥൌല്യസ്യഭെഷജൈഃ
പ്രതീകാരംബഹൂൻവ്യാധിൻയദാവഹതിദേഹിനാം।

അധികമായി തടിച്ചവരുടെ തടി മേദസ്സിനെ ക്ഷയിപ്പിക്കുന്ന ഔഷധങ്ങളെക്കൊണ്ട ശമിപ്പിക്കപ്പെടേണ്ടതാകുന്നു. ആയത ചെയ്യാതെയിരുന്നാൽ ആ തടി വളരെരോഗങ്ങളെ ഉണ്ടാക്കുകയും ചെയ്യും. എന്നാൽ അതിന്ന ഇന്നതാണ് ചെയ്യേണ്ടത എന്ന ഇതിന്നുതാഴെ വിവരിക്കുന്നു.

൨൯. ഖദിരാസനനിഷ്ക്വാഥൈരാത്രൌക്ഷിപ്ത്വാഫലത്രയം।
ശോഷയെദഹ്നികൃത്വൈവംസപ്തവാരംവിചൂർണ്ണയേൽ॥

൩൦. തച്ചൂർണ്ണംമധുനാനിത്യമശ്നൻമാസെനമാനുഷഃ।
അതിസ്ഥൌലംത്യജെച്ചിണ്ണോഃപാദസേവീവപാതകം॥

കരിങ്ങാലിക്കാതല, വേങ്ങക്കാതല ഇവററിൻ കഷായത്തിൽ രാത്രി മുഴുവനുമിട്ട പകൽ മുവനും ഉണക്കുക. ഇങ്ങിനെ ഏഴുപ്രാവശ്യം സംസ്കാരംചെയ്യപ്പെട്ട ത്രിഫല പൊടിച്ച തേനിൽ സേവിപ്പിക്ക. അതിസ്ഥൌല്യം ശമിക്കും.

൯൧. ശിലാജതുരജൊയദ്വാലിഹ്യാദാദ്രീകൃതംപ്രഗെ।
അഗ്നിമന്ഥദളൊത്ഥെനരസെനമധുനാപിവാ॥

കന്മതം പൊടിച്ച മുഞ്ഞയില നീരിലൊ തേനിലൊ സേവിപ്പിക്ക. അത.സ്ഥൌല്യം ശമിക്കും.

൯൨. സമശീതൊദകംക്ഷൌദ്രംപായയെദഥവാരജഃ।
തൈനൈവവെല്ലക്ഷീരിദ്രുത്വക്ത്ര്യൂഷണമണിമന്ഥജം॥

തണുത്ത പച്ചവെള്ളവും തെനും സമമായിചേൎത്ത സേവിപ്പിക്ക. അതിൽതന്നെ വിഴാലരി, നാല്പാമരത്തിൻതൊലിത്രികട്ടു. മുഞ്ഞവേര ഇവററിൻ പൊടിചേൎത്ത സേവിപ്പിക്ക, അതിസ്ഥൌല്യം ശമിക്കും.

(ലോഹാസവം)

൯൩. ഖരിരാസനഗോധൂമയവമുൽഗഫലത്രയൈഃ।
ഏലാദ്വയനിശാലാജകടുത്രയവിളംഗകൈഃ॥

൯൪. കതകാശ്മജതുഭ്യാഞ്ചനിഷ്യൂഹെസംപ്രസാധിതെ।
ശീതെപൂതെചസംയൊജ്യനാളികെരൊദകംനവം॥

൯൫. ദ്വിഗ്ഗുണംതത്രസന്താപ്യശലാകാലൊഹനിൎമ്മിതാഃ।
ക്ഷിപ്ത്വാൎത്തസ്യകനിഷ്ഠായാസ്തുല്യാസ്സ്വാദ്ധാവശെഷിതം॥

൯൬. കൃത്വാതസ്മാദനുദ്ധൃത്യതാസ്സൎവ്വാമാക്ഷികംനവം।
ദ്വിഗ്ഗുണംതത്രസംയോജ്യബധ്വാവാത്രമുഖംദൃഢം॥

൯൭. നിധായയവഗൎത്തെൽഷൊഡശാഹമുപെക്ഷയാ।
ആദായപശ്ചാദെതസ്യതൽപാണിതലസമ്മിതാം॥

൯൮. മാത്രാംദദ്യാൽപ്രഗെതസ്യാഃപാനാൽപക്ഷമനുഷ്ഠിതാൽ
അതിസ്ഥൌല്യവിമുക്താസ്സ്യന്നാമ്നാലൊഹാസവൊഹ്യസൌ

൯൯. ശീലിതശ്ശ്ലൊഭദുന്നാമമെഹൊദരഭഗന്ദരാൻ।
മദകുഷ്ഠാപചിഗ്രന്ഥിസ്സ്യന്നാസാംശ്ചനിയച്ഛതി॥

കരിങ്ങാലിക്കാതല, വേങ്ങക്കാതല, കൊതമ്പ, യവം, ചെറുപയറ ത്രിഫല, ഏലത്തരി, ചിറെറലം, വരട്ടുമഞ്ഞൾ, മലര, ത്രികട്ടു, വിഴാലരി തേററാമ്പരല, കന്മതം ഇവകൊണ്ട കഷായംവെച്ചആറിയാൽപിഴിഞ്ഞരിച്ചനല്ലപാത്രത്തിലാക്കി ആ കഷായത്തിലെരട്ടി കരിക്കിൻ വെള്ളംചേൎത്ത രോഗിയുടെചെറുവിരലോട ആയാമപരിണാഹങ്ങൾകൊണ്ടസമങ്ങളായ ഇരു

ആണികൾ വളരെ ഉണ്ടാക്കി അതിലൊരൊന്ന പഴുപ്പിച്ചുമെൽപറഞ്ഞ കഷായത്തിലിട്ട പകുതി വററിയാൽ ആണികൾ അതിൽനിന്ന എടുക്കാതെ അതിലുള്ള കഷായത്തിലിരട്ടിപുതിയതേൻ ചേൎത്ത പാത്രത്തിൻെറ വായ നല്ലവണ്ണം കെട്ടി യവരാശിയുടെ ഉള്ളിൽ സ്ഥാപിച്ച പതിനാറുദിവസം കഴിഞ്ഞാൽ അവിടെനിന്ന എടുത്ത പാത്രത്തിൻെറ വായ തുറന്ന അതിൽനിന്ന രോഗിയുടെ ഉള്ളംകയ്യ നിറയുവാൻ തക്കവണ്ണമുള്ള കഷായം എടുത്തു രാവിലെ സേവിപ്പിക്ക. പതിനഞ്ച ദിവസംകൊണ്ട എത്ര വലുതായ തടിയും ക്ഷയിക്കും. മേൽപറഞ്ഞഔഷധത്തിന്ന ലോഹാസവമെന്ന പേരാകുന്നു. നിത്യമായി കുറച്ചുകാലം ശീലിച്ചാൽ നീര, അൎശസ്സ, പ്രമേഹം, മഹോദരം. ഭഗന്ദരം, മദം, കുഷ്ഠം, അപചി, ഗ്രന്ഥി, സന്ന്യാസം ഇവയെയും ശമിപ്പിക്കും.

൪൦. അധഃകായസ്യചാഭ്യംഗെപ്രഭഞ്ജനവിമൎദ്ദനം ।
ശീലയെൽസമതാംയാതിസ്ഥൌല്യംസന്ത്യജ്യതാവതാ ॥

കഴത്തിന്ന താഴെത്തേപ്പാൻ പ്രഭഞ്ജനവിമൎദ്ദനതൈലം നല്ലതാകയാൽ അതിനെ ശീലിപ്പിക്കുകയും ചെയ്ക. മേല്പറഞ്ഞ ചികിത്സകൾകൊണ്ട അതിസ്ഥൌല്യം ശമിക്കും. അതികൃശനാകയുമില്ല.

കാൎശ്യചികിത്സാ

൪൧. ആശയെദശ്വഗന്ധായാരജൊഘൃതസമന്വിതം ।
അതികാൎശ്യേതുസംപ്രാപ്തെതസ്യാൽപക്ഷെണപുഷ്ടയെ ॥

അമുക്കുരത്തിൻപൊടി നെയ്യിൽ സേവിപ്പിക്ക. പതിനഞ്ചദിവസംകൊണ്ട അതികാൎശ്യം ശമിക്കും.

൪൨. ഹൈയംഗവീനമന്നെനമാണിമന്ഥരജൊയുതം ।
നിശായാമാശയെൽപുഷ്ടംവിധിത്സുഃകൃശമൎഭകം ॥

അതികൃശനായിരിക്കുന്ന ബാലന്ന പുഷ്ടിയെ ഉണ്ടാക്കുവാനിച്ഛിക്കുന്ന വൈദ്യൻ അന്നന്ന കടഞ്ഞെടുത്ത വെണ്ണയുമിന്തുപ്പും കൂട്ടി രാത്രിയിൽ അന്നത്തെ ഭക്ഷിപ്പിക്ക. എന്നാൽ വളരെ കാലതാമസംകൂടാതെ പുഷ്ടി ഉണ്ടാകയും ചെയ്യും.

(ധാത്രീപയസ്യാദിഘൃതം)

൪൩. ധാത്രീപയസ്യാവ്യുഗ്രന്ധ്യിക്ഷുരസൈകല്ക്കീകൃതൈസ്ത്രി ।
ലൈഃ। പക്വംസൎപ്പിശ്ചപാനെനപുഷ്ടിംവിതനുതെതനൊഃ

നെല്ലിക്ക, അടപതിയൻകിഴങ്ങ, പുണ്ഡരീകക്കരിമ്പ ഇവററിൻനീരിൽ എള്ള അരച്ചുകലക്കി നെയ്യുചേൎത്ത കാച്ചിയരിച്ച സേവിപ്പിക്ക ശരീരം പോഷിക്കും.

(അശ്വഗന്ധാദിഘൃതം)

൪൭. അശ്വഗന്ധാബലാദ്രാക്ഷാഗോധൂമമധുകൈൎഘൃതെ ।
തൊയെപുനൎന്നവാഭീരുകന്ദഗോക്ഷുരനാഗരൈഃ ॥

൪൮. അജാക്ഷീരംസമന്ദത്വാവിപക്വംമന്ദവഹ്നിനാ ।
സൎപ്പിശ്ചപാനാദാധത്തെകൃശസ്യപരിബൃംഹണം ॥

അമുക്കുരം, കുറുന്തോട്ടിവേര, ഊരകത്തിൻവേര, കോതമ്പ, എരട്ടിമധുരം ഇവകൊണ്ടു കഷായംവെച്ച തമിഴാമവേര, ശതാവരിക്കിഴങ്ങ, ഞെരിഞ്ഞില, ചുക്ക ഇവ അരച്ചുകലക്കിനെയ്യും നെയ്യിനൊടുസമം ആട്ടിൻപാലും ചേൎത്ത കാച്ചിയരിച്ച സേവിപ്പിക്ക ശരീരത്തിന്ന പുഷ്ടി വേണ്ടെടത്ത പുഷ്ടി ഉണ്ടാകും.

൪൯. ബലാശ്വഗന്ധാലാക്ഷാണാംനിഷ്ക്വാഥെനവിപാചിതം । ഷഷ്ടീകാന്നംസമാലിപ്യമുഹൂൎത്തമതിവാഹ്യച॥

൫൦. തെനൈവക്ഷാളയെന്നിത്യമെഷപക്ഷെണപോഷകഃ ।
പ്രയോഗഃകുരുതെകാന്തിമാധത്തെചദൃഢാംഗതാം ॥

കുറുന്തോട്ടിവേര, അമുക്കുരം, കോലരക്ക, ഇവററിൻ കഷായത്തിൽ നവരയരി വേവിച്ച മേൽ തേച്ച രണ്ടുനാഴിക കഴിഞ്ഞാൽ മേൽപറഞ്ഞ കഷായം കൊണ്ടുതന്നെ കഴുകി കളക. ൟ പ്രയോഗം പതിനഞ്ചുദിവസംകൊണ്ടു ശരീരത്തിന്ന പുഷ്ടിയെയും കാന്തിയെയും ബലത്തെയുമുണ്ടാക്കുന്നതാകുന്നു.

(ബലാനാഗബലാദിതൈലം)

൫൧. ബലാനാഗബലാഭീരുയഷ്ട്യാഹ്വാസുരദാരുഭിഃ ।
സിദ്ധെകഷായെമഞ്ജിഷ്ഠാശാരിബാംബുദചന്ദനൈഃ ॥

൫൨. മാഷാശ്വഗന്ധാശൈലെയപുനൎന്നവവിദാരിഭിഃ ।
ജീവകൎഷഭദെവാഹ്വാസൂപ്യപൎണ്ണീദ്വയൈരപി ॥

൫൩. കല്ക്കിതൈഃകെരജസ്നെഹസ്തിലജൊവാസ്വസമ്മിതം ।
നാളികെരോദകംക്ഷീരമാജംലാക്ഷാരസംതഥാ ॥

൫൪. സംയോജ്യപക്വസ്സൎവ്വാംഗേഷ്വഭ്യംഗാദ്വപുഷഃപരാം ।
പുഷ്ടിംവിധത്തെസാരഞ്ചവൎണ്ണ്യാവാതവികാരജിൽ ॥

കുറുന്തൊട്ടിവേര, ഊരകത്തിൻവേര, ശതാവരിക്കിഴങ്ങ, ഇരട്ടിമധുരം, ദേവതാരം ഇവ കഷായംവെച്ച മഞ്ചെട്ടിപ്പൊടി, നന്നാറിക്കിഴങ്ങ, മുത്തങ്ങക്കിഴങ്ങ, ചന്ദനം, ഉഴുന്ന, അമുക്കുരം,

കന്മതം, തമിഴാമവേര, മുത്തക്കിൻകിഴങ്ങ, ജീവകം,ഇടവകം, ദേവതാരം, കാട്ടുഴുന്നിൻവേര, കാട്ടുപയററിൻവേര, ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയോചേൎത്ത അതിനോടു സമം ഇളനീർവെള്ളവും ആട്ടിൻപാലും അരക്കിൻകഷായവും ചേൎത്ത കാച്ചിഅരിച്ച തലയിലും മേലും തേപ്പിക്ക. ശരീരത്തിന്ന പുഷ്ടിയും ബലവും കാന്തിയുമുണ്ടാകും. വാതകോപംശമിക്കയും ചെയ്യും.

(ഭൃംഗരാജാദി തൈലം)

൭൨. ഭൃംഗരാജാമൃതാദൂൎവ്വാസുരേന്ദ്രലതികാരസെ ।
മാഷാശ്വഗന്ധാമഞ്ജിഷ്ഠാമധുകാഞ്ജനദാരുഭിഃ ॥

൭൩. സൂൎപ്പപൎണ്ണീസ്ഥിരാദണ്ഡശതാഹ്വാതഗരൈരപി ।
കല്കിതൈഃകേരജസ്നേഹസ്തിലജൊവാസമ്മിതം ॥

൭൪. ശതാവൎയ്യാരസംക്ഷീരമാജംലാക്ഷാംബുമസ്തുച ।
ദത്വാവിപകചശ്ചാഭൃംഗാൽബൃംഹണൊബലവൎണ്ണകൃൽ ॥

കഞ്ഞുണ്ണി, ചിററമൃത, കറുക, ഉഴിഞ്ഞ, ഇവററിൻനീരിൽ ഉഴുന്ന, അമുക്കുരം, മഞ്ചട്ടിപ്പൊടി, ഇരട്ടിമധുരം, അഞ്ജനക്കല്ല, ദേവതാരം, കാട്ടുഴുന്നിൻവേര, കാട്ടുപയററിൻവേര, ഓരിലവേര, മൂവിലവേര, ശതകുപ്പ, തകരം, ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത അതിനൊടുസമം ശതാവരിക്കിഴങ്ങിന്റെ നീരും ആട്ടിൻപാലും അരക്കിൻകഷായവും തയിർവെള്ളവും കൂട്ടി കാച്ചി അരിച്ച തലയിലും മേലും തേപ്പിക്ക. ഫലം മേൽപറഞ്ഞപ്രകാരംതന്നെ.

൭൫. വിഷ്ണുക്രാന്ത്യാശൃതംക്ഷീരമാജംവാപുഷ്ടികൃൽപരം ।
വിദാൎയ്യാദിഗണെനാപിസൎവ്വേയോഗാഃപ്രയൊജിതാഃ ॥

വിഷ്ണുക്രാന്തി ഇട്ട പശുവിൻപാലോ ആട്ടിൻപാല തന്നെയൊ കുറുക്കി സേവിപ്പിക്ക. വിദാൎയ്യാദി ഗണംകൊണ്ട കഷായമൊ നെയ്യൊ ലേഹമൊ ഏതെങ്കിലുമുണ്ടാക്കി സേവിപ്പിക്ക. ഇവ ശരീരപുഷ്ടിയെ ഏവൎക്കുമുണ്ടാക്കുവാൻ മതിയായപ്രയോഗങ്ങളാകുന്നു.

ഇതി വാദ്ധ്യാസോപനാമകരാമാനന്ദനാഥപണ്ഡിത
പാരശവേന്ദ്രകൃതാവാരോഗ്യകല്പദ്രുമെ ബാലചികി
ത്സായാ മേകവിംശസ്തബകൊ നാമൈക
വിംശൊദ്ധ്യായഃ.

---

# ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം

---

## ദ്വാവിംശാദ്ധ്യായപ്രാരംഭഃ

## നഖവ്രണചികിത്സാ

൧. മഹിഷീസർപ്പിഷാലാക്ഷാംപിഷ്ട്വാലെപൊനഖവ്രണാ
ൻ। ഹന്ത്യാദൌദുംബരം ചല്ക്കമഥവാമധുകാന്വിതം ॥

എരുമനെയ്യിൽ കോലരക്ക അരച്ചുപുരട്ടുക. നഖസന്ധികളിലുണ്ടാകുന്ന വ്രണങ്ങൾ ശമിക്കും. അത്തിത്തൊലി, ഇരട്ടിമധുരം ഇവ എരുമനെയ്യിലരച്ചു പുരട്ടുകയുമാം.

### ചുവന്ന കുഴമ്പ

൨. കെരവല്ക്കലശീതാംശുരെഖാമധുകസാധിതെ।
നിഷ്ക്വാഥെസ്വാദ്ധഭാഗെനമധുനാസഹിതെശൃതെ ॥

൩. പ്രയാതെസാന്ദ്രതാംസമ്യക്ചൂർണ്ണയിത്വാചയൊജയെ
ൽ ।ഹിംഗുളംമധുനാതുല്യമവതാർയ്യചശീതളം ॥

൪. തൽപ്രലേപാന്നിഹന്ത്യാശുനഖസന്ധിഭവാൻവ്രണാൻ।
അന്യ്യെഷ്വപിചദുഷ്ടെഷുവ്രണെഷുനനിവാർയ്യതെ ॥

ഇളനീരിൻ ചകിരി, കാർകൊകിലരി, ഇരട്ടിമധുരം ഇവ കൊണ്ടു കഷായംവച്ചു ആ കഷായത്തിൽ പകുതി തേൻ ചേർത്തു കുറുക്കി സാന്ദ്രമായാൽ തേനൊടു ശരിയായ പണത്തൂക്കത്തോടുകൂടിയ ചായില്യത്തിൻപൊടി വിതറി ഇളക്കി വാങ്ങി ആറിയാൽ ആയത പുരട്ടുക നഖവ്രണം ശമിക്കും മററുമുള്ളദുഷ്ടവ്രണങ്ങൾക്കും പററുന്നതാകുന്നു.

൫. സശൊഫെഷുപയൊവൃക്ഷബദരീതിലകത്വചാം।
ബലാമധുകമാകന്ദവിരളാലോധ്രചർമ്മഭിഃ ॥

൬. സഹിതാനാംകഷായേണപരിഷെകഃപ്രശസ്യതെ।
ഇയമേവസപാകെഷുതെഷുകാർയ്യാക്രിയാമതാ ॥

നീരോടുകൂടിയ നഖവ്രണങ്ങൾക്കു നാല്പാമരത്തിൻതൊലി ലന്തത്തൊലി, മയിലെള്ളിൻതൊലി, കുറുന്തൊട്ടിവേര, ഇരട്ടിമധുരം, മാവിൻതൊലി, കഞ്ഞിക്കൊട്ടത്തിൻ വേരുമ്മൽതൊലി, പാച്ചൊററിത്തൊലി, ഇവകൊണ്ടു കഷായംവച്ചു അതുകൊണ്ടു ധാരയിടുക. നീര ശമിക്കും. പഴുപ്പുണ്ടു എങ്കിലും മേൽപറഞ്ഞ ധാരതന്നെ ചെയ്ക. എന്നാൽ ശമിക്കും.

൭. നഖമൂലസ്യദുഷ്ടത്വാദശാന്തൌതുനഖൊദ്ധൃതിം।
കൃത്വാപ്രശമയെദ്വൈദ്യൊനിർവ്യഥാകർമ്മകോവിദഃ

നഖമൂലം ദുഷിക്കനിമിത്തമായി ശമിക്കാതെയിരുന്നാൽ കൎമ്മസാമൎത്ഥ്യമുള്ളവനായ വൈദ്യൻ അധികമായി വേദനയെ ഉണ്ടാക്കാതെ നഖം പറിച്ച അനന്തരം മേൽപറഞ്ഞ ചികിത്സയെ ചെയ്ക.

വ്യ. ദുരാലഭാരംനഖംലിംപെദ്രഞ്ജനീപത്രസംയുതം ।
നവസാരംരസെപിഷ്ടാകിംശുകസ്യദിനത്രയാൽ।

൯. ഉദ്ധൃത്യംയഥെഷ്ടമദ്ധ്യ ത്ര്യപൂൎവ്വോക്തംവിധിമാചരെൽ।
തഥാചപ്രശമംസൎവ്വെവ്രജെയുശ്ചനഖവ്രണാഃ॥

നഖം പറിപ്പാൻ പ്രയാസമുണ്ടെന്ന തോന്നിയാൽ മയിലാഞ്ചിയിലയും നവസാരവും സമമായിചേൎത്ത കരുമുരുക്കില നീരിലരച്ച നഖം മൂടിപ്പുരട്ടുക. തൊണ്ണൂറ നാഴിക കഴിഞ്ഞാൽ നഖം വേദനകൂടാതെ പറിക്കത്തക്കവിധമാകയുംചെയ്യും. എന്നാൽ ആയതയഥെഷ്ടമായി പറിച്ചുകളഞ്ഞ മേൽപറഞ്ഞചികിത്സകളെ ചെയ്ക. എല്ലാ നഖവ്രണങ്ങളും ശമിക്കും.

ജാനുവ്രണ ചികിത്സാ

൧൦. ജാനുവ്രണേഷുശൈലെയംനാഖഫെനസമന്വിതം।
പിഷ്ടാകെരഫലൊത്ഥെനക്ഷീരെണാലെപഇഷ്യതെ॥

മുട്ടിന്മേൽ വ്രണമുണ്ടായാൽ കന്മതം, കറപ്പ ഇവ വെളിച്ചെണ്ണയിൽ അരച്ചുചേൎത്ത പുരട്ടുക. എന്നാൽ ശമിക്കും.

൧൧. അമൃതാരജസാസാൎദ്ധംതുത്ഥമാമലകീഫലം।
അജാപിഷ്ടാഞ്ചസംഭജ്ജ്യചൂൎണ്ണയിത്വാവിലെപയെൽ॥

൧൨. മഹിഷീസൎപ്പിഷാൎദ്രംതച്ചൂൎണ്ണംഹരിണശൃംഗജം।
രജൊവാകൂൎമ്മപൃഷ്ഠാസ്ഥിപയസാകെരജെനവാ।

ചിററമൃതിന്റെ ഊറൽ, തുത്ത, നെല്ലിക്ക, പെടയാട്ടിൻകാഷ്ഠം ഇവ വറുത്തുപൊടിച്ച എരുമനെയ്യിൽ ചാലിച്ച പുരട്ടുക. കലംകൊമ്പിൻപൊടി എരുമനെയ്യിൽ ചാലിച്ച പുരട്ടുകയും ആമയോട തേങ്ങാപ്പാലിൽ അരച്ചുപുരട്ടുകയുമാം എന്നാലും മുട്ടിന്മേൽ ഉണ്ടാകുന്ന വ്രണങ്ങൾ ശമിക്കും.

൧൩. നഖവ്രണെഷുനിൎദ്ദിഷ്ടംയത്തദെവാത്രഭെഷജം।
സശൊഫെഷുവിധായാദൌപശ്ചാദെഷവിധിൎഹിതഃ।

നീരുണ്ടായിരുന്നാൽ നഖവ്രണചികിത്സയിൽ പറഞ്ഞ ധാരചെയ്തു ശമിപ്പിച്ചതിന്റെ ശേഷം മേൽപറഞ്ഞ ചികിത്സകൾ ചെയ്ക. എന്നാൽ ജാനുവ്രണങ്ങൾ ശമിക്കും.

## വീഥീവ്രണ ചികിത്സാ

൧൪. ധൂളീപിപ്പലവല്കസ്യക്ഷാരംയഷ്ടിരജോയുതം।
പുരാണസർപ്പിഷാസിക്താവീഥീവ്രണനിബർഹണം॥

പുവ്വരശിൻതൊലിയുടെ ഭസ്മം, ഇരട്ടിമധുരം ഇവ പഴകിയ നെയ്യിൽ ചാലിച്ച പുരട്ടുക. ഇടയാസനത്തിൽ ഉണ്ടാകുന്ന വ്രണം ശമിക്കും.

൧൫. കണ്ഡൂമതിവ്രണെവീഥ്യാംപാരന്തീമൂലവല്കലം।
പയസാനാളികേരസ്യപിഷ്ട്വാസംയോജ്യകൈശികീം॥

൧൬. സഞ്ചൂർണ്ണ്യകിഞ്ചിദാലെപംതെനകുര്യാൽപ്രശാന്തയെ।
അതസീതരുവല്കംവാകാരവീസഹിതംതഥാ।

ചൊറിച്ചിലുണ്ടെങ്കിൽ തെച്ചിവേരുമ്മൽതൊലി തേങ്ങാപ്പാലിൽ അരച്ച മാശിക്ക പൊടിച്ച അതോടുകൂടെ അല്പമായി ചേൎത്ത പുരട്ടുക. കാശാവിൻതൊലി മേൽപ്രകാരം അരച്ച കരിഞ്ചീരകം പൊടിച്ച അല്പമായിച്ചേൎത്ത പുരട്ടുകയുമാം. ഇവ ചെയ്താൽ വീഥീവ്രണങ്ങൾ ശമിക്കും.

## ഗോപാവ്രണ ചികിത്സാ

൧൭. ഗോപാവ്രണെഷുഗോപുച്ഛലൊമ്നാംഭസ്മസതുത്ഥകം।
നാളികേരസ്യദുഗ്ദ്ധേനപിഷ്ട്വാതെനവിലെപനം।

൧൮. വിദധ്യാദഥവാംബഷ്ഠത്വഗ്രസെനമധൂകജം।
പുഷ്പംസഹമധൂസ്നുഹ്യാകൈശിക്യാവാസമന്വിതം।

ഒക്കിന്മേൽ ഉണ്ടാകുന്ന വ്രണത്തിന്നു. പശുവിൻ വാലിന്റെ രോമങ്ങൾ ഭസ്മമാക്കി തുരിശോടുസമമായി ചേൎത്ത തേങ്ങാപ്പാലിൽ അരച്ചുതേക്കുക. അമ്പഴത്തിൻ തോലിന്റെ നീരിൽ ഇരിപ്പപ്പൂവ്വ, പാവ ഇവയൊ ഇരിപ്പപ്പൂവ്വ, മാശിക്ക ഇവയൊ അരച്ചുതെക്കയുമാം

## (ഗന്ധക നവനീതം)

൧൯. ഗന്ധകംനവനീതാഢ്യംകിംശുകസ്വരസെത്ര്യഹം।
പഞ്ചാഹംഖദിരക്വാഥെ സപ്താഹംസുഷവീരസെ।

൨൦. തദഹസ്സംഭൃതെക്ഷിപ്ത്വാപശ്ചാദുദ്ധൃത്യലെപനം॥
ഭൂയസ്തരെഷുതെഷു സ്യാത്തെനാശുപരിശാന്തയെ।

നെല്ലിക്കാഗന്ധകം പൊടിച്ച വെണ്ണനെയ്യിൽ ചേൎത്തുരുട്ടി കരുമുരുക്കിലനീര, കരിങ്ങാലിക്കാതലിൻകഷായം, പുല്ലാനിത്തളിരിന്റെ നീര ഇവ അന്നന്നു ഉണ്ടാക്കി ഓരോന്നിൽ ക്രമേണ

മൂന്നു, അഞ്ചു, ഏഴു, ഈ സംഖ്യയോടുകൂടിയ ദിവസങ്ങൾതി കയുന്നതുവരെ ഇട്ടുവെച്ചു പിന്നെ അത എടുത്തു പുരട്ടുക. ഒക്കിന്മേൽ വ്രണങ്ങൾ എത്ര വർദ്ധിച്ചാലും താമസംകൂടാതെ ശമിക്കും.

൨൧. വിസർപ്പകുഷ്ഠപാമാദിദുഷ്ടവ്രണപരാമവെ।
ഏതൽപ്രശസ്തംകണ്ഡൂതെസ്സദ്യഎവനിവാരണം॥

വിസർപ്പം, കുഷ്ഠം, ചിരങ്ങ മുതലായ ദുഷ്ടവ്രണങ്ങളെ ശമിപ്പിപ്പാനും മേൽപറഞ്ഞ ഗന്ധകനവനീതം മതിയാകുന്നതാകുന്നു. ചൊറിയുള്ളവർ തേച്ചാൽ അവരുടെ ചൊറിക്ക അന്നു തന്നെ ശമനമുണ്ടാകയും ചെയ്യും, ആയതുകൊണ്ടു ശൊപാവ്രണത്തിന്നു ഇതുതന്നെ മതിയെന്നു വിശേഷിച്ചു പറയെണമെന്നില്ല.

## ഉരൊവ്രണചികിത്സാ

൨൨. വണ്ണവത്യാസ്ത്വചഃപിഷ്ടാമധുകെനസമന്വിതാഃ।
പയസാനാളികെരസ്യലെപശ്ശസ്തഉരൊവ്രണെ॥

മാറത്തെ വൃണത്തിന്നു— വെണ്പാടതൊലി, ഇരട്ടിമധുരം ഇവ തേങ്ങാപ്പാലിൽ അരച്ചുതേക്കുക. എന്നാൽ ശമനമുണ്ടാകയും ചെയ്യും.

(വണ്ണവതീഘൃതം)

൨൩. വണ്ണവത്യാഃകഷായെണപക്വംമധുകശാരിബെ।
കൽകീകൃത്യഘൃതംഹന്തിലെപനാദുരസിവൃണാൻ॥

വെണ്പാടതൊലികൊണ്ടു കഷായംവച്ചു ഇരട്ടിമധുരം, നന്നാറിക്കിഴങ്ങ ഇവ അരച്ചുകലക്കി നെയ്യു ചേൎത്തു കാച്ചിയരിച്ചു പുരട്ടുക. ഉരോവൃണം ശമിക്കും.

## കക്ഷവൃണ ചികിത്സാ

൨൪. കപീതനത്വചശ്ശ്ലക്ഷ്ണാമധുകെനസമന്വിതാഃ।
ഭജ്ജയിത്വാപുരാണാജ്യെപിഷ്ടാതത്രൈവയോജിതാഃ॥
൨൫. കെരസ്സ്നെഹെഥവാലെപാൽകക്ഷവൃണാനിബർഹണാഃ।
ഖദിരസ്യാശ്വമാരസ്യനീവസ്യാപിത്വചസ്തഥാ॥

കല്പാലിൻതൊലി, ഇരട്ടിമധുരം ഇവ പഴെ നെയ്യിൽ വറുത്തരച്ചു ചേൎത്തു പുരട്ടുക. കക്ഷവൃണം ശമിക്കും. കരിങ്ങാലിത്തൊലിയും അലരിത്തൊലിയും കടമ്പിൻതൊലിയുംമേൽപ്രകാരംകുഴമ്പാക്കി പുരട്ടുകയുമാം എല്ലാററിന്നും ഇരട്ടിമധുരംചേ

ക്കകയും വേണം. മേൽപറഞ്ഞ തൊലികൾ വെളിച്ചെണ്ണയിൽ വറുത്തരച്ചു കുഴമ്പാക്കി തെക്കുകയുമാം.

സിരാവ്രണചികിത്സാ

൨൬. സിരാവ്രണംബലാദാരു മധുകാതിബലാനപിതൈഃ।
മധൂകതിലകക്ഷീരികദംബതരുവല്കലൈഃ॥

൨൭. കഫിതേനജലേനാദൌപരിഷിച്യനിരന്തരം।
പ്രത്യഹംപ്രാതരുന്മാജ്ജ്യതത്രകാപ്പാസയൊനിഭിഃ॥

൨൮. വേണികാഭിഃപിചുന്ദദ്യാൽസികതാഭിജ്ജീൎണ്ണസപ്പിഷാ।
അശാന്തൌരൊപണദ്രവ്യയൊഗസിദ്ധേനതേന ച॥

ഞരമ്പിന്മേൽ ഉണ്ടാകുന്ന വ്രണത്തിന്ന ആദിയിൽ ദിവസംതോറും കുറുന്തോട്ടിവേര, ദേവതാരം, ഇരട്ടിമധുരം, ഊരകത്തിൻവേര, ഇരിപ്പത്തൊലി, മയിലെള്ളിൻ തൊലി, നാല്പാമരത്തിൻ തൊലി. കടമ്പിൻതൊലി ഇവകൊണ്ടുകഷായംവച്ചരാവിലെ അതുകൊണ്ടു ധാരചെയ്ത തോത്തി പഴെ നൈ ശീലയിൽ പുരട്ടി പററിക്കുക. എന്നാൽ മിക്കതും ശമിക്കും ചിലത ശമിക്കാതെ ഇരുന്നാൽ ഉണക്കത്തിന്ന നന്നായിട്ടുള്ള മരുന്നുകൾ കൊണ്ടു വെച്ച കഷായത്തിൽ അപ്രകാരമുള്ള മരുന്നുകൾ തന്നെ കല്ക്കമായിച്ചേത്ത അതിൽ പഴെനെയ്യപകന്നകാച്ചിയരിച്ച ശീലയിൽപുരട്ടി മേൽപ്രകാരംവ്രണത്തിന്മേൽ പററിക്കുക.

൨൯. രൊപണെഷപിവാതാനുലോമനാന്യെവയൊജയെൽ। ആശുരൊപണകാരീണിതത്രാപിചവിവജ്ജയേൽ॥

മേൽപറഞ്ഞ നെയ്യ കാച്ചുവാൻ കഷായകല്ക്കങ്ങൾക്ക ഉണക്കത്തിന്ന നന്നായിട്ടുള്ളതിൽതന്നെ വാതശമനങ്ങളായിട്ടുള്ളമരുന്നുകൾ മാത്രം സ്വീകരിക്കപ്പെടേണ്ടതാകുന്നു. അതുകളിലും വെച്ച ഉടനെഉണക്കുന്ന മരുന്നുകളെ വജ്ജിക്കുകയും വെണം.

൩൦. സിരാസംകോചകൌടില്യസംഭവാദന്യഥാഭവേൽ।
ആകുഞ്ചനാദ്യസാമത്ഥ്യമന്യോവാമാരുതാമയഃ॥

മേൽപറഞ്ഞപ്രകാരമല്ലാതെ ചേത്താൽ ഞരമ്പുകൾചുരുളുകയൊ വളകയൊ നിമിത്തമായിട്ട മടക്കുകയും നീൎത്തുകയും ചെയ്തുകൂടാതെയൊ വേറെവല്ല വാതരോഗമോ സംഭവിക്കുകയും ചെയ്യും.

(ശാരിബാമധുകാദിഘൃതം)

൩൧. ശാരിബാമധുകാഭീരുബലാത്രയസുരാഹ്വയൈഃ॥
കഫിതെംബുനിനിഷ്പീഡ്യബദരീഞ്ചപ്രസാരണീം।

ന-വ. ദൂൎവ്വാംമായൂരികാംഭദ്രാമമൃതാംയൂഥികാമപി ।
രസമായൊജ്യസംപിഷ്ടൈഃകുന്ദുരുഷ്കവരാനതൈഃ ॥

ന-ന. കുഷ്ഠയഷ്ട്യാഹ്വമഞ്ജിഷ്ഠാനഖമാംസീഹരേണുഭിഃ ।
സ്ഥൌണെയചന്ദനദ്വന്ദ്വഫലിനീഭിശ്ചപാചിതം ॥

ന-ര്. സൎപ്പിഃപുരാണംതത്ശ്രേഷ്ഠംപിചൌലെപെചഃസചനെ ।
ഫീനാമധ്യ്വാശ്ചശാമ്യെയുസ്താഭ്യാമെവെതിചസ്ഥിതിഃ ॥

നന്നാറിക്കിഴങ്ങ, ഇരട്ടിമധുരം, ശതാവരിക്കിഴങ്ങ, കുറുന്തോട്ടിവേര, വെങ്കുറുന്തോട്ടിവേര, ഉൗരകത്തിൻവേര, ദേവതാരം, ഇവകൊണ്ടു കഷായം വെച്ച അതിൽ ലന്തയില, തലനീളി, കറുക, ചെറുകടലാടി, ചെറൂള, ചിററമൃത, കാട്ടുമുല്ലയില, ഇവററിൻനീർ ചേൎത്ത കുന്തുരുക്കം, ത്രിഫല, തകരം, കൊട്ടം, ഇരട്ടിമധുരം, മഞ്ചെട്ടിപ്പൊടി, മാഞ്ചി, നാഗ്ഗണം, അരെണുകം, ത്തുണിയാംകം, ചന്ദനം, രക്തചന്ദനം, ഞാഴൽപ്പൂവ്വ, ഇവ അരച്ചു കലക്കി പഴെ നെയ്യു ചേൎത്ത കാച്ചിയരിച്ച ശീലയിൽ പുരട്ടി വ്രണത്തിന്മെൽ പററിക്കുക സിരാവ്രണം ശമിക്കും. അതുനിമിത്തമായി വേറെ ഒരു രോഗവുമുണ്ടാകയുമില്ല. മേൽപറഞ്ഞ നെയ്യു പുരട്ടുകയൊ അതുകൊണ്ടു ധാരയൊ ചെയ്ക. എന്നാൽ തന്നെ സിരാവൃണങ്ങൾ മിക്കതും ശമിക്കും.

## വ്രണസാമാന്യ ചികിത്സാ

ന-ഠ. സൎവ്വവ്രണെഷുകുൎവ്വീതശൊഫയുക്തെഷുസേചനം ।
ക്ഷീരിദ്രുവല്കയഷ്ട്യാഹ്വകാരസ്കരശൃതാംഭസാ ॥

എല്ലാ വ്രണങ്ങൾക്കും നീരോടുകൂടിയ അവസ്ഥയിൽ നാല്പാമരത്തിൻതൊലി, ഇരട്ടിമധുരം, കാഞ്ഞിരത്തിൻവേര, ഇവ കൊണ്ടു കഷായംവെച്ച അതുകൊണ്ടു ധാരയിടുക. എന്നാൽ നീര ശമിക്കും.

### (തിലകല്കാദി കഷായം)

ന-ന്ന. തിലകല്കഗ്ബലാദാരുമധുകൊശീരവാരിഭിഃ ।
കാരസ്കരബലാരാസ്നാമധൂകഖദിരാസ്ഥിഭിഃ ॥

ന-ൌ. നക്തമാലപയൊവൃക്ഷബദരീലൊധ്രവല്കലൈഃ ।
വെതസാമ്ലവരീമുസ്താകന്ദൈശ്ചസഫലത്രയൈഃ ।

ന-വ്യ. സാധിതെനകഷായെണപരിഷെകൊതിശസ്യതെ ।
തെനചൈലാദിഭിഃകല്കൈസ്സിദ്ധംസൎപ്പിഃപുരാതനം ॥

൩൯. ലെപാദൌകെരജസ്സ്നേഹൊയദ്വാതെനൈവസാധിതഃ।
ന്യഗ്രോധാദിഗണകഷായൈജാത്യാദിഭിരെവവാ ॥

മയിലെള്ളിൻതൊലി, കുറുന്തോട്ടിവേര, ദേവതാരം, ഇരട്ടിമധുരം, രാമച്ചം, ഇരുവേലി, കാഞ്ഞിരത്തിൻവേര, കുറുന്തോട്ടിവേര, അരത്ത, ഇരിപ്പക്കാതല, കരിങ്ങാലിക്കാതല, ഉങ്ങിൻതൊലി നാല്പാമരത്തിൻതൊലി, ലന്തത്തൊലി, പാച്ചൊററിത്തൊലി, ഞെരിഞ്ഞാംപുളിക്കിഴങ്ങ, ശതാവരിക്കിഴങ്ങ, മുത്തങ്ങക്കിഴങ്ങ, ത്രിഫല, ഇവകൊണ്ട കഷായംവെച്ച അതുകൊണ്ട ധാരയിടുക. മേൽപറഞ്ഞ കഷായത്തിൽ എലാദി അരച്ചുകലക്കി പഴനെയ്യ ചെൎത്ത കാച്ചി അരിച്ച അതുപുരട്ടുകയൊ ധാരയൊ ചെയ്യു. അല്ലാ എങ്കിൽ മേല്പറഞ്ഞ കഷായത്തിൽ അതിന്റെ മരുന്നുകൾതന്നെ അരച്ചുകലക്കി വെളിച്ചെണ്ണ ചേൎത്ത കാച്ചി അരിച്ച ലേപനമൊ ധാരയൊ അതുകൊണ്ടുചെയ്യു. ന്യഗ്രോധാദി കഷായത്തിൽ ജാത്യാദി ഇടിച്ചുപിഴിഞ്ഞ നീർ ചേൎത്ത എലാദി അരച്ചുകലക്കി വെളിച്ചെണ്ണചേൎത്ത കാച്ചി അരിച്ച അതുപുരട്ടുകയൊ അതുകൊണ്ട ധാരയൊ ചെയ്യു.

(വ്രണഭൈരവ തൈലം)

൪൦. വിഷഹിംഗുളമഞ്ജിഷ്ഠാഹരിതാലമനശ്ശിലാഃ।
ഘനസാരത്രയീതുത്ഥദ്വയഗന്ധകനാകുലീഃ ॥

൪൧. ശ്രീവെഷ്ടസജ്ജനിൎയ്യാസഗൌരീയഷ്ട്യാഹ്വഗൊപി।
കാഃ। നവസാരവരാദാരുകന്ദുരുഷ്കനിശാദ്വയീഃ ॥

൪൨. ചിഞ്ചാഫലാസ്ഥിസ്ഥൌണെയമെഷപിഷ്ടാജപാത്വചഃ। ശാകനിംബാങ്കപിത്ഥാമ്രനിൎയ്യാസകുഫളീരപി ॥

൪൩. ക്ഷീരെണവടവൃക്ഷസ്യശന്മലീത്വഗ്രസെനവാ।
പ്രത്യഗ്രകെരമദ്യെനകുക്കുടാണ്ഡദ്രവെണവാ ॥

൪൪. പിഷ്ട്വാസമ്യക്സമാലിപ്യവാസഃഖണ്ഡെതനീയസി।
ദ്രാഘിഷ്ഠെതെനസംവെഷ്ട്യശലാകാംലൊഹനിൎമ്മിതാം ॥

൪൫. ശോഷയിത്വാപുരാണാജ്യസിക്താംതാംദീപയെൽപുനഃ
എകത്രതിലകെരൊത്ഥൌസ്നേഹൌകൃത്വാസമാംശകൌ॥

൪൬. ദീപ്യമാനാംശലാകാംതാംതസ്യോപരിചധാരയൻ।
അവാഗഗ്രാംമഹസ്സിഞ്ചംസ്താഭ്യാമന്യത്രവാതയെൽ ॥

൪൭. ശലാകാഗ്രഗതാൻസ്നേഹവിന്ദൂനാസ്നേഹസംക്ഷയാൽ।
ദീപ്യമാനശലാകാഗ്രാൽപാത്രെപതിതമാദരാൽ ॥

൫൮- ആദായ തൈലം സൽപാത്രേ നിക്ഷിപ്യ പരിപാലയേൽ। സംപ്രാപ്യ വത്സരം തേന ലേപനം ചിരദുഷ്ടമാൻ
വ്രണാൻ ഭേഷജവന്നാമേദം തൈലം മർത്ത്യനദുർല്ലഭം॥
൫൯- അസിതേന പുരാ ദുഷ്ടവ്രണാർത്തം വീക്ഷ്യ ബാലകം।
യമിനാ സൽകൃതേനോക്തം ഗ്രഹസ്ഥായാഗ്നിശർമ്മണേ॥
൬൦- സർവ്വവ്രണഹരം സദ്യഃ കിഞ്ചോദ്ധം സന്നിപാതജിൽ।
അസാദ്ധ്യേഷ്വപി സിദ്ധ്യേച്ച വിസർപ്പാദിഷു ചധ്രുവം॥
൬൧- സർവ്വേഷു വാതരോഗേഷു വാതാസ്രചാപരാജിതം।
ഉന്മാദേ ചാപ്യപസ്മാരേ ലേപനസ്യാദികർമ്മഭിഃ॥
൬൨- ഫലൈനതപസാലബ്ധമേതത്തൈലമനിന്ദിതം।
തന്മുഖാൽ കേവനാവിന്ദന്നന്യകേചിത്തദാഗമാൽ॥

വത്സനാഭി ചായില്യം ചെഞ്ചെട്ടിപ്പൊടി പൊന്നരിതാരം മനയോല പച്ചക്കർപ്പൂരം ചൂടക്കർപ്പൂരം രസകർപ്പൂരം തുത്ത തുരിശ നെല്ലിക്കാഗന്ധകം അരത്ത തിരുവട്ടപ്പശ ചെഞ്ചല്യം ഗൌരിപാഷാണം ഇരട്ടിമധുരം നന്നാറിക്കിഴങ്ങ നവസാരം ത്രിഫല ദേവതാരം കുന്തുരുക്കം വരട്ടുമഞ്ഞൾ മരമഞ്ഞൾത്തൊലി പുളിങ്കുരു തുണിയാംകം ചുട്ടിൻകാഷ്ഠം ചെമ്പരുത്തിത്തൊലി തേക്കിൻപശ ചെപ്പിൻപശ ംബപശ മാവിൻപശ തെങ്ങിൻപൂക്കുലയരി ഇവ പേരാലിന്റെ പാലിലൊ പൂളത്തൊലിയുടെ നീരിലൊ തെങ്ങിന്റെ പുതിയ മദ്യത്തിലൊ കോഴിമുട്ടയുടെ വെള്ളയിലൊ നല്ലവണ്ണം അരച്ച നെരത്തൊരു ശീല നീളമെറിവരുമാറ ചിന്തി അതിൽ വെണ്ടുംവണ്ണം തെച്ച ഇരുമ്പുകോലിന്മെൽ ചുററി അഴിയാതെ മുറുക്കിക്കെട്ടി ഉണക്കി പഴെനെയ്യിൽ നനച്ചു കത്തിച്ച ഒരുപാത്രത്തിൽ എണ്ണയും വെളിച്ചെണ്ണയും സമമാക്കി ഒഴിച്ച ആ പാത്രത്തിന്റെ മുകളിൽ മെല്പറഞ്ഞ കോൽ തലകീഴാക്കി പിടിച്ച അതിലുള്ള തൈലം കൊണ്ട നല്ലവണ്ണം നനച്ച അതിന്മെൽനിന്നു തൈലം ഒറവീഴുമ്പോൾ വെറെ ഒരുപാത്രം കാട്ടി അതിൽ വീഴിക്കുക ഇങ്ങിനെ പിന്നെയും പിന്നെയും ചെയ്തു നനപ്പാൻ വെച്ചിരുന്ന തൈലമൊക്കെയും മെല്പറഞ്ഞ ഇരിമ്പുകോലിന്മെൽ തീ കെട്ടുപോകാത്തവിധത്തിൽ അല്പാല്പമായി ഒഴിച്ച ഒറവീഴുമ്പോൾ വെറെ ഒരുപാത്രത്തിൽ വീഴിച്ച ചൂടാറിയാൽ നല്ല പാത്രത്തിലാക്കി സൂക്ഷിച്ച വെക്കുക ഈ തൈലം പുരട്ടിയാൽ എല്ലാവ്രണങ്ങളും ശമിക്കും മനുഷ്യക്ക മെൽപറഞ്ഞ തൈലം ദുർല്ലഭമെന്നു ആയിരുന്നതു ധന്വന്തരിസഖിയായ അസിതമഹ

ഷിയെസൽക്കരിച്ച സന്തൊഷിപ്പിക്ക നിമിത്തമായിട്ട ആമഹ ഷി അഗ്നിശൎമ്മാവഎന്നൊരു ഗൃഹസ്ഥാശ്രമിയായബ്രാഹ്മണനായിക്കൊണ്ട അദ്ദെഹത്തിന്റെ കുട്ടിയെ ദുഷ്ടവ്രണപീഡിതനായിക്കണ്ടിട്ട പണ്ട ഉപദെശിച്ച്യുന്ന ആഗമമുണ്ട ദുഷ്ടവ്രണശമനമെന്നല്ല സൎവ്വവ്രണശമനമാകുന്നു അത്രയുമല്ല സന്നിപാതത്തെയും സകലവിസൎപ്പങ്ങളെയും സൎവ്വകുഷ്ഠങ്ങളെയും എല്ലാവാതരൊഗങ്ങളെയും വാതശൊണിതത്തെയും ഉന്മാദത്തെയും അപസ്മാരത്തെയും ലെപനസ്യാദികൎമ്മങ്ങളെക്കൊണ്ട മെൽപറഞ്ഞ തൈലം ശമിപ്പിക്കും പെരവ്രണഭൈരവമെന്നാകുന്നു ഇതിന്റെ വിധി ഹേളാചാൎയ്യസംഹിതയിൽ പറയപ്പെട്ടിട്ടുമുണ്ട

(ജാതിലിംഗാദി ധൂപവൎത്തി)

൩൨– ജാതിലിംഗഹരിദ്രാതാലീശമീയാസജ്ജശാരിബാഃ।
തുത്ഥയഷ്ട്യാഹ്വമഞ്ജിഷ്ഠാശാകനിംബജപാത്വചഃ॥
൩൩– സ്യോനാകഹരിതാലൈന്ദ്രശിലാജതുജടാമിസീഃ।
ഗുൽഗുലുതസികാചൎമ്മമൃഗശൃംഗമനശ്ശിലാഃ॥
൩൪– ശ്രീവെഷ്ടതഗരാംഭൊജകെസരാഗരുരൊചനാഃ।
കൃതമാസമാംശാഃപാദാംശശിവരെതസ്സമന്വിതാഃ॥
൩൫– ശിവരെതസ്സമാംശെനഗന്ധകെനവിയൊജിതാഃ।
ക്ഷീരിത്വചാംകഷായെണത്രിഫലായാഃഫലനസ്യ ച॥
൩൬– കിംശുകസ്യരസെനാപി മായൂരിഭൃംഗരാജയൊഃ।
രസെനയഷ്ടിസിദ്ധെനകഷായെണാപിചക്രമാൽ॥
൩൭– പിഷ്ട്വൈകൈകശസ്സൂൎയ്യഗാവസ്സ്യാ ലിപ്യതാഫല
നൈ। ഉദ്വൎത്ത്യശെഷയെൽസമ്യക്ഛായായാംദിവസാഷ്ടകം॥
൩൮– ധൂപയെദനയാവൎത്ത്യാസിക്തയാഗവ്യസൎപ്പിഷാ।
സമ്യക്പ്രദീപ്തയാഹന്യശമിതജ്വലനാൎച്ചിഷാ॥
൩൯– കാസീസതുത്ഥ്യതാമ്രാദികൃതനാള്യന്തരാധ്വനാ।
ഫലിടികാദ്ധ്വംസദെഷ്ചാപശ്ചാദാജ്യംപുരാതനം॥
൪൦– ലിംപെച്ചവിധിനാനെനസപ്താഹംസംപ്രയൊജിതാഃ।
ശാമ്യെയുരതിഗംഭീരാദുഷ്ടാ അപിമഹാവ്രണാഃ॥
൪൧– പഞ്ചഭിൎദ്ദിവസൈൎമ്മദ്ധ്യാ ഹീനാസ്സൎവ്വെത്രിഭിൎദ്ദി
നൈഃ। ക്ഷുദ്രാസ്സകൃൽപ്രയൊഗെണയുജ്യതെനാത്രസം
ശയഃ॥

ചായില്യം മരമഞ്ഞത്തൊലി കടുക്ക ചെഞ്ചല്യം നന്നാറിക്കിഴങ്ങ തുത്ഥ ഇരട്ടിമധുരം മഞ്ചട്ടിപ്പൊടി തെക്കിൻതൊലി കടമ്പിൻതൊലി ചെമ്പരത്തിത്തൊലി ചൊനകപ്പുല്ല പൊ

ന്നരിതാരം ചൂടക്കർപ്പൂരം കന്മതം മാഞ്ചി ശതകുപ്പ ഇല്ലപ്പ കാശാവിൻതൊലി കലംകൊമ്പ മന്നയാല തിരുവട്ടപ്പശ തകരം താമരയല്ലി അകില ഗോരോചനം ഇവ സമം ഇവക്കെല്ലാടിയാലുമ്പാവുന്നതിന്റെ നാലിലൊരു ഭാഗത്തോട സമം രസവും ഗന്ധകവും ഇങ്ങിനെ വെത്ത നാല്പാമരക്കഷായത്തിലും ത്രിഫലക്കഷായത്തിലും മുത്തങ്ങക്കഷായത്തിലും കരുമ്പരുക്കില ചെറുകടലാടി കഞ്ഞുണ്ണി ഇവററിൻ നീരുകളിലും ഇരട്ടിമധുരത്തിൻ കഷായത്തിലും ക്രമെണ ഓരൊദിവസം അരച്ച ഇഴുമ്മയുള്ള ശീലയുടെ ശകലത്തിൽതെച്ച തിരച്ച തിരിയാക്കി എട്ടുദിവസം നിഴലിലുണക്കി ആ തിരി പശുവിൻനെയ്യിൽ നനച്ചു കത്തിച്ച അതിന്റെ അഗ്രത്തിൽ നല്ലവണ്ണം തീപ്പിടിച്ചാൽ ഊതി ജ്വാലയടങ്ങിയ ഉടനെ കാരിയത്തിൻ കുഴലിന്റെയൊ വെള്ളിക്കുഴലിന്റെയൊ ചെമ്പുകുഴലിന്റെയൊ പൊൻകുഴലിന്റെയൊ അകത്തൂടെ മെൽപറഞ്ഞ തിരയുടെ തലക്കൽനിന്ന പുറപ്പെടുന്ന പുകയെ വ്രണത്തിങ്കൽ ഏല്പിക്ക അരനാഴികനെരം ചെയ്യാം കാല നാഴികയിൽനിന്ന കുറഞ്ഞാൽ ഫലിക്കയുമില്ല പുകച്ചതിന്റെശെഷം പഴനെയ്യ പുരട്ടുക ഇങ്ങിനെ ഏഴുദിവസംചെയ്താൽ അതിഗംഭീരങ്ങളായ മഹാവ്രണങ്ങൾ ശമിക്കും അത്രകളെക്കാൾ താഴെ ഉള്ളതുകൾക്ക അഞ്ചദിവസം ചെയ്താൽതന്നെ ശമനംകാണാം— അത്രയുംസാരമില്ലാത്തതുകൾക്ക മൂന്നുദിവസം ചെയ്താൽ മതി നിസ്സാരങ്ങളായവ്രണങ്ങൾക്ക ഒരുദിവസം ഇങ്ങിനെ ശക്തിക്ക തക്കവണ്ണം ദിവസഭേദത്തെഉദ്ദേശിച്ചുചെയ്തുകൊൾക എല്ലാവ്രണങ്ങളും ശമിക്കും

(ത്രിഫലാദി രസായനം)

൩൭— ത്രിഫലാകൌശികീയഷ്ടിമാഗധ്യേലാമധുസ്രവൈഃ। ഏ
കൈകകർഷയാഗനവർദ്ധിതാസ്സാധുചൂർണ്ണയെൽ॥
൩൮— ഭല്ലാതവജീരകംതുല്യമെകത്രരജസീഉഭെ।
സിതയാതുല്യയായൊജ്യപിണ്ഡയെൽക്ഷൌദ്രസർപ്പി
ഷാ॥
൩൯— രസായനമിദംവൃഷ്യമായുഷ്യംവഹ്നിദീപനം।
ദാരുണാനപിസംഹന്ത്യലംമെവാഖിലാൻവ്രണാൻ॥

ത്രിഫല ഓരൊകഴഞ്ച മാശിക്ക കഴഞ്ചര ഇരട്ടിമധുരംകഴഞ്ചെൻ തിപ്പലി കഴഞ്ച കാൽ ഏലത്തരി കഴഞ്ച കാൽ ചാവ കഴഞ്ച കാൽ ഇങ്ങിനെ ഇട്ടിപ്പൊടിച്ച ശീലപ്പൊടി ഇട്ട ആപൊ

ടിയോട സമമായി ജീരകം തൂക്കി എടുത്ത അതവരത്തെ പൊടിച്ച
രണ്ടും ഒരു പാത്രത്തിലാക്കി അത്ര പഞ്ചസാരയും ചെൎത്ത ഉരുട്ടി
യാൽ ഉരുളുവാൻ മാത്രം തെനും നെയ്യും ചെൎത്ത ഉരുട്ടിവെച്ച
അതിൽനിന്ന വെണ്ടതെടുത്ത സെവിപ്പിക്ക എല്ലാവ്രണങ്ങ
ളും ശമിക്കും ആയുസ്സിന്നും നന്ന അഗ്നിബലത്തെ ഉണ്ടാക്കും
ഘോരങ്ങളായ വ്രണങ്ങളായാലും അതുകളെ ശമിപ്പിപ്പാൻ മ
തിയായ ശക്തി ഈ രസായനത്തിന്ന ഉണ്ട

(നവനീതമധുസ്നുഹി)

൫൬- നവനീതസ്യ നവ്യസ്യ പലാന്യഷ്ടോത്തരം ശതം।
തൽപാദസമയായോജ്യമധുസ്നുഹ്യാശ്ച ഭേദിനെ॥
൫൭- നിക്ഷിപ്യ രാജതെ പാത്രെ നിഷ്ഛിദ്രെ തസയൊനിനാ।
പിധാനെന പിധായാസ്യ മുഖം സപ്ത്വ സന്ധിഷു॥
൫൮- ജതുനാലിപ്യ ഭൂവെശ്മന്യനിലസ്പൎശവൎജ്ജിതെ।
ഖാതെ ഭൂമൌ നിഗായാത്ര മൃദാപൂരയെച്ചതാം॥
൫൯- ദൃഢീകൃത്യാതിവാഹ്യാഥ പക്ഷത്രിതയമുദ്ധരെൽ।
തൽപാത്രമുദ്ധരാത്തസ്യ ഗൃഹീതാന്യസ്യമൌഷധം॥
൬൦- ചൂൎണ്ണീഭൂതം സമാലൊഡ്യ മധുനാ പ്രാതരാശയെൽ। സ
ൎവ്വവ്രണാഃ ശുദ്ധ്യന്ത്യാരൊപണാൎത്ഥഞ്ച രൊഗിണാം॥
൬൧- ഫലൈരനൊകതാതിവിൎയ്യൈഷാ നവനീതമധുസ്നുഹി।
കാസശ്വാസജ്വരാശൎശ്ശസ്സുഗ്രഹണ്യാമനിലാൎത്തിഷു॥
൬൨- വിസൎപ്പേഷു വികല്പേഷു പാണ്ഡുരൊഗെ ഭഗന്ദരെ।
ഉന്മാദെ ചാപസ്മാരെ പ്രയൊജ്യാശു പ്രശാന്തയെ॥

മൂന്നൂററിരുപത്തുനാല കഴഞ്ച പുതിയ വെണ്ണയിൽ അതി
ന്റെ നാലിലൊരു ഭാഗത്തൊട സമമായ പായിന്റെ പൊടി
ചെൎത്ത ഉരുട്ടി നല്ലൊരു വെള്ളിപ്പാത്രത്തിലാക്കി വെള്ളികൊണ്ടു
ണ്ടാക്കിയ മൂടികൊണ്ട അതിന്റെ വായ അടച്ച സന്ധിയിൽ അ
രക്കതെച്ച വായുസഞ്ചാരത്തൊടുകൂടാത്ത നിലയറയിൽ നിലം
കുഴിച്ച ആ കുഴിയിൽ മെൽപറഞ്ഞ പാത്രംവെച്ച അവിടെനി
ന്ന എടുത്ത മണ്ണുകൊണ്ടുതന്നെ കുഴിമൂടി അമൎത്ത മണ്ണ ഉറപ്പിച്ച
പിന്നെ നാല്പത്തഞ്ച ദിവസം കഴിഞ്ഞാൽ കുഴിവാങ്ങി ആ പാ
ത്രമെടുത്ത തുറന്നുനൊക്കുമ്പോൾ ആ മരുന്ന വെണ്ണകൊണ്ടു
ണ്ടായിരുന്ന നാവ ചിട്ട പൊടിയായിരിക്കും അതിൽനിന്നു
വെണ്ടതെടുത്ത തെനിൽ ചാലിച്ച സെവിപ്പിക്ക വ്രണങ്ങ
ൾക്ക ശുദ്ധിയും ഉണക്കവും വെഗെന സിദ്ധിക്കും ഘോരാ

ചാൎയ്യനാൽ പറയപ്പെട്ടതാം നവനീതമധുസ്സഹി ഏററവും വീൎയ്യത്തോടുകൂടിയതാകുന്നു വിസൎപ്പം കുഷ്ഠം പാണ്ഡുരോഗം ഭഗന്ദരം ഉന്മാദം അപസ്മാരം ഇവകളിൽ പ്രയോഗിച്ചാൽ ഉടനെ അതുകൾക്ക ശമനത്തെ ഉണ്ടാക്കുകയും ചെയ്യും

(നവസാരഭസ്മം)

൬൩- നവസാരംഹരിദ്രായാസ്സ്വരസേസമാംശസ്യച।
ജാതികിംശുകമായൂർസ്വരസൈൎഭാവനാംഹ്യസ്യച॥
൬൪- കദളീസ്വരസേചാപിപിഷ്ട്വാകൈകമശഃക്രമാൽ। ക്ഷീരിവൃക്ഷദലാനിഷ്ഠാദ്രവപിഷ്ടാസപ്തദിനംതതഃ॥
൬൫- അംഗുല്യാകാരമാവൎത്ത്യശോഷയിത്വാദിനത്രയം।
നിക്ഷിപ്യമൃണ്മയെപാത്രെഅന്യപാത്രേണതന്മുഖം॥
൬൬- വിധായസന്ധിമാലേപ്യചാസമ്യങ്മൃദാദൃഢം।
സപ്താവൃതിദൃഢംകൃത്വാശോഷണേനനിധായതൽ॥
൬൭- ഗോമയനസമാചൂൎണ്ണസൎവ്വതോഹസുവിസ്തൃതേ।
കുണ്ഡാഗ്നിനാവൎദ്ധിഷ്ണുഷ്ട്വിമപിദ്ധിന്നേനനാഡികാഃ॥
൬൮- പക്വപാത്രാത്തൊന്നേവനിൎവ്വാണേസ്വയമേവാതിശീതളം।
ഉപലൈൎഭ്യവതൽപാത്രമുദ്ധൃത്യാസ്മാൽസമാഹരേൽ॥
൬൯- ഔഷധംഭസ്മതാംയാതംമാക്ഷികേണതുലാശയേൽ।
പണമാത്രംസകൃദ്ദത്വനാദൗമാത്രേഷാപരമാമതാ।
൭൦- ബാലാനാന്തുരക്താലൊച്യഹീനാമെനാംപ്രകല്പയേൽ।
യഷ്ട്യാഹ്വയരജോയുക്തംസൎപ്പിഷാസിതയാപിവാ॥
൭൧- അശേഷവ്രണനാശായചരമേതദലന്തരാം। അന്യാംശ്ച
യോഗവാഹിതാൽബഹൂൻവ്യാധീൻവിനാശയേൽ॥
൭൨- കടുകാരജസായുക്തംജീൎണ്ണജ്വരനാശനം।
ഭാൎങ്ഗീകൃഷ്ണാരജോയുക്തംജീൎണ്ണജ്വരവിനാശനം।
൭൩- ലാജജീരകമധ്വാദ്യംകാസശ്വാസനിബൎഹണം।
നവനീതാശ്വഗന്ധാദ്യംരാജയക്ഷ്മാവനോദനം॥
൭൪- ലാജചൂൎണ്ണസിതോപേതംഛൎദ്ദിമാശുനിയച്ഛതി।
അഭയാരജസായുക്തംമസ്സൂരാൎശാംസിഹന്തിഷൽ।
൭൫- രജനാഗ്രഹണീദോഷമുസ്താദീപ്യകയാൎദ്ദിതം।
അതിസാരേയവാഷസ്യമധുനാഫലരേണുനാ॥
൭൬- ഗന്ധപുഷ്പകാൎണ്ണതോയെനയവാനീചൂൎണ്ണസംയുതം।
ദന്തീരജോയുതംശസ്തമുദരെതപ്തവാരിണാ।
൭൭- ശോഫെപുനൎന്നവാമൂലഗോക്ഷുരൈൎമ്മധുനാസഹ।
വിസൎപ്പേയഷ്ടിചൂൎണ്ണാഢ്യംമാക്ഷികേണസമന്വിതം॥

വ്യ- കൃഷ്ണഖദിരചൂൎണ്ണന്നതുരുവസ്സ്മപിണ്ഡിതം।
ശസ്യതേനാതിശെതന്യൎമ്മഃ കിഞ്ചിദ്വൃണൌഷധം॥

നവസാരം പച്ചമഞ്ഞൾതുളസിവെററവേരിലും കയ്യുണ്ണി പിച്ചകത്തില കരുമുക്കില ചെറുകടലാടി പുല്ലാനിത്തളിര പച്ചനെല്ലിക്ക തെങ്ങിൻപൂക്കുല ഇവററിൻ നീരുകളിലും ക്രമത്താലെ ഓരൊ ദിവസം അരച്ച പിന്നെ നാല്പാമരക്കഷായത്തിൽ ഏഴ ദിവസം അരച്ചു ഒരു വിരലിന്റെ നീളവും അതിന്റെ വണ്ണവും വരുമാറ ഉരുട്ടി മൂന്നുദിവസം ഉണക്കി ഒരു മൺപാത്രത്തിലാക്കി അതുപൊലെയുള്ള പാത്രംകൊണ്ടടച്ചു വക്കിന്ന ഏഴ ശീല മണ്ണതെച്ചു അതുകൊണ്ടു കെട്ടി ഉഴക്കി വക്ക ഉണങ്ങിയാൽ ഒരുകൊല സമചതുരമായി ഒരുകൊലാഴത്തിൽ ഒരു കുഴി ഉണ്ടാക്കി അതിൽ കുറെ ഉണങ്ങിയ ചാണകം നിറച്ചുഅതിന്റെമീതെ മെൽപറഞ്ഞ പാത്രംവെച്ചു പിന്നെയും ചാണകമിട്ടുതീയ്യിട്ട അരപത്തുനാലനാഴിക ഇടവിടാതെ വെവു വെല്പതക്കവിധത്തിൽ പിന്നെയും ഇടയിൽ ഇടയിൽ ചാണകമിട്ട നല്ല ശാന്ധഗ്നിയിൽ അരപത്തുനാലു നാഴിക വെന്താൽ പിന്നെ ചാണകമിടാതെ ആ തീയ്യിനെ ശമിപ്പിച്ചു നല്ലവണ്ണം കെട്ടാൽ പിന്നെയും ക്ഷമിച്ചിരുന്നു പാത്രം തൊട്ടാൽ എപ്പൊൾ തണുപ്പുതൊന്നുന്നുവൊ അപ്പൊൾ എടുത്ത അതിൽ ഭസ്മമായിരിക്കുന്ന മരുന്നെടുത്ത തെനിൽ സെവിപ്പിക്ക എല്ലാവ്രണങ്ങളും ശമിക്കും യൌവനമുള്ള പുരുഷന്ന ഒരിക്കൽ സെവിപ്പാൻ ഒരു പണത്തൂക്കത്തെലധികം വെണ്ട അതിനെ ആലൊചിച്ചു ബാലന്മാൎക്ക മാത്രയെ വളരെ ചുരുക്കി കൊൾക ഇരട്ടിമധുരത്തിൻപൊടി കൂട്ടി നെയ്യിലും സെവിപ്പിക്കാം പഞ്ചസാരചെൎത്തിട്ടും സെവിപ്പിക്കാം വ്രണങ്ങൾ ശമിക്കും കൂട്ടുന്ന മരുന്നുകൾക്ക ഭെദം വരുത്തിയാൽ ഈ ഭസ്മം വളരെ വ്യാധികൾക്കുപെരുകയും ചെയ്യും കടുക്കരൊഹിണിയുടെ പൊടി ചെൎത്ത സെവിച്ചാൽ അജീൎണ്ണജ്വരം ശമിക്കും ചെറുതെക്കിൻവെര തിപ്പലി ഇവ പൊടിച്ചു അതിൽ ചെൎത്ത സെവിച്ചാൽ ജീൎണ്ണജ്വരം ശമിക്കും ചെറു ജീരകം ഇവ പൊടിച്ചു അതിൽ ചെൎത്ത തെനിൽ ചാലിച്ചു സെവിച്ചാൽ കാസശ്വാസങ്ങൾ ശമിക്കും അമുക്കുരത്തിൻപൊടിയിൽ ചെൎത്ത വെണ്ണകൂട്ടി സെവിച്ചാൽ രാജയക്ഷ്മാവ ശമിക്കും ചെറുപ്പൂളടിയിൽ ചെൎത്ത പഞ്ചസാരകൂട്ടി സെവിച്ചാൽ ഛൎദ്ദി ശമിക്കും കടുക പൊടിച്ചു അതിൽ ചെൎത്ത തയിർവെള്ളത്തിൽ സെവിച്ചാൽ അൎശസ്സുകൾ ആദം ശമി

ക്കാം മുത്തങ്ങക്കിഴങ്ങ അയമോദകം ഇവ പൊടിച്ച അതിൽ ചെൎത്ത സെവിച്ചാൽ ഗ്രഹണിദോഷം ശമിക്കും കൊടുത്തൂവ്വയുടെ കായ പൊടിച്ച അതിൽ ചെൎത്ത തെനിൽ സെവിച്ചാൽ അതിസാരം ശമിക്കും ജീരകം പൊടിച്ച അതിൽ ചെൎത്ത അല്പം ചൂടൊട്ടുകൂടിയ കാച്ചവെള്ളത്തിൽ സെവിച്ചാൽ ഗുന്മം ശമിക്കും നാഗദന്തിവെര പൊടിച്ച അതിൽ ചെൎത്ത സഹിക്കത്തക്ക ചൂടൊടുകൂടിയ കാച്ചവെള്ളത്തിൽ സെവിച്ചാൽ മഹൊദരം ശമിക്കും തമിഴാമവെര ദെവതാരം ഞെരിഞ്ഞിലില ഇവ പൊടിച്ച അതിൽ ചെൎത്ത തെനിൽ സെവിച്ചാൽ നീര ശമിക്കും ഇരട്ടിമധുരത്തിൻ പൊടിയിൽ ചെൎത്ത തെനിൽ സെവിച്ചാൽ വിസൎപ്പം ശമിക്കും കരിങ്ങാലിക്കാതല പൊടിച്ച അതിൽ ചെൎത്ത മരൊട്ടി എണ്ണയിൽ സെവിച്ചാൽ കുഷ്ഠം ശമിക്കും വ്രണങ്ങൾക്ക ഇതിനെക്കാൾ നല്ലതായിട്ട ഒരു മരുന്നുമില്ല

## സദ്യോവ്രണ ചികിത്സാ

### (ചൊരനിരത്തുവാൻ)

൮൯- അഭിഘാതാദിനാ സദ്യോവ്രണെ ജാതെ സൃജസ്സ്രുതിം।
സാനുബന്ധാം ഭിഷക് സിദ്ധൈരൌഷധൈശ്ചിനിവാരയെൽ॥

കല്ലമുതലായത ദെഹത്തിന്മെൽ ഊക്കൊടെ വന്നുകൊണ്ടിട്ടൊ ആയുധങ്ങൾ കൊണ്ടുമുറിഞ്ഞിട്ടൊ മററ വല്ല ഹെതുക്കൾകൊണ്ടൊ സദ്യൊവ്രണമുണ്ടായാൽ അതിങ്കൽനിന്ന അതിയായിട്ട വരുന്ന രക്തത്തെ വൈദ്യൻ സിദ്ധൌഷധങ്ങളെക്കൊണ്ട തടുത്തുകൊൾക

൯൦- പാണ്യോസ്തലാഭ്യാമാമൃദ്യ വശിനീപല്ലവാന്നവാൻ।
സദ്യോവ്രണമുഖെ സിഞ്ചെദ്രക്തസ്തംഭായ തദ്രസം॥

മുക്കുററിയുടെ ഇല അപ്പൊൾ പൊടിച്ചെടുത്ത കയ്യിലിട്ടമൎദ്ദിച്ച അതിന്റെ നീര മുറിയിൽ പിഴിയുക ചൊരനില്ക്കും

൯൧ മായൂരീപല്ലവാൻ പിഷ്ട്വാ തത്രാശു നിദധീത വാ।
മൂൎവ്വാം ഗൊവൽ നീംഘദാജലനിഷ്പീഡലാനി വാ॥

ചെറുകടലാടിയുടെ ഇലയൊ കറുകയൊ വയറയുടെ ഇലയൊ ചതച്ചിട്ടൊ ഉടനെ അരച്ച മുറിയിൽ വെക്കുക ചൊരനില്ക്കും-

൯൨- അഥവാ വസുകസ്യൈവ പല്ലവാൻ കരമൎദ്ദിതാൻ।
നിദധ്യാച്ഛസ്ത്രവച്ഛായാം വനവനിതനൈതസ്സുഖം॥

൪൩- ശിവഗോപീലോന്ന്യാപിഷ്ടാനിനിധീതവാ।
തൈലൈനവസദ്യോരക്തസ്യ സ്തംഭനായചികിത്സകഃ॥

താൎതാവലിൻതളിരുകൈകൊണ്ട മൎദ്ദിച്ചമുറിയിൽവെക്കുക- പിള്ളവള്ളിയുടെ തളിരുകൈകൊണ്ടമൎദ്ദിച്ച വെണ്ണകൂട്ടിമുറിയിൽവെക്കുക അല്ലാഎങ്കിൽ പിള്ളവള്ളിയുടെ തളിരും നെയ്യുണ്ണിയുടെ തളിരും സമംചെൎത്തരച്ച വെണ്ണചെൎത്ത മുറിയിൽ വെക്കുക ചോരനില്ക്കും-

(ലോദ്ധ്രാദിചൂൎണ്ണം)

൪൪ ലോദ്ധ്രഗൈരികപത്താംഗഫലിനീമാഷയഷ്ടിഭിഃ।
ക്ഷീരിദ്രുമാംകുരക്ഷൗമമഷീപകേപഷ്ടകാഞ്ജനൈഃ॥
൪൫- അപിത്തുല്യൈഃകൃതംചൂൎണ്ണമഥവാതത്രനിക്ഷിപേൽ।
അയംപ്രയോഗോരക്തസ്യസ്തംഭനേശസ്യതേധികം॥

പാച്ചോററിത്തൊലി കാവിമണ്ണ പപ്പങ്ങത്തിൻ കാതല ഞാഴൽപ്പൂവ്വ ഉഴുന്ന ഇരട്ടിമധുരം നാല്പാമരത്തിൻമൊട്ട പട്ടുചുട്ടകരി വെവിച്ച ഇഷ്ടിക അഞ്ജനക്കല്ല ഇവ പൊടിച്ച മുറിഞ്ഞെടത്ത ഇടുക ഠരം പ്രയോഗം ചോര നിറുത്തുവാൻ ഏററവും നല്ലതാകുന്നു

(മഹാലോദ്ധ്രാദിചൂൎണ്ണം)

൪൬- ലോദ്ധ്രഗൈരികപത്താംഗശതാവേധിനിശാദ്വയൈഃ।
മാഷമായൂരികാദൂൎവ്വാമാംസീമധുകചന്ദനൈഃ॥
൪൭- ശൈവാലപല്ലവക്ഷീരിദ്രുമാംകുരഫലത്രയൈഃ।
ഫലിനീകുഷ്ഠസാരംഗശൃംഗലാക്ഷാശിലോൽഭവൈഃ॥
൪൮- രാജക്ഷൗമമഷീസജ്ജരസാഞ്ജനസുരാഹ്വയൈഃ।
ശാരിബാപത്മകിഞ്ജല്കവാശാവസുകപല്ലവൈഃ॥
൪൯- ധൂളീബകുളവല്കാബ്ജമൃൽകപാലകലിംഗകൈഃ।
മഞ്ജിഷ്ഠാകട്ഫലാഭ്യാംചവിഹിതഃപാംസുരഞ്ജസാ॥
൫൦- സദ്യോവ്രണമുഖേക്ഷിപ്തസ്സദ്യഏവനിയച്ഛതി।
അതിസ്രവദസൃക്തസ്മാൽസേതുബന്ധഇവോദകം॥

പാച്ചോററിത്തൊലി കാവിമണ്ണ പപ്പംഗത്തിൻ കാതല സഹസ്രവേധി മരട്ടുമഞ്ഞൾ മരമഞ്ഞൾത്തൊലി ഉഴുന്ന പെരുകുടലാടി കറുക മാഞ്ചി ഇരട്ടിമധുരം ചന്ദനം ചണ്ടിത്തളിര നാല്പാമരത്തിൻമൊട്ട ത്രിഫല ഞാഴൽപൂവ്വ കൊട്ടം കലക്കൊമ്പ കോലരക്ക കന്മദം വിരാളിപ്പട്ട ചുട്ടകരി ചെഞ്ചല്യം അഞ്ജനക്കല്ല ദേവതാരം നന്നാറിക്കിഴങ്ങ താമരയല്ലി ആ

ടലോടത്തിൻതളിര, താർതാവലിൻതളിര, കൊലെരിഞ്ഞിത്തൊലി, മുത്തങ്ങക്കിഴങ്ങ, മാററൊട, കുടകപ്പാലയരി, മഞ്ചെട്ടിപ്പൊടി, കടുകരൊഹണി ഇവ പൊടിച്ച ശിലപ്പൊടിയിട്ട ആപൊടി മുറിയിൽ ഇട്ടാൽ സേതുബന്ധം ജലപ്രവാഹത്തെ തടുക്കുന്നതുപോലെ രക്തപ്രവാഹത്തെ തടുക്കും.

൧൦൧. രക്തസ്രാവെനിവൃത്തെത്തുക്ഷീരിദ്രുത്വഗ്ബലാഹിമൈഃ।
സയഷ്ട്യാഹ്വയലാമഞ്ജിഷ്ഠാസൃതെനശിശിരാംഭസാ ॥

൧൦൨. സംക്ഷാള്യവിരളാപത്രച്ചൂർണ്ണംതൈലെനമിശ്രിതം।
നവനീതെനയുക്തംവാതാഭ്യാംവാതത്ര്യധാരയെൽ ॥

രക്തത്തിന്റെ വരവ നിന്നാൽ നാല്പാമരത്തിൻതൊലി, കുറുന്തോട്ടിവേര, ചന്ദനം, ഇരട്ടിമധുരം, രാമച്ചം ഇവകൊണ്ട വെച്ച തണുപ്പിച്ച കഷായംകൊണ്ട വ്രണം കഴുകി തോൎത്തി ഉണങ്ങുവാൻ കഞ്ഞിക്കൊട്ടകത്തിൻതളിര വെള്ളംകൂടാതെ അരച്ച പൊടിച്ച അതിൽ നല്ലെണ്ണയൊ നീരററ വെണ്ണയൊ നല്ല എണ്ണ, നീരററവെണ്ണ ഇവയെ ചെൎത്ത വെച്ചുകെട്ടുക.

൧൦൩. വശിന്ന്യാപിചമയൂര്യാപുണ്ഡരീകേണവാഹിതഃ।
തഥാപ്രയൊഗസ്സർവ്വേഷാംരോപണായക്ഷതാരുഷാം ॥

മുക്കററിയിലകൊണ്ടും ചെറുകടലാടിയിലകൊണ്ടും പുണ്ഡരീകത്തിന്നിലകൊണ്ടും മേൽപ്രകാരം ചെയ്യാം. എല്ലാ വ്രണങ്ങളും ഉണങ്ങും

൧൦൪. തൃതീയനിചതുൎത്ഥെവാപരിഹൃത്യപ്രാഹിതാ।
തദൌഷധംപരിക്ഷ്യാള്യപ്രാഗപന്നവ്യഞ്ചധാരയെൽ ॥

ആദിയിൽവെച്ച മരുന്ന മൂന്നാംദിവസമൊ നാലാംദിവസമൊ കളഞ്ഞ മേൽപറഞ്ഞ കഷായംകൊണ്ട കഴുകി തോൎത്തി മുമ്പെ വെച്ച മരുന്നതന്നെ അന്നുണ്ടാക്കി വെച്ചുകെട്ടുക.

൧൦൫. ത്രിശ്ചതുഃപഞ്ചകൃത്വൊവാകുര്യാദേവമതന്ദ്രിതഃ।
രോഹെച്ചതാവതാനോചേദ്ധ്രണോക്താവിധിമാചരേൽ॥

മേൽപറഞ്ഞപ്രകാരം മൂന്നോ നാലോ അഞ്ചോ പ്രാവശ്യം ചെയ്ക. എന്നാൽ ഉണങ്ങും. ഉണങ്ങിയില്ല എങ്കിൽ സാധാരണ വ്രണചികിത്സയെ ചെയ്ക.

൧൦൬. ദൃശ്യന്തെസകൃദായൊഗമാത്രെണാപിചകാനിചിൽ।
സംരോപണാനിവക്ഷ്യാമിഗോപനീയാനിതാന്യപി।

ഒരിക്കൽ വെച്ചാൽതന്നെ നല്ലവണ്ണം വ്രണത്തെ ഉണക്കുന്നവയായിട്ട ചില മരുന്നുകൾ ഉണ്ട. അതുകൾ ഏററവും ര

ഹസ്യങ്ങളെത്രെ ആകുന്നത എങ്കിലും ബഹുപകാരത്തിന്നായി ക്കൊണ്ട ഇതിന്നുതാഴെ അതുകളെ കാണിക്കുന്നു.

൱൧. രജനീഖരകൎപ്പൂരരാജനീലഭവാരജഃ। സകൃൽസദ്യോ
വ്രണെക്ഷിപ്തംരൊപയെന്നാത്രസംശയഃ॥

വരട്ടുമഞ്ഞൾ, ചൂടക്കൎപ്പൂരം, പൂനീലം ഇവ പൊടിച്ചിട്ടുക ഒരുപ്രാവശ്യം ചെയ്താൽ തന്നെ മുറി ഉണങ്ങും. നീരും പഴുപ്പും ഒട്ടുംതന്നെ ഉണ്ടാകയുമില്ല.

൱൨. ലാക്ഷാമധുകമഞ്ജിഷ്ഠാശിലാജതുഭവംരജഃ।
കുക്കുടാണ്ഡദ്രവൊപെതംസകൃല്ലേപെനരൊപണം॥

കോലരക്ക, ഇരട്ടിമധുരം, മഞ്ചെട്ടിപ്പൊടി, കന്മതം, ഇവ പൊടിച്ച കോഴിമുട്ടയുടെ വെള്ളചെൎത്ത പുരട്ടുക. ഫലം മേൽപ്രകാരം.

൱൩. സ്തന്യെകപിത്ഥനിൎയ്യാസംപിഷ്ടാതെനകൃതസ്സകൃൽ।
സദ്യോവ്രണമുഖെലെപൊരൊപണായഭവെദലം॥

പ്ലാംപശ മുലപ്പാലിൽ അരച്ച പുരട്ടുക. ഫലം മേൽപ്രകാരംതന്നെ ഇങ്ങിനെ ചില സിദ്ധൌഷധങ്ങൾ ഇവിടെ പറകപ്പെട്ടു. വെറെയും വളരെ ഉണ്ടായിരിക്കും. അതുകളെ വിസ്തരഭയം നിമിത്തമായിട്ട വിവരിച്ചിട്ടില്ല.

## അഗ്നിദാഹ ചികിത്സാ

൱൪. അഭിഭൂതെഗ്നിനാസദ്യോഗാത്രെതക്രെണസെചനം।
കെതകീപല്ലവൊത്ഥെനവിധെയംതദ്രസെനചാ॥

൱൫. അഥവാകദളീകന്ദരസെനലവണാംഭസാ।
ഉപാദകാരസൊപെതനാളീകേരാംബുനൈവവാ॥

ശരീരത്തിങ്കൽ പുളകുവാൻ തക്കവണ്ണം തീത്തട്ടിയാലുടനെ മോരുകൊണ്ടൊ കൈതക്കുമ്പിന്റെ നീരുകൊണ്ടൊ കദളിവാഴക്കിഴങ്ങിന്റെ നീരുകൊണ്ടൊ ഉപ്പുവെള്ളംകൊണ്ടൊ ഇളനീർവെള്ളത്തിൽ വശളയുടെ നീരുചേൎത്ത അതുകൊണ്ടൊ അവിടെ ധാരചെയ്ക. ചുട്ടുനീറൽ ശമിക്കും. പൊള്ള പുറപ്പെടുകയും പുണ്ണാകയുമില്ല.

൱൬. മൂലംവാപൌഷ്കരംവക്ത്രെധൃത്വാദന്തെനമൎദ്ദയൻ।
വിധമെന്നാധികാമെ•കാംഗാത്രെതക്രെനിരന്തരം॥

പുഷ്കരമൂലം വായലിട്ട കൂടക്കൂടെ കടിച്ചചതച്ച അധികമായ കാലതാമസംകൂടാതെ ഒരു നാഴിക ഊതുക.

൧൬. ലോഹിതാകുസുമംപിഷ്ട്വാദദ്യാൽനാലിംപേൽസമന്തതഃ।
വശിനീംവാഥവാപിഷ്ട്വാകെരസ്നേഹേനഗോപികാം॥
അടമ്പിൻപൂവ്വ തൈരിൽ അരച്ചുപുരട്ടുക. മുക്കുററിയും മെൽപ്രകാരം അരച്ചുപുരട്ടുക. ഗോപിമണ്ണു പൊടിച്ചു വെളിച്ചെണ്ണചെൎത്ത പുരട്ടുക.
൧൭. സേകംപ്രിയാളതൈലെനകുൎയ്യാദ്വാമാക്ഷികെണവാ।
നവനീതെനലിംപെദ്വാകുഥള്ളീപിഷ്ട്വയൊഗിനാ॥
മുറയെണ്ണകൊണ്ടൊ തേൻകൊണ്ടൊ ധാര ചെയ്ക. തെങ്ങിൻപൂക്കുലഅരച്ചു വെണ്ണനെയ്യു ചേൎത്ത പുരട്ടുക.
൧൮. പത്രാണ്യുത്തമകന്യായാഃപിഷ്ട്വാതണ്ഡുലവാരിണാ।
പരിലെപംവിദധ്യാദ്വാനിഷിഞ്ചെത്തദ്രസെനവാ॥
വെലിപ്പരുത്തിയുടെ ഇല അരിക്കാടിയിൽ അരച്ചുപുരട്ടുക. വേലിപ്പരുത്തിയുടെ ഇല കുത്തിപ്പിഴിഞ്ഞെടുത്ത നീർകൊണ്ടു ധാരയിടുക.
൧൯. കിംശുകസ്വരസെപിഷ്ട്വാശൈലെയംതെനലേപനം।
വിദധ്യാൽസ്തന്യയുക്തെനയദ്വാകിംപാകവാരിണാ॥
കരുമുരുക്കിലനീരിൽ കന്മതം അരച്ചുപുരട്ടുക. അല്ലായെങ്കിൽ കാഞ്ഞിരപ്പഴത്തിന്റെ കുരടുപിഴിഞ്ഞെടുത്ത നീരിൽ മുലപ്പാലുചെൎത്ത അതിൽ കന്മതം അരച്ചുപുരട്ടുക.
൨൦. നിൎദ്ദിഷ്ടാസ്സൎവ്വഇമെയോഗാസ്സദ്യൊദാഹനിബൎഹണാഃ।
അപിചസ്ഫോടമുൽപിത്സുംപ്രതിഷെദ്ധുമലന്തരാം॥
മേൽപറഞ്ഞ പ്രയോഗങ്ങൾ ഒക്കെയും ചുട്ടുനീറൽ ശമിപ്പാനും പുറപ്പെടുവാൻ പോകുന്ന പൊള്ളയെ തടുപ്പാനും മതിയായവയാകുന്നു.
൨൧. സ്പൎശൊത്രനവതിംഷഡ്ഘനാഡികാസ്സലിലസ്യതു।
യഥാനസ്യാത്തഥാധായമനശ്ചപരിപാലയെൽ॥
ചുട്ടുനീറൽ ശമിച്ചാലും തൊണ്ണൂററാറു നാഴികക്കകത്ത തീൎത്തട്ടിയെടുത്ത പച്ചവെള്ളത്തിന്റെ സ്പൎശമുണ്ടായാൽ പൊള്ളപുറപ്പെടുവാനും പുണ്ണായി തീരേണ്ടതിന്നും കാരണമായി വരുന്നതാകയാൽ ആയതുകൂടാതെ ഇരിക്കത്തക്കവിധത്തിൽ മനസ്സുവെച്ചു ബാലനെ പരിപാലിക്കുകയും വേണം.
൨൨. സുകുമാരശരീരത്വാന്മാൎദ്ദവ്യാന്നൊപക്രമസ്യവാ।
അകാലെജലയൊഗാദ്വാഭവെയുൎവ്വിയുഷ്ടതാസ്ത്വചഃ॥
ശരീരത്തിന്ന അധികമായ മാൎദ്ദവമുണ്ടായിരിക്ക നിമിത്തമായിട്ടൊ മേൽപറഞ്ഞ ചികിത്സകൾ ചെയ്യാൻ കഴിവ വരാഞ്ഞു

നിമിത്തമായിട്ടൊ ചികിത്സകൾ ചെയ്യേണ്ടതിന്ന താമസം വരികനിമിത്തമായിട്ടൊ അകാലത്തിങ്കൽവച്ച വെള്ളത്തിന്റെ സ്പൎശം സംഭവിക്കനിമിത്തമായിട്ടൊ തീത്തട്ടിയെടത്തെ തൊലിവെറെ ഒരുസംപ്രദായത്തിലുള്ള നിറംത്തോടുകൂടി പൊങ്ങുകയും ചെയ്യും.

൫൮൦. തത്രാന്തസ്സലിലെസമ്യഗ്ജാതെപിനതുവെധനം।
കുൎയ്യാൽസ്വയംവിദീൎണ്ണാസൃകത്വെവ്യായമുപക്രമഃ॥

മേൽപ്രകാരം തൊലി പൊങ്ങിക്കണ്ടാൽ ഉടനെയും അതിന്റെഉള്ളിൽ ജലം പരിപൂൎണ്ണമായി എന്നുതോന്നിയാൽ തന്നെയും കുത്തിച്ചോക്കുവാൻ ഉത്സാഹിക്കരുത. താനെപൊട്ടിയാൽ ഇതിന്നുതാഴെ വിവരിക്കുന്ന ചികിത്സകളെ ചെയ്ക.

(ജപാമൂലാദി കഷായം)

൫൮൧. ജപാമൂലമധൂകത്വഗ്ജയന്തീമൂലയഷ്ടിഭിഃ।
സക്ഷീരിവിടവത്വഗ്ഭിശ്ശൃതെനശിശിരാംഭസാ॥

൫൮൨. യുക്തെനനിജതുൎയ്യാംശസമെനമധുനാപ്രഗെ।
പരിഷിച്യപുരാണാജ്യംലിംപെദാശുദ്ധിസംഭവാൽ॥

ചെമ്പരത്തിവേര, ഇരിപ്പത്തൊലി, മുഞ്ഞവെര, ഇരട്ടിമധുരം, നാല്പാമരത്തിൻതൊലി ഇവകൊണ്ട കഷായംവച്ച അതിൽ നാലിലൊരംശത്തൊടു സമമായ തേൻചേൎത്ത രാവിലെ ധാരയിടുകയും പഴെ നെയ്യ പുരട്ടുകയും ചെയ്ക. ഈ പ്രവൃത്തി വ്രണം ശുദ്ധമാവുന്നതുവരെ വെണം.

(ലൊഹിതാദി തൈലം)

൫൮൩. ലൊഹിതാലവലീപത്രകെതകീപല്ലവൊൽഭവെ।
സ്വരസെസാധിതെയഷ്ട്യാകെരസ്നെഹൊഗ്നിദഗ്ധശസ്യതേ।

അടമ്പ, വെള്ളീലയുടെ വെളുത്തഇല, കൈതക്കുമ്പ ഇവററിൻനീരിൽ ഇരട്ടിമധുരം അരച്ചുകലക്കി വെളിച്ചെണ്ണ ചേൎത്ത കാച്ചിയരിച്ച വ്രണത്തിന്ന ശുദ്ധിവന്നതിന്റെ ശേഷം പുരട്ടുകഎന്നാൽ ഉണങ്ങും. നിറത്തിന്ന മാററമുണ്ടാകയുമില്ല.

(ധാത്ര്യാദി തൈലം)

൫൮൪. ധാത്രീചന്ദനയഷ്ട്യാഹ്വശാരിബാക്ഷീരിവല്കലൈഃ।
സിദ്ധെകഷായെതുല്യാംശംസംയൊജ്യൊപൊദകാരസം

൫൮൫. മഞ്ജിഷ്ഠാമധുയഷ്ടിഭ്യാംപക്വഃകെരഫലൊൽഭവഃ॥
സ്നെഹോഗ്നിദാഹസംഭൂതാൻവൃണാനാശുനിയച്ഛതി॥

നെല്ലിക്ക, ചന്ദനം, ഇരട്ടിമധുരം, നന്നാറിക്കിഴങ്ങ, നാല്പാമരത്തിൻതൊലി ഇവകൊണ്ട കഷായംവച്ച ഇരട്ടിമധുരം, മഞ്ചെട്ടിപ്പൊടി ഇവ അരച്ചുകലക്കി വെള്ളിച്ചെണ്ണയും വശള നീരും സമമായി അതിൽചേൎത്ത കാച്ചിയരിച്ച പുരട്ടുക, തീപ്പുണ്ണ വേഗത്തിൽ ഉണങ്ങും.

(ദൂൎവ്വാവശിന്ന്യാദിഘൃതം)

൧൧൬. ദൂൎവ്വാവശിന്ന്യപാമാൎഗ്ഗകെതകീകദളീനിശാഃ।
ഉപൊദകാഹ്വാഭീരുരാജമാഷദലാനിച॥
൧൧൭. യൂഷാദനീപയശ്ശൂക്ലാജംബൂദളിതയപല്ലവൈഃ।
അമൃതാഹ്വിലതാഭ്യാംചസഹനിഷ്പീഡ്യതദ്രസം।
൧൧൮. ദളിഗ്ഗുണെനാജ്യമാനെനദതളാദൃശ്യതരുതളചാം।
നിഷ്ക്വാഥ്യെശോണപാരന്തീകുസുമെഭ്യോഹൃതംരസം॥
൧൧൯. പ്രദായാജ്യെനതുല്യഞ്ചകല്ക്കീകൃത്യാത്രജാംബവം।
ഫലമക്ഷാസ്ഥിസാരംഗശൃംഗംചിഞ്ചാഫലാസ്ഥിച।
൧൨൦. ശുഷ്കഗോമയസൌവീരനീരപൂഗഫലാനിച।
കാരസ്കരാസ്ഥിബന്ധൂകകുസുമാമലകാന്ന്യപി।
൧൨൧. കാൎപ്പാസബീജമഞ്ജിഷ്ഠാമധൂകമധുകാനിച।
കൌശികംകുന്ദുരുഷ്കഞ്ചകുളീരവസയാസഹ।
൧൨൨. തുൎയ്യാംശതുല്യയാപകളംഗവ്യമാജ്യംപുരാതനം।
അഗ്നിദാഹസമുൽഭൂതാൻരൊപയെദ്ദാരുണാനപി॥
൧൨൩. വ്രണാനനെനലിപ്താതളഗഗ്നിപ്ലുഷ്ടാനവിക്രിയാം।
പ്രാപ്നൊതിസദ്യൊദാഹാത്ത്യാമുച്യതെചനസംശയഃ॥

കറുക, മുക്കുററി, ചെറുകടലാടി, കൈതക്കുമ്പ, തെങ്ങിൻപൂക്കുല, പച്ചമഞ്ഞൾ, വശള, പച്ചനെല്ലിക്ക, ശതാവരിക്കിഴങ്ങ, വലിയ പയററിന്റെ ഇല, പെഴിൻക്കുമ്പ, പാൽമുതക്കിൻകിഴങ്ങ, ഞാറക്കുമ്പ, ഞാവൽക്കുമ്പ, ചിററമൃത, കൊടിഞാലി ഇവ ഇടിച്ചുപിഴിഞ്ഞെടുത്ത നീര ഓരോന്ന നെയ്യിലിരട്ടി ഉണ്ടാക്കി നാല്പാമരത്തോൽകൊണ്ടുവെച്ച കഷായത്തിൽചേൎത്ത ചുവന്ന തെച്ചിപ്പൂവ്വിന്റെ നീര നെയ്യോടുസമമായിചേൎത്ത ഞാവൽകായ, താന്നിക്കക്കുരു, കലമാൻകൊമ്പ, പുളിങ്കുരു, ഉണങ്ങിയ ചാണകം, സൌവീരം, നീററടെക്ക, കാഞ്ഞിരക്കുരു, ചെമ്പരത്തിപ്പൂവ്വ, നെല്ലിക്ക പരത്തിക്കുരു, മഞ്ചെട്ടിപ്പൊടി, ഇരിപ്പക്കാതല, ഇരട്ടിമധുരം ഗുൽഗുലു, കുന്തുരുക്കം ഇവ അരച്ചുകലക്കി പഴതായ പശുവിൻ നെയ്യും അതിന്റെ നാലിലൊരു ഭാഗത്തൊടുസമമായ ഞണ്ടിന്റെ നെയ്യുംചേൎത്ത കാച്ചിയരിച്ച പുരട്ടുക

അതിഘോരമായ തീപ്പുണ്ണശമിക്കും. തിയ്യ തട്ടിയാൽ ഉടനെ പുരട്ടുകിൽ ചുട്ടുനീറൽ ഉടനെശമിക്കും. പൊള്ളുകളില്ല പുണ്ണായതിന്റെശേഷം പുരട്ടിയാൽ വേഗത്തിൽ ഉണങ്ങുമെന്നതന്നെയല്ല തൊലിക്ക നിറഭേദമുണ്ടാകയും അല്പമായിട്ടുകൂടെ വടുകാണ്ക എങ്കിലും ഉണ്ടാകയുമില്ല.

ഇടിത്തീയ്യ തട്ടിയാൽ വേണ്ട ചികിത്സാ

൯൩൪. വൈദ്യുതാനലദഗ്ധസ്യതാപൊലൌകികവഹ്നിനാ।
പ്രശസ്തഃപരിഷേകശ്ചരസെനെക്ഷോസ്സസർപ്പിഷാ॥

ഇടിത്തീയ്യ ശരീരത്തിൽതട്ടിയാൽഅവിടെ ലോകാഗ്നികൊണ്ടു തപിപ്പിക്കയും കരിമ്പിൻനീരിൽ നെയ്യചേൎത്ത അതുകൊണ്ടു ധാരയും ചെയ്ക.

൯൩൫. ഘൃതസൈന്ധവയുക്തെനധാത്രീഫലരസെനവാ।
രസെനവെതസാമ്ലസ്യസതൈലലവണെനവാ॥

നെല്ലിക്കനീരിൽ നെയ്യചേൎത്ത കുറെ ഇന്തുപ്പ പൊടിച്ചിട്ടു അതുകൊണ്ടു ധാരചെയ്ക. ഞെരിഞ്ഞാംപുളി നീരിൽ എണ്ണയും ഇന്തുപ്പും ചേൎത്ത അതുകൊണ്ടു ധാരചെയ്ക.

൯൩൬. കാഞ്ചികെസരളംപിഷ്ട്വാദെവാഹ്വംമിസിമെവവാ।
ലെപശ്ചതൽകൃതസ്തദ്വദ്ബിലാമൂലഫലത്രയൈഃ॥

കാടിയിൽ ചരളമൊ ദേവതാരമോ ശതകുപ്പയോ കൂവളത്തിൻവേര, ത്രിഫല ഇവയെൊ അരച്ചുതേക്കുകയും ചെയ്ക.

൯൩൭. സംജ്ഞാമോഷെതുദഗ്ദ്ധായാസ്സ്വരസെനവിമൎദ്ദിതം।
നാസായാസ്സന്നികഷ്ഷേണനവസാരഞ്ചധാരയേൽ॥

ബോധംകെട്ടുപോകിൽ കറുകനീരിൽ നവസാരം അരച്ചു മൂക്കിന്റെ അടുക്കെകൊട്ടുക.

൯൩൮. ദൃശൊശ്ശക്തിരൊഭാവെസ്തന്യംകൊഷ്ണീകൃതംപയഃ।
തുത്ഥാഞ്ജനരജൊയുക്തംസദ്യആശ്ച്യോതയെത്തയൊഃ॥

കണ്ണുകൾക്കു കാഴ്ചയില്ലാതെ ആകിൽ മുലപ്പാല അല്പം ചൂടുപിടിപ്പിച്ചു അതിൽശുദ്ധി ചെയ്ത തുത്തും അഞ്ജനക്കല്ലും പൊടിച്ചിട്ടു അത കണ്ണിൽ പകരുക.

൯൩൯. ബാധിൎയ്യെഹബഷാമൂലകാരവീതുത്ഥടംകണൈ।
വിപകപാവ്വരയെതൈലംഗാഡെഷ്ണംകൎണ്ണയൊൎദ്ദപയൊ।

ശബ്ദത്തെ ഗ്രഹിപ്പാൻ ചെവിക്ക ശക്തിയില്ലാതെയാകിൽ അടെക്കാമണിയൻവെര, കരിഞ്ചീരകം, തുത്ത, പൊൻകാരം ഇ

വയിട്ട എണ്ണകാച്ചി സഹിക്കത്തക്ക ചൂടോടുകൂടെ ചെവിയിൽ നിറയ്ക്കുക.

൧൪൦. രസാജ്ഞാനെതുഗാവ്യെഷ്ണംബൃതമുഗ്രാരജൊയുതം ।
ആസ്യെനധാരയെൽകപാഥമഥവാപഞ്ചകൊലജം ॥

മധുരാദിരസജ്ഞാനം നശിച്ചാൽ നെയ്യ ചൂടപിടിപ്പിച്ച അതിൽ വയമ്പിൻപൊടി ചേൎത്ത സഹിക്കത്തക്ക ചൂടോടുകൂടെ അത വായയിലാക്കി ധരിപ്പിക്കുക. കാട്ടുതിപ്പലിവേര, കാട്ടുമുളകിൻവേര, കൊടുവേലിക്കിഴങ്ങ, തിപ്പലി, ചുക്ക ഇവ കൊണ്ടു കഷായംവച്ച സഹിക്കത്തക്ക ചൂടോടുകൂടെ അതിൽ വയമ്പിൻപൊടിചേൎത്ത മേൽപ്രകാരം ചെയ്യിക്ക.

൧൪൧ താമ്രചൂഡസ്യരക്തെനസ്പൎശാജ്ഞാനെഖിലംവപുഃ ।
പ്രലിംപെൽക്ഷാളയെദ്യാമാതെമൂത്ഥത്തെകാഞ്ചികെനച ॥

തൊട്ടാലറിയാതെയാകിൽ കോഴിയുടെ ചോര സൎവ്വാംഗങ്ങളിലും തേച്ച രണ്ടു നാഴിക കഴിഞ്ഞാൽ കാടികൊണ്ട കഴുകിക്കളയുക.

൧൪൨. സൎവ്വെന്ദ്രിയപരിഭ്രംശെസംജ്ഞാവന്തമപിത്യജെൽ ।
വൈദ്യൊനാഗ്നിനാപ്പം ഷ്ടംജീവെദ്ദിനാഷ്ടകം ॥

സൎവ്വേന്ദ്രിയശക്തികൾക്കും നാശംവരികിൽ ബോധമുണ്ടായാലും ഇടിത്തിയ്യ തട്ടിയവന്ന ചികിത്സിപ്പാൻ പൊകൊല്ല. അവൻ എട്ടുദിവസം തികച്ച ജീവിക്കയില്ലയെന്ന താനറിഞ്ഞുകൊൾക. ഇന്ദ്രിയങ്ങളിലൊന്നിന ശക്തിയുണ്ടെങ്കിൽ ജീവിക്കുകയും ചെയ്യും.

## ഭംഗചികിത്സാ

൧൪൩. അഭിഘാതാദിനാംഗസ്യഭംഗെജാതെബലാംഭസാ ।
സക്ഷീരെണാതിശീതെനപരിഷെകഃപരംഹിതഃ ॥

കഠിനങ്ങളായ കല്ലുമുതലായ പദാൎത്ഥങ്ങളിൽ മുട്ടുകയൊ വീഴുകയൊ നിമിത്തമായിട്ടൊ ഹെതന്തരങ്ങളെക്കൊണ്ടൊ ശരീരത്തിന്ന ചതവപററിയാൽ കുറുന്തോട്ടിവേർകൊണ്ട കഷായം വെച്ച തണുപ്പിച്ച അതിൽ പശുവിൻെറ പാലചേൎത്ത അതുകൊണ്ട തണുത്തടത്ത ധാരചെയ്ക. ഏററവും ഹിതമാകുന്നു.

൧൪൪. സ്തന്യെനപയസായുക്താനവനീതഞ്ചമൎദ്ദിതം ।
ലെപയെത്തത്രസംമൂൎഛ്വെപരിഷെകാദനന്തരം.

ധാരകഴിഞ്ഞാൽ തോൎത്തി വെണ്ണനെയ്യ മുലപ്പാല കൂട്ടി ഉരസിചേൎത്ത പുരട്ടുകയും നല്ലതാകുന്നു.

(ശൈലെയാദി ഗുളിക)

൫൪൩. ശൈലെയമധുകൊശീരവാരിദാരുഫലത്രയൈഃ ।
ഭൂനിംബനിർവ്വിഷാദേവദാരുവാംശിദ്രുമദഹിംഗുളൈഃ ॥

൫൪൪. ദുർവ്വാഹംവിദാർയ്യബ്ദഭൂതാലാഭീരുസംഭവൈഃ ।
ജീവന്തീഗൊപികാച്ഛിന്നരുഹാജാതൈശ്ചരെണഭിഃ ॥

൫൪൫. ശിശിരദ്വയദാർവ്വീത്വങ്നായകാഗരുകുംകുമൈഃ ।
ശതാഹ്വാകുഷ്ഠമഞ്ജിഷ്ഠാബലാത്രയതുരുഷ്കകൈഃ ।

൫൪൬. നാഗഫെനവിഷാഭ്യാഞ്ചപിഷ്ടൈഃപൌനർഭവെരസെ ।
ദൂർവ്വായാശ്ചപ്രസാരണ്യാഃകഷായെഗൊക്ഷുരസ്യച ॥

൫൪൭. ദന്താവല്ലലതാകന്ദരസെചൈകൈകവാസരം ।
ത്ര്യഹംസ്തന്യെചഗുളികാംകൃത്വാകതകസമ്മിതാം ॥

൫൫൦. ഛായായാംശൊഷയിത്വാചപഞ്ചാഹം സാധുചൂർണ്ണിതാം । യുഞ്ജീതാനഘശൊഫെത്രനവനീതെനമെളിതാം॥

കന്മതം, ഇരട്ടിമധുരം, രാമച്ചം, ഇരുവേലി, ദേവതാരം, ത്രിഫല, പുത്തരിച്ചുണ്ടവേരിന്മേൽതൊലി, നീലനിർവ്വിശി, പാൽനിർവ്വിശി, കുവ്വപ്പൊടി, കന്നാരം, ചായില്യം, കറുക, നെല്ലിക്ക, മുതക്കിൻകിടങ്ങ, മുത്തങ്ങക്കിഴങ്ങ, നിലപ്പനക്കിഴങ്ങ, ശതാവരിക്കിഴങ്ങ, അടപതിയൻകിഴങ്ങ, നന്നാറിക്കിഴങ്ങ, ചിററമൃത, ഇവകളുടെ ഊറൽ ചന്ദനം, രക്തചന്ദനം, മരമഞ്ഞത്തൊലി, ചെന്നിനായകം, അകില, കുങ്കുമം, ശതകുപ്പ, കൊട്ടം, മഞ്ചട്ടിപ്പൊടി, കുറുന്തോട്ടിവേര, വെൺകുറുന്തോട്ടിവേര, ഊരകത്തിൻവേര, കുന്തുരുക്കം, കറപ്പ, വത്സനാഭി, ഇവ തമിഴാമയുടെ നീരിലും കറുകയുടെ നീരിലും തലനീളിയുടെ നീരിലും ഞെരിഞ്ഞിലിൻകഷായത്തിലും കരിക്കൊടിക്കിഴങ്ങിൻനീരിലും ഓരൊ ദിവസം അരച്ച പിന്നെ മുലപ്പാലിൽ മൂന്നുദിവസം അരച്ച തേററാംപരൽപ്രമാണം ഗുളിക ഉരുട്ടി അഞ്ചുദിവസം നിഴലിൽവെച്ചുണക്കി സംഗ്രഹിക്കുക. ചതവ പററിയെടത്ത അധികമായി നീരവന്ന കെട്ടിനിന്നാൽ മേൽപറഞ്ഞ ഗുളിക പൊടിച്ച വെണ്ണകൂട്ടി ഉരസിച്ചേർത്ത പുരട്ടുക.

൫൫൧. സദ്യശ്ശ്ലോപരുജാശാന്തിസ്സിരാണാംപ്രകൃതിസ്ഥതാ ।
അസൃങ്നാഞ്ചപവനസ്യാനുകൂലതാചൊഷ്മനിഗ്രഹഃ ।

൫൫൨. തൈനസ്യാദയമെവൈഷ്ടൊവിധിർമ്മർമ്മസമാശ്രിതെ ।
തത്രാവിസജ്വരെപെയഃകഷായൊഘൃതവിമിശ്രിതഃ ॥

൫൫൩. അമൃതാഘനശീതാംബുപപ്പടൊശീരസാധിതഃ ।
ബലാപുഷ്കരഭൂനിംബജീരകൈർവ്വാസവത്യപി ॥

മേൽപറഞ്ഞ ലേപനംചെയ്താൽ നീരുംവേദനയുംഉടനെശമിക്കും. സ്ഥാനത്തിങ്കൽനിന്ന തെററിപ്പോയ ഞരമ്പുകളുംഎല്ലുകളുംവേണ്ടും പ്രകാരത്തിലുള്ള സ്ഥിതിയെ ലഭിക്കും വായുഅനുകൂലതയെപ്രാപിക്കും. ചതവകൊണ്ടുണ്ടായ ഉഷ്ണാവു ശമിക്കും. ചതവിന്ന മമ്മസംബന്ധമുണ്ടെങ്കിൽ മേൽപറഞ്ഞ ലേപനംതന്നെ ചെയ്തുകൊൾക വിശേഷിച്ചും വേണ്ടതാകുന്നു. ചതവുകൊണ്ടു പനി ഉണ്ടായാൽ ചിററമൃത, മുത്തങ്ങക്കിഴങ്ങ ചന്ദനം, ഇരുവേലി, പപ്പ്ടം, രാമച്ചം, ഇവകൊണ്ടു കഷായംവെച്ച നെയ്യ മേപ്പൊടിചേത്ത സേവിപ്പിക്ക. വായുക്ഷോഭമുണ്ടാകയാൽ കുറുന്തോട്ടിവേര, പുഷ്കരമൂലം, പുത്തരിച്ചുണ്ട വേരുമ്മൽതൊലി, ജീരകം ഇവകൊണ്ടുകഷായംവെച്ച നെയ്യ മേപ്പൊടിചേത്ത സേവിപ്പിക്ക.

(ബലാമധുകാദിഗുളിക)

൧൭൪. ബലാമധുകഭ്രുനിംബയവാനീശിശിരദപ്രയൈഃ ।
കൃകവാകുപദീമൂലശതാഹ്വാജീവകഷ്ഭൈ ॥

൧൭൫.ആഖ്യാപുഷ്കരശൈലേയയൂഥീനളദവാരിഭിഃ॥
അലാബൂകാണ്ഡവെത്രാഗ്രബൃഹതീമൂലദാരുഭിഃ।

൧൭൬.അജാജിവൃഷകാകോളീമെദാദ്വയകശേരുകൈഃ।
ശ്രാവണീദ്വന്ദ്വകപ്പൂരരാസ്നാജാതിഫലൈരപി॥

൧൭൭. ശ്രീനാഭിജാതിലിംഗാഭ്യാംസഹാപിമൃഗരേതസാ। ജീരകസ്യകഷായേണപിഷ്ട്വൈസ്സമ്യഗ്വിനിമ്മിതാ॥

൧൭൮.ഗുഞ്ജാപ്രമാണാസ്സംശുഷ്കഃഗുളികാസ്സൈനമെളിതാ
പായയെൽബഹുഭിവ്വാരൈരഥവാസിതയാസഹ॥

കുറുന്തോട്ടിവേര,ഇരട്ടിമധുരം,പുത്തരിച്ചുണ്ടവേരിന്മേൽതൊലി, ജീരകം, ചന്ദനം, രക്തചന്ദനം, കൊഴിക്കാലിൻവേര, ശതകുപ്പ, ജിവകം, ഇടവകം, കിരിയാത്ത, പുഷ്കരമൂലം,കന്മതം,കാട്ടുമല്ലവേരിന്മൽതൊലി, രാമച്ചം,ഇരുവേലി, കയ്പംചുരവള്ളി,ചൂരൽതല, ചെറുവഴുതിനവേര, ദേവതാരം, ആശാളി, ആടലോടകത്തിൻവേര,കാകോളി,ക്ഷീരകാകോളി, മെദമഹാമെദ, കുഴിമുത്തങ്ങ,ശ്രാവണി,മഹാശ്രാവണി,പച്ചക്കപ്പൂരം, അരത്ത, ജാതിക്ക,വത്സനാഭി,ചായില്യം,പച്ചപ്പുഴു, ഇവ ജീരകക്കഷായത്തിൽ നല്ലവണ്ണം അരച്ച കുന്നിക്കുരുപ്രമാണം ഗുളിക ഉരുട്ടി നിഴലിൽ വെച്ച നല്ലവണ്ണം ഉണക്കി ഓരോന്ന മേൽപറഞ്ഞകഷായത്തിൽചേത്ത കുറെ പഞ്ചസാരയുമിട്ട പലവട്ടമായി സേവിപ്പിച്ചാൽ വായുക്ഷോഭത്തിന്നെറ നന്ന.

൧൨൯. കുക്ഷിഭംഗെഗ്രഹാലാജജീരജൈഃകഥിതെജലൈ।
സാധിതാശസ്യതെത്ര്യൎത്ഥംയവാഗ്ഭ്രഷ്ടതണ്ഡുലൈഃ॥

വയററിന്ന ചതവപററിയാൽ മുവ്വിലവേര, മലര, ജീരകം ഇവയിട്ട കുറുക്കിയ വെള്ളത്തിൽ വറുത്ത അരിയിട്ട വെച്ച കഞ്ഞികുടിപ്പിക്കുക.

൧൩൦. ഭദ്രാഗൊക്ഷുരനിഷ്പാഥഎലാഫലരജൊയുതഃ।
വാതവ്യാമൂത്രരൊധെതുഭംഗജെസിതയാപിവാ॥

ചതവ നിമിത്തമായി മൂത്രത്തിന്ന തടവുണ്ടായാൽ ചെറുള്ള വേര, ഞെരിഞ്ഞിൽ ഇവ കൊണ്ടു കഷായം വെച്ച ഏലത്തരിയൊ പഞ്ചസാരയോ മേമ്പൊടിചേൎത്ത സേവിപ്പിക്ക.

൧൩൧. മലരോധേതുഭംഗേനകോഷ്ഠെരക്താനുപൂരണാൽ।
പക്വസ്യനാളികേരസ്യപയസാദദ്യാദ്വിരെചകീം॥

൧൩൨. ക്ഷീരെണൈരണ്ഡതൈലംവാപായയെദല്പമാത്രയാ।
കടുകാമലകാജാജീരജൊവാസിതയാസഹ॥

ചതവ നിമിത്തമായി വയററിൽ ചൊരനിറഞ്ഞാൽ മലം പോകയില്ല. എന്നാൽ കടുക്ക ചുട്ടുപൊടിച്ച പുഴുങ്ങിയ ഇളനീരിന്റെ വെള്ളത്തിൽ സേവിപ്പിക്ക. പശുവിൻപാലിൽ അല്പമായ ആവണക്കെണ്ണ ചേൎത്ത സേവിപ്പിക്ക. കടുകുരോഹിണി, നെല്ലിക്ക, ആശാളി ഇവപൊടിച്ച പാലിൽ ചേൎത്ത പഞ്ചസാരയുമിട്ട സേവിപ്പിക്ക ഇവചെയ്താൽ മലം പോകും.

൧൩൩. വിഭ്രഷ്ടെഷ്വസ്ഥിഷുക്ഷിപ്രംതാന്യാസ്ഥാപ്യയഥൊചിതം। ബദ്ധ്നീയാന്മൃദുഭിൎവ്വൈദ്യഃക്ഷീരിവൃക്ഷത്വഗാദിഭിഃ॥

സ്ഥാനത്തിങ്കൽനിന്ന അസ്ഥികൾ തെററിപ്പോയാൽ ഉടനെഅതുകളെ സ്ഥാനത്തിങ്കലാക്കിനാല്പാമരത്തിൻതൊലിമുതലായ മാൎദ്ദവമുള്ളവസ്തുക്കളെക്കൊണ്ട പൊതിഞ്ഞ കെട്ടുകയും വേണം

൧൩൪. തത്രാപിബന്ധനാൽപൂൎവ്വംസെകഃകൊഷ്ണെനസൎപ്പിഷാ। തൈലയുക്തെനശസ്തശ്ചത്ര്യഹാമൂൎദ്ധ്വഞ്ചമൊചനം॥

അവിടെയും കെട്ടുന്നതിന്റെ മുമ്പെ എണ്ണയും നെയ്യുംതമ്മിൽ ചേൎത്ത മന്ദോഷ്ണമാക്കി അതുകൊണ്ടുഅല്പകാലം ധാരചെയ്കയുംവേണം. കെട്ടിയതിന്റെശേഷം മൂന്നുദിവസം കഴിഞ്ഞാൽ അഴിക്കണം പിന്നെയും വേണമെന്ന തോന്നിയാൽ അതിന്റെ കോപ്പുകൾ പുതിയതുകളായി ഉണ്ടാക്കിക്കെട്ടുക.

൧൩൫. സദ്യോബദ്ധ്വാവിദധ്യാദ്വാതൈലെനസമസൎപ്പിഷാ।
പരിഷേകംകവൊഷ്ണെനചിരബന്ധൊനാധികാദ്വയം॥

അസ്ഥികളെ അതാത സ്ഥാനത്തിങ്കലാക്കി ഉടനെ കെട്ടുക യും പിന്നെ എണ്ണയും നെയ്യും സമഭാഗമാക്കി ചേൎത്ത മന്ദോ ഷ്ണമാക്കി അതുകൊണ്ട ധാരചെയ്ക.

൧൩. അനുക്താസ്വയമെവൊഹ്യംയൽഭംഗസ്യചികിത്സി
തം। വാതപിത്തഹരംസൎവ്വമത്രെഷ്ടമിതിഹിസ്ഥിതിഃ॥

ഭംഗത്തിന്ന ഇവിടെ പറകപ്പെട്ടതുകളിൽ അന്തൎഭവിക്കാത്ത തായും ചിലത വേണ്ടിവന്നാൽ അതിനെ വൈദ്യൻ സ്വബുദ്ധി കൊണ്ട ഊഹിച്ച നിശ്ചയിച്ച ചെയ്തുകൊൾക. വാതപിത്ത ഹരമായത ഒക്കെയും ഭംഗത്തിന്ന നല്ലതാകുന്നു.

ഇതി വാശ്ശാസൊപനാമകരാ മാനന്ദനാഥപണ്ഡിത പാ രശവേന്ദ്രകൃതാ വാരോഗ്യകല്പദ്രുമെ ബാലചികിത്സായാം ദ്വാ വിംശസ്തബകോനാമ ദ്വാവിംശോദ്ധ്യായഃ

---

ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം.

---

## ത്രയോവിംശദ്ധ്യായപ്രാരംഭഃ

### ഭഗന്ദര ചികിത്സാ

൧. അഥാഭിധാസ്യെസംക്ഷിപ്യഭഗന്ദരചികിത്സിതം।
പായൊൎവ്വലീഷുസീവന്യാമഥവാസ്യാൽഭഗന്ദരഃ॥

൨. അപകപ്രംപിടകാമാഹുസ്തംപകപ്രന്തുഭഗന്ദരം। പ്ര
വാഹണ്യാഞ്ചസീവന്യാംനീചയൊൎദ്ധ്വഞ്ചതന്ത്ര്യജെൽ॥

ഈ അദ്ധ്യായത്തിങ്കൽ ഭഗന്ദരത്തിന്റെ ചികിത്സയെ ചുരു ക്കിപറയുന്നു. ഭഗന്ദരമെന്നത മലദ്വാരത്തിന്റെ വലികളി ലൊ സീവനി എന്ന ഞരമ്പിന്മേലൊ ഉണ്ടാകുന്ന കുരുവാകു ന്നു. ആയത പഴുക്കുന്നതിന്റെമുമ്പെ ഭഗന്ദരമെന്ന പറയുമാറി ല്ല അപ്പോൾ കുരു എന്നുതന്നെ അതിനെക്കുറിച്ച വ്യവഹരിക്കു ന്നു. പഴുത്താൽ അതിനെ ഭഗന്ദരമെന്ന പറകയുംചെയ്യുമെന്ന ആഗമമുണ്ട. ആയതിന്ന പൊട്ടുന്നതിന്റെ മുമ്പെ വേണ്ടുന്ന പ്രവൃത്തികൾ കുരുവിന്ന പറഞ്ഞവതന്നെ എന്നും പൊട്ടിയാ ൽ വേണ്ടുന്നതുകൾക്കു വിശേഷമുണ്ടെന്നും താല്പൎയ്യമാകുന്നു. അതഹേതുവായിട്ട ഭഗന്ദരത്തിന്ന ചികിത്സിക്കുമ്പോൾ പഴു പ്പിന്ന വഴിവെച്ചുകൊടുക്കാതെ ചികിത്സിക്കുകയും വേണം. ദോഷങ്ങളെല്ലാംകൂടി കോപിക്കു നിമിത്തമായിട്ടുണ്ടായതായാ

ലും മലദ്വാരത്തിന്റെ വലികളിൽ പ്രവാഹണി എന്ന വലി യിന്മേലൊ സീവനി എന്ന ഞരമ്പിന്മേലൊ ഉണ്ടായതായാലും ആയത അസാദ്ധ്യമെന്ന താനറികയും വേണം.

൩. ഹൃതരക്തമഷ്ഠൊരസ്യമൂലെനപരിലെപയേൽ ।
മധുനാസാധുപിഷ്ടേനയദ്വാഹൈമവതീത്വചാ ॥

സാദ്ധ്യമായ ഭഗന്ദരത്തിന്ന അട്ടഇട്ട ചോരകളഞ്ഞഅകൊ രിവേരോ കുരുവില്ലാക്കുടക്കയൊ തേനിൽ നല്ലവണ്ണം അരച്ച ചേൎത്ത പുരട്ടിക്കുക.

൪. യദ്വാപുനൎന്നവാമൂലവടാംകുരതിലാമൃതാഃ ।
ക്ഷീരപക്വാമഹുഃപിഷ്ട്വാനവനീതെനമെളിതാഃ ॥

൫. കൃത്വാതത്രാന്നലെപസ്തുവിധേയഃകൊഷ്ഠശുദ്ധയെ।
മദ്ധ്യെമദ്ധ്യെചകൎത്തവ്യോയത്നശ്ചാവഹിതാത്മനാ ॥

തമീഴാമവേര, പേരാൽമൊട്ട, എള്ള, ചിററമൃത, ഇവപാ ലിൽപുഴങ്ങി അരച്ചവെണ്ണകൂട്ടി ഉരസിയോജിപ്പിച്ചപുരട്ടിയാ ൽ അധികം നല്ലതാകുന്നു. ഇടയിലിടയിൽഉദരശുദ്ധിക്കവെ ണ്ടി മനസ്സവെച്ച യത്നംചെയ്കയും വേണം.

(നിൎഗ്ഗുണ്ഡ്യാദി കഷായം)

൬. നിൎഗ്ഗുണ്ഡീമൂലവരണത്വക്ഫലത്രയസാധിതം ।
ക്വാഥംസസൈന്ധവഗുളംപായയെദനുവാസരം ॥

൭. തെനസംശുദ്ധകൊഷ്ഠസ്യക്ഷിപ്രമെവഭഗന്ദരഃ ।
ശാമ്യെൽപ്രാഗുക്തലെപെനവിഹിതെനമുഹുൎമ്മുഹുഃ ॥

കരുനൊച്ചിവേര, നീൎമാതളത്തിൻതൊലി, ത്രിഫല, ഇവ കൊണ്ട കഷായംവെച്ച ഇന്തുപ്പും ശക്കരയും മേപ്പൊടി ചേ ൎത്ത നിത്യമായിസേവിപ്പിക്ക ഇതുകൊണ്ട ഉദരശുദ്ധി അന്നന്ന വരുത്തിയാൽ മുൻപറഞ്ഞ ലേപനംകൊണ്ടുതന്നെ ഭഗന്ദരം വളരെ താമസംകൂടാതെ ശമിക്കുകയും ചെയ്യും.

(ക്ഷീരിദ്രുവൽക്കാദി കഷായം)

൮. ക്ഷീരിദ്രുവല്കനിംബത്വക്പടോലരജനീവൃഷൈഃ ।
ബൃഹതീഗോപികാവിശ്വാസഷഡ്പൈശ്ചശൃതംജലം ॥

൯. മധുഗുൽഗ്ഗുലുസംയുക്തംഹന്തിസൎവ്വാൻഭഗന്ദരാൻ।
പായയെസകൃദഹ്നസ്തമസ്മാൽപ്രാഗുദിതംയഥാ ॥

നാല്പാമരത്തിൻതൊലി, വേപ്പിൻതൊലി, പടോലം, വരട്ടുമ ഞ്ഞൾ, ആടലോടകത്തിൻവേര, ചെറുവഴുതിനവേര, നന്നാറി ക്കിഴങ്ങ, ചുക്ക, കടുക, ഇവകൊണ്ട കഷായംവെച്ച തേനും ഗു

ൽഗ്ഗുലുവുംമേപ്പൊടിചേൎത്ത ഒരുനേരം സേവിപ്പിക്ക. ഒരുനേരം മുൻപറഞ്ഞ കഷായം സെവിപ്പിക്ക എന്നാൽ ശമിക്കും.

൧൦. ഭിന്നെതുനൈവപൂഃവ്വാക്തംപായയെച്ചപുനഃപ്രഗെ ।
സിദ്ധംക്ഷീരിദ്രുവല്ക്കാദ്യൈഃപായയെദനുവാസരം ॥

പഴുത്ത പൊട്ടിയാൽ പിന്നെ നിൎഗ്ഗുണ്ഡ്യാദികഷായം സേവിപ്പിക്കേണ്ട. ക്ഷീരിദ്രുവല്ക്കാദികഷായം എല്ലാനാളും രാവിലെ സേവിപ്പിക്കുകയും വേണം.

൧൧. സെകൊജാത്യാദിതൈലേനപ്രശസ്തോത്രവിശുദ്ധിദഃ।
രോപണശ്ചഭവെദ്വൈസ്മാത്തസ്മാത്തമനുയോജയെൽ. ॥

ജാത്യാദിതൈലംകൊണ്ട ധാരചെയ്താൽ ശുദ്ധിയുമുണക്കവും സിദ്ധിക്കുന്നതാകയാൽ അതുചെയ്ക.

(കൌശികാദിചൂൎണ്ണം)

൧൨. കൌശിതത്രിഫലൈലാത്വങ്മഗധീകൈശികീരജഃ।
മധുനാചാശയെദ്രാത്രൌസവരാംവാമധുസ്സഹീം ॥

ഗുൽഗ്ഗുലു, ത്രിഫല, ഏലത്തരി, ഇലവംഗത്തൊലി, തിപ്പലി, മാശിക്ക, ഇവ പൊടിച്ച തേനിൽ ചാലിച്ച അത്താഴത്തിൻെറ മുമ്പെ സേവിപ്പിക്ക. ത്രിഫല, പാവ, ഇവ പൊടിച്ച തേനിൽ സേവിപ്പിക്കയുമാം

(ഭഗന്ദരമദാന്തകചൂൎണ്ണം)

൧൩. ഏകംഭാഗംസമാദായഗുൽഗ്ഗുലൊൎദ്വൌശിഖാവതഃ।
ത്രീൻവിളംഗസ്യപാഠായാശ്ചതുരഃസ്യൈശ്ചസമ്മിതാഃ॥

൧൪. പിപ്പലീപിപ്പലീമൂലചവ്യമൂവ്വാമധുസ്സഹീഃ ।
ജ്യൊതിഷ്മതീന്തദഷ്ടാംശസമ്മിതാംസവ്വസമ്മിതാം ॥

൧൫. ത്രിഫലാഞ്ചരസെപിഷ്ട്വാവജ്രവല്ല്യാദിനത്രയം।
രസെമണ്ഡൂകപൎണ്ണ്യാശ്ചപഞ്ചാഹമമൃതാരസെ ॥

൧൬. സവ്വാഹഞ്ചവിചൂൎണ്ണ്യാഥശ്ലക്ഷ്ണീകുൎയ്യാദതന്ദ്രിതഃ ।
നാമ്നാചൂൎണ്ണായമാഖ്യാതൊഭഗന്ദരമദാന്തകഃ ॥

൧൭. എനന്തുവക്ഷ്യമാണെനപ്രാശയെത്സപ്പിഷാഥവാ।
സവ്വേഭഗന്ദരാസ്തെനാശാമ്യേയുന്നാത്രസംശയഃ ॥

ഗുൽഗ്ഗുലു കഴഞ്ച ൧. കൊടുവേലിക്കിഴങ്ങ കഴഞ്ച ൨. വിഴാലരി കഴഞ്ച ൩. പാടക്കിഴങ്ങ കഴഞ്ചേ ൪. തിപ്പലി, കാട്ടുതിപ്പലിവേര, കാട്ടുമുളകിൻവേര, പെരുംകുരുമ്പവേര, പാവ, ഇവ ഠരം രണ്ടകഴഞ്ച ചെറുപ്പുന്നയരി, കഴഞ്ച ഒന്നേകാല, ത്രിഫല കഴഞ്ച ൨൪. ഇങ്ങിനെ തൂക്കിക്കൂട്ടി ചങ്ങലംപരണ്ടയുടെ നീരിൽ മൂന്നു ദിവസംമുഴവനും മുത്തിളിൻെറനീരിൽ അഞ്ചുദിവസംമുഴ

വന്നും ചിററമൃതിന്റെ നീരിൽ ഏഴദിവസം മുഴവന്നും അരച്ച ഉണക്കിപ്പൊടിച്ച ശീലപ്പൊടിയിട്ട നേപ്പിച്ച സംഗ്രഹിക്കുക. ഠരം പൊടിക്ക ഭഗന്ദരമദാന്തകമെന്ന പേരാകുന്നു. ഇത ഇതിന്നതാഴെ പറവാൻ പോകുന്ന നെയ്യിൽ ചേൎത്ത മേൽപറഞ്ഞ പൊടിക്ക പകരമായി അത സേവിപ്പിപ്പാൻ പറഞ്ഞ നേരത്ത സേവിപ്പിക്ക. ഭഗന്ദരങ്ങൾ ഒക്കെയും ശമിക്കുമെന്നതിന്ന സംശയമില്ല.

(നിദിശ്ധികാദിഘൃതം)

൧൯. നിദിഗ്ധികാമൃതാനിംബപടോലവൃഷസാധിതെ।
കഷായെത്രിഫലാവെല്ലനിശെന്ദ്രയവകൌശികൈഃ ॥

൧൯൯. സതുടീകൈർഘൃതംപിഷ്ടൈവ്വിപക്വംവിനിയച്ഛതി।
പീതംഭഗന്ദരാൻസൎവ്വാൻകിംപുനസ്സ്തനസംയുതം ॥

ചെറുവഴുതിനവേര, ചിററമൃത, വേപ്പിൻതൊലി, പടോലം ആടലോടകത്തിൻവേര, ഇവകൊണ്ട കഷായംവെച്ച ത്രിഫല, വിഴാലരി, വരട്ടുമഞ്ഞൾ, കുടകപ്പാലരി, ഗുൽഗുലു, ഏലത്തരി, ഇവ അരച്ചു കലക്കി നെയ്യു ചേൎത്ത കാച്ചി അരിച്ച അത സേവിപ്പിച്ചാൽതന്നെ എല്ലാ ഭഗന്ദരങ്ങളും ശമിക്കും. അതിൽ മേൽപറഞ്ഞ പൊടിഃചേൎത്ത സേവിച്ചാൽ ശമിക്കുമെന്ന എന്തിനായികൊണ്ട വേറെ പറയുന്നു.

(അമൃതാദിപൊടി)

൨൦. അമൃതാതുടിവെല്ലെന്ദ്രയവാക്ഷവിജയാഫലൈഃ।
ക്രമവൃദ്ധൈഃപുരെണാപിതാദൃശെനകൃതംരജഃ ॥

൨൧. തൈനൈവസൎപ്പിഷാല്പെനമധുനാചവിമിശ്രിതം।
പ്രാശയെദ്വിനിഹന്ത്യേതൽസൎവ്വാനാശുഭഗന്ദരാൻ ॥

ചിററമൃത കഴഞ്ച ൧. ഏലത്തരി കഴഞ്ച ൨. വിഴാലരി കഴഞ്ച ൩. കുടകപ്പാലയരി കഴഞ്ച ൪. താന്നിക്ക കഴഞ്ച ൫. കടുക്ക കഴഞ്ച ൬. നെല്ലിക്ക കഴഞ്ച ൭. ഗുൽഗുലു കഴഞ്ച ൮. ഇങ്ങിനെ തൂക്കികൂട്ടിപ്പൊടിച്ച മേൽപറഞ്ഞ നെയ്യും അല്പമായ തേനും ചേൎത്ത സേവിപ്പിക്ക. ഭഗന്ദരങ്ങളൊക്കെയും ശമിക്കും.

൨൨. ഇത്യാഖ്യാതംസമാസേനഭഗന്ദരചികിത്സിതം।
അഥാഭിധീയതെനാഡീവ്രണെകാൎയ്യഉപക്രമഃ ॥

ഇങ്ങിനെ ഭഗന്ദരചികിത്സ ചുരുക്കി പറകപ്പെട്ടു ഇനി നാഡീവ്രണചികിത്സയെ ഇതിന്ന താഴെവിവരിക്കുന്നു.

## നാളീവ്രണചികിത്സാ

൨൩. അഭേദാച്ഛ്വയഥോരന്തഃപ്രാപ്തപാകസ്യസഞ്ചിതഃ।
പൂയോനുന്നസ്സമീരേണമാംസാദീൻപ്രതിപദ്യതാൻ॥
൨൪. ദൂഷയിത്വാബഹിസ്സൂക്ഷ്മാനന്തസ്ഥൂലാനിതസ്തതഃ।
വ്രണാൻപിതനുതേനാമ്നാതേതുനാളീവ്രണാമതാഃ॥
൨൫. ശല്യസ്യാന്തഃപ്രവിഷ്ടസ്യസ്യുരനുദ്ധരണാദപി।
തേമീതഥാവിധേഷ്വേഷുകാര്യ്യാപ്രാക്തസ്യുദ്ധൃതിഃ॥
൨൬. പശ്ചാച്ചികിത്സാകർത്തവ്യാഭിന്നാദോഷാനുരോധതഃ।
ദോഷഭേദാനഭിജ്ഞാനേസാമാന്യേനോദിതാചസാ॥
൨൭. ഇത്യത്രബാലസിദ്ധ്യർത്ഥംപ്രവൃത്തത്വാൽപൃഥഗ്വിധാം।
താംവിഹായേതരാസമ്യഗുക്തേതിനഹിക്ഷതിഃ॥

നല്ലവണ്ണം പഴുത്ത നീര വല്ല ഹേതുവശാൽ വളരെ നാൾ പൊട്ടാതെ നിന്നുപോയാൽ അതിന്റെ അകത്ത നിറഞ്ഞ ചലം വായുപ്രേരണകൊണ്ട മാംസാദിധാതുക്കളെ പ്രാപിച്ച അതുകളെ ദൂഷിപ്പിച്ച അവിടവിടെ ബഹിർഭാഗത്തിങ്കൽ സൂക്ഷ്മങ്ങളായും ഉള്ളിൽ സ്ഥൂലങ്ങളായുമിരിക്കുന്ന വ്രണങ്ങളെ ഉണ്ടാക്കുന്നു. അതുകളെ നാളീവ്രണമെന്ന പറയുന്നു. മുള്ള, കല്ല, ശരം മുതലായത ശരീരത്തിന്റെ ഉള്ളിൽ പെട്ടാൽ ആയതിന്ന ശല്യമെന്ന പേരാകുന്നു. ആയതെടുത്ത കളഞ്ഞില്ല എങ്കിൽ അതുകാരണമായിട്ടും മെല്പറഞ്ഞ രോഗം സംഭവിക്കും. അപ്രകാരമുണ്ടായതായാൽ മുമ്പെതന്നെ ശല്യത്തെ പുറത്താക്കി അതിന്റെശേഷം വ്രണത്തിന്ന ചികിത്സയെചെയ്ക. ചികിത്സകൾ വാതാദിദോഷഭേദത്തെ അറിവാൻ ശക്തരായവർക്ക തത്തദ്ദോഷാനുരോധേന പറകപ്പെട്ടതുകൾ തന്നെ നിർവ്വഹിക്കപ്പെടുവാൻ കഴിയുന്നതാകയാൽ സാമാന്യേന കാണിക്കപ്പെട്ടാൽ രുചിയുണ്ടാകയുമില്ല. എങ്കിലും ദോഷഭേദത്തിന്റെ ദുർഗ്ഗമത ഹേതുവായിട്ട ചിലെടത്ത അവർക്കും ഉപകരിക്കുമെന്നത നിശ്ചയമാകുന്നു. അതുഹേതുവായിട്ടും മന്ദബുദ്ധികൾക്ക അറിവ സിദ്ധിപ്പിക്കെണമെന്നുള്ള ആലോചന ഹേതുവായിട്ടും വെവ്വേറെ ഉള്ള ചികിത്സകളെ പറയാതെ അതുകളുടെ സാമാന്യചികിത്സയെത്തന്നെ ഇവിടെ കാണിച്ചതിനെക്കൊണ്ട കുറ വല്ല എന്ന ഞാൻ വിചാരിക്കുന്നു.

൨൮. രുജാശോഫാനുരോധേനതാഞ്ഛരൈരനുപാടയൻ।
വിശോധ്യപൂയമന്തസ്ഥംക്ഷാളയേത്ത്രിഫലാംഭസാ॥

വേദനയും നീരുമുള്ള ഭാഗത്തെ അനുസരിച്ച അതുകളെ ഭേദിച്ച ഉള്ളിലുള്ള ചലത്തെ നല്ലവണ്ണം വാൎത്ത കളഞ്ഞതിന്റെ ശേഷം ത്രിഫല കഷായംവച്ച അതുകൊണ്ടു ശുദ്ധിവരുത്തിക്കൊൾക.

൯. കഷായംക്ഷീരിദ്രുവല്കൈൎഭഗന്ദരചികിത്സിതെ ।
കഥിതംപായയെൽപശ്ചാത്തത്രൊക്താനിരജാംസിച

൰. ആശയെദ്ദുഷ്ടസൂക്ഷ്മാസ്യഗംഭീരവ്രണസാധനം ।
യച്ചയച്ചൊവദിഷ്ടംതൽസൎവ്വമത്രാപിശസ്യതെ

അനന്തരം ഭഗന്ദരചികിത്സയിൽ പറകപ്പെട്ട നാല്പാമരത്തിൻതൊലി മുതലായ മരുന്നുകൾകൊണ്ടുള്ള കഷായം വിധിച്ചപ്രകാരം മേല്പൊടി ചേൎത്ത സേവിപ്പിക്ക. അവിടെത്തന്നെ പറകപ്പെട്ട ചൂൎണ്ണങ്ങളുമപ്രകാരം സേവിപ്പിക്ക. ദുഷ്ടങ്ങളായി സൂക്ഷ്മമുഖങ്ങളായി ഗംഭീരങ്ങളായിരിക്കുന്ന വ്രണങ്ങൾക്ക പറകപ്പെട്ട ചികിത്സകൾ ഒക്കെയും നാളീവ്രണത്തിന്ന പററുന്നതുകളാകയാൽ അതുകളെയും ചെയ്ക.

(പിചുമന്ദാദിഘൃതം)

൰൧. പിചുമന്ദപലാന്യഷ്ടൌവൃഷസ്യദ്വെപലെതഥാ ।
അമൃതായാബൃഹത്യാശ്ചപടൊലസ്യചപാഥസി॥

൰൨. ദ്രൊണെക്ഷുണ്ണാനിനിക്ഷിപ്യകഥിതെഷ്ടാംശശെഷിതെ। പാഠാവിഡംഗദെവാഹ്വമഞ്ജിഷ്ഠാഹസ്തിപിപ്പലീഃ ।

൰൩. ക്ഷാരദ്വയകലിംഗാഗ്നികണാമൂലാനിനാഗരം ।
രജനീമിസിചവ്യാനിരുഗ്വചാമരിചാനിച॥

൰൪. തെജൊവതീംയാവനീഞ്ചരൊഹിണീമവ്യരുഷ്കരം ।
വിശ്വാവിഷാജമൊജെചസംയൊജ്യപലമാത്രകം ॥

൰൫. ഗുൽഗുലൊഃപലമെകംചകല്കീകൃത്യവിപാചിതം ।
പ്രസ്ഥംഘൃതസ്യപാനെനനാശയെദതിദുസ്തരാൻ ॥

൰൬. നാളീവ്രണാംസ്തഥാതീവദാരുണാനനിലാമയാൻ ।
സന്ധ്യസ്ഥിമജ്ജസ്ഥാനാനികുഷ്ഠാനിചഭഗന്ദരം ॥

൰൭. ഗണ്ഡമാലഞ്ച്ചൌപാണ്ഡുരോഗംഗുന്മഞ്ചവിദ്രധിം ।
അരഗാംസിശ്ശൂലംയക്ഷ്മാണമപിചശ്വാസപീനസെ ॥

൰൮. കാസഞ്ചമെഹംവാതാസ്രംമദമപ്യപചിംതഥാ ।
ഹൃദ്രോഗമതിദുഷ്ടാനിദുസ്സഹാന്യപ്യരുംഷിച ॥

വേപ്പിൻതൊലി പലം ൮, ആടലോടത്തിൻവെര, ചിററമൃത, ചെറുവഴുതിനവേര, പടോലം ഇവ ഈരണ്ടു പലം പതിനാ

റിടങ്ങഴി വെള്ളത്തിൽ മേൽപറഞ്ഞ മരുന്നുകൾ നുറുക്കി ചതച്ചിട്ട കുറുക്കി രണ്ടിടങ്ങഴിയാക്കി പാടക്കിഴങ്ങ, വിഴാലരി, ദെവതാരം, മഞ്ചെട്ടിപ്പൊടി, അത്തിത്തിപ്പലി, തുവച്ചിലക്കാരം, ചവർക്കാരം, കുടകപ്പാലയരി, കൊടുവേലിക്കിഴങ്ങ, കാട്ടുതിപ്പലിവേര, ചുക്ക, വരട്ടുമഞ്ഞൾ, ശതകുപ്പ, കാട്ടമുളകിൻവേര, കൊട്ടം, വയമ്പ, കുരുമുളക, ചെറുപ്പുന്നയരി, ജീരകം, കടുകരൊഹണി, ചേരിൻകുരു, അതിവിടയം, അയമോതകം ഇവ എല്ലാം കൂടി സമമായിച്ചെത്ത കഴഞ്ചു ൧വ ഗ്ഗുല്ഗുലു കഴഞ്ചു ൧വ ഇവ അരച്ചുകലക്കി നാനാഴി നെയ്യു ചേൎത്ത കാച്ചിയരിച്ച അത സേവിപ്പിക്ക. അതിഘോരങ്ങളായ നാളീവ്രണങ്ങൾ ശമിക്കും അത്രയുമല്ല കൃഛ്റസാദ്ധ്യങ്ങളായ വാതവ്യാധികളും സന്ധ്യസ്ഥിമജ്ജകളെ ആശ്രയിച്ചിരിക്കുന്ന കുഷ്ഠങ്ങളും ഭഗന്ദരവുംഗണ്ഡമാലയും അൎബ്ബുദവും പാണ്ഡുരോഗവും ഗുന്മവും വിദ്രധിയും അശ്സ്സുകളും ശ്ശൂലവും രാജയക്ഷ്മാവും ശ്വാസവും പീനസവും കാസവും പ്രമേഹവും വാതശോണിതവും മദവും അപചിയും ഹൃദ്രോഗവും അതിദുഷ്ടങ്ങളായ പുണ്ണുകളും ശമിക്കും.

## ഗ്രന്ഥി ചികിത്സാ

൩൯. യശ്ശോഫഃകഫഭൂയിഷ്ഠോമെദോമാംസാശ്രയൊദൃഢഃ ।
വൃത്തൊന്നതശ്ചസഗ്രന്ഥിസ്തച്ചികിത്സാഥകഥ്യതെ॥

കഫപ്രധാനമായി മെദൊമാംസരക്തങ്ങളെ ആശ്രയിച്ച വൃത്താകാരെണ സംഭവിച്ചുയൎന്ന ദൃഢമായി നില്ക്കുന്ന നീരിനെ ഗ്രന്ഥി എന്ന പറയുന്നു. അതിന്ന ചെയ്യേണ്ട ചികിത്സയെ ഇതിന്നുതാഴെ വിവരിക്കുന്നു.

### (പുനൎന്നവാദി ലെപനം)

൪൦. പുനൎന്നവാൎക്കസിന്ധൂത്ഥശിഗ്രുമൂലഗദൌഷധൈഃ ।
അഭയാനക്തമാലത്വക്സഹിതൈഃപെഷിതൈൎഗ്ഗവാം।
൪൧. മൂത്രെണലെപശ്ശംഖസ്യഭസ്മനാഗ്ഗുളയോഗിനാ ।
സ്തന്യപിഷ്ടേനകുഷ്ഠേനദാരുണാവാപ്രശസ്യതെ ॥

തമിഴാമവെര, എരുക്കിൻവെര, ഇന്തുപ്പ, മുരിങ്ങവേര, കൊട്ടം, ചുക്ക, കടുക്ക, ഉങ്ങിൻതൊലി ഇവ ഗൊമൂത്രത്തിൽഅരച്ച പുരട്ടുക. ശംഖഭസ്മം ശൎക്കരയിൽ ചേൎത്ത പുരട്ടുക. കൊട്ടമൊ ദേവതാരമൊ മുലപ്പാലിൽ അരച്ചുപുരട്ടുക.

൪൨. അന്തഃപൂരിതസിന്ധൂത്ഥംധുർദ്ധൂരസ്യഫലംദലൈഃ ।
അപിധായമൃദാലിപ്യപക്വതാപിഷ്ടാജയാരസെ ॥

൪൩. നിഷ്പൃഷ്ഠൈവാശതാഹ്വായാശ്ശിഗ്രുപത്രരസെഫിവാ।
തെനലെപൊഥവാകാര്യ്യസ്തേമീസൎവ്വെഷുസമ്മതാഃ ॥

ഉമ്മത്തിൻകായതുരന്ന കുരുകളഞ്ഞ ഉള്ളിൽ ഇന്തുപ്പ നിറച്ച ഉമ്മത്തിന്റെ ഇലകൊണ്ട പൊതിഞ്ഞ മണ്ണുതെച്ച കനലിൽ ചുട്ടെടുത്ത മണ്ണുമിലയുംകൂടാതെ മുത്തനീരിലോ ശതകുപ്പയുടെ കഷായത്തിലോ മുരിങ്ങയിലനീരിലൊ അരച്ചുപുരട്ടുക. മെൽ പറഞ്ഞ ലേപനങ്ങളൊക്കയും എല്ലാ ഗ്രന്ഥികൾക്കും പററുന്നതാകുന്നു. ഇവ ചെയ്താൽ പഴുത്ത പൊട്ടുമെന്നറിക.

൪൪. പ്രാപ്തപാകെഷുബിന്നെഷുവ്രണപ്രൊക്തമുപക്രമം ।
കുൎയ്യാത്തെഷുയഥാവസ്ഥമെവംസംശമനംനയെൽ ॥

പഴുത്ത പൊട്ടിയാൽ അതാത അവസ്ഥയെ അനുസരിച്ചവ്രണത്തിന്റെചികിത്സകളെ ചെയ്ത നല്ലവണ്ണം ശമിപ്പിച്ചുകൊൾക.

## അൎബ്ബുദ ചികിത്സാ

൪൫. എകത്രസഞ്ചിതാദൊഷാമൂൎച്ഛിതാമാംസദൂഷണാഃ।
സന്തൊമന്ദരുജംവൃത്തംഗ്രന്ഥെരപിമഹത്തരം ॥

൪൬. ചിരെണവൃദ്ധിംയാസ്യന്തംമഹാമൂലംമൃദുഞ്ചയം ।
ശൊഫംവിദധതെപ്രാഹുസ്തമെവഭിഷജൊൎബ്ബുദം ॥

ശരീരത്തിങ്കൽ ഒരെടത്ത ദോഷങ്ങൾ ഒത്തുകൂടി വൎദ്ധിച്ചുഅന്യോന്യം ചെന്ന കോപിച്ച മാംസദോഷത്തെ ഉണ്ടാക്കി ദുഷ്ടമായ മാംസത്തെ ആശ്രയിച്ച അവിടെ അല്പമായ വെദനയോടുകൂടിയതായും വൃത്താകാരമായും ഗ്രന്ഥിയെക്കാൾ വളരെ വലുപ്പത്തോടുകൂടിയതായും കാലക്രമേണ വൎദ്ധനയെ പ്രാപിക്കുന്നതായും മഹാമൂലമായും മാൎദ്ദവസഹിതമായുമിരിക്കുന്നയാതൊരുനീരിനെ ഉണ്ടാക്കുന്നുവൊ അതിനെ വൈദ്യന്മാർ അൎബ്ബുദമെന്ന പറയുന്നു.

൪൭. സമെദീകഫഭൂയസ്ത്വാത്സ്ഥിരത്വാച്ചനപച്യതെ ।
പ്രായസ്സിരാസ്ഥംതത്രാശുപച്യതെവൃദ്ധിമെതിച ।

മെദസ്സിന്റെയും കഫത്തിന്റെയും ആധിക്യം ഹേതുവായിട്ടും സ്ഥിരതഹേതുവായിട്ടുംപ്രായെണ അൎബ്ബുദങ്ങൾവളരെക്കാലംകൊണ്ടല്ലാതെ പഴുക്കയില്ല ഞരമ്പിനെ ആശ്രയിച്ചുണ്ടായതമാത്രം കാലതാമസംകൂടാതെ വൎദ്ധിക്കയുംപഴുക്കകയുംചെയ്യും

൪൮. ഗ്രന്ഥൌരുപക്രമംസൎവ്വമൎബ്ബുദെപിപ്രയോജയേൽ ।
ഗ്രന്ഥിരെവമഹാന്ന്യസ്മാദൎബ്ബുദഃപ്രണിഗദ്യതെ ॥

ഗ്രന്ഥിക്കു പറഞ്ഞ ചികിത്സകൾ തന്നെ അൎബ്ബുദത്തിന്നും ചെയ്ക. ഗ്രന്ഥിതന്നെവളരെ വലുപ്പത്തോടുകൂടി വരുമ്പോൾ അൎബ്ബുദമെന്നുള്ള പേരിനെ ലഭിക്കുന്നു. അതു ഹേതുവായിട്ടുഗ്രന്ഥിയുടെ ചികിത്സകൾ ഒക്കെയും അൎബ്ബുദത്തിന്നു പറരുന്നതാകുന്നു എന്നറിക.

(ഹരീതക്ക്യാദിലേപനം)

൪൯. ഹരീതകീനിശാദാരുവഷാഭ്രകുഷ്ഠശിഗ്രുഭിഃ ।
കിംപാകമൂലകാസീസഗൃഹധൂമൈശ്ചപേഷിതൈഃ ॥
൫൦. സ്നുഹീരസെപരംശസ്തഃപ്രലേപസ്തത്രകല്പിതഃ ।
തൈരെവപാചിതൈഃകംഗുബീജൈൎവ്വാഘൃതമിശ്രിതൈഃ ॥

കടുക്ക, വരട്ടുമഞ്ഞൾ, ദേവതാരം, തമിഴാമവേര, കൊട്ടം, മുരിങ്ങവേര, കാഞ്ഞിരത്തിൻവേര, കാരീയം, ഉള്ളടക്കരി, ഇവ കള്ളിയിലനീരിൽ അരച്ചുപുരട്ടുക. കള്ളിയിലനീരിൽ തിനയരി വേവിച്ചു നെയ്യുചേൎത്തു പുരട്ടുക.

൫൧. ഛിന്നാംഗുലിഷുസഞ്ജാതംരോപയെച്ഛേദജംവ്രണം ।
സദ്യൊവ്രണവിധാനേനപകെഷുവ്രണവൽക്രിയാഃ ॥
൫൨. കൃതപാതാസ്തായഥാവസ്ഥംക്രമേണശമനംനയെൽ ।
സിരാസ്ഥമാശുവാകിന്നാൽപാകാദ്രക്ഷംശ്ചരോപയെൽ ॥

കയ്യിന്റെയൊ കാലിന്റെയൊ വിരലിന്മേൽ ഉണ്ടായതിനെ പഴുക്കുംമുമ്പെതന്നെ മുറിച്ചു സദ്യോവ്രണത്തിന്നു പറഞ്ഞ ചികിത്സകളെചെയ്തുമുറി ഉണക്കുക പഴുത്ത അൎബ്ബുദങ്ങൾക്കുവ്രണത്തിന്റെ ചികിത്സകളെ ചെയ്തു ക്രമേണശമിപ്പിച്ചുകൊൾക. ഞരമ്പിന്മേൽ ഉണ്ടാവുന്നതവേഗേന പഴുക്കുന്നതാകയാൽ അതിയായ പഴുപ്പിന്നു വഴിവെച്ചു കൊടുക്കാതെവേഗേന ഉണക്കുകയും ചെയ്ക

ശ്ലീപദ ചികിത്സാ

൫൩. ശിരസഃപ്രസ്ഥിതാദോഷഃകഫപ്രായാശ്ശരീരിണാം ।
അധഃകായംസമാസാദ്യരക്തമാംസാധനാക്രമാൽ ॥
൫൪. ആശ്രിത്യപാദൌഭ്രയാം സംകുൎവ്വതെജാനുഃനാരധഃ ।
സൎവ്വത്രപദയൊൎവ്വായംസശൊഫശ്ലീപദിസ്ഥിരഃ ॥

കഫപ്രായങ്ങളായിരിക്കുന്ന ദോഷങ്ങൾ മൂൎദ്ധാവിൽ നിന്നിറങ്ങി അധഃകായത്തെ പ്രാപിച്ചു രക്തമാംസങ്ങളുടെ മാൎഗ്ഗത്തൂടെ കാലക്രമേണ കാലുകളെ പ്രാപിച്ചു മുട്ടുകളിൽനിന്നു താഴെ എല്ലാടവുമൊ അടികളിൽ എല്ലാടവുമൊ യാതൊരു നീരിനെ ഉണ്ടാക്കുന്നു ആ നീര ഉറച്ചുനിന്നാൽ ശ്ലീപദമെന്നപേരിനെ ലഭിക്കുന്നു. അതിന്റെ ചികിത്സയെ ഇതിന്നുതാഴെ വിവരിക്കുന്നു.

൮൫. ഛായാപപ്പടികാസാരെപരികല്പ്യസുരാഹ്വയം ।
പാകേനസാന്ദ്രതാംനീതാതത്രകുൎയ്യാദ്വിലെപനം ॥

നൊങ്ങണമ്പുല്ലിന്റെ നീരിൽ ദേവതാരം അരച്ചുകലക്കിക്കുറുക്കി സാന്ദ്രമാക്കി പുരട്ടുക. ശ്ലീപദം ശമിക്കും.

൮൬. ഉന്മത്തഫലപാരന്തിമൂലശിഗ്രുത്വചസ്സമാഃ ।
തുല്യവൃശ്ചീവപാദാംശതുല്യസഷപയോജിതാ ॥

൮൭. തക്രപിഷ്ടാഃപ്രലേപായശസ്യന്തെകൊഷ്ണതാംഗതാഃ ।
ശാകൊടകത്വചസ്തക്രപിഷ്ടാവാമാക്ഷികാന്വിതാഃ ॥

ഉന്മത്തിൻകായ, തെച്ചിവേരുമ്മൽതൊലി, മുരിങ്ങത്തൊലി, ഇവ ഓരോ കഴഞ്ച തമിഴാമവേര കഴഞ്ച ൩ കടുക കഴഞ്ച മുക്കാൽ ഇങ്ങിനെ തൂക്കിച്ചേൎത്ത മോരിലരച്ചു ചൂടുപിടിപ്പിച്ചുപുരട്ടുക പരുവത്തോല മൊരിലരച്ചു തേൽചേൎത്തപുരട്ടുക. ഇവ ചെയ്താൽ ശ്ലീപദം ശമിക്കും.

(അമൃതാകരവീരാദി അവണക്കെണ്ണ)

൮൮. അമൃതാകരവീരത്വഗ്ഗൂഡ്വാശാകൊടകത്വചാം ।
സമഭാഗൈഃപലാന്യഷ്ടൌതാവന്തിചപുനർഭുവഃ ॥

൮൯. ക്ഷിപ്ത്വാദ്രോണഗവാംമൂത്രേപക്ത്വാതൽപാദശേഷി
തെ । ഹസ്തിവക്ത്രദലൊത്ഥെനരസെനൈരണ്ഡജം
സമം ॥

൯൦. തൈലംഫലത്രയംപിഷ്ട്വാകല്ക്കീകൃത്യവിപാചിതം ।
പാനാദിലേപനാച്ചാപിശ്ലീപദംവിനിയച്ഛതി ॥

ചിററമൃത, അലരിത്തൊലി, കറുക, പരുവത്തൊലി ഇവ ഓരോരണ്ടുപലം തമിഴാമവേരപലം എട്ട ഇങ്ങിനെചേൎത്ത പതിനാറിടങ്ങഴി ഗോമൂത്രത്തിൽകഷായംവച്ചു നാലിടങ്ങഴിയാക്കി അരിച്ചു ഈഴച്ചേമ്പിന്റെ ഇവ വാട്ടിപ്പിഴിഞ്ഞ നീരും അവണക്കെണ്ണയും നാനാഴിക്കു ചേൎത്ത ത്രിഫലകല്ക്കമാക്കി കാച്ചിയരിച്ചു സേവിക്കയും പുരട്ടുകയുംചെയ്ക ശ്ലീപദം ശമിക്കും.

(ശൃംഗിവെരാദി കഷായം)

൩൫. ശൃംഗിവെരയവാരിഷ്ടഗുളൂചീമൂൽഗദാരുഭിഃ ।
പടൊലത്രിഫലൊപെതൈഃകഷായശ്ചമധുയുഗലിതഃ ।

ഇഞ്ചി, യവം, വേപ്പിൻതൊലി, ചിററമൃത, ചെറുപയറ, ദേവതാരം, പടൊലം, ത്രിഫല ഇവകൊണ്ട കഷായംവച്ച തേൻ മേല്പൊടിചെൎത്ത സെവിപ്പിക്ക. ശ്ലീപദം ശമിക്കും.

(ബലാകാരസ്കരാദി തൈലം)

൩൬. ബലാകാരസ്കരാംഭൊദവില്വദാരുജയാത്വചാം ।
സമഭാഗൈസ്സമാപൃയ്യ്യപലാന്യഷ്ടാദശാമൃതാം ॥
൩൭. ചതുഷ്പലമിതാംകൃത്വാരാസ്നാഞ്ചദ്വിപലൊന്മിതാം ।
പലമാത്രംയവഞ്ചാപിക്ഷിപ്ത്വാദ്രൊണദ്വയെംഭസഃ ॥
൩൮. പകെപ്ഷ്ടാംശാവശെഷെത്രസുരദാരുഫലത്രയം ।
ശതാഹ്വാംകുന്ദുരുഷ്കംചശിഖിപൎണ്ണീംവചാമപി ॥
൩൯. സ്ഥൌണെയഫലനമഞ്ജിഷ്ഠാകുഷ്ഠയഷ്ടീശ്ചരൊചനാം ।
ചന്ദനാഗരുതാലീസപത്രാണിനളദാംബുനീ ॥
൪൦. രാസ്നാഞ്ചപിഷ്ട്വാസംയൊജ്യപൃഥക്ക്ഷാദ്ധ്മാനതഃ ।
കുഡുബത്രിതയംതത്രാതൈലസ്യകുഡുമൊന്മിതം ॥
൪൧. തൈലമെരണ്ഡജഞ്ചാപികുഡുബദ്വയസമ്മിതം ।
സ്തന്യംപയശ്ചമൃദ്വഗ്നാവധിശ്രിത്യാവതാൎയ്യച ॥
൪൨. പൃതംതത്തൈലമഗ്രേഷ്ഠംശിരസൊയസ്യശീലനാൽ ।
നായാസ്യന്തിതതൊദൊഷാഃപ്രാഗുക്താഃപാദലംബിനഃ

കുറുന്തോട്ടിവേര, കാഞ്ഞിരത്തിൻവേര, മുത്തങ്ങക്കിഴങ്ങ, കൂളത്തിൻവേര, ദേവതാരം, കടുക്കമരത്തിൻതൊലി ഇവ മൂമ്മൂന്ന പലം, ചിററമൃത പലം നാല, അരത്ത പലം രണ്ട, യവം പലം ഒന്ന ഇങ്ങിനെ ചെൎത്ത മുപ്പത്തീരണ്ടിടങ്ങഴി വെള്ളത്തിൽ കഷായംവച്ച നാലിടങ്ങഴിയാക്കി ദേവതാരം, ത്രിഫല, ശതകുപ്പ, കുന്തുരുക്കം, മയിൽകൊഴന്ന, വയമ്പു, ത്രണിയാംകം, മുത്തങ്ങക്കിഴങ്ങ, മഞ്ചട്ടിപ്പൊടി, കൊട്ടം, ഇരട്ടിമധുരം, ഗൊരൊചനം, ചന്ദനം, അകില, താലീസപത്രം, രാമച്ചം, ഇരുവേലി, അരത്ത ഇവ ഒന്നരശ്ശ കഴഞ്ച അരച്ച കലക്കി മൂന്നാഴി എണ്ണയും നാഴി ആവണക്കെണ്ണയും ഇരുനാഴി മുലപ്പാലുംചെൎത്ത കാച്ചിയരിച്ച തലയിൽ തേപ്പിക്ക ശ്ലീപദം ശമിക്കും. മെൽപറഞ്ഞ എണ്ണ ശീലിക്കുന്നവൎക്ക ശ്ലീപദം ഉണ്ടാകയുമില്ല.

## അപചി ചികിത്സാ

൩൯. യത്രസ്യുഃപിടകാനാനാസ്സ്നിഗ്ദ്ധാഃകാഠിന്യശാലിനഃ।
അവഗാഢാസ്സവർണ്ണാശ്ചചിരവാകാഗഢൂപമാഃ॥
൪൦. പാകംപ്രയാന്ത്യാമെകസ്യാംകൃതപാമന്ദാംരുജംശനൈഃ।
മുഞ്ചെൽപരിണതാചാന്യാപൂയമല്പാസ്രഗന്വിതം॥
൪൧. കണ്ഡൂമത്യപരാതിഷ്ഠെന്നശ്യെദന്യാതഥാപരാ।
സംഭവെച്ചൈവമാഹത്യദീൎഘകാലാനുബന്ധനാഃ।
൪൨. ദൂൎവ്വാപടലവച്ശശ്വൽക്ഷയവൃദ്ധിസമന്വിതാ॥
സാസംഹതിരപച്യാഖ്യാഗണ്ഡമാലാഹ്വയാപിച॥
൪൩. ഇത്യെകെഗണ്ഡമാലാസാകണ്ഠസന്ധ്യന്തരാളജാ॥
അന്യത്രാപചിരിത്യന്യെസംഭവെസ്ത്വക്ഷികൎണ്ണയൊഃ।
൪൪. സമീപെകണ്ഠസന്ധ്യൊശ്ചകണ്ഠെകക്ഷെചവംക്ഷണെ।
സ്യാത്തസ്യാസ്സജ്വരഷരട്ടിപാൎശ്വരുക്കാസപീനസാം॥
൪൫. വിഹായാന്യാംചികിത്സെതതാംഭിഷഗ്വക്ഷ്യമാണയാ॥
വിധയാസൈവസാദ്ധ്യാസ്യാദന്യാനൊഷെരദമഹതി॥

അനന്തരം അപചി ചികിത്സയെ പറവാൻ തുടങ്ങുന്നു. അപചിയെന്നത കുരുക്കളുടെ സമൂഹംതന്നെ. എങ്കിലും അതിന്ന ചില വിശേഷങ്ങൾ ഉണ്ട. കുരുക്കൾ സ്നിഗ്ദ്ധങ്ങളായി കാഠിന്യത്തൊടും മെദസ്സിങ്കൽനിന്ന പുറപ്പെടുന്നതാകകൊണ്ട കടയ്ക്കു. താഴ്ചയോടും തുല്യമായ നിറത്തോടും ദീൎഘകാലംകൊണ്ടുണ്ടാകുന്ന പഴപ്പോടുംകൂടിയതുകളായി മുഴകൾപോലെയിരിക്കും ഒന്ന പതുക്കെ അല്പമായ വേദനയോടുംകൂടെ പഴുക്കുകയും അപ്പോൾ വേറെഒന്നിന്ന പഴുപ്പ തികഞ്ഞ വരികയാൽ ആയത പൊട്ടുകയും അല്പമായ രക്തത്തൊടുകൂടിയ ചലം അതിന്റെ ഉള്ളിൽനിന്ന ഒലിക്കയും ചെയ്യും. അതൊടുകൂടതന്നെ ഒന്ന പഴുക്കാതെ ചൊറിച്ചിലൊടുകൂടിയിരിക്കും, മറെറാന്ന ഉണങ്ങും അതോടുകൂടെ വേറെയൊന്ന ഉണ്ടാകയും ചെയ്യും. ഇങ്ങിനെ ഒക്കെയുടെ വളരെക്കാലം വിട്ടുപോവാതെ നില്ക്കും. കറുകയുടെ പടലംപോലെ എല്ലാസമയവും ക്ഷയവൃദ്ധികളോടുകൂടിയിരിക്കും. ഇവതന്നെ വിശേഷങ്ങളെന്നറിക. ഇതിന്നുതന്നെ ചിലർ ഗണ്ഡമാലാ എന്ന പേർപറയുന്നു വേറെ ചിലര കണ്ഠസന്ധികളുടെ നടുവിലായാൽ ഗണ്ഡമാലാ എന്നും മററുള്ളെടത്തായാൽ അപചിയെന്നും പറയുന്നു. ഇതിന്റെ ഉൽപത്തി കണ്ണിന്റെയും ചെവിയുടെയും സമീപങ്ങളിലും കഴുത്തിന്റെ

സന്ധിസ്ഥാനങ്ങളിലും കഴുത്തിലും കക്ഷത്തിങ്കലും കടിയിലുമാകുന്നു. ഇതിന്നു ചികിത്സിക്കുന്നവൻ പനി, ഛൎദ്ദി, വാരിപ്പുറങ്ങളിൽവേദന, കുര, മൂക്കടപ്പു ഇവയൊടുകൂടിയതിനെ ഒഴിച്ചു ശേഷമുള്ളതിനെ ചികിത്സിച്ചുകൊൾക. പനിമുതലായതുകൾ കൂടെ ഉണ്ടു എങ്കിൽ സാദ്ധ്യമല്ലെന്നറിക.

ഉഭയശോധനഘൃതം

൧൭. ദന്തീമൂലസ്യനിഷ്ക്വാഥെവചാമദനയഷ്ടിഭിഃ।
കല്കിതൈസ്സാധിതംസൎപ്പിഃപായയെദല്പമാത്രയാ।
൧൮. പ്രച്ഛൎദ്ദനവിരേകാൎത്ഥംപ്രാധാന്യാൽകഫപിത്തയൊഃ।
തത്രസൎപ്പിരിദംപ്രാഹുരാഖ്യയൊഭയശൊധനം॥

നാകാന്തിവേരകൊണ്ടു കഷായംവെച്ചു വയമ്പു, മലങ്കാരക്ക, ഇരട്ടിമധുരം ഇവ അരച്ചുകലക്കി നെയ്യു ചേൎത്തു കാച്ചിയരിച്ചു അല്പമായെടുത്തു സേവിപ്പിക്ക. എന്നാൽ ഛൎദ്ദിയും അതിസാരവും ഉണ്ടാകും. അപ്പോൾ കഫവും പിത്തവുംശമിക്കും. അപചിക്കു ആസ്പദം കഫപിത്തങ്ങളാകുന്നു. അതഹേതുവായിട്ടുഉഭയശോധനം എത്രയും നല്ലതാകുന്നു.

(വചാദി ചൂൎണ്ണം)

൧൯. വചാമലകവൈദേഹീനികുംഭമധുകൈഃകൃതം।
ചൂൎണ്ണംവാമധുസംയുക്തമാശയിതാവിശൊധയെൽ॥

വയമ്പു, നെല്ലിക്ക, തിപ്പലി, നാകാന്തിവേര, ഇരട്ടിമധുരം ഇവ പൊടിച്ചു തേൻചേൎത്തു സേവിപ്പിച്ചു കഫപിത്തങ്ങളുടെ ശുദ്ധിയെ ചെയ്കയുമാം.

(വരാബൃഹതികാദികഷായം)

൨൦. വരാബൃഹതികാനിംബരജനീവൃഷദാരുഭിഃ।
ശരപുംഖപടൊലാദ്യൈഃപകംമംഭശ്ചപായയെൽ॥
൨൧. മധുഗ്ഗുൽഗ്ഗുലുസംയുക്തമഥവാവരണത്വചാ।
സഹിതൈശ്ശരപുംഖാടരൂഷനിംബപടൊലകൈഃ॥

ത്രിഫല, ചെറുവഴുതിനവേര, വേപ്പിൻതൊലി, വരട്ടുമഞ്ഞൾ, ആടലോടകത്തിൻവേര, കൊഴിഞ്ഞിലിൻവേര, പടോലം ഇവകൊണ്ടു കഷായംവെച്ചു തേനും, ഗുൽഗ്ഗുലുവും മേപ്പൊടിചെൎത്തു സേവിപ്പിക്ക. അല്ലഎംകിൽനീർമാതളത്തിൻതൊലി, കൊഴിഞ്ഞിലിൻവേര, ആടലോടത്തിൻവേര, വെപ്പിൻതൊലി, പടോലം, ഇവകൊണ്ടു കഷായംവെച്ചു മേൽപ്രകാരം സേവിപ്പിക്ക.

(അരച്ചുതേപ്പാൻ)

വൃ൦. ലിംപെച്ചശരപുംഖസ്യമൂലംപിഷ്ടാവരാംഭസാ।
പകാക്ഷീരകിരാടെനസൈരന്ധ്രീംവാസമന്വിതാം॥
കൊഴിഞ്ഞിലിൻ വേര, ത്രിഫലക്കഷായത്തിൽ അരച്ച പുരട്ടുക കാച്ചിയപാലിന്റെ പാട എടുത്ത കാത്തു ചേൎത്ത അരച്ചുപുരട്ടുക.

വൃ൧. പത്രാണിഗിരിമൎദ്ദന്യാദഡ്നാപകാനിവാഥവാ।
വരണസ്യത്വചൊദാരുവിളംഗാഭ്യാമഥാപിവാ॥
മലയമക്കിയിലയൊ നീൎമാതളത്തിൻതൊലി, ദേവതാരം, വിഴാലരി, ഇവയൊ തൈരിൽ പുഴങ്ങി അരച്ചു പുരട്ടുക.

വൃ൨. പിഷ്ടാസഷപതൈലെനഗൊഖുരക്ഷാരമെവവാ।
അജാഖുരസ്യക്ഷാരംവാക്ഷാരംവാജിഖുരസ്യവാ॥
പശുവിൻകുളമ്പൊ പെടയാട്ടിൻകുളമ്പൊ കുതിരക്കുളമ്പൊ ഭസ്മമാക്കി കടുകെണ്ണയിൽ അരച്ചുചേൎത്ത പുരട്ടുക.

വൃ൩. പരിപാകെനഭിന്നായാംവ്രണോക്തംവിധിമാചരെൽ।
അപചിഘ്നാനിതൈലാനിശീലയെച്ഛൂരസാധികം॥
നല്ലവണ്ണം പഴുത്ത പൊട്ടിയാൽ വ്രണത്തിന്നപറഞ്ഞ ചികിത്സകളെചെയ്ക. അപചിക്ക നന്നായിട്ടുള്ള എണ്ണകൾ തലയിൽ പ്രധാനമായി തെപ്പിക്ക.

(നിൎഗ്ഗുണ്ഡ്യാദിതൈലം)

വൃ൪. നിൎഗ്ഗുണ്ഡീപത്രസംഭൃതരസെലാക്ഷാവചാഹിമൈഃ।
കടുകാരെചകീഭ്യാഞ്ചസ്നേഹഃപകൊപചിഞ്ജയെൽ॥
കരുനൊച്ചിയിലയുടെ നീരിൽ കൊലരക്ക, വയമ്പ, ചന്ദനം, കടുകരോഹണി,കടുക്ക, ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേൎത്ത കാച്ചി അരിച്ചതെപ്പിക്ക. അപചി ശമിക്കും.

(താലമൂലാദിതൈലം)

വൃ൫. താലമൂലാമൃതാരാസ്നാനിഷ്ക്വാഥെസുരദാരുണാ।
കല്ക്കേനപകഃകെരസ്യസ്നെഹൊഽപചിവിനാശനഃ॥
കരിമ്പനവെര, ചിററമൃത, അരത്ത, ഇവകൊണ്ടു കഷായം വെച്ച ദെവതാരം, അരച്ചുകലക്കി വെളിച്ചെണ്ണചെൎത്ത കാച്ചിഅരിച്ച തെപ്പിക്ക അപചി ശമിക്കും.

(ശിംശപാകതകാദിതൈലം)

വൃ൬. ശിംശപാകതകൈരണ്ഡമൂലൈഃകഥിതവാരിണി।
രെചകീകുന്ദുരുഷ്കാഭ്യാംവിപകാശ്ചതഥാവിധഃ

ഇരുമുള്ളിൻവേര തെററാമരത്തിൻവേര അവണക്കിൻവേര ഇവകൊണ്ടു കഷായംവച്ചു കുടക്ക കുന്തുരുക്കം ഇവ അരച്ചു കലക്കി വെളിച്ചെണ്ണചെൎത്ത കാച്ചിയരിച്ചു തേപ്പിക്ക അപചി ശമിക്കും

൪൭- ബലിനഃകഫമെദൊഘ്നൊധൂമസ്സൊൽക്ലെശനാവനം।
രക്തമൊക്ഷശ്ചസൎവ്വെഭ്യശ്ചികിത്സാപരിശിഷ്യതെ॥

രോഗിക്കു ബലമുണ്ടെങ്കിൽ കഫമെദോഹരമായ ധൂമവും ആ പ്രകാരമിരിക്കുന്ന നസ്യവും രക്തമോക്ഷവും ആവശ്യമാകുന്നു

(പുകത്തിരി കുന്ദുരുഷ്കാദി)

൪൮- കുന്ദുരുഷ്കവരാലൊധ്രകടുത്രയസുരാഹ്വയൈഃ।
അജാക്ഷീരെണസംപിഷ്ടൈൎദ്ധൂപനെവൎത്തിരിഷ്യതെ॥

കുന്തുരുക്കം ത്രിഫല പാച്ചോററിത്തൊലി ത്രികടു ദേവതാരം ഇവ ആട്ടിൻപാലിൽ അരച്ചു ശീലയിൽതേച്ചു തിരച്ചു ഉണക്കിക്കൊൾക. ഇങ്ങിനെ ഉണ്ടാക്കിയ തിരി അപചിയുള്ളവൎക്കു പുക വലിപ്പിക്കുവാൻ നല്ലതാകുന്നു.

(തമാലപത്രാദി)

൪൯- തമാലപത്രശ്രീവെഷ്ടമഞ്ജിഷ്ഠാകുഷ്ഠചന്ദനൈഃ।
മനശ്ശിലാഷഡ്ഗ്രീദാരുകടുത്രയസമന്വിതൈഃ॥

൫൦- ശരപുംഖകഷായെണപിഷ്ടൈരാലിപ്യനിൎമ്മിതാ।
വൎത്തിശ്ചെലമയീതത്രവിശെഷെണപ്രശസ്യതെ॥

പച്ചില തിരുവട്ടപ്പശ മഞ്ചെട്ടിപ്പൊടി ചന്ദനം മനയോല കച്ചൂരിക്കിഴങ്ങ ദേവതാരം ത്രികടു ഇവ കൊഴിഞ്ഞിലിൻവേരിൻെറ കഷായത്തിലരച്ചു ശീലയിൽതേച്ചു തിരച്ചുണക്കുക ഇപ്രകാരമുണ്ടാക്കിയ തിരിമേൽപറഞ്ഞ തിരിയെക്കാൾ ഏറെ നല്ലതാകുന്നു.

൫൧- ധൂമംവാതുമശക്തസ്യവ്രണെതംപരിതൊനയെൽ।
സംശുദ്ധെനതുയുഞ്ജീതവൎത്ത്യാതൈലപ്ലുതാക്തയാ।

പുകവലിപ്പാൻ ശക്തിയില്ലാത്തവൎക്കു മേൽപറഞ്ഞ തിരി എണ്ണയും നെയ്യും സമമായി ചേൎത്തതിൽ നനച്ചു അതു കത്തിച്ചു ഉരതിക്കെട്ടത്തി ക്രമപ്രകാരം വ്രണത്തിൽ പുക ഏല്പിക്കുക ശുദ്ധമായ വ്രണത്തെ പുകയ്ക്കരുത

(നസ്യത്തിന്ന വ്യാഘ്ര്യാദി തൈലം)

൫൨- വ്യൊഷയഷ്ട്യാഹ്വസിന്ധൂത്ഥവിളംഗസുരദാരുഭിഃ।
ശസ്യതെപാചിതംതൈലംനാവനായാപചൗഗദെ॥

ത്രികടു ഇരട്ടിമധുരം ഇന്തുപ്പ വിഴാലരി ദേവതാരം ഇവ

അരച്ച പച്ചവെള്ളത്തിൽ കലക്കി എണ്ണവെന്ത കാച്ചിയരിക്കുക- ഈ എണ്ണ അപചിയുള്ളവക്ക നസ്യത്തിന്നനല്ലതാകുന്നു

വൃ൯- ആമായാംനാവനാശക്തൌതത്രതൈലവിലേപനം।
ശസ്യതേരക്തമോക്ഷായബാലകസ്യജലൌകസഃ॥

നസ്യത്തിന്ന തക്കബലമില്ലെങ്കിൽ പഴക്കാത്ത കുരുക്കൾക്ക മെൽപറഞ്ഞ എണ്ണ പുരട്ടുന്നത നല്ലതാകുന്നു- ചൊര കളയുന്നതിന്ന നിർബ്ബന്ധമുണ്ടെങ്കിൽ അട്ടയിട്ട ചൊരകളക- ഇവ ചെയ്താൽ അപചി ശമിക്കും.

ഇതി വാഗ്ദാസാചനാമകരാമാനന്ദനാഥപണ്ഡിത പാരശവെന്ദ്രകൃതാ വാരോഗ്യകല്പദ്രുമെ ബാലചികിത്സായാം ത്രയോവിംശസ്തബകൊ നാമത്രയോവിംശൊദ്ധ്യായഃ

## ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം

## ചതുർവ്വിംശാദ്ധ്യായപ്രാരംഭഃ

### അജഗല്ലികാ ചികിത്സാ

(അരച്ചുതെപ്പാൻ)

പ്ര- യഷ്ട്യാഹ്വംമധുനാപിഷ്ട്വാലേപനംതേനകാരയേൽ।
തേനപക്വാവിഭിന്നാശ്ചനശ്യന്ത്യജഗല്ലികാഃ॥

ഇരട്ടിമധുരം തേനിലരച്ച പുരട്ടുക- പാലുണ്ണി പഴുത്തുപൊട്ടിപ്പോകും

(പുരട്ടുവാൻ തൈലം)

ദ- പത്മപത്രരസെയഷ്ട്യാപിഷ്ട്വാകല്കിതയാസ്തതഃ।
സക്ഷീരഃകരഞ്ജസ്നെഹശ്ശമയെത്താംശ്ചലെപനാൽ॥

താമരയിലനീരിൽ ഇരട്ടിമധുരം അരച്ചുകലക്കി വെളിച്ചെണ്ണയും വെളിച്ചെണ്ണയോട സമം പശുവിൻ പാലുംചെൎത്ത കാച്ചിയരിച്ച പുരട്ടുക പാലുണ്ണി ശമിക്കും

ന- യദ്ദോഷാകഫവാതാഭ്യാംസംഭവന്തിതതോഖിലം।
കഫവാതഹരംയുക്ത്യാസ്വായമെവപ്രകല്പയെൽ॥

പാലുണ്ണി എന്നത കഫവാതങ്ങളാൽ ഉത്ഭവിപ്പിക്കപ്പെട്ടതാകയാൽ കഫവാതശമനങ്ങളായ ഔഷധങ്ങളിൽ ഇന്ന

തളുന്നതിൽ അരച്ചുതേക്കാമെന്നും ഇവറ്റെക്കൊണ്ട തൈലമുണ്ടാക്കെണമെന്നും വൈദ്യൻ സ്വബുദ്ധികൊണ്ട നിശ്ചയിച്ചുകൊൾക.

## യവപ്രഖ്യാ ചികിത്സാ

൬– സ്വിന്നാംകൃതായവപ്രഖ്യാംമനോഹ്വാകുഷ്ഠദാരുഭിഃ।
ഹരിതാലയുതൈഃപിഷ്ടൈർമ്മസ്തുനാലേപയേന്മുഹുഃ॥

കഫവാതങ്ങളാൽ തന്നെ മാംസാശ്രയങ്ങളാക്കി ഉൽഭവിപ്പിക്കപ്പെടുന്നവയായിയവാകൃതികളായി വേദനയോടുകൂടാത്തതുകളായിരിക്കുന്ന കുരുക്കൾക്ക യവപ്രഖ്യ എന്നപെരാകുന്നു. അതുകൾക്ക ആദിയിൽ സ്വേദിപ്പിക്കയും അനന്തരം മനയോല കൊട്ടം ദെവതാരം അരിതാരം ഇവ തയിർവെള്ളത്തിൽ അരച്ചു പിന്നെയും പിന്നെയും ലെപനവും ചെയ്ക. എന്നാൽ ശമിക്കും പഴുക്കയും പൊട്ടുകയും ഇല്ല.

൭– യദികാശ്ചന്നപക്വാസ്സ്യുർവ്വിഭിന്നാസ്തദ്വ്രണാദിവൽ।
വിധിഭിശ്ശമയെദെവമുത്തരത്രാപിചക്രമഃ।

ചിലത പഴുത്തു എങ്കിൽ അതുകൾ പൊട്ടിയാൽ വ്രണത്തിന്ന പറഞ്ഞ ചികിത്സകൾ ചെയ്തു ശമിപ്പിക്ക ഈക്രമം ഇനി പറവാൻപൊകുന്നതുകൾക്കും സാധാരണമാകുന്നു

## അലജി ചികിത്സാ

൮– ആലിംപെദലജിംസ്വിന്നാംഹരിദ്രാവന്നിനീദാരുഭിഃ।
മനശ്ശിലാജടാദാരുഹരിതാലസമന്വിതൈഃ॥

൯– മസ്തുനാബഹുശഃപിഷ്ടൈരഥവാകാഞ്ചികാംബുനാ।
അഥവാലൊധ്രമഞ്ജിഷ്ഠാഹരിതാലനിശാദ്വയൈഃ॥

മുഖംകൂടാത്തതയുംവൃത്താകാരമായും പരപ്പോടും ഉയർച്ചയോടും ഉള്ളിൽ അല്പമായ ചലത്തോടുംകൂടിയ കുരുവിന്ന അലജിയെന്നപെരാകുന്നു അതിന്ന ആദിയിൽ വിയർപ്പിക്കയും അനന്തരം വരട്ടുമഞ്ഞൾ വെള്ളോടത്തൊലി നന്നാറിക്കിഴങ്ങ മനയൊല മാഞ്ചി ദെവതാരം അരിതാരം ഇവയെ പാച്ചോറ്റിത്തൊലി മഞ്ചെട്ടിപ്പൊടി അരിതാരം വരട്ടുമഞ്ഞൾ മരമഞ്ഞത്തൊലി ഇവയെ തയിർ വെള്ളത്തിലെങ്കിലും കാടിയിലെങ്കിലും അരച്ചുതേക്കുകയും പഴുത്ത പൊട്ടിയാൽ വ്രണചികിത്സകളെ ചെയ്കയും വെണം

## കച്ഛപീ ചികിത്സാ

൮– കച്ഛപീമപ്യനേനൈവവിധാനേനോപചാരയെൽ।
അഥവാതാൎക്ഷ്യസിന്ധൂത്ഥകപിത്ഥരസസൎഷപൈഃ॥
൯– മാംസീശതാഹ്വാശൈലെയധൂപികാദെവദാരുഭിഃ।
യഷ്ടാമധൂകഹിംഗ്രുഗ്രാവരാപട്ടോലിരെവവാ

ആമയെപ്പൊലെ ഉയൎച്ചയൊടുകൂടിയ അഞ്ചൊ ആറൊ മുഴകൾ അടുത്തടുത്ത ഉണ്ടായാൽ ആ രൊഗത്തിന്ന കച്ഛപി എന്നപെരാകുന്നു അതിന്നും അലജിക്ക പറഞ്ഞ ചികിത്സ തന്നെ ചെയ്ക അല്ലായെങ്കിൽ വിയൎപ്പിച്ചതിന്റശെഷം മാക്കിരക്കല്ല ഇന്തുപ്പ പ്ലാശ കടുക ഇവയൊ മാഞ്ചി ശതകുപ്പ കന്മതം സാമ്പ്രാണി ദെവതാരം ഇവയൊ ഇരിപ്പക്കാതൽ കായം വയമ്പ ത്രിഫല ഇന്തുപ്പ ഇവയൊ മെൽപ്രകാരം അരച്ചുപുരട്ടുക ശെഷം മെൽപ്രകാരംതന്നെ.

## പനസികാ ചികിത്സാ

൧൦– ശൈലെയഹരിതാലൈക്സിന്ദുവാരമനശ്ശിലാഃ। പി
ഷ്ടാഃകിംശുകസാരേണലിംപെൽപനസികാംമുഹുഃ॥

ചെവിയുടെ ഊൎദ്ധ്വഭാഗത്തിങ്കലൊ വക്കത്ത എല്ലാടവുമൊ കഠിനമായി ദുസ്സഹമായ വെദനയൊടും താമര നെയ്തൽ ആമ്പൽ ചെങ്ങഴിനീര കരിംകൂവളം ഇതുകളിലൊന്നിന്റെ കിഴങ്ങുപൊലെയുള്ള ആകൃതിയൊടുംകൂടി ഉണ്ടാകുന്ന കുരുവത്രെ പനസികയാകുന്നത അതിന്ന വിയൎപ്പിച്ചതിന്റശെഷം കരിംകുറുഞ്ഞിവെര അരിതാരം എരുക്കിൻതൊലി കരുനൊച്ചിവെര മനയൊല ഇവ കരുമുരുക്കിലനീരിൽ അരച്ച കൂടക്കൂടെപുരട്ടുക ശെഷം മെൽപ്രകാരം

## പാഷാണഗൎദ്ദഭ ചികിത്സാ

൧൧- കൈശികീകരവീരത്വങ്മാംസീനിസിമനശ്ശിലാഃ।
മസ്തുനാപരിപിഷ്ടാഭിൎല്ലിംപെൽപാഷാണഗൎദ്ദഭം॥
൧൨– അഥവാലൊധ്രദെവാഹ്വവികംകതമനശ്ശിലാഃ।
കുന്ദുരുഷ്ഠനിശാകുഷ്ഠമഞ്ജിഷ്ഠാഭിസ്സമന്വിതാഃ॥

അല്പമായ വെദനയൊടുകൂടെ ഹനുസന്ധിയിലുണ്ടായി സ്ഥിരമായ നീരത്രെ പാഷാണഗൎദ്ദഭമാകുന്നത അതിന്ന മാശിക്ക അകരിത്തൊലി മാഞ്ചി ശതകുപ്പ മനയൊല ഇവയൊ പാ

ച്ചൊററിത്തൊലി ദെവതാരം വെയംകതക വരുണൻതൊലി മനയൊല കുന്നുരുക്കം വരട്ടുമഞ്ഞൾ കൊട്ടം മഞ്ചെട്ടിപ്പൊടി ഇവയെ തയിർവെള്ളത്തിൽ അരച്ചുപുരട്ടുക– ശെഷം മെൽപ്രകാരം

## മുഖദൂഷികാ ചികിത്സാ

൩൨– കുസ്തുംബുരുവചാലൊധ്രകുഷ്ഠൈസ്തുപിഷ്ടൈർവ്വിലെപ
യെൽ। വടപല്ലവമഞ്ജിഷ്ഠാലൊധ്രൈർവ്വാമുഖദൂഷികാം॥
൩൩– അശനെതൌനിശിപഥ്യാന്നംഭൊജയിത്വാനുവാസരം।
ആശയെദർദ്ധമാസഞ്ചനവനീതമധുസ്സഹിം॥

മുഖത്ത പൂളയുടെ മുള്ളുപൊലെയിരിക്കുന്ന ആകൃതിയൊടും അകത്ത മെദസ്സൊടും വെദനയൊടുംകൂടി ഉണ്ടാകുന്ന കുരുവത്രെ മുഖദൂഷികയാകുന്നത അതിന്ന കൊത്തമ്പാലയരി വയമ്പ പാച്ചൊററിത്തൊലി ഇവ തയിർവെള്ളത്തിൽ അരച്ചുതെക്കുക എന്നാൽ ശമിക്കും അല്ലായെങ്കിൽ പെരാലിൻതളിര മഞ്ചെട്ടിപ്പൊടി പാച്ചൊററിത്തൊലി ഇവ മെൽപ്രകാരം അരച്ചുപുരട്ടുക ൰ം ലെപനങ്ങൾ ചെയ്തിട്ടും ശമിക്കാഞ്ഞിൽ അത്താഴം ഉണ്ണുകഴിഞ്ഞതിന്റെശെഷം അരമാസം നവനീതമധുസ്സഹി സെവിപ്പിക്ക– അത്താഴത്തിന്ന പഥ്യമായ അന്നത്തെതന്നെ ഭക്ഷിപ്പിക്കയും വെണം

## പത്മകണ്ടക ചികിത്സാ

൩൪. ഗമ്യാകപല്ലവൈർവ്വസ്സാകംപിഷ്ട്വാനിംബതരുസ്ത്വചാൻ।
നവനീതെനസംയൊജ്യലെപയെൽപത്മകണ്ടകം॥

താമരയുടെ രണ്ട മുള്ളുകളാൽ വ്യാപിക്കപ്പെടുന്നതുപൊലെ വെദനയൊടുകൂടാതെയും വെളുപ്പുനിറത്തൊടുകൂടിയുമിരിക്കുന്നയായ ചില കുരുക്കളാൽ ദെഹം വ്യാപിക്കപ്പെടുന്നുവൊ അതുകളത്രെ പത്മകണ്ടകമെന്ന പെരൊടുകൂടിയ രൊഗമാകുന്നത അതിന്ന കൊന്നത്തളിരും വെപ്പിലയും സമമായിച്ചെൎത്ത അരച്ചു വെണ്ണചെൎത്ത പുരട്ടുക

## (രജന്യാദി ലെപനം)

൩൫– രജനീക്ഷീരിവൃക്ഷത്വഗെലാദിഗണജംരജഃ।
സംയൊജ്യനവനീതെനതെനലെപൊതിശസ്യതെ॥

വരട്ടുമഞ്ഞൾ നാല്പാമരത്തിൻതൊലി ഏലാദി ഇവ പൊടിച്ചു വെണ്ണചെൎത്ത പുരട്ടിയാൽ ഏററവും നല്ലതാകുന്നു ഫലിഞ്ഞാൽ തിരുമ്പിക്കളകയും വെണം

## വിവൃതാദിചികിത്സാ

൭൯- വിവൃതാമപി വിധാഞ്ച ഗർദ്ദഭീമപി രാജികാം।
യോഗൈഃ പിത്തവിസർപ്പോക്തൈർവ്വൈദ്യഃ പ്രശമനം
നയേൽ॥

വിവൃത വിധാ ഗർദ്ദഭീ രാജികാ ഠരം വ്യാധികളെ പിത്തവിസർപ്പത്തിന്ന പറഞ്ഞ ചികിത്സകളെ ചെയ്തു ശമിപ്പിക്കുക പഴുത്ത അത്തിക്കായപോലെയിരിക്കുന്ന ആകൃതിയോടുകൂടി കഠിനമായ ചുട്ടുനീറൽ പനി ഇവയെ ഉണ്ടാക്കുന്നതായി വിടർന്നിരിക്കുന്ന മുഖത്തോടുകൂടിയ കുരുവത്രെ വിവൃതയാകുന്നത വൃത്താകാരേണ പരപ്പോടുകൂടി പുറപ്പെട്ട അതിന്റെ ഉപരിഭാഗത്തിങ്കൽ താമരപ്പൂവിന്റെ കർണ്ണികയുടെ ഉപരിഭാഗത്തിങ്കൽ ബീജങ്ങളുടെ അഗ്രങ്ങൾ കാണുന്നതുപോലെ കാണപ്പെടുന്ന ചെറിയ കുരുക്കളോടുകൂടിയതായ കുരുവത്രെ വിധയാകുന്നത വൃത്താകാരേണ പരപ്പോടുകൂടി ഉയർന്നിരിക്കയും ചുവന്ന കുരുക്കൾ ചുററുമുണ്ടായാൽ ആ കുരു ഗർദ്ദഭിയാകുന്നു എന്നറിക- കഠിനമായ വെയിലിന്റെയോ തീയിന്റെയോ ചൂട ശരീരത്തിൽ പററുകനിമിത്തമായി വിയർത്തതിന്റെ ശേഷം കടുകുമണിപ്രമാണങ്ങളായും വേദനയോടുകൂടിയവകളായും ഉണ്ടാകുന്ന കുരുക്കളത്രെ രാജികയെന്ന പേരോടുകൂടിയ വ്യാധിയാകുന്നത

## ജാലഗർദ്ദഭചികിത്സാ

൮൦- ഉപവാസോസൃജസ്രാവസ്സ്നേഹമാത്രസ്യ വർജ്ജനം।
ഊർദ്ധ്വാധശ്ശോധനം ചാപി ശസ്യതേ ജാലഗർദ്ദഭേ॥

പിത്തപ്രധാനങ്ങളായി മന്ദവേഗങ്ങളായിരിക്കുന്ന ദോഷങ്ങളാൽ ഉത്ഭവിപ്പിക്കപ്പെട്ടതായി പഴുപ്പോടുകൂടാതെയും ചുവപ്പുനിറത്തോടുകൂടിയതായും ശരീരത്തിങ്കൽ ക്രമേണ വ്യാപിക്കുന്നതായും അല്പമായുമിരിക്കുന്ന നീരത്രെ ജാലഗർദ്ദഭമാകുന്നത- അതിന്ന ഉപവാസം രക്തമോക്ഷം എണ്ണയുള്ള പദാർത്ഥങ്ങളെ ഭക്ഷിക്കാതെയിരിക്കുക എണ്ണതേക്കാതെയിരിക്കുക ഛർദ്ദിപ്പിക്ക വിരേചിപ്പിക്ക ഇവയൊക്കെയും നല്ലതാകുന്നു- ഇതിൽ ചൊല്ലുവാനുള്ളതിനെ ചെയ്ക

### (ധാത്രീപടോലാദി കഷായം)

൮൧- ധാത്രീപടോലലോധ്രതാലപത്രചന്ദനൈഃ ക്വഥിതം ജലം।
കൈശിക്കീമാക്ഷികോപേതം പായയേൽ പ്രാതരുത്ഥിതം॥

നെല്ലിക്ക പടോലം പാച്ചോറ്റിത്തൊലി ചന്ദനം ഇവ കൊണ്ടു കഷായം വച്ച മാശിക്ക തേൻ ഇവ മെമ്പ്പൊടി ചെൎത്ത സെവിപ്പിക്ക.

൨൦- ന്യഗ്രോധാദിശൃതേനാസ്യശീതേനാപരിഷെചനം।
ധാത്രീരസപ്രവിഷ്ടേനകല്ക്കാൎച്ചീതേനലെപനം॥
൨൧- ക്ഷീരിക്ഷീരെണസൎവ്വാംഗമഭ്യജ്യസ്നപയെത്തഥാ।
അനയാസമുപക്രാന്തോവിധയാസപ്രശാമ്യതി।

ന്യഗ്രോധാദികൊണ്ടു കഷായംവെച്ച തണുത്താൽ അതുകൊണ്ടു ധാരചെയ്ക- നെല്ലിക്കനീരിൽ ചന്ദനം അരച്ചുതെക്കുക- തെങ്ങാപ്പാല സൎവ്വാംഗം തെച്ചു കുളിപ്പിക്ക- ഈ വിധത്തിൽ ചികിത്സിച്ചാൽ ജാലഗൎദ്ദഭം ശമിക്കും.

### അഗ്നിരോഹിണിക്കചെയ്യെണ്ടത

൨൨- പിത്തോൽബണൈസ്മൃതൈൎഗ്ഗാഢംജഹരിതസ്യാഗ്നിസന്നിഭാഃ। വിദാരയന്തോമാംസാനിയത്രസ്ഫോടാശ്ചിരോൽഗമാഃ॥
൨൩- ഭവെയുരെഷത്ത്വതംകൊനാമ്നാവൈദ്യാഗ്നിരോഹിണീ।
അഗ്നീവദ്ദഹ്യതെയസ്മാദഹമാത്രെത്യജെച്ചതം॥
൨൪- പഞ്ചമ്യാന്നിശിസപ്തമ്യാംപഞ്ചദശ്യാമഥാപിവാ।
ഉപക്രാന്തോപിസൎവ്വേഷാംസപ്രാണാൻസംഹരെദ്ധ്രുവം॥

പിത്തപ്രധാനങ്ങളായിരിക്കുന്ന ദോഷങ്ങളാൽ കഠിനമായ പനിയുണ്ടായതിന്റെശെഷം മാംസത്തെ ഭെദിച്ച രക്തവൎണ്ണങ്ങളായി പുറപ്പെട്ട ചുട്ടുനീറൽമുതലായ ഉപദ്രവങ്ങളെ ഉണ്ടാക്കുന്ന പുളകങ്ങളൊടുകൂടിയതായ യാതൊരു രോഗം ഉൽഭവിപ്പിക്കപ്പെട്ടുന്നുവൊ അതിനെ അഗ്നിരോഹിണി എന്നറികയും അതിനെ ഉപെക്ഷിക്കകയും ചെയ്ക- ചികിത്സകൾ വെണ്ടുംവണ്ണം ചെയ്താലും അഞ്ചാം ദിവസമൊ എഴാം ദിവസമൊ പതിനഞ്ചാംദിവസമൊ ആ രോഗം പ്രാണസംഹാരത്തെ ചെയ്യുമെന്നറിക-

### ഇരിഗല്ലികാചികിത്സാ

൨൫- ത്രിഫലാംനാളികെരസ്യക്ഷീരെപിഷ്ട്വാവിലെപയെൽ।
തൈലെനവാഭ്യസ്യമാനെനശൊഷംയാതീരിഗല്ലികാ॥

ഉരഃകക്ഷങ്ങളുടെ സന്ധിയിൽനിന്ന ഉപരിഭാഗത്തിങ്കൽ വൃത്താകാരെണ ഉണ്ടാകുന്ന കുരുവത്രെ ഇരിഗല്ലികയാകുന്നത- എന്നാൽ മൂക്കരുവൊ ആയതല്ല കക്കിൻകായയുടെ നിറംപൊലെ ഉള്ള നിറത്തൊടുകൂടിപരന്നിരിക്കും ഉള്ളിൽ പരത്തിയൊ പഞ്ഞിയൊ നിറച്ചതുപൊലെ തൊന്നത്തക്കവിധത്തിൽ

മാൎദ്ദവമുണ്ടാകും- അമൎത്താൽ അമരുകയും ചെയ്യും- അതിന്ന ത്രിഫല തെങ്ങാപ്പാലിൽ അരച്ചതെക്കുക ഒരം ലെപനത്തെ ശീലിച്ചാൽ ശൊഷിക്കും.

൭൯- പാകംകിഞ്ചിൽസമാസാദ്യകിഞ്ചകാലെനളിദ്യതെ।
ലിന്നായാസ്സം ക്ഷ്മവക്രെത്രണതന്തുജാലസ്യനിൎഗ്ഗമഃ॥
൮൦- സംഭവെച്ചതദാഹത്യനിശ്ശെഷംപരിശൊധിതാം।
രൊപണൈരെഷധൈസ്സദ്യൊരൊപയെച്ചചികിത്സകഃ॥

അത്രയുമല്ല ശൊഷിച്ച വളരെ പെരുതായാലും അല്പമായി പഴുത്തപൊട്ടും- പൊട്ടിയാൽ ചലത്തൂടെ നൂല്പൊലെ ചിലസാധനങ്ങൾ സൂക്ഷ്മമായ ദ്വാരത്തൂടെ പുറപ്പെടുകയും ചെയ്യും- അതിനെ നിശ്ശെഷമായെടുത്ത വെഗെന ഉണക്കിക്കൊള്ളുക.

## വിദാരീചികിത്സാ

൮൧- വിദാരീംശതപുംഖസ്യമൂലെനദധിമസ്തുനാ।
പിഷ്ടേനലിംപെൽകുൽമാസഥിഭസ്മനാവാസസൎപ്പിഷാ॥

മുതക്കിൻകിഴങ്ങുപൊലെ കഠിനമായി കക്ഷത്തിങ്കലൊ തുടിയിലൊ ഉണ്ടാകുന്ന കുരുവത്രെ വിദാരിയാകുന്നത- അതിന്ന കൊഴിഞ്ഞിലിൻവെര തൈർ വെള്ളത്തിലരച്ച പുരട്ടുകയൊ ആമയൊട ഭസ്മമാക്കി നെയ്യിൽ ചാലിച്ച പുരട്ടുകയൊ ചെയ്ക.

൮൨- അഥവാഹരിതാലസ്യമഞ്ജിഷ്ഠാസഹിതംരജഃ।
സ്നുഹീക്ഷീരെണസംയൊജ്യതെനലിംപെത്തദാനനം॥

അല്ലെങ്കിൽ അരിതാരം മഞ്ചട്ടിപ്പൊടി ഇവ കള്ളിപ്പാലിലരച്ച മുഖത്ത മാത്രം പുരട്ടുക.

൮൩- സസ്തന്യനവനീതെനപരിതശ്ചാനുലെപനം।
കുൎയ്യാൽപാകെനളിന്നായാംസൎവ്വംവ്രണവദാചരെൽ॥

മെൽപറഞ്ഞ മരുന്ന കുരുവിന്റെ മുഖത്ത പുരട്ടിയാൽ മുലപ്പാലും വെണ്ണനെയ്യും കൂട്ടി ഉരസിചെൎത്ത അതിന്റെ ചുറവും പുരട്ടുക പഴുത്ത പൊട്ടിയാൽ വ്രണചികിത്സചെയ്ക-

## ശൎക്കരാൎബ്ബുദചികിത്സാ

൮൪- മസ്തുനാശാകവല്കാനിപിഷ്ടാതൈഃപ്രവിലെപനം।
വിദധ്യാൽക്കുംശപാസാരമഥവാശൎക്കരാൎബ്ബുദെ॥

മെദസ്സുവൎദ്ധിക്ക നിമിത്തമായിട്ടും വാതകഫങ്ങളുടെ കൊപം നിമിത്തമായിട്ടും ഉണ്ടായി പൊട്ടിയാൽ വസ നെയ്യ തെൻ ഇതുകളിലൊന്നിലെപൊലെ ഇരിക്കുന്ന ചലത്തിന്റെ പ്ര

ഖാഘത്തോടുകൂടുന്നതായി ഉള്ളിൽ വായുകോപംനിമിത്തമായി ശോഷിച്ച ചരലപോലെയായിരിക്കുന്ന മാംസശകലത്തോടുകൂടിയതായിരിക്കുന്ന മുഴയത്രെ ശൎക്കരാൎബ്ബുദമാകുന്നത. അതിന്നു തൈർവെള്ളത്തിൽ തേക്കിൻതൊലിയൊ ഇരുമുള്ളിൻകാതലൊ അരച്ചുതേക്കുക.

൩൨. ധവമൂലംമൃദാലിപ്യദഗ്ദ്ധാപ്രക്ഷാള്യശൊഷിതം।
മസ്തുപിഷ്ടംസമായൊജ്യമധുനാവാപ്രലെപയെൽ॥

ഞമവേര മണ്ണിൽപൊതിഞ്ഞ ചുട്ട മണ്ണുവിണ്ടാലെടുത്ത കഴുകി ഉണക്കി തൈർവെള്ളത്തിലരച്ച തേക്കുക.

൩൩. കലിംഗകൈൎഗ്ഗവാംമൂത്രെ പിഷ്ടൈൎവ്വാമിസിസംയുതൈഃ। ആരനാളകസംപിഷ്ടൈരഥവാകതകാസ്ഥിഭിഃ॥

കുടകപ്പാലയരി, ശതകുപ്പ, ഇവ ഗോമൂത്രത്തിൽ അരച്ചുതേക്കുക. അല്ലായെങ്കിൽ തെററാംപരല കാടിയിൽ അരച്ചുതെക്കുക.

൩൪. ഭിന്നാദന്തസ്സമാകീൎണ്ണാശ്ശൎക്കരാഃപരിശൊദ്ധ്യതു।
വ്രണസ്യൊപക്രമംകുൎയ്യാദ്യഥാകാലംയഥൊചിതം॥

പൊട്ടിയാൽ ഉള്ളിൽ ചരൽപോലെഉള്ള മാംസശകലങ്ങൾ ഉള്ളെടത്തോളം എടുത്ത ശുദ്ധിവരുത്തി അതാത കാലത്തെഅനുസരിച്ച ഉചിതമായ വ്രണചികിത്സയെ ചെയ്യുക.

## വന്മീക ചികിത്സാ

൩൫. മഹാന്തംബഹുലച്ഛിദ്രംശൊഫാഢ്യംമൎമ്മസംശ്രയം।
ഹസ്തപാദതലസ്ഥഞ്ചാഹിതാവന്മീകമാമയം॥

൩൬. രക്തംഹൃത്വായഥായൊഗ്യം സൈന്ധവെനസമന്വിതൈഃ। വ്യാധിഘാതാമൃതാവൃദ്ധിസകൃഭിദ്ദ്ധിമിശ്രിതൈഃ॥

൩൭. ആലിപ്യപകാതാംനീത്വാദുഷ്ടമാംസാനിശോധയെൽ।
ശസ്ത്രെണരൊപയെച്ചാജ്യപിചുഭിരൊപണൊചിതൈഃ॥

ഉള്ളംകയ്യിലൊ ഉള്ളൻകാലിന്മേലൊ സന്ധികളിലൊ കഴുത്തിന്റെ അധസ്സന്ധിയിങ്കൽ നിന്നു മേൽഭാഗങ്ങളിലൊ സൂക്ഷ്മങ്ങളായി ബഹുക്കളായിരിക്കുന്ന ദ്വാരങ്ങളോടുകൂടിയതായിമുഴച്ച പുററുപോലെ കാണുന്നവൎക്ക തോന്നപ്പെടുന്നതായി ദ്വാരംതൊറും വേദനയോടും ചുട്ടനീറലോടും നനവോടുംകൂടിയതായിരിക്കുന്ന മുഴയത്രെ വന്മീകമാകുന്നത. അത ഉള്ളംകയ്യിലൊ ഉള്ളംകാലിന്മേലോ മൎമ്മസ്ഥാനത്തിങ്കലോ ആയാലും

വളരെ വലുപ്പത്തോടും ഏററവുംവളരെ ദ്വാരങ്ങളോടും ചുററും നീരോടുംകൂടിയതായാലും അസാദ്ധ്യമാകുന്നു. അതിനെ കഴിച്ചശേഷത്തിന്ന ചോരകളവാൻ വിരോധമുള്ള കാലമല്ല എങ്കിൽ ചോരകളഞ്ഞ ഇന്തുപ്പ, കൊന്നത്തൊലി, ചിററമൃത, കാട്ടമുതിരവേര, നെല്ലവറുത്തിടിച്ച ഉമിനീക്കിയ പൊടി ഇവ തയിർക്കൂട്ടി അരച്ചുപുരട്ടി പഴപ്പിച്ച പൊട്ടിയാൽ അതിങ്കലുള്ള ദുർമ്മാംസങ്ങളെ മുറിച്ചുകളഞ്ഞ ശുദ്ധിവരുത്തി ഉണക്കത്തിന്ന നന്നായിട്ടുള്ള നെയ്യ കാച്ചി അതിൽ മുക്കിയ ശീലയിട്ട ഉണക്കുക ഇങ്ങിനെ ചികിത്സയുടെ ക്രമമാകുന്നു.

കദരചികിത്സാ

൩൮. ഛിത്വാശസ്ത്രേണബദ്ധ്വാവാക്ഷാരസൂത്രേണതത്പുയാ।
തിലപിണ്ഡികയാജ്യേനസിക്തയാകദരംദഹെൽ ॥

നടക്കുമ്പോൾ ചരൽകൊണ്ട കാലിന്റെ തൊലി പൊട്ടുകയൊ മുള്ള തറക്കുകയൊ ഉണ്ടായാൽ അതുനിമിത്തമായി ചിലക്ക അവിടെ മുഴ ഉണ്ടാകും. അതത്രെ കദരമാകുന്നത. ആയത ഒരു കീലംപൊലെ നീണ്ട പിടിച്ചാൽ കിട്ടുവാൻ തക്കതായ വിധത്തിലാകയും ചെയ്യും. അതിനെ ശസ്ത്രംകൊണ്ട മുറിക്കയൊ ക്ഷാരസൂത്രംകൊണ്ടു കെട്ടിമുറിക്കയൊ ചെയ്ത എള്ളരച്ച കിഴികെട്ടി നെയ്യിൽ കാച്ചി അത ഉണ്ടായിരുന്ന ഭാഗത്ത നല്ല ചൂടൊടുകൂടെ വെച്ച മുരടിനെ വേവിക്കുക.

൩൯. ദൂർവ്വാകരഞ്ജബീജംഹിഫെനയഷ്ട്യാഹ്വസാധിതം।
സർപ്പിർന്നിഷിച്യകുർവ്വീതരൊപണഞ്ചതതഃപരം ॥

അനന്തരം കറുകനീരിൽ ഉങ്ങിൻകുരു, കറപ്പ, ഇരട്ടിമധുരം, ഇവ അരച്ചുകലക്കി നെയ്യുചേൎത്ത കാച്ചിയരിച്ച ധാരചെയ്ത വ്രണത്തെ ഉണക്കിക്കൊൾക.

രുദ്ധഗുദചികിത്സാ

(ദ്രോണപത്രാദി അവണക്കെണ്ണ)

൪൦. ദ്രോണപത്രകരീരെന്ദ്രവല്ലീസ്വരസപാചിതം।
ശമ്യാകബീജകല്കേനതൈലമെരണ്ഡജംജയെൽ ॥

൪൧. ശിലാജതുരജൊയുക്തംപായൊരന്തർവ്വിലെപനാൽ।
വിവൃതാംചലിമാധായഗദംരുദ്ധഗുദാഹ്വയം ॥

തുമ്പയില, ആണ്ടൽമുള, ഉഴിഞ്ഞ ഇവററിൻനീരിൽ കൊന്നക്കുരു, അരച്ചുകലക്കി അവണക്കെണ്ണചേൎത്ത കാച്ചിയരി

ച്ച കന്മതം പൊടിച്ച അതിൽ ചാലിച്ച മലദ്വാരത്തിൻെറ അകത്ത ചുററുംപുരട്ടുക. എന്നാൽഅപാനവായുവിൻെറകൊപം ഹേതുവായിട്ട ചുരുങ്ങിയ വലിപ്പഴുതുകളെ വിടൎത്തിരുദ്ധഗുദമെന്ന പേരായ വ്യാധിയെ അത ശമിപ്പിക്കയും ചെയ്യും.

൪൨. അതിപ്രവൃദ്ധെതത്രൈവതാമ്യമാഗധികാരജഃ
ശ്ലക്ഷ്ണീകൃതംവിവൎത്ത്യാന്തസ്ഥാവയെദ്വലിതഃകഫം॥

അധികമായ വായുകോപം ഹേതുവായിട്ട മലദ്വാരത്തെഏററവും ചുരുക്കി മലത്തെ തടുത്തതായ രുദ്ധഗുദത്തിന്ന മേൽപറഞ്ഞ അവണക്കെണ്ണയിൽ മാക്കിരക്കല്ലും തിപ്പലിയും സമംചേൎത്ത നല്ലവണ്ണം പൊടിച്ച തിരുമ്പിയാൽ വിരലിന്മേൽ കട്ടുംതറയ്ക്കാത്തവിധത്തിൽ ആക്കി ആയത ചാലിച്ച മലദ്വാരത്തിൻെറ അകത്ത ചുററും പുരട്ടി ചെറുവിരൽകൊണ്ടിളക്കി അകത്തെവലികളിൽനിന്ന കഫം കളയുക.

൪൩. പരിമൎദ്ദപ്യഥാശാന്ത്യൈസൎപ്പിഷാന്തൎബ്ബഹിസ്തുതഃ।
പ്രലിഹ്യസെദ്വയെന്മന്ദമന്യൈൎവ്വാപ്രയതെതച॥

ചുററും വിരൽതട്ടുകനിമിത്തമായിട്ടുണ്ടായ വേദനയെ അകത്തും പുറത്തും നെയ്യ പുരട്ടി അല്പമായി വിയൎപ്പിച്ച ശമിപ്പിച്ചുകൊൾക. പിറെറന്നാളും ഒരംവണ്ണം ചെയ്ക.

൪൪. ക്രമേണാനെനതത്രൈവതസ്ഥൂലാമഥാംഗുലിം।
പ്രവേശ്യസാക്രിയാകാൎയ്യായാവൽപ്രകൃതിമൃച്ഛതി॥

പിന്നെ ഈവണ്ണംതന്നെ ചെറുവിരലിനെക്കാൾ അല്പം വണ്ണമേറിയ വിരൽകൊണ്ട മേൽപറഞ്ഞതിനെ ചെയ്ക ഇങ്ങിനെപഴുതു പാകമായി വരുന്നതുവരെ യത്നം ചെയ്ക ശമിപ്പിച്ചുകൊൾക.

അലസ ചികിത്സാ

൪൫. അലസംമസ്തുനാപിഷ്ടൈരാലിമ്പ്യാമലകീഫലൈഃ।
കണ്ഡൂശൂന്യാംവിദീൎണ്ണാംചകൃത്വാസ്നേഹേനരൊപയേൽ॥

ചെറുവുണ്ണത്രെ അലസമാകുന്നത. അതിന്ന തയിർ വെള്ളത്തിൽ നെല്ലിക്ക അരച്ചുപുരട്ടുക. എന്നാൽ ചൊറിച്ചിൽമാറും പൊട്ടി ദുൎന്നീര വാൎന്നുപോകയും ചെയ്യും. അതിൻെറശേഷം ഉണക്കത്തിന്ന നന്നായതൈലംപുരട്ടി ഉണക്കിക്കൊൾക.

തിലകാളകചികിത്സാ

൪൬. ഗോപികന്ദാനിദഗ്ദ്ധൃത്വാചാതുല്യാനിതെസ്സമൈഃ।
എലാദിഭിസ്സമാചൂൎണ്ണ്യക്ഷീരെപിഷ്ട്വാവിലെപയേൽ॥

൪൭. നവനീതെനസമ്മേള്യശരീരെതിലകാളകാൻ।
വിനാശയിതുകാമശ്ചെദ്വൈദ്യസ്സംവാഹയെദപി॥

എള്ളിന്മണിപ്രമാണമായി ദേഹത്തിങ്കൽ കാണുന്ന കറുത്ത നിറമത്രെ തിലകാളകമാകുന്നത. അതിന്ന ചികിത്സിക്കേണമെന്ന താൽപൎയ്യമുണ്ട എങ്കിൽ നന്നാറിക്കിഴങ്ങും നാല്പാമരത്തിൻതൊലിയും സമഭാഗങ്ങളാക്കി അതുകളൊടു സമമായി ഏലാദിയും ചേൎത്ത പൊടിച്ച പാലിൽ അരച്ച വെണ്ണചേൎത്ത പുരട്ടി തിരുമ്പിക്ക.

൪൮. ശീലയെദഷ്ടവല്ക്കാഖ്യം തൈലഞ്ചാസ്യൌഹിതോവിധി।
മശേഷപി സമുൽകൃത്യചൎമ്മകീലാൻപ്രരൊപയേൽ॥

അഷ്ടവല്ക്കതൈലത്തെ ശീലിപ്പിക്കയും ചെയ്ക. എന്നാൽതിലകാളകം ശമിക്കും തിലകാളകമെന്നപോലെ ഉണ്ടായി അല്പം പൊങ്ങിയാൽ അതിന്ന മശമെന്നും അധികമായി പൊങ്ങിയാൽ അതിന്ന ചൎമ്മകീലമെന്നും പേരാകുന്നു. അതുകളിൽ വെച്ച മശത്തിന്നും മേൽപറഞ്ഞ ചികിത്സകൾതന്നെ ചെയ്ക. ചൎമ്മകീലത്തെ മുടിച്ചുകളഞ്ഞ വ്രണചികിത്സ ചെയ്ത മുറി ഉണക്കുക.

ജതുമണിക്കചെയ്യേണ്ടത

൪൯. ചൎമ്മകീലവദുത്സന്നൊലൊഹിതസ്സഹജോയദി।
സൊയംജതുമണിൎന്നാമസഹജത്വാദമുംത്യജെൽ॥

ചൎമ്മകീലത്തിന്റെ ഉയൎച്ചപോലെയുള്ള ഉയൎച്ചയോടും ചുവപ്പുനിറത്തോടുംകൂടി സഹജമായിട്ടുള്ളതായാൽ ആ രോഗത്തിന്ന ജതുമണിയെന്ന പേരാകുന്നു. സഹജമാകകൊണ്ടസാദ്ധ്യമാകയുമില്ല. അതിനെ ഉപേക്ഷിക്കകയുംവേണം.

വ്യംഗചികിത്സ

൫൦. മഞ്ജിഷ്ഠാമംഭസാപിഷ്ട്വാമധുനായൊജ്യലെപനം।
കാരയെദ്വ്യംഗമുക്ത്യൎത്ഥംസാഭിലാഷൈസ്സദാതുരൈഃ॥

ശോകക്രോധാദിനിമിത്തമായി കോപിച്ച വാതപിത്തങ്ങളാൽ മുഖത്തിങ്കലൊരെടത്തകനത്തൊടുകൂടാതെ ഉൽഭവിപ്പിക്കപ്പെട്ട കറുത്തമണ്ഡലമത്രെ വ്യംഗമാകുന്നത അതിന്ന മഞ്ചെട്ടിപ്പൊടിപച്ചവെള്ളത്തിൽ അരച്ച തേൻചേൎത്തപുരട്ടുക.

൫൧. വിജയാജീരകദ്വന്ദ്വതിലൈൎവ്വാക്ഷീരപെഷിതൈഃ।
ആരണ്യതുളസീമൂലൈരഥവാലെപയെത്തഥാ॥

കടുക്ക, ജീരകം, കരിഞ്ചീരകം, എള്ള ഇവയൊ കാട്ടുതുളസി വേരുതന്നെയൊ പാലിൽ അരച്ചുതേക്കുകയുമാം.

൧൨. ഹരിതാലവചാകുഷ്ഠ പക്വന്യഗ്രോധപത്രകൈഃ ।
സസുവൎണ്ണൈജ്ജലെപിഷ്ടൈൎല്ലേപനംകാരയെത്തവാ ॥

അരിതാരം, വയമ്പ, കൊട്ടം, പഴുത്തപേരാലില, പൊന്നിൻപൊടി ഇവ പച്ചവെള്ളത്തിൽ അരച്ചുപുരട്ടുകയുമാം

൧൩. പക്വന്യഗ്രോധപത്രോഗ്രാ രജനീകുഷ്ഠ ചന്ദനൈഃ ।
സരോചനൈഃപയഃപിഷ്ടൈരഥവാകാരയെത്തൽ ॥

പഴുത്തപേരാലില, വയമ്പ, വാട്ടുമഞ്ഞൾ, കൊട്ടം, ചന്ദനം, ഗോരോചനം ഇവ പാലിൽ അരച്ചു പുരട്ടുകയുമാം.

൧൪. മഞ്ജിഷ്ഠാകുഷ്ഠലോദ്ധ്രതാഗ്രപടാംകുരമസൂരകൈഃ ।
പ്രിയംഗുചന്ദനസ്വൎണ്ണസഹിതൈൎവ്വാതഥാവിധൈഃ ॥

മഞ്ചട്ടിപ്പൊടി, കൊട്ടം, പാച്ചോറ്റിത്തൊലി, പേരാൽമൊട്ട, വലിയപയറ, ഞാഴൽപ്പൂവ്വ, ചന്ദനം, പൊന്നിൻപൊടി ഇവ പാലിൽ അരച്ചു പുരട്ടുകയുമാം.

൧൫. നവനീതഗുളക്ഷൌദ്രസംയുക്താകൊലജംരജഃ ।
വ്യംഗംഹരത്യജാക്ഷീരപിഷ്ടാവാവരണത്വചഃ ॥

ലന്തക്കുരു പൊടിച്ച വെണ്ണയും ശൎക്കരയും തേനും ചേൎത്ത പുരട്ടുക. നീൎമാതളത്തിൻതൊലി ആട്ടിൻപാലിൽ അരച്ചുപുരട്ടുക. ഇവ ചെയ്താൽ ശമനമുണ്ടാകയും ചെയ്യും.

(കുംകുമാദിതൈലം)

൧൬. കുംകുമാഗരുയഷ്ട്യാഹ്വപലാക്ഷോശീരഹിമദ്വയൈഃ ।
പടലൊഹിതപാദാബ്ജകെസരൊൽപലപത്മകൈഃ ॥

൧൭. മഞ്ജിഷ്ഠയാചതുല്യാംശൈഃപലാനിദ്വാദശാംഭസാം ।
ദ്രോണെനിക്ഷിപ്യപാദസ്ഥെപാകെനാത്രാവകല്കിതൈഃ

൧൮. കാഷ്ഠികൈൎയ്യഷ്ടിമഞ്ജിഷ്ഠാലാക്ഷാപത്തംഗകുംകുമൈഃ ।
ദ്വിഗുണാജാപയൊയുക്തംതൈലസ്യകുഡുംബംപചേൽ ॥

൧൯. തദഭ്യംഗാദ്വലിവ്യംഗനീലികാമുഖദൂഷികാഃ ।
തിലകാംശ്ചനിഹന്ത്യാശുദൂഷികാഞ്ചനിയച്ഛതി ॥

൨൦. സപ്തരാത്രപ്രയൊഗേണമുഖൊപചയകാന്തികൃൽ ॥
നാവനംനാവനാൎഹസ്യകുൎയ്യാദ്വാതത്രചാമുനാ ॥

കുംകുമം, അകില, ഇരട്ടിമധുരം, കോലരക്ക, രാമച്ചം, ചന്ദനം, രക്തചന്ദനം, പേരാലിന്റെ ചുവന്നവേര, താമരയല്ലി, ചെങ്ങഴിനീക്കിഴങ്ങ, പതിമുഖം, മഞ്ചട്ടിപ്പൊടി ഇവ ഓരോപ

ലമെടുത്ത പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവെച്ച നാലിടങ്ങഴിയാക്കി ഇരട്ടിമധുരം, മഞ്ചട്ടിപ്പൊടി, കോലരക്ക, ചപ്പങ്ങത്തിൻകാതല, കുംകുമം ഇവ മുമ്മൂന്നുകഴഞ്ച അരച്ച കലക്കി നാഴി എണ്ണയും ഇരുനാഴി ആട്ടിൻപാലും ചേൎത്ത കാച്ചി അരിച്ച പുരട്ടുക. വലി, വ്യംഗം, നീലികാ, മുഖദൂഷികാ, തിലകാളകം, ദൂഷികാ ഇവ ശമിക്കും. എഴുദിവസം പ്രയോഗിച്ചാൽ മുഖത്തിന്ന പുഷ്ടിയേയും കാന്തിയേയുമുണ്ടാക്കും, നസ്യത്തിന്ന വിരോധമില്ലാത്തവൎക്ക ഈ തൈലംകൊണ്ട നസ്യം ചെയ്കയുമാം. മേൽപറഞ്ഞ വ്യാധികളിൽ വലി എന്നത മാംസക്ഷയം നിമിത്തമായി ഉണ്ടാകുന്ന തോലിൻെറ ചുളിച്ചിലാകുന്നു. നീലികാ എന്നത മുഖത്തെ ഒഴിച്ച വേറെ ഒരംഗത്തിങ്കൽ വ്യംഗംപോലെ ഉണ്ടാകുന്ന കറപ്പാകുന്നു. മുഖത്തിങ്കലായാൽ അതിനെത്തന്നെ വ്യംഗമെന്ന പറയുമെന്നല്ലാതെ വ്യംഗനീലികകൾക്ക പരസ്പരവിശേഷമില്ലെന്നത്രെ പൂൎവ്വന്മാരുടെ സിദ്ധാന്തം. മുഖദൂഷികയെ മുമ്പെതന്നെ വിവരിച്ചിരിക്കുന്നു തിലകമെന്നും തിലകാളകമെന്നും ഒന്നിൻെറ പേരാകുന്നു. തിലകാളകമിന്നതെന്ന മുമ്പെപറഞ്ഞിട്ടുണ്ട. ദൂഷിക എന്നത കണ്ണിലെ പീളയാകുന്നു. മുഖത്തിങ്കൽ എല്ലാടവും പുരട്ടിയാൽ തൻെറവീൎയ്യം കണ്ണിൻെറ അവയവങ്ങളിലും ചെല്ലുന്നതാകയാൽ ദൂഷികയെ ശമിപ്പിക്കുമെന്ന താൽപൎയ്യം ഗ്രഹിച്ചുകൊൾകയുംവേണം. കണ്ണിൽ എഴുതേണമെന്നുതന്നെ അഭിപ്രായമില്ല. എഴുതിയാലും ദോഷവുമില്ല.

(പത്മകേസരാദി ഗുളിക)

൬൭. പത്മകെസരഗാംഗെയരോചനാഗരുകുംകുമൈഃ ।
രജനീദ്വയയഷ്ട്യാഹ്വശാരിബോശീരചന്ദനൈഃ॥

൬൮. മഞ്ജിഷ്ഠാവശിനീശൊണവടമൂലകപത്മകൈഃ ।
ഹരിതാലാശ്വഗന്ധാഭ്യാംശാബരെണചനിൎമ്മിതാഃ ॥

൬൯. പിഷ്ടൈഃപകപ്ദളൊത്ഥേനപനസസ്യവടസ്യവാ ।
രസേനയദ്വാവല്ലവ്യാഃകഷായെണാക്ഷസമ്മിതാഃ॥

൭൦. ക്ഷീരെണപിഷ്ടാലെപെനഗുളികാവ്യംഗനീലികെ ।
ശമയെയുൎമ്മുഖംകിഞ്ചകുൎയ്യുശ്ചകനകപ്രഭം ॥

താമരയല്ലി, സ്വൎണ്ണം, ഗോരോചനം, അകില, കുംകുമം, വരട്ടുമഞ്ഞൾ, മരമഞ്ഞത്തൊലി, ഇരട്ടിമധുരം, നന്നാറിക്കിഴങ്ങ, രാമച്ചം, ചന്ദനം, മഞ്ചട്ടിപ്പൊടി, മുക്കുററി, പേരാലി

ന്റെ ചുവന്നവേര, പതിമുകം, അരിതാരം, അമുക്കരം, പാ ച്ചൊററിത്തൊലി, ഇവപഴുത്തപുലാവിലനീരിലൊ, പഴുത്ത പെരാലിലനീരിലൊ നന്നാറിക്കിഴങ്ങിൻ കഷായത്തിലൊ അ രച്ച താന്നിക്കപ്രമാണംഗുളികയുരുട്ടി നിഴലിലുണക്കി ഓരേ ഗുളികപാലിൽ അരച്ചുപുരട്ടുക. വ്യംഗവുംനീലികയും ശമിക്കും മുഖത്ത പുരട്ടിയാൽ മുഖം സ്വർണ്ണവർണ്ണമാകയുംചെയ്യും.

## പ്രസുപ്തിചികിത്സാ

൩൪. പ്രസുപ്തൌവിലയംകുര്യ്യാച് ശ്ലുഷ്ടസ്യശ്ലേഷ്മണസ്ത്വചി।
പിഷ്ട്വാസഷപതൈലെനഗന്ധകംപരിലെപയൻ॥

വായുപ്രേരണ ഹെതുവായിട്ട കഫം ത്വക്കിനെ പ്രാപിച്ച അവിടെനിന്ന ശോഷിച്ച ത്വക്കിന്ന വെളുത്ത നിറത്തെ ആ പാദിച്ച അതിന്റെ ചൈതന്യത്തെനശിപ്പിച്ചഅല്പമായചൊ റിച്ചിലൊട്ടകൂടിയതായിരിക്കും. ചൊറിഞ്ഞ പിളൎന്നാൽ നീ രൊലിക്കയുമില്ല. അതിനെ പ്രസുപ്തിയെന്ന പറയുന്നു. മേൽ പറഞ്ഞ രോഗമുണ്ടായാൽ ശ്ലുഷ്ടമായ കഫത്തെ ഉരുക്കുവാനാ യി മുമ്പെ കടുകെണ്ണയിൽ ഗന്ധകം അരച്ച പുരട്ടുക.

൩൫. ദഹെദ്വാവഹ്നിനായദ്വാപിഷ്ട്വാ പഫ്ഫണപല്ലവാൻ।
ഖജ്ജൂരികാഫലരസെതൈൎവ്വിലെപനമാചരെൽ॥

തിയ്യുകൊണ്ടു പൊള്ളിക്കുകയുമാം. അല്ലായെങ്കിൽ ഈന്തി ന്റെ ഇളയകായ ഞെക്കി അതിന്റെ നീരെടുത്ത അതിൽപാ വിട്ടയുടെ തളിര അരച്ചുപുരട്ടുക.

൩൬. പൂതികപല്ലവാൻപിഷ്ട്വാതെനവാമസ്തുനാപിവാ।
ആജ്യമാക്ഷികമിശ്രൈസ്തൈരഥവാലെപമാചരെൽ॥

ആവൽതളിരമേൽപറഞ്ഞ നീരിലൊ തയിർവെള്ളത്തിലൊ അരച്ച നെയ്യും തെനും ചേൎത്ത പുരട്ടുകയുമാം

൩൭ നവനീതമധുസ്നുഹ്യാഃപ്രയോഗശ്ചപ്രശസ്യതെ।
ഖാദിരെണകഷായെണപിപ്പല്യാമധുനാപിവാ॥

കരിങ്ങാലിക്കാതല കഷായം വച്ച അതിൽ നവനീതമധു സ്നുഹിചേൎത്ത സേവിപ്പിക്ക. അല്ലായെങ്കിൽ തിപ്പലിലും തേ നും ചേൎത്ത സേവിപ്പിക്ക. എന്നാൽ പ്രസുപ്തി ശമിക്കും.

## ഉൽകോംചികിത്സാ

൩൮. കഫപിത്തഹരാലെപാഃകഷായാഅപിതാദൃശാഃ।സ്നെ ഹാശ്ചസൎവ്വെശസ്യന്ത ഉൽകൊഠെതാൻപ്രകല്പയെൽ॥

ഛർദ്ദിപ്പിപ്പാൻ വിധിച്ചപ്രകാരമല്ലാതെ ഛർദ്ദിപ്പിക്കനിമിത്ത മായി കോപിച്ചിരിക്കുന്ന പിത്തം മുതലായ ഹേതുക്കളാൽ ദേ ഹത്തിങ്കൽ കഠിനമായ ചൊറിച്ചിലോടും ചുവപ്പോടും അനേ ക സംഖ്യയോടുംകൂടി ഉണ്ടാക്കപ്പെടുന്ന മണ്ഡലമത്രെ ഉൽ ക്കൊഠമാകുന്നത അതിന്ന കഫപിത്തഹരങ്ങളായ ലേപനങ്ങ ളും കഷായങ്ങളും തൈലങ്ങളും പറയുന്നവയാകുന്നു അതുകളെ വൈദ്യൻ സ്വബുദ്ധികൊണ്ട കല്പിച്ചുകൊൾക.

കൊഠചികിത്സാ

൧൦. കൊഠെസവ്വംചകുഷ്ഠൊക്തംയോജയെജ്ജയസാധനം।
ലെപംകഷായംസ്നേഹംവാതഥാന്യദപിചൌഷധം॥

ഉൽകൊഠംതന്നെ സ്ഥിരമായിനിന്നാൽ അതിനെ കൊഠ മെന്ന പറയുന്നു. അതിന്ന കുഷ്ഠചികിത്സയിൽ പറഞ്ഞ ലേപ നവും കഷായവും തൈലവും അതുപോലെ വേറെയുള്ള ഔഷ ധങ്ങളും പറയുന്നതാകുന്നു.

പാദാവദരണ ചികിത്സാ

(വടാംകുരാദിഘൃതം)

൧൧. വടാംകുരപടശ്രേഷ്ഠാചൂതനിര്യാസസികഥകൈഃ।
അരുഷ്കരനിശാഭ്യാഞ്ചസമാനാക്ഷസ്നഹീപയഃ॥

൧൨. പാചിതംമഹിഷീസപ്പിഃപാദലെപാന്നിയച്ഛതി।
പാദാവദരണംസാധുസെവെവഖലതാംക്ഷണാൽ॥

പേരാൽമൊട്ട, ഇന്തുപ്പ, ത്രിഫല, മാവിൻപശ, ചേരിൻകു രു, വരട്ടുമഞ്ഞൾ, ഇവ പച്ചവെള്ളത്തിൽ അരച്ചുകലക്കി എ രുക്കിൻപാലും കള്ളിപ്പാലും സമമായി ചേൎത്ത എരുമനെയ്യ കാച്ചി വെളുത്തമെഴു പാത്രപാകമായി ചേൎത്തരിച്ച പുരട്ടുക കാൽവിള്ളുന്നത ശമിക്കും.

(കാൎപ്പാസപത്രാദിഘൃതം)

൧൩. കാൎപ്പാസപത്രംനിഷ്പീഡ്യഹൃതപാതസ്യരസാഢകം।
പ്രസ്ഥഞ്ചകദളീപകപാദക്വാൽകുഡുബസമ്മിതം॥

൧൪. ക്ഷീരംതദൎദ്ധംസ്നഹ്യാശ്ചസവ്വമെകത്രയൊജയെൽ।
തത്രകല്ക്കീകൃതൈസ്സജ്ജരജനീകുഷ്ഠദാരുഭിഃ॥

൧൫. ലാക്ഷാഗോധൂമമഞ്ജിഷ്ഠാനക്തമാലൈശ്ചകാഷികൈഃ।
മഹിഷീസപ്പിഷഃപ്രസ്ഥംപചെത്തൽപരിലെപനാൽ॥

൧൬. സന്ധത്തെസപ്തരാത്രെണശതധാവാസഹസ്രധാ।
ഭിന്നാഅപിസമായൊജ്യപാദപാന്ദ്പതലത്വചഃ॥

പരുത്തിയിലനീര ഇടങ്ങഴി ൧ കുരുളിപ്പഴത്തിൻനീരങ്ങഴി ൧ എരുക്കിൻപാല നാഴി ൧ കള്ളിപ്പാലനാഴി ൧ ഇവ ഒക്കെയും ഒരുപാത്രത്തിലാക്കി ചെഞ്ചല്യം വരട്ടുമഞ്ഞൾ കൊട്ടം ദെവതാരം കൊലരക്ക കൊത്തമ്പാ മഞ്ചട്ടിപ്പൊടി ഉഴിഞ്ഞിൻകുരു ഇവ മുമ്മൂന്നുകഴഞ്ചു അരച്ചുകലക്കി നാനാഴി എരുമനെയ്യ പെൎത്ത കാച്ചിഅരിച്ചു അതപുരട്ടുക എഴദിവസം പുരട്ടിയാൽ നൂറായിട്ടൊ ആയിരമായിട്ടൊ കാലിന്റെ തൊലി വിണ്ടാലും ആ തൊലികൾ വെണ്ടുംവണ്ണം തമ്മിൽ യൊജിച്ചു ഒന്നായി ചെരുകയും ചെയ്യും

മുള്ളുകുത്തിയാൽ ചെയ്യെണ്ടത

൬൧– പാദയൊരവഗാഢെത്തുകണ്ടകെപൂരയെൽക്ഷതം।
രവിദുഗ്ദ്ധെനനിൎയ്യാതികണ്ടകൊന്തൎദ്ധതൊപിവാ॥

കാലിന്മെൽ മുള്ളുതറച്ചാൽ ആ കൊഴയിൽ എരുക്കിൻപാല നിറക്കുക മുള്ളുതാനെ പുറത്തുപൊകും-

൬൨– നിഷ്ഠായംപിഷ്ടയാലെപശ്ശശകൎണ്ണ്യാകൃതെകൃതഃ।
അവഗാഢംബഹിഃക്ഷിപ്രംകണ്ടകംസമുദീരയെൽ॥

മുയൽചെവി വെള്ളംകൂട്ടാതെ അരച്ചു മുൾക്കൊഴയിൽ പുരട്ടുക മുള്ളുതാനെ പറിഞ്ഞുപൊകും.

൬൩– സംപിഷ്യലവലീമൂലംനവനീതവിമിശ്രിതം।
ലെപനാൽശമയെദന്തഃപ്രവിഷ്ടാകണ്ടകംബാധഃ॥

വെള്ളിലവെര നല്ലവണ്ണം അരച്ചു വെണ്ണനെയ്യ പെൎത്തമുൾക്കൊഴയിൽ പുരട്ടുക മുള്ളുതാനെ പറിഞ്ഞുപൊകും

൬൪– വിരളാദലയാവന്ദാകംപയഃപിഷ്ടഞ്ചലെപനാൽ।
കണ്ടകംബഹിരുത്സാൎയ്യതദ്വിഷഞ്ചനിയച്ശതി॥

കഞ്ഞിക്കൊട്ടകത്തിന്മെലൊ കരിങ്കൊട്ടകത്തിന്മെലൊ ഉണ്ടായ ഇത്തിക്കണ്ണി പച്ചവെള്ളത്തിലരച്ചു മുൾക്കൊഴയിൽ പുരട്ടുക മുള്ളുതാനെ പറിഞ്ഞുപൊകും മുൾവിഷവും ശമിക്കും.

൬൫– പീതപൎണ്ണമൂലഞ്ചക്ഷീരപിഷ്ടംവിലെപനാൽ।
കണ്ടകംബഹിരുത്സാൎയ്യതദ്വിഷംശമയെൽക്ഷണാൽ॥

മഞ്ഞപ്പാവിട്ടയുടെവെര പാലിൽ അരച്ചു മുൾക്കൊഴയിൽ പുരട്ടുക മുള്ളുതാനെ പറിഞ്ഞുപൊകും മുൾവിഷവും ശമിക്കും.

൬൬– പാദെകണ്ടകാഞ്ചിദാവിദ്ധെകണ്ടകെനാതിദുസ്സഹാം।
മെദൊഞ്ജനയെച്ശൊഫംദാരുണഞ്ചാപിതദ്ദ്രണഃ॥

വൃ൩ - തത്രഗൊപാത്ഥജാമുസ്ഥാകാരസ്കരബലാംഭസാ।
സക്ഷീരൈരണ്ഡപരീഷെകഃകുൎയ്യാച്ചെ്വഹാപനൊദനം॥
വൃ൪ - ഋജാസംശമനഞ്ചാഥപയഃപിഷ്ടൈസ്ത്വലാതികൈഃ।
നവനീതെനസംയുക്തൈൎല്ലെപനഞ്ചമുഹുൎമ്മുഹുഃ॥

ചിലക്കമുള്ളകത്തിയാൽ അരുകൊണ്ടുണ്ടായവ്രണം സഹിച്ചു
കൂടാത്തതായ വെദനയെയും അധികമായ നീരിനെയും ഉണ്ടാ
ക്കും അതിന്നു നന്നാറിക്കിഴങ്ങ മുത്തങ്ങക്കിഴങ്ങ കാഞ്ഞിരത്തി
ൻവെര കുറുന്തോട്ടിവെര ഇവകൊണ്ടു കഷായം വെച്ചു അതി
ൽ പാലും വീഴ്ത്തി ധാരയിടുകയും കുറുന്തോട്ടിവെര എള്ള ഇവ
പാലിൽ അരച്ചു വെണ്ണചെൎത്ത പുരട്ടുകയും ചെയ്യും.

വൃ൫ - സംസ്രാപ്യപക്വാൽപൂയന്തുതൽക്ഷതാൽപരിശൊധ്യ
ത്തു। കുൎവ്വീതരൊപണംതൈലൈസ്തുൎവ്രണൊക്തൈരൊപ
ണൌഷധൈഃ॥

പഴുത്താൽചലംവാൎത്ത ശുദ്ധിവരുത്തിവ്രണചികിത്സയിൽ പ
റഞ്ഞ ഔഷധങ്ങളെക്കൊണ്ട ഉണക്കുക

## പാദദാഹ ചികിത്സാ

വൃ൬ - ശതാവരീരസൊൽഭൂതഫെനെനപരിലെപനാൽ।
പാദയൊശ്ശമയെദാശുദാഹംസൊശീരരെണുനാ॥

ശതാവരിക്കിഴങ്ങ ഇടിച്ചു പിഴിഞ്ഞ നീരെടുത്തുവെച്ചു കുറെ
നെരം കഴിഞ്ഞാൽ അതിലുണ്ടാകുന്ന നുരവരണ്ടി എടുത്തു രാ
മച്ചത്തിൻപൊടി അതിൽചെൎത്തുപുരട്ടുക കാലിന്റെഅടി ചു
ട്ടുനീറുന്നതു ശമിക്കും

വൃ൭ - അതിശീതാംബുനാപിഷ്ടൈൎമ്മസൂരവിദളൈഃകൃതഃ।
ലെപൊപ്രശ്രിതപാദയൊൎദ്ദാഹംസദ്യൊവ്യപനിയച്ഛതി॥

വലിയ പയററിൻ പരിപ്പു ഏററവുംതണുത്ത പച്ചവെള്ള
ത്തിൽ അരച്ചു കാലിന്റെഉള്ളനടിയിൽ പുരട്ടുക ചുട്ടുനീറൽ
ഉടനെ ശമിക്കും

വൃ൮ - ക്ഷീരിവൃക്ഷകഷായസ്യദ്രൊണെനപ്രസ്ഥസമ്മിതം।
ക്ഷീരംപക്വാത്തതശ്ശീതാന്നവനീതംസമുദ്ധൃതം।
വൃ൯ - ലെപനെനനയെച്ഛാന്തിമചിരാദ്ദാരുണന്താംഗതം।
പാദയൊൎദ്ദാഹമാശെവധാരാസാരഇവാനലം॥

നാല്പാമരത്തിൻതൊലികൊണ്ടു ക്രമപ്രകാരംവെച്ചു കുറുക്കി
പതിനാറിടങ്ങഴി കഷായമുണ്ടാക്കി അതിൽ ഇടങ്ങഴി പാൽ
ചെൎത്ത കുറുക്കി പാലുമാത്രം ശെഷിക്കുമ്പൊൾ വാങ്ങിഉറപാക

൯ കലക്കി എടുത്തവെണ്ണ പുരട്ടുക ചുട്ടുനീററൽ ഉടനെ ശമിക്കും

(ലാമജ്ജകാദി ഘൃതം)

൫൯- ലാമജ്ജകഹിമാംഭോജകമുളോൽപലമൂലകൈഃ।
ശാരിബാഭീരുഭൂതാലമധൂകൈശ്ചശൃതേജലേ॥
൬൦- തൃണപഞ്ചകമഞ്ജിഷ്ഠാശൈവലേയകതകാംബുദൈഃ।
കല്ക്കിതൈഃപയസാപക്വംസൎപ്പിശ്ചപാദദാഹജിൽ॥

രാമച്ചം ചന്ദനം താമരക്കിഴങ്ങ ആമ്പൽക്കിഴങ്ങ ചെങ്ങഴിനീർക്കിഴങ്ങ നന്നാറിക്കിഴങ്ങ ശതാവരിക്കിഴങ്ങ നിലപ്പനക്കിഴങ്ങ ഇരട്ടിമധുരം ഇവകൊണ്ടുകഷായംവെച്ചു ദൎഭവേര ആറുദൎഭവേര കരിമ്പിൻവേര വരിനെല്ലിൻവേര മഞ്ചട്ടിപ്പൊട്ടി കന്മതം തെററാംപരല മുത്തങ്ങക്കിഴങ്ങ ഇവ അരച്ചു കലക്കി പാല സമമായിച്ചേൎത്ത നെയ്യുകാച്ചിയരിച്ചു പുരട്ടുകപാദദാഹം ശമിക്കും

### പാൎഷ്ണിശൂലചികിത്സാ

൬൧- അശ്മസ്വിന്നംസമാലിംപേൽപാൎഷ്ണിംതദ്വൽശൂലശാന്തയേ।
സക്തൈഃകാഞ്ജികേപിഷ്ടൈൎമ്മിസിഭിർവ്വാഘൃതാന്വിതൈഃ॥

ചൂടുപിടിച്ച കല്ലിന്മേൽ ചവിട്ടിച്ചു മടമ്പുവിയൎത്താൽ കാടിയിൽ കടുകൊ ശതകുപ്പയൊ അരച്ചു നെയ്യുചേൎത്ത പുരട്ടുക മടമ്പുകുത്തുന്നത ശമിക്കും

### കന്ദളികാ ചികിത്സാ

൬൨- തുത്ഥരോചംശംഖപാഷാണംഹിംഗുമഞ്ചമനശ്ശിലാം।
ഹരക്ഷാരംച സജ്ജഞ്ചതുല്യാംശംതുല്യഗന്ധകം॥
൬൩- തേഷാംഷോഡശഭാഗേനതുല്യനശിവരേതസാ।
ധൂമപത്രരസേപിഷ്ടാഃതൈല്പ്ലാദിയസത്രയൽ॥
ഉത്ഭവംകന്ദളികായായാൽകന്ദവൎദ്ധതനംബോധി।

കാലിന്മേൽ മുളയുണ്ടായാൽ തുത്ത തുരിശ ശംഖപാഷാണം കായില്യം മനയോല പടിക്കാരം ചെഞ്ചില്യം ഇവ സമം ഒക്കക്കൂടിയെടത്തൊളം നെല്ലിക്കാഗന്ധകം മേൽപറഞ്ഞ മരുന്നുകളുടെ പതിനാറിൽ ഒരുഭാഗത്തൊളം രസം ഇങ്ങിനെ ചേൎത്ത ഉമ്മത്തിലനീരിൽ അരച്ചുപുരട്ടുക മൂന്നുദിവസം കഴിഞ്ഞാൽ മുള കിഴങ്ങുപോലെ പറിഞ്ഞുപോകും

## പാദശബ്ദചികിത്സാ

൯൩- കേദാരസിന്നത്തസ്യഗോമയസ്യവിലേപനം।
വ്രജതഃപാദയെശ്ശബ്ദംത്രിദിനെനനിയച്ഛതി॥

വിളവഭൂമികളുടെ സന്ധിയിൽ വീണ ചാണകമെടുത്ത കാലിന്മേൽ പുരട്ടുക നടക്കുന്നസമയം കാലിന്റെ സന്ധിയിൽ നിന്ന പുറപ്പെടുന്ന ശബ്ദം ശമിക്കും

## ദെഹസ്ഫുടന ചികിത്സാ

(അഗസ്ത്യപത്രാദി ഘൃതം)

൯൪- അഗസ്ത്യപത്രംനിഷ്പീഡ്യപ്രസ്ഥമാത്രരസെഘൃതെ।
തൽപുഷ്പകല്കംസംയോജ്യമാഹിഷ്യാഃപയസാസമം॥
൯൫- നവനീതംപചെൽപ്രസ്ഥംതദാലെപാന്നിയച്ഛതി।
ദെഹസ്യസ്ഫുടനംസപ്തരാത്രെണൈവനസംശയഃ॥

അഗസ്തിമരത്തിന്റെഇല ഇടിച്ചുപിഴിഞ്ഞെടുത്തനീര ഇടങ്ങഴി ൧ അതിൽ അഗസ്തിമരത്തിന്റെപൂവ്വ അരച്ചു കലക്കി പതിനാറുപലം എരുമവെണ്ണയും നാനാഴി എരുമപ്പാലുംകൂട്ടി കാച്ചിയരിച്ചു മെൽപുരട്ടുക തൊലിവിള്ളുന്നത ശമിക്കും

## ദെഹസ്വെദ ചികിത്സാ

൯൬- നിഷ്പാദെനഹരീതക്യാഃപിഷ്ടയാതാമെവസർവ്വതഃ।
കുർയ്യാദാലെപനംതെനദെഹസ്വെദഃപ്രശാമ്യതി॥

കടുക്കാക്കഷായത്തിൽ കടുക്ക അരച്ചു മെൽതെക്കുക വിയർപ്പുശമിക്കും

൯൭- അഥവാശാരിബാകന്ദംതസ്യാഃക്വാഥെനചന്ദനം।
നവനീതെനവാശീതതൊയെനാക്ഷാംബുനാഥവാ॥

നന്നാറിക്കിഴങ്ങ അതുകൊണ്ടുവെച്ച കഷായത്തിൽ തന്നെ അരച്ചുതെക്കയുമാം അല്ലാഎങ്കിൽ ചന്ദനം പച്ചവെള്ളത്തിൽ അരച്ചു വെണ്ണചെർത്ത തെക്ക താന്നിക്കക്കഷായത്തിൽ അരച്ചിട്ടുമാം

൯൮- സർവ്വെഷ്വെതെഷുസ്വെദെഷുകുർയ്യാദാപ്തനംതതഃ।
സ്നാനഞ്ചബദരീവല്കപാചിതെനഹിമാംഭസാ॥

മുൻപറഞ്ഞ ലെപനങ്ങൾ ചെയ്വാൻ മരുന്ന ഉണങ്ങി തുടങ്ങുമ്പോൾ തിരുമ്പിക്കളകയും ലന്തത്തൊലിയിട്ട വെള്ളംതിളപ്പിച്ച ആറിയാൽ അതുകൊണ്ട കുളിപ്പിക്കകയും വെണം

## ദേഹദുർഗ്ഗന്ധചികിത്സാ

൧൦൦- മഹിഷീശകൃദാലോഡ്യ ഗോമൂത്രേണ വിലേപനം।
കൃത്വാ ഗന്ധോദകസ്നാതോ ദുർഗ്ഗന്ധേന വിമുച്യതേ॥

എരുമച്ചാണകം ഗോമൂത്രത്തിൽ കലക്കി മേൽ തേച്ചു കുറെ നേരം കഴിഞ്ഞാൽ ഇരുവേലി രാമച്ചം കൊട്ടം ചന്ദനം ഇരുട്ടിമധുരം ഇവ കൊണ്ടു വെച്ച കഷായം കൊണ്ട കുളിപ്പിക്ക ദേഹത്തിങ്കലുള്ള ദുർഗ്ഗന്ധം ശമിക്കും

൧൦൧- യവചന്ദനപത്രൈശ്ച നാഗകുസുമാലരസാപ്ലുതൈഃ।
പ്രലിംപേൽ സർവ്വതോ ദേഹം ദുർഗ്ഗന്ധസ്യോപശാന്തയേ॥

യവം ചന്ദനം പച്ചില ഇവ ഉങ്ങിൻതളിരിന്റെ നീരിൽ അരച്ചു തേക്കുക ദേഹത്തിന്റെ ദുർഗ്ഗന്ധം ശമിക്കും

ഇതി വാദാസോപനാമകരാമാനന്ദനാഥപണ്ഡിത പാരശവചന്ദ്രകൃതാവാരോഗ്യകല്പദ്രുമേ ബാലചികിത്സായാം ചതുർവ്വിംശസ്തബകോ നാമ ചതുർവ്വിംശോദ്ധ്യായഃ

---

### ആരോഗ്യകല്പദ്രുമേ ബാലചികിത്സായാം

### പഞ്ചവിംശാദ്ധ്യായപ്രാരംഭഃ

---

## ലിംഗരോഗപ്രകരണം

## ഉപദംശചികിത്സാ

൧- ലിംഗവ്യാധിചികിത്സാഥ കഥ്യതേ നാതിവിസ്തരം।
തത്രോപദംശനാശ്ചൈവ ഉത്തരകർമ്മമോക്ഷഃ പ്രശസ്യതേ॥

ഈ അദ്ധ്യായത്തിൽ ലിംഗവ്യാധി ചികിത്സയെ സംക്ഷേപേണ പറയുന്നു ലിംഗവ്യാധികൾ ഉപദംശം മുതൽ ഇരുപത്തിമൂന്നാകുന്നു അതുകളിൽ വെച്ച ഉപദംശമെന്നത ലിംഗത്തിങ്കൽ ഉണ്ടാകുന്ന നീരാകുന്നു അത വാതജമായാൽ കറുപ്പും ചുവപ്പും തമ്മിൽ കൂടിയാലുണ്ടാകുന്ന നിറത്തോടുകൂടിയ നീരും പലവിധത്തിലുള്ള വേദനയും സ്തംഭനവും തോലി അവിടവിടെ പൊട്ടുകയും ഉണ്ടായിരിക്കും പിത്തജമായാൽ നീര പഴുത്ത അത്തിക്കായയുടെ നിറമായിരിക്കും പനിയുമുണ്ടാകും കഫജമാ

യാൽ നീര കഠിനമായിരിക്കും അല്പം വെളുപ്പുമുണ്ടാകും തണു
ത്തിരിക്കയും ചെയ്യും ചൊറിച്ചിലുമുണ്ടാകും രക്തദോഷത്താ
ൽ ഉൽഭവിച്ചു കപ്പെട്ടതായാൽ നീരകറുത്തിരിക്കും പുളകങ്ങളു
മുണ്ടാകും രക്തസ്രാവം പനി ഇവയുമുണ്ടാകും എല്ലാ ദോഷങ്ങ
ളുംകൂടി സംഭവിപ്പിച്ചതായാൽ മെൽപറഞ്ഞ ലക്ഷണങ്ങൾ
സംഭവത്തിനുതക്കവണ്ണം സമ്മിശ്രങ്ങളായി കാണുകയും ചെ
യ്യും വൃഷണവും വീങ്ങും ഇങ്ങിനെ ഉപദംശം അഞ്ചു വിധ
മായാലും നൂതനാവസ്ഥയിൽ ചോരകളയുന്നത എല്ലാററിന്നും
നല്ലതാകുന്നു

൨- പിഷ്ടൈസ്തിലൈർഘൃതക്ഷൌദ്രമിളിതൈഃ പരിലേപനം।
സേകസ്തിലകവല്കസ്യ നിഷ്ക്വാഥേന ച ശസ്യതേ।

എള്ള അരച്ച നെയ്യും തേനുംകൂട്ടി പുരട്ടുക മയിലെള്ളിൻ
തൊലിംകൊണ്ട കഷായംവെച്ച ധാരയിടുക ഇവ ചെയ്താൽ ശ
മിക്കും

൩- പടോലസംസ്രാവ്യജംബ്വാമ്രനീപക്ഷീരിദ്രുപല്ലവൈഃ।
ബദരീസല്ലകീവില്വതിമിശതാഗാരാഗ്വധൈഃ॥

൪- സാധിതേന കഷായേണ സിഞ്ചേന്മൃൽപാത്രദഗ്ധയാ।
ശ്രേഷ്ഠയാനസാജ്യയാലിപ്യ വ്രണമാശു പ്രരോപയെൽ॥

പഴുത്തുപൊയാൽ മലംചാത്തതിന്റെ ശെഷം ഞാവൽ തൊ
ലി മാവിൻതൊലി കടമ്പിൻതൊലി നാല്പാമരത്തിൻതൊലി
ലന്തതൊലി ഒരാറൻപനംതൊലി കുവളത്തിൻതൊലി തൊ
ട്ടുകാരതൊലി ത്രിഫല ഇവകൊണ്ട വെച്ച കഷായംകൊണ്ട
ധാര ചെയ്കയും ധാര കഴിഞ്ഞതിന്റെ ശെഷം ത്രിഫല മണ്പാ
ത്രത്തിലിട്ട ഭസ്മമാക്കി തെനിൽ ചെർത്ത പുരട്ടി ഉടനെ വ്രണത്തെ
ഉണക്കുകയും ചെയ്ക

൫- ഭൂയഃ പാകോ യഥാ നസ്യാൽ പ്രയതേത തഥാനിശം।
അവഗാഢേന പാകേന പ്രായോ നശ്യതി മേഹനം॥

അല്പമായി പഴുത്തുപോയാലും പിന്നെ പഴുക്കാതെ കഴിവാ
ൻ എല്ലാസമയവും വൈദ്യൻ പ്രയത്നംചെയ്ക ലിംഗരോഗങ്ങ
ളിൽ അത്യാവശ്യമാകുന്നു ഉള്ളിലെക്ക പഴുപ്പുകടന്നാൽ ലിംഗം
നശിച്ചു മൃത്യുവും വരാം

## ഗുഹ്യാർശശ്ചികിത്സാ

൧- ഛിത്വാ ഗുഹ്യഗതാന്യർശാംസ്യുപദംശോദിതൈഃ ക്രമൈഃ।
നയേൽ പ്രശമനം വൈദ്യോ ദഗ്ധ്വാ വാ ക്ഷാരഭേഷജൈഃ॥

ലിംഗത്തിന്മെൽ നീക്കിയാൽ നീങ്ങുന്നതായ തൊലിയുടെ പുറത്തൊ തൊലിനീക്കിയാലല്ലാതെ കാണാത്തവിധത്തിൽ അതിന്റെ അകത്തൊ കഠിനമായ ചൊറിച്ചിലൊടുകൂടി ഉണ്ടാകുന്ന മാംസകീലങ്ങളെ ഗ്രഥ്യാൎശസ്സ എന്ന പറയുന്നു ഈ രോഗം യോനിദ്വാരത്തിന്ന പുറമെയൊ യോനിയുടെ അകത്തുതന്നെയൊ സ്ത്രീകൾക്കുമുണ്ടാകും മെൽപറഞ്ഞ മാംസകീലങ്ങളെ മുറിച്ചിട്ടൊ മരുന്നുതെച്ചു പൊള്ളിച്ചിട്ടൊ കളഞ്ഞ ഉപദംശത്തിന്നു പറഞ്ഞ ചികിത്സകളെ ചെയ്ക എന്നാൽ ശമിക്കും

സൎഷപികാ ചികിത്സാ

൭- പത്രൊല്ലെഖസ്യപത്രെണസമുല്ലിഖ്യശനൈശ്ശനൈഃ।
പത്മകെസരലൊദ്ധ്രതാഗ്രെചചീയഷ്ടിചെണൎദ്ദിഃ॥

൮- ശ്ലെക്ഷ്ണസ്സൎഷപികാംസാജ്യമെലെനൊന്മാജ്ജ്യചൂൎണ്ണയെൽ।
തൈലെരചപകംസ്നെഹഘൃരൊപണായത്രയൊജയെൽ॥

ഗ്രഥ്യാൎശസ്സിന്ന പറഞ്ഞിരിക്കുന്ന സ്ഥാനങ്ങളിൽതന്നെ കടുകിൻമണിപ്രമാണങ്ങളായി ഉണ്ടാകുന്ന കീലങ്ങളുടെ സമൂഹത്തെ സൎഷപികയെന്ന പറയുന്നു അതിന്റെ കീലങ്ങളെ പാറകത്തിന്റെ ഇലകൊണ്ട പതുക്കെപ്പതുക്കെ ഉരസികനം കുറച്ച നെയ്യിൽ നനച്ച ശീലകൊണ്ട തുടച്ച ചൊരയുടെ സംബന്ധത്തെ വെർപെടുത്തി താമരയല്ലി പാച്ചൊററിത്തൊലി കടുക്ക ഇരട്ടിമധുരം ഇവ പൊടിച്ച ശീലപ്പൊടിയിട്ട നെപ്പിച്ച ആ പൊടി വ്രണത്തിൽ ഇടുകയും അതിന്റെമരുന്ന അരച്ച പച്ചവെള്ളത്തിൽ കലക്കി വെളിച്ചെണ്ണയൊ നെയ്യൊ എണ്ണയൊ ഇവ സമം സമ്മിശ്രമായിട്ടൊ ചെൎത്ത കാച്ചിയരിച്ച പുരട്ടി വ്രണങ്ങളെ ഉണക്കുകയും ചെയ്ക

അവമന്ഥചികിത്സാ

൯- അവമന്ഥെ പിത്തലെപ്യൊഷാക്രിയാസൎഷപികൊദിതാ।
ഉഭയൊരനയൊസ്സദാരക്തമൊക്ഷശ്ചശസ്യതെ॥

ലിംഗത്തിന്മെൽ ദീൎഘാകൃതികളായി നടുവിൽ വിള്ളലൊടുകൂടി ഉണ്ടാകുന്ന കുരുക്കളുടെ സമൂഹമത്രെ അവമന്ഥമാകുന്നത അതിന്നും സൎഷപികക്കു പറഞ്ഞ ചികിത്സ തന്നെ ചെയ്ക സൎഷപികക്കും അവമന്ഥത്തിന്നും രക്തമൊക്ഷംകൂടെ ചെയ്കിലെറെ നന്നു

## കുംഭീകാചികിത്സാ

൭൦ — അസൃഗ്ഗാസ്രാവ്യകുംഭീകാംസിഞ്ചെത്തിലകവാരിണാ।
പക്വാംവിശൊധ്യലൊദ്ധ്രതാൎക്ഷ്യപരാസ്സെഘനരൊപയെൽ॥

ലിംഗത്തിന്മെൽ ഞാവൽക്കുരുപൊലെയുണ്ടാകുന്ന കുരുവത്രെ കുംഭീകായാകുന്നത അതിന്ന ചൊര കളകയും മൈലെള്ളിൻതൊലികൊണ്ടു വെച്ച കഷായംകൊണ്ടു ധാരചെയ്കയും പഴുത്താൽ ചലം കളഞ്ഞ പാച്ചൊററിത്തൊലികൊണ്ടു കഷായം വെച്ച അതിൽ ത്രിഫല അരച്ചുകലക്കി വെളിച്ചെണ്ണ മുതലായത ചെൎത്ത കാച്ചിയരിച്ച പുരട്ടുകയും ചെയ്ക എന്നാൽ ശമിക്കും

## ലിംഗാലജി ചികിത്സാ

൭൧ — അലജ്യാമപിതുല്യൊയംകുംഭീകൊക്തഉപക്രമഃ। പ്രാ
യൊദ്ധ്വാരസെസ്സതൈലൊദ്രൊദ്യൈഃപകാഇഷ്യതെ॥

ലിംഗത്തിന്മെൽ പരന്ന വൃത്താകാരെണ പുറപ്പെട്ട സൂക്ഷ്മമായ ദ്വാരത്തൊടെ അല്പമായ ചൊരയൊടുകൂടിയ ചലത്തിന്റെ കനിവൊടുകൂടിയ കുരുവത്രെ ലിംഗാലജിയാകുന്നത അതിന്നും കുംഭീകക്കു പറഞ്ഞ ചികിത്സ പററുന്നതാകുന്നു ലിംഗാലജിക്ക പുരട്ടുവാൻതൈലം കരകനീരിൽ പാച്ചൊററിത്തൊലിയും ത്രിഫലയും അരച്ചുകലക്കി അതിൽ ചെൎത്ത കാച്ചിക്കൊൾക ഇത്ര മാത്രം ഭെദമുണ്ടു

## ഉത്തമാ ചികിത്സാ

൭൨ — വഡിശെനൊത്തമാംമൂലൈഃക്ഷൌദ്രയുക്തൈകുംഭിലെ
പയെൽ। മധൂകവിരളായഷ്ടിശ്രെഷ്ഠാകിംബകുളത്വചാം।

ലിംഗത്തിന്മെൽ രക്തപിത്തങ്ങളാൽ ഉഴുന്നിൻമണിപൊലെ ഉൽഭവിപ്പിക്കപ്പെടുന്ന കുരുവത്രെ ഉത്തമയാകുന്നത അതിനെ ചെത്തിച്ച ഇരിപ്പത്തൊലി കഞ്ഞിക്കൊട്ടത്തിൻ വെരുമ്മൽതൊലി ഇരട്ടിമധുരം കുടക എരിഞ്ഞിത്തൊലി ഇവപൊടിച്ച തെൻചെൎത്ത പുരട്ടുക.

## പുഷ്കരികാ ചികിത്സാ

൭൩ — യാനിയാനിവിസൎപ്പസ്യപിത്തജസ്യചികിത്സിതെ।
പ്രൊക്താനികുൎയ്യാസ്താന്യെവശാന്താംപുഷ്കരികാഃപി॥

ലിംഗത്തിന്മെൽ വൃത്താകാരമായി പരന്ന നീരൊട്ടും അതിന്റെ ഉപരിഭാഗത്തിങ്കൽ ചെറുതായ കുരുക്കളൊടുംകൂടിയ കുരുവത്രെ പുഷ്കരികയാകുന്നത അതിന്ന പിത്തവിസൎപ്പത്തിന്ന പറഞ്ഞ ചികിത്സകൾ ഒക്കെയും പററുന്നതാകുന്നു.

### വൃദ്ധചികിത്സാ

൭൪. വൃദ്ധെപിത്താനിശസ്യന്തെഗൊപികാതിലകല്ക്കചാം।
കല്ക്കാദ്യൈനാസിച്യലിംപെദ്ഭാകെരദ്ധശ്യോനകൊദ്ഭവൈഃ॥

കൈകൾകൊണ്ട ഏററവും സംവാഹനം ചെയ്ക നിമിത്തമായിട്ട ലിംഗത്തിന്മേൽ കുരുപൊലെ ഉണ്ടാകുന്ന നീരത്രെ വൃദ്ധമാകുന്നത. അതിന്നു പിത്തവിസപ്പത്തിന്ന പറഞ്ഞ ചികിത്സകളെചെയ്ക. അല്ലഎങ്കിൽ നന്നാറിക്കിഴങ്ങ, മയിലെള്ളിൻതൊലി, ഇവകൊണ്ട കഷായംവച്ച ധാരയിടുക. വരകരിതെങ്ങാപ്പാലിൽ അരച്ചുപുരട്ടുകയുംചെയ്ക. എന്നാൽ ശമിക്കും.

### മൃദിതചികിത്സാ

൭൫. ബലാതൈലെനകോഷ്ണേനസെചനംമൃദിതാഹ്വയെ।
വ്യാധൌപ്രശസ്യതെതദ്വല്ലെപശ്ചമിസിഭിഃകൃതഃ॥

മദ്ദനം ഹേതുവായിട്ട വായുകോപിക്കയാൽ ലിംഗത്തിന്മെൽ വേദനയോടുകൂടെ അല്പമായി ഉണ്ടാകുന്ന നീരത്രെ മൃദിതമാകുന്നത. അതിന്നു ബലാതൈലം മന്ദമായി ചൂടുപിടിപ്പിച്ച അതുകൊണ്ട ധാരയിടുക. ശതകുപ്പപൊടിച്ച ബലാതൈലം മന്ദൊഷ്ണമാക്കി അതിൽ ചേത്ത പുരട്ടുക.

### ഷ്ഠീലികാചികിത്സാ

൭൬. അഷ്ഠീലികായാംഹ്വതാസ്രംമസ്തുപിഷ്ടൈവ്വിലെപനം।
കുഷ്ഠാന്മനശ്ശിലാലൊദ്ധ്രകുന്ദുരുഷ്ണജയാസ്ഥിഭിഃ॥

വായുകോപം ഹേതുവായിട്ട അവിടവിടെ പൊങ്ങിയും താണും കഠിനമായുമുണ്ടാകുന്ന ലിംഗഗ്രന്ഥിയത്രെ അഷ്ഠീലികയാകുന്നത. അതിന്നു അട്ടഇട്ട ചോരകളകയും മനയോല, പാച്ചോററിത്തൊലി, കുന്തുരുക്കം, കടുക്കക്കുരു ഇവ തൈർവെള്ളത്തിൽഅരച്ച പുരട്ടുകയും ചെയ്ക.

### നിവൃത്തചികിത്സാ

൭൭. നിവൃത്തെസപ്പിഷാഭ്യംഗസ്സെദശ്ചസുതരാംഹിതഃ।
ഉപനാഹസ്ത്ര്യഹംപഞ്ചരാത്രംവാതദനന്തരം॥

൭൮. വ്യക്താമ്ലലവണസ്നെഹൈസ്സുഖൊഷ്ണൈമ്മാരുതാപഹൈഃ। കാൎയ്യസ്സെദംതതഃകൃത്വാസ്നെഹനഞ്ചസമാനയെൽ॥

൭൯. ശനൈശ്ചമ്മയഥാസ്ഥാനംസ്ഥിതെസ്മിന്നുപനാഹനം।
ഭൂയശ്ചകൃത്വാസ്നെഹാക്തംകുൎയ്യാച്ചസ്നിഗ്ദ്ധഭൊജിനഃ॥

ന്നെ*

വികസിപ്പിക്കുമ്പോൾ വേദനയോടും ചുട്ടുനീറലോടും കൂടി നീങ്ങിയതിന്റെ ശേഷം തൊലി മണിയുടെ സന്ധിയിൽ തടഞ്ഞുനിന്നാലതിന്ന നിരുദ്ധമെന്ന പേർപറയെണ്ടതാകുന്നു. അതിന്ന ലിംഗത്തിന്മെൽ നെയ്യ പുരട്ടി കുഴൽപുകകൊണ്ട വിയൎപ്പിച്ച രോഗശക്തിക്ക തക്കവണ്ണം മൂന്നൊ അഞ്ചൊ ദിവസം വ്യക്തമായ അമ്ലരസത്തൊടും ലവണരസത്തൊടുംകൂടി വാതശമനങ്ങളായിരിക്കുന്ന ഔഷധങ്ങളിൽ എണ്ണചെൎത്ത അതുകൾകൊണ്ട ഉപനാഹത്തെ ചെയ്ക പിന്നെയും വിയൎപ്പിച്ച നെയ്യൊ എണ്ണയൊ പുരട്ടി തൊലിക്ക അയവവരുത്തി പതുക്കെ പതുക്കെ ഉഴിഞ്ഞ മണിയുടെ സന്ധിയിങ്കലുള്ള തടവുതീൎത്ത തൊലിയെ സ്വസ്ഥാനത്തിങ്കലാക്കി പിന്നേയും ഉപനാഹത്തെചെയ്കയും നെയ്യൊ എണ്ണയൊ പുരട്ടുകയും ചെയ്ക. മേൽ പറഞ്ഞ ചികിത്സയുടെ കാലത്തിങ്കൽ രോഗിക്ക സ്നിഗ്ദ്ധമായ ആഹാരത്തെ കൊടുപ്പിക്കുകയും വെണം.

(നിശാജാത്യാദി തൈലം)

൨൦. നിശാജാതിദളാനന്താഭൃംഗരാജെന്ദ്രവല്ലികാഃ।
സഹദെവീഹരിക്രാന്താശശകൎണ്ണീശപ്രിയാഃ॥

൨൧. ഭൂതാലവശിനീഭദ്രാമായൂരീശ്ചപുനൎഭവാം।
ചിഞ്ചാവൎണ്ണശലാകാശ്ചസംക്ഷുദ്യജനിതെരസെ॥

൨൨. മഞ്ജിഷ്ഠാകുഷ്ഠയഷ്ട്യാഹ്വൈഃപക്വെനസമസൎപ്പിഷാ।
തൈലെനസെകശ്ശസ്തോസ്യസുതരാംഭ്രാങ്നിരുദ്ധയെ॥

പച്ചമഞ്ഞൾ, പിച്ചകത്തില, കറുക, കഞ്ഞുണ്ണി, ഉഴിഞ്ഞ, പൂവാംകുറുന്തല, വിഷ്ണുക്രാന്തി, മുയൽച്ചെവി, തിരുതാളി, നിലപ്പന, മുക്കുററി, ചെറൂള, ചെറുകടലാടി, തമിഴാമ, പുളിഞ്ഞരമ്പ, ഇവററിൻനീരിൽ മഞ്ചട്ടിപ്പൊടി, കൊട്ടം, ഇരട്ടിമധുരം, ഇവ അരച്ചുകലക്കി എണ്ണയും നെയ്യും സമമായി ചെൎത്ത കാച്ചി അരിച്ച അതുകൊണ്ട ധാരയിടുക, തൊലിനീങ്ങും. നീരുംപഴുപ്പുമുണ്ടെങ്കിൽ അതുകൾ ശമിക്കയുംചെയ്യും.

അവപാടികാചികിത്സാ

൨൩. സ്നെഹസെദൊപനാഹാദിവിധാനെനാവപാടികാം।
നിരുദ്ധവന്നയെച്ഛാന്തിമഭ്യസ്തെനചികിത്സകഃ॥

ലിംഗത്തിന്റെ അഗ്രത്തിങ്കലെ തൊലിക്ക അയവ പൊരാഞ്ഞാൽ വികാസം വരുമ്പോൾ വക്ക അവിടവിടെ പൊട്ടും അതിന്ന അവപാടികാ എന്ന പെരാകുന്നു അതിനെ മുൻപറഞ്ഞ

പ്രകാരം നെയ്യപുരട്ടി വിയപ്പിച്ച ഉപനാഹത്തെചെയ്തിട്ടുപി ന്നെയും നെയ്യ എണ്ണ മുതലായത പുരട്ടി അയവ വരുത്തീട്ടൊ നിശാജാത്യാദിതൈലം കൊണ്ടു ധാരചെയ്തിട്ടൊ ശമിപ്പിച്ച കൊൾക.

## നിരുദ്ധമണിചികിത്സാ

വ.൪. വാതപ്രശമനൈസ്നേഹൈസ്സിഞ്ചേൽസംകോചനാ
ശനൈഃ।നിരുദ്ധമണിമാനെതുംശാന്തിമാദൌചികിത്സകഃ॥

വാതകോപം ഹേതുവായിട്ടു ലിംഗാഗ്രത്തിങ്കലെ തൊലിവെ ണ്ടുംവണ്ണമുള്ള അയവിനെ വെടിഞ്ഞ കാമ്പിന്മേൽ പററി പോകയും അതിന്റെ അഗ്രത്തിംകലെ പഴുത്തു ചുരുങ്ങുകയും ചെയ്താൽ മൂത്രം മന്ദധാരമായി വേദനയോടു കൂടാതെ അല്പാല്പ മായിപോകും തൊലിയുടെ ഉള്ളിൽ അധികമായി തങ്ങിനി ല്ക്കുകയും ചെയ്യും. അതിന്ന നിരുദ്ധമണി എന്ന പേരാകുന്നുഅ ത ഉണ്ടായാൽ ആദിയിൽ വാതശമനങ്ങളായും അയവിനെ ഉണ്ടാക്കുന്നവയായുമുള്ള തൈലങ്ങൾകൊണ്ടു ധാരയിടുക. എ ന്നാൽ ശമിക്കും.

### (കാശമൂലാദിതൈലം)

വ.൫. കാശമൂലസ്യനിര്യൂഹെസംയോജ്യഗജവാദികാം
നിഷ്പീഡ്യസ്വരസംകല്കൈഃപയസ്യാമധുകൊൽപലൈഃ॥
വന്യ തുലാംശമഹിഷിക്ഷീരസംയുക്തംതിലജംപചെൽ।
തൽസെകെനനവൊൽപന്നനിരുദ്ധമണിനാശനം॥

ആററുദർഭവേര് കഷായംവെച്ച അതിൽആനടിയന്റെനീ രചേൎത്ത അടപതിയൻകിഴങ്ങ, ഇരട്ടിമധുരം, ചെങ്ങഴിനീർ ക്കിഴങ്ങ, ഇവ അരച്ചുകലക്കി എണ്ണയും എരുമപ്പാലും സമം ചേൎത്ത കാച്ചിയരിച്ച അതുകൊണ്ടു ധാരയിടുക. നൂതനമായ നിരുദ്ധമണി ശമിക്കും.

### (കരഭാണ്ഡാദി തൈലം)

വ.൬. കരഭാണ്ഡപയസ്യാബ്ദമുസലീശൃതവാരിണി।
ദ്രാക്ഷാമധുകമഞ്ജിഷ്ഠാകല്കൈസ്സിദ്ധഞ്ചതത്സമം॥

ഒട്ടകത്തിന്റെവൃഷണം, അടപതിയൻകിഴങ്ങ, മുത്തങ്ങക്കി ഴങ്ങ, നിലപ്പനക്കിഴങ്ങ, ഇവകൊണ്ടു കഷായംവെച്ച മുന്തി രിങ്ങപ്പഴം, ഇരട്ടിമധുരം, മഞ്ചട്ടിപ്പൊടി, ഇവ അരച്ചുകല ക്കി എണ്ണയുംഎരുമപ്പാലും സമമായിചേൎത്ത കാച്ചി അരി

ച്ച അതുകൊണ്ടു ധാരയിടുക. ഫലം മേൽപ്രകാരം തന്നെ.

(ബലാമുസല്യാദി തൈലം)

൨൭. ബലാമുസല്യുശീരാശ്വഗന്ധാഭീരുവിദാരിഭിഃ।
സിദ്ധെകഷായെമാതംഗപാദികാരസയോജിതെ॥

൨൮. പിഷ്ടൈഃപയസ്യാശൈലെയപുനൎന്നവസുരദ്രുമൈഃ।
സൂപ്യപൎണ്ണീസ്ഥിരായുഗ്മശതാഹ്വാജീവകഷ്ഭൈഃ।

൨൯. മഞ്ജിഷ്ഠാമധുകാഭീരുമാലതീമുകുളോൽപലൈഃ।
ശാരിബാകാശമൂലാഭ്യാംദ്രാക്ഷയാചപയസ്സമം॥

൩൦.തൈലംപചെത്തദഭ്യംഗസെകാഭ്യാമചിരൊത്ഥിതം।
തന്നിഹന്തിചിരൊത്ഥെപിനാളീസെകെനസാധനം॥

൩൧.നാളീമുഭയതൊദ്വാരാംന്യസ്യസികഥകസംഹിതാം।
അമുനാപൂരയെദന്തൎദ്വാരയെച്ചഘടീദ്വയം॥

൩൨.ത്ര്യഹമെവംവിധായാഥവൎദ്ധയിത്വാക്രമെണതാം।
വിന്യസ്യസിഞ്ചെന്നൈനചിരൊത്ഥമപിസാധയെൽ॥

കുറുന്തോട്ടിവേര, നിലപ്പനക്കിഴങ്ങ, രാമച്ചം, അമുക്കുരം, ശതാവരിക്കിഴങ്ങ, മുതക്കിൻകിഴങ്ങ, ഇവകൊണ്ടു കഷായം വെച്ച അതിൽ ആനടിയൻ നീര ചേൎത്ത അടപതിയൻകിഴങ്ങ, കന്മതം, തമിഴാമവേര, ദേവതാരം, കാട്ടുഴുന്നിൻവേര, കാട്ടുപയററിൻവേര, ഓരിലവേര, മൂവ്വിലവേര, ശതകുപ്പ, ജീവകം, ഇടവകം, മഞ്ചട്ടിപ്പൊടി, ഇരട്ടിമധുരം, ശതാവരിക്കിഴങ്ങ, പിച്ചകമൊട്ട, ചെങ്ങഴിനീർക്കിഴങ്ങ, നന്നാറിക്കിഴങ്ങ, ആററുദൎഭവേര, മുന്തിരിങ്ങപ്പഴം, ഇവ അരച്ചുകലക്കി എണ്ണയും പാലും സമമായി ചേൎത്ത കാച്ചിഅരിച്ച പുരട്ടുകയും ധാരയിടുകയും ചെയ്ക. മേൽപ്രകാരമുള്ള നിരുദ്ധമണി ശമിക്കും. നൂതനമല്ലാത്ത നിരുദ്ധമണിക്ക അല്പമായിട്ടെങ്കിലുമുള്ള ദ്വാരത്തിൽക്കൂടെ ചെറുതായൊരു കുഴൽവെച്ച തൊലിയുടേയും കുഴലിൻേറയും സന്ധിയിൽ മെഴു തേച്ച മേൽപറഞ്ഞ തൈലം കുഴലിൽക്കൂടെ അകത്ത നിറച്ച രണ്ടുനാഴികനേരം തൊലിയുടെ അകത്ത തൈലം നിറുത്തുക. ഇങ്ങിനെ മൂന്നുദിവസം ചെയ്താൽ പിന്നെ അതിനെക്കാൾ അല്പം വലുതായ കുഴൽ വെച്ച മേൽപ്രകാരം ചെയ്ക. ഈ ക്രമത്തിൽ നാളീസേകം ചെയ്താൽ ഈ തൈലം കൊണ്ടുതന്നെ ശമനം കാണുകയുമാം.

൩൪. അസിദ്ധൌസീവനീംത്യക്ത്വാചർമ്മശസ്ത്രേണവദ്ധയെൽ । തതഃക്ഷതവിധാനെനരൊപണഞ്ചസമാചരെൽ ॥

മേൽപ്രകാരം ചെയ്തിട്ടും ശമിക്കാതെകണ്ടാൽ സീവനി എന്നഞരമ്പിന്മെൽ തട്ടാതെ ശസ്ത്രംകൊണ്ടു തൊലി അല്പമായി ഛേദിച്ച സദ്യൊവ്രണ ചികിത്സചെയ്തു വ്രണത്തെ ഉണക്കിക്കൊൾക.

ഗ്രഥിതചികിത്സാ

൩൫. ഗ്രഥിതെനാളികാസ്വെദസ്നിഗ്ദ്ധൊഷ്ണൈരുപനാഹനം। ലെപശ്ചമിസിപിഷ്ടെനമസ്തുനാകാഞ്ചികെനവാ॥

കഫകോപം ഹേതുവായിട്ടലിംഗംശൂകാകീർണ്ണമൊ എന്നുതോന്നത്തക്ക വിധത്തിലുണ്ടാകുന്ന രോഗമത്രെ ഗ്രഥിത മാകുന്നത. അതിന്ന കുഴൽ പുകകൊണ്ടു വിയൎപ്പിക്കയും സ്നിഗ്ദ്ധോഷ്ണപദാൎത്ഥങ്ങൾകൊണ്ട ഉപനാഹവും തൈർവെള്ളത്തിലൊ കാടിയിലൊ ശതകുപ്പ അരച്ച അതുകൊണ്ടു ലേപനവും ചികിത്സയാകുന്നു.

സ്പർശഹാനിചികിത്സാ.

൩൬. സ്പർശഹാന്യാംഹരെതരക്തമഞ്ജിഷ്ഠായഷ്ടിചന്ദനൈഃ। നാളികേരസ്യദുഗ്ദ്ധെനപിഷ്ടൈഃ കുൎവ്വീതലെപനം॥

രക്തദോഷം നിമിത്തമായി ലിംഗത്തിന്മേൽസ്പർശമുണ്ടായാൽ അറിയാതയാകുന്നതത്രെ സ്പർശഹാനിയാകുന്നത. അതിന്ന ചോര കളകയും മഞ്ചട്ടിപ്പൊടി, ഇരട്ടിമധുരം, ചന്ദനം, ഇവ തേങ്ങാപ്പാലിൽ അരച്ച പുരട്ടുകയും ചെയ്താൽ ശമനമുണ്ടാകയും ചെയ്യും.

൩൭. അഥവാവർണ്ണിനീദാൎവ്വീവിഷവേഗശിഫാത്വചഃ। പത്തൂരസ്ഥാരസെപിഷ്ടാഭിഃകുൎയ്യാദ്ലെപനം॥

വെണ്പാടത്തൊലി, മരമഞ്ഞത്തൊലി, കരളകത്തിൻ വരിന്മേൽതൊലി, ഇവ വെളനീരിൽ അരച്ച പുരട്ടിയാൽ ഉടനെ ശമിക്കും

൩൮. ന്യഗ്രോധാദിശൃതംവാരിശസ്തംക്ഷാളനസെകയൊഃ। തിലകക്ഷീരിവൃക്ഷത്വങ്മാത്രപകമഥാപിവാ॥

ന്യഗ്രോധാദികഷായംവെച്ച അതുകൊണ്ട കഴുകുകയും ധാരചെയ്കയും നല്ലതാകുന്നു. അത്രതന്നെ വെണമെന്നില്ല- മയിലെള്ളിൻതൊലി, നാല്പാമരത്തിൻതൊലി, ഇവകൊണ്ട വെച്ച കഷായംകൊണ്ടായാലും മതി.

ശതപൊനകചികിത്സാ

൩൯. ശതപൊനകമാലിഖ്യമാക്ഷികെണസമന്വിതൈഃ।
രെചകീതിന്ദുകാഘോരബദരീവല്കൂരെണുഭിഃ॥

൪൦. പ്രലിംപെദഥവാധാത്രീഫലയഷ്ട്യാഹ്വഗൈരികൈഃ।
വാതശോണിതനിൎദ്ദിഷ്ടംസൎവ്വമത്രാപിശസ്യതെ॥

ലിംഗത്തിന്മേൽ ചെറുതായ ദ്വാരത്തോടുകൂടി എല്ലാടവുമുണ്ടാകുന്ന വ്രണത്തിന്ന ശതപോനകമെന്ന പേരാകുന്നു. അതിന്ന ഉരസി ചോരകളഞ്ഞതിന്റെശേഷം കടുക്ക, പനഞ്ചിക്ക, അകോരിവേരുമ്മൽതൊലി, ലന്തത്തൊലി ഇവപൊടിച്ച തേൻചേൎത്ത പുരട്ടുക. അല്ലായെങ്കിൽ നെല്ലിക്ക, ഇരട്ടിമധുരം, കാവിമണ്ണ ഇവ പൊടിച്ച തേൻചേൎത്ത പുരട്ടുക. വാതശോണിതത്തിന്ന പറഞ്ഞ ചികിത്സകളേയും ചെയ്യേ. എന്നാൽ ശമിക്കും.

ത്വൿപാകചികിത്സാ.

൪൧. ത്വൿപാകേതുപരീഷെകോന്യഗ്രോധാദിശൃതാംബുനാ।
നിശാജാത്യാദിതൈലെനലെപനംചപ്രശസ്യതെ॥

പിത്തരക്തങ്ങളാൽ ഉത്ഭവിപ്പിക്കപ്പെട്ടതായ പുഴപ്പ ലിംഗത്തിന്റെ തൊലിയിന്മേലായാൽ അതിനെ ത്വൿപാകമെന്ന പറയുന്നു. അതിന്ന ന്യഗ്രോധാദി കഷായം കൊണ്ട ധാരയും നിശാജാത്യാദിതൈലം പുരട്ടുകയും ചെയ്യേ.എന്നാൽ ശമിക്കും.

മാംസ്പാകത്തിന്ന ചെയ്യേണ്ടത്.

൪൨. അസഹ്യവേദനംസൎവ്വൈൎദ്ദൊഷൈസ്സമാപാദിതമഗ്നിവൽ।
ത്യജെദാശുക്ഷയകരംവൈദ്യോമാംസ്പാകംമാംസശാതനം॥

സഹിക്കപ്പെടുവാൻ കഴിയാത്ത വേദനയോടുകൂടിയതായും സൎവ്വദോഷങ്ങളാൽ ഉത്ഭവിക്കപ്പെടുന്നതായും അഗ്നി എന്നപോലെ ആശുനാശത്തിന്ന ഹേതുവായും മാംസത്തെ പഴുപ്പിച്ച സറുങ്ങിന്നുറുങ്ങി പോകുംവിധത്തിലാക്കുന്നതായുമിരിക്കുന്നതാകയാൽ മാംസ്പാകമെന്ന ലിംഗവ്യാധി അസാദ്ധ്യമത്രെ ആകുന്നത. അതിനെ വൈദ്യൻ ഉപേക്ഷിച്ചുകൊൾക.

ശൊണിതാൎബ്ബുദ ചികിത്സാ

൪൩. ഹൃതെസൃജിസമാലിംപെൽക്ഷീരെപാചിതപെഷിതൈഃ। ശാല്മകസെവ്യമഞ്ജിഷ്ഠാവിജയാക്ഷീരിവല്കലൈഃ॥

൪൪. നവനീതയുതൈല്ലിംഗംശൊണിതാൎബ്ബുദപീഡിതം।
അഥവാമധുകൊശീരദാൎവ്വീശാല്മകചന്ദനൈഃ

൪൭. അമൃതാശാരിബാദ്യൂവ്വാവിസദൃശധറ്റപല്ലവൈഃ।
വീരാഭീരുവരാലാക്ഷാജലദാംഭൊജകെസരൈഃ॥

൪൮. ലക്ഷ്മണാബദരീവല്ലൂകുഹളീകുസുമൈരപി.।
കിംപാകഫലസാരസ്യസപരസെനസുപെഷിതൈഃ॥

ലിംഗത്തിന്മേൽ അല്പമായ ചുവപ്പോടു സമ്മിശ്രമായ കറപ്പ നിറത്തിലുള്ള പുളകങ്ങളും കുരുക്കളും നീരും അസഹ്യമായവേദനയുമുണ്ടായാൽ അതിനെ ശോണിതാബ്ബുദമെന്നറിക. അതിന്നചോരകളഞ്ഞതിൻെറശേഷം ആമ്പൽക്കിഴങ്ങ, നൈതൽക്കിഴങ്ങ, ചെങ്ങഴിനീക്കിഴങ്ങ, കരിംകുവളക്കിഴങ്ങ, താമരക്കിഴങ്ങ, രാമച്ചം, മഞ്ചെട്ടിപ്പൊടി, കടുക്ക, നാല്പാമരത്തിൻതൊലി ഇവപാലിൽ പുഴുങ്ങി അരച്ച വെണ്ണചേൎത്ത പുരട്ടുക അല്ലായെങ്കിൽ ഇരട്ടിമധുരം, രാമച്ചം, മരമഞ്ഞതൊലി, ആമ്പൽക്കിഴങ്ങ, നൈതൽക്കിഴങ്ങ, ചെങ്ങഴിനീക്കിഴങ്ങ, കരിംകുവളക്കിഴങ്ങ, താമരക്കിഴങ്ങ, ചന്ദനം; ചിററമൃത, നന്നാറിക്കിഴങ്ങ, കറുക, താമരവളയം, നാല്പാമരത്തിൻകൂമ്പ, കൊവക്കിഴങ്ങ, ശതാവരിക്കിഴങ്ങ, ത്രിഫല, കൊലരക്ക, മുത്തെങ്ങക്കിഴങ്ങ, താമരയല്ലി, തിരുതാളി, ലന്തതൊലി, തെങ്ങിൻപൂക്കലയരി ഇവ കാഞ്ഞിരപ്പഴത്തിൻെറ കുരടുപിഴിഞ്ഞെടുത്തനീരിൽ അരച്ച വെണ്ണചേൎത്ത പുരട്ടുക

൪൯. ന്യഗ്രൊധാദികഷായെണക്ഷാളനഞ്ചസമാചരേൽ।
പകപാൻസ്സ്വൊടാൻപരിസ്രാവ്യപിടകാശ്ചവ്രണക്രിയാം

ന്യഗ്രോധാദി കഷായംകൊണ്ടു ശുദ്ധിവരുത്തുക പഴുത്താൽ ചലംവാൎത്ത വ്രണത്തിന്ന പറഞ്ഞ ചികിത്സകൾ ചെയ്ക ഉണക്കുക.

൫൦. ഇതിസമ്യക്പ്രയോഗെണദൈവസ്യാപ്യാനുകൂല്യതഃ।
കസ്യചിൽകദാപിസംശാമ്യെന്നതുസൎവ്വസ്യസൎവ്വതഃ॥

മേൽപറഞ്ഞപ്രകാരം നല്ലവണ്ണം ചികിത്സിച്ചാൽ ദൈവം അനുകൂലമാണെങ്കിൽ ഒരു ദേശത്തിങ്കൽ ഒരുത്തന ലിംഗത്തിന്മേൽ ഉണ്ടായ ശോണിതാബ്ബുദം ശമിച്ചുഎന്നു വാരാം. പ്രായേണ ആയത അസാദ്ധ്യമാകുന്നു.

മാംസാബ്ബുദാദികൾക്ക ചെയ്യേണ്ടത

൫൧. മാംസാബ്ബുദംത്വജെത്തദ്വച്ചിദ്രധിഞ്ചസകാളകം।
ശേഷാനരൈക്കെതരത്രാന്യഗ്രനെഷാക്കെരാപ്യുപാചരൻ॥

൭൦. പ്രദേശാന്തരനിർദ്ദിഷ്ടൈരത്രൈവൊചിതഭെഷജൈഃ।
അഥവാപ്രതികുർവ്വാണസ്സിദ്ധിംപ്രാപ്നോതിനിശ്ചയാൽ॥

മാംസാർബ്ബുദത്തെയും വിദ്രധിയേയും കാളകത്തെയും ഉപെക്ഷിച്ചുകൊൾക. മാംസാർബ്ബുദമെന്നത വാതപിത്തകഫങ്ങളിൽ വെച്ച കഫസംബന്ധത്തിൻെറ ആധിക്യത്തോടുകൂടി ദുഷ്ടമായ മാംസത്തെ ആശ്രയിച്ച് മുഴപോലെ ഉണ്ടാകുന്ന വ്യാധിയാകുന്നു, വിദ്രധിയെന്നത് കുരുവിൽ ഒരു വകഭേദമാകുന്നു. അത ലിംഗത്തിന്മേലും ഉണ്ടാകും. കാളകമെന്നത വാതപിത്തകഫങ്ങളാൽ ദുഷ്ടമാക്കപ്പെട്ടിരിക്കുന്ന മാംസം കറുത്തനിറമായി വിണ്ട പഴുത്ത ക്രമേണ നറുങ്ങിപ്പോകുംപ്രകാരത്തിലുള്ള രോഗമാകുന്നു. ഇവ മൂന്നും അസാദ്ധ്യങ്ങളാകുന്നു. ശേഷം രോഗങ്ങൾക്ക ഇവിടെ പറഞ്ഞ മരുന്നുകൾ പോരാതെവന്നാൽ ഇതരഗ്രന്ഥങ്ങളിൽ പറഞ്ഞവയെചേർത്തിട്ടൊ ഈ ഗ്രന്ഥത്തിൽതന്നെ മറെറാരു ഭാഗത്തിംകൽ പറഞ്ഞവയെ അവസ്ഥയെ അനുസരിച്ച യോജിപ്പിച്ചിട്ടൊ ചികിത്സിച്ചാൽ ശമനംവരുമെന്നു നിശ്ചയമാകുന്നു.

൭൧. ലിംഗവ്യാധിചികിത്സേതിസംക്ഷേപേണപ്രദർശിതാ॥
അഥാഭിധീയതെയോനിവ്യാപദാഞ്ചചികിത്സിതം।॥

ലിംഗവ്യാധിചികിത്സാ ഇങ്ങിനെ ചുരുക്കിപ്പറകപ്പെട്ടു. ഇനി യോനിരോഗചികിത്സയെ പറയുന്നു.

## യോനിരോഗപ്രകരണം

൭൨. യോനിവ്യാപത്സു സർവ്വാസുഭൂയിഷ്ഠംകർമ്മവാതജിൽ।
ശസ്യതെസ്നേഹനാദ്യത്രവാതൊത്ഥാസുവിശിഷ്യതെ॥

എല്ലായോനിരോഗങ്ങൾക്കും സ്നേഹനാദിയായ വാതശമനമായിരിക്കുന്ന കർമ്മം നല്ലതാകുന്നു. വാതത്താൽ ഉത്ഭവിപ്പിക്കപ്പെട്ടതുകൾക്ക ഏററവും നല്ലതാകുന്നു.

൭൩. വാതകോപാദൃതെനായോനിഃപ്രാപ്നോതിനചദുഷ്ടതാം।
ജിതാദൌവാതമേവാതൊജയെദ്ദോഷാന്തരംപുനഃ॥

വാതകോപം കൂടാതെ യോനി ദുഷിക്കാത്തതാകയാൽ ആദിയിൽ വാതത്തെശമിപ്പിച്ചിട്ട പിന്നെ അന്യദോഷങ്ങളെ ശമിപ്പിക്ക. ഇങ്ങിനെ യോനിരോഗചികിത്സയുടെ ക്രമമാകുന്നു.

൭൪. സ്നേഹനംസുകുമാരേണകുർയ്യാദ്ധാന്വന്തരേണവാ।
സെകംചനാള്യാസർവ്വത്രനിതെനൊഷ്ണജലൊഷ്മണാ॥

സുകുമാരമൊ ധാന്വന്തരമൊ സേവിപ്പിച്ച സ്നിഗ്ദ്ധതയുണ്ടാക്കുക. കുഴൽപുകകൊണ്ടു വിയൎപ്പിക്കുക.

൧൩. ദശമൂലകഷായഞ്ചത്രിമിശ്രകസമന്വിതം ।
പായയേദ്വലമേതാവദ്വിധാനംവാതശാന്തയെ ॥

ദശമൂലകഷായം ത്രിമിശ്രകതൈലം മേപ്പൊടിചേൎത്തസേവിപ്പിക്ക. ഇത്രമാത്രമുള്ള ചികിത്സകൊണ്ടു എല്ലാരോഗങ്ങളിലും വാതശാന്തി വരുത്തിക്കൊൾക.

വാതികീ ചികിത്സാ

(ബലാഗോക്ഷുരകാദി കഷായം)

൧൪. ബലാഗോക്ഷുരകാഭീരുപയസ്യാധ്വാവനീനതൈഃ ।
സദേവാഹ്വൈഃശൃതംതോയംസസിതംഹന്തിവാതികീം ॥

യോനിസ്ഥലത്തിങ്കൽ വായുകോപിച്ച വേദന, കുത്തൽ, വലിച്ചിൽ തരിപ്പ, ഇറുമ്പുകളരിക്കുന്നതുപോലെ തോന്നിപ്പിക്ക സ്തംഭനം, കൎക്കശതാ, മുളൽപോലെയുള്ള ശബ്ദം, നുരയൊടുകൂടിയതായി ചുവപ്പൊടു സമ്മിശ്രമായ കറപ്പുനിറത്തിലുള്ള അല്പമായ രജസ്സിന്റെ സ്രവണം കടിയിൽവേദന ഇവയെ ഉണ്ടാക്കുന്നു. മേൽപറഞ്ഞ ലക്ഷണങ്ങളോടുകൂടിയ യോനിരോഗത്തെ വാതികി എന്നു പറയുന്നു. ഈ രോഗം ക്രമേണ ഗുന്മത്തെ ഉണ്ടാക്കുകയും ചെയ്യും. കുറുന്തോട്ടിവേര, ഞെരിഞ്ഞില, ശതാവരിക്കിഴങ്ങ, അടപതിയൻകിഴങ്ങ, മുവ്വിലവേർ, തകരം, ദേവതാരം ഇവകൊണ്ടു കഷായംവച്ച പഞ്ചസാരചേൎത്ത സേവിപ്പിക്ക. മേൽപറഞ്ഞ രോഗം ശമിക്കും.

(രാസ്നാബൃഹതികാദി കഷായം.)

൧൫. രാസ്നാബൃഹതികാദാരുമുസ്താഗൊക്ഷുരനാഗരൈഃ ।
ബലാത്രയഗുഹായുക്തൈഃശൃതമംഭശ്ചതാദൃശം ॥

അരത്ത, ചെറുവഴുതിനവേര, ദേവതാരം, മുത്തെങ്ങക്കിഴങ്ങ, ഞെരിഞ്ഞില, ചുക്ക, കുറുന്തോട്ടിവേര, വെൺകുറുന്തോട്ടിവേര, ഊരകത്തിൻവേര, മുവ്വിലവേര ഇവകൊണ്ടുകഷായംവച്ച പഞ്ചസാരമേപ്പൊടിചേൎത്ത സേവിപ്പിക്ക. വാതികി ശമിക്കും.

(ബലാബൃഹതികാദി തൈലം)

൧൬. ബലാബൃഹതികാദ്വന്ദ്വദാരുഭിഃകഥിതെജലെ ।
ശതാഹ്വാനതകുഷ്ഠാബ്ദകൌന്തീഭിസ്തിലജംപചേൽ ॥

൫൭ *

൩ൻ. ദത്വാചതുർഗ്ഗുണംക്ഷീരംദ്വിഗുണഞ്ചെക്ഷവംരസം ।
പിചുനാധാരിതംയൊനൌതന്നിയച്ഛതിവാതികീം ।
കുറുന്തോട്ടിവേര, ഓരകത്തിൻവേര, ചെറുവഴുതിനവേര, വെൾവഴുതിനവേര, ദേവതാരം ഇവകൊണ്ടു കഷായംവെച്ച ശതകുപ്പ, തകരം, കൊട്ടം മുത്തെങ്ങാക്കിഴങ്ങ, അരേണുകം ഇവ അരച്ചുകലക്കി എണ്ണയും എണ്ണയിൽ നാലിരട്ടി പാലും ഇരട്ടി കരിമ്പിൻനീരുംകൂട്ടി കാച്ചിയരിച്ച അതിൽ ശീലമുക്കി യോനിപ്രദേശത്തിങ്കലിടുക. വാതികി ശമിക്കും.

അതിചരണാ ചികിത്സാ

൩൦. ക്രിയാതിചരണായാഞ്ചപ്രായഎഷാപ്രശസ്യതെ ।
ശോഫപ്രശമനഞ്ചാത്രകുർയ്യാൽപ്രാഗെവലെപനൈഃ ॥
൩൧. ശാല്മകാദിഭിരത്രൊക്തൈർമ്മധുകാദിഭിരെവചവാ ।
തതശ്ചസ്നേഹനാദീനികർമ്മാണ്യപിചയൊജയേൽ ॥
വാതകിക്കു പറഞ്ഞ ലക്ഷണങ്ങളും വിശേഷിച്ച നീരുമുണ്ടായാൽ ആ വ്യാധി അതിചരണയാകുന്നു. അതിന്നും മേൽപറഞ്ഞ ചികിത്സകൾ പ്രായേണ പററുന്നതാകുന്നു. അതിന്ന ൧൭ം അദ്ധ്യായത്തിങ്കൽതന്നെ ശോണിതാർബ്ബുദചികിത്സയിൽ പറഞ്ഞിരിക്കുന്ന ശാല്മകാദികൾ കൊണ്ടൊ മധുകാദികൾകൊണ്ടൊ ലേപനംചെയ്ത ആദിയിൽതന്നെ നീരശമിപ്പിക്കയുംപിന്നെ സ്നേഹനാദിയെ ചെയ്കയും വേണം. ഇത്രമാത്രം വിശേഷമുണ്ട.

പ്രാക്ചരണാ ചികിത്സാ

൩൨. ധാരയെതപിചുംയൊനൌബലാബൃഹതികാദിനാ ।
തൈലേനവ്യാപദംയോനെർഹ്ന്യാൻപ്രാക്ചരണാംശമം ।
അതിബാലയായവൾക്ക മൈഥുനംസംഭവിച്ചാൽ വായുകോപിച്ച അരക്കെട്ട, കടി, തുട, മുട്ടിങ്കൽനിന്ന താഴെ ഞെരിയാണിവരെ ഉള്ളഭാഗം ൧൦ം പ്രദേശങ്ങളിൽ വേദനയെയും യോനിക്കു ചുട്ടുനീറൽ, വേദനമുതലായ ദോഷങ്ങളെയുമുണ്ടാക്കും. അതിന്ന പ്രാക്ചരണാ എന്ന പേരാകുന്നു അതു സംഭവിച്ചാൽ ബലാബൃഹതികാദി തൈലത്തിൽ ശീലമുക്കിയൊനിപ്രദേശത്തിങ്കലിടുക.

(അമൃതാമുസല്യാദി കഷായം)

൩൩. അമൃതാമുസലീദാരുവരീരാസ്നാബലാത്രയൈഃ ।
സിദ്ധമംഭസ്സിതാസർപ്പിസ്സഹിതംപായയെതച ॥

ചിററമൃത നിലപ്പനക്കിഴങ്ങ, ദേവതാരം, ശതാവരിക്കിഴങ്ങ അരത്ത, കുറുന്തോട്ടിഃവേര വെങ്കുറുന്തോട്ടിവേര ഊരകത്തിൻവേര, ഇവകൊണ്ടു കഷായംവെച്ച പഞ്ചസാര, നെയ്യ ഇവമെപ്പൊടിചേൎത്ത സേവിപ്പിക്ക.

(ബലാത്രയ മുസല്യാദികഷായം)

൱൪. ബലാത്രയമുസല്യബ്ദസൂപ്യപൎണ്ണീസ്ഥിരാദ്വയൈഃ।
ഗൊധൂമമധുകദ്രാക്ഷാവൃശ്ചീവസുരദാരുഭിഃ॥

൱൫. അമൃതാഗോക്ഷുരാളൎക്കാസ്സേക്ഷുരകനാഗരൈഃ।
സിദ്ധഃകഷായസ്സഘൃതോഹന്ത്യാൽപ്രാക്ചരണാംക്ഷണാൽ॥

കുറുന്തോട്ടിവേര, വെങ്കുറുന്തോട്ടിവേര, ഊരകത്തിൻവേര നിലപ്പനക്കിഴങ്ങ. മുത്തങ്ങക്കിഴങ്ങ കാട്ടുഴുന്നിൻവേര, കാട്ടുപയററിൻവേര, ഓരിലവേര, മൂവ്വിലവേര, കോതമ്പ, ഇരട്ടിമധുരം, മുന്തിരിങ്ങപ്പഴം, തമിഴാമവേര, ദേവതാരം, ചിററമൃത, ഞെരിഞ്ഞില, തെക്കടവേര, അരത്ത വയൽച്ചുള്ളിവേര, ചുക്ക ഇവകൊണ്ടു കഷായംവെച്ച നെയ്യ മേപ്പൊടിഃചേൎത്തസേവിപ്പിക്ക. പ്രാക്ചരണാ ഉടനെ ശമിക്കും.

## ഉദാവൎത്താ ചികിത്സാ

൱൬. തൈലക്തൈനശതാഹ്വായാരജസാലിപ്യശാടകം। തെനൊവനഹ്യയൊന്യാസ്യമുദാവൎത്താംശമംനയെൽ॥

വേഗോദീരണം ഹേതുവായിട്ട വായുകോപിച്ച യോനിദ്വാരത്തെ നിപീഡനചെയ്ത രജൊനിൎഗ്ഗമത്തെ തടുക്കും. എന്നാൽ രജസ്സ നല്ലവണ്ണം പോകാതെ നുരയൊടുകൂടി അല്പമായിപൊകയും ചെയ്യും. അതിനെ ഉദാവൎത്ത എന്ന പറയുന്നു. അതസംഭവിച്ചാൽ ശതകുപ്പപൊടിച്ച എണ്ണയിൽനനച്ച ഒരു ശീലയിൽതേച്ച അത യോനിമുഖത്തിംകൽ വെച്ച ഖണ്ഡിക്കുക എന്നാൽ ശമിക്കും.

൱൭. അസിദ്ധൌത്ര്യശസപ്പിഷ്ഠംബലാത്രിതയസാധിതം।
തൈലംസൈരെയവഷാഭ്രബലാകാഥൈനപായയേൽ॥

ശമിച്ചില്ലായെങ്കിൽ കുറുന്തോട്ടിവേര, വെങ്കുറുന്തൊട്ടിവേര ഊരകത്തിൻവേര ഇവകൊണ്ട കഷായംവച്ച മേൽപറഞ്ഞമരുന്നുകൾതന്നെ അരച്ചുകലക്കി മൂന്നിൽ ഒരുഭാഗം നെയ്യുംചെൎത്ത എണ്ണകാച്ചിയരിച്ച കരിംകുറുഞ്ഞിവേര തമിഴാമവേര കുറുന്തോട്ടിവേര ഇവകൊണ്ടുകഷായംവെച്ച അതിൽ മേപ്പൊടിയാ

ക്കിച്ചേൎത്ത സേവിപ്പിക്ക എന്നാൽ ശമിക്കും.

ജാതഘ്നീ ചികിത്സാ

൩൭. സ്നിഗ്ദ്ധസ്വിന്നശരീരായാസ്തസ്യാഃപ്രശമനംഗതൊ
വായൊരക്തംചസംശൊദ്ധ്യജാതഘ്നീംശമനംനയെൽ।

ശരീരത്തിന്റെ രൂക്ഷത ഹേതുവായിട്ട വായുകോപിച്ചവപിന്നെയും തന്റെ കോപത്തിന്ന നിദാനമായ രൂക്ഷതയ്ക്കു താൻ തന്നെപോഷകനായിനിന്ന ആൎത്തവത്തെ ദുഷ്ടമാക്കി ദുഷ്ടാൎത്തവസംബന്ധം ഹേതുവായിട്ട യോനിയേയും ദൂഷിപ്പിക്കുന്നു. ആ കാലങ്ങളിൽ ജാതന്മാരായ ശിശുക്കളൊക്കെ മരിച്ചുപോകയും ചെയ്യും. അത ഹേതുവായിട്ട മേൽപറഞ്ഞ രോഗത്തിന്ന ജാതഘ്നീഎന്ന വൈദ്യന്മാർ നാമധേയത്തെ നിശ്ചയിച്ചിരിക്കുന്നു. അത സംഭവിച്ചാൽ സ്നേഹിപ്പിക്കയും വിയൎപ്പിക്കയുംചെയ്തവപിന്നെയും വാതശമനങ്ങളായ ഔഷധങ്ങളെ ശീലിപ്പിച്ചവായുകോപത്തെ നല്ലവണ്ണം ശമിപ്പിച്ചതിന്റെ ശേഷം രക്തശുദ്ധി വരുത്തികൊൾക എന്നാൽ ശമിക്കും.

(ലാക്ഷാദാൎവ്വ്യാദി കഷായം)

൩൮. ലാക്ഷാദാരവ്വീവിശാലാബ്ദപടൊലബൃഹതീദ്വയൈഃ।
ഫലത്രയയുതൈഃകാഥസ്സസിതൊസ്രവിശൊധനഃ॥

കോലരക്ക, മരമഞ്ഞതൊലി, കാട്ടുവെള്ളരിവേര, മുത്തെങ്ങക്കിഴങ്ങ, പടോലം, ചെറുവഴുതിനവേര, വെൾവഴുതിനവെര, ത്രിഫല ഇവകൊണ്ട കഷായംവെച്ച പഞ്ചസാര മേപ്പൊടി ചേൎത്ത സേവിപ്പിക്ക. രക്തശുദ്ധിവരും.

(തൃണപഞ്ചകാദി കഷായം)

൪൦. തൃണപഞ്ചകവൃശ്ചീവപയസ്യാശാരിബാദ്വയൈഃ।
സെവ്യചന്ദനമൂൎവ്വാബ്ദപടൊലസുരദാരുഭിഃ॥

൪൧. അമൃതാക്ഷീരിവൃക്ഷത്വഗ്രെചകീരജനീദ്വയൈഃ।
വിശാലയാചസംസിദ്ധസ്സിതാഢ്യതയുതസ്തഥാ॥

ദൎഭവേര, ആററുദൎഭവേര, കരിമ്പിൻവേര, അമവേര, വരിനെല്ലിൻവേര, തമിഴാമവേര, അടപതിയൻകിഴങ്ങ, നന്നാറിക്കിഴങ്ങ, പാൽവള്ളിക്കിഴങ്ങ,രാമച്ചം,ചന്ദനം,പെരുംകുരുമ്പവെര, മുത്തെങ്ങക്കിഴങ്ങ, പടോലം, ദേവതാരം, ചിററമൃത, നാല്പാമരത്തിൻതൊലി, കടുക്ക,വരട്ടുമഞ്ഞൾ,മരമഞ്ഞതൊലി,കാട്ടുവെള്ളരിവേര ഇവകൊണ്ട കഷായംവെച്ച പഞ്ചസാരയുംനെയ്യും മേപ്പൊടിചേൎത്ത സേവിപ്പിക്ക, രക്തശുദ്ധിവരും.

(ദാർവീപടൊലാദി കഷായം)

൨൮. ദാർവ്വീപടോലയഷ്ട്യാഹ്വദേവാഹ്വക്ഷീരിവല്ക്കലൈഃ।
തോയെനപരിപക്വെനശീതളെനചസെചനം॥

മരമഞ്ഞത്തൊലി, പടോലം, ഇരട്ടിമധുരം, ദേവതാരം, നാല്പാമരത്തിൻതൊലി ഇവകൊണ്ടു കഷായംവെച്ചു തണുപ്പിച്ചു യോനിപ്രദേശത്തിങ്കലും വസ്തിഭാഗത്തിങ്കലും ധാരചെയ്ക.

൨൯. തെനൈവമധുയുക്തെനരക്താശയവിശുദ്ധയെ।
യന്ത്രേണാപൂരണംകുൎയ്യാദ്യോനിദ്വാരാനുഗാമിനാ॥

മേല്പറഞ്ഞ കഷായത്തിൽ തേൻചേൎത്ത യോനിദ്വാരത്തിൽ വസ്തിയന്ത്രത്തിന്റെ അഗ്രത്തെ പ്രവേശിപ്പിച്ചു യന്ത്രത്തിന്റെ അകത്താക്കി പീച്ചി രക്താശയശുദ്ധിയെ ചെയ്ക. ഇവ രക്കെയും ചെയ്താൽ ജാതഘ്നീ എന്ന യോനിരോഗം ശമിക്കും.

അന്തർമ്മുഖീ ചികിത്സാ

൩൦. സ്നേഹസ്വേദൊപപന്നായാസ്സ്രോതഃകുടിലമാൎജ്ജവം।
നെഷ്യന്മിസിരജസ്സിദ്ധമുപനാഹൈദ്വാരയോജയേൽ॥

അതിഭക്ഷണത്തെ ചെയ്തു ഉടനെ സുരതത്തിങ്കൽ വേണ്ടുംവണ്ണമല്ലാതെ ശയിച്ചാൽ അന്നത്താൽ പീഡിതനായിരിക്കുന്ന വായു യോനിസ്രോതസ്സിന്ന വളവുമുതലായ വികൃതിയെ ഉണ്ടാക്കും. അതിന അന്തർമ്മുഖിയെന്ന പേരാകുന്നു. അതു സംഭവിച്ചാൽ സ്നേഹസ്വേദങ്ങളെ ശീലിച്ചു വായുകോപത്തെ ശമിപ്പിച്ചു കുടിലമായ യോനിസ്രോതസ്സിനെ വേണ്ടുംവണ്ണമാക്കേണ്ടതിനും മററുള്ള ദോഷങ്ങളുടെ നിവൃത്തിക്കുംവേണ്ടി ശതകുപ്പപൊടിച്ചു ധാന്വന്തരം മുതലായ എണ്ണയിൽ നനച്ചു ശീലയിൽതെച്ചു യോനിമുഖത്തിങ്കൽ വെച്ചു കെട്ടുക എന്നാൽ ദ്വാരത്തിന്റെ വളവ ശമിക്കും വായുപ്രേരണ ഹേതുവായിട്ടു അസ്ഥിയൊ മാംസമൊ സ്ഥാനത്തിങ്കൽനിന്ന നീങ്ങുകയും അതുകൊണ്ടു അടവുമുണ്ടായാൽ ആയതും ശമിക്കും

(അമൃതാദശമൂലാദി കഷായം)

൩൧. അമൃതാദശമൂലാഭ്യാംവൃശ്ചീവെനചസാധിതഃ।
കഷായസ്താംനിഹന്ത്യാശുസിതാജീരകമിശ്രിതഃ॥

ചിററമൃത, ദശമൂലം, തമിഴാമവേര ഇവകൊണ്ടു കഷായം വച്ചു പഞ്ചസാര, ജീരകം ഇവ മെപ്പൊടി ചേൎത്ത സേവിപ്പിക്ക.

ന്നൃ. പിചുഃക്ഷീരബലാതൈലപ്രയുക്തോധാരിതസ്സദാ ।
സപ്താഹേനനയെച്ഛാന്തിമന്തർമ്മുഖ്യാഖ്യമാമയം ॥

ക്ഷീരബലാതൈലത്തിൽ ശീലമുക്കി യോനിപ്രദേശത്തിങ്കൽ എല്ലാസമയവുമിടുക, ഏഴ ദിവസംകൊണ്ട അന്തർമ്മുഖിയെന്ന യോനിരോഗം ശമിക്കും.

## സൂചീമുഖീ ചികിത്സാ

ഩൈ. സ്നിഗ്ധസ്വിന്നശരീരായാഃകോഷ്ണക്ഷീരമധിശ്രിതം ।
വെണ്ണപത്രബലാദന്ദജീരകെക്ഷുരകൈന്നിശി ।

ഩൈ. പീതവത്യാശ്ചസപ്താഹംപിചുനാസ്നേഹിതെഭഗെ ।
പ്രവെശ്യൌദസ്ഥയംകീലംശ്ലക്ഷ്ണംതദ്വാരസമ്മിതം ॥

ഩൻ. ബലാശതാഹ്വാവൃശ്ചീവതിലകത്വക്കച്ശ്രുതാംബുനാ ।
യാമാർദ്ധംസമൃഗാസിച്യകീലംതത്രൈവധാരയെൽ ॥

ഩ൦. സമ്മാർജ്ജ്യനാളീബാഷ്പെണസെ്വദയിത്വാതതൊലഘു ।
സ്വയംനിപതിതെകീലെപിചുംസന്ധാരയെതച ॥

ഩ൧. ഏകാഹംസമതീത്യാഥകീലംസ്ഥൂലതരംതതഃ ।
പ്രവെശ്യകുര്യാൽപ്രാഗ്വച്ചതദ്വദേവംക്രമൊത്തരൈഃ ॥
യതൈനെസ്സൂചീമുഖിംവൈദ്യശ്ശനകൈഃപ്രശമംനയെൽ ।

മാതാവ വാതകോപകരങ്ങളായിരിക്കുന്ന ആഹാരവിഹാരാദികളെ ശീലിക്ക നിമത്തമായിട്ട കോപിച്ചിരിക്കുന്ന വായു ആ കാലത്തിങ്കൽ ഉല്പാദിപ്പിക്കപ്പെട്ട ശിശുവിൻെറ യോനിയാകുന്ന അംഗത്തിന്ന കാരണമായ ശുക്ലാത്തവത്തെ ദുഷ്ടമാക്കിയാൽ യോനിയുടെ ദ്വാരം നന്നെ ചെറുതായിപോകും. അതിന്ന സൂചീമുഖി എന്ന പേരാകുന്നു. അത സംഭവിച്ചാൽ വാതഹരങ്ങളായ തൈലങ്ങളെകൊണ്ട സ്നിഗ്ധതയുണ്ടാക്കി വിയർപ്പിച്ച വാതഹരങ്ങളായ തൈലങ്ങൾകൊണ്ട ഏഴദിവസം പിചു ഇടുകയും ആ ദിവസങ്ങളിൽ അത്താഴം കഴിഞ്ഞതിൻെറ ശേഷം മുളയില, കറുന്തോട്ടിവെര, ഉൗരകത്തിൻവേര, ജീരകം വയൽച്ചുള്ളിവേര, ഇവയിട്ടു കുറുക്കിയ പാല മന്ദൊഷ്ണമായാൽ സേവിപ്പിക്കയും ചെയ്തതിൻെറ ശേഷം യോനിക്ക അപ്പോൾ ഉള്ള ദ്വാരത്തോടുസമമായി കെടെശത്തിൻെറ ശകലം ചെത്തി മിനുപ്പിച്ച ആയത യോനിദ്വാരത്തിങ്കൽ തിരുകി കുറുന്തോട്ടിവേര, ശതകുപ്പ, തമിഴാമവേര, മയിലെള്ളിൻതൊലി, ഇവകൊണ്ട കഷായംവെച്ച തണുപ്പിച്ച അതുകൊണ്ട മൂന്നെമുക്കാൽനാഴിക ധാരചെയ്ത കെടെശത്തിൻെറ ശകലമെടുക്കാതെതൊത്തി

കുഴൽപുകകൊണ്ട അല്പമായി വിയപ്പിച്ച കെടെശത്തിന്റെ ശകലം താനെവീണാൽ വാതഹരങ്ങളായ തൈലങ്ങാംകൊണ്ട പിചുവിനെ ധരിപ്പിക്കുകയും പിന്നെ ഒരുദിവസം കഴിഞ്ഞാൽ മുമ്പെവെച്ച ശകലത്തിനെക്കാാം അല്പം വലുതായശകലത്തെവെച്ച മുൻപറഞ്ഞപ്രകാരമൊക്കെ ചെയ്കയും ഇങ്ങിനെക്രമത്താലെ വലിയശകലങ്ങാം തിരുകുകയും മെൽപറഞ്ഞ പ്രവൃത്തികളെയും ചെയ്ത പതുക്കപ്പതുക്കെ അതിന്ന ശമനം വരുത്തിക്കൊാംക.

വൃ൨. അസിദ്ധൌതുനിജിഹ്രീയാദ്വൈദ്യോയൽസഹജൈവസാ। തഥാപികുത്രചിൽകാചിച്ഛാമ്യെദിതിമതസ്ഥിതിഃ॥

മേൽപറഞ്ഞപ്രകാരംചെയ്ത ശമിപ്പിപ്പാൻകഴിയാതയായാലും തന്നാൽ ആരംഭിക്കപ്പെട്ട പ്രവൃത്തികാം പാഴിലായെല്ലൊ എന്ന വിചാരിച്ച വൈദ്യൻ ലജ്ജിക്കരുത. മേൽപറഞ്ഞ രൊഗം സഹജമാകയാൽ അസാദ്ധ്യങ്ങളുടെ കൂട്ടത്തിലെത്രെ ചേരേണ്ടത. എന്നാലും വല്ലൊരെടത്തഒന്ന ശമിച്ച എന്ന വരേണ്ടതിന്ന വഴിയുണ്ട എന്നാകുന്നു ആചാൎയ്യമതസ്ഥിതി. അതുകൊണ്ട യത്നംചെയ്ത നോക്കേണ്ടതാകുന്നു.

## ശുഷ്കാ ചികിത്സാ

വൃ൩. ശുഷ്കായാംതൈലമൈരണ്ഡംപായയിത്വാപയൊയുതം। അപഹായമലസ്തംഭംസ്നെഹസ്വെദവിധെഃപരം॥

വൃ൪. പായയെൽസഘൃതംക്വാഥംവിദാൎയ്യാദിശൃതംസദാ। ധാരയേതചതൈലാർദ്രാംയൊനൌവൎത്തിഞ്ചലാപഹാം॥

ഋതുകാലത്തിങ്കൽ വേഗരോധം ഹേതുവായിട്ട കോപിച്ചിരിക്കുന്ന വായുവിനാൽ മലമൂത്രങ്ങളുടെ ബന്ധത്തോടുകൂടെ ഉണ്ടാക്കപ്പെടുന്ന യോനിശൊഷത്തെ ശുഷ്ക എന്ന പറയുന്നു. അത ഏററവും വേദനയെ ഉണ്ടാക്കുകയുംചെയ്യും. അതിന്നു സ്നേഹസ്വേദവിധിയുടെ ശേഷം ആവണക്കെണ്ണ പാലിൽ ചേൎത്ത സേവിപ്പിച്ച വിരേചിപ്പിക്കയും വിരേചിപ്പിച്ചതിന്റെ ശേഷം അഗ്നിബലം വെണ്ടുംപ്രകാരത്തിലായാൽ വിദാൎയ്യാദി കഷായം നെയ്യു മേല്പൊടിചേൎത്ത സേവിപ്പിക്കയും വാതഹരമായ തൈലത്തിൽ നനച്ചതിരി യൊനിയിൽ എല്ലാപ്പോഴും ധരിപ്പിക്കയും ചെയ്ക എന്നാൽ ശമിക്കും.

## വാമിനീ ചികിത്സഃ

വൃ൫. വാമിനീംശമയെൽസ്നെഹസ്വെദനൊത്തരവസ്തിഭിഃ॥

കഷായെണ ബലാതൈലവിമിശ്രേണബലായുതൈഃ ॥

വൃന. ദശമൂലപയസ്യാബ്ദവരീമുസലികന്ദകൈഃ ।
സൂപ്യപർണ്ണീശതാഹ്വാഭ്യാംവിഹിതെനസദാത്മഭിഃ ॥

യോനിയിൽ നിഷിക്തമായ ശുക്ലത്തെ ആറാം ദിവസമൊ ഏഴാംദിവസമൊ പുറത്തെക്കാക്കുന്നതായ യോനിരോഗത്തിന്ന വാമിനി എന്ന പേരാകുന്നു. അതിന്ന വാതശമനമായ തൈലംകൊണ്ട പിഴിഞ്ഞുവീത്തുകയുംവിയപ്പിക്കയും ഉത്തരവസ്തിവെക്കുകയും ചെയ്തിട്ട കുറുന്തോട്ടിവേര, ദശമൂലം, അടപതിയൻകിഴങ്ങ, മുത്തങ്ങക്കിഴങ്ങ, ശതാവരിക്കിഴങ്ങ, നിലപ്പനക്കിഴങ്ങ, കാട്ടുഴുന്നിൻവേര, കാട്ടുപയററിൻവേര ശതകുപ്പ, ദേവതാരം, ഇവകൊണ്ടു കഷായംവെച്ച ബലാതൈലം മെപ്പൊടിചേൎത്ത സേവിപ്പിക്ക എന്നാൽ ശമിക്കും.

ഷണ്ഡരൊഗത്തിന്ന ചെയ്യേണ്ടത.

വൃ൦. യയാന്ത്രദെഷിണീനാരീസദാസ്യാച്ചതഥസ്തനീ ।
ഷണ്ഡസംജ്ഞാമുപേക്ഷെതയൊനെസ്താംവ്യാപദംബുധഃ॥

യാതൊരു രോഗംകൊണ്ട സ്ത്രീ എല്ലാസമയവും പുരുഷനൊട ചേച്ചയില്ലാതെയും മുലയില്ലാതെയും ഭവിക്കുന്നുവൊ ആ യോനിരൊഗത്തിന്ന ഷണ്ഡമെന്ന പേരാകുന്നു. അതിനെ അറിവുള്ളവൻ ഉപേക്ഷിക്ക എത്രെ ചെയ്യേണ്ടത.

മഹായോനി ചികിത്സാ

(ഷാഷ്ടികതൈലം)

വൃവ. ഷഷ്ടികാനാംതുലാംപക്ത്വാക്ഷിപ്ത്വാംഭസിവഹൊന്മിതെ। അഷ്ടഭാഗാവശേഷേസ്മിൻഹരിണിമാംസജംരജഃ॥

വൃൻ. തുല്യംസംയോജ്യദ്രഗ്ധഞ്ചകഷായൈഃപിഷ്ടകല്ക്കിതൈഃ।
ശൈലേയഘനദേവാഹ്വശതാഹ്വാനതസൈന്ധവൈഃ॥

ൻ൦. കാളാനുസാരീസരളരാസ്നാഖരസികാദ്വയൈഃ ।
കുണ്ഡലീമൂലനിൎഗ്ഗുണ്ഡീഗൊധികാപല്ലവൈരപി॥

ൻ൧. തൈലപ്രസ്ഥംപചെദ്ദത്വാകുഡുബംപ്രത്ത്യസൎപ്പിഷഃ।
തദ്ധംചപ്രിയാളൊത്ഥസ്നേഹസ്യൈരണ്ഡജസ്യച ॥

ൻ൨. ആക്ഷസ്യകുഡുബദ്വന്ദ്വംസ്നേഹസ്യാഖിലസമ്മിതം ।
ആജംക്ഷീരഞ്ചതൽപൂതംലെപസെകാദികൎമ്മഭിഃ ॥

ൻ൩. മഹായെനിസമാഖ്യാനമാമയംവിനിയച്ഛതി ।
സൎവ്വാംശ്ചവാതജാന്രോഗാൻയക്ഷ്മാണമപിദാരുണം॥

൯൪. തദിദംഷാഷ്ടികംതൈലംഫെളെന്നസമുദീരിതം ।
നാദഃപ്രാപ്യാതിവത്തെതനകശ്ചിദവ്യനിലാമയഃ॥

ഒരു തുലാം നവരനെല്ല അറുപത്തനാലിടങ്ങഴിവെള്ളത്തിൽ കഷായംവെച്ച എട്ടിടങ്ങഴിയാക്കി അരിച്ചെടുത്ത മുപ്പത്തിരണ്ട പലം മാൻപേടയുടെ മാംസം മുപ്പത്തിരണ്ടിടങ്ങഴി വെള്ളത്തിൽ കഷായംവെച്ച എട്ടിടങ്ങഴിയാക്കി ഊററി അതിൽചേൎത്ത എട്ടിടങ്ങഴിപാലും ചേൎത്ത കന്മതം, മുത്തങ്ങക്കിഴങ്ങ, ദേവതാരം, ശതകുപ്പ, തകരം, ഇന്തുപ്പ, ഉലുവ, ചരളം, അരത്ത, കരിങ്കരശിൻപട്ട, ചെങ്കരശിൻപട്ട, ഇശങ്കിൻവേര, കരുനൊച്ചിവേര, ത്തുവളത്തളിര, ഇവ മുമ്മൂന്ന കഴഞ്ചഅരച്ചുകലക്കി നാനാഴി എണ്ണയും നാഴി പഴനെയ്യം ഉരി മുറ എണ്ണയും ഉരി ആവണക്കെണ്ണയും ഇരുനാഴി താന്നിഎണ്ണയും എട്ടനാഴി ആട്ടിൻപാലുംചേൎത്ത കാച്ചിഅരിച്ച ലേപനംമുതലായ കൎമ്മങ്ങൾ ചെയ്താൽ മഹായോനി എന്നുപേരായ യോനിരോഗം ശമിക്കും വായുകോപിച്ച യോനിമുഖത്തെയും ഗൎഭാശയത്തെയും സ്തംഭിപ്പിച്ച വലുതായ വേദനയെയും യോനിദ്വാരത്തിന്ന അധികമായ വികാസത്തെയുമുണ്ടാകും. അതത്രെ മഹായോനി എന്ന രോഗമാകുന്നത. മേല്പറഞ്ഞതൈലം അതിനെമാത്രം ശമിപ്പിക്കുമെന്നുതന്നെ അല്ല എല്ലാം വാതവ്യാധികളേയും പാരിച്ച രാജയക്ഷ്മാവിനെയും ശമിപ്പിക്കും. മേല്പറഞ്ഞതൈലം ഫെളാചാൎയ്യനാൽ പറകപ്പെട്ടതാകുന്നു.

(യവജീരകാദി കഷായം)

൯൫. യവജീരകവൃശ്ചീവരെചകീചവ്യചിത്രകൈഃ ।
വെണുപത്രബലാദ്വന്ദ്വമിസിഭിശ്ചശൃതംജലം ॥

൯൬. ഘൃതജീരകസംയുക്തംപിബന്തീനാംപ്രഗെതരാം ।
പഞ്ചാഹെനശമംയായുൎമ്മഹായോനിഗദാത്തയഃ ॥

യവം, ജീരകം, തമിഴാമവേര, കടുക്ക, കാട്ടുമുളകിൻവേര, കൊടുവേലിക്കിഴങ്ങ, മുളയില, കുറുന്തോട്ടിവേര, ഊരകത്തിൻവേര, ശതകുപ്പ ഇവകൊണ്ടു കഷായംവെച്ച നെയ്യും ജീരകവും മേപ്പൊടിചേൎത്ത് ഏററവും പുലൎച്ചെ സേവിപ്പിക്ക. അഞ്ചുദിവസംകൊണ്ടു മേൽപറഞ്ഞ രോഗം ശമിക്കും.

൯൭. വനപാടലികാവല്കപരാഗൈൎമ്മധുമിശ്രിതൈഃ ।
വരാംഗെപരിതൊലെപൊമഹായോനിംനിയച്ഛതി॥

മലമ്പാതിരിയുടെ തോല പൊടിച്ച തേനിൽ ചാലിച്ചയോ

നിപ്രദേശത്തിങ്കൽ എല്ലാടവും പുരട്ടുക. മേൽപറഞ്ഞരോഗം ശമിക്കും.

൯൭. പത്മെനിമീലനംപ്രാപ്തെപത്മിനീകന്ദമുദ്ധൃതം । പാലാശൈഃകുസുമൈസ്സാൎദ്ധംപിഷ്ടാതെനകൃതൊപിവാ ॥

താമരപ്പൂവു കൂമ്പിയിരിക്കുമ്പോൾ താമരയുടെ കിഴങ്ങു പറിച്ചു പ്ലാശിൻെറ പൂവു സമമായി ചേൎത്തരച്ചു അതിൽ തേനും ചേൎത്തു മേൽപ്രകാരം പുരട്ടുക മേൽപറഞ്ഞ വ്യാധി ശമിക്കും.

## പൈത്തികീ ചികിത്സാ

൯൮. പൈത്തിക്യാംശീതളൈഃകുൎയ്യാൽസിദ്ധൈനാന്നിലനാശനൈഃ । സ്നേഹേനസേകംപിത്തസ്യശമനെനസസൎപ്പിഷാ ॥

തൻെറ കോപകാരണങ്ങളിലെതെങ്കിലുമുണ്ടാകയാൽകുപിതമായിരിക്കുന്ന പിത്തം യോനിപ്രദേശത്തെ ആശ്രയിച്ചിട്ടു ചുട്ടുനീറൽ, പഴുപ്പു, ദുൎഗ്ഗന്ധം, പനിമുതലായ ഉപദ്രവത്തെ ഉണ്ടാക്കും അതിനെ വൈദ്യന്മാർ പൈത്തികി എന്നു പറയുന്നു. അതു സംഭവിച്ചാൽ ശീതവീൎയ്യങ്ങളായ കുറുന്തോട്ടിവേര, ശതാവരിക്കിഴങ്ങു മുതലായ ഔഷധങ്ങൾകൊണ്ടു കഷായംവെച്ചു അപ്രകാരമിരിക്കുന്ന ഔഷധങ്ങളെ കല്ക്കമാക്കി എണ്ണയും നെയ്യും തുല്യമായിചേൎത്തു കാച്ചിയരിച്ചുഅതുകൊണ്ടു പിഴിഞ്ഞുവിഴുത്തുക

## (ബലാഗോപാംഗനാദി തൈലം)

൧൦൦. ബലാഗോപാംഗനാഭീരുമുസലീകന്ദയഷ്ടിഭിഃ । സാമൃതാഭിശ്ശൃതെതോയെമഞ്ജിഷ്ഠായഷ്ടിചന്ദനൈഃ ॥

൧൦൧. കല്ക്കിതൈസ്സൎപ്പിഷാതുല്യംപക്വംതൈലമനുത്തമം । ലെപാദൌതത്രതെനസ്യാൽപൈത്തിക്യാസ്തരസാശമഃ ॥

കുറുന്തോട്ടിവേര, നന്നാറിക്കിഴങ്ങു, ശതാവരിക്കിഴങ്ങു, നിലപ്പനക്കിഴങ്ങു, ഇരട്ടിമധുരം, ചിററമൃത ഇവകൊണ്ടു കഷായം വെച്ചു മഞ്ചെട്ടിപ്പൊടി, ഇരട്ടിമധുരം, ചന്ദനം ഇവ അരച്ചുകലക്കി എണ്ണയും നെയ്യും സമമായിച്ചേൎത്തു കാച്ചിയരിക്കുക. ഈ തൈലം പുരട്ടുവാനും പിഴിഞ്ഞുവിഴുത്തുവാനും നല്ലതാകുന്നു. അതുകളെ ചെയ്താൽ പൈത്തികി ശമിക്കുകയും ചെയ്യും.

൧൦൨. പാകോത്തരായാംപൈത്തിക്യാംന്യഗ്രോധാദിശൃതാംബുനാ । പരിഷേകംപ്രകുൎവ്വീതദൌൎഗ്ഗന്ധ്യേചഭൃശംസതി ॥

പഴുപ്പൊ ദുൎഗ്ഗന്ധമൊ അധികമായിട്ടുണ്ടായാൽ ന്യഗ്രോധാദികൊണ്ടു കഷായംവെച്ചു ധാരയിടുക.

൧൭൧. തത്രജപരൊത്തരായാന്തു ഗുളൂചീപപ്പടാംബുദൈഃ।
സൊശീരധാന്യദുസ്പൎശഃകഥിതംഹിതമംബുച॥
പനിഅധികമായി ഉണ്ടായാൽ ചിററമൃത, പപ്പടം, മുത്തെങ്ങക്കിഴങ്ങ, രാമച്ചം, കൊത്തമ്പാലയരി, കൊടുത്തൂവ്വവേരഇവകൊണ്ട കഷായംവച്ച സേവിപ്പിക്ക.
൧൭൮. അതിമാത്രാൎത്തവാശ്ശുദ്ധൌദാവ്വീലാക്ഷാഫലത്രയൈഃ
ബലാത്രയയുതൈസ്സിദ്ധംനിഷ്ക്വാഥംപായയെന്നിശി॥
രജസ്സിന്ന ഒട്ടുംതന്നെ ശുദ്ധിയില്ലാതെ പോകിൽ മരമഞ്ഞത്തൊലി, കോലരക്ക, ത്രിഫല ഇവകൊണ്ട കഷായംവച്ചഅത്താഴത്തിൻെറമുമ്പെ സേവിപ്പിക്ക ഇവ ചെയ്താൽ ററൈത്തികീ എന്ന യോനിരോഗം ശമിക്കും.

## രക്തയൊനി ചികത്സാ
## (സിദ്ധാമൃത ഘൃതം)

൧൭൯. പാഠാസമംഗാവില്വപാബ്ദബലാത്രയവൃഷാംബുഭിഃ।
ജംബൂചൂതാസ്ഥിലോദ്ധ്റതപഗുശീരൈരശ്വശൃതെജലെ॥
൧൮൦. ശൈലെയധാതകീപുഷ്പവസുകാംബഷ്ഠഗൈരികൈഃ।
മുസ്താശാൽമലിനിൎയ്യാസചന്ദനദ്വയവത്സകൈഃ॥
൧൮൧. മധുക തിവിഷാകൌന്തീശാരിബാപത്മകെസരൈഃ।
മധൂകപുഷ്പഭൃനിംബധനികാശതവെധിഭിഃ।
൧൮൨. ഡാഡിമതപഗപചാഭാൎങ്ഗീഫേനബീജകുടന്നടൈഃ।
ഉദുംബരഫലാഭീരുമുസലീകന്ദജീരകൈഃ।
൧൮൩.മഞ്ജിഷ്ഠാഞ്ജനനാഗാഹ്വഫലിനീഭിശ്ചകല്കിതൈഃ।
സിദ്ധംസിദ്ധാമൃതംനാമരക്തയോനിംജയെൽഘൃതം॥
യോനിയിൽനിന്ന അധികമായ രക്തം സ്രവിക്കുന്നതിന്ന രക്തയോനിയെന്ന പേരാകുന്നു. അതിന്ന പാടക്കിഴങ്ങ, പടൎച്ചുണ്ടവേര, കൂവളത്തിൻവേര, മുത്തെങ്ങക്കിഴങ്ങ, കുറുന്തോട്ടിവേര,വെൺകുറുന്തോട്ടിവേര, ഊരകത്തിൻവേര,ആടലോടകത്തിൻവേര, ഇരുവേലി, ഞാവൽതൊലി, മാങ്ങയണ്ടിപ്പരുപ്പ,പാച്ചോററിത്തൊലി,രാമച്ചം ഇവകൊണ്ടുകഷായംവെച്ച കന്മതം, താതിരിപ്പൂവ്വ താൎതാവൽവേര, അമ്പഴത്തിൻതൊലി,കാവിമണ്ണ,മുത്തെങ്ങക്കിഴങ്ങ, പൂളപ്പശ,ചന്ദനം, രക്തചന്ദനം, കുടകപ്പാലയരി,ഇരട്ടിമധുരം അതിവിടയം, അരെണുകം,നന്നാറിക്കിഴങ്ങ, താമരയല്ലി ഇരിപ്പപ്പൂവ്വ പുത്തരിച്ചുണ്ട വേരുമ്മൽതൊലി, കൊത്തമ്പാലയരി,സഹസ്രവേധി,താളിമാതളങ്ങയു

ടെ ഓട, വയമ്പ, ചെറുതേക്കിൻവേര, കശകശ, പലകപ്പയ്യാനിവേര, അത്തിക്കായ, ശതാവരിക്കിഴങ്ങ, നിലപ്പനക്കിഴങ്ങ, ജീരകം, മഞ്ചെട്ടിപ്പൊടി, അഞ്ജനക്കല്ല, നാഗപ്പൂവ്വ, ഞാഴൽപ്പൂവ്വ ഇവ അരച്ചുകലക്കി നെയ്യുചേൎത്ത കാച്ചിയരിച്ചു സേവിപ്പിക്കു.

(ദൂൎവ്വാസാരാദി ഘൃതം)

൧൧൦. ദൂൎവ്വാസാരമഭീരുണാംകന്ദസ്വരസംസമം।
മുസലീകന്ദദൂസ്സ്വശ്ജംബൂത്വഗ്ഭിശ്ശൃതെജലെ॥
൧൧൧. താഭ്യാംനല്പ്യസമായോജ്യഘൃതമഷ്ടാംശെനസമ്മിതം।
ഘൃതംപയസ്സമംദത്വാപൂൎവ്വൊക്തൈഃ പിഷ്ടകല്ക്കിതൈഃ॥
൧൧൨. ശൈലെയാദ്യൈരൌഷധൈഃപക്വംരക്തയോന്യാംഹിതംപരം। രക്തപിത്തെഷു സൎവ്വെഷുപ്രദരെഷുചശസ്യതെ॥

കറുകനീര ഇടങ്ങഴി ൧. ശതാവരിക്കിഴങ്ങിൻെറ നീര ഇടങ്ങഴി ൧. നിലപ്പനക്കിഴങ്ങ, കൊട്ടത്തൂവ്വവേര, ഞാവൽതൊലി ഇവകൊണ്ടു വെച്ചകഷായം ഇടങ്ങഴി ൨. ഇവമൂന്നും ഒരു പാത്രത്തിലാക്കി മുൻപറഞ്ഞ നെയ്യിൻെറ കല്ക്കത്തിന്നപറഞ്ഞമരുന്നുകൾതന്നെ എല്ലാംകൂടി ആറു കഴഞ്ചു അരച്ചുകലക്കി നാഴിനെയ്യും നാഴിപാലുംചേൎത്ത കാച്ചിയരിച്ചു സേവിപ്പിക്കുക രക്തയൊനിക്കും രക്തപിത്തത്തിന്നും അസൃഗ്ദരത്തിന്നും ഹിതമാകുന്നു.

(വസുകാദി ഗുളം)

൧൧൩. വസുകാഭീരുദൂസ്സ്വശ്ബലാനളദചന്ദനൈഃ।
ഭൂനിംബവാരിമുസ്താഭിൎവൃത്സകൈശ്ചശൃതെജലെ॥
൧൧൪. ദ്രോണപ്രമാണെസംയോജ്യജീൎണ്ണംഗുളപലാഷ്ടകം।
പാകെനസാന്ദ്രതാംനീതെസിദ്ധാമൃതഘൃതൊദിതൈഃ॥
൧൧൫. കല്ക്കൌഷധൈഃകൃതംചൂൎണ്ണം ദ്വിപലംതത്രയോജയെൽ। അഥാവതാൎയ്യസൽപാത്രെ ന്യസ്തംരക്ഷെത്തദൌഷധം॥
൧൧൬. മധുനാലോഡ്യതന്മാത്രാംപ്രാശയെൽപ്രാതരുത്ഥിതാം
പക്ഷമാത്രപ്രയോഗാൽസാരക്തയോനിംനിയച്ഛതി॥

താൎത്താവൽവേര, ശതാവരിക്കിഴങ്ങ, കൊട്ടത്തൂവ്വവേര, കുറുന്തോട്ടിവേര, രാമച്ചം, ചന്ദനം, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, ഇരുവേലി, മുത്തെങ്ങക്കിഴങ്ങ, കുടകപ്പാലയരി ഇവകൊണ്ടു വെച്ചകഷായംഇടങ്ങഴി ൧൬. അതിൽ ൮ പലംപഴയ ശൎക്കര കലക്കികുറുക്കി സാന്ദ്രമായാൽ സിദ്ധാമൃതഘൃതത്തിൻെറ ക

ഌൂത്തിന്നുപറഞ്ഞ മരുന്നുകൾ പൊടിച്ച ഒക്കുള്ളടെ രണ്ടുപലം ചേൎത്ത വാങ്ങി ആറിയാൽ പാത്രത്തിലാക്കി അതിൽനിന്ന വെണ്ട സമയം വേണ്ടതെടുത്ത തേൻചേൎത്ത അയവുവരുത്തി രാവിലെ സേവിപ്പിക്ക. പതിനഞ്ചുദിവസം മേൽപ്രകാരം ചെയ്താൽ രക്തഃയാനി ശമിക്കും.

## ശ്ലൈഷ്മികീ ചികിത്സാ

൭൭. പിപ്പലീലോഹപത്ഥ്യാനാംചൂൎണ്ണോമാക്ഷികസംയുതഃ।
പ്രലെപാദ്യ്വാപദംഹന്തിയൊനെൎയ്യാശ്ലൈഷ്മികീമതാ॥

അഭിഷ്യന്ദികളായിരിക്കുന്ന ആഹാരങ്ങളെ ഉപയോഗിക്കനിമിത്തമായി കോപിച്ച കഫം യോനിയെ ആശ്രയിച്ചുനിന്നിട്ട യോനിക്കു തണുപ്പ, ചൊറിച്ചിൽ, വെളുപ്പുനിറം, പഴക്കൽ, പഴപ്പോട്ടുകൂടിയ ജലസ്രാവം ഇവയെ ഉണ്ടാക്കും. അതിനെ ശ്ലൈഷ്മികി എന്ന പറയുന്നു. അത സംഭവിച്ചാൽ തിപ്പലി, ഉരുക്ക, കടുക്ക ഇവ പൊടിച്ച തേൻചേൎത്ത പുരട്ടുക.

### (ജംബ്വാമ്രസാരാദി തൈലം)

൭൮. ജംബ്വാമ്രസാരകൈഡൎയ്യലോധ്രതിന്ദുകവല്ക്കലൈഃ।
സിദ്ധെകഷായെധാത്രീത്വഗ്ധാതകീമധുകോൽപലൈഃ
൭൯. വിരളാമൂലവല്ക്കത്വക്പത്രകാസീസദാരുഭിഃ।
കൈശികീനതചൊരൈശ്ചപിഷ്ടൈഃകല്ക്കീകൃതൈഃപചെൽ॥
൮൦. അജാമൂത്രംസമംദത്വാദധിമസ്തുചതുൎഗ്ഗുണം।
തൈലംഹന്തിതദഭ്യംഗാച്ഛ്ലൈഷ്മികീംനാത്ര സംശയഃ॥

ഞാവൽക്കാതല, മാവിൻകാതല, കുമിഴിൻവേര പാച്ചോററിത്തൊലി, പനഞ്ചിത്തൊലി ഇവകൊണ്ട കഷായം വച്ച നെല്ലിത്തൊലി, താതിരിപ്പൂവ്വ, ഇരട്ടിമധുരം, ചെങ്ങഴിനീക്കിഴങ്ങ, കഞ്ഞതിക്കൊട്ടകത്തിൻവേരിന്മേൽതൊലി ഇലവങ്ങത്തൊലി, പച്ചില, കാരീയം, ദേവതാരം, മാശിക്ക, തകരം കച്ചൂരിക്കിഴങ്ങ, ഇവ അരച്ചുകലക്കി എണ്ണയും എണ്ണയോളം പിടയാടിൻമൂത്രവും അതിൽ നാലിരട്ടി തൈർവെള്ളവും ചേൎത്ത കാച്ചിയരിച്ച പുരട്ടുക.

### (ധാതക്യാദി കഷായം)

൮൧. ധാതകീധവദേവദ്രുദാൎവ്വീദാക്ഷായണീപ്ലവൈഃ।
സക്ഷീരിവല്ക്കൈഃകാഥശ്ചപരിഷെകെത്രശസ്യതെ॥

താതിരിപ്പൂവ്വ,ഞമവേര, ദേവതാരം, മരമഞ്ഞൾത്തൊലി, കട്ട ക്കം,കുഴിമുത്തങ്ങ, നാല്പാമരത്തിൻതൊലി ഇവകൊണ്ട കഷാ യംവച്ച ധാരയും ചെയ്ക. എന്നാൽ ശ്ലൈഷ്മികീ ശമിക്കും.

ലോഹിതക്ഷയയുടെ ചികിത്സാ

൫൨൨. വിദാര്യ്യാദികഷായസ്യപാനെനസഹസപ്പിഷാ ।
ലാക്ഷാരജൊയുജൊയദ്പാജെതവ്യാലോഹിതക്ഷയാ॥

വാതപിത്തങ്ങളുടെ കോപത്താൽ യോനിപ്രദേശത്തിങ്കൽ ചുട്ടനീറൽ, പൃഷ്ഠികുറക, നിറപ്പുകച്ചഇവയോടുകൂടെ ഉൽഭവി പ്പിക്കപ്പെടുന്നതായ രജോനാശത്തെ ലോഹിതക്ഷയ എന്ന പ റയുന്നു. അത സംഭവിച്ചാൽ വിദാര്യ്യാദി കഷായമൊ നെയ്യോ അരക്കിൻപൊടിയൊചേൎത്ത സേവിപ്പിക്ക എന്നാൽ ശമിക്കും.

പരിപ്ലുതാ ചികിത്സാ

൫൨൩. വാതപിത്തഹരൈല്ലെപസ്സെകസ്സൈലെനതാളുശാ।
കഷായെനദശമൂലസ്യസക്ഷീരെണൈവവാകൃതഃ ॥

൫൨൪. അഥവാലോദ്ധ്രനീവതപഗ്ബലാമധുകവൈരിണാം।
പരിപ്ലുതായാസ്സംശാന്തിമചിരാദെവസാധയേൽ॥

പ്രവൃദ്ധമായിരിക്കുന്ന പിത്തത്തോടുകൂടിയവൾ പുരുഷസം യോഗത്തിങ്കൽ തുമ്പൽമുതലായ വേഗങ്ങളെ തടുക്കിയാൽ പി ത്തത്തോട സമ്മിശ്രമായി ഭവിച്ചിട്ട വായു അവളുടെ യോനി യെ ദൂഷിപ്പിക്കും. വീക്കം, വേദനകൊണ്ട തൊട്ടുകൂടായ്ക, കറപ്പു, മഞ്ഞൾനിറം ഇവ സമ്മിശ്രമായി രജസ്സിൽ കാണുക ഒരം ലക്ഷ ണങ്ങളോടുകൂടിയതായ ആ രോഗത്തെ പരിപ്ലുത എന്നുപറ യുന്നു. അത സംഭവിച്ചാൽ വാതപിത്തശമനങ്ങളായിരിക്കുന്ന ഔഷധങ്ങൾകൊണ്ട ലേപനവും വാതപിത്തശമനമായ തൈ ലംകൊണ്ട ധാരയും ദശമൂലകഷായത്തിൽ പാലുചേൎത്ത അതു കൊണ്ട ധാരയും പാച്ചോററിത്തൊലി, കടമ്പിൻതൊലി, കുറു ന്തോട്ടിവേര, ഇരട്ടിമധുരം, ഏകനായകത്തിൻവേര ഇവകൊ ണ്ട കഷായംവച്ച, അതുകൊണ്ടുതന്നെ ധാരയും നല്ലതാകുന്നു. മേൽപറഞ്ഞ ചികിത്സകൾ യഥോചിതമായി ചെയ്താൽഅതു കളെക്കൊണ്ടുതന്നെ ശമിക്കുകയും ചെയ്യും.

൫൨൫. വാതപിത്തവിസൎപ്പോക്തിലെപസെകാദയൊഖിലാഃ।
പരിപ്ലുതായാംശസ്യന്തെയഥാപസ്ഥംപ്രയോജിതാഃ॥

വാതപിത്തവിസൎപ്പത്തിന്ന പറഞ്ഞ ലേപനം, ധാര മുതലാ യവ ഒക്കെയും പരിപ്ലുതയ്ക്കു പററുന്നവയാകുന്നു.

## ഉപപ്ലുതാ ചികിത്സാ

൧൮. വാതശ്ലേഷ്മവിസൎപ്പോക്തൈൎല്ലേപാദ്യൈശ്ശമനം നയേൽ। ഉപപ്ലുതാംവിലിംപെദ്വാശ്ലൈഷ്മീക്യാംയദുദീരിതം ॥

വാതശ്ലേഷ്മോപദ്രവങ്ങളോടും പഴുപ്പോടും വെളുപ്പോടും കൂടിയ രജസ്സിന്റെ നിൎഗ്ഗമത്തോടും കൂടിയതിന്ന ഉപപ്ലുതഎന്ന പേരാകുന്നു. അതിനെ വാതശ്ലേഷ്മ വിസൎപ്പത്തിന്ന പറഞ്ഞ ലേപാദികളെചെയ്തു ശമനം വരുത്തുക. ലേപത്തിന്നശ്ലൈഷ്മികിക്കപറഞ്ഞ ഔഷധവുമാം.

## വിപ്ലുതാ ചികിത്സാ

൧൯. തിക്തൈഃക്രിമിഘ്നൈരസ്സിദ്ധെനാംഭസാ ചിരസെചനം। കൃത്വാസംശൊദ്ധ്യയൊന്യന്തൎഹരിതാലെനധൂപനം ॥
൧൯. വിശുദ്ധ്യാദ്വിപ്ലുതായാന്തുകഷായഃപരിഷേചനെ। പുന്നാഗതരുശാകത്വഗ് മൂൎവ്വാകൊശാതകീദ്വയൈഃ ॥

നാൾതോറും ജലംകൊണ്ടു ശുദ്ധിവരുത്തേണ്ടതിന ലോപം ഭവിച്ചുപോയാൽ ഉള്ളിൽ വെടിപ്പുകേട അകപ്പെട്ടുകകൊണ്ട സൂക്ഷ്മങ്ങളായി ചില ജന്തുക്കൾ ഉത്ഭവിക്കുകയും അതു ഹേതുവായിട്ട യോനിയുടെ അന്തൎഭാഗത്തിങ്കൽ ചൊറിച്ചിലും അതുഹേതുവായിട്ട മൈഥുനത്തിങ്കൽ അത്യാശയുമുണ്ടാകും ഈ വിധം ലക്ഷണത്തോടുകൂടിയ യോനിരോഗത്തെ വിപ്ലുത എന്ന പറയുന്നു. അതസംഭവിച്ചാൽ കയ്പാകുന്ന രസത്തോടകൂടിയവയായും ക്രിമിശമനങ്ങളായുമിരിക്കുന്ന മരുന്നുകൾ കൊണ്ട കഷായംവെച്ച അതുകൊണ്ട വളരെനേരം ധാരചെയ്തു യോനിയുടെ അകത്തുംപുറത്തും ശുദ്ധിവരുത്തി യോനിയുടെ അകത്ത ഹരിതാലത്തിന്റെ പുകഏല്പിക്ക എന്നാൽ അകത്തുള്ളജന്തുക്കൾ നശിക്കുന്നതായാൽ വിപ്ലുതശമിക്കുകയും ചെയ്യും. മേൽപറഞ്ഞ ധാരക്ക കഷായം പുന്നത്തൊലി, തേക്കിൻതൊലി, പെരുങ്കുരുമ്പവേര, പുട്ടൽപീരകത്തിൻവേര, ചെറുപീരകത്തിൻവേര, ഇവകൊണ്ടുവെക്കുക.

(പലാശവൽക്കാദി കഷായം)

൨൦. പലാശവല്ക്കാമലകവിശാലാവിഷമുച്ഛൎദ്ദൈഃ । ശമ്യാകകരവീരാക്കപുന്നാഗത്വക്സമന്വിതൈഃ ॥
൨൦. കൃതഃകഷായസ്സേകേതുപ്ലൂവ്വസ്സാദവിശസ്യതെ । ആപ്ലൂഷ്യയോനരന്തസ്സംധാരയെതചകൌശലാൽ ॥

പ്ലാശിൻതൊലി, നെല്ലിക്ക, കാട്ടുവെള്ളരിവേര, പാലത്തൊലി, കൊന്നത്തൊലി, അലരിത്തൊലി, എരുക്കിൻതൊലി, പുന്നത്തൊലി, ഇവകൊണ്ടു കഷായംവെച്ച അതുകൊണ്ടു ധാര ചെയ്താൽ മുൻപറഞ്ഞ ധാരയെക്കാൾ അധികമായഗുണംകാണുകയും ചെയ്യും, മേല്പറഞ്ഞ കഷായം കൌശലേന യോനിയുടെ അകത്താക്കി പുറത്തുപോകാതെ അല്പകാലംനിറുത്തുകയും ചെയ്ക.

൫൩൨. സപ്തച്ഛദസ്യക്ഷീരെണയുക്തൈഃ കർപ്പൂരരെണുഭിഃ।
അന്തർയ്യോനെഃകൃതൊലേപോവിപ്ലുതാംശമയെദ്ധ്രുവം॥

പാലയുടെപാലിൽ കർപ്പൂരത്തിന്റെ പൊടിചേർത്ത യോനിയുടെ അന്തർഭാഗത്തിങ്കൽ പുരട്ടുക. ഇത വിപ്ലുതക്ക സിദ്ധൌഷധമാകുന്നു.

കർണ്ണിനീ ചികിത്സാ

൫൩൩. അഗ്രഗ്രാഹിരജഃക്ഷൌദ്രസംയുക്തംപരിലേപനാൽ।
ശമയെൽകർണ്ണിനീംനവ്യാമനവ്യാന്തുപരിത്യജെൽ॥

കുപിതമായവായു രക്തശ്ലേഷ്മങ്ങളോടുസംയുക്തമായിയോനിയുടെ ഉള്ളിൽ രജൊമാർഗ്ഗത്തെ തടുക്കുന്നതായ മാംസകർണ്ണികയെ ഉണ്ടാക്കും അതിനെ കർണ്ണിനി എന്ന പറയുന്നു. അതിന്ന അക്കിക്കറുക പൊടിച്ച തേനിൽ ചാലിച്ച പുരട്ടിയാൽ നൂതനാവസ്ഥയിൽ ശമനമുണ്ടാകും മൂത്തുപോയാൽ ശമിക്കാത്തതാകയാൽ ചികിത്സിപ്പാനുത്സാഹിക്കയുമരുത.

സാന്നിപാതികിക്ക ചെയ്യേണ്ടത

൫൩൪. ത്രിഭിർദ്ദോഷൈരുപൊഢതാൽയോനിഗർഭാശയാശ്രിതൈഃ। യഥാസ്വൊപദ്രവാംതദ്വദ്വ്യാപദംസാന്നിപാതികീം॥

യോനി ഗർഭാശയങ്ങളെ ആശ്രയിച്ചിരിക്കുന്ന വാതപിത്തകഫങ്ങളാൽ ഉൽഭവിപ്പിക്കപ്പെട്ടുന്നതാകയാൽ സാന്നിപാതികിഎന്ന യോനിരോഗത്തെ അതാതു ദോഷങ്ങൾക്ക പറഞ്ഞിട്ടുള്ള ഉപദ്രവങ്ങളെകൊണ്ട അറിഞ്ഞ അതിനെ ഉപേക്ഷിക്കുകയുംവേണം.

൫൩൫. ഗുഹ്യരോഗചികിത്സെതിദ്വിവിധാദർശിതാമയാ।
ചികിത്സൊൽപാംഗരോഗാണാമഥാതഉപദേക്ഷ്യതെ॥

ലിംഗരോഗചികിത്സാ യോനിരോഗചികിത്സാ ഇങ്ങിനെരണ്ടു വകയോടുകൂടിയ ഗുഹ്യരോഗചികിത്സാ ഇങ്ങിനെ സം

ക്ഷേപിച്ചുപറകപ്പെട്ടു. ഇനി ഇതിൻെറ അനന്തരഭാഗംകൊണ്ടു ഊൎദ്ധ്വാംഗചികിത്സയെ പറകപ്പെടുകയും ചെയ്യും

ഇതിവാശ്ദാസോപനാമകരാമാനന്ദനാഥപണ്ഡിതപാരശവേന്ദ്രകൃതൗ വാരോഗ്യകല്പദ്രുമെ ബാലചികിത്സായാം പഞ്ചവിംശസ്തബകൊ നാമപഞ്ചവിംശോദ്ധ്യായഃ

---

## ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം ഷഡ്വിംശാദ്ധ്യായപ്രാരംഭഃ

---

### അക്ഷിരോഗ പ്രകരണം

൧. പൃഥഗെവാക്ഷിരൊഗാണാം ചികിത്സാന്യത്രവക്ഷ്യതെ ।
സവിസ്തരാതഥാപ്യത്രസംക്ഷേപാൽസാഭിധീയതെ ॥

൨. കെഷാഞ്ചിത്ത്രബാലാനംഭൂയിഷ്ഠംസംഭവന്തിയെ ।
കുക്കുണകാദ്യ്രൊയശ്ചാത്രബാലാനാമേവജായതെ ॥

നേത്രരോഗചികിത്സയെ വേറെതന്നെ ഒരു പുസ്തകത്തിൽ വിവരിച്ചുകാണിക്കേണമെന്നവിചാരിച്ചിരിക്കുന്നു എങ്കിലും വലിയവൎക്ക് ഉണ്ടാകുന്നനേത്രരോഗങ്ങളിൽവെച്ചുചില രോഗങ്ങൾ ബാലന്മാൎക്കും അധികമായി ഉണ്ടാകുന്നതാകയാൽ അതുകളുടെയും ബാലന്മാൎക്കുമാത്രം ഉണ്ടാകുന്നതായ കുക്കുണകത്തിൻെറയും ചികിത്സയെ ഇവിടെ പറയുന്നു.

#### ചെങ്കണ്ണിന്നു.

(നെററിമേൽ തേപ്പാൻ)

൩. വൃശ്ചികാളീദലംപിഷ്ട്വാസ്തന്യേനപയസാശിശൊഃ ।
ലലാടെലേപനംകുൎയ്യാദ്ദൽകോപെക്ഷ്ണൊൎദ്ദിനത്രയം ॥

തേക്കടയുടെ ഇല മുലപ്പാലിൽ അരച്ചു നെററിമേൽ മൂന്നുദിവസം തേക്കുക. എന്നാൽ ചെങ്കണ്ണു ശമിക്കും.

(ധാരയ്ക്കു)

൪. ജീവന്തീകന്ദജംസ്തന്യയുക്തംസിഞ്ചെദ്രസംദൃശൊഃ ।
വൃശ്ചികാളീദളൊത്ഥംവാദിരഹ്നൊദിവസത്രയം ॥

അടപതിയൻകിഴങ്ങിൻെറ നീരും മുലപ്പാലും സമംചേൎത്തു

ഉൻ *

രാവിലെയും വയ്യുന്നേരവും ധാരയിടുക. അല്ലായെങ്കിൽ തേക്കടനീരും മുലപ്പാലും സമം ചേൎത്ത ധാരയിടുക. മൂന്നു ദിവസം കൊണ്ടു ശമിക്കും.

(എഴുതുവാൻ നെയ്യ)

൭. അതസീപല്ലവൊത്ഥെനരസെനസമസംയുതം ।
നിജ്ജലം നവനീതംവാട്ടശൊരഫെനാദപിരഞ്ജയെൽ ॥

കാശാവിൻതളിര പിഴിഞ്ഞെടുത്ത നീരിൽ അത്ര വെണ്ണക്കുട്ടിഉരസി നീരറുത്ത രാവിലെയും വയ്യുന്നേരവും എഴുതുക.

(തഴിമരുന്ന)

൮. നിഷ്പീഡ്യപാഠാപത്രാണിഭൃമാവാസിച്യതദ്രസം ।
ഘനീഭൂതംസമാദായ വസ്ത്രേണവ്യവധാരയെൽ ॥

പാടയുടെഇലതിരുമ്പി അതിന്റെ നീര നിലത്തപിഴിഞ്ഞ വീത്തി വലിഞ്ഞാൽ എടുത്ത കണ്ണോളയുടെമീതെ ശീലയിട്ട അതിന്റെമീതെ ഇടുക. എന്നാലും ചെങ്കണ്ണ ശമിക്കും.

മാലക്കണ്ണിന്ന

(സീതാമുഖീ ഗുളിക)

൯. സീതാതുത്ഥസുവർണ്ണാനാംരജാംസിലവലീരസെ ।
പിഷ്ടാതെവ്വിഷിതാവൎത്തിന്നാമ്നാസീതാമുഖീമതാ॥

൧൦. എനാംനിശാന്ധ്യെക്ഷൌദ്രേണഘൃഷ്ടാസ്തന്യെനവാട്ടശൊഃ।അഞ്ജയേൽപ്രശമംയായാന്നിശാന്ധ്യംസപ്തഭിദ്ദിനൈഃ॥

തിപ്പലി, തുത്ത, സ്വർണ്ണം ഇവ പൊടിച്ച വെള്ളിലയുടെ നീരിൽ അരച്ച ഗുളികയുരുട്ടി നിഴലിലുണക്കി തേനിലൊ മുലപ്പാലിലൊ അരച്ചചേൎത്തു കണ്ണിൽ എഴുതുക. ഏഴ ദിവസം കൊണ്ടു മാലക്കണ്ണ ശമിക്കും.

(ശൃംഗിവേരാദി ഗുളം)

൧൧. ശൃംഗിവേരരസപ്രസ്ഥെദത്വാഗുളപലദ്വയം ।
പാകെനസാന്ദ്രതാംപ്രാപ്തെമണ്ഡൂരരജസഃപലെ॥

൧൨. ദ്വൈദ്വെവ്യോഷസ്യചാകീഷ്യയോജയിത്വാവതാരയെൽ।ആശയെന്നിശിഭക്ഷത്വാതന്നക്താന്ധ്യഭൃശദാരുണെ॥

ഏററവും പ്രബലമായിരുന്നാൽ മുൻപറഞ്ഞ ഗുളികകൊണ്ടുതന്നെ നിവൃത്തിവന്നില്ലയെന്നുവരാം. എന്നാൽ നാനാഴിഇഞ്ചിനീര ഊററൽ കളഞ്ഞെടുത്ത അതിൽ രണ്ടുപലം ശക്കര കലക്കി കുറുക്കി സാന്ദ്രമായാൽ ശുദ്ധിചെയ്ത പുരാണകിട്ടത്തിൻ

പൊടി പലംരണ്ട, ത്രികടു, ഇവമൂന്നും സമം കൂട്ടിപ്പൊടിച്ച പലം രണ്ട ഇവയിട്ട ഇളക്കി യോജിപ്പിച്ച ആറിയാൽ ശക്കര പോലെ ഉരുട്ടുവാൻ തക്കവിധത്തിലാകുന്ന പാകത്തിൽവാങ്ങി പാത്രത്തിലാക്കി അതിൽനിന്ന രോഗിയുടെ ദേഹാഗ്നിബലങ്ങൾക്ക തക്കവണ്ണം മുക്കാൽ കഴഞ്ചൊ ഒന്നരക്കഴഞ്ചൊ രണ്ട കഴഞ്ചൊ അത്താഴം കഴിഞ്ഞാൽ മിതെ സേവിപ്പിക്ക.

(നഖത്തിന്മേൽ തേപ്പാൻ)

൭൯. പത്മാരസെനസംപിഷ്ടാംസക്ഷൌദ്രാംഗാലവത്വചം ।
പാദാംഗുഷ്ഠനഖെസപ്പെയോജയെദ്വാശിശൊന്നിശി॥

താമരയുടെ നീരിൽ പാച്ചോററിത്തൊലി അരച്ച അല്പം തേനുംചെത്ത രാത്രിയിൽ ഉറങ്ങുന്നസമയം പെരുവിരലിൻെറ നഖത്തിന്മെൽ പുരട്ടുക.

൮൦. സ്തന്യേനമധുകംപിഷ്ട്വാതാമലക്യാരസെനവാ ।
രാത്രൌളക്തപാശയാനസ്യലിംപെൽപദതലാന്തരം ॥

മുലപ്പാലിലൊ കിഴാനെല്ലിയുടെ നീരിലൊ ഇരട്ടിമധുരം അരച്ച അത്താഴംകഴിഞ്ഞ ഉറങ്ങുവാനായി കിടന്നവൻെറ കാലിൻെറ ഉള്ളനടിയുടെ നടുവിൽ പുരട്ടുക.

(കുമാരീമധുകാദി തൈലം)

൮൧. കുമാരീമധുകൊശീരകുഷ്ഠചന്ദനവാരിഭിഃ ।
സഫലത്രിതയൈസ്സിദ്ധംതൈലഞ്ചസപയോഹിതം॥

കററുവാഴനീരിൽ ഇരട്ടിമധുരം, രാമച്ചം, കൊട്ടം, ചന്ദനം, ഇരുവേലി, ത്രിഫല, ഇവ അരച്ചുകലക്കി വെളിച്ചെണ്ണയും തെങ്ങാപ്പാലും സമമായി ചേത്തിട്ടൊ എണ്ണയും പശുവിൻപാലും സമമായി ചേത്തിട്ടൊ കാച്ചിയരിച്ച തേപ്പിക്കയും ഹിതമാകുന്നു.

ഇറയിന്മെൽ കുരുക്കൾക്ക.

൮൨. ഹൃതാവർത്മാന്തജാഭ്യോസൃക്പിടകാഭ്യോവരാംഭസാ॥
സക്ഷൌദ്രെണപരീഷെകംകുയ്യാദ്ദാവ്വ്യംബുനാപിവാ ।

ഇറയിന്മെൽ ഉണ്ടാകുന്ന കുരുക്കളിൽ അട്ടയിട്ട ചോരകളഞ്ഞ ത്രിഫലയൊ മരമഞ്ഞളൊ കഷായംവച്ച അതിൽ തേൻ ചേത്ത ധാരയിടുക.

(തഴിമരുന്ന)

൮൩. അബ്ജിജവിജയാചൂർണ്ണംസക്ഷൌദ്രനവനീതകം ।
സമ്മർദ്ദ്യഭാജനെകാംസ്യെവാസസാവ്യവധാരയെൽ॥

കുരുവില്ലാക്കടുക്ക പൊടിച്ച തേനും വെണ്ണയുംകൂട്ടി ഓട്ടുപാത്രത്തിലിട്ട ഉരസി നീരറുത്ത പോളയുടെ മീതെ നേൎമ്മയുള്ള ശീലയിട്ട അതിന്റെ മീതെ ഇടുക. കുരുക്കൾ പഴുത്ത പൊട്ടിപ്പോകും

### പോള വീക്കത്തിന്ന.

(കടുക്കവെണ്ണ)

൧൩. സമച്ഛിന്നഹരീതക്യാഃഖണ്ഡയൊരുഭയൊസ്ഥിതം ।
അവാസ്യബീജമാപൂൎയ്യനവനീതംതയൊൎദ്വയൊഃ ॥

൧൪. സന്ധായതെമിഥഃപത്രൈസ്സപ്തഭിസ്സപ്തഭിർവ്വഹിഃ ।
ആവൃത്യാമൃതവല്ലീജൈൎദൃഢൈൎവ്വാഭിഃപരിവെഷ്ടയെൽ ॥

൧൫. അഥക്ഷീരെണപക്വതാചപിഷ്ടാസംയൊജനിൎജ്ജലം।
നവനീതംതദായൊജ്യവസനൊപരിധാരയെൽ ॥

൧൬. എഷപ്രയൊഗൊദ്രാഗെവവൎത്മശ്വയഥുനാശനഃ ।
ക്ഷീരെചതുൎഗ്ഗുണെപാകൊനവനീതംസമംമതം ॥

൨൦. ഇത്യെകെന്യെപുനഃപാകംദ്വിഗുണെംബുനിതൽസമം ।
ക്ഷീരംതദാവദന്ത്യത്രപാകന്തുത്രിഗുണെപരെ।

൨൧. ക്ഷീരഎവെതിചെച്ഛന്തിസൎവ്വെപക്ഷായഥൊചിതം ।
ഗ്രാഹ്യാഃപ്രമാണസിദ്ധതാദെകത്രനവികല്പതഃ ।

കടുക്ക നേരെനടുവിൽ മുറിച്ച രണ്ടുഖണ്ഡങ്ങളിൽനിന്നും കുരുമെല്ലെക്കളഞ്ഞ അതുകളിൽ വെണ്ണനിറച്ചചിററമൃതിന്റെ ഏഴേഴ ഇലകൊണ്ട പൊതിഞ്ഞ കറുകകൊണ്ട കെട്ടിപാലിൽ പുഴുങ്ങി ഒക്കെക്കൂടെ അരച്ച നീരററവെണ്ണകൂട്ടി ഉരസികണ്ണോളയുടെ മീതെ മുൻപറഞ്ഞപ്രകാരം തഴിയിടുക. പോളവീക്കം ഉടനെ ശമിക്കും. കടുക്ക പൊതിഞ്ഞ കെട്ടിയതിന്റെശേഷം തൂക്കംനോക്കി അതിൽ നാലിരട്ടി പാലിൽ വേവിച്ച അരച്ചവെണ്ണനെയ്യ സമം ചേൎക്കേണമെന്ന ചിലരുടെപക്ഷം വേറെ ചിലര ഇരട്ടി വെള്ളവും അതിനോട സമം പാലുംചേൎത്ത അതിൽ പുഴുങ്ങെണമെന്ന പറയുന്നു. അതിന്റെയും പുറമെ മൂന്നിരട്ടി പാലിൽതന്നെ വേവിക്കേണമെന്നും ചിലരുടെ മതമുണ്ട. ദോഷകോപാദ്യവസ്ഥയെ അനുസരിച്ച നോക്കുമ്പോൾ മേൽപറഞ്ഞ പക്ഷങ്ങൾ ഒക്കെയും യുക്തങ്ങൾതന്നെ എങ്കിലും ഒരു വ്യാധി ഉണ്ടായ സമയം യാതൊരു വിധമൊ ആ വിധത്തിങ്കൽതന്നെ ഇരിക്കുമ്പോൾ മേൽപറഞ്ഞവയിൽ ഏതെങ്കിലും മാറിമാറി സ്വീകരിക്കപ്പെടുകയും അരുത എന്നറിഞ്ഞുകൊൾകയും വേണം.

## കണ്ണിൽ ചുവപ്പ്, വീക്കം ഇവകൾക്കു.

൨൨. സഹദേവീരസംസിഞ്ചേൽക്ഷൌദ്രേണസഹനേത്രയോഃ
എഷപ്രയോഗോരാഗഞ്ചശ്വയഥുഞ്ചനിയച്ഛതി॥

പൂവ്വാംകുറുന്തലനീര തേൻചേൎത്ത കണ്ണിൻ പകരുക. ചുവപ്പും വീക്കവും ശമിക്കും.

### (ദൂർവ്വാകിസലയാദി ധാരാ)

൨൩. ദൂർവ്വാകിസലയംയഷ്ടിപല്ലവംകുസുമാനിച।
പാരന്ത്യാസ്തുല്യഭാഗാനിനിഷ്പീഡ്യാപഹ്നതെരസെ॥
൨൪. ഗോപയസ്തുല്യമാസിച്യതെനധാരാംപ്രകല്പയെൽ।
സപ്താഹെനശമംയാതിരാഗശ്ശോഫശ്ചദാരുണഃ।

കറുകത്തളിര, കാഞ്ഞിരത്തിൻതളിര, തെച്ചിപ്പൂവ്വ, ഇവ തിരുമ്പിപ്പിഴിഞ്ഞെടുത്ത നീരിൽപശുവിൻപാല സമംചേൎത്തധാരയിടുക. ഏഴുദിവസംകൊണ്ടു ചുവപ്പും വീക്കവും ശമിക്കും.

### (ത്രിഫലാദി പുറമരുന്ന)

൨൫. ത്രിഫലാഗൈരികെദാൎവ്വീരജനീചന്ദനാനിച।
ഹരിചന്ദനലോദ്ധ്രൈതൽക്ഷാരിബാശ്വവടാംകുരം॥
൨൬. ലാമജ്ജകഞ്ചദൂർവ്വാഗ്രമരിഷ്ടസ്യചപല്ലവം।
എതാനിസമഭാഗാനിക്ഷീരപക്വാനിപെഷയെൽ॥
൨൭. നവനീതെനസംയോജ്യനയനൊപരിസൎവ്വതഃ।
ശ്ലക്ഷ്ണംവാസൊന്തരെകൃത്വാധാരയെൽപരിതസ്സമം॥
൨൮ എഷപ്രയൊഗോരാഗഞ്ചശ്വയഥുംചവിനാശയെൽ।
വേദനാമപികണ്ഡൂതിംപഞ്ചഷൈട്ദിവസൈൎല്ലഘു॥

ത്രിഫല, കാവിമണ്ണ, മരമഞ്ഞത്തൊലി, വരട്ടുമഞ്ഞൾ, ചന്ദനം, രക്തചന്ദനം, പാച്ചോററിത്തൊലി, നന്നാറിക്കിഴങ്ങ, പേരാൽമൊട്ട, രാമച്ചം, കറുകത്തല, വേപ്പിൻതളിര ഇവപാലിൽ പുഴുങ്ങിയരച്ച വെണ്ണകൂട്ടി ഉരസി തഴിയിടുക. ചുവപ്പ, വീക്കം, വേദന, ചൊറിച്ചിൽ ഇവ അഞ്ചൊ ആറൊദിവസം കൊണ്ടു ശമിക്കും.

## കണ്ണിൽ പഴുപ്പിന്ന

### (ത്രിഫലാ മധുകാദിധാര)

൨൯. ത്രിഫലാമധുകാനന്താകതകാസ്ഥിഹിമദ്വയൈഃ
ശൃതശീതെനതൊയെനസെകൊദ്ദൎക്പാകനാശനഃ॥

ത്രിഫല, ഇരട്ടിമധുരം, കറുകത്തല, തെററാമ്പരല, ചന്ദനം, രക്തചന്ദനം ഇവകൊണ്ടു കഷായം വച്ചുതണുപ്പിച്ച ധാ

രയിടുക. പഴപ്പുശമിക്കും.

(തഴിയിടുവാൻ)

൩൦. ചിഞ്ചാപത്രസിരാഃപക്ത്വാപയസാസംപ്രവിഷ്യതു।
വസ്ത്രോപരിസമാലിപ്യവർത്മനൊരുപരിക്ഷിപേൽ॥

പുളിഞ്ഞരമ്പ പാലിൽ വേവിച്ചരച്ച ശീലയിൽതേച്ച പൊളപ്പുറത്തിടുക. പഴപ്പു ശമിക്കും.

(ഇളനീക്കുഴമ്പ)

൩൧. വരാമധുകദാർവ്വീഭിന്നാളികെരൊദകെശൃതെ।
പാദാവശിഷ്ടെപൂതേഥപാകെനഘനതാംഗതെ॥

൩൨. പാദാംശതുല്യമധ്വാഢ്യമധുപാദാംശസമ്മിതം।
ശ്ലക്ഷ്ണീകൃതംരജഃപീതരൊഹിണ്യാഃപടുതുത്ഥയൊഃ॥

൩൩. തുല്യംതൽഷൊഡശാംശെനതദന്യതരസമ്മിതം।
കപ്പൂരഞ്ചതദഷ്ടാംശമിതഞ്ചമരിചംരജഃ॥

൩൪. സംയോജ്യയൊജയെദക്ഷ്ണൊർദ്വൗദ്വൗവിന്ദൂ തതഃപ്ര
ഗെ। സായഞ്ചാശുപ്രയൊഗൊയമക്ഷിപാകംനിയച്ഛതി॥

൩൫. ജലസ്രാവകഫസ്രാവനക്താന്ധ്യതിമിരാദികാൻ।
അന്യാംശ്ചദാരുണാൻരോഗാൻക്ഷിപ്രാമവശമംനയേൽ॥

ത്രിഫല, ഇരട്ടിമധുരം, മരമഞ്ഞത്തൊലി ഇവ ആറാറകഴഞ്ച രണ്ടര ഇടങ്ങഴി ഇളനീർവെള്ളത്തിൽ കഷായംവെച്ച ഇരുനാഴൂരിയാക്കി അരിച്ച കരടുനീക്കി കുറുക്കി നല്ലവണ്ണം സാന്ദ്രമായാൽ വാങ്ങി ആറിയാൽ പന്ത്രണ്ടര ഉറുപ്പികത്തൂക്കംചെറുതേൻവീഴ്ത്തി മൂന്നേഅരയ്ക്കാൽ ഉറുപ്പികത്തൂക്കം പീതരോഹിണിയുടെ പൊടിയും അതിന്റെ പതിനാറിലൊരു ഭാഗത്തോടുസമം തുത്തുമിന്തുപ്പും സമമായിച്ചേർത്ത പൊടിച്ചതും അതിൽ പകുതി പച്ചക്കപ്പൂരവും പച്ചക്കപ്പൂരത്തിന്റെ എട്ടിലൊരു ഭാഗത്തോടു സമം പഴയ കുരുമുളകിൻപൊടിയും അതിൽനല്ലവണ്ണം അരച്ച ചേർത്ത അതിൽനിന്ന ഈരണ്ടു തുള്ളി രാവിലെയുംവൈകുന്നേരവും രണ്ടുകണ്ണുകളിൽക്കൂടെ ഒററിക്കുക. ഈ പ്രയോഗം പഴപ്പിന്ന ഉടനെ ശമനത്തെ ഉണ്ടാക്കുന്നതാകുന്നു. എന്നുതന്നെയല്ല ജലസ്രാവം, കഫസ്രാവം, മാലക്കണ്ണ, തിമിരം മുതലായ രോഗങ്ങൾക്കും ശമനകരമാകുന്നു.

(മഷിത്തിരി)

൩൬. സഹദേവീരസെസംസ്കൃത്വൊവാസസിഭാവിതെ।
പാരന്തീകുസുമംചഞ്ചാസിരാശ്ചാപിഫലത്രയം॥

൩൭. ചൂർണ്ണയിത്വാവികീയ്യാഥതെനവർത്തിംപ്രകല്പയേൽ।

ഘൃതാർദ്രയാത്തുതദ്വത്ത്യാമഷിംനിമ്മായതാംദൃശോഃ ॥
൩൨. ഘൃതസ്നിഗ്ദ്ധാംപ്രതിദിനംയോജയെൽപാകശാന്തയെ ।
സൌവീരമഞ്ജനഞ്ചാത്രയുക്തഞ്ചെദതിശസ്യതെ ॥
പൂവ്വാംകുറുന്തലനീരിൽ ഒരു ശീല ഏഴു പ്രാവശ്യം മുക്കിഉണക്കി തെച്ചിപ്പൂവ്വ, പുളിഞ്ഞരമ്പ, ത്രിഫല, ഇവസമംകൂട്ടിപ്പൊടിച്ചു അതിൽവിതറി തെരച്ചു തിരിയാക്കി നെയ്യിൽ നനച്ചു കത്തിച്ചു മഷിയെടുത്ത ആ മഷിയിൽ ചേരെണ്ടുന്ന നെയ്യു ചെത്ത ദിവസംപ്രതി കണ്ണിൽ എഴുതുക. പഴപ്പു ശമിക്കും. മേൽ പറഞ്ഞ മഷിയിൽ സൌവീരാഞ്ജനം കൂടെ അല്പമായിച്ചെത്താൽ വളരെ നന്നായിരിക്കയും ചെയ്യും.

(നയനാമൃത ഗുളിക)

൩൯. ഭാഗാംസ്ത്രീനുപകുല്യായാഃപുരാണമരിചസ്യതു ।
പഞ്ചബീജസ്യപഥ്യായാദ്വാദശെന്ദൊശ്ചവിംശതിം ॥
൪൦. ദശരൊഹിണികായാശ്ചപഞ്ചഹെമ്നൊഞ്ജനസ്യച ।
തുത്ഥസ്യചസമാദായപിഷ്ട്വാമലകവാരിണാ ॥
൪൧. സപ്താഹംതൽകൃതാവത്തിരനാതപവിശൊഷിതാ ।
ഘൃഷ്ട്വാഹിമാംബുനാദത്താദൃശോഃപാകംനിയച്ഛതി ॥
൪൨. ദൃക്സാദംതിമിരഞ്ചാപിരക്തജാംശ്ചഗദാംസ്തഥാ ।
ദൃക്ചാഞ്ചല്യംനിശാന്ധ്യഞ്ചനാമ്നേദംനയനാമൃതം ॥
തിപ്പലിയുടെ ഭാഗം ൩, പഴയമുളകിൻെറ ഭാഗം ൫, കടുക്കക്കുരുവിൻെറ ഭാഗം ൧൨, പച്ചക്കപ്പൂരത്തിൻെറ ഭാഗം ൨൦, പീതരോഹിണിയുടെ ഭാഗം ൧൦, സ്വർണ്ണത്തിൻെറ ഭാഗം ൫, അഞ്ജനത്തിൻെറ ഭാഗം ൫, തുത്തിൻെറ ഭാഗം ൫, ഇവ നെല്ലിക്കനീരിൽ ഏഴു ദിവസം അരച്ചു ഗുളികയാക്കി നിഴലിലുണക്കി പനിനീരിൽ അരച്ചു കണ്ണിലെഴുതുക. പഴപ്പു, ദൃഷ്ടിയുടെതളച്ച്, തിമിരം, രക്തദോഷംകൊണ്ടുണ്ടാകുന്ന രോഗങ്ങൾ ദൃഷ്ടിയുടെ ചലനം, മാലക്കണ്ണ, ഇവയെല്ലാം ശമിക്കും. ഗുളികയ്ക്കു പേര നയനാമൃതമെന്നാകുന്നു.

(ചന്ദനാദിഗുളിക)

൪൩. ചന്ദനാദ്വിതയംലാക്ഷാകതകെപീതരോഹിണീം ।
ജാതീമുകുളശീതാംശുഗൈരികാണിചവാരിണാ ॥
൪൪. പിഷ്ട്വാതദ്വിഹിതാവത്തിദൃക്പാകംവിനിയച്ഛതി ।
ദത്താമാക്ഷികസംഘൃഷ്ടാദൃശൊരഭ്യദിതെരവൌ ॥
൪൫. സ്തന്യെനഘൃഷ്ടാലൌഹിത്യശൊഫാദീനിചനാശയേൽ ।
നയംസവ്വാക്ഷിരൊഗേഷുഹിതാവത്തിഃപ്രസാദനീ ॥

ചന്ദനം, രക്തചന്ദനം, കോലരക്ക, തേററാംപരല, പീത രോഹിണി, പിച്ചകമൊട്ട, പച്ചക്കർപ്പൂരം, കാവിമണ്ണ ഇവ പ ച്ചവെള്ളത്തിൽ അരച്ച ഗുളികയുരുട്ടി നിഴലിലുണക്കിതേനിൽ അരച്ച കണ്ണിലെഴുതുക. പഴപ്പ ശമിക്കും. മുലപ്പാലിൽചെത്ത എഴുതുകയൊ ധാരയിടുകയൊ ചെയ്താൽ ചുവപ്പ, വീക്കം മുത ലായ രോഗങ്ങൾ ശമിക്കും. ഈ ഗുളിക എല്ലാനേത്രരോഗങ്ങ ൾക്കും പററുന്നതാകുന്നു. എങ്കിലും പ്രസാദനമാകയാൽ പ്ര സാദനംകൊണ്ട അധികമായ ഉപയോഗമുള്ള രോഗങ്ങൾക്ക മുഖ്യമായി ഉപായാഗിച്ചുകൊൾക.

കണ്ണിലെ പൂവിന.

൪൩. സ്തന്യേനപയസാശ്ശംഗംസാരംഗസ്യപ്രയോജയേൽ।
പുഷ്പനാശയവാതേനപീഡയെന്മൃദുകുഞ്ചികാം ॥

മുലപ്പാലിൽ കലംകൊമ്പ അരച്ചുചെത്ത കണ്ണിൽഒഴുക്കുക അല്ലായെങ്കിൽ ഞെട്ടാഞെട്ടങ്ങ മുലപ്പാലുകൂട്ടി തിരുമ്പി കണ്ണി ൽപിഴിയുക. എന്നാൽ പൂവ ശമിക്കും.

൪൰. ചന്ദനാദികൃതാവർത്തിസ്സ്യോജ്യാതാഭ്യാമഥാപിവാ।
വർത്തിസ്സുനെത്രീതിഖ്യാതസ്മിൻസ്തന്യേനസുതരാംഹിതാ॥

ചന്ദനാദിഗുളിക മുലപ്പാലിലൊ ഞെട്ടാഞെട്ടങ്ങിന്റെ നീ രിലൊ അരച്ച എഴുതുകയുമാം. പ്രബലമായുള്ളതിന്ന സുനെ ത്രി ഗുളിക മുലപ്പാലിൽ അരച്ച എഴുതുക.

(സുനെത്രി ഗുളിക)

൪൫. ത്രികടുത്രിഫലാവെല്ലജ്യോതിഷ്മകരജാസ്ഥിഭിഃ।
പ്രപുണ്ഡരീകയഷ്ട്യബ്ജപടുസ്ഫടികമാമ്രകൈഃ॥

൪൬. ലാക്ഷോഗ്രാഗൈരികനിശാഞ്ജനലൊധ്രഹിമദ്രവൈഃ।
ചതുസ്ത്രിദ്വിഗുണൈസ്തുത്ഥംരൊഹിണ്യാസഹപീതയാ।

൫൦. കരഞ്ജസ്വരസൈപിഷ്ടാതൈർവർത്തിസ്സംപ്രകല്പിതാ।
നാമ്നാസുനെത്രീപുഷ്പാണിപടലഞ്ചവ്രണംതഥാ ॥

൫൧. കൊഥഞ്ചകണ്ഡൂംസ്രാവഞ്ചദാഹംചതിമിരംപരം।
കാചംതഥാനിശാന്ധ്യഞ്ചാപ്യതിമന്ഥംചനാശയെൽ॥

ത്രികടു, കടുക്ക, നെല്ലിക്ക, താന്നിക്ക, വിഴാലരി, ചെറുപുന്ന യരി, ഉങ്ങിൻകുരു ഇവ നന്നാലുപണത്തൂക്കം പുണ്ഡരീകക്കു രിമ്പിൻവേര, ഇരട്ടിമധുരം, ശംഖ, ഇന്തുപ്പ, സ്ഫടികം, ചെമ്പ ഇവ നാലരപ്പു പണത്തൂക്കം, കോലരക്ക, വയമ്പ, കാവിമണ്ണ, വരട്ടുമഞ്ഞൾ, അഞ്ജനക്കല്ല, വെട്ടിത്തൊലി, പാച്ചൊററിത്തൊ

ലിചന്ദനം രക്തചന്ദനം ഇവ രണ്ടരണ്ടുപണത്തൂക്കം ത്രുത്ത പീതരോഹിണി ഇവ നാലരപ്പണത്തൂക്കം ഇങ്ങിനെ കൂട്ടി ഉങ്ങിന്റെ ഇല ഇടിച്ചുപിഴിഞ്ഞെടുത്ത നീരിൽ അരച്ചു ഗുളികയുരുട്ടി നിഴലിലുണക്കുക- ഈ ഗുളികക്കു സുദൎശനി എന്നപെരാകുന്നു- കണ്ണിലെപൂവ പടലം വ്രണം പഴുപ്പു ചൊറിച്ചിൽ നീർവാഴ്ച്ച ചൂട തിമിരം കാചം മാലക്കണ്ണ അതിമന്ഥം ഇവകളെ ശമിപ്പിക്കും.

## ശുക്ലത്തിന്നു

൫൨- പത്മപത്രാണി സംക്ഷുദ്യ സ്തന്യേന സഹ പീഡയേൽ।
സപ്താഹേന ശമം യാതി ശുക്ലമക്ഷിഗതം ശിശോഃ॥

ഓരിലത്താമരയുടെ ഇല ചതച്ചു മുലപ്പാലുകൂട്ടി തിരുമ്പി കണ്ണിൽ പിഴിയുക- ഏഴുദിവസംകൊണ്ടു ബാലന്മാരുടെ കണ്ണിൽ പുറപ്പെട്ട ശുക്ലം ശമിക്കും.

൫൩- ലവല്യാശ്ശുക്ലപത്രാണി കുസുമാനി ഫലാനി ച।
സംക്ഷുദ്യ സ്തന്യദുഗ്ദ്ധേന നിഷേകശ്ശുക്ലദൌഷധം॥

വെള്ളിലയുടെ വെളുത്തഇല അതിന്റെ പൂവ കായ ഇവ ചതച്ചു മുലപ്പാലുകൂട്ടി തിരുമ്പി കണ്ണിൽ പിഴിയുക എന്നാലും ശുക്ലം ശമിക്കും.

൫൪- ചന്ദനാദികൃതാം വൎത്തിം നിഷിഞ്ചേൽ സ്തന്യയോജിതാം ഗോദന്താദികൃതാ വൎത്തിഃ പ്രബലെത്ര പ്രശസ്യതെ॥

ചന്ദനാദി ഗുളിക മുലപ്പാലിൽ ചെൎത്ത ഒഴിക്കുക- കടുത്തുള്ളതിന്നു ഗോദന്താദിയാകിലെറ നന്നു-

## (ഗോദന്താദിഗുളിക)

൫൫- ഗോദന്തഫേനകാംബോജക്ഷൌദ്രസ്ഫടികസംഭവം।
ഘനസാരനിശാപീതരോഹിണീമരിചാനി ച॥

൫൬- പ്രവിഷ്യ ദാൎവ്വീകഷായേന വിഹിതാഃ പിപ്പലീനിഭാഃ।
വൎത്തയശ്ശുക്ലരാജ്യാശ്ശുക്ലഗോദന്താദി സമാഹ്വയാഃ॥

പശുവിൻപല്ലു ചന്ദനം ശംഖു സ്ഫടികം ഇന്തുപ്പു പച്ചക്കൎപ്പൂരം വരട്ടുമഞ്ഞൾ പീതരോഹിണി മുളക ഇവ മരമഞ്ഞത്തൊലികൊണ്ടു കഷായം വെച്ചു അതിൽ അരച്ചു തിപ്പലിപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കുക- ഈ ഗുളികക്കു ഗോദന്താദി എന്നു പെരാകുന്നു.

## കുക്കുണകചികിത്സാ

(ഖദിരാദി ഘൃതം)

൧൭- ഖദിരത്രിഫലാനിംബപത്രൈഃ ക്വഥിതവാരിണി।
തൈരേവ കല്കിതൈഃ പക്വം സർപ്പിർദ്ദദ്യാൽ കുക്കുണകേ॥
൧൮- ധാത്ര്യാത്താം വാമയേൽ പശ്ചാൽ കൃഷ്ണാസൈന്ധവയ
ഷ്ടിഭിഃ। സസർഷപാഭിഃ ക്ഷീരേണ തത്താപിച വിരേചയേൽ॥

൧൯- ക്വാഥേന രോചകീസിതാമൃദ്വീകാനാംസ്തനാവപി।
പിപ്പല്യബ്ദനിശാദാരുകല്കേന പരിലേപയേൽ॥
൨൦- സർപ്പിസ്തൈസ്സുഷ്ഠൈസ്സൗചപ്ലാവയേൽ പായയേത
ച। വാരിദ്രാക്ഷാമൃതാമുസ്താപടോലത്രിഫലാശൃതം॥

കുക്കുണകമെന്നത ബാലന്മാൎക്ക ദന്തോൽപത്തി കാലത്തിങ്കൽ ഉണ്ടാകുന്ന രോഗമാകുന്നു- വീക്കം ചുവപ്പ കണ്ടുകൂടായ്ക- പോളനൊവ പഴുപ്പ ഇത്യാദികളോടുകൂടിയിരിക്കയും ചെയ്യും അതിന്ന കരിങ്ങാലിക്കാതല ത്രിഫല വെപ്പില ഇവ കൊണ്ടു കഷായം വെച്ച മെൽപറഞ്ഞ മരുന്നുകൾ തന്നെ അരച്ചുകലക്കി അതിൽ ചെൎത്ത കാച്ചിഅരിച്ച നെയ്യ മുലകൊടുക്കുന്നവളെക്കൊണ്ടു സെവിപ്പിക്ക- അതിന്റെ നല്ലരിക്ക കഴിഞ്ഞാൽ അവളെ ഛൎദ്ദിപ്പിക്ക- ആയതിന്ന മരുന്ന തിപ്പലി ഇന്തുപ്പ ഇരട്ടിമധുരം കടുക ഇവ പാലിൽ അരച്ചുകലക്കി സെവിപ്പിക്ക എന്നാൽ ഛൎദ്ദിക്കും പിന്നെ കടുക്ക തിപ്പലി മുന്തിരിങ്ങപ്പഴം ഇവകൊണ്ടു കഷായം വെച്ച സെവിപ്പിച്ച വയറിളക്കുക-തിപ്പലി മുത്തെങ്ങക്കിഴങ്ങ വരട്ടുമഞ്ഞൾ മരമഞ്ഞൾതൊലി ഇവ പച്ചവെള്ളത്തിൽ അരച്ച മുലകളുടെ അഗ്രങ്ങളിൽ തെക്കുക- കടുകിൻ പൊടി നെയ്യിൽ നനച്ച അതുകൊണ്ടു മുലകളുടെ അഗ്രങ്ങളിൽ പുകയേല്പിക്ക- മുന്തിരിങ്ങപ്പഴം ചിററമൃത മുത്തങ്ങക്കിഴങ്ങ പടോലം ത്രിഫല ഇവകൊണ്ടു കഷായം വെച്ച സെവിപ്പിക്ക ഇവ ഒക്കെയും മുലകൊടുക്കുന്നവൾക്ക വെണ്ടതാകുന്നു- ഇനി ശിശുവിന്ന വെണ്ടതിനെ പറയുന്നു-

(കുക്കുണകത്തിങ്കൽ ശിശുവിന്ന വെണ്ടുന്നത)

൨൧- ലേഖനേന ജളൗകോഭിരഥവാപഹൃതാസൃജി।
ജംബൂധാത്ര്യശ്മഭിൽപത്രവാരിണാ വർത്മനി ശിശോഃ॥
൨൨- സിഞ്ചേൽ പ്രഭൃതമേ ശ്ലേഷ്മതോദ്ദായ ആഹാരഭേദതഃ।
വമനഞ്ച പ്രയുഞ്ജീത വചാമാക്ഷികയോഗതഃ॥

ഉരസീട്ടൊ അട്ട ഇട്ടിട്ടൊ ചൊര കളഞ്ഞതിന്റെ ശെഷം ഞാവൽക്കുമ്പ നെല്ലിയില കല്ലൂർവഞ്ഞിയില ഇവകൊണ്ടു കഷായംവെച്ചു ധാരയിടുക- കാലഭെദംകൊണ്ടും പാല നെയ്യ മുതലായ ആഹാരങ്ങളുടെ ഭെദംകൊണ്ടും ബാലന്മാർ കഫപ്രധാനന്മാരാകയാൽ ഛർദ്ദിപ്പിക്കയുംചെയ്ക- അതിന്റെ ഔഷധവും ക്രമവും മുലപ്പാലതന്നെ കുടിക്കുന്ന കിടാവിന്നവയമ്പപൊടിച്ചു തെനിൽ ചാലിച്ചു വായിൽതെക്കുക- മുലപ്പാലും ചൊറും കൂടെ ഉപജീവിക്കുന്ന കിടാവിന്ന മെൽപറഞ്ഞമരുന്ന വായിൽതെക്കുകയും സെവിപ്പിക്കയും ചെയ്ക- മുലകുടിമാറിയകിടാവിന്ന മെൽപറഞ്ഞമരുന്നിൽ മലംകാരക്കമുതലായ വമനൌഷധങ്ങളിൽ വെച്ചു വെറെ ഒന്നുംകൂടെ ചെൎത്ത സെവിപ്പിക്ക.

൩൩- ത്രായമാണാരസെസിദ്ധംപായയെൽസൎപ്പിരെവവാ।
ദെവതാളീരസെവാതദൂൎദ്ധ്വാധശ്ശൊധനംഹിതം॥

ബ്രഹ്മിനീരിൽ നെയ്യവീത്തി കാച്ചി അരിച്ച സെവിക്കയൊ ചെയ്ക- അല്ലാഎങ്കിൽ ദെവതാളിയുടെനീരിൽ നെയ്യവീത്തി കാച്ചിഅരിച്ച സെവിക്ക- ഛർദ്ദിക്കയും വയറിളക്കുകയും ചെയ്യും അതുഹെതുവായിട്ടു മെൽപറഞ്ഞ നെയ്യുകൾ രണ്ടും ഏറ്റവും ഹിതമാകുന്നു.

(രജനിശാദിഗുളിക)

൩൪- രജനിശാരൊഹിണീയഷ്ടിഗാലവാരിഷ്ടപല്ലവൈഃ।
പിഷ്ടൈസ്സാമ്രരജായുക്തൈരാരണ്യതുളസീരസെ॥
൩൫- വൎത്തിഃകുഷ്ണകംഹന്തിമാക്ഷികെണാഞ്ജിതയൊജിതാ।
ശുദ്ധംലൊഹരജഃക്ഷീരക്ഷൌദ്രാജ്യൈശ്ചാഥവാവിധം॥

വരട്ടുമഞ്ഞൾ മരമഞ്ഞൾത്തൊലി പിത്തരൊഹണി ഇരട്ടിമധുരം പാച്ചൊറ്റിത്തൊലി വെപ്പിൻതളിര വെമ്പിൻപൊടി ഇവ കാട്ടുതുളസിനീരിൽ അരച്ചുഗുളികയാക്കി തെനിലരച്ചു എഴുതുക കുഷ്ണകംശമിക്കും ഉരുക്കുപൊടി പാലും തെനും നെയ്യുംകൂട്ടി വരുത്ത പൊടിച്ച തെൻചെൎത്ത എഴുതുകയുമാം.

(ഏലാദിഗുളിക)

൩൬- ഏലാമരിചകാശ്മൎയ്യഫലശംഖരസൊനകൈഃ।
കതകാരണ്യതുളസീപത്രാഭ്യാംസഹപെഷിതൈഃ॥
൩൭- ആരണ്യതുളസീപത്രരസെനസുരയാപിവാ।
കൃതാകുഷ്ണപാത്ഥ്യൈക്യാമ്മധുനാവൎത്തിരുത്തമാ॥

ഏലത്തരി മുളക കുമിഴിൻകായ ശംഖ ഉള്ളി തെററാം പരല കാട്ടുതുളസിയില ഇവ കാട്ടുതുളസിനീരിലൊ സുരയിലൊ അരച്ച ഗുളികയാക്കി തേനിൽ അരച്ച എഴുതുക- കണ്ണുനകവുംപൊത്തഛികിയും ശമിക്കും.

### കണ്ണിൽമുറിഞ്ഞാൽ ചെയ്യെണ്ടത.

൫൮- നേത്രസദ്യ്വാവ്രണേപ്രാപ്തവ്യോക്ഷാകൊണ്ണ സൎപ്പി
ഷാ ജീരകക്വാഥകല്ക്കാഭ്യാംസിദ്ധെന പരമൌഷധം॥

കണ്ണിന്റെ അകത്ത മുറിപറ്റിയാൽ ജീരകകഷായത്തിൽ ജീരകം അരച്ചുകലക്കി നെയ്യചെൎത്ത കാച്ചിഅരിച്ച അല്പമായ ചൂടൊട്ടുകൂടെ ഒഴിക്കുക

൫൯- ചന്ദനാദികൃതാമത്തിസ്സന്ന്യാസപരിഷെചനെ।
ത്ര്യൂകതീ്രിഫലാംഭശ്ശസ്യതെമധുനാപിവാ॥

ചന്ദനാദിഗുളിക മുലപ്പാലിൽചെൎത്ത ഒഴിക്കുകയും ചന്ദനാദിഗുളികയൊ തേനൊ ചെൎത്ത ത്രിഫലകൊണ്ടുവെച്ചകഷായംകൊണ്ടൊഴിക്കുകയും നല്ലതാകുന്നു.

### ചുണ്ണാമ്പ കണ്ണിലായാൽ ചെയ്യെണ്ടതു.

൬൦- മസ്തുനാസെചനംകൂൎയ്യാൽസുധാക്ഷാരാദിഘാതജെ
വികാരെനെത്രയൊസ്സൌമ്യഃപത്മാപത്രരസെനവാ॥

ചുണ്ണാമ്പ കണ്ണിലായാൽ തൈർവെള്ളംകൊണ്ട ധാരയിടുക ചെങ്ങിലത്താമരയുടെ ഇലകുത്തിപ്പിഴിഞ്ഞെടുത്ത നീരുകൊണ്ടും ധാരയിടാം

൬൧- വിരല്ലാപല്ലവംസൂന്യസംയുക്താംപരിപീഡയെൽ।
അഥവാകുഫളീപുഷ്പംസന്ന്യാവത്കമെട്ടും॥

കഞ്ഞിക്കൊട്ടകത്തിന്റെതളിര ചതച്ച മുലപ്പാലുകൂട്ടി തിരുമ്പി കണ്ണിൽ പിഴിയുക- അല്ലെങ്കിൽ തെങ്ങിൻപൂക്കുലയുടെ അരിയും നന്ത്യാർവട്ടത്തിന്റെ മൊട്ടും കൂട്ടി ചതച്ച മുലപ്പാലുകൂട്ടി തിരുമ്പി കണ്ണിൽ പിഴിയുക- ഇവ ഒക്കയും ചുണ്ണാമ്പകണ്ണിലായാൽ ഉണ്ടാകുന്ന രോഗത്തിന്ന ശമനകരങ്ങളാകുന്നു.

൬൨- ദൃഗ്വികാരെഷ്വശെഷെഷ്വിൽസംക്ഷെപെണപ്രദൎശിതാ।
ചികിത്സാത്രാനുസംധെയതന്ത്രബീജമുദാഹൃതം॥

നെത്രരോഗങ്ങളിൽവെച്ച ചിലതുകൾക്ക ഇങ്ങിനെ സംക്ഷെപെണ ചികിത്സ ഇവിടെകാണിക്കപ്പെട്ടു- എല്ലാററിനും കാണിക്കാതെ ഇരിപ്പാനും ഇത്രവുമുക്കുവാനും കാരണമിന്ന

താകുന്നു എന്നു ആദിയിൽ പറഞ്ഞിട്ടുണ്ടല്ലൊ ആയത ഓൎത്തു കൊൾകയുംവെണം.

ഇതിവാശാസോപനാമകരാമാനന്ദനാഥപണ്ഡിത പാരശവെന്ദ്രകൃതാവാരൊഗ്യകല്പദ്രുമെ ബാലചികിത്സായാം ഷഡ്വിംശസ്സുഖബൊധകൊനാമഷഡ്വിംശൊദ്ധ്യായഃ

---

## ആരൊഗ്യകല്പദ്രുമെ ബാലചികിത്സായാം.

## സപ്തവിംശാദ്ധ്യായപ്രാരംഭഃ.

---

### കൎണ്ണരൊഗപ്രകരണം.

൧- കൎണ്ണശൂലാദയൊയെതുരൊഗാഃകൎണ്ണസമാശ്രയാഃ।
തെഷാംചികിത്സാസൎവ്വെഷാംസംക്ഷെപെണാഭിധീയതെ॥

ഈ അദ്ധ്യായത്തിങ്കൽ കൎണ്ണങ്ങളെ ആശ്രയിച്ചുണ്ടാകുന്ന കൎണ്ണശൂലം മുതലായ എല്ലാവ്യാധികളുടെയും ചികിത്സകൾ ചുരുക്കി പറയപ്പെടുന്നു.

### കൎണ്ണശൂല ചികിത്സാ.

(ദശമൂലാഘൃതം)

൧– ദശമൂലഘൃതംസൎപ്പിരാത്രൌകൎണ്ണാമയീപിബെൽ।
ശൂലെഷുകൎണ്ണസ്യചാന്യൌഷധൈഃപൂരയെൽപവനാപഹൈഃ॥
൨-- സ്നെഹൈഃഫസ്സ്തിലൊത്ഭവൈൎവ്വില്വലാംബദരീപത്രടംകണൈഃ।
വ്യാഘ്രീചൎമ്മപടാകണ്ണസരളാമരദാരുഭിഃ॥
൩– കതകാസനമഞ്ജിഷ്ഠാമധൂകെന്ദ്രദ്രുമപ്ലവൈഃ।
ത്രിഫലാകുഷ്ഠവെണുബലാബിലപലാശലൊധ്രഭിഃ॥
൪- അമൃതാസനസിന്ധൂത്ഥപിപ്പലീവിശാലഭെഷജൈഃ।
കാലപ്രമീതലൃതാകൎദ്ധശൈലൂഷപല്ലവൈഃ।
൫- അശ്വത്ഥവിരളാവിലപലാശലാസ്ഥ്യൂമധുയഷ്ടിഭിഃ॥
ലാക്ഷാഗൊധൂമമഞ്ജിഷ്ഠാചന്ദനൈശ്ചാംബുപാചിതൈഃ॥

കൎണ്ണരൊഗമുള്ളവൻ ദശമൂലകഷായത്തിൽ ദശമൂലം അരച്ചുകലക്കി അതൊടുകൂടെ വെൎത്ത കാച്ചിയരിച്ച നെയ്യ രാത്രിയിൽ സെവിപ്പിക്ക- ഇത എല്ലാ രൊഗങ്ങൾക്കും നല്ലതാകുന്നു- ക

ണ്ണശ്ശൂലം ശമിപ്പാൻ ചെവികൾ വിയൎപ്പിച്ച കൂവളത്തില ലന്തയില പൊൻകാരം ഇവയൊ പുലിത്തൊല വയമ്പ കൊട്ടം ചരളം ദെവതാരം ഇവയൊ തെററാമ്പരല ചെങ്ങക്കൊതല മഞ്ചെട്ടിപ്പൊടി ഇരട്ടിമധുരം നീർമരുതിൻതൊലി ഇവയൊ ത്രിഫല കൊട്ടം തുമ്പപ്പൂവ്വ കുറുന്തൊട്ടിവെര ഇളയകൂവളക്കായ ഇവയൊ ചിററമൃത വെങ്ങക്കൊതല ഇന്തുപ്പ തിപ്പലി ചുക്ക ഇവയൊ താനെ ചത്തതായ വലകെട്ടുന്നജന്തുവിൻെറ മാംസം എരുക്കിൻപാല കൂവളത്തില ഇവയൊ അരയാലിൻകൂമ്പ കഞ്ഞിക്കൊട്ടകത്തിൻകൂമ്പ ഇളയകൂവളക്കായ ഇരട്ടിമധുരം ഇവയൊ കൊലരക്ക കൊത്തമ്പ മഞ്ചെട്ടിപ്പൊടി ചന്ദനം ഇവയൊ പച്ചവെള്ളത്തിൽ യഥൊചിതമായിചെൎത്ത അതൊടകൂടെ ചെൎത്ത കാച്ചിയരിച്ച എണ്ണ ചെവികളിൽ നിറക്കുക- മെൽപറഞ്ഞ മരുന്നുകൾ ചെൎത്തിട്ട കാച്ചിയ എണ്ണയും നിറച്ചവരുമാറുണ്ട- അതിന്ന വീൎയ്യം കുറഞ്ഞിരിക്കുമെന്നത ഹെതുവായിട്ട കടുത്തുള്ള കണ്ണശ്ശൂലങ്ങൾക്ക മതിയാകയില്ല- ശിഥിലങ്ങൾക്ക അപ്രകാരമായാലും ശമനം കണ്ടുവരുന്നു.

(പുറമെതെപ്പാൻ)

൧- ബഹിസ്സലൈലസ്സദെവാഹ്വൈലാഃക്ഷീരപിഷ്ടൈശ്ശിലെപയെൽ। അഥവാസശതാഹ്വൈലാസ്സൈസ്സുരദാരുണാപിവാ॥

എള്ള ദെവതാരം ഇവയൊ ശതകുപ്പ എള്ള ഇവയൊ ശതകുപ്പ ദെവതാരം എള്ള ഇവയൊ പാലിൽ അരച്ച പുറമെ തെക്കുകയും ചെയ്യും.

(ചെവിയിൽ പുകപ്പാൻ)

൨- ബലാമൂലകഷായെണസമക്ഷീരെണമൃന്മയെ।
പാത്രെപാവകതപ്തെനബാഷ്പംനാഡ്യാംചതൌനയെൽ॥

കുറുന്തൊട്ടിവെരുകൊണ്ട വെച്ച കഷായം മൺപാത്രത്തിലാക്കി പാല സമമായിചെൎത്ത തിളപ്പിച്ച അതിൽനിന്ന പൊങ്ങുന്ന പുക കുഴൽവെച്ച ചെവികളിൽ പ്രവെശിപ്പിക്കുക- നല്ലവണ്ണം വിയൎത്താൽ മതിയാക്കുകയും വെണം.

൩- ധാന്യാമ്ലനാപിശസ്തായംപ്രയൊഗശ്ശൂലശാന്തയെ।
സദ്യസ്സിഞ്ചെൽ ഉഷ്ട്രചതശ്ശൃംഗിവെരരസെനവാ॥

മെൽപറഞ്ഞ പ്രയൊഗം കാടികൊണ്ടും ചെയ്യാം- കണ്ണശ്ശൂലം ഉടനെ ശമിക്കെണമെങ്കിൽ ഇഞ്ചി മൊരികളഞ്ഞ ഉപ്പ പൊടിച്ച പുരട്ടി ചതച്ച അതിൻെറ നീര ചെവിയിൽ പിഴിയുക- ഇത എത്രയും രഹസ്യമായ ഔഷധമാകുന്നു.

(കുഷ്ഠാദിതൈലം)

൫൦- കുഷ്ഠവിശ്വവചാഹിംഗുദേവദാരുമിസിസൈന്ധവൈഃ।
ബസ്തസ്യമൂത്രേ പക്വഞ്ചതൈലംകർണ്ണാർത്തിനാശനം॥

കൊട്ടം ചുക്ക വയമ്പ കായം ദെവതാരം ശതകുപ്പ ഇന്തുപ്പ ഇവ ആട്ടിൻമൂത്രത്തിൽ അരച്ചുകലക്കി എണ്ണ ചെർത്ത കാച്ചിയരിച്ച ആ എണ്ണ ചെവിയിൽ പകരുക- എന്നാലും കർണ്ണശൂലം ശമിക്കും.

(ശൈലൂഷമധുകാദിതൈലം)

൫൧- ശൈലൂഷമധുകാക്ഷീരബലാനിംബപഥിതാംബുനി।
ശാരിവാചന്ദനോശീരകാകോളീദ്വയയഷ്ടിഭിഃ॥
൫൨- ജീവകർഷഭകാനന്താമഞ്ജിഷ്ഠാവിസലൈർദ്ദ്രവൈഃ।
ത്രിഫലാസനസാരാബ്ദകടുകാഭിശ്ചസാധിതം॥
൫൩- ഗോക്ഷീരംദ്വിഗുണംതത്താത്തൈലംമന്ദാഗ്നിനാജയെൽ।
പൂരണാൽകർണ്ണയൊശ്ശൂലമഭ്യംഗാന്നാവനാദപി॥

കൂവളത്തിൻവെര ഇരട്ടിമധുരം ശതാവരിക്കിഴങ്ങ കുറുന്തോട്ടിവെര ഇവ കൊണ്ട കഷായംവെച്ച നന്നാറിക്കിഴങ്ങ ചന്ദനം രാമച്ചം കാകൊളി ക്ഷീരകാകൊളി ഇരട്ടിമധുരം ജീവകം ഇടവകം കുറുക മഞ്ചട്ടി വെപ്പാടി താമരവളയം പാച്ചോററിത്തൊലി ത്രിഫല ചെങ്ങക്കാതല മുത്തങ്ങക്കിഴങ്ങ കടുകരോഹിണി ഇവ അരച്ചുകലക്കി എണ്ണ ചെർത്ത മന്ദാഗ്നികൊണ്ട പചിച്ചരിച്ച ചെവിയിൽ നിറയ്ക്കുകയും തലയിൽ തെപ്പിക്കയും നസ്യവും ചെയ്ക- മെൽപറഞ്ഞ ചികിത്സകൾ യഥൊചിതമായി ചെയ്താൽ കർണ്ണശൂലങ്ങൾ ശമിക്കും.

കർണ്ണനാദചികിത്സാ.

(ശിഗ്രുപല്ലവാദിതൈലം)

൫൪- ശിഗ്രുപല്ലവനിർഗ്ഗുണ്ഡീരുചകസ്വരസംഭവൈഃ।
പചെദ്രസെസമക്ഷീരംതൈലംകുഷ്ഠാബ്ദയഷ്ടിഭിഃ॥
൫൫- പൂരണാൽകർണ്ണനാദസ്യശമനംനാവനാദപി।
അഭ്യംഗാച്ച പുരാപ്രോക്താംശൈലൂഷമധുകാദിച॥

ചെവിമൂളുന്നതിന്ന കർണ്ണനാദമെന്ന പെരാകുന്നു- അതിന്ന മുരിങ്ങത്തളിര കരുനൊച്ചിയില അവണക്കില ഇവററിൻനീരിൽ കൊട്ടം മുത്തങ്ങക്കിഴങ്ങ ഇരട്ടിമധുരം ഇവ അരച്ചുകലക്കി എണ്ണയും എണ്ണയോട സമം പാലും ചെർത്ത കാച്ചിയരിച്ച

ചെവിയിൽ നിറെക്കുകയും നസ്യം ചെയ്കയും തലയിൽ തെപ്പിക്കയും ചെയ്ക- എന്നാൽ ശമിക്കും.

## കൎണ്ണബാധിൎയ്യചികിത്സാ.

൫൩- കൎണ്ണശൂലെഷു യൽപ്രൊക്തം യഥാവസ്ഥാ സമാസതഃ।
തദെവ കൎണ്ണബാധിൎയ്യെ പ്രയൊജ്യം പ്രാഹുരൌഷധം॥

കൎണ്ണബാധിൎയ്യമെന്നത കൎണ്ണങ്ങളുടെ ശബ്ദശ്രവണശക്തിഹാനിയാകുന്നു അതിന്ന കൎണ്ണശൂലത്തിങ്കൽ പറഞ്ഞ ചികിത്സകൾ ഒക്കെയും പററുന്നതാകുന്നു.

൫൪- തൈലം ക്ഷീരബലാസിദ്ധം വിശെഷെണാത്ര ശസ്യതെ।
ശിരസഃപൂരണെ നസ്യെ സബലാമൃതയാപി വാ॥

ക്ഷീരബലാ തൈലമൊ കുറുന്തൊട്ടിവെരും ചിററമൃതും കൂട്ടി കഷായംവെച്ച അതിൽ കുറുന്തൊട്ടിവെരും ചിററമൃതും അരച്ചുകലക്കി എണ്ണയും പാലും ചെൎത്ത കാച്ചിയരിച്ച ആയതൊ തലയിൽ തെപ്പിക്കയും ചെയ്ക.

## പ്രതീനാഹചികിത്സാ.

൫൫- പ്രതീനാഹെ മൃദൂകൃത്യ കൎണ്ണഗൂഥം സ്നെഹസ്വെദാവപാതനൈഃ।
ശുദ്ധീകൃത്യ ഹരെത്താഭ്യാം യന്ത്രെണാന്തൎഗ്ഗതം മലം॥

വായു കഫത്തൊടുകൂടി കൊപിച്ച ശ്രവണശക്തിയെ കുറച്ചാൽ ആയതിന്ന കൎണ്ണബാധിൎയ്യമെന്ന പറയുന്നു- വാതത്താൽ ഉലക്കപ്പെട്ട കഫം ചെവികളുടെ ദ്വാരങ്ങളിൽ വന്ന തങ്ങിയാൽ നൊവൊടും ചൊറിച്ചിലൊടുംകൂടി ഉണ്ടാകുന്ന ശ്രവണശക്തിഹാനിക്ക പ്രതീനാഹമെന്ന പെര- ഇങ്ങിനെ ബാധിൎയ്യാ പ്രതിനാഹങ്ങളുടെ ഭെദമറിഞ്ഞ ചികിത്സിക്കുക- പ്രതീനാഹത്തിന്ന പലപ്രാവശ്യം എണ്ണപുരട്ടുകയും വിയൎപ്പിക്കയും ചെയ്ത ചെവികൾക്ക അയവ വരുത്തി; തിരിമുതലായ യന്ത്രങ്ങൾ കടത്തി ഉള്ളിലുള്ള മലത്തെ കളഞ്ഞ ശുദ്ധിവരുത്തുക.

(ചെവിയിൽനിറെക്കുവാൻതൈലം)

൫൬- ഡാഡിമാസനനിൎഗ്ഗുണ്ഡീവിലാപല്ലവജെരസെ।
വ്യൊഷസൈന്ധവദെവാഹ്വാചകം തൈലഞ്ച പൂരയെൽ॥

താളിമാതളത്തില കരിനൊച്ചിയില കൂവളത്തില ഇവററിൻനീരിൽ ത്രികടു ഇന്തുപ്പ ദെവതാരം ഇവ അരച്ചുകലക്കി എണ്ണചെൎത്ത കാച്ചിയരിച്ച ആയത നിറെക്കുകയും ചെയ്ക- എന്നാൽ ശമിക്കും.

## കൎണ്ണകണ്ഡൂചികിത്സാ

൨൦- പൂരയെൽകൎണ്ണകണ്ഡൂതെകൎണ്ണയൊഃകൊഷ്ണകാഞ്ചികം।
കാഞ്ചികെനകൃതംവാലതൈലകസിദ്ധംതൈലമഥാപിവാ॥

ചെവി ചൊറിയുന്നതിന്ന കാടി ചൂടുപിടിപ്പിച്ച ചെവിയിൽപകരുക- കാടിയിൽ ഉങ്ങിൻതൊലി അരച്ചുകലക്കി എണ്ണ ചെൎത്ത കാച്ചിയരിച്ച പകരുകയുമാം.

## കൎണ്ണശോഫചികിത്സാ

൨൧- കൎണ്ണശോഫെചികാൎയ്യൊയംവിധിഃകിഞ്ചാത്രശോഫജിൽ।
പിഷ്ടാഭ്യാംമിസിദാരുഭ്യാംതക്രെണചവിലെപനം॥

ചെവി ചൊറിഞ്ഞ വീങ്ങിയാലും മുൻപറഞ്ഞ പ്രയോഗങ്ങളെ ചെയ്യു- അതിന്റെ പുറമെ വീക്കം ശമിപ്പാൻ ദെവതാരം, ശതകുപ്പ ഇവ മൊരിൽ അരച്ച പുറമെ പുരട്ടുകയും ചെയ്യും.

## പൂതികൎണ്ണചികിത്സാ

൨൨- തുളസിരസതൃസിന്ധ്യകാൎപ്പാസഫലകല്കിതെ।
പചാംപ്രപൂരയെത്തൈലംമധ്വാൎദ്രകരസാന്വിതം॥
൨൩- ഏഷപ്രയൊഗൊഭാഗെചപൂതീകൎണ്ണശമപ്രദഃ।
നിൎഗ്ഗുണ്ഡ്യാദിരസെചൈവചകല്പിതംതിലജംതഥാ॥

തുളസിനീരിൽ പരുത്തിക്കുരു അരച്ചുകലക്കി എണ്ണ ചെൎത്ത കാച്ചിയരിച്ച ആ എണ്ണ തെനും ഇഞ്ചിനീരും ചെൎത്ത ചെവിയിൽ പകരുക- ചെവി പഴുത്തുനാറുന്നത ശമിക്കും- കരുനൊച്ചി മുതലായതുകളുടെ ഇലകൾ ഇടിച്ചുപിഴിഞ്ഞെടുത്ത നീരിലും പരുത്തിക്കുരു അരച്ചുകലക്കി എണ്ണ ചെൎത്ത കാച്ചിയരിച്ച മെൽപ്രകാരം പ്രയോഗിക്കാം.

(നിൎഗ്ഗുണ്ഡ്യാദി തൈലം)

൨൪- നിൎഗ്ഗുണ്ഡീഭൃംഗജാത്യൎക്കരസൊനസുരസാൎദ്രകൈഃ।
സഹിതാശ്ശിഗ്രുവാൎത്താകരംഭാഃകാരലതാന്വിതാഃ॥
൨൫- സംക്ഷുദ്യപീഡയിത്വാഭ്യൊരസംഹൃത്യാത്രകല്കിതൈഃ।
കാൎപ്പാസബീജദെവദ്രുശൈലൂഷാസനകൌശികൈഃ॥
൨൬- പചാംസശൃംഗിവെരാംബുമാക്ഷികംചിനിയച്ഛതി।
നാദബാധിൎയ്യമൂയാഢ്യംപൂതികൎണ്ണംപ്രപൂരണാൽ॥

കരുനൊച്ചിയില കഞ്ഞുണ്ണി। പിച്ചകത്തില എരുക്കില വെളുത്ത ഉള്ളി തുളസിയില ഇഞ്ചി മുരിങ്ങയില ചെറുവഴുതിന

യില കദളിവാഴക്കിഴങ്ങ കല്ലു ഇവററിൻനീരിൽ പരത്തിക്കുരു ദെവതാരം, കുവളത്തിൻവെര, വെങ്ങക്കാതല, ഗുല്ഗുലു ഇവ അരച്ചുകലക്കി എണ്ണചെത്ത്കാച്ചിയരിച്ച ഇഞ്ചിനീരും തെനും ചെത്ത ചെവിയിൽ പകരുക- മൂളലൊടും കെളുയ്മയൊടും ചലത്തിന്റെ വരവൊടുംകൂടിയപൂതികർണ്ണം ശമിക്കും.

### ക്രിമികർണ്ണചികിത്സാ

൨൭- ഹരിതാലരജസായുക്താംഗൊമൂത്രംപൂരയെത്ര്യഹം।
ക്രിമികർണ്ണെ വിനാശായ പ്രയൊഗൊയമലന്തരാം॥

വാതാദികൾ കൊപിച്ചു ചെവിയുടെ ഉള്ളിലെ രക്തമാംസങ്ങളെ ദുഷ്ടങ്ങളാക്കി ചെസ്ത വെദന, പഴുപ്പ്, പുഴുക്കടി ഇവയെ ഉണ്ടാക്കും അതിന്ന ക്രിമികർണ്ണമെന്ന പെരാകുന്നു അത സംഭവിച്ചാൽ അരിതാരം പൊടിച്ച ഗൊമൂത്രത്തിൽ കലക്കിമൂന്ന ദിവസം ചെവിയിൽ പകരുക- എന്നാൽ ശമിക്കും.

### (വിളംഗാദിതൈലം)

൨൮- വിളംഗരജനീദാരുഹരിതാലഫലത്രയൈഃ।
മനശ്ശിലാപലാശത്വജ്ഗതിലിംഗസമന്വിതൈഃ॥
൨൯- കാരവല്ലീരസൊപെതഗൊമൂത്രപിഷ്ടകല്കിതൈഃ।
വിപകാംചാക്രികാംതൈലംക്രിമികർണ്ണവിനാശനം॥

വിഴാലരി വരട്ടുമഞ്ഞൾ ദെവതാരം അരിതാരം ത്രിഫല മനയൊല പ്ലാശിൻതൊലി മായിലിന്യം ഇവ കല്ലുനീരും ഗൊമൂത്രവും സമമായി ചെത്തതിൽ അരച്ചുകലക്കി കണ എണ്ണ ചെത്ത കാച്ചിയരിച്ച ചെവിയിൽ പകരുക- എന്നാലും ക്രിമികർണ്ണം ശമിക്കും.

### കർണ്ണാർശശ്ചികിത്സാ

൩൦- ത്രിദിനംപൂരയെത്തൈലംവിളംഗാദിശൃതംപുരാ।
സെചയിത്വാതതഃക്ഷൗദ്രംനിമ്പിഞ്ചൊൽപടുസംയുതം॥
൩൧- സപ്താഹംവാദശാഹംവാകർണ്ണയൊഃപക്ഷമെവവാ।
എഷപ്രയൊഗഃകർണ്ണാർശ്ശമനഃഫലസമ്മതഃ॥

വിളംഗാദി തൈലം മൂന്ന ദിവസം ചെവിയിൽ പകൎന്നതിന്റെശെഷം വിയർപ്പിച്ച ഇന്തുപ്പു പൊടിച്ച തെനിൽചെത്ത ആയത ചെവിയിൽ എഴ ദിവസമൊ പത്ത ദിവസമൊ പതിനഞ്ച ദിവസമൊ ഒഴിക്കുക എന്നാൽ കർണ്ണാർശസ്സ ശമിക്കുമെന്ന

ഭെല്ലാചാൎയ്യനാൽ പറകപ്പെട്ടിരിക്കുന്നു- ചെവിയുടെ ഉള്ള പുണ്ണായി ചിലമാംസകീലങ്ങളൊടുകൂടിവരുന്നതിന്നു കർണ്ണാൎശസ്സെന്നു പെരാകുന്നു.

കർണ്ണവിദ്രധിചികിത്സാ

൩൨- വചാമധുകകൃഷ്ണാനാം ചൂർണ്ണം പ്രാശ്യ സമാക്ഷികം।
ഛൎദ്ദയെൽ പ്രഥമം കർണ്ണവിദ്രധൌ സമുപസ്ഥിതെ॥

വെദന, ചുവപ്പു, ചുട്ടുനീറൽ, പൊറിച്ചൽ, പഴുപ്പു ഇത്യാദികളൊടുകൂടി ചെവികൾ അധികമായി വീങ്ങിയാൽ അതിന്നു കർണ്ണവിദ്രധിയെന്നു പെരാകുന്നു- അതു സംഭവിച്ചാൽ വയമ്പു ഇരട്ടിമധുരം, തിപ്പലി ഇവ പൊടിച്ചു തെൻചെൎത്തു സെവിപ്പിച്ചു മുമ്പെ ഛൎദ്ദിപ്പിക്കുക- അതിന്റെശെഷം ഇതിന്നു താഴെ പറയുന്ന ചികിത്സകളെ ചെയ്യു.

(പുറമെതെപ്പാൻ)

൩൩- ശാരിബാമിസിദെവാഹ്വാശാബരത്വക്ഫലത്രയൈഃ।
ക്ഷീരപക്വൈൎമുഹുഃപിഷ്ടൈൎബ്ബഹിഃകുൎയ്യാച്ചലെപനം॥

നന്നാറിക്കിഴങ്ങ, ശതകുപ്പ, ദെവതാരം, പാച്ചൊറ്റിത്തൊലി, ത്രിഫല ഇവ പാലിൽ പുഴുങ്ങിയരിച്ചു പുറമെതെക്കുക.

(പയസ്യാദികഷായം)

൩൪- പയസ്യാബൃഹതീമൂലഫലത്രയനിശാദ്വയൈഃ।
സവിശാലാപടൊലീകൈഃപായയെച്ഛൃതംജലം॥

അടപതിയൻകിഴങ്ങു; ചെറുവഴുതിനവെര, ത്രിഫല, വാട്ടുമഞ്ഞൾ, മരമഞ്ഞത്തൊലി, കാട്ടുവെള്ളരിവെര, പടൊലം ഇലകൊണ്ടു കഷായംവെച്ചു സെവിപ്പിക്കയും ചെയ്യു.

൩൫- ശീലയെന്നിശിഭുക്താത്തുനവനീതമധുസ്സഹീം।
വിധ്യാച്ചവരാകുഷ്ഠതൈലനാപൂരയെച്ഛ്രുതി॥

അത്താഴം കഴിഞ്ഞാൽ നവനീതമധുസ്സഹിംഎന്ന മുൻപറഞ്ഞ ഔഷധത്തെ സെവിപ്പിക്ക- ത്രിഫല, കൊട്ടം ഇവ പച്ചവെള്ളത്തിൽ അരച്ചുകലക്കീട്ടൊ മെൽപറഞ്ഞ മരുന്നുകൾ കൊണ്ടു കഷായംവെച്ചു അതുകൾതന്നെ അരച്ചുകലക്കീട്ടൊ കാച്ചിയെണ്ണ നിത്യമായി ചെവിയിൽ നിറയ്ക്കുക- ഇവ ചെയ്താൽ കർണ്ണവിദ്രധി ശമിക്കും.

കർണ്ണാൎബ്ബുദചികിത്സാ

൩൬- അൎബ്ബുദസ്യൊദിതൽപ്രൊക്താംകുൎയ്യാൽകർണ്ണാൎബ്ബുദെചി
തൽ। കിത്സാത്രകർണ്ണപാലീനിദ്ധ്യാണിത്തുനായൊജയെൽ॥

അൎബ്ബുദത്തിന്ന പറഞ്ഞ ചികിത്സകൾ ഒക്കെയും കൎണ്ണാൎബ്ബുദത്തിന്ന ചെറരുന്നതാകുന്നു- അതുകളിൽ കൎണ്ണത്തിന്ന അഹിതങ്ങളായിരിക്കുന്ന ദ്രവ്യങ്ങൾ അൎബ്ബുദ ശമനങ്ങളായിരുന്നാലും ചെൎക്കപ്പെടരുത ഇത്രമാത്രം ഭെദമുണ്ടെന്നറിക.

## പാളീശൊഷചികിത്സാ

### (അശ്വഗന്ധാദിതൈലം)

൬൧- അശ്വഗന്ധാബലാഭീരുപയസ്യൈരണ്ഡമൂലകൈഃ।
ക്ഷീരെവിപക്വന്തൈലന്തുപാളീശൊഷഹരംപരം॥

കാതിന്റെ വള്ളി ശൊഷിക്കുന്നതിന്ന അമുക്കുരം, കുറുന്തൊട്ടിവെര, ശതാവരിക്കിഴങ്ങ, അടപതിയൻകിഴങ്ങ ആവണക്കിൻവെര ഇവ പാലിൽ അരച്ചുകലക്കി എണ്ണകാച്ചിയരിച്ച പുരട്ടുക.

൬൨- ജീവകാദ്യൈരൌഷധൈസ്സിദ്ധംജലകുക്കുടമാംസജെ।
രസെസമാനദുഗ്ദ്ധാഢ്യംതൈലംപാള്യാസ്തുപൊഷണം॥

കുളക്കൊഴിയുടെ മാംസംകൊണ്ടു കഷായംവെച്ച അതിൽ അടപതിയൻകിഴങ്ങ, കാകൊളി, ക്ഷീരകാകൊളി, മെദ, മഹാമെദ, കാട്ടുഴുന്നിൻവെര, കാട്ടുപയററിൻവെര, ജീവകം ഇടവകം, ഇരട്ടിമധുരം ഇവ അരച്ചുകലക്കി എണ്ണയും എണ്ണയൊളം പാലും ചെൎത്ത കാച്ചിപ്പുരട്ടുക-

൬൩- തിലയഷ്ട്യശ്വഗന്ധാഭിശ്ചൂൎണ്ണിതാഭിൎവ്വിമിശ്രിതം॥
നവനീതംസദാലെപാൽപാളീപുഷ്ടികരംവിദുഃ॥

എള്ള, ഇരട്ടിമധുരം, അമുക്കുരം ഇവ പൊടിച്ച വെണ്ണചെൎത്ത പുരട്ടുക- ഇങ്ങ ചെയ്യാൽ കാതിന്റെവള്ളി തടിക്കും-

## തന്ത്രികാചികിത്സാ

൭൦- എഭിരെവൌഷധൈൎയ്യത്നൈസ്തന്ത്രികാംസമുപാചരൻ।
സമ്യക്ഛമാശാനിൎമ്മുക്താവൃദ്ധെരെവനിവൎത്തയെൽ॥

കാതിന്റെ വള്ളി അധികമായി ശൊഷിച്ച വീണയുടെ കമ്പിപൊലെ ആകുന്നതിന്ന തന്ത്രികഎന്ന പെരാകുന്നു- അതിന്ന പാളീശൊഷത്തിന്ന പറഞ്ഞതൊക്കെയും ചെയ്ക- എന്നാൽ പിന്നെ ഒട്ടും വൎദ്ധിക്കാതെ കഴിയും- ആയത നല്ലവണ്ണം ശമിക്കുന്നതല്ല-

൭൧- പ്രാദെശികെപരിക്ഷീണംഛിന്നാസന്ധാനമാചരെൽ।
പാള്യംശംശിഷ്ടായൊരെഷപ്രയൊഗസ്ത്വ്യമാവഹഃ॥

വള്ളിയുടെ ഒരു ഭാഗത്തിങ്കൽ മാത്രം അധികമായി ശോഷിച്ച തന്ത്രിപോലെ സംഭവിച്ചാൽ ഇരുഭാഗവും വള്ളിക്കു പുഷ്ടിയും നീളവുമുണ്ടെങ്കിൽ ശോഷിച്ച ഭാഗം മുറിച്ചുകളഞ്ഞ ശിഷ്ടങ്ങളുടെ തലകൾ തമ്മിൽചേൎത്ത മരുന്നുതേച്ചുകെട്ടി ഉണക്കുക എന്നാൽ ശമിക്കും.

(കാതുമുറിച്ചുവെച്ചാൽ പുരട്ടേണ്ടമരുന്നു)

൮൨– ശാലേംഗ്രാഗോധികാമൂഷ്വാവിഭല്ലാന്യതമജ്ജഭിഃ।
പിഷ്ടൈല്ലാക്ഷാസമാംശൈർദ്ധ്യസ്സ്വാഭിര്യസ്സന്ധാനമാചരേൽ॥

ഞെരിഞ്ഞിലിൻതളിര കൂവളത്തളിര പെരുംകുരുമ്പതളിര കഞ്ഞിക്കൊട്ടകത്തിൻതളിര ൪ മരുന്നുകളിലെതെങ്കിലും കൊലരക്ക സമം കൂട്ടിപ്പൊടിച്ച നെയ്യചേൎത്ത പുരട്ടി കെട്ടിക്കൊൾക– എന്നാൽ വള്ളിയുടെ അഗ്രങ്ങൾ തമ്മിൽ ചെരുകയും മുറി ഉണങ്ങുകയും ചെയ്യും–

കാതിന്റെവള്ളി പൊറിച്ചിലൊടുകൂടെ
വീങ്ങിപ്പൊളിയുന്നതിന്ന

൮൩– പാള്യാഃകണ്ഡൂതിശോഫാഢ്യരണെസമുപസ്ഥിതേ।
ജളൌകാഭിർഹരെദ്രക്തംപശ്ചാൽകുർയ്യാച്ചലെപനം॥
൮൪– ക്ഷീരിവല്കജനിഷ്കാഥൈശപുഷ്പരസാന്വിതൈ।
യഷ്ട്യശ്വഗന്ധാകല്കേനസമ്യൿപക്വേനസർപ്പിഷാ॥

കാതിന്റെവള്ളിക്ക പൊറിച്ചിൽ വീക്കം വിള്ളൽ ഇവയുണ്ടായാൽ അട്ടയിട്ട ചോരകളഞ്ഞനാല്പാമരത്തിൻതൊലി കഷായംവെച്ച ഇരട്ടിമധുരവും അമുക്കരവും അരച്ചുകലക്കി നെയ്യചേൎത്ത കാച്ചി വെണ്ണപ്പാകത്തിലരിച്ച പുരട്ടുക– എന്നാൽ ശമിക്കും.

കാതുവളൎത്തുവാൻ ദണ്ഡിക്കുന്നതിന്ന

൮൫– മാതംഗപടികാസാരജീവന്തീയഷ്ടിചിത്രകൈഃ।
ഛാഗാശ്വഗന്ധാസംയുക്തൈന്നവനീതന്തുമാഹിഷം॥
൮൬– വിപക്വംമർദ്ദനാഭ്യംഗാൽപാള്യാവൃദ്ധിർന്നകൃത്രിമാം।
സർവ്വംശോഷക്രമത്രാപിപ്രയുഞ്ജീതചികിത്സിതം॥

ആനടിയൻനീരിൽ അടപതിയൻകിഴങ്ങ ഇരട്ടിമധുരം അവണക്കിൻവെര ദർഭവെര അമുക്കരം ഇവ അരച്ച കലക്കി എരുമവെണ്ണചേൎത്ത കാച്ചിയരിച്ച പുരട്ടിയാൽ കാതുവളൎത്തുവാനുള്ള ഞെരുക്കം തീരും– പാളീശോഷത്തിന്ന പറഞ്ഞ ചികിത്സകളും ഇതിന്ന പറയുന്നവയാകുന്നു.

൬൨– യഥാസ്വമുക്താന്യേതേഷു കൎണ്ണദോഷചിതരേഷു ച।
വക്ഷ്യമാണാനിയുഞ്ജീതസമ്യക്സിദ്ധാനിസിദ്ധയെ॥
മേൽപറഞ്ഞ രോഗങ്ങൾക്ക അതാതിന്ന പറഞ്ഞ ചികിത്സകളുടെപുറമെ ഇതിന്നുതാഴെ പറയുന്നവയും ഉപയോഗമുള്ളവയാകുന്നു. മേൽപറഞ്ഞ രോഗങ്ങളിൽ ചേരാതെ ചില പുളകങ്ങൾ മുതലായത കണ്ടാലും കനമുള്ള ആഭരണമിട്ടാൽ നീര കാണുക ഇത്യാദികൾ കണ്ടാലും ഇതിന്നുതാഴെ പറയുന്നവ തന്നെമുഖ്യമായി ചെയ്തുകൊൾക.

## കൎണ്ണരോഗ സാമാന്യചികിത്സാ

## (ബദരീസോമവല്ല്യാദി തൈലം)

൬൩. ബദരീസോമവല്ല്യൎക്കത്വഗ്ബലാശിഗ്രുസാധിതേ।
കഷായെസനദാരുശ്ര്യം തൈലംകൎണ്ണാൎത്തിജിൽപ്ലുതം॥
ലന്തയില സോമവല്ലി എരുക്കിൻതോലി മുരിങ്ങത്തോലി ഇവകൊണ്ട കഷായംവെച്ച വെങ്ങക്കാതല ദേവതാരം ഇവ അരച്ചുകലക്കി എണ്ണ ചേൎത്ത കാച്ചിയരിച്ച തേപ്പിക്കയൊ നസ്യംചെയ്കയൊ ചെവിയിൽ നിറെക്കയൊ നീരുള്ളെടത്ത പുരട്ടുകയൊ വള്ളിമേലുണ്ടാകുന്ന വ്യാധിക്ക വള്ളിമേൽ പുരട്ടുകയൊ യോഗതയ്ക്കു തക്കവണ്ണം ചെയ്ക– കൎണ്ണരോഗങ്ങൾ എല്ലാം ശമിക്കും–

## അതസീമൂലാദിതൈലം

൬൪– അതസീമൂലമഞ്ജിഷ്ഠാശിഗ്രുമൂൎവ്വാശൃതേജലേ।
ദാൎവ്വീഫലത്രയോശീരസരളാമരദാരുഭിഃ॥
൬൫– കല്ക്കൈൎന്യഗ്രോധവാസോപേതംശൃതംതൈലഞ്ചതാദൃശം।
കാശാവിൻവേര മഞ്ചെട്ടിപ്പൊടി മുരിങ്ങത്തോലി പെരുങ്കുരുമ്പവേര ഇവകൊണ്ട കഷായംവെച്ച മരമഞ്ഞൾതോലി ത്രിഫല രാമച്ചം ചരളം ദേവതാരം ഇവ അരച്ചുകലക്കി എണ്ണയും ഉടമ്പിൻനെയ്യും ചേൎത്ത കാച്ചിയരിച്ച മേൽപറഞ്ഞപ്രകാരം ചെയ്ക– കൎണ്ണരോഗങ്ങൾ ഒക്കെ ശമിക്കും.

## (ഭൂതാലഭൃംഗാദിതൈലം

൬൬– ഭൂതാലഭൃംഗൈരണ്ഡീതുളസീശിഗ്രുഭാസ്വതാം।
മായൂരിതിന്ത്രിണീകാകമാചീനാമാൎദ്രകസ്യച।
൬൭– രംഭാശുദ്ധ്യതയോശ്ചാപിസ്വരസൈഃപിഷ്ടകല്ക്കിതൈഃ।
നിശാദ്വയോഗ്രാരഗ്വേപ്യാസ്വപടുസൎജ്ജരസാന്വിതൈഃ

൩൨– കല്ക്കിതൈസ്തിലജസ്സാജമൂത്രസ്സൈഹാവിപാചിതഃ।
സർവ്വാൻകർണ്ണഗതാൻരോഗാനഭ്രംശാദ്യൈന്നിയച്ഛതി॥

നിലപ്പന കഞ്ഞുണ്ണി കരുനൊച്ചിയില തുളസിയില മുരിങ്ങയില എരുക്കില വെറുകടലാടി പുട്ടിയില കരന്താളി ഇഞ്ചി കടുളിവാഴക്കിഴങ്ങ ഉമ്മത്തില ഇവററിൻനീരിൽ വരട്ടമഞ്ഞൾ മരമഞ്ഞൾത്തൊലി വയമ്പ കൊട്ടം ചുക്ക ഇന്തുപ്പ ചെഞ്ചല്യം ഉള്ളി ഇവ അരച്ചുകലക്കി എണ്ണയും എണ്ണയോളം ആട്ടിൻമൂത്രവും വെച്ച കാച്ചിയരിച്ച മെൽപറഞ്ഞപ്രകാരം ചെയ്ക– കർണ്ണരോഗങ്ങൾ എല്ലാം ശമിക്കും.

൩൩– ഇതിസംക്ഷേപതഃ പ്രോക്തം കർണ്ണരോഗചികിത്സിതം।
അത്രപ്രാനാനുവർത്താന്യസ്ഥലേ തച്ചേ സ്ഥാപയിഷ്യതേ॥

ഇങ്ങിനെ കർണ്ണരോഗചികിത്സകൾ സംക്ഷേപെണ്ണ ഇവിടെ പറകപ്പെട്ടു ആയതുകൊണ്ട മതിയായില്ലെന്ന വിചാരിക്കുന്നവൎക്ക വഴി വെറെ ഉണ്ട. ഇനി ഉണ്ടാകകയുമാം ഇപ്പൊൾ ഗ്രന്ഥവിസ്തരഭയം ഹെതുവായിട്ട ചുരുക്കിയതാണെന്ന എല്ലാവരും അറിഞ്ഞുകൊൾകയും വെണം.

ഇതി വാഗ്ഭടസൊപനാമകരാമാനന്ദനാഥ പണ്ഡിതപാരശൈവെന്ദ്രകൃതായാമാരൊഗ്യകല്പദ്രുമെ ബാലചികിത്സായാം സപ്തവിംശസ്തബകൊനാമ സപ്തവിംശൊദ്ധ്യായഃ

## ആരൊഗ്യകല്പദ്രുമെ ബാലചികിത്സായാം

## അഷ്ടവിംശാദ്ധ്യായപ്രാരംഭഃ

### നാസാരൊഗപ്രകരണം

### പീനസചികിത്സാ

൧– അത്ര നാസാഗതാനാം ചികിത്സാത്ര പീനസെ।
നിവാതനിലയെ വാസഃ സാവാസഃ സാശിരസഃ ഗുരു॥
൨– സ്വെദോഷ്ണഞ്ചാപ്ലവത്യാഗസ്ത്രീന്ന്യഹാന്നിതതഃ പരം।
ശിരസസ്സ്നെഹനം ശസ്തം തഥാധൂമശ്ച തത്സഹെ॥
൩– ഗണ്ഡൂഷനാവനെ ചെതി സാമാന്യാന ചികിത്സിതം।

ഉല്ക്ലിഷ്ടദോഷേ ഭൃശയാപിനസ്സായാമനുബന്ധിനി॥
൯– ദിവസാന്തരിതം തത്തദ്ദോഷപ്രശമനൌഷധൈഃ।
കഷായിതേനാംബുനാസ്സായാദഥവാരക്തജേപി ച॥

൭൦. അദ്ധ്യായത്തിങ്കൽ നാസാരോഗചികിത്സയെ പറയുന്നു– നാസാരോഗങ്ങൾ പീനസാദികളാകുന്നു– അതിൽ വെച്ച പീനസമെന്നത മൂക്കടെയ്ക്കുക– മൂക്കിൽ നിന്ന വെള്ളം ചാടുക തലവെദന പനിമുതലായ ലക്ഷണങ്ങളൊട്ടകൂടിയതാകുന്നു– അതിന്ന കാററില്ലാത്ത അകത്ത ഇരിക്കയും ഇഴക്കനവും ചൂടുമുള്ള വസ്ത്രം കൊണ്ട തലമൂടിക്കെട്ടുകയും ആരംഭത്തിങ്കൽ മൂന്നു ദിവസം കുളിക്കാതെ ഇരിക്കയും അതിന്റെശെഷം തലയ്ക്ക സ്നിഗ്ദ്ധത വരുത്തുകയും നല്ലതാകുന്നു– പുക വലിപ്പാനും കവിൾക്കൊൾവാനും നസ്യത്തിനും വിരൊധമില്ലാത്തവക്ക ആ പ്രവൃത്തികളും വെണ്ടതാകുന്നു– ഇത എല്ലാ പീനസങ്ങൾക്കും തുല്യമത്രെ ആകുന്നത– അധികമായ ദൊഷകൊപമുണ്ടെങ്കിൽ മൂന്നുദിവസം കഴിഞ്ഞാലും തുടങ്ങിയതിൽ വളരെ താഴ്ച കൂടാതെ നില്ക്കും– എന്നാൽ മൂന്നുദിവസം കഴിഞ്ഞാലും കുളിക്കരുത– ഒന്നൊ രണ്ടൊ മൂന്നൊ ദിവസം ഇടയിൽ വിട്ട അതാതുദൊഷകൊപങ്ങൾക്ക ശമനങ്ങളായ ഔഷധങ്ങളിട്ട തിളപ്പിച്ച വെള്ളം കൊണ്ട കുളിക്കാമെന്നും ഒരു പക്ഷമുണ്ട– കുളിക്കാതെകിടപ്പാൻ വഹിയാത്തവക്ക ആ വിധത്തിലാക്കിക്കൊൾക– ആയത്തും മൂന്നുദിവസം കുളികൂടാതെ കഴിഞ്ഞതിന്റെശെഷമെ ആവൂ രക്തദൊഷംകൊണ്ട ഉണ്ടായതാകിൽ കുളി വൎജ്ജിക്കയും വെണ്ടും

## വാതപീനസത്തിന്ന

### (ജീരകാദികുഴമ്പ)

൧– ജീരകാംബുദരാസ്നാനാം ചൂൎണ്ണം ശിരസി ധാരയെൽ।
തൈലൈരന്ധജതൈലെന പക്വെനമിസിരെണവാ॥
൨– പക്വെന ഹൈമവത്യാവാദാരുണാതഗരെണവാ।
പീനസെ വാതജെരാത്രൌ പ്രത്യൂഷെത്യാജയെച്ചതം॥

മുഖം വരളുക അധികമായി തുമ്പുക മൂക്കിന്ന അധികമായ അടപ്പ തലവെദന തണുത്തനീരൊലിക്കുക ഇവയാകുന്ന ലക്ഷണത്തൊടുകൂടിയതായ വാതപീനസത്തിന്ന ജീരകം മുത്തെങ്ങ അരത്ത ഇവ പൊടിച്ച എണ്ണയും ആവണക്കെണ്ണയും സമം ചെൎത്ത അതിൽ ശതകുപ്പ പൊടിച്ചിട്ട മൂപ്പിച്ച അരിച്ചെടുത്ത ആറിയാൽ അതിൽ ചാലിച്ച മൂൎദ്ധാവിലിടുക കടുക്കയൊ ദെവ

താറമാതകരമൊ ഇട്ട മൂപ്പിക്കയുമാം- കഴമ്പ ഇടുന്നതരാത്രിയിലാകുന്നു വെണ്ടതു- പുലച്ചയായാൽ തുടച്ചുകളകയും വെണം

(ധൂമത്തിന്ന തിരി ഗുൽഗുലവാദി)

൭- ഗുല്ഗുലവാശാരുവെല്ലാബ്ദമധുകൈകൎമ്മസ്സപെഷിതൈഃ।
ത്രൈലൊക്യാശസ്യതെവൎത്തിൎദ്ധൂമപാനാംസ്സയൊജിതാ॥
ഗുല്ഗുലു അകില വിഴാലരി മുത്തങ്ങക്കിഴങ്ങ ഇരട്ടിമധുരം ഇവ തയിർവെള്ളത്തിൽ അരച്ച ശീലയിൽതെച്ച തിരച്ച ഉണക്കി എണ്ണയിൽ നനച്ച കത്തിച്ച തലക്കൽ തിയ്യ നല്ലവണ്ണംപിടിച്ചാൽ ഊതി അതിൻെറ പുക വലിപ്പിക്കുക

൮- ചലാജിരകസംസിദ്ധവാരിണാമുഖപൂരണം।
നാവനഞ്ചബലാവെല്ലശൃതതൈലനശസ്യതെ॥
മുതിര ജീരകം ഇവയിട്ട വെള്ളംവെച്ച അതുകൊണ്ട കവിൾകൊൾവിക്ക- കുറുന്തൊട്ടിക്കഷായത്തിൽ വിഴാലരി അരച്ച കലക്കി എണ്ണകൊൾത്ത കാച്ചിഅരിച്ച അതുകൊണ്ട നസ്യംചെയ്ക ഇവചെയ്താൽ വാതപീനസം ശമിക്കും

പിത്തപീനസത്തിന്ന

(മഞ്ജിഷ്ഠാദി കുഴമ്പ)

൯- മഞ്ജിഷ്ഠാമലകൊശീരരാസ്നാഢിണ്ഡീരചന്ദനൈഃ॥
മൂൎന്നിതൈസ്സന്യനിൎഗ്ഗുണ്ഡീരസപക്വെനസൎപ്പിഷാ॥
൧൦- ശുചകസ്സൎഘയുക്കെതുനാപിത്തജെത്രപരിപ്ലുതെഃ।
ലിംപെന്മൂൎദ്ധ്നിയാമെദ്വൌവതിത്ര്യപരിത്യജെൽ॥
പനി തണ്ണിർമാഘം മൂക്കിൻെറ അഗ്രത്തിങ്കൽ പഴുപ്പ തലതിരിച്ചിൽ രൂക്ഷമായി ഉഷ്ണമായി ചുവന്നിട്ടൊ മഞ്ഞളിച്ചിട്ടൊ ഇരിക്കുന്ന നീര ഒഴുകുക ഇവയാകുന്ന ലക്ഷണങ്ങളൊടുകൂടിയ പിത്തപീനസത്തിന്ന മഞ്ചെട്ടിപ്പൊടി നെല്ലിക്ക രാമച്ചം അരത്ത കടൽനാക്ക ചന്ദനം ഇവപൊടിച്ച മുലപ്പാലും കരുനൊച്ചിയിലനീരും നെയ്യും ആവണക്കെണ്ണയുംകൂട്ടി മൂപ്പിച്ചആറിയാൽ അതിൽചാലിച്ച മൂൎദ്ധാവിൽ കുഴമ്പിടുക- രണ്ടുയാമം കഴിഞ്ഞാൽ തുടച്ചുകളകയുംചെയ്ക

(ധൂമത്തിന്നതിരി ചന്ദനാദി)

൧൧- ചന്ദനാഗരുമഞ്ജിഷ്ഠാസൎജ്ജനിൎയ്യാസയഷ്ടിഭിഃ।
വൎത്തിൎഗ്ഗൊക്ഷീരപിഷ്ടാഭിരാജ്യാക്താധൂപനെമതാ॥

ചന്ദനം അകില മഞ്ചട്ടിപ്പൊടി ചെഞ്ചല്യം ഇരട്ടിമധുരം ഇവ പശുവിൻപാലിലരച്ച ശീലയിൽ തേച്ച തിരച്ചുണക്കി നെയ്യിൽ നനച്ച അതുകൊണ്ട പുകവലിപ്പിക്ക.

൧൨- കുലസ്ഥാലലകോശീരവാരിണാമുഖപൂരണം।
നാവനംചബലാധാത്രീശൃതതൈലേനശസ്യതേ॥

മുതിര നെല്ലിക്ക രാമച്ചം ഇവകൊണ്ടു കഷായംവെച്ച അതുകൊണ്ടു കവിൾക്കൊൾവിക്ക. കുറുന്തോട്ടിക്കഷായത്തിൽ നെല്ലിക്ക അരച്ചുകലക്കി എണ്ണചേർത്ത കാച്ചി അരിച്ച അതുകൊണ്ട നസ്യംചെയ്ക ഇവ ചെയ്താൽ പിത്തപീനസം ശമിക്കും

കഫപീനസത്തിന്ന

(മുസ്താദി കഴമ്പ)

൧൩- മുസ്താനിർഗ്ഗുണ്ഡികാബാണേപുംഖലിബ്ഭാസിരാബലാഃ।
ഭൂനിംബയഷ്ടിവൃശ്ചീവവംശശാരദികാതഥാഃ॥
൧൪- രാസ്നാമരിചദേവാഹ്വജീരകദ്വയസംയുതാഃ।
സാശ്വഗന്ധാഭയാകൃഷ്ണാവിശ്വഭേഷജസംഭൃതാഃ॥
൧൫- ചൂർണ്ണയിത്വാശമീപത്രരസേനവിലോളിതൈഃ। പ
ക്വൈനരണ്ഡതൈലേനയോജിതാമൂർദ്ധ്നിധാരയേൽ॥
൧൬- കഫജെപ്രഹരാദൂർദ്ധ്വംത്യക്ത്വാച്ഛ്രേയസ്ത്വാധാരയേൽ।
ഏവംനിശായാസ്ത്രിഃകുര്യാൽപീനസെശ്ലേഷ്മഭാവിതെ॥

ചോറുവേണ്ടായ്ക ചുമ ദേഹംകനക്കുക ഛർദ്ദി വായമധുരിക്കുക മൂക്കൊലിക്ക സ്നിഗ്ദ്ധമായനീര ഒലിക്കുക കഫംവളരെ ചാടുക ഇവയാകുന്ന ലക്ഷണങ്ങളോടുകൂടിയ കഫപീനസത്തിന്ന മുത്തങ്ങക്കിഴങ്ങ കരുനൊച്ചിവേര കൊഴിഞ്ഞിലിൻവേര പുളിഞ്ചെരണ്ടു കുറുന്തോട്ടിവേര പുത്തരിച്ചുണ്ടവേരിന്മേൽതൊലി കാട്ടുമുല്ലവേരിന്മേൽതൊലി തഴുതാമവേര മുളന്തൊലി പാലത്തൊലി അരത്ത മുളക ദേവതാരം ജീരകം കരിഞ്ചീരകം അമുക്കരം കടുക്ക തിപ്പലി ചുക്ക കൊട്ടം ഇവപൊടിച്ച വന്നിയിലനീരിൽ കൽക്കം വിഴാലരിയുംപൊടിച്ചിട്ട ആവണക്കെണ്ണചേർത്ത മൂപ്പിച്ച അതിൽ ചാലിച്ച മൂർദ്ധാവിലിടുക ഒരുയാമം കഴിഞ്ഞാൽ തുടച്ചുകളഞ്ഞ തൊർത്തി പിന്നയുമിടുക ഇങ്ങിനെ ഒരു രാത്രിയിൽ മൂന്നു പ്രാവിശ്യമിടുക.

(ധൂമത്തിന്ന തിരി നിശാശതാഹ്വാദി)

൧൭- നിശാശതാഹ്വാദേവദാരുലയമനോഹ്വാ ത്വക്കോഷ്ഠ
ണൈഃ। ഭൃംഗരാഗാരസംയുക്തൈസ്സൂക്ഷ്മസീരസച്ചേഷിതൈഃ॥

൧൭- സകുന്ദുരുഷ്കകർപ്പൂരകുങ്കുമൈസ്സംപ്രകല്പിതാ।
ഹിരണ്യഗർഭതൈലസംസിക്താ ധൂപനവർത്തിരിഷ്യതേ॥

മഞ്ഞൾ ശതകുപ്പ കന്മതം മനയോല ഇഞ്ച മുരുക്കുവെട്ടാളൻകൂട കുന്തുരുക്കം കർപ്പൂരം കുങ്കുമം ഇവ തുളസിനീരിൽ അരച്ചു ശീലയിൽ തേച്ചുതിരച്ചു ഉണക്കി ആവണക്കെണ്ണയിൽ നനച്ചു അതുകൊണ്ടു പുകവലിപ്പിക്ക

൧൮- കുലത്ഥശുണ്ഠീകൃഷ്ണാഭിഃ ക്വഥിതേനാവചാദിനാ।
ഗണ്ഡൂഷോ നാവനേ തൈലം പ്രോക്തഞ്ചാനിലപീനസേ॥

മുതിര ചുക്ക തിപ്പലി ഇവയിട്ടു വെള്ളം കുറുക്കി അതുകൊണ്ടു കവിൾകൊൾവിക്ക വാതപീനസത്തിങ്കൽ പറഞ്ഞ തൈലംകൊണ്ടു നസ്യം ചെയ്ക- ഇവ ചെയ്താൽ കഫപീനസം ശമിക്കും

## ത്രിദോഷ പീനസത്തിന്ന

൧൯- പീനസം സന്നിപാതോത്ഥം ജാനീയാദനുപക്രമം। ദോ
ഷസാമ്യേന്യഥായുക്ത്യാ യഥാചയമഥൌഷധൈഃ॥

സന്നിപാതത്താൽ ഉണ്ടാക്കപ്പെട്ട പീനസം ദോഷങ്ങളുടെ സമാവസ്ഥയിൽ അസാദ്ധ്യം തന്നെ എല്ലാദോഷങ്ങളും ഏകപ്രകാരേണ കോപിച്ചിട്ടില്ല എങ്കിൽ മേൽപറഞ്ഞ ചികിത്സകൾ അതിന്നു പറഞ്ഞ മരുന്നുകളെ യഥോചിതമായി തമ്മിൽചേൎത്ത ചെയ്തുകൊണ്ടാൽ വളരെ ഉപദ്രവത്തോടുകൂടാതെ ഭേദിക്കയുംചെയ്യും.

## രക്ത പീനസത്തിന്ന

(അഞ്ജനാദി കുഴമ്പ)

൨൦- അഞ്ജനാംബുദരാസ്നാംബുലാമജ്ജകഫലത്രയൈഃ।
കല്ക്കയഷ്ട്യാഹ്വയോപേതൈശ്ശൃതൈസ്തന്യസംയു
തൈഃ। മൂർദ്ധ്നി ലേപം പ്രയുഞ്ജീത പീനസേ രക്തകോപജേ॥

രക്തം ദുഷ്ടമായി മൂക്കിന്റെ ഞരമ്പുകളിൽ ചെന്നുകൂടിയാൽ പിത്തപീനസത്തിന്നുപറഞ്ഞ ലക്ഷണങ്ങളോടും വിശേഷിച്ചു മാറത്തരിക്ക കണ്ണുകൾ ചുവക്ക ശ്വാസം ദുർഗ്ഗന്ധത്തോടുകൂടിയിരിക്ക ചെവി കണ്ണു മൂക്ക ഇവ ചൊറിക ഇവയോടും കൂടി ഉണ്ടാകുന്നതായ രക്തപീനസത്തിന്ന അഞ്ജനക്കല്ലു മുത്തങ്ങക്കിഴങ്ങ അരത്ത ഇരുവേലി രാമച്ചം ത്രിഫല ഇവപൊടിച്ചു മുലപ്പാലിൽ ചേൎത്ത കുഴമ്പിടുക

൨൧- അഥവാമലകാംഭോദഫലിമാംബുദകേസരൈഃ।

മാംസീമധുകകർപ്പൂരശാരിബാലോദ്ധ്രസംയുതൈഃ॥
൨൯– സാഞ്ജനൈനലാംബുശൈലെയശ്ചൂർണ്ണിതൈല്പ്പ
ഇഷ്യതെ। മൂർദ്ധ്നിഘംസപഥീതൊയനവനീതവിമർദ്ദിതൈഃ॥

നെല്ലിക്ക മുത്തങ്ങക്കിഴങ്ങ ചന്ദനം താമരയല്ലി മാഞ്ചി ഇരട്ടിമധുരം കർപ്പൂരം നന്നാറിക്കിഴങ്ങ പാച്ചോററിത്തൊലി അഞ്ജനക്കല്ല ഏലത്തരി ഇരുവെലി കന്മതം ഇവ പൊടിച്ച നിലംപരണ്ടനീരും വെണ്ണനെയ്യും ചെൎത്ത ഉരസി നീരവത്ത മൂൎദ്ധാവിൽ ഇടുകയുമാം

൩൦– സൎവ്വജ്വരക്തപിത്താസ്യന്നിർദ്ദിഷ്ടംശസ്യതെത്രച।
സ്നാനഞ്ചാമലകാംഭോദലോദ്ധ്രീസിദ്ധെനവാരിണാ॥

രക്തപിത്തത്തിന്ന പറഞ്ഞ ചികിത്സകൾ ഒക്കെയും രക്തപീനസത്തിന്നും പററും നെല്ലിക്ക മുത്തങ്ങക്കിഴങ്ങ മരമഞ്ഞത്തൊലി ഇവയിട്ട വെള്ളംവെച്ച അതുകൊണ്ട തലനനച്ച കുളിപ്പിക്കകയും നല്ലതാകുന്നു

## ദുഷ്ട പീനസത്തിന്ന

## (താലീസപത്രാദി കുഴമ്പ)

൩൧– താലീസപത്രമരിസ്സലവിളംഗസുരദാരുഭിഃ।
രാൎവ്വീശൈലെയമഞ്ജിഷ്ഠാമാഗധീചന്ദനദ്വയൈഃ॥
൩൨– ബൃഹതീബീജചിജയാരാസ്നാവാമാഗ്ന്തണ്ഡുലൈഃ।
മധൂകസാരകടുകാശിഗ്രുബീജരുഗംബുഭിഃ॥
൩൩– യഷ്ട്യുശീരഗന്ധാനളദയവാന്വിമരിചദ്വയൈഃ।
ഉഗ്രഗന്ധാനിശാപൂതിഫെനചൊരനതൈരപി॥
൩൪–സമാംശൈശ്ചൂൎണ്ണിതൈൎമ്മസ്തുവിളംഗരജനീദ്വയൈഃ।
പക്വൈനമിശ്രൈസ്തൈലെനലവപാദുഷ്ടമൂൎദ്ധനി॥
൩൫– ഹിതൊഹിതാസ്യയസ്സൎവ്വശ്ശീലനാദനുയത്നതെ।
തന്മിശ്രൈൎവ്വാബലാപത്രനവനീതയുതൈശ്ചവാ॥

എല്ലാപീനസവും ചികിത്സചെയ്യാതെ വളരെ ദിവസംകഴിഞ്ഞാൽ താനെ നിവൃത്തിച്ചില്ലെന്നും ദുഷ്ടപീനസമായി എന്നും വരാം- ഇന്ദ്രിയങ്ങൾക്ക ചൂട അഗ്നിമാന്ദ്യം പനി കാസം ശ്വാസം മാറ വാരിപ്പുറം ഈരണ്ടു പ്രദെശങ്ങളിൽ വെദന വായ വരളുക മൂക്കെന്നങ്ങുക- മൂക്കടെപ്പ കരുപാട്ടിയാൽ വരുന്നതുപൊലെ മൂക്കിൽനിന്ന ചൊരചാടുക ചലംവെരിക മൂക്കിൽപുഴക്കളുണ്ടാക മെഴുപൊലെ ഉറച്ചുമഞ്ഞളിച്ച കഫംചാകരസങ്ങളെ അറിഞ്ഞുകൂടാ എന്നും ഗന്ധങ്ങളെ അറിഞ്ഞുകൂടാ എന്നും

വരിക ഇവ ദുഷ്ടപീനസമായിട്ടുമഞ്ഞാൽ ഉണ്ടാകുന്ന ഉപദ്ര വങ്ങളാകുന്നു- ആ വിധത്തിലായാൽപിന്നെ നല്ലവണ്ണം ശമി ക്കയുമില്ല എങ്കിലും താഴെപറയുന്ന ചികിത്സകൾ ചെയ്യാൽ കു ട്ടു ശമിക്കും താലീസപത്രം മുത്തങ്ങക്കിഴങ്ങ ഏലത്തരി വി ഴാലരി ദെവതാരം മരമഞ്ഞത്തൊലി കന്മതം മഞ്ചട്ടിപ്പെട്ടി തിപ്പലി ചന്ദനം രക്തചന്ദനം ചെറുവഴുതിനവിത്ത കടുക്ക അരത്ത വലിയകടലാടിയരി ഇരിപ്പക്കാതല കടുകരോഹണി മുരിങ്ങക്കുരു കൊട്ടം ഇരുവേലി ഇരട്ടിമധുരം രാമക്കരം രാ മച്ചം ജീരകം കരിഞ്ജീരകം മുളക വാലുമുളക വയമ്പ മഞ്ഞ ൾ പൂതിയുണ്ണത്തി കടൽനാക്ക കച്ചൂരിക്കിഴങ്ങ തകരം ഇവ പൊടിച്ച തയിർവെള്ളത്തിൽ വിഴാലരി വരട്ടുമഞ്ഞൾ മരമഞ്ഞ ത്തൊലി ഇവ അരച്ചുകലക്കി എണ്ണചെൎത്ത കാച്ചിയരിച്ച അ തിൽ ചാലിച്ചുമൂൎദ്ധാവിലിടുക നിത്യമായി ഒരു എണ്ണ ശീലിച്ചു വരികിലും അയത വിട്ടാൽ വെറെ ഉപദ്രവങ്ങൾ ഉണ്ടാവുരിക യുമാകിൽ നിത്യമായി ശീലിച്ചുവരുന്ന എണ്ണയിൽ തന്നെ ചാ ലിച്ചു കുഴമ്പിടുക- പച്ചക്കുറുന്തോട്ടിയില അന്നന്ന പൊടിച്ചു ചെൎത്ത വെണ്ണകൂട്ടി ഉരസിനിറുത്ത ഇടുകയുമാം

൮൯- ശിരസ്ശുദ്ധിദായീനിതൈലാനിചസുശീലയെൽ।
നാവനാഭ്യംഗയൊഗെന ചൂൎണ്ണച്ചാനിഹരെന്മലാൻ॥

ശിരസ്സിന്ന ശുദ്ധിയെ ഉണ്ടാക്കുന്ന തൈലങ്ങൾകൊണ്ടു ന സ്യത്തെ ശീലിപ്പിക്ക- മെൽപ്രകാരമുള്ള തൈലങ്ങൾ തലയിൽ തെപ്പിക്കുകയും ചെയ്ക- പീനസത്തിന്ന ഹിതങ്ങളായിരിക്കുന്ന പൊടികൾ വലിപ്പിക്കുകയുമാം- തൈലാദികളുടെ വിവരത്തെ താഴെ കാണിക്കുന്നു

(നസ്യത്തിന്ന ശിരീഷപത്രാദി തൈലം)

൯൦- ശിരീഷപത്രസാരസെവിളംഗപട്ടദാരുഭിഃ।
സയഷ്ട്യാഹ്വൈഃ പചെൽ തൈലം ദുഷ്ടപീനസനാശനം॥

നെന്മേനിവാകയുടെ ഇല ഇടിച്ചു പിഴി ഞ്ഞെടുത്തനീരിൽ വിഴാലരി ഇന്തുപ്പ ദെവതാരം ഇരട്ടിമധുരം ഇവ അരച്ചുകലക്കി എണ്ണചെൎത്ത കാച്ചി യരിച്ച അതുകൊണ്ടു നസ്യം ചെയ്ക

(ബലാശിരീഷാദി തൈലം)

൯൧- ബലാശിരീഷശൈലൂഷദെവാഹ്വയശൃതെജലെ।
ദാൎവ്വീകല്കെനസസ്നസ്യംപകാംതൈലംചതൎഗ്ഗുണം॥

കരിന്തോട്ടിവേര നെന്മേനിവാകവേര കൂവളത്തിൻവേര ദേവതാരം ഇവകൊണ്ടു കഷായംവെച്ചു മരമഞ്ഞൾത്തോലി അരച്ചുകലക്കി എണ്ണയും മുലപ്പാലും സമമായിച്ചേൎത്തു കാച്ചിയരിച്ചു അതുകൊണ്ടും നസ്യം ചെയ്യാം

(അമൃതാസനപത്രാദിതൈലം)

൩൧- അമൃതാസനപത്രാളികോളീരുചകികാരസൈ।
ധാതകീജ്ജിസിസിസ്യുതത്രിഫലാകഷ്ടുയഷ്ടിഭിഃ॥
൩൨- മുസ്താതാലീസപത്രാഗ്രാവിളംഗരജനീദ്വയൈഃ।
ബൃഹതീബീജമാധുകസാരമാംസീതുരുഷ്കകൈഃ॥
൩൩- ഫലിനീരോചനാചോരതഗരാഗരുകുങ്കുമൈഃ।
ശൈലേയമൃഗനാഭീന്ദുക്ഷീരകൈദ്ധിതയെരപി॥
൩൪- കല്ക്കിതൈരാജദുഗ്ദ്ധനമസ്തുനക്ഷുരസനാപി।
തൈലംസമെനസംയുക്തംപക്വംതാഭ്യാംഗുണാധികം॥
൩൫- ത്രീണ്യേതാനിമയാഖ്യാതാന്യാഹുസ്സ്വാനിനാവനെ॥
തൈലാനിസിദ്ധിദാന്യേഷാംശീലയെത്സഖയോഗദം॥

ചിററമൃത ചെങ്ങഴിയില കയ്യുണ്ണി ചെറുവഴുതിനയില കൊടിയവണക്ക ഇവററിൻനീരിൽ മേൽവരുമ്മൽത്തോലി ശതകുപ്പ ഇന്തുപ്പ ത്രിഫല കൊട്ടം ഇരട്ടിമധുരം മുത്തങ്ങക്കിഴങ്ങ താലീസപത്രം വയമ്പ വിഴാലരി വരട്ടുമഞ്ഞൾ മരമഞ്ഞൾത്തോലി ചെറുവഴുതിനവിത്ത ഇരിപ്പക്കാതല മാഞ്ചി കുന്തുരുക്കം താമരപ്പൂവ്വ ഗോരോചനം കച്ചൂരിക്കിഴങ്ങ തകരം അകില കുങ്കുമം കന്മതം ചെറുകിൻപട്ട കൎപ്പൂരം ജീരകം കരിഞ്ചീരകം ഇവ അരച്ചുകലക്കി എണ്ണ ആട്ടിൻപാല തയിർവെള്ളം കരിമ്പിൻനീർ ഇവ സമമായിച്ചേൎത്ത കാച്ചിയരിച്ചു അതുകൊണ്ടും നസ്യംചെയ്യാം ഇങ്ങിനെ ൩ വിധം എന്ന ഇവിടെ പറകപ്പെട്ട ഒക്കെയും ദുഷ്ടപീനസമുള്ളവൎക്ക നസ്യത്തിന്ന നല്ലതാകുന്ന അവകളിലെതെങ്കിലും ഒന്ന സുഖത്തിന്നു തക്കവണ്ണം ശീലിപ്പിക്കുക

(തലച്ച ധവപല്ലവാദി തൈലം)

൩൬- ധവപല്ലവഭൃംഗേന്ദ്രലതാഹരിണോൽപാരസൈ।
ധാതകീഗാദിലിഃകരക്ഷീരയുക്തൈരജഃശ്രുതഃ॥
൩൭- തിലജോവാഹിതസ്നേഹാഗോക്ഷീരേണസമംശ്രുതഃ।
മൂൎദ്ധ്നാസ്യകൎണ്ണമലാദിഗന്ധംവായോജയെദിദം॥
ചിററമൃത ഇവററിൻനീരിൽ തെമയില കയ്യുണ്ണി ഉഴിഞ്ഞ

ൾ മുൻപറഞ്ഞ എണ്ണയുടെ കൽക്കത്തിന്നു പറഞ്ഞ ഞമരവരു ന്മൽതൊലി മുതലായ മരുന്നുകൾ അരച്ചു കലക്കി വെളിച്ചെണ്ണയും തേങ്ങാപ്പാലും സമമായിട്ടൊ എണ്ണയും പശുവിൻപാലും സമമായിട്ടൊ ചേർത്ത കാച്ചിയരിച്ചു തലയിൽ തേപ്പിക്കുക. ഏലാദിഗണം അരച്ചുകലക്കുകയുമാം

(അമൃതാദി തൈലം)

൯൯- അമൃതാകിംശുകടചന്ദനകൈശല്യമൃഷ്ടമലജരസേ।
കാരവീരാദാവ്യ്രീഭിശ്ശൃതംതൈലഞ്ചാതസമം॥

ചിററമൃത വെൺമുരുക്കില കരുമുരുക്കില കൂവളത്തില ഇവററിൻനീരിൽ കരിഞ്ചീരകം ദേവതാരം മരമഞ്ഞത്തൊലി ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചേർത്ത കാച്ചിയരിച്ചു തേപ്പിക്കുക ഫലം മേൽപറഞ്ഞ എണ്ണയോടു സമമാകുന്നു- ൯൯ പറഞ്ഞ യോഗത്തിൽ കരിഞ്ചീരകം ദേവതാരം മരമഞ്ഞത്തൊലി ഇതുകളെ ഉപേക്ഷിച്ചു മുൻപറഞ്ഞ ധവതഗാദിയെയൊ ഏലാദിയെയൊ കല്ക്കമാക്കി ചേർക്കപ്പെടുകയുമാം വെളിച്ചെണ്ണക്കു സമം തേങ്ങാപ്പാലും എണ്ണക്കുസമം പശുവിൻപാലും ചേർക്കയും വേണം.

(നാസികചൂൎണ്ണം)

൧൦൦- ധാത്രീജീരകമായൂരപിഞ്ഛകാണ്ഡകടുത്രയം।
വരാളജാതിഫലതൽപത്രികാബാലകാനിച।
൧൦൧- നളദാമയയഷ്ട്യാഹ്വചവീനോഷണനിശാദ്വയം।
ഏലാത്വക്പത്രനാഗാഹ്വചണ്ഡീകന്ദാനിചാഖിലൈഃ॥
൧൦൨- തുല്യാംശംചന്ദനംധൂപപത്രഞ്ചാനേനസമ്മിതം।
അഭയാചൂൎണ്ണയെതാനിജംബീരഫലവാരിണാ॥
൧൦൩- തച്ചൂൎണ്ണംപേഷയിത്വാഥച്ഛായായാംധൃസ്യശോഷയെൽ। ലാംഗലീഫലതോയെനപശ്ചാത്സഞ്ചൂൎണ്ണ്യപേഷയെൽ॥
൧൦൪- തശോഷ്യയച്ചതച്ചൂൎണ്ണയോഹിമഗന്ധാദികേനച।
പുനസ്സഞ്ചൂൎണ്ണ്യകർപ്പൂരധൂപികാസാരമിശ്രിതെ॥
യൊജ്യംസമൃഗമദശ്ചഗന്ധാഢ്യംതത്രകിഞ്ചന॥
൧൦൫- സഏഷനാസികാചൂൎണ്ണോദൃഷ്ടപീനസനാശനഃ।
ശിരഃകംപാപചജാഡ്യാചസൂര്യാവൎത്തശിരോരുജി॥
൧൦൬- മുഖനാസികദൗൎഗ്ഗന്ധതന്ദ്രായമപരാജിതഃ।
ജത്രൂൎദ്ധ്വസംഭവാൻസൎവ്വാന്രോഗാംശ്ചവിനിയച്ഛതി॥

നെല്ലിക്ക ജീരകം പീലിത്തണ്ടു ത്രികടു കരയാമ്പൂവു ജാതിക്ക ജാതിപത്രിക ഇരുവേലി രാമച്ചം കൊട്ടം ഇരട്ടിമധുരം

വാല്മുളക വരട്ടുമഞ്ഞൾ മരമഞ്ഞൾത്തൊലി ഏലത്തരി ഇലവങ്ങത്തൊലി പച്ചില നാഗപ്പൂവ് കച്ചൂരിക്കിഴങ്ങ ഇവ സമം കൊള്ളെട്ടിയെടത്തോളം ചന്ദനം ചന്ദനത്തിന്ന സമം പുകയില ഇങ്ങിനെകൂട്ടിപ്പൊടിച്ച ചെറുനാരങ്ങനീരിൽ അരച്ച നിഴലിലുണക്കിപ്പൊടിച്ച ഇളനീർവെള്ളത്തിലരച്ച മെൽപ്രകാരം ഉണക്കിപ്പൊടിച്ച പച്ചക്കർപ്പൂരം ചൂടക്കർപ്പൂരം സാമ്പ്രാണിയുടെ സത്ത പച്ചപ്പുഴ ഇവയും ചെർക്കുക- ഇതിന്ന നാസികചൂൎണ്ണമെന്ന പെരാകുന്നു ഇത മൂക്കിൽവലിച്ചാൽ ദുഷ്ടപീനസം ശമിക്കും ശിരഃകമ്പം ജാഡ്യം കൊടിഞ്ഞിക്കുത്ത തലവെദന വായയ്ക്കുള്ള ദുൎഗ്ഗന്ധം മൂക്കിലുള്ള ദുൎഗ്ഗന്ധം ഇവ എന്നു വെണ്ട ഊൎദ്ധ്വാംഗരൊഗങ്ങൾ ഒക്കെയും ശമിക്കും.

(മുണ്ഡാപകല്യാദി കഷായം)

൬൭- മുണ്ഡാപകല്യാശ്രുണ്ഠീഭിഃകലശൈസ്ഥിരപി:സാധിതഃ।
കഷായൊമധുയുതഃപീതൊദുഷ്ടപീനസനാശനഃ॥

മുത്തിള തിപ്പലി ചുക്ക മുതിര ഇവകൊണ്ട കഷായംവച്ച തെൻമെല്പൊടിചെൎത്ത സെവിപ്പിക്ക ദുഷ്ടപീനസം ശമിക്കും

ഭ്രംശക്ഷവ ചികിത്സാ

൬൮- ഭ്രംശക്ഷവെമ്പലാപത്രസദ്യസ്സഞ്ചൂൎണ്ണപ്രയൊജിതം।
തുല്യനപഞ്ചഗന്ധസ്യരജസാപരിമൎദ്ദിതം॥
൬൯- സൎവ്വഗൊധൂമയൂഷാഭ്യാംനവനീതെനചാനചിതം।
നിഷ്ജലംധാരയെന്മൂൎദ്ധ്നാശാമ്യെദെവാശ്രുതെനസഃ॥

ഭ്രംശക്ഷവമെന്നത മൂക്കിന്റെ അകത്തൂണാദികൾ കൊണ്ടിട്ടൊ വെറെ ഒരുവിധത്തിൽവല്ല ഹെതുക്കളുണ്ടായിട്ടൊ സംഭവിച്ചതായ വായുകൊപം നിമിത്തമായിട്ട അധികമായി ഉണ്ടാകുന്ന തുമ്പലാകുന്നു- അതിന്ന പച്ചക്കുരുന്തൊട്ടിയുടെ ഇല അപ്പൊൾകൊണ്ടുവന്ന അരച്ചുപൊടിച്ച അതിനൊട സമം ഇരുവെലി രാമച്ചം കൊട്ടം ചന്ദനം ഇരട്ടിമധുരം ഇവ സമാംശമായിചെൎത്ത പൊടിച്ചുണ്ടാക്കിയ പൊടിയും ചെൎത്ത മുലപ്പാല കൊതമ്പത്തിൻതെളി വെണ്ണ ഇവയും ചെൎത്ത ഉരസിനീരുത്ത മൂൎദ്ധാവിലിടുക- എന്നാൽ ആയത ഉടനെശമിക്കും- കൊതമ്പത്തിൻ തെളിയെന്നത കൊതമ്പം വറുത്ത പലത്തിന്ന നാന്നാഴി വീതംവെള്ളം അളന്നൊഴുത്ത അതിലിട്ട കുറുക്കി ഇരുനാഴ;യാക്കി പിഴിഞ്ഞരിച്ച കുറെനെരം കാററില്ലാത്ത പ്രദെശ

ത്തിങ്കൽ ആകഷായം വെച്ച അടിയിൽ ഊറിയാൽ ഊറൽക്കൂടാതെ അതിൽനിന്നെടുത്ത കഷായമാകുന്നു.

(നസ്യത്തിന്ന ബലാത്രയാദി തൈലം)

൩൦- ബലാത്രയകൃതക്വാഥെ സമക്ഷീരെ വികല്പിതെ।
മൃഗനാഭിഹിമാംഭോദമധുകൈഃ കുങ്കുമാന്വിതൈഃ॥
൩൧- സദ്യഃപക്വെന തൈലെന പൂതെന സിതയായുതെ।
പാത്രെ വിലൊഡ്യമാനെ ദദ്യാന്നസ്യം ഘ്രാണാനുബന്ധിനി॥
൩൨- അശക്യെ തു നാസികാദ്വാരാലിംപെത്തെനാന്തരം ഭ്രുവൊഃ।
മൂർദ്ധാനഞ്ച മുഹുർവ്വൈദ്യസ്തെന ശാമ്യെത്സപദ്യസൌ॥

മെൽപറഞ്ഞ പ്രയൊഗംകൊണ്ട നല്ലവണ്ണം ശമിച്ചില്ല എങ്കിൽ കുറുന്തൊട്ടിവെര വെൺകുറുന്തൊട്ടിവെര ഊരകത്തിൻവെര ഇവകൊണ്ട കഷായംവെച്ച അന്നുതന്നെ പിഴിഞ്ഞരിച്ച മെരുകിൻപട്ട ചന്ദനം മുത്തങ്ങക്കിഴങ്ങ ഇരട്ടിമധുരം കുങ്കുമം ഇവ അരച്ചുകലക്കി കഷായത്തൊടുസമം പശുവിൻ പാലും എണ്ണയുംചെർത്ത അന്നുതന്നെ കാച്ചിയരിക്കും പാത്രത്തിൽ പഞ്ചസാരയിട്ട അരിച്ച പിററന്നാൾ അതുകൊണ്ട നസ്യംചെയ്ക- നസ്യംചെയ്തുകൂടാത്തവക്ക മൂക്കിന്റെ ദ്വാരങ്ങളിലും പുരികങ്ങളുടെ നടുക്കും മൂർദ്ധാവിലും കൂടക്കൂടെ പുരട്ടുക- എന്നാൽ ദീനം ഉടനെ ശമിക്കും- നിശ്ചയന്തന്നെ.

നാസാശൊഷ ചികിത്സാ

൩൩- അയമെവ വിധിഃ കാൎയ്യൊ നാസാശൊഷെ പരന്ത്വിഹ।
നാസികാംസൎവ്വതൊലിംപെദിയന്തൈലെന സൎവ്വതഃ॥

വായുകൊപിച്ച മൂക്കിന്റെ പഴുതിലുള്ള കഫാംശത്തെ നിശ്ശെഷമായിവരട്ടി മൂക്കിന്ന അടപ്പുണ്ടാകുന്നതിനെ നാസാശൊഷമെന്ന പറയുന്നു- അതിന്ന ദീനക്ഷവത്തിന്ന പറഞ്ഞ ചികിത്സകൾതന്നെ ചെയ്ക- മെൽപറഞ്ഞ തൈലം മൂക്കിന്റെ ദ്വാരങ്ങളിൽ മാത്രം പുരട്ടിയാൽപൊര- മൂക്കിന്മെൽ എല്ലാടവും പുരട്ടുകയുംവെണം.

നാസാനാഹ ചികിത്സാ

൩൪- നാസാനാഹെ ബലാതൈലനാഭ്യജ്യാത്രിദിനം പുനഃ।
നാസാഞ്ച നാഭ്യാം തപ്പെൎവ്വാസസ്സ്വിന്നൈൎഗ്ഗുഡഗന്ധഹരീതകൈഃ॥
൩൫- സെവയിതാപഥ്യെ തൈലെന വക്ഷ്യമാണെന നാവനം।
കുൎയ്യാത്തതാൎഭവാൽ സാധാനസ്സയാധരമെയന്ത്രേ॥

൩൬*

മൂക്കചീഞ്ഞിയാൽ മൂന്നുദിവസം ബലാതൈലംപുരട്ടി നാലാം ദിവസം കഴൽപുക ഏല്പിച്ചിട്ടൊ പെരുവഴതിനയുടെ ഇല മുള്ളുകളഞ്ഞ എണ്ണപുരട്ടി ചൂടുപിടിപ്പിച്ച അതുകൊണ്ടുഴിഞ്ഞിട്ടൊ മൂക്കവിയൎപ്പിച്ച താഴെ പറയുന്ന തൈലംകൊണ്ട നസ്യം ചെയ്കയൊ ആ തൈലത്തിൽ നെൎത്തശീല നനച്ച മൂക്കിന്മെൽ ഇടുകയൊചെയ്ക.

(നസ്യത്തിന്ന തൈലം)

൩൩- സിംഹീശിഗ്രുനികുംഭാനാംബീജൈസ്ത്രികടുസംയുതൈഃ।
മാഞ്ജിഷ്ഠവിളംഗാദ്യൈശ്ച്യരഷ്ടാക്ഷീരവകല്കിതൈഃ॥
൩൪- മന്ദാഗ്നിനാശൃതഃസ്നേഃപാകാംതൈലംനാവനകൎമ്മണാ।
ലെപാദിനാവാനാസാത്തീന്നാസാനാഹമുഖാഞ്ജയെൽ॥

മുരിങ്ങക്കുരു പെരുവഴതിനവിത്ത നാഗദന്തിക്കുരു ചുക്കമുളക തിപ്പലി ഇന്തുപ്പ വിഴാലരി ഇവ ആട്ടിൻപാലിൽ അരച്ചുകലക്കി എണ്ണചെൎത്ത കാച്ചിഅരിച്ച അതുകൊണ്ട നസ്യമൊ ലെപനം മുതലായതൊ ചെയ്ക എന്നാൽ നാസാനാഹമെന്നു തന്നെഅല്ല നാസാരൊഗങ്ങളെല്ലാം ശമിക്കും.

നാസാപാക ചികിത്സാ

൩൫- കിംശുകസാരസെസിദ്ധൊരജന്യാകെരസംഭവഃ।
സ്നേഹസ്സിലസമുത്ഥൊവാനാസാപാകംനിയച്ഛതി॥

കരുമുരുക്കിലനീരിൽ വരട്ടുമഞ്ഞൾ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ ചെൎത്ത കാച്ചിപുരട്ടുക മൂക്കപഴുപ്പശമിക്കും-

നാസാസ്രാവ ചികിത്സാ

(ജീരകാദി വറവുകഴമ്പ)

൩൬- ജീരകദ്വയനിൎഗ്ഗുണ്ഡീപത്രരാസ്നാഹരീതകീഃ।
മരിചൈരണ്ഡബീജാബ്ദവചാചിഞ്ചാസിരാന്വിതാഃ॥
൩൭- സ്നേഹരുചകജെഭൃഷ്ടാഃപിഷ്ടാഃപിഷ്ടാഃജ്ജനശെഷിതെ। തൈത്രവയൊജയെച്ചൂൎണ്ണംമൂൎദ്ധ്നിദദ്യാത്തദൌഷധം॥
൩൮- നാസാസ്രാവസ്യനാശായശിഗ്രുപല്ലവജെരസെ।
ജീരകദ്വിതയൊഗ്രാഹ്യൌരണ്ഡസ്നേഹമെവവാ॥

മൂക്കിൽനിന്ന വെള്ളംപൊലെഉള്ള നീരൊലിക്കുന്നതിന്ന ജീരകം കരിഞ്ചീരകം കരുനൊച്ചിയില അരത്ത കടുക്ക മുളക

ആവണക്കിൻകുരു മുത്തങ്ങക്കിഴങ്ങ വയമ്പ പുളിഞരമ്പ ഇവ ആവണക്കെണ്ണയിൽ വറുത്തരച്ച വറുത്തപ്പോൾ ആ പാത്രത്തിൽ ശേഷിച്ച ആവണക്കെണ്ണയിൽതന്നെ കലക്കി അതു മൂൎദ്ധാവിലിടുക- മുരിങ്ങയിലനീരിൽ ജീരകം കരിഞ്ചീരകം വയമ്പ ഇവ അരച്ചുകലക്കി ആവണക്കെണ്ണചേൎത്ത കാച്ചി അരിച്ച മൂൎദ്ധാവിൽ തേപ്പിക്കയുമാം.

ഖിട്രാ ചികിത്സാ

൩൨- പടോലീവൃഷപത്രാണാംരസേനസംമൎദ്ദിതം।
സസ്തന്യംനവനീതംയത്നാദ്വിട്രാമയാപഹം॥
൩൩- നാസായാംമൂൎദ്ധ്നിചാലേപാൽ പായസൈശ്ചാപ്യുതംശ്രുതം। തൈശ്ചവട്യാവ്യാനിംബതാമ്രശീരൈഃ പിഷ്ടൈശ്ചയാജിതൈഃ॥

രക്തകോപം ഹേതുവായിട്ട മൂക്കിൽനിന്ന കറുത്തനിറമായ വരികയും മൂക്ക തൊട്ടുകൂടാതെ ആകയും ചെയ്യുന്നതത്രെ ഖിട്രയാകുന്നത- അതിന്ന പടോലത്തില ആടലോടകത്തില ഇവററിൻനീരും മുലപ്പാലും വെണ്ണയും സമമായിചേൎത്ത ഉരസി നീരവത്ത മൂൎദ്ധാവിലിടുകയും മൂക്കിന്മേൽ പുരട്ടുകയും ചെയ്ക- മേൽപറഞ്ഞമരുന്നുകളുടെ നീരിൽ മരമഞ്ഞൾതൊലി വേപ്പിൻതൊലി രാമച്ചം ഇവ അരച്ചുകലക്കി നെയ്യുചേൎത്ത കാച്ചിഅരിച്ച സേവിപ്പിക്കയുമാം.

പൂതിനാസ ചികിത്സാ

(അഷ്ടപല്ലവ തൈലം)

൩൪- തുളസീഗുഞ്ജനാഗസ്തൃനിൎഗ്ഗുണ്ഡീബഹളാളിനാം।
സിംഹീവരണയോശ്ചാപിപത്രൈസ്സ്വരസതൈലകേ॥
൩൫- സിന്ധുത്ഥകടുകഷ്ടാഭ്യാംതോയമസ്സുപമംസൃതം।
പൂതിനാസംജയെത്തൈലംനാവനാഭ്യഞ്ജനാദിനാ॥

അണ്ണാക്കിലെ മാംസം ദുഷിക്കയാൽ മൂക്കിൽക്കൂടവരുന്ന ശ്വാസത്തിന്ന അതിദുസ്സഹമായ ദുൎഗ്ഗന്ധമുണ്ടായിവരികിൽ ആ രോഗത്തെ പൂതിനാസമെന്ന അറിഞ്ഞുകൊൾക- അതിന്ന തുളസിയില മുരിങ്ങയില അഗസ്തിയില കരുനൊച്ചിയില പുനമ്മുരിങ്ങയില കഞ്ഞുണ്ണിയില ചെറുവഴുതിനങ്ങ നീർമാതളത്തില ഇവററിൻനീരിൽ ഇന്തുപ്പ ത്രികടുക്കം ഇവ അരച്ചുകലക്കി എണ്ണചേൎത്ത എണ്ണയോടുസമം തൈർ വെള്ളവും ചേൎത്ത കാച്ചിഅരിച്ച അതുകൊണ്ട നസ്യം ചെയ്ക- തലയിൽ തേപ്പിക്കയും കവിൾക്കൊൾവിക്കയും ചെയ്ക.

## പൂയരക്ത ചികിത്സാ

൯൩- രക്തപീനസവൽകുൎയ്യാൽപൂയരക്തെ ചികിത്സിതം।
തന്നെതിപ്രവൃദ്ധംതുകൃച്ഛ്രസാദ്ധ്യതമംശിശൊഃ॥

ദോഷത്രയകോപം ഹേതുവായിട്ടോ അഭിഘാതാദികൾ ഹേതുവായിട്ടോ കഠിനമായ തലവെദനയുണ്ടാകയും അതൊടുകൂടെ മൂക്കിൽനിന്ന ചോരയും ചലവും കൂടി സമ്മിശ്രമായി ഒലിക്കകയും ചെയ്യുന്നതിനെ പൂയരക്തമെന്നറിക- അതിന്ന രക്തപീനസത്തിന്ന പറഞ്ഞ ചികിത്സകൾ ചെയ്യ തുടങ്ങിയതിന്റെ ശെഷം ഉടനെ ചെയ്വാൻ സംഗതിവന്നാൽ ശമിക്കും- വൎദ്ധിച്ചാൽ കൃച്ഛ്രസാദ്ധ്യമാകുന്നു- ബാലന്മാൎക്കായാൽ ഏറ്റവും കൃച്ഛ്രസാദ്ധ്യമാകുന്നു- എന്ന അറിഞ്ഞുകൊൾക.

## നാശാൎശ്ശ ചികിത്സാ

### (ഗ്രന്ഥിമൂലാദി തൈലം)

൯൪- ഗ്രന്ഥിമൂലകുലസ്ഥാഗ്നിചവികാഭിശ്ശ്രുതെജലെ।
മായൂരീസുരസാനന്താനികുംഭകവിളംഗകൈഃ॥

൯൫- സസിന്ധുതൈലഗ്ഗവാംമൂത്രമൎക്കദുഗ്ദ്ധഞ്ചതത്സമം। ഉ
ത്പാവിപാചിതംതൈലംനാസാൎശ്ശസ്സുചനാജ്ജയെൽ॥

മൂക്കിന്റെ അകത്ത അൎശ്ശസ്സുപൊലെ ഉണ്ടായാൽ അതിനെ നാസാൎശ്ശസ്സ എന്നറിക- അതിന്ന കാട്ടുതിപ്പലിവെര മുതിര കൊടുവെലിക്കിഴങ്ങ കാട്ടുമുളകിൻവെര ഇവ കഷായംവെച്ച അതിൽ കടലാടിയരി തുളസിവിത്ത കൊട്ടത്തൂവ്വയുടെ കായ നാഗദന്തിക്കുരു വിഴാലരി ഇന്തുപ്പ ഇവ അരച്ച കലക്കി എണ്ണ ചെൎത്ത ഗോമൂത്രവും എരുക്കിൻപാലും എണ്ണയോടുസമമായി കൂട്ടി കാച്ചിയരിച്ച പുരട്ടുക.

### (രാസ്നാപകല്യാദി കഷായം)

൯൬- രാസ്നാപകല്യാദെവാഹ്വതാമലക്യഭയാഗ്നിഭിഃ। ചവ്യ
നാഗരസംയുക്തൈഃകാഥൊനാസാൎശ്ശസാംഹിതഃ॥

അരത്ത തിപ്പലി ദെവതാരം കിഴാനെല്ലി കടുക്ക കൊടുവെലിക്കിഴങ്ങ കാട്ടുമുളകിൻവെര ചുക്ക ഇവകൊണ്ട കഷായം വെച്ച സെവിപ്പിക്ക- ഇവ ചെയ്താൽ നാസാൎശ്ശസ്സ ശമിക്കും

൯൭- ഇത്യത്രനാസാരോഗെഷുകെഷാഞ്ചിൽകഥിതാമയാ।
ചികിത്സാനതുസൎവ്വെഷാംഗ്രന്ഥവിസ്തരഭീതിയാ॥

൯൮- യസ്യയുക്തിമതീബുദ്ധിസ്സംസ്യതാമലന്തരാം।

നനൊക്തൌഷധചിരോഗേഷുപ്രതീകാരംവിധിസ്തഥാ॥
൨൦- അതോസൌമ്യൂനതാകാസ്യാദിതിസന്ത്യജ്യചേതസാ।
ശാസ്ത്രാണിനാപരാധ്യന്തിപ്രവൃത്താനിഗദാൻപ്രതി॥

ഇങ്ങിനെ ൨൮ം അദ്ധ്യായത്തിങ്കൽ നാസാരോഗങ്ങളിൽവെച്ച ചിലതിന്റെ ചികിത്സകൾ പറകപ്പെട്ടു- എല്ലാരോഗങ്ങളുടെയും ചികിത്സകൾ ഇതിലന്തർഭവിച്ചിട്ടില്ല- വിസ്തരഭീതി ഹേതുവായിട്ട ചിലരോഗങ്ങളെ വിട്ടിരിക്കുന്നു എങ്കിലും ഇതുകൊണ്ടുതന്നെ യുക്തിയോടുകൂടിയ അറിവുള്ള വൈദ്യന ഒക്കെക്കും ചികിത്സിക്കാം- അതുകൊണ്ട ഒരു കുറവും കാണുന്നില്ല.

ഇതി വാശാസോപനാമകരാമാനന്ദനാഥ പണ്ഡിതപാരശൈവേന്ദ്രകൃതായാമാരോഗ്യകല്പദ്രുമെ ബാലചികിത്സായാം അഷ്ടവിംശസ്തബകോനാമഅഷ്ടാവിംശോദ്ധ്യായഃ

ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം
ഏകോനത്രിംശാദ്ധ്യായപ്രാരംഭഃ

## മുഖരോഗപ്രകരണം

൧- ഇദാനീംസംക്ഷിപ്യവക്ഷ്യാമിശമനംമുഖവ്യാധിനാം।
യെത്രസ്യുർഭൂരിശോരോഗായച്ഛാംഫൽഗ്രുപയോഗതഃ॥

൨൯ാം അദ്ധ്യായത്തിങ്കൽ മുഖരോഗങ്ങളുടെ ചികിത്സകളെപറയുന്നു- അധികമായി ജനങ്ങൾക്ക ഉണ്ടായി കാണപ്പെടുന്ന രോഗങ്ങൾക്കമാത്രമല്ലാതെ എല്ലാമുഖരോഗങ്ങൾക്കും ചികിത്സയെ പറയുന്നില്ല- എന്നാലും ഓരൊന്നിനെ ഉദ്ദേശിച്ച പറയുന്നത മററുള്ളതുകൾക്കകൂടെ യുക്തിമാനായവൈദ്യന്ന ഉപയോഗിക്കത്തക്ക വിധത്തിലായി വരുന്നതിനാൽ സൂക്ഷ്മദൃഷ്ട്യാവിചാരിക്കുമ്പോൾ സകല ചികിത്സയും ഇതിലടങ്ങിയിരിക്കുന്നു എന്ന അറിയപ്പെടുകയും ചെയ്യും

### ഖണ്ഡൌഷ്ഠചികിത്സാ

൨- ഖണ്ഡൌഷ്ഠേവിഹിതെസ്യുതാസന്ധായാന്തൌചഖണ്ഡ
യൊഃ। വ്രണോക്തെനവിധാനെനതതഃപരമുപാചരെൽ॥

ചുണ്ടു പിളൎന്ന രണ്ടു ശകലങ്ങളായികണ്ടാൽ അതിനെ ഖണ്ഡൌഷ്ഠമെന്നറിഞ്ഞുകൊൾക- അതിന്റെ രണ്ടു ഖണ്ഡങ്ങളുടെയും അവസാനഭാഗങ്ങൾ ഉരസി സമമായി നിരത്തി നല്ല പരട്ടുകൊണ്ടു തുന്നിചേൎത്തതിന്റെശേഷം വ്രണചികിത്സയെ ചെയ്ക

(ക്ഷുദ്രവ്രണങ്ങൾക്കുതൈലം)

൮- ദൂർവ്വാപടോലജീവന്തീകാകമാചീരസെസ്രുതം|
ശ്രാവണീശാരിബായുഗ്മഗാലവൊൽപലയഷ്ടിഭിഃ॥

(ദൂർവ്വാപടോലാദി)

൯- ജ്യോതിഷ്മതീനിശാദന്താമഞ്ജിഷ്ഠാഭിശ്ചനാശയെൽ|
തൈലമൊഷ്ഠവ്രണാൻസർവ്വാനാലെപാത്സത്തിഭിർമ്മതഃ॥

കറുക പടോലം അടപതിയൻകിഴങ്ങ കരന്താളി ഇവററിൻനീരിൽ ശ്രാവണി മഹാശ്രാവണി നന്നാറിക്കിഴങ്ങ പാൽമുള്ളിക്കിഴങ്ങ പാച്ചോററത്തൊലി ചെങ്ങഴിനിക്കിഴങ്ങ ഇരട്ടിമധുരം ചെറുപുന്നയരി വരട്ടുമഞ്ഞൾ മരമഞ്ഞൾത്തൊലി മഞ്ചട്ടിപ്പൊട്ടി ഇവ അരച്ചുകലക്കി എണ്ണചെത്ത കാച്ചിയരിച്ച പുരട്ടുക- ചുണ്ടിന്മേൽ ഉണ്ടാകുന്ന വ്രണങ്ങൾ ശമിക്കും

(അഝടാദി തൈലം)

൰- അഝടേന്ദ്രാണികാരിഷ്ടപത്രൈസ്ത്രിസ്ത്രുംഭൂതരസെ|
രജന്യാവെപിഷ്ടയാപകം തൈലമൊഷ്ഠഗദാൻജയെൽ॥

കിഴാനെല്ലി കരുനൊച്ചിയില വെപ്പില ഇവററിൻനീരിൽ വരട്ടുമഞ്ഞൾ അരച്ചുകലക്കി എണ്ണചെത്ത കാച്ചി പുരട്ടുക- ഓഷ്ഠരോഗങ്ങൾ ശമിക്കും

(ജീവന്ത്യാദിഘൃതം)

൧൧- ജീവന്തീനിംബനിർഗ്ഗുണ്ഡീമുണ്ഡാഹംസപദീരസെ|
സാധിതംതിലകല്ക്കേന ഘൃതമോഷ്ഠാർത്തിനാശനം॥

അടപതിയൻകിഴങ്ങ വെപ്പില കരുനൊച്ചിയില മുത്തിള് നിലമ്പരണ്ട ഇവററിൻ നീരിൽ എള്ള അരച്ചുകലക്കി നെയ്യചെത്ത കാച്ചിയരിച്ച പുരട്ടുകയും സെവിപ്പിക്കുകയും ചെയ്ക- ഓഷ്ഠരോഗം ശമിക്കും.

(ദൂർവ്വാദിഘൃതം)

൧- ദൂർവ്വാരസസ്യപാഠാഗൌരമുണ്ഡായാസ്ത്രീൻഛമസ്യഷൾ|
ചതുരൊധാന്യകസ്യാംഷ്ടൌ പകാപൂഗഫലതാചാം॥

൨- പഞ്ചാജജ്ഝടായാജീവന്ത്യാസ്സപ്തചൈകത്രയോജയെൽ|
ഗാഗംഘൃതസ്യഷൾത്രിംശംമാഹിഷസ്യപതൽപചെൽ॥

൩- തിലഗാലചമഞ്ജിഷ്ഠാമധുകാമരദാരുഭിഃ|
ശാരിബാരജനീകൈരന്തീതഗരൈശ്ചാത്രകല്ക്കിതൈഃ॥

൪- മന്ദാഗ്നിനായഥാകാലംതൽപരിസ്രാവ്യലെപയെൽ|
ഓഷ്ഠയാസ്യോദരെശോഷാവദരണവ്രണശാന്തയെ॥

൫- കണ്ഠസ്യതാക്കൾകെരാഷകാർക്ശ്യകാർഷ്ണ്യസ്ഫൂടശമായച|

നചൈതമതിവത്തന്തെകശ്ചിന്നെത്രാശ്രയാഗദാഃ॥

കറുകനീരനാഴി ൧ മുത്തിളിൻനീരനാഴി ൨ പച്ചനെല്ലിക്കനീരനാഴി ൩ കൊത്തമ്പാലയുടെ നീരനാഴി ൪ പഴുത്ത അടക്കാത്തൊലിൻ നീര നാഴി ൫ കീഴാനെല്ലി നീര നാഴി ൬ അടപതിയൻകിഴങ്ങിന്റെനീര നാഴി ൭ ഇവ ഒക്കെയും ഒരുപാത്രത്തിലാക്കി അതിൽ എള്ള പാല്ചൊററിത്താലി മരമഞ്ഞൾ ചെട്ടിപ്പൂവ്വാടി ഇരട്ടിമധുരം ദെവതാരം നന്നാറിക്കിഴങ്ങ വരട്ടുമഞ്ഞൾ അരെണകം തകരം ഇവ എല്ലാംകൂടി ആറ കഴഞ്ച അരച്ചുകലക്കി നാഴി എരുമനെയ്യ ചെൎത്ത മന്ദാഗ്നികൊണ്ട പചിച്ച കാലം തെററാതെ വാങ്ങി അരച്ചുവെക്കുക- ഒരം നെയ്യ പുണ്ടിന്മെൽപുരട്ടുക- എന്നാൽ കൺതൽ നീര ചിള്ളൽ വ്രണം ചൊറിച്ചിൽ വലിച്ചിൽ പരപരപ്പ കറപ്പ മൊളിച്ചിൽ ഇവ ശമിക്കും അത്രയുമല്ല നെത്രരൊഗങ്ങളിൽ സാദ്ധ്യങ്ങളായ രൊഗങ്ങൾ ഒക്കെയും ഇതുകൊണ്ടുതന്നെ ശമിക്കും.

## പക്ഷ്മശാതത്തിന്ന

൨൮- പക്ഷ്മശാതെജലൌകൊളിരസ്രുംബ്രഗ്ധിതംഫലൈൽ।
തിലപിണ്ഡികയാസെചദംകുൎയ്യാച്ചമൃതസിക്തയാ॥

പുണ്ട വീങ്ങിയാൽ അട്ടയിട്ട ചൊരകളഞ്ഞ എള്ളരച്ച കിഴി കെട്ടി നെയ്യിൽ കാച്ചി തലൊടുകയും വെണം അതിന്ന മെൽ പറഞ്ഞ നെയ്യുതന്നെ ചെൎത്താൽ അധികം നന്നു- എൾക്കിഴി നെയ്യിൽകാച്ചി രണ്ട നാഴിക നെരം തലൊടിയതിന്റെശെഷം മെൽപറഞ്ഞ നെയ്യുതന്നെ പുരട്ടുക- എന്നാൽ നല്ലവണ്ണം ശമിക്കും.. മെൽപറഞ്ഞ നെയ്യ പുരട്ടുകമാത്രം ചെയ്താലും ക്രമെണ ശമിക്കും.

## ഗന്ധാലജിചികിത്സാ

൨൯- ഗന്ധാലജ്യാമപക്വായാംജലൌകൊളിഖ്യരെദസൃക്।
ശീതലൈല്ലെപസെകാദ്യൈസ്താംശ്ചപശ്ചാദുപാചരെൽ॥
൩൦- പക്വാംഭിത്വാപരിസ്രാവ്യസിഞ്ചെൽക്ഷീരിതരൂദ്ഭവൈഃ।
രൊപയെച്ചവ്രണൊക്തെനവിധാനെനാശുകാരിണാ॥

ഗന്ധാലജി എന്നത കവിൾതടത്തിങ്കലുണ്ടാകുന്ന നീരാകുന്നു- ചുട്ടുനീറലും പനിയുമുണ്ടാകയും നീര സ്ഥിരമായിരിക്കയും ചെയ്യും-

അതുണ്ടായാൽ പഴുക്കുന്നതിന്ന മുമ്പെ അട്ട ഇട്ടചൊരകളഞ്ഞ ശീതവീൎയ്യങ്ങളായ മരുന്നുകൾ അരച്ചുതെക്കയും മെൽ

പ്രകാരമിരിക്കുന്ന മരുന്നുകൾകൊണ്ട കഷായംവെച്ച ധാരയിടുകയും ചെയ്യു — പഴുത്താൽ കുത്തിവാർത്ത ചലം നല്ലവണ്ണം പോയാൽ നാല്പാമരത്തിൻതൊലികൊണ്ട കഷായംവെച്ച ധാരയിട്ട വ്രണശുദ്ധിവരുത്തി വ്രണചികിത്സയിൽപറഞ്ഞ ഔഷധങ്ങളിൽവെച്ച ആശുഫലമായ ഔഷധംകൊണ്ട ഉണക്കുകയും ചെയ്യു —

## ശീതദന്തചികിത്സാ

൬൩— ധാന്യാമ്ലേന കവോഷ്ണേന പൂരയേദസകൃന്മുഖം।
സവ്യോഷമാണിമന്ഥേന ശീതദന്തസ്യ ശാന്തയേ॥

പല്ലിന്മേൽ തണുപ്പുതട്ടിയാൽ അസഹ്യമായിവരുന്നതത്രെ ശീതദന്തമാകുന്നത — അതിന്ന കാടിചൂടുപിടിപ്പിച്ച അതിൽത്രികടുവും ഇന്തുപ്പും പൊടിച്ച ചേൎത്ത പലപ്രാവശ്യം കവിൾക്കൊൾവിക്ക —

## (ശരപുംഖബലാദിതൈലം)

൬൪— ശരപുംഖബലാസിദ്ധെ കഷായെ കാഞ്ചികാന്വിതെ।
ഏലാദിഗണകല്കേന പക്വേന തിലജേന വാ॥

കൊഴിഞ്ഞിലിൻവേര കറുന്തോട്ടിവേര ഇവകൊണ്ട കഷായം വെച്ച ഏലാദി അരച്ച കലക്കി എണ്ണയും കാടിയും സമം ചേൎത്ത കാച്ചി അരിച്ച എണ്ണ അല്പം ചൂടുപിടിപ്പിച്ച അതുകൊണ്ട കവിൾക്കൊൾവിക്കയൊ ചെയ്യു — എന്നാൽ ശമിക്കും

## ദന്തഹൎഷചികിത്സാ

൬൫— തിലകല്കേന സംയുക്തം ധാന്യാമ്ലം തക്രമേവ വാ।
ഉഷ്ണോദകം വാ ദന്താനാം ഹൎഷെ സംപൂരയെന്മുഖം॥

പല്ലുതരിക്കുന്നതിന്ന എള്ള അരച്ച കാടിയിലൊ മോരിലൊ ചൂടുള്ള കാച്ചവെള്ളത്തിലൊ കലക്കി അതുകൊണ്ട കവിൾക്കൊൾവിക്ക എന്നാൽ അതശമിക്കും —

## ദന്തഭെദചികിത്സാ

൬൬— ബലാഖദിരസൈരെയനിൎയ്യൂഹസ്തിലകല്കിതഃ।
ദന്തഭെദം ത്രിദിനാദ്ധന്തി വക്ത്രസന്മുഖപൂരണാൽ॥

പല്ലുകുത്തി പിളരുന്നു എന്ന തോന്നുന്നതത്രെ ദന്തഭെദമാകുന്നത — അതിന്ന കറുന്തോട്ടിവേര കരിങ്ങാലിക്കാതല കരിങ്കുറിഞ്ഞിവേര ഇവകൊണ്ടു കഷായംവെച്ച അതിൽ എള്ള അരച്ചുകലക്കി അതുകൊണ്ട കവിൾക്കൊൾവിക്ക എന്നാൽ മൂന്നദിവസംകൊണ്ട ശമിക്കും

ദന്തചാല ചികിത്സാ

൧൯. തിലകല്ക്കനസംയുക്തൊഭൃംഗരാജരസൊധൃതഃ ।
വദനെനനിഹന്ത്യാശുദന്തചാലംസവെദനം ॥

പല്ലുവേദനയോടുകൂടെ ഇളകിനില്ക്കുന്നതിന്ന കഞ്ഞുണ്ണി നീരിൽ എള്ള അരച്ചുകലക്കി അതുകൊണ്ട കവിൾക്കൊൾവിക്ക. എന്നാൽ വേദനശമിക്കും. ഉറയ്ക്കുകയും ചെയ്യും.

(ഖദിരാദി തൈലം)

൨൦. ഖദിരാസനമഞ്ജിഷ്ഠാവരാകകുഭവല്കലൈഃ ।
അരിമെദയുതൈഃപകംതൈലംവാപൂരയെന്മുഖെ ॥

കരിങ്ങാലിക്കാതല, വേങ്ങാക്കാതല, പുരാണകിട്ടം ത്രിഫല, നീർമരുതിൻതൊലി, കരുവേലപ്പട്ട, ഇവ വെള്ളത്തിൽ അരച്ചുകലക്കുകയൊ കഷായംവെച്ച അതിൽ അരച്ചുകലക്കുകയൊ ചെയ്ത അതിൽ എണ്ണചേൎത്ത കാച്ചിഅരിച്ച അതുകൊണ്ട കവിൾക്കൊൾവിക്കയൊചെയ്ക. എന്നാലും ഇളകിയ പല്ലുറക്കും.

ദന്തതൊദ ചികിത്സാ

൨൧. ദശൈലബ്ബകുളജൈജബ്ബീജൈശ്ചൂൎണ്ണിതൈഃ പരിമിശ്രിതം । നിദധ്യാൽഷഷ്ടികാന്നസ്യപിണ്ഡംദശനമൂലതഃ ॥
൨൨. ഏഷപ്രയൊഗൊദന്താനാംതൊദമാശുനിയച്ഛതി ।
ശരപുംഖാഭയാസിദ്ധതൈലംവാമുഖപൂരണാൽ ॥

ദന്തതൊദമെന്നത പല്ലുകുത്തലാകുന്നു. അതിന്ന ഇരഞ്ഞിക്കുരു ചുട്ടുപൊടിച്ച നവരയരിച്ചൊറിൽ ചേൎത്ത ഉരുട്ടിപല്ലിൻെറ കടക്കൽ വെക്കുകയൊ കൊഴിഞ്ഞിലിൻവേർകൊണ്ടു കഷായം വെച്ച അതിൽ കടുക്ക അരച്ചുകലക്കി എണ്ണചേൎത്ത കാച്ചിഅരിച്ച അതുകൊണ്ട കവിൾക്കൊൾകയൊ ചെയ്ക.

(ചിഞ്ചാദി വെളിച്ചെണ്ണ)

൨൩. ചിഞ്ചാബകുളവല്കൈഃഷ്ടപുംഖകഫ്വഥിതവാരിണി ।
പിഷ്ടാബകുളബീജാനികല്കീകൃത്യവിപാചിതഃ ॥
൨൪. നാളികെരഭവസ്നേഹൊദന്തതൊദംനിയച്ഛതി ।
ചലനഞ്ചാപിദന്താനാംശൊഫാന്മൂലഗതാനപി ॥

പുളിവേരിന്മേൽതൊലി, ഇരഞ്ഞിത്തൊലി, കൊഴിഞ്ഞിലിൻവേര, ഇവകൊണ്ടു കഷായംവെച്ച ഇരഞ്ഞിക്കുരു അരച്ചുകലക്കി വെളിച്ചെണ്ണചേൎത്ത കാച്ചിഅരിച്ച അതുകൊണ്ട കവിൾക്കൊൾക. പല്ലുകുത്തലും പല്ലിൻെറ ഇളക്കവും കടയ്ക്കലുണ്ടാകുന്ന നീരും ശമിക്കും.

(ചിഞ്ചാദി ഘൃതം)

൨൫. ചിഞ്ചാബകുളവല്കാഭ്യാംവടസ്യശിഫയാസഹ ।
തൊയെശൃതെഘൃതംഗവ്യംമാഹിഷഞ്ചസമാംശകം ॥
൨൬. സൈര[illegible]ീബകുളാസ്ഥീഷ്ട പുംബൈസ്സംയൊജ്യപാചി
തം । ദന്തെസ്യതൊദെചാബല്യെവദന്തിപരമൌഷധം ॥

പുളിവേരിന്മേൽതൊലി, ഇരഞ്ഞിത്തൊലി, പേരാലിൻവേട ഇവകൊണ്ട കഷായംവെച്ച കാത്ത, ഇരഞ്ഞിക്കുരു, കൊഴിഞ്ഞിലിൻവേര, ഇവ അരച്ചുകലക്കി പശുവിൻനെയ്യും എരുമനെയ്യും സമമായി ചേൎത്ത കാച്ചിഅരിച്ച അതുകൊണ്ട കവിൾക്കൊൾവിക്ക. ഇത പല്ലുകുത്തലിന്നും പല്ല ഇളകുന്നതിന്നും പരമൌഷധമാകുന്നു.

(പല്ലുതേപ്പാൻ പൊടി)

൨൭. ഇംഗാലംനാളികെരസ്യകപ്പരെണകൃതംശുഭം ।
തിക്താഫലത്വാചസ്താൎക്ഷ്യംവരാളഞ്ചകടുത്രയം ॥
൨൮. ജാത്യാഃഫലഞ്ചസിന്ധൂത്ഥംലവണഞ്ചസമുദ്രജം ।
ചൂൎണ്ണീകുൎയ്യാൽസമായൊജ്യതുലാംശാനിപരസ്പരം ॥
൨൯. അൎച്ചരെധാവനംതെനദന്താനാംകൊഷ്ണവാരിണാ ।
ശരപുംഖാരിമെദാഭ്യാംക്ഷാളയെൽകഫിതെനച ॥

ചിരട്ടചുട്ടകരി, പുത്തരിച്ചുണ്ടയുടെ വിത്തുകളഞ്ഞകായ, മാക്കീരക്കല്ല, കരയാമ്പൂവ, ചുക്ക, മുളക, തിപ്പലി, ജാതിക്ക, ഇന്തുപ്പ, കല്ലുപ്പ, ഇവസമം കൂട്ടിപ്പൊടിച്ച അതുകൊണ്ട പല്ലുതേക്കയും കൊഴിഞ്ഞിലിൻവേര, കരുവേലപ്പട്ട, ഇവകൊണ്ടു കഷായംവെച്ച അതുകൊണ്ടു കവിൾക്കൊൾകയും നിത്യമായി ചെയ്യുന്നവൎക്ക പല്ലുകുത്ത, ഊനിന്മെൽനീര മുതലായ ദന്തരോഗങ്ങൾ ഒന്നും ഉണ്ടാകയുമില്ല.

ഊൻ തിന്നുന്നതിന്ന

൩൦. ലവണാംബുജയാകല്കപക്വഃകെരഫലൊൽഭവഃ ।
സ്നെഹൊനിഹന്തിഗണ്ഡൂഷാദ്ദന്തമാംസഭവംഗദം ॥

ഉപ്പ വെള്ളത്തിൽകലക്കിതെളിയിച്ച തെളിഊററിഎടുത്ത അതിൽകടുക്ക, അരച്ചുകലക്കി വെളിച്ചെണ്ണചേൎത്ത കാച്ചിഅരിച്ച അതുകൊണ്ടുകവിൾക്കൊൾക. ഊൻ തിന്നുന്നതശമിക്കും.

(സൈരെയകാദി തൈലം)

൩൧. സൈരെയകശൃതെതൊയെസമമിശ്രപടൂദകെ ।
നാളികേരപയസ്തുല്യഭാഗാദ്ധ്യൈചാവകല്കിതൈഃ ॥

൯൨. ബകുളാസ്ഥിജയായുഗ്മഖദിരൈഃപരിപാചിതം ।
തൈലംനിഹന്തിഗണ്ഡൂഷാദാശ്രുതഞ്ചാതിദാരുണം ॥

കരിങ്കുറുഞ്ഞിവേരകൊണ്ട കഷായംവെച്ച അതിൽ ഉപ്പ് വ ള്ളവും തേങ്ങാപ്പാലും കഷായത്തോട സമമായിചേൎത്ത ഇര ഞ്ഞിക്കുരു, കടുക്ക, കുരുവില്ലാകടുക്ക, കരിങ്ങാലിക്കാതല, ഇവ അരച്ചുകലക്കി എണ്ണചേൎത്ത കാച്ചിഅരിച്ച അതുകൊണ്ട ക വിൾക്കൊൾവിക്ക ഊൻ തിന്നുന്നത ഏററവും വൎദ്ധിച്ചതായാ ലും ഉടനെ ശമിക്കും.

ഊനിൽ പുണ്ണിന്ന

൯൩. ജാത്യാദിതൈലഗണ്ഡൂഷോദന്തമാംസാരുഷാംപരം ।
ശമനസ്തിലശുണ്ഠീഭ്യാംസിദ്ധംതൈലഞ്ചതത്സമം ॥

ജാത്യാദിതൈലംകൊണ്ടൊ എള്ള, ചുക്ക, ഇവ വെള്ളത്തില രച്ചുകലക്കി അതോടുകൂടെ ചേൎത്ത കാച്ചി അരിച്ച എണ്ണകൊ ണ്ടൊ കവിൾക്കൊൾവിക്ക. ഊനിൽ ഉണ്ടാകുന്ന പുണ്ണ ശ മിക്കും.

(ബകുളാമലകാദി തൈലം)

൯൪. ബകുളാമലകാളക്ക്ചിഞ്ചാത്വഗ്ഭിസ്സ്യതെജ്ജലെ ।
ധാന്യാമ്ലകെരജക്ഷീരതുല്യഭാഗസമന്വിതം ॥

൯൫. പകംപൃഥഗ്നിനാകല്ക്കൈൎബ്ബകുളാമലകാഗ്നിഭിഃ ।
കൃഷ്ണാനാഗരനിൎഗ്ഗുണ്ഡീബാണപുംഖജയാഭയൈഃ ॥

൯൬. തൈലംസുപൃതംഗണ്ഡൂഷാദ്ദന്തമൂലസമാശ്രയാൽ ।
വ്രണാംശ്ചശതനംചാപിനിയച്ഛതിദിനൈസ്ത്രിഭിഃ ॥

ഇരഞ്ഞിത്തൊലി, നെല്ലിക്ക, വെള്ളെരുക്കിൻവേരിന്മേൽ തൊലി, പുളിവേരിന്മേൽതൊലി, ഇവകൊണ്ടു കഷായംവച്ച ഇരഞ്ഞിക്കുരു, നെല്ലിക്ക, കൊടുവേലിക്കിഴങ്ങ, തിപ്പലി, ചുക്ക, കരുനൊച്ചിവേര, കൊഴിഞ്ഞിലിൻവേര, കടുക്ക, കുരുവില്ലാക്ക ടുക്ക ഇവ അരച്ചുകലക്കി കാടിയും തേങ്ങാപ്പാലും എണ്ണയും സമമായി ചേൎത്ത കാച്ചിഅരിച്ച അതുകൊണ്ട കവിൾക്കൊൾ വിക്ക. ഊനിലെ പുണ്ണുകളും ഊൻ തിന്നുന്നതും മൂന്നുദിവസം കൊണ്ട ശമിക്കും.

ഊൻ വീങ്ങുന്നതിന്ന

൯൭. ആൎദ്രകസ്യരസെനസ്യംപൂരയെൽപ്രാതരുത്ഥിതഃ ।
സക്ഷൌദ്രേണാസകൃച്ഛ്രൊഫെദന്തമാംസസമാശ്രയെ ॥

ഇഞ്ചിനീരിൽ തേൻചേൎത്ത അതുകൊണ്ട കവിൾക്കൊൾവിക്ക. ഊനിന്മേൽ ഉണ്ടാകുന്ന നീരശമിക്കും.

(അരിമേദാദി ഗുളികാ)

൩൭. അരിമെദത്വചാസാരൈഃഖദിരസ്യചസാധിതം ।
നിൎയ്യൂഹംവ്യോഷസിന്ധൂത്ഥസൌവൎച്ചലസമന്വിതം॥
൩൮. പാകെനഘനതാംനീതാഗുളികാംതേനകാരയേൽ ।
മധുയുക്താംപ്രയുഞ്ജീതദന്തമൂലെഷ്വതാംപ്രഗെ ॥
൩൯. ദന്തരോഗാഃപ്രശാമ്യന്തിയദ്ദന്തമൂലാശ്രയാസ്തഥാ । രോഗാശ്ചസൎവ്വേഭ്രയോഭിരപരൈഃകിംചികിത്സിതൈഃ ॥

കരുവേലപ്പട്ട, കരിങ്ങാലിക്കാതല, ഇവകൊണ്ട കഷായം വെച്ച അതിൽ ത്രികടു, ഇന്തുപ്പ, തുലച്ചിലക്കാരം ഇവപൊടിച്ചിട്ട കുറുക്കി ഉരുട്ടെണ്ട പാകമായാൽ ഉരുട്ടി ഉണക്കി ആ ഗുളിക പൊടിച്ച തേൻചേൎത്ത ഊനിന്മേൽ പുരട്ടുക. പല്ലുകുത്ത മുതലായ ദന്തരോഗങ്ങൾ ഒക്കെയും അപ്രകാരംതന്നെ ഊനിന്മേൽ ഉണ്ടാകുന്ന വ്യാധികൾ ഒക്കെയും ശമിക്കും.

വായിൽ പുണ്ണിന്ന

൪൦. വിരളാമൂലവല്കസ്യസ്വരസംമധുമിശ്രിതം ।
കൈശോകീജാതിപാകാഭ്യാംസഹിതംധാരയെന്മുഖെ ॥
൪൧. പ്രാതഃപ്രാതസ്ത്രിഭിഃന്യാദ്ദിവസൈസ്സരാസ്യസംഭവം ।
വ്രണംപ്രഭൂതെവാതത്രപായയെച്ചൈദമൌഷധം ॥

കഞ്ഞികൊട്ടകത്തിൻവേരിന്മേൽതൊലിയുടെനീരിൽ അതിനോടുസമം തേൻചേൎത്ത മാശിക്ക, ജാതിക്ക, ഇവയും പൊടിച്ച കുറെചേൎത്ത അതുകൊണ്ട കവിൾക്കൊൾവിക്ക. വായിലെ പുണ്ണ ശമിക്കും. അധികമായി വൎദ്ധിച്ചതായാൽ മേൽപറഞ്ഞ മരുന്നുതന്നെ സേവിപ്പിക്കയും ചേയ്ക. മൂന്നുദിവസത്തിലധികം താമസംകൂടാതെ ശമിക്കുകയും ചെയ്യും.

താലുകണ്ടക ചികിത്സാ

൪൨. രേചകീനാഗരൊഗ്രാതുഗ്രജൊമാക്ഷികസംയുതം ।
ലേഹയെൽബാലകസ്യേനമുച്യതെതാലുകണ്ടകാൽ ॥

കടുക്ക, ചുക്ക, വയമ്പ, കൊട്ടം ഇവ പൊടിച്ച തേൻചേൎത്ത സേവിക്ക. എന്നാൽ ബാലന്മാൎക്ക ഉണ്ടാകുന്ന താലുകണ്ടകം ശമിക്കും. താലുകണ്ടകത്തിന്ന മലയാളികൾ വാമൂളെന്ന പറ

യുന്നു. അത ഉണ്ടായാൽ ജ്വരം, ഛർദ്ദി, മൂലകുടിക്കാസ്സ മൂൎദ്ധാവി ന്നതാഴ്ച, ഇത്യാദികളായ ഉപദ്രവങ്ങൾ കാണുകയും ചെയ്യും.

(യവക്ഷാരാദിപൊടി

൪൪. യവക്ഷാരൊപകുല്യാഭ്യാംജീരകദ്വിതയെനച।
കൈശിക്യാചകൃതശ്ചൂൎണ്ണൊമധുയുക്തശ്ചഹന്തിതം॥

ചവക്കാരം, തിപ്പലി, ജീരകം, കരിഞ്ചീരകം, മാശിക്ക, ഇവപൊടിച്ച തേനിൽ ചേൎത്ത സേവിപ്പിക്ക. താലുകണ്ടകം ശമിക്കും.

൪൫. സ്വരസേനയുതംദദ്യാൽകൃഷ്ണായാവാതദൌഷധം।
തുളസ്യാസ്സശമംയായാൽപ്രരൊഹെന്നപുനഃകചചിൽ॥

മേൽപറഞ്ഞപൊടി കരുന്തുളസിനീരിൽ സേവിപ്പിക്ക. എന്നാൽ ശമിക്കമെന്നതന്നെ അല്ല പിന്നെ ഉണ്ടാകയുമില്ല.

൪൬. മുഖരോഗെഷ്വകെഷാഞ്ചിൽചികിത്സൈവമുദീരിതാ।
അന്യെഷാംസാസ്വബുദ്ധ്യാഹ്യായഥാസ്വന്തുവിചക്ഷണൈഃ॥

മുഖരോഗങ്ങളിൽവെച്ച ചില രോഗങ്ങളുടെ ചികിത്സ ഇങ്ങിനെ പറകപ്പെട്ടു. ശേഷങ്ങളുടെ ചികിൽസയെ ശാസ്ത്രപരിചയത്തോടുകൂടിയ വൈദ്യൻ തന്റെ ബുദ്ധികൊണ്ട ഊഹിച്ചചെയ്യുകൊൾക.

ഇതി വാശാസ്സൊപനാമകരാമാനന്ദനാഥ പണ്ഡിത
പാരശവെന്ദ്രകൃതാ വാരൊഗ്യ കല്പദ്രുമെ ബാലചി
കിൽസായാം മേകൊനത്രിംശസ്തബകൊ നാമ

ഏകൊനത്രിംശൊദ്ധ്യായഃ

ആരോഗ്യകല്പദ്രുമെ ബാലചികിൽസായാം.

---

## ത്രിംശാദ്ധ്യായപ്രാരംഭഃ

---

### ശിരൊരോഗപ്രകരണം

൧. അത്രാഭിധീയതെധ്യായെശിരൊരോഗചികിത്സിതം।
യദ്വിജ്ഞായനിവൎത്തെതപരതന്ത്രാവലോകനാൽ॥

ഈ അദ്ധ്യായത്തിങ്കൽ ശിരോരോഗങ്ങളുടെ ചികിത്സയെപറയുന്നു. ഇതിൽപറകപ്പെടുന്നചികിൽസകളെഅറിഞ്ഞാൽഅവ ശിരോരോഗ ചികിത്സയെ ഗ്രഹിപ്പാനായിക്കൊണ്ട ഇതരശാസ്ത്രത്തെക്കൂടെനോക്കേണമെന്നുള്ളബുദ്ധിഉണ്ടാകയുമില്ല.

## ശിരൊഭിതാപ ചികിത്സാ

൭. ശിരോപിതാപെവാതോത്ഥെമഞ്ജിഷ്ഠാമധുകാംബുദൈഃ
സനായകബലാരാസ്നാദാരുഭിശ്ചൂൎണ്ണിതൈൎന്നിശി॥
൮. സസ്തന്യൈനവിപക്വെനസ്നേഹെനപരിമിശ്രിതൈഃ॥
തിലജെനൈവമൂൎദ്ധാനംലിപ്ത്വാസുസ്നിഗ്ദ്ധതാംനയെൽ॥

വാതകോപം ഹേതുവായിട്ടുണ്ടാകുന്ന തലവേദനക്കു ചെന്നികളിൽ അധികമായനോവ, പുരികങ്ങളുടെനടു. നെററി ഇവ വേദനകൊണ്ടു പിളൎന്നുവീഴുമോ എന്നു തോന്നുക ഇത്യാദി ലക്ഷണമാകുന്നു. അതിന്നു ആദിയിൽ മഞ്ചട്ടിപ്പൊടി, ഇരട്ടിമധുരം, മുത്തങ്ങക്കിഴങ്ങു, ചെന്നിനായകം കുറുന്തോട്ടിവേര, അരത്ത, ദേവതാരം, ഇവപൊടിച്ചു മുലപ്പാലും എണ്ണയും കൂട്ടി മൂപ്പിച്ചു അതിൽ ചാലിച്ചു രാത്രിനേരം മൂൎദ്ധാവിൽ കുഴമ്പിട്ടുതലക്കുനല്ലവണ്ണം സ്നിഗ്ദ്ധയെ ഉണ്ടാക്കുക.

### (സമസ്തന്യ തൈലം)

൯. സമസ്തന്യെബലാപത്രൈസ്തദഷ്ടാംശസമൈഃപചെൽ।
പിഷ്ടാകല്ക്കീകൃതൈസ്തൈലമഥവാതത്രയൊജയേൽ॥

നാഴി മുലപ്പാലിൽ ആറുകഴഞ്ചു പച്ചക്കുറുന്തോട്ടിഇല അരച്ചുകലക്കി നാഴി എണ്ണചേൎത്തു കാച്ചിഅരിച്ചു അതിൽ ചാലിച്ചു കുഴമ്പിടുകയുമാം.

### (വിലാദിതൈലം)

൧൦. വിലാഭീരുബലാമൂലനിൎയ്യൂഹെപക്വമെവവാ।
ബലാപത്രെണകല്ക്കേനസമസ്തന്യംപ്രയോജയെൽ॥

കൂവളത്തിൻവേര, ശതാവരിക്കിഴങ്ങു, കുറുന്തോട്ടിവേര ഇവകൊണ്ടു കഷായംവെച്ചു പച്ചക്കുറുന്തോട്ടിയില അരച്ചുകലക്കി എണ്ണയും മുലപ്പാലും സമമായി ചേൎത്തു കാച്ചിയരിച്ചു അതിൽ ചാലിച്ചിട്ടും കുഴമ്പിടാം.

### (സ്തന്യാഷ്ടമ തൈലം)

൧൧. മുസ്താമധുകമഞ്ജിഷ്ഠാബലാത്രിതയശാരിബാഃ।
കുശമൂലജയാദാന്ദാബൃഹതീദ്വയജീരകൈഃ॥
൧൨. രാസ്നാഭീരുഹിമൊശീരകടുകാഗരുകുംകുമൈഃ।
ജടാതഗരരുൿജാതിഫലശാല്മകവാരിഭിഃ॥
൧൩. ത്രിഫലാവിസദേവാഹ്വാശശാംകമൃഗനാഭിഭിഃ।
ജീവന്തികദളീപക്വമാഷൈൎവ്വാപിഷ്ടകല്ക്കിതാഃ॥
൧൪. സ്തന്യസപ്തഗുണെപക്വംനാമ്നാസ്തന്യാഷ്ടമംമതം।

ശൌനകേന സമാഖ്യാതമഥവാതത്രയോജയേൽ॥

ഏഴു നാഴി മുലപ്പാലിൽ മുത്തങ്ങക്കിഴങ്ങ, ഇരട്ടിമധുരം, മ ഞ്ചെട്ടിപ്പൊടി, കുറുന്തോട്ടിവേര, വെങ്കുറുന്തോട്ടിവേര, ഉൗരക ത്തിൻവേര, നന്നാറിക്കിഴങ്ങ ഒരം ഏഴു മരുന്നുകൾ. ദർഭവേര, കടക്ക, കുരുവില്ലാക്കടുക്ക, ചെറുവഴുതിനവേര, വെൾവഴുതിന വേര, ജീരകം ഇവയോടൊ അരത്ത, ശതാവരിക്കിഴങ്ങ, ചന്ദ നം, രാമച്ചം, കടുകരോഹിണി, അകില, കുംകുമം ഇവയോടോ മാഞ്ചി, തകരം, കൊട്ടം, ജാതിക്ക, ആമ്പൽക്കിഴങ്ങ, നെയ്തൽ ക്കിഴങ്ങ, ചെങ്ങഴിനീക്കിഴങ്ങ, കരിംകൂവളക്കിഴങ്ങ, താമരക്കിഴ ങ്ങ, ഇരുവേലി ഇവയോടൊ ത്രിഫല, താമരവളയം, ദേവതാ രം, പച്ചക്കർപ്പൂരം, മെരുകിൻചട്ട ഇവയോടൊ അടപതിയൻ കിഴങ്ങ, കദളിപ്പഴം, ഉഴുന്ന ഇവയോടൊ ദർഭവേര മുതൽ ഉഴുന്ന വരെയുള്ള എല്ലാമരുന്നുകളോടൊ ചേർത്ത ആറ കഴഞ്ചഅരച്ച കലക്കി നാഴി എണ്ണചേർത്ത കാച്ചിയരിച്ച അതിൽ ചാലിച്ച കു ഴമ്പിടുകയുമാം മേൽപറഞ്ഞ തൈലങ്ങൾക്ക ക്രമേണ വീൎയ്യാ ധിക്യമുണ്ടെന്ന അറിഞ്ഞുകൊൾകയും വേണം.

൫൦. അമൃനാഭൃംഗസൈകാദിസൎവ്വഞ്ചാത്രപരംഹിതം।
അതിപ്രവൃദ്ധെനസ്യന്തുവിശേഷേണപ്രശസ്യതെ॥

മേൽപറഞ്ഞ സ്നേഹ്യാഷ്ടമ തൈലം തേപ്പിക്കയും അതുകൊ ണ്ട ധാര, പിചു, വസ്തി ഇവ ഒക്കെയും നല്ലതാകുന്നു. വ്യാധി തന്നെ വൎദ്ധിച്ചുപോയാൽ അതിന്ന മേൽപറഞ്ഞ തൈലംകൊ ണ്ട നസ്യംതന്നെ പ്രധാനമാകുന്നു.

൫൧. ആശയെച്ഛാമൃതാചൂൎണ്ണംമാഷാണാംരജസാസഹ।
ബൃഹതീമൂലപകെപനസൎപ്പിഷാനിശിഭോജിതം।

ചിററമൃതിൻെറ ഊറലുംഉഴുന്നിൻെറ പൊടിയും സമമായി ചേർത്ത ചെറുവഴുതിനവേർകൊണ്ട കാച്ചിയ നെയ്യിൽ കുഴച്ച അത്താഴം കഴിഞ്ഞാൽ സേവിപ്പിക്കയും ചെയ്ക.

൫൨. ബൃഹതീമൂലപകപംവാകൊഷ്ണംദുഗ്ദ്ധംസശൎക്കരം।
പായയെദനുവാതസ്യദേഹാഗ്നിബലതത്പവിൽ।

ചെറുവഴുതിനവേരിട്ട പാലുകുറുക്കി പഞ്ചസാരയുമിട്ട സഹി ക്കത്തക്കതായ ചൂടോടെ സേവിപ്പിക്കയുമാം. മുൻപറഞ്ഞ മരു ന്ന സേവിച്ചതിൻെറ മീതെയും ഒരം പാല സേവിപ്പിക്കാം. അ ഗ്നിബലത്തിൻെറ സ്ഥിതിപോലെ വഴിപോലെഅറിഞ്ഞ അ തിനെ അനുസരിച്ചിട്ടല്ലാതെ അപ്രകാരം ചെയ്യിക്കരുത.

൫൩. ദശമൂലശൃതംക്ഷീരമഥവാസിതയാന്വിതം।

കൊഷ്ണംസശക്കരംതദ്വൽപായയെത്തൽപരംഹിതം॥

ദശമൂലമിട്ട പാലുകുറുക്കി പഞ്ചസാരചേൎത്ത സഹിക്കത്തക്ക തായ ചൂടോടെ മേൽപറഞ്ഞ പ്രകാരം സേവിപ്പിക്കാം. മുൻ പറഞ്ഞതിനെക്കാൾ ഇതിന്ന വീൎയ്യാധിക്യമുണ്ട.

(മാഷ തൈലം)

൬൪. ഭാഗാന്മാഷകഷായസ്യചതുരഃപയസൊപിച।
ഗവ്യസ്യദ്വാവജായാസ്തുസ്തന്യസ്യത്രീന്നൃയൊഷിതഃ॥

൬൫. ഏകത്രവാത്രെസംയോജ്യപഞ്ചഗന്ധാൻസുചൂൎണ്ണിതാൻ।
തത്രാവാപ്യസമംദത്വാകദളീപകദ്വജംരസം।

൬൬. കെരസ്നേഹസ്യതന്മാത്രകൊഭാഗസ്സൈതലസ്യവാശൃതഃ॥
നിത്യാഭ്യംഗാൽസമീരൊത്ഥംശിരസ്താപംനിയച്ഛതി॥

ഉഴുന്നിൻകഷായം ഇടങ്ങഴി ൪, പശുവിൻപാല ഇടങ്ങഴി ൪, ആട്ടിൻപാല ഇടങ്ങഴി ൨, മുലപ്പാല ഇടങ്ങഴി ൩ ഇവ ഒരു പാത്രത്തിലാക്കി അതിൽ ഇരുവേലി,രാമച്ചം,ചന്ദനം, ഇരട്ടിമധുരം, കൊട്ടം ഇവ ഒക്കെക്കൂടി നാഴിക്ക ആറു കഴഞ്ച വീതം അരച്ചുകലക്കി നാനാഴി കദളപ്പഴത്തിൻെറനീരും നാനാഴിഎണ്ണയുംചേൎത്ത കാച്ചിയരിച്ച തലയിൽ നിത്യമായി തേച്ചാൽതന്നെ വാതകോപത്താൽ ഉത്ഭവിപ്പിക്കപ്പെട്ടതായ തലവേദന ശമിക്കും. ധാരമുതലായത ചെയ്താൽ ശമിക്കുമൊ എന്ന ഒരം അവസ്ഥയിൽ സംശയമുണ്ടാകയുമില്ലല്ലൊ.

൬൭. മാഷതൈലമിദംനാമ്നാപിത്തരക്തജപ്യത്രശസ്യതെ।
രക്തജെചശിരസ്താപെശിരഃകംപെചദാരുണെ॥

മാഷതൈലമെന്ന പേരോടുകൂടിയതായ മേൽപറഞ്ഞതൈലം വാതത്താൽ ഉത്ഭവിപ്പിക്കപ്പെട്ട തലവേദനക്ക മാത്രമെന്നല്ല പിത്തരക്തങ്ങളാൽ ഉത്ഭവിപ്പിക്കപ്പെട്ട തലവേദനകൾക്കും പാരിച്ചതായശിരഃകംപത്തിന്നും ശമനകരമാകുന്നു.

(ബൃഹതീസ്വരസാദി തൈലം)

൬൮. ബൃഹതീസ്വരസെശീതമുസ്താജീരകപാചിതഃ!
സമാനദുഗ്ദ്ധഃകെരസ്തുസ്നേഹസ്തിലജഏവവാ॥

൬൯. നിയതാഭ്യംഗയൊഗേനശിരശ്ശൂലംനിയച്ഛതി॥
വാതജംപക്ഷമാത്രെണപ്രബലംപിചിരിഷ്യതെ॥

ചെറുവഴുതിനയിലനീരിൽ ചന്ദനം, മുത്തങ്ങക്കിഴങ്ങ, ജീരകം ഇവഅരച്ചു കലക്കി വെളിച്ചെണ്ണയും അത്ര തേങ്ങാപ്പാലും ചേൎത്തിട്ടൊ എണ്ണയും എണ്ണയോളം പശുവിൻപാലും ചെൎത്തിട്ടൊ കാച്ചിഅരിച്ച നിത്യമായിതേപ്പിക്ക.

(നെററിമേൽ തേപ്പാൻ.)

൨൦. ജീരകാംബുദവൈകുണ്ഠകുസുമൊശീരദാരുഭിഃ। സ്തന്യപി
ഷ്ടൈസ്സമാലിംപെൽലലാടംപരിതൊസകൃൽ ॥

ജീരകം, മുത്തെങ്ങക്കിഴങ്ങ, തുമ്പപ്പൂവ്വ, രാമച്ചം ദേവതാരം ഇവ മുലപ്പാലിൽ അരച്ച നെററിമേൽ എല്ലാടവും കൂടക്കൂടെ പുരട്ടുക.

൨൧. പിത്തൊദിതെത്രമഞ്ജിഷ്ഠാമധുകൊശീരചന്ദനൈഃ।
സനായകൈഃകൃതംചൂൎണ്ണംസ്തന്യപകെനസൎപ്പിഷാ ॥

൨൨. മൂൎദ്ധ്നിനീതംആൎദ്രതാംദദ്യാദഥവാകന്യകാരസെ।
മഞ്ജിഷ്ഠാഞ്ജനമാംസീഭിഃപകെനവരണെനവാ॥

പിത്തകോപത്താൽ ഉത്ഭവിപ്പിക്കപ്പെടുന്ന തലവേദനയ്ക്കുതലപുകച്ചിൽ, പനി, വിയൎപ്പ, കണ്ണുചുട്ടുനീറുക, ഇത്യാദിലക്ഷണമാകുന്നു. അതിന്ന മഞ്ചെട്ടിപ്പൊടി, ഇരട്ടിമധുരം, രാമച്ചം, ചന്ദനം, ചെന്നിനായകം, ഇവപൊടിച്ച മുലപ്പാലും നെയ്യും കൂട്ടിമൂപ്പിച്ച അതിൽചാലിച്ച ആറിയാൽ മൂൎദ്ധാവിലിടുക. അല്ലഎങ്കിൽ കററുവാഴനീരിൽ മഞ്ചട്ടിപ്പൊടി അഞ്ജനക്കല്ല, മാഞ്ചി, ഇവയൊ നീൎമാതളത്തിൻതൊലിയൊ അരച്ചകലക്കി അതിൽനെയ്യുചേൎത്ത കാച്ചിഅരിച്ച അതിൽ ചാലിച്ച കുഴമ്പിടുകയുമാം.

(അഭീരുമുസ്താദി ഘൃതം)

൨൩. അഭീരുമുസ്താജീവന്തീബലാവരണവല്ലുജെ। കഷായെ
തുല്യദുഗ്ദ്ധാഢ്യെകുശശൈലൂഷചന്ദനൈഃ ॥

൨൪. കല്കൈൎവ്വിപകംസസ്തന്യംസൎപ്പിൎവ്വാതത്രയൊജയേൽ।

ശതാവരിക്കിഴങ്ങ മുത്തങ്ങക്കിഴങ്ങ അടപതിയൻകിഴങ്ങ, കുറുന്തോട്ടിവേര, നീൎമാതളത്തിൻതൊലി, ഇവകൊണ്ടുകഷായംവെച്ച ആ കഷായത്തോളം പാലുംചേൎത്ത ദൎഭവേര, കൂവളത്തിൻവേര, ചന്ദനം ഇവ അരച്ചുകലക്കി അതിൽനെയ്യും മുലപ്പാലും സമമായിചേൎത്ത കാച്ചിഅരിച്ച അതിൽമേൽപറഞ്ഞ പൊടി ചാലിച്ച കുഴമ്പിടുകയുമാം.

൨൫. എതദെവപിബെദ്രാത്രൌനാവനാദൌചയൊജയെൽ।
അഥവാബൃഹതീദന്ദപബലാഭീരുകശൈസ്സൃതം ॥

മേൽപറഞ്ഞനെയ്യ രാത്രിയിൽ ഊണകഴിഞ്ഞതിന്റെ ശേഷം സേവിപ്പിക്ക. അതുകൊണ്ടതന്നെനസ്യവുംചെയ്ക അല്ലഎങ്കിൽ ചെറുവഴുതിനവേര, വേൾവഴുതിനവേര, കുറുന്തൊട്ടിവേര, ശതാവരിക്കിഴങ്ങ, ദൎഭവേര, ഇവകൊണ്ടുകാച്ചിയ നെയ്യു

മേൽപ്രകാരം സേവിപ്പിക്കയും അതുകൊണ്ടതന്നെ നസ്യവും ചെയ്ക.

(നെററിമേൽ പുരട്ടുവാൻ)

൮൬. മഞ്ജിഷ്ഠാലാജമൂർവ്വാബ്ദനളദെന്ദ്രമദൈസ്സമൈഃ ।
തെഭ്യോദിഗുണതാംനീതൈശ്ശാരിബാഭീരുവാംശിഭിഃ ॥

൮൭. കന്യാസ്വരസസംപിഷ്ടൈസ്സകപ്പൂരശിലാമദൈഃ ।
ലിംപെല്ലലാടംസ്തന്യേനമൂദ്ധ്നിസേകഞ്ചകാരയെൽ ॥

മഞ്ചട്ടിപ്പൊടി, മലര, കറുക, മുത്തങ്ങക്കിഴങ്ങ, രാമച്ചം, കന്നാരം ഇവ സമം. നന്നാറിക്കിഴങ്ങ, ശതാവരിക്കിഴങ്ങ, കുവ്വപ്പൊടി, ഇവ മുൻപറഞ്ഞ മരുന്നുകളെക്കാൾ ഇരട്ടി ഇങ്ങിനെ ചെത്ത കററുവാഴനീരിൽ അരച്ച നെററിമേൽ പുരട്ടുക. മുലപ്പാലു കൊണ്ടുമൂദ്ധാവിൽ ധാരചെയ്ക.

(മഞ്ജിഷ്ഠാദി തൈലം)

൮൮. മഞ്ജിഷ്ഠാപഞ്ചഗന്ധാബ്ദശാരിബാകടുകാഞ്ജനൈഃ ।
തക്കോലചോരജാതീന്ദുമൃഗനാഭിവിസോൽപലൈഃ ॥

൮൯. ചതുജ്ജാതവരാമാംസീതഗരാഗരുസംയുതൈഃ । പിഷ്ടൈർവ്വിപകചഃകന്യായാസ്വരസെനാളികേരജഃ ॥

൯൦. സ്നേഹസ്തിലഫലൊത്ഥൊവാതുല്യാംശക്ഷീരസംയുതഃ ।
മന്ദാഗ്നിനാതമഭ്യംഗാദക്ഷിരൊഗഞ്ചനാശയെൽ ॥

മഞ്ചട്ടിപ്പൊടി, ഇരുവേലി, രാമച്ചം, കൊട്ടം, ചന്ദനം, ഇരട്ടിമധുരം, മുത്തങ്ങക്കിഴങ്ങ, നന്നാറിക്കിഴങ്ങ, കടുകരോഹണി, അഞ്ജനക്കല്ല, തക്കൊലപ്പുട്ടൽ, കച്ചൂരിക്കിഴങ്ങ, ജാതിക്ക, പച്ചക്കപ്പൂരം, മെരുകിൻചട്ട, താമരവളയം, ചെങ്ങഴിനീക്കിഴങ്ങ, ഏലത്തരി, ഇലവംഗത്തൊലി, പച്ചില, നാകപ്പൂവ്വ, ത്രിഫല, മാഞ്ചി, തകരം, അകില, ഇവ കററുവാഴനീരിൽ അരച്ചു കലക്കി വെളിച്ചെണ്ണയും തേങ്ങാപ്പാലും സമമായിചേത്തിട്ടൊ എണ്ണയും പശുവിൻപാലും സമമായി ചേത്തിട്ടൊ കാച്ചിഅരിച്ചതലയിൽ തേപ്പിക്ക. പിത്തത്താൽ ഉൽഭവിപ്പിക്കപ്പെട്ട തലവേദനയും നേത്രരോഗവും ശമിക്കും.

൯൧. കഫജെവിലചാമൂലാബ്ദബലാവരണവല്കലൈഃ ।
തീക്ഷ്ണാക്ഷമൂലവഷാഭൃമൂർവ്വാസൈരെയകടചയൈഃ ॥

൯൨. തുല്യാംശൈശ്ചമിതെനസൈചഃകുന്ദുരുഷ്ണെണചാനചിതൈഃ । സവ്വതുര്യാംശതുല്യെനനായകെനചചൂർണ്ണിതൈഃ ॥

൯൩. സസ്തന്യപാചിതൈരണ്ഡസ്നേഹെനാദ്യൈഃ പ്രകല്പ

യെൽ। മൂദ്ധ്നി ലെപംസനകത്താഫാരസപകെപനതെനവാ॥
കഫകോപത്താൽ ഉത്ഭവിപ്പിക്കപ്പെടുന്ന തലവേദനയ്ക്കു അരുചി, ആലസ്യം, തണുപ്പ്, തലക്കനം ഇത്യാദി ലക്ഷണമാകുന്നു ചെവിചൊറിക, കണ്ണുവീങ്ങുക, ഛൎദ്ദി, ഇവയുമുണ്ടാകും അതിന്നു കൂവളത്തിൻവേര, മുത്തെങ്ങക്കിഴങ്ങു, കുറുന്തോട്ടിവേര, നീർമാതളത്തിൻതൊലി, മുളകുതാന്നിവേര തമിഴാമവേര, പെരുംകുരുമ്പവേര, കരിംകുറിഞ്ഞിവേര, വെങ്കുറുഞ്ഞിവേര ഇവ സമം ഇവ ഒക്കക്കൂടിയെടത്തോളം കുന്തുരുക്കം കുന്തുരുക്കവും മേൽപറഞ്ഞമരുന്നുകളും. കൂടിയതിന്റെ നാലിലൊരുഭാഗം ചെന്നിനായകം ഇങ്ങിനെചേൎത്ത പൊടിച്ചു മുലപ്പാലും അവണക്കെണ്ണയും സമമായി ചേൎത്ത മൂപ്പിച്ചു അതിൽ ചാലിച്ചു മൂദ്ധാവിൽ കുഴമ്പിടുക ഉങ്ങിലനീരും അവണക്കെണ്ണയുംകൂട്ടി മൂപ്പിച്ചു അതിലുംകുഴമ്പിടാം

൩൮. തീഷ്ണാക്ഷമൂലനിൎഗ്ഗുണ്ഡീബൃഹതീദ്വയസാധിതം।
ആജംപായഃപിബെദ്രംത്രൌളുകന്തൃാസമധുശക്കരം॥

മുളകുതാന്നിവേര, കരുനൊച്ചിവേര, ചെറുവഴുതിനവേര, വെൾവഴുതിനവേര, ഇവയിട്ട ആട്ടിൻപാല കുറുക്കി തേനുംപഞ്ചസാരയുംചേൎത്ത അത്താഴം കഴിഞ്ഞതിന്റെശേഷം സേവിപ്പിക്ക.

൩൯. സകുംകുമശശാംകെനകുയ്യാൽസ്തന്യെനനാവനം॥
തൈലെനസ്തന്യസൈരെയവരണത്വക്ഛൃതെനവാ॥

കുംകുമം, പച്ചക്കപ്പൂരം ഇവ മുലപ്പാലിൽ അരച്ചുചേൎത്തനസ്യം ചെയ്ക. അല്ലായെങ്കിൽമുലപ്പാലിൽകരിംകുറുഞ്ഞിവേരനീർമാതളത്തിൻതൊലി ഇവ അരച്ചുകലക്കി എണ്ണചേൎത്ത കാച്ചിയരിച്ചു അതുകൊണ്ടു നസ്യം ചെയ്ക.

(നെററിമേൻ പുരട്ടുവാൻ)

൪൦. ലാജവില്വബലാചൊരമരിചൈസ്തക്രപാചിതൈഃ।
പിഷ്ട്വെപ്ലലാടംലിംപെച്ചസ്തന്യപിഷ്ടൈരഥാപിവാ॥

മലര, കൂവളത്തിൻവേര, കുറുന്തോട്ടിവേര, കച്ചൂരിക്കിഴങ്ങു, മുളക ഇവമോരിൽ പുഴുങ്ങിയരച്ചു നെററിമേൽ പുരട്ടുക. മെൽപറഞ്ഞ മരുന്നുകൾ മുലപ്പാലിൽ അരച്ചു നെററിമേൽ പുരട്ടുകയുമാം.

(പഞ്ചഗന്ധാദി തൈലം)

൪൧. പഞ്ചഗന്ധബലാദാരുചൊരകൈഃഫണിവല്ലിജൈ।
സ്വരസൈപാചിതംതൈലമഭ്യംഗാത്തംനിയച്ഛതി॥

ഇരുവേലി, രാമച്ചം, കൊട്ടം, ചന്ദനം, ഇരട്ടിമധുരം, കറുന്തോട്ടിവേര, ദേവതാരം, കച്ചൂരിക്കിഴങ്ങ ഇവ കൊടിഞാലിയുടെ നീരിൽ അരച്ചുകലക്കി എണ്ണചെൎത്തുകാച്ചിയരിച്ച തലയിൽ തേപ്പിക്ക. എന്നാൽ കഫജമായ തലനോവു ശമിക്കും.

(അമൃതാസനസാരാദി തൈലം)

൩൭. അമൃതാസനസാരാതിബലാവിലാശൃതെജലെ।
തിക്ഷ്ണാക്ഷമൂലകല്കേനപകാംവാതനിയച്ഛതി॥

ചിററമൃത, വേങ്ങാക്കാതല, ഊരകത്തിൻവേര, കൂവളത്തിൻവേര ഇവകൊണ്ട കഷായംവെച്ച മുളകുതാന്നിവേര അരച്ചുകലക്കി എണ്ണചേൎത്ത കാച്ചിയരിച്ച തലയിൽതേപ്പിക്ക. ഫലം മേൽപ്രകാരം തന്നെ.

൩൮. രക്തജെരക്തനിൎമ്മോക്ഷംജളൌകൊഭിസ്സമാചരെൽ।
സിരാവേധെനവാപശ്ചാൽകുൎയ്യാൽപിത്തോദിതാഃക്രിയാഃ॥

രക്തകോപത്താൽഉൽഭവിപ്പിക്കപ്പെടുന്ന തലവേദനപിത്തത്താൽ ഉത്ഭവിപ്പിക്കപ്പെടുന്നതിനോട തുല്യലക്ഷണമാകുന്നു. വേദനക്ക് ആധിക്യമുണ്ടാകും. ഇതത്രെവിശേഷമാകുന്നത അത്രയുമല്ല ശീതമായ ഔഷധംകൊണ്ടും ഉഷ്ണമായഔഷധംകൊണ്ടും സ്നിഗ്ദ്ധമായ ഔഷധംകൊണ്ടു രൂക്ഷമായ ഔഷധംകൊണ്ടും ശമിപ്പിപ്പാൻ എളുതല്ലാതെ ഇരിക്കയുംചെയ്യും അതിന്ന അട്ടയെ കടിപ്പിച്ചിട്ടൊസിരാവെധംകൊണ്ടൊരക്തംകളഞ്ഞതിൻെറശെഷംപിത്തജമായതിന്നപറഞ്ഞചികിത്സകളെചെയ്ക.എന്നാൽ ശമിക്കും പിത്തജമായതിന്നും ചോരകളയുന്നതു നല്ലതാകുന്നു. എന്നാലും ആയത ചോരകളയാതെയും ശമിക്കുന്നതാകയാൽ ആ വിധിയെ ഇവിടെ കാണിച്ചില്ലയെന്ന അറിഞ്ഞുകൊൾകയും വേണം.

൪൦. അസൃജാനാവനംകുൎയ്യാൽക്രിമിജെതസ്യഗന്ധതഃ।
ആപന്നമൂൎഛാനിൎയ്യാന്തിദ്വാരെഭ്യഃക്രിമയൊബഹിഃ॥

ക്രിമികളാൽ ഉൽഭവിപ്പിക്കപ്പെടുന്ന തലവേദനക്ക ബുദ്ധിഭ്രമം, പനി, കുര, നീര, ബലക്ഷയം ഇത്യാദിലക്ഷണമാകുന്നു. അതിന്ന ചോരകൊണ്ടു നസ്യംചെയ്ക. എന്നാൽ ചൊരയുടെ ഗന്ധംനിമിത്തമായിട്ട ക്രിമികൾ മൂൎഛിച്ച മൂക്ക, ചെവി മുതലായ ദ്വാരങ്ങളൂടെ പുറത്തുപോകയും അപ്പോൾ തലവേദന ശമിക്കുകയും ചെയ്യും.

(വിളംഗാദി തൈലം)

൪൧. വിളംഗമൂൎവ്വാഹിംഗുഗ്രാനികുംഭംക്ഷാസ്ഥിനാഗരൈഃ ।
ഗോമൂത്രെകല്കിതൈഃപക്വംതൈലംവാനാവനെഹിതം ॥

വിഴാലരി, പെരുംകുരുമ്പവേര, കായം, വയമ്പ, നാഗദന്തിവേര, താന്നിക്കക്കുരു, ചുക്ക ഇവ ഗോമൂത്രത്തിൽ അരച്ചുകലക്കി എണ്ണചേൎത്ത കാച്ചിയരിച്ച അതുകൊണ്ടും നസ്യംചെയ്യാം ക്രമികൾ വീണുപോകും. തലനോവും ശമിക്കും.

(പലാശമൂലാദി തൈലം)

൪൨. പലാശമൂലനിംബാൎക്കകരഞ്ജത്വക്കഷായജലെ ।
കൃഷ്ണകിംശുകനിൎഗ്ഗുണ്ഡീചതുസ്സരസസംഭവാൻ ॥

൪൩. രസാൻസംയോജ്യതൈലെനതുല്യാംശാൻപിഷ്ടകല്കിതൈഃ। വിളംഗോഗ്രാകണാഹിംഗുമൂൎവ്വാകോശാതകീദ്വയൈഃ॥

൪൪. മഞ്ജിഷ്ഠാഹരിതാലാക്ഷബീജതുത്ഥകടുത്രയൈഃ ।
തീക്ഷ്ണാക്ഷമൂലനിൎയ്യാസഖരകൎപ്പൂരകുംകുമൈഃ ॥

൪൫. പലാശകുസുമൊശീരദാരുഭിശ്ചവിപാചിതം।
തുല്യാംശശശരകെതനസാഷപംസ്നേഹമെവവാ ॥

൪൬. നാവനംകല്പയെത്തത്രദാരുണാഃക്രിമയൊമുനാ ।
നിൎഗ്ഗച്ഛെയുരുപസ്പൃഷ്ടാസ്സൎവ്വെന്തശ്ശിരആശ്രിതാഃ

പ്ലാശിൻവേരിന്മേൽതൊലി, വേപ്പിൻതൊലി, എരുക്കിൻതൊലി, ഉങ്ങിൻതൊലി ഇവകൊണ്ടു കഷായംവെച്ച അതിൽ കരുമുരുക്കില, കരുനൊച്ചിയില, തുളസി, കരുന്തുളസി, രാമതുളസി, കൎപ്പൂരതുളസി, ഇവററിൻനീര എണ്ണയോടു സമംചേൎത്ത വിഴാലരി, വയമ്പ, അത്തിത്തിപ്പലി, കായം, പെരുംകുരുമ്പവേര, പുട്ടൽപീരകത്തിൻവേര, ചെറുപീരകത്തിൻവേര, മഞ്ചെട്ടിപ്പൊടി, അരിതാരം, താന്നിക്കുരു, തുത്ത, ത്രികടു, മുളകുതാന്നിവേര, നറുമ്പശ, പച്ചക്കൎപ്പൂരം, കുംകുമം, പ്ലാശിൻപൂവ, രാമച്ചം, ദേവതാരം ഇവ അരച്ചുകലക്കി കടുകെണ്ണയും മൊയിലിന്റെ ചോരയും സമംചേൎത്ത കാച്ചിഅരിച്ച അതുകൊണ്ട നസ്യംചെയ്ക. ക്രിമികൾ നിശ്ശെഷമായി പുറത്തുപോകും തലനോവു ശമിക്കുകയും ചെയ്യും.

൪൭. അൎദ്ധാവഭേദകെകുൎയ്യാദ്വാതൊക്താനിഖിലാഃക്രിയാഃ ।
തൈലെനശിരസസ്സെകംനാവനഞ്ചമുഹുൎമ്മുഹുഃ ॥

വാതത്താലുത്ഭവിപ്പിക്കപ്പെട്ട തലവേദന തന്നെ തലയുടെ പകുതിഭാഗത്തിങ്കൽ മാത്രമായാൽ അതിനെ അൎദ്ധാവഭേദക

മെന്ന പറയുന്നു. അത ഒരു മാസത്തിങ്കൽ ഒരിക്കലൊ ഒരു പക്ഷത്തിങ്കൽ ഒരിക്കലൊ ഉണ്ടകും വളരെ വൎദ്ധിച്ചാൽ കണ്ണിനൊ ചെവിക്കൊ നാശത്തെ ഉണ്ടാക്കുകയും ചെയ്യും. ചികിത്സകൾ ഒക്കയും വാതകോപത്താൽ ഉത്ഭവിപ്പിക്കപ്പെടുന്നതിന്ന പറഞ്ഞപ്രകാരം തന്നെ എണ്ണകൊണ്ടും തലക്ക ധാരയും നസ്യവും അധികമായി പ്രവൃത്തിക്കേണ്ടതാകുന്നു.

(അമൃതാജലദാദി തൈലം)

൪൮. അമൃതാജലദാഭീരുബലാകാരസ്കരൈശ്ശൃതെ। തൊയെ
സമാനക്ഷീരാഢ്യെമഞ്ജിഷ്ഠാകുഷ്ഠചന്ദനൈഃ॥
൪൯. ശൈലെയസരളോശീരലവംഗനതദാരുഭിഃ॥
എലാമൃണാളതക്കൊലഘുസൃണൈശ്ചവിപാചിതം॥
൫൦. തൈലംപ്രശസ്തംസെകെത്രബലാതൈലംചനാവനെ।
അഥവാപയസിസ്തന്യെസിതാകുംകുമപാചിതം॥

ചിററമൃത, മുത്തങ്ങക്കിഴങ്ങ, ശതാവരിക്കിഴങ്ങ, കുറുന്തോട്ടിവേര, കാഞ്ഞിരത്തിൻവേര ഇവകൊണ്ട കഷായംവെച്ച കഷായത്തോളം പാലുംചേൎത്ത മഞ്ചട്ടിപ്പൊടി, കൊട്ടം, ചന്ദനം, കന്മതം, ചരളം, രാമച്ചം, ഇലവംഗത്തൊലി, തകരം, ദേവതാരം, ഏലത്തരി, താമരവളയം, തക്കോലപ്പുട്ടൽ, കുംകുമം ഇവ അരച്ചുകലക്കി എണ്ണചേൎത്ത കാച്ചിഅരിക്കുക. ഈ എണ്ണ അൎദ്ധാവഭേദകത്തിങ്കൽ തലയ്ക്കു ധാരചെയ്വാൻഏററവും നല്ലതാകുന്നു. നസ്യത്തിന്ന ബലാതൈലവുമപ്രകാരംതന്നെ മുലപ്പാലിൽ പഞ്ചസാരയും കുംകുമവും അരച്ചുകലക്കി എണ്ണ ചേൎത്ത കാച്ചി അരിക്കുക. ഈ എണ്ണയും നസ്യത്തിന്ന വളരെ പ്രധാനമാകുന്നു.

൫൧. ബൃഹതീരസസംസെകഃപദാംഗുലിനഖെകൃതഃ।
പ്രാരംഭാൽപുരതസ്സദ്യഃസൂൎയ്യാവൎത്തംശമംനയെൽ॥

സൂൎയ്യോദയസമയത്തിങ്കൽ ആരംഭിച്ച മദ്ധ്യാഹ്നത്തോളം വൎദ്ധിക്കയും പിന്നെക്രമെണശമിക്കുകയും ചെയ്യുന്ന തലവേദനയത്രെ സൂൎയ്യാവൎത്തമാകുന്നതു. അതിന്നതുടങ്ങുന്നതിന്നമുമ്പെചെറുവഴുതിനയുടെഇല തിരുമ്പിപ്പിഴിഞ്ഞെടുത്തനീര കാലിന്റെ നഖങ്ങളിൽ പകരുക. എന്നാൽ അന്നുതന്നെ ശമിക്കും.

൫൨. ക്ഷുദ്പതൊവൃദ്ധിഗാമിതപാത്തദാരംഭാൽപുരൈവവാ।
ഭോജയെൽഷഡ്രസൊപെതംശീതംസസ്നേഹമൊദനം॥

സൂൎയ്യാവൎത്തമെന്ന രോഗം വിശപ്പൊടുകൂടി ഇരിക്കുന്നവന്ന ഏററവും വൎദ്ധിക്കുന്നതായാൽ ആയതു തുടങ്ങുന്നതിന്ന മുമ്പെ

തന്നെ ആറിയ ചോറ നെയ്യോടും മധുരാദി ആറുരസത്തോടും കൂടി ഭക്ഷിപ്പിക്കയും ചെയ്ക.

൩൩. തക്രേണപിഷ്ടാപത്രാണിപ്രപുന്നാടസ്യതൈമ്മൂഹുഃ।
ആലിമ്പെൽഫാലമൂപ്പാരുകതകാംബുഭിരെവവാ।

പൊന്നാരൻതകരയില മോരിൽ അരച്ച നെററിമേൽ പുരട്ടുക. അല്ലഎങ്കിൽ വെള്ളരിവിത്ത, തേററാമ്പരല, ഇരുവേലി, ഇവ മോരിൽഅരച്ച പുരട്ടുക.

൩൪. അഥവാനിംബനിയ്യാസംസ്തന്യെനിഷ്പിഷ്യയോജയെൽ।
സകപ്പൂരംസശൈലെയമഥവാനായകാനപിതം।

വേപ്പിൻപശ മുലപ്പാലിൽ അരച്ചഅതിൽകപ്പൂരമൊ,കന്മതമൊ,ചെന്നിനായകമൊ,ചേത്ത നെററിമേൽ പുരട്ടുകയുമാം

൩൫. കാരസ്കരദളൊത്ഥെനരസെനസ്തനജംപയഃ॥
തുല്യാംശംയോജയിത്വാത്രജീരകംസെന്ദുചന്ദനം।

൩൬. പിഷ്ട്വാസംയോജ്യകുവ്വീതനാവനംതെനസിദ്ധിദഃ॥
പ്രയോഗൊയംഹിസവ്വത്രശിരശ്ശൂലേഷുദൃശ്യതെ।

കാഞ്ഞിരത്തിൻെറ തളിരപിഴിഞ്ഞെടുത്ത നീരിൽ മുലപ്പാല സമംചേത്ത അതിൽജീരകവും കപ്പൂരവും ചന്ദനവും കുറേശ്ശെ അരച്ചുകലക്കി അതുകൊണ്ട നസ്യംചെയ്ക. ഠരം പ്രയോഗം എല്ലാതലവേദനകൾക്കും ശമനമായി കാണപ്പെടുന്നു.

(ബലാജലദാദി തൈലം)

൩൭. ബലാജലദശൈലൂഷഉള്ളചീഭിഃശൃതെജലെ.
ബലാമധുകകല്ക്കേനതൈലംസക്ഷീരപാചിതം।

൩൮. അഥവാജ്യതുയ്യാംശപാചിതംസന്നിയച്ഛതി।
വാതപിത്തകൃതാഃപീഡാമൂദ്ധ്നസ്സവ്വാവിശിഷ്യതം॥

കുറുന്തോട്ടിവേര, മുത്തങ്ങക്കിഴങ്ങ, കൂവളത്തിൻവേര, ചിററമൃത ഇവകൊണ്ട കഷായംവച്ച കുറുന്തോട്ടിവേര, ഇരട്ടിമധുരം ഇവ അരച്ചുകലക്കി എണ്ണയും പാലും സമം ചേത്ത കാച്ചിയരിക്കുക. അല്ലായെങ്കിൽ എണ്ണയുടെ മൂന്നിൽ ഒരു ഭാഗത്തോട സമം നെയ്യുചേത്ത കാച്ചിയരിക്കുക. ഠരം എണ്ണ രണ്ടുവിധമായാലും വാതത്താലും പിത്തത്താലും ഉത്ഭവിപ്പിക്കപ്പെടുന്നതലവേദനകൾക്ക ശമനകരമാകുന്നു. സൂയ്യാവത്തത്തിന്ന ഏററവും ശമനകരമാകുന്നു.

(പുകത്തിരി)

൩൯. വാരിവാരിദവാരാഹീവരീവരണവല്ക്കലൈഃ।
സജീരകൈഃപയഃപിഷ്ടൈഃക്ഷൌമലിപ്തൈഃപ്രകല്പിതാ।

൯൭. വത്തിഷ്ലതാദ്രാധൂമെനനിയച്ഛതിശിരൊരുജം॥
സൂൎയ്യാവത്താഹപയാംസദ്യഃപ്രാരംഭെസംപ്രയോജിത॥

ഇരുവേലി, മുത്തങ്ങക്കിഴങ്ങ, നിലപ്പനക്കിഴങ്ങ, ശതാവരിക്കിഴങ്ങ, നീർമാതളത്തിൻതൊലി, ജീരകം ഇവ പാലിലരച്ച വെള്ളപ്പട്ടിൽ തേച്ചതിരച്ച തിരിയാക്കി ഉണക്കി നെയ്യിൽ നനച്ച കത്തിച്ച തലയ്ക്കൽ തീയ്യ നല്ലവണ്ണം പിടിച്ചാൽ ഊതി അതിൻെറ പുക വലിപ്പിക്ക. ൟ പ്രയോഗം ആരംഭത്തിങ്കൽചെയ്താൽ സൂൎയ്യാവത്തം ഉടനെ ശമിക്കും.

## എല്ലാ തലനോവുകൾക്കും പററുന്നതായ ചികിത്സാ
### (ബലാബൃഹതികാദി കുഴമ്പ)

൯൮. ബലാബൃഹതികാമുസ്താസലിലൊശീരചന്ദനൈഃ॥
ശാരിബാകുഷ്ഠയഷ്ട്യാഹ്വഫലത്രയസുരദ്രുമൈഃ॥
൯൯. രാസ്നാകരിലതാകന്ദശിംശപാസാരജീരകൈഃ॥
മാംസീശൈലെയകടുകാനയകെന്ദ്രമദൈഃകൃതം॥
൧൦൦. രജഃകന്യാരസെപിഷ്ട്വാസ്തന്യനവനീതെനമദ്ദിതം।
സസ്തന്യെനപരിക്ഷീണെജലെമൂദ്ധ്നിയോജയെൽ।
൧൦൧. എഷപ്രയോഗസ്സൎവ്വാസ്സശിരൊരുക്ഷ്വനിവാരിതഃ॥
നയെത്ത്രിദൊഷസംഭൂതാമപിമൂദ്ധ്രുജാംശമം।

കുറുന്തോട്ടിവേര, ചെറുവഴുതിനവേര, മുത്തങ്ങക്കിഴങ്ങ, ഇരുവേലി, രാമച്ചം, ചന്ദനം, നന്നാറിക്കിഴങ്ങ, കൊട്ടം, ഇരട്ടിമധുരം, ത്രിഫല, ദേവതാരം, അരത്ത, കരിക്കൊടിക്കിഴങ്ങ, ഇരുമുള്ളിൻകാതല, ജീരകം, മാഞ്ചി, കന്മതം. കടുകരോഹണി, ചെന്നിനായകം, കന്നാരം ഇവ കററുവാഴ നീരിൽ അരച്ച ഉണക്കിപ്പൊടിച്ച അതിൽനിന്ന വേണ്ടതെടുത്ത മുലപ്പാലുംവെണ്ണനെയ്യുംകൂട്ടി ഉരസി നീരറുത്ത അതോടുകൂടെച്ചേൎത്ത കുഴമ്പിടുക. എല്ലാ തലനോവും ശമിക്കും.

൧൦൨. ലിംപെത്തെനലലാടഞ്ചനിശിക്ഷൌദ്രസിതാന്വിതം।
വരീപുഷ്കരമൂലാഭ്യാംശൃതമാജംപയഃപിബേൽ।

മേൽപറഞ്ഞ മരുന്ന നെററിമേൽ പുരട്ടുകയും ചെയ്ക. ശതാവരിക്കിഴങ്ങ, പുഷ്കരമൂലം ഇവയിട്ട കുറുക്കിയ ആട്ടിൻപാല തേനും പഞ്ചസാരയും ചേൎത്ത അത്താഴം കഴിഞ്ഞാൽ സെവിപ്പിക്ക.

൧൦൩. യഥാമൃദ്വ്വാബ്ദശൈലൂഷബൃഹതീകുശസാധിതം॥ സ

ശക്കരംചസക്ഷീരംപിബെൽകപാഥംസമാക്ഷികം॥

പെരുങ്കുരുമ്പവേര, മുത്തങ്ങക്കിഴങ്ങ, കൂവളത്തിൻവേര, ചെറുവഴുതിനവേര, ദർഭവേര ഇവകൊണ്ടു കഷായംവച്ച പഞ്ചസാര, പാൽ, തേൻ ഇവ മെപ്പൊടിചേൎത്ത ആട്ടിൻപാലിന്നു പകരമായി സെവിപ്പിക്കയുമാം

(മൂദ്ധാമൃത തൈലം)

൩൬. ബലാശതാവരീദാരുമധുകൊശീരചന്ദനൈഃ।
കെതകീവിലപലോല്പലതഗമൃതാബ്ദഫലത്രയൈഃ॥
൩൭. ശാരിബാബൃഹതീഭ്യാഞ്ചനിയ്യൂഹെസംപ്രസാധിതെ।
ഭൃംഗാമലകവെത്രാഗ്രസൊഹളാരസസംയുതെ॥
൩൮. മൃഗനാഭിഹിമദചന്ദനമഞ്ജിഷ്ഠാമധുകാഞ്ജനൈഃ।
മാലതീചംപകൊന്മത്തകുസുമാഗരുകുംകുമൈഃ॥
൩൯. മാംസീലവംഗതക്കോലവിസൈലാപത്മകോൽപലൈഃ।
കുഷ്ഠചോരതുരുഷ്ക്കേശ്ചകല്ക്കിതൈന്നാളികേരജഃ॥
൪൦. സ്നേഹസ്തിലഫലൊത്ഥൊവാസമാനക്ഷീരമിശ്രിതഃ।
പകൊഭ്യംഗാജ്ജയത്യാശുസൎവ്വാഞ്ഛിരസആമയാൻ॥
൪൧. ഏതന്മൂദ്ധാമൃതംനാമതൈലംഹൈളെനഭാഷിതം॥ ഊദ്ധാംഗസംശ്രയാൻവ്യാധീൻവിശേഷേണനിയച്ഛതി॥

കുറുന്തോട്ടിവേര, ശതാവരിക്കിഴങ്ങ, ദേവതാരം, ഇരട്ടിമധുരം, രാമച്ചം, ചന്ദനം, പൂക്കൈതവേട, കൂവളത്തിൻവേര, പാച്ചോററിത്തൊലി, ചിററമൃത, മുത്തങ്ങക്കിഴങ്ങ, ത്രിഫല, നന്നാറിക്കിഴങ്ങ, ചെറുവഴുതിനവേര, ഇവകൊണ്ടു കഷായം വെച്ച അതിൽ കഞ്ഞുണ്ണി, പച്ചനെല്ലിക്ക, ചൂരൽതല കൊഴപ്പ ഇവററിൻ നീരചേൎത്ത, മെരുകിൻചട്ട, ചന്ദനം, രക്തചന്ദനം, മഞ്ചട്ടിപ്പൊടി, ഇരട്ടിമധുരം, അഞ്ജനക്കല്ല, പിച്ചകപൂവ, ചമ്പകത്തിൻപൂവ, ഉമ്മത്തിൻപൂവ, അകില, കുങ്കുമം മാഞ്ചി, ഇലവംഗത്തൊലി, തക്കൊലപ്പുട്ടൽ, താമരവളയം, ഏലത്തരി, പതിമുകം, ചെങ്ങഴിനീർക്കിഴങ്ങ, കൊട്ടം, കച്ചൂരിക്കിഴങ്ങ, കുന്തുരുക്കം, ഇവഅരച്ചുകലക്കി വെളിച്ചെണ്ണയും തെങ്ങാപ്പാലും സമമായിചേൎത്തിട്ടൊ എണ്ണയും പശുവിൻപാലും സമമായിചേൎത്തിട്ടൊ കാച്ചിഅരിച്ച തേപ്പിക്കുക. തലനോവുകൾഎല്ലാം ശമിക്കുമെന്നുതന്നെ അല്ല കഴുത്തിങ്കൽനിന്ന മേൽഭാഗത്തിങ്കൽ ഉണ്ടാകുന്ന വ്യാധികൾ ഒക്കെയും ശമിക്കും. മെൽപറഞ്ഞ തൈലം മൂദ്ധാമൃതമെന്ന പേരോടുകൂടിയതും ഹൈളാചാൎയ്യനാൽ പറകപ്പെട്ടതുമാകുന്നു.

(ഭാഗൊത്തര ഗുളിക.)

൧൨. ഏകംസഹസ്രവെധ്യംശമംശൌദ്ധാവിന്ദ്രരെതസഃ ।
താംസ്ത്രീൻകളഭഗ്ലേഥസ്യചതുരഃകതകസ്യച॥

൧൩. പഞ്ചനിരദസാരസ്യരജസശ്ചാന്ദനസ്യഷൾ ।
സപ്തധാത്രീഫലസ്യാഷ്ടാവംഭോദസ്യനവാംഭസഃ ॥

൧൪. നളദസ്യദശാപ്യെകാദശാംശാന്നായകസ്യച ।
ദ്വാദശാപിതുരുഷ്കസ്യഗൃഹീത്വാസംപ്രപെഷയെൽ ॥

൧൫. കുന്ത്യാമണ്ഡൂകപർണ്ണീന്ദ്രലതാബൃഹതികാദ്രവൈഃ।
സ്തന്യെനചതതഃകുർയ്യാൽഗുളികാമംഗുലീനിഭാം ॥

൧൬. ഛായായാമഥസംശ്ലൊഷ്യസ്തന്യെനാഘ്രഷ്യവാതജെ ।
സർപ്പിഷാപിത്തജെകേരക്ഷീരേണകഫജെപിച ॥

൧൭. ശിരശ്ശൂലെലലലാടഞ്ചപ്രലിംപെൽപരിതസ്തയാ ।
ഭാഗൊത്തരാഭിധാനാസൌഗുളികാതന്നിയച്ഛതി ॥

സഹസ്രവേധികഴഞ്ച ൧ കന്നാരം കഴഞ്ച ൨ കണ്ടിവെണ്ണ കഴഞ്ച ൩ തേററാപരല കഴഞ്ച ൪ പച്ചക്കർപ്പൂരംകഴഞ്ച ൫ ചന്ദനത്തിൻപൊടി കഴഞ്ച൬ നെല്ലിക്ക കഴഞ്ച ൭ മുത്തങ്ങക്കിഴങ്ങകഴഞ്ച ൮ ഇരുവേലി കഴഞ്ച ൯ രാമച്ചംകഴഞ്ച ൧൦ ചെന്നിനായകം കഴഞ്ച ൧൧ കുന്തുരുക്കം കഴഞ്ച ൧൨. ഇങ്ങിനെ ചേൎത്ത കററുവാഴനീരിലും മുത്തളിന്റെ നീരിലും ഉഴിഞ്ഞനീരിലും മുലപ്പാലിലും അരച്ച കൈവിരലുപോലെ ഉരുട്ടി നിഴലിലുണക്കി വേണ്ടപ്പോൾ എടുത്ത പ്രയോഗിക്ക. മുലപ്പാലിൽ അരച്ച നെററിമേൽ പുരട്ടിയാൽ വാതജമായ തലനോവു ശമിക്കും നെയ്യിൽ അരച്ചപുരട്ടിയാൽ പിത്തജമായ തലനോവുശമിക്കും തേങ്ങാപ്പാലിലരച്ചുപുരട്ടിയാൽ കഫജമായ തലനോവുശമിക്കും. നെററിമേൽ പുരട്ടാം. എന്നുതന്നെയല്ല മൂൎദ്ധാവിലിടുകയുമാം ഈഗുളികക്കു ഭാഗോത്തര എന്ന പേരാകുന്നു. ഏററവും സാരമാകുന്നുഎന്ന അറിഞ്ഞുകൊൾകയും വേണം.

(ത്രിഫലാദി എണ്ണ)

൧൮. ത്രിഫലെന്ദ്രലതൈരണ്ഡബലാകെതകികാമൃതാഃ ।
സാരഞ്ചാസനവൃക്ഷസ്യച്ഛിത്വാസംക്ഷുദ്യവാരിണി॥

൧൯. പ്രക്ഷിപ്യാധിശ്രിതപാദ ശിഷ്ടെപിഷ്ടാത്രകല്കിതൈഃ। മുസ്തൈലാകുഷ്ടയഷ്ട്യാഹ്വാപത്മകോശീരചന്ദനൈഃ ॥

൨൦. ഹയഗന്ധാമൃതാമാംസീബലാമൂലലവംഗകൈഃ ।
ശാരിബാപത്രദേവാഹ്വനതചൊരൊൽപലാദിഭിഃ ॥

വ്യ൧. നിലീമൂലാഞ്ജനാഭ്യാഞ്ചതൈലംഭ്രിംഗുണദുഗ്ദ്ധകം।
തുല്യേനഭൃംഗരാജസ്യരസെനാമലകസ്യച॥
വ്യ൨. യൊജിതംവിപചെദെതത്ത്രിഫലാദീതിവിശ്രുതം।
ശിരോരോഗപ്രതിശ്യായെഖലതിംപലിതംതഥാ॥
വ്യ൩. സൎവ്വാനൂൎദ്ധ്വാംഗസംഭൂതാൻ വ്യാധീൻഹരതിദാരുണാൻ
അഭ്യംഗാദഥവാസെകപിചുവസ്ത്യാദികൎമ്മണാ॥

ത്രിഫല, ഉഴിഞ്ഞ, അവണക്കിൻവേര, കുറുന്തോട്ടിവേര, പൂ്കൈതവേട ചിററമൃത, വേങ്ങക്കാതല ഇവകൊണ്ടുകഷായം വച്ച മുത്തെങ്ങക്കിഴങ്ങ, ഏലത്തരി, കൊട്ടം, ഇരട്ടിമധുരം, പതിമുകം, രാമച്ചം, ചന്ദനം, അമുക്കരം, ചിററമൃത, മാഞ്ചി, കുറുന്തോട്ടിവേര, ഇലവംഗത്തൊലി, നന്നാറിക്കിഴങ്ങ, പച്ചില, ദേവതാരം, തകരം, കച്ചൂരിക്കിഴങ്ങ ചെങ്ങഴിനീൎക്കിഴങ്ങ, കരിംകൂവളക്കിഴങ്ങ, ആമ്പൽക്കിഴങ്ങ, നൈതൽക്കിഴങ്ങ, അമരിവെര, അഞ്ജനക്കല്ല ഇവ അരച്ചകലക്കി എണ്ണയും എണ്ണയൊട സമം കഞ്ഞുണ്ണിനീരും പച്ചനെല്ലിക്കനീരും ഇരട്ടി പാലുംചെൎത്ത കാച്ചിയരിക്കുക. ഈ എണ്ണക്ക ത്രിഫലാദി എന്നപേരാകുന്നു. തലനോവ, പീനസം, തലയിലെ രോമംകൊഴിയുന്നത. നര ഇവ ശമിക്കും. അത്രയുമല്ല ഊൎദ്ധ്വാംഗരോഗങ്ങൾ ഒക്കെയും ശമിക്കും. അഭ്യംഗം ധാര മുതലായത ഒക്കെയും ചെയ്യാം.

(ബലാധാത്ര്യാദി എണ്ണ)

വ്യ൪. ബലാധാത്ര്യൊസ്സമൌഭാഗൌതദന്യതരസമ്മിതം।
ഗുളൂച്യാഭാഗമെതസ്യനെമെനനളദംസമം॥
വ്യ൫. നളദാൎദ്ധമിതംവാരിയഷ്ടിംതസ്യാൎദ്ധസമ്മിതാ।
തദൎദ്ധെനസമംപുഷ്പംബകുളസ്യചതത്സമം॥
വ്യ൬. ചന്ദനഞ്ചസമാദായസംക്ഷുദ്യാവാപ്യപാചയേൽ। തൊയെചതുൎഗ്ഗുണെതത്രപാദശെഷെസുപെഷിതൈഃ॥
വ്യ൭. ചന്ദനദ്വയയഷ്ട്യാഹ്വകുഷ്ഠൊൽപലപയൊധരൈഃ।
ത്രിജാതശാരിബാജാതിഫലതക്കൊലകുംകുമൈഃ॥
വ്യ൮. ജീവകൎഷഭകാഭീരുമെദാദ്വിതയചൊരകൈഃ।
ദ്രാക്ഷാകൎപ്പൂരലാമജ്ജശാല്മകനഖപൃഷ്ഠരൈഃ।
വ്യ൯. നാഗദ്ധാമകമഞ്ജിഷ്ഠാകട്ഫലാസരളാഞ്ജനൈ।
സ്പൃക്കാദേവാഹ്വചാംപെയസുമനൊമൃഗനാഭിഭിഃ॥
൯൦. മധൂകപുഷ്പത്രിഫലാഫലിനീപത്മകെസരൈഃ।
മിസിജൊംഗകമാംസീഭിസ്തഗരെണചപാചയെൽ॥

൯൧. തൈലംതൈലസ്യഷഷ്ഠാംശൈഃ കഷായേണസമംപ
യഃ। ദത്വാധാത്ര്യാരസംതദ്വച്ചൂതാവശ്യാശ്ചസംജ്ഞയാ॥
൯൨. ബലാധാത്ര്യാദിതൈലമഭ്യംഗാദിവിധാനതഃ।
ശിരശ്ശൂലശിരോനെത്രദാഹാംഗൊഷ്ഠക്ഷതക്ഷയാൻ॥
൯൩. വിശിഷ്യോദ്ധ്വാംഗരോഗാംശ്ചസവ്വാനപിശമന്നയെ
ൽ। രക്തമാംസബലാധായിപുഷ്ടിദംശുക്ലവദ്ധനം।

കുറുന്തോട്ടിവേര, നെല്ലിക്ക ഇവ നാനാഴി എണ്ണയ്ക്കു നന്നാലു പലം, ചിററമൃത പലം ൪. രാമച്ചം പലം ൨. ഇരുവേലിപലം ൧. ഇരട്ടിമധുരം പലം അര, ഇരഞ്ഞിപ്പൂവ്വ, ചന്ദനം ഇവ കാൽക്കാലിശ്ശേപലം ഇങ്ങിനെചെത്ത പതിനാറിടങ്ങഴി വെള്ളത്തിൽ കഷായംവച്ച കുറുക്കി നാലിടങ്ങഴിയാക്കി പിഴിഞ്ഞരിച്ച ചന്ദനം, രക്തചന്ദനം, ഇരട്ടിമധുരം, കൊട്ടം, ചെങ്ങഴിനീക്കിഴങ്ങ, മുത്തെങ്ങക്കിഴങ്ങ, ഏലത്തരി, ഇലവംഗത്തൊലി, പച്ചില, നന്നാറിക്കിഴങ്ങ, ജാതിക്കതക്കൊലപ്പുട്ടൽ, കുംകുമം ജീവകം, ഇടവകം, ശതാവരിക്കിഴങ്ങ, മേദ, മഹാമേദ, കച്ചൂരിക്കിഴങ്ങ, മുന്തിരിങ്ങാപ്പഴം, പച്ചക്കപ്പൂരം, രാമച്ചം ആമ്പൽക്കിഴങ്ങ, നെെതൽക്കിഴങ്ങ, കരിംകൂവളക്കിഴങ്ങ, നാഗ്ഗുണം പുഷ്കരമൂലം, നാകപ്പൂവ്വ, നാന്മുഖപ്പുല്ല മഞ്ചെട്ടിപ്പൊടി, കടുകരോഹിണി ചരളം, അഞ്ജനക്കല്ല, ചൊനകപ്പുല്ല, ദേവതാരം, ചംപകപ്പൂവ്വ, മെരുകിൻചട്ട, ഇരിപ്പപ്പൂവ്വ, ത്രിഫല, ഞാഴൽപ്പൂവ്വ, താമരയല്ലി, ശതകുപ്പ, അകില, മാഞ്ചി, തകരം ഇവ ഒക്കക്കൂടി നാക്ക എട്ടുകഴഞ്ചു വീതം അരച്ച കലക്കി നാലിടങ്ങഴി പാലും നാലിടങ്ങഴി നെല്ലിക്കനീരും നാലിടങ്ങഴി ശതാവരിക്കിഴങ്ങിൻനീരും നാനാഴി എണ്ണയും ചേത്ത കാച്ചിയരിക്കുക. ഈ എണ്ണയ്ക്കു ബലാധാത്ര്യാദി എന്ന പേരാകുന്നു. തലനോവ, തലചൂട, കണ്ണചൂട, സവ്വാംഗങ്ങളിലും ചൂട, ക്ഷതം ക്ഷയം ഇവയും വിശേഷിച്ച ഊദ്ധ്വാംഗത്തിങ്കൽ ഉണ്ടാകുന്ന രോഗങ്ങളും ഈ എണ്ണകൊണ്ടു ശമിക്കും. രക്തബലം, മാംസബലം പുഷ്ടി ഇവയെ ഉണ്ടാക്കും, ശുക്ലത്തെ വർദ്ധിപ്പിക്കുകയുംചെയ്യും

### തലയൊട്ടിലെ പുണ്ണിന്ന

### (കാപ്പാസപത്രാദി വെളിച്ചെണ്ണ)

൯൪. കാപ്പാസപത്രവൈകുണ്ഡഗുളൂചീതുളസീരസെ।
പഞ്ചഗന്ധവിളംഗൊഗ്രാലാക്ഷാദാരുഫലത്രയൈഃ

൯൫. കല്ക്കിതൈഃപാചിതസ്നേഹൊനാളികെരഫലൊൽഭവഃ।
നാളികേരപയൊയുക്തഃകപാലാരുഷ്വിനാശനഃ॥
പരത്തിയില, തുമ്പ, ചിററമൃത, തുളസി ഇവററിൻനീരിൽ ഇരുവേലി, രാമച്ചം, കൊട്ടം, ചന്ദനം, ഇരട്ടിമധുരം, വിഴാലരി, വയമ്പ, കോലരക്ക, ദേവതാരം, ത്രിഫല ഇവ അരച്ചകലക്കി വെളിച്ചെണ്ണയും തേങ്ങാപ്പാലും സമമായിച്ചേൎത്ത കാച്ചിയരിച്ച തേപ്പിക്ക തലയോട്ടിലെ പുണ്ണ ശമിക്കും.

(ധുദ്ധൂരപത്രാദി വെളിച്ചെണ്ണ)

൯൬. ധുദ്ധൂരപത്രദ്രവ്യാഗ്രച്ഛിച്ചീകിംശുകൊൽഭവെ।
സ്വരസെകുഷ്ഠമൃൎവ്വ്യേലാമധുകൈഃപിഷ്ടകല്ക്കിതൈഃ॥
൯൭. നാളികെരഭവസ്നേഹൊനാളികെരപയൊയുതഃ।
പകെപാഭ്യംഗാൽകപാലാരുഃപക്ഷമാത്രെണനാശയേൽ॥
ഉമ്മത്തില, കറുകനാക്ക, ചിററമൃത, കരുമുരുക്കില ഇവററിൻനീരിൽ കൊട്ടം, മുത്തങ്ങക്കിഴങ്ങ, ഏലത്തരി, ഇരട്ടിമധുരം ഇവ അരച്ചകലക്കി വെളിച്ചെണ്ണയും തേങ്ങാപ്പാലും സമമായിചേൎത്ത കാച്ചിയരിച്ച തേപ്പിക്ക. പതിനഞ്ച ദിവസംകൊണ്ട തലയോട്ടിലെ പുണ്ണ ശമിക്കും.

## ഇന്ദ്രലുപ്ത ചികിത്സാ

൯൮. ച്യുതരൊമംശിരൊദേശംവിലിഖ്യപരിതസ്സുനൈഃ।
പ്രച്ഛായവാസൃക്സംസ്രാവ്യതുത്ഥകാസീസകോഷണൈഃ॥
൯൯. മനശ്ശിലായുതൈല്പിംപെൽസക്ഷൌദ്രൈരിന്ദ്രലുപ്തകെ।
ഏഷപ്രയൊഗൊരോമാനുജനനസ്സപ്തഭിദ്ദിനൈഃ॥
രോമകൂപങ്ങളിലെ പിത്തം വാതത്തോടുകൂടെ കോപിച്ചിട്ട രോമങ്ങളെ കൊഴിയിക്കും. പിന്നെ അവിടെയുള്ള കഫംരക്തത്തോടുകൂടി രോമകൂപങ്ങളിൽ തടവിനെ ഉണ്ടാക്കും. അത ഹേതുവായിട്ട പിന്നെ രോമങ്ങൾ വരികയുമില്ല. ഇങ്ങിനെ ഉണ്ടാകുന്ന വ്യാധിക്ക ഇന്ദ്രലുപ്തമെന്ന പേരാകുന്നു. അതിന്ന രോമമില്ലാത്തെടത്ത പാറകത്തില മുതലായതുകൊണ്ട ഉരസീട്ടൊ കത്തികൊണ്ട കൊത്തീട്ടൊ ചോര കളഞ്ഞതിൻെറ ശേഷം തുത്ത, കാരീയം, തിപ്പലി, മനയോല ഇവ പൊടിച്ച തേൻചേൎത്ത പുരട്ടുക. എന്നാൽ ഏഴദിവസംകൊണ്ട അവിടെ രോമങ്ങൾ മുളക്കും. പിന്നെ കൊഴികയുമില്ല.

൧൦൦.അഥവാഹസ്തിദന്തസ്യമഷിംതൈലെനസംയുതാം।

യോജയെത്തത്രസിദ്ധോയംപ്രയോഗഃപരിദൃശ്യതെ ॥

ആനക്കൊമ്പ ചുട്ടകരിച്ച നല്ല കരിയായാൽ പൊടിച്ച എണ്ണയിൽ ചാലിച്ച പുരട്ടുകയുമാം. ഒരം പ്രയോഗം ഏററവും സിദ്ധമായി കാണപ്പെടുന്നു.

൧൦൧. അഥവാസ്രംജലൌകാഭിർഹൃത്വാസേചനമാചരെൽ।
ശുണ്ഠീപിണ്ഡികയാതപ്തകാഞ്ജികെനകവൊഷ്ണയാ ॥

മുൻപറഞ്ഞതുകൂടാതെ ആദിയിൽതന്നെ അട്ടയിട്ട ചോര കളകയും ചുക്കിൻകിഴി കാടിയിൽ കാച്ചി വെച്ച വിയർപ്പിക്കയും ചെയ്ക.

(ഭൃതാലകന്ദാദി തൈലം)

൧൦൨. ഭൃതാലകന്ദവൈകുണ്ഠനീലീപല്ലവജൈരസെ ।
കാരസ്കരെണകല്കെനപക്വംതൈലഞ്ചലെപയെൽ ॥

നിലപ്പന, തുമ്പ, അമരിയില ഇവററിൻനീരിൽ കാഞ്ഞിരത്തിൻവേര അരച്ച കലക്കി എണ്ണചേൎത്ത കാച്ചിയരിച്ച പുരട്ടിക്കയും ചെയ്ക.

൧൦൩. മധുകംമഹിഷീക്ഷീരെപിഷ്ട്വാതെനവിലെപനം ।
രോമപ്രരോഹസ്ഥൈര്യോപചയകാന്തികരംപരം ॥

ഇരട്ടിമധുരം എരുമപ്പാലിൽ അരച്ചുപുരട്ടുക. ഒരം പ്രയോഗം രോമങ്ങൾ മുളയ്ക്കുവാനും മുളച്ച രോമങ്ങൾ ഉറപ്പോടുകൂടി നില്പാനും ഉറപ്പുള്ള രോമങ്ങൾ ഇടതൂൎന്നിരിപ്പാനും മേൽപ്രകാരമുള്ള രോമങ്ങൾക്ക കാന്തി ഉണ്ടാകുവാനും നല്ലതാകുന്നു.

(അക്ഷതൈലാദി തൈലം)

൧൦൪. അക്ഷതൈലസിദ്ധേനിഷ്ക്വാതെശല്ലകീഭൃംഗരാജയോഃ ।
നീല്യാശ്ചരസമാസിച്യക്ഷീരഞ്ചാവാപ്യപെഷിതം ॥

൧൦൫. ത്രിഫലാമധുകംതൈലംപചെത്തൽകെശവിച്യുതിം ।
നാശയെച്ഛ്രുന്യകൂപെഷുരോമാണിജനയെദപി ॥

താന്നിത്തൊലികൊണ്ട കഷായംവെച്ച അതിൽ ചിററമൃത, കഞ്ഞുണ്ണി, അമരിയില ഇവററിൻനീരും പാലും എണ്ണയും സമമായിചേൎത്ത ത്രിഫല, ഇരട്ടിമധുരം ഇവ അരച്ചുകലക്കി കാച്ചിയരിച്ച തേപ്പിക്ക. രോമങ്ങൾ കൊഴിയുന്നത ശമിക്കും. രോമങ്ങൾ ഉണ്ടാകയും ചെയ്യും.

(അക്ഷാംഗതൈലം)

൧൦൬. അക്ഷാംഗൈഃപഞ്ചഭിസ്സിദ്ധേനിഷ്ക്വാഥെപ്രസ്ഥസമ്മിതെ। താവന്തംരസമാസിച്യസല്ലകീമജ്ജഭിർഹൃതം॥

൧൦൭. നീലീരസഞ്ചതാവന്തംമാഹിഷഞ്ചതഥാപയഃ ।

തൈലപ്രസ്ഥംവരായഷ്ടിഗുഞ്ജാഗൊപാംഗനാഞ്ജനൈഃ ॥
൫൨. പചെന്നാമ്നാതദക്ഷാംഗംകെശാനാംച്യുതിനാശനം ।
വൎദ്ധനംകാൎഷ്ണ്യജനനംകിഞ്ചനിദ്രാഞ്ചവൎദ്ധയെൽ ॥

താന്നിവേര, താന്നിത്തൊലി, താന്നിയില താന്നിപ്പൂവ്വ, താന്നിക്ക ഇവകൊണ്ടു വെച്ച കഷായം ഇടങ്ങഴി ൫, അതിൽ ഒരെ ഇടങ്ങഴി പനംകുലനീരും അമരിയിലനീരും എരുമപ്പാലും ചെൎത്ത ത്രിഫല, ഇരട്ടിമധുരം, കുന്നിവെര, നന്നാറിക്കിഴങ്ങ, അഞ്ജനക്കല്ല ഇവ ഒക്കക്കൂടി നാഴിക എട്ടൊ ആറൊ കഴഞ്ചവീതം അരച്ചുകലക്കി അതിൽ ഒരിടങ്ങഴി എണ്ണചേൎത്ത കാച്ചിയരിക്കുക. ഈ എണ്ണെക്കു അക്ഷാംഗമെന്ന പെരാകുന്നു. ഇതു തേച്ചാൽ രോമങ്ങൾ കൊഴികയില്ല. വൎദ്ധിക്കയും കറപ്പുണ്ടാകയും ചെയ്യും. വിശേഷിച്ച ഉറക്കമില്ലാത്തവൎക്കും നന്നു.

(അമൃതാസപരസാദി തൈലം)

൫൩. അമൃതാസപരസൈപത്മാവടമൂലരജൊയുതെ ।
പക്വംചപയസാതൈലംഗവ്യെനകചവൎദ്ധനം ॥

ചിററമൃതിൻനീരിൽ ഓരിലത്താമര, പെരാലിൻവെട ഇവ ഉണക്കിപ്പൊടിച്ച കലക്കി എണ്ണയും പശുവിൻപാലും സമമായിച്ചേൎത്ത കാച്ചിയരിച്ച തേപ്പിക്ക. തലമുടി വൎദ്ധിക്കും.

പലിത ചികിത്സാ

൫൪. ഭൃംഗരാജരസപ്രസ്ഥെനീലാഞ്ജനരജൊയുതെ ।
ആസിച്യലൊഹപാത്രസ്ഥെതൈലസ്യപ്രസ്ഥമാതപെ ॥
൫൫. അഷ്ടൌയാമാന്നിധായാഥയൊജയിത്വാവരൊദകം ।
തൈലാച്ചതുൎഗ്ഗുണംതെനപചെന്മന്ദെനവഹ്നിനാ ॥
൫൬. തത്തൈലംനിയതാഭൃംഗാൻപക്ഷമാത്രെണപാണ്ഡരാൻ। കെശാനഞ്ജനസങ്കാശാൻകുൎയ്യാദുപചിതാനപി॥

കഞ്ഞുണ്ണിനീര ഒരിടങ്ങഴി ഉണ്ടാക്കി ഇരുമ്പുപാത്രത്തിലാക്കി നീലം അഞ്ജനക്കല്ല ഇവ പന്ത്രണ്ടീത കഴഞ്ച പൊടിച്ച അതിൽ കലക്കി ഒരിടങ്ങഴി എണ്ണചെൎത്ത എട്ടുയാമം വെയിലത്തവെച്ച നാലിടങ്ങഴി ത്രിഫലകഷായം ആ പാത്രത്തിൽ വീഴ്ത്തി മന്ദാഗ്നികൊണ്ടു കാച്ചിയരിച്ച ആ എണ്ണ തേപ്പിക്കുക. രോമങ്ങൾ വെളുത്തുപോയാലും കറക്കും. കറുത്തരോമങ്ങൾ അധികമായി കറക്കും. രോമങ്ങൾ വൎദ്ധിക്കയും ചെയ്യും.

ഇതി വാഗ്ദാസൊപ നാമകരാമാനന്ദനാഥപണ്ഡിതപാരശവെന്ദ്രകൃതാ വാരൊഗ്യകല്പദ്രുമെ ബാലചികിത്സായാംത്രിംശസ്തബകൊ നാമത്രിംശോദ്ധ്യായഃ.

ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം
ഏകത്രിംശാദ്ധ്യായപ്രാരംഭഃ
ഉന്മാദ ചികിത്സാ

൧. ഉന്മാദസ്യമഹാവ്യാധെർദ്ദോഷജസ്യപ്രദശ്യതെ।
സാമാന്യെനൈവസാദ്ധ്യസ്യസാധനംപൂർവ്വസമ്മതം ॥

ഈ അദ്ധ്യായത്തിങ്കൽ ദോഷകോപമാത്രത്താൽ ഉത്ഭവിപ്പിക്കപ്പെട്ടതായും സാദ്ധ്യമായുമിരിക്കുന്ന ഉന്മാദത്തിന്ന ചെയ്യേണ്ട ചികിത്സയെ പറയുന്നു. ഉന്മാദമെന്നത ചിത്തഭ്രമമാകുന്നു. അതിന്ന ദോഷകോപാനുരോധേന വെവ്വേറെയുള്ള ചികിത്സകളെ വിട്ടു സാമാന്യചികിത്സയെമാത്രം ഇവിടെ കാണിക്കുന്നു. അപ്രകാരമാക്കിയത പരപ്പുകൊണ്ട നൊക്കി ഗ്രഹിക്കുന്നവൎക്ക ഭാരംവരുമൊ എന്നു സംശയിച്ചിട്ടാകുന്നു.

൨. പഞ്ചാംഗാനിജലെപിഷ്ടാവിലാസ്യദിവസാഗമെ।
ആശയെന്നവനീതെനസവ്വോന്മാദൊപശാന്തയെ॥

൩. ഏഷപ്രയൊഗൊവിച്ഛിന്നഷണ്ണവത്യാദിനൈഃഫലം।
കുൎയ്യാത്സമഗ്രമിത്യാഹഗിരിശഃപാർവ്വതീംപ്രതി ॥

കൂവളത്തിന്റെ പഞ്ചാംഗം പച്ചവെള്ളത്തിൽ അരച്ച വെണ്ണ ചെൎത്ത രാവിലെ സെവിപ്പിക്ക. തൊണ്ണൂററാറു ദിവസം മുടങ്ങാതെ ചെയ്താൽ സവ്വോന്മാദവും ശമിക്കുമെന്ന പരമെശ്വരവാക്യമുണ്ട. ശൈവാഗമ രഹസ്യത്തിങ്കൽ നൊക്കി അറിഞ്ഞുകൊൾക.

൪. ബ്രഹ്മീരസെനഹൈയംഗവീനംയദ്വാവചാരജഃ।
പാലാശപുഷ്പചൂർണ്ണംവാമാസത്രയമഹർമ്മുഖെ॥

ബ്രഹ്മിനീരും വെണ്ണയുംകൂട്ടി രാവിലെ സെവിപ്പിക്ക. അല്ലായെങ്കിൽ ബ്രഹ്മിനീരിൽ വയമ്പിൻപൊടി സെവിപ്പിക്ക. പ്ലാശിൻപൂവ്വ പൊടിച്ച ബ്രഹ്മിനീരിൽ സെവിപ്പിക്കയുമാം. ഈ പ്രയൊഗങ്ങൾ മൂന്നുമാസംകൊണ്ട സവ്വോന്മാദങ്ങളെയും ശമിപ്പിക്കും.

൫. ശംഖപുഷ്പീശിഫാംപിഷ്ട്വാഗൊക്ഷീരെണദിനാഗമെ।
പായയെൽഫലസിദ്ധിസ്സ്യാദശീത്യാദിവസൈധ്രുവം ॥

ശംഖപുഷ്പത്തിൻവേര അരച്ച പശുവിൻപാലിൽ സെവിപ്പിക്ക. എണ്പതദിവസംകൊണ്ടു സൎവ്വോന്മാദങ്ങളും ശമിക്കും.

ന്നൂ. സൎപ്പിഷാമധുയുക്തെനമധുകസ്യരജഃപ്രഗെ। ലെഹയെൽപഞ്ചഭിഃപക്ഷൈഃപ്രയോഗൊയംചസിദ്ധിദഃ ॥

നെയ്യ, തേൻ, ഇരട്ടിമധുരത്തിൻപൊടി, ഇവതമ്മിൽ ചെൎത്ത രാവിലെസേവിപ്പിക്ക. എഴുപത്തഞ്ചു ദിവസംകൊണ്ട എല്ലാ ഉന്മാദവും ശമിക്കും.

൬. കൃഷ്ണാമധുകമൃദ്വീകാഘൃതക്ഷൌദ്രസിതായുതാഃ ।
പക്ഷൈശ്ചതുൎഭിരുന്മാദംശമയെദാശിതാഃപ്രഗെ ॥

തിപ്പലി, ഇരട്ടിമധുരം, മുന്തിരിങ്ങപ്പഴം, ഇവ നെയ്യും തെനും പഞ്ചസാരയുംകൂട്ടി അരച്ച രാവിലെ സേവിപ്പിക്ക. അറുപതദിവസംകൊണ്ട എല്ലാ ഉന്മാദങ്ങളും ശമിക്കും.

(ദ്രാക്ഷാസമംഗാദി കഷായം)

൭. ദ്രാക്ഷാസമംഗായഷ്ട്യാഹ്വഗവാക്ഷീവ്യോഷചന്ദനൈഃ।
ത്രായമാണായുതൈഃകാഥസ്ത്രിഭിഃപക്ഷൈസ്സമാക്ഷിപേൽ ॥

മുന്തിരിങ്ങപ്പഴം, പറച്ചുണ്ടവേര, ഇരട്ടിമധുരം, ശംഖപുഷ്പത്തിൻവെര, ചുക്ക, മുളക, തിപ്പലി, ബ്രഹ്മി, ഇവകൊണ്ടു കഷായംവെച്ച സേവിപ്പിക്ക നാല്പത്തഞ്ചദിവസംകൊണ്ട എല്ലാ ഉന്മാദവും ശമിക്കും.

(അഭീരുമൂലാദി കഷായം)

൮. അഭീരുകന്ദകാഷ്ഠ്യൎഗവാക്ഷീമൂലസാധിതഃ ।
കഷായസ്സൎപ്പിഷാപീതസ്ത്രിഭിഃപക്ഷൈസ്സമാക്ഷിപെൽ ॥

ശതാവരിക്കിഴങ്ങ, കുമിഴിൻവേര, ശംഖപുഷ്പത്തിൻവേര, ഇവകൊണ്ട കഷായംവെച്ച നെയ്യമെപ്പൊടിചേൎത്ത സേവിപ്പിക്ക. നാല്പത്തഞ്ചുദിവസംകൊണ്ട സൎവ്വോന്മാദങ്ങളും ശമിക്കും.

(സൊമവല്ല്യാദി കഷായം)

൯൦. സൊമവല്ല്യമൃതാദൂൎവ്വാകുശകാശശരെക്ഷുഭിഃ ।
ചന്ദനദ്വന്ദ്വമൃദ്വീകാപത്രൂഷകസമന്വിതൈഃ ॥

൯൧. കൃതഃകഷായസ്സഘൃതഃപീതഃപക്ഷൈസ്ത്രിഭിസ്സമം ।
വിദധ്യാദ്ദാരുണസ്യാപിതസ്യെതിശിവഭാഷിതം ॥

സോമവള്ളി, ചിററമൃത, കറുക, ദൎഭവേര, ആററുദൎഭവേര, അമവേര, കരിമ്പിൻവേര, ചന്ദനം, രക്തചന്ദനം, മുന്തിരിങ്ങപ്പഴം, ചിററീന്തലിൻവേര, ഇവകൊണ്ടു കഷായംവെച്ച നെയ്യമേപ്പൊടിചേൎത്ത സേവിപ്പിക്ക. നാല്പത്തഞ്ചദിവസംകൊ

ന്നു *

ങ്ങ സൎവ്വോന്മാദങ്ങളും ശമിക്കും.

(ദ്രാക്ഷാമധൂകാദി കഷായം)

൧൨. ദ്രാക്ഷാമധുകലോദ്ധ്രത്വഗ്വചാനന്താജലാഭയൈഃ।
ചന്ദനദ്വന്ദ്വകാശ്മൎയ്യമധൂകകുസുമോല്പലൈഃ॥

൧൩. പരൂഷകവിസാഭീരുഗോപികാഹേമപത്രകൈഃ।
വിഹിതസ്സൎപ്പിതഃകാഥസ്ത്രിഭിഃപക്ഷൈൎന്നിഹന്തിതം॥

മുന്തിരിങ്ങപ്പഴം, ഇരട്ടിമധുരം, പാച്ചോററിത്തൊലി, വയമ്പ, കറുക, ഇരുവേലി, രാമച്ചം, ചന്ദനം, രക്തചന്ദനം, കുമിഴിൻവേര, ഇരിപ്പപ്പൂവ, ചെങ്ങഴിനീർകിഴങ്ങ, ചിററീന്തലിൻവെര, താമരവളയം, ശതാവരിക്കിഴങ്ങ, നന്നാറിക്കിഴങ്ങ, പൊൻതകിട, ഇവകൊണ്ടു കഷായംവെച്ച നെയ്യ മേപ്പൊടി ചേൎത്ത സേവിപ്പിക്ക. ഫലം മേല്പ്രകാരംതന്നെ.

(ബലാകനകപത്രാദി കഷായം)

൧൪. ബലാകനകപത്രാബ്ദപ്രവാളമധുകോല്പലൈഃ।
ഗവാക്ഷീഗോപികാനന്താവചാലൊദ്ധ്രപരൂഷകൈഃ॥

൧൫. വിലങ്ഗവൈകുണ്ഠതാലീസപത്രാംഭൊരുഹകെസരൈഃ।
ത്രായമാണാപടൊലാക്കരാഗൈശ്ചവിഹിതസ്സമൈഃ॥

൧൬. കഷായസ്സൎപ്പിഷായുക്തസ്സായംപ്രാതഃപ്രയോജിതഃ।
ചിത്തഭ്രംശാംസ്ത്രിഭിഃപക്ഷൈൎന്നിഹന്ത്യാദപിദാരുണാൻ॥

കുറുന്തോട്ടിവേര, പൊൻതകിട, മുത്തങ്ങക്കിഴങ്ങ, പവിഴം, ഇരട്ടിമധുരം, ചെങ്ങഴിനീർകിഴങ്ങ, ശംഖപുഷ്പത്തിൻവേര, നന്നാറിക്കിഴങ്ങ, കറുക, വയമ്പ, പാച്ചോററിത്തൊലി, ചിററീന്തലിൻവേര, കൂവളത്തിൻവേര, തുമ്പപൂവ, താലീസപത്രം താമരയല്ലി, ബ്രഹ്മി, പടോലം, അക്ലാരിതെങ്ങ ഇവകൊണ്ടുകഷായംവെച്ച നെയ്യമേപ്പൊടി ചേൎത്ത രണ്ടു നേരവും സേവിപ്പിക്ക മൂന്നുപക്ഷംകൊണ്ട അതിപ്രബലങ്ങളായ ഉന്മാദങ്ങളും ശമിക്കും

(ബ്രഹ്മി ഘൃതം)

൧൭ ത്രായന്തീരസദുഗ്ദ്ധാഭ്യാംവ്യൊഷൊഗ്രാകല്ക്കപാജിതം।
അശ്നൻസൎപ്പിസ്ത്രിഭിൎമ്മാസൈരുന്മത്തസ്സ്വാസ്ഥതാംവ്രജേൽ॥

ബ്രഹ്മിനീരിൽ പശുവിൻപാലചേൎത്ത ത്രികടു, വയമ്പ, ഇവ അരച്ചുകലക്കി നെയ്യ ചേൎത്ത കാച്ചിഅരിച്ച സേവിപ്പിക്ക, മൂന്നുപക്ഷംകൊണ്ട ഉന്മാദം ശമിക്കും.

(കല്യാണക ഘൃതം)

൧൮. ഫലത്രയവിശാലൈലാവാലുകാമരദാരുഭിഃ।
ഏലാദ്വയനിശാദ്വന്ദ്വസ്ഥിരാദ്വയവിഡംഗകൈഃ॥

൧൯. മഞ്ജിഷ്ഠാഗോപികായുഗ്മബൃഹതീകുഷ്ഠഡാഡിമൈഃ ।
നികുംഭഫലിനീനാഗതഗരൊൽപലചന്ദനൈഃ ॥
൨൦. മാലതീമുകുളൊപെതൈസ്സതാലീപത്രപത്മകൈഃ।
കൎഷാംശൈസ്സൎപ്പിഷഃ പ്രസ്ഥംപചേൽ പിഷ്ട്വജലാ
നചിതൈഃ ॥
൨൧. ഏതൽകല്യാണകംനാമത്രിഭിഃപക്ഷൈൎന്നിയച്ഛതി।
ഉന്മാദഞ്ചാപ്യപസ്മാരംഘോരാൽഭൂതഗ്രഹാനപി ॥
൨൨. പാണ്ഡുകണ്ഡൂവിഷശ്വാസകാസശോഷഗരജ്വരാൻ ।
മേഹമൊഹമദാലക്ഷ്മീവചസ്ഖലനനാശനം ॥
൨൩. അദഭ്രാജസാംസ്ത്രീണാംപുംസാമപ്യല്പരെതസാം। മേധാ
സ്മൃതിവിഹീനാനാംമന്ദാഗ്നീനാംചശസ്യതെ ॥
൨൪. ആയുഷ്കരഞ്ചബല്യഞ്ചകാന്തിസൌഭാഗ്യപുഷ്ടിദം ।
ആഹുഃപുംസവനാനാഞ്ചശ്രേഷ്ഠഞ്ചപരമൎഷയഃ ॥

ത്രിഫല, കാട്ടവെള്ളരിവേര, ഏലാവാലുകം, ദേവതാരം, ഏ ലത്തരി, ചിറേറലം, വരട്ടമഞ്ഞൾ, മരമഞ്ഞത്തൊലി, രാരി ലവേര, മൂവ്വിലവേര, വിഴാലരി, മഞ്ചട്ടിപ്പൊടി, നന്നാറിക്കിഴ ങ്ങ, പാവ്വള്ളിക്കിഴങ്ങ, ചെറുവഴതിനവേര, കൊട്ടം, താളിമാ തളങ്ങയുടെ രാട, നാഗദന്തിവേര, ഞാഴൽപൂവ, നാകപൂവ, തകരം, ചെങ്ങഴിനീർക്കിഴങ്ങ, ചന്ദനം, പിച്ചകമൊട്ട, താലീ സപത്രം, പതിമുകം, ഇവ മുമ്മൂന്നുകഴഞ്ച പച്ചവെള്ളത്തിൽ അരച്ചുകലക്കി നാഴി നെയ്യുചേൎത്ത കാച്ചിഅരിച്ചു സേവിപ്പിക്ക നാല്പത്തഞ്ചദിവസം സേവിച്ചാൽ ഉന്മാദവും അപസ്മാരവും ഘോരങ്ങളായിരിക്കുന്ന ഭൂതഗ്രഹങ്ങളും ശമിക്കും. പാണ്ഡു, ക ണ്ഡു, വിഷം, ശ്വാസം, കാസം, ക്ഷയം, കൂട്ടവിഷം, പനി, പ്ര മേഹം, ബോധക്കേട, മദം, അലക്ഷ്മി, കൊഞ്ഞൽ, വിക്കൽ, വാക്കപുറപ്പെടായ്ക. ഇവയുംശമിക്കും. രജഃക്ഷയത്തോടുകൂടിയ സ്ത്രീകൾക്കുംശുക്ലക്ഷയത്തൊടുകൂടിയപുരുഷന്മാൎക്കും ധാരണാശ ക്തി, ഓൎമ്മ, ഇവയൊടുകൂടാത്തവൎക്കും മന്ദാഗ്നികൾക്കും ഹിത മാകുന്നു. ആയുസ്സിനെയുംബലത്തെയും കാന്തിയെയുംസൌഭാ ഗ്യത്തെയും പുഷ്ടിയെയുമുണ്ടാക്കുന്നതാകുന്നു പുംസവനങ്ങളിൽ വെച്ചശ്രേഷ്ഠതയുമുണ്ട. പുംസവനങ്ങൾ പുരുഷപ്രജയെ ജനി പ്പിക്കുന്ന ഔഷധങ്ങൾ എന്നറിക.

മഹാകല്യാണകഘൃതം

൨൫. ശാരിബാദ്വയദാൎവ്വീത്വഗ്രജനീഫലിനീനതൈഃ ।
സ്ഥിരാദ്വിതയമഞ്ജിഷ്ഠാബൃഹതീകുഷ്ഠഡാഡിമൈഃ ॥
൨൬. നാഗാഹ്വവെല്ലതാലീസപത്രപത്മകചന്ദനൈഃ।

മാലതീമുകുളൈലാഭ്യാംനികുംഭെനൊൽപലെനച ॥
൨൫. കചഫിതെംബുനിവീം ദ്ധിമെദാകാകൊളികാ ദചയൈഃ ।
വിഷാണീസൂപ്യവർണ്ണ്യാത്മഗുപ്താഭിശ്ചപചേൽ ഘൃതം
ക്ഷീരം ചതുർഗ്ഗുണംഭതചാമഹാകല്യാണകംഹിതൽ ॥

നന്നാറിക്കിഴങ്ങ, പാവ്വള്ളിക്കിഴങ്ങ, മരമഞ്ഞത്തൊലി, വരട്ടുമഞ്ഞൾ, ഞാഴൽപ്പൂവ, തകരം, ഓരിലവേര, മുവ്വിലവേര, മഞ്ചട്ടിപ്പൊടി, ചെറുവഴുതിനവേര, കൊട്ടം, താളിമാതളങ്ങയുടെഓട, നാകപ്പൂവ, വിഴാലരി, താലീസപത്രം, പതിമുകം, ചന്ദനം, പിച്ചകമൊട്ട. ഏലത്തരി, നാഗദന്തിവേര, ചെങ്ങഴിനീർക്കിഴങ്ങ, ഇവകൊണ്ട കഷായംവെച്ച കോവക്കിഴങ്ങ, കാട്ടുമുതിരവേര, മേദ, മഹാമേദ, കാകൊളി, ക്ഷീരകാകൊളിആട്ടകൊട്ടപാലവേര കാട്ടുഴുന്നിൻവേര, കാട്ടുപയററിൻവേര, നായ്ക്കുരണവേര, ഇവ അരച്ചുകലക്കി നെയ്യും നെയ്യിൽ നാലിരട്ടിപാലുംചേൎത്ത കാച്ചിഅരിക്കുക. ഇതിന്ന മഹാകല്യാണകമെന്ന പേരാകുന്നു. ഇതിന്റെ ഫലവും മേൽപ്രകാരംതന്നെ ഓരോ രോഗങ്ങൾ ശമിപ്പാൻ കാലതാമസം അത്രതന്നെ വേണ്ടിവരികയുമില്ല എ൦ അഭിപ്രായം മഹാകല്യാണകമെന്നപേരിനാൽതന്നെ വ്യക്തമാക്കപ്പെട്ടിരിക്കയാൽ അതിനെകുറിച്ച ഒന്നും പ്രസംഗിച്ചില്ലെന്ന അറിഞ്ഞുകൊൾകയുംവേണം.

൨൭. ബലാസൈാഹളയൊഃപത്രംപഞ്ചഗന്ധസമന്വിതം ।
ചൂർണ്ണീകൃത്യാത്രഷഡ് ഭാഗംമുസ്താജീരകയൊരജഃ ॥
൨൮. യോജയിത്വാന്യകഷ്ണ്ണനവനീതപലാന്വിതം ।
സന്ധന്യകുഡുംബംകൃത്വാകാംസ്യപാത്രെപിമർദ്ദയെൽ ॥
൩൦. ആദായനിർജ്ജലീഭൂതംതൽപാണിതലസമ്മിതം ।
ആരഭ്യപക്ഷതെമൂദ്ധ്നാപൂർവ്വസ്യാധാരയെന്നിശി ॥
൩൧. ഉദയാസ്തമയാവിന്ദൊരന്തരെണതതഃപരം ।
സന്ത്യജ്യമാർജ്ജനംകുർയ്യാദചാസസാകെവലെനച ॥
൩൨. അഹന്യസ്നാനംബലാപത്രപഞ്ചഗന്ധശൃതാംഭസാ । കാരയെച്ചപ്രയോഗോയമെകോനത്രിംശതാദിനൈഃ ॥
൩൩. അച്ഛിന്നാനുഷ്ഠിതസ്സർവ്വാനുന്മാദാൻവിനിവൎത്തയേൽ ।
അയംപൈളെനനിർദ്ദിഷ്ടോവിധിസ്സാരതമൊമതഃ ॥

പച്ചക്കറുന്തോട്ടിയില, കൊഴുപ്പയില, ഇവ വെവ്വേറെ അരച്ചുപൊടിച്ച ഇരുവേലി, രാമച്ചം, കൊട്ടം, ഇരട്ടിമധുരം, ചന്ദനം ഇവയും പൊടിച്ച അതോടുകൂടെ ചേൎത്ത മൂന്നകഴഞ്ച എടുത്ത ഒരു പലംവെണ്ണയും നാഴിമുലപ്പാലുംഒരുഓട്ടുപാത്രത്തിലാ

ക്കി അതിലിട്ട ഉരസിനീരറുത്ത വെളുത്ത പ്രതിപദത്തിന്നാൾ ചന്ദ്രനുദിച്ചാൽ ഉടനെ മൂൎദ്ധാവിലിടുക ചന്ദ്രാസ്തമയത്തിങ്കൽ നിന്ന അല്പംമുമ്പെ വടിച്ചുകളഞ്ഞ വസ്ത്രംകൊണ്ടു തോൎത്തിവെടിപ്പുവരുത്തുക. ദ്വിതീയമുതൽക്കും മേൽപ്രകാരം ചെയ്ക എന്നാൽ ദിവസംപ്രതി കുഴമ്പിട്ട ഇരിക്കേണ്ടുനേരം കാലുനാഴിക ആറുനാഴിക ഇങ്ങിനെ വൎദ്ധിച്ച വെളുത്തവാവുവരെ എത്തിയാൽ പിന്നെക്രമേണ ചുരുങ്ങികറുത്ത പതിന്നാലുവരെ എത്തുന്നതാകയുംചെയ്യും. രോഗിയെ രാത്രിയിൽ കുളിപ്പിക്കരുത. പകൽ പച്ചക്കറുന്തോട്ടിയിലയും പഞ്ചഗന്ധവുമിട്ട വെള്ളംവെച്ച അതുകൊണ്ടു കുളിപ്പിക്കയും വേണം. ഇങ്ങിനെ ഇരുപത്തൊമ്പത് ദിവസം ചെയ്താൽ എല്ലാ ഉന്മാദങ്ങളും ശമിക്കും. ഇത വൈദ്യാചാൎയ്യന്മാൽ രഹസ്യമായി പറകപ്പെട്ട വിധിയാകുന്നു.

(മാനസമിത്രവടകം)

൩൪. ബലാനാഗബലാവില്വധാവനീമൂലവിദ്രുമൈഃ।
ശംഖപുഷ്പീതാമ്രചൂഡപാദികാഹേമപുഷ്കരൈഃ॥
൩൫. മൃഗശൃംഗവചാതാപ്യചന്ദനദ്വയമൗക്തികൈഃ।
കാളലോഹമധൂകത്വങ്ങ് മാഗധീഘനസാരകൈഃ॥
൩൬. ഐലേയകവിശാലാക്ഷരാഗനിൎഗ്ഗുണ്ഡികാപ്ലവൈഃ।
രാസ്നാരജതശൈലേയഗോജിഹ്വാപത്മകേസരൈഃ
൩൭. ജീവകൎഷഭകാകാകോളീബൃഹതീശ്രാവണീയുഗൈഃ।
ഭൂനിംബകൃതമാലത്വക് പത്രൂഷകഫലത്രയൈഃ॥
൩൮. അമൃതാഗോപികാദ്വന്ദ്വജീവന്തീസോമവല്ലിഭിഃ।
ഹയഗന്ധാനിശാശിരദ്രാക്ഷായഷ്ട്യാഹ്വയദ്ധിഭിഃ
ദൂൎവ്വാഹംസപദീഭദ്രാലവംഗതുളസീദളൈഃ॥
൩൯. കസ്തൂരികുംകുമാഭ്യാഞ്ചപിഷ്ട്വാസ്ത്വായത്തികാരസെ।
ശംഖപുഷ്പീകഷായെ ചതൊയെ ചവചയാശൃതെ॥
൪൦. അനന്താലക്ഷ്മണാവില്വബലാമൂലശൃതെപിച।
ഗോക്ഷീരെജീരകക്വാഥെ സോമവല്ല്യാശ്ചവാരിണി॥
൪൧. സ്തന്യെചവടകാൻ കുൎയ്യാൽഭൂനിംബഫലസമ്മിതാൻ।
ഛായായാമഥ സംശോഷ്യപ്രാപ്തെകാലെസുചൂൎണ്ണിതം॥
൪൨. തൈഷ്വൈകൈകംസമാലോഡ്യഗവ്യെപയസിപായ।
യെൽ। ഏതെമാനസമിത്രാഖ്യാവടകാഃപൂൎവ്വസമ്മതാഃ॥
൪൩. മനോദോഷഹരാഃപ്രജ്ഞാംമെധാഞ്ചപ്രതിഭാമപി।
വാഗ്മിത്വം കവിതാഞ്ചാശുപ്രയച്ഛേയുരസംശയം॥
൪൪. നചൈനാനതിവൎത്തരന്നുന്മാദാഃപ്രബലാഅപി।

നാപ്ന്യസ്മൃതയൊംഘോരാമദമൂർച്ഛാദയൊപിച॥
൪൯. ഭൂതാവെശഗ്രഹാവെശവിഷൊചപരമംഹിതാഃ।
എനാൻസംസെവമാനസ്യതനൌമൂർച്ഛതിനാശനിഃ॥

൫൦. സർപ്പേണസനദഷ്ടസ്സ്യാദപിഷൂച്യാസനബാധ്യതെ।
മസൂരികാനരൊഹന്തിശരീരെതസ്യജാതുചിൽ॥

കുറുന്തോട്ടിവേര, ഊരകത്തിൻവേര, കൂവളത്തിൻവേര, മുൾവിലവെര, പവിഴം, ശംഖുപുഷ്പത്തിൻവേര, കൊഴിക്കാലിൻവേര, സ്വർണ്ണം, പുഷ്കരമൂലം, ഖണ്ഡാമൃഗത്തിൻകൊമ്പു, വയമ്പു, മാക്കീരക്കല്ലു, ചന്ദനം, രക്തചന്ദനം, മുത്ത, ഉരുക്കു, ഇരിപ്പത്തൊലി, തിപ്പലി, പച്ചക്കർപ്പൂരം, മുക്കാപ്പീരകത്തിൻവേര, കാട്ടുവെള്ളരിവെര, അക്കാരിത്തെങ്ങ, കരുനൊച്ചിവെര, കുഴിമുത്തങ്ങ, അരത്ത, വെള്ളി, കന്മതം, മരമഞ്ഞത്തൊലി, താമരയല്ലി, ജീവകം, ഇടവകം, കാകോളി, ക്ഷീരകാകോളി, ചെറുവഴുതിനവേര, വെൾവഴുതിനവേര, ശ്രാവണി, മഹാശ്രാവണി, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, കൊന്നവെരുമ്മൽതൊലി, ചിററീന്തലിൻവേര, ത്രിഫല, ചിററമൃത നന്നാറിക്കിഴങ്ങ പാവ്വള്ളിക്കിഴങ്ങ, അടപതിയൻകിഴങ്ങ, സൊമവള്ളി, അമുക്കുരം, മഞ്ഞൾ, രാമച്ചം, മുന്തിരിങ്ങപ്പഴം, ഇരട്ടിമധുരം, കാട്ടുമുതിരവേര, കറുക, നിലംപരണ്ട, ചെറൂളവേര, ഇലവംഗത്തൊലി, തുളസിയില, കസ്തൂരി, കുംകുമം ഇവ ബ്രഹ്മിനീരിലും ശംഖുപുഷ്പത്തിൻവേരുകൊണ്ടുവച്ച കഷായത്തിലും വയമ്പുകൊണ്ടുവച്ച കഷായത്തിലും കറുക തിരുതാളി കൂവളത്തിൻവേര കുറുന്തോട്ടിവേര, ഇവകൊണ്ടുവച്ച കഷായത്തിലും പശുവിൻപാലിലും ജീരകക്കഷായത്തിലും സോമവള്ളിയുടെ നീരിലും മുലപ്പാലിലും അരച്ചു പുത്തരിച്ചുണ്ടങ്ങപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി പൊടിച്ച പശുവിൻപാലിൽ കലക്കി സേവിപ്പിക്ക. മനൊദൊഷം ശമിക്കും. പ്രജ്ഞയും മെധയും പ്രതിഭയമുണ്ടാകും വാക്കിന്ന മാധുര്യാദിഗുണങ്ങൾ ഉണ്ടാകും കാവ്യത്തെ നിർമ്മിപ്പാനുള്ള ശക്തി ഉണ്ടാകും ഉന്മാദവും അപസ്മാരവും ശമിക്കും മദം മൂർഛാ സന്യാസം ഇവകൾക്കും നന്ന ഭൂതബാധാ ഗ്രഹബാധാ വിഷം ഇവകൾ ശരീരത്തിങ്കൽ പററിയാൽ അവർ സേവിച്ചാൽ അതുകൾ ശമിക്കും ഈ ഗുളിക സേവിക്കുന്നവൎക്കു ഇടിവെട്ടുപററുകയില്ല പാമ്പു കടിക്കയില്ല വിഷൂചിയും മസൂരിയും ഉണ്ടാകയില്ല ഈ ഗുളികക്കു മാനസമിത്രമെന്നു പേരാകുന്നു.

(നീലോൽപലാദിഎണ്ണ)

൨൭. നീലോൽപലബലാമൂലനിരദാസനചിത്രകൈഃ
നീലീമധുകശൈലൂഷകതകൈശ്ചഗൃതെജലെ॥
൨൮. ഭൃംഗാമലകജീവന്തീവരീമുസലിജാൻരസാൻ।
തത്സമാൻപൃഥഗാസിച്യകുഷ്ഠചൊരകചന്ദനൈഃ॥
൨൯. സൊശീരവാരിമഞ്ജിഷ്ഠായഷ്ടിഭിഃപിഷ്ടകല്കിതൈഃ॥
ക്ഷീരംചതുൎഗ്ഗുണംദത്വാപചെത്തൈലംഘൃതാന്വിതം॥
൩൦. തദഭ്യംഗാൽശിരശ്ശൂലദാഹൊന്മാദമദാത്യയാൻ।
നാശയെദചിരാദെവവയസസ്ഥാപനംമതം॥

ചെങ്ങഴിനീക്കിഴങ്ങ കുറുന്തോട്ടിവേര മുത്തെങ്ങക്കിഴങ്ങ വെങ്ങക്കാതല അവണക്കിൻവേര അമരിവേര ഇരട്ടിമധുരം കൂവളത്തിൻ വേര തെററാമ്പരല ഇവകൊണ്ട കഷായം വച്ച കൊട്ടം കച്ചൂരിക്കിഴങ്ങ ചന്ദനം രാമച്ചം ഇരുവേലി മഞ്ചട്ടിപ്പൊടി ഇരട്ടിമധുരം ഇവ അരച്ചുകലക്കി എണ്ണയും എട്ടിലൊന്നൊ ആറിലൊന്നൊ നാലിലൊന്നൊ നെയ്യും ചേൎത്തുകാച്ചിയരിച്ച തെപ്പിക്ക തലവേദന തലചൂട ഉന്മാദം മദാത്യയം ഇവ ശമിക്കും ഈ എണ്ണ നിത്യമായിശീലിക്കുന്നവരുടെ യൌവനംക്ഷയിക്കില്ല.

൩൧. സമ്യക്ഫലപ്രദാന്യെതാന്യൌഷധാനിസമാസതഃ
ഉന്മാദസ്യമയാഖ്യാതാന്യലമെതച്ചികിത്സിതം॥

ഉന്മാദത്തെ വഴിപോലെ ശമിക്കുന്നതുകളായ ഔഷധങ്ങൾ സംക്ഷേപിച്ച ഇങ്ങിനെ പറകപ്പെട്ടു. ഇനിയും വളരെ പറവാനുണ്ട എങ്കിലും ഇത്രമാത്രമുള്ള ചികിത്സ ഈ രോഗത്തിന്നമതിയാകുന്നതാണെന്ന അറിഞ്ഞുകൊൾകയും വേണം.

ഇതി വാദാസൊപനാമകരാമാനന്ദനാഥ പണ്ഡിതപാരശവെന്ദ്രകൃതാ വാരോഗ്യകല്പദ്രുമെ ബാലചികിത്സായാം മെകത്രിംശസ്തബകൊനാമൈകത്രിംശൊദ്ധ്യായഃ

---

ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം

---

ദ്വാത്രിംശാദ്ധ്യായപ്രാരംഭഃ.

അപസ്മാരചികിത്സാ

൧. അത്രാപസ്മൃതിസാമാന്യചികിത്സാസാദ്ധ്യപസ്മൃ .തിഃ।
ബീഭത്സചെഷ്ടാസംയുക്തസ്മൃത്യപായൊയഉൽകടഃ॥

ഈ അദ്ധ്യായത്തിങ്കൽ അപസ്മാരസാമാന്യ ചികിത്സയെപ

റയുന്നു. അപസ്മാരമെന്നത ബീഭത്സചെഷ്ടകളോടുകൂടി ഉണ്ടാകുന്ന സ്മൃതിനാശമാകുന്നു. ബീഭത്സചെഷ്ടകൾ എന്നതുകൊണ്ടു പല്ലുകടിക്കുക, നുരയെച്ചുട്ടിക്ക, കൈകളെയും കാൽകളെയും ഉയൎത്തി നിലത്തടിക്കുക ഇത്യാദികളെ ഗ്രഹിച്ചുകൊൾക.

൨. ആഹുൎന്നിദാനമെതസ്യാമനൊദെഹഗതാൻമലാൻ।
തസ്യാമുൽപത്സ്യമാനായാംഹൃൽകംപാദിവികാരവാൻ॥

൩. ഛിന്നമൂലഇവക്ഷിപ്രംഭ്രമൌപതതിമൂഢധീഃ।
വിരതെദോഷവെഗെതുസ്വാസ്ഥ്യഞ്ചസ്വയമൃച്ഛതി॥

മെല്പറഞ്ഞ രോഗത്തിന്ന മനോദേഹങ്ങളിലുള്ള ദോഷങ്ങൾ തന്നെ കാരണമാകുന്നതു. ആ രോഗം ഉണ്ടാവാൻ സമയമടുത്തിരുന്നാൽ അപ്പോൾ ഹൃദയത്തിന്ന ഇളക്കം മുതലായ വികൃതികൾ ഉണ്ടാകും. കടയററ മരംപോലെ ഭ്രമിയിൽ വീഴും ദോഷവേഗം ശമിച്ചാൽ സ്വാസ്ഥതയെ പ്രാപിക്കയും ചെയ്യും. പിന്നെയുമൊരുസമയം ഉണ്ടാകയും മേൽപറഞ്ഞപ്രകാരംതാനെ ശമിക്കുകയുംചെയ്യും ഇങ്ങിനെ ചികിത്സ ചെയ്യാത്തവൎക്ക വിട്ടുപോകാതെ കൂടക്കൂടെ കാണപ്പെടുന്നു. അതിന്ന ചെയ്യേണ്ട ചികിത്സകൾ.

(വിലാഘൃതം.)

൪. അംഗൈഃപഞ്ചഭിരാച്ഛിന്നെ ശ്ശ്രീഫലസ്യസുനിൎമ്മിതെ। ദ്രോണെകഷായെതൈരെവകല്ക്കൈൎഗ്ഗോമയവാരിണാ॥

൫. ഗോമൂത്രെണചഗവ്യെനദധ്നാചപയസായുതം।
പ്രസ്ഥംസപ്പിഃപചെൽപീതന്തദപസ്മൃതിനാശനം॥

കൂവളത്തിൻെറവേര, തൊലി, ഇല, പൂവ, കായ ഇവ അഞ്ചുംകൂടി പലം നൂറ, അറുപത്തുനാലിടങ്ങഴി വെള്ളത്തിൽ കഷായംവെച്ചു പതിനാറിടങ്ങഴിയാക്കി അരിച്ചു അതിൽ മേല്പറഞ്ഞ മരുന്നുകൾതന്നെ കണക്കപ്രകാരം അരച്ചുകലക്കി നാനാഴി പശുവിൻനെയ്യു, പശുവിൻചാണകത്തിൻെറനീര, ഗോമൂത്രം, പശുവിൻപാല, പശുവിൻപാലുകൊണ്ടുണ്ടാക്കിയ തൈർ ഇവയൊടുകൂടെ ചേൎത്ത കാച്ചിയരിച്ചു സേവിപ്പിക്ക. അപസ്മാരം ശമിക്കും.

ചാണകനീര മുതലായത ചേക്കേണ്ടതിൻെറ
കണക്കുകൾ

൬. ഗോമൂത്രംഘൃതതുല്യാംശസമ്മിതംഗൊമയൊദകം।
തദൎദ്ധെനമിതംപഞ്ചഗുണിതംദധിസപ്പിഷഃ॥

൭. ക്ഷീരമഷ്ടഗുണംതസ്മാദേഷസാൎവ്വത്രികഃക്രമഃ।
മെളനെസമ്മതസ്ത്വേഷാംയോഗെയമനുരുദ്ധ്യതാം॥

ചാണകനീര മുതലായതിനോടുകൂടെ ചേൎത്ത നെയ്യ കാച്ചു മ്പോൾ ഇതിന്നുതാഴെപറയുന്ന ക്രമത്തെ അനുസരിച്ചുകൊൾക. പഞ്ചഗവ്യങ്ങൾ തമ്മിൽചേൎക്കുമ്പോൾ എല്ലാടവും നെയ്യിന്റെ നാലിലൊരുഭാഗത്തോട സമം ഗോമൂത്രം ചേൎക്കണമെന്നും ഗോമൂത്രത്തിൽപകുതിയോടുസമം ചാണകനീരചേൎക്കണമെന്നും നെയ്യിൽ അഞ്ചിരട്ടി തൈര ചേൎക്കണമെന്നും നെയ്യിൽഎട്ടിരട്ടി പാല ചേൎക്കണമെന്നും നിയമമുണ്ട അതുഹേതുവായിട്ട നാനാഴിനെയ്യിന ചാണകനീര ഉരി, ഗോമൂത്രംനാഴി ഒന്ന തൈരനാഴി അഞ്ച, പാലനാഴിഎട്ട, ഇങ്ങിനെകൂട്ടി കാച്ചേണമെന്ന താല്പൎയ്യം.

(ബ്രഹ്മിഘൃതം)

൮. ബ്രഹ്മീരസെവചാശംഖപുഷ്പീകുഷ്ഠൈൎവ്വിപാചിതം॥
സൎപ്പിഃപുരാണമുന്മാദമപസ്മാരഞ്ചനാശയെൽ॥

ബ്രഹ്മിനീരിൽ വയമ്പ, ശംഖപുഷ്പത്തിൻവേര, കൊട്ടം, ഇവ അരച്ചുകലക്കി പഴെനെയ്യ ചേൎത്ത കാച്ചിഅരിച്ച സേവിപ്പിക്ക, ഉന്മാദവും അപസ്മാരവും ശമിക്കും.

(ദശമൂലാദിഘൃതം)

൯. ദശമൂലവരാദാൎവ്വീരജനീകുടചത്വചഃ।
ത്രായന്തീസപ്തപൎണ്ണത്വങ്ങ്നികുംഭകടുരോഹിണീഃ।
൧൦. യാഷപുഷ്കരശമ്യാകവല്ലൂപാമാൎഗ്ഗനീലിനിഃ।
ബലാഗോപാംഗനായുഗ്മപാഠാഹംസപദീവചാഃ।
൧൧. മൂൎവ്വാപൂതീകഭൃംഗനിംബമദയന്തിശ്ചസമ്മിതാഃ।
സൎവ്വസമ്മിതയാസോമവല്ല്യാസംക്ഷുദ്യനിക്ഷിപെൽ॥
൧൨. തൊയെനിശായാഃപ്രാരംഭെപ്രാതസ്നിഷ്പീഡ്യശോധിതം।
തൊയംതൽപൃഥഗാദായതത്രപിഷ്ടാവകല്കിതൈഃ।
൧൩. വ്യോഷൈലാവാലുകൈലാബ്ദവെല്ലഭാൎങ്ഗീസുരദ്രുമൈഃ
ഗൊമയസ്വരസക്ഷീരദധിമൂത്രൈഃപചെൽഘൃതം।
൧൪. തൽപീതംശമയത്യാശുദാരുണാമപ്യപസ്മൃതിം।
ജ്വരഗുന്മഗ്രഹോന്മാദകാമിലാപാണ്ഡുശോഫജിൽ।
൧൫. ഉദരശ്വാസകാസാംശ്ചഹന്ത്യാദായുഷ്കരംപരം॥
മെദ്ധ്യംബല്യംചമംഗല്യമലക്ഷ്മീപാപനാശനം॥

ദശമൂലം, ത്രിഫല, മരമഞ്ഞത്തൊലി, വുരട്ടുമഞ്ഞൾ, കുടകപ്പാലവേരുമ്മെൽതൊലി, ബ്രഹ്മി, പാലത്തൊലി, നാഗദന്തി

ന്റ്വേ *

വേര, കടുരോഹണി, കൊട്ടത്തൂവ്വവേര, പുഷ്കരമൂലം, കൊന്ന വേരിന്മേൽതൊലി, കടലാടിവേര, വട്ടപ്പൂന്താളിവേര, കുറുന്തോട്ടിവേര, നന്നാറിക്കിഴങ്ങ, പാവ്വള്ളിക്കിഴങ്ങ, പാടക്കിഴങ്ങ, നിലാപരണ്ട, വയമ്പ, പെരുംകുരുമ്പവേര, ആവൽതൊലി, പുത്തരിച്ചുണ്ടവേരിന്മേൽതൊലി, മലംകാരക്ക ഇവസമം ഇവ എല്ലാം കൂടിയെടത്തോളം സോമവള്ളി ഇങ്ങിനെചേൎത്ത ഇടിച്ച വെള്ളത്തിൽ ഒരുരാത്രി മുഴവൻ ഇട്ടുവെച്ച പിററന്നാൾ രാവിലെ തിരുമ്പിപിഴിഞ്ഞരിച്ച ചുക്ക, മുളക, തിപ്പലി, ഏലാവാലുകം, ഏലത്തരി, മുത്തങ്ങക്കിഴങ്ങ, വിഴാലരി ചെറുതേക്കിൻവേര, ദേവതാരം, ഇവ അരച്ചുകലക്കി ചാണകനീര, പാല, തൈര, ഗോമൂത്രം, ഇവയോടുകൂടെ നെയ്യചേൎത്ത കാച്ചിഅരിച്ച സേവിപ്പിക്ക. അതിപ്രബലമായ അപസ്മാരവും പനി, ഗുന്മം, ഗ്രഹബാധാ, ഉന്മാദം, കാമിലാ, പാണ്ഡുരോഗം, നീര, മഹോദരം, ശ്വാസം, കാസം ഇവയും ശമിക്കും. ആയുസ്സംധാരണാശക്തിയും ബലവുമുണ്ടാകും. ശുഭംവൎദ്ധിക്കും. അലക്ഷ്മിയും പാപവും ശമിക്കും.

(മഹേശ്വാരഘൃതം)

൫൬. ദശമൂലബലായുഗ്മനിൎഗ്ഗുണ്ഡീശിഗ്രുബബ്ബരൈഃ॥
യൂഥീശരളികാവൈരിനീലീനിംബകരഞ്ജകൈഃ।
൫൭. തീക്ഷ്ണാക്ഷമൂൎവ്വാവൈകുണ്ഠപാഠാപൃഥ്വികാംബുദൈഃ
അമൃതാഘോരികാളക്കതണ്ഡുലീയകചോരകൈഃ॥
൫൮. ത്രിഫലാപത്മകോശീരശാരിബാചന്ദനദ്വയൈഃ।
വാളകാഗരുവെതാളബൃഹതീമൂലഡാഡിമൈഃ॥
൫൯. ശ്രാവണീദ്വയജീവന്തിവീരാഭീരുപുനൎന്നവൈഃ॥
മധൂകമധുകാനന്താമൂലകൈശ്ചസമാംശകൈഃ॥
൬൦. സൎവ്വേഷാംസമയാസോമവല്യാചക്വഥിതെജലെ॥
വിപിനാൎദ്രകമാതംഗപദികാക്ഷവജാന്ദ്രസാൻ വിഷ്ണുക്രാന്തെന്ദ്രവല്ല്യാശ്ചശ്രീജടാപത്മയൊരപി।
൬൧. സല്ലകീവനമൂത്ത്യോശ്ചഭൃംഗാമലകയൊരപി।
നിൎഗ്ഗുണ്ഡീകാരവല്ല്യഗ്നിമന്ഥദ്വയഭല്ലാതവാൻ॥
൬൨. ലശുനാരണ്യജാത്യോശ്ചശ്വേതെക്ഷ്വാകുദളസ്യച॥
മുണ്ഡാഖദിരപത്രാംബുനീലീകന്യാരസാനപി।
൬൩. കാകമാചീശതാവൎയ്യോൎവിദാൎയ്യോഃപുണ്ഡ്റകസ്യച।
സൎപ്പിഷൊമാത്രയാസിച്യപിഷ്ട്വൈൎവ്വ്യാഷാബ്ദജീരകൈഃ॥
൬൪. വരാളജാതിദാൎവ്വഗ്നിജാതിപത്രകഹിംഗുഭിഃ।

ആഢ്യാന്നിഢ്യാസഹൈനൊഗ്രാകുന്ദുരുഷ്ണഫലത്രയൈഃ
൨൬. തീക്ഷ്ണൈരണ്ഡകയക്ഷാക്ഷീബകുളൊത്ഥഫലാസ്ഥിഭി
ദാർവ്വീമനശ്ശിലാപൂതിശിഖിതുത്ഥാശപഗന്ധകൈഃ॥
൨൭. മുസ്താനായകശൈലെയമാഗധീമൂലസർഷപൈഃ।
വെല്ലതാലീസപത്രാക്കരാഗകൊശാതകീദ്വയൈഃ।
൨൮. ഹരിണീഖുരസാരംഗശൃംഗായസ്താമ്രകാഞ്ചനൈഃ।
പ്രവാളരജതാഭ്രാഞ്ചരുദ്രാക്ഷൈണചപാചയെൽ॥
൨൯. ഗൊമയസ്വരസക്ഷീർദധിമൂത്രൈസ്സമന്വിതം।
സർപ്പിർമ്മാഹേശ്വരംനാമതൽപ്രശസ്തതമംവിദുഃ॥
൩൦. സർവ്വേഷുഭൂതാപസ്മാരഗ്രഹൊന്മാദപ്രമാഥിഷു।
ഔഷധെഷുപ്രഭൂതൈഃകിമപരൈരിതിമന്മഹൈ॥

ദശമൂലം, കുറുന്തോട്ടിവേര, ഉൗരകത്തിൻവേര, കരുനൊച്ചി വേര, മുരിങ്ങവേരിന്മെൽതൊലി, ചെറുതെക്കിൻവേര, കാട്ടുമുല്ലവേര, കരളെകത്തിൻവേര, ഏകനായകത്തിൻവേര, അമരിവേര, വെപ്പിൻതൊലി, ഉങ്ങിൻതൊലി, മുളകുതാനിവേര, പെരുങ്കുരുമ്പവേര തുമ്പവേര, പാടക്കിഴങ്ങ, അവിൽപൊരിവെര, മുത്തങ്ങക്കിഴങ്ങ, ചിററമൃത, അകൊരിവേര വെള്ളെരുക്കിൻവേര, ചെറുചീരവേര, കച്ചൂരിക്കിഴങ്ങ, ത്രിഫല, പതിമുകം, രാമച്ചം, നന്നാറിക്കിഴങ്ങ, പാവ്വള്ളിക്കിഴങ്ങ, ചന്ദനം,രക്തചന്ദനം,ഇരുവേലി, അകില,മയിർച്ചുണ്ടവേര, താളിമാതളങ്ങയുടെഓട, ശ്രാവണി,മഹാശ്രാവണി, അടപതിയൻകിഴങ്ങ, കോവക്കിഴങ്ങ, ശതാവരിക്കിഴങ്ങ, തമിഴാമവേര, ഇരിപ്പക്കാതല, ഇരട്ടിമധുരം, കൊടുത്തൂവ്വവേര, ഇവ സമം ഇവഒക്കകൂടിയെടത്തോളം സോമവള്ളി ഇങ്ങിനെ ചേൎത്ത കഷായം വെച്ച അതിൽ മലയിഞ്ചി,ആനടിയൻ,കരിന്തുമ്പ, വിഷ്ണുക്രാന്തി,ഉഴിഞ്ഞ,തൃച്ചട,ഓരിലത്താമര, ഈറമ്പനക്കുമ്പ,കാട്ടുപീനാറി, കഞ്ഞുണ്ണി, പച്ചനെല്ലിക്ക,കരുനൊച്ചിയില, കയ്യ, മഞ്ഞയില, പുഴമഞ്ഞയില, വെളുത്തഉള്ളി, കാട്ടുപിച്ചകം, വെള്ളപ്പെച്ചുരലിയ,കരുമുത്തിള, കരിങ്ങാലിയില,കുഴിതാളച്ചണ്ടി കററുവാഴ, കരുന്താളി,ശതാവരിക്കിഴങ്ങ, മുതക്കിൻകിഴങ്ങ,പുണ്ഡരീകക്കരിമ്പ,ഇവ വെവ്വേറെ ഇടിച്ച പിഴിഞ്ഞെടുത്ത നീരുകൾ നെയ്യോട സമങ്ങളാക്കിചേൎത്ത ചുക്ക, മുളക,തിപ്പലി, മുത്തങ്ങക്കിഴങ്ങ, ജീരകം, കരയാമ്പൂവ, ജാതിക്ക, ദേവതാരം, കൊടുവേലിക്കിഴങ്ങ, ജാതിപത്രിക, കായം, കിരിയാത്ത നറുമ്പശ,കടൽനാക്ക,വയമ്പ,കുന്തുരുക്കം,ത്രിഫല കടലവണ

ക്കിൽകുരു, കഴഞ്ചിക്കുരു, ഇരഞ്ഞിക്കുരു, മരമഞ്ഞത്തൊലി, മനയോല, പീനാറി, തുരിശ, അമുക്കുരം, ആശ്യമൂത്തങ്ങ, ചെന്നിനായകം, കന്മതംകാട്ടുതിപ്പലിവേര, കടുക, വിഴാലരി, താലീസപത്രം. അക്ലാരിത്തെങ്ങ, പുട്ടൽപീരകത്തിൽവേര, ചെറുപീരകത്തിൻവേര, മാൻപെടക്കുളംപ, കലംകൊമ്പ, ഇരിമ്പ, ചെമ്പ, സ്വൎണ്ണം, പവിഴം, വെള്ളി, രുദ്രാക്ഷം, ഇവ അരച്ചുകലക്കി ചാണകനീര, പാല, തൈര, ഗോമൂത്രം, ഇവയോടുകൂടെ നെയ്യു ചേൎത്ത കാച്ചിയരിച്ച പാന നസ്യാദികളെ ചെയ്യിക്ക ഈ നെയ്യിന്ന മാഹെശ്വരം എന്ന പേരാകുന്നു. ഭൂതബാധാ, അപസ്മാരം, ഗ്രഹബാധാ, ഉന്മാദം ഇതുകൾക്ക അത്യന്തശമനകരമാകുന്നു. ഇതിനെക്കാൾ അധികം നന്നായ്വരുന്നതല്ലായ്കയാൽ ഇനി വേറെയുള്ള പ്രയോഗങ്ങളെ പറയുന്നത നിഷ്ഫലമാകുന്നു എന്ന ഞാൻ വിചാരിക്കുന്നു.

## അപസ്മാരവിഭാഗം

൬൦. അപസ്മാരശ്ചതുൎഭേദോവാതാദ്യൈൎന്നിചയെനച।
ഇത്യെകെന്യെപുനഃപ്രാഹുരഷ്ടാദശവിധഞ്ചതം॥

അപസ്മാരംവാതത്താലുംപിത്തത്താലുംകഫത്താലുംസന്നിപാതത്താലും ഉത്ഭവിപ്പിക്കപ്പെടുന്നതാകയാൻ നാലുവിധമെന്ന ചിലർ പറയുന്നു. വേറെ ചിലർ പതിനെട്ടു വിധമെന്നും പറയുന്നു.

൬൧. ബാധൊൽഭവതാൽഭേദേനബാധകസ്യഗ്രഹസ്യച।
അഷ്ടാദശാസ്യയുജ്യന്തെഭേദാഇതിതദാശയഃ॥

അപസ്മാരമെന്നതബാധ ഹെതുവായിട്ടുണ്ടാകുന്നതാകയാലുംബാധകഗ്രഹങ്ങൾ പതിനെട്ടുപ്രകാരത്തിലാകയാലുംപതിനെട്ടുപ്രകാരേണ അപസ്മാരമുണ്ടെന്ന അവരുടെ ആശയമാകുന്നു.

൬൨. വിഭജ്യപ്രഥമാദ്യൈസ്തമഷ്ടാദശധാപവദൈഃ।
പൃഥക്ചിഹ്നംചികിൽസാഞ്ചവിസ്തരെണപ്രചക്ഷതെ॥

അവർ മേൽപറഞ്ഞവഴിയെ ഉള്ളിൽവച്ച പ്രഥമാദി ശബ്ദങ്ങളെക്കൊണ്ടു അപസ്മാരവിഭാഗത്തെചെയ്തു പ്രഥമാപസ്മാരംമുതൽ അഷ്ടാദശാപസ്മാരംവരെ പതിനെട്ടിന്നും വെറെ ലക്ഷണത്തെയും ചികിൽസയെയും പറയുന്നു. അത ഹേതുവായിട്ടു അതുകളെയും ഗ്രഹിച്ചൊട്ടെ എന്നുവിചാരിച്ചിട്ടുഇതിന്നു താഴെ കാണിക്കുന്നു.

## പ്രഥമാപസ്മാരലക്ഷണം

൩൩. സ്മൃത്യപായമപസ്മാരംപ്രഥമംസംപ്രചക്ഷതെ ।
പതനാനന്തരംയസ്തുപ്രബൊഷെജ്ജായതെന്നൃണാം ॥

സന്ധ്യാസമയത്തിങ്കൽ നടക്കുകയൊ ഇരിക്കുകയൊ ചെയ്യി രുന്നവർ അഹേതുവായി വല്ലെടവും വീണ ബോധത്തോടുകൂ ടാതെ കിടക്കുന്നവരായിക്കണ്ടാൽ ആയത ഒന്നാമത്തെ അപ സ്മാരമെന്നറിഞ്ഞുകൊൾകയും വേണമെന്ന താൽപര്യം.

## പ്രഥമാപസ്മാര ചികിൽസാ

### (നസ്യം)

൩൪. കിംശുകത്വഗ്ജയാപത്രശിഗ്രുവല്കലജംരസം ।
സസ്തന്യംനാവനംദദ്യാത്തദാത്തൊബൊധമൃച്ഛതി ॥

മുരിക്കിൻതൊലി, മുഞ്ഞയില, മുരിങ്ങത്തൊലി ഇവററിൻ നീരിൽ മുലപ്പാലുചേൎത്ത നസ്യംചെയ്ക. ബോധമുണ്ടാകും.

### (പത്മാദിതൈലം)

൩൫. പത്മാഹസ്തിപദീവിഷ്ണുക്രാന്താക്ഷവകരഞ്ജനാൽ ।
ശ്രീജടാവനവൃതിഭ്യാംക്ഷുണ്ണേഭ്യസ്സംഭൃതെരസെ ॥

൩൬. നിശ്വാസകുന്ദുരുഷ്ഠാശ്വഗന്ധാഗരുവചാഗ്നിഭിഃ ।
കല്കിതൈഃകെരജംസ്നെഹംതിലജഞ്ചതഥാഘൃതം ॥

൩൭. ത്രീണ്യെതാനിസമായൊജ്യപചെത്തല്ലെപനാദിനാ ।
പ്രഥമാപസ്മൃതിംഹന്യാൽപിഞ്ഛരാക്ഷാരസമന്വിതം ॥

ഓരിലത്താമര, ആനടിയൻ, വിഷ്ണുക്രാന്തി, കരിന്തുമ്പ, മയി ലാഞ്ചി, തൃച്ചട, കാട്ടുപീനാറി ഇവററിൻനീരിൽ നറുമ്പശ, കു ന്തുരുക്കം, അമുക്കുരം, അകില, വയമ്പ, കൊടുവേലിക്കിഴങ്ങ ഇ വ അരച്ചുകലക്കി വെളിച്ചെണ്ണ, എണ്ണ, നെയ്യ ഇവ മൂന്നും സ മമായിചേൎത്ത കാച്ചിയരിച്ച പീലിക്കണ്ണ കരിച്ച അതിലിട്ട ഇ ളക്കിച്ചേൎത്ത അതുമേൽപുരട്ടുക. നസ്യം മുതലായതും ചെയ്ക. എന്നാൽ ഒന്നാമത്തെ അപസ്മാരം ശമിക്കും.

൩൮. ലിംപേൽബകുളപത്രൊത്ഥഭസ്മനാപരിതൊവപുഃ ।
വാരാഹീമന്ത്രവിദ്യാദിജപൊത്തെജിതശക്തിനാ ॥

ഇരഞ്ഞിയില ചുട്ട ഭസ്മമാക്കി അതുതൊട്ട വരാഹീമന്ത്രവി ദ്യമുതലായതു കഴിയുന്നേടത്തോളം ഉരു ജപിച്ച ആ ഭസ്മംകൊ ണ്ട ശരീരത്തിൽ തലൊടുക.

൩൯. താദൃഗ്വിധെനതൈനെവതൈലെനയദിലേപനം ।
തതോപിശീഘ്രംശാന്തിസ്സ്യാദെതാവത്ത്ചികിൽസിതം ॥

മേല്പറഞ്ഞ തൈലംതൊട്ട മേല്പറഞ്ഞ മന്ത്രവിദ്യ ആവോളം ജപിച്ച അത മേൽതലോടിയാൽ അതിനെക്കാൾ അല്പമായ കാലംകൊണ്ട നല്ലവണ്ണം ശമിക്കുകയും ചെയ്യും. വാരാഹിമന്ത്രവിദ്യയെ മന്ത്രഖണ്ഡത്തിൽനോക്കി അറിഞ്ഞുകൊൾകയും വേണം.

### ദ്വിതീയാപസ്മാരലക്ഷണം

൪൦. സാദസ്സ്നാനാഭിലാഷശ്ചസ്നാനാച്ചശ്വയഥുസ്തനൌ ।
ഉദരെവൈപഥുസ്സംജ്ഞാമൊഷശ്ചപതനംക്വചിൽ ॥
൪൧. ആസ്യാൽഫെനസ്യസംസ്രാവൊനാഭെശ്ചൂനതാപി
ച। ലക്ഷ്യന്തെയസ്യതംവിദ്യാദ്ദ്വിതീയാപസ്മൃതെഃപദം॥

ശരീരത്തിന്ന തളച്ച്, എല്ലാസമയവും കുളിക്കെണമെന്നുള്ള ആഗ്രഹം കുളിച്ചാൽ ശരീരം ചീക്കുക, വയറു വിറയ്ക്കുക, ബോധത്തോടുകൂടാതെ ചിലസമയം വല്ലെടവും വീഴുക, ആസമയം വായിൽനിന്നു നുരചാടുക, പൊക്കിൾവീക്കുക ഇവ യാതൊരുത്തന്ന കാണപ്പെടുന്നുവൊ അവനെ രണ്ടാമത്തെ അപസ്മാരത്തോടുകൂടിയവനാകുന്നു എന്ന അറിഞ്ഞു ചികിത്സിച്ചുകൊൾക.

### ദ്വിതീയാപസ്മാര ചികിത്സാ

൪൨. ശായയിത്വാദ്രുതംഭൂമൌവാരാഹീമന്ത്രമുച്ചരൻ ।
വിധമെന്മൂർദ്ധ്നിമദ്ധ്യെചഭ്രുവൊശ്രവണയൊരപി॥

രണ്ടാമത്തെ അപസ്മാരമുള്ളവൻ ബോധത്തോടുകൂടാതെ വീണാൽ ഉടനെ എടുത്തുനിലത്തുകിടത്തിവാരാഹീമന്ത്രംജപിച്ച മൂർദ്ധാവിലുംപുരികങ്ങളുടെനടുവിലും ചെവികളിലും ഊതുക.

൪൩. മായൂരിംവാമഹാവിദ്യാംസദ്യൊബൊധമവാപ്നുയാൽ ।
അനവാപ്തൌതുതസ്യാഥനാവനംപരമാഗതിഃ ॥

വാരാഹീമന്ത്രത്തിന്ന പകരമായി മായൂരി എന്ന മഹാവിദ്യയെജപിച്ചഊതുകയുമാം. എന്നാൽ ഉടനെ ബോധമുണ്ടാകും. ഉണ്ടായില്ലായെങ്കിൽ അപ്പോൾത്തന്നെ നസ്യം ചെയ്ക. എന്നാൽ ബോധമുണ്ടാകും. നസ്യംകൊണ്ടും ഉണ്ടായില്ലയെങ്കിൽ പിന്നെ ഉണ്ടാകയുമാം.

### (നസ്യവിധി)

൪൪. ദൂർവ്വാംബകുളബീജെന്ദ്രസുരസശദ്വഭദന്തിഭിഃസംക്ഷുണ്ണൈഃ
പിണ്ഡികാംകൃത്വാപീഡയെൽഘ്രാണയൊർദ്ദ്വയൊൽ॥
൪൫. ഘ്രാണമാൎഗ്ഗേണമൂർദ്ധാനംഗച്ഛന്നെവതുതദ്രസഃ ।
പ്രജ്ഞാമുല്പാദയെൽപശ്ചാന്മാത്രാമെതാഞ്ചസെവയെൽ ॥

കറുകനാക്ക, ഇരഞ്ഞിക്കുരു,കരുനൊച്ചിയില,കുഴിയാന ഇവ സമമായിചേൎത്ത ചതച്ച കിഴികെട്ടി മൂക്കിൻെറ രണ്ടുദ്വാരങ്ങളിൽ പിഴിയുക എന്നാലുടനെ ബോധമുണ്ടാകും പിന്നെ ഇതിന്നുതാഴെ വിവരിക്കപ്പെടുന്ന ഗുളികയേയും സേവിപ്പിക്ക.

(ഹസ്തിവിഷ്ഠാദിഗുളികാ)

൫൬. ഹസ്തിവിഷ്ഠാവചാവൃതിചാങ്ങ്ഗരീരോചനെന്ദുഭിഃ ।
ഗോമൂത്രെത്രിദിനംപിഷ്ടൈബ്ബദരീഫലസമ്മിതാഃ ॥
൫൭. നിമ്മിതാഗ്ഗുളികാശ്ശുഷ്കാശ്ഛായയായാംസ്തന്യമിശ്രിതാഃ ।
പീതാഃപക്ഷെണതാംഹന്യുർദ്വിരഹസ്സപ്പിഷൈവവാ ॥

ആനപ്പിണ്ടി, വയമ്പ, പീനാറി, പൂളിയാരില, ഗോരോചനം, പച്ചക്കർപ്പൂരം ഇവ ഗോമൂത്രത്തിൽ മൂന്നുദിവസംമുഴവൻ അരച്ച ലന്തക്കുരു പ്രമാണം ഗുളികഉരുട്ടി നിഴലിലുണക്കി രാവിലെയും വയ്യന്നേരവും ഓരോ ഗുളിക മുലപ്പാലിലൊ നെയ്യിലൊ ചേൎത്ത സേവിപ്പിക്ക. പതിനഞ്ചുദിവസംകൊണ്ടു മേല്പറഞ്ഞ രോഗം നല്ലവണ്ണം ശമിക്കും.

(ശശലൊഹിതാദിതൈലം)

൫൮. ശശലോഹിതഭാഗെനതുല്യഃകെരഫലൊൽഭവഃ।
സ്നെഹസ്തിലഫലൊത്ഥൊവാസപാദ്ധാംശസമയായുതഃ ॥
൫൯. വസയാജാലകുക്കുട്യാതാവതാകൎക്കടാസൃജാ ।
യുക്തശ്ചസലിലെപിഷ്ടൈവ്ചാനിയ്യാസപൂതിഭിഃ ॥
൬൦. കുന്ദുരുഷ്ഠാശപഗന്ധാഭ്യാമപിപകഃപ്രലെപനാൽ ।
ജിഹ്വായാമഥവാപാനാന്നാവനാച്ചനിഹന്ത്യമും ॥

മുയൽച്ചോരയും അതിനോടുസമം വെളിച്ചെണ്ണയുംഅതിൽ പകുതി കുളക്കോഴിയുടെ നെയ്യുംകുളക്കോഴിയുടെ നെയ്യിനോടു സമംഞണ്ടിൻചോരയുംപച്ചവെള്ളത്തിൽചെൎത്ത വയമ്പ നറുമ്പശ, പീനാറി, കുന്തുരുക്കം, അമുക്കുരം, ഇവ അരച്ചുകലക്കി കാച്ചി അരിച്ച നാവിന്മേൽ പുരട്ടുകയൊ സേവിപ്പിക്കയൊ നസ്യമൊ ചെയ്ക. എന്നാൽ രണ്ടാമത്തെ അപസ്മാരംനല്ലവണ്ണം ശമിക്കും. ഈ യോഗത്തിൽ വെളിച്ചെണ്ണക്ക പകരം എണ്ണചേൎത്തിട്ടും കാച്ചാം എട്ടുവയസ്സ തികയാത്തവൎക്ക വെളിച്ചെണ്ണതന്നെ അധികം നല്ലതെന്ന ഇനി ഒരേടത്ത പറകയും ചെയ്യും.

തൃതീയാപസ്മാര ലക്ഷണം

൬൧. പതനംധ്വഷ്ടസംജ്ഞതപംദന്തൈൎഭൂതലദാരണം ।
വിണ്മൂത്രനിൎഗ്ഗമശ്ചേതിചതുൎത്ഥംയെസ്യദൃശ്യതെ ॥

൨൨. തൃതീയാപസ്മൃതിഗ്രസ്തംതംവിദിത്വാശുനാവനം।
കുൎയ്യാദുപസ്ഥിതൊവൈദ്യസ്സംപ്ലന്നൈൎന്നാവനൌഷധൈഃ॥

യാവനൊരുത്തന്ന നടക്കുകയൊ നില്ക്കുകയൊ ഇരിക്കുകയൊ ചെയ്യുന്നസമയം അഹേതുവായിട്ടുള്ള വീഴ്ച, ബോധക്കേടനിലംകാരുക മലമൂത്രങ്ങൾപോക ഇവനാലും അതാതുസമയങ്ങളിൽ കാണപ്പെടുന്നുവൊ അവന്ന മൂന്നാമത്തെ അപസ്മാരമാകുന്നു എന്നറിഞ്ഞ വൈദ്യൻ അവന്ന ബോധക്കേട കണ്ടാൽ ഉടനെ നസ്യത്തിന്നായിക്കൊണ്ട കാലെക്കൂട്ടി കരുതിവെച്ചിരിക്കുന്ന മരുന്നെടുത്ത നസ്യത്തെചെയ്യ.

തൃതിയാപസ്മാര ചികിത്സാ

(നസ്യത്തിന്ന ദ്വൂൎവ്വാമരിചാദിഗുളികാ)

൨൩. ദൂൎവ്വാമരിചനിൎഗ്ഗുണ്ഡീകാളൈകജയാൎദ്രൂകൈഃ।
കിംപാകതരുവന്ദാകകാരവല്ലീപലണ്ഡുഭിഃ ॥
൨൪. നിൎഗ്ഗുണ്ഡീസ്വരസെപിഷ്ടൈൎഗ്ഗുളികാമാഷസമ്മിതാ।
നമ്മിതാസ്തന്യസംയുക്താശ്ശസ്യന്തെനസ്യകൎമ്മണി॥

കറുക, മുളക, കരുനൊച്ചിയില, കരുന്തകരയില, മുഞ്ഞയില, കാഞ്ഞിരത്തിന്മേൽ ഉണ്ടായഇത്തിക്കണ്ണി(വേപ്പിന്മേലുണ്ടായതെന്നുംപക്ഷമുണ്ട)കയ്പയില, വെളുത്ത ഉള്ളി ഇവ കരുനൊച്ചിനീരിലരച്ച ഉഴുന്നിൻമണിപ്രമാണം ഗുളികഉരുട്ടി നിഴലിലുണക്കി മുലപ്പാലിൽചേൎത്ത അതുകൊണ്ടനസ്യംചെയ്ക. എന്നാൽ ബോധമുണ്ടാകും.

(ആൎയ്യാദി അവണക്കെണ്ണ)

൨൫. ആൎയ്യാരാമഠത്രുക്ഷോരുവൃഗബീജകവൃതിഭിഃ।
സൊഗ്രഗന്ധാത്രുടീദാരുകന്ദുരുകൈസ്സപത്രകൈഃ ॥
൨൬. പിഷ്ടൈരെരണ്ഡജസ്നേഹൊജിഫലാലെപാച്ചനാവനാൽ
ഹന്തിതംമഹിഷീമൂത്രയുക്തഃപകൊവരാംഭസി ॥

കിരിയാത്ത, കായം,കടലവണക്കിൻകുരു,പീനാറി,വയമ്പ എലത്തരി, ദേവതാരം, കുന്തുരുക്കം, പച്ചില ഇവ ത്രിഫലാ കഷായത്തിൽ അരച്ചുകലക്കി അവണക്കെണ്ണയും എരുമമൂത്രവും സമമായി ചേൎത്ത കാച്ചി അരിച്ച നാവിന്മേൽപുരട്ടുക നസ്യവും ചെയ്ക. എന്നാൽ മേൽപറഞ്ഞ രോഗം ശമിക്കും.

### ചതുൎത്ഥാപസ്മാര ലക്ഷണം

൧൭. ദൃഷ്ടിപ്രമൊഷൊബാധിൎയ്യംപതനംബൊധവിപ്ലവഃ।
വക്രത്വഞ്ചധനുസ്തുല്യംജായന്തെയസ്യദേഹിനഃ॥

൧൮. തുൎയ്യാപസ്മാരവന്തംതംജ്ഞാത്വാനിസ്സംജ്ഞതാംഗതം॥
അഞ്ജനെനനയെൽസംജ്ഞാംസിദ്ധെനാനെനചാശ്രുതം॥

യാതൊരുത്തന്ന ഓരൊരൊ വസ്തുക്കളെ കണ്ടുകണ്ടിരിക്കുന്നസമയം ഹേതുകൂടാതെ കണ്ണുകാണാതെയും അപ്രകാരം തന്നെ ചെവികേൾക്കാതെയുമായിത്തീരുക, വീഴുക,ബോധംനശിക്കുക, വില്ലുപോലെ ശരീരം വളയുക, ഇവകളെക്കെയും ചില സമയങ്ങളിലുണ്ടാകുന്നുവൊ അവന്റെ ആ രോഗത്തെ വൈദ്യൻ നാലാമത്തെ അപസ്മാരമെന്നനിശ്ചയിച്ച അവൻ ബോധംകൂടാതെ കിടക്കുന്നസമയം ഇതിന്നുതാഴെപറയുന്ന ഔഷധം കണ്ണിൽ എഴുതി ബോധമുണ്ടാക്കുക.

### ചതുൎത്ഥാപസ്മാര ചികിത്സാ
(ഭൃനാഗാദി ഗുളികാ)

൧൯. ഭൃനാഗശ്ചഭ്രമാതംഗഗുഞ്ജാപാകാസ്ഥിഭിസ്സമൈഃ।
കാരവല്ലിരസെപിഷ്ടൈൎഗ്ഗുളികാഃകൃതശൊഷിതാഃ॥

൨൦. വൈകുണ്ഠകുസുമൊൽപന്നെരസെസംഘൃഷ്യയൊജിതാഃ। ആതുരസ്യദൃശൊസ്സദ്യസ്തുൎയ്യാപസ്മാരനാശനാഃ॥

ഞാഞ്ഞൂള്ള,കുഴിയാന,കുന്നിക്കുരുപ്പരിപ്പ,ഇവസമംകയ്പയിലനീരിൽഅരച്ച ഗുളിക ഉരുട്ടി നഴലിലുണക്കി തുമ്പപൂവിൻനീരിൽ അരച്ച കണ്ണിൽ എഴുതുക എന്നാൽ നാലാമത്തെ അപസ്മാരം ഉടനെ ശമിക്കും.

(ദശപുഷ്പാദി ഘൃതം)

൨൧. ദശപുഷ്പരസെശൃംഗൈഃപഞ്ചഭിജ്ജീരകാന്വിതൈഃ।
പിഷ്ടൈഃകല്ക്കീകൃതൈഃപക്വംസൎപ്പിസ്തച്ഛമനംപരം॥

ദശപുഷ്പം ഇടിച്ചുപിഴിഞ്ഞെടുത്തനീരിൽ കൊമ്പുകൾ അഞ്ചെ, ജീരകം ഇവ അരച്ചുകലക്കി നെയ്യുചേൎത്ത കാച്ചിയരിച്ച സേവിപ്പിക്കയും ചെയ്ക. എന്നാൽ മേൽപറഞ്ഞ രോഗം നല്ലവണ്ണം ശമിക്കും.

### പഞ്ചമാപസ്മാര ലക്ഷണം

൨൨. ദാഹൊവപുഷിസൎവ്വത്രദൃശൊരുദ്വൃത്തതാക്ഷതിഃ। സംജ്ഞായാഃപതനംപശ്ചാൽസൎവ്വാംഗെഷുചവെപഥുഃ॥

൱൭. ഹസ്തയൊഃപാദയൊശ്ചാപിശ്യാമതാ ചല്ഗുഫാംഗതാ ।
ജായന്തെപഞ്ചമെനാപസ്മാരേണാൎത്തസ്യദേഹിനാഃ ॥

അഞ്ചാമത്തെ അപസ്മാരമുള്ളവന്ന സൎവ്വാംഗങ്ങളിലും ചുട്ടു നീറൽ, കണ്ണുകൾ അധികമായി വിടൎന്ന വട്ടമിടുക, ബോധക്കേടോടുകൂടെ വീഴുക, സൎവ്വാംഗങ്ങളും വിറയ്ക്കുക, കയ്യുംകാലും കറക്കുക, ശരീരസന്ധികൾ അയഞ്ഞിരിക്ക ഇവ ഒക്കെയും ഉണ്ടാകും.

## പഞ്ചമാപസ്മാര ചികിത്സാ

൱൮. നസ്യവ്യക്തവികാരസ്യശയാനസ്യശിരോരുഹാൻ ।
മൂൎദ്ധ്നഉന്മൂലയെദ്വൈദ്യസ്സ്തേഷുച്ഛിന്നേഷുശാന്തയെ ।
൱൯. യത്നേതമുക്തമൂലെഷ്വനൊയത്നേതയതഃപരം ।
സപ്താഹംപരമാസീമാതസ്യായുഷഉദീരിതാ ॥

അഞ്ചാമത്തെ അപസ്മാരത്തിന്ന പറകപ്പെട്ട ലക്ഷണങ്ങൾ വ്യക്തങ്ങളായിക്കണ്ടാൽ അതു ഹേതുവായിട്ട രോഗി ബോധത്തോടുകൂടാതെ കിടക്കുന്നസമയം അവന്റെ മൂൎദ്ധാവിൽനിന്ന രോമംപറിയുമൊ എന്ന പരീക്ഷിക്കുക. മുറിഞ്ഞുപോന്നാൽ അതിന്ന ചികിത്സചെയ്ത ശമിപ്പിപ്പാനായിക്കൊണ്ട യത്നത്തെ ചെയ്തുകൊൾക. പറിഞ്ഞുപോന്നു എങ്കിൽ അതിനായിക്കൊണ്ട യത്നത്തെ ചെയ്യരുത. അവൻഏഴുദിവസത്തിലധികം ജീവിച്ചിരിക്കില്ല എന്ന അറിഞ്ഞുകൊൾക. മേൽപറഞ്ഞ രോഗം ചിലൎക്ക സാദ്ധ്യമായിട്ടും ചിലൎക്ക അസാദ്ധ്യമായിട്ടും ഭവിക്കുന്നതാകയാൽ മേൽപറഞ്ഞ പരീക്ഷാപ്രകാരത്തെ ഇവിടെ വിശേഷിച്ച പറഞ്ഞു എന്ന അറിഞ്ഞുകൊൾകയുംവേണം. ആയതിന്ന വേണ്ടുന്ന ചികിത്സകളെ താഴെ വിവരിക്കുന്നു.

### (ധൂപത്തിന്ന നിംബത്വഗാദി ചൂൎണ്ണം)

൱൰. നിംബത്വഗ്വാരിലാമജ്ജകുഷ്ഠയഷ്ട്യാഹ്വചന്ദനൈഃ ।
കുന്ദുരുഷ്കനിശാപൂതിലശുനത്വക്ഫലത്രയൈഃ ॥

൱൰൧. ശ്രീവെഷ്ടസൎജ്ജനിൎയ്യാസരാസ്നാഖുമലഗൊഖുരൈഃ ।
കൃകവാകുനഖൊലൂകപക്ഷഗന്ധകശൃംഗകൈഃ ॥

൱൰൨. കോലദംഷ്ട്രാമയൂരാസ്ഥികൌശികൈശ്ചസമാംശകൈഃ । ചൂൎണ്ണിതൈസ്സൎപ്പിഷാധൂപസ്യാത്ശയനാലയെ ॥

വേപ്പിൻതൊലി, ഇരുവേലി, രാമച്ചം, കൊട്ടം, ഇരട്ടിമധുരം, ചന്ദനം, കുന്തുരുക്കം, വരട്ടുമഞ്ഞൾ, പീനാറി, ഉള്ളിത്തൊലി,

ത്രിഫല,തിരുവട്ടപ്പശ,ചെഞ്ചല്യം, നറുമ്പശ, അരത്ത, എലിക്കാഷ്ഠം,പശുവിൻകുളമ്പ, കൊഴിനഖം,ഉൗമന്റെ ചിറക, ഖണ്ഡാമൃഗത്തിൻകൊമ്പ,പന്നിത്തേററ,മയിലെല്ല,ഗുൽഗുലു ഇവ സമംപൊടിച്ച നെയ്യകൂട്ടി രോഗികിടക്കുന്ന അകത്തപുകക്കുക

(നസ്യത്തിന്ന ശിഗ്രുബീജാദി ഗുളിക)

൧൦. ശിഗ്രുബീജകരഞ്ജത്വക്കടംകണൈസ്തുളസീരസെ।
പിഷ്ടൈവൃത്തിഃകൃതാതത്രസസ്തന്യാനാവനെഹിതാ॥

മുരിങ്ങക്കുരു, ഉങ്ങിൻതൊലി, പൊങ്കാരം ഇവ തുളസിനീരിൽ അരച്ച ഗുളികയുരുട്ടി നിഴലിലുണക്കി മുലപ്പാലിൽ അരച്ചുചേൎത്ത നസ്യംചെയ്ക.

൧൧. ദ്രോണപുഷ്പരസെപിഷ്ടാമ്പകുളാസ്ഥിദൃശൊസ്സമം।
യോജയെദ്വാപ്രയൊഗാസ്യരെതെസംജ്ഞാപ്രദാഃക്ഷണാൽ।

തുമ്പപ്പൂവ്വിന്റെ നീരിൽ ഇരഞ്ഞിക്കുരുവിന്റെകാമ്പഅരച്ച രണ്ടുകണ്ണിലും സമമായി എഴുതുക. മേൽപറഞ്ഞ പ്രയോഗങ്ങൾ ഒക്കയും ചെയ്താൽ ഉടനെതന്നെ ബോധക്കേടിനെ ശമിപ്പിക്കുന്നവയാകുന്നു.

(പാഠാദി ഘൃതം)

൧൨. പാഠാശൈലൂഷനിൎഗ്ഗുണ്ഡീശംഖപുഷ്പീശൃതെജലെ।
കാകമാചീവചാവ്യോഷലശുനൈഃപിഷ്ടകല്ക്കിതൈഃ॥

൧൩. ഗൊമയസ്വരസക്ഷീരദധിമൂത്രസമന്വിതം
ഘൃതംവിപക്വംസംസ്പൃശ്യത്വരിതായാമനുംജപെൽ॥

൧൪. സഹസ്രകൃത്വസ്തൽപാനാത്തംസമ്യക്ക്ഷമനംനയെൽ।
പാഠാദിഘൃതമെതച്ചനാമ്നാനാസത്യഭാഷിതം॥

പാടക്കിഴങ്ങ, കൂവളത്തിൻവേര, കരുനൊച്ചിവേര, ശംഖപുഷ്പത്തിൻവേര ഇവകൊണ്ട കഷായംവെച്ച കരന്താളി,വയമ്പ, ത്രികടു, വെളുത്തുള്ളി ഇവ അരച്ചുകലക്കി ചാണകത്തിൻനീര, പാല, തയിര ഗോമൂത്രം ഇവയോടുകൂടെ നെയ്യചേൎത്ത കാച്ചിയരിച്ച ത്വരിതാമന്ത്രം ആയിരം ഉരു ജപിച്ച സേവിപ്പിക്ക. എന്നാൽ മേൽപറഞ്ഞ രോഗം നല്ലവണ്ണം ശമിക്കും ഈ നെയ്യ പാഠാദിയെന്ന പേരോടുകൂടിയതും അശ്വിനീദേവന്മാരാൽ പറകപ്പെട്ടതുമാകുന്നു.

ഷഷ്ഠാപസ്മാര ലക്ഷണം

൧൫. യസ്യജ്വരൊക്ഷ്ണൊസ്തബ്ധത്വംഹൃദയസ്യചനിമ്നതാ।
സംജ്ഞാനാശശ്ചതംവിദ്യാൽഷഷ്ഠാപസ്മാരപീഡിതം।

യാവനൊരുത്തന്ന പനി, കണ്ണുകൾസ്തംഭിക്ക ഹൃദയം കുഴിയുക, ബോധക്കേട ഇവ ഉണ്ടാകുന്നുവൊ അവൻ ഷഷ്ഠാപസ്മാരത്താൽ പീഡിതനാകുന്നു എന്നഅറിഞ്ഞു ചികിത്സിക്കുക എന്ന താല്പൎയ്യം. ഷഷ്ഠാപസ്മാരം കൃച്ഛ്രസാദ്ധ്യമാകുന്നു.

ഷഷ്ഠാപസ്മാരചികിത്സാ

(സാദ്ധ്യാസാദ്ധ്യ പരീക്ഷാ)

൬൭. ദ്രോണപുഷ്പരസെനാക്ഷ്ണൊസ്സെകെവിസ്മൃതതാതയോഃ
ഭ്രുവൊശ്ചകംപെ ഇത്ത്യെതെതസ്യസാദ്ധ്യതാലക്ഷണെ।

തുമ്പപ്പൂവ്വിൻനീര കണ്ണിൽപകരുക എന്നാൽ കണ്ണുരുട്ടിമിഴിക്കയും പുരികങ്ങൾ വിറകയും ചെയ്താൽ ആരോഗം ശമിക്കുമെന്നും മേൽപറഞ്ഞതുകൾ രണ്ടുമുണ്ടായില്ലായെങ്കിൽ സാദ്ധ്യമാകുന്നതല്ലെന്നും അറിഞ്ഞുകൊൾക. മേൽവിവരിച്ച പരീക്ഷകൊണ്ട സാദ്ധ്യമാകുന്നു എന്നു നിശ്ചയംവന്നാൽ പിന്നെ ചെയ്യേണ്ടതിനെ പറയുന്നു.

(കുടചതാഗാദി ഘൃതം)

൬൮. കുടചതാഗ്ജയാമൂലഫലത്രയശൃതെജലെ। സൈന്ധവീനദതക്കാരീഗ്രന്ഥികാക്ഷവകൊത്തവാൻ॥

൬൯. രസാൻസംയോജ്യസംപിഷ്ടൈഃകന്ദുരുഷ്ണവചാഗ്നിഭിഃ।
കല്ക്കിതൈഃകൌമ്മവാരാഹവസാഭ്യാംസഹിതംഘൃതം।

൭൦. പകാംനസ്യെനജിഹ്വായാംസന്ധിഷപിചലെപനാൽ॥ പാനാച്ചതംനയെച്ശാന്തിമുന്മാദഞ്ചനിയച്ഛതി।

കുടകപ്പാലവേരുമ്മൽതൊലി, മുഞ്ഞവേര, ത്രിഫലഇവകൊണ്ടകഷായംവച്ച കടലപ്പ, പുഴമുഞ്ഞയില, കാട്ടുതിപ്പലി, കരിന്തുമ്പഇവററിൻനീര അതിൽചേൎത്ത കുന്തുരുക്കം, വയമ്പ, കൊടുവേലിക്കിഴങ്ങ ഇവ അരച്ചുകലക്കി ആമനെയ്യ, പന്നിനെയ്യ, പശുവിൻ നെയ്യ ഇവ മൂന്നും ചേൎത്ത കാച്ചിയരിച്ച അതുകൊണ്ടനസ്യംചെയ്ക, നാവിന്മേലും സന്ധികളിലും പുരട്ടുക. സെവിപ്പിക്കയുംചെയ്ക. എന്നാൽ മേൽപറഞ്ഞ രോഗം ശമിക്കും.

സപ്തമാപസ്മാര ലക്ഷണം

൭൧. ഉച്ശ്രുനംജ്വരംയസ്യജിഹ്വാസ്തംഭബലക്ഷയൌ।
സംജ്ഞാമൊഷശ്ചതംവിദ്യാൽസപ്തമാപസ്മൃതെഃപദം।

യാവനൊരുത്തന്ന ആദിയിൽ വയറുവീൎത്തുതുടങ്ങുകയും നാവിന്ന സ്തബ്ധതയും ബലഹാനിയുമുണ്ടാകയും ഉടനെ ബോധ

ക്ഷയവുമുണ്ടാകുന്നുവൊ അവന്റെ ആ രോഗത്തെ ഏഴാമത്തെ അപസ്മാരമെന്ന അറിഞ്ഞു ചികിത്സിക്കുക.

സപ്തമാപസ്മാര ചികിത്സാ

വൃ൬. ശയാനംനഷ്ടസംജ്ഞന്തമഘോരമന്ത്രമുച്ചരൻ.
അൽഭിരുക്ഷേൽഗൃഹീതാഭിർഭാജനെഹൈമനിർമ്മിതെ॥

മേൽപറഞ്ഞ രോഗി ബോധത്തോടുകൂടാതെ കിടക്കുമ്പോൾ പൊന്നിൻപാത്രത്തിൽ വെള്ളമെടുത്ത അഘോരമന്ത്രം ജപിച്ചു തളിക്കുക.

വൃ൭. അലാഭെഹൈമപാത്രസ്യശുചൌപാത്രെകുശാക്ഷതൈഃ।
സാകംനിധായസൌവൎണ്ണശകലംതദ്ധൃതാംഭസാ।

പൊന്നിൻപാത്രം ലഭിക്കപ്പെട്ടിട്ടില്ലായെങ്കിൽ ശുദ്ധമായൊരു പാത്രത്തിൽ ദൎഭപ്പുല്ലുമക്ഷതവും സ്വൎണ്ണശകലവുമിട്ടു അതിൽ വെള്ളംനിറച്ചെടുത്ത ജപിച്ചു തളിക്കുക.

വൃ൮. സൎപ്പിഷാപക്ഷ്യമാണെനലെപനംസൎവ്വസന്ധിഷു।
ജിഹ്വായാഞ്ചതതഃകുൎയ്യാന്നാവനംചതദാശയെൽ।

ജപിച്ചു തളിച്ചതിന്റെശേഷം ഇതിന്നുതാഴെ വിവരിക്കുന്ന നെയ്യു സന്ധികളിലൊക്കയും നാവിന്മേലും പുരട്ടുക, അതുകൊണ്ട നസ്യംചെയ്ക, അതുതന്നെ സേവിപ്പിക്കയും ചെയ്ക.

(മുസ്താപൎപ്പടകാദി ഘൃതം)

വൃ൯. മുസ്താപൎപ്പടകാഭീരുകന്ദരുസ്പൎശിഗ്രൈഭിഃ। കഥിതെ
പഞ്ചകൊലാദ്യൈൎവ്യസ്സലിലെപിഷ്ടകല്ക്കിതൈഃ॥

വൃ൧൦. ഹിംഗുഗ്രഗന്ധാപൂതീവൃദ്ധനദാക്ഷീഫലാസ്ഥിഭിഃ।
സക്ഷാരദ്വയനിൎഗ്ഗുണ്ഡിപത്രഗന്ധാജമൊജകൈഃ॥

വൃ൧൧. സൎപ്പിൎബ്രഹ്മീജയാദൂൎവ്വാസൈന്ധവീരസസംയുതം,
പക്വംനിഹന്ത്യാദ്യന്താദമപസ്മാരഞ്ചദാരുണം॥

മുത്തങ്ങക്കിഴങ്ങ, പൎപ്പടം, ശതാവരിക്കിഴങ്ങ, കൊടുത്തൂവ്വവേര,മുരിങ്ങത്തൊലി, കാട്ടുതിപ്പലിവേര, കാട്ടുമുളകിൻവേര, കൊടുവേലിക്കിഴങ്ങ, തിപ്പലി, ചുക്ക ഇവകൊണ്ട കഷായം വച്ച കായം, വയമ്പ, പീനാറി, മുത്തങ്ങക്കിഴങ്ങ, കഴഞ്ചിക്കുരുവിൻപരിപ്പ, തുവൎച്ചിലക്കാരം,ചവക്കാരം, കരുനൊച്ചിവേര, വെളുത്തവേളവേര, അയമോതകം ഇവ അരച്ചുകലക്കി നെയ്യ, ബ്രഹ്മിനീര, മുഞ്ഞയിലനീര, കറുകനീര,കടലപ്പനീര ഇവ സമമായിച്ചെൎത്ത കാച്ചിയരിച്ച ലേപനം മുതലായത ചെയ്ക.ഏ

ന്നാൽ മേൽപറഞ്ഞ രോഗം ശമിക്കും.

### അഷ്ടമാപസ്മാര ലക്ഷണം

വൃന്നു. നെത്രയോസ്തബ്ധതാരാത്രൌജ്വരസ്സൎവ്വാംഗസന്നതാ।
ഭൎത്തൃദ്വെഷഃപ്രലാപശ്ചസംജ്ഞാനാശൊപിചാന്തിമഃ

വൃ൭. ജായന്തെയോഷിതൊയസ്യാഃപുംസൊയസ്യചതെഗദാഃ
ജ്വരാദയൊതിസക്തിശ്ചസ്ത്രീഷ്വകസ്മാൽപ്രധാവതഃ॥

വൃവൃ. പതനംബുദ്ധിനാശശ്ചതാവുഭൌചചികിത്സകഃ।
അഷ്ടമാപസ്മൃതീഗ്രസ്തൌജ്ഞാത്വാകുൎയ്യാച്ചികിത്സിതം॥

യാവളൊരുത്തിക്കു കണ്ണുകൾ ഇളകാതെനില്ക്കു, രാത്രിയിൽ പനി, സൎവ്വാംഗങ്ങളിലും തളൎച്ച ഭൎത്താവിനോട വൈരം, അസംബന്ധവചനങ്ങൾ, ചിലസമയങ്ങളിൽ ബോധക്കെട ഇവയൊക്കെയും ഉണ്ടാവുരുന്നുവൊ അവളെയും യാതൊരു പുരുഷന്ന രാത്രിയിൽ പനി മുതലായ മേൽപറഞ്ഞ രോഗങ്ങളും സ്ത്രീകളിൽ അതിതാൽപൎയ്യവുംഹേതുകൂടാതെ ഓടുകയും വീഴുകയും ബോധക്കെടും ഉണ്ടാവുരുമൊ അവനെയും എട്ടാമത്തെഅപസ്മാരത്താൽ പിടിപെട്ടിരിക്കുന്നുഎന്ന വൈദ്യൻ നിശ്ചയിച്ചഅതിന്ന വേണ്ടുന്ന ചികിത്സകളെ ചെയ്ക.

### അഷ്ടമാപസ്മാര ചികിത്സാ

വൃൻ. തയൊരസംജ്ഞയൊൎവ്വെദ്യശ്ശൂലിനീമന്ത്രമുച്ചരൻ।
ധമെന്മൂൎദ്ധ്നിവാരാഹ്യാമന്ത്രംവാഘൊരമെവവാ॥

അവർ മേൽപറഞ്ഞരോഗം നിമിത്തമായി ബോധത്തൊടുകൂടാതെകിടക്കുമ്പോൾ വൈദ്യൻ ശൂലിനീമന്ത്രമൊ വാരാഹീമന്ത്രമൊ അഘോരമന്ത്രമൊ ജപിച്ച മൂൎദ്ധാവിൽ ഊതുക. എന്നാൽ ബോധമുണ്ടാകും.

ൻ൦. ധവളെക്ഷ്വാകുപത്രസ്യസ്വരസംസ്തന്യസംയുതം।
നാസാസുഷിരയൊസ്സിഞ്ചെദഥവാബുദ്ധിലബ്ധയെ।

വെള്ളപ്പെച്ചുരയിലനീരിൽ മുലപ്പാലചേൎത്ത നസ്യംചെയ്ക. എന്നാലും ബോധക്കെടശമിക്കും.

ൻ൧. ധവളെക്ഷ്വാകുപത്രസ്യസ്വരസെപിഷ്ടകല്ക്കിതൈഃ।
ശംഖപുഷ്പിവചാഹിംഗുലശുനൈസ്സത്രിജാതകൈഃ।

ൻ൨. പക്വംകൃഷ്ണഗവീസൎപ്പിസ്സസ്സിദ്ധിജിഹ്വാപ്രലെപനാൽ।
പാനാച്ചതമപസ്മാരമഷ്ടമംവിനിയച്ഛതി॥

വെള്ളപ്പെച്ചുരയിലനീരിൽ ശംഖപുഷ്പത്തിൻ വേര, വയ

മ്പ, കായം വെളുത്ത ഉള്ളി ഏലത്തരി, ഇലവംഗത്തൊലി പ ച്ചില ഇവ അരച്ചു കലക്കി കറുത്ത പശുവിൻെറനെയ്യചേൎത്ത കാച്ചിയരിച്ച സന്ധികളിലും നാവിന്മേലും പുരട്ടുക. സേവി പ്പിക്കയും ചെയ്ക. എന്നാൽ മേൽപറഞ്ഞ രോഗം ശമിക്കും.

(ത്രിഫലാദിഘൃതം)

൯൩. ത്രിഫലാവിലാഭൃംനിംബഗവാക്ഷീഭിശ്ശൃതെജലെ॥
ധവളെക്ഷ്വാകപത്രസ്യസ്വരസെനസമന്വിതം॥
൯൪. ശ്വേതകുക്കുടസാരംഗഗൊധാലൊഹിതസംയുതം।
സതൈലംസൊരുപ്പഗോത്ഥസ്നേഹഞ്ചമഹിഷീഘൃതം॥
൯൫. സസ്ഥന്യംഹിംഗുമുസ്തൈലാതണ്ഡുലീയകനായകൈഃ।
ഹരിണീഖുരമായൂരപിഞ്ഛരജൊംഗകഗ്രഞ്ജനൈഃ॥
൯൬. ഏലാവാലുകശൈലെയമാഗധീഭിശ്ചസാധിതം।നാ
വനാന്നാഭിജിഹ്വാംഗസന്ധിഷ്വപിചലെപനാൽ॥
൯൭. മൂൎദ്ധാക്ഷികൎണ്ണയൊഗാച്ചതമാശുവിനിയച്ഛതി। നിസ്സം
ജ്ഞൊലഭതെസംജ്ഞാംഗന്ധെനാപ്യസ്യബാലകഃ॥

ത്രിഫല,കുവളത്തിൻവേര, പുത്തരിച്ചുണ്ടവേരിന്മേൽ തൊ ലി, ശംഖപുഷ്പത്തിൻവേര, ഇവകൊണ്ടു കഷായംവെച്ച അ തിൽവെള്ളപ്പെച്ചുരയിലനീരും വെളുത്തകോഴിയുടെ ചോരയും വെളുത്തമാനിൻെറ ചോരയും ഉടുമ്പിൻെറ ചോരയും എണ്ണ യും അവണക്കെണ്ണയും എരുമനെയ്യും സമമായിചേൎത്ത നെ യ്യൊടുസമം മുലപ്പാലും ചേൎത്ത കായം, മുത്തങ്ങക്കിഴങ്ങ, ഏല ത്തരി, ചെറുചീരവേര, ചെന്നിനായകം, മാൻപേടക്കുളമ്പ, മയില്പീലി, അകില, വെളുത്തഉള്ളി, ഏലാവാലുകം കന്മതം, തിപ്പലി, ഇവ അരച്ചുകലക്കികാച്ചി, അരിച്ച നസ്യംചെയ്ക. പൊക്കിളിലും നാവിന്മേലും സന്ധികളിലും മൂൎദ്ധാവിലും പു രട്ടുക. കണ്ണിലെററിക്കുക. ചെവിയിൽ നിറക്കുക. ഇവ ചെ യ്താൽ മേൽപറഞ്ഞരോഗം ഉടനെ ശമിക്കും.

നവമാപസ്മാര ലക്ഷണം

൯൮. ജ്വാരമൂൎച്ഛാശിരശ്ശൂലസാതത്യംനഷ്ടസംജ്ഞതാ।
കംപശ്ചഭക്ഷിണ്യെഘസ്തെശ്ചായഘ്രുവ്വാമതസ്തനൊഃ॥
൯൯. ഉദ്വൃത്തരക്തനെത്രത്വമാസ്യാൽഫെനാസ്രനിൎഗ്ഗമഃ
യസ്യസ്യസ്തംവിജാനീയാന്നവമാപസ്മൃതെഃപദം॥
യാവനൊരുത്തന്ന പനി, ഇന്ദ്രിയസാദം, തലനൊവ ഇവ കൾ വിടാതെയും ചിലസമയങ്ങളിൽ ബോധക്കേടും ആസമ

യങ്ങളിൽ വലത്തെകയ്യവിറക്കയും കാല ക്രമേണ ശരീരത്തിൽ ഇടത്തുഭാഗം വീങ്ങുകയും കണ്ണുകൾ ചുവന്ന വട്ടമിടുകയും വായിൽനിന്ന നുരയും ചോരയും വെവ്വേറയൊ ഒന്നായിട്ടൊ ചാടുകയുമുണ്ടാവ്വരുന്നുവെൊ അവന്ന ഒമ്പതാമത്തെ അപസ്മാരമെന്നറിക.

നവമാപസ്മാര ചികിത്സാ

൫൦൦. നിരുദ്ധമലമൂത്രസ്സന്ദ്രനനാഭിർവ്വിനങ്ക്ഷ്യതി।
ദിവസൈസ്സപ്തഭിസ്തസ്മാത്തസ്യ്യാവെക്ഷ്യൈവഭേഷജം॥

മേൽപറഞ്ഞ ലക്ഷണങ്ങളുടെ തികവോടുകൂടി ആ രോഗമുണ്ടായാൽമലമൂത്രങ്ങളുടെ തടവ ഹേതുവായിട്ട ഏഴദിവസംതികയുന്നതിൻമുമ്പെ നാഭിവീത്തു മരിക്കുന്നതാകയാൽആ രോഗത്തെ വൈദ്യൻ ഉപേക്ഷിക്കുകയും വേണം.

൫൦൧. ചിഹ്നാനാമസമഗ്രത്വെ തുളസീപത്രവാരിണാ।
സടംകണവരാഗേണനാവനംശമനായച॥

ലക്ഷണങ്ങൾക്ക തികവില്ലഎംകിൽ തുളസിനീരിൽ പൊൻകാരം പൊടിച്ചചേത്ത നസ്യം ചെയ്താൽശമിക്കും.

(പാശുപതംനെയ്യ)

൫൦൨. ദശമൂലസ്യനിര്യ്യൂഹെദശപുഷ്പരസാന്വിതെ।
ശൃംഗപഞ്ചകനിർഗ്ഗുണ്ഡീപഞ്ചഗന്ധത്രിജാതകൈഃ

൫൦൩. ത്രികടുത്രിഫലാമുസ്താനികുംഭകടുകാന്വിതൈഃ।
കല്ക്കിതൈർഗ്ഗോമയക്ഷീരദധിമൂത്രസമന്വിതം॥

൫൦൪. സർവ്വസമ്മിതമുസ്താദ്ധ്യംസർപ്പിഃപചന്ദുഭേദിനെ।
ഉത്തെജിതമഘൊരെണനവമാവസ്മൃതിംജയെൽ॥

൫൦൫. ദുഷ്ടഗ്രഹസമാഘാതഎതൽപാശുപതംമതം।
പ്രൊക്തൃ്യാപശുപതെര്യ്യദ്വാതെനപാശുപതംവിദുഃ॥

ദശമൂലംകൊണ്ടുകഷായംവെച്ച അതിൽ ദശപുഷ്പങ്ങളുടെ നീരുചേത്ത കൊമ്പുകൾഅഞ്ച, കരുനൊച്ചിവേര, ഗന്ധങ്ങളഞ്ച, ഏലത്തരി, ഇലവംഗത്തൊലി, പച്ചില, ത്രികടു, ത്രിഫല, മുത്തങ്ങക്കിഴങ്ങ, നാഗദന്തിവേര, കടുകരോഹണി, ഇവ അരച്ചുകലക്കി ചാണകനീർ, പാല, തൈര, ഗോമൂത്രം, നെയ്യ, ഇവയും ഇവ ഒക്കെയ്ക്കുടിയടത്തോളം തൈർവെള്ളവുംകൂട്ടി കാച്ചിഅരിച്ച അഘോരമന്ത്രം ജപിച്ചസേവിപ്പിക്ക. എന്നാൽ നല്ലവണ്ണം ശമിക്കും.

ദശമാപസ്മാരലക്ഷണം

൫൦൭. ദാഹോഷ്ണജാഗരാലസ്യസാതത്യംനഷ്ടസംജ്ഞതാ ।
ജായന്തെബുദ്ധിമാന്ദ്യഞ്ചദശമാപസ്മൃതെന്നൃണാം ॥

ചുട്ടുനീറൽ, ശരീരത്തിന്ന ചൂട, ഉറക്കംവരാഴ്ക ഇവ എല്ലാം ഇടവിടാതെ നില്ക്കും. ചില സമയങ്ങളിൽ ബോധക്കേടുമുണ്ടാകും എന്നാൽ ആയ്ത പത്താമത്തെ അപസ്മാരമാകുന്നു എന്നറിഞ്ഞ ചികിത്സിക്കുക എന്ന താൽപര്യം.

ദശമാപസ്മാര ചികിത്സാ

൫൦൮. തദാത്തെനഷ്ടസംജ്ഞത്തുസിഞ്ചെൽ സ്തന്യേനസംയുതം। ആരണ്യതുളസീപത്രസ്വരസംഘ്രാണയൊദ്വയൊഃ॥

പത്താമത്തെ അപസ്മാരം ഹേതുവായിട്ട രോഗി ബോധത്തോടുകൂടാതെ കിടക്കുമ്പോൾ കാട്ടുതുളസിയില മുലപ്പാലുകൂട്ടി തിരുമ്പി മൂക്കിന്റെ രണ്ട ദ്വാരങ്ങളിലും പിഴിയുക. ഉടനെ ബോധമുണ്ടാകും.

൫൦൯. ലബ്ധസംജ്ഞനതെനഃപ്രപായെംപാശുപതാഹ്വയം॥
മഹാകല്യാണകാഖ്യംവാഘൃതംതസ്യപ്രശാന്തയെ ॥

മേല്പറഞ്ഞ നസ്യംകൊണ്ട ബോധക്കേട നിവൎത്തിച്ചാൽ പാശുപതമൊ മഹാകല്യാണകമൊ സെവിപ്പിക്ക എന്നാൽ മേൽപറഞ്ഞ രോഗം നല്ലവണ്ണം ശമിക്കും.

ഏകാദശാപസ്മാരലക്ഷണം

൫൧൦. അവാച്യാനൎത്ഥകാദൃവചനംശിരസൊഭ്രമഃ ।
പതനംരസനാദംശശ്ശയനഞ്ചാപ്യവാഗ് ഭവേൽ॥

൫൧൧. വിരാവസ്സൂകരസ്യേവവദനൊൎല്ലേഖനംഭുവി ।
വെഗെതിതെംഗസാദശ്ചസുതരാംയസ്യതംനരം ॥

൫൧൨. ഏകാദശെനാപസ്മാരെണാക്രാന്തമവധാൎയ്യതം ।
നാവനാദ്യൈൎന്നയെച്ഛാന്തിംവൈദ്യസ്തൈസ്തൈരുപക്രമൈഃ ॥

പറയരുതാത്തവയായും അൎത്ഥത്തൊടു കൂടാത്തവയായുമുള്ള ബഹുവാക്കുകളെ പറയുക, തലതിരിയുക, വീഴുക, തന്റെ നാവുതാൻതന്നെ കടിക്കുക, അധൊമുഖമായി കിടക്കുക, പന്നിയുടെ ശബ്ദംപോലെഉള്ള ശബ്ദത്തെപുറപ്പെടിക്ക, മുഖംനിലത്തുരക്കുക ഇവയും ദോഷവെഗംശമിച്ചാൽ അധികമായ തളൎച്ചയും യാവനൊരുത്തന്ന ഉണ്ടാഴ്വരുമൊ അവന്ന പതിനൊന്നാമത്തെ അപസ്മാരമാകുന്നു എന്ന നിശ്ചയിച്ച നസ്യാദികളായ ചികിത്സകളെചെയ്ത ശമിപ്പിച്ചുകൊൾക എന്ന അഭിപ്രായം

## എകാദശാപസ്മാര ചികിത്സാ

(നസ്യം)

൧൧൧. നിൎഗ്ഗുണ്ഡ്യാഃകാരവല്ല്യാവാരസെസ്സന്ന്യെനയൊജിതെ।
മാണിമന്ഥരജൊഗ്ഗ്രഞ്ജാസാരകല്ക്കെനനാവനം॥

കരുനൊച്ചിയിലയൊ കയ്പയിലയൊ തിരുമ്പിപ്പിഴിഞ്ഞ നീരെടുത്ത അതിൽ മുലപ്പാലും ചേൎത്ത ഇന്തുപ്പും കുന്നിക്കുരുവിൻപരിപ്പും അരച്ചുകലക്കി അതുകൊണ്ട നസ്യംചെയ്ക

(അഞ്ജനം)

൧൧൨. മരിചംദ്രൊണപുഷ്പസ്യരസെപിഷ്ടാസമാക്ഷികം। അക്ഷ്ണൊരാരായൊജയെദ്വാദശസംജ്ഞാലാഭസ്തതൊഭവേൽ॥

കുരുമുളക തുമ്പപ്പൂവിൻെറനീരിൽ അരച്ച കണ്ണിൽ എഴുതുകയുമാം എന്നാൽ ഉടനെ ബോധമുണ്ടാകയും ചെയ്യും.

൧൧൩. ഗ്രന്ഥികാവനതക്കാരീശ്രീജടാഖദിരൊൽഭവെ।
സ്വരസെകെരജസ്സ്നെഹസ്സൈതലംവാസപ്പിരെവവാ।

൧൧൪. പിഷ്ടൈഃകല്ക്കീകൃതൈൎപക്വംവചാലശുനമൃതിഭിഃ।
പാനെനസന്ധിഷ്വാലെപാന്നാവനാച്ചനിഹന്തിതം॥

കാട്ടുതിപ്പലി, കാട്ടുമുഞ്ഞ, തൃച്ചട, കരിഞ്ഞാലിയിലെ ഇവററിൻനീരിൽ വയമ്പ, വെളുത്ത ഉള്ളി, പിനാറി ഇവ അരച്ചുകലക്കി വെളിച്ചെണ്ണയൊ എണ്ണയൊ നെയ്യൊ ചെൎത്ത കാച്ചിയരിച്ച സേവിപ്പിക്കയും സന്ധികളിൽ പുരട്ടുകയും നസ്യവും ചെയ്ക എന്നാൽ മേൽപറഞ്ഞ രോഗം ശമിക്കും.

## ദ്വാദശാപസ്മാരലക്ഷണം

൧൧൫. മദ്ധ്യാഹ്നെവാപ്രദൊഷെവാഹൃൽകംപശ്ശിരസൊഭ്രമഃ।
പതനംനഷ്ടസംജ്ഞത്വമാസ്യാൽഫെനവിനിൎഗ്ഗമഃ॥

൧൧൬. ദന്തെഷുദന്തൈരാഘാതൊദൊസ്തലാഭ്യാംക്ഷിതാവപി।
നഖൈരുല്ലെഖനംഭൂമൌസ്വദെഹെവാഭവന്ത്യമീ॥

൧൧൭. വികാരായസ്യരക്തത്വംനെത്രയൊശ്ചപ്രജായതെ।
തംദ്വാദശാപസ്മാരെണവിജാനീയാന്നിപീഡിതം॥

യാവനൊരുത്തന്ന മദ്ധ്യാഹ്നത്തിങ്കലൊ സന്ധ്യാസമയത്തിങ്കലൊ, ഹൃദയകംപവും തലതിരിച്ചിലും വീഴ്ചയും ബോധക്കേടും വായിൽനിന്ന നുരയുടെ പുറപ്പാടും പല്ലുകടിയും കയ്യടങ്ങൾ പരത്തി നിലത്ത അടിക്കുകയും നഖങ്ങൾകൊണ്ട നിലത്തൊ തൻെറ ശരീരത്തിങ്കലൊ മാന്തുകയും കണ്ണുകളിൽ ചുവപ്പും ഭവിക്കുന്നുവൊ അവനെ പന്ത്രണ്ടാമത്തെ അപസ്മാരത്താൽ ബാധിക്കപ്പെട്ടവനാകുന്നു എന്ന അറിഞ്ഞു ചികിത്സിക്കുക.

## ദ്വാദശാപസ്മാര ചികിത്സാ

൧൧൮. ശൂലിന്യാഃകൊലമുഖ്യാവാതസ്യമന്ത്രേണകർണ്ണയൊഃ।
വിധമെന്നഷ്ടസംജ്ഞസ്യത്വരിതാമന്ത്രണൈവവാ ॥

മേൽപറഞ്ഞ രോഗമുള്ളവൻ ബോധത്തോടുകൂടാതെ കിടക്കുമ്പോൾ ശൂലിനീമന്ത്രമൊ വാരാഹീമന്ത്രമൊ ത്വരിതാമന്ത്രമൊ ജപിച്ച ചെവിയിൽ ഊതുക എന്നാലവന്ന ബോധമുണ്ടാകും.

൧൧൯. ശ്വേതാർക്കമൂലംഖാദൻവാവിധമെന്മൂദ്ധ്നിഖാദിരം।
വല്ക്കംവാബദരീപത്രരസംവാനാസികാംനയെൽ ॥

വെളുത്ത എരിക്കിന്റെ വേരൊ കരിങ്ങാലിയുടെ തൊലിയൊ വായിലിട്ടുകടിച്ച മൂദ്ധാവിൽ ഊതുക. എന്നാലും ബോധമുണ്ടാകും ലന്തയില തിരുമ്പിപ്പിഴിഞ്ഞ നീരെടുത്ത അതുകൊണ്ട നസ്യംചെയ്ക എന്നാലും ബോധമുണ്ടാകും.

൧൨൦. എതൈൎന്നിവൎത്തമാനൊപിഭ്രയഃപ്രത്യവതിഷ്ഠതെ।
യാമെയാമെയതൊസ്മാജ്ജൈത്തുംസിദ്ധൌഷധൈരമും ॥

മേൽപറഞ്ഞ പ്രയോഗങ്ങളിലെതെങ്കിലും ചെയ്താൽ തൽക്കാലം ശമിക്കും. പിന്നെ ഏഴനാഴിക കഴിഞ്ഞാൽ ഉണ്ടാകും അപ്പോൾ മേൽപറഞ്ഞ പ്രയോഗങ്ങൾ ചെയ്താൽ ശമിക്കും. പിന്നെയും മേൽപറഞ്ഞ പ്രകാരം ഉണ്ടാകും ഇങ്ങിനെ വിട്ടുപോകാതെനില്ക്കുന്നതാകയാൽ സിദ്ധൌഷധങ്ങളെക്കൊണ്ടനല്ലവണ്ണം ശമിപ്പിപ്പാനായിക്കൊണ്ട യത്നംചെയ്കയും വേണം.

(സിദ്ധൌഷധങ്ങൾ)

൧൨൧. പൌൎണ്ണമാസ്യാംസമുദ്ധൃത്യക്ഷുണ്ണാംബ്രഹ്മസുവൎച്ചലാം।
നിഷ്പീഡ്യസംഭൃതെതസ്യാസ്ലോധിതെരസആഢകെ॥

൧൨൨. താമെവപിഷ്ട്വാസംയൊജ്യയൊജിതംതത്രസൎപ്പിഷഃ।
പ്രസ്ഥംപചെത്തൽപാനെനസൎവ്വാപസ്മാരനാശനം॥

ബ്രഹ്മസുവൎച്ചലാ എന്ന ഒരു മരുന്നുണ്ട അതു ഓരിലത്താമരപോലെ ഇരിക്കും ചെന്താമരപ്പൂവ്വിന്റെ നിറംപോലെയുള്ള നിറത്തോടുകൂടിയിരിക്കകയും ചെയ്യും വെളുത്ത വാവുന്നാൾ ആ മരുന്ന പറിച്ചെടുത്ത അതിന്റെ നീര നാലിടങ്ങഴി ഉണ്ടാക്കി അതിൽ മേൽപറഞ്ഞ മരുന്ന തന്നെ അരച്ചുകലക്കി നാനാഴി നെയ്യ ചേൎത്ത കാച്ചിയരിക്കുക. ഈ നെയ്യ സൎവ്വാപസ്മാരശമനമാകുന്നു.

(ഹരിതാലാദി ഗുളിക)

ഫവ.ന.ഹരിതാലവചാനാഭിരൊചനാശശികുംകുമൈഃ ।
താമ്രഗാംഗെയകസ്തൂരീസഹിതൈസ്തന്യപെഷിതൈഃ॥
ഫവ.ര. സംവൎത്തിതാപിശുഷ്കാശ്ചഗുളികാമുൽഗസന്നിഭാഃ ।
സ്തന്യെനയുക്താഃപീതാശ്ചസൎവ്വാപസ്മാരനാശനാഃ॥

പൊന്നരിതാരം, വയമ്പ, വത്സനാഭി. ഗോരോചനം, പച്ചക്കൎപ്പൂരം, കുംകുമം, ചെമ്പ, സ്വൎണ്ണം, കസ്തൂരി ഇവ മുലപ്പാലിൽ അരച്ച ചെറുപയററിൻമണി പ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി മുലപ്പാലിൽ സേവിപ്പിക്ക. എല്ലാ അപസ്മാരങ്ങളും ശമിക്കും.

ഫവ.ഒ. ഘൃതംപാശുപതാഖ്യംവാപായയെത്തെനസംയുതാം ।
താമെവഗുളികാംയദ്വാപ്രാശയെദരുണൊദയെ॥

പാശുപതഘൃതം സേവിപ്പിക്ക. അല്ലായെങ്കിൽ പാശുപതഘൃതത്തിൽ ചെൎത്ത മേൽപറഞ്ഞ ഗുളികതന്നെ സെവിപ്പിക്ക എല്ലാ അപസ്മാരങ്ങളും ശമിക്കും ഗുളിക സേവിപ്പിക്കുന്നതു സൂൎയ്യോദയസമയത്തിങ്കലായിരിക്കയും വേണം.

ഫവന്ന.എവംയത്നെനസംസിദ്ധൈരൌഷധൈസ്സാധ്വയൊജിതൈഃ । ഉപക്രാന്തൊപിഹതൈവവൈഷൈ്വകം സശമംപ്രജെൽ ॥

ഫവ൭. അഥവാജീവിതംഹന്താനിഹന്ത്യതിചാന്യഥാ।
നിയമെനൈവതസ്മാത്തമനിശ്ചിത്യൈവസംസ്പൃശേൽ॥

മേൽപറഞ്ഞപ്രകാരം യത്നേന സിദ്ധങ്ങളായ അതാത ഔഷധങ്ങളെ വേണ്ടുംവണ്ണം പ്രയോഗിച്ച ശമിപ്പിപ്പാൻ ഉത്സാഹിച്ചാലും കണ്ണമുതലായ ഇന്ദ്രിയങ്ങളിൽ ഒന്നിനെ ശമിപ്പിച്ചിട്ടല്ലാതെ മേൽപറഞ്ഞ രോഗം നല്ലവണ്ണംശമിക്കയില്ല ചിലത ജീവിതത്തെ തന്നെ നശിപ്പിച്ചു എന്നുംവരും ഒന്നും ചെയ്യാതെയിരുന്നാൽ എല്ലാവരെയും കൊല്ലും. അത ഹേതുവായിട്ട ശമിക്കുമെന്ന നിശ്ചയിക്കാതെ അത്യന്ന ചികിത്സ ചെയ്തുകൊൾക.

ത്രയൊദശാപസ്മാര ലക്ഷണം

ഫവപ്പ. യസ്യസൎവ്വാഃപ്രണശ്യന്തിചെഷ്ടാസ്സൎവ്വാംഗസംശ്രയാഃ।
സംജ്ഞാഹാനിശ്ചഫെനസ്യനിൎഗ്ഗമശ്ചപ്രജായതെ॥
ഫവൻ. ത്രയൊദശെനാപസ്മാരെണാൎദ്ദിതംതംവിനിൎദ്ദിശെൽ।
നാഖാനാദ്യൈരൌഷധൈശ്ശാന്തിംനയെച്ഛാശുതമാമയം॥

യാവനൊത്തന്ന സവ്വാംഗങ്ങളുടെയും ചെഷ്ട നശിക്കയാൽ ചലനംകൂടാതെകണ്ടുള്ള കിടപ്പും ബോധക്കേടും വായിൽനിന്ന നരയുടെ പുറപ്പാടുമുണ്ടാകുന്നുവൊ അവനെപതിമൂന്നാമത്തെ അപസ്മാരം ബാധിച്ചിരിക്കുന്നു എന്ന വൈദ്യൻ അറിഞ്ഞ അതിന്ന നസ്യാദികളായ പ്രതിവിധികളെ ചെയ്തു ശമിപ്പിച്ചു കൊൾക എന്ന അഭിപ്രായം.

## ത്രയോദശാപസ്മാരചികിത്സാ

൧൩൦ മത്സ്യാണ്ഡംസ്തന്യസംയുക്തംനിഷിഞ്ചെൽഘ്രാണയോ ർദ്ദ്വയൊഃ സംജ്ഞാലാഭാൽപരംതസ്യപേയംപാശുപതംഘൃതം ॥

൧൩൧ ആസ്ഫോടകഷായെകൃഷ്ണായാഃപൃതികല്കേനപാചിതം ।
ധെനോർഘൃതംവാസംജപ്യപായയെച്ഛാന്തിദുർഗ്ഗയാ ॥

മത്സ്യത്തിൻെറമുട്ട മുലപ്പാലുകൂട്ടി തിരുമ്പിമൂക്കിൽ പിഴിയുക എന്നാൽ ബോധമുണ്ടാകും. അതിൻെറ ശേഷം പാശുപതഘൃതമൊ കിരിയാത്തകൊണ്ടു കഷായംവെച്ചു പീനാറി അരച്ചുകലക്കി കറുത്തപശുവിൻെറ നെയ്യുചേൎത്തകാച്ചിയരിച്ചു ആനെയ്യു തൊട്ടു ശാന്തിദുൎഗ്ഗാമന്ത്രം ജപിച്ചു അതൊ സേവിപ്പിക്ക.

൧൩൨. ഹരിതാലാദിഭിസ്സിദ്ധാംഗുളികാംവാപ്രകല്പിതാം ।
ഗോക്ഷീരേണസമായോജ്യപായയേൽഭാസ്കരൊദയെ ॥

ഹരിതാലാദിഗുളിക സൂൎയ്യോദയ സമയത്തിങ്കൽ പശുവിൻപാലിൽചേൎത്ത സേവിപ്പിക്കയുമാം ഇവ ചെയ്താൽ മേൽപറഞ്ഞ രോഗം നല്ലവണ്ണം ശമിക്കും.

## ചതുൎദ്ദശാപസ്മാരലക്ഷണം

൧൩൩. പാൎശ്വേനപതനംയസ്യഗ്രീവായാശ്ചവിവൎത്തനം।
പരമസ്വരേണദന്താനാംസന്ദശഃഫേനനിൎഗ്ഗമഃ ॥

൧൩൪. ഉദ്വൃത്തനെത്രതാംഗനാമാക്ഷേപശ്ചാന്തരാന്തരാ ।
ജായന്തെപസ്മൃതിംതസ്യവിജാനീയാച്ചതുൎദ്ദശീം ॥

യാവനൊരുത്തൻ ഒരു ഭാഗത്തേക്ക ചെരിഞ്ഞുവീഴുകയുംഅപ്രകാരംതന്നെ കിടക്കുകയും കഴുത്ത ഒരു ഭാഗത്തേക്കു തിരിക്കുകയും പല്ലുകൾതമ്മിൽ കോൎക്കുകയും നരയെ ഛൎദ്ദിക്കയുംകണ്ണുകളുരുട്ടിവട്ടമിടുകയും ഇടയിലിടയിൽ കയ്യുകളെയും കാൽകളെയും ഉയൎത്തി അങ്ങോട്ടുമിങ്ങോട്ടും ഇടുകയും ചെയ്യുന്നുവൊ അവന്ന പതിന്നാലാമത്തെ അപസ്മാരമാകുന്നു എന്നറിക.

## ചതുൎദ്ദശാപസ്മാരചികിത്സാ

൧൩൫. തംസപ്തമാഹാൽപ്രാഗേവനാവനാദ്യൈരുപാചരേൽ,
സപ്തമെഹ്നിസംപ്രാപ്തെലോകാന്തരഗതിർദ്ധ്രുവാ ॥

അവനെ ഏഴദിവസംതികയുന്നതിന്നമുമ്പെ നസ്യാദികളെക്കൊണ്ട ഉപചരിക്കുക. അതിന്ന സംഗതിവന്നില്ലാ എങ്കിൽ ഏഴാംദിവസം മരിക്കുകയും ചെയ്യും.

(കന്യാശിഗ്രുരസാദിഘൃതം)

൧൩൬. കന്യാശിഗ്രുരസായുക്തൈൎമ്മത്സ്യാണ്ഡൈദ്ധ്വളെതരൈഃ। ഭൃനാഗൈഃക്ഷാരവൃതിഭ്യാമായ്യാഗ്ഗുൽഗ്ഗുലുപിഞ്ഛകൈഃ।

൧൩൭. വചാനായകനിയ്യാസകുന്ദുരുഷ്ണ്ണചൎമ്മഭിഃ।
വാശാകളഭല്ലഥൈഭവകൂപല്ലവസൈന്ധവൈഃ॥

൧൩൮. കാരവല്ല്യാശ്ചമൂലെനക്രാന്തയാവിഷ്ണുപൂൎവ്വയാ।
കല്ക്കീകൃതൈശ്ശൃതംസൎപ്പിൎമ്മാഹിഷംസ്തന്യസംയുതം॥

൧൩൯. നാവനാൽസന്ധിലെപാച്ചപാനാച്ചവിനിയച്ഛതി।
അപസ്മൃതിമതീവോഗ്രാംവിശേഷേണചതുൎദ്ദശീം॥

കററുവാഴ മുരിങ്ങത്തൊലി ഇവററിൻനീരിൽ മിൻമുട്ട, കറുത്തഞൊഞ്ഞുള്ള, ചവക്കാരം,പീനാറി, കിരിയാത്ത,ഗ്ഗുൽഗ്ഗുലു, മയില്പീലി, വയമ്പ, ചെന്നിനായകം, നറുമ്പശ, കുന്തുരുക്കം, മാന്തോല, ആടലോടകത്തിൻവേര, കണ്ടിവെണ്ണ, ഠരംഴചേമ്പിൻക്ലുമ്പ, ഇന്തുപ്പ, (സമുദ്രപച്ച എന്നും മതമുണ്ട) കയ്യവേര, വിഷ്ണുക്രാന്തി, ഇവഅരച്ചുകലക്കി എരുമനെയ്യുംമുലപ്പാലും സമമായിചേൎത്ത കാച്ചിഅരിച്ച അതുകൊണ്ടു നസ്യംചെയ്ക, സന്ധികളിൽ പുരട്ടുക, സേവിപ്പിക്കയും ചെയ്ക ഇങ്ങിനെ ആദിയിൽ തന്നെചെയ്വാൻ സംഗതിവന്നാൽ മേൽപറഞ്ഞരോഗം ശമിക്കുകയുംചെയ്യും.

## പഞ്ചദശാപസ്മാരലക്ഷണം

൧൪൦. പാദാംഗുഷ്ഠാൽസമാരഭ്യദക്ഷിണാദ്യസ്യജായതെ।
സൎവ്വാംഗവ്യാപിനീസുപ്തിഃപതനംചവിചിത്രതാ॥

൧൪൧. തസ്യപഞ്ചദശീംവിദ്യാദപസ്മൃതിമമുഷ്യതു।
നിസ്സംജ്ഞതൈധമെദൃഗ്ഗ്വാമന്ത്രമുച്ചായ്യകൎണ്ണയൊഃ॥

യാവനൊരുത്തന്ന വലത്തെകാലിൻെറ പെരുവിരലിന്മെൽനിന്ന തുടങ്ങുന്ന തരിപ്പ ചുററും വ്യാപിച്ച മേൽപട്ടു കരേറുകയും വീഴ്കയും ബോധക്കേടും ഭവിക്കുന്നുവൊ അവന്ന പതിനഞ്ചാമത്തെ അപസ്മാരമെന്നറികയും ബോധക്കേടുകണ്ടാൽക്ക

ജ്ഞാമന്ത്രംജപിച്ച ചെവിയിൽ ഊതിബോധമുണ്ടാക്കുകയും അനന്തരം ഇതിന്നതാഴെവിവരിക്കുന്ന പ്രകാരം ചികിത്സിക്കയും ചെയ്ക.

പഞ്ചദശാപസ്മാരചികിത്സാ

(ശൃംഗതൈലം)

൫൪൨. കൃഷ്ണസ്യൈാക്ഷ്ണഃകുരംഗസ്യവന്യസ്യ മഹിഷസ്യചാ।
ഗജസ്യസൈരിഭസ്യാപിവിഷാണൈരാഖുഭോജിനഃ॥
൫൪൩. കൃഷ്ണസ്യവിഷ്ഠയാസ്ഥ്നാചസൂകരസ്യചദംഷ്ട്റയാ।
ആശ്മായാകുന്ദുരുഷ്ണേണവചാനായകനാഗകൈഃ॥
൫൪൪. അഗ്രഗ്രാഹിഗവാക്ഷീഭ്യാംകുമാര്യാതിന്ത്രിണീത്വചാ।
മത്സ്യാണ്ഡൈരപിസംപിഷ്ടൈസ്തന്യൈതൈലാച്ചതുർഗ്ഗുണേ॥
൫൪൫. തൈലംപചേൽസമാനേനലശുനസ്വരസേനചാ।
കർപ്പൂരംമൃഗരേതശ്ചപാത്രകല്ക്കംപ്രയോജയേൽ॥
൫൪൬. തദിദംശൃംഗതൈലാഖ്യംലെപാൽസർവ്വംഗസന്ധിഷു।
തമാശുശമയെദ്രോഗംനാവനെനാപിചകാചിൽ॥

കറുത്തകാളയുടെകൊമ്പ,കലമാൻകൊമ്പ,കാട്ടുപോത്തിൻകൊമ്പ,ആനക്കൊമ്പ,പോത്തിൻകൊമ്പകറുത്തപൂച്ചയുടെകാഷ്ഠം കറുത്തപൂച്ചയുടെഎല്ല പന്നിത്തേററ,കിരിയാത്ത, കുന്തുരുക്കം, വയമ്പ, ചെന്നിനായകം, നാകപ്പൂവ്വ അക്കിക്കറുക, ശംഖപുഷ്പത്തിൻവേര, കററുവാഴ, പുളിയുടെതൊലി, മീൻമുട്ട ഇവ അരച്ച എണ്ണയിൽനാലിരട്ടി മുലപ്പാലിൽകലക്കി എണ്ണ എണ്ണയോടുസമം ഉള്ളിനീരുംചേർത്ത കാച്ചിഅരിക്കുക. പാത്രപാകത്തിന്ന പച്ചകർപ്പൂരവും പച്ചപ്പുഴുവുംചേർക്കുക. ഈ എണ്ണസന്ധികളിൽപുരട്ടുക. ഇതുകൊണ്ടനസ്യവുംചെയ്ക.

൫൪൭. ത്രീൻപക്ഷാൻപ്രത്യഹംസർപ്പിഃപായയെന്മന്ത്രപാചിതം। മഹാകല്യാണകാഖ്യഞ്ചതദത്യന്തപ്രശാന്തയെ॥

നാല്പത്തഞ്ചദിവസംവരെ മഹാകല്യാണകംനെയ്യ,വാരാഹീമന്ത്ര,ശൂലിനീമന്ത്രംമുതലായമന്ത്രങ്ങൾ വളരെ സംഖ്യകഴിച്ച രാവിലെസേവിപ്പിക്കയുംചെയ്ക. എന്നാൽ മേൽപറഞ്ഞ രോഗം നല്ലവണ്ണം ശമിക്കും.

ഷോഡശാപസ്മാരലക്ഷണം

൫൪൮. നിദ്രായാംദന്തസംഘർഷൊഭീഷ്മവസ്തുനിരീക്ഷണം।
വികൃതസ്യസ്വരസ്യോച്ചൈന്നിർഗ്ഗമൊനഷ്ടസംജ്ഞതാ॥

൫൪ൻ. ദശൊശ്ചരക്തതെതാനിജായന്തെയസ്യദേഹിനഃ।
ഷൊഡശാപസ്മൃതിഗ്രസ്തംഭിഷക്തമവധാരയെൽ॥
യാവനൊരുത്തന്ന ഉറക്കത്തിൽ പല്ലുകടിയും ഭയംകരങ്ങളായിരിക്കുന്ന വസ്തുക്കളെ കാണുകയും അതഹെതുവായിട്ട ഭയപ്പെട്ട ഉറക്കെനിലവിളിക്കയും ബോധക്കെടും കണ്ണുകളിൽ ചുവപ്പുമുണ്ടാകുന്നുവോ അവന്ന പതിനാറാമത്തെ അപസ്മാരമാകുന്നു എന്ന വൈദ്യൻ അറിഞ്ഞ ചികിത്സിക്കുക.

ഷോഡശാപസ്മാരചികിത്സാ

(നിർഗ്ഗുണ്ഡ്യാദിഗുളികാ)

൫൪൦. നിർഗ്ഗുണ്ഡീപത്രപൂത്യഗ്രഗന്ധാക്ഷവകപല്ലവൈഃ।
കന്ദുരുഷ്ണാഭയാക്ഷാസ്ഥിമരിചൈശ്ചസുപേഷിതൈഃ॥
൫൪൧. ക്ഷീരശുക്ലാരസെയുക്തൈഃകസ്തൂര്യാഗുളികാകൃതാഃ।
ഛായാശുഷ്കാഃപ്രയോക്തവ്യാമെഷമൂത്രെണനേത്രയോഃ
൫൪൨. മൂത്രെണകൃഷ്ണഗവ്യാവാപായയെച്ചഘൃതംതതഃ।
മഹാകല്യാണകംപാശുപതംവാതൽപ്രശാന്തയെ॥
കരുനൊച്ചിയില, പീനാറി, വയമ്പ, കടുക്കക്കുരു, താനിക്കക്കുരു, കരിന്തുമ്പയില, മുളക, കസ്തൂരി, ഇവ മുതക്കിൻ കിഴങ്ങിൻെറനീരിൽ അരച്ചഗുളികഉരുട്ടിനിഴലിലുണക്കി ആട്ടിൻമൂത്രത്തിലൊകറുത്തപശുവിൻ മൂത്രത്തിലൊ അരച്ചകണ്ണിൽ എഴുതുക. ബോധക്കെട ശമിക്കും. അതിൻെറശേഷംമഹാകല്യാണകമൊ പാശുപതമൊ സേവിപ്പിക്ക, എന്നാൽ മേൽപറഞ്ഞ രോഗംനല്ലവണ്ണം ശമിക്കും.

സപ്തദശാപസ്മാരലക്ഷണം

൫൪൩. അതിതൃഷ്ണാംഗസാദശ്ചകർണ്ണയോഃക്ഷ്വേളനംതയൊഃ। ഭൂയസ്സമാവൃതതന്ദ്രാനിദ്രായാംമലനിർഗ്ഗമഃ॥
൫൪൪. ദ്രാഘിഷ്ഠാബോധഹാനിശ്ചവദനാച്ചകഫസ്രവഃ।
കുക്ഷെരാധ്മാനമംഗെഭ്യസ്സ്വെദൊദകസമുൽഗമഃ॥
൫൪൫. ശൊഫശ്ചഗണ്ഡയൊര്യസ്യജായന്തെതംവിനിർദ്ദിശെ। സപ്തദശ്യാസമാപിഷ്ടമപസ്മൃത്യാചികിത്സകഃ॥
യാവനൊരുത്തന്ന അധികമായതണ്ണീർദാഹവും ശരീരത്തിന്ന തളച്ചയും ചെവിമൂളുകയും അനന്തരം ചെവികൾക്ക അടവും ഉറക്കത്തിൽ അറിയാതെ മലമൂത്രങ്ങൾ പോകയും വളരെനേരം നില്ക്കുന്ന ബോധക്കേടും വായിൽനിന്ന കഫം ചാടുക

യും വയറവീഴ്ചും എല്ലാഅംഗങ്ങളിലും കൂടിയൊ ഓരൊഅംഗങ്ങളിൽ പ്രത്യേകമായിട്ടൊ വിയൎപ്പുമുണ്ടാകുന്നുവൊ അവന്ന പതിനേഴാമത്തെ അപസ്മാരമാകുന്നു എന്നവൈദ്യൻഅറിയുക.

സപ്തദശാപസ്മാര ചികിത്സാ

൧൭. അഹൊരാത്രേണയസ്മാൽസാനിയമെനമൃതിപ്രദാ ।
തസ്മാത്തസ്യാവിജാനീയാത്ത്യാഗമെവചികിത്സിതം ॥

മേൽപറഞ്ഞരോഗം മേൽവിവരിച്ച ലക്ഷണങ്ങളുടെ തികവോടുകൂടെ ഉണ്ടായാൽ അറുപതു നാഴികകൊണ്ടു ആ രോഗി മരിക്കുന്നതാകയാൽ ഉപേക്ഷതന്നെ ചികിത്സയാകുന്നു എന്ന വൈദ്യൻ അറികയും ലക്ഷണങ്ങൾക്കതികവില്ലെങ്കിൽ ഏതെങ്കിലുംപ്രവൃത്തിച്ച തൽക്കാലോപദ്രവശമനത്തെ ഉണ്ടാക്കുകയും വേണമെന്ന താൽപൎയ്യം.

അഷ്ടാദശാപസ്മാര ലക്ഷണം

൧൮. ഗാത്രസാദൊവിവിക്തശാശയനഞ്ചാപ്യധൊമുഖം ।
ഭൂഭാഗാലേഖനംദന്തൈരകസ്മാദ്ധാസരോദനെ ॥

൧൯. നിസ്സംജ്ഞാതചഞ്ജായന്തെയസ്യതംസംപ്രപീഡിതം ।
അഷ്ടാദശ്യാവിജാനീയാദപസ്മൃത്യാചികിത്സകഃ ॥

യാവനൊരുത്തന്ന ശരീരംതളരുകയും ആരുമില്ലാത്തേടത്ത ഇരിപ്പാനുള്ള ആഗ്രഹവും അധോമുഖമായ കിടപ്പും പല്ലുകൾ കൊണ്ടു നിലംകാരുകയും ചിലസമയങ്ങളിൽചിരിയും ചില സമയങ്ങളിൽ കരച്ചിലും ബോധക്കേടുമുണ്ടാകുന്നുവൊ അവന്ന പതിനെട്ടാമത്തെ അപസ്മാരമെന്നവൈദ്യൻ അറിഞ്ഞചികിത്സിക്കുക.

അഷ്ടാദശാപസ്മാര ചികിത്സാ

൨൦. ശാന്തിദുൎഗ്ഗാമനുംതസ്യജപേദാലഭ്യമൂൎദ്ധനി । സഹസ്രകൃത്വൊചാബോധസ്യലാഭായാദൈൗസമാഹിതഃ ॥

മേൽപറഞ്ഞരോഗി ബോധക്കേടോടുകൂടെ കിടക്കുമ്പോൾ വൈദ്യൻ ഏകാഗ്രഹൃദയനായിട്ട അവന്റെ മൂൎദ്ധാവിൽതൊട്ടു ശാന്തിദുൎഗ്ഗാമന്ത്രം ആയിരം ഉരു ജപിക്കുക. എന്നാൽബോധമുണ്ടാകും.

(അപസ്മാര കുലാന്തകഘൃതം)

൨൧. ദശമൂലശൃതെതോയെശ്രീജടാഞ്ചപ്രസാരണീ ।
കന്യാഞ്ചലൊദ്ധ്രപത്രാണിചാൎങ്ങ്ഗെരീംഗിരിമൎദ്ദിനീം ।
മാതംഗപദികാംപത്മാംനീവാരജലനീലികാം ।

൬൲൧. ജംബൂനിശാവിദാരീശ്ചനിൎഗ്ഗുണ്ഡ്യാഃപല്ലവാനിച ।
കൃഷ്ണാഞ്ചതുളസീംകൃഷ്ണാംമുണ്ഡാംഗരളികാമപി॥
൬൲൨. കൈഡൎയ്യഖദിരാശൈരക്ഷവസൈന്ധവികാസ്തഥാ।
സൈരെയകഞ്ചമായൂരീംകൃഷ്ണശിഗ്രുദലാനിച॥
൬൲൩. കൃഷ്ണകിംശുകകൌശാംബീവന്യപൂതീകരൊടികാഃ ।
ആരണ്യതുളസീസീതാജാതിചംപകയൂഥികാഃ ॥
൬൲൪. തഥാജയന്ത്യാഃപത്രാണിതുംബീമപിവിശാലികാം ।
തിലാനാമപിപത്രാണിനാരംഗസ്യചപല്ലവാൻ ।
൬൲൫. സൂപ്യപൎണ്ണ്യാവരണ്യോൎത്ഥതണ്ഡുലീയകപത്രകം ।
കപീതനസ്യവന്യസ്യപല്ലവാനിപടൊലികാം ॥
൬൲൬. വന്ധ്യപാരന്തികായാശ്ചരുചകസ്യചപല്ലവാൻ ।
ഖൎജ്ജൂരധാത്രീകിംപാകവന്ദാകാനാംദളാന്യപി ॥
൬൲൭. ദശഭിഃകുസുമൈസ്സാകംസംക്ഷുദ്യജനിതാൻരസാൻ ।
യൊജയിത്വാസമാനാംശാൻസൎപ്പിഷാപിഷ്ടകല്കി
൬൲൮ പൂതീന്ദ്രമദനാഗാഹ്വകന്ദുരുഷ്കാബ്ദജാതിഭിഃ (തൈഃ॥
ആൎയ്യാകൌശികഗൊലൊമീവരാളഭ്രമരാലയൈഃ ।
൬൲൯.കന്യാപൃഥ്വികികാമൂലകൃഷ്ണാശ്മക്ഷൊദഹിംഗുഭിഃ ।
ഷഡ്മിശ്രതണ്ഡുലൈശ്ശംഖപുഷ്പ്യാ വാജീരകൈസ്ത്രി
൬൩൦. ത്രികടുത്രിഫലാപിഞ്ഛശശപിഷ്ഠാഖരെന്ദ്രഭിഃ। (ഭിഃ
ത്രിവൃൽകളഭശ്ലേഥാഭ്യാംക്ഷാരൈശ്ശീനൊഷണെനച॥
൬൩൧. ശ്വേതാശ്മചൂൎണ്ണലശുനശ്വേതകൂൎമ്മാസ്ഥിഭിസ്തഥാ ।
ആജെനചകപാലെനവരാഹസ്യചദംഷ്ട്രയാ ॥
൬൩൨. ഗജവിഷ്ഠാസമുൽഭൃതഭസ്മനാചപചെൽഘൃതം ।
മാഹിഷംകരിണീധെനുബഡവാമൂത്രസംയുതം ॥
൬൩൩. നാവനാൽസന്ധിലെപാച്ചതസ്സ്വാപസ്മൃതിജ്ജയെൽ॥
ഉന്മാദാനപിവിദ്ധ്യത്തമപസ്മാരകുലാന്തകം ॥
൬൩൪. പായയെദ്വാഘൃതഞ്ചാദൊലബ്ധബൊധന്തമഞ്ജസാ।
ഇദംസൎവ്വേഷ്ടദാതവ്യമപസ്മാരെഷ്ടസിദ്ധയെ ॥

ഭദ്രമൂലംകൊണ്ടു കഷായംവെച്ചു അതിൽ തുളസി, തലനീലി, കറവാഴ, പാച്ചോററിയില പുളിയാരൽ,മലയമക്കി,ആനടിയൻ,ഓരിലത്താമര, വരിനെല്ലിൻവേര, കുഴിതാളച്ചുണ്ടി, ഞാവൽത്തൊലി,പച്ചമഞ്ഞൾ, മുതക്കിൻകിഴങ്ങ, കരുനൊച്ചിയില,കരുന്തുളസി,കരുവിക്കിഴങ്ങ,കരുമുത്തിള,കർളെകത്തില,കരുവേപ്പില,കരിങ്ങാലിയില,കരുന്തുമ്പ, കടലപ്പ,കരിങ്കുറുഞ്ഞിയില,കടലാടിയില,കരുമുരിങ്ങയില, കരുമുരുക്കില, കാട്ടപ്പയി

ല, കാട്ടുപീനാറിയില, കാത്തൊട്ടിയില, കാട്ടുതുളസിയില, കാട്ടുതിപ്പലിയില, കാട്ടുപിച്ചകത്തില, കാട്ടുചെമ്പകത്തില, കാട്ടുമല്ലിയില, കാട്ടുമുഞ്ഞയില, കാട്ടുചുരയില, കാട്ടുവെള്ളരിയില, കാട്ടെള്ളിന്റെയില, കാട്ടുനാരകത്തില, കാട്ടുഴന്നില, കാട്ടുപയററില, കാട്ടുചിരയില, കാട്ടുകല്ലാലില, പടോലം, പൂക്കാത്തെച്ചിയില, അവണക്കില, ഈന്ത നെല്ലി കാഞ്ഞിരം ഇവമെലിത്തിക്കണ്ണി ദശപുഷ്പം ഇവ ഇടിച്ചുപിഴിഞ്ഞ വെവ്വേറെ എടുത്തനീരുകൾ നെയ്യോടു സമമായിച്ചേൎത്ത പീനാറി, കന്നാരം, നാകപ്പൂവ്വ, കുന്തുരുക്കം, മുത്തങ്ങക്കിഴങ്ങ, ജാതിക്ക, കിരിയാത്ത, ഗുൽഗുലു, വയമ്പ, കരയാമ്പൂവ, വെട്ടാളൻകൂട, കററുവാഴ, അവിൽപൊരിവെര, കരിങ്കൽപൊടി, കായം, കൊത്തമ്പാലയരി, കുടകപ്പാലയരി, ചെറുപ്പുന്നയരി, കാർകോകിലരി, ഏലത്തരി, വിഴാലരി, ശംഖപുഷ്പത്തിൻവെര, ജീരകം, കരിഞ്ചീരകം, പെരുഞ്ചീരകം, ത്രികടു, ത്രിഫല, മയിൽപ്പീലി, മുയലിൻകാഷ്ഠം, പൂടക്കപ്പൂരം, ത്രികോല്പകൊന്ന, കണ്ടിവെണ്ണ, തുവച്ചിലക്കാരം, ചവക്കാരം, പൊൻകാരം, വാലുമുളക, വെങ്കല്ലൊടി, വെളുത്തുള്ളി വെള്ളാമയോട, വെള്ളാട്ടിൻതലയോടെ, പന്നിത്തെററ, ആനപ്പിണ്ടിചുട്ടുണ്ടാക്കിയഭസ്മം, ഇവ അരച്ചുകലക്കി എരുമനെയ്യും അതിനോടുസമമായി പിടിയാനമൂത്രം, പശുവിൻമൂത്രം, പെൺകുതിരമൂത്രം, ഇവയുംചേൎത്ത കാച്ചിഅരിച്ച നസ്യംചെയ്കയൊ സന്ധികളിൽ പുരട്ടുകയൊചെയ്ക എന്നാൽ സൎവ്വാപസ്മാരങ്ങളും തൽക്കാലംശമിക്കും പതിനെട്ടാമത്തെ അപസ്മാരമുള്ളവന ഏതുപ്രകാരെണഎങ്കിലും ബോധമുണ്ടായാൽ ദോഷകോപത്തിന്റെ ശക്തിക്കതക്കവണ്ണം ഠരം നെയ്യുസേവിപ്പിക്കയുമാമ നസ്യാദികൾചെയ്താൽതന്നെ മിക്കതുംശമിക്കും ഇങ്ങിനെ എല്ലാ അപസ്മാരങ്ങൾക്കും കണ്ടുകൊൾക മേൽപറഞ്ഞ നെയ്യു അപസ്മാരകുലാന്തകമെന്ന പേരോടുകൂടിയതാകുന്നു.

ഇതി വാദ്ധ്യാസോപനാമകരാമാനന്ദനാഥപണ്ഡിത പാരശവെന്ദ്രകൃതാവാരൊഗ്യകല്പദ്രുമെ ബാലചികിത്സായാം ദ്വാത്രിംശസ്തബകൊ നാമദ്വാത്രിംശൊദ്ധ്യായഃ

ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം.

ത്രയസ്ത്രിംശാദ്ധ്യായപ്രാരംഭഃ

ബാലഗ്രഹപ്രതിഷെധഃ

൧. അഥബാലഗ്രഹാണാംയഃപ്രതിഷെധഃപുരാതനൈഃ।

പ്രൊക്തസ്സകഥ്യതെതെചസ്കന്ദാദ്യാദ്വാദശസ്മൃതാഃ॥
൩൦ അദ്ധ്യായത്തിങ്കൽബാലഗ്രഹങ്ങളുടെ പീഡകൾക്ക
വേണ്ടുംപ്രതിവിധികളെ പറയുന്നു. ബാലഗ്രഹങ്ങൾ
സ്കന്ദൻമുതൽ പന്ത്രണ്ട ദേവതകളാകുന്നു.

ബാലഗ്രഹ നാമധെയങ്ങൾ

൨. തെഷാംസ്കന്ദൊവിശാഖശ്ചമെഷാസ്യശ്ശ്വഗ്രഹസ്തഥാ ।
പിതൃഗ്രഹശ്ചപഞ്ചെതിപുരുഷാഃപ്രാഗ്ദിരീരിതാഃ ॥
൩. ശകുനിഃപൂതനാശീതപൂതനാദൃഷ്ടിപൂതനാ ।
മുഖമണ്ഡലികാരെവത്യന്തിമാശുഷ്കരെവതീ॥
൪. ഇതിസപ്തസ്ത്രിയസ്സർവ്വെശർവ്വെണൊൽപാദിതാഃ ।
പുരാഷാണ്മാതുരസ്യരക്ഷാൎത്ഥംനരബാലകബാധകാഃ॥

അവരിൽവെച്ച സ്കന്ദൻ, വിശാഖൻ, മെഷാസ്യൻ, ശ്വഗ്രഹം, പിതൃഗ്രഹം ഇങ്ങിനെ അഞ്ചുദേവതകൾ പുരുഷന്മാരാകുന്നു. ശകുനി, പൂതനാ, ശീതപൂതനാ, ദൃഷ്ടിപൂതനാ, മുഖമണ്ഡലികാ, രെവതീ, ശുഷ്കരേവതീ ഇങ്ങിനെ ഏഴ ദേവതകൾ സ്ത്രീകളാകുന്നുഎന്ന പൂൎവ്വന്മാരായിരിക്കുന്ന വൈദ്യാചാൎയ്യന്മാരാൽ പറകപ്പെട്ടിരിക്കുന്നു. മേൽവിവരിച്ചവര എല്ലാവരും ശിവനാൽ സുബ്രഹ്മണ്യന്റെ രക്ഷക്കായിക്കൊണ്ട സൃഷ്ടിക്കപ്പെട്ടവരാകുന്നു മനുഷ്യശിശുക്കളെ അവർ ബാധിക്കുന്നവരുമാകുന്നു.

൫. തെഷാംബാധിഷ്യമാണാനാംസതതംരൊദനംജ്വരഃ ।
പ്രാഗ്രൂപമാഥസാമാന്യലക്ഷണഞ്ചാഭിധീയതെ ॥

മേൽപറഞ്ഞ ഗ്രഹങ്ങൾ ബാധിപ്പാനായി തുടങ്ങുമ്പോൾ ബാലന്മാൎക്ക എല്ലാസമയവും കരച്ചിലുംപനിയുമുണ്ടാകും ഇതുകൾകണ്ടാൽ ബാലഗ്രഹബാധയുടെ പുറപ്പാടായിരിക്കുമെന്ന ഊഹിച്ചുകൊൾക. ബാലഗ്രഹബാധാ സാമാന്യലക്ഷണത്തെ ഇതിന്നുതാഴെ വിവരിക്കുന്നു.

ബാലഗ്രഹബാധാസാമാന്യലക്ഷണം

൬. ഉത്ത്രാസജൃംഭാഭ്രൂക്ഷെപദീനതാഃഫെനനിൎഗ്ഗമഃ ।
ഊൎദ്ധ്വപ്രസാരിണീദൃഷ്ടിൎദ്ദന്തൈരൊഷ്ഠനിപീഡനം॥
൭. രൊദനംകൂജനംസ്തന്യവിദ്വെഷശ്ചപ്രജാഗരഃ ।
സ്വരസ്യവികൃതത്വഞ്ചനഖൈൎദ്ധാത്ര്യംഗലെഖനം ॥
൮. സാമാന്യലക്ഷണാന്യാഹുരെതാന്യെഷാംവിചക്ഷണാഃ॥
അസാധാരണലിംഗാനിനബ്രൂമൊവിസ്തരാൽഭിയാ ॥

ഭയംഹേതുവായിട്ട ഹൃദയംവിറക്കുക, കൊട്ടായിടുക,പുരികങ്ങളിളക്കുക, ശരീരെന്ദ്രിയമനസ്സുകൾക്കു അധികമായ തളൎച്ച വായിൽനിന്നുപതയോടുക്കൂടിയനീരൊഴുക, ദൃഷ്ടിമേൽപ്പട്ടാക, ചുണ്ടുകടിക്ക,കരയുക,മൂളുക,മുലപ്പാൽകുടിക്കായ്ക, ഉറക്കമില്ലായ്ക, സ്വാപ്പകച്ച, നഖങ്ങൾകൊണ്ടു മാതാവിൻെറശരീരത്തിങ്കൽ മുറിഏല്പിക്കുക. ഇവകളെക്കയും ബാലഗ്രഹബാധകളുടെ സാമാന്യലക്ഷണങ്ങളാകുന്നു. ഓരോന്നിന്ന പ്രത്യേകമുള്ള ലക്ഷണങ്ങളെ വിസ്തരഭയം ഹേതുവായിട്ട ഇവിടെ വിവരിക്കുന്നില്ല. എന്നാൽ അതുകൾക്കു എങ്ങിനെ ചികിത്സിക്കുമെന്നുള്ള ആക്ഷേപത്തെ ഇതിന്നതാഴെ കാണിക്കുന്ന ശ്ലോകംകൊണ്ടു പരിഹരിക്കുന്നു.

൯. കുൎയ്യാൽപ്രശാന്തയെതെഷാംഭിഷക്സാധാരണീഃ
ക്രിയാഃബലിദാനായവക്ഷ്യന്തെമന്ത്രഖണ്ഡെപൃഥഗ്വിധാഃ"

വൈദ്യൻ എല്ലാ ബാലഗ്രഹങ്ങൾക്കും പറയുന്നതായ ചികിത്സകളെചെയ്തു അവരുടെ ബാധകളെ നല്ലവണ്ണം ശമിപ്പിച്ചു കൊൾക. അതിന്ന സാമാന്യചികിത്സകളെ വിവരിച്ചുകാണിച്ചാൽ മതിയെല്ലൊ എന്നാൽ ഇനിമന്ത്രഖണ്ഡത്തിംകൽപ്രത്യേകംതന്നെ ലക്ഷണങ്ങൾ പ്രസംഗിപ്പാനുള്ള പുറപ്പാട എന്തിനായിക്കൊണ്ടാണ എന്നവിചാരിക്കേണ്ട ബലിദാനത്തിനായിക്കൊണ്ട അവിടെ വെവ്വെറെ പറയുന്നതുകൂടാതെ കഴിയായ്കകൊണ്ടാകുന്നു. എന്ന ഇതിൻെറ അഭിപ്രായമാകുന്നു.

## അസാദ്ധ്യലക്ഷണം

൧൦. ഗ്രന്ഥയൊവൎത്തുളാഃകുക്ഷൌനാനാവൎണ്ണംചയസ്യവിരാ। ജിഹ്വാമദ്ധ്യെചനിമ്നത്വംതാലുശ്യാവഞ്ചജായതെ॥

൧൧. ത്യജെത്തമന്നംഭുഞ്ജാനൊബഹ്വപിക്ഷീയതെചയഃ
തൃഷ്ണാൎത്തഃക്ഷാമനെത്രശ്ചതംഭിഷക്ദൂരതസ്ത്യജെൽ॥

യാവനൊരുത്തൻെറ വയററത്ത വട്ടത്തിലുള്ളമുഴകളും മലത്തിന്നപലതായനിറവും നാവിൻെനടുവിൽ താഴ്ചയും അണ്ണാക്കിൽ ശ്യാവവൎണ്ണവും കാണപ്പെടുന്നുവോ അവന്ന ചികിത്സിച്ചാൽ ഫലമില്ലായ്കകൊണ്ടു അവനെഉപേക്ഷിക്കണം അപ്രകാരംതന്നെ യാവനൊരുത്തൻ വളരെ അന്നത്തെ ഭക്ഷിച്ചു പൊരുന്നസമയം ദിവസംതോറുംകൃശനായിഭവിക്കയും ഏററവുംവൎദ്ധനയോടുകൂടിയ തണ്ണീർദാഹത്തോടു കൂടിയവനായുംകണ്ണിൻെറമാംസത്തിന്നുകൂടെ ക്ഷയമുള്ളവനായുമാകയും ചെയ്യ

ന്നുവോ അവനെയും ഉപേക്ഷിക്കണം.

## ഗ്രഹബാധാനിമിത്തങ്ങൾ

൧൨. ഹിംസാരത്യൎച്ചനാകാൎങ്ക്ഷാസ്തേഷാംഗ്രഹണഹേതവഃ
തൽഭേദേനഗൃഹീതാനാംമിഥൊഭേദശ്ചജായതേ॥

ഹിംസിക്കേണമെന്നും രമിക്കേണമെന്നും ബലികിട്ടേണമെന്നുള്ള ആഗ്രഹങ്ങൾ ഗ്രഹബാധാകാരണങ്ങളാകുന്നു. അതുകളുടെ ഭേദം ഹേതുവായിട്ടു ബാധിക്കപ്പെട്ട ബാലന്മാൎക്കും ലക്ഷണഭേദംഭവിക്കുന്നതാകുന്നു.

## ഹിംസാകാമഗൃഹീതലക്ഷണം

൧൩. ഹിംസാകാമേനബാലാസ്സ്യുഗൃഹീതാസ്രുതനാസികാഃ।
ക്ഷതജിഹ്വാഃക്വണന്തശ്ചദുഃഖിനസ്സാസ്രലൊചനാ॥

൧൪. ഹീനവാചശ്ചദുൎഗ്ഗന്ധാഃക്ഷാമാമൂത്രമലാദിഷു।
ജുഗുപ്സാരഹിതാഹസ്താവുദ്യമ്യപ്രഹരന്തിച॥

൧൫. സ്വദേഹേഷ്വതിസംരബ്ധാഃകാഷ്ഠാദ്യൈശ്ചതഥേതരാൻ
പ്രവിശെയുജ്ജ്വലന്തംവാപാവകംഗതസാധ്വസാഃ॥

൧൬. നിമജ്ജെയുരഗാധെചസലിലെകൂപകാദിഷു।
പതെയുൎവ്വ്തഥാന്യച്ചകുൎയ്യുരത്യന്തസാഹസം॥

൧൭. തൃഡ്ദാഹമൊഹയുക്താശ്ചപൂയച്ഛൎദ്ദനകാരിണഃ।
സ്രവദ്രക്താശ്ചബൈട്യസ്സ്യുൎവ്വ്യക്തരിഷ്ടാശ്ചതാംസ്ത്യജെൽ

ഹിംസിപ്പാനായിക്കൊണ്ടു ആഗ്രഹത്തോടുകൂടിയ ബാലഗ്രഹത്താൽ ബാധിക്കപ്പെട്ടവരായ ബാലന്മാൎമൂക്കുകളിൽ നിന്നു നീരൊഴുക്കത്തോടുകൂടിയവരായും നാവുകടിക്കുന്നവരായും ഉറക്കെശബ്ദിക്കുന്നവരായും എല്ലാസമയവും ദുഃഖത്തോടുകൂടിയവരായുംകണ്ണുകളിൽനിന്നുനീരൊഴുക്കത്തോടുകൂടിയവരായുംചുരുങ്ങിയവാക്കോടുകൂടിയവരായുംദുൎഗ്ഗന്ധത്തോടുകൂടിയവരായുംകൃശന്മാരായുംമലമൂത്രാദികളിൽഅറപ്പോടുകൂടാത്തവരായുമിരിക്കും കൈകളുയൎത്തിതന്റെശരീരത്തിങ്കൽഅടിക്കയും വിറകിന്റെ കൊള്ളിമുതലായതെട്ടത്തഅന്യന്മാരെപ്രഹരിക്കകയുംചെയ്യും. ഏററവും കോപത്തോടുകൂടിയവരായുമിരിക്കും ജ്വലിക്കുന്ന അഗ്നിയിൽ വീഴുന്നവനായിഓടിഅടുക്കും- അഗാധമായ ജലത്തിങ്കൽമുങ്ങും. കിണററിൽചാടുംഇൗവിധമായസാഹസംപലതുംചെയ്യും.തണ്ണീർദാഹം,ചുട്ടുനീററൽ,ഇന്ദ്രിയങ്ങൾക്കതളൎച്ച ഇവയോടുകൂടിയിരിക്കയുംചെയ്യും. ചലത്തെച്ഛൎദ്ദിക്കും സൎവ്വദ്വാരങ്ങ

ളിൽനിന്നും രക്തസ്രാവത്തോടുകൂടിയവരായുമിരിക്കും. അവരിൽ ചിലക്ക് മരണമടുത്താൽ കാണപ്പെടുന്ന ചിഹ്നങ്ങളും കാണും. അതുകൾ കണ്ടാൽ ചികിത്സിക്കരുതു. അത്രയുമല്ല ശേഷം ലക്ഷണങ്ങളുടെ തികവുണ്ടായാലും ചികിത്സിക്കരുതു.

൫൮. അദൃഷ്ടരിഷ്ടാനന്യേഷാമസാമഗ്ര്യേ ചതാൻനയേൽ। സ്വ
സ്ഥതാംസിദ്ധമന്ത്രേണഹോമാദ്യൈസ്സംപ്രവർത്തിതൈഃ॥

മരണമടുത്താൽ കാണപ്പെടുന്നവയായ ചിഹ്നങ്ങൾകാണുന്നതിന്നുമുമ്പെ മേല്പറഞ്ഞ ലക്ഷണങ്ങൾ തികയാതെ ഇരിക്കുന്നസമയംതന്നെ സിദ്ധമായിരിക്കുന്ന മന്ത്രംകൊണ്ടു ഹോമാദികളെ ചെയ്തു മേൽപറഞ്ഞ ബാലന്മാക്ക് സ്വസ്ഥതയെ ഉണ്ടാക്കുക.

### രതികാമഗൃഹീതലക്ഷണം

൫൯. ഗൃഹീതാരതികാമേനരഹോദേശാഭിലാഷിണഃ।
സ്ത്രീണാംദർശനസല്ലാപസ്പർശനാദിഷുലോലുപാഃ॥
൬൦. സ്രഗ്ഗന്ധഭൂഷാസദ്വസ്ത്രതൽപരാഹൃഷ്ടചേതസഃ।
പ്രശാന്താശ്ചഭവേയുസ്താൻരതിദാനാദിഭിർന്നയേൽ॥
൬൧. സ്വാസ്ഥ്യംതൈസ്സൈർമ്മനോദോഷശമനൈരൌഷ
ധൈരപി। സിദ്ധമന്ത്രവിധാനേനസമുത്തേജിതശക്തിഭിഃ॥

രതികാമനായിരിക്കുന്ന ബാലഗ്രഹത്താൽ ബാധിക്കപ്പെട്ട ബാലന്മാർ വിജനപ്രദേശത്തിങ്കൽ വസിപ്പാനായിക്കൊണ്ടു ആഗ്രഹിക്കുന്നവരായും സ്ത്രീകളെ കാണ്മാനും അവരൊടു സംഭാഷണത്തെ ചെയ്വാനും അവരെ തൊടുവാനും മറ്റും കാംക്ഷയുള്ളവരായും സൌരഭ്യത്തോടുകൂടിയ പുഷ്പങ്ങൾകൊണ്ടുണ്ടാക്കിയ മാല, ചന്ദനാദിഗന്ധദ്രവ്യം, ആഭരണം, നല്ലവസ്ത്രം ഇവയിൽ താല്പൎയ്യത്തോടുകൂടിയവരായും സന്തോഷത്തോടും ശാന്തതയോടുംകൂടിയവരായുമിരിക്കും. അവക്ക് രതിദാനാദികളെചെയ്തിട്ടും മനോദോഷഹരങ്ങളായും സിദ്ധമന്ത്രജപം കൊണ്ടു വൎദ്ധിപ്പിക്കപ്പെട്ട വീൎയ്യത്തോടുകൂടിയവയായുമിരിക്കുന്ന അതാത ഔഷധങ്ങളെ സേവിപ്പിച്ചിട്ടും സ്വസ്ഥതയെ ഉണ്ടാക്കുക.

### ബലികാമഗൃഹീതലക്ഷണം

൬൨. ബലികാമഗൃഹീതാസ്സ്യുർദ്ദീനാശ്ശങ്കിതവീക്ഷകാഃ।
ആസ്യംപരിമൃശന്തശ്ചഗളതാല്വോഷ്ഠശോഷിണഃ॥
൬൩. ധ്യായന്തഇവയൽകിഞ്ചിൽഭീതിമന്തശ്ചസൎവ്വദാ।
അന്നമന്നാഭിലാഷേപിനാശ്നീയുസ്സമുപവാദിതം॥

൨൪, ബലിദാനെനതാംസ്താംസ്താനൌഷധൈശ്ചഭിഷങ്ന
യെൽ । സ്വാസ്ഥ്യതാംതല്പമൊമന്ത്രൈർദ്ദൊഷാണാംശാ
ന്തിരൌഷധൈഃ॥

ബലികാമനായ ബാലഗ്രഹത്താൽ ബാധിക്കപ്പെട്ടവരായ ബാലന്മാർ ദീനന്മാരായും ശങ്കയൊടുകൂടെ നോക്കുന്നവരായും തന്റെമുഖത്തെ താൻതന്നെ തപ്പിനൊക്കുന്നവരായും കഴുത്തിന്റെ ഉള്ള, അണ്ണാക്ക, ചുണ്ട ഈ പ്രദേശങ്ങളിൽ വരൾച്ചയൊടുകൂടിയവരായും ഏതാനുമൊന്നിനെ ധ്യാനിക്കുന്നുവൊ എന്ന തോന്നത്തക്കവിധത്തിലായിരിക്കയും എല്ലാസമയവും ഭയത്തോടുകൂടിയവരായിരിക്കയും ഭക്ഷിക്കെണമെന്ന ആഗ്രഹമുള്ളപ്പോൾത്തന്നെ ഭക്ഷണസാധനങ്ങളെ വേണ്ടുംവണ്ണമുണ്ടാക്കിക്കൊടുത്താലും ഭക്ഷിക്കാത്തവരായിരിക്കയും ചെയ്യും. അവരെ ബലിദാനംകൊണ്ടും അതാത ഔഷധങ്ങളെക്കൊണ്ടും സ്വാസ്ഥ്യതയെ പ്രാപിപ്പിക്കണം. മന്ത്രങ്ങൾകൊണ്ട ബാധാശമനവും ഔഷധംകൊണ്ട വാതാദിദോഷകോപശമനവും ഭവിക്കുന്നതാകയാൽ ഉഭയവിധങ്ങളായ കർമ്മങ്ങളെ ഗ്രഹങ്ങളുടെബാധകൊണ്ട അസ്വാസ്ഥന്മാരായ എല്ലാവക്കും ചെയ്യുകയും വെണം.

൨൫. മന്ത്രൈഃപ്രയോഗാവക്ഷ്യന്തെമന്ത്രഖണ്ഡെപൃഥഗ്വി
ധാഃ ഔഷധൈഃപ്രതികത്തവ്യമെവമിത്യത്രകഥ്യതെ॥

മന്ത്രങ്ങൾകൊണ്ടുള്ള പ്രയോഗങ്ങളെ അതാതിന്ന വെറെ വേറെ മന്ത്രഖണ്ഡത്തിൽപറയും ഔഷധങ്ങൾകൊണ്ടു പ്രവൃത്തിക്കെണ്ടത ഇന്നപ്രകാരമെന്ന ഇതിന്നുതാഴെ പറയുന്നു.

ബാലഗ്രഹസാമാന്യചികിത്സാ

൨൬. ബാലംസാദ്ധ്യഗ്രഹാവിഷ്ടംവിജനെവെശ്മനിസ്ഥിതം।
കൃതപാസമ്മൃഷ്ടസംസിക്തെസദാസംരക്ഷിതാനലെ ॥

൨൭. ഭസ്മനാകുസുമൈഃപത്രൈർഗ്രഹപ്രശമകാരിഭിഃ।
ബിജൈർദ്ദീപെനചാജസ്രംവിധിവൽസമലംകൃതെ ॥

൨൮. സ്ത്രീസെവാമദ്യമാംസാദിനിവൃത്തപരിചാരകെ।
പ്രത്നെനസപ്പിഷാഭ്യജ്യസ്നപയെൽസുഖവാരിണാ॥

൨൯. കഥിതെനബലാരിഷ്ടവൈജയന്തീസുവർണ്ണകൈഃ।
മാജ്ജയെദ്ധൌതവസ്ത്രേണതതൊധൂപസമാചരെൽ॥

സാദ്ധ്യമായ ബാലഗ്രഹത്താൽബാധിക്കപ്പെട്ടവനായ ബാലനെജനബാഹുല്യത്തൊടുകൂടാത്തതായും അടിച്ചുതളിച്ചുശുദ്ധ

മാക്കപ്പെട്ടതായും എല്ലാസമയവും തിയ്യോടുകൂടിയതായും ഭസ്മം കൊണ്ടും ഗ്രഹബാധാ ശമനകരങ്ങളായിരിക്കുന്ന പുഷ്പങ്ങൾ, ഇലകൾ, വിത്തുകൾ, വിളക്ക ഇവകൊണ്ടും അലംകരിക്കപ്പെട്ടതായും, സ്ത്രീസേവാ, മദ്യപാനം, മാംസഭക്ഷണം ഇവകളെ ചെയ്യാത്തവരായ പരിചാരകന്മാരെടു കൂടിയതായുമിരിക്കുന്ന ഗൃഹത്തിൽ ഇരുത്തി പഴയനെയ്യ തെപ്പിച്ച കുറുന്തോട്ടിവേര, വേപ്പില, പുഴമുഞ്ഞയില, കൊന്നയില ഇവയിട്ട തിളപ്പിച്ച ചൂടുപാകമാക്കിയ വെള്ളംകൊണ്ട കുളിപ്പിക്കയും അലക്കിയവസ്ത്രംകൊണ്ട തോൎത്തിക്കയും അനന്തരം ഇതിന്നുതാഴെ വിവരിക്കുന്ന പുകയെ ഏല്പിക്കുകയുംചെയ്ക.

൩൦. കുഷ്ടദീപ്യകസിദ്ധാൎത്ഥവ്യാഘ്രത്വങ്നിംബപല്ലവൈഃ ।
പൂതി ഗ്രഗന്ധാദേവാഹ്വസൎപ്പകഞ്ചുകസംയുതൈഃ ॥

൩൧. ചൂൎണ്ണിതൈൎഘൃതസംമിശ്രൈൎദ്ധൂപോബാലഗ്രഹാൎത്തിഹൃൽ । ലശുനത്വഗ്വചാകുഷ്ഠഹിംഗുഭിഃകൃതഏവവാ ॥

കൊട്ടം, അയമോതകം, കടുക, പുലിത്തോല, വേപ്പില, പീനാറി, വയമ്പ, ദേവതാരം, പാമ്പിൻവള ഇവ പൊടിച്ച നെയ്യുകൂട്ടി പുകക്കുക. ബാലഗ്രഹപീഡശമിക്കും ഉള്ളിത്തൊലി, വയമ്പ, കൊട്ടം, കായംഇവപൊടിച്ചനെയ്യുകൂട്ടിപുകെക്കുകയുമാം

(ധൂപത്തിന്ന നിംബനിൎയ്യാസാദി ചൂൎണ്ണം)

൩൨. നിംബനിൎയ്യാസനിൎഗ്ഗുണ്ഡീപത്രാഗരുസുരാഹ്വയൈഃ ।
വൃഷസൈരിഭസാരംഗശൃംഗശാൎദ്ദൂലചൎമ്മഭിഃ ॥

൩൩. ഗോലോമീഹിംഗുസിദ്ധാൎത്ഥലശുനത്വങ്നിദശാദ്ധ്യയൈഃ। സൎപ്പകഞ്ചുകമായൂരപിഞ്ഛസൎജ്ജകപിത്ഥകൈഃ॥

൩൪. സലിലോശീരയഷ്ട്യാഹ്വകുഷ്ഠചന്ദനകൌശികൈഃ ।
ശ്രീവേഷ്ടപൂതിശ്രീവൃക്ഷപല്ലവൈശ്ചവിചൂൎണ്ണിതൈഃ ।

൩൫. സൎഷപസ്നേഹഭല്ലൂകവസാഘൃതസമിന്വിതൈഃ। അംഗേഷ്വാവേശിതോധൂപോബാലാനാംഗ്രഹശാന്തികൃൽ॥

വേപ്പിൻപശ, കരുനൊച്ചിയില, അകില, ദേവതാരം, കാളക്കൊമ്പ, പോത്തിൻകൊമ്പ, കലക്കൊമ്പ, പുലിത്തോല, വയമ്പ, കായം, കടുക, ഉള്ളിത്തൊലി, വരട്ടമഞ്ഞൾ, മരമഞ്ഞത്തൊലി, പാമ്പിൻവള, മയില്പീലി, ചെഞ്ചല്യം, വ്ലാംപശ, ഇരുവേലി, രാമച്ചം, ഇരട്ടിമധുരം, കൊട്ടം, ചന്ദനം, ഗുൽഗ്ഗുലു, തിരുവട്ടപ്പശ, പീനാറിക്കുവളത്തില ഇവപൊടിച്ച കടുകെണ്ണ കരുത്തമൃഖത്തോടുകൂടിയ മരംചാടിയുടെ നെയ്യ പശുവിന്റെ

നെയ്യ ഇവ ചേൎത്ത പുകക്കുക. ഈ ധൂപം ബാലഗ്രഹബാധകൾക്ക എറ്റവും ശമനകരമാകുന്നു.

(ഗ്രഹഭൈരവഘൃതം)

൮൬. ദശമൂലശൃതെതൊയെതുല്യെനപയസായുതെ । ദ്രവ്യൈ
 ചൂൎണ്ണാസ്ഥിമൂൎവ്വസ്ഥലാമരിചൈൎവ്വചാനതൈഃ ॥
൮൭. സൃഗാലവിഷ്ടാസംയുക്തൈഃപിഷ്ടൈൎഗ്ഗവ്യംപചെൽഘൃതം । തൽസ്ഥിലെസ്സാന്ധിലെപാദിവിധിഭിൎഗ്രഹസൂദനം ॥
൮൮. തദ്ദീപിതപ്രദീപാച്ചിൎയ്യത്രയത്രവിസൎപ്പതി ।
 തന്തദ്ദെശമപാസ്യാശുധാവന്ത്യപശിശുഗ്രഹാഃ ॥
൮൯. തദിദംപ്രൊക്തമന്യെദൃഷ്ടാസാക്ഷാൽകിലവിചക്ഷണൈഃ । ഗ്രഹഭൈരവമാചഖ്യുസ്തെചനാമ്നാദരാൽ ॥

ദശമൂലംകൊണ്ടു കഷായംവെച്ച അതിൽ പാല സമമായി ചേൎത്ത കറുക, മാങ്ങയണ്ടിപ്പരിപ്പ, മുത്തങ്ങക്കിഴങ്ങ, എലത്തരി, മുളക, വയമ്പ, തകരം, കുറുക്കന്റെകാഷ്ഠം ഇവ അരച്ച കലക്കി നെയ്യചേൎത്ത കാച്ചിഅരിക്കുക. ഈ നെയ്യ സന്ധികളിൽ പുരട്ടുക. എന്നാൽബാലഗ്രഹബാധശമിക്കും.അത്രയുമല്ല മേൽപറഞ്ഞ നെയ്കൊണ്ടു വിളക്കവെച്ചാൽഅതിന്റെ തേജസ്സ എത്തുന്നപ്രദേശത്തെ ഉപേക്ഷിച്ച ബാലഗ്രഹങ്ങൾ മററു വല്ലെടത്തേക്കുംപോകും. ഇതു പൂൎവ്വന്മാരായിരിക്കുന്ന ആചാൎയ്യന്മാർ കണ്ടറിഞ്ഞിട്ട മേല്പറഞ്ഞ നെയ്യിന്ന ഗ്രഹഭൈരവമെന്നുള്ളപേരിനെ നിശ്ചയിച്ചിരിക്കുന്നു.

(രാസ്നാദിഘൃതം)

൯൦. രാസ്നാകൈടൎയ്യശൈലൂഷ്ശുകനാസാസ്ഥിരാദ്വയൈഃ
 ജയാപാടലികാഭ്യാഞ്ചമസ്തയാബലയാപിച ॥
൯൧. നിൎഗ്ഗുണ്ഡീവിഹിതെപിഷ്ടൈശ്ശാരിബാവ്യോഷചിത്രകൈഃ । വെല്ലപാഠാപയസ്യാഭിട്ടാരുണാമധുകെനച ॥
൯൨. ഗ്രന്ഥികെന്ദ്രയവാഭ്യാംചഹിംഗുനാചപചെൽഘൃതം ।
 ആപൂൎയ്യമാണെസോമെഹന്തിശുഭെസംസ്രാവയേച്ചതൽ ॥
൯൩. തച്ചിശൊസ്സൎവ്വദാശസ്തംസൎവ്വരോഗഗ്രഹാൎത്തിജിൽ ।
 പാനേനമേദ്ധ്യമായുഷ്യംദീപനംബലവൎണ്ണകൃൽ ॥

അരത്ത, കുമിഴിൻവേര,കൂവളത്തിൻവേര, പലകപ്പയ്യാനിവേര, ഓരിലവേര, മൂവ്വിലവേര, മുഞ്ഞവേര, പൂപ്പാതിരിവേര, മുത്തങ്ങക്കിഴങ്ങ, കുറുന്തോട്ടിവേര ഇവകൊണ്ടു കഷായംവെച്ച നന്നാറിക്കിഴങ്ങ, ത്രികട്ടു, കൊടുവേലിക്കിഴങ്ങ, വിഴാലരി, പാടക്കിഴങ്ങ, കടുക്ക, ദേവതാരം, ഇരട്ടിമധുരം, കാട്ടുതിപ്പ

ലിവേര, കുടകപ്പാലയരി, കായം ഇവ അരച്ചുകലക്കി നെയ്യ ചേൎത്ത വെളുത്തപക്ഷത്തിൽ നന്നായിട്ടുള്ളദിവസം കാച്ചിഅരിച്ച സേവിപ്പിക്കുക. സൎവ്വരോഗവും സകലബാധകളും ശമിക്കും. ബുദ്ധിയുമായുസ്സും അഗ്നിബലവും വൎദ്ധിക്കും ബലവുംതെജസ്സുമുണ്ടാകും.

(ബാലപീഡയ്ക്കു ലേപനം)

൨൩. ജയന്തീതാലമൂലൊഗ്രഗന്ധാശൈലൂഷചന്ദനൈഃ॥
ശുദ്ധാംബുപിഷ്ടൈരാലെപൊബാലഗ്രഹനിവാരണഃ।

മുഞ്ഞവേര, കരിമ്പനവേര, വയമ്പ, കൂവളത്തിൻവേര, ചന്ദനം ഇവ പച്ചവെള്ളത്തിൽ അരച്ച മേൽപുരട്ടുക. ബാലഗ്രഹബാധ ശമിക്കും.

(സിദ്ധൌഷധങ്ങൾ)

൨൪. വയസാപാടലാമൂലംപായയെദരുണൊദയെ।
ധാത്രീവല്കംശതാവൎയ്യാഃകന്ദംവാബ്രഹ്മിമെവവാ।

പാതിരിവേരോ നെല്ലിത്തൊലിയൊ ശതാവരിക്കിഴങ്ങൊ ബ്രഹ്മിയൊ അരച്ച സൂൎയ്യോദയം നേരത്ത പാലിൽ സേവിപ്പിക്ക. ബാലഗ്രഹബാധ ശമിക്കും.

(ബലാലാക്ഷാദി തൈലം)

൨൫. ബലാലാക്ഷാശതാഗന്ധാനാംനിഷ്ക്വാഥെനിംബപത്രജം॥
നിൎഗ്ഗുണ്ഡീപത്രജംചാപിസംയോജ്യദശിഗ്ഗുണംരസം॥
൨൬. തൈലാച്ചതുൎഗ്ഗുണംമസ്തുതുല്യഞ്ചതുളസീരസം॥
തദൎദ്ധമിതമാജഞ്ചമൂത്രന്ദത്വാത്രകല്കിതൈഃ।
൨൭. ഗൊലൊമീകുഷ്ഠമഞ്ജിഷ്ഠാശാരിബാനതചന്ദനൈഃ।
തൈലംപചെൽസമതുല്യെനനവനീതെനസംയുതം।
൨൮. ഐരണ്ഡംസ്നേഹമൎദ്ധെനതുല്യംദത്വാനിഹന്തിതൽ॥
അഭ്യംഗാദഖിലാൻബാലഗ്രഹാംസ്ത്രീചതുരൈൎദ്ദിനൈഃ॥

കുറുന്തോട്ടിവേര, കോലരക്ക, അമുക്കുരം ഇവകൊണ്ടുകഷായംവെച്ച വേപ്പില, കരുനൊച്ചിയില, ഇവററിൻനീര എണ്ണയിലിരട്ടിയും തൈർവെള്ളം നാലിരട്ടിയും തുളസിനീര എണ്ണയോളവും ആട്ടിൻമൂത്രം അതിൽ പകുതിയുമായി ചേൎത്ത വയമ്പ, കൊട്ടം, മഞ്ചട്ടിപ്പൊടി, നന്നാറിക്കിഴങ്ങ, തകരം, ചന്ദനം, ഇവ അരച്ചുകലക്കി എണ്ണയും എണ്ണയോടുസമം വെണ്ണയും അതിൽപകുതി ആവണക്കെണ്ണയും ചേൎത്ത കാച്ചിയരിച്ച അതുകൊണ്ട തേച്ച കുളിപ്പിക്കുക. മൂന്നോ നാലോ ദിവസംകൊണ്ട ബാലഗ്രഹബാധകൾ ഒക്കെയും ശമിക്കും.

(ഹബുഷാകുസുമാദി തൈലം)

൨൯. ഹബുഷാകുസുമാനന്താകരഞ്ജത്വക്ഫലത്രയൈഃ।
തൈലംശൃതംധാന്യകെപക്വമഭ്യംഗാൽഗ്രഹശാന്തികൃൽ॥

അടയ്ക്കാമണിയൻപൂവ, കറുക, ഉങ്ങിൻതൊലി, ത്രിഫല ഇവ അരച്ച പച്ചവെള്ളത്തിൽ കലക്കി എണ്ണചേൎത്ത കാച്ചി യരിച്ച അതുകൊണ്ട തേച്ചുകുളിപ്പിക്കുക. ഫലം മേൽപ്രകാരം തന്നെ.

൩൦. കുൎയ്യാച്ചസ്നപനംമന്ത്രപൂതെനസരിദംബുനാ।
ബലിദാനംചഹോമംചയഥാത്രൊപരിവക്ഷ്യതെ॥

മേൽപറഞ്ഞചികിത്സകൾക്കുപുറമെ ഇനി മന്ത്രഖണ്ഡത്തിങ്കൽ കാണപ്പെടുന്നപ്രകാരം പുഴയിലെ വെള്ളംജപിച്ച ഒഴിച്ച കുളിപ്പിക്കയും ബലിദാനം, ഹോമം ഇവയെ ചെയ്കയും വേണ്ടതാകുന്നു.

ഇതി വാഗ്ഭടസോപനാമകരാമാനന്ദനാഥപണ്ഡിതപാരശവെന്ദ്രകൃതാവാരോഗ്യകല്പദ്രുമെ ബാലചികിത്സായാം ത്രയസ്ത്രിംശസ്തബകൊനാമ ത്രയസ്ത്രിംശൊദ്ധ്യായഃ॥

## ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം.

## ചതുസ്ത്രിംശാദ്ധ്യായപ്രാരംഭഃ

### പക്ഷിപീഡാ പ്രതിഷെധഃ

൧. സ്കന്ദാദിഷുവിനിൎദ്ദിഷ്ടശ്ശകുനിഃകസ്യചിന്മതെ।
ഭിദ്യതെതൽപ്രകാരശ്ചസംക്ഷെപെണാഭിധീയതെ॥

സ്കന്ദാദികളാകുന്ന ബാലഗ്രഹങ്ങളിൽവെച്ച ശകുനിഗ്രഹം നാനാവിധമാകുന്നുഎന്ന ചിലരുടെപക്ഷം. എങ്ങിനെ നാനാവിധമായി എന്നും നാനാവിധമായതിനാൽ ഗ്രഹിക്കപ്പെടേണ്ട ലക്ഷണഭേദങ്ങൾ എന്തെല്ലാമാകുന്നു എന്നും ചികിത്സകൾ എതെല്ലാംവിധത്തിലാകുന്നുഎന്നും ഒരു അദ്ധ്യായംകൊണ്ട വിവരിക്കപ്പെടുന്നു.

൨. സഏഷശകുനിഃപക്ഷീചതുൎദ്ധാസൌചഭിദ്യതെ॥
വന്ധ്യാസ്ത്രീപുരുഷഃക്ലീബഇതിലക്ഷ്മചഭിദ്യതെ।

ശകുനി എന്നത പക്ഷിയാകുന്നു. വന്ധ്യയും സ്ത്രീയും പുരുഷനും നപുംസകവും ഇങ്ങിനെ പക്ഷിഗ്രഹം നാലുവിധമാകുന്നു. നാലിന്നും ലക്ഷണങ്ങൾ വെവ്വേറെതന്നെ അതുകളേയും അതാതിന്റെ ചികിത്സകളെയും ഇതിന്നുതാഴെ കാണിക്കുന്നു.

### വസ്ധ്യാപീഡിത ലക്ഷണം

൩. വസ്ധ്യയാപീഡിതൊബാലൊജ്വരവാനതിസാരകീ।
പിപാസാസ്തന്യവിദ്വെഷശോഷഛൎദ്ദിസമന്വിതഃ॥
൪. കാതരൊജാഗത്രകശ്ചബലിദാനാദിഭിസ്ശമം।
പ്രാപയെദൌഷധൈസ്സിദ്ധൈരപിതത്സംഭവാൻഗദാൻ

വസ്ധ്യയാൽ ബാധിക്കപ്പെട്ട ബാലൻ പനി, അതിസാരം, തണ്ണീർദാഹം, മുലകുടിയായ്ക, ശോഷം, ഛൎദ്ദി, ഞെട്ടൽ, ഉറക്കമില്ലായ്ക ഇവയൊടുകൂടിയവനായിരിക്കും. അതുകളെ ബലിദാനാദികൾകൊണ്ടും സിദ്ധങ്ങളായിരിക്കുന്ന ഔഷധങ്ങൾകൊണ്ടും ശമിപ്പിക്കുക. ബലിദാനാദികളുടെ വിവരം മന്ത്രഖണ്ഡത്തിൽനോക്കി അറിഞ്ഞുകൊൾക. ഔഷധങ്ങളെ ഇതിന്നുതാഴെ കാണിക്കുന്നു.

### വസ്ധ്യാ ചികിൽസാ

൫. തൃണരാജശിഫാകല്ക്കെദാശെരകശക്റച്ശൃതം।
തൈലംവസ്ധ്യാപനൊദായലിംപെൽസൎവ്വാംഗസന്ധിഷു

കരിമ്പനവേരുകൊണ്ട കഷായംവെച്ച ഒട്ടകത്തിൻെറകാഷ്ഠം അരച്ചുകലക്കി എണ്ണചേൎത്ത കാച്ചിയരിച്ച ബാലൻെറ അംഗസന്ധികളിൽ പുരട്ടുക. വസ്ധ്യാബാധ ശമിക്കും.

### സ്ത്രീപീഡിത ലക്ഷണം

൬. സ്ത്രീയാഗൃഹീതൊബാലസ്സ്യാൽസ്കന്ധപൃഷ്ഠാവനാമവാൻ॥ നിമ്നമൂർദ്ധാജ്വരഛൎദ്ദിതൃഷ്ണാതിസരണാന്വിതഃ।

സ്ത്രീയായിരിക്കുന്ന ശകുനിഗ്രഹത്താൽ ബാധിക്കപ്പെട്ടവനായ ബാലൻ സ്കന്ധപൃഷ്ഠങ്ങളിലും മൂൎദ്ധാവിങ്കലും താഴ്ചയോടുകൂടിയവനായും പനി, ഛൎദ്ദി, തണ്ണീർദാഹം, അതിസാരം ഇവയോടുകൂടിയവനായും ഭവിക്കും.

### സ്ത്രീ ചികിത്സാ

൭. ഖരമഞ്ജരികാമൂലകഷായെവചയാശൃതം॥
തൈലംസന്ധിഷുലേപെനസ്ത്രീശകുന്യാമയാൻജയേൽ।
൮. വിഷ്ണുപാദൊദകസ്നാനംതുളസീദളധാരണം॥
ബലിദാനഞ്ചഹൊമശ്ചമന്ത്രതന്ത്രവിദാകൃതഃ॥

വലിയകടലാടിവെർകൊണ്ട കഷായംവെച്ച വയമ്പ അരച്ചുകലക്കി എണ്ണചേൎത്തകാച്ചിയരിച്ച സന്ധികളിൽ പുരട്ടുക. മെൽപറഞ്ഞ രോഗങ്ങൾ ശമിക്കും. വിഷ്ണുപാദതീൎത്ഥംകൊണ്ട കുളിപ്പിക്കയും തുളസിപത്രത്തെ ധരിപ്പിക്കയും ബലിദാനത്തെ

ചെയ്കയും ഹോമത്തെചെയ്കയും മേൽപറഞ്ഞ ബാധ ശമനകരങ്ങളാകുന്നു.

പുരുഷപീഡിത ലക്ഷണം

൯. പുരുഷെണഗൃഹീതസ്സ്യാന്നിമ്നമൂൎദ്ധാക്ലമാന്വിതഃ।
ഛൎദ്ദ്യതീസാരദാഹാഢ്യസ്തനദ്വേഷീചബാലകഃ।

പുരുഷനായിരിക്കുന്ന ശകുനിഗ്രഹത്താൽ ബാധിക്കപ്പെട്ടവനായ ബാലൻ മൂൎദ്ധാവിൽ താഴ്ചയോടും തളൎച്ചയോടും ഛൎദ്ദി, അതിസാരം, ചുട്ടുനീറൽ ഇവയൊടും സ്തനദ്വേഷത്തോടുംകൂടിയവനായി ഭവിക്കും.

പുരുഷ ചികിത്സാ

൧൦. ബലിദാനെനഹോമൈശ്ചസിദ്ധമന്ത്രപ്രവൃത്തിഭിഃ।
തസ്യസംശമനംകൃത്വായൊജയെദൌഷധംതതഃ॥

ബലിദാനാദികളെചെയ്തു മേൽപറഞ്ഞ ബാധയെ വേർപെടുത്തി അതിൻെറ ശേഷം അതാതുരോഗങ്ങൾക്ക മേൽപറഞ്ഞ പ്രകാരം ചികിത്സകളെ ചെയ്ക.

൧൧. ഗൃദ്ധ്രപത്രസമീപത്രവചാസഷപചോരകൈഃ।
ചൂൎണ്ണിതൈൎവ്വിഹിതൊധൂപഃപുംവിഹംഗമരൊഗനുൽ।

കഴുകിൻെറ ചിറക, വന്നിയില, വയമ്പ, കടുക, കച്ചൂരിക്കിഴങ്ങ ഇവ പൊടിച്ച അതുകൊണ്ട പുകയ്ക്കുക. മേൽപറഞ്ഞ ബാധയും അതഹേതുവായിട്ട ഉണ്ടായ രോഗങ്ങളും ശമിക്കും.

ക്ലീബപീഡിത ലക്ഷണം

൧൨. ക്ലീബെനപീഡിതൊബാലസ്കന്ധപൃഷ്ഠാവനാമവാൻ।
ശ്ശൂഷ്മോരഃകണ്ഠവക്ത്രശ്ചസ്യാച്ഛൎദ്ദ്യതിസാരവാൻ।

നപുംസകമായിരിക്കുന്ന ശകുനിഗ്രഹത്താൽ ബാധിക്കപ്പെട്ടവനായ ബാലൻ സ്കന്ധപൃഷ്ഠങ്ങളിൽ താഴ്ചയോടും ഉരസ്സ്, കണ്ഠം, വക്ത്രം, ഇവ പ്രദേശങ്ങളിൽ ശോഷത്തൊടും ഛൎദ്ദി, അതിസാരം ഇവയോടുംകൂടിയവനായി ഭവിക്കും.

ക്ലീബ ചികിത്സാ

൧൩. വൈജയന്തീരസെപക്വംവചാക്കുഷ്ഠാസ്ഥിപൂതിഭിഃ।
തൈലംസന്ധിഷുലെപെനക്ലീബാണ്ഡജഗദാൻജയെൽ

പുഴമുഞ്ഞയിലനീരിൽവയമ്പ, കൊട്ടം, ആമയോട പീനാറി ഇവ അരച്ചുകലക്കി എണ്ണചേൎത്ത കാച്ചിഅരിച്ച അംഗസന്ധികളിൽ

പുരട്ടുക.മേൽപറഞ്ഞ പക്ഷിയുടെബാധയും അതഹെതുവായി ട്ടുണ്ടായരോഗങ്ങളും ശമിക്കും.

൧൪. ശസ്ത്യതെബലിദാനാദി സൎവ്വമാത്രാപിബാധകെ।
ഗ്രഹനിവൃത്തെപൂൎവ്വൊക്തംകുൎയ്യാദ്രൊഗെനുബന്ധിനി॥

ബലിദാനംമുതലായ പ്രവൃത്തികളൊക്കയും ചെയ്യുകൊൾക. ഗ്രഹബാധ നിവൃത്തിച്ചതിൻെറശേഷം ചിലരോഗങ്ങൾ വിടാതെനിന്നാൽ അതാത രോഗങ്ങൾക്ക മേൽവിവരിച്ച പ്രകാരം ചികിത്സചെയ്യുകൊൾക.

## പക്ഷിപീഡാസാമാന്യ ചികിത്സാ

### (പാനലേപാദികൾക്ക തൈലം)

൧൫. ക്ഷുണ്ണാൽകുക്കുടനിഷ്പാനാദാഹൃതെപടപീഡിതാൽ।
തൈലംപചെൽസെകതൈല്ക്കൂസ്തൽഫലൈരെവതജ്ജയെൽ॥
൧൬. പാനലെപാദിയൊഗെനപക്ഷിപീഡാകൃതാൻഗദാൻ।
നിയച്ഛത്യഖിലാനാശ്ശുതദ്രജൊധൂപനാച്ചതാൻ॥

കോഴിപ്പയറ സമൂലം ഇടിച്ചുപിഴിഞ്ഞ നീരെടുത്ത അതിൽ കോഴിപ്പയറിൻകായ അരച്ചുകലക്കി എണ്ണ ചേൎത്ത കാച്ചിയരിച്ച സേവിപ്പിക്കയും സന്ധികളിൽ പുരട്ടുകയും മൂൎദ്ധാവിൽ തേപ്പിക്കയും ചെയ്ക. പക്ഷിപീഡകളെല്ലാം ശമിക്കും. കോഴിപ്പയറ സമൂലം, പൊടിച്ച അതുകൊണ്ടുപുകയ്ക്കുക. എന്നാലും ശമിക്കും.

### (നിംബപുഷ്പാദി തൈലം)

൧൭. നിംബപുഷ്പാളിമത്സ്യാക്ഷീദ്ബൎവ്വാഗരളികാരസെ।
വചാകല്ക്കശൃതംതൈലംതതൊഭ്രയസ്തരംഹ്രണെഃ॥

വേപ്പിൻപൂവ്വ, കഞ്ഞുണ്ണി, മീനങ്ങാണി, കറുക, കരളെകത്തില ഇവററിൻനീരിൽ വയമ്പ അരച്ചുകലക്കി എണ്ണചേൎത്ത കാച്ചിയരിച്ച അതുകൊണ്ട പാനലെപാദികളെ ചെയ്യിപ്പിക്ക. പക്ഷിപീഡകൾ ഉടനെ ശമിക്കും.

### (കുളിപ്പിപ്പാൻ വെള്ളം)

൧൮. വടപിപ്പലവിപ്രുദ്ധവിലെപാദുംബരവല്ക്കലൈഃ।
സ്നാനാൎത്ഥംശൃതമംഭശ്ചശസ്യതെപക്ഷിയക്ഷ്മണി॥

പേരാലിൻതൊലി, അരയാലിൻതൊലി, പ്ലാശിൻതൊലി, ക്ഷുവളത്തിൻതൊലി, അത്തിത്തൊലി ഇവയിട്ട വെള്ളം വെച്ച കുളിപ്പിക്കുക.

(പക്ഷിപീഡിതത്തെ കിടത്തേണ്ടുംപ്രകാരം)

൧൮. അധൌതെവസനെപ്രാതിലൊമ്യെനാലിഖ്യമാതൃകാഃ।
ആൎദ്രയാനിശയാതച്ചഹരിതാലെനധൂപയേൽ॥
൧൯. ആസ്തീൎയ്യസൎഷപാംസ്തത്രവികീൎയ്യധവളത്വിഷഃ
ആധായനിംബപത്രാണിപ്രാന്തെഷുപരിതൊന്യച॥
൨൦. ദീപംസൎഷപതൈലെനപ്രജ്വാല്യാന്തികസീമനി।
സംപ്രൊക്ഷ്യചവചാതൊയൈഃപരിതസ്തത്രവാസസി॥
൨൧. ശായയെൽബാലകംപക്ഷിഗ്രഹബാധാസമന്വിതം।
അരോഗഃപ്രഹരാൎദ്ധെനശായിതസ്സഭവെദ്ധ്രുവം॥

നിലത്ത കോടിവസ്ത്രം വിരിച്ച അതിൽ പച്ചമഞ്ഞൾകൊണ്ട അകാരാദ്യക്ഷരങ്ങളെ വിപരീതക്രമേണ എഴുതി പൊന്നരിതാരംകൊണ്ട പുകച്ച വെളുത്ത കടുക ആ വസ്ത്രത്തിൽവിതറി അതിന്റെ വക്കത്തു ചുററും വെപ്പിന്റെ ഇല വെച്ച സമീപത്തിങ്കൽ കടുകെണ്ണകൊണ്ടൊരു വിളക്കും വെച്ച വയമ്പ പച്ചവെള്ളത്തിൽ അരച്ചുകലക്കി വസ്ത്രത്തിലെല്ലാടവും തളിച്ച പക്ഷിബാധയോടുകൂടിയ ശിശുവിനെ ആ വസ്ത്രത്തിൽ കിടത്തുക. എന്നാൽ മൂന്നെമുക്കാൽനാഴികകൊണ്ട ആ ശിശുവിന്നപററിയ പക്ഷിബാധയും അതുനിമിത്തമായി ഉണ്ടായ സകല രോഗങ്ങളും ശമിക്കും.

൨൨. അജിനെദ്വീപിനൊബാലംശായയിത്വാശിഖാഞ്ച
ലെ। കൃഷ്ണമാൎജ്ജാരരൊമാണിബദ്ധ്നീയാദ്വാതദാതുരം।

പക്ഷിപീഡയൊടുകൂടിയ ശിശുവിനെ പുലിത്തോലിൽ കിടത്തി കറുത്തപൂച്ചയുടെ രോമം കുടുമയുടെ തലയ്ക്കൽ കെട്ടുകയുമാം. എന്നാലും പക്ഷിപീഡ ശമിക്കും.

(മാതൃകാഭസ്മം)

൨൩. ദൂൎവ്വാസിദ്ധാൎത്ഥഗൊലൊമീസഹദെവീസ്ഥിരായുഗൈഃ॥
നിംബപത്രശമീസാരരുചൎമ്മഹിമദ്വയൈഃ॥
൨൪. ക്ഷീരിവൃക്ഷകദംബാശ്വത്ഥകപലാശകുസുമോൽപലൈഃ।
ബൃഹതീംജറീദ്വന്ദ്വവില്വമൂലകപീതനൈഃ॥
൨൫. ശാരിബാകുഷ്ഠയഷ്ട്യാഹ്വമഞ്ജിഷ്ഠാഗരുകുംകുമൈഃ।
ത്രിഫലാവെല്ലനിൎഗ്ഗുണ്ഡീനലിലൊശീരദാരുഭി॥
൨൬. ഖരമഞ്ജരികാമൂലതുളസീകാഷ്ഠബൎബ്ബരൈഃ।
ദൂൎവ്വാഹംസപദീശക്രലതാഡാഡിമബീജകൈഃ॥
൨൭. പഞ്ചാനാംഭിന്നവൎണ്ണാനാംശകൃൽഭിശ്ചയുതൈൎഗ്ഗവാം।

ദശൈദ്ധന്നിവൃത്തിതംഭസ്മസമ്യൿധവളതാംഗതം।
൨൭. സ്പൃഷ്ടാനാമികയാസീനൊബാലചന്ദ്രവതംസികാം॥
സൌവർണ്ണമകുടൊപെതാംലൊചനത്രയശൊഭിനീം।
൨൮. അസിതാബ്ദപ്രഭാംസവ്യൈരവസവ്യൈശ്ചബാഹുഭിഃ।
അസിതശ്വെതപാലാശരക്തപീതൈശ്ചഭസ്തിഭിഃ
൨൯. ചാപംബാണംഭുജംഗഞ്ചാരണസ്ഥമരുകംസദാ।
പാനപാത്രംകൃപാണംചശൂലംഘണ്ടാംചസസ്പൃനാം॥
൩൦ മുഖരഞ്ചദരംശശ്വദ്ദീപ്രംചക്രഞ്ചബിഭ്രതീം।
സന്ധ്യാരക്തഗരുഡസ്പന്ദാംശൊണൊരൊജഭരാതുരാം॥
൩൧. താമ്രചഞ്ചുപുടാംധ്യാത്വാപക്ഷിദുർഗ്ഗാഹ്വയാംശിവാം।
സഹസ്രകൃത്വസ്തന്മന്ത്രമാവർത്ത്യദൃഢമാനസ
൩൨. തൽഭസ്മധാരയെന്മൂൎദ്ധ്നിഫാലെഷ്വപിചസന്ധിഷു।
സദ്യസ്സിദ്ധികരൊയോഗഃകശ്ചിദെഷപ്രദശിതഃ॥
൩൩.ആലംബ്യഃപക്ഷിപീഡാബ്ധൌപതിതസ്യനസംശയഃ।
തദിദംമാതൃകാഭസ്മകെവലാദ്ധാരണാദപി॥
൩൪.സൎവ്വഗ്രഹാമയൊന്മാദഘോരാപസ്മൃതിനാശനം।
ദുസ്സ്വപ്നശമനംമൃത്യുഹരംചമനയൊവിദുഃ॥

കറുക, വെങ്കൊട്ടക, വയമ്പ,പുവ്വാംകുറുന്തല, ഓരിലവേര, മൂവ്വിലവേര, വെറ്റില, വന്നിക്കാതല, കൃഷ്ണമൃഗത്തിൻതൊല, ചന്ദനം,രക്തചന്ദനം,നാല്പാമരത്തിൻതൊലി,കടമ്പിൽതൊലി, പ്ലാശിൻപൂവ,ചെങ്ങഴിനീർകിഴങ്ങ, ചെറുവഴുതിനവേര, വെൾവഴുതിനവേര, വരട്ടുമഞ്ഞൾ, മരമഞ്ഞൾതൊലി, കൂവളത്തിൻവേര, കല്ലാലിൻതൊലി, നന്നാറിക്കിഴങ്ങ, കൊട്ടം,ഇരട്ടിമധുരം,മഞ്ചട്ടിപ്പൊടി,അകില,കുംകുമം,ത്രിഫല,വിഴാലരി, കരുനൊച്ചിവേര, ഇരുവേലി, രാമച്ചം, ദേവതാരം, വലിയകടലാടിവേര,തുളസിത്തടി,ചെറുതേക്കിൻവേര, പെരുംകുരുമ്പവേര,നിലംപരണ്ട,ഉഴിഞ്ഞ,താളിമാതളവിത്ത, കറുത്തപശു, വെളുത്തപശു,ചുവന്നപശു, മഞ്ഞപ്പശു, പലനിറമായപ്പശു ഇവററിൻ ചാണകം ഇവകൾക്കുടെ ഇടിച്ചുരുട്ടി ഉണക്കി ചുട്ടനല്ലഭസ്മമാക്കി അതിൽനിന്ന കുറെ എടുത്തഒരുപാത്രത്തിലാക്കി മോതിരവിരൽകൊണ്ടുതൊട്ടിരുന്ന് ചന്ദ്രക്കല പൊൻകിരീടംമുതലായതകൊണ്ടശോഭിച്ചിരിക്കുന്നശിരസ്സോടും മൂന്നതൃക്കണ്ണുകളോടുംകാർമേഘമെന്നപോലെ കറുത്തനിറത്തോടും കറുപ്പ, വെളുപ്പ, പച്ച, ചുവപ്പ,മഞ്ഞ ഈ നിറത്തിൽ ഇടത്തുംവലത്തുമുള്ളഅയ്യഞ്ച തൃക്കൈകൾകൊണ്ട വില്ല,ശരം,പാമ്പതാ

നെ ശബ്ദിക്കും. ചെറുതുടി, പാനപാത്രം, വാള, ശൂലം, എല്ലാ സമയവും ശബ്ദത്തോടുകൂടിയമണി, മേൽപ്രകാരമിരിക്കുന്ന ശംഖഏററവും തേജസ്സോടു കൂടിയായിരിക്കുന്ന ചക്രം, ഇവയെ ധരിച്ചിയങ്ങുന്നവളായി ചുവന്ന ചിറകുകളോടും ചെന്താമരമൊട്ടുപോലെ ചുവന്ന മുലകളോടും ചെമ്പിൻ നിറമായ കൊക്കോടുംകൂടിയവളായി പക്ഷിദുൎഗ്ഗാ എന്ന പ്രസിദ്ധയായ ദേവിയെ ദൃഢചിത്തനായി ധ്യാനിച്ച പക്ഷിദുൎഗ്ഗാമന്ത്രംആയിരം ഉരുജപിച്ച ആ ഭസ്മത്തെ മൂൎദ്ധാവിലും നെററിമേലും സന്ധികളിലും ധരിപ്പിക്കുക.

൩൭. സംക്ഷിപ്യപൃഥഗെവെത്ഥംശകുനിഗ്രഹസാധനം।
സമ്യങ്നിൎദ്ദിഷ്ടമസ്മാഭിൎദ്രഷ്ടവ്യൊന്യത്രവിസ്തരഃ॥

ശകുനിഗ്രഹ ചികിത്സയെ ഞാൻ സംക്ഷേപിച്ച ഇങ്ങിനെ പറഞ്ഞു. ഇതിൻെറ വിസ്താരത്തെ അന്യഗ്രന്ഥങ്ങളിൽനൊക്കിഅറിഞ്ഞുകൊൾക.

ഇതി വാശദാസൊപനാമകരാമാനന്ദ നാഥപണ്ഡിത പാരശവെന്ദ്രകൃതാ വാരോഗ്യകല്പദ്രുമെ ബാലചികിത്സായാം ചതുസ്ത്രിംശസ്തബകൊനാമ ചതുസ്ത്രിംശൊദ്ധ്യായഃ

## ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം
## പഞ്ചത്രിംശാദ്ധ്യായ പ്രാരംഭഃ
## പ്രാകാരയൊഗപ്രകരണം

൧. അഖ്യാതബഹവൊരൊഗാദൊഷവൈഷമ്യഹെതവഃ।
പ്രാകാരയൊഗൈഃപ്രാഗെവപാലയെദെവവാശിശൂം॥

വാതാദിദോഷവൈഷമ്യം നിമിത്തമായിട്ടു ഉണ്ടാകുന്ന അനേകരോഗങ്ങൾ അതാതിൻെറ ചികിത്സകളോടുകൂടെ ഈശാസ്ത്രത്തിൽ പറകപ്പെട്ടു അതിനെ അനുസരിച്ച അതാതുരോഗങ്ങൾ ഉണ്ടായാൽ അതുകൾക്ക ചികിത്സിക്കുന്നതിനെക്കാൾമുമ്പെതന്നെ ജാതമാത്രാദികളായ ബാലന്മാൎക്ക ദോഷവൈഷമ്യത്തിന്നുള്ള അവസരങ്ങളുടെ പരിഹാരത്തെ ചെയ്യുന്നവയായയോഗങ്ങളെക്കൊണ്ട രക്ഷിക്കുന്നത നല്ലതാകയാൽഅതുതന്നെ ചെയ്കയുമാം. അതിന്ന വേണ്ടുന്ന യോഗങ്ങളെ പ്രാകാരയൊഗങ്ങളെന്ന പരിഭാഷകൊണ്ടു പൂൎവ്വാചാൎയ്യന്മാർ വ്യവഹരിച്ചിരിക്കുന്നു.

൨. പ്രാകാരാഇവശത്രുഭ്യൊയെരക്ഷന്തിവപുശ്ശിശൊഃ।
പ്രാകാരയൊഗാംസ്താനാഹുസ്താൻബ്രവീമിപൃഥഗ്വിധാൻ॥

മതിലുകൾ ശത്രുക്കളിൽനിന്ന ഗൃഹത്തെ രക്ഷിക്കുന്നതുപോലെ യാവ ചില സിദ്ധൌഷധങ്ങൾ രോഗങ്ങളിൽനിന്ന ദേഹത്തെ രക്ഷിക്കുന്നുവൊ ആ ഔഷധങ്ങളെ പ്രാകാരയോഗങ്ങൾ എന്ന പറയുന്നു. പ്രാകാരമെന്നത മതിലാകുന്നു. പ്രാകാരങ്ങൾപോലെ ഇരിക്കുന്ന യോഗങ്ങൾ എന്നൎത്ഥം. മേല്പറഞ്ഞ യോഗങ്ങൾ ജാതമാത്രാദികൾക്ക വെവ്വേറെയാകയാൽ ബഹുവിധങ്ങളാകുന്നു. അതുകളെ പ്രത്യേകം വിവരിച്ച ഇതിന്നു താഴെ കാണിക്കുന്നു.

ജാതമാത്രസ്യ

൩. ജാതമാത്രസ്യസപ്താഹംപ്രാതസ്സ്രീപദികാരസം ।
വിന്ദുത്രയമിതംസിഞ്ചെദ്വചയാസഹമൂൎദ്ധനി ॥

ജാതമാത്രനായ ബാലന്റെ മൂൎദ്ധാവിൽ ജനിച്ച ദിവസത്തിന്റെ പിററന്നാൾമുതൽ എഴദിവസം പുലച്ച സമയങ്ങളിൽ നിലമ്പരണ്ട നീരിൽ വയമ്പ അരച്ചുകലക്കി മുമ്മൂന്നു തുള്ളി ഒററിക്കുക.

൪. യഥാവദ്ദീപ്യമാനത്വമഗ്നെസ്വസ്ഥാനസംസ്ഥിതിഃ ।
ദൊഷാണാംമരുദാദീനാംഗ്രഹൈൎദ്ദുൎദ്ധൎഷതാപിച ॥

൫. എതാവന്തിഫലാന്യാഹുരെകസ്യാസ്യമഹൎഷയഃ ।
മണിമന്ത്രൌഷധാനാംയഃപ്രഭാവസ്സമഹാനിതി ॥

മേൽപറഞ്ഞ പ്രയോഗത്തിന്റെ ഫലങ്ങൾ അഗ്നിക്ക വെണ്ടുംവണ്ണമുള്ള ദീപ്തിസംഭവവും വാതാദിദോഷങ്ങളുടെ സ്വസ്ഥാനസ്ഥിതിയും ബാലഗ്രഹങ്ങൾക്കബാധിച്ചുകൂടായെന്നുള്ള അവസ്ഥയുമാകുന്നു. ജാതമാത്രന്നു ചെയ്യേണ്ടതാകയാൽ ഇതര യോഗങ്ങളെക്കാൾ മുഖ്യമായ മേൽപറഞ്ഞ പ്രയോഗത്തെ കുറിച്ച മഹൎഷിമാർ മണിമന്ത്രൌഷധങ്ങളുടെ ശക്തി വലുതായിട്ടുള്ളതാകുന്നു എന്ന പറഞ്ഞിരിക്കുന്നു. അത ഹേതുവായിട്ട മേൽപറഞ്ഞ ഫലങ്ങൾ ഇതുകൊണ്ട സംഭവിക്കുമൊ എന്ന സംശയിക്കരുത.

പക്ഷാതിതസ്യ

൬. പക്ഷാതീതസ്യസപ്താഹംപ്രാതഃപാനായകല്പയെൽ ।
വില്വാംഗപഞ്ചകക്ഷോദംധാത്രീസ്വാസഭാവിതം ॥

പക്ഷാതീതനായിരിക്കുന്ന ബാലനെ എഴദിവസം കൂവളത്തിന്റെ പഞ്ചാംഗങ്ങൾ പൊടിച്ച നെല്ലിക്കനീരിൽ സെവിപ്പിക്ക. ഫലം മെൽപ്രകാരംതന്നെ പതിനഞ്ചദിവസം തിക

ഞ്ഞ ബാലനെ പക്ഷാതീതനെന്ന പദംകൊണ്ടു ഗ്രഹിച്ചുകൊ ൾക.

മാസജാതസ്യ

൧. മാസജാതസ്യസപ്താഹംത്രായന്തിശൃതസർപ്പിഷാ ।
മുസ്താഹിംഗുവിളംഗാനാംരജഃപ്രാതഃപ്രശസ്യതെ ॥

ഒരു മാസം പ്രായമായ ബാലനെ എഴു ദിവസം മുത്തങ്ങക്കിഴങ്ങ, കായം, വിഴാലരി ഇവ പൊടിച്ചു ബ്രഹ്മിനീരിൽ ചേൎത്തു കാച്ചിയ നെയ്യിൽ ചേൎത്ത രാവിലെ സേവിപ്പിക്ക.

ത്രൈമാസികസ്യ

൨. ത്രൈമാസികസ്യസപ്താഹംസവ്യോഷംശാരിബാരജഃ॥
പ്രാതഃപ്രശസ്തമാശായനവനീതസമന്വിതം॥

മൂന്നു മാസം പ്രായമായ ബാലനെ എഴു ദിവസം ത്രികടുവും നന്നാറിക്കിഴങ്ങിന്റെ ഉറലും കൂട്ടിപ്പൊടിച്ചു വെണ്ണ ചേൎത്ത രാവിലെ സേവിപ്പിക്ക.

ഷാണ്മാസികസ്യ

൩. ഷാണ്മാസികസ്യസപ്താഹംമുസലീകന്ദജംരജഃ।
സവ്യോഷംമധുസംയുക്തംപ്രാതരാശായദാപയെൽ ॥

ആറു മാസം പ്രായമായ ബാലനെ എഴു ദിവസം നിലപ്പനക്കിഴങ്ങിന്റെ ഉറലും ത്രികടുവും കൂട്ടിപ്പൊടിച്ചു തേൻ ചേൎത്തരാവിലെ സേവിപ്പിക്ക.

എകാബ്ദസ്യ

൪൦. എകാബ്ദംപ്രഥമെമാസിസപ്താഹമരുണൊദയെ ।
ധാത്രീമുസ്താരജൊവ്യോഷമധ്വാഢ്യംപ്രാതരാശയെൽ॥

൪൧. ദ്വിതീയെനവനീതെനസംയുക്തംതതൃതീയകെ ।
സസിതംകൊഷ്ണതൊയെനചതുൎത്ഥെമാക്ഷികാന്വിതം॥

൪൨. പഞ്ചമെപഞ്ചകൊല്സ്യരജസാസഹസർപ്പിഷാ ।
ഷഷ്ഠെജീരകകൃഷ്ണാഭ്യാംസഹിതംമാക്ഷികെണച॥

൪൩. സപ്തമെഡാഡിമവ്യോഷസംയുക്തംദധിമസ്തുനാ ।
അഷ്ടമെഗ്രന്ഥികാമൂലകലിംഗശൃതസർപ്പിഷ ॥

൪൪. നവമെവെല്ലകൃഷ്ണാഭ്യാംസഹിതംമധുനാസഹ।
ദശമെജീരകവ്യോഷസഹിതംസിതയാസഹ॥

൪൫. എകാദശെജാക്ഷീരെണതഥൈവദ്വാദശെപുനഃ।
സിതാജീരകയുക്തംതൽഗവ്യേനപയസെഷ്യതെ ॥

ഒരു വയസ്സായ ബാലനെ രണ്ടാമത്തെ വയസ്സിന്റെ ആദ്യമായ മാസത്തിങ്കൽ ഏഴുദിവസം നെല്ലിക്കയുടെ ഊറലും മുത്തങ്ങയുടെ ഊറലും ത്രികടുവും കൂട്ടിപ്പൊടിച്ച തേൻചേൎത്ത രാവിലെസേവിപ്പിക്ക. രണ്ടാമത്തെമാസത്തിങ്കൽമേൽപറഞ്ഞ ഊറലുകൾ രണ്ടും കൂട്ടി വെണ്ണ ചേൎത്ത മേൽപ്രകാരം സേവിപ്പിക്ക. മൂന്നാമത്തെമാസത്തിങ്കൽമേൽപറഞ്ഞ ഊറലുകൾ പഞ്ചസാര ഇവ ഒന്നിച്ച കാച്ചവെള്ളത്തിൽ കലക്കി മേൽപ്രകാരംസേവിപ്പിക്ക. നാലാമത്തെമാസത്തിങ്കൽ മേൽപറഞ്ഞ ഊറലുകൾ പഞ്ചസാര ഇവ ഒന്നിച്ച തേനിൽചാലിച്ച മേൽപ്രകാരംസേവിപ്പിക്ക. അഞ്ചാമത്തെമാസത്തിൽ മേല്പറഞ്ഞ ഊറലുകൾ രണ്ടും കാട്ടുതിപ്പലിവേര കാട്ടുമുളകിൻവേരകൊടുവേലിക്കിഴങ്ങ, തിപ്പലി, ചുക്ക. ഉവററിൻപൊടിയുംകൂട്ടി നെയ്യിൽചാലിച്ച മേൽപ്രകാരം സേവിപ്പിക്ക. ആറാമത്തെമാസത്തിങ്കൽ മേൽപറഞ്ഞഊറലുകൾ രണ്ടും ജീരകം,തിപ്പലിഇവററിൻ പൊടിയുംകൂട്ടി തെനിൽചാലിച്ച മേൽപ്രകാരം സേവിപ്പിക്ക. ഏഴാമത്തെമാസത്തിങ്കൽ മേൽപറഞ്ഞ ഊറലുകൾരണ്ടും താളിമാതളങ്ങയുടെമൊട,ത്രികടുഇവററിൻപൊടിയും കൂട്ടി തയിർവെള്ളത്തിൽകലക്കി മേൽപ്രകാരം സേവിപ്പിക്ക. എട്ടാമത്തെ മാസത്തിങ്കൽമേൽപറഞ്ഞ ഊറലുകൾരണ്ടുംകൂട്ടികാട്ടുതിപ്പലിവേര, കുടകപ്പാലയരി ഇവകൊണ്ടുകാച്ചിയനെയ്യിൽ ചാലിച്ച മേൽപ്രകാരം സേവിപ്പിക്ക. ഒമ്പതാമത്തെമാസത്തിങ്കൽ മേൽപറഞ്ഞ ഊറലുകൾ രണ്ടും വിഴാലരി,തിപ്പലിഇവററിൻപൊടിയുംകൂട്ടി തേനിൽചാലിച്ച മേൽപ്രകാരം സേവിപ്പിക്ക. പത്താമത്തെമാസത്തിങ്കൽ മേൽപറഞ്ഞ ഊറലുകൾ രണ്ടും ജീരകം ത്രികടുഇവററിൻപൊടിയുംകൂട്ടി പഞ്ചസാരചേൎത്തമേൽപ്രകാരം സേവിപ്പിക്ക. പതിനൊന്നാമത്തെമാസത്തിങ്കൽ മേൽപറഞ്ഞഊറലുകൾ രണ്ടുംകൂട്ടി ആട്ടിൻപാലിൽമെൽപ്രകാരം സേവിപ്പിക്ക. പന്ത്രണ്ടാമത്തെ മാസത്തിങ്കൽ മേല്പറഞ്ഞ ഊറലുകൾ രണ്ടുംപഞ്ചസാരയുംജീരകത്തിൻപൊടിയും കൂട്ടി പശുവിൻപാലിൽകലക്കി മേൽപ്രകാരംസേവിപ്പിക്ക.

ത്ര്യബ്ദസ്യ

൧൫. ത്ര്യബ്ദസ്യപ്രഥമെമാസിഗുളൂചീപിപ്പലീവചാഃ
ചൂൎണ്ണിതാസ്സൎപ്പിഷാദദ്യാത്സപ്താഹംസമശൎക്കരാഃ॥

൧൬. ദ്വിതീയെവ്യൊഷയഷ്ട്യാഹ്വ വചാസിദ്ധൂൽഭവാഭ

യാഃ। തൃതീയെവെല്ലമുസ്തൈലാവചാനാഗരപിപ്പലീഃ॥
൫൭. ചതുൎത്ഥെചാരിബാവ്യോഷവചാജീരകകൈശികീഃ।
പഞ്ചമെഡാഡിമാംഭോദവചാധാന്യകമാഗധീഃ॥
൫൮. ഷഷ്ഠെവൃശ്ചീവഭൃനിംബവചാക്ഷീരതരുത്വചഃ।
സപ്തമെസൂപ്യപൎണ്ണ്യബ്ദവിരദ്ധിചപലാവചാഃ॥
൫൯. അഷ്ടമെദ്രോണപുഷ്പാബ്ദവചാദാഡിജതരുത്വചഃ।
നവമെത്രായമാണാബ്ദവചാകുടചമാഗധീഃ॥
൬൦. ദശമെമാലതീപുഷ്പവചാജീരകകൈശികീഃ।
ഏകാദശെശമീപത്രജീരകാഗ്നിവചാകണാഃ॥
൬൧. ദ്വാദശെജലദവ്യോഷഡാഡിമാമലകാന്വിതാഃ।
വെല്ലതാലീസപത്രാഗ്നിപശുഗന്ധാഭയാവചാഃ॥

മൂന്നുസംവത്സരംതികഞ്ഞബാലനെനാലാംസംവത്സരത്തിന്റെ ആദ്യമാസംമുതൽക്ക അതാതുമാസങ്ങളിൽ ഏഴെഴദിവസം ചിററമൃതിന്റെ ഉൗറൽ,തിപ്പലി, വയമ്പ, ഇവയും, ത്രികട്ടു, ഇരട്ടിമധുരം, വയമ്പ, ഇന്തുപ്പ, കടുക്ക, ഇവയും വിഴാലരിമുത്തെങ്ങക്കിഴങ്ങ, ഏലത്തരി, വയമ്പ, ചുക്ക, തിപ്പലി, ഇവയും നന്നാറിക്കിഴങ്ങ, ത്രികട്ടു വയമ്പ, ജീരകം, മാശിക്ക, ഇവയും താളിമാതളങ്ങയുടെകാട,മുത്തങ്ങക്കിഴങ്ങ, വയമ്പ,കൊത്തംപാലയരി, തിപ്പലി, ഇവയും തമിഴാമവേര, പുത്തരിച്ചുണ്ടവേരിന്മേൽതൊലി, വയമ്പ, നാല്പാമരത്തിൻതൊലി ഇവയും കാട്ടുഴന്നിൻവേര, കാട്ടുപയററിൻവേര മുത്തങ്ങക്കിഴങ്ങ, കൊവക്കിഴങ്ങ, കാട്ടുമുതിരവേര, തിപ്പലി, വയമ്പ, ഇവയും തുമ്പപൂവ, മുത്തങ്ങക്കിഴങ്ങ, വയമ്പ, പ്ലാശിൻതൊലി, ഇവയും ബ്രഹ്മി, മുത്തങ്ങക്കിഴങ്ങ, വയമ്പ, കുടകപ്പാലയരി, തിപ്പലി, ഇവയും പിച്ചകപൂവ, വയമ്പ, ജീരകം, മാശിക്ക, ഇവയും. വന്നിയില, ജീരകം. കൊടുവേലിക്കിഴങ്ങ, വയമ്പതിപ്പലി, ഇവയും മുത്തങ്ങക്കിഴങ്ങ ത്രികട്ടു,താളിമാതളങ്ങയുടെകാട, ഇവയും മുത്തങ്ങക്കിഴങ്ങ ത്രികട്ടു,താളിമാതളങ്ങയുടെ കാട, നെല്ലിക്ക, വിഴാലരി, താലീസപത്രം, കൊടുവേലിക്കിഴങ്ങ, വെളുത്തവേളവേര, കടുക്ക, വയമ്പ, ഇവയും പൊടിച്ച ക്രമത്താലെ അതാതപൊടികൾ പഞ്ചസാരയും നെയ്യുംചെൎത്തരാവിലെസേവിപ്പിക്ക.

പഞ്ചാബ്ദസ്യ

൬൧. യോജയെൽപൌഷ്കരംമൂലംപഞ്ചാബ്ദസ്യവചാപരെ।
ത്ര്യബ്ദസ്യൈകെതഷുയോഗേഷുശെഷംത്ര്യബ്ദവദാചരെൽ॥

അഞ്ചുവയസ്സു തികഞ്ഞബാലനെ മേൽപറഞ്ഞയോഗങ്ങളിൽവയമ്പിൻെറ സ്ഥാനത്തിങ്കൽ പുഷ്കരമൂലത്തെ ചേൎത്തപൊടിച്ച അതാതുമാസങ്ങളിൽക്രമേണമേൽപ്രകാരംസേവിപ്പിക്ക.

അഷ്ടാബ്ദസ്യ

൨൨. അഷ്ടാബ്ദസ്യതുതൽസ്ഥാനെശംഖപുഷ്പീശിഫാംവിദുഃ।
സൎപ്പിത്രയോജ്യാമാജ്യസ്യസ്ഥാനെചഘൃതമാക്ഷികം ॥

എട്ടുവയസ്സു തികഞ്ഞവനു മേൽപറഞ്ഞ യോഗങ്ങളിൽ വയമ്പിൻെറ സ്ഥാനത്തിങ്കൽ ശംഖപുഷ്പത്തിൻവെര ചേൎക്കുക. പൊടികൾ നെയ്യുംതേനും ചേൎത്ത സേവിപ്പിക്കുകയും ചെയ്ക.

ദശാബ്ദസ്യ

൨൩. ദശാബ്ദസ്യഘൃതാന്യാഹുസ്സേവനീയാനിപൂൎവ്വവൽ।
പ്രതിമാസംപൃഥക്താനികഥ്യന്തെചാതഉത്തരം।

പത്തുവയസ്സു തികഞ്ഞവനെ മാസംതോറും ഏഴേഴദിവസം നെയ്യ സേവിപ്പിക്കുക. അതിൻെറയോഗങ്ങളെ ഇതിന്നുതാഴെ കാണിക്കുന്നു.

(അഭയാദി ഘൃതം)

൨൪. അഭയാവ്യോഷസിന്ധൂത്ഥവചാതാലീസപത്രകൈഃ।
ബ്രഹ്മീരസെശൃതംതസ്യമാസ്യാദ്യെശസ്യതെഘൃതം॥

കടുക്ക,ചുക്ക,മുളക,തിപ്പലി,ഇന്തുപ്പ,വയമ്പ,താലീസപത്രം ഇവ ബ്രഹ്മിനീരിൽ അരച്ചുകലക്കി നെയ്യചേൎത്ത കാച്ചിഅരിച്ച പതിനൊന്നാമത്തെ വയസ്സിൻെറ ആദ്യമാസത്തിങ്കൽ ഏഴുദിവസം സേവിപ്പിക്ക.

(വിളംഗാദി ഘൃതം)

൨൫. വിളംഗാമലകവ്യോഷപാഠാഡാഡിമദീപ്യകൈഃ।
കൃഷ്ണമുണ്ഡാരസെപക്വംദ്വിതീയെമാസിശസ്യതെ॥

വിഴാലരി,നെല്ലിക്ക,ത്രികടു,പാടക്കിഴങ്ങ, താളിമാതളങ്ങയുടെഓട,അയമോതകം ഇവ കരുമുത്തിളിൻനീരിൽ അരച്ചുകലക്കി നെയ്യചേൎത്ത കാച്ചിഅരിച്ച രണ്ടാംമാസത്തിൽ ഏഴദിവസം സേവിപ്പിക്ക.

(ജീരകാദി ഘൃതം)

൨൬. ജീരകവ്യോഷസിന്ധൂത്ഥവചാജലദപുഷ്കരൈഃ॥
പൈതസാമ്ലരസെപക്വംതൃതീയെമാസിശസ്യതെ।

ജീരകം, ത്രികടു,ഇന്തുപ്പ, വയമ്പ, മുത്തങ്ങക്കിഴങ്ങ,പുഷ്കരമൂലം ഇവ ഞെരിഞ്ഞാംപുളിനീരിൽ അരച്ചുകലക്കി നെയ്യചേ

ത്ത കാച്ചിയരിച്ച മൂന്നാംമാസത്തിൽ ഏഴുദിവസം സേവിപ്പിക്ക.

(ജീവനീയാദി ഘൃതം)

൨൧. ജീവനീയഗണാംഭോജയന്തീമൂലചിത്രകൈഃ ।
സഗ്രന്ഥികൈരജാക്ഷീരൈഃ പകംമാസിചതുൎത്ഥകേ ।

അടപതിയൻകിഴങ്ങ, കാകൊളി, ക്ഷീരകാകൊളി, മേദ, മഹാമേദ, കാട്ടുഴുന്നിൻവേര, കാട്ടുപയററിൻവേര, ജീവകം, ഇടവകം, ഇരട്ടിമധുരം മുത്തങ്ങക്കിഴങ്ങ, മുഞ്ഞവെര കൊടുവെലിക്കിഴങ്ങ, കാട്ടുതിപ്പലിവെര ഇവ ആട്ടിൻപാലിൽ അരച്ചു കലക്കി നെയ്യുചേൎത്ത കാച്ചിയരിച്ച നാലാംമാസത്തിൽ ഏഴുദിവസം സെവിപ്പിക്ക.

(ദ്രാക്ഷാദി ഘൃതം)

൨൨. ദ്രാക്ഷാവൃശ്ചീവപാഠാബ്ദഹബുഷാമൂലകൽഫലൈഃ।
സഡാഡിമൈരജാക്ഷീരൈഃ പകംമാസിതുപഞ്ചമേ॥

മുന്തിരിങ്ങപ്പഴം, തമിഴാമവെര, പാടക്കിഴങ്ങ, മുത്തങ്ങക്കിഴങ്ങ, അടയ്ക്കാമണിയൻവേര, കുമിഴിൻവേര, താളിമാതളങ്ങയുടെഓട ഇവ ആട്ടിൻപാലിൽ അരച്ചുകലക്കി നെയ്യുചെൎത്ത കാച്ചിയരിച്ച അഞ്ചാംമാസത്തിൽ ഏഴുദിവസം സെവിപ്പിക്ക.

(ശാരിബാദി നെയ്യു)

൨൩. ശാരിബാജലദൊശീരകടുത്രയസുരാഹ്വയൈഃ ॥
സജീരകൈരജാക്ഷീരൈഃ പകംഷഷ്ഠേത്രശസ്യതെ।

നന്നാറിക്കിഴങ്ങ, മുത്തങ്ങക്കിഴങ്ങ, രാമച്ചം, ത്രികടു, ദെവതാരം, ജീരകം ഇവ ആട്ടിൻപാലിൽ അരച്ചുകലക്കി നെയ്യുചേൎത്ത കാച്ചിയരിച്ച ആറാംമാസത്തിൽ ഏഴു ദിവസം സേവിപ്പിക്ക.

(നാഗരാദി നെയ്യു)

൨൪. നാഗരാമലകാനന്താവിളംഗൈന്ദ്രയവാംബുദൈഃ।
പിഷ്ടൈസ്സവിലപഞ്ചാംഗൈരംഭസാസപ്തമെപിച॥

ചുക്ക, നെല്ലിക്ക, കൊടുത്തൂവ്വവേര, വിഴാലരി കുടകപ്പാലയരി, മുത്തങ്ങക്കിഴങ്ങ, കുവളത്തിൻെറ പഞ്ചാംഗങ്ങൾ, ഇവ പച്ചവെള്ളത്തിൽ അരച്ചുകലക്കി നെയ്യുചെൎത്ത കാച്ചിയരിച്ച ഏഴാംമാസത്തിൽ ഏഴുദിവസം സെവിപ്പിക്ക.

(പിപ്പല്യാദി നെയ്യു)

൨൫. പിപ്പലീന്ദ്രയവദ്രാക്ഷാബൃഹത്യംശുമതീദ്വയൈഃ ।
തിക്താവൈകുണ്ഡപുഷ്പാംബുനളദാളക്കിദീപ്യകൈഃ॥

൩൨. ഡാഡിമാംഭോദപാഠാഗ്ര ശിഗ്രുഹിംഗുപുനൎന്നവൈഃ।
വിലചമൂലശമീവല്ലുമാലതീമുകുളൊൽപലൈഃ॥
൩൩. വിളംഗാമലകാഭ്യാംചസാധിതംദധിമസ്തുനാ।
പായയെദഷ്ടമെസൎപ്പിസ്സിതയാജീരകെണച॥

തിപ്പലി, കുടകപ്പാലയരി, മുന്തിരിങ്ങപ്പഴം, ചെറുവഴുതിന വേര, വെൾവഴുതിനവേര, ഓരിലവേര, മൂവിലവേര, പുത്തരിച്ചുണ്ടവെരിന്മെൽതൊലി, തുമ്പപ്പൂവ, ഇരുവേലി, രാമച്ചം, വെളുത്തഎരുക്കിൻവേര, അയമോതകം, താളിമാതളങ്ങയുടെ ഓട, മുത്തങ്ങക്കിഴങ്ങ, പാടക്കിഴങ്ങ, വയമ്പ, മുരിങ്ങവേര, കായം, തമിഴാമവെര, കൂവളത്തിൻവേര, വന്നിത്തൊലി, പിച്ചകമൊട്ട, ചെങ്ങഴിനീർക്കിഴങ്ങ, വിഴാലരി, നെല്ലിക്ക ഇവ തൈർ വെള്ളത്തിൽ അരച്ചുകലക്കി നെയ്യചേൎത്ത കാച്ചിഅരിക്കംപാത്രത്തിൽ പഞ്ചസാരയും ജീരകത്തിൻപൊടിയുമിട്ട അരിച്ച എട്ടാംമാസത്തിൽ ഏഴദിവസം സെവിപ്പിക്ക.

(വിലചാദി നെയ്യ)

൩൪. വിലചാജമൊജനിൎഗ്ഗുണ്ഡീചപലാമൂലതൊയദൈഃ॥
സഡാഡിമൈശ്ശൃതേതോയെവ്യോഷൈലാഗ്നിവിളംഗകൈഃ।
൩൫. സക്ഷീരംസാധിതംസൎപ്പിൎന്നവമെമാസിപായയെൽ।
പാഠാവൈകുണ്ഠമുസ്താഭിൎദ്ദധിമസ്തുനിവാശൃതം।
൩൬. വ്യോഷാദിഭിസ്സമംതാഭിഃകല്ക്കിതാഭിരഥാപിവാ।
യദ്വാവിലചാദിനിൎയ്യൂഹെതൈശ്ചതാഭിശ്ചകല്ക്കിതൈഃ।

കൂവളത്തിൻവേര, അയമോതകം, കരുനൊച്ചിവേര, കാട്ടുതിപ്പലിവേര, മുത്തങ്ങക്കിഴങ്ങ, താളിമാതളങ്ങയുടെഓട, ഇവ കൊണ്ട കഷായംവെച്ച ചുക്ക, മുളക, തിപ്പലി, ഏലത്തരി, കൊടുവേലിക്കിഴങ്ങ, വിഴാലരി, ഇവ അരച്ചുകലക്കി നെയ്യും നെയ്യോളം പാലുംചേൎത്ത കാച്ചിഅരിച്ച ഒമ്പതാംമാസത്തിൽ ഏഴദിവസംസേവിപ്പിക്ക. പാടക്കിഴങ്ങ, തുമ്പപ്പൂവ, മുത്തങ്ങക്കിഴങ്ങ, ഇവ തൈർവെള്ളത്തിൽ അരച്ചുകലക്കി നെയ്യചേൎത്ത കാച്ചിഅരിച്ച സേവിപ്പിക്കയുമാം. മുൻപറഞ്ഞനെയ്യിന്റെ കല്കത്തിന്റെ മരുന്നുകളും പാടക്കിഴങ്ങും തുമ്പപ്പൂവും മുത്തങ്ങക്കിഴങ്ങുംകൂട്ടി തൈർവെള്ളത്തിൽ അരച്ചുകലക്കി നെയ്യചേൎത്തകാച്ചിഅരിച്ച സേവിപ്പിക്കയുമാം മുൻപറഞ്ഞ മരുന്നുകൾ മേൽ പറഞ്ഞ നെയ്യിന്റെ കഷായത്തിൽ അരച്ചുകലക്കി നെയ്യചേൎത്ത കാച്ചിഅരിച്ച സേവിപ്പിക്കയുമാം.

(ത്രായമാണാദി നെയ്യ്)

൩൭. ത്രായമാണാകലിംഗാബ്ദചപലാമൂലസാധിതെ।
കഷായെതിവിഷാമുസ്താഭ്രനിംബകടകൈശ്ശൃതം॥
൩൮. പായയെദ്ദശമെമാസിഘൃതംവ്യോഷാഗ്നിഡാഡിമൈഃ।
സജീരകൈരജാക്ഷീരെസിദ്ധംവാമാക്ഷികാന്വിതം॥

ബ്രഹ്മി, കുടകപ്പാലയരി, മുത്തങ്ങക്കിഴങ്ങ, കാട്ടുതിപ്പലിവെര ഇവകൊണ്ട കഷായംവച്ച അതിവിടയം, മുത്തങ്ങക്കിഴങ്ങ, പുത്തരിച്ചുണ്ടവെരിന്മെൽതൊലി, കുടകപ്പാലയരി ഇവ അരച്ചുകലക്കി നെയ്യ ചേൎത്ത കാച്ചിയരിച്ച പത്താംമാസത്തിൽ ഏഴുദിവസം സെവിപ്പിക്ക. ചുക്ക, മുളക, തിപ്പലി, കൊടുവെലിക്കിഴങ്ങ താളിമാതളങ്ങയുടെഓട, ജീരകം ഇവ ആട്ടിൻപാലിൽ അരച്ചുകലക്കി നെയ്യ ചെൎത്ത കാച്ചിയരിച്ച തെൻചേൎത്ത സേവിപ്പിക്കയുമാം.

(ഡാഡിമാദി ഘൃതം)

൩൯. ഡാഡിമത്രിഫലാവെല്ലമാഗധീമൂലചിത്രകൈഃ॥
ജീവന്തീരസമസ്താഭ്യാംസിദ്ധമെകാദശെപിച॥

താളിമാതളങ്ങയുടെ ഓട, ത്രിഫല, വിഴാലരി, കാട്ടുതിപ്പലിവേര, കൊടുവെലിക്കിഴങ്ങ, ഇവ അടപതിയൻ കിഴങ്ങിൻെറനീരിൽ അരച്ചുകലക്കി നെയ്യും നെയ്യോളം തയിർവെള്ളവും ചേൎത്ത കാച്ചിയരിച്ച പതിനൊന്നാംമാസത്തിൽ ഏഴുദിവസം സെവിപ്പിക്ക.

(പാഠാകുടചാദി ഘൃതം)

൪൦. പാഠാകുടചഭ്രനിംബവഷാഭ്രധാന്യകൈഃശൃതെ।
തൊയെവെല്ലപലാശത്വങ്നിശാദ്വയപുനൎന്നവൈഃ।
൪൧. സവ്യോഷദീപ്യകാനന്താമധുകൈസ്സാധിതംഘൃതം॥
ദ്വാദശെപായയെന്മാസിമാക്ഷികെണസമന്വിതം॥

പാടക്കിഴങ്ങ, കുടകപ്പാലയരി പുത്തരിച്ചുണ്ടവേരുമ്മൽതൊലി, തമിഴാമവെര, കൊത്തമ്പാലയരി ഇവകൊണ്ട കഷായം വച്ച വിഴാലരി, പ്ലാശിൻതൊലി, വരട്ടുമഞ്ഞൾ, മരമഞ്ഞത്തൊലി, തമിഴാമവേര, ചുക്ക, മുളക, തിപ്പലി, അയമോതകം, കൊടുത്തുവ്വവേര, ഇരട്ടിമധുരം ഇവ അരച്ചുകലക്കി നെയ്യുചേൎത്ത കാച്ചിയരിച്ച പന്ത്രണ്ടാം മാസത്തിൽ ഏഴുദിവസം സേവിപ്പിക്ക.

ദ്വാദശാബ്ദസ്യ

൪൨. അനന്താരജസാസാദ്ധ്യംവചാംദ്വാദശഹായനം । സസിതാംക്ഷൌദ്രസൎപ്പിൎഭ്യാംസപ്താഹംപ്രാതരാശയെൽ ॥

പന്ത്രണ്ടുവയസ്സായവനെ പതിമൂന്നാം വയസ്സിന്റെ ആദ്യ മാസത്തിൽ കറുകയുടെ ഊറൽ, വയമ്പ ഇവ സഞ്ചസാരയും തേനുംനെയ്യും ചേൎത്ത ഏഴദിവസം രാവിലെ സേവിപ്പിക്ക.

൪൩. ബ്രഹ്മീമുണ്ഡാശമിവല്ക്കൂഭ്രംഗാമലകമാഗധിഃ ।
വിശാലാവജ്രവല്ലീന്ദുരെഖാഭ്രനിംബഗൊപികാഃ ॥

൪൪. അനന്താരജസസ്ഥാനെദ്വിതീയാഭിഷുയോജയേൽ ।
മാസേഷ്വഭെദഏതാവാനന്യത്സൎവ്വംയഥോദിതം ॥

രണ്ടാംമാസംമുതൽക്ക ബ്രഹ്മി, മുത്തിള, വന്നിത്തൊലി, കഞ്ഞുണ്ണി നെല്ലിക്ക, തിപ്പലി, കാട്ടുവെള്ളരിവേര, ചങ്ങലംപരണ്ട, കാൎക്കൊകിലരി പുത്തരിച്ചുണ്ടവേരുമ്മൽതൊലി, നന്നാറിക്കിഴങ്ങിന്റെ ഊറൽ ഇവകറുകയുടെ ഊറലിന്ന പകരമായിഃച്ചേൎത്ത മേൽപ്രകാരം സേവിപ്പിക്ക.

൪൫. പ്രാകാരയോഗാഃപ്രത്യേകംഫെളെനബഹവഃകൃതാഃ ।
തെഷാംസാരാൻസമാഹൃത്യപ്രണീതൈഷാഹിപദ്ധതിഃ ॥

ജാതമാത്രാദികളെഉദ്ദേശിച്ച ഫെളാചാൎയ്യനാൽവളരെപ്രാകാരയോഗങ്ങൾ നിൎമ്മിക്കപ്പെട്ടിരിക്കുന്നു അതുകളിൽവെച്ച സാരങ്ങളായതുകളെ വേണ്ടുംവണ്ണം അറിഞ്ഞ യോജിപ്പിച്ചൊരം മാൎഗ്ഗത്തെ കാണിച്ചിരിക്കുന്നുവെന്നഅറിഞ്ഞുകൊൾകയും വേണം.

൪൬. സൎവ്വേഷാമപിരുദ്രാക്ഷപ്രവാളമണിധാരണം ।
ഭൂതപ്രേതപിശാചാദിനിവാരണകൃതെമതം ॥

ഭൂതപ്രേതപിശാചാദികളുടെ ബാധ പററാതെയിരിപ്പാനായിക്കൊണ്ടു രുദ്രാക്ഷം പവിഴംമുതലായ രത്നങ്ങൾ ഇത്യാദിയെ ധരിപ്പിക്കുന്നത ജാതമാത്രാദികൾക്ക ഒക്കെയും നല്ലതാകുന്നു.

൪൭. ബദ്ധ്നീയാൽപ്രത്യഹംപ്രാതരാംഗിരസ്യാചവിദ്യയാ ।
ചൂഡാകൎമ്മണിനിവൃത്തെചൂഡാംസ്നാതസ്യമന്ത്രവിൽ ॥

ചൌളംകഴിഞ്ഞാൽ ദിവസന്തോറും ആറുനാഴികപുലരുന്നതിന്നുമുമ്പെ കുളിപ്പിച്ച അംഗിരസ്സാകുന്ന മഹൎഷിജയന്തനെരക്ഷിപ്പാനായിക്കൊണ്ട ശചീദെവിക്കുഉപദേശിച്ചതായി ആഗമത്തിങ്കൽ പറകപ്പെടുന്ന ശിഖാബന്ധനമന്ത്രത്തെ അറിയുന്നവരെക്കൊണ്ടകുടുമജപിച്ച കെട്ടിക്കുകയും ചെയ്യുക,

൪൨. അനിർവൃത്തെത്രകുർവ്വീതവചാമൂലസ്യധാരണം।
ആപൂർയ്യമാണെസൊമെക്കവാസരെപുഷ്യസംയുതെ॥
൪൩. ഉപോഷിതെനസ്നാതെനവാസസീബിഭ്രതാസിതെ।
ഉദ്ധൃതസ്യൊത്തരാമാശാംപ്രസ്ഥിതസ്യദ്വിജന്മനാം॥

ചൌളംകഴിയുന്നതിൻെറമുമ്പെ വയമ്പിൻെറ വേര ധരിപ്പിക്കക. ആയതവെളുത്തപക്ഷത്തിൽ പൂയവും ഞായറാഴ്ചയും കൂടുന്നസമയം തലനാൾ ഉപവസിച്ച ശുചിയായിരുന്നബ്രാഹ്മണനെ സ്നാനാദികൾ കഴിപ്പിച്ചഅലക്കിയഇണപ്പുടവ ഉടുപ്പിച്ച അദ്ദേഹത്തെക്കൊണ്ട പറിപ്പിക്കയും വേണം. വടക്കോട്ട പോയതായിരിക്കയും വേണം.

൪൪. ധാരയെൽപ്രത്യഹംഭസ്മഭൂതിംഭസിതമെവവാ।
ക്ഷാരംവായദിവാരക്ഷാംഫാലശ്ശൂന്യാനവത്തയെൽ॥

ദിവസന്തോറുംകുളിപ്പിച്ചാൽ ഭസ്മത്തെയൊ ഭൂതിയെയൊ ഭസിതത്തെയൊ ക്ഷാരത്തെയൊ രക്ഷയെയൊധരിപ്പിക്കണം. നെററിമേൽ ഭസ്മാദികളോടുകൂടാതെ ഇരുത്തരുത. മേൽപറഞ്ഞഭസ്മാദികളിൽവെച്ച ഒന്നിനെ നിയമെന ധരിപ്പിക്കകയും വേണം. ഭസ്മാദിശബ്ദങ്ങൾ ഒക്കെയുംശുദ്ധഗൊമയത്തെപറയുന്നവയാകുന്നു. എങ്കിലും പ്രത്യേകമായി പശുവിൻ നിറഭേദം കൊണ്ട ഗോമയഭേദത്തെ കല്പിച്ച വിധിക്കപ്പെട്ട സഞ്ജ്ഞാശബ്ദങ്ങളാകുന്നു എന്ന അറിഞ്ഞുകൊൾകയും ചെയ്ക. ഇതിന്നമൂലം വേദമത്രെ ആകുന്നത.

൪൫. ഹിതാഹാരവിഹാരാഭ്യാംസർവ്വാൻസർവ്വത്രയൊജയെൽ।
ഉപാചരെച്ചയത്നെനയഥാദൊഷമൃതാവൃതൌ॥

എല്ലാവരെയുംഎല്ലാക്കാലത്തിങ്കലും ഹിതമായിരിക്കുന്നആഹാരത്തോടുംപ്രവൃത്തിയൊടുംകൂടിയവരാക്കിചെയ്ക. ഋതുക്കളിൽഅതാതുദോഷത്തിൻെറഉപചയാദികളെ അനുസരിച്ച വെണ്ടതൊക്കെയും ചെയ്തുകൊൾക.

൪൬. യദ്യന്മാന്ത്രികനിർദ്ദിഷ്ടംപ്രത്യേകംതച്ചകാരയെൽ।
യഥാകാലംസതാംവൃത്തെസ്ഥാപയെച്ചപ്രയത്നതഃ॥

ജാതമാത്രാദികളെഉദ്ദേശിച്ച മാന്ത്രികന്മാരാൽവിധിക്കപ്പെട്ടതുകളെയും അതാതുസമയത്തിങ്കൽ അനുഷ്ഠിച്ചുകൊൾക. വിശേഷിച്ച സജ്ജനധർമ്മങ്ങളെ അനുസരിച്ച നടത്തിക്കൊൾകയും ചെയ്ക.

൪൭. ജീവത്സുതാഃപ്രവയസസ്ത്രീയശ്ശീലസമന്വിതാഃ।
യദ്ബ്രൂയുസ്സമസ്തംതദാദരെണാനുവത്തയെൽ॥

ജീവിച്ചിരിക്കുന്ന പുത്രന്മാരോടുകൂടിയവരായി വയൊധികകളായി സുശീലകളായിരിക്കുന്ന സ്ത്രീകൾ ചിലതുകളെ ചെയ്വാനും ചിലതുകളെ ഉപേക്ഷിപ്പാനും പറയും. അവരുടെ വാക്കുകളെയും ബാലന്മാരെക്കൊണ്ടു അനുസരിപ്പിച്ചുകൊൾക.

൩൪. ഏതാവതാപിദുർവ്വാരൊവിഷാദിഃപരിശിഷ്യതെ।
തസ്മാദനന്തരാദ്ധ്യായെവക്ഷ്യതെതദുപക്രമഃ॥

മേൽപറഞ്ഞവ ഒക്കെ ചെയ്തിരുന്നാലും വിഷംമുതലായതുകൾ പരിഹാരശൂന്യങ്ങളായി ശെഷിക്കുന്നവ തന്നെ അതുഹേതുവായിട്ടു അനന്തരാദ്ധ്യായത്തിങ്കൽവിഷംമുതലായതുകളുടെ ചികിത്സയെ പറകയും ചെയ്യും.

ഇതി വാദ്ധ്യാസൊപനാമകരാമാനന്ദ നാഥപണ്ഡിത പാരശവെന്ദ്രകൃതാ വാരൊഗ്യകല്പദ്രുമെ ബാലചികിത്സായാം പഞ്ചത്രിംശസ്തബകൊനാമ പഞ്ചത്രിംശൊദ്ധ്യായഃ.

## ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം

## ഷൾത്രിംശാദ്ധ്യായപ്രാരംഭഃ

## വിഷപ്രകരണം

### മൂർഖാദിവിഷത്തിന്നു സേവിപ്പാൻ

### (അശ്വഗന്ധാദി ഗുളിക)

൧. അശ്വഗന്ധാംസമാംവെശ്യകരഞ്ജതരുകൊടരെ।
സദ്യഃകൃതെപിധായാസ്യമുഖംകീലെനകെനചിൽ
൨. കീലസന്ധൌസമായൊജ്യജതുദ്രുതമഥൊപരി।
മാസാദാദായതാംനിംബകൊടരെചതഥാവിധെ॥
൩. തഥൈവാവെശ്യചാദായകദംബസ്യചകൊടരെ।
ശെതാക്കരജനീദന്തതണ്ഡുലീയകസംയുതാം॥
൪. സനാഭിംരജസാഹെമ്നസ്താമ്രാസ്യചസമന്വിതാം।
നാലീരസെനസപ്താഹംപഞ്ചാഹംചന്ദനാംബുനാ॥
൫. ത്രീണ്യഹാനികഷായേണനാഗരസ്യചപെഷയെൽ।
തതശ്ചഗുളികാംകുൎയ്യാൽഗുഞ്ജാഫലസമാകൃതിം।
ഛായാശുഷ്കാംഞ്ചതാംകൃത്വാപായയെൽസ്തുതവാരിണാ॥
൬. എഷപ്രയോഗൊമൂർഖസ്യവിഷംഹന്തിസുദാരുണം।
തഥാമണ്ഡലിനാഞ്ചാപിരാജിലാനാമപീദൃശം॥
൭. അന്തരപ്രഭവാണാഞ്ച സദ്യഏവനസംശയഃ।
അയംഹിസാധനായാലംസാദ്ധ്യാനാംകിംബഹൂക്തിഭിഃ

ഉങ്ങുമരംതുരന്ന അതിന്റെ അകത്ത അമുക്കുരം വെച്ച ഉങ്ങിന്റെ ശകലംകൊണ്ടുതന്നെ പൊത്തടച്ച സന്ധിയിലരക്കിട്ട പഴുതടച്ച ഒരു മാസംകഴിഞ്ഞാൽഅതിൽനിന്ന മേല്പറഞ്ഞ മരുന്നെടുത്ത വെപ്പുതുരന്ന അതിന്റെ അകത്തും മേൽപ്രകാരം വെച്ചെടുത്ത കടമ്പ തുറന്ന അതിന്റെ അകത്തും മേൽപ്രകാരം വെച്ചെടുത്ത വെളുത്ത എരുക്കിൻവേര,വരട്ടുമഞ്ഞൾ, മരമഞ്ഞത്തൊലി ചെറുചീരവേര,വത്സനാഭി, പൊന്നിൻപൊടി,ചെമ്പിൻപൊടി ഇവ സമമായിച്ചേൎത്ത അമരിയിലനീരിൽ ഏഴദിവസം അരച്ച പിന്നെ ചന്ദനംകൊണ്ടുവെച്ച കഷായത്തിൽ അഞ്ചുദിവസം അരച്ച പിന്നെ ചുക്കുകൊണ്ടു വെച്ച കഷായത്തിൽ മൂന്നുദിവസം അരച്ച കന്നിക്കുരുപ്രമാണംഗുളികയുരുട്ടി നിഴലിലുണക്കി പച്ചവെള്ളത്തിൽഅരച്ചുകലക്കിസേവിപ്പിക്ക. മൂൎഖൻ, മണ്ഡലി, രാജിലം, വ്യന്തരൻ ഇവററിൻ വിഷം ശമിക്കും. മേൽപറഞ്ഞമൂൎഖാദികളുടെവിഷംഔഷധസാദ്ധ്യമാകുന്നുഎങ്കിൽ ഈ ഗുളികകൊണ്ടു ശമിക്കുമെന്നതിന സംശയമില്ല. അങ്ങിനെ ഇരിക്കുമ്പോൾ ഇതുകൂടാതെ സേവിപ്പാനായിക്കൊണ്ട വളരെ പറഞ്ഞതിനെക്കൊണ്ട ഫലവിശേഷമില്ലെന്ന വിചാരിച്ച ചുരുക്കുന്നു. ഈ യോഗത്തിൽ കടമ്പിന്നുപകരം പലകപ്പയ്യാനിയെ ചിലര അംഗീകരിച്ചുവരുന്നു. അതിനെ ഇതിന്നുതാഴെ വിവരിക്കുന്നു.

വ്യ. ദീൎഘവൃന്തംകദംബസ്യസ്ഥാനെകെചനമന്വതെ।
ഉഭയോരപിതുല്യത്വാദ്ദ്വയമെസമ്മതാവിമെ॥

മെല്പറഞ്ഞ ഗുളികയുടെ യോഗത്തിൽകടംപിന്റെസ്ഥാനത്തിങ്കൽ ചിലര പലകപ്പയ്യാനിയെസ്വീകരിക്കുന്നു രണ്ടുംവിഷശമനകരങ്ങളാകയാൽ ഇനിക്ക രണ്ടുപക്ഷവും സമ്മതമെത്രെ ആകുന്നത

(മൂരഖാദിവിഷത്തിന്ന കടിക്കുഴയിൽ പുരട്ടുവാൻ)

൯. നീലീകരഞ്ജകടുംഗനിംബത്വഗ്ഭിഃപ്രലെപനം।
കുഷ്ഠാദ്യന്തപദെതെഷാംപിഷ്ടാഭിസ്തണ്ഡുലാംബുനാ॥

അമരിവേര, ഉങ്ങിൻവേര, പലകപ്പയ്യാനിവേര, വെപ്പിൻതൊലി, ഇവ അരിക്കാടിയിൽ അരച്ച കടിക്കുഴയിൽ തേക്കുക. മൂൎഖാദിവിഷം ശമിക്കും.

(കടിക്കുഴയിൽതേപ്പാൻ രഹസ്യൌഷധം)

൧൦. കടുതുംബീഫലാസ്ഥീനിശിവരെതശ്ചഗന്ധകം
പിഷ്ട്വാശിരീഷപത്രാണാംരസെനദിവസത്രയം॥

൧൧. കടുതുംബീരസെദത്വാതൈഃകല്ക്കൈൎവ്വിപചെൽഘൃതം।

തൽപ്രലെപാദപിംഷാഹന്ന്യാന്മൂഛ്ാദീനാംഭതഃപദെ"
കയ്യഞ്ചുരവിത്ത തൊലിയോടകൂടാതെ എടുത്ത അതിനോട സമം രസവും ഗന്ധകവും ചേൎത്ത നെന്മനിവാകയിലനീരിൽ മൂന്നുദിവസം അരച്ച കയ്യഞ്ചുര ഇടിച്ചുപിഴിഞ്ഞെടുത്ത നീരിൽ കലക്കി നെയ്യചെൎത്ത കാച്ചിഅരിക്കുക. ഠരം നെയ്യ രഹസ്യമായൊരു ഔഷധമാകുന്നു. കടിക്കുഴയിൽ പുരട്ടിയാൽ മൂഛ്ാദിവിഷത്തെ ശമിപ്പിക്കും.

൧൨. ചൂൎണ്ണംഗന്ധകശൃംഗസ്യലെഹയെദ്മനാസഹ ॥
ജീവെത്തക്ഷകദഷ്ടോപിനിവ്വ്യപൈനാത്രസംശ്യഃ॥

ഖണ്ഡാമൃഗത്തിന്റെ കൊമ്പുപൊടിച്ച മെൽപറഞ്ഞ നെയ്യ ചെൎത്ത സെവിപ്പിക്ക. തക്ഷകനാൽ കടിക്കപ്പെട്ടവനായാലും അവന്ന വിഷൊപദ്രവമുണ്ടാകയില്ല.

൧൩.നാവനംനഷ്ടസംജ്ഞസ്യകുൎയ്യാത്തെനൈവസൎപ്പിഷാ।
ലബ്ധസംജ്ഞൊവിഷംധൂനപന്നുത്തിഷ്ഠെൽകൃതനാവനഃ॥

വിഷവീൎയ്യംഹെതുവായിട്ട ബൊധംനശിച്ചാൽ മെൽപറഞ്ഞ നെയ്യകൊണ്ടനസ്യംചെയ്ക. ഉടനെ ബോധമുണ്ടാകും. വിഷവും ശമിക്കും.

(അഞ്ജനത്തിന്ന സിദ്ധയാമളഗുളികാ)

൧൪. ഹരിതൊരഗമാദായതദപുസ്സമരെഖയാ।
ആച്ഛിദ്യമധ്യെഭാഗാഭ്യാംപൃഥഗ്ദപാഭ്യാംതുഷെദ്ധയാ॥
൧൫. സഹതദ്രസപിഷ്ടാഭ്യാംസപ്താഹംതിലസമ്മിതാഃ:
വിദധ്യാൽഗുളികാസ്താസ്താച്ഛായാശുഷ്കാഃപ്രയോജയേൽ
൧൬. വാമഭാഗകൃതാവാമെനയനെസവ്യഭംഗജാഃ।
സവ്യെചദ്രൊണപുഷ്പാണാംരസെനപരിമൎദ്ദിതാഃ।
൧൭. നിശ്ചെഷ്ടഃകാഷ്ഠതുല്യോപിസദ്യശ്ചെഷ്ടാമവാപ്നുയാൽ।
സിദ്ധയാമളസംജ്ഞാസ്താഗാരുഡെതന്ത്രംരംരിതാഃ।

പച്ചില്ലിപ്പാമ്പിനെ പിടിച്ച നെരെനടുവിൽകീറി വാമദക്ഷിണഭാഗങ്ങളെ തിരിച്ച രണ്ടുഭാഗങ്ങളും വെവ്വേറെഎടുത്തഅതുകളോടുസമമായി കീരിക്കിഴങ്ങുചെൎത്ത കീരിക്കിഴങ്ങിന്റെഇല കുത്തിപ്പിഴിഞ്ഞെടുത്ത നീരിൽ ഏഴുദിവസം അരച്ച രണ്ടുഭാഗങ്ങൾകൊണ്ടും വെവ്വേറെ തിലപ്രമാണമായി ഗുളിക ഉരുട്ടിനിഴലിലുണക്കി രണ്ടുപാത്രത്തിൽസംഗ്രഹിച്ച വാമഭാഗംകൊണ്ടുണ്ടാക്കിയഗുളികവാമനേത്രത്തിലും ദക്ഷിണഭാഗംകൊണ്ടുണ്ടാ

ക്കിയഗുളിക ദക്ഷിണനേത്രത്തിലും തുമ്പപൂവിൻ നീരിലരച്ച എഴുതുക. ചെഷ്ടാനാശംകൊണ്ട മരംപോലെ കിടക്കുന്നവനായാലും ഉടനെബോധചേഷ്ടാദികളെ ലഭിക്കും. വിഷവുംശമിക്കും ൧൦ ഗുളികക്ക സിദ്ധയാമളമെന്നപേരാകുന്നു. ഗാരുഡതന്ത്രത്തിങ്കൽ വിധിക്കപ്പെട്ടതുമാകുന്നു.

(മൂർഖാദിവിഷത്തിന്ന സൎവ്വാംഗലെപനം)

൮൭. പിഷ്ടപാഗരളികാമൂലംലിംപെദാപാദമസ്തകം।
താമ്രചൂഡസ്യരക്തെനസപന്നാംഗൊവിഷനിൎഗ്ഗതഃ॥

൮൮. ജ്ഞെയൊദഷ്ടൊന്യഥാതസ്യപ്രത്യാഖ്യാനംഹിഭെഷജം।
മൃതമെവവിജാനീയാത്തംഭിഷഗ്ഗതസംശയഃ।

കരളെകത്തിൻവെര, ചാത്തൻകോഴിയുടെ ചോരയിൽ അരച്ച ബോധത്തോടുകൂടാതെ കിടക്കുന്നവന്റെ ശരീരത്തിങ്കൽ എല്ലാടവും പുരട്ടുക. ഉടനെ വിയൎപ്പുകണ്ടാൽ വിഷം ശമിച്ചു എന്നറിക. വിയൎപ്പു കണ്ടില്ലെങ്കിൽ മരിക്കുമെന്ന നിശ്ചയിച്ച ഉപെക്ഷിച്ചുകൊൾക.

൯൦. ഇതിസംക്ഷെപതഃപ്രോക്താമൂർഖാദിവിഷസാധനം।
അതുഷ്ടാഃപുനരന്യെഭ്യോവിജാനന്തുവിസ്തരാഃ॥

മൂർഖാദിവിഷത്തിന്റെ ചികിത്സ ഇപ്രകാരം സംക്ഷെപെണപറകപ്പെട്ടു അതുകൊണ്ടു തൃപ്തിയെ പ്രാപിക്കാത്തവരായും ഗ്രന്ഥവിസ്തരത്തെ ഇച്ഛിക്കുന്നവരായുമിരിക്കുന്നവർ അന്യഗ്രന്ഥങ്ങളിൽനിന്ന അറിഞ്ഞുകൊൾക.

മൂഷികവിഷത്തിന്ന

൯൧. ആഖുനാംനഖദന്താഭ്യാംതാഗ്ഭെദാദസൃഗുൽഗമെ।
ഭൃംഗപത്രരസംസദ്യോമൂൎദ്ധ്ന്യാസിച്യമർദ്ദയെൽ।

എലിയുടെ നഖമൊ പല്ലോ ശരീരത്തിങ്കൽതട്ടുകനിമിത്തമായി ചോരപുറപ്പെട്ടാൽ അപ്പോൾതന്നെ കഞ്ഞുണ്ണിയുടെ ഇല കുത്തിപിഴിഞ്ഞെടുത്ത നീരമൂൎദ്ധാവിൽ വീഴ്ത്തി തിരുമ്പുക. എന്നാൽ വിഷംശമിക്കും.

൯൨. ആകണ്ഠമവഗാഹ്യാപ്സു പായയെൽപയസായുതം।
ഗവ്യെനപൌഷ്കരംമൂലംതദ്വിഷസ്യപ്രശാന്തയെ॥

൯൩. എഷപ്രയോഗസ്സൎവ്വെഷാമാഖുനാംവിഷനാശനഃ।
ദിവസൈസ്സപ്തഭിൎദ്ദൃഷ്ടെനവ്യൈനവ്യൈചസിദ്ധിദഃ॥

കഴുത്തോളംവെള്ളത്തിൽ ഇറക്കി നിറുത്തി പശുവിൻപാലിൽ

പുഷ്കരമൂലം അരച്ചുകലക്കി ഏഴദിവസം സേവിപ്പിക്ക. എല്ലാ എലിവിഷവും ശമിക്കും ഈ പ്രയോഗം നൂതനമായ വിഷത്തിന്നും പുരാണമായ വിഷത്തിന്നും പറയുന്നതാകുന്നു.

൨൩. കാൎപ്പാസപല്ലവൈൎവ്വസ്തൂല്യമംകൊലതരുമൂലകം।
പിഷ്ടാക്ഷീരെണസംയുക്തംപൂൎവ്വവൽപായയെതവാ॥

പരത്തിത്തളിര, അംകൊലത്തിൻവേര, ഇവ സമമായി ചേൎത്തരച്ച പശുവിൻപാലിൽ കലക്കി മേൽപ്രകാരം സേവിപ്പിക്ക എല്ലാഎലിവിഷവും ശമിക്കും.

൨൪. ആഖൊൎദ്ദംശപദംസദ്യോദഹെത്തപ്തശലാകയാ।
യദ്വാസ്ഫടികസംക്രാന്തസൂൎയ്യാംശുപ്രഭവാഗ്നിനാ॥

൨൫. ശിന്ദ്യാദ്വാഥപ്രലിംപെച്ചശിരീഷസ്യത്വഗാദിഭിഃ
തണ്ഡുലൊദകസംപിഷ്ടൈൎവ്വരംഗൈസ്സരജനീദ്വയൈഃ॥

എലികടിച്ചാൽ ഉടനെ ഇരുമ്പുകോൽപഴുപ്പിച്ച അതുകൊണ്ടൊ സ്ഫടികച്ചില്ല വെയിലത്തുകാട്ടി അതിന്മേൽതട്ടിയ സൂൎയ്യരശ്മിയുടെതേജസ്സ കടികൂഴയിൽ തട്ടിച്ച അപ്രകാരം തന്നെ കുറെനേരമിരുത്തീട്ടൊ കടിക്കുഴ പൊള്ളിച്ച വാകയുടെ പഞ്ചാംഗങ്ങളും വരട്ടുമഞ്ഞളും മരമഞ്ഞത്തൊലിയും ചേൎത്തഅരിക്കാടിയിൽ അരച്ച പുരട്ടുക.

൨൬. അഥവാരജനീദ്വന്ദ്വകുംകുമാമൃതവല്ലിഭിഃ।
ആകാശതാൎക്ഷ്യമഞ്ജിഷ്ഠാനിശാപടുഭിരെവവാ॥

വരട്ടുമഞ്ഞൾ,മരമഞ്ഞത്തൊലി, കുംകുമം, ചിററമൃത,ഇവയൊ അട്ടക്കരി, മഞ്ചട്ടിപ്പൊടി, വരട്ടുമഞ്ഞൾ ഇന്തുപ്പ ഇവയൊ അരിക്കാടിയിലരച്ച പുരട്ടുകയുമാം.

൨൭ യാമെതീതെല്ലതൊയെനപ്രക്ഷാള്യവിഷഹാരിഭിഃ
ശോഫാവനൊദനൈശ്ചാനുലിംപെത്തണ്ഡുലവാരിണാ॥

൨൮. പിഷ്ടൈശ്ശിരീഷപഞ്ചാംഗഗുളൂചീകടഭീമുഖൈഃ
സിരാവെധെനരക്തംവാഹരെച്ഛോഫെനുബന്ധിനി॥

മേൽപറഞ്ഞ മരുന്നു തേച്ചതിന്റെ ശേഷം പുളിയിലമൂതലായതിട്ട തിളപ്പിച്ച പുളിരസമാക്കിയ വെള്ളംകൊണ്ടു മരുന്ന കഴകിക്കളഞ്ഞ വിഷശമനങ്ങളായും ശോഫശമനങ്ങളായുമിരിക്കുന്ന നെന്മേനിവാകയുടെ പഞ്ചാംഗങ്ങൾ, ചിററമൃത വെങ്കുന്നിവേര തുടങ്ങിയുള്ള മരുന്നുകൾ അരിക്കാടിയിൽഅരച്ചുപുരട്ടുക. നീര ശമിക്കാതെനിന്നാൽ ഞരമ്പുകൊത്തിരക്തം കളയുകയും ചെയ്ക.

൨൯. മദനസ്യഫലംദദ്ധ്യാവചയാചസമന്വിതം।

മധുനാസഹിതംദത്വാവമനംകാരയെത്തവാ॥
മലംകാരക്ക ചുട്ട വയമ്പുകൂട്ടി പൊടിച്ച തേൻചേൎത്ത സെവിപ്പിച്ച ഛൎദ്ദിപ്പിക്കയുമാം.

൯൦. വരാകുംഭനികുംഭാനാംചൂൎണ്ണംമാക്ഷികസംയുതം।
അവലെഹ്യകൃതെപശ്ചാദ്വമനെചവിരെചയെൽ॥
ത്രിഫല, ത്രികൊല്പക്കൊന്ന, നാഗദന്തിവേര ഇവ പൊടിച്ചതേൻചേൎത്ത സേവിപ്പിച്ച വയറിളക്കുകയും ചെയ്ക

(നസ്യത്തിന്ന)

൯൧. കപാഥെശിരീഷസാരസ്യതൽഫലെഃപിഷ്ടകല്ക്കിതൈഃ।
തൈലെനനാവനംതത്രപകെന്വനാചസമാചരേൽ॥
നെന്മെനിവാകവെർ തൊലുകളഞ്ഞകഷായംവച്ച നെന്മെനിവാകക്കുരു അരച്ചുകലക്കി എണ്ണചേൎത്ത കാച്ചിയരിച്ച അതുകൊണ്ട നസ്യംചെയ്ക.

(അഞ്ജനത്തിന്ന)

൯൨. വ്യൊഷസൂക്ഷ്മരജശ്ശസ്തംഗൊമയസ്വരസാന്വിതം।
അഞ്ജനെനേത്രകൎത്തവ്യെജാനീയാൽസൎവ്വതൊവിച॥
എലിവിഷമൂൎഛ ഹേതുവായിട്ട അഞ്ജനം വെണ്ടിവന്നാൽ ത്രികടു നല്ലവണ്ണം പൊടിച്ച ചാണകത്തിൻ നീരുചേൎത്ത കണ്ണിൽ എഴുതുക.

൯൩. ലെഹയെച്ചകപിത്ഥസ്യപല്ലവെഭ്യൊഹൃതംരസം।
മുഹുൎമ്മാക്ഷികശൈലെയഗൃഹധൂമസമന്വിതം॥
വിളാന്തളിര കുത്തിപ്പിഴിഞ്ഞനീരെടുത്ത തേനും കന്മതവും അട്ടക്കരിയും ചേൎത്ത പലപ്രാവശ്യം സേവിപ്പിക്ക.

൯൪. തണ്ഡുലീയകമൂലസ്യനിഷ്ക്വാഥെതെനവാചിതം।
തണ്ഡുലീയകപത്രസ്യരസെവാപ്രാശയെൽഘൃതം॥
ചെറുചീര വേരുകൊണ്ടു കഷായംവച്ച അതിലൊ ചെറുചീരയുടെയില കുത്തിപ്പിഴിഞ്ഞെടുത്തനീരിലൊ ചെറുചീരവേര അരച്ച കലക്കി നെയ്യചേൎത്ത കാച്ചിയരിച്ച സേവിപ്പിക്ക.

൯൫. അഷ്ടാദശാനാമംഖുനാമെഷാസാധാരണീക്രിയാ।
നഖദന്താഭിഘാതെനപീഡിതെഷുസതാംമതാ
മൂഷികന്മാർലാളനൻ, ചപലൻ, പുത്രഘ്നൻ ഇങ്ങിനെതുടങ്ങി പതിനെട്ടുജാതിയോടുകൂടിയവയാകുന്നു. അതുകളിൽവെച്ച ഏതിന്റെനഖദന്തങ്ങൾകൊണ്ടുമുറിഞ്ഞ വിഷമേററാലും മെൽപറഞ്ഞ ക്രിയകൾ അവസ്ഥയെ അറിഞ്ഞ വേണ്ടപ്പോൾ ചെയ്താൽ അതാതിന്റെ വിഷം ശമിക്കുമെന്ന സദ്വൈദ്യന്മാ

രുടെ മതമാകുന്നു.

൩൭. നഖദന്താശ്രയാൽപ്രാഹുസ്തേഷാംശുക്ലാശ്രയംവിഷം।
അതിതീവ്രംതദത്യർത്ഥംപ്രതികുർയ്യാദ്യഥാവിധി ॥

൩൮. ശുക്ലെവപുഷിനിഷ്ഠന്നെശുക്ലദിഗ്ദ്ധെനചാഹതെ।
അംഗൈരംഗെഷ്വചസ്പൃഷ്ടേഷ്വപ്യാഹുഃകേചിൽപ്രതിക്രിയാം॥

൩൯. തപഭേദൊനഖദന്താഭ്യാംനാംഗൈരിത്യപരേജഗുഃ।
ശുക്ലസ്ഥസ്യതുചിസ്സ്വംശ്കേവലെപിപ്രഭാവതഃ ॥

൪൦. പീഡാജനകതാതസ്തിതദ്വിഷസ്യേതിതന്മതം।
അതൊഭിധീയതെതാവച്ശുക്ലപാതചികിത്സിതം ॥

എലികളുടെ നഖങ്ങളിലും പല്ലിന്മേലുമുള്ള വിഷത്തേക്കാൾ ശുക്ലത്തിങ്കലുള്ള വിഷത്തിന്ന ശക്തിയേറും. അത ഹേതുവായിട്ടു എലികളുടെ ശുക്ലം ശരീരത്തിങ്കൽ വീഴുകയൊ എലികളുടെ ശുക്ലം പററിയവസ്തുക്കൾ ശരീരത്തിങ്കൽ തട്ടുകയോചെയ്താൽനല്ലവണ്ണം പ്രതിവിധിയെ ചെയ്കയുംവേണം. എലികളുടെ വാല, കാല മുതലായ അംഗങ്ങൾ ശരീരത്തിങ്കൽ തട്ടിയാലും പ്രതിവിധിയെ ചെയ്യേണമെന്ന ചിലർ പറയുന്നു. അന്യന്മാർ നഖദന്തങ്ങൾ തട്ടിയാലും തൊലുമുറിഞ്ഞല്ലാതെ വിഷം പററുമാറില്ല എന്നുള്ള അനുഭവത്തെ ആലോചിച്ച വാലുമുതലായ അംഗങ്ങൾതട്ടിയാൽ തോലുമുറിവാൻ വഴിയില്ലായ്കയാൽ അതിന്ന ചികിത്സിക്കേണ്ട എന്നപറയുന്നു. ശുക്ലംവീണാൽ തൊലുമുറിയാതെതന്നെ ഉപദ്രവങ്ങൾ കാണ്കയാൽ അതിന്നു മാത്രം വിശേഷിച്ചൊരു ശക്തിയെ കല്പിക്കാമെന്നും ആയതുകൂടാതെ അംഗങ്ങൾക്ക അപ്രകാരം ദൃഢാനുഭവമില്ലായ്കയാൽ ആ ശക്തിയില്ല എന്ന വിശ്വസിക്കേണ്ടതാകുന്നു എന്നും അവരുടെ ആശയമാകുന്നു. ശുക്ലാശ്രയവിഷത്തിന്ന അടുത്തവണ്ണം പരിഹാരം വെണമെന്നുവരികയാൽ ഇനി ശുക്ലപാതചികിത്സയെ വിവരിച്ചുകാണിക്കുന്നു.

ശുക്ലപാതലക്ഷണം

൪൧. തച്ശുക്ലെവപുഷിസ്കന്നെസദ്യോരക്തസ്യദൂഷണാൽ।
പാണ്ഡുതാഗ്രന്ഥയശ്ശോഫസ്തത്രസ്യുർമ്മണ്ഡലാനിച॥

൪൨. ശീതജ്വരൊതിരുക്സാദൊവെപഥുശ്ചഭ്രമൊരുചിഃ
പർവ്വഭെദശ്ചരോമാഞ്ചൊവമഥുശ്ചൊപജായതെ ॥

മൂഷികശുക്ലം ശരീരത്തിങ്കൽവീണാൽ അവിടെയുള്ള രക്തം ഉടനെ ദൂഷിക്കനിമിത്തമായിട്ടു വെളുപ്പുനിറവും മുഴകളുംനീരും

വൃത്താകാരങ്ങളായി ചില നിറങ്ങളും ഭവിക്കും. അത്രയുമല്ല വിറച്ചു പനിയും അധികമായവേദനയും തളൎച്ചയും പനിയോടുകൂടാതെയും ചില സമയം വിറയ്ക്കുകയും സന്ധികൾ പിളരുന്നു എന്ന വേദന ഹേതുവായിട്ടു തോന്നുകയും രോമാഞ്ചവും ഛൎദ്ദിയുമുണ്ടാകും.

൪൨. വാന്തെബഹ്വാഖുപൊതാഭദോഷപിണ്ഡാവലോകനം।
സമ്യഗ്ലുബ്ധാസ്പദേതസ്യൈഫവിഷെസ്യാച്ഛാത്രുകസ്യചിൽ।

ഛൎദ്ദിക്കപ്പെട്ടതിൽ എലിക്കുട്ടികൾപോലെ ദുഷിക്കപ്പെട്ട കഫത്തിന്റെ പിണ്ഡങ്ങൾ കാണുകയും ചെയ്യും. ഇത ശുക്ലാശ്രയമായ വിഷം ശരീരത്തിങ്കൽ നല്ലവണ്ണം വ്യാപിച്ചാലല്ലാതെ കാണുകയുമില്ല. മേൽപറഞ്ഞ വിഷം നല്ലവണ്ണം വ്യാപിച്ചാലും ചിലൎക്കു കാണാതെയുമിരിക്കും അതുഹേതുവായിട്ടു മറ്റുള്ള ലക്ഷണങ്ങളെക്കണ്ടാൽതന്നെ മൂഷികശുക്ലപാതം സംഭവിച്ചിരിക്കുന്നു എന്നു ഊഹിച്ചുകൊൾകയും വേണം.

## ശുക്ലപാത ചികിത്സാ

൪൩. വെഗെശുക്ലാശ്രയസ്യാദ്യെവിഷസ്യാത്രപ്രജായതെ।
തൊദഃകണ്ഡൂശ്ച്വതത്രാശുപ്രപാതാച്ശ്രോണിതംഹരെൽ।

മൂഷികശുക്ലവിഷം ശരീരത്തിങ്കൽ ഒരെടത്തു പററിയാൽഅതിങ്കലുള്ള വിഷത്തിന്റെ ആദ്യവെഗത്തിങ്കൽ അവിടെ കുത്തലും ചൊറിച്ചിലുമുണ്ടാകും അതുകളിലേതെങ്കിലും തുടങ്ങി എന്നു അറിഞ്ഞാലുടനെ ശുക്ലം പതിച്ചെടത്തുനിന്നു രക്തത്തെ കളയുകയും വെണം.

൪൪. പിഷ്ട്വാശൈരീഷപഞ്ചാംഗംപയസാപായയെതച ।
അഥവാപൌഷ്കരംമൂലംഭൃംഗരാജസ്യവാദളം॥

രക്തംകളഞ്ഞതിന്റെ ശേഷം നെന്മേനിവാകയുടെ പഞ്ചാംഗങ്ങൾ പച്ചവെള്ളത്തിൽ അരച്ചുകലക്കി സേവിപ്പിക്കയുംചെയ്ക പുഷ്കരമൂലമൊ കഞ്ഞുണ്ണിയുടെ ഇലയൊ മേൽപ്രകാരം സേവിപ്പിക്കയുമാം.

൪൫. ദ്വിതീയെജായതെഗ്രന്ഥിൎദ്ദാഹശ്ചാത്രഹ്യതെസൃജി ।
തണ്ഡുലീയകമൂലഞ്ചക്ഷീരെപിഷ്ട്വാവലൊളിതം ।

മേൽപറഞ്ഞ വിഷത്തിന്റെ രണ്ടാമത്തെ വേഗത്തിങ്കൽ മുഴക്കുകയും ചുട്ടുനീറലുമുണ്ടാകും. എന്നാലുടനെ ചോരകളഞ്ഞു ചെറുചീരവേര പാലിലരച്ചു കലക്കി സേവിപ്പിക്ക.

൪൬. തൃതീയെജ്വരമൂൎദ്ധാൎത്തിപീതമൂത്രത്വപാണ്ഡുതാഃ ।

ജായന്തേപയസാതത്ര ദദ്യാദംകൊലമൂലകം॥

മേൽപറഞ്ഞ വിഷത്തിൻെറ മൂന്നാമത്തെ വേഗത്തിങ്കൽ പനി, തലവേദന, മൂത്രംമഞ്ഞൾനിറമാക, വിളൎപ്പ്ഇവയുണ്ടാകും എന്നാൽ അംകോലത്തിൻവേര പച്ചവെള്ളത്തിൽ അരച്ചു കലക്കിസേവിപ്പിക്ക.

൯൭. ചതുത്ഥെപവ്വണാംഭേദസ്സൎവ്വതൊമണ്ഡലാനിച ।
ശിരീഷരസസംയുക്തൈതമ്മ്ക്ഷണൈസ്തത്രനാവനം॥

മേൽപറഞ്ഞ വിഷത്തിൻെറ നാലാമത്തെ വേഗത്തിങ്കൽ സന്ധികൾ വേദന ഹേതുവായിട്ട പൊളിയുന്നു എന്ന തോന്നുക ശരീരത്തിങ്കൽഎല്ലാടവും വൃത്താകാരങ്ങളായി തമ്മിൽതൊടാതെ ചില നിറംകാണ്ക ഇവ ഉണ്ടാകും എന്നാൽ നെന്മെനിവാകയുടെ ഇല കുത്തിപ്പിഴിഞ്ഞ നീരിൽ മൂട്ടയെ അരച്ചുകലക്കി അതുകൊണ്ടു നസ്യം ചെയ്ക.

൯൮. അമൃതാരസമിശ്രൈവ്വാവിദദ്ധ്യാദഥവാതദാ ।
ജീമൂതപല്ലവൊത്ഥെനരസെനപിദധീതതൽ ॥

ചിററമൃതിൻ നീരിൽ മൂട്ടയെ അരച്ചുകലക്കി നസ്യം ചെയ്കയും അല്ലായെങ്കിൽദേവതാളിയിലകുത്തിപ്പിഴിഞ്ഞ നീരെടുത്ത അതുകൊണ്ടനസ്യം ചെയ്കയുമാം.

൯൯. പഞ്ചമെവമനംദാഹസ്സൎവ്വാംഗെഷ്വതിവേദനാ ।
തത്രാളിരസപക്വെനകുഷ്മാണ്ഡതൈലനനാവനം॥

മേൽപറഞ്ഞ വിഷത്തിൻെറ അഞ്ചാമത്തെവേഗത്തിംകൽ ഛൎദ്ദി ചുട്ടനീററൽ, സൎവ്വാംഗങ്ങളിലും സഹിച്ചുകൂടാതെകണ്ടുള്ള വേദന ഇവഉണ്ടാകും എന്നാൽ കഞ്ഞുണ്ണിനീർ കൂട്ടികാച്ചിയ എണ്ണകൊണ്ടു നസ്യം ചെയ്ക.

൧൦൦. ഷഷ്ഠെമൂൎച്ഛാഹിതംതത്രനാവനംവിദധീതച।
രസെനദ്രോണപുഷ്പസ്യപക്ഷ്മഗന്ധാരസെനവാ।

മേൽപറഞ്ഞ വിഷത്തിൻെറ ആറാമത്തെ വേഗത്തിംകൽ മോഹാലസ്യംമുണ്ടാകും എന്നാൽ തുംപപൂവിൻെറ നീരകൊണ്ടൊ വെളുത്ത വേളയുടെ നീരുകൊണ്ടൊ നസ്യംചെയ്ക.

൧൦൧. സപ്തമെമൃതിരെവസ്യാൽപ്രായശസ്സംപ്രയോജിതൈഃ।
ജീവേദ്വാസിദ്ധമന്ത്രൌഘശക്തിഭിഃകശ്ചിദൌഷധൈഃ ॥

മേൽപറഞ്ഞ വിഷത്തിൻെറ ഏഴാമത്തെ വേഗത്തിംകൽ മരിപ്പാനെളുപ്പമുണ്ട സിദ്ധമന്ത്രജപാദികൾ വേണ്ടുംവണ്ണം ചെയ്ത ബലപ്പെടുത്തിയ സിദ്ധൌഷധങ്ങൾ പലതും പ്രവൃത്തിച്ചാൽ ചിലർജീവിച്ചുഎന്നുവരും.

൭൨. ശ്വേതാൎക്കമൂലംസംപിഷ്യക്ഷീരേണപരിമിശ്രിതം ।
മാൎജ്ജാരരുദ്രമന്ത്രേണസംജപ്തംതത്രപായയെൽ ॥

മേൽപറഞ്ഞ വിഷത്തിൻെറ ഏഴാമത്തെ വേഗത്തിംകൽ വെളുത്ത എരുക്കിൻവേര പാലിലരച്ചുകലക്കി അത വേണ്ടുംവണ്ണം തൊട്ടിരുന്ന മാൎജ്ജാരരുദ്രമന്ത്രം ജപിച്ചു സേവിപ്പിക്ക. എന്നാൽ എല്ലാ എലിവിഷവും ശമിക്കും.

൭൩. പിഷ്ട്വാശൈരീഷപഞ്ചാംഗംമാക്ഷികെണസമന്വിതം।
മാൎജ്ജാരരുദ്രമന്ത്രേണസംജപ്തമപിതാദൃശം ॥

നെന്മേനിവാകയുടെ പഞ്ചാംഗംതേൻകൂട്ടി അരച്ചു മാൎജ്ജാരരുദ്രമന്ത്രം ജപിച്ചു സേവിപ്പിക്ക എല്ലാ എലിവിഷവുംശമിക്കും.

൭൪. കാകമാചീദളംപിഷ്ട്വാനവനീതെനസംയുതം ।
മാൎജ്ജാരരുദ്രമന്ത്രേണസംജപ്തമപിതാദൃശം ॥

കരന്തോളിയില അരച്ചു വെണ്ണചേൎത്തു, മാൎജ്ജാരരുദ്രമന്ത്രം ജപിച്ചു സേവിപ്പിക്ക എല്ലാഎലിവിഷവും ശമിക്കും.

൭൫. ത്ര്യക്ഷൎയ്യാനീലകണ്ഠസ്യപഞ്ചാക്ഷൎയ്യാഖഗേശിതുഃ।
ഹയഗ്രീവചതുഷ്ഷഷ്ട്യാസംജപ്തംതത്തദൌഷധം ॥

൭൬. തത്തദ്വിഷഹരംപ്രാഹുൎന്നിയമെനമഹൎഷയഃ ।
ഏതൈൎയ്യത്നേതസദ്യോപായൈസ്തസ്യതസ്യനിവൎത്തനെ ॥

നീലകണ്ഠത്ര്യക്ഷരി, ഗരുഡപഞ്ചാക്ഷരി, ഹയഗ്രീവചതുഷ്ഷഷ്ടി, ഇവകൊണ്ട അതാതു വിഷത്തിന്ന പറഞ്ഞ ഔഷധങ്ങൾജപിച്ചുകൊടുത്താൽ അതാതു വിഷത്തെ അതുകൾനിയമെന ശമിപ്പിക്കുമെന്ന മഹത്തുക്കളായ ഋഷികളുടെ വചനമുണ്ട അതഹേതുവായിട്ട മേൽപറഞ്ഞ സദുപായങ്ങൾകൊണ്ട അതാതവിഷത്തെ ശമിപ്പിപ്പാനായിക്കൊണ്ട യത്നത്തെചെയ്ക. എന്നത. വൈദ്യൻെറകൃത്യമാകുന്നു.

### മൂഷികവിഷങ്ങളിൽ വെച്ചു അസാധ്യത്തിൻെറ ലക്ഷണം

൭൭. ശിരോഗൌരവമംഗേഷുശോഫോരുൎത്തിൎവ്വിവൎണ്ണതാ ।
ശബ്ദാശ്രുതിരസൃക്ഛൎദ്ദിസ്തസ്യാസാധ്യസ്യലക്ഷണം ॥

൭൮. വിവൎണ്ണോഷ്ഠംസമഭ്യൂനവസ്ഥിമാഖുനിഭൈശ്ചിതം ।
ഗ്രന്ഥിഭിശ്ചവിജാനീയാദസാധ്യാഖുവിഷാൎദ്ദിതം ॥

തലകനക്കുക, സൎവ്വാംഗംനീരുണ്ടാക, പനി, നിറപ്പകച്ചം ശബ്ദംകേൾക്കായ്ക. ചോരഛൎദ്ദിക്ക, ഇവ ഒക്കയും അസാധ്യ

മായ മൂഷികവിഷത്തിൻെറ ലക്ഷണമാകുന്നു. അത്രയുമല്ല ച ണ്ടിന്മെൽ നിറപ്പകച്ച്, വസ്തിഭാഗംവീക്കക, എലിയുടെ ആ കൃതിയൊടുകൂടിയ മുഴകൾ ശരീരത്തിങ്കൽ വ്യാപിക്ക ഇത്യാദി യും അസാദ്ധ്യലക്ഷണമാകുന്നു. അസാദ്ധ്യലക്ഷണങ്ങൾ കണ്ടാ ൽപിന്നെ ചികിത്സിക്കരുതു. അസാദ്ധ്യലക്ഷണങ്ങൾ പരീ ക്ഷിച്ച ഇല്ല എന്ന നിശ്ചയത്തെ ലഭിച്ചാൽ മേൽവിവരിച്ച പ്രകാരം ചികിത്സയെചെയ്ക. എന്നാൽ ഒക്കെയും ശമിക്കും.

## സാരമെയ വിഷത്തിന്ന

൧൧. പക്ഷിണ്യാഃപ്രാഗളക്സ്യദംശാദ്രക്തംവിനിഃസ്രെൽ।
ശൃംഗെണവാജളൌകൊഭിർദ്ദഹെദ്വാതപ്തസൎപ്പിഷാ॥

നായകടിച്ചാൽ ഒന്നരദിവസത്തിൻെറ പരിമാണമായതൊ ണ്ണൂറു നാഴിക കഴിയുന്നതിൻെറമുമ്പെ കടിച്ചെടത്ത കൊമ്പു വെച്ചിട്ടൊ അട്ടയെ കടിപ്പിച്ചിട്ടൊ ചോരകളയുക നെയ്യ തി ളപ്പിച്ച കടിച്ചെടത്ത തടംപിടിച്ച പകൎന്ന പൊള്ളിക്കയുമാം.

൧൨. കരഞ്ജസ്യത്വചാംകൊലമൂലെനവചയാപിവാ।
ധാന്യാമ്ലയൊഗഭാജാഥകുൎയ്യാത്തത്രചലെപനം॥

അനന്തരം ഉങ്ങിൻെറ തൊലിയൊ അങ്കോലത്തിൻവേരൊ വയമ്പൊ കാടിയിൽ അരച്ചുപുരട്ടുക.

൧൩. പായയെച്ചത്വചംപിഷ്ടാക്ഷീരെണാംകൊലഭൂരുഹഃ।
പക്ഷിണ്യാംസമതീതായാമസ്രമെവവിനിർഹരെൽ॥

അങ്കോലത്തിൻ വേരുമ്മൽതൊലി പാലിലരച്ചു കലക്കി സേവിപ്പിക്കയുംചെയ്ക. എന്നാൽ വിഷം ശമിക്കും. തൊണ്ണൂറു നാഴിക കഴിഞ്ഞാൽ കടിച്ചെടത്തുനിന്ന ചോരകളയുന്നതല്ലാ തെ പൊള്ളിച്ചുപൊകയുമരുതു,

൧൪. ശംഖപുഷ്പീശിഫാംപിഷ്ടാവചയാസഹപായയെൽ।
ക്ഷീരെണൊഭയസംശുദ്ധിൎദ്ധാതസ്യാദനന്തരം॥

ചോരകളഞ്ഞതിൻെറ ശേഷം ശംഖപുഷ്പത്തിൻവെരുംവയ മ്പുംകൂട്ടിപാലിൽ അരച്ചുകലക്കി സേവിപ്പിക്ക. ഛൎദ്ദിക്കും. വ യറിളകുകയുംചെയ്യും. അതുഹേതുവായിട്ടു കഫപിത്തങ്ങളുടെ ശുദ്ധിഈ പ്രയോഗത്തിൻെറ ഫലമാകുന്നു.

൧൫. യന്മൂഷികചികിത്സായാംപ്രൊക്തംവമനരെചനം।
തദെവവാപ്രയുഞ്ജീതപ്രാഗുക്താംപായയെത്തതഃ॥

മൂഷികവിഷത്തിൻെറ ചികിത്സയിൽ ഛൎദ്ദിപ്പിപ്പാനും വയ റിളക്കുവാനും പറകപ്പെട്ട മരുന്നുകളെ പ്രായാഗിക്കയുമാം മെ

ല്പറഞ്ഞ ഔഷധസെവകൊണ്ടു വമനവിരേചനങ്ങളെ വേണ്ടും വണ്ണം സിദ്ധിപ്പിച്ചതിന്റെ ശേഷം അങ്കൊലത്തിൻ വെരുമ്മൽതൊലിതന്നെ പാലിൽ അരച്ചുകലക്കി സേവിപ്പിക്ക. എന്നാൽ എല്ലാ നായ്ക്കളുടെയും വിഷവും ശമിക്കും.

൬൪. ത്യജെദ്ദഷ്ടംശ്ശുനാതസ്യതാസ്സ്താശ്ചേഷ്ടാരുതാനിച ।
അനുകുർവ്വാണമംബ്വാദാവകസ്മാത്തസ്യവീക്ഷകം॥

൬൫. ശ്വസ്യന്തഞ്ചജലംദൃഷ്ട്വാശബ്ദംശ്രുത്വാശുനൊപിച ।
തന്ദൃഷ്ട്വാചാമൂനാന്യേപിവെദിതവ്യാശ്ശിവാദയഃ॥

യാവനൊരുത്തൻ ശ്വാവിന്റെ വിഷവീര്യത്താൽ മൊഹിപ്പിക്കപ്പെട്ടവനായിട്ട ശ്വാവിന്റെ പ്രവൃത്തികൾപൊലെയുള്ള പ്രവൃത്തികളെ ചെയ്കയും അതു ശബ്ദിക്കുന്നതുപോലെ ശബ്ദിക്കുകയും ജലം മുതലായതിൽനോക്കുമ്പോൾ നായയുടെ രൂപത്തെ കാണുന്നു എന്ന ഭ്രാന്തിവശാൽ വിചാരിക്കുകയും വെള്ളം കണ്ടാലും ശ്വാവിന്റെ ശബ്ദംകെട്ടാലും ശ്വാവിനെക്കണ്ടാലും ഭയത്തെ പ്രാപിക്കുകയും ചെയ്യുന്നുവെ അവനെ ഉപേക്ഷിച്ചുകൊൾക.

൬൬. അന്യേഷാംദാരുണെപ്യത്രസാധനായയതേതച ।
ഔഷധൈസ്സിദ്ധമന്ത്രൈശ്ചയഥാവദുപപാദിതൈഃ॥

മററുള്ളവരുടെ വിഷത്തിന്ന വളരെ പ്രബലത ഉണ്ടായിരുന്നാലും ഔഷധങ്ങൾകൊണ്ടും സിദ്ധമന്ത്രങ്ങൾകൊണ്ടും ശമിപ്പിപ്പാനായിക്കൊണ്ടു യത്നത്തെ ചെയ്തുകൊൾകയും വേണം.

൬൭. നക്തമാലസ്യപഞ്ചാംഗംപകംധാന്യാമ്ലവാരിണാ ।
പിഷ്ട്വാപിലിപ്യതദ്ദേശമാതിപെസ്ഥാപയെച്ചതം॥

൬൮. ഈഷച്ഛൊഷെപരിത്യജ്യപുനർല്ലിപ്ത്വാത്രവാസയെൽ ।
എവാദിനത്രയെകുര്യാദെഷസിദ്ധതമൊവിധിഃ॥

൬൯. ചെഷ്ടാരുതാനുകാരാംബുത്രാസാദിനിഖിലാവഹം ।
അതിതീവ്രമപിക്ഷിപ്രംശമയെൽശരളംശ്ശുനാം ॥

ഉങ്ങിന്റെ പഞ്ചാംഗം കാടിയിൽപുഴുങ്ങിഅരച്ചു കടിച്ചെടത്തുപുരട്ടി വെയിലത്തിരുത്തുക. പുരട്ടിയമരുന്ന ഉണങ്ങിതുടങ്ങിയാൽ അടത്തികളഞ്ഞ പിന്നെയും പുരട്ടി വെയിലത്തിരുത്തുക. ഇങ്ങിനെ മൂന്നുദിവസംചെയ്ക. ഈ പ്രയൊഗം ഏററവും സിദ്ധമാകുന്നു. ശ്വാവിനെപ്പൊലെ ചെഷ്ടിപ്പിക്കുകയും ശബ്ദിക്കുകയും ജലം കണ്ടാൽ ഭയംമുതലായതിനെ ഉണ്ടാക്കുകയും ചെയ്യുന്നതായും അതിപ്രബലമായുമിരിക്കുന്ന വിഷം ഇതുകൊണ്ടു ശമിക്കുകയും ചെയ്യും.

൧൦. ശ്വവൽഖാദിതുകാമസ്യദഷ്ടസന്ധീനമൂഷ്യച।
ഉഷ്ണാജ്യഗാഢൈജ്ജംബീരഫലഖണ്ഡമുഖൈമ്മൃഷ്ടഃ ॥
ശ്വാവിനെപോലെ അടുത്തുചെന്നവരെ കടിപ്പാനായിക്കൊണ്ടു ഇച്ഛിക്കുന്നവന്റെ അംഗസന്ധികളിൽ ചെറുനാരങ്ങ മുറിച്ച കഠിനമായ ചൂടോടുകൂടിയനെയ്യിൽ മുറിഞ്ഞേടം മുക്കി അതുവെച്ചു കാച്ചുക. എന്നാൽ കടിപ്പാൻവരുന്നതും വിഷവും ശമിക്കും

൧൧. ദൂർവ്വായാവ്യാഘ്രപദ്യാവാസ്സ്വരസേനചനാവനം।
അഥവാത്രായമാണായാസ്സർവ്വാളക്കുവിഷാപഹം ॥
കറുകയുടെ നീരുകൊണ്ടൊ പുലിച്ചുവടിൻനീരുകൊണ്ടൊ ബ്രഹ്മിനീരുകൊണ്ടൊ നസ്യംചെയ്ക. ഈ പ്രയോഗവും നായ്ക്കളുടെ സകലവിഷത്തെയും ശമിപ്പിക്കുന്നതാകുന്നു.

(കടുത്രയാദി ഗുളിക)

൧൨. കടുത്രയരസോനൊഗ്രഗന്ധാമധുകഹിംഗുഭിഃ,
സാശ്വഗന്ധാകരഞ്ജത്വങ് മാംസീബകുളകാസ്ഥിഭിഃ॥
൧൩. ധാന്യാമ്ലപിഷ്ടൈഃകൊലാഭാഗുളികാപിഹിതാഃപുനഃ।
ധാന്യാമ്ലയൊജിതാഃകൃത്വാപായയെൽപ്രാതരുത്ഥിതം॥
ചുക്കുമുളകുതിപ്പലി, വെളുത്തഉള്ളി, വയമ്പ, ഇരട്ടിമധുരം, കായം, അമുക്കുരം, ഉങ്ങിൻതൊലി, മാഞ്ചി, എരിഞ്ഞിക്കുരുവിൻകാമ്പ ഇവ കാടിയിലരച്ച ലന്തക്കുരുപ്രമാണം ഗുളിക ഉരുട്ടിനിഴലിലുണക്കി കാടിയിൽ അരച്ചുചേൎത്ത സെവിപ്പിക്ക നായയുടെ വിഷം ശമിക്കും.

(അമൃതാദി ചൂർണ്ണം)

൧൪. അമൃതാരജസാസാദ്ധംചൂർണ്ണയിത്വാകടുത്രയം।
സസിതംസർപ്പിഷാദദ്യാൽകുശ്വഃദന്യദപീദൃശം ॥
ചിററമൃതിന്റെ ഊറൽ ത്രികടു ഇവ കൂട്ടിപ്പൊടിച്ച പഞ്ചസാരചെൎത്ത നെയ്യിൽ കുഴച്ച സേവിപ്പിക്ക ഇതുപോലെ മററും പലപ്രയോഗങ്ങളും വേണ്ടിവരും എന്നാൽ മിക്കതും ശമിക്കുമെന്ന അറിഞ്ഞുകൊൾക.

മാൎജ്ജാരവിഷത്തിന്ന

൧൫. നിംബത്വഗഞ്ജനാംഭൊജബീജെന്ദ്രയവചന്ദനൈഃ।
ശുദ്ധാംബുപിഷ്ടൈരാലെപൊമാൎജ്ജാരവിഷനാശനഃ ॥
വേപ്പിൻതൊലി, അഞ്ജനക്കല്ല താമരക്കുരു, കുടകപ്പാലയരി, ചന്ദനം, ഇവ പച്ചവെള്ളത്തിൽ അരച്ചു കടിച്ചേടത്തുപുര

ട്ടെ *

ട്ടുക വൃശ്ചയുടെ വിഷം ശമിക്കും.

൬൬. സക്ഷാരചിത്രാംപഥ്യാംഞ്ചെസഞ്ചൂർണ്ണ്യമധുനാശയെൽ।
ഭൃംഗരാജരസൊപെതംഹിംഗുചൂർണ്ണമഥാപിവാ॥

൬൭. കടുത്രിതയസിന്ധൂത്ഥയവക്ഷാരാഗ്നിഭിഃകൃതം।
ചൂർണ്ണംവാസപ്പിഷെതാനിഹന്ത്യരൊതുവിഷംമഹൽ॥

ചവക്കാരം, കൊടുവേലിക്കിഴങ്ങ, കടുക്ക, ഇവ പൊടിച്ച തേനിൽ സേവിപ്പിക്ക. കഞ്ഞുണ്ണിനീരിൽ കായം പൊടിച്ച ചേൎത്ത സേവിപ്പിക്ക.

ത്രികടും, ഇന്തുപ്പ, ചവക്കാരം, കൊടുവേലിക്കിഴങ്ങ, ഇവ പൊടിച്ച നെയ്യിൽ സേവിപ്പിക്ക. സകലമാൎജ്ജാരവിഷവും ശമിക്കും.

## അശ്വവിഷത്തിന്ന

൬൮. വചാശ്വഗന്ധാലൊദ്ധ്രാണാംചൂൎണ്ണംക്ഷീരെണപായയേൽ। തെനൈവദംശെലെപംചകാരയെദ്വാജിനൊവിഷെ॥

കുതിര കടിച്ചാൽ വയമ്പ, അമുക്കുരം, പാച്ചോററിത്തൊലി, ഇവ പൊടിച്ച പാലിൽ കലക്കി സേവിപ്പിക്ക. മേൽപറഞ്ഞ മരുന്നുകൾ പാലിലരച്ച കടിച്ചെടത്ത പുരട്ടുകയുംചെയ്ക. വിഷം ശമിക്കും.

## മൎക്കടവിഷത്തിന്ന

൬൯. വിഷ്ണുക്രാന്താശിരീഷപഞ്ചാംഗംവാരിണാതെനലെപനം
കുൎയ്യാത്തദ്ദെവഗരളെമൎക്കടസ്യചപായയേൽ॥

മൎക്കടംകടിച്ചാൽ വാകയുടെപഞ്ചാംഗം പച്ചവെള്ളത്തിൽ അരച്ച കടിച്ചെടത്ത പുരട്ടുകയും സേവിപ്പിക്കയും ചെയ്ക വിഷം ശമിക്കും.

## മനുഷ്യവിഷത്തിന്ന

൭൦. നീലീഗരളികാമൂലംതണ്ഡുലീയകസംയുതം । ക്ഷീരെണ
വിഷ്ണുക്രാലിംപെത്തൽപായയെച്ചനൃണാംവിഷെ॥

മനുഷ്യൻകടിച്ചാൽ അമരിവേര, കരളകത്തിൻവേര, ചെറുചീരവേര ഇവ പാലിലരച്ച പുരട്ടുകയും സേവിപ്പിക്കയും ചെയ്ക വിഷം ശമിക്കും.

## മണ്ഡൂകവിഷത്തിന്ന

൭൧. രാമഠംത്ര്യൂഷണൊപെതമാരനാളെനമിശ്രിതം । മണ്ഡൂകസ്യവിഷെലിംപെൽപായയെച്ചതദൌഷധം ॥

തവളകടിച്ചാൽ കായവും ത്രികടുവും കൂടി കാടിയിലരച്ചുപു രട്ടുകയും സേവിപ്പിക്കുകയും ചെയ്ക. വിഷംശമിക്കും.

### മത്സ്യവിഷത്തിന്നു

വൃ൨. കാരസ്കരകഷായെണസേകംകുൎയ്യാന്നിരന്തരം ।
മത്സ്യസ്യഗരളെതിവ്രരുജാദ്ധ്യാശ്ശുപ്രശാന്തയെ॥

കടുമത്സ്യം കുത്തിയാൽ കാഞ്ഞിരത്തിന്റെ വേരുംതളിരുമി ടിച്ചുകഷായംവെച്ചു അതുകൊണ്ടു ധാരയിടുകഎന്നാൽകഠിന മായ നോവുംകടച്ചിലും ശമിക്കും.

വൃ൩. ആരണ്യസൎഷപകാഥബാഷ്പംവേധപദംനയെൽ।
എതെനതുക്ഷണെനൈവവേദനാദിശമോഭവേൽ ॥

കാട്ടുകടുക സമൂലമിടിച്ചു കഷായംവച്ചു അതിന്റെപുക ഏ ല്പിക്ക. അല്പകാലംകൊണ്ടുതന്നെ വേദനയും കടച്ചിലും ശമി ക്കും.

വൃ൪. ഗുളൂചീംദശപുഷ്പീഃപുഷ്പൈസ്സഹക്ഷീരേണപാചിതാം ।
പേഷയിത്വാനുലിംപേച്ഛതത്സദ്യശ്ശമയെദ്വിഷം ॥

ചിററമൃത, ദശപുഷ്പം ഇവ പാലിൽപുഴുങ്ങിയരച്ചു പുരട്ടുക യും ചെയ്ക. മത്സ്യവിഷം ശമിക്കും.

### നക്രവിഷത്തിന്നു

വൃ൫. ഗ്രന്ഥികാകുഷ്ഠമായൂരീബൃഹതീനതസൎഷപൈഃ । സാ
ശ്വഗന്ധൈരജാക്ഷീരെലേപൊനക്രവിഷംഹരെൽ॥

മുതലകടിച്ചാൽ കാട്ടുമുളകിൻവേര കൊട്ടം,ചെറുകടലാടി, ചെറുവഴുതിന്നവേര, തകരം, കടുക, അമുക്കുരം ഇവ ആട്ടിൻ പാലിൽ അരച്ചുപുരട്ടുക. വിഷം ശമിക്കും.

### വൃശ്ചികവിഷത്തിന്നു

വൃ൬. സദ്യോവെധപദംസിഞ്ചെച്ചക്രതൈലേനവാൎശ്ചികം।
കൊഷ്ണേനാംശുമതീകാഥകല്കാഭ്യാംസാധിതെനവാ॥

വൃ൭. മാണിമന്ഥരജഃപകാസൎപ്പിഷാകാഞ്ചികെനവാ ।
സക്ഷാരലവണെനാഥലെപനാദികമാചരെൽ ॥

തേളുകുത്തിയാൽ ഉടനെ കണയെണ്ണ കുറഞ്ഞൊരു ചൂടുപി ടിപ്പിച്ചു അതുകൊണ്ടു കുത്തിയെടത്തു ധാരയിടുക. ഓരിലവേര കൊണ്ടു കഷായംവച്ചു ഓരിലവേര അരച്ചുകലക്കി എണ്ണചെ ൎത്തുകാച്ചിയരിച്ചു അതുകൊണ്ടുമേൽപ്രകാരംധാരയിടുകയുമാം അല്ലായെങ്കിൽഇന്തുപ്പുപൊടിച്ചിട്ടു നെയ്യുമൂപ്പിച്ചുഅതുകൊണ്ടു

മേൽപ്രകാരം ധാരയിടുക. കാടിയിൽ ചവക്കാരവും ഇന്തുപ്പും പൊടിച്ചുചേൎത്ത അതുകൊണ്ടും ധാരയിടാം പിന്നെ ലേപനാദികളെ ചെയ്യു.

(ലേപനം)

വ്യ്വ. വാരിണ്ണാനക്തമാലസ്യപിഷ്ടൈഃപത്രൈസ്സുരാമമൈഃ
കാഞ്ചികേനൈവവാലെപസ്സൎവ്വദ്രോണവിഷപ്രണൽ॥

ഉങ്ങിന്റെ ഉല, കായം ഇവ പച്ചവെള്ളത്തിലൊ കാടിയിലൊ അരച്ചു പുരട്ടുക. ദ്രോണവിഷം ശമിക്കും. ദ്രോണമെന്ന തതേളാകുന്നു. തേളുകൾ വായവ്യങ്ങളായിട്ടും ആഗ്നെയങ്ങളായിട്ടും സൌമ്യങ്ങളായിട്ടും സംകീൎണ്ണങ്ങളായിട്ടുമുണ്ട. വായവ്യങ്ങൾ വായുകോപത്തെ ഉണ്ടാക്കുന്നവയാകുന്നു. അതുകൾക്കും മീനസാദി പതിനെട്ടു ജാതിയോടുക്കൂടിയവയുമാകുന്നു. ആഗ്നേയങ്ങൾ പിത്തകോപകരങ്ങളാകുന്നു അതുകൾ കൌണ്ഡിന്യാദി ഇരിപത്തുനാല ജാതിയൊടുക്കൂടിയവയുമാകുന്നു. സൌമ്യങ്ങൾ കഫകോപകരങ്ങളാകുന്നു. അതുകൾവിശ്വാഭരാദിപതിമൂന്നു ജാതിയൊടുക്കൂടിയവയുമാകുന്നു. സങ്കീൎണ്ണങ്ങൾ ദോഷത്രയകോപത്തെ ഉണ്ടാക്കുന്നവയാകുന്നു. അതുകൾ തുണ്ഡനാസാദി വന്ത്രണ്ടുജാതിയോടുക്കൂടിയവയുമാകുന്നു ഇങ്ങിനെ വാതാദിദോഷകോപകരങ്ങളായും അറുപത്തേഴജാതിയൊടുക്കൂടിയവയായുമിരിക്കുന്ന തേളുകളിൻവെച്ച ഏതെല്ലാം തേളുകളുടെവിഷം സാദ്ധ്യമാകുന്നു എന്ന ശാസ്ത്രസമ്മതികാണപ്പെടുന്നുവൊ അതുകളെ ഒക്കെയും ഗ്രഹിപ്പിപ്പാനായിക്കൊണ്ട സൎവ്വപദത്തെ പ്രയോഗിച്ചിരിക്കുന്നു എന്ന അറിഞ്ഞുകൊൾകയും വേണം മെൽപറഞ്ഞ തേളുകളുടേയും അതാത തേളിന്റെ വിഷത്തിന്റെയും ലക്ഷണങ്ങൾ സാദ്ധ്യാസാദ്ധ്യലക്ഷണങ്ങൾ ഇവരണ്ടുവകയും പുസ്തകത്തിന്റെ ചുരുക്കത്തിന്നുവേണ്ടി ഉപേക്ഷിച്ചിരിക്കുന്നു.

വ്യ൯. അൎക്കക്ഷീരേണസംപിഷ്ടൈൎമ്മരിച്ചൈൎവ്വാവിലേപനം।
മാണിമന്ഥയുതൈനാഹിവല്ലീപത്രേണവാഹിതം॥

എരുക്കിൻപാലിൽ മുളക അരച്ചുപുരട്ടുകയും ഇന്തുപ്പും വെററിലയുംക്കൂട്ടി അരച്ചുപുരട്ടുകയും തേൾവിഷത്തിന്ന പററുന്നതാകുന്നു.

൯൦. പാരാവതശകൃൽപഥ്യാനാഗരൈസ്തഗരാന്വിതൈഃ।
ബീജപൂരരസേപിഷ്ടൈൎല്ലെപൊസ്യപരമൌഷധം॥

മാടപ്രാവിന്റെ കാഷ്ഠം, കടുക്ക, ചുക്ക, തകരം ഇവതാളി

മാതളത്തിൻനീരിൽ അരച്ചുപുരട്ടുക. തേളിൻെറ വിഷത്തിന്ന ഇത പരമൌഷധമാകുന്നു.

൯൭. നാഗരംഹരിതാലംചസൈന്ധവെനസമന്വിതം।
ബീജപൂരരസെനാപെതംതഥാസ്യപരമൌഷധം॥

ചുക്ക,പൊന്നരിതാലം,ഇന്തുപ്പ ഇവ താളിമാതളത്തിൻനീരിലരച്ചു പുരട്ടുക. ഈ പ്രയോഗവും മേൽപറഞ്ഞ പ്രയോഗം പോലെ ആകുന്നു.

(രാമഠാദിഗുളിക)

൯൮. രാമഠംഹരിതാലഞ്ചബീജപൂരകവാരിണാ।
പിഷ്ടാസ്തഥാഗുളികാഃകുൎയ്യാന്മുൽഗാഭാസ്താവിശോഷിതാഃ॥
൯൯. ബീജപൂരരസെനൈവപാനലെപാദിയൊജിതാഃ।
നിയച്ഛന്ത്യഖിലംസദ്യോഗരളംശ്ചുകവെധിനാം॥

കായം,പൊന്നരിതാരം ഇവ താളിമാതളത്തിൻനീരിലരച്ച ചെറുപയററിന്മണിപ്രമാണംഗുളികയുരുട്ടിനിഴലിലുണക്കിതാളിമാതളത്തിൻനീരിൽ അരച്ചുചേൎത്ത സേവിപ്പിക്കയും പുരട്ടുകയും നസ്യവും ചെയ്ക. തേളിൻെറ വിഷം ശമിക്കും.

(കരഞ്ജബീജാദി ഗുളിക)

൧൦൦. കരഞ്ജബീജശ്വെതാൎക്കതണ്ഡുലീയകഡുണ്ഡുകൈ॥
മനൊഹ്വാഹരിതാലാൎക്കരാഗകുംകുമതുഗ്യതൈഃ॥
൧൦൧. കരഞ്ജസ്വരസെപിഷ്ടൈസ്സപ്താഹംമുൽഗസന്നിഭാഃ।
വിഹിതാഗുളികാശ്ശുഷ്കാശ്ശുരാരായാംപാനലെപയൊഃ॥
൧൦൨.നാവനെചകരഞ്ജസ്യകഷായെണരസെനച।
ശ്വെതാൎക്കസ്വരസെനാപിയൊജ്യാഇതിജിനൊബ്രവീൻ

ഉങ്ങിൻകുരു,വെള്ളെരുക്കിൻവേര, ചെറുചീരവേര, പലകപ്പയ്യാനിവേര,മനയോല, പൊന്നരിതാരം, അക്ലാരിത്തെങ്ങ, കുംകുമം, കൊട്ടം ഇവ ഉങ്ങിൻനീരിൽ ഏഴുദിവസം അരച്ച ചെറുപയററിന്മണിപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി ഉങ്ങിൻെറ വേരുമുതലായ പഞ്ചാംഗങ്ങൾകൊണ്ടു കഷായംവച്ച അതിൽചേൎത്ത സേവിപ്പിക്കയും ഉങ്ങിൻതളിര ഇടിച്ചുപിഴിഞ്ഞനീരെടുത്ത അതിൽചേൎത്ത പുരട്ടുകയും വെളുത്തഎരുക്കിൻെറ തളിര വാട്ടിപ്പിഴിഞ്ഞനീരെടുത്ത അതിൽചേൎത്ത നസ്യം ചെയ്കയും ചെയ്ക. ഇത എല്ലാതേളുകളുടെവിഷത്തിന്നും ഉടനെ ഉപശമനത്തെ ഉണ്ടാക്കുന്നതാകുന്നു എന്ന ബുദ്ധമുനിയാൽ പറകപ്പെട്ടിരിക്കുന്നു.

ഊറാമ്പല്ലിവിഷത്തിന്ന

൯൭. പിഷ്ടാവ്യാഘ്രപദീമൂലംപയസാപായയെൽപ്രഗെ।
ക്ഷൈരെയീംവായവാളുംതൽസഹിതാംസിതയായുതാം॥

൯൮. പൃഥുകാൻസിതയൊപെതാൻപ്രാശയെദ്വാസിതായുതം।
നവനീതംവിനഷ്ടാംബുലാംഗലീഫലമെവവാ

൯൯. കുയ്യാച്ചക്ഷീരപിഷ്ടേനകടംബതരുചർമ്മണാ।
മൂലെനവ്യാഘ്രപദ്യാവാലെപനംശിഗ്രുണൈവവാ॥

൧൦൦. മന്ത്രൈഃകുക്കുടരുദ്രസ്യസഞ്ജപ്തേനനിരന്തരം।
തൊയെനദംശെകുയ്യാച്ചധാരാമുരുവലെവ്വിഷെ॥

ഊറാമ്പല്ലികടിച്ചാൽ പുലിച്ചുവടിൻവേര പാലിലരച്ച രാവിലെസേവിപ്പിക്കയൊ മേല്പറഞ്ഞ മരുന്ന ചതച്ചിട്ട പാൽക്കഞ്ഞിവെച്ച പഞ്ചസാരചേൎത്ത രാവിലെ സേവിപ്പിക്കയൊ ചെയ്ക. അവിലും പഞ്ചസാരയും ചെൎത്ത ഭക്ഷിപ്പിക്ക. വെണ്ണയും പഞ്ചസാരയും ചേൎത്ത ഭക്ഷിപ്പിക്ക. വീർവററിയനാളികേരത്തിൻപൂള പഞ്ചസാരകൂട്ടിഭക്ഷിപ്പിക്ക. കടമ്പിൻതൊലിയൊ പുലിച്ചുവടിൻവേരൊ പാലിലരച്ച കടിച്ചെടത്തപുരട്ടുക. കുക്കുടരുദ്രമന്ത്രങ്ങൾ ജപിച്ച പച്ചവെള്ളം കൊണ്ട കടിച്ചെടത്ത ധാരയും ചെയ്ക. എന്നാൽ വിഷംശമിക്കും.

അരണവിഷത്തിന്ന

൧൦൧. ശിഗ്രുനിംബശിരീഷാൎക്കക്ഷീർഫലവൃന്തജാഗാഹിതഃ।
സൎവ്വാംഗലെപൊദഷ്ടസ്യബ്രാഹ്മണ്യാവിഷനാശനഃ॥

അരണകടിച്ചാൽ മുരിങ്ങത്തൊലി, വേപ്പിൻതൊലി, നെന്മെനിവാകത്തൊലി എരുക്കിൻ വെരുമ്മൽതൊലി, പലകപ്പയ്യാനിവെരുമ്മൽതൊലി ഇവ പച്ചവെള്ളത്തിലരച്ച മെലൊക്കെതെക്കുക. വിഷം ശമിക്കും.

൧൦൨. നീലീമൂലകഷായെണസൎവ്വാംഗപരിഷെചനം।
ശ്രെഷ്ഠംതതൊപിദംശഞ്ചലിംപെല്ലവലിപല്ലവൈഃ॥

അമരിവേരുകൊണ്ട കഷായംവെച്ച അതുകൊണ്ട സൎവ്വാംഗധാരചെയ്ക. ഇത മേൽപറഞ്ഞ സൎവ്വാംഗലേപനത്തെക്കാൾ അധികം നന്മയുള്ളതാകുന്നു. വെള്ളിലത്തളിര അരച്ചകടിച്ചെടത്ത പുരട്ടുകയും ചെയ്ക.

൧൦൩. ശംഖപുഷ്പീന്ദ്രവല്ലിഭ്യാംമൂലെനപനസച്ഛദം।
പ്രത്യഗ്രംവാരിണാപിഷ്ടാപായയെച്ചപ്രഗെതരാം॥

ശംഖപുഷ്പത്തിൻവേര, ഉഴിഞ്ഞവേര, പുലാവിൻകുരുന്ന

ഇവ പച്ചവെള്ളത്തിൽ അരച്ചുകലക്കി ഏററവും പുലച്ചെ സെ വിപ്പിക്കയും ചെയ്ക. എന്നാൽ വിഷം ശമിക്കും.

ഓന്തിൻവിഷത്തിന്ന

൧൮. അയമെവവിധിസ്സൂസ്തഃകൃകലാസവിഷെപിച।
തുല്യത്വാദുഭയൊരിത്ഥമാചാൎയ്യാണാംമതസ്ഥിതിഃ ॥

ഓന്തിൻെറ വിഷത്തിന്ന അരണയുടെ വിഷത്തൊടു സാമ്യ മുണ്ടാകയാൽ അരണവിഷത്തിന്നു പറഞ്ഞ ചികിത്സകൾത ന്നെ അതിന്നും മതി എന്ന വളരെ ആചാൎയ്യന്മാർ പറഞ്ഞിരി ക്കയാൽ മേൽപറഞ്ഞ ചികിത്സകളെ ഓന്തുകടിച്ചാലും ചെ യ്തുകൊൾക.

ഗൌളിവിഷത്തിന്ന

൧൯. ഗൃഹഗൊധികയാദഷ്ടെപിഷ്ട്വൈദ്ദംശെവിലെപനം।
നീലീഗരളികാഗൊപീമൂലൈഃകുൎയ്യാന്നിശാരസെ ॥

ഗൌളികടിച്ചാൽ അമരിവേര, കരളെകത്തിൻവേര, നന്നാ റിക്കിഴങ്ങ ഇവ മഞ്ഞൾനീരിലരച്ച പുരട്ടുക. കുപ്പമഞ്ഞളിൻ നീരിലുമാം.

൨൦. താന്യെവപിഷ്ട്വാശുദ്ധാംബുലോളിതാനിചപായയേ
ൽ। നിൎയ്യാസംവാകപിത്ഥസ്യകദംബസ്യത്വചൊപിവാ

അമരിവേര, കരളെകത്തിൻവേര, നന്നാറിക്കിഴങ്ങ ഇവ യൊവിളാമ്പശയൊ കടമ്പിൻതൊലിയൊ പാലിലരച്ചു കല ക്കി സേവിപ്പിക്കയും ചെയ്ക. എന്നാൽ വിഷം ശമിക്കും.

കടന്നലിൻവിഷത്തിന്ന

൨൧. ഗോമതീപല്ലവാൻപിഷ്ട്വാനിശയാസഹലെപനം।
ദംശെവിദദ്ധ്യാത്തൈരാശുഗന്ധൊളീവിഷശാന്തയെ ॥

കടന്നൽ കുത്തിയാലുടനെ ക്ഷുമുള്ളിൻകുനുന്ന പച്ചമഞ്ഞൾ ഇവ പച്ചവെള്ളത്തിൽ അരച്ച കടിച്ചെടത്ത തേക്കുക. വിഷം ശമിക്കും.

൨൨. വശിനീപല്ലവൈഃപിഷ്ട്വൈൎന്നവനീതെനസംയുതൈഃ।
സൎവ്വാംഗലെപനംകൃത്വാതാനെവപ്രാശയെച്ചവാ ॥

മുക്കുററിയുടെ തളിരരച്ചു വെണ്ണചേൎത്ത സൎവ്വാംഗം പുരട്ടുക യും അതുതന്നെ സേവിപ്പിക്കയും ചെയ്ക ഇങ്ങിനെയുമാം. എ ന്നാൽ വിഷം ഉടനെ ശമിക്കും.

൨൩. ദ്രോണപുഷ്പരസൊന്മിശ്രംമദ്ദിതംസഹസൎപ്പിഷാ।

ആശയെൽകദളീപകപമധ്രവാതദപിഷാതുരം ॥

തുമ്പപ്പൂവ്വിൻെറനീരിൽ നെയ്യും കദളിപ്പഴവും ചേൎത്ത സേവിപ്പിക്കയുമാം. ഠരം പ്രയോഗം ഏററവും സാരമാകുന്നു.

അട്ടയുടെ വിഷത്തിന്നു

൧൫൦. നിശാഗോപാംഗനാചൂൎണ്ണംസപ്പിഷാസഹഭക്ഷയെൽ।
തെനൈവദംശെലിംപെച്ചജളൌകൊവിഷശാന്തയെ॥

മഞ്ഞൾ, നന്നാറിക്കിഴങ്ങ ഇവ പൊടിച്ച നെയ്യ ചേൎത്ത സേവിപ്പിക്കയും കടിച്ചെടത്ത പുരട്ടുകയും ചെയ്ക. അട്ടയുടെ വിഷം ശമിക്കും.

പട്ടതാരയുടെ വിഷത്തിന്നു

൧൫൧. പിഷ്ടപാകരിലതാകന്ദംപായയെച്ശുദ്ധവാരിണാ।
സാരസപതവിഷൊച്ഛിത്യെദംശെകുൎയ്യാച്ചലെപതം॥

പട്ടതാരയുടെ വിഷത്തിന്നു കരിക്കൊടിക്കിഴങ്ങ പച്ചവെള്ളത്തിൽ അരച്ചുകലക്കി സെവിപ്പിക്കയും പുരട്ടുകയുംചെയ്ക എന്നാൽ ഉടനെ ശമിക്കും.

൧൫൨. പത്രാണ്യുത്തമകന്യായാഃകടുത്രയസമനപിതം।
ശിരീഷസപരസെപിഷ്ടപാകുൎയ്യാദപാതൈവ്വിലെപനം।

വെലിപ്പരുത്തിയിലയും ത്രികടുവും കൂട്ടി നെന്മെനിവാകയിലനീരിൽ അരച്ചുപുരട്ടുകയുമാം.

൧൫൩. ക്ഷീരെണപായയെൽപിഷ്ടാംദഷ്ടംപൃഥകികാശിഫാം।
തയൈവകുൎയ്യാല്ലെപംവായദപാശൈലെയസപ്പിഷാ।

അവിൽപൊരിവേര പാലിലരച്ചുകലക്കി സെവിപ്പിക്ക. പുരട്ടുകയുംചെയ്ക. നെയ്യിൽ കന്മതംചേൎത്ത പുരട്ടുകയുമാം. ഇവ ചെയ്താൽ പട്ടതാരയുടെ വിഷം നല്ലവണ്ണംശമിക്കും.

വിഷസാമാന്യ ചികിത്സാ

(കുഴയിൽതേപ്പാൻ പുനൎന്നവാദി)

൧൫൪. പുനൎന്നവനിശാദപന്ദപശിരീഷകരവീരകൈഃ ।
നീലീകദംബനിംബാൎക്കസൊമവല്ലൂമുനിദ്രുമൈഃ।

൧൫൫. നളീവെതസനിൎഗ്ഗുണ്ഡീകരഞ്ജകകുഭൈരപി।
പിഷ്ടൈസ്തണ്ഡുലതൊയെനലെപസ്സൎവ്വവിഷാത്തിനുൽ

തമിഴാമവേര, വരട്ടുമഞ്ഞൾ, മരമഞ്ഞൾതൊലി, നെന്മെനിവാകവേരിന്മേൽതൊലി, അലരിത്തൊലി,അമരിവേര, കടമ്പിൻതൊലി,വേപ്പിൻതൊലി,എരുക്കിൻവേരിന്മെൽതൊലി,

തോരായത്തിൻതൊലി,അഗസ്ത്തിമരത്തിൻതൊലി, പുഴവഞ്ഞിത്തൊലി, കരുനൊച്ചിവേര, ഉങ്ങിൻതൊലി, നീർമരുതിൻതൊലി, ഇവ അരിക്കാടിയിൽ അരച്ച കടിച്ചെടത്തും കുത്തിയെടത്തും പുരട്ടുക എല്ലാവിഷവും ശമിക്കും.

(സേവിപ്പാൻഗുളിക ശ്വേതാൎക്കമൂലാദി)

ഫന്ന. ശ്വേതാൎക്കമൂലശൈലെയശാരിബാകുഷ്ഠചന്ദനൈഃ।
തണ്ഡുലീയകരഞ്ജത്വഗശ്വഗന്ധാസ്ഥിരാദ്വയൈഃ॥
ഫഫ്ര. പാഠാഗരളികാമൂലകൊലദംഷ്ട്രാകടുത്രയൈഃ।
നിലീപൃഥ്വികികാഘൊരവരകന്യാനിശാത്രയൈഃ।
ഫഫവ്യ. ജീമൂതമൂലഗൊലൊമീമൂൎവ്വാഗുഞ്ജാടരൂഷകൈഃ।
മാംസീകുടചരൊശീരനാഗരാമരദാരുഭിഃ।
ഫ൨ൻ. മായൂരിമധുകാഭീരുകന്ദഗണ്ഡകശൃംഗകൈഃ॥
ഹെമരൂപ്യരജൊമുക്താഫലവിദ്രുമഹിംഗുളൈഃ।
ഫ൨ം. കസ്തൂരിശംഖപാഷാണഫലത്രിതയഗന്ധകൈഃ।
ഹരിതാലമനൊഹ്വചന്ദ്രമദകുംകുമചൊരകൈഃ॥
ഫ൨ഫ. അയസ്കാന്തശിലാനാഭിശിവബീജൈശ്ച സമ്മിതൈഃ,
പിഷ്ടൈസ്ത്രിഃ ശിഷപത്രൈൎഭ്യൊമട്ടിതൈൎഭ്യാഹതൈരസെ॥
ഫ൨൨. പത്രൈൎഭ്യശ്ചകരഞ്ജസ്യകാഥെചാരിഷ്ടവല്ലജെ।
നീപത്വഗിഫിതെചാഥനീലീമൂലകൃതെപിച।
ഫ൨ന്മ. പഞ്ചഗന്ധാരസെബീജപൂരകാൎദ്രകവാരിണി। ജീരകെണശൃതെവാരിണ്യപിയാമാൻപൃഥഗ്ബഹൂൻ॥
ഫ൨ർ. കുസ്തുംബുരുനിഭാഃകൃതാഗുളികാസ്സംവിശൊഷിതാഃ॥
കരഞ്ജനീലീനിംബാംബുപീതാസ്സൎവ്വവിഷാപഹാഃ॥

വെളുത്ത എരുക്കിൻവേര, കന്മതം, നന്നാറിക്കിഴങ്ങ, കൊട്ടം, ചന്ദനം, ചെറുചീരവേര, ഉങ്ങിൻതൊലി, അമുക്കുരം ഓരിലവേര, മൂവ്വിലവേര, പാടക്കിഴങ്ങ, കരളെകത്തിൻവേര, പന്നിത്തേററ, ത്രികടു, അമരിവെര, അവിൽപൊരിവേര, അകോരിവേര, വേലിപ്പരുത്തിവേര, വരട്ടുമഞ്ഞാൾ, മരമഞ്ഞത്തൊലി, കുപ്പമഞ്ഞൾ, ദേവതാളിവെര, വയമ്പ, പെരുംകുരുമ്പവേര, വെളുത്തകുന്നിയുടെവേര, ആടലോടത്തിൻവേര, മാഞ്ചി, കൊടാചാരിസമൂലം, രാമച്ചം, ചുക്ക, ദേവതാരം, ചെറുകടലാടി, ഇരട്ടിമധുരം, ശതാവരിക്കിഴങ്ങ, ഖണ്ഡാമൃഗത്തിൻകൊമ്പ, പൊന്നിൻപൊടി, വെള്ളിപ്പൊടി,മുത്ത,പവിഴം,ചായില്യം, കസ്തൂരി, ശംഖപാഷാണം, ത്രിഫല, നെല്ലിക്കാഗന്ധകം,പൊന്നരിതാരം,മനയോല,കന്നാരം,കുംകുമം,കച്ചൂരിക്കി

ഴങ്ങ,അയസ്കാന്തം,വത്സനാഭി, രസംഇവ നെന്മേനിവാകയി ലനീരിലും ഉങ്ങിലനീരിലും വേപ്പിൻതൊലികൊണ്ടുവെച്ച കഷായത്തിലും കടമ്പിൻതൊലികൊണ്ടുവെച്ച കഷായത്തിലും അമരിവേരുകൊണ്ടുവച്ച കഷായത്തിലും വെളുത്ത വേളയുടെ നീരിലും താളിമാതളത്തിലനീരിലും ഇഞ്ചിനീരിലും ജീരകക്കഷായത്തിലും മുമ്മൂന്നുയാമം അരച്ച കൊത്തമ്പാലരിപ്രമാണം ഗുളികഉരുട്ടി നിഴലിലുണക്കി ഉങ്ങിന്റെതൊലി, അമരിവേര, വേപ്പിന്റെതൊലി ഇവകൊണ്ടുവച്ച കഷായത്തിൽ ചെൎത്തസേവിക്ക. എല്ലാ വിഷവും ശമിക്കും.

(നസ്യത്തിന്നഗുളിക ദ്രോണപുഷ്പാദി)

൬൨൭. ദ്രോണപുഷ്പകദംബത്വങ്ങ്നീലീമൂലാക്കപല്ലവൈഃ।
മൂൎവ്വാമൂലകരഞ്ജാസ്ഥിനീലിനിംബബീജസംയുതൈഃ ।
൬൨൮.യുക്തൈൎത്തന്ദുലികാകന്ദതുല്യഭാഗൈൎന്നപെഷിതൈഃ॥
ബസ്തസ്യമൂത്രെഭ്രനിംബഫലതുല്യാകൃതിഃകൃതാ।
൬൨൯. ഗുളികാനാവനെശസ്താസൎവ്വെഷാംഛ്യഷ്ടമിശ്രിതാ।
രസെഗരളികാപത്രസംഭൂതെക്കരസെപിവാ॥

തുമ്പപ്പൂവ്വ. കടമ്പിൻതൊലി, അമരിവേര, വെള്ളെരുക്കില പെരുംകുരുമ്പവേര, ഉങ്ങിൻകുരു,താളിയരി ഇവ സമം ഇവ കൾക്കൂടിയെടത്തോളം കീരിക്കിഴങ്ങ ഇങ്ങിനെ ചേൎത്ത ആട്ടിൻമൂത്രത്തിലരച്ച പുത്തരിച്ചുണ്ടങ്ങ പ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കികരളെകത്തിലനീരിലൊ വെള്ളെരുക്കിലനീരിലൊ അരച്ചചേൎത്ത നസ്യംചെയ്ക എല്ലാവിഷവും ശമിക്കും. നസ്യം വെണ്ടസമയത്തിങ്കലല്ലാതെ പ്രവൃത്തിക്കരുത. അഞ്ജനവുമപ്രകാരം തന്നെ. ബോധക്കെട, അസംബന്ധപ്രലാപം ഇത്യാദികൾക്കെല്ലാം നസ്യാഞ്ജനാദികൾകൊണ്ട ശമിക്കുന്നതായാൽ അതുകൾ കാണുമ്പോൾ ചെയ്തുകൊൾക.

(അഞ്ജനത്തിന്നഗുളിക വിലംബബീജാദി)

൬൩൦. വിലംബബീജകണാതുത്ഥമരിചൈർദ്രോണപത്രജെ।
രസെസസൈന്ധവൈഃപിഷ്ടൈർഗ്ഗുളികാമാഷസമ്മിതാ
൬൩൧.ഛായാശുഷ്കാഞ്ജനെയോജ്യാനീലീപത്രരസാന്വിതാ।
നിംബപുഷ്പരസൊവൈതായദ്വാസൎവ്വവിഷാൎത്തിഷു॥

കൂവളത്തിൻകുരു, തിപ്പലി,തുത്ത, മുളക, ഇന്തുപ്പ ഇവതുമ്പനീരിലരച്ച ഉഴുന്നിൻമണിപ്രമാണം ഗുളികയുരുട്ടി നിഴലിലുണക്കി അമരിയിലനീരിലൊ വേപ്പിൻപൂവിന്റെ നീരിലൊ അരച്ചചേൎത്ത കണ്ണിൽ എഴുതുക. എല്ലാവിഷവും ശമിക്കും.

(തലയിൽ കുഴമ്പിടുവാൻ മഞ്ജിഷ്ഠാദിപൊടി)

൧൩൦. മഞ്ജിഷ്ഠാമധുകോശീരശാരിബാതണ്ഡുലീയകൈഃ ।
രജനീദ്വയമുസ്തൈലാമാംസീനാഗാഹ്വചന്ദനൈഃ ॥

൧൩൧. കടുത്രയവരാകുഷ്ഠനായകാംഭോജകേസരൈഃ ।
ശ്വേതാക്ഷീലീനിർഗ്ഗുണ്ഡീരാസ്നാഭിശ്ചകൃതംരജഃ ॥

൧൩൨. ശിഗ്രുവല്ക്കരസേപാഠാമൂലകല്കസമന്വിതേ ।
സസ്തന്യപകേഌനൈരണ്ഡതൈലേനസഹമൂർദ്ധ്നി ॥

൧൩൩. യോജയേതചസർവ്വേഷാംശിരശ്ശൂലഭ്രമാദിഷു । സ്രോ
തോരോധേചസംജ്ഞായാഃപ്രമോഷേചഹിതം ചതൽ ॥

മഞ്ചെട്ടിപ്പൊടി, ഇരട്ടിമധുരം, രാമച്ചം, നന്നാറിക്കിഴങ്ങ, ചെറുചീരവേര, വരട്ടുമഞ്ഞൾ, മരമഞ്ഞത്തൊലി, മുത്തങ്ങക്കിഴങ്ങ, ഏലത്തരി, മാഞ്ചി, നാകപ്പൂവ്വ, ചന്ദനം, ത്രികടു, ത്രിഫല, കൊട്ടം, ചെന്നിനായകം, താമരയല്ലി, വെള്ളെരുക്കിൻവേര, അമരിവേര, കരുനൊച്ചിവേര, അരത്ത ഇവ പൊടിച്ച മുരിങ്ങത്തൊലി കുത്തിപ്പിഴിഞ്ഞെടുത്തനീരിൽ പാടക്കിഴങ്ങ അരച്ചുകലക്കി ആവണക്കെണ്ണയും മുലപ്പാലും ചേൎത്ത കാച്ചിയരിച്ച അതിൽ ചാലിച്ച മൂൎദ്ധാവിൽകുഴമ്പിടുക. വിഷംനിമിത്തമായി ഉണ്ടാകുന്നതലവേദന, തലതിരിച്ചിൽ, കഫരോധം, ബോധക്കേട, ഇവ ശമിക്കും സകലവിഷത്തിന്നും നന്നു.

(പ്രാണരാജ ഘൃതം)

൧൩൪. അമൃതാലവലീമൂലമുസ്താഗരളികാംബുഭിഃ ।
അഭയാശാരിബോശീരവർഷാഭൂകുഷ്ഠയഷ്ടിഭിഃ ॥

൧൩൫. വിലാഡ്വുണ്ഡുകനിർഗ്ഗുണ്ഡീപാഠാനിംബകരഞ്ജകൈഃ ।
ശ്വേതാക്ഷീപഞ്ചദതീവിശാലാഭിശ്ചസാധിതേ ॥

൧൩൬. നിശ്ശേഷേഡോദധാമാനന്താമധൂകസുരദാരുഭിഃ । അ
ക്രോഗാശ്വഗന്ധാബ്ദനീലീശൈലേയഹിംഗുഭിഃ ॥

൧൩൭. നിംബപുഷ്പകദംബത്വക്ത്രിഫലാഭിശ്ചകല്കിതൈഃ ।
സ്വരസംദ്വിഗുണംദത്വാസോമവല്യാശ്ശൃതംഘൃതം ॥

൧൩൮. പ്രാണരാജാഹ്വയംപാനനസ്യാഭ്യഞ്ജനകൎമ്മണാ ।
വിഷംഹരതിസർവ്വേഷാമപദാഞ്ചചതുഷ്പദാം ॥

൧൩൯. ഏതദ്വാപ്രാണരക്ഷാൎത്ഥംമരിചേനസമന്വിതം । സ
ർവ്വത്രപ്രാശയേദാദാവിതിനാസത്യയോൎമ്മതം ॥

ചിററമൃത, വെള്ളിലവേര, മുത്തങ്ങക്കിഴങ്ങ, കരളകത്തിൻവേര, ഇരുവേലി, കടുക്ക, നന്നാറിക്കിഴങ്ങ, രാമച്ചം, തമിഴാമ

വേര, കൊട്ടം, ഇരട്ടിമധുരം, ക്കുവളത്തിൻവേര, പലകപ്പയ്യാനിവേര, കരുനൊച്ചിവേര, പാടക്കിഴങ്ങ, വേപ്പിൻതൊലി, ഉങ്ങിൻതൊലി, വെള്ളത്തഎരുക്കിൻവേര, കടമ്പിൻതൊലി, ചെറുവഴുതിനവേര, കാട്ടുവെള്ളരിവേര ഇവകൊണ്ടു കഷായംവച്ചു താളിമാതളങ്ങളുടെ ഓട കുറുക, ഇരുപ്പക്കാതല, ദേവതാരം, അക്ലാരിത്തങ്ങ, അമുക്കുരം, മുത്തെങ്ങക്കിഴങ്ങ, അമരിവേര, കന്മതം, കായം, വേപ്പിൻപൂവ്വ, കടമ്പിൻതൊലി, ത്രിഫല ഇവഅരച്ചുകലക്കി നെയ്യും നെയ്യിലിട്ടു സൊമവള്ളിയുടെ നീരുംചേൎത്ത കാച്ചിയരിക്കുക. ഈ നെയ്യു പ്രാണരാജമെന്ന പേരോടുകൂടിയതാകുന്നു. ഇതുകൊണ്ടപാനമൊ നസ്യമൊലേപനമൊചെയ്താൽ കാലൊടുകൂടാതെയിരിക്കുന്ന ജന്തുക്കളുടെവിഷവും നാലുകാലുകളോടുകൂടിയ ജന്തുക്കളുടെവിഷവും ശമിക്കും. മേൽപറഞ്ഞ നെയ്യുതന്നെ മുളകിൻപൊടിചേൎത്തഎല്ലാവിഷങ്ങൾക്കും ആദിയിൽ ജീവരക്ഷയ്ക്കായിക്കൊണ്ട സേവിപ്പിക്കെണമെന്ന അശ്വിനീദേവന്മാരുടെ മതമാകുന്നു.

(കഷായം പാഠാകരഞ്ജാദി)

൫൪൦. പാഠാകരഞ്ജശെഫാലാക്കനിംബദാൎവ്വീപ്രിയംഗുഭിഃ ।
സതണ്ഡുലീയകൈസ്സിദ്ധഃകഷായസ്സൎവ്വത്രശസ്യതെ ॥

പാടക്കിഴങ്ങ, ഉങ്ങിൻതൊലി, വെള്ളെരുക്കിൻവേര, വേപ്പിൻതൊലി, മരമഞ്ഞത്തൊലി, ഞാഴൽപൂവ, ചെറുചീരവേര, ഇവകൊണ്ടു കഷായം വെച്ചു സേവിപ്പിക്ക. എല്ലാവിഷവും ശമിക്കും.

൫൪൫. അനുക്താനാന്തുസൎവ്വേഷാമെഭിരെവപ്രതിക്രിയാം ।
യഥായൊഗ്യംപ്രയുഞ്ജീതസമുക്തെഷ്വവികല്പതഃ ॥

മേൽപറകപ്പെട്ടവയിൽ അന്തൎഭവിക്കാത്ത വിഷങ്ങൾക്ക ഒക്കെയും മേൽപറഞ്ഞ സാമാന്യചികിത്സയെചെയ്ക. മേൽപറകപ്പെട്ടതുകൾക്ക അതാതിന്ന പറകപ്പെട്ടചികിത്സയൊസാമാന്യചികിത്സയൊ ചെയ്തുകൊൾക. എന്നാൽകടിക്കുകയൊ കുത്തുകയൊ നിമിത്തമായിട്ടുണ്ടാകുന്ന വിഷൊപദ്രവങ്ങൾഒക്കെയും ശമിക്കും.

൫൪൮. ദംശവെധൊഥസംക്രാന്തഗരളസ്യപ്രതിക്രിയാ।
ഇയതീതദപിനിൎജ്ജിതുംജയ്യമെഷാതപലന്തരാം ॥

കടികൊണ്ടും കുത്തുകൊണ്ടുമേല്പിക്കുന്ന വിഷത്തിന്റെ ചികിത്സഇത്രമാത്രമാകുന്നു. മേല്പറഞ്ഞചികിത്സ അസാദ്ധ്യമായതിനെകുറിച്ചു ചെയ്താൽ ഫലസിദ്ധിയെ ഉണ്ടാക്കുവാനായി

ക്കൊണ്ട മതിയാകുന്നതാകുന്നു എന്ന അറിഞ്ഞുകൊൾകയും വേണം.

## കൈവിഷ ചികിത്സാ

൪൰൩. ശ്വേതപാരന്തികാമൂലംക്ഷീരെപിഷ്ടംപാവലൊള്ളിതം ।
ത്ര്യക്ഷൎയ്യാനീലകണ്ഠസ്യസഞ്ജപ്തംഗരനാശനം ॥

വെളുത്തതെച്ചിവേര പാലിലരച്ചുകലക്കി നീലകണ്ഠത്ര്യക്ഷരിജപിച്ച സേവിപ്പിക്ക. ഗരംശമിക്കും. ഗരമെന്നത മരണാന്തങ്ങളായ അനൎത്ഥങ്ങളെ ഉണ്ടാക്കുന്നതായി ഓരൊരൊവിധമായ ഔഷധത്തിങ്കൽ ഇരിക്കുന്ന ശക്തിയാകുന്നു. അന്യപ്രയുക്തമായി അകത്തുപ്പെട്ട മരുന്നിൽമേൽപ്രകാരമിരിക്കുന്ന ശക്തിയത്രെ കൈവിഷമാകുന്നത. മേൽപറഞ്ഞ മരുന്ന അന്യപ്രയുക്തമായതിന എന്നല്ല സകലത്തിന്നും നന്നായിട്ടുള്ളതാകുന്നു. അതുപ്രകാരം അന്യപ്രയുക്തങ്ങൾക്കും സാമാന്യെനഹിതമാകുന്നു.

൪൰൪. വമനംശസ്യതെപ്രായസ്തസ്മിന്നാമാശയസ്ഥിതെ ।
പക്വാശയഗതെതസ്മിൻകൎത്തവ്യംചവിരെചനം ॥

അകത്തുപെട്ട മരുന്ന ആമാശയത്തികൽനിൽക്കുന്നു എങ്കിൽ ഛൎദ്ദിപ്പിക്കകയും പക്വാശയത്തിങ്കൽ നിൽക്കുന്നു എങ്കിൽ വിരെചിപ്പിക്കയും ചെയ്ക.

൪൰൫. ക്ഷീരെണനീലിപത്രാണിപിഷ്ട്വാലിംപെൽസമന്തതഃ
ഉദരംതൈരശ്ശുഷ്ക്കെത്രഭാഗെതച്ചവിനിൎദ്ദിശെൽ ॥

അമരിയില പാലിൽഅരച്ച വയററത്തൊക്കെതേക്കുക. എന്നാൽ ശേഷംഭാഗം ഉണങ്ങുന്നസമയവും ഒരു ഭാഗം ഉണങ്ങാതെകാണാം. അവിടെ വിഷത്തിന്റെ സ്ഥിതിയാകുന്നു എന്നറിക. ആയത പൊക്കിളിന്റെ മെൽഭാഗത്തായാൽ ഛൎദ്ദിപ്പിക്കേണമെന്നും താഴെആയാൽ വിരെചിപ്പിക്കണമെന്നും താൽപൎയ്യം.

൪൰൬. പ്രായേണസുകുമാരത്വാദ്ദുഷ്ക്കരംവമനംശിശൊഃ
വിരേകശ്ചതഥാപ്രായസ്തസ്മാൽസംശമനംപരം ॥

ബാലന്മാര മൃദുശരീരന്മാരാകയാൽ വമനക്രിയ വേണ്ടുംവണ്ണമാക്കുവാൻ പ്രയാസമുണ്ട. വിരേചനവുമപ്രകാരംതന്നെ. അതുഹേതുവായിട്ട അകത്തുപെട്ട ഔഷധങ്ങളുടെ ശക്തിയെ നശിപ്പിക്കുന്നതായ പ്രവൃത്തികൾതന്നെ ഏററവും പ്രധാനങ്ങളാകുന്നു.

൫൪൧. ഹിംസാമൃത്ഥിശ്യയച്ഛന്തിരിപവഃകെചിദൌഷധം ।
ഗരവൽസ്വവശീഭാവമന്ന്യെചേതിദ്വിധൈവതൽ ॥

ചിലർ വൈരം ഹേതുവായിട്ട ഹിംസിപ്പാനായിക്കൊണ്ട മേൽവിവരിക്കപ്പെട്ട ശക്തിഃയോടുകൂടിയ ഔഷധത്തെ അന്നാദികളിൽചേൎത്ത അറിയാതെ കൊടുക്കുന്നു. ചിലര തനിക്ക അധീനനായി ഭവിക്കേണമെന്ന വിചാരിച്ചിട്ടും കൊടുക്കുന്നു. അതഹേതുവായിട്ട കൈവിഷം രണ്ടുവിധമാകുന്നു. ഏതുവിധമായാലും ആദിയിൽ പറകപ്പെട്ട മരുന്ന അതിൻെറശക്തിയെശമിപ്പിക്കുന്നതാകുന്നു എന്നതാൽപൎയ്യം അതിനെസ്പഷ്ടമാക്കുന്നു.

൫൪൨ ഉഭയൊശ്ചതയൊരുക്തമാഹുഃപ്രശമനൌഷധം ।
സിദ്ധിസ്സാധനബാഹുല്യാന്നിയതെത്യന്ന്യദുച്യതെ ॥

ഹിംസാൎത്ഥമായാലും വശീകരണാൎത്ഥമായാലും മുൻപറകപ്പെട്ട മരുന്ന അതിൻെറ ശക്തിയെ കൊടുക്കുന്നതാകുന്നുഎന്ന പലരും പറയുന്നു. എന്നാലും സാധനബാഹുല്യംകൊണ്ട നിയമേന സിദ്ധി ഭവിക്കുമെന്ന വിചാരിച്ച വേറെയും ചില മരുന്നുകളെ ഇതിന്നുതാഴെ കാണിക്കുന്നു.

൫൪൩. പാഠാമൂലംസമുദ്ധൃത്യപുഷ്യസ്ഥെശീതതെജസി ।
ക്ഷീരേണപിഷ്ടമാലൊഡ്യപായയെത്തച്ചതാദൃശം॥

പാടക്കിഴങ്ങ പൂയത്തുന്നാൾ പറിച്ച പാലിൽ അരച്ചുകലക്കി സേവിപ്പിക്ക. കൈവിഷം ശമിക്കും.

(വചാദി ഗുളിക)

൫൪൪. വചാചന്ദനഗാംഗെയഗുഞ്ജാരുദ്രാക്ഷയഷ്ടിഭിഃ ।
ജയന്തീരസപിഷ്ടാഭിൎഗ്ഗുളികാഗരനാശനീ ॥

൫൪൫. ഹിംസൊദ്ദെശ്യസ്യനാശായതക്രൈവിലപദകൈൎണ്ണ്യതെ ।
ക്ഷീരഘൃതസ്യമൂലെനശൃതെവാനാഗരെണവാ ॥

൫൪൬. സ്തംഭനൊദ്ദെശ്യനാശായശരപുംഖശിഫാശൃതെ ।
ഉച്ചാടനായദത്തസ്യനാശായബൃഹതീശൃതെ ॥

൫൪൭. വിദ്വെഷണായദത്തസ്യനാശായാനന്തയാശൃതെ ।
മാരണായപ്രയുക്തസ്യാനാശായഗ്രന്ഥികാശൃതെ ॥

൫൪൮. വശീകരണസിദ്ധ്യൎത്ഥംദത്തസ്യാകൎഷണായച ।
പാതവ്യാസ്ഥാവിശാലായാമൂലപക്വെനവാരിണാ ॥

വയമ്പ, ചന്ദനം, സ്വൎണ്ണം, വെളുത്തകുന്നിക്കുരുവിൻപരിപ്പ, രുദ്രാക്ഷം, ഇരട്ടിമധുരം ഇവ മുഞ്ഞനീരിലരച്ച ഗുളികയുരുട്ടി നിഴലിലുണക്കി സേവിപ്പിക്കുക. കൈവിഷം ശമിക്കും. ഹിംസക്കായിക്കൊണ്ട കൊടുത്ത മരുന്നിൻെറശക്തി നശിക്കെ

ണമെങ്കിൽ മേൽപറഞ്ഞ ഗുളികക്കുവളത്തിലയൊപലകപ്പയ്യാനിവേരൊ ചുക്കൊ ചതച്ചിട്ട മോരുകാച്ചി അതിൽചേൎത്ത സേവിപ്പിക്കുകയും വേണം. ഹിംസാ എന്ന ശബ്ദംകൊണ്ട സ്തംഭനം, ഉച്ചാടനം, വിദ്വേഷണം, മാരണം ഇവയെ സംഗ്രഹിച്ചിരിക്കുന്നു. ആതുരകളിൽവച്ച സ്തംഭനത്തിന്നായിക്കൊണ്ട കൊടുത്ത മരുന്നിന്റെശക്തി നശിപ്പാൻ കൊഴിഞ്ഞിലിൻവേരിട്ട മോരുകാച്ചി അതിൽചേൎത്ത സേവിപ്പിക്കയുമാം. ഉച്ചാടനത്തിന്നായിക്കൊണ്ടകൊടുത്ത മരുന്നിന്റെ ശക്തി നശിപ്പാൻ ചെറുവഴുതിനവേരിട്ട കാച്ചിയ മോരിൽ ചേൎത്ത സേവിപ്പിക്കയുമാം. വിദ്വേഷണത്തിന്നായിക്കൊണ്ട കൊടുത്ത മരുന്നിന്റെ ശക്തി നശിപ്പാൻ കൊടുത്തൂവ്വവേര ചതച്ചിട്ട കാച്ചിയമോരിൽചേൎത്ത സേവിപ്പിക്കയുമാം മാരണത്തിന്നായിക്കൊണ്ട കൊടുത്ത മരുന്നിന്റെശക്തി നശിപ്പാൻ കാട്ടുതിപ്പലിവേര ചതച്ചിട്ട കാച്ചിയമോരിൽചേൎത്ത സേവിപ്പിക്കയുമാം. വശീകരണത്തിന്നായിക്കൊണ്ടൊ ആകൎഷണത്തിന്നായിക്കൊണ്ടോ കൊടുത്തതാകുന്നു എങ്കിൽ കാട്ടുവെള്ളരിവേരിട്ട കാച്ചിയമോരിൽ ചേൎത്ത സേവിപ്പിക്കയും വേണം.

൰൩. ഔഷധസ്യസമന്ത്രസ്യവീൎയ്യംനിൎവ്വാപ്യമന്ത്രവിൽ॥
സമന്ത്രണൌഷധെനാഥമോചയെന്മന്ത്രദേവതാഃ॥

അതാത മന്ത്രങ്ങൾ ജപിച്ചുകൊടുത്ത മരുന്നിന്റെ ശക്തിയെ മന്ത്രജപംകൊണ്ട വൎദ്ധിപ്പിക്കപ്പെട്ട വീൎയ്യത്തോടുകൂടിയ മേൽപറഞ്ഞ ഗുളികമുതലായ ഔഷധംകൊടുത്ത നശിപ്പിച്ചതിന്റെ ശേഷം അകത്തുപെട്ട ഔഷധത്തെ ആശ്രയിച്ച നിന്നിരുന്ന മന്ത്രദേവതകളെ ശരീരത്തിങ്കൽനിന്ന വേർപെടുത്തുകയും വേണം.

൰൪. ദുഷ്ടവ്വ്യാമന്ത്രഖണ്ഡസ്യവിധിന്നൊചെത്തദീരിതാഃ।
ദോഷാവാതാദയോരോഗാൻകുൎയ്യുരെവജ്വരാദികാൻ॥

൰൫. തൊയാഗ്നിഗൎത്തപാതാദീനഥവാപരിചാരകൈഃ।
യത്തെനരക്ഷിതസ്യാപിപ്രതികൂലെസ്വകൎമ്മണി॥

മന്ത്രദേവതകളുടെ വേർപാടിനെ ചെയ്യ്വാൻ വേണ്ടുന്നത മന്ത്രഖണ്ഡത്തിൽനോക്കി അറിഞ്ഞുകൊൾക. മന്ത്രദേവതകളെ വേർപെടുത്തീലഎങ്കിൽ അവരാൽ ക്ഷോഭിപ്പിക്കപ്പെട്ട വാതാദിദോഷങ്ങൾ പനിമുതലായ രോഗങ്ങളെ പിന്നെയുമുണ്ടാക്കും. വെള്ളത്തിലോ അഗ്നിയിലൊ ഉയൎന്നപ്രദേശത്തിങ്കൽ നിന്ന താഴത്തെക്കൊ വീഴിച്ചു എന്നും വരാം ഇത പരിചാരകന്മാർ ര

ഷ്ടിവെച്ചാലും സംഭവിക്കുന്നതുമാകുന്നു. ദൈവംതന്നെ അനുകൂലമായിരിക്കുമ്പോൾ ഉപദ്രവിച്ചില്ലയെന്നും വരും-എങ്കിലും ദൈവം പ്രതികൂലമായിവരുമ്പോൾ മേല്പറഞ്ഞതിനെ അവർ ചെയ്യുമെന്നതിന്ന സംശയവുമില്ല.

൬൭. രക്ഷേജ്ജാഗരിതാരശ്ചബാലകാൻപരിചാരകാഃ।
ദംഷ്ട്റാശൃംഗാഗ്നിനിഷ്പാതപ്രഭൃതിഭ്യോനിരന്തരം॥

പരിചാരകന്മാർ വഴിപോലെ മനസ്സവെച്ച ദംഷ്ട്റയുള്ള ജന്തുക്കളിൽനിന്നും കൊമ്പുള്ള ജന്തുക്കളിൽനിന്നും തിയ്യിൽനിന്നും ഇടിമുതലായ സൎവ്വങ്ങളിൽനിന്നും ബാലന്മാരെസൎവ്വകാലവും രക്ഷിക്കുകയും വേണം.

ചെവിയിൽ മുളകുമണിമുതലായതു പൊയാൽ ചെയ്യേണ്ടത

൬൮. കൎണ്ണനാസാദിരന്ധ്രേഷുമഗ്നേഷുചരിചാദിഷു।
നിഷ്കരെച്ഛഭിഷഗ്യുക്ത്യാനാളീതീക്ഷ്ണരജോമുഖൈഃ॥

ചെവി,മൂക്കു മുതലായ ദ്വാരങ്ങളിൽമുളക,കുന്നിക്കുരുമുതലായ്തുകൾ പോയകത്തുപെട്ടാൽ യുക്തിയോടുകൂടിയ വൈദ്യൻ നാളികൊണ്ടോ തീക്ഷ്ണമായപൊടികൊണ്ടോ അപ്രകാരമിരിക്കുന്ന ഉപായാന്തരംകൊണ്ടോ പുറത്താക്കുകയും ചെയ്ക. ചെവിയിൽപോയാൽ കുഴൽവെച്ച മുഖവായുകൊണ്ട വലിച്ചെടുക്കുക. മൂക്കിൽപോയാൽ തീക്ഷ്ണമായപൊടി വലിപ്പിക്കുക. എന്നാൽ തുമ്പലുണ്ടാകും. അപ്പോൾഅകത്തുപെട്ടത പുറത്തുപോകയും ചെയ്യും.

൬൯. പ്രാണിപ്രവെശെകൎണ്ണാന്തഃപൂരയെല്ലവണാംഭസാ॥
തൈലെനവായഥായോഗ്യംജംബീരസ്യരസെനവാ।

ചെവിയിൽ ചെറുതായ ജന്തുക്കൾ പോയകത്തുപെട്ടാൽ ഉപ്പുവെള്ളമൊ എണ്ണയോ ചെറുനാരങ്ങനീരൊ നിറയ്ക്കുക. കൊട്ടെരുമപോയകത്തുപെട്ടാൽ ഉപ്പുവെള്ളമത്രെ നല്ലത. കുഴിയാനക്കഎണ്ണയത്രെ നല്ലത. തൊട്ടാരട്ടിക്കു ചെറുനാരങ്ങനീരത്രേ നല്ലത. ഉറുമ്പുമുതലായതിന്ന മേൽപറഞ്ഞതുകളിൽ ഏതെങ്കിലും കൊള്ളാം.

തേരട്ടമുതലായത മേൽതട്ടി പൊള്ളിയാൽ ചെയ്യേണ്ടത

൭൦. ഭൂനിംബപത്രൈഃകേരാജ്യൈകെതകീദളസംയുതൈഃ॥
ഭൃഷ്ടൈഃപിഷ്ടൈൎവ്വിമിശ്രൈശ്ചലിംപെച്ഛൂതപദഃക്ഷതെ।

൧൱൨. പഞ്ചാംഗാനിശിരീഷസ്യപിഷ്ടാനിത്രിവിസപ്പിണി।
പായയേൽകൊഷ്ണതോയെനസിഞ്ചെച്ചാമലകാംഭസാ॥

പുത്തരിച്ചുണ്ടയിലയും കൈതക്കുമ്പും വെളിച്ചെണ്ണയിൽവറുത്തരച്ചുചേൎത്ത കുഴമ്പാക്കിപ്പുരട്ടുക. തോട്ടതട്ടിപൊള്ളുകയാൽ ഉണ്ടായവ്രണംശമിക്കും. ചിലത ശമിക്കാതെഇരുന്നാൽനെന്മേനിവാകയുടെ പഞ്ചാംഗമരച്ച സുഖോഷ്ണമാക്കിയജലത്തിൽകലക്കിസേവിപ്പിക്കുകയും നെല്ലിക്കവെള്ളംകൊണ്ടു ധാരയിടുകയും മേല്പറഞ്ഞ മരുന്ന പുരട്ടുകയുംചെയ്ക എന്നാൽ ശമിക്കും.

(കരിമ്പടപ്പുഴുവിന്ന)

൧൱൩. ക്ഷതംകമ്പളകീടസ്യരജസൊദുംബരത്വചഃ। സകെരഫലദുഗ്ദ്ധെനലിംപേൽഗോക്ഷുരകെണവാ॥

കരിമ്പടപ്പുഴു മേൽപററി അവിടെ പൊള്ളിപ്പോയാൽ അത്തിത്തൊലി തേങ്ങാപ്പാലിലരച്ചു തേക്കുക.

(തൊട്ടാരട്ടിക്കു)

൧൱൪. സ്വരസേനശൃതംലിംപേൽക്ഷതെകണ്ടകവാസ്തുനഃ।
നക്തംപ്രഭായാസ്തൽകല്കംപായയെതചതംഛിഷക്॥

തൊട്ടാരട്ടി മേൽപററി അവിടെ വ്രണപ്പെട്ടാൽ മുള്ളഞ്ചീരയുടെനീരിൽ മുള്ളഞ്ചീരയുടെവേര അരച്ചുകലക്കിവെളിച്ചെണ്ണ ചേൎത്ത കാച്ചിഅരിച്ച പുരട്ടുകയും സേവിക്കയുംചെയ്ക. അന്നാദികളിൽ ചേൎന്ന അറിയാതെ അകത്തുപെട്ടാലും സൎവ്വാംഗം വ്രണമുണ്ടാകും. എന്നാലും മേൽപറഞ്ഞപ്രകാരം ചെയ്തുകൊൾക

(കുറണപ്പൊടി മേലായാൽ വേണ്ടത)

൧൱൫. മൎക്കടീചൂൎണ്ണകണ്ഡൂതിംസൎപ്പിഷാഭ്യജ്യസൎവ്വതഃ।
സ്നാപയിത്വാസുഖൊഷ്ണെനതൊയെനപ്രശമംനയെൽ॥

കുറണപ്പൊടി മേലായാൽ നെയ്യുതേപ്പിച്ച സുഖോഷ്ണമായ ജലംകൊണ്ടു കുളിപ്പിക്ക. ചൊറിച്ചിൽ ശമിക്കും.

(തുവ്വകടിച്ചാൽ ചെയ്യേണ്ടത)

൧൱൬. ആഫതെയാഷപത്രെണലിംപേൽഗാലവചൎമ്മണാ।
തക്രപിഷ്ടെനതത്തുല്യെഷ്വന്യെഷ്വപ്യേതദിഷ്യതെ॥

കൊടുത്തുവ്വകടിച്ചാൽ പാച്ചോററിത്തൊലി മോരിലരച്ചുപുരട്ടുക. ഈ പ്രയോഗം കൊടുത്തുവ്വപോലെ കടിക്കുന്നതായ മററുള്ളതിനും പററുമെന്ന അറിഞ്ഞുകൊൾകയുംവേണം.

൧൬൩. സംക്ഷേപെണവിഷാദീനാംചികിത്സേത്ഥമുദാഹൃതാ।
പരിശിഷ്ടംപ്രവക്ഷ്യാമിസൎവ്വമധ്യായഉത്തരെ ॥

വിഷാദികളുടെ ചികിത്സകളെ സംക്ഷേപേണ ഇപ്രകാരം ഇവിടെ പറഞ്ഞു ഇനി പറയേണ്ടത ഒക്കെയും ഇതിൻെറ ശേഷമായ അധ്യായത്തിൽ പറകപ്പെടുകയും ചെയ്യും.

ഇതി വാഗ്ഭടാസോപനാമകരാ മാനന്ദനാഥ പണ്ഡിത പാരശവെന്ദ്രകൃതാ വാരോഗ്യകല്പദ്രുമെ ബാലചികിത്സായാം ഷൾത്രിംശസ്തബകൊനാമ ഷൾത്രിംശൊധ്യായഃ

## ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം

## സപ്തത്രിംശാദ്ധ്യായപ്രാരംഭഃ

## പ്രത്യൌഷധവിധി

൧. അയഥാഗ്നിബലംഭുക്തൈരാഹാരൈൎവ്വിവിധാഗദാ ।
അജീൎണ്ണരൂപജായന്തെതെഷാമെഷവിധിഃഹിതഃ ॥

അഗ്നിബലത്തിന്ന തക്കതല്ലാതെ ആഹാരപദാൎത്ഥങ്ങൾചെന്നുപോയാൽ പലരോഗങ്ങൾ അജീൎണ്ണങ്ങളായ ആഹൃതപദാൎത്ഥങ്ങൾ നിമിത്തമായി ഉണ്ടാകുന്നു. അതുഹേതുവായിട്ട അതുകൾ ദഹിപ്പാൻ നല്ലതായ പ്രവൃത്തികളെ പറയുന്നു.

൨. മത്സ്യസ്യവിശിതെജീൎണ്ണെനിൎഗ്ഗുണ്ഡീപത്രസംഭവം ।
പായയെതരസംവൈദ്യസ്തക്രംഘാലവണാന്വിതം ॥

മത്സ്യമാംസം ദഹിക്കാതെ ഇരുന്നാൽ കരുനൊച്ചിയില നീരസേവിപ്പിക്ക മോരിൽ ഉപ്പുപൊടിച്ചിട്ടസേവിപ്പിക്കയുമാം.

൩. മാംസെജീൎണ്ണെവരാഹസ്യവെതസാമ്ലരസൊഹിതഃ ।
കൊഷ്ണാംബുനൈലാചൂൎണ്ണന്തുപായയെദുരണസ്യചാ ॥

പന്നിമാംസം ദഹിക്കാതെഇരുന്നാൽ ഞെരിഞ്ഞാംപുളിക്കിഴങ്ങിൻനീർസേവിപ്പിക്ക ആട്ടിന്മാംസം ദഹിക്കാതെഇരുന്നാൽ ഏലത്തരി പൊടിച്ച കാച്ചവെള്ളത്തിൽ സേവിപ്പിക്ക.

൪. മദ്യെജീൎണ്ണെതുജംബീരസ്വരസംമദ്യമെവവാ । തൈലെജീൎണ്ണെതുപിണ്യാകംപായയെൽകൊഷ്ണവാരിണാ ॥

മദ്യംദഹിക്കാഞ്ഞാൽ ചെറുനാരങ്ങനീര സേവിപ്പിക്ക. മദ്യം സേവിപ്പിക്കയുമാം എണ്ണദഹിക്കാഞ്ഞാൽപിണ്ണാക്ക കാച്ചവെള്ളത്തിൽ സേവിപ്പിക്ക.

൫. സീതാംഭസ്ത്രിതഥാക്ഷീരെകേവലംവയഏവവാ ।
ചൂൎണ്ണീകൃതകഷായംവാമാക്ഷികെതുജലംഹിതം॥

തൈരദഹിക്കാഞ്ഞാൽ പഞ്ചസാരസേവിപ്പിക്ക. പാലിനു

മപ്പ്രകാരംതന്നെ പാലിന്ന പച്ചവെള്ളം കുടിപ്പിക്കയുമാം. ചു
ക്കകൊണ്ടു കഷായംവെച്ച അതുസേവിപ്പിക്കയുമാം. തേൻദഹി
ക്കാഞ്ഞാൽ പച്ചവെള്ളം കുടിപ്പിക്കുക.

൬. സിതായാംപിപ്പലീചൂർണ്ണംപായയേൽകൊഷ്ണവാരിണാ।
ലാജെഷ്ഠധാന്യകരജസ്തക്രംത്വഗ്ഗുളഇഷ്യതെ ॥

പഞ്ചസാര ദഹിക്കാഞ്ഞാൽ തിപ്പലി പൊടിച്ച കാച്ചവെ
ള്ളത്തിൽ സേവിപ്പിക്ക. മലരദഹിക്കാഞ്ഞാൽ കൊത്തമ്പാല
യരി പൊടിച്ച കാച്ചവെള്ളത്തിൽ സേവിപ്പിക്ക. ശർക്കര ദഹി
ക്കാഞ്ഞാൽ മോര സേവിപ്പിക്ക.

൭. പൈഷ്ടെകൊഷ്ണജലംതക്രെനാഗരെണശൃതംജലം।
പൃഥുകെഷുജലംപെയംനാളികെരഫലൊൽഭവം ॥

അരിപ്പിട്ടുകൊണ്ടു നിർമ്മിക്കപ്പെടുന്ന അപ്പംമുതലായതദഹി
ക്കാഞ്ഞാൽ ചൂടോടുകൂടിയവെള്ളം കുടിപ്പിക്ക. മോര ദഹിക്കാ
ഞ്ഞാൽ ചുക്കിട്ട കുറുക്കിയ വെള്ളംകുടിപ്പിക്ക അവുല ദഹിക്കാ
ഞ്ഞാൽ തേങ്ങാവെള്ളം കുടിപ്പിക്ക.

൮. മോചാഫലെഷു സിന്ധൂത്ഥ സഹിതംജീരകംരജഃ।
പായയെദുഷ്ണതൊയെനാഢാഢിമസ്യരജൊഥവാ ॥

വാഴപ്പഴങ്ങളിലെതെങ്കിലും ദഹിക്കാഞ്ഞാൽ ഇന്തുപ്പ, ജീര
കം ഇവ പൊടിച്ച ഉഷ്ണജലത്തിൽസേവിപ്പിക്ക. താളിമാത
ളങ്ങയുടെ ഓട, ഇന്തുപ്പുകൂട്ടിപ്പൊടിച്ച മേൽപ്രകാരം സേവി
പ്പിക്കയുമാം.

൯. വൃശ്ചീകാള്യാശൃതംതൊയംശുണ്ഠീകഷായംസസൈന്ധവം।
യവക്ഷാരരജൊയദ്വാപനസെകൊഷ്ണവാരിണാ ॥

ചക്കദഹിക്കാഞ്ഞാൽ തേക്കടവേരുകൊണ്ടു കഷായംവെച്ച
സേവിപ്പിക്കയൊ ചുക്കുകൊണ്ടു കഷായംവച്ച ഇന്തുപ്പുമേപ്പൊ
ടിചേൎത്ത സേവിപ്പിക്കയൊ ചവക്കാരംപൊടിച്ച കാച്ചവെള്ള
ത്തിൽ സേവിപ്പിക്കയൊ ചെയ്യുക.

൰. നാളികേരംസസിന്ധൂത്ഥംതക്രെണാമ്രഫലാദിഷു।
കുലസ്ഥപഷ്ടഭയാധാത്രീഫലാഭ്യാംശൃതമംബുച ॥

മാങ്ങ, പുളിങ്ങ, നെല്ലിക്ക മുതലായത ദഹിക്കാഞ്ഞാൽ വര
ട്ടുനാളികേരവുമിന്തുപ്പുംകൂട്ടി അരച്ച മോരിൽ സേവിപ്പിക്ക. മു
തിര ദഹിക്കാഞ്ഞാൽ കടുക്ക, നെല്ലിക്ക ഇവകൊണ്ടു കഷായം
വെച്ച സേവിപ്പിക്ക. മാങ്ങമുതലായതിന്ന പറഞ്ഞതുമാം.

൰൧. നിഷ്പാവെഷുകണാശുണ്ഠീ സിന്ധൂത്ഥവരജൊംഭസാ।
ശൃതശീതളിതെനൈതച്ചണകാദിഷചെഷ്യതെ ॥

അമരക്കു ദഹിക്കാഞ്ഞാൽ തിപ്പലി, ചുക്ക, ഇന്തുപ്പ ഇവ പൊടിച്ച കാച്ചിതണുപ്പിച്ച വെള്ളത്തിൽ സേവിപ്പിക്ക. ഇതു തന്നെ ചണമ്പയറ മുതലായതുകൾക്കും കൊള്ളാം.

൧൨. മാഷെഷുശുണ്ഠീവിഷ്ഠ്യാഥംമുദ്ഗെഷുചസസൈന്ധവം ।
പട്ടജീംകശുണ്ഠീനാംസൎവ്വധാന്യെഷ്വപലംരജഃ ॥

ഉഴുന്നും ചെറുപയറും ദഹിക്കാഞ്ഞാൽ ചുക്കകൊണ്ടു കഷായംവെച്ച ഇന്തുപ്പു മേപ്പൊടിചേൎത്ത സേവിപ്പിക്ക. ധാന്യങ്ങളിലേതെങ്കിലും ദഹിക്കാഞ്ഞാൽ ഇന്തുപ്പ, ജീരകം, ചുക്ക, ഇവപൊടിച്ച കാച്ചവെള്ളം, മോര മുതലായതിൽ സേവിപ്പിക്ക.

൧൩. അന്നെകൈഡൎയ്യസിന്ധൂത്ഥവിശ്വഭേഷജജംരജഃ ।
ക്വാഥെനശരപുംഖസ്യപെയംകൊഷ്ണജലെനവാ ॥

ചോറുദഹിക്കാഞ്ഞാൽ കരുവേപ്പില, ഇന്തുപ്പ, ചുക്ക ഇവ പൊടിച്ച കൊഴിഞ്ഞിലിൻ വേർകൊണ്ടുവെച്ച കഷായത്തിലൊ സുഖൊഷ്ണമായ ജലത്തിലൊ ചേൎത്ത സേവിപ്പിക്ക.

൧൪. സൎവ്വകന്ദെഷുതൈലെവഹിംഗുത്രികടുജംരജഃ ।
ഇക്ഷോശ്ശുണ്ഠീകൃതംക്വാഥംമരിചെനയുതംരസെ ॥

൧൫. തൈലെവപിപ്പലീശുണ്ഠീമരിചാനാംരജൊപിവാ ।
ഏലാജീരകകൃഷ്ണാനാമഥവാപായയെദ്രജഃ ॥

കിഴങ്ങുകളിലെതെങ്കിലും ദഹിക്കാഞ്ഞാൽ കായം, ത്രികടു ഇവ പൊടിച്ച സുഖൊഷ്ണമായ ജലത്തിൽ സേവിപ്പിക്ക. കരിമ്പിൻനീരദഹിക്കാഞ്ഞാൽ ചുക്ക കഷായംവെച്ചമുളകിൻപൊടിചേൎത്ത സേവിപ്പിക്ക. ഏലത്തരി, ജീരകം, തിപ്പലി ഇവ കരിമ്പിന്നീരിലുമാം.

൧൬. അമ്ലദ്രവ്യെഷുസൎവ്വെഷുവിശൈലാഫലയൊരജഃ ।
ആശയെത്സിതയായുക്തംഗുളംകടുഷുസൎപ്പിഷാ ॥

പുളിരസമായത ഏതെങ്കിലും ദഹിക്കാഞ്ഞാൽ ചുക്ക, ഏലത്തരി ഇവപൊടിച്ച പഞ്ചസാരചേൎത്തുസേവിപ്പിക്ക. എരുരസമായതിൽ ഏതെങ്കിലും ദഹിക്കാഞ്ഞാൽ ശൎക്കര നെയ്യ ചേൎത്ത സേവിപ്പിക്ക.

൧൭. തിക്തദ്രവ്യെഷുമൃദ്വീകാംക്ഷാരെഷുക്ഷീരശൎക്കരെ ।
മധുരേഷുകണാശുണ്ഠീമരിചൈൎവ്വിഹിതംരജഃ ॥

കയ്പുരസമായത ഏതെങ്കിലും ദഹിക്കാഞ്ഞാൽ മുന്തിരിങ്ങപ്പഴംഭക്ഷിപ്പിക്ക. ക്ഷാരങ്ങളിലേതെങ്കിലും ദഹിക്കാഞ്ഞാൽപാലുകുടിപ്പിക്കയൊ പഞ്ചസാര ഭക്ഷിപ്പിക്കയൊ പാലിൽ പഞ്ച

സാരചേൎത്ത കുടിപ്പിക്കയൊ ചെയ്ക. മധുരദ്രവ്യങ്ങളിൽ ഏതെങ്കിലും ദഹിക്കാഞ്ഞാൽ ത്രികടു പൊടിച്ച സേവിപ്പിക്ക.

൧൮. കഷായേഷ്വയവക്ഷാരരജഃപരമമുച്യതെ।
ഹിംഗുസൈന്ധവശുണ്ഠീനാംരജസ്സ്വാകാരിദൊഷഹൃൽ।

ചവൎപ്പുരസമായത ഏതെങ്കിലും ദഹിക്കാഞ്ഞാൽ ചവക്കാരം പൊടിച്ച സേവിപ്പിക്ക. ഇലക്കറിമുതലായത ദഹിക്കാഞ്ഞാൽ കായം, ഇന്തുപ്പ, ചുക്ക ഇവ പൊടിച്ച സേവിപ്പിക്ക.

അശുദ്ധങ്ങളായ രസാദികൾ ഭക്ഷിച്ചാൽ ചെയ്യെണ്ടത

൧൯. സൂതെശുദ്ധെതുകൂശ്മാണ്ഡരസംശൎക്കരയാസഹ।
പായയെദഥജംബീരസ്വരസംവാതദന്വിതം॥

രസം ശുദ്ധിചെയ്യാതെ ഭക്ഷിച്ചാൽ കുമ്പളങ്ങയുടെ നീരൊ ചെറുനാരങ്ങനീരൊ പഞ്ചസാരചേൎത്ത സേവിപ്പിക്ക.

൨൦. ഗന്ധകെചന്ദനൊപെതംതക്രംലാമജ്ജകാന്വിതം।
ധാത്രീരസംവാനാഭൌതുപകംത്രിഫലയാജലം॥

ഗന്ധകം ഭക്ഷിച്ചാൽ മോരിൽ ചന്ദനം അരച്ചുകലക്കി സെവിപ്പിക്ക. നെല്ലിക്കനീരിൽ രാമച്ചം അരച്ചുകലക്കി സെവിപ്പിക്കയുമാം. വത്സനാഭിഭക്ഷിച്ചാൽ ത്രിഫലകൊണ്ടുവെച്ച കഷായം സെവിപ്പിക്ക.

൨൧. അൎക്കക്ഷീരെതിലക്വാഥംപായയെൽഗുളസംയുതം॥
സ്നുഹീക്ഷീരെതിലംകുല്ത്ഥ്യോഃക്വാഥംശൎക്കരയാന്വിതം।

എരുക്കിൻപാൽകുടിച്ചാൽ എള്ളുകൊണ്ട കഷായംവെച്ച ശൎക്കര മേമ്പൊടിചേൎത്ത സേവിപ്പിക്ക. കള്ളിപ്പാൽകുടിച്ചാൽ എള്ള ആവീരത്തിൻകുരു ഇവകൊണ്ടു കഷായംവെച്ച പഞ്ചസാര മേമ്പൊടിചേൎത്ത സേവിപ്പിക്ക.

൨൨. ഖൎജ്ജൂരമധുകദ്രാക്ഷാനിഷ്ക്വാഥാസിതയാന്വിതം॥
പായയെത്തിലക്ഷീരെമധുവാസാജ്ജശൎക്കരം॥

കമ്മട്ടിപ്പാൽകുടിച്ചാൽ ഒരംന്തപ്പഴം, ഇരട്ടിമധുരം, മുന്തിരിങ്ങപ്പഴം ഇവകൊണ്ടുകഷായംവെച്ച പഞ്ചസാര മേമ്പൊടിചേൎത്ത സേവിപ്പിക്ക. തേനുംനെയ്യും പഞ്ചസാരയുംകൂട്ടി സേവിപ്പിക്കയുമാം.

൨൩. തക്രംമകുഷ്ഠകെജ്യോതിഷ്മത്യാംസാജ്യംവിസൊദകം।
ഉഞ്ജാമൂലെശൃതംതൊയംമൂസ്തയാമൂലവൽഫലെ।

മംകുട്ടപ്പയറ ഭക്ഷിച്ചാൽ മൊരുകുടിപ്പിക്കുക. ചെറുപ്പന്നയരി ഭക്ഷിച്ചാൽ താമരവളയംകൊണ്ടു കഷായംവച്ച നെയ്യുചേത്ത സേവിപ്പിക്ക. കുന്ദിവെര ശുദ്ധിചെയ്യാതെ അരച്ചുസെവിപ്പിക്കയൊ അതുകൊണ്ടുവെച്ച കഷായം സേവിപ്പിക്കയൊചെയ്ക. മുത്തങ്ങക്കിഴങ്ങുകൊണ്ടും കഷായംവച്ച സേവിപ്പിക്കാം. കുന്ദിക്കുരുവാകിലുമപ്രകാരംതന്നെ.

൨൪. കാരസ്കരാസ്ഥിനിപാതവ്യോമ്രജംബൂപത്രജൊരസഃ।
കന്യായാംസപടുഃക്ഷാരസ്സുഹീകാണ്ഡഭവൊഹിതഃ।

കാഞ്ഞിരത്തിൻകുരു തിന്നാൽ ഞാറയിലനീര സേവിപ്പിക്ക. കറവുവാഴ തിന്നാൽ കള്ളിത്തണ്ട ചുട്ട ഭ സ്മമാക്കി ഇന്തുപ്പു ചേത്ത സേവിപ്പിക്ക.

൨൫. അരുഷ്കരെതിലൊപെതമാശയെൽപ്രാക്കതനംഗുളം।
അക്ഷവല്കകഷായംവാമഹിഷീനവനീതവൽ।

ചെറിൻകുരു തിന്നാൽ എള്ളും പഴയശക്കരയുംകൂട്ടി ഭക്ഷിപ്പിക്ക. താന്നിവെർമെൽതൊലികൊണ്ടു കഷായംവച്ച എരുമവെണ്ണചേത്ത സേവിപ്പിക്കയുമാം.

൨൬. അഗ്നിമൂലെതിലൊപെതംപ്രാശയെതനവംഗുളം।
ഉന്മത്തെവിസഖണ്ഡസ്യരസംകപാഥമഥാപിവാ॥

കൊട്ടവേലിക്കിഴങ്ങ തിന്നാൽ എള്ളും പുതിയശക്കരയുംകൂട്ടി ഭക്ഷിപ്പിക്ക. ഉന്മത്തിൻകായ തിന്നാൽ താമരവളയത്തിൻനീരൊ കഷായമൊ സെവിപ്പിക്ക.

൨൭. വനസൂരണകന്ദെതുതിന്ത്രിണീപത്രജംരസം।
കാകതുണ്ഡഫലാതക്രംസഗുളംചന്ദനാംബുവാ।

കാട്ടുചെനാതിന്നാൽ പുളിയിലനീര സേവിപ്പിക്ക. കാക്കത്തൊണ്ടിപ്പഴംതിന്നാൽ മൊരുസേവിപ്പിക്ക. ചന്ദനംകൊണ്ട കഷായംവച്ച ശക്കരചേത്ത സേവിപ്പിക്കയുമാം.

൨൮. ഭുക്തെജാതിഫലെദ്രാക്ഷാഖജ്ജുംരബദരീഫലൈഃ।
ശൃതമംഭസ്സിതൊപെതംപായയെൽസാജ്യമെവവാ।

ജാതിക്കതിന്നാൽ മുന്തിരിങ്ങപ്പഴം. ൦രംന്തപ്പഴം, ലന്തക്കുരു, ഇവകൊണ്ടു കഷായംവച്ച പഞ്ചസാരയൊ നെയ്യൊ ചേത്ത സേവിപ്പിക്ക.

൨൯. ആകുലീഫലഭുക്തൌതുഫലത്രയശൃതംജലം।
ഫലെതുരുവകസ്യെഷ്ടംപടോലത്രിഫലാശൃതം॥

ആവിരത്തിൻകുരു തിന്നാൽ ത്രിഫലകൊണ്ടുകഷായം വച്ച സേവിപ്പിക്ക. നീരട്ടിക്കുരുതിന്നാൽ പടോലം ത്രിഫല ഇവ

കൊണ്ടുകഷായംവെച്ച സേവിപ്പിക്ക

൩൦. സുതായാംരുചകസ്നേഹംപായയെൽസ്തന്യസംയുതം।
പാഷാണെസ്തന്യസംയുക്താംകാരവല്ലീദളോദകം

കുമ്മായമോ നൂറൊ തിന്നാൽ അവണക്കെണ്ണയും മുലപ്പാലും കൂട്ടി സേവിപ്പിക്ക പാഷാണം തിന്നാൽ കയ്പയിലനീരും മുലപ്പാലും കൂട്ടി സേവിപ്പിക്ക.

൩൧. ഹരിതാലെമധൂകത്വക്ത്രിഫലാശൃംഗിവെരജം।
ക്വാഥംരസംവാകൂശ്മാണ്ഡീജംബീരഫലയൊസ്സഹ ।

അരിതാരംതിന്നാൽ ഇരിപ്പത്തൊലി,ത്രിഫല ഇഞ്ചി ഇവ കൊണ്ടുവെച്ച കഷായമോ കുമ്പളങ്ങ ചെറുനാരങ്ങ ഇവററിൻ നീരൊ സേവിപ്പിക്ക.

൩൨. ഹിംഗുളെസ്തന്യസംയുക്തംശൃംഗിവെരപടൊലയൊഃ।
നിർഗ്ഗുണ്ഡീപത്രസംഭൃതമഥവാപായയെദ്രസം॥

ചായില്യംതിന്നാൽ ഇഞ്ചി, പടോലം ഇവററിൻനീരിൽ മുലപ്പാൽചേൎത്തിട്ടോ കരുനൊച്ചിയിലനീരിൽമുലപ്പാൽചേൎത്തിട്ടോ സേവിപ്പിക്ക.

൩൩. മനൊഹ്വായാമജാമൂത്രംപായയെത്ത്രിഫലായുതം।
സൎവ്വത്രമുനിവൃക്ഷത്വക്ത്രിഫലാശൃതമംബുച॥

മനയോലതിന്നാൽപിടയാടിൻമൂത്രത്തിൽ ത്രിഫല അരച്ചു കലക്കി സേവിപ്പിക്ക. മേൽപറഞ്ഞതുകൾ ഭക്ഷിച്ചാലും അതുകളിൽ അന്തൎഭവിക്കാതെ ഉള്ളതുകൾ ഭക്ഷിച്ചാലും അഗസ്തിമരത്തിൻതൊലി, ത്രിഫല ഇവകൊണ്ടു വെച്ച കഷായം സെവിപ്പിക്കയുമാം.

൩൪. അഥവാവിലമൂലാംബുസെവ്യചന്ദനനാഗരൈഃ॥
ത്രിഫലാതണ്ഡുലീയാക്കരാഗന്നീലീസുരാഹ്വയൈഃ॥

൩൫. ശാരിബാപൌഷ്കരാനന്താവിശാലാനിംബവല്ക്കലൈഃ।
മുനിദ്രുത്വങ്നികുംഭാഭ്യാംഡാഡിമേനചസാധിതം॥

൩൬, കഷായമുക്താനക്തെഷുസസിതാഘൃതജീരകം
പായയെൽസൊമവല്ല്യാവാരസംതേഷ്വപിലെഷ്വപി॥

കൂവളത്തിൻവേര, ഇരുവേലി,രാമച്ചം, ചന്ദനം, ചുക്ക, ത്രിഫല, ചെറുചീരവേര, അക്ലാരിത്തെങ്ങ,അമരിവേര, ദേവതാരം,നന്നാറിക്കിഴങ്ങ, പുഷ്കരമൂലം കറുക, കാട്ടുവെള്ളരിവേര, വേപ്പിൻതൊലി, അഗസ്തിമരത്തിൻതൊലി, നാഗദന്തിവേര, ഇവകൊണ്ടു കഷായംവച്ച പഞ്ചസാര, നെയ്യ, ജീരകം ഇവ മേമ്പൊടിചെൎത്ത സേവിപ്പിക്ക. ഇതുതന്നെ സകലത്തിന്നും

കൊള്ളാം. സോമവള്ളിയുടെ രസവുമപ്രകാരംതന്നെ.

ഇതി വാഗ്ദാസൊപനാമകരാമാനന്ദനാഥപണ്ഡിത പാരശവെന്ദ്രകൃതാ വാരോഗ്യകല്പദ്രുമെ ബാലചികിത്സായാം സപ്തത്രിംശസ്തബകൊനാമ സപ്തത്രിംശൊദ്ധ്യായഃ

ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം
അഷ്ടത്രിംശാദ്ധ്യായപ്രാരംഭഃ
ദ്രവ്യശുദ്ധിവിധിഃ

൧. ദ്രവ്യാണിയുഞ്ജ്യാച് ശുദ്ധാനിവൈദ്യസൎവ്വാണികാനിചിൽ।
തത്രസ്വഭാവശുദ്ധാനിതൈർഭാരൊനാപികശ്ചന
൨. ക്രിയയാശുദ്ധിമൎഹന്തികാനിചിത്താനിസൎവ്വദാ।
ശോധയിത്വൈവയുഞ്ജീതതൽപ്രകാരൊത്രകഥ്യതെ॥

വൈദ്യൻ സൎവ്വപ്രവൃത്തികളേയും ശുദ്ധങ്ങളായ മരുന്നുകൾകൊണ്ടല്ലാതെ ചെയ്യരുത ചിലമരുന്നുകൾ സ്വഭാവെനശുദ്ധങ്ങളായിട്ടുമുണ്ട. അതുകൾ യാതൊരു ഭാരത്തെയും ഉണ്ടാക്കുകയില്ല ചിലത ശുദ്ധിചെയ്താൽ ശുദ്ധമായി ഭവിക്കുന്നതായിട്ടുമുണ്ട. അതിനെ എല്ലാനാളും ശുദ്ധിചെയ്തിട്ടുതന്നെ ഉപയൊഗപ്പെടുത്തുകയുംവേണം. അതുഹേതുവായിട്ട ശോദ്ധ്യൌഷധങ്ങളുടെ ശുദ്ധി ഇന്നപ്രകാരമാകുന്നു എന്നഈ അദ്ധ്യായംകൊണ്ടു വിവരിക്കുന്നു.

(രസശുദ്ധി)

൩. സൂദംചിത്രകതൊയെനത്രിഫലാശൃതവാരിണാ
സപ്തകൃത്വഃകുമാരാശ്വാരസെനസഹമൎദ്ദയെൽ॥
൪. രാജവൃക്ഷകഷായെണചിത്രകക്വഥിതാംബുനാ।
കൃഷ്ണധൂൎത്തരസാരെണയദ്വിവാത്രിഫലാംബുനാ
൫. കടുത്രയകഷായേണഗൊക്ഷുരകക്വഥിതെനവാ।
ജലെനയാമമാത്രന്തവൈദ്യകൎമ്മണിശസ്യതെ॥

രസം കൊടുവേലിക്കിഴങ്ങിന്റെ നീരിലൊകഷായത്തിലൊ ഒരുമാസം അരച്ച വെയിലത്തുവെച്ചുണക്കുക. ഇങ്ങിനെ ഏഴ പ്രാവശ്യംചെയ്ക. പിന്നെ ത്രിഫലകൊണ്ടുവെച്ച കഷായത്തിലും കറുവാഴയുടെനീരിലും മേൽപ്രകാരം ചെയ്ക.എന്നാൽശുദ്ധമായിഎന്ന ചിലർപറയുന്നു. വേറെചിലർ കൊന്നവെരിന്മെൽതൊലികൊണ്ടു വെച്ചകഷായത്തിലും കൊടുവേലിക്കിഴങ്ങിൻകഷായത്തിലും കറുത്ത ഉമ്മത്തിലനീരിലുംത്രിഫലകൊണ്ടുവെച്ചകഷായത്തിലും മേൽപറഞ്ഞപ്രകാരം ചെയ്യേണ

മെന്ന പറഞ്ഞിരിക്കുന്നു. ത്രികടുകഷായത്തിൽ ഒരു യാമം അരച്ചുണക്കുക. ഇങ്ങിനെഏഴുപ്രാവശ്യംചെയ്താൽ മതിഎന്നും ചിലരുടെപക്ഷമുണ്ട. ഞെരിഞ്ഞിലുകൊണ്ടു കഷായംവെച്ചുഅതിൽ മേൽപ്രകാരം ചെയ്താൽ മതിയെന്നും ചിലർപറഞ്ഞിരിക്കുന്നു. മേൽപറഞ്ഞതുകളിലേതെങ്കിലും ചെയ്താൽ രസത്തിന്റെ ദോഷങ്ങൾ ശമിക്കുകയുംചെയ്യും.

(ഗന്ധക ശുദ്ധി)

൬൭. ആസിച്യപാത്രെഗൊക്ഷീരംമുന്മയെഘൃതസംസ്കൃതെ।
വസ്ത്രെണതന്മുഖംബദ്ധ്വാതത്രനിക്ഷിപ്യഗന്ധകം॥
൭. വിധായാന്യെനപാത്രെണതാദൃശെനവിപാചയെൽ।
പാതാളയന്ത്രന്യായെനസപ്തകൃത്വൊവിശുദ്ധയെ।

നെയ്യാക്കിമയങ്ങിയ മണ്പാത്രത്തിൽ പാലുവീഴ്ത്തിഅതിന്റെ വായകൊടിവസ്ത്രംകൊണ്ടുമൂടികെട്ടിവായക്കുകെട്ടിയ വസ്ത്രത്തിന്റെമീതെ ഗന്ധകംപൊടിച്ചിട്ടു വക്കു ഒത്തുവരുന്നതായ ഒരു മണ്പാത്രംകൊണ്ടടച്ചു പുറവുമണ്ണു, ചാണകം,തിരിത്തുണിഇവകൾകൊണ്ട സന്ധിബന്ധംചെയ്തു നിലം കുഴിച്ചു അതിൽവെച്ചുമണ്ണിട്ടു മൂടിഅടച്ചുപാത്രത്തിന്റെ മൂട്ടിൽതീക്കത്തിക്കുക. എന്നാൽ ഗന്ധകംഉരുകി അടിയിൽവെച്ചപാത്രത്തിലുള്ളപാലിൽവീഴും. പിന്നെയും ഗന്ധകംഉണക്കിപ്പൊടിച്ചുമേൽപ്രകാരം ചെയ്ക. ഇങ്ങിനെ ഏഴുപ്രാവിശ്യമായാൽ ഗന്ധകത്തിന്റെദോഷങ്ങൾ ശമിക്കും.

(ചായില്യ ശുദ്ധി)

൮. ജംബീരസ്യചനിംബസ്യശൃംഗിവെരസ്യചാംബുനി । പ്രത്യെകമാതപെന്യസ്യദൈൗമുഹൂത്തൌവിശൊഷയെൽ॥
൯. ഹിംഗുളംപുനരുദ്ധൃത്യയാമംസ്തന്യെനമദ്ദയെൽ।
സവ്വദൊഷവിനിമ്മുക്തംതാവതാതൽഭവെദ്ധ്രുവം॥

ചായില്യം ചെറുനാരങ്ങനീരിലും വേപ്പിന്റെ തൊലികൊണ്ടുവെച്ച കഷായത്തിലും ഇഞ്ചിനീരിലുമിട്ടു നന്നാലു നാഴിക വെയിലത്തുവെക്കുക. പിന്നെയെടുത്ത ഏഴരനാഴികമുലപ്പാലിൽ അരക്കുക എന്നാൽ അതിന്റെ ദോഷങ്ങൾശമിക്കും.

(വത്സനാഭി ശുദ്ധി)

൧൦. വിഷംഗോമൂത്രനിമ്മഗ്നമാതപെശൊഷയെത്ത്ര്യഹം,
അഥവാച്ഛാഗമൂത്രെണതെനതച്ശുദ്ധിമെഷ്യതി॥

വത്സനാഭിഗോമൂത്രത്തിലോ ആട്ടിന്മൂത്രത്തിലൊഇട്ടുമൂന്നുദിവസംവെയിലത്തുവെക്കുക എന്നാലതിന്റെ ദോഷംശമിക്കും.

ന്റെ *

(ഹരിതാലശ്ശുദ്ധി)

൫൫. താളകന്തുാരനാളെനക്കുശ്മാണ്ഡസ്വരസെനച।
തൈലെനത്രിഫലായാശ്ചകുാഥെനചപചെത്സഹ॥
൫൬. സ്വരസെനാപ്യഗസ്ത്യസ്യശൃംഗിവെരരസെനച।
യാമഃകാലൊമതസ്സ്വൈദ്യഃപൃഥഗെവവിശുദ്ധയെ॥
൫൭. ആമനന്തിചഡൊളാഖ്യംയന്ത്രമത്രവിപശ്ചിതഃ।
ഏവംപകുാംതെതസ്ഥച്ചവൈദ്യഃകമ്മസുയൊജയെൽ॥

അരിതാലം കാടികുടത്തിലാക്കിഅതിൻെറമീതെകെട്ടിതൂക്കി കുടത്തിൻെറവായ പുകപോകാത്തവിധത്തിൽ ബന്ധിച്ച അടുപ്പത്തുവെച്ച ഒരു യാമം വെവിക്കുക. പിന്നെഎടുത്ത കുംവള്ളങ്ങനീരിലും എണ്ണയുംത്രിഫലകൊണ്ടുവെച്ചകഷായവുമൊരുമിച്ച കുടത്തിലാക്കി അതിലും അഗസ്തിമരത്തിൻെറ ഇലയുടെനീരിലും ഇഞ്ചിനീരിലും മേൽപ്രകാരം വെവിക്കുക എന്നാൽ അതിൻെറദോഷം ശമിക്കും.

(കന്മത ശുദ്ധി)

൫൮. ഗോമൂത്രെത്രിഫലാകുാഥെഭൃംഗരാജരസെപിച।
പിഷ്ടുാമൃൽപാത്രസംശുഷ്ക്കംശുദ്ധംവിദ്യാച്ശിലാജതു॥

കന്മതം ഗോമൂത്രത്തിലരച്ച മണ്പാത്രത്തിലാക്കിവെയിലത്തവെച്ചുണക്കുക. പിന്നെ ത്രിഫല കഷായത്തിലരച്ചിട്ടും കഞ്ഞുണ്ണിനീരിലരച്ചിട്ടും മേൽപ്രകാരമുണക്കുക. എന്നാലതിൻെറ ദോഷം ശമിക്കും.

(പൊൻകാര ശുദ്ധി)

൫൯. അഗ്നൌസന്താപ്യനിക്ഷിപ്തംഗൊക്ഷീരെടംകണംവിദുഃ।
വിശുദ്ധംബദരീമൂലശൃതെംബുനിചതദ്വിധം॥

പൊങ്കാരം തിയ്യിൽ കാട്ടിപൊരിച്ച പശുവിൻപാലിലൊലന്തവേർകൊണ്ടു വെച്ച കഷായത്തിലൊ ഇടുക. എന്നാലതിൻെറ ദോഷം ശമിക്കും.

(ഗൌരിപാഷാണ ശുദ്ധി)

൬൦. ജംബീരസ്വരസെയാമംപാചയെച്ചൂർണ്ണവാരിണി।
കാഞ്ചികെചഭിഷഗ്ഗൌരീപാഷാണംദൊഷശാന്തയെ॥

ഗൌരിപാഷാണംചെറുനാരങ്ങനീരിലും ചുണ്ണാമ്പിൻനീരിലും കാടിയിലുംഓരോയാമംവെക്കുക എന്നാലതിൻദോഷംശമിക്കും.

(കപിടി ശുദ്ധി)

൬൧. പകുാഗൊമൂത്രതക്രാഭ്യാംശുദ്ധാവെദ്യാവരാടികാ।
ഏഷാശംഖസ്യശുക്തെശ്ചക്രിയാസാധാരണീമതാ॥

കവിടി ഗോമൂത്രത്തിലും മോരിലുമിട്ട വേവിക്ക. എന്നാലതിന്റെ ദോഷം ശമിക്കും. ശംഖശുക്തികാദികൾക്കും ശുദ്ധി മേൽപ്രകാരംതന്നെ.

(എലിപ്പാഷാണ ശുദ്ധി)

൧൭. നരമൂത്രെചഗോമൂത്രെഡോളായന്ത്രേണപാചയേൽ ।
യാമമാഖൊവിഷംശുദ്ധ്യെപ്രത്യേകമഥഃശാഷയേൽ ॥

എലിപ്പാഷാണം നരമൂത്രത്തിലുംഗോമൂത്രത്തിലും ഡോളായന്ത്രത്തിലാക്കി ഓരോയാമം വേവിച്ചുണക്കുക. എന്നാലതിന്റെദോഷംശമിക്കും. ഡോളായന്ത്രത്തിന്റെ സ്വരൂപം അരിതാരശുദ്ധിപറഞ്ഞേടത്ത സ്പഷ്ടമാക്കിയിരിക്കുന്നു.

(ശംഖപാഷാണ ശുദ്ധി)

൧൮. കാരവല്ലീഫലെരുദ്ധ്വാവേഷ്ടിതംമൃത്സ്നയാബഹിഃ ।
യാമത്രയംപചെച്ഛംഖപാഷാണംതുഷവഹ്നിനാ ॥

ശംഖപാഷാണം കയ്പക്കയുടെ ഉള്ളിലാക്കിനല്ലമണ്ണുകൊണ്ടു പൊതിഞ്ഞ ഉമിത്തിയ്യിൽവെച്ചു മൂടിമൂന്നുയാമം വേവിക്കുക. എന്നാൽ അതിന്റെ ദോഷംശമിക്കും.

(മനശ്ശിലാ ശുദ്ധി)

൧൯. അജമൂത്രെത്ര്യഹംപക്വാഡോളായന്ത്രെമനശ്ശിലാം ।
സപ്തവാരമജാപിത്തെഭാവയിത്വാവിശോഷ്യച ॥

൨൦. അന്തർന്നിരുദ്ധ്യമൂഷായാമഗ്നൌനിക്ഷിപ്യഭസ്ത്രയാ ।
യാമാർദ്ധംവിധമേദിത്ഥംമനോഹ്വാശോധനക്രമഃ

മനയോല ആട്ടിൻമൂത്രത്തിൽ മൂന്നുദിവസംവേവിച്ചു ആട്ടിന്റെ കയ്പനീരിൽ അരച്ചു മൂശയിലാക്കി തിയ്യിൽവച്ചു മൂന്നെമുക്കാൽനാഴികഉലയിൽവച്ചുഊതിക്കുക. പിന്നെ എടുത്ത ആട്ടിന്റെ കയ്പനീരിൽ അരച്ചു പിന്നെയും മേൽപ്രകാരം ചെയ്യിക്ക. ഇങ്ങിനെ ഏഴുപ്രാവശ്യമായാൽ അതിന്റെ ദോഷം ശമിക്കും.

(താമ്രശുദ്ധി)

൨൧. അർക്കവജ്ജ്രലതാനീലീസ്നുഹ്യഗ്നിദ്വിജസ്വരസൈഃ ।
ശുദ്ധികാമഃക്രമാത്താമ്രമേകൈകംമട്ടയേദഹഃ ॥

ചെമ്പുരായിപ്പൊടിച്ചു എരുക്കിൻപാലിലും ചങ്ങലമ്പരണ്ട നീരിലും അമരിയിലനീരിലുംകള്ളിപ്പാലിലും കൊടുവേലിക്കിഴങ്ങിൻകഷായത്തിലും പ്ലാശിൻതൊലികൊണ്ടുവെച്ച കഷായത്തിലും കാട്ടുചേനയുടെനീരിലും ഓരോദിവസം അരക്കുക. എന്നാൽ അതിന്റെ ദോഷങ്ങൾ ശമിക്കും.

(നാഗ ശുദ്ധി)

൮൧. ഇയമേവക്രിയാനാഗെവിഹിതാശുദ്ധിസിദ്ധയെ ।
പ്രായസ്സർവ്വെഷുലോഹേഷുസൂദെചെഷാപ്രശസ്യതെ॥

തുത്തനാകത്തിൻെറ ശുദ്ധി ചെമ്പിൻെറ ശുദ്ധിപോലെ തന്നെ അത്ര്യുമല്ല ചെമ്പിന്നു പറഞ്ഞത ലോഹങ്ങളിൽമിക്കതിന്നും രസത്തിന്നും നല്ലതാകുന്നു

(വംഗ ശുദ്ധി)

൮൨. കാർപ്പാസാക്കകരഞ്ജാനാമുന്മത്താഗസ്ത്യയൊരപി।
സ്വാരസൈഃകലശീഗുഞ്ജാമൂലഭല്ലാതകാസ്ഥിഭിഃ॥
൮൩. ഹയഗന്ധികയാചാപിശൃതൈർവ്വിധിവദംബുഭിഃ।
വനസൂരണകന്ദസ്യഗജുവല്ലീരസൈരപി॥
൮൪. നിർഗ്ഗുണ്ഡീരസനിംബത്വഗജമൊജശൃതാംബുഭിഃ।
തക്രെണചമുഹുസ്തപ്തംവംഗംസിഞ്ചെവിശുദ്ധയെ॥

വെള്ളീയം മണ്പാത്രത്തിലാക്കി അടുപ്പത്തുവെച്ചുഉരുക്കിനല്ലവണ്ണം ഉരുകിയാൽ പരുത്തിയിലനീര ആ പാത്രത്തിൽ ഒഴിക്കുക. രണ്ടാമത ഉരുക്കിഎരുക്കിലനീരഒഴിക്കുക. മൂന്നാമത ഉങ്ങിലനീരൊഴിക്കുക. നാലാമത ഉന്മത്തിലനീർരൊഴിക്കുക. അഞ്ചാമത അഗസ്തിമരത്തിൻെറ ഇലയുടെ നീരൊഴിക്കുക. ആറാമത മൂവ്വിലവേരുകൊണ്ടു വെച്ച കഷായവും ഏഴാമത കുന്നിവേർ കൊണ്ടുവെച്ച കഷായവും ൮-ാമത ചെറിങ്കുരുപ്പരിപ്പുകൊണ്ടു വെച്ച കഷായവും ൯-ാമത അമുക്കുരംകൊണ്ടു വെച്ച കഷായവും ൧൦-ാമത കാട്ടുചേനയുടെനീരും ൧൧-ാമത കള്ളിയിലനീരും ൧൨-ാമത ചങ്ങലമ്പരണ്ട നീരും ൧൩-ാമത കരുനൊച്ചിനീരും ൧൪-ാമത വേപ്പിൻതൊലികൊണ്ടുവെച്ച കഷായവും ൧൫-ാമത അയമോതകകഷായവും പിന്നെ മോരും ഒഴിക്കുക. എന്നാൽ സർവ്വദോഷങ്ങളും ശമിക്കും.

(കാരീയ ശുദ്ധി)

൮൫. ദ്വിജപത്രരസെസപ്തകൃത്വസ്സിഞ്ചെദ്ദ്രുതംദ്രുതം । നിർഗ്ഗുണ്ഡ്യാശ്ചരസെതദ്വൽകൃഷ്ണസീസംവിശുദ്ധയെ ॥

കാരീയം പ്ലാശിൻെറ ഇല കുത്തിപ്പിഴിഞ്ഞെടുത്തനീരിൽഏഴുപ്രാവശ്യം ഉരുക്കി ഒഴിക്കുക. കരുനൊച്ചിനീരിലും മേൽപ്രകാരംചെയ്യുക. എന്നാൽ അതിൻെറദോഷങ്ങൾ ശമിക്കും.

(അഭ്രക ശുദ്ധി)

൮൬. അഭ്രകന്ധാരനാളെനഡൊളായന്ത്രെവിപാചിതം।
തിന്ത്രിണീപുഷ്പസാരെണമർദ്ദയിത്വാദിനത്രയം॥

൨൬. കാരീഷാനലമദ്ധ്യസ്ഥംകൃതംപാമൃഷാവകുണ്ഠിതം।
പഞ്ചാഹംപാചയെൽപശ്ചാത്സൎവ്വകൎമ്മസുയൊജയെൽ॥

അഭ്രകം ഡൊളായന്ത്രത്തിലാക്കി കാടിയുടെ ആവികൊണ്ട മാൎദ്ദവംവരുന്നതുവരെ വെവിച്ച പുളിയുടെ പൂവു പിഴിഞ്ഞെടു ത്തനീരിൽ ൩ ദിവസം അരച്ച മൂശയിലാക്കിബന്ധിച്ച ചാണ കത്തിയ്യിൽവെച്ച ൫ ദിവസം വേവിക്കുക. എന്നാലതിന്റെ ദോഷങ്ങൾ ശമിക്കും.

(തുത്ഥശുദ്ധി)

൨൭. ഗൊമൂത്രെതിന്ത്രിണീപത്രരസെകാഞ്ചികവാരിണി।
സ്തന്യെഘൃതെചനീരെചമാക്ഷികെചനിമജ്ജയെൽ॥

൨൮. അഗ്നിനാജ്വലിതംതുത്ഥംസൎപ്പിഷാഭൃജ്യപൂൎവ്വതഃ।
എഷാമഖ്യതമാശുദ്ധിസ്തുത്ഥസ്യാത്രനിദൎശിതാ॥

തുത്ത നെയ്യപുരട്ടി തിയ്യിൽവെച്ച പഴുപ്പിച്ച ഗോമൂത്രത്തിൽ മുക്കുക. പിന്നെയും നെയ്യ പുരട്ടുകയും പഴുപ്പിക്കയും ഗോമൂത്ര ത്തിൽ മുക്കുകയുംചെയ്യുക. ഇങ്ങിനെ പലപ്രാവശ്യം വെണമെ ന്ന വിധിയുണ്ട. ഏഴപ്രാവശ്യമായിട്ടാണ ഇപ്പൊൾ നടന്നുവ രുന്നത. പിന്നെ പുളിയിലനീരിലും മേൽപ്രകാരം മുക്കുക. ഒരം ക്രമെണ കാടിയിലും മുലപ്പാലിലും നെയ്യിലും വെള്ളത്തിലും തെനിലും മുക്കുക. എന്നാൽ അതിന്റെ ദോഷം ശമിക്കും.

(ലോഹശുദ്ധി)

൨൯. സന്തപ്തമഗ്നൌഗോമൂത്രെജ്വലിതംമജ്ജയെദയഃ।
ഏകവിംശതികൃത്വസ്തച്ശുദ്ധംസൎവ്വത്രയൊജയെൽ॥

ഇരുമ്പ തിയ്യിൽവെച്ച പഴുപ്പിച്ച തീക്കനൽപോലെ ആയാ ൽ എടുത്തഗോമൂത്രത്തിൽമുക്കുക. എന്നാൽ അതിന്റെ ദോഷം ശമിക്കും. മേൽപ്രകാരം ൨൧ പ്രാവശ്യം ചെയ്യുകയും വെണം.

(മണ്ഡൂരശുദ്ധി)

൩൦. അയസൊയാദൃശംകൎമ്മംശുദ്ധയെഭിഹിതംബുധൈഃ।
തദെവയൊഗ്യംജാനീയാന്മണ്ഡൂരസിചശുദ്ധയെ॥

ഇരിമ്പിന്ന ശുദ്ധിഭവിപ്പാനായിക്കൊണ്ട യാതൊരു കൎമ്മ ത്തെ അറിവുള്ളവർ പറഞ്ഞിരിക്കുന്നുവൊ അതുതന്നെ പുരാ ണകിട്ടത്തിന്റെ ശുദ്ധിക്കായിക്കൊണ്ട യൊഗ്യമാകുന്നു എന്ന അറികയും വെണം.

(കാന്തശുദ്ധി)

൩൧. കാന്തകേന്ത്യാരസെനാശുഡൊളായന്ത്രെവിപാചിതഃ।
സൎവ്വദൊഷവിനിൎമ്മുക്തശ്ശുദ്ധിംപ്രാപ്നൊതിനാന്യഥാ॥

അയസ്കാന്തം ഡോളായന്ത്രത്തിലാക്കി കററുവാഴനീരിൻെറ ആവികൊണ്ടു വെവിച്ചാൽ വേഗേന ശുദ്ധമാകയും ചെയ്യും. സൂചികാന്തത്തിന്നും സൂൎയ്യകാന്തത്തിന്നും ചന്ദ്രകാന്തത്തിന്നും ശുദ്ധി മേൽപ്രകാരംതന്നെ.

(പ്രവാളശുദ്ധി)

൩൩. പ്രവാളംപയസിക്ഷിപ്ത്വാചന്ദ്രാതപനിവെശിതം ।
ത്രിദിനാച്ശുദ്ധിമാപ്നൊതിശശലൊഹിതഎവവാ ॥

പവിഴം പാലിലിട്ടു ചന്ദ്രരശ്മി തട്ടുമാറ ഒരെടത്ത വെക്കുക. ഇങ്ങിനെ ൩ ദിവസംചെയ്താൽ ശുദ്ധമാകും. മൊയലിൻെറ ചോരയിലുമാം.

൩൪. തദുദ്ധൃത്യാരനാളെനനാളികെരൊദകെനച ।
പ്രക്ഷാളൃവൈദ്യസ്സൎവ്വത്രയൊജയെൽപരിമാൎജ്ജിതം ॥

മേൽപ്രകാരം വെച്ച പവിഴത്തെ വൈദ്യൻ എടുത്ത കാടി കൊണ്ടും ഇളനിർവെള്ളംകൊണ്ടും കഴുകിതോൎത്തി ഓരോരോ പ്രവൃത്തികളിൽ ഉപയോഗപ്പെടുത്തുക.

(മൌക്തികശുദ്ധി)

൩൫. മൌക്തികംത്രിദിനംക്ഷിപ്ത്വാരസെവിലാശലാഡ്ജെ ।
തിന്ത്രിണീപത്രജെക്ഷിപ്തംത്രിദിനാച്ശുദ്ധിമൃച്ഛതി ॥

മുത്ത മൂന്നദിവസം കൂവളത്തിൻെറ ഇളയകായയുടെ നീരിലിട്ടുവെച്ച പിന്നെ മൂന്നദിവസം പുളിയില നീരിലിട്ടുവെക്കുക എന്നാൽ ശുദ്ധമാകും.

(ഹിംഗു ശുദ്ധി)

൩൬. പത്മപത്രരസെഹിംഗുയാമാൎദ്ധംപരിമൎദ്ദിതം ।
തീവ്രാതപെപുനന്ന്യസ്യശൊഷയെച്ചവിശുദ്ധയെ ॥

കായം താമരയിലനീരിൽ മൂന്നെമുക്കാൽ നാഴിക അരച്ച കഠിനമായ വെയിലത്ത വെച്ചുണക്കുക എന്നാൽ ശുദ്ധമാകും.

(പിപ്പലീ ശുദ്ധി)

൩൭. ചൂൎണ്ണതൊയവിനിക്ഷിപ്ത്വായാമാൎദ്ധംമഗധൊൽഭവാഃ ।
ആരനാളകജംബീരനീരാഭ്യാംക്ഷാളിതാശ്ശുഭാഃ ॥

തിപ്പലി മൂന്നെമുക്കാൽനാഴിക ചുണ്ണാമ്പിൻ നീരിലിട്ടുവെച്ച പിന്നെ കാടികൊണ്ടും ചെറുനാരങ്ങാനീരുകൊണ്ടും കഴുകി എടുക്കുക എന്നാൽ ശുദ്ധമാകും.

(മരിച ശുദ്ധി)

൩൮. മരിചാന്യമ്ലതക്രെണമൎജ്ജിതാന്യതിവാഹയെൽ ।
യാമാൎദ്ധംപുനരുദ്ധൃത്യശൊഷയെച്ചവിശുദ്ധയെ ।

മുളക പുളിച്ചമോരിൽ മൂന്നെമുക്കാൽനാഴിക ഇട്ടുവെച്ച പിന്നെ അതിൽനിന്നെടുത്ത ഉണക്കുക. എന്നാൽ ശുദ്ധമാകും.

(നാഗരശുദ്ധി)

൭൯. നാഗരംചൂർണ്ണതൊയെനയാമാദ്ധംപരിഭാവിതം ।
ക്ഷാളിതംകാഞ്ചികെനാഥശൊഷയെച്ചഖരാതപെ॥

ചുക്ക ചുണ്ണാംപിൻനീരിൽ മൂന്നെമുക്കാൽനാഴിക ഇട്ടുവെച്ച പിന്നെ അതിൽനിന്നെടുത്ത കാടികൊണ്ടുകഴകി കഠിനമായ വെയിലത്തവെച്ചുണക്കുക. എന്നാൽശുദ്ധമാകും.

(അജമൊജശുദ്ധി)

൮൦. അജമൊജമജാക്ഷീരെയാമമേകംസമാപ്ലുതം ।
ഉദ്ധൃത്യശുദ്ധതൊയെനക്ഷാളയിത്വാവിശൊഷയെൽ ॥

അയമോതകം ആട്ടിൻപാലിലിട്ടുവെച്ച ഏഴരനാഴിക കഴിഞ്ഞാൽ അതിൽനിന്ന എടുത്ത പച്ചവെള്ളംകൊണ്ടുകഴകി ഉണക്കുക എന്നാൽ ശുദ്ധമാകും.

(കൊടുവെലിയുടെശുദ്ധി)

൮൧. ചൂണ്ണോദകെനസംശുദ്ധിശ്ചിത്രകസ്യവിധീയതെ ।
മഹിഷീഗൊമയസ്യാസൌരസെനാന്ന്യെസ്തുപാചനം ॥
൮൨. ക്ഷാളനംശുദ്ധതൊയെനശൊഷണഞ്ചൊഭയൊരപി ।
പരിശിഷ്ടംവിജാനീയാൽഗ്രാഹ്യംതച്ചയഥാരുചി ॥

കൊടുവെലിക്കിഴങ്ങ ചുണ്ണാമ്പിൻനീരിലിടെണമെന്ന ചിലരുടെപക്ഷം. എരുമച്ചാണകനീരിൽ പുഴുങ്ങെണമെന്നഅന്ന്യന്മാരുടെപക്ഷം. മേൽപറഞ്ഞതുകളിലെതെംകിലും ചെയ്താൽ പച്ചവെള്ളംകൊണ്ട കഴകി ഉണക്കികൊൾക എന്നാൽ അതിന്റെ ദോഷങ്ങൾ ശമിക്കും.

(ചെരിൻകുരുവിന്റെ ശുദ്ധി)

൮൩. അരുഷ്കരാണിഗൊമൂത്രെജജ്ജരാംഗാണിവാസയെൽ ।
നിശായാംശൊഷയെച്ചാഹ്നിനീതൈ്വവംദിവസത്രയം॥
൮൪. പശ്ചാദക്ഷത്വചഃകൃത്വാഖെപാചയിത്വാവിശൊഷയെൽ।
മഹിഷീഗൊമയസ്യാപിസ്വരസെനതതഃപരം॥
൮൫. പ്രക്ഷാള്യകാഞ്ചികെനാഥശുഷ്കാണ്യായധായകമ്മസു।
യൊജയെദിതിസംശുദ്ധിരുത്തമാഭിഹിതാമയാ ॥

ചേരിൻകുരു ചതച്ച രാത്രിനേരം ഗോമൂത്രത്തിലിട്ടുവെക്കുക പകൽ വെയിലത്തുവെച്ച ഉണക്കുകയും ചെയ്ക ഇങ്ങിനെ മൂന്നു

ദിവസം കഴിഞ്ഞാൽ താന്നിവേരിന്മേൽതൊലികൊണ്ടു വെച്ച കഷായത്തിൽ പുഴുങ്ങി ഉണക്കുകയും എരുമച്ചാണകനീരിൽ പുഴുങ്ങി ഉണക്കുകയുംചെയ്ക. പിന്നെ കാടികൊണ്ടു കഴുകി ഉണക്കി സംഗ്രഹിച്ചുകൊൾക.മേൽപ്രകാരംചെയ്താൽ അതിന്റെ ദോഷങ്ങൾ ഒക്കെയും ശമിക്കും. വീൎയ്യംനശിക്കയുമില്ല. വറുത്ത എണ്ണ കളഞ്ഞിട്ട ചിലർ യൊഗങ്ങളിൽചെൎത്തവരുന്നു. ആ വിധമായാൽ വീൎയ്യത്തിന്ന വളരെ കുറവെവരുന്നതാകയാൽ മെൽ പറഞ്ഞപ്രകാരംതന്നെ ചെയ്തുകൊൾക.

(ഗ്ഗുൽഗ്ഗുലുശ്ശുദ്ധി)

൮൩. നിൎഗ്ഗുണ്ഡീത്രിവൃദംഭൊദവാശാരിഷ്ടകുലസ്ഥജൈഃ ।
കഷായൈൎദ്ദൊളാവിപാകെനഗ്ഗുൽഗ്ഗുലുശ്ശുദ്ധിമൃച്ഛതി॥

ഗ്ഗുൽഗ്ഗുലു ഡൊളായന്ത്രത്തിലാക്കി കരുനൊച്ചിവെർകൊണ്ടും ത്രികൊല്പക്കൊന്നകൊണ്ടും മുത്തെങ്ങക്കിഴങ്ങുകൊണ്ടുംആടലോടത്തിൻവേരുകൊണ്ടും വേപ്പിൻതൊലികൊണ്ടും മുതിരകൊണ്ടുംവെച്ച കഷായങ്ങളുടെ ആവികൾകൊണ്ട വെവിച്ചാൽ ശുദ്ധമാകും.

(ആവീരക്കുരുവിന്റെ ശുദ്ധി)

൮൬. ഔദുംബരത്വങ്നിഷ്ക്വാഥൈഗൊമയസ്വരസാന്വിതെ॥
വിപചെദാകുലീബീജംതീക്ഷ്ണൈരണ്ഡാദികാനിച॥

ആവീരത്തിൻകുരു അത്തിത്തൊലുകൊണ്ടുവെച്ച കഷായത്തിൽ ചാണകത്തിൻനീർചേൎത്ത അതിൽപുഴുങ്ങുക—എന്നാൽ ശുദ്ധമാകും കടലവണക്കിൻകുരു, നീർവാളത്തിൻകുരു, നീരട്ടിക്കുരു ഇതുകൾക്കും ശുദ്ധി മേൽപ്രകാരംതന്നെ.

(പാവിന്റെ ശുദ്ധി)

൮൭. ക്ഷീരപക്വാഥശ്ശുഷ്ഠാചശ്ശുദ്ധിമെതിമധുസ്രവീ,
വിശാലാരസപക്വാവാപക്വാവാവിലച്ചവാരിണാ॥

പാവ പാലിലൊ കാട്ടുവെള്ളരിനീരിലൊ കൂവളത്തിൻവെർകൊണ്ടവച്ച കഷായത്തിലൊ വെവിച്ചുണക്കുക. എന്നാൽ ശുദ്ധമാകും.

(പശുവിൻപാലിന്റെ ശുദ്ധി)

൮൮. സമാനജലസംയുക്താപാകെനജലവൎജ്ജിതം॥
ക്ഷീരംവിശുദ്ധംജാന്ത്യെവധാരൊഷ്ണംസൎവ്വമുച്യതെ॥

പശുവിൻപാലിൽ പാലൊളം വെള്ളം ചേൎത്ത കുറുക്കി വെള്ളം വററിക്കുക. എന്നാൽ ശുദ്ധമാകയും ചെയ്യും.

ധാരൊഷ്ണമായത ഒക്കെയും സ്വഭാവെന ശുദ്ധമാകുന്നു. പാലിൽ സേവിപ്പാനായിക്കൊണ്ട വിധിക്കപ്പെട്ടമരുന്നുകൾ പച്ചപ്പാലിൽ സേവിക്കുമ്പോൾ ധാരോഷ്ണമായതിനെ ഗ്രഹിച്ചുകൊൾക. ആയത ലഭിക്കാതെ വരുന്നസമയം മേൽപ്രകാരം കുറുക്കിയ പാലിൽ സേവിപ്പിക്ക.

൭൦, ലേപാദിഷുതദന്യച്ചസ്വഭാവെനൈവശുദ്ധിമൽ ।
പ്രാഗ്വൽപാകോനകൎത്തവ്യസ്തസ്മാദിതിമതസ്ഥിതിഃ ॥

മരുന്നുകളരച്ചു തേപ്പാനൊ ധാരക്കൊ എണ്ണ മുതലായതിൽ ചേൎപ്പാനൊ വേണ്ടുന്നതായാൽ ആയത ധാരോഷ്ണമല്ലെങ്കിലും ശുദ്ധംതന്നെ ആകയാൽ അത മുൻപറഞ്ഞപ്രകാരം പചിക്കുകയുംവെണ്ട.

(ആട്ടിൻപാലിന്റെ ശുദ്ധി)

൭൧. ചതുൎഗ്ഗുണജലൊപെതംപക്വപാതന്മാത്രശെഷിതം ।
ശുദ്ധംവിദ്യാദജാക്ഷീരംമാഹിഷഞ്ചതഥാപയഃ ॥

ആട്ടിൻപാലിൽ നാലിരട്ടിവെള്ളം ചേൎത്ത കുറുക്കിവെള്ളം വററിക്കുക. എന്നാൽ ശുദ്ധമാകും. എരുമപ്പാലുമപ്രകാരം തന്നെ മുൻപറഞ്ഞ വിശേഷംഇവിടെയുമുണ്ടെന്ന അറിഞ്ഞുകൊൾകയുംവേണം.

(എരുക്കിൻപാലിന്റെ ശുദ്ധി)

൭൨. അൎക്കക്ഷീരസ്യസംശുദ്ധ്യൈഭൎജ്ജിതാന്നാവപെത്തിലാൻ ।
എലാമരിചനാഗാഹ്വപിപ്പലീവ്വാദ്വിശസ്ത്രിശഃ ॥

എരുക്കിൻപാലിൽ എള്ളു വറുത്തിടുക. ഏലത്തരി, മുളക, നാഗപ്പൂവ്വ, തിപ്പലി ഇതുകളിൽവെച്ച ഈരണ്ടുകൂട്ടമൊ മൂന്നുകൂട്ടംമൊ വറുത്തിടുകയുമാം. എന്നാൽ എരുക്കിൻപാലിന്റെ ദോഷം ശമിക്കും.

(കള്ളിപ്പാലിന്റെ ശുദ്ധി)

൭൩. സതിലൈഃകുടകൈശ്ചഗ്വ്യഘൃതലിപ്തൈശ്ചഭൎജ്ജിതൈഃ ।
സമൈൎത്ത്വശുദ്ധിമാപ്നോതിസ്നുഹീക്ഷീരംനചാന്യഥാ ॥

കള്ളിപ്പാലിൽ എള്ള, കുടകപ്പാലയരി ഇവ പശുവിൻനെയ്യ പുരട്ടി വറുത്തിടുക. എന്നാൽ അതിന്റെ ദോഷം ശമിക്കും ആയത ചെയ്യില്ല എങ്കിൽ അതിന്ന ശുദ്ധിയില്ല എന്ന അറിഞ്ഞ ഉപേക്ഷിക്കുകയും വേണം.

(കമ്മട്ടിപ്പാലിന്റെ ശുദ്ധി)

൭൪. അയമെവവിധിഃകാൎയ്യസ്തില്വകസ്യപയസ്യപി ।
യദ്വാമധുകതാലീസപത്രാണ്യാവാപെത്തഥാ ॥

കമ്മിട്ടിപ്പാലും മേൽപ്രകാരം ശുദ്ധമാക്കുക. അല്ലായെങ്കിൽ ഇരട്ടിമധുരമൊ താലീസപത്രമൊ പച്ചിലയൊ ഇരട്ടിമധുരം, താലീസപത്രം, പച്ചില ഇവയൊ മേൽപ്രകാരം വറുത്തിടുക. എന്നാലും ശുദ്ധമാകും.

(മംകുട്ടപ്പയറിൻെറ ശുദ്ധി)

൧൭. തുഷൊദകെമകുഷ്ഠാനിപക്വതക്രാസംശൊഷയെൽപുനഃ।
നിക്ഷിപെദമ്ലതക്രെംബ്വക്ഷാളിതാനിചശൊഷയെൽ ॥

മംകുട്ടപ്പയറ ഉമിയിട്ട വെച്ച വെള്ളത്തിൽ പുഴങ്ങി നല്ലവണ്ണം ഉണക്കുകയും പിന്നെ പുളിച്ച മോരിലിട്ടുവെച്ച അതിൽനിന്നെടുത്ത വെള്ളംകൊണ്ട കഴുകിതോൎത്തുകയും ചെയ്ക.

(ചെറുപ്പുന്നയരിയുടെ ശുദ്ധി)

൧൮. ജ്യോതിഷ്മതീഫലാന്യംഭൊരുഹകാണ്ഡഭവെരസെ ।
നിക്ഷിപേൽഘൃതലിപ്താനിയാമംപശ്ചാച്ചശോഷയേൽ ॥

ചെറുപ്പുന്നയരി താമരവളയത്തിൻനീരിൽ നെയ്യപുരട്ടി ഒരുയാമം ഇട്ടുവെച്ച പിന്നെ അതിൽനിന്നെടുത്ത ഉണക്കുക.

(കാഞ്ഞിരത്തിൻവേരിൻെറ ശുദ്ധി)

൧൯. മൂലംകാരസ്കരസ്യാഗ്നൌമല്ലിപ്തംജാംബവെപചേൽ ।
യാമാൎദ്ധംപുനരുദ്ധൃത്യവാരാപ്രക്ഷാളശോഷയെൽ ॥

കാഞ്ഞിരത്തിൻവേര മണ്ണിൽപൊതിഞ്ഞ ഞാവലിൻെറവിറകു കത്തിച്ച കനലുണ്ടാക്കി അതിൽവെച്ച മൂന്നെമുക്കാൽ നാഴിക വേവിച്ച എടുത്ത മണ്ണുകളഞ്ഞ വെള്ളംകൊണ്ട കഴുകി ഉണക്കുക.

൨൦. മൂലാദീനസമസ്താനിഭ്രജംബൂപല്ലവൊദിതെ। രസെ
പചെൽഫലാനാന്തുതക്രപ്രരൊഹൌത്ഥ്യജെദപി ।।

൨൧. ഇതിസാധാരണശ്ശുദ്ധിവിധിസ്തസ്യപ്രദശിതഃ ।
ജംബൂപത്രരസെനാപികൎത്തവ്യഉദിതൊവിധിഃ ॥

കാഞ്ഞിരത്തിൻെറവേര മുതലായത ഒക്കയും ഞാറയില കുത്തിപ്പിഴിഞ്ഞെടുത്ത നീരിൽപുഴുങ്ങുക. കാഞ്ഞിരത്തിൻെറകുരു മേൽപ്രകാരം പുഴുങ്ങി മൊരികളഞ്ഞ നടുവിൽ പൊളിച്ച മുള കളഞ്ഞുകൊൾകയുംചെയ്ക. ഇത എല്ലാററിന്നും സാധാരണമായ ശുദ്ധിവിധിയാകുന്നു. ഞാവലിൻെറ ഇല കുത്തിപ്പിഴിഞ്ഞെടുത്ത നീരിലും മേൽപ്രകാരം ചെയ്യാം.

(ഗുഞ്ജാമൂലശുദ്ധി)

൬൦. ഗുഞ്ജാമൂലന്തുമസ്ത്വായാഃകപാലെനിക്ഷിപ്യശോഷയെൽ
തീവ്രാതപെനിധായൈഷാഫലസാധാരണീക്രിയാ ॥
കുന്നിവേര മുത്തങ്ങക്കഷായത്തിലിട്ട കഠിനമായ വെയില
ത്തുവെച്ച കഷായം വററിക്കുക. കുന്നിക്കുരുവിന്നും ശുദ്ധി മേൽ
പ്രകാരംതന്നെ.

(വനസൂരണ ശുദ്ധി)

൬൧. വനസൂരണകന്ദസ്യതിന്ത്രിണീപത്രജെരസെ ।
പാകൊവിശുദ്ധിരാഖ്യാതൊഗോമയസ്യരസെപിവാ ॥
കാട്ടുചേന പുളിയിലനീരിലൊ ചാണകത്തിൻനീരിലൊ പു
ഴുങ്ങുക.

(ജാതിക്കയുടെ ശുദ്ധി)

൬൨. സ്തന്യെജാതിഫലംക്ഷിപ്ത്വാപായാമംതൽപാത്രമാതപെ ।
നിധായതസ്മാദുദ്ധൃത്യശോഷയെതച്ചശുദ്ധയെ ॥
ജാതിക്ക മുലപ്പാലിലിട്ട വെയിലത്തുവെക്കുക. ഒരുയാമം ക
ഴിഞ്ഞാൽ അതിൽനിന്ന എടുത്ത ഉണക്കുക.

(സൌവച്ചല ശുദ്ധി)

൬൩. വജ്രവല്ലീരസെപിഷ്ടാപായാമംയാമാൎദ്ധമെവവാ ।
ആതപെശൊഷയെച്ശുദ്ധമെവംസൌവച്ചലംഭവെൽ ॥
തുവച്ചിലക്കാരം ചങ്ങലമ്പരണ്ട നീരിൽ ഒരു യാമമൊ കുറ
ഞ്ഞപക്ഷമായാൽ യാമാൎദ്ധമൊ അരച്ച വെയിലത്തു വെച്ചു
ണക്കുക.

(യവക്ഷാര ശുദ്ധി)

൬൪. ഡാഡിമീപുഷ്പസംഭൃതെയവക്ഷാരംവിമൎദ്ദയെൽ ।
യാമമാത്രംതതശ്ശുദ്ധ്യൈശൊഷയെത്തീവ്രആതപെ ॥
ചവക്കാരം താളിമാതളത്തിൻെറ പൂവു പിഴിഞ്ഞെടുത്തനീ
രിൽ ഒരു യാമം അരച്ചുണക്കുക.

(ഇഞ്ചിനീരിൻെറ ശുദ്ധി)

൬൫. നിവാതെശൃംഗിവെരസ്യരസ്യരസമാസിച്യഭാജനെ ।
യാതെമുഹൂൎത്തെതസ്യാധൊലഗ്നംഫിതാറജൊബഹിഃ ॥
൬൬. സന്തപ്പെല്ലൊഹപാത്രെതൽസിഞ്ചെദഥചശീതളം ।
തദാശുദ്ധംവിജാനീയാന്നാന്യഥാതൽപരിത്യജെൽ ॥
ഇഞ്ചിനീര ഒരു പാത്രത്തിലാക്കി കാററില്ലാത്തേടത്തുവച്ചര
ണ്ടുനാഴിക കഴിഞ്ഞാൽ അതിൻെറ അടിയിൽ ഊറിയപൊടി

കൂടാതെ ഊററി എടുത്ത ഇരുമ്പുപാത്രംപഴപ്പിച്ച അതിൽവീഴ്ത്തുക എന്നാൽശുദ്ധമാകും ഊറലിന്റെസംബന്ധമുണ്ടായാൽകൊള്ളരുത ഇരുമ്പുപാത്രം പഴപ്പിച്ച അതിൽ വീഴ്ത്തുക ഉണ്ടായിട്ടില്ല എങ്കിലും കൊള്ളരുത.

(ചെറുനാരങ്ങനീരിന്റെ ശുദ്ധി)

൬൧. കല്പരെകടുഭിസ്സത്വെസിഞ്ചെജ്ജംബീരജംരസം।
നചൈപിദാഹകാരീസവിജ്ഞെയഃപിത്തകൃദ്ഭവം॥

ത്രികടു മണ്പാത്രത്തിലിട്ട വറുത്തപാത്രംനല്ലവണ്ണംപഴത്താൽ അതിൽനിന്ന ത്രികടുകളഞ്ഞ അതിൽ ഒഴിക്കുക. എന്നാൽ ചെറുനാരങ്ങനീരിന്റെ ദോഷംശമിക്കും ആയതചെയ്യാതെയിരുന്നാൽ ഉദരാഗ്നികൊണ്ടുള്ളപാകത്തിങ്കൻ ഉള്ളിൽ പുകച്ചിലുണ്ടാകയും ഉടനെപിത്തകോപത്തെ ഉണ്ടാക്കുകയും ചെയ്യും.

(ഉന്മത്തിൽനീരിന്റെ ശുദ്ധി)

൬൨. സംക്ഷുദ്യവിസിനീകന്ദമാവാപ്യോന്മത്തജെരസെ।
പ്രവാതെനിക്ഷിപെദ്യാമമെഷാതച്ശുദ്ധിരുച്യതെ॥

ഉന്മത്തിൻനീരിൽ താമരക്കിഴങ്ങ ചതച്ചിട്ടഏഴരനാഴികകാററുള്ളെടത്ത വെക്കുക എന്നാൽ ശുദ്ധമാകും.

(കററുവാഴനീരിന്റെ ശുദ്ധി)

൬൩. കന്യാരസമയൊയുക്താനിവാതെഘടികാദ്വയം।
സ്ഥാപയെദഥവാശുദ്ധ്യെലൊഹകാന്തശിലായുതം॥

കററുവാഴനീരിൽ ഇരിമ്പൊ അയസ്കാന്തമൊ ഇട്ടരണ്ടുനാഴിക കാററില്ലാത്തെടത്ത വെക്കുക എന്നാൽ ശുദ്ധമാകും.

(കഞ്ചാവിന്റെ ശുദ്ധി)

൭൦. അഹൊരാത്രംപ്രവാഹേണസംശുദ്ധെനസമാഹതാം।
വിജയാംപരിപീഡ്യാഥനാളികേരജലെപചേൽ॥
൭൧. വീരാരസെചക്ഷീരെചശോഷയെച്ചാന്തരാന്തരാ।
അന്യഥാമദമോഹാദീൻകുര്യാന്മരണമേവവാ॥

കഞ്ചാവ അറുപതുനാഴിക ശുദ്ധജലത്തിന്റെ ഒലിവുതട്ടിച്ച പിഴിഞ്ഞ വെള്ളംകളഞ്ഞ ഇളനീർവെള്ളത്തിലും കോവനീരിലുംപാലിലും ക്രമത്താലെ പുഴുങ്ങുകയും ഉണക്കുകയും ചെയ്ക എന്നാൽ ശുദ്ധമാകും കഞ്ചാവ ശുദ്ധി ചെയ്യാതെ തിന്നാൽമദമോഹങ്ങളെയൊ മരണത്തെയൊ അത ഉണ്ടാക്കും.

(കറപ്പിൻെറശുദ്ധി)

൩൨. ദ്രാവയെന്നവനീതെനനാഗഫെനംസമന്വിതം.
അന്യഥാമദമൊഹാദീൻകുൎയ്യാച്ശുദ്ധിരിതീരിതാ॥

കറപ്പ വെണ്ണചേൎത്ത ഉരുക്കുക. എന്നാൽ ശുദ്ധമാകും ശുദ്ധിചെയ്യാതെയിരുന്നാൽ മദമോഹാദികളെ ഉണ്ടാക്കും. ഇങ്ങിനെ ദ്രവ്യശുദ്ധി ഇവിടെ പറകപ്പെട്ടു. ആയതുപ്രകാരം മേല്പറഞ്ഞ ഔഷധങ്ങളെ ശുദ്ധിചെയ്തു ഗ്രഹിച്ചുകൊൾക.

൩൩. അത്രാനുക്താനിസൎവ്വാണിബോദ്ധവ്യാനിബുധൈസ്സുഭിഃ।
വാഹടാദിപ്രണീതെഭ്യസ്തന്ത്രേഭ്യഃപ്രണയാദപി॥

ഇവിടെ പറയാതെയും പലവിഷയങ്ങൾ ഗ്രഹിക്കപ്പെടുവാൻയോഗ്യങ്ങളായി പരിശേഷിച്ചിരിക്കുന്നു. അതുകൾ ഒക്കെയും വാഹടാചാൎയ്യര മുതലായവരാൽ ഉണ്ടാക്കപ്പെട്ടഅഷ്ടാംഗഹൃദയാദി ഗ്രന്ഥങ്ങളിൽ നിന്ന ആവശ്യമായി അറിയപ്പെടേണ്ടതുകളാകുന്നു. വൈദ്യൻെറ അറിവ ശാസ്ത്രംകൊണ്ടുതന്നെ പൂൎണ്ണമായിത്തീരാത്തതാകയാൽ ചിലത പരിചയംകൊണ്ടും അറിയേണ്ടതായിവരും. അതിനെ പരിചയംകൊണ്ടും അറിഞ്ഞുകൊൾക.

ഇതി വാശ്ദാസൊപനാമകരാമാനന്ദനാഥപണ്ഡിതപാരശവെന്ദ്രകൃതാവാരോഗ്യകല്പദ്രുമെ ബാലചികിത്സായാം അഷ്ടത്രിംശസ്തബകോനാമാഷ്ടത്രിംശൊദ്ധ്യായഃ,

ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം

ഏകൊനചത്വാരിംശാദ്ധ്യായപ്രാരംഭഃ

പരിശിഷ്ട ചികിത്സാ പ്രകരണം

൧. പരിശിഷ്ടാംപ്രവക്ഷ്യാമിസ്ത്രീണാംപുംസാഞ്ചസമ്മതാം।
ചികിത്സാമഖിലാംദ്വാഭ്യാമദ്ധ്യായാഭ്യാമതഃപരം॥

ഇനി രണ്ടദ്ധ്യായങ്ങൾകൊണ്ടു സ്ത്രീകൾക്കും പുരുഷന്മാൎക്കും വെവ്വെറെയുള്ളപരിശിഷ്ടചികിത്സയെ സൽസമ്മതി ഉണ്ടാവത്തക്കവിധത്തിലാക്കി പറവാൻ തുടങ്ങുന്നു.

൨. വിജ്ഞായകാലവിദ്വൈദ്യൊദ്വാദശാബ്ദസ്ഥിതാംസ്ത്രിയ।
രജൊദോഷഹരംസത്ത്വാവിദധീതസ്വയംവിധിം

വൈദ്യൻ കാലപരീക്ഷയെ ചെയ്യുന്നവനായിരുന്ന പന്ത്രണ്ടാമത്തെ വയസ്സിൻെറ ആരംഭമായി എന്നറിഞ്ഞാൽ പെണ്ണിന്ന രജൊദോഷംകൂടാതെ ഇരിപ്പാൻ വേണ്ടുന്നതിനെ ചെയ്തുകൊൾക.

൩. യദ്വാചതുൎദ്ദശെകുൎയ്യാദബ്ദെപഞ്ചദശെപിവാ।
തതഊൎദ്ധ്വംതുകുൎയ്യാത്തംദൃഷ്ടെദൊഷെപുരാതുന॥

പന്ത്രണ്ടാമത്തെവയസ്സിന്റെ ആരംഭത്തിൽ ചെയ്വാൻകഴി വവന്നില്ലഎംകിൽപതിമൂന്നാമത്തെവയസ്സിലൊപതിനഞ്ചാ മത്തെവയസ്സിലൊചെയ്ക. മേൽപറഞ്ഞത വ്യക്തമായദോഷ ത്തിന്റെ പരിഹാരത്തിന്നായിക്കൊണ്ടല്ല എന്നും ദോഷംസം ഭവിക്കാതെഇരിപ്പാൻ വേണ്ടിയാകുന്നു. മേൽപറഞ്ഞകാലങ്ങ ളിലെന്നുംചെയ്തില്ല. എംകിൽ പിന്നെ രജസ്സദൂഷിച്ചുകണ്ടു എംകിൽ പ്രതിവിധിയെ ചെയ്തുകൊൾക എന്നല്ലാതെ മുൻകൂ ട്ടിക്കരുതുകകൊണ്ടു വിശേഷമുണ്ടാകയുമില്ല.

൪. പ്രക്രാന്തഷൊഡശാബ്ദസ്യശുക്ലദൊഷനിവാരണം।
പുംസൊഷ്ടംദശവൎഷെവാകുൎയ്യാദ്വിംശെപിവാതഥാ॥

പുരുഷന്നപതിനാറാമത്തെ വയസ്സിന്റെ ആരംഭത്തിങ്കൽ ശുക്ലദോഷംവരാതെ കഴിവാൻ വെണ്ടുന്നതിനെ ചെയ്തുകൊ ൾക. അന്നുകഴിഞ്ഞില്ല എംകിൽപതിനെട്ടാംവയസ്സിലൊ ഇ രിപതാംവയസ്സിലൊചെയ്ക അന്നും കഴിഞ്ഞില്ല എംകിൽ പി ന്നെ എന്നെങ്കിലുംശുക്ലദോഷംകണ്ടാൽപ്രതിവിധിയെചെയ്ക.

## രജൊദോഷ ചികിൽസാ

(രജക്ഷയത്തിന്ന കഷായം)

൧. മുസലീകന്ദലാക്ഷെലാബലാത്രയഫലത്രയൈഃ।
സക്ഷീരംപാദപത്വഗ്ഭിഃകഥാഥഃപെയൊരജഃക്ഷയെ॥

൨. കല്യാണകഘൃതോപേതഃപ്രാതസ്സഘൃതശൎക്കരം।
വിദാൎയ്യാദിഗണൊപെതതിലക്ഷീരിണകാംബുവാ॥

നിലപ്പനക്കിഴങ്ങ, കോലരക്ക ഏലത്തരി, കുറുന്തോട്ടിവേര വെങ്കുറുന്തോട്ടിവേര, ഊരകത്തിൻവേര, ത്രിഫല, നാല്പാമര ത്തിൻതൊലി, ഇവകൊണ്ടുകഷായംവെച്ച കല്യാണകഘൃതം മേപ്പൊടിചേൎത്ത രാവിലെസേവിപ്പിക്ക. രജഃക്ഷയമുണ്ടെം കിൽ ആയത ശമിക്കും. വിധിച്ച കാലങ്ങളിൽ വെണ്ടുംവണ്ണം സേവിച്ചാല്പിന്നെ ഒരിക്കലും രജഃക്ഷയമുണ്ടകയുമില്ല. വിദാ ൎയ്യാദിഗണത്തിൽ തിലക്ഷീരിണികവെർചേൎത്ത കഷായംവെ ച്ചു നെയ്യും പഞ്ചസാരയും ചേൎത്ത രാവിലെസേവിപ്പിക്കയുമാം.

(രജസ്തംഭത്തിന്ന)

൧. പുനൎന്നവബലാദാരുരാസ്നാതിലകരഞ്ജകൈഃ।
തിലക്ഷീരിണികാമൂലസഹിതൈഃകഥിതംജലം॥

൩൨. സിതാജീരകസംയുക്തംരജസ്തംഭംനിയച്ഛതി॥
ബലാതിലരസൊംനൈശ്ചസതാഘൃതസമന്വിതം॥
തമിഴാമവേര, കുറുന്തോട്ടിവേര, ദേവതാരം,അരത്ത, എള്ള, ഉങ്ങിൻതൊലി, തിലക്ഷീരിണികവേര ഇവകൊണ്ടു കഷായം വച്ച പഞ്ചസാരയും ജീരകവുംമേപ്പൊടി ചേൎത്ത സേവിപ്പിക്ക. തീണ്ടാരിവേണ്ടുംവണ്ണമുണ്ടാകും. കുറുന്തോട്ടിവേര, എള്ള, വെളുത്തുള്ളി ഇവകൊണ്ടുകഷായംവച്ച പഞ്ചസാരയും നെയ്യും മേപ്പൊടിചേൎത്ത സേവിപ്പിക്കയുമാം.

(രജൊവൈവൎണ്ണ്യത്തിന്ന)

൩൩. നിംബത്വക്ത്രിഫലാദാൎവ്വീപടൊലമധുകൈശ്ശൃതം॥
സബലാത്രയദെവാഹ്വൈഃപരംബുരക്തവിശൊധനം।
വേപ്പിൻതൊലി, ത്രിഫല, മരമഞ്ഞത്തൊലി, പടോലം, ഇരട്ടിമധുരം, കുറുന്തോട്ടിവേര, വെങ്കുറുന്തോട്ടിവേര, ഊരകത്തിൻവേര, ദേവതാരം ഇവകൊണ്ടു കഷായംവച്ച സെവിപ്പിക്ക. രജസ്സിൻെറ നിറക്കുറവു ശമിക്കും.

(പൂതിരജസ്സിന്ന)

൩൪. ത്രിഫലാശാരിബാദ്വന്ദ്വബലാക്ഷീരിദ്രുവല്കലൈഃ।
കൃതഃകഷായൊഘൃതൊപെതഃപീതഃപൂതിരജൊനുദേൽ।
ത്രിഫല, നന്നാറിക്കിഴങ്ങ, പാൎവ്വള്ളിക്കിഴങ്ങ, കുറുന്തോട്ടിവേര, നാല്പാമരത്തിൻതൊലി ഇവകൊണ്ടു കഷായംവച്ച നെയ്യുമേപ്പൊടിചേൎത്ത സെവിപ്പിക്ക. രജസ്സിൻെറ ദുൎഗ്ഗന്ധം ശമിക്കും.

(മഞ്ജിഷ്ഠാദിഘൃതം)

൩൫. മഞ്ജിഷ്ഠാമധുകാഭീരുപയസ്യാരജനീദ്വയൈഃ।
കാകൊളീവാജിഗന്ധാരുഗ്വചാതഗരദീപ്യകൈഃ।
൩൬. ത്രിഫലാശൎക്കരാമെദാരൊഹിണീഭിശ്ചഹിംഗുനാ।
൩൭. ക്ഷീരംചതുൎഗ്ഗുണംദത്വാകല്കൈരിതൈൎവ്വിപചെൽഘൃതം।
ദശമൂലശൃതെതൊയെതദ്ത്രപരമൌഷധം।
൩൮. ആയുഷ്യംബൃംഹണംമെദ്ധ്യംബാലഗ്രഹവിനാശനം।
മ്രിയമാണശിശൂനാഞ്ചഗൎഭിണീനാഞ്ചശസ്യതെ॥
൩൯. എതച്ശുക്ലാശ്രയാൻദോഷാനഖിലാൻപുംഭിരാദൃതം॥
നിവാരയതിസന്താനംജനയെച്ചഗുണൊത്തരം॥
മഞ്ചട്ടിപ്പൊടി, ഇരട്ടിമധുരം, ശതാവരിക്കിഴങ്ങ, അടപതിയൻകിഴങ്ങ, വരട്ടുമഞ്ഞൾ, മരമഞ്ഞത്തൊലി,കാകൊളി,അമുക്കുരം,കൊട്ടം,വയമ്പ,തകരം,അയമോതകം, ത്രിഫല, പഞ്ച

സാര, മേദ, കടുകരോഹിണി, കായം ഇവ ദശമൂലകഷായത്തിൽ അരച്ചു കലക്കി നെയ്യും നെയ്യിൽ നാലിരട്ടി പാലുംചേൎത്ത കാച്ചിയരിക്കുക ഈ നെയ്യ സകലരജോദോഷങ്ങളെയും ശമിപ്പിക്കും. ആയുസ്സിന്ന നല്ലതാകുന്നു. പുഷ്ടിയെ ഉണ്ടാക്കും. ബുദ്ധിക്ക നല്ലതാകുന്നു. ബാലഗ്രഹങ്ങളുടെ ബാധയെ ശമിപ്പിക്കും. യാവളൊരുത്തിക്കുജനിച്ച ശിശുക്കൾ ഉടനെ മരിച്ചുപോകുന്നുവൊ അവൾക്കും ഗൎഭിണികളായ എല്ലാവൎക്കും നല്ലതാകുന്നു. പുരുഷന്മാർ ഈ നെയ്യ ശീലിച്ചാൽ അവൎക്ക ശുക്ലദോഷമുണ്ടാകയുമില്ല. ഗുണത്തോടുകൂടിയ സന്തതി ഉണ്ടാകയും ചെയ്യും.

൧൩. ഏകൈകെനനയെദേഷു ദിവസാനെകവിംശതിം॥
പ്രൊക്തെകാലെക്രമേണൈവപ്രാഗുക്തഫലസിദ്ധയെ।

മേൽപറഞ്ഞ പ്രയോഗങ്ങളിലോരോന്ന വിഹിതകാലത്തിങ്കൽ ഇരിപത്തൊന്നീതെ ദിവസം ക്രമേണ ചെയ്താൽ പിന്നെ ഒരു കാലവും രജോദോഷമുണ്ടാകയുമില്ല.

ശുക്ലദോഷ ചികിത്സാ

(ശുക്ലക്ഷയത്തിന്ന)

൧൪. ആത്മഗുപ്താകഷായെണകുക്കുടസ്യരസെനവാ।
ക്ഷീരംസമാംശംസസിതംപായയെദ്രെതസഃക്ഷയെ॥

നായ്ക്കുരണവേരുകൊണ്ട കഷായംവെച്ച അതിൽ അത്ര പാൽചേൎത്ത പഞ്ചസാരയിട്ട സേവിപ്പിക്ക. ശുക്ലം വൎദ്ധിക്കും. കുക്കുടമാസംകൊണ്ടുണ്ടാക്കിയ രസത്തിൽ അത്രപാൽചേൎത്ത പഞ്ചസാരയിട്ട സേവിപ്പിക്കയുമാം.

(ശുക്ലസ്തംഭത്തിന്ന മൃദ്വീകാദിഘൃതം)

൧൫. മൃദ്വീകാഗൊക്ഷുരാനന്താപുനൎന്നവശൃതെജലെ॥
മാഷൈലാജീരകൈഃപകപംഘൃതംശുക്ലസ്യവൎദ്ധനം॥

൧൬. വിരെചനഞ്ചമാഷാണാംവികൃതിശ്ശു॰പല്ലവാഃ॥
ഗോധൂമശ്ചതഥാഭീരുസിദ്ധഞ്ചസസിതംപയഃ॥

മുന്തിരിങ്ങപ്പഴം, ഞെരിഞ്ഞില, കൊട്ടത്തുവ്വവേര, തമിഴാമവേര, ഇവകൊണ്ട കഷായംവെച്ച ഉഴുന്ന ഏലത്തരി, ജീരകം ഇവ അരച്ചുകലക്കി നെയ്യചേൎത്ത കാച്ചിഅരിച്ചു സേവിപ്പിക്ക—ശു॰ക്ഷയവുംശുക്ലസ്തംഭനവും ശമിക്കും. ഉഴുന്നുകൊണ്ടുണ്ടാക്കുന്ന ഭക്ഷ്യങ്ങളും മുരിങ്ങയിലയും കോതമ്പും ശതാവരിക്കിഴങ്ങിട്ടുകുറുക്കിപഞ്ചസാരചേൎത്തപാലുംമെൽപ്രകാരമാകുന്നു.

൨൦. അന്യത്രരജസിപ്രോക്തൌകഷായൌസപയഃശൃതൌ॥
പാതവ്യൌസിതയോപേതാവിയത്യൌവിഭിദാദ്വയോഃ॥

ശുക്ലവൈവണ്ണ്യത്തിന്ന രജൊവൈവണ്ണ്യത്തിന്നപറഞ്ഞ കഷായംതന്നെ പാൽചേൎത്ത കുറുക്കി പഞ്ചസാരയിട്ടസേവിപ്പിക്ക. പൂതിശുക്ലത്തിന്ന പൂതിരജസ്സിന്ന പറഞ്ഞകഷായംതന്നെ പാൽചേൎത്ത കുറുക്കി പഞ്ചസാരയിട്ട സേവിപ്പിക്ക. മഞ്ജിഷ്ഠാദിഘൃതം സൎവ്വദോഷശമനമാകയാൽ അതുംസേവിപ്പിക്ക. ദിവസസംഖ്യയും ക്രമവും രജൊദോഷചികിത്സയിൽ പറഞ്ഞ പ്രകാരം തന്നെ എന്നറിഞ്ഞുകൊൾകയുംവേണം.

൨൧. പൂൎണ്ണവിംശതിവൎഷസ്യപുംസസ്സംശുദ്ധരേതസഃ।
ഊനഷൊഡശവൎഷാസ്ത്രീശുദ്ധാസ്രായൊഗമൎഹതി॥

൧൬-ാമത്തെ വയസ്സിൻെറ തികവോടടുത്തവളായും ശുദ്ധമായ രജസ്സോടുകൂടിയവളായുമിരിക്കുന്ന സ്ത്രീ ഇരിപതവയസ്സ തികഞ്ഞവനായി ശുദ്ധമായ ശുക്ലത്തൊടുകൂടിയവനായിരിക്കുന്നപുരുഷൻെറ സംയോഗത്തിന്ന യോഗ്യയാകുന്നു

൨൨. തയൊൎന്ന്യൂനാബ്ദയോൎയ്യോഗൊ യദ്വാദുഷ്ടാസ്രരെതസോഃ॥ ഗൎഭായനസ്യാൽസ്യാച്ചെത്സ്യാദ്രൊഗ്യല്പായുരതപ്രജാ।

മേൽപറഞ്ഞ വയസ്സ തികയാത്തവരുടെ സംയോഗവും ദുഷ്ടാൎത്തവ ശുക്ലന്മാരായിരിക്കുന്ന സ്ത്രീപുരുഷന്മാരുടെ സംയൊഗവും ഗൎഭത്തിന്ന കാരണമാകയുമില്ല. ചിലൎക്ക അതുഗൎഭത്തിന്ന കാരണമായി എന്നവന്നാൽ അതുകൊണ്ടുണ്ടാകുന്ന ശിശു അല്പായുസ്സായിട്ടൊ രോഗിയായിട്ടൊ ഭവിക്കയുംചെയ്യും.

൨൩. ദുഷ്ടാൎത്തവായാഃപൂൎവ്വോക്തവിധിനാദൊഷമുദ്ധരേൽ।
ആൎത്തവസ്യാഥവായൊജ്യാവക്ഷ്യമാണഉപക്രമഃ।

രജോദോഷത്തൊടു കൂടിയവൾക്ക മേൽപറഞ്ഞ ചികിത്സകൾ ചെയ്ക. അല്ലഎങ്കിൽ ഇതിന്ന താഴെപറയുന്ന ചികിത്സയെചെയ്ക.

(ഗൎഭാശയശുദ്ധിക്ക ദശമൂലാദികഷായം)

൨൪. ദശമൂലബലൊശീരസ്വൎക്കാതഗരസാധിതം॥
പായയെൽസപയഃകാഥംഗൎഭാശയവിശുദ്ധയെ॥

൨൫. കുഷ്ഠമൽപലമെരണ്ഡമൂലംവാക്ഷീരസംയുതം॥
അല്ലികാതരുമൂലസ്യത്വചംവാപായയെത്തഥാ।

ദശമൂലം, കുറുന്തോട്ടിവേര,രാമച്ചം, ചൊനകപ്പുല്ല, തകരം ഇവകൊണ്ടു കഷായംവെച്ച അതിൽ പാൽചേൎത്ത സേവിപ്പിക്ക. കൊട്ടമൊ ചെങ്ങഴിനീൎക്കിഴങ്ങൊ അവണക്കിൻ വേരൊ

പാലിൽ അരച്ചുകലക്കി സേവിപ്പിക്കയുമാം പുളിവേരിന്മെൽ തൊലി മേൽപ്രകാരം സേവിപ്പിക്കയുമാം.

(ഗർഭകാരണങ്ങളായ സിദ്ധൌഷധങ്ങൾ)

൨൩. ന്യഗ്രോധകുശ്മളാനഷ്ടൌപിഷ്ടാക്ഷീരെണയൊജിതാൻ
കുഡുംബാദ്ധ്മിതെനാഥദൃഷ്ടപുഷ്പാന്ദിനത്രയം॥

൨൪. പായയെദ്ദേഷസപ്താനാംരജസാംയോജിതൊവിധിഃ।
ഗർഭമുൽപാദയെദെവംവിദ്യാത്തുരഗഗന്ധികാം।

൨൫. അശ്വത്ഥാശൊകസംഭൃതവന്ദാകനവപല്ലവാൻ॥
മാതുളുംഗസ്യബീജാനിപകാനിപയസാപിച।

തീണ്ടായിരുന്നാൽ മൂന്നു ദിവസം എട്ടെട്ട പെരാൽമൊട്ടഉരിസ്സരിശ്ശ പാലിൽ അരച്ചുകലക്കി സേവിപ്പിക്ക. ഇങ്ങിനെ ഏഴ തീണ്ടാരിക്ക ചെയ്ക. എന്നാൽ ഗർഭമുണ്ടാകും. അമുക്കരവും അരയാലിന്മെലൊ അശോകത്തിന്മേലൊ ഉണ്ടായ ഇത്തിക്കണ്ണിയുടെ ഇലയും പാലിൽപുഴുങ്ങി ഉണക്കിയ വള്ളിനാരകവിത്തും മേൽപ്രകാരം സെവിപ്പിക്കാം.

## ഗർഭ ചികിത്സാ

൨൯. ജാതഗർഭാപിബെന്മാസിപ്രഥമെബലയാശൃതം॥
പയൊലക്ഷ്മണയാപകംദ്വിതീയെപൌഷ്കരെണവാ।

൩൦. തൃതീയെബൃഹതീപകംതാദ്ദിവ്വാക്ഷീരിഭ്രുരുഹാം॥
അംശുമത്യാശൃതംതുര്യ്യെപഞ്ചമെമൃതയാപിച।

൩൧. ഷഷ്ഠെകിരാതതിക്തെനസപ്തമെത്രയവൈഃശൃതം।
അഷ്ടമെമൃവ്വ്യാഭീരുബലാജീരകനാഗരൈഃ॥

൩൨. നവമാദിഷുസർവ്വേഷുസർവ്വേഷുബലയൈവവാ।

ഗർഭിണിയായ സ്ത്രീ ഒന്നാംമാസത്തിൽ കുറുന്തോട്ടിവേരും രണ്ടാംമാസത്തിൽ തിരുതാളി, പുഷ്കരമൂലം, ഇതുകളിലൊന്നുംമൂന്നാം മാസത്തിൽ ചെറുവഴുതിനവേരും അല്ലായെങ്കിൽ നാല്പാമരത്തിൻതൊലിയുംനാലാംമാസത്തിൽ ഓരിലവേരുംഅഞ്ചാം മാസത്തിൽ ചിററമൃതും ആറാം മാസത്തിൽ പുത്തരിച്ചുണ്ടവേരുമ്മൽതൊലിയും ഏഴാം മാസത്തിൽ യവവും എട്ടാംമാസത്തിൽ പെരുങ്കുരുമ്പവേരും ഒമ്പതാംമാസം മുതൽക്ക ശതാവരിക്കിഴങ്ങ, കുറുന്തോട്ടിവേര, ജീരകം, ചുക്ക ഇവയുമിട്ട പാൽകുറുക്കി സെവിപ്പിക്കക. എല്ലാമാസങ്ങളിലും കുറുന്തോട്ടിവേരുതന്നെയുമാം.

(ഗൎഭിണിക്ക പനിക്ക)

൬൬. മുസ്താചന്ദനഭൃനിംബഗുളൂചീഭിഃശൃതംജലം॥
ജ്വരാൎത്താതുസദായുക്തംസിതയാജീരകെണച॥

ഗൎഭിണിക്ക എന്നെങ്കിലും പനിയുണ്ടായാൽ മുത്തങ്ങക്കിഴങ്ങ, ചന്ദനം, പുത്തരിച്ചുണ്ടവേരുമ്മൽതൊലി, ചിററമൃത ഇവകൊണ്ടു കഷായംവെച്ച പഞ്ചസാര, ജീരകം ഇവ മേപ്പൊടി ചേൎത്ത സേവിപ്പിക്ക. എന്നാൽ ശമിക്കും.

(ഛൎദ്ദിക്ക)

൬൭. വമഥൌധാന്യകംപിഷ്ട്വാപിബെത്തണ്ഡുലവാരിണാ।
ധാന്യജംബ്വസ്ഥിലാജാനാമദ്യാദ്വാസിതയാരജഃ॥

ഗൎഭമുള്ളവൾക്ക ഛൎദ്ദിയുണ്ടായാൽ കൊത്തമ്പാലയരി അരിക്കാടിയിൽ അരച്ചുകലക്കിസേവിപ്പിക്ക. അല്ലായെങ്കിൽ കൊത്തമ്പാലയരി, ഞാവൽക്കുരു, മലര ഇവ പൊടിച്ച പഞ്ചസാരചേൎത്ത സേവിപ്പിക്ക. എന്നാൽ ശമിക്കും.

(രക്താതിസാരത്തിന്ന)

൬൮. പ്ലക്ഷജംബൂവടാശ്വത്ഥപത്രചൂൎണ്ണംസമാക്ഷികം।
രക്താതിസാരെസാഗ്രാതരദ്യാച്ചകുടചാനിവാ।

ഇത്തിയില, ഞാവലില, പെരാലില, അരയാലില ഇവപൊടിച്ച തെൻചേൎത്ത സേവിപ്പിക്ക. ഗൎഭിണിയുടെരക്താതിസാരം ശമിക്കും കുടകപ്പാലയരി പൊടിച്ച മേൽപ്രകാരം സേവിപ്പിക്കയുമാം.

(തലവേദനയ്ക്കു)

൬൯. മുസ്താചന്ദനലാമജ്ജകുഷ്ഠോൽപലബലാഷഡീഃ।
ക്ഷീരെണപിഷ്ട്വാലിംപെച്ചഫാലാതസ്യാശ്ശിരോരുജി॥

മുത്തങ്ങക്കിഴങ്ങ, ചന്ദനം, രാമച്ചം, കൊട്ടം, ചെങ്ങഴിനീർകിഴങ്ങ, കുറുന്തോട്ടിവേര, കച്ചൂരിക്കിഴങ്ങ ഇവപാലിൽ അരച്ച നെററിത്തടത്തിൽ പുരട്ടുക. ഗൎഭിണിയുടെ തലവേദന ശമിക്കും.

(നീരിന്ന)

൭൦. യവാഗ്ഗുംദശമൂലെനസവൃശ്ചീവെനസാധിതാം।
പിബെച്ശോഫാതുരായദ്വാവൃശ്ചീവെക്ഷുരഗൊക്ഷുരൈഃ॥

ദശമൂലം, തമിഴാമവേര ഇവകൊണ്ടുവെച്ച കഷായത്തിൽ കഞ്ഞിവെച്ച കുടിപ്പിക്കുക. ഗൎഭിണിയുടെനീര ശമിക്കും: തമിഴാമവേര, വയൽച്ചുള്ളിവേര, ഞെരിഞ്ഞില ഇവകൊണ്ടുവെച്ചകഷായത്തിലുമാം.

(ഗൎഭസ്രാവത്തിന്ന)

൩൮ ദ്രാക്ഷാലൊദ്ധ്രോൽപലാംഭൊദശാരിബാചന്ദനൈശ്ശൃതഃ। സപയസ്സസിതഃകാഥൊഗൎഭസ്രവനിവാരണഃ।

മുന്തിരിങ്ങപ്പഴം,പാച്ചോററിത്തൊലി, ചെങ്ങഴിനീക്കിഴങ്ങ, മുത്തങ്ങക്കിഴങ്ങ, നന്നാറിക്കിഴങ്ങ, ചന്ദനം ഇവകൊണ്ട പാൽക്കഷായംവെച്ച പഞ്ചസാര മേപ്പൊടിചേൎത്ത സേവിപ്പിക്ക. ഗൎഭസ്രാവം ശമിക്കും.

(സിദ്ധൌഷധങ്ങൾ)

൩൯. പയസാലക്ഷ്മണാമൂലംവിസിനീകന്ദമെവവാ।
രാത്രൌപീതന്തുഗൎഭിണ്യാഗൎഭസ്രാവനിവാരണം।

തിരുതാളിവേരോ താമരക്കിഴങ്ങൊ പാലിൽഅരച്ച കലക്കി രാത്രിയിൽ സേവിപ്പിക്ക. ഗൎഭസ്രാവമുണ്ടാകയില്ല.

൪൦. എതാന്യെതെഷുയുഞ്ജീതവൈദ്യസ്തസ്യാസ്വധാബഹിഃ॥
അന്തശ്ചജീവനീയാനിനവനീതമുഖാനിച।

മേൽപറഞ്ഞ രോഗങ്ങൾക്ക വൈദ്യൻ മേൽപറഞ്ഞചികിത്സകളെചെയ്യ. പറയാത്തതുകൾക്ക അതാതിന്റെ ചികിത്സകളിൽവെച്ച ഗൎഭിണിക്ക വിരോധമില്ലാത്തതിനെ ചെയ്യ. അതിന്നുംപുറമെ ഓജസ്സിന്ന നന്നായിട്ടുള്ള മരുന്നുകളെ തൈലാദികളിൽചേൎത്ത പുറമെയും ഘൃതാദികളിൽ ചെൎത്ത അകമെയുംകൊണ്ടു ചെല്ലുക. വിശേഷിച്ച വെണ്ണമുതലായതിനെശീലിപ്പിക്ക ഇവയും വേണ്ടതാകുന്നു.

(ഗൎഭിണിക്ക അരുതാത്തവ)

൪൧. ഉപവാസാധ്വസെവാഭ്യാംതീക്ഷ്ണാച്ചൊഷ്ണാച്ചഭോജനാൽ। അതിവ്യവായാദായാസജനകാച്ചതഥാന്യതഃ।
൪൨. വ്യാപാരാദ്ഭാരയെൽഭാരാൽഗുരുപ്രാവരണാദപി।
ശൊകക്രോധഭയെഭ്യശ്ചവെഗൊദീരണധാരണാൽ।
൪൩. ശപ്രുക്ലെപെക്ഷണാന്മദ്യാന്മാംസാദപിചതാംസദാ।
യച്ചാനിഷ്ടംസ്ത്രിയഃപ്രാഹുസ്തസ്മാച്ചവിനിവൎത്തയേൽ॥

പട്ടിണി, അധികമായവഴി കാൽകൊണ്ടുനടന്നുപോക, തീക്ഷ്ണമായും ഉഷ്ണമായുമിരിക്കുന്ന അന്നത്തെഭക്ഷിക്ക, അതിമൈഥുനത്തെചെയ്യ. അപ്രകാരംതളൎച്ചയെ ഉണ്ടാക്കുന്ന പ്രവൃത്തികളിലേതെങ്കിലുംചെയ്യ. ഭാരത്തെവഹിക്കകനത്ത പുതപ്പുകൊണ്ടുപുതെക്കുക. ഇവകളിൽനിന്ന ഗൎഭിണിയെ പിൻവാങ്ങി

ക്കുകയുംവേണം. അത്രതന്നെഅല്ല അവറ്റക്ക ശോകത്തിന്നും ക്രോധത്തിന്നും ഭയത്തിന്നും അവസരമില്ലാത്തവിധത്തിൽ ഉപചരിപ്പിക്കുകയും മലമൂത്രാദികളുടെ വേഗത്തെതെൻറയത്നം കൊണ്ട ഉണ്ടാക്കാതെയും ഉണ്ടായതിനെ തടുക്കാതെയുംകഴിയത്തക്കവിധത്തിൽ അതാതിൻെറ ദോഷങ്ങളെ പറഞ്ഞ ഗ്രഹിപ്പിക്കയും വളരെ താഴ്ചയോടുകൂടിയ പ്രദേശത്തെ നോക്കിക്കാണാതെയുംകിണററിലെക്കനോക്കാതെയും മദ്യത്തെപാനംചെയ്യാതെയും മാംസത്തെ ഭക്ഷിക്കാതെയുംഇതുകറ്റക്കുംപുറമെയാതൊന്നിനെ ഗർഭിണിചെയ്യരുതെന്നു സ്ത്രീകറ്റ അതാതുസമയം പറയുന്നുവൊ അതിനെ ചെയ്യാതെയുമിരുത്തിക്കൊറ്റക.

൮൪. ആമാസതൊഷ്ടമാദ്രക്തംനഫരെണവിരെചയെൽ।
നവസ്തിംയൊജയെദേഭിരാമൊഗർഭസ്രവെദ്ധ്രുവം॥

൮൫. യദ്വാശ്രുഷ്യെന്മൃതിംയയാദഥവാമൃദുഭിസ്സുഖൈഃ।
ഓഷധൈരെവസർവ്വാംശ്ചവ്യാധീനസ്യാശ്ശമംനയെൽ॥

ഗർഭിണിക്ക എട്ടുമാസംതികയുന്നവരെ രക്തം കളകയുംവയറിളക്കുകയും വസ്തിവെക്കുകയും അരുത. അതുകളിലെതെങ്കിലും ചെയ്താൽ. ഗർഭംസ്രവിക്കുകയൊശോഷിക്കുകയൊ ശിശുമരിച്ചുപോകയൊ ഉണ്ടാകുമെന്നതിന്ന സംശയമില്ല ഗർഭിണിയുടെ സകലരോഗങ്ങളെയും മൃദുക്കളും സുഖകരങ്ങളായുമിരിക്കുന്ന ഔഷധങ്ങറ്റകൊണ്ടുതന്നെ നല്ലവണ്ണം ശമിപ്പിക്കയുംവേണം.

൮൬. ആരഭ്യനവമാംമാസാദസ്നിഗ്ദ്ധാംതാംനവത്തയെൽ।
പായയെൽസുഖസൂത്യർത്ഥമുർവ്വാരുകഘൃതാദിച॥

ഒമ്പതാമത്തെ മാസംമുതൽക്ക ഗർഭിണിയെ നിത്യവും എണ്ണതേപ്പിക്കുകയും സുഖപ്രസവത്തിന്നായിക്കൊണ്ട ഉർവ്വാരുകഘൃതം മുതലായതിനെ സേവിപ്പിക്കയും ചെയ്ക.

(ഉർവ്വാരുകഘൃതം)

൮൭. പക്വമുർവ്വാരുകഞ്ചൊപൊദകാംവംശസ്യപല്ലവാൻ॥
ക്ഷൊദയിത്വാഹൃതെതേഷാംരസെതുല്യപയൊയുതം॥

൮൮. ഭദ്രാമധുകകല്ക്കെനപക്വമുർവ്വാരുകാഹ്വയം।
ഘൃതംപുരാണൈരാഖ്യാതംസേവിതംസുഖസൂതികൃൽ॥

പഴുത്തവെള്ളരിക്ക, വശള, മുളംകൂമ്പ ഇവററിൻ നീരിൽചെറുളവേര, ഇരട്ടിമധുരം ഇവ അരച്ചുകലക്കി നെയ്യുംനെയ്യോളം പാലുംചേൎത്ത കാച്ചിയരിക്കുക. ഇതിന്ന ഉർവ്വാരുകഘൃതമെന്ന പേരാകുന്നു. മേൽപറഞ്ഞനെയ്യ ഒരു പുലാവില എടുത്ത ഉഷ്ണജലത്തിൽ വെച്ചുരുക്കി എതിരെ സേവിപ്പിക്ക.

൯൯. ആസന്നപ്രസവാംനിത്യംസ്നപയെൽകൊഷ്ണവാരിണാ।
ബലാതൈലാദിനാസമ്യഗഭ്യക്താംഗാംഗളാദധഃ॥

പ്രസവകാലം ഒട്ടൊട്ട അടുത്താൽ ബലാതൈലം മുതലായത നല്ലവണ്ണംതേപ്പിച്ച നിത്യമായി കഴുത്തിന്നുകീഴ സുഖൊഷ്ണമായ വെള്ളം വീഴ്ത്തി കുളിപ്പിക്കയും ചെയ്ക.

൱. ക്ഷൈരെയിംഭദ്രികാകാഥെയവാസ്ഥംചതതഃപരം।
പായയെന്നവനീതസ്യസഹിതാംലഘുമാത്രയാ॥

മേൽപ്രകാരം കുളിപ്പിച്ചതിന്റെറശേഷം ചെറുവഴുതക്കഷായത്തിൽ പാൽവിഴ്ത്തിവെച്ച കഞ്ഞി കുറെവെണ്ണയുംചേത്ത കുടിപ്പിക്ക.

൱൧. സപ്പിദാനവനീതെനലിംപന്തീയൊനിമണ്ഡലം।
വത്തെത ചസുഖെനൈവസൂതിരെവംഭവെദ്ധ്രുവം॥

യോനിപ്രദേശത്തിങ്കൽ വെണ്ണപുരട്ടി എല്ലാസമയവും തലോടിക്കൊണ്ടിരുത്തുക. ഇവചെയ്താൽ കഠിനമായ വേദന കൂടാതെ പ്രസവിക്കയും ചെയ്യും.

ഇതി വാശാസൊപനാമകരാമാനന്ദനാഥപണ്ഡിതപാരശവെന്ദ്രകൃതാ വാരൊഗ്യകല്പദ്രുമെബാലചികിത്സായാമെകൊനചത്വാരിംശസ്തബകൊനാമൈകൊനചത്വാരിംശൊദ്ധ്യായഃ

## ആരോഗ്യകല്പദ്രുമെ ബാലചികിത്സായാം
## ചത്വാരിംശാദ്ധ്യായ പ്രാരംഭഃ
## തലകണ്ടാൽ ചെയ്യേണ്ട പ്രവൃത്തികൾ

൧. ദൃഷ്ട്വെശിരസിബാലസ്യസംക്ഷുണ്ണാംകാകലക്ഷ്മണാം।
നിഷ്പീഡ്യരസമാദായപായയെത്തൈലമിശ്രിതം॥

കുട്ടിയുടെതലകണ്ടാൽ കാക്കതിരുതാളി കുത്തിപ്പിഴിഞ്ഞെടുത്ത നീരിൽ കുറെ എണ്ണചേത്ത സേവിപ്പിക്ക.

൨. ശന്മലീരസസപ്പിഭ്യാംലിപ്ത്വാഥസ്തതലംശനൈഃ।
യോനിംസംവാഹയെത്തെനസുസ്സശ്നെയഥാസുഖം॥

പൂളത്തൊലി ചതച്ചുപിഴിഞ്ഞെടുത്തനീര അരിച്ച അതിൽ നെയ്യുചേത്ത ഉള്ളംകയ്യിൽപുരട്ടി യോനിപ്രദേശത്തിംങ്കൽപതുക്കെ തലോടിക്കഎന്നാൽയോനിമാഗ്ഗത്തിന്നഅയവുവരും

൩. പ്രസാരണ്യാരസംതൈലമിശ്രംവാപായയെത്തദാ
ഉൎവ്വാരുകരസെഖാശാശ്യതംതൈലമഥാപിവാ॥

തലകണ്ടാൽ തലനിള നീരിൽ എണ്ണചേത്ത സേവിപ്പിക്കയും പഴുത്ത വെള്ളരിക്കയുടെ നീരിൽ ഏടലോടത്തിൻവേരഅ

രച്ചുകലക്കി അതിൽചേൎത്ത കാച്ചിഅരിച്ച എണ്ണസേവിപ്പിക്കയുമാം.

൪. ചരണസ്യതലംലിമ്പേൽപിഷ്ട്വേല്ലാംഗലികാരസൈ ।
മക്കണ്ണെസ്സുഖസൂത്യത്ഥയൊഗൊയമതിവീൎയ്യവാൻ ॥

മെത്തോന്നിക്കിഴങ്ങിൻനീരിൽ മൂട്ടയെ അരച്ച ഉള്ളൻകാലിൽ പുരട്ടുക. ദുഃഖംകൂടാതെ പ്രസവിക്കും. ഈ പ്രയോഗം ഏററവും വീൎയ്യത്തോടുകൂടിയതാകുന്നു.

൫. സാഖ്യായപഞ്ചപൎവ്വാണിത്യക്തപാഷൢാൽസമുദ്ധൃതം ।
വെണോശ്ചൂൎണ്ണംതപ്ചെസ്ഥലയോജിതംപായയെതവാ ॥

ഒരുമുളയുടെ അഞ്ചുകമ്പുമെണ്ണിത്തള്ളി ആറാംകമ്പിലെ മൊരി ചുരണ്ടി എടുത്തു പൊടിച്ച എണ്ണയിൽചേൎത്ത സേവിപ്പിക്കയുമാം.

൬. ന്യഗ്രോധസ്യത്വചംശാണെപെഷയെൽക്വചിദന്യതഃ,
എലാഞ്ചപെഷണഗ്രാവ്ണിതെഘൃതെനാശയെതവാ ॥

പേരാലിൻറതൊലി ഒരേടത്ത ചാണമേലരപ്പിക്ക. അപ്പോൾതന്നെ എലത്തരി മററൊരേടത്ത അമ്മിമേലരപ്പിക്ക ഇങ്ങിനെ അരപ്പിച്ച ഇവരണ്ടും ഒരുമിച്ച ചേൎത്ത നെയ്യുകൂട്ടി സേവിപ്പിക്കയുമാം.

൭. ശുദ്ധാംബുനാവിശല്യായാഃപിഷ്ട്വാമൂലമധൊമുഖം ।
ലിംപേന്നാഭെരധൊയദ്വാതെനസ്യാൽസൂതിരഞ്ജസാ ॥

മേത്തോന്നിക്കിഴങ്ങ അധോമുഖമായത വെള്ളത്തിലരച്ച പൊക്കിളിന്നുതാഴെ കീഴ്പ്പോട്ടു തേക്ക. ഉടനെ പ്രസവിക്കും.

൮. പശ്ചാമൂൎദ്ധ്വമുഖെനാത്രപ്രാതിലൊമ്യെനലേപനം ।
കുൎവ്വീതചനചെദ്യോനിഭ്രംശസ്സ്യാദിതിഹിസ്മൃതിഃ ॥

മേൽപറഞ്ഞ ലേപനംചെയ്താൽ പ്രസവാനന്തരം ഒട്ടുംതാമസംകൂടാതെ ആ മരുന്ന കഴുകിക്കളകയും മെത്തോന്നിയുടെ ഊൎദ്ധ്വമുഖമായകിഴങ്ങ വെള്ളത്തിലരച്ച യോനിമുഖത്തിങ്കൽനിന്ന പൊക്കിൾവരെ തേക്കുകയുംവേണം ആയത ചെയ്തില എങ്കിൽ യോനിഭ്രംശാദികളായ അനേകദോഷങ്ങൾ സംഭവിക്കുമെന്ന പൂൎവ്വാചാൎയ്യന്മാരുടെ സ്മൃതികാണപ്പെടുന്നു.

(വിദാൎയ്യാദിഘൃതം)

൯. വിദാൎയ്യക്രൗഞ്ചഫലാവാശാപത്രുഷകകടന്നദൈഃ॥
ഹൈമവുഷ്കയഷ്ട്യാഹ്വാബലാചന്ദനസംയുതൈഃ।।

൧൦. തോയെശ്രുതെരസെനെക്ഷോഃകാകമാചീവിശല്യയൊഃ ।
ഉൎവ്വാരുകഫലാനന്താശന്മലീശതപൎവ്വണാം ।।

൧൧. ഉപോദകാപ്രസാരണ്യോരിന്ദ്രവല്യാശ്ചസംയുതൈ।
നന്ദ്യാവൎത്തവടാശ്വത്ഥതുളസീമൂലഹിംഗുഭിഃ ॥
ലശുനാമൃതവല്ലീന്ദ്രയവാംകൊലസുരാഹ്വയൈഃ ॥

൧൨. മൂൎവ്വാപാമാൎഗ്ഗനിൎഗ്ഗുണ്ഡീബൃഹതീദ്വയഗൊക്ഷുരൈഃ ।
ലക്ഷ്മണാലവലീശിഗ്രുകരഞ്ജബകുളാസ്ഥിഭിഃ॥

൧൩. വരാകപിത്ഥസൈരെയശാകൊടകപുനൎന്നവൈഃ ।
കാൎപ്പാസമൂലകാകാംഗാകടഭീമൂലപൌഷ്കരൈഃ ॥

൧൪. മുസലീശാരിബാകന്ദരാസ്നാഭിശ്ചപ്പചെൽഘൃതം ।
പയശ്ചതുൎഗ്ഗുണംദത്വാസുമുഹൂൎത്തെശുഭെഗ്രഹെ ॥

൧൫. ഗീതമംഗലവാദിത്രമുഖരീകൃതദിങ്മുഖെ ।
ഘൃതഞ്ചസമയെകുൎയ്യാത്തദെതൽസുപ്രയൊജിതം ॥

൧൬. സുഖപ്രസൂതികരംപ്രാഹുൎന്നിയമെനമഹൎഷയഃ ।
പാനെചാഭ്യഞ്ജനെചാദസ്ഥദയുഞ്ജീതവാസ്ഥിതം ॥

കുളത്തിൻവെരിന്മേൽതൊലി, ത്രിഫല, ആടലേടകത്തിൻവേര, ചിററീന്തൽവേര, പലകപ്പയ്യാനിവേര, ചെമ്പകത്തിൻവേര, ഇരട്ടിമധുരം, കുറുന്തോട്ടിവേര, ചന്ദനം, ഇവകൊണ്ടുകഷായംവെച്ച കരിമ്പ, കരന്താളി, മേത്തോന്നിക്കിഴങ്ങ, പഴുത്ത വെള്ളരിക്ക, കറുക, പൂളത്തൊലി, മുളയില, വശള,തലനീളി, ഉഴിഞ്ഞ, ഇവററിൻനീർ ചെൎത്ത നന്ത്യാൎവ്വട്ടത്തിൻവേര, പേരാലിൻവേര, അരയാലിൻവേര, തുളസിവേര, കായം, വെളുത്തുള്ളി, ചിററമൃത, കുടകപ്പാലയരി,അങ്കോലത്തിൻവേര, ദേവതാരം, പെരുംകുരുമ്പവേര, കടലാടിവേര, കരുനൊച്ചിവേര, ചെറുവഴുതിനവേര, വെൾവഴുതിനവേര, ഞെരിഞ്ഞില, തിരുതാളിവേര, വെള്ളീലവെര, മുരിങ്ങക്കുരു ഉങ്ങിൻകുരു, ഇരഞ്ഞിക്കുരു, ത്രിഫല, വിളാമ്പശ, കരിംകുറുഞ്ഞിവേര, പരുവുവേര, തമിഴാമവേര, പരത്തിവേര, കാക്കത്തിരുതാളിവേര, വെളുത്തകുന്ദിവെര,പുഷ്കരമൂലം,നിലപ്പനക്കിഴങ്ങ, നന്നാറിക്കിഴങ്ങ, അരത്ത ഇവ അരച്ചുകലക്കി അതിൽശുഭമായ കാലത്തിങ്കൽ നെയ്യും നെയ്യിൽ നാലിരട്ടിപ്പാലുംചേൎത്തുകാച്ചിയരിക്കുക. അരിക്കുന്ന സമയവും നന്നായിരിക്കണം. അപ്പോൾ പാട്ടുപാടിക്ക,മംഗലവാദ്യങ്ങൾ കൊട്ടി മുഴക്കുക ഇവയുംവേണം. മേൽപറഞ്ഞ നെയ്യ സിദ്ധമായിഉണ്ടായിരുന്നാൽ സേവിപ്പാനും പുരട്ടുവാനും അതുതന്നെ മുഖ്യമായി സ്വീകരിക്കപ്പെടുകയുമാം. അതു വേണ്ടുംവിധത്തിൽ പ്രയോഗിച്ചാൽ പ്രസവിക്കാതെ ഇരിക്കയുമില്ല.

൮൭. പിഷ്ട്വാവിലാസ്യപഞ്ചാംഗംനവനീതേനമിശ്രിതം ।
ആത്മയൊന്യാദിനാമാനിയദ്വാസഞ്ജപ്യഭക്ഷയെൽ ॥

കൂവളത്തിന്റെ പഞ്ചാംഗം പച്ചവെള്ളത്തിൽ അരച്ച വെണ്ണചേൎത്തവൈഷ്ണവസഹസ്രനാമത്തെ അറിയുന്നവരെക്കൊണ്ട ആത്മയോനിസ്സ്വയം ജാതഇത്യാദികളായ നാമങ്ങളെ ജപിപ്പിച്ച അതസേവിപ്പിക്കയുമാം. എന്നാൽ പ്രസവിക്കും നിശ്ചയം തന്നെ

൮൮. വിശല്യാരസസംപിഷ്ടാംവത്സനാഭിംപ്രലെപയെൽ ।
കരപാദതലെസൂതെഃക്ഷാളയെദ്രാക്പരഞ്ചതാംഃ।

മെത്തൊന്നിക്കിഴങ്ങിൻ നീരിൽ വത്സനാഭിഅരച്ചഉള്ളംകയ്യിലുമുള്ളങ്കാലിലുംതേക്കുക. ഉടനെപ്രസവിക്കും. പ്രസവിച്ചാൽ ഉടനെ പച്ചവെള്ളംകൊണ്ടു കഴുകിക്കളകയുംവേണം.

൮൯. വിശല്യാമുസലീകല്കംസ്നുഹിക്ഷീരസമന്വിതം ।
താമ്രപാത്രെശൃതംലിംപെന്നവനീതമുദൊദരെ ॥

മെത്തൊന്നിക്കിഴങ്ങ, നിലപ്പനക്കിഴങ്ങ, ഇവ കള്ളിപ്പാലിലരച്ചകലക്കി വെണ്ണചേൎത്തകാച്ചി ചെമ്പുപാത്രത്തിൽ അരിച്ച വയിററത്ത കിഴപ്പട്ടപുരട്ടുകയുമാം പ്രസവിച്ചാൽ മറുളപൊരുന്നതുവരെപാൎത്ത് അതുപോന്നാൽ ഉടനെ കഴുകിക്കളകയുംവേണം. ഒരം പ്രയോഗം ഏററവും രഹസ്യമാകുന്നു.

൯൦. എഭിസ്സൎവ്വൈരസിദ്ധൌതുസൂതെസ്നുഹ്യുൽഭവംപയഃ ।
വിന്ദുത്രയമിതംമൂൎദ്ധ്നിസിഞ്ചെ സംപ്രാൎത്ഥ്യദേവതാ ॥

മേൽപറഞ്ഞ പ്രയോഗങ്ങൾ മിക്കതും ചെയ്തിട്ടും പ്രസവിച്ചില്ല എംകിൽ തന്റെ ഇഷ്ടദേവതകളെ നല്ലവണ്ണം പ്രാൎത്ഥിച്ച. മൂന്നുതുള്ളിക്കള്ളിപ്പാൽ മൂൎദ്ധാവിൽവീഴ്ത്തുക. ഉടനെ പ്രസവിക്കും ഇതവളരെ നിരൂപിച്ചെചെയ്യാവു. കണ്ണിന്നകേടവരാതെ കഴിയണമെങ്കിൽ തണുപ്പായിട്ടുള്ളത പലതും ചെയ്യേണ്ടിവരും.

൯൧. ജാതെചപ്രസവെപിഷ്ട്വാ ചന്ദനംകതകാസ്ഥിചഃ।
ക്ഷീരേണമൂൎദ്ധ്നിലിംപെച്ചയാവച്ഛീതളതാഭവെൽ ॥

പ്രസവിച്ചാലുടനെ കള്ളിപ്പാൽ തുടച്ചുകളഞ്ഞ ചന്ദനം തേററാംപരൽ ഇവ പാലിലരച്ചുമൂൎദ്ധാവിടുക. ഒരിക്കലിട്ട മരുന്ന വലിഞ്ഞാൽ കളഞ്ഞ പിന്നെയുമിടുക. തൊട്ടുനോക്കിയാൽ നല്ലതണുപ്പുതോന്നുന്നതുവരെ മേൽപ്രകാരംചെയ്കയും വേണം.

(ചത്തപിള്ള പിറപ്പാൻ)

൯൨. ഭക്ഷയെൽഗുളസംയുക്തംയഷ്ട്യാഹ്വയരജസ്സകൃൽ ।
മൃതപ്രജായാസ്സമ്മതിസ്സ്യാദ്രഹസ്യമിദമൌഷധം ॥

ഇരട്ടിമധുരം പൊടിച്ച ശക്കരചേത്ത സേവിപ്പിക്ക. ചത്ത പിള്ളപുറത്താകും നിശ്ചയം.

൨൩. യൂഥിസിന്ധൂത്ഥഹിംഗൂനാംചൂർണ്ണംകാഞ്ചികവാരിണാ।
ഭാർങ്ഗീസിന്ധൂത്ഥശുണ്ഠീനാമഥവാപായയെദ്രുജഃ ॥

കാട്ടുമല്ലവേര, ഇന്തുപ്പ, കായം ഇവ പൊടിച്ച കാടിയിൽ സേവിപ്പിക്കയുമാം. അല്ല എങ്കിൽ ചെറുതേക്കിൻവേര, ഇന്തുപ്പ, ചുക്ക ഇവ പൊടിച്ച കാടിയിൽ സേവിപ്പിക്കാം.

൨൪. തക്രെണപായയെൽപിഷ്ടംഭദ്രികാമൂലമെവവാ।
ത്രീണ്യെതാനിപ്രശസ്യന്തെതന്ത്രമന്ത്യാശ്ചപാതനെ ॥

ചെറുളവേര, അരച്ച മോരിൽകലക്കി സേവിപ്പിക്കയുമാം യൂഥിസിന്ധൂത്ഥഹിംഗൂനാ മെന്നതുമുതൽ മൂന്ന പ്രയോഗങ്ങൾ മറുളവീഴുവാനും നന്നായിട്ടുള്ളവയാകുന്നു.

## സൂതികാ ചികിത്സാ

൨൫. സൂതികായാഃക്ഷതാംയൊനിമംബഷ്ഠക്ഷീരിവല്കലൈഃ।
പക്വൈനസർപ്പിഷാലിംപെത്സദ്യസ്തൈലെനവാസ്ത്രിയാംഃ।

പ്രസവിച്ചവളുടെ യോനിമുറിഞ്ഞാൽ അമ്പഴത്തിൻതൊലി, നാല്പാമരത്തിൻതൊലി, ഇവകൊണ്ടുകഷായവുംകല്ക്കവുമായി കാച്ചിയനെയ്യൊ എണ്ണയൊ ഉടനെപുരട്ടിക്കുക. യോനിവ്രണം ശമിക്കും.

## പ്രസവിച്ചാൽ ഉടനെവേണ്ടത)

൨൬. പായയെൽപതിതെഗർഭെതീക്ഷ്ണമദ്യംച‌ശക്തിതഃ।
കൊഷ്ഠസ്യശുദ്ധയെക്ഷിപ്രമാത്തിവ്വിസ്മാരണായച ॥

പ്രസവിച്ചാൽ ഉടനെ ശക്തിക്കുതക്കവണ്ണം തീക്ഷ്ണമായ മദ്യത്തെ സേവിപ്പിക്ക എന്നാൽ വയററിന്ന ശുദ്ധിയുണ്ടാകയുംവേദന അറിയാതെ ഇരിക്കയും ചെയ്യും.

## (കൊഷ്ഠ ശുദ്ധിക്ക)

൨൭. ബലാനാഗരകൈണ്ഡനിര്യൂഹംഘൃതമിശ്രിതം।
പ്രഥമെഹനികൊഷ്ഠസ്യശുദ്ധ്യൈതാംപായയെതവാ ॥

കുറുന്തൊട്ടിവേര, ചുക്ക, അവണക്കിൻവേര, ഇവകൊണ്ടു കഷായംവച്ച പ്രസവിച്ച ദിവസംതന്നെ നെയ്യ മെപ്പൊടിചേത്ത സേവിപ്പിക്കയുമാം. ഒരം കഷായവും വയററിന്ന ശുദ്ധിയെ ഉണ്ടാക്കുന്നതാകുന്നു. വേദനയെ നശിപ്പിക്കയും ചെയ്യും

(സൂതികാമൃതകഷായം)

൨൭. ബലാവില്വകൃതഃക്വാഥോഘൃതതൈലഗുളാന്വിതഃ ।
സൂതികാമൃതസംജ്ഞസ്തംദ്വാദശാഹേ ചപായയേൽ ॥
കുറുന്തോട്ടിവേര, കൂവളത്തിൻവേര ഇവകൊണ്ടു കഷായം വെച്ച നെയ്യ, എണ്ണ, ശക്കര ഇവ മേപ്പൊടിചേൎത്ത സേവിപ്പിക്ക. പ്രസവിച്ചവളുടെ എല്ലാ രോഗങ്ങളും ശമിക്കും.

(സൂതികാജ്വരാതി സാരങ്ങൾക്ക)

൨൮. ദ്വിപഞ്ചമൂലദ്രസ്വശ്ശുണ്ഠീഭിഃക്വഥിതംജലം ।
താഞ്ചജ്വരാദിസാരാൎത്താംപായയെജ്ജീരകാന്വിതം ॥
ദശമൂലം, കൊടുത്തൂവ്വവേര, ചുക്ക ഇവകൊണ്ടു കഷായം വെച്ച ജീരകം മേപ്പൊടി ചേൎത്ത സേവിപ്പിക്ക. ജ്വരാതിസാരങ്ങൾ ശമിക്കും.

(ഉന്മാദികൾക്ക)

൨൯. ദശമൂലസനാഥേനപഞ്ചകൊലെനസാധിതം ।
നിഷ്ക്വാഥംപീതവത്യേഷാഉന്മാദിഭ്യഃപ്രമുച്യതെ ॥
ദശമൂലം, കാട്ടുതിപ്പലിവേര, കാട്ടുമുളകിൻവേര, കൊടുവേലിക്കിഴങ്ങ, തിപ്പലി, ചുക്ക ഇവകൊണ്ടു കഷായംവച്ച സേവിപ്പിക്ക. ഉന്മാദികൾശമിക്കും മേപ്പടി ശക്കരമുതലായത യഥോചിതമായി ചേൎത്തുകൊൾക.

(ജ്വരത്തിന്ന)

൩൦. ബലാദ്രസ്വശ്മുദ്ഗാബ്ദശൃംഗിവെരകപപ്പടൈഃ ।
ബൃഹത്യംശുമതീദ്വന്ദ്വഗൊക്ഷുരൈരശ്വസധാന്യകൈഃ ॥
൩൧. ശൃതമംബപ്രഗെപീതംസൂതികാജ്വരനാശനം ।
ജ്വരാൎത്തൌപായയെത്തദ്വാസൎവ്വമന്യന്യഥൊദിതം ॥
കുറുന്തോട്ടിവേര, കൊടുത്തൂവ്വവേര, ചെറുപയററിൻപരിപ്പ, മുത്തെങ്ങക്കിഴങ്ങ, ഇഞ്ചി, പപ്പടം, ചെറുവഴുതിനവെര, വെൾവഴുതിനവേര, ഓരിലവേര, മൂവ്വിലവേര, ഞെരിഞ്ഞില, കൊത്തമ്പാലയരി ഇവകൊണ്ടു കഷായംവച്ച സേവിപ്പിക്ക. പനി ശമിക്കും. ജ്വരത്തിന്നും അതിസാരത്തിന്നുംകൂടി മേൽപറഞ്ഞ കഷായവും സേവിപ്പിക്കാം. ശേഷങ്ങളായ അരുചി മുതലായ രോഗങ്ങൾക്ക അതാതു രോഗങ്ങൾക്ക പറഞ്ഞ പ്രകാരം ചികിത്സിച്ചുകൊൾക.

൩൩. പത്ഥ്യാപത്ഥ്യവിധാനെഷുസൂതികായാഃഹിസൎവ്വതഃ ।
സ്ത്രീയഃപ്രമാണംതാസ്തസ്മാദനുവൎത്തേതചാന്യദാ ॥

ജ്വരാദിരോഗങ്ങളോടുകൂടാതെ സ്വസ്ഥതയിൽ ഇരിക്കുന്നവ ൎക്കു പ്രസവശേഷം വേണ്ടുന്ന പത്ഥ്യാപത്ഥ്യവിധികളിൽ എല്ലാദേശങ്ങളിലും സ്ത്രീകൾ പ്രമാണമാകയാൽ പ്രസവചികിത്സകളിൽ അവരെ അനുസരിച്ചിരിക്കയും ചെയ്യു.

൩൪. ഇതിപ്രായെണനിൎദ്ദിഷ്ടംസമ്യഗാരോഗ്യസാധനം ।
അന്യച്ഛാസ്ത്രാന്തരാൽകിഞ്ചിൽപ്രണയാച്ചൊപദേശതഃ

ആരോഗ്യസാധനമായ അതാത രോഗപ്രതിവിധി ഇവിടെ ഇപ്രകാരം പറകപ്പെട്ടു എന്നതുകൊണ്ടു വേണ്ടുന്നതുകളെല്ലാം ഇതിലടങ്ങിയെന്ന വിചാരിക്കുന്നില്ല. ഇനിയും ആവശ്യമായി പ്പറയെണ്ടതുകൾ ഉണ്ടു. അതുകളിൽ ചിലത അന്യശാസ്ത്രത്തിങ്കൽനിന്നും ചിലത പരിചയംകൊണ്ടും ചിലത ഗുരൂപദേശംകൊണ്ടും അറിഞ്ഞുകൊൾകയും വേണം.

൩൫. വിസ്തരെണവിപദ്യേതബ്ബുദ്ധസ്സാമിതചേതസാം ।
ഇതിസംക്ഷിപ്യസംക്ഷിപ്യകഥിതംനത്വനാദരാൽ ॥

ബാലന്മാരായിരിക്കുന്നവരുടെ ബോധത്തെക്കുറിച്ചുള്ള ഇച്ഛ അധികമായ പരപ്പുകണ്ടാൽ നശിച്ചുപോകുമെന്ന വിചാരിച്ചിട്ടു വളരെ സംക്ഷേപിച്ചിട്ടു ഇപ്രകാരം പറഞ്ഞു. വിസ്തരിപ്പാൻ ശ്രദ്ധയില്ലായ്കനിമിത്തമായിട്ടല്ല.

൩൬. ആയുൎവ്വേദരഹസ്യാൎത്ഥപ്രദൎശനപടീയസാ ।
നവ്യെനാപിനിബന്ധെനതുഷ്യന്തുസുധിയോമനാ ॥

ഈ ശാസ്ത്രം ഇന്നുള്ളവരിൽ ഒരുത്തനാൽ ഉണ്ടാക്കപ്പെട്ടതാകുന്നു എങ്കിലും ഇതിൽ ആയുൎവ്വേദരഹസ്യാൎത്ഥങ്ങൾ വളരെഅടക്കപ്പെട്ടിരിക്കയാൽ വിദ്വാന്മാർ ഇതിനെ കണ്ടു സന്തോഷിക്കുമെന്ന ഞാൻ വിശ്വസിക്കുന്നു.

൩൭. അത്രബാലാൎത്ഥഉദ്ദിഷ്ടായൊഗായൊജ്യാശ്ചയൂന്യപി ।
ഇത്യെകെനൊഭയംസിദ്ധംഗൃഹ്യതാംതെനമദ്വചഃ ॥

ഈ ശാസ്ത്രത്തിങ്കൽ ബാലനെക്കുറിച്ചു പറകപ്പെട്ട പ്രയോഗങ്ങൾ മിക്കതും അന്യന്മാൎക്കുമാവാമെന്നുള്ളതുനിമിത്തമായിട്ടു ബാലന്മാൎക്കായിക്കൊണ്ടു ആരംഭിക്കപ്പെട്ടതുകൊണ്ടു തന്നെ ഉഭയപ്രയോജനം സിദ്ധമായിരിക്കയാൽ ഈശാസ്ത്രത്തെ എല്ലാവരും സ്വീകരിക്കേണ്ടതാകുന്നു.

ശ്ലൊ. യെത്രമത്സരമുജ്ഝിത്വവചൊഗൃഹ്ണന്തിവാഗ്മിനാം ।
അക്ലിഷ്ടമവിഗീതാൎത്ഥംതെഭ്യൊഭവതുമംഗളം ॥

ഈ ലോകത്തിങ്കൽ യാവചിലര മത്സരത്തെ സ്വീകരിയാതെ നല്ലവണ്ണം പറഞ്ഞുവരുന്നവരായ ജനങ്ങളുടെ അക്ലിഷ്ടമായും അനിന്ദ്യാൎത്ഥമായുമിരിക്കുന്ന വചനത്തെ സ്വീകരിക്കുന്നുവൊ അവൎക്കായിക്കൊണ്ട മംഗളംഭവിപ്പൂതാക.

ഇതി വാഗ്ഭടാസൊപനാമകരാമാനന്ദനാഥപണ്ഡിതപാരശവെന്ദ്രകൃതാവാരൊഗ്യകല്പദ്രുമെബാലചികിത്സായാം ചത്വാരിംശസ്തബതൊനാമചത്വാരിംശൊദ്ധ്യായഃ

(സമാപ്തം)

P. I. IPE.
KUNNAMKULAM.